അടയാളങ്ങൾ

സേതു

2006-ലെ വയലാർ അവാർഡും
07-ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ലഭിച്ച നോവൽ

dcb

അടയാളങ്ങൾ

സേതു

ഒരു ജന്മത്തിന്റെ മുഴുവൻ സുഖദുഃഖങ്ങൾ, കറുപ്പും വെളുപ്പുമായി ശരീരത്തിൽ അടയാളപ്പെടുത്തിയ പെൻഗ്വിനുകൾ പൂർവജന്മത്തിൽ വിധവകളായിരുന്നു. ഏകാന്തമായ ഹിമധ്രുവങ്ങളിൽ തപസ്സിനു വിധിക്കപ്പെട്ട അവയുടെ കുലത്തിൽ പിറന്ന പ്രിയംവദയുടെ കഥ— ഒപ്പം മകൾ നീതുവിന്റെയും. സ്വപ്നസദൃശമായ ആഖ്യാനചിത്രങ്ങളിലൂടെ ജീവിതത്തിന്റെ സങ്കീർണ്ണസമസ്യകൾ അവതരിപ്പിക്കുന്ന സേതുവിന്റെ ഏറ്റവും മികച്ച കൃതികളിലൊന്ന്.

ഡി സി ബുക്സ്

നോവൽ

ISBN 81-264-1114-7

9 788126 411146

00010

₹ 160.00

സേതുവിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവൽ

പാണ്ഡവപുരം
ഞങ്ങൾ അടിമകൾ
കിരാതം
നവഗ്രഹങ്ങളുടെ തടവറ (പുനത്തിൽ കുഞ്ഞബ്ദുള്ളയുമൊത്ത്)
വനവാസം
ഏഴാംപക്കം
താളിയോല
വിളയാട്ടം
അയൽപക്കം
കൈമുദ്രകൾ
കൈയൊപ്പും കൈവഴികളും
നിയോഗം
അറിയാത്ത വഴികൾ
അരുന്ധതിയുടെ വിരുന്നുകാരൻ
ആറാമത്തെ പെൺകുട്ടി
കിളിമൊഴികൾക്കപ്പുറം
പെണ്ണകങ്ങൾ
അടയാളങ്ങൾ
മറുപിറവി

കഥകൾ

തിങ്കളാഴ്ചകളിലെ ആകാശം
വെളുത്ത കൂടാരങ്ങൾ
ദൂത്
ഗുരു
പ്രഹേളികാകാണ്ഡം
സേതുവിന്റെ കഥകൾ
ചില കാലങ്ങളിൽ ചില ഗായത്രിമാർ
എന്റെ പ്രിയപ്പെട്ട കഥകൾ
ആദ്യാക്ഷരങ്ങൾ

സേതു

1942-ൽ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് ജനിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാനായി ജോലിയിൽനിന്ന് വിരമിച്ചു. നോവൽ കഥാവിഭാഗങ്ങളിൽ മുപ്പതിലധികം കൃതികൾ. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് (*അടയാളങ്ങൾ*), കഥയ്ക്കും നോവലിനുമുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് (*പേടിസ്വപ്നങ്ങൾ, പാണ്ഡവപുരം*), മുട്ടത്തുവർക്കി അവാർഡ് (*പാണ്ഡവപുരം*), മലയാറ്റൂർ അവാർഡ് (*കൈമുദ്രകൾ*), വിശ്വദീപം അവാർഡ് (*നിയോഗം*), പത്മരാജൻ അവാർഡ് (*ഉയരങ്ങളിൽ*) എന്നിവ ലഭിച്ചിട്ടുണ്ട്. ഞങ്ങൾ അടിമകളുടെ ചലച്ചിത്രാവിഷ്കാരമായ *പൂത്തിരുവാതിര രാവിൽ* ഏറ്റവും നല്ല കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ഫിലിം അവാർഡ് നേടി. *പാണ്ഡവപുരം* ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിലേക്കും *നിയോഗം* ഇംഗ്ലീഷിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. *പാണ്ഡവപുരം* മലയാളത്തിലും ബംഗാളിയിലും ചലച്ചിത്രമായിട്ടുണ്ട്. വെബ്സൈറ്റ്: www.sethu.org ഇ-മെയിൽ: sethu42@gmail.com

PDF LIBRARY

സേതു

അടയാളങ്ങൾ

2006-ലെ വയലാർ അവാർഡും 2007-ലെ
കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ലഭിച്ച നോവൽ

പഠനം
ഷുക്കൂർ

ഡി സി ബുക്സ്

വയലാർ രാമവർമ്മ സാഹിത്യ അവാർഡ് നേടിയ ശ്രീ സേതുമാധവന് (സേതു) സമർപ്പിക്കുന്ന പ്രശസ്തിപത്രം

ചെറുകഥകളിലും നോവലുകളിലുംകൂടി നവീനവും വിചിത്രവുമായ ഒരു ലോകം സൃഷ്ടിച്ച എഴുത്തുകാരനാണ് സേതു. അദ്ദേഹത്തിന്റെ ഓരോ നോവലും ഓരോ പരീക്ഷണമാണ്. അതുകൊണ്ട് അനുവാചക മാനസങ്ങളിൽ നവീനമായ അഭിരുചിവിശേഷം സൃഷ്ടിക്കുന്നതിന് സേതുവിന്റെ ഓരോ സൃഷ്ടിയും ഉപകരിക്കുന്നു. *കിരാതം, പണ്ഡവപുരം, അടയാളങ്ങൾ* എന്നീ മൂന്ന് നോവലുകളും മൂന്നുതരം ശൈലികളിലാണ് ആവിഷ്കൃതമായിരിക്കുന്നത്. അതുകൊണ്ടാണ് സർഗാത്മകതയിലൂടെ സേതു എന്ന എഴുത്തുകാരന് മലയാള കഥാലോകത്തിന്റെ സീമകൾ ഏറെ വിപുലമാക്കാൻ സാധിച്ചത്.

അനുദിനം നഗരവത്കരണത്തിനും വിപണിവത്കരണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്ന ജീവിതമേഖലയിലിരുന്നുകൊണ്ട് മനുഷ്യമനസ്സുകളിലെ ഉത്കണ്ഠകളെയും ആകുലതകളെയും സേതു തിരിച്ചറിയുന്നു. സ്നേഹധമനികൾ മുറിയുമ്പോൾ മനുഷ്യർ അനുഭവിക്കുന്ന വേദനകളുടെ വാങ്മയങ്ങളാണ് സേതുവിന്റെ സാഹിത്യസൃഷ്ടികളത്രയും.

അജ്ഞേയവും സങ്കീർണവുമായ വികല്പങ്ങൾക്ക് നടുവിൽ മനുഷ്യമനസ്സനുഭവിക്കുന്ന പീഡനങ്ങൾക്ക് ലളിതമായ ഉത്തരങ്ങളില്ലെന്നുള്ള തിരിച്ചറിവിലേക്കാണ് സേതുവിന്റെ കൃതികൾ വായനക്കാരെ കൊണ്ടെത്തിക്കുന്നത്.

ലളിതമായ ഇഴ പിരിച്ചെടുക്കാൻ കഴിയാത്ത പുതിയ കാലത്തെ അവതരിപ്പിക്കാൻ ഭ്രമകല്പനകളുടെ ഒരാകാശവും തനിമയാർന്ന മൊഴിവഴക്കങ്ങളുടെ ഒരു ഭൂമിയും സേതു സൃഷ്ടിക്കുന്നു. എഴുത്തെന്ന കർമ്മം തന്നിലേൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് തിരിച്ചറിവുകളോടെ ആ കർമ്മത്തിന്റെ വിശുദ്ധി സേതു തന്റെ രചനകളിൽ ആവാഹിക്കുന്നു. തന്നോടൊപ്പം ജീവി

ക്കുന്ന തന്റെ കഥാപാത്രങ്ങളുടെ ജൈവവളർച്ചയിൽ ഇടപെടാതെ ക്ഷമയോടെ അകന്നുനിന്ന് എഴുത്തുകാരന്റെ സത്യസന്ധത സേതു നിലനിർത്തുന്നു.

പുതിയ സൈബർലോകം വ്യക്തിജീവിതത്തിന്റെ സ്വകാര്യതകളിൽപോലും അടിക്കടി ഇടപെടുന്നതിന്റെ ചിത്രങ്ങൾ *കൈമുദ്രകളിലും അടയാളങ്ങളിലും* അദ്ദേഹം ആവിഷ്കരിക്കുന്നു.

ഏതു മാനേജ്മെന്റ് വിദഗ്ദ്ധനും പരിഹരിക്കാനാകാത്തവിധം ശിഥിലവും സങ്കീർണവുമാണ് വ്യക്തിബന്ധങ്ങൾ എന്ന് അടയാളങ്ങൾ ആസ്വാദകരെ ഓർമ്മിപ്പിക്കുന്നു. ആധുനിക കാലഘട്ടം മനുഷ്യമനസ്സിലുളവാക്കുന്ന അടയാളങ്ങൾ സേതു തന്റെ രചനകളിൽ വരച്ചിടുന്നു. അതുകൊണ്ടുതന്നെ ഭൗതികലോകത്തിന്റെ ആത്മീയസംഘർഷങ്ങൾക്കു നടുവിൽ വ്യക്തിമനസ്സുകൾ സൃഷ്ടിക്കുന്ന വിചിത്രമായ അനുഭവലോകങ്ങളായി സേതുവിന്റെ കഥകളും, നോവലുകളും വായനക്കാർ സ്വീകരിക്കുന്നു.

ഇപ്രകാരം സർഗാത്മകതയുടെ ചൈതന്യത്താൽ ദീപ്തമായ കഥാലോകം സൃഷ്ടിച്ച് മലയാള സാഹിത്യത്തിന്റെ സമ്പത്ത് വർധിപ്പിച്ചുകൊണ്ടിരിക്കുന്ന സേതുവിന് ആശംസകൾ നേർന്നുകൊണ്ട് ഈ പ്രശസ്തിപത്രം സമർപ്പിക്കുന്നു.

വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്
തിരുവനന്തപുരം
2006 ഒക്ടോബർ 27

ഒന്ന്

ആദ്യത്തെ സ്വപ്നത്തിൽ ഇരുട്ടും രാത്രിയുമായിരുന്നു. ഒടുവിലത്തേതിൽ ഇരുട്ടിനെക്കാളേറെ മഴയും.

ഇരുട്ടിനെ പേടിച്ചുവളർന്ന കുട്ടിക്കാലത്തിന്റെ ഓർമ്മകളിൽ എവിടെയോ ഇടിമിന്നലിൽ കരിഞ്ഞ ഒരു കൊന്നത്തെങ്ങുണ്ടായിരുന്നു. കരിവെള്ളം കലങ്ങിയ വെള്ളക്കുഴിയിൽ മലച്ചുകിടന്ന ഒരു കിളിക്കുഞ്ഞും.

ഇരുട്ടിനെക്കാൾ നീതുവിനെ പേടിപ്പിച്ചിരുന്നത് രാത്രിയുടെ ആ നിശ്ചലതയായിരുന്നു. രഹസ്യങ്ങൾ പതിയിരിക്കുന്ന അനക്കമില്ലായ്മ. നേർത്ത ശബ്ദങ്ങളും, കൊച്ചുകൊച്ച് ഇലയനക്കങ്ങൾപോലും പിടിച്ചെടുക്കാൻ കെല്പുള്ള രാവിന്റെ കാതുകൾ.

പകലത്തെ വാഴ്ചയ്ക്കു ശേഷമുള്ള, സൂര്യന്റെ പിഴയൊടുക്കലായി മാത്രം രാത്രിയെ കണ്ടാൽ മതിയെന്ന് പ്രിയംവദ പറഞ്ഞപ്പോൾ അത് തീരെ മനസ്സിലാക്കാനായില്ല നീതുവിന്.

'രാത്രികൾ സംശയങ്ങളാണമ്മേ. എന്നും പുതിയ പുതിയ സംശയങ്ങൾ,' നീതു പറഞ്ഞു.

അമ്മയാകട്ടെ, മകളെ ഗുണദോഷിക്കാൻ നോക്കുകയായിരുന്നു.

'പകലിന്റെ ഒടുക്കമായ രാവുകൾ ആശ്വാസമാവാറുണ്ട് പലപ്പോഴും. രാത്രികളെ സ്നേഹിച്ചില്ലെങ്കിലും, വെറുക്കാതിരിക്കാൻ പഠിക്കൂ, മോളേ. രാവും പകലും മാറി മാറി വീഴേണ്ട ജീവിതത്തിൽ വേണ്ടാത്ത സംശയങ്ങൾ ഒഴിവാക്കുകയാവും ഭേദം.'

'ഒരു പകലിന് ഒരു രാത്രി എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. പക്ഷേ, പലപ്പോഴും എനിക്ക് കിട്ടിയിരുന്നത് ഒരു പകലിന് ഒന്നിലേറെ രാത്രികളായിരുന്നു,' മകൾ പറഞ്ഞു.

പ്രിയംവദ പതിയെ ചിരിക്കാൻ നോക്കി.

തനിക്കും അങ്ങനെയൊരു കാലമുണ്ടായിരുന്നല്ലോ, പ്രിയംവദ ഓർത്തു. ഒരു പകലിനു പകരം എത്രയോ രാത്രികൾ കിട്ടിയിരുന്ന കാലം. രാവും പകലുമല്ലാത്ത ഒരവസ്ഥയെപ്പറ്റി സങ്കല്പിക്കാൻ തുടങ്ങിയത് അന്നാണ്.

പരിചിതമായ കാഴ്ചകളെല്ലാം കട്ടിക്കരിമ്പടംകൊണ്ടു മൂടി, കേട്ടുപരിചയമുള്ള ശബ്ദങ്ങളെല്ലാം അപ്പാടെ മായ്ച്ചുകളഞ്ഞ് കനത്ത കാലൊച്ചകളുമായി കടന്നുവരുന്ന രാത്രികളെ പേടിക്കാതിരിക്കാനാവില്ല, നീതു ഓർക്കുകയായിരുന്നു.

അത്തരം പേടിയുടെ നാളുകളിലാണ് അവൾ ഉറക്കത്തിൽ എഴുന്നേറ്റു നടക്കാൻ തുടങ്ങിയത്.

ആദ്യത്തെ തവണ ആരും കാണാതെ മുൻവശത്തെ വാതിൽവരെയെത്തി, പിച്ചള ബോൾട്ടുകളിൽ കുറേനേരം തിരുപ്പിടിച്ചുനിന്നശേഷം, താനേ

കിടക്കയിലേക്ക്, ഉറക്കത്തിലേക്ക്, മടങ്ങിപ്പോയിരിക്കണം. അതെപ്പറ്റി സംശയം തോന്നിയത് പിറ്റേന്ന് രാവിലെ, മുൻകതകിന്റെ മൂന്ന് ബോൾട്ടുകളിൽ രണ്ടെണ്ണം നീങ്ങിക്കിടക്കുന്നത് കണ്ടപ്പോഴായിരുന്നു.

അന്നവളെ പുറംവരാന്തയിലേക്ക് കടത്തിവിടാതെ നോക്കിയത് മുകളിലത്തെ ബോൾട്ടിന്റെ സമർത്ഥമായ ഇടപെടലായിരുന്നുവെന്ന് മനസ്സിലാക്കി, എന്നും രാത്രിയിൽ കിടക്കാൻ പോകുന്നതിനുമുമ്പ് അതിന്റെ സ്ഥാനം ആവുന്നത്ര ഉറപ്പിച്ചു നിറുത്താൻ പ്രിയംവദ ശ്രദ്ധിക്കാറുണ്ട്.

എന്നിട്ടും, പിന്നീടൊരു രാത്രിയിൽ ആ മൂന്നു ബോൾട്ടുകളുടെ ഔദാര്യം പുറംലോകത്തേക്കുള്ള വാതിൽ തുറന്നു കൊടുത്തപ്പോൾ, വരാന്തയിലൂടെ അല്ലലില്ലാതെ അവൾ കൈ വീശി നടക്കാൻ തുടങ്ങിയപ്പോൾ, തന്റെ ഉറക്കം എന്നന്നേക്കുമായി നഷ്ടപ്പെടുന്നത് പ്രിയംവദയറിഞ്ഞു.

അന്ന് ഉറക്കം ഞെട്ടി, ചുറ്റുമുള്ള ഇരുട്ടിന്റെ അന്തമില്ലായ്മയിലേക്ക് കണ്ണു തുറക്കുമ്പോൾ താൻ വരാന്തയിലെ തൂണിൽ ചാരിനിൽക്കുകയായിരുന്നുവെന്ന് നീതു ഓർത്തു. പകപ്പോടെ നാലുംചുറ്റും നോക്കി, വലിയൊരു കരച്ചിലോടെ അമ്മയുടെ തോളിലേക്ക് വീണപ്പോൾ സമാധാനിപ്പിക്കാനായി, അമ്മ പതുക്കെ പുറത്തു തലോടിക്കൊണ്ടിരുന്നു.

'സാരമില്ലാട്ടോ. മോൾക്ക് അമ്മയുണ്ടല്ലോ. ആരുമില്ലെങ്കിലും അമ്മയുണ്ടല്ലോ.'

അപ്പോൾ അവരുടെ തൊണ്ട തെല്ലൊന്ന് ഇടറിയിരുന്നു.

അന്ന് വരാന്തയിലെ ആ തൂണുവരെ തന്നെയെത്തിച്ചത് രാത്രിയുടെ ഒരു ചൂണ്ടുവിരലായിരുന്നുവെന്ന് നീതുവിന് നല്ല ഓർമ്മയുണ്ട്.

തന്റെ നെറ്റിക്കു നേരെ ഉന്നംവെച്ചു നീണ്ടുവന്ന തടിച്ചുരുണ്ട ചൂണ്ടുവിരൽ, അറ്റത്തായി, നീട്ടി വളർത്തിയ ഒരു കൂർത്ത നഖം.

അതു കേട്ടപ്പോൾ അമ്മയൊന്ന് നടുങ്ങിയതുപോലെ.

പിന്നീട്, ആ കൂർത്ത നഖം തന്റെ ഒറ്റപ്പെട്ട രാത്രികളിലേക്കും നീണ്ടുവരാൻ തുടങ്ങിയപ്പോൾ, എന്നും കിടക്കുന്നതിനു മുമ്പ് അമ്മ മുടങ്ങാതെ ചൊല്ലാറുള്ള ആ സ്തോത്രങ്ങളുടെ പൊരുൾ അവളറിഞ്ഞു. ഇന്നെങ്കിലും എനിക്ക് സ്വസ്ഥമായ ഉറക്കം തരേണമേ എന്ന പ്രാർത്ഥന.

ഒരിക്കൽ, ക്ലാസ് ടീച്ചറായ സിസ്റ്റർ സ്വപ്നാടനത്തെപ്പറ്റിയും, കിടക്കയിൽ മൂത്രമൊഴിക്കുന്ന കുട്ടികളെപ്പറ്റിയുമൊക്കെ അങ്ങനെ രസമായി പറഞ്ഞുപോയപ്പോൾ കേൾക്കാത്ത മട്ടിൽ അവൾ തല കുനിച്ചിരുന്നു. ഒടുവിൽ ഒരു തമാശപോലെ അവർ പറഞ്ഞുനിറുത്തി: 'ഇതൊന്നും ഒരു നാണക്കേടായി കാണേണ്ട, കുട്ടികളേ. ഒരു പ്രായത്തിൽ എല്ലാ കുട്ടികളും ഉറക്കത്തിൽ നടന്നിട്ടുണ്ട്, കിടക്കയിൽ മൂത്രമൊഴിച്ചിട്ടുണ്ട്.'

'സിസ്റ്ററും?' ആരോ വലിയ അത്ഭുതത്തോടെ ചോദിച്ചു.

സിസ്റ്റർ ഉറക്കെ ചിരിച്ചു.

'അതെ, സിസ്റ്ററും.'

ആ സ്വപ്നാടനത്തിന്റെ നാളുകൾ പിന്നീടെപ്പോഴാണ് താനെ മാഞ്ഞുപോയതെന്ന് നീതുവിനോർമ്മയില്ല. പക്ഷേ, അതിനു ശേഷമാണല്ലോ താൻ ചില ചെതമില്ലാത്ത സ്വപ്നങ്ങൾ കാണാൻ തുടങ്ങിയത്. അത്തരം സ്വപ്നങ്ങളിലേക്ക് തന്നെ നയിച്ചിരുന്നതും അതേ വിരൽത്തുമ്പുതന്നെയായിരുന്നിരിക്കണം.

തടിച്ചുരുണ്ട ആ ചൂണ്ടുവിരൽ, അറ്റത്തായി നീട്ടി വളർത്തിയ കറുത്ത നഖം...

ഒരു നീണ്ട ഇടവേളയ്ക്കു ശേഷം, വീണ്ടും അത്തരമൊരു സ്വപ്ന ത്തിന്റെ താഴ്വാരത്തിലേക്ക് അവൾ താനേ വഴുതി വീഴുകയായിരുന്നു.

വേനലിന്റെ ഒടുവിൽ, മഴമേഘങ്ങൾ തൂങ്ങിനിന്ന് വീർപ്പുമുട്ടിക്കുന്ന ഒരു ആഷാഢരാത്രിയിൽ അവളെ വീണ്ടും മറ്റൊരു സ്വപ്നത്തിലേക്ക് നയിച്ചതും രാത്രിയുടെ അതേ വിരൽതന്നെയായിരുന്നു.

ആഴമില്ലാത്ത ഉറക്കത്തിനിടയിൽ, പൊടുന്നനേ പിടി വിട്ട് താഴോട്ട് വീഴു കയാണ്.

താഴോട്ട്, താഴോട്ട്...

ഒന്നിൽനിന്ന് വഴുതി വേറൊന്നിലേക്ക്. അവിടന്ന് തെന്നിമാറി ഒട്ടും ബന്ധ മില്ലാത്ത മറ്റൊന്നിലേക്ക്. സ്വപ്നങ്ങളുടെ നേർത്ത പടുതകൾ നീങ്ങിപ്പോ കുമ്പോൾ അതേവരെ കണ്ടിട്ടില്ലാത്ത ഭൂപ്രദേശങ്ങളുടെ അതിരുകൾ തെളിഞ്ഞുവരികയായി. മണൽക്കുന്നുകളുടെ താഴ്വാരങ്ങളിൽ കാറ്റിന്റെ തിര യടയാളങ്ങൾ. കാറ്റു വീണ് മുഷിഞ്ഞ മണൽപ്പരപ്പിന്റെ വിസ്തൃതി.

കൂനകളുടെ ഏറ്റയിറക്കങ്ങളിലൂടെ പൊടിക്കാറ്റ് അടിച്ചിറങ്ങിയപ്പോൾ കണ്ണുകൾ പാതി പൊത്തി, ഇളകിക്കൂടുന്ന ചൊരിമണലിലൂടെ കാലുകൾ വലിച്ചിഴച്ചുകൊണ്ട് അവൾ നടന്നു.

ഏങ്കോണിപ്പുള്ള ചരിവുകളിലൂടെ വഴുതിയിറങ്ങുമ്പോൾ കാലിടറി വീണ്, വീണ്ടുമെഴുന്നേറ്റ്...

ഇടയ്ക്കെവിടെയോ, വലിയൊരു മണൽക്കൂനയുടെ മറവിലാണ് പ്രിയം വദയെ കണ്ടത്. ഇളം ചുവപ്പു നിറമുള്ള സാരികൊണ്ട് തലമൂടി, കുമ്പിട്ടി രിക്കുകയായിരുന്ന അവരുടെ മുഖം തെളിഞ്ഞു കാണാനായില്ല.

അമ്മ ഇവിടെ?

അവൾ തെല്ലൊരു അമ്പരപ്പോടെ ചോദിക്കാനായുകയായിരുന്നു. അപ്പോ ഴേക്കും അമ്മ തല ഉയർത്തി ചുണ്ടത്ത് വിരൽ വച്ച് ഒന്നും മിണ്ടിപ്പോകരു തെന്ന് ആംഗ്യം കാട്ടി.

എന്നിട്ടും ചോദ്യം ആവർത്തിക്കാതിരിക്കാൻ കഴിഞ്ഞില്ല.

'എന്താമ്മേ ഇവിടെ?'

അപ്പോഴേക്കും അവൾ അടുത്തെത്തിക്കഴിഞ്ഞിരുന്നു.

'ശ്ശ്ശ്...' ചുണ്ടുകൾക്കു കുറുകെ വിരൽ വച്ച് പ്രിയംവദ പിറുപിറുത്തു: 'ധ്യാനിക്കുന്നവരെ അലട്ടരുത്.' അപ്പോൾ അവരുടെ മുഖം വെയിലേറ്റ് വല്ലാതെ കരുവാളിച്ചിരിക്കുന്നത് നീതു കണ്ടു.

അതിരുകളില്ലാത്ത ഈ ചരിഞ്ഞ ഭൂപ്രകൃതിയിൽ, ഒരു ഒറ്റപ്പെട്ട മണൽക്കൂനയുടെ തണലിൽ തനിച്ചിരുന്ന് പ്രാർത്ഥിക്കുന്ന പ്രിയംവദാമ്മ. അവരുടെ വിരലുകൾക്കിടയിൽ രുദ്രാക്ഷത്തിന്റെ ജപമാല. ചുണ്ടത്ത് പ്രാചീ നമായ ഏതോ സ്തോത്രത്തിന്റെ മുറിഞ്ഞ വരികൾ.

'എനിക്കൊന്നും മനസ്സിലാവണില്ലല്ലോ അമ്മേ?'

തന്റെ ശബ്ദം വല്ലാതെ ഇടറുന്നത് നീതുവറിയുന്നു.

'അല്ലെങ്കിലും തനിച്ചിരുന്ന് ധ്യാനിക്കുന്നവരെ മനസ്സിലാക്കാൻ നോക്കു ന്നത് വങ്കത്തമാകും.'

പ്രിയംവദയുടെ ഉടുപുടവകളിൽ ഒരു നീണ്ട യാത്രയുടെ പൊടിച്ചാർത്ത്. മുഖത്ത് ഏകാന്തമായ ധ്യാനത്തിന്റെ ധന്യത.

കാൽച്ചുവട്ടിലെ ചൊരിമണലിൽ മണൽക്കാട്ടിലെ സൂര്യൻ എരിഞ്ഞ് നിൽക്കുന്നു. ശിരസ്സിൽ പകൽച്ചൂട് ഉരുകുമ്പോൾ തൊണ്ടയിൽ വേനൽ നീറിപ്പിടിക്കുകയാണ്. ഉടലിലൂടെ വിയർപ്പ് ചാലുകളിട്ടപ്പോൾ, തൊണ്ടക്കുഴലുകൾക്ക് ഉണക്കം പിടിച്ചപ്പോൾ, കാണാവുന്ന ദൂരത്തിലുള്ള പച്ചപ്പിലെത്താൻ നീതുവിന് തിടുക്കമായി.

പക്ഷേ, അമ്മയെ ഇവിടെ തനിച്ചാക്കിയിട്ട് പോകാൻ വയ്യല്ലോ. തിടുക്കത്തിൽ പിടിച്ചെഴുന്നേല്പിക്കാൻ പണിപ്പെടുമ്പോൾ പ്രിയംവദയുടെ അയഞ്ഞ ശബ്ദം കേൾക്കായി.

'വേണ്ടാ മോളേ! നി പൊയ്ക്കൊള്ളൂ. എനിക്കല്പം തനിച്ചിരിക്കണം. ഇത്തിരിനേരം പ്രാർത്ഥിക്കണം.'

'അമ്മ ഒരുപാടുനേരമായല്ലോ ഇവിടെ?'

'ഇവിടെ സമയം നിഴലുകളാണ്. നിഴലുകളെ ആരും അളക്കാറില്ലല്ലോ. ഒരു വെയിലിന്റെ ആയുസ്സേ ഉള്ളൂ നിഴലുകൾക്ക്.'

'ഇപ്പോൾ അമ്മയുടെ മുഖം എന്തോപോലെ.'

'വെയില്. പിന്നെ ഉപവാസത്തിന്റെ വിശുദ്ധി.'

'വരൂ, നമുക്കു പോകാം, നേരം ഒരുപാടായി.' മകളുടെ ശബ്ദം പൊങ്ങി.

'നീ പൊയ്ക്കൊള്ളൂ. അല്ലെങ്കിലും ഇവിടം നിനക്കുള്ളതല്ല.'

'അപ്പോൾ അമ്മയുടെ യാത്ര?'

'ഓ...'

'ഏറെനാളായി കാത്തിരുന്ന കോൺഫറൻസ്!'

'ഇത് ധ്യാനത്തിന്റെ നിമിഷങ്ങളാണ്, കുട്ടീ!'

ബലമായി പിടിച്ചെഴുന്നേല്പിക്കാൻ നോക്കിയപ്പോൾ അമ്മ കുതറിമാറുകയാണ്:

'വിടൂ മോളേ, പ്രാർത്ഥിക്കുന്നവരെ അലട്ടുന്നത് മഹാപാപമാണെന്ന് അറിഞ്ഞുകൂടേ?'

കൈയെടുക്കാൻ കൂട്ടാക്കാതെ തോളത്ത് അമർത്തി പിടിച്ചപ്പോൾ അമ്മയുടെ മുഖം പൊടുന്നനേ മാറുന്നത് കാണായി.

നീതു നടുങ്ങിപ്പോയി.

വിളറിവെളുത്ത്, മലച്ച മീനിന്റെ വഴുവഴുപ്പുള്ള മുഖം. ചുവപ്പുരാശി കലർന്ന കണ്ണുകളിൽ, ചുണ്ടുകളുടെ കോണിൽ അമർത്തിയിട്ട ഒരു കോടിയ ചിരി. പിന്നീടത് മറുലോകങ്ങളിലെ പൊരുളറിയാത്ത ഏതോ മുഴക്കമായി മാറി.

ഭയപ്പാടോടെ നീതു പുറകോട്ട് രണ്ടു ചുവട് വച്ചു. വിണ്ടും രണ്ടുമൂന്ന് ചുവടുകൾ കൂടി.

തന്നെ പിന്തുടരുന്ന ആ പ്രാകൃതമായ മുഴക്കത്തിൽനിന്ന് രക്ഷപ്പെടാനായി തിരിഞ്ഞു നോക്കാതെ ഓടുമ്പോൾ നേരെയുള്ള ആ പച്ചത്തുരുത്തിലേക്കല്ല, എതിർവശത്തേക്കാണല്ലോ ഓടുന്നതെന്ന് അവൾ ഓർത്തതേയില്ല. കാൽക്കീഴിൽ പുതയുന്ന മിനുസമുള്ള മണൽ പലപ്പോഴും അവളുടെ നില തെറ്റിച്ചു. കാലിടറിയുള്ള വീഴ്ചയിൽനിന്ന് വീണ്ടും പിടഞ്ഞെഴുന്നേൽക്കുമ്പോൾ, അതേ ശബ്ദം വിടാതെ പുറകിലായി...

ഒരു നേർത്ത കരച്ചിലോടെയാണ് ഞെട്ടിയുണർന്നത്. ഉടലാകെ നനഞ്ഞു കുതിർന്നിരുന്നു. തളർന്ന നോട്ടത്തിൽ, ചുറ്റുപാടുകൾ തെളിഞ്ഞു കിട്ടാൻ കുറെ നേരമെടുത്തു.

മെല്ലെ കട്ടിലിൽനിന്നിറങ്ങി അമ്മയുടെ മുറിയിലേക്ക് നടക്കുമ്പോൾ കൊടുംവേനലിൽ നീരുവറ്റിയ ഒരു മണൽക്കാട് മുഴുവനും താണ്ടി പോകുന്നതുപോലെ തോന്നി.

അമ്മ നല്ല ഉറക്കത്തിലാണ്. അവരെ കെട്ടിപ്പിടിച്ച്, പറ്റിച്ചേർന്ന് കിടക്കുമ്പോൾ അപൂർവ്വമായൊരു സുരക്ഷാവലയത്തിനു നടുവിൽ എത്തിപ്പെട്ടതുപോലെ. ഏറ്റയിറക്കമുള്ള ഭൂപ്രകൃതികൾക്കും, കാൽച്ചുവട്ടിലെ ഇളക്കമുള്ള ചൊരിമണലിനും, കീഴ്പെടുത്താനാവാത്ത സുരക്ഷിതത്വം.

അമ്മയുടെ മാർത്തട്ട്, അമ്മയുടെ മടിത്തട്ട്.

താൻ ചെറുതായൊന്ന് തേങ്ങിയിരിക്കണം. അമ്മ ഞെട്ടിയുണരുന്നത് കണ്ടു.

'എന്തേ മോളേ,' കാതിൽ അമ്മയുടെ പതിഞ്ഞ ശബ്ദം കേട്ടു: 'ഉറങ്ങിയില്ലേ ഇതേവരെ?'

'ഉം.' മകൾ മൂളി.

'പിന്നെ ഇവിടെ?'

'സ്വപ്നം, ഒരു ചീത്ത സ്വപ്നം...'

'പേടിച്ചോ, എന്റെ മോള്...'

ഒന്നും ഉരിയാടാനാവാതെ അവൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അമ്മയോട് അള്ളിപ്പിടിക്കുകയാണ്. അമ്മ അവളെ ചേർത്തുപിടിച്ച് പുറത്തു തട്ടിക്കൊണ്ടിരുന്നു.

'ഉറങ്ങിക്കൊള്ളൂ, ഒന്നും ഓർക്കാതെ ഉറങ്ങിക്കൊള്ളൂ. കാലത്തേ ക്ലാസ്സുള്ളതല്ലേ.'

അന്തമില്ലാത്ത മണൽപ്പരപ്പിൽ ഒറ്റപ്പെട്ട മണൽക്കൂനയുടെ മറവിൽനിന്ന് കേട്ട അമ്മയുടെ പ്രാർത്ഥന കാതിൽ വിങ്ങിനിൽക്കുന്നു. പതിഞ്ഞ സ്തോത്രത്തിൽനിന്നു തുടങ്ങി വലിയൊരു മുഴക്കത്തിൽ ഒടുങ്ങിയ പ്രാർത്ഥന. അവൾ തെല്ലൊരു ഭീതിയോടെ അമ്മയെ വീണ്ടും കെട്ടിപ്പിടിച്ചു.

രാവിലെ കാപ്പികുടിക്കാനിരിക്കുമ്പോഴാണ് ഉറക്കത്തിൽ കണ്ട പേടിസ്വപ്നത്തെപ്പറ്റി നീതു അമ്മയോട് പറഞ്ഞത്. ആദ്യം പറയേണ്ടെന്ന് കരുതിയിട്ട്, പിന്നീട് തെല്ലൊരു മടിയോടെ ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു.

'ഞാനും കാണാറുണ്ട് സ്വപ്നങ്ങൾ.' പ്രിയംവദ ആശ്വസിപ്പിച്ചു: 'ആർക്കും വേണ്ടാത്ത, ഒരിക്കലും ശരിയാവാത്ത സ്വപ്നങ്ങൾ. സ്വപ്നങ്ങൾ വഴികാട്ടുമെന്ന തോന്നലില്ലാത്തതുകൊണ്ട് ഞാനവയെ ഇഴപിരിച്ചു നോക്കാറില്ല, നല്ലതായാലും, ചീത്തയായാലും.'

'കുറെ കാലം കൂടിയിട്ടാണ് വീണ്ടുമിങ്ങനെ വേണ്ടാത്ത ചില സ്വപ്നങ്ങൾ. അതേ തടിച്ച ചൂണ്ടുവിരൽ. ആ കറുത്ത നീണ്ട നഖം.'

പെട്ടെന്ന് വല്ലാതായെങ്കിലും പ്രിയംവദ പതിയെ ചിരിക്കാൻ നോക്കി.

'എന്തായാലും, ജപമാലയിൽ തിരുപ്പിടിച്ച് ധ്യാനിക്കുന്ന ഒരമ്മയെ കാണാൻ ഇടവരാതിരിക്കട്ടെ.'

ചുണ്ടോടടുപ്പിച്ച ചായക്കപ്പ് അതേപടി പിടിച്ചുകൊണ്ട്, മിഴിച്ചു നോക്കുകയാണ് നീതു.

'പ്രാർത്ഥനകളുടെയൊക്കെ പ്രസക്തി എന്നേ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്റെ ജീവിതത്തിൽ. സ്തോത്രങ്ങളുടെയും, മന്ത്രങ്ങളുടെയും മായാവലയങ്ങൾക്കപ്പുറമായി ഏതോ മണൽക്കാട്ടിൽ ഇപ്പോൾ നിന്റെ അമ്മ. തനിച്ചൊരമ്മ.'

എന്തോ ഓർത്തുകൊണ്ട് പ്രിയംവദ പറഞ്ഞു.

അമ്മയുടെ ഓർമ്മകളെ ആ വഴിക്ക് മേയാൻ വിടരുത്. പോയ കാലത്തിന്റെ വഴുക്കലുള്ള ചരിവുകളിലൂടെ വഴുതിപ്പോകാൻ പ്രിയംവദാമ്മയ്ക്ക് ഇനി അധികനേരം വേണ്ട. പിന്നെ, ഓരോന്നു പറഞ്ഞു പറഞ്ഞ്, തൊണ്ടയിടറി, ഇടയ്ക്കൊരു കോടിയ ചിരിയുമായി, അങ്ങനെ സ്വയം ശമിപ്പിക്കാൻ പാടുപെടുമ്പോഴൊക്കെ വഴിതിരിച്ചുവിടേണ്ടത് തന്റെ ബാദ്ധ്യതയായി മാറുന്നു.

നീതു തിടുക്കത്തിൽ വിഷയം മാറ്റാൻ നോക്കി:

'അപ്പോൾ ഗോവയിലെ സെമിനാർ?'

'ആ, അങ്ങനെയൊന്ന്...' തിരെ താത്പര്യമില്ലാത്ത മട്ടിൽ അമ്മ തല കുടഞ്ഞു.

'നാളെ പോകേണ്ടതല്ലേ?'

'ആവോ, ഓർമ്മയില്ല.' വീണ്ടും അതേ അലസമായ മറുപടി.

തീരെ മനസ്സിലാക്കാനാകുന്നില്ല നീതുവിന്. ഈ കോൺഫറൻസിലേക്കുള്ള തയ്യാറെടുപ്പുമായി എത്ര നാളുകളായി ഓടിനടക്കുന്നു.

വിവിധ കമ്പനികളിലെ ഹ്യൂമൻ റിസോർസസ് വകുപ്പുതലവന്മാരുടെ ഒരു ഒത്തുചേരൽ. രണ്ടുകൊല്ലം കൂടിയിട്ടാണത്രെ അത് നടക്കുന്നത്. പ്രധാനമായും ഇൻഡസ്ട്രിയിൽനിന്നുള്ളവർ. പിന്നെ അതിഥികളായി ചില കോളേജ് പ്രൊഫസറന്മാർ, ഗവേഷണവിദ്യാർത്ഥികൾ.

അവിടെ അവതരിപ്പിക്കാൻ പോകുന്ന പ്രബന്ധത്തെപ്പറ്റി വലിയ പ്രതീക്ഷയാണ് പ്രിയംവദയ്ക്ക്. രാത്രിയിൽ ഏറെനേരം അതിന്റെ മിനുക്കുപണികൾക്കായി കമ്പ്യൂട്ടറിനു മുമ്പിൽ കുത്തിയിരിക്കുന്നത് കാണാം.

'എപ്പഴാ ഫ്ളൈറ്റ്?'

'ടിക്കറ്റ് ഓഫീസിലാണ്. നോക്കണം.' അതേ താത്പര്യമില്ലായ്മതന്നെ ഇപ്പോഴും.

'എന്താമ്മേ?' നീതു അമ്മയുടെ തോളത്ത് കൈവച്ചു: 'എന്തു പറ്റി?'

'ഓ, ഒന്നുമില്ല.'

'അതല്ല, എന്തോ ഉണ്ട്.'

'ചിലപ്പോഴേ ഞാൻ പോവുള്ളൂ, മോളേ.' പ്രിയംവദ പൊടുന്നനേ പറഞ്ഞു.

'എന്തുപറ്റി? അമ്മയുടെ പ്രസന്റേഷൻ അവരുടെ പരിപാടിയിൽ ചേർത്തിട്ട് അവസാനം മാറിക്കളയുന്നത് മോശമല്ലേ? മാത്രമല്ല, എത്ര പണിയെടുത്തിരിക്കുന്നു അതിനുവേണ്ടി.'

'ശരിയാണ്. പരിപാടിയിൽ പേര് വച്ചിട്ടുണ്ട്. പേപ്പറിന്റെ ചുരുക്കം വേണ്ടപ്പെട്ടവർക്കൊക്കെ മുൻകൂട്ടി അയച്ചുകൊടുത്തിട്ടുമുണ്ട്.'

'പലരും അതിൽ വലിയ താത്പര്യം കാണിച്ചുവെന്നല്ലേ അമ്മയൊരിക്കൽ പറഞ്ഞത്. എന്നിട്ട് പെട്ടെന്ന് ഇപ്പോഴൊരു മനസ്സുമാറ്റം?'

'എന്തോ, എന്താണെന്നറിയില്ല. തീരെ സുഖം തോന്നുന്നില്ല, മോളേ.'

അമ്മയുടെ കണ്ണുകളിൽ മുമ്പ് കാണാത്ത ഏതോ ചില ആശങ്കകൾ പാടകെട്ടുന്നതായി നീതുവിന് തോന്നി.

മകൾ വീണ്ടും അമ്മയുടെ തോളിൽ ബലമായി അമർത്തി:

'അമ്മ പിന്നെയും വേണ്ടാത്ത ഓരോന്നൊക്കെ ആലോചിച്ച് മനസ്സ് വിഷമിപ്പിക്കാൻ തുടങ്ങീയിരിക്കുന്നു. എനിക്കെപ്പോഴും ധൈര്യം തരാറുള്ള അമ്മയാണിങ്ങനെ തളർന്ന്...'

'മറ്റുള്ളവർക്ക് ധൈര്യം കൊടുക്കാൻ എളുപ്പമാണ്, കുട്ടീ. സ്വന്തം കാര്യം വരുമ്പോഴാണ് അവനവന്റെ പരിമിതികൾ ബോദ്ധ്യമാകുന്നത്. എളുപ്പമല്ലെന്ന് നന്നായറിയാം. എന്നാലും, പോയകാലത്തെക്കുറിച്ച് ഓർക്കാതിരിക്കാൻ ആവുന്നത്ര ശ്രമിക്കാറുണ്ട്. ഇപ്പോൾ എന്താണെന്നറിയില്ല, കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായിട്ട് ഉള്ളിലെന്തോ ചില അരുതായ്കകൾ. മനസ്സ് വേണ്ടയിടത്ത് ഉറപ്പിച്ചു നിറുത്താൻ കഴിഞ്ഞില്ലെങ്കിൽ ഇത്തരമൊരു സെമിനാറിൽ പങ്കെടുക്കാതിരിക്കുകയാവും ഭേദമെന്ന് തോന്നിപ്പോകുന്നു. അത്രയും സീനിയറായ ഡെലിഗേറ്റുകളുടെ കൂട്ടത്തിൽ, പിടിയിലൊതുങ്ങാത്ത മനസ്സുമായി ഒരു സ്ത്രീ...'

'വെറുമൊരു സ്ത്രീയൊന്നുമല്ല,' നീതു തിരുത്തി: 'ഒരു തികഞ്ഞ പ്രൊഫഷണൽ. വലിയൊരു ഗ്രൂപ്പിന്റെ കോർപ്പറേറ്റ് ഓഫീസിലെ എച്ച്.ആർ. വകുപ്പിന്റെ മേധാവി. എന്റെ അമ്മയുടെ സ്ഥാനം ആരും കുറച്ചുകാണിക്കാൻ ഞാൻ സമ്മതിക്കില്ല. ആ പറയുന്നത് സ്വന്തം അമ്മയാണെങ്കിൽക്കൂടി.'

പ്രിയംവദ വെറുതെ ചിരിക്കാൻ നോക്കി.

ചായക്കപ്പുമായി നീതു എഴുന്നേറ്റു.

'എന്തായാലും ഒരു കാര്യം ഉറപ്പിച്ചു കഴിഞ്ഞു. അമ്മ നാളെത്തന്നെ നല്ല കുട്ടിയായി ഗോവയ്ക്ക് പോകുന്നു. നല്ല കുട്ടിയായി അവിടെ പേപ്പറൊക്കെ അവതരിപ്പിച്ച് നല്ല കുട്ടിയായിത്തന്നെ തിരിച്ചുവരുന്നു.'

'എന്നുമിങ്ങനെ നല്ല കുട്ടിയായിരിക്കാൻ എനിക്കു കഴിയുമോ നീതു?' പ്രിയംവദ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

നീതുവിനത് തീരെ മനസ്സിലായില്ല.

'എന്തേ അമ്മേ?'

'എന്തോ ഒരു പിടിയും കിട്ടുന്നില്ല. ഒരു രൂപവുമില്ല ഒന്നിനും.'

ആ ഒഴിഞ്ഞ നോട്ടത്തിന്റെ പൊരുൾ മനസ്സിലാക്കാനാവാതെ കുഴങ്ങുകയാണ് നീതു.

കോളേജിൽ പോകാനായി വേഷം മാറുമ്പോഴും അവൾ അതുതന്നെ ഓർക്കുകയായിരുന്നു. ആദ്യമായി പ്രിയംവദാമ്മയുടെ മുഖത്ത് ഒരു ഉറപ്പില്ലായ്മ. എല്ലാറ്റിലും ഒരു താത്പര്യക്കുറവ്. ഉള്ളിലെ ഏതോ തിരയിളക്കങ്ങൾ മറച്ചുവയ്ക്കാനായി അവർ നന്നെ പണിപ്പെടുന്നതുപോലെ.

ഇത്രയും കാലത്തിനു ശേഷം വലിയൊരു അലട്ടലായി വിദേശത്തുനിന്നൊരു ഫോൺ കോൾ? അച്ഛന്റെ വിളി?

അല്ല, അതാവില്ല. എങ്കിൽ അമ്മ തീർച്ചയായും പറയുമായിരുന്നു.

ഇത് തന്നോട് പറയാൻ വിഷമമുള്ള എന്തോ.

അങ്ങനെയൊന്ന് തങ്ങൾക്കിടയിൽ ഉണ്ടാകുമെന്ന് സങ്കല്പിക്കാൻ പോലുമാകുന്നില്ല നീതുവിന്. സ്കൂട്ടറിന്റെ താക്കോൽവളയം കറക്കിക്കൊണ്ട്

പോകാനിറങ്ങുമ്പോൾ അമ്മ ഊൺമേശയ്ക്കരികിൽ അതേ ഇരിപ്പ് ഇരിക്കുന്നതു കണ്ടു.

'ഗെറ്റ് റെഡി, അമ്മാ. ഓഫീസ് വണ്ടി വരാറായി. ബാക്കിയൊക്കെ നമുക്ക് വൈകിട്ടിരുന്ന് വിശാലമായി തർക്കിക്കാം.'

വാതിൽ ചേർത്തടച്ച്, ലിഫ്റ്റിനടുത്തുള്ള ലാന്റിങ്ങിലേക്കുള്ള പടികൾ വലിയ ഒച്ചയോടെ അവൾ ചാടിയിറങ്ങിപ്പോകുന്നത് കേട്ടപ്പോൾ ഇതുപോലെ തന്നെ തറവാട്ടിലെ കോണിപ്പടികൾ ചാടിയിറങ്ങിയിരുന്ന ഒരു ചെറുപ്പകാലം തനിക്കുമുണ്ടായിരുന്നല്ലോ എന്ന് പ്രിയംവദ ഓർത്തു.

കാൽച്ചുവട്ടിലെ പടികൾക്ക് മാത്രമേ മാറ്റം വന്നിട്ടുള്ളു. ഇപ്പോൾ വർഷങ്ങൾക്കുശേഷം തന്നെപ്പോലെ പടികളിറങ്ങാൻ തന്റെ മകൾ. തന്റെ എല്ലാമായ മകൾ. ഇപ്പോൾ തന്റെ ലോകംതന്നെ അവളിലേക്ക് ഒതുങ്ങിപ്പോയിരിക്കുകയാണല്ലോ.

അവളിപ്പോൾ വലുതായിരിക്കുന്നു. എനിക്കുവേണ്ടിക്കൂടി തീരുമാനങ്ങളെടുക്കാനും, എന്നെ ഉപദേശിക്കാനും പാകത്തിന് വളർന്നിരിക്കുന്നു.

തിടുക്കത്തിൽ ഓഫീസിൽ പോകാൻ തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോഴാണ് ആ അലട്ടുന്ന ഓർമ്മ വീണ്ടും ഉള്ളിലേക്കെത്തിയത്.

നീതു സ്വപ്നത്തിൽ കാണാറുള്ള ആ തടിച്ചുരുണ്ട ചൂണ്ടുവിരൽ. അറ്റത്തായി നീട്ടിവളർത്തിയ കൂർത്ത നഖം.

ഒരു വലിയ നടുക്കത്തോടെ അവർ ഓർത്തു.

രഞ്ജിത്തിന്റെ വിരൽ. അയാൾ വലിയ ശ്രദ്ധയോടെ വളർത്തി, വെട്ടിനിറുത്താറുണ്ടായിരുന്ന നഖം.

ആ വിരൽത്തുമ്പിൽനിന്ന് തങ്ങൾക്കൊരിക്കലും മോചനമില്ലെന്ന് തോന്നിപ്പോയി. സ്വപ്നാടനങ്ങളിൽനിന്ന് പേടിസ്വപ്നങ്ങളിലേക്ക് നയിക്കുന്ന ചൂണ്ടുവിരൽ. അറ്റത്തെ കൂർത്ത നഖം.

ഒരു നിമിഷം തരിച്ചുനിന്നിട്ട്, പിന്നീട് എല്ലാം ഒരുവിധത്തിൽ ഉള്ളിലൊതുക്കി പ്രിയംവദ തിരക്കിട്ട് വേഷം മാറാൻ തുടങ്ങി.

രണ്ട്

രാത്രിയിൽ കൂട്ടുകിടക്കാൻ വേലക്കാരി ബായിയുണ്ടെങ്കിലും, കേട്ടറിഞ്ഞ് ആലീസ് വന്നു.

ആലീസിന്റെ വരവ് എപ്പോഴുമൊരു വരവുതന്നെയായിരിക്കും. ലിഫ്റ്റിൽ നിന്ന് നേരേ അഞ്ചാംനിലയിലിറങ്ങാതെ, നാലാം നിലയിലിറങ്ങി, അല്പം ഒച്ചയും ബഹളവുമൊക്കെയുണ്ടാക്കി, അടുത്ത ഫ്ളാറ്റുകാരെയൊക്കെ തന്റെ വരവറിയിച്ചു മുകളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറിയാണ് അവൾ വരിക. ലിഫ്റ്റുണ്ടെങ്കിലും കുറെ പടികൾ ഓടിക്കയറിയില്ലെങ്കിൽ ഒന്ന് ഉഷാറാവില്ല എന്നാണ് അവൾ എപ്പോഴും പറയാറ്.

'നീതൂൂൂ, ആലീസ് വന്നൂട്ടോ.'

പതിവുപോലെ ബെല്ലടിക്കാതെ വാതിലിനപ്പുറത്തു നിന്ന് അവൾ വിളിച്ചുകൂവിയപ്പോൾ ആരൊക്കെയോ മുൻകതക് തുറന്നു നോക്കുന്നതു കണ്ടു.

ആ വിളി നിതു കാത്തതായിരുന്നു. അതുകൊണ്ട് അവൾ വേഗം വാതിൽ തുറന്നു.

'എന്നാലും നിന്റമ്മ ഭയങ്കര പാർട്ട്യന്നെ. ഒരു ഫുൾ പുരയല്ലെങ്കിലും സാമാന്യം വലിയൊരു മുറിയെങ്കിലും നിറഞ്ഞിരിക്കുന്ന ഒരു പെങ്കൊച്ചിനെ തനിച്ചാക്കിയിട്ട്, വല്ല കാക്കയും, കോഴിയും കൊത്തുമോയെന്ന പേടിപോലുമില്ലാതെ അങ്ങനെ ഇറങ്ങിപ്പോവ്വാന്ന് വെച്ചാൽ. ഒരു വാക്ക് വിളിച്ച് പറയായിരുന്നല്ലോ ആലീസിനോട്...'

'രണ്ടു പേരും കൂടിയാൽ പുര വല്ലാതെ നിറഞ്ഞുപോകുമെന്ന് പേടിച്ചിട്ടായിരിക്കും.'

ആലീസ് വന്നുകയറിയതോടെ വിടാകെ ഉഷാറായി. രണ്ട് നാളുകളായി അമ്മയുടെ തൂങ്ങിപ്പിടിച്ച മുഖം കണ്ട് മടുത്ത നീതുവിനും ആ മാറ്റം ഇഷ്ടമായി.

വരുന്ന വഴിക്ക് കോൾഡ് സ്റ്റോറേജിൽ കയറി ആലീസ് ചിക്കൻ വാങ്ങിയിരുന്നു. അവൾ അടുക്കളയിൽ കയറിയാൽ പിന്നെ വറക്കലിന്റെയും പൊരിക്കലിന്റെയും ബഹളമാണ്.

നീതു കൗതുകത്തോടെ നോക്കിനിന്നു. നേരാംവണ്ണം ഒരു ചായപോലും ഉണ്ടാക്കാനറിയാത്ത തന്നോട് ആ ആലീസിനെ കണ്ടുപഠിക്ക് എന്ന് അമ്മ എപ്പോഴും പറയും. കല്യാണം കഴിച്ച് വല്ല വീട്ടിലും ചെന്നുകയറേണ്ട പെണ്ണാണ്. അമ്മായിയമ്മയുടെ ശകാരം കേൾക്കാനാവും വിധി. അമ്മായിയമ്മമാരില്ലാത്ത വീട് നോക്കി അയച്ചാൽ മതിയെന്ന് താൻ തറുതല പറഞ്ഞപ്പോൾ അമ്മ വായപൊത്തി. 'അങ്ങനെയൊന്നും പറയല്ലേ, മോളേ, ഒരു വീടിന്റെ ചിത്രം പൂർണ്ണമാകണമെങ്കിൽ ഒരു അമ്മായിയമ്മ കൂടാതെ വയ്യെന്ന് മനസ്സിലാക്കിയ ആളാണ് ഞാൻ.'

'ഒന്നും പറയണ്ടാന്റെ നീതൂ,' ആലിസ് പറയുന്നതു കേട്ടു: 'ആ ഹോസ്റ്റലിലെ സ്വാമീടെ പച്ചക്കറി തിന്ന് മത്യായി. പച്ചക്കറി ഇത്രയ്ക്ക് വഷളാക്കിം ഉണ്ടാക്കാമെന്ന് ആ ഹോസ്റ്റലിൽ ചെന്നപ്പോഴാണ് മനസ്സിലായത്. അസാദ്ധ്യ കൈപ്പുണ്യംതന്നെ നമ്മടെ സ്വാമിക്ക്. കഴിഞ്ഞ ഒരാഴ്ചയായിട്ട് പല അവതാരങ്ങളായി വന്നുകൊണ്ടിരിക്ക്യായിരുന്നു ഒരു ഫുൾസൈസ് മത്തങ്ങ. തിരിച്ചുചെല്ലുമ്പോഴേക്കും അത് തീർന്നിരിക്കണേ എന്നു പ്രാർത്ഥിക്കുന്നതിൽ കാര്യമില്ല, പൊറകിൽ റെഡിയായി നിൽപ്പുണ്ട് കൂറ്റനൊരു വെള്ളരിക്ക.'

കണ്ടശ്ശാംകടവുകാരി ആലീസിന്റെ വരവ് എപ്പോഴും ചെറിയൊരു ആഘോഷംപോലെയാണ് ആ വീട്ടിൽ. പിന്നെ എന്തൊക്കെയുണ്ട് വിശേഷങ്ങൾ നീതൂന്റമ്മേ, എന്ന് ഉറക്കെ വിളിച്ചുകൊണ്ടാണ് വന്നുകയറുക. അവരുടെ പുറത്തു തട്ടുകയും കെട്ടിപ്പിടിക്കുകയുമൊക്കെ ചെയ്യും. വാരാന്ത്യങ്ങളിൽ വല്ലപ്പോഴും വന്നാൽ രണ്ടു ദിവസം കഴിഞ്ഞേ തിരിച്ചുപോകൂ.

'ഇവിടന്ന് മടങ്ങിപ്പോകുമ്പോ ഒരു രണ്ടൗൺസ് ഉത്തേജകം കഴിച്ച പോലുണ്ടാകും എന്റെ നീതൂ.' ആലീസങ്ങനെ നല്ല ഈണത്തിൽ നിട്ടി പറയും. പിന്നെ ആ സ്ഥിരം വായ്ത്താരി:

'എന്നാലുമെന്റെ നീതൂ, ഇത്രേം പ്രായായിട്ടും എന്ത് ഭംഗിയാണെടോ തന്റമ്മെ കാണാൻ. കുടുമ്മത്തിൽ പിറന്നതിന്റെ അന്തസ്സും, ഐശ്വര്യോം...'

ഒരു കാര്യത്തിൽ മാത്രമേ ആലിസിന് പരാതി ഉണ്ടായിരുന്നുള്ളൂ. പ്രിയംവദാമ്മയുടെ മുഖത്ത് കാറുംകോളും കയറിക്കൂടുന്നത് പലപ്പോഴും പെട്ടെന്ന്,

സീസൺ തെറ്റിയായിരിക്കും. തെറ്റായ കാലങ്ങളിലായി മീനച്ചൂടും, കർക്കിടകക്കോളും, വൃശ്ചികക്കുളിരുമൊക്കെ.

പിന്നെ ഒരു മഹാരഹസ്യംപോലെ ആലീസ് നീതുവിന്റെ ചെവിയിൽ സ്വകാര്യം പറയും:

'കാര്യം തന്റെ അമ്മ്യാണ്. വലിയ പഠിപ്പും പാപ്പാസ്യൊക്കെണ്ട്. നമ്മളെപ്പോലത്തെ ആവറേജ് പാർട്ട്യോള് ഒരുപാട് ബഹുമാനിക്കേണ്ട കേസുകെട്ടാണ്. എന്നാലും, എത്ര്യായാലും, പെണ്ണ് പെണ്ണല്ലേടോ. അല്ലാ ഞാൻ ആലോചിക്കാടോ, ഒരു ആൺകൂട്ടില്ലാതെ എത്ര കാലമാടോ ഒരാൾക്ക് തനിച്ച് കഴിയാൻ പറ്റ്വാ?'

ആലീസ് തനിക്ക് ഏറ്റവും പ്രിയപ്പെട്ട മേഖലയിലേക്ക് കടക്കാൻ തുടങ്ങുമ്പോഴേക്കും നീതു തിടുക്കത്തിൽ വിഷയം മാറ്റാൻ നോക്കും.

അത് തനിക്ക് എന്റെ പ്രിയംവദാമ്മയെപ്പറ്റി ഒന്നുമറിയാത്തതുകൊണ്ടു തന്നെ. എല്ലാ അമ്മമാരേയുംപോലെ കാണാൻ നോക്കരുത് എന്റെ അമ്മയെ. സ്വന്തം കൈകൊണ്ട് ഒരു ജീവിതം കരുപ്പിടിപ്പിക്കാൻ തന്റേടം കാട്ടിയ അമ്മയുടെ കാര്യത്തിൽ അത്തരം ഇളക്കങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ലല്ലോ.

'സംഗതി ശര്യാണ്. തന്റമ്മ ആള് ഭയങ്കര ക്ലീനാണ്, ഉത്തേജകംണ്ടാക്കണ ഫാക്റ്ററിയാണ്, സംശല്യാ. എന്നാലൂടോ എങ്ങന്യാടോ ഒരു പെണ്ണിന് തനിച്ച് ഇത്രേം കാലം...'

'ആലീസേ മതി.'

നീതുവിന്റെ ഒച്ച പൊങ്ങുമ്പോൾ ആലീസ് താനേ നിറുത്തും. അപ്പോഴും അവളുടെ മുഖത്ത് വലിയ സങ്കടമായിരിക്കും. തന്റെ ചോദ്യത്തിനു മറുപടി തരാനാകുന്നില്ലല്ലോ ഇവർക്കാർക്കും.

ആലീസിന്റെ ആ തുറന്ന പ്രകൃതം ഇഷ്ടമായതുകൊണ്ടാകാം ഓർക്കാപ്പുറത്ത് അവൾ വന്നുകയറുമ്പോഴൊക്കെ വലിയ ഉത്സാഹമാണ് പ്രിയംവദയ്ക്ക്.

'സത്യത്തില് എന്റപ്പൻ കൊച്ചാപ്പു രണ്ടാമന്റെ മുമ്പില് ഈ ആലീസ് ഒന്നുല്യാട്ടോ നീതൂന്റമ്മേ,' ആലീസ് ഒരിക്കൽ പറഞ്ഞു: 'ആള് നല്ല സൈസാ. നല്ല തീറ്റേം നല്ല ഉത്തേജകോം. മോന്ത്യാവുമ്പോ അങ്ങാടീന്ന് വന്ന് കുളിച്ച് ഫ്രഷായിട്ട് ഒരിരിപ്പുണ്ട് തീൻമേശേടെ മുമ്പില്. അതൊന്നു കാണണ്ട കാഴ്ചന്ന്യാണേയ്. പിന്നെ അങ്ങോരടെ ആ ചിരി. ഒരു പാതിയങ്ങാടി മുഴുവൻ കുലുക്കാൻ പോന്ന ചിരി. പെട്ടിലാക്ക്യാലും അപ്പൻ അതിനകത്ത് കിടന്ന് ചിരിക്കുംന്ന് എനിക്ക് നല്ല ഒറപ്പാ. കുഴിച്ചിട്ടാ മണ്ണിന്റടീക്കെടന്നും ചിരിക്കും. ഞങ്ങടെ ആ പ്രദേശത്തെ സിനിമാക്കൊട്ടകേലൊന്നും അങ്ങോരെ കേറ്റില്ല. അടൂർഭാസ്യെയെങ്ങാനും തുണിശീലേല് കണ്ടാ അങ്ങോരിരുന്ന് ചിരി തൊടങ്ങും. കാശും മൊടക്കീ വന്നിരിക്കണ ബാക്കീള്ളോർക്ക് പടം കാണണ്ടേ?'

ഓലമേഞ്ഞ ടാക്കീസിലെ തേക്കിൻതൂണുകളെയാകെ ചിരിച്ച് വിറപ്പിച്ചുകൊണ്ട് അപ്പനങ്ങനെ സ്റ്റൈലിൽ ഇരിക്കുന്നത് ഓർക്കുമ്പോൾ ആലീസിനും ചിരി നിറുത്താനാവുന്നില്ല.

'അങ്ങോരെക്കാൾ വലിയ സൈസായിരുന്നു കൊച്ചാപ്പൂന്റപ്പൻ കൊച്ചാപ്പു. അതായത് കൊച്ചാപ്പു ഒന്നാമൻ. ആ സൈസിനൊത്ത ഒരു ഇരട്ടി ചിരിം. പെട്ടീലടക്കീട്ടും കെടന്ന് ചിരി തന്ന്യായിരുന്നത്രെ അപ്പാപ്പൻ. വല്ലാണ്ടു വിര

ണ്ടുപോയ വല്യച്ഛൻ കൊച്ചച്ചനോട് പറഞ്ഞൂത്രേ, ഈ ആത്മാവിന് ലേശം മനസ്താപം കൊടുക്കാൻ മുട്ടിപ്പായി പ്രാർത്ഥിക്ക്യന്നെ.'

ആ രംഗം തൊട്ടുമുമ്പിൽ കണ്ടിട്ടെന്നപോലെ ആലീസ് പൊട്ടിപ്പൊട്ടി ചിരിക്കുന്നു.

അത്താഴം കഴിക്കാനിരിക്കുമ്പോൾ ആലീസിന്റെ മുഖത്ത് പതിവിലേറെ ഗൗരവമായിരുന്നു:

'നമ്മടെയൊക്കെ ജീവിതം എന്ത് ജീവിതാടോ, നീതു, അപ്പനമ്മമാര് ആടും പശുമൊന്നും കടിക്കാതെ വേലികെട്ടി വളർത്തി ഒടുവിൽ തലേം മൊലേം ഒരു സൈസാവുമ്പോ ആവുന്നത്ര പൊന്നും പണോം കൊടുത്ത്, വെല പറഞ്ഞൊറപ്പിച്ച് എവിടെയോ കെടക്കണ ഒരു മരങ്ങോടന്റെ മുമ്പിലേക്കങ്ങ് ഇട്ടുകൊടുക്കും. ആലീസിന് എന്തൊക്കെ വേണം, എന്തൊക്കെ പാടില്ല എന്നൊക്കെ ആലീസന്നെ പറയുമ്പോഴാണ് കുടുംബത്തില് ഫൈറ്റ് വരണത്. അതും നല്ല മുട്ടൻ ഫൈറ്റ്. എന്തായാലും, തന്റമ്മെ സമ്മതിക്കണം, ഒരു ആൺതുണയില്ലാതെ, നാലാളുടെ മുമ്പില് അങ്ങനെ തല ഉയർത്തി നടക്കണുണ്ടല്ലോ.'

അത് എത്രയോ ശരിയാണെന്ന് നിതുവും ഓർത്തു. അമ്മ നാലാളുകളുടെ മുമ്പിലൂടെ നടന്നുപോകുന്നത് ഒരു നാല്പതാളുകളുടെ ദുർമുഖം ഉള്ളിൽ കണ്ടുകൊണ്ട്.

ഒന്നും ഓർക്കാതിരിക്കാൻ അവർ ആവുന്നത്ര ശ്രമിക്കാറുണ്ടെങ്കിലും, ചിലപ്പോഴൊക്കെ അറിയാതെതന്നെ ഓരോന്ന് നാവിൽനിന്ന് ഉതിർന്നുവീണുപോകുന്നു.

എന്നെങ്കിലുമൊരിക്കൽ ഉണ്ടാകുമെന്ന് നല്ല ഉറപ്പായിരുന്നെങ്കിലും, ഒരു വാക്കുപോലും പറയാതെയാണത്രെ അച്ഛൻ ഇറങ്ങിപ്പോയത്. എന്നിട്ട് വെളുപ്പിന് ദൂരെയെവിടെയോ ഒരു നഗരത്തിൽനിന്ന് തലേന്നത്തെ നീണ്ട രാത്രിയുടെ കനം തൂങ്ങുന്ന ശബ്ദത്തിൽ ഒരു അലസമായ അറിയിപ്പ്, ഞാനിപ്പോൾ ഇവിടെയാണ്, ഈ നഗരത്തിലാണ്.

എത്ര എളുപ്പത്തിലൊരു മുറിച്ചുമാറ്റൽ. രണ്ടു മനസ്സുകൾ തമ്മിലുണ്ടായിരുന്ന അകലം, രണ്ടു നഗരങ്ങൾ തമ്മിലുള്ള അകലമായി, കണിശമായി അടയാളപ്പെടുത്തിയിരിക്കുന്നു.

അതുകൊണ്ടുതന്നെ എപ്പോഴാണ് പിരിഞ്ഞതെന്ന് ശരിക്ക് പറയാനാവില്ല അമ്മയ്ക്ക്. തീയതി മാത്രം ഓർമ്മയുണ്ട്. എത്ര പണിപ്പെട്ടിട്ടും മറക്കാനാവാത്തൊരു തീയതി.

പിന്നീടുള്ള നാളുകളെപ്പറ്റി പറയുമ്പോൾ അവരുടെ മുഖത്ത് സങ്കടത്തെക്കാൾ കൂടുതൽ ആശ്വാസമാണ് കാണാറ്. എന്ത് ചെയ്യണമെന്ന് യാതൊരു രൂപവുമില്ലായിരുന്നു ആദ്യമൊക്കെ. എന്തുവന്നാലും തോറ്റുകൊടുക്കില്ലെന്ന് തീരുമാനിക്കുമ്പോൾ വാശിയെക്കാളേറെ അവനവനെത്തന്നെ പറഞ്ഞുവിശ്വസിപ്പിക്കാനുള്ള ബദ്ധപ്പാടായിരുന്നു.

നാലുവശത്തുനിന്നും ഒരുപാടു കുത്തുവാക്കുകൾ. അതിലേറെ സംശയങ്ങൾ. സംശയങ്ങളിൽനിന്ന് രൂപംകൊള്ളുന്ന കുറെയേറെ കെട്ടുകഥകൾ. വലിയ നഗരമായിട്ടും, ഒരു ഫ്ളാറ്റ് വാടകയ്ക്കെടുക്കുമ്പോൾ കേൾക്കാൻ സുഖമില്ലാത്ത ഒരുപാടു ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടി വരുന്നു. രണ്ടു കൂടുകൾ തിടുക്കത്തിൽ മാറി മൂന്നാം കൂട്ടിലെത്തുമ്പോൾ സൊസൈറ്റിയിലെ വാച്ച്മാനുപോലും പലതും അറിഞ്ഞേ തീരൂ.

ആ ഫ്ളാറ്റിൽ വന്നുപോകുന്നവരുടെ മേൽ എപ്പോഴും ഒരു കണ്ണുണ്ടാകണമെന്ന് സെക്രട്ടറി പ്രത്യേകം ചട്ടംകെട്ടിയിട്ടുണ്ടെന്ന് ആ നേപ്പാളിപ്പയ്യൻ രഹസ്യമായി പറഞ്ഞപ്പോൾ അത്ഭുതം തോന്നിയില്ല. ഇതൊക്കെ എല്ലായിടത്തും കേട്ട കാര്യങ്ങൾ.

ഓരോ പുതിയ കഥ കേൾക്കുമ്പോഴും അവരുടെ തീരുമാനങ്ങൾക്ക് ബലം വെച്ചു വരികയായിരുന്നിരിക്കണം. തനിച്ച് ജീവിക്കാനാകുമെന്നു തെളിയിച്ചു കൊടുക്കണം. ഒരു കൊച്ചു കുഞ്ഞിനെ വളർത്തി വലുതാക്കാൻ കഴിയുമെന്ന് കാണിച്ചുകൊടുക്കണം.

പിന്നെ സ്വന്തം കാലിൽ നിൽക്കാൻ പറ്റിയൊരു തൊഴിലിനു വേണ്ടിയുള്ള പരക്കംപാച്ചിലായിരുന്നു.

ആദ്യം പഠിച്ചത് ഇംഗ്ലീഷ് സാഹിത്യമായിരുന്നു. പിന്നീട് എച്ച്.ആറിൽ മാസ്റ്റേർസ്. മനുഷ്യവിഭവങ്ങളുടെ വികാസമെന്ന വിഷയത്തെ സ്വന്തം ജീവിതത്തിലേക്ക് കൊണ്ടുവരാൻ നോക്കിയപ്പോഴാണ് ക്ലാസുമുറികളിലെ പഠിപ്പിന്റെ പരിമിതികൾ ബോദ്ധ്യമായത്.

ഒടുവിലൊരു ജോലി തരപ്പെട്ടപ്പോൾ പ്രശ്നങ്ങൾ കൂടുകയാണ് ചെയ്തത്.

ചെറുപ്പക്കാരിയായ, ചന്തക്കാരിയായ പ്രിയംവദാമേനോൻ.

മുനവച്ച നോട്ടങ്ങൾ, അർത്ഥംവച്ച മുക്കലും മൂളലും, ചില അമർത്തിയ ചിരികൾ. കൂടുതലും ഒപ്പം പണിയെടുക്കുന്ന മറ്റു പെണ്ണുങ്ങളിൽനിന്ന്.

എന്നിട്ടും അമ്മ പിടിച്ചുനിന്നു. നാല്പതാളുകളുടെ ദുർമുഖങ്ങൾ ഉള്ളിൽ കണ്ട്, നാലാളുകളുടെ മുന്നിലൂടെ നിവർന്നുതന്നെ നടന്നു.

'തന്റമ്മയെ സമ്മതിക്കണെടോ,' ആലീസ് പറഞ്ഞു: 'വലിയ ബഡായെയ്യാക്കെ പറയെങ്കിലും അവര്ടെ സ്ഥാനത്ത് ഈ ആലീസായിരുന്നെങ്കിൽ പണ്ടേ ക്ലോസായി പോവ്വായിരുന്നു.'

അമ്മയുടെ ഉള്ളിലെ പിടച്ചിൽ തൊട്ടടുത്തുനിന്ന് കാണാനായപ്പോഴൊക്കെ അവരോട് സ്നേഹത്തേക്കാളേറെ ഭക്തിയാണ് നിതുവിന് തോന്നിയിരുന്നത്. ഉള്ളിലൊരു പീഠമിട്ട് കുടിയിരുത്തി, നെയ്വിളക്കുകൾ കത്തിച്ചുവച്ച് എന്നും കൈകൂപ്പി തൊഴേണ്ട രൂപം.

ഊണ് കഴിക്കാനിരിക്കുമ്പോൾ ആലീസ് എന്തൊക്കെയോ നിറുത്താതെ പറഞ്ഞുകൊണ്ടിരുന്നെങ്കിലും നീതുവിന്റെ മനസ്സ് അവിടെയൊന്നുമായിരുന്നില്ല. ഏറെ നാളുകൾക്കു ശേഷമാണ് അമ്മയെ ഇങ്ങനെ പിരിഞ്ഞ് നിൽക്കുന്നത്. ആകെക്കൂടി ഒരു വല്ലായ്മ.

പാത്രങ്ങൾ കഴുകിവയ്ക്കുമ്പോൾ ഗോവയിൽനിന്നുള്ള വിളി വന്നു. വലിയ പരിഭ്രമത്തോടെയുള്ള അന്വേഷണങ്ങൾ: 'മോള് ഊണ് കഴിച്ചോ? സ്വാദുള്ള വല്ലതും ഉണ്ടാക്കിത്തന്നോ ആ ബായി?'

കൂടെ ആലീസുണ്ടെന്നു പറഞ്ഞപ്പോൾ വലിയ രസമായി അമ്മയ്ക്ക്.

'നീതൂന്റമ്മ വേണ്ടാന്നുവെച്ചാലും മണംപിടിച്ച് കയറിവരൂല്ലോ ആലീസ്.'

ആലീസ് ഉറക്കെ വിളിച്ചു പറഞ്ഞത് കേട്ടിട്ടായിരിക്കണം പ്രിയംവദ ഫോൺ അവൾക്ക് കൊടുക്കാൻ പറഞ്ഞു.

'നിന്നെ ബുദ്ധിമുട്ടിക്കേണ്ടല്ലോ എന്നു കരുതിയാണ് വിളിച്ചു പറയാതിരുന്നത്.'

'അത് പോട്ടെ, എങ്ങനെയുണ്ട് നീതൂന്റമ്മേ ഗോവേലെ മഴക്കാലം? എല്ലാരുംകൂടി അവിടെ കലക്കായിരിക്കും അല്ലേ.'

'കുറെ പ്രായമായവര് ഒത്തുകൂടുമ്പോൾ എന്ത് കലക്കലാണ് ആലീസേ.'

'പ്രായമായവരെയാണ് പേടിക്കേണ്ടത് ഇന്നത്തെ കാലത്ത്,' ആലീസ് നീതുവിനെ നോക്കി കണ്ണിറുക്കി: 'നീതൂന്റമ്മേപ്പോലെ ചന്തക്കാരികളാവുമ്പോ പ്രത്യേകിച്ചും.'

മറുപടി ഒരു നീണ്ട ചിരിയായിരുന്നു.

'ഞങ്ങള് പോയിട്ടുണ്ട് ഒരിക്കല്,' ആലീസ് തുടർന്നു: 'താമസം ഒരു മഠത്തിലായിരുന്നതുകൊണ്ട് കലക്കാൻ പറ്റീല്ലെന്നു മാത്രം. എന്നാലും ക്യാമ്പ് ഫയറും, പാട്ടും ഡാൻസുമൊക്കെയായിട്ട് അങ്ങനെ കഴിച്ചുകൂട്ടി.'

'അതൊക്കെ നിങ്ങടെ പ്രായത്തില്, മോളേ.'

'അതിന് നീതൂന്റമ്മയ്ക്ക് അത്രയ്ക്ക് പ്രായൊന്നും ആയിട്ടില്ലല്ലോ. എന്തായാലും സൂക്ഷിച്ചോളണേ നീതൂന്റമ്മേ! ഗോവ സ്ഥലം കൊറച്ച് പെശകാ. പോരാത്തതിന് മഴക്കാലോം.'

അപ്പോഴേക്കും നീതു ഫോൺ പിടിച്ചുവാങ്ങി.

'സോറീട്ടോ അമ്മേ. അവളുടെ പ്രകൃതം അമ്മയ്ക്കറിയാല്ലോ.'

പക്ഷേ, ചിരി നിറുത്താനാകാതെ വിഷമിക്കുകയായിരുന്നു പ്രിയംവദ.

'ഇതൊക്കെ ഒരു രസമല്ലേ മോളേ. ഫോണിൽക്കൂടി, നിന്റെ ആലീസിന്റെ വകയായിട്ട് ഒരു ഡോസ് ഉത്തേജകം. എന്തായാലും എന്റെ കാര്യത്തിൽ ഒരു മുത്തശ്ശീടെ താത്പര്യമാണല്ലോ നിന്റെ കൂട്ടുകാരിക്ക്.'

'അടുപ്പമുള്ള എല്ലാവരുടെയും കാര്യത്തിൽ അവളങ്ങനെയാണ്. പോട്ടെ അമ്മേ, ഹൗ ആർ യു?'

'ഫൈൻ മോളെ. ബട്ട് ഐ മിസ് യു. മിസ് യു സോ മച്ച്!'

ചില വാക്കുകൾക്ക് ഉദ്ദേശിക്കുന്നതിനെക്കാൾ കൂടുതൽ അർത്ഥതലങ്ങളുണ്ടെന്ന് മനസ്സിലാകുന്നത് വേർപാടുകളുടെ ഇത്തരം ഇടവേളകളിലാണ്. തനിച്ചാകുമ്പോൾ കേൾക്കാൻ കിട്ടുന്ന ഇത്തരം ചില കൊച്ചുകൊച്ചു വാചകങ്ങൾക്കും ഒരുപാട് അർത്ഥങ്ങൾ തോന്നിപ്പോകുന്നു.

വല്ലപ്പോഴുമുള്ള ഇത്തരം ചെറിയ വേർപാടുകൾകൂടി ഇപ്പോൾ താങ്ങാനാവാത്തതുപോലെ രണ്ടു പേർക്കും.

ഒന്നുമുരിയാടാതെ നീതു അങ്ങനെ കണ്ണടച്ചുനിൽക്കുന്നതു കണ്ടപ്പോൾ ആലീസ് പതിയെ ഫോൺ വാങ്ങി സ്റ്റാൻഡിൽ വച്ചു.

അല്പം കഴിഞ്ഞ് സോഫയിൽ ചാരിക്കിടന്ന്, എന്തോ ഓർത്തുകൊണ്ട് നീതു തുടർന്നു:

'ഈ അമ്മയെന്നു പറയുന്നത് ശരിക്കും എന്തൊക്കെയാണെന്ന് ഒരു രൂപവും കിട്ടുന്നില്ലല്ലോ ആലിസേ.'

'നമുക്കൊക്കെ കാണാൻ കഴിയണതിനെക്കാൾ എത്രയോ മുകളിലാന്നു മാത്രം കരുത്യാൽ മതി,' ആലീസ് പറഞ്ഞു: 'അതിനെ മുഴുവനായിട്ട് മനസ്സിലാക്ക്യാൽ അതങ്ങ് തീർന്നുപോകില്ലേ? വാസ്തവം പറഞ്ഞാൽ ഈ ദൈവത്തിന്റെ ഇത്തിരി താഴെ നിൽക്കണ ഒരു പാർട്ട്യാണ് ഈ അമ്മാ അമ്മാന്ന് പറയണ ജീവി. എനിക്ക് ചെലപ്പോ തോന്നാറുണ്ട്, ഒരു കുടുമ്മത്തിന്റെ മുഴുവൻ വ്യസനോം ചേർത്തുവയ്ക്കുമ്പോഴാണ് ഒരമ്മ ഉണ്ടാവണേന്ന്.'

നീതു വെറുതെ തലയാട്ടി.

'എന്റെ കാര്യന്നെ നോക്കൂ. നല്ല ഫുൾസൈസിലൊരു അമ്മേണ്ടായിട്ടും അതിന്റെ ശരിക്കുള്ള വിലയറിയാൻ പറ്റീട്ടില്ലൊരിക്കലും. എപ്പൊ നോക്ക്യാലും, പറമ്പിലും വീട്ടുമുറ്റത്തും, പുരയ്ക്കകത്തുമായി അങ്ങനെ ഓടിനടക്കണ ഒരു സാധനം. ആടും, കോഴീം, താറാവുമൊക്കെയായിട്ട് ഒരു പണ്ടപ്പരപ്പ് ജീവികളും, അതുങ്ങടെ നടുവിലായിട്ട് പേരിന് ഒരാലീസും കൊറെ ക്ടാങ്ങളും. ഇതുങ്ങള് എല്ലാറ്റിനേയും മാത്രമല്ല കൊച്ചാപ്പു ഒന്നാമനേം രണ്ടാമനേം നോക്കണം അമ്മയ്ക്ക്. പിന്നെ ഇടയ്ക്കൊക്കെ സമയം കിട്ടുമ്പോ പെറേം വേണം. ഒരു രണ്ട്കൊല്ലം തെകച്ച് അമ്മച്ചി പെറാതെ നിക്കണ കണ്ടാൽ വല്യ കോംപ്ലക്സാണ് കൊച്ചാപ്പൂന്.'

അധികം ചിരിക്കാനാവുന്നില്ല നീതുവിന്. വയറ് വേദനിക്കുന്നു.

'അങ്ങനെ ആടും കോഴീം താറാവും വളരണതുപോലെ കൂട്ടത്തില് കെടന്ന് വളർന്നു ഈ ആലീസും, കുറെ കുട്ട്യോളും.'

'കൂട്ടത്തിൽ കിടന്ന് വളരണത് വലിയൊരു ഭാഗ്യമല്ലേ ആലീസേ. ഇവിടെയാണെങ്കിൽ ഞങ്ങളുടെ നന്നേ ചെറിയൊരു ലോകം. ചെറിയൊരു കൂട്ടിൽ അമ്മയ്ക്ക് ഞാനും എനിക്കമ്മയുമായി ഒരു പൊറുതി. അതുകൊണ്ടുതന്നെ ചെറുപ്പത്തിലേ വളരെ സെൽഫിഷായിപ്പോയി ഞാൻ. കൊച്ചുകാര്യങ്ങളിൽ പോലും വിട്ടുവീഴ്ച വയ്യ.'

'നിന്നെ കെട്ടിക്കൊണ്ടുപോകണ കൊരങ്ങൻ ഏതു പ്രകൃതക്കാരനായിരിക്ക്യോ ആവോ?'

'അതയാളുടെ പ്രോബ്ലം. നീതൂന്റെ ജീവിതം എങ്ങനെ ജീവിക്കണമെന്ന് നീതൂന് അസ്സലായിട്ടറിയാമല്ലോ.'

'അത്രയ്ക്കങ്ങ് പോകണ്ടാട്ടോ മോളേ, അതപകടാണ്,' ആലീസ് ഉപദേശിച്ചു: 'വല്ലാതെ വെഷമിച്ചിരുന്നു ഞങ്ങളൊരു കാലത്ത്. കൊച്ചാപ്പൂന്റെ കച്ചോടം സുമാറല്ലാതിരുന്ന, വലിയ പങ്കപ്പാടിന്റെ കാലം. രണ്ടു നേരത്തെ ആഹാരംകൂടി കഷ്ടിയായിരുന്നു അന്ന്. ഉള്ളത് താഴേള്ള എല്ലാറ്റിങ്ങൾക്കും കൂടി വീതം വെച്ച് കഴിയുമ്പോൾ പട്ടിണി കിടക്കേണ്ടി വരണത് മൂത്തവളായ എനിക്കും അമ്മയ്ക്കും. പോരാത്തതിന് കൊച്ചാപ്പൂന്റപ്പന്റെ ആ നിലയ്ക്കാത്ത വലിവും. ഇടനാഴിലെ ഒരു മൂലേല് ചുമരും ചാരിയിരുന്ന് അപ്പാപ്പനങ്ങനെ വലിക്കണത് കണ്ടോണ്ട് നിൽക്കാൻ വയ്യ. വലിവിന്റെ കാലത്ത്, വാവടുക്കുമ്പോൾ ചിരിക്ക് പകരം മുടിഞ്ഞ തെറിവിളിയാണ്. ഒരു നാലു തലമുറയ്ക്ക് കൊള്ളുന്ന മുട്ടൻ തെറികള്... അതിലൊരു ഭാഗം അകത്തൊരു കയറ്റുകട്ടിലിൽ തളർന്ന് കിടക്കണ സ്വന്തം കെട്ട്യോളുടെ നേർക്കന്നെ. താങ്ങാൻ വയ്യാതായപ്പോൾ ആലീസിന്റെ മുമ്പില് രണ്ട് വഴ്യേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകില് ഓടിപ്പോയി ഏതെങ്കിലും മഠത്തില് ചേരുക. അല്ലെങ്കിൽ വല്ല കൊളത്തിലോ കെണറ്റിലോ മറ്റോ...'

'എന്റമ്മേ.' നീതു അവളുടെ വായ പൊത്തി.

'അപ്പഴും നമ്മടെ അപ്പൻ കൊച്ചാപ്പു ഉമ്മറത്തൂണും ചാരിയിരുന്ന് അങ്ങനെ വെറുതെ ചിരിക്കണുണ്ടാവും. നിയൊന്ന് ഓർത്തുനോക്കൂ ആ സീൻ? അകത്തിരുന്ന് പ്രാകണ ഒരു ഫുൾസൈസ് കൊച്ചാപ്പു, പൊറത്തിരുന്ന് ചിരിക്കണ മുക്കാൽ കൊച്ചാപ്പു!' ആലിസ് തല കുടയുകയാണ്. 'ഒരൂസം ഞാനങ്ങട്ട് ചോയ്ച്ചൂ, അപ്പനെന്തിനാ ഇങ്ങനെ വെറുതെയിരുന്ന്

ചിരിക്കണേന്ന്. അപ്പൊ അപ്പൻ പറയ്വാണേ, നമ്മടെയീ ലോകത്തു നടക്കണെ ഓരോ കാര്യങ്ങള് ആലോചിക്കുമ്പൊ എങ്ങിന്യാ ആലീസ്മോളേ, ചിരിക്കാതിരിക്കാൻ പറ്റ്വാന്ന്. നമ്മടെ ആ പഴേ സോക്രട്ടീസൊക്കെ പറയണപോലുള്ള ഒരു പറച്ചില്!'

ആലീസ് ചില പഴയ ഓർമ്മകളിൽ തപ്പിത്തടയുകയാണെന്നു തോന്നി.

'അതൊക്കെ ഒരു കാലായിരുന്നു എന്റെ നീതൂ. നിങ്ങക്കൊക്കെ ആലോചിക്കാൻപോലും പറ്റാത്ത പങ്കപ്പാടുകളുടെ കാലം. അപ്പഴൊക്കെ ഞാൻ പിടിച്ചുനിന്നിരുന്നത് ഒറ്റ കാര്യത്തിലാണ്. കുടുമ്മത്തിനകത്ത് നിറഞ്ഞു നിന്നിരുന്ന ആ വലിയ സ്നേഹത്തിന്റെ തുന്നിക്കെട്ടലുകൾ. ഒരുപാട് ഇല്ലായ്മകളുടെ നടുവിലിരുന്നും കൊച്ചാപ്പൂന്റെ ആ തുറന്ന ചിരി. അതൊക്കെ തന്നെയാണെടോ നമ്മടെ ഇടത്തരം കുടുംബങ്ങളെ ഇന്നും നിലനിറുത്തിക്കൊണ്ടുപോണത്.'

വെറുതെ തലയാട്ടിയെങ്കിലും, മനുഷ്യജന്മത്തിലെ ദുരിതങ്ങളെപ്പറ്റി തനിക്കൊന്നുംതന്നെ അറിഞ്ഞുകൂടല്ലോ എന്ന് ഓർക്കുകയായിരുന്നു നീതു.

ഇങ്ങനെ ഓരോന്നു പറഞ്ഞ് തിമർത്ത് ചിരിക്കാനുള്ള കഴിവ് ആലീസിന് കിട്ടിയത് അപ്പൻ കൊച്ചാപ്പുവിൽനിന്നായിരിക്കണം. കൊച്ചാപ്പുവിന് കിട്ടിയത് അപ്പാപ്പൻ കൊച്ചാപ്പു ഒന്നാമനിൽനിന്നും. ആയ കാലത്ത് ആ സൈസിനൊത്ത വലിയ ചിരിയും ബഹളവുമൊക്കെയായിരുന്നത്രെ അപ്പാപ്പന്, കച്ചവടം മോശമാകുന്നതുവരെ, വലിവ് കൂടുന്നതുവരെ.

ഡ്രായിങ്റൂമിലെ സോഫയിലിരിക്കുകയായിരുന്നു അവർ.

നന്നെ ചുവന്ന ആപ്പിളിന്റെ ഒരു തുണ്ടം വായിലിട്ട് ചവയ്ക്കുകയാണ് ആലീസ്.

'നല്ല മധുരണ്ട്ട്ടോ,' അവളുടെ മുഖത്തൊരു കള്ളച്ചിരി: 'പക്ഷേ, ഒരു കൊഴപ്പേള്ളു. ദിവസോം ഓരോ ആപ്പിള് തിന്നാൽ ഡോക്ടർമാര് കെട്ടാൻ വരില്യാ.'

'മതി... ബസ്... ഇനഫ്.'

'ബസെങ്കിൽ ബസ്. ഞാൻ നിറുത്തി. ഇഷ്ടംപോലെ ആപ്പിള് തിന്നോളൂ, ഡോക്ടറെ അകറ്റി നിറുത്തിക്കൊള്ളൂ.'

ആലീസ് എല്ലാം ഒരു ചിരിയിലൊതുക്കാൻ നോക്കിയെങ്കിലും അവളുടെ മുഖത്ത് ചെറിയൊരു വല്ലായ്മ ബാക്കിനിന്നിരുന്നു.

ഡിഗ്രിക്ക് പഠിക്കുമ്പോൾ ക്യാംപസ്സിലെ മരച്ചുവട്ടിൽ ഏറ്റവും അടുപ്പമുള്ള കൂട്ടുകാരികൾ ഒത്തുകൂടി അതുമിതും പറയുമ്പോൾ തങ്ങളുടെ ഇടയിലേക്ക് കടന്നുവരാറുള്ള ഒരു സ്ഥിരം വിഷയമാണ്, ഭാവിയിലെ പങ്കാളി ആരായിരിക്കണമെന്ന കാര്യം. മിക്കവരും തങ്ങളുടെ ചോക്ലേറ്റ് സങ്കല്പങ്ങൾ ഒരുപാടു പൊലിപ്പിച്ച് പറഞ്ഞുവെക്കുമ്പോൾ അതിൽനിന്നൊക്കെ മാറി വ്യത്യസ്തമായൊന്നു പറയാറുള്ളത് ആലീസ്മാത്രമായിരുന്നു.

'കെടക്കേൽ കെടന്നു മുള്ളിയതിന്റെ മണം പോവാത്ത ഈ കുട്ടന്മാരുടെ കൂടെയൊക്കെ ജീവിച്ച് പോണതിനെപ്പറ്റി ആലീസിന് ആലോചിക്കാൻ പോലുമാവില്ലല്ലോ കൂട്ടരേ.' ആലീസ് തറപ്പിച്ചുപറയും.

അയാൾക്കു തന്നെക്കാൾ വലിയ പ്രായക്കൂടുതൽ വേണമെന്ന കാര്യത്തിൽ വലിയ നിർബന്ധമായിരുന്നു ആലീസിന്. ഏറ്റവും ചുരുങ്ങിയത് ഒരു പതിനഞ്ച് വയസ്സെങ്കിലും കൂടിയിരിക്കണം.

'അതായത് ശരിക്ക് ജീവിതത്തിന്റെ നട്ടപ്ര വെയിലത്തുകിടന്നു വെന്ത് കരുവാളിച്ച്, പാകംവന്ന ഒരൊത്ത ആണിന്റെ കൂട്ട്. നിങ്ങടെ ഈ ചുവന്ന് തുടുത്ത ഉണ്ണിക്കുട്ടന്മാരൊക്കെ വാടിപ്പോകാൻ തോനെ നേരൊന്നും വേണ്ടാ. പിന്നെ അതുങ്ങളുടെ ദേഹത്ത് നേരോം സമയോം നോക്കി വെള്ളം തളിച്ച് വാട്ടം തീർത്ത് കൊണ്ടുനടക്കാനുള്ള ക്ഷമയൊന്നും ഈ ആലീസിനില്ലെന്ന് കൂട്ടിക്കൊള്ളൂ.'

ആലീസങ്ങനെ രസമായിട്ട് പറഞ്ഞുപോകും:

'ഇരുനിറത്തിൽ, നല്ല പൊക്കത്തിൽ, കൂട്ടുപുരികവും, കട്ടിമീശയുമൊക്കെയായി ഏതാണ്ടൊരുതരം ഉരുപ്പടി. നെറ്റിയിലോ കവിളത്തോ മറ്റോ ഒരു വെട്ടിന്റെ അടയാളംകൂടിയുണ്ടെങ്കിൽ ജോറായി. അങ്ങനെ, എങ്ങനെ നോക്ക്യാലും ഒരു ശരിയായ ആൺതുണ. എനിക്കയാൾടെ കൈയ്ക്കുള്ളിൽക്കിടന്ന് വളരണം, അയാൾടെ ചൂടിൽ വിരിയണം. അയാളുടെ തണലിൽ, അയാള് തരണ ആ വലിയ ഉറപ്പിൽ എനിക്കൊരു കുടുമ്മമുണ്ടാക്കണം. ഒരു രണ്ടാംകെട്ടായാലും കൊഴപ്പമില്ല. വേറൊരു പെണ്ണിന്റെ കൂടെ പൊറുത്തതിന്റെ എക്സ്പീരിയൻസ് കാണൂല്ലോ.

'പിന്നെ ഇന്നത്തെ കാലത്ത് ലേശം ഫെമിനിസ്റ്റൊക്കെ ആയില്ലെങ്കില് വലിയ പോക്കണംകേടാണല്ലേ. എന്റെ ഐഡിയല് എപ്പഴുമൊരു മുട്ടത്തു വർക്കി ക്യാരക്റ്ററായ പെമ്പിള്ള്യാണ്. അല്ലെങ്കിലും, പെറാനുള്ള ലൈസൻസ് കർത്താവിൽനിന്ന് കനിഞ്ഞ് കിട്ടിയിട്ടുള്ളതുകൊണ്ട് ആണിനേക്കാൾ ഒരു പണത്തൂക്കം കൂടുതൽ പ്രമാണിത്തം പെണ്ണിനന്നെ.

'ഇക്കാര്യത്തിൽ ഞാനല്പം മൂരാച്ചിതന്ന്യാണെന്ന് കൂട്ടിക്കോ. പെണ്ണിന്റെ പെണ്ണത്തത്തെക്കാൾ എനിക്കിഷ്ടം ആണിന്റെ ആണത്തംതന്ന്യാണ്. കർത്താവ് ആണിന് കരുത്ത് കൊടുത്തത് അറിഞ്ഞോണ്ടുതന്ന്യാണ്. ആണിന്റെ തണലിൽ വളരേണ്ടവളാണ് പെണ്ണ്. എന്നേക്കാൾ പ്രായം കൂടിയ ആ കെട്ടിയോന്റെ തണലിൽ, അയാളുടെ ആ ഊറ്റവും, വീറും അറിഞ്ഞാസ്വദിച്ച്, അതിൽ പങ്കാളിയായി, പറ്റുമെങ്കിൽ തനി ചട്ടേം മുണ്ടും, കാതിൽപ്പൂവുമായി ഒരു ടിപ്പിക്കൽ നാടൻ മുട്ടത്ത് വർക്കി കത്രീനാമ്മയുടെ റോളിൽ...'

ഇക്കാര്യത്തിൽ ഒന്നും രണ്ടും പറഞ്ഞ് പ്രിയംവദയുമായി വലിയ തർക്കത്തിൽ ഏർപ്പെടാറുണ്ട് ആലീസ് ചിലപ്പോഴൊക്കെ.

തർക്കം മൂത്ത് വാശി കയറുമ്പോൾ അമ്മ ഗൗരവത്തിൽ പറയും:

'നീ കെട്ടിയോന്റെ തൊഴി കൊള്ളാൻ ജനിച്ചവൾതന്നെ, ആലീസേ! അത് നിന്റെ വിധി.'

'സാരോല്യ, നീതൂന്റമ്മേ, എടയ്ക്കൊക്കെ ഓരോ തൊഴി കിട്ടണത് ബോഡിക്ക് നല്ലതാ.'

'തനി മൂരാച്ചിതന്നെ. ഒരു അരനൂറ്റാണ്ടെങ്കിലും മുമ്പേ ജനിക്കേണ്ടവൾ.'

'ഒരു സംശയോമില്ല നീതൂന്റമ്മേ,' ആലീസ് അതേ ഗൗരവത്തോടെ തല കുലുക്കും: 'സത്യത്തിൽ ഒരു നൂറ്റാണ്ട് മുമ്പേ ജനിക്കണംന്നായിരുന്നു ആലീസിന്റേം മോഹോം. അതായത് കൊച്ചാപ്പൂന്റപ്പൻ കൊച്ചാപ്പൂനും മുമ്പ്. അപ്പോ പരിശുദ്ധ തോമാശ്ലീഹയോട് കൊറെക്കൂടി അടുക്കേം ചെയ്യും.'

അപ്പോഴേക്കും അമ്മയുടെ മുഖം ചുവക്കും.

'തമാശയായിട്ടല്ല സീരിയസ്സായിട്ടാണ് ഞാൻ പറയണത്.'

'ഞാനും തമാശയായിട്ടല്ല സീരിയസ്സായിട്ടുതന്ന്യാണ്. നിതൂന്റമ്മ എന്തൊക്കെ പറഞ്ഞാലും, ഈ വീട്ടീന്ന് ഇനി ഒരു പച്ചവെള്ളംപോലും തരില്യാന്ന് പറഞ്ഞാലും ഈ ആലീസ് മാറാൻ പോണില്ല.'

അമ്മയ്ക്ക് വഴിമുട്ടുന്നതു കാണുമ്പോൾ നീതു ഇടപെടും. എത്രയായാലും സ്വന്തം അമ്മ ഈ തെറിച്ച പെണ്ണിന്റെ മുമ്പിൽ തോൽക്കുന്നത് കാണാൻ വയ്യ.

'ഇതൊക്കെ അവളുടെ വെറും നമ്പറല്ലേ അമ്മേ. കച്ചവടത്തിൽനിന്ന് ഉണ്ടാക്കിയ നല്ല പൂത്ത കാശുണ്ട് അവളുടെ അപ്പന്റെ കയ്യില്. അത് കൊടുത്ത് അങ്ങാടിയിൽനിന്ന് നല്ല എണ്ണം പറഞ്ഞൊരു ഡോക്ടറെയോ, എൻജിനീയറെയോ മറ്റോ മേടിക്കും അവര്. അതും തറവാട്ടിൽ പിറന്ന നല്ല ശൊങ്കൻ പയ്യനൊരെണ്ണം.'

'അതങ്ങ് പള്ളീൽ പറഞ്ഞാൽ മതി. അപ്പൻ അങ്ങാടീക്കെടന്ന് കൂമ്പ് പൊരിഞ്ഞ് ഉണ്ടാക്കണ കാശ് സ്ത്രീധനം കൊടുത്ത് തുലയ്ക്കാനുള്ളതല്ല. ആലീസിനുവേണ്ട കാശ് ആലീസന്നെ ഉണ്ടാക്കും. അതെറക്കി പ്രാപ്തീള്ള ആണൊരുത്തനെ കെട്ട്വേം ചെയ്യും.'

അതൊക്കെ കേട്ട് മിഴിച്ചിരിക്കുകയാവും പ്രിയംവദാമേനോനെന്ന എച്ച്. ആർ. വിദഗ്ദ്ധ.

'വിടൂ അമ്മേ,' നീതു പറയും: 'ഇതൊക്കെ അമ്മേടെ പഴയ എച്ച്. ആർ. പുസ്തകങ്ങളുടെ ഗ്രാമഫോൺ റെക്കോർഡല്ല. നല്ല പുതുപുത്തൻ സി.ഡി.'

'എന്നാലും എനിക്കീ ആലീസിനെ തീരെ മനസ്സിലാവണില്ലല്ലോ, നീതൂ.'

'അത് ശര്യാ നീതൂ.' ആലീസ് തലയാട്ടും: 'ആലീസിനുപോലും മനസ്സിലായിട്ടില്യാ, ആലീസിനെ. പിന്ന്യാണ് ഈ നിതൂന്റമ്മേടെ കാര്യം.'

ഒന്നും രണ്ടും പറഞ്ഞ് ആ രാത്രി കടന്നുപോകുന്നത് അവരറിഞ്ഞില്ല.

കട്ടിലിൽ അടുത്തടുത്ത് കിടക്കുമ്പോൾ ഒരു കാര്യവുമില്ലാതെ തന്റെ പഴയ ചരിത്രത്തിന്റെ കെട്ടഴിച്ച് നീതുവിന്റെ മനസ്സ് അഴുക്കാക്കേണ്ടായിരുന്നെന്ന് ആലീസിന് തോന്നി. ഒരുപക്ഷേ, ആദ്യമായിട്ടായിരിക്കണം ഈ വീട്ടിൽ വച്ച് താനിങ്ങനെ വലിയ ഗൗരവത്തിൽ സംസാരിക്കുന്നത്.

ഉറക്കത്തിലെപ്പോഴോ നീതു ഉറക്കെ ചിരിച്ചു. പിന്നെ കരഞ്ഞു. വലിയൊരു പിടച്ചിലോടെ ഞെട്ടിയെഴുന്നേറ്റ് ചുറ്റും പകച്ചുനോക്കി. അപ്പോഴും അവൾ പതുക്കെ ഏങ്ങലടിക്കുന്നുണ്ടായിരുന്നു.

ആലീസ് അവളെ പിടിച്ചുകിടത്തി. ഒരമ്മയുടെ വാത്സല്യത്തോടെ പുറത്ത് തട്ടി ഉറക്കാൻ നോക്കി.

അപ്പോൾ എത്രയോ ദൂരെയിരുന്ന് അതുതന്നെ ഓർക്കുകയായിരുന്നു പ്രിയംവദയും.

മോള് ഉറങ്ങിക്കാണുമോ? ഉറക്കത്തിൽ പിച്ചും പേയും പറയുന്ന, എഴുന്നേറ്റു നടക്കുന്ന, അവളുടെ സ്വഭാവം ആലീസിന് ശല്യമായിരിക്കുമോ?

അവർ തലയിണയിൽ ചുണ്ടുകളമർത്തി. അപ്പോഴവിടെ ഒരു രണ്ടു വയസ്സുകാരിയുടെ കവിളിന്റെ മാർദ്ദവം അവരറിഞ്ഞു.

മൂന്ന്

ഗോവയിൽനിന്നു മടങ്ങിവന്നപ്പോൾ അമ്മയാകെ മാറിയതായി നീതുവിനു തോന്നി. ഏതോ ചില അലട്ടലുകളുടെ ഭാരം അവരുടെ മുഖത്തും പെരുമാറ്റത്തിലും.

ഇങ്ങനെയായിരുന്നില്ലല്ലോ എന്റെ പ്രിയംവദാമ്മ. ഓഫീസ് വിട്ട് വന്നാൽ കുറെ നേരമെങ്കിലും ഒപ്പമിരിക്കാൻ താത്പര്യം കാട്ടിയിരുന്ന അമ്മയിപ്പോൾ പലപ്പോഴും ഒഴിഞ്ഞുമാറാൻ നോക്കുന്നതുപോലെ. ആവുന്നതും തനിച്ചിരിക്കാനുള്ള വെമ്പൽ.

ഓഫീസുമുറിയിലെ ആ വലിയ ചാരുകസേരയിൽ എന്തൊക്കെയോ ആലോചിച്ചുകൊണ്ട്, തന്നോടുതന്നെ ഒരുപാട് സംസാരിച്ചുകൊണ്ട്...അല്ലെങ്കിൽ അഞ്ചാം നിലയിലെ ജനലിലൂടെ പുറത്തെ ഇരുട്ടിലേക്ക് തുറിച്ചു നോക്കിക്കൊണ്ട്...

ആ ഓഫീസുമുറി അമ്മയ്ക്കെന്നും ഒരു പണിപ്പുരയായിരുന്നു. പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ കതകടച്ചിരുന്ന് പണിയെടുക്കുമ്പോൾ നീതുപോലും അങ്ങോട്ടു നോക്കാറില്ല. വളരെ ചെറിയ അനക്കങ്ങൾ പോലും തന്നെ അലട്ടുന്നുവല്ലോ എന്നവർ പരാതി പറയാറുണ്ട്.

ഇപ്പോൾ ഏതോ ചില വലിയ തിരയിളക്കങ്ങൾ അവരുടെ ഉള്ളിൽ. അല്ലെങ്കിൽ നാലഞ്ച് ദിവസത്തെ ഇടവേളയ്ക്കു ശേഷം മകളിലേക്ക് തിരിച്ചെത്തുമ്പോൾ. ഇത്രയും നേരം തനിച്ചിരിക്കാൻ അവരെക്കൊണ്ടാവില്ലല്ലോ. എന്തു പറ്റി, നമ്മുടെ പ്രിയംവദാമേനോന്, വല്ല കുരുക്കിലും പെട്ടോ ആവോ?

പണ്ടായിരുന്നെങ്കിൽ മുഖത്ത് നോക്കി അങ്ങനെയൊരു കുസൃതിച്ചോദ്യമെറിയാമായിരുന്നു. ഇപ്പോൾ അത്തരമൊരു തമാശ കേൾക്കാനുള്ള ചുറ്റുപാടിലല്ലെന്ന് തോന്നിപ്പോകുന്നു. ഓർക്കാപ്പുറത്ത് ആ മുഖത്ത് ഉരുണ്ടുകൂടാറുള്ള ചൂടും, കുളിരും മഴക്കോളുമൊക്കെ നല്ല പരിചയമാണ് നീതുവിന്. പലപ്പോഴും കാലം തെറ്റിയുള്ള ഭാവപ്പകർച്ചകൾ.

ഓഫീസ്മുറിയുടെ വാതിൽക്കൽ ചെന്ന് എത്തിനോക്കി. എന്തോ ആലോചിച്ചുകൊണ്ട് ചാരുകസേരയിൽ കിടക്കുകയാണ് അമ്മ. മടിയിൽ നിവർത്തിവച്ച ഏതോ തടിച്ച പുസ്തകം.

ഒന്നു ചുമച്ചു നോക്കി. അനക്കമില്ല. ഒരു മൂളിപ്പാട്ട് പാടിയിട്ടും അനക്കമില്ല.

അതോടെ നീതു പിൻവാങ്ങി. ഇത് ഇടപെടാൻ പറ്റിയ സമയമല്ല. പ്രിയംവദാമ്മയ്ക്ക് ഇപ്പോൾ മീനച്ചൂടാണോ, വൃശ്ചികക്കുളിരാണോ എന്നൊക്കെ തിരക്കാൻ പറ്റിയ ചുറ്റുപാടുകളല്ല.

ഗോവയ്ക്ക് പോകുമ്പോൾ അമ്മ വലിയ ഉത്സാഹത്തിലായിരുന്നു. വലിയൊരു ഗ്രൂപ്പിനു മുമ്പിൽ ഒരു പ്രബന്ധം അവതരിപ്പിക്കാൻ പോകുന്നതിന്റെ ആവേശം. പതിവുപോലെ അവിടന്ന് ഇടയ്ക്കൊക്കെ സെൽഫോണിൽ വിളിച്ചുകൊണ്ടിരുന്നപ്പോഴും ആവേശം ഒട്ടും കുറഞ്ഞിരുന്നില്ല. മോളെ വേലക്കാരിയെ ഏല്പിച്ചു പോകുമ്പോഴൊക്കെ സമയം വെച്ച് വിളിക്കുക പതിവായിരുന്നു. ഇക്കുറിയാണെങ്കിൽ രണ്ടു ദിവസത്തേക്ക് ആലീസ് കൂടെയുണ്ടെന്ന ആശ്വാസമുണ്ടായിരുന്നു.

ഒരിക്കൽ അവർ വിദേശത്ത് പോയപ്പോൾ വന്ന ടെലിഫോൺ ബില്ല് കണ്ടപ്പോൾ ഞെട്ടിയത് താനാണ്. അമ്മയ്ക്കാകട്ടെ, യാതൊരു കുലുക്കവു മുണ്ടായിരുന്നില്ല.

'ബിക്കോസ് ഐ മിസ്ഡ് യു സോമച്ച് മോളേ... അകന്ന് നിൽക്കുമ്പോ ഴാണ് നിന്റെ വിലയറിയുന്നത്.'

ഗോവയിൽനിന്നുള്ള വിളികൾ പതിവുപോലെതന്നെയായിരുന്നു. പതി വുള്ള കുറെ അന്വേഷണങ്ങളും ചില സ്ഥിരം ഉപദേശങ്ങളും—അവളെ തനിച്ചാക്കിയിട്ട് പോരേണ്ടായിരുന്നുവെന്ന തോന്നൽ ഇപ്പോൾ ബലപ്പെടുക യാണത്രെ. നേരാംവണ്ണം ആഹാരം കഴിക്കണം, ശരിക്കിരുന്ന് പഠിക്കണം. ആ ബായി ഉണ്ടാക്കിത്തരുന്നത് വായില് വച്ച് കഴിക്കാൻ പറ്റില്ലെന്ന് അറി യാതെയല്ല. നിനക്കറിയാല്ലോ, പോരണതിന്റെ തലേന്നുകൂടി ഞാനൊന്ന് മടിച്ചതാണ്. യാത്ര വേണ്ടെന്ന് വച്ചാലോയെന്ന് പല കുറി ആലോചിച്ചു. പിന്നെ ഇങ്ങനെയൊരു അവസരം കൈവിട്ടു കളയുന്നത് അബദ്ധമാകുമെന്ന് തോന്നി. ഒരുപാട് പ്രധാനപ്പെട്ട ആളുകൾ പങ്കെടുക്കുന്ന വലിയൊരു സെമി നാർ.

പ്രത്യേകിച്ചും, ഏറെക്കാലമായി ഇ-മെയിലിൽ സമ്പർക്കം പുലർത്തി യിരുന്ന ആ കൽക്കത്തക്കാരൻ പ്രൊഫസർ ഡോക്ടർ റോയ്ചൗധരി. പിന്നെ ഇത്തരം ചില പ്രധാന വേദികളിൽ മാത്രം കണ്ടുമുട്ടാനാവുന്ന, കുറെ പഴയ സഹപാഠികൾ, ചങ്ങാതിമാർ. അവരൊക്കെ ഇപ്പോൾ ഓരോ കമ്പനികളുടെ ഓരോ വകുപ്പുകളുടെ തലപ്പത്ത്. അല്ലെങ്കിലും, പഴയ കൂട്ടരുമായി ഓർമ്മ കൾ പുതുക്കാനാവുന്നത് ഒരു മഹാഭാഗ്യമാണ്.

അമ്മയുടെ എല്ലാ വിളികളുടെയും അവസാനം ഒരേയൊരു വാചകം തന്നെ: 'അയാം ഓക്കേ മോളേ. ടേക്ക് കെയർ! അമ്മ നിന്നെ ഒരുപാട് മിസ്സ് ചെയ്യുന്നല്ലോ.'

അപ്പോൾ മകളും അമ്മയോട് അതേ വാചകങ്ങൾ തന്നെ തിരിച്ചു പറ യുന്നു: 'ടേക്ക് കെയർ, അമ്മാ, ഐ മിസ്സ് യൂ സോമച്ച്!'

സ്വയം ശ്രദ്ധിക്കൂ എന്ന് അങ്ങോട്ടുമിങ്ങോട്ടും പറയുന്ന അമ്മയും മകളും. ഒരുപാട് മിസ്സ് ചെയ്യുന്നല്ലോയെന്ന് ആവർത്തിക്കുന്ന മകളും അമ്മയും. തനി ച്ചാകുന്നവർക്ക് പിടിച്ചുനിൽക്കാൻ ചില നേർത്ത പുൽനാമ്പുകൾ.

ഒരു രാത്രിയിൽ നന്നെ വൈകി വന്ന വിളിയിൽ മാത്രം അമ്മയുടെ ശബ്ദം വല്ലാതെ പതറിയിരുന്നുവെന്ന് നീതു ഓർത്തു.

ഒരു നീണ്ട തേങ്ങലിന്റെ അരുതായ്കയിൽ കനച്ച തൊണ്ട. ഒച്ചയിൽ ചെറിയൊരു പരിചയക്കേടും അകലവും. 'എന്താമ്മേ, എന്തുപറ്റി' എന്നൊക്കെ താൻ വലിയ പരിഭ്രമത്തോടെ വീണ്ടും വീണ്ടും ചോദിച്ചത് ഓർമ്മയുണ്ട്. 'ഒന്നൂല്യാ മോളേ, ലേശം ജലദോഷം' എന്നൊക്കെ ആവർത്തിച്ച് പറയു മ്പോഴും അമ്മയുടെ ചിലമ്പിയ സ്വരത്തിൽ തിരെ ഉറപ്പില്ലായിരുന്നു. അവർ വല്ലാതെ പകച്ചുപോയതുപോലെ തോന്നി.

ഡ്രോയിങ്റൂമിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു നീതു. ഞായറാഴ്ച വൈകീട്ട് ഹോസ്റ്റലിലേക്ക് മടങ്ങുമ്പോൾ ആലീസു പറഞ്ഞത് ഓർമ്മവന്നു. 'നേരുപറയാല്ലോ, നീതൂ, നിങ്ങള് അമ്മേം മോളും തമ്മിലുള്ള അടുപ്പം കാണുമ്പോൾ വല്ലാത്ത അസൂയ തോന്നാറുണ്ട്. നല്ല കൂട്ടുകാരി കളെപ്പോലെ എല്ലാം അങ്ങോട്ടുമിങ്ങോട്ടും തുറന്നുപറയാൻ കഴിയാന്ന്

വെച്ചാല് അതന്നെ വലിയൊരു ഭാഗ്യമല്ലേ. സ്നേഹമുള്ള ഒരമ്മയെക്കാൾ നല്ലൊരു പെൺകൂട്ട് എവിടന്ന് കിട്ടാനാണ് ഒരു പെൺകുട്ടിക്ക്?'

പൊടുന്നനേയുള്ള ഈ മാറ്റം തീരെ മനസ്സിലാകുന്നില്ല നീതുവിന്. തനിച്ചിരുന്ന് എന്റെ അമ്മ സങ്കടപ്പെടുന്നത് എന്തിനാണെന്ന് ഒരു രൂപവും കിട്ടുന്നില്ലല്ലോ. അങ്ങനെ എളുപ്പത്തിൽ കുലുങ്ങുന്ന ആളല്ല പ്രിയംവദാമ്മ. ഏറെ ദുർഘടംപിടിച്ച കാര്യങ്ങൾകൂടി എങ്ങനെ ഒതുക്കണമെന്ന് നന്നായറിയാം അവർക്ക്.

തന്നോട് എന്തെങ്കിലും പറയാനുണ്ടായിരുന്നെങ്കിൽ തീർച്ചയായും പറയാതിരിക്കില്ലല്ലോ എന്നവൾ ഓർത്തു. അല്ലെങ്കിലും കാര്യമായ രഹസ്യങ്ങളൊന്നുമില്ലല്ലോ തനിക്കും പ്രിയംവദാമ്മയ്ക്കുമിടയിൽ. അത് തിരിച്ചറിവിന്റെ ആദ്യഘട്ടങ്ങളിൽതന്നെ തമ്മിലുണ്ടാക്കിയ വലിയൊരു കരാർ. അത്ര വലിയ രഹസ്യങ്ങൾ സൂക്ഷിക്കാനുള്ള ഇടമില്ലല്ലോ ഈ രണ്ട് മെലിഞ്ഞ ശരീരങ്ങൾക്കുള്ളിൽ. ഒളിച്ചുവയ്ക്കാനുള്ള രഹസ്യഅറകളും കണ്ടേക്കില്ല. അതുകൊണ്ട്, അമ്മയെപ്പറ്റി എല്ലാമറിയാനുള്ള അവകാശം മകൾക്കുണ്ട്, അതുപോലെ തിരിച്ചും.

പേരുകേട്ട കമ്പനിയുടെ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേർസിലെ ഹ്യൂമൻ റിസോഴ്സസ് വകുപ്പിന്റെ തലപ്പത്തിരിക്കുന്ന പ്രിയംവദാമേനോൻ. ആ ഗ്രൂപ്പിൽ പെട്ട, രാജ്യത്തിന്റെ പല ഭാഗത്തുമുള്ള കമ്പനികളിലെ ഏതാണ്ട് ആറായിരത്തോളം വരുന്ന ജീവനക്കാരുടെ മനുഷ്യശക്തിയെ ആവുന്നത്ര പ്രയോജനപ്പെടുത്തുകയെന്നതാണ് പ്രധാന ചുമതല. മാസ്റ്റേഴ്സിന് പഠിക്കുമ്പോൾ പ്രിയംവദയുടെ പ്രിയപ്പെട്ട വിഷയവും എച്ച്.ആർ. തന്നെയായിരുന്നു.

പക്ഷേ, മകൾ വളർന്ന് വലുതായപ്പോൾ അവളുടെ കുറെ മുനവച്ച ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടിവന്നു അവർക്ക്. ഇത്തരം ചട്ടവട്ടങ്ങളനുസരിച്ചുള്ള പരിശോധനകളിൽ ഒതുക്കാവുന്നതാണോ സങ്കീർണ്ണമായ മനുഷ്യബന്ധങ്ങൾ? നിങ്ങളുടെയൊക്കെ വരുതിയിൽ നിൽക്കുന്നതാണോ മനുഷ്യശക്തിയുടെ ഊർജ്ജവും, ചൈതന്യവും?

എം.ബി.എ.യ്ക്ക് പഠിക്കുന്ന മകളുടെ ചോദ്യങ്ങൾക്ക് പെട്ടെന്നു മറുപടി പറയാനായില്ല അമ്മയ്ക്ക്.

'ശരിയാണ് മോളേ,' ഒടുവിൽ അവർ സമ്മതിച്ചുകൊടുത്തു: 'ഒരുപാടറിയാമെന്ന് ഭാവിക്കുകയല്ല. ഒരർത്ഥത്തിൽ അവിടേയും ഇവിടേയുമായി ചില തൊട്ടുതലോടലുകൾ മാത്രം. പാഠപുസ്തകങ്ങളുടെയും, ചർച്ചാമുറികളിലെ ജീവനില്ലാത്ത പ്രബന്ധങ്ങളുടെയും ചട്ടക്കൂടുകളിലേക്ക് ഒതുക്കാതെ മനുഷ്യശക്തിയെ തിരിച്ചറിയാനും ആവുന്നത്ര പ്രയോജനപ്പെടുത്താനുമുള്ള ചെറിയൊരു ശ്രമം മാത്രം.'

'പഞ്ചസാരമില്ലുകൾ തൊട്ട് വളം ഫാക്റ്ററികൾവരെ പരന്നുകിടക്കുന്ന സാമ്രാജ്യത്തിലെ ഓരോ തൊഴിലാളിക്കും കാണും അയാളുടേതായൊരു കൊച്ചുലോകം. നിങ്ങളുടെ പരീക്ഷണശാലയിലെ ഗിനിപ്പന്നികളാകാൻ അവരെ കിട്ടിയേക്കില്ല.'

'തർക്കം വേണ്ട, നീതൂ. അല്ലെങ്കിലും, എച്ച്.ആറിനെ വെറും അക്കാദമിക്തലത്തിൽ സമീപിക്കാൻ എന്നെക്കൊണ്ടാവില്ല. മനുഷ്യനെക്കുറിച്ചുള്ള ഏത് അന്വേഷണവും മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ആലോചനകൾകൂടിയാകുമ്പോൾ അവ എളുപ്പത്തിൽ ഉത്തരം കിട്ടാത്ത കുറെ സമസ്യകളി

ലേക്കും, ഒരിക്കലും പുറത്തു കടക്കാനാവാത്ത പത്മവ്യൂഹങ്ങളിലേക്കുമാണല്ലോ നമ്മെ എത്തിക്കുക. ആകെക്കൂടി ഞങ്ങളുടെ മുമ്പിലുള്ളത് മുമ്പേ പോയവർ നാട്ടിവച്ച ചില ചൂണ്ടുപലകകൾ മാത്രം. അവ തന്നെ കണിശമായ അടയാളങ്ങളാകണമെന്നില്ല.'

അല്പം കഴിഞ്ഞ് പ്രിയംവദ തുടർന്നു:

'പിന്നൊരു കാര്യമുണ്ട്. ഏത് കമ്പനിക്കും ഒരൊറ്റ ലക്ഷ്യമേ കാണൂ, കൂടുതൽ ഉത്പാദനം. കൂടുതൽ ലാഭം. അതിനുവേണ്ടി ജീവനക്കാരെ ഒരുക്കിയെടുക്കേണ്ടത് ഞങ്ങളുടെ ചുമതല. ബന്ധപ്പെട്ട പ്രശ്നങ്ങൾ കഴിയുന്നതും മുകളിലേക്ക് കൊണ്ടുപോകാതെ കൈകാര്യം ചെയ്യുകയും വേണം. ജീവനക്കാർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളുടെ കാര്യത്തിൽ ഒരുപാട് കടുംപിടുത്തങ്ങളുണ്ട് മാനേജ്മെന്റിന്. എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും വലിയ സംശയമാണ് മാനേജ്മെന്റിനും, യൂണിയനുകൾക്കും. ഉള്ളതിനെക്കാൾ കൂടുതൽ ചതിക്കുഴികളും, കെണികളും എവിടെയോ മറഞ്ഞുകിടപ്പുണ്ടെന്ന് വിശ്വസിക്കാനാണ് രണ്ടുപേർക്കും താത്പര്യം.

'എത്ര സ്നേഹിച്ചാലും, എത്രകണ്ട് ആർദ്രതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നോക്കിയാലും ഞങ്ങളുടെ വകുപ്പിനെ മാനേജ്മെന്റിന്റെ ചട്ടുകങ്ങളായി മാത്രമേ തൊഴിലാളികൾക്ക് കാണാനാകൂ. നൂറായിരം പ്രശ്നങ്ങൾക്ക് നടുവിൽ കിടന്ന് നട്ടംതിരിയുമ്പോഴും, മുതലാളിക്ക് വേണ്ടത് കൂടുതൽ ലാഭം മാത്രം. തൊഴിലാളിക്ക് കൂടുതൽ ആനുകൂല്യങ്ങളും. തങ്ങളുടെ വ്യവസായത്തിന് അതിനുള്ള കെല്പുണ്ടോയെന്ന് ആരും തിരക്കാറില്ല. അതൊക്കെ നോക്കിനടത്തേണ്ടത് രണ്ടുവശത്തുനിന്നും തട്ടും മേടിച്ച് ചെണ്ട പോലെ നടുവിൽ കിടന്നുരുളുന്ന ഉദ്യോഗസ്ഥന്മാരുടെ ചുമതല.'

അമ്മ എന്തൊക്കെയോ ഓർത്ത് നെടുവീർപ്പിടുന്നത് കണ്ടപ്പോൾ മകൾ പെട്ടെന്ന് നിറുത്തി. ഇപ്പോൾ അവരുടെ ഉള്ളിലൂടെ കടന്നുപോകുന്നത് എന്തൊക്കെയായിരിക്കുമെന്ന് അവൾക്ക് ഊഹിക്കാവുന്നതേയുള്ളൂ.

രാത്രിയിൽ ഏറെനേരം അമ്മയുടെ മുറിയിൽ വെളിച്ചം കണ്ടു. ചാരിവച്ച കതകിനിടയിൽക്കൂടി എത്തിനോക്കിയപ്പോൾ അമ്മ കമ്പ്യൂട്ടറിനു മുമ്പിൽ ധ്യാനത്തിലിരിക്കുകയായിരുന്നു.

വല്ലാതെ അസ്വസ്ഥയാകുമ്പോഴൊക്കെ ഏറെനേരം കമ്പ്യൂട്ടറിനു മുമ്പിൽ കുത്തിയിരിക്കുന്നതുകാണാം. ഒന്നുകിൽ നെറ്റിൽ എന്തെങ്കിലും തിരയുകയാവാം. അല്ലെങ്കിൽ ആർക്കൊക്കെയോ അയയ്ക്കാനുള്ള മെയിലുകൾ. അതേക്കുറിച്ചൊന്നും ചോദിക്കാറില്ലൊരിക്കലും. അമ്മയെപ്പോലുള്ള ഒരു പ്രൊഫഷണലിന് മെയിലുകൾ കൈമാറാൻ ധാരാളം ചങ്ങാതികൾ കണ്ടേക്കും. അല്ലെങ്കിലും ഉള്ളുകലങ്ങുമ്പോഴൊക്കെ തനിക്ക് ഫോണുകളെ വലിയ പേടിയാണെന്ന് അമ്മതന്നെ പറയാറുണ്ട്. ഫോണിലൂടെ സംസാരിച്ചു തുടങ്ങുമ്പോൾ ഒന്നും ഒളിച്ചുവെക്കാനാവില്ല. തള്ളിക്കയറിവരുന്നത് മിക്കപ്പോഴും വേണ്ടാത്ത വാക്കുകൾതന്നെയാവും. പറഞ്ഞു കൈവിട്ടശേഷം ഒരിക്കലും തിരിച്ചെടുക്കാനാവാത്ത വാക്കുകൾ.

ഇ-മെയിലുകളുടെ ഏറ്റവും വലിയ സൗകര്യം ആദ്യം ഒരാവേശത്തിൽ കുറിച്ചിടുന്ന വാക്കുകളെ പിന്നീട് തിരുത്താമെന്നതുതന്നെ. അവിടവിടെയായി എത്രയോ മായ്ക്കലും വെട്ടിത്തിരുത്തലും. ഒടുവിൽ ഏതാണ്ട് തൃപ്തിയാ

കുമ്പോൾ ചെറിയൊരു തട്ടലോടെ ആകാശത്തേക്ക് പറത്തിവിടാവുന്ന സന്ദേശങ്ങൾ.

'അല്ലെങ്കിലും നമ്മുടെയൊക്കെ ജീവിതത്തിലെ ധർമ്മസങ്കടങ്ങളുടെ പുറകിൽ, ഓർക്കാതെ പറഞ്ഞുപോയ, ഒരിക്കലും പറയാൻ പാടില്ലാതിരുന്ന, കുറെ വാക്കുകളുടെ പഴന്തുണിക്കെട്ടുണ്ടാവില്ലേ മോളേ.'

അമ്മ അങ്ങനെയൊക്കെ പറഞ്ഞുപോകുന്നത് പന്തികേടാണെന്ന് നീതുവിന് നന്നായറിയാം.

ഇനിയവരുടെ മനസ്സ് മേഞ്ഞുകയറുക ഏതൊക്കെ മേഖലകളിലേക്കായിരിക്കുമെന്ന് നല്ല രൂപമുണ്ട് നീതുവിന്. അതുകൊണ്ടുതന്നെ അവൾ തന്റെ അവസാനത്തെ ആയുധമെടുക്കുന്നു. അടുത്തുചെന്ന് കസേരയുടെ പുറകിൽ നിന്ന് അമ്മയെ കെട്ടിപ്പിടിക്കുന്നു. മുടി പകുത്തുമാറ്റി അമ്മയുടെ പിൻകഴുത്തിൽ ചുണ്ടുകൾ അമർത്തുന്നു.

താൻ എപ്പോഴും തോറ്റുപോകുന്നത് ഇതിൽതന്നെയാണെന്ന് നന്നായറിയാം പ്രിയംവദയ്ക്ക്. പിൻകഴുത്തിൽ മോളുടെ ചൂടുള്ള ഉച്ഛ്വാസം. നനുത്ത ചുണ്ടുകളുടെ നനവുള്ള സ്പർശം. ആദ്യമായി തന്റെ മുലക്കണ്ണുകളെ സ്പർശിച്ച ഇളംചുണ്ടുകളുടെ ഓർമ്മ.

മയക്കത്തിൽ എന്തോ ശബ്ദംകേട്ട് നീതു ഞെട്ടിയുണർന്നു. പുറത്ത് രാത്രിയുടെ അനക്കങ്ങൾ. അവൾ കിടക്കയിൽ ചരിഞ്ഞുകിടന്ന് നോക്കി. എതിരെയുള്ള, അമ്മയുടെ മുറിയിൽ അപ്പോഴും വെളിച്ചമുണ്ട്.

തെല്ലൊരു പരിഭ്രമത്തോടെ ചാരിവച്ച വാതിൽ പതിയെ തുറന്ന് അവൾ അകത്തേക്ക് കടന്നു.

മേശപ്പുറത്ത് മുഖം വച്ച് മയങ്ങുകയാണ് അമ്മ. കമ്പ്യൂട്ടർ ഓണാണെങ്കിലും മോണിറ്ററിലെ വെളിച്ചം കെട്ടുപോയിരിക്കുന്നു.

അവൾ പതിയെ അമ്മയുടെ തോളത്ത് കൈവച്ചു.

ഞെട്ടിത്തെറിച്ചതുപോലെ തിരിയുമ്പോൾ അമ്മയുടെ മുഖം നനഞ്ഞ് കുതിർന്നിരിക്കുന്നത് മകൾ കണ്ടു. കൈ തട്ടിയപ്പോൾ തെളിഞ്ഞുവന്ന കമ്പ്യൂട്ടർ മോണിറ്ററിൽ പാതിയാക്കിയ ഏതോ ഇ-മെയിൽ സന്ദേശത്തിന്റെ അവശിഷ്ടങ്ങൾ കാണായി. മനപ്പൂർവ്വം അതിലൂടെ കണ്ണോടിക്കാതെ കമ്പ്യൂട്ടർ ഓഫ് ചെയ്യുമ്പോൾ എത്ര നല്ല കൂട്ടുകാരാണെങ്കിലും ഒരമ്മയുടെ സ്വകാര്യലോകത്തേക്ക് കടന്നുചെല്ലാനുള്ള അവകാശം മകൾക്കില്ലല്ലോ എന്ന് നീതു ഓർത്തു. വല്ലാതെ ഇളകിമറിഞ്ഞ ഈ രാത്രിയിൽ അവരയച്ചുവിട്ട സന്ദേശങ്ങൾ ആർക്കെങ്കിലുമൊക്കെ ആയിക്കൊള്ളട്ടെ. അക്കൂട്ടത്തിൽ ആർക്കെങ്കിലും എന്റെ അമ്മയ്ക്ക് അല്പം മനസ്സമാധാനം കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു. എന്തായാലും മനുഷ്യബന്ധങ്ങളെപ്പറ്റി മനസ്സിലാക്കാൻ തന്റെ ആയുസ്സിന്റെ നല്ലൊരു ഭാഗം മുഴുവനും ചെലവഴിച്ച പ്രിയംവദാമേനോനെ ഉപദേശിക്കാൻ താനാര്?

കമ്പ്യൂട്ടറിന്റെ വെളിച്ചം തന്റെ മുഖത്തുനിന്ന് മാഞ്ഞുപോയപ്പോൾ പ്രിയംവദ വെറുതെ തല കുടഞ്ഞു. മകൾ പിടിച്ചെഴുന്നേല്പിച്ചപ്പോൾ അവർ അനുസരണയോടെ നിന്നുകൊടുത്തു. മകൾ അവരെ നടത്തിക്കൊണ്ടുപോയത് തന്റെ മുറിയിലേക്കായിരുന്നു. തന്റെ കട്ടിലിലേക്കായിരുന്നു. നാളുകൾക്കു ശേഷം വീണ്ടും മകൾ അമ്മയോട് പറ്റിച്ചേർന്നുകിടന്നു. തന്റെ മാറിന്റെ നനവിൽ അവൾ കിടന്നപ്പോൾ ഉള്ളിലെന്തോ ചുരന്നുവരുന്നത് അമ്മയറിഞ്ഞു.

ഒന്നും പറയാനാകാതെ അവർ മകളുടെ നെറുകയിൽ വെറുതെ തലോടിക്കൊണ്ടിരുന്നു.

മകളാകട്ടെ, ഒന്നുമറിയാതെ, നന്നെ പരിചിതമായൊരു പഴയ ഗർഭപാത്രത്തിന്റെ സുരക്ഷിതത്വത്തിൽ അല്ലലില്ലാതെ മയങ്ങുകയായി.

നേരം പുലരുമ്പോൾ അവർ പതിവുപോലെ അവരവരുടെ കിടക്കകളിലായിരുന്നു. വെളുപ്പിന് എപ്പോഴോ അമ്മയെണീറ്റ് തന്റെ മുറിയിലേക്ക് പോയത് മകളറിഞ്ഞില്ല. ഒരുപക്ഷേ, അമ്മയും.

ചായക്കപ്പുമായി പത്രങ്ങൾക്കു മുമ്പിലിരിക്കുമ്പോൾ അമ്മയുടെ മുഖത്തെ ഉറക്കച്ചടവ് മകൾ ശ്രദ്ധിച്ചു. പക്ഷേ, തനിക്കൊന്നും പറ്റിയിട്ടില്ലെന്ന് ബോദ്ധ്യപ്പെടുത്താൻ പണിപ്പെടുകയായിരുന്നു അമ്മ.

'ഞാൻ വീണ്ടും ആ പഴയ സ്വപ്നാടനം തുടങ്ങിയതുപോലെ മോളേ,' പ്രിയംവദ പറഞ്ഞു.

'എന്തേ?' നീതു ചോദിച്ചു.

'ഉറങ്ങാൻ കിടന്നത് എന്റെ മുറിയിൽ. പിന്നീടെപ്പോഴോ ഇരുട്ടത്ത് കണ്ണു തുറക്കുമ്പോൾ ഞാൻ നിന്റെ കിടക്കയിലായിരുന്നു. ഒടുവിൽ നേരം വെളിച്ചമായപ്പോൾ വീണ്ടും എന്റെ പഴയ സ്ഥാനത്തുതന്നെ.'

മകൾ വെറുതെ ചിരിക്കാൻ ശ്രമിച്ചു. വെറും അഞ്ച് ദിവസംകൊണ്ട് നമ്മുടെ പ്രിയംവദാമ്മ അഭിനയിക്കാൻ പഠിച്ചിരിക്കുന്നു. അവൾ തെല്ലൊരു അത്ഭുതത്തോടെ ഓർത്തു. കൈകാര്യം ചെയ്ത മേഖലകളിലെല്ലാം മികവ് കാട്ടിയിട്ടുണ്ടെങ്കിലും അഭിനയം അവർക്ക് ഒട്ടും വഴങ്ങില്ലെന്ന് നല്ല ബോദ്ധ്യമായിരുന്നു നീതുവിന്. കാരണം, അവരുടെ ഐശ്വര്യമുള്ള മുഖത്തിന് അധികമൊന്നും ഒളിപ്പിച്ചുവയ്ക്കാനാവില്ലല്ലോ.

അമ്മയ്ക്ക് അഭിനയിക്കാൻ തീരെ അറിയില്ലല്ലോ എന്നു പറയാനാഞ്ഞെങ്കിലും, അതു പുറമെ കാട്ടാതെ അവൾ വെറുതെ തലയാട്ടി.

കുളിച്ചൊരുങ്ങി വന്നപ്പോഴേക്കും അമ്മ പഴയതുപോലെ ആയതായി തോന്നി. അതേ വിലകുറഞ്ഞ കോട്ടൺ സാരി. അലക്ഷ്യമായി അഴിച്ചിട്ടിരിക്കുന്ന മുടി. നെറ്റിയിലെ വലിയ പൊട്ട്. വെളുത്തുതുടുത്ത മുഖത്ത് നിറഞ്ഞ പ്രകാശം.

'അമ്മാ യു ലുക്ക് സോ എലഗന്റ് ടുഡെ,' നീതു അമ്മയെ കെട്ടിപ്പിടിച്ച് കവിളത്ത് ഉമ്മ വച്ചു.

അല്ലെങ്കിലും കോളേജിലെ കൂട്ടുകാരികൾ എപ്പോഴും കളിയാക്കി പറയാറുള്ളത് അവൾ ഓർത്തു:

'നിന്റമ്മയുടെ പാതി ഗ്രേസ്പോലും നിനക്ക് കിട്ടിയിട്ടില്ലല്ലോ മോളേ.'

അവളത് വലിയ അഭിമാനമായിത്തന്നെ കണ്ടിരുന്നു എക്കാലത്തും. ആലീസ് മാത്രമല്ല, ചില വാരാന്ത്യങ്ങളിൽ തന്റെ വീട്ടിൽവന്നു താവളമടിക്കാറുണ്ടായിരുന്ന മറ്റ് കൂട്ടുകാരികളും വലിയ ആരാധനയോടെയാണ് അമ്മയുടെ മുമ്പിൽ നിൽക്കാറ്. അവരുടെ വെളിച്ചം പരത്തുന്ന മുഖത്തേക്ക് വിസ്മയത്തോടെ നോക്കിക്കൊണ്ട്, അവിടുന്ന് ഉതിർന്നുവീഴുന്ന ഓരോ വാക്കും വലിയ ആർത്തിയോടെ വിഴുങ്ങാൻ കാത്തുനിൽക്കുന്ന കുറെ ചെറുപ്പക്കാരികൾ.

വാരാന്ത്യങ്ങളിലെ അത്തരം ഒത്തുചേരലുകളെ ഏറ്റവും കൊഴുപ്പിച്ചിരുന്നതും അമ്മതന്നെയായിരുന്നു. പാട്ടും, കഥപറച്ചിലും, കവിതചൊല്ലലു

മൊക്കെയായി രണ്ട് ദിവസങ്ങൾ കടന്നുപോകുന്നത് അറിയാറേയില്ല. അമ്മ ഈ വീടൊരു വഴിയമ്പലമാക്കി മാറ്റുമല്ലോ എന്ന് പരാതി പറയാറ് എപ്പോഴും നിതുതന്നെയായിരുന്നു.

അമ്മയുടെ ഏറ്റവും വലിയ ആരാധിക കഴിഞ്ഞ വർഷംവരെ ഒപ്പമുണ്ടായിരുന്ന ഒറ്റപ്പാലത്തുകാരി മിരയായിരുന്നു. നഗരത്തിന്റെ ഓളങ്ങളിൽ ഒരു പൊങ്ങുതടിപോലെ ഒഴുകി നടക്കാനാവാതെ പലപ്പോഴും പകച്ചുനിൽക്കാറുണ്ടായിരുന്ന ഒരു പാവം ഷാരടിക്കുട്ടി. കുട്ടിക്കാലത്തേ അമ്മ മരിച്ചു. നാട്ടിലൊരു സ്കൂളിൽ പഠിപ്പിക്കുന്ന അച്ഛൻ നന്നെ മടിച്ചാണ് മകളെ ദൂരെയുള്ള നഗരത്തിൽ എം.ബി.എ.യ്ക്ക് പഠിക്കാൻ വിട്ടത്. ഒരുപക്ഷേ, തീവണ്ടി കയറിയുള്ള അവളുടെ ആദ്യത്തെ യാത്ര. പുതിയ ലോകത്തെ ഓരോ ചുവടുവെപ്പിലും ഒരുപാട് അരുതായ്കകൾ, അത്ഭുതങ്ങൾ. ഹോസ്റ്റലിലെ, ധാരാളം പോക്കറ്റ് മണി കൈവശമുള്ള എൻ.ആർ.ഐ. കുട്ടികളുടെ പുളപ്പ് കാണുമ്പോൾ വലിയ പരിഭ്രമമായിരുന്നു മീരയ്ക്ക്. ഇടയ്ക്കൊക്കെ അവൾ ഫോണിൽ വിളിച്ച് നീതുവിനോട് പരാതികൾ പറയും: 'ഈ കുട്ട്യോളടെ പോക്കത്ര ശര്യല്ലാട്ടോ, നീതൂ. എന്തൊക്ക്യാ ഓരോരുത്തര് കാട്ടിക്കൂട്ടണതെന്ന് നിശ്ശല്യാ. റോമാനഗരത്തിൽ വന്നുപെട്ടൂന്നുവെച്ച് നടുക്കണ്ടം തിന്നല് വല്യ പ്രയാസംതന്ന്യാണേയ്. തിന്നണത് എന്തൊക്ക്യാന്ന് ഒരു രൂപോല്ല്യാണ്ടാവുമ്പൊ പ്രത്യേകിച്ചും. ഇനി താനായിട്ട് ഓരോന്ന് പഠിപ്പിച്ച് തരണം. പതുക്കെ മതി, തിരക്കില്യാ.'

എല്ലാറ്റിലും പ്രിയംവദാമ്മയെ അനുകരിക്കാൻ വലിയ താത്പര്യമായിരുന്നു മീരയ്ക്ക്. അമ്മയുടേതുപോലത്തെ ഇളം നിറങ്ങളിലുള്ള, വില കുറഞ്ഞ, കോട്ടൺ സാരികൾ, പാറിനടക്കുന്ന അഴിച്ചിട്ട മുടി. നെറ്റിയിലെ വലിയ ചുവന്ന പൊട്ട്. താനൊരു ചുരിദാർ തെരഞ്ഞെടുക്കാൻപോലും ഒരുപാട് നേരമെടുക്കുന്നത് കാണുമ്പോൾ മീര പറയും, 'പ്രിയംവദാമാഡത്തിന്റെ വയറ്റിൽ പൊട്ടേണ്ടത് ഞാനായിരുന്നല്ലോ' എന്ന്.

'നീതു വല്ല ഗൾഫ് പണക്കാരന്റെം മോളായി പിറക്കേണ്ടവൾ,' മീര കളിയാക്കും: 'അമ്മയെവിടെ, മോളെവിടെ?'

തന്റെ കൂട്ടുകാരികളിൽ അമ്മയ്ക്കും ഏറ്റവും പ്രിയം മീരയോടുതന്നെയായിരുന്നു; ആലീസിന്റെ ബഡായികൾ വളരെ ഇഷ്ടമാണെങ്കിൽകൂടി. അവസരം കിട്ടുമ്പോഴൊക്കെ തങ്ങളുടെ ഒപ്പം വന്നുനിൽക്കാൻ വലിയ താത്പര്യമായിരുന്നു മീരയ്ക്ക്. വന്നുകയറിയാൽ അധികനേരവും അമ്മയുടെ പുറകിൽനിന്ന് മാറാതെ അങ്ങനെ ചുറ്റിപ്പറ്റി നിൽക്കും. അമ്മ എവിടെയെങ്കിലും ഇരുന്നാൽ ഒപ്പം പറ്റിച്ചേർന്നിരിക്കാൻ നോക്കും.

'നീതൂന് കുശുമ്പ് തോന്നണ്ടാട്ടോ. ഞാൻ നീതൂന്റെ അമ്മേടെ മടീല് ഒന്ന് കിടന്നോട്ടെ! വലിയ സോഫയിൽ അമ്മയുടെ മടിയിൽ ഒരു കുറിഞ്ഞിപ്പൂച്ചയെപ്പോലെ ചുരുണ്ടുകൂടി അവളങ്ങനെ എത്രനേരം വേണമെങ്കിലും കിടക്കും.'

രാത്രിയിലും അമ്മയുടെ ഒപ്പം കിടക്കാനാണ് മീരയ്ക്ക് താത്പര്യമെങ്കിലും നീതു സമ്മതിക്കാറില്ല: 'അങ്ങനെയങ്ങ് പറ്റിക്കൂടാൻ നോക്കണ്ടാ നീയെന്റെ പ്രിയംവദാമ്മയോട്. ഇതെന്റെ മാത്രം അമ്മ. ലോകത്തുള്ള ഒരേയൊരു അമ്മയും, ഒരേയൊരു മകളും. അമ്മയുടെ കാര്യത്തിൽ അത്രയ്ക്ക്

പൊസ്സസ്സിവാണ് ഞാൻ. ഇത്തിരി നേരത്തേക്കാണെങ്കിൽകൂടി എന്റമ്മയെ വേറൊരാളുമായി പങ്കുവയ്ക്കാൻ തയ്യാറല്ലല്ലോ ഞാൻ.'

വാരാന്ത്യം കഴിഞ്ഞ് മീര മടങ്ങിപ്പോകുമ്പോൾ അമ്മ ലിഫ്റ്റ് വരെ കൊണ്ടുചെന്നാക്കും. ലിഫ്റ്റ് കണ്ണിൽനിന്ന് മറയുന്നതുവരെ അങ്ങനെ നോക്കി നിൽക്കും. പാവം, അമ്മയില്ലാത്ത കുട്ടി! അമ്മയ്ക്ക് സങ്കടം വരും: 'എന്തൊക്കെയായാലും പെൺകുട്ടികള് വളരേണ്ടത് അവരുടെ അമ്മയുടെ മടിയിൽ കിടന്നുതന്നെ. അവൾക്ക് വേണ്ടതൊക്കെ അറിഞ്ഞ് കൊടുക്കാൻ ഒരച്ഛനെക്കൊണ്ടാവില്ലല്ലോരിക്കലും.'

ഒടുവിലൊരു ദിവസം പെട്ടെന്ന് പഠിത്തം നിറുത്തി മീര നാട്ടിലേക്ക് മടങ്ങിയപ്പോൾ അമ്മയ്ക്ക് വലിയ വിഷമമായി.

'ഒക്കെ ആ ഷാരടിമാഷിന്റെ പിടിവാശിതന്നെ. അബദ്ധമാണ് അങ്ങോര് കാണിക്കണത്. ഇത്രേം ബുദ്ധീള്ള കുട്ടികളെ ആവുന്നത്ര പഠിപ്പിക്ക്യാണ് വേണ്ടത്. ആ ഷാരടീടെ ഫോൺ നമ്പറ് അറിയായിരുന്നെങ്കില് ഞാൻതന്നെ വിളിച്ചുപറയ്വായിരുന്നു. എന്റെ മീരേടെ ഭാവി നശിപ്പിക്കല്ലേന്ന്.'

മാഷ്ടെ വീട്ടിൽ ഫോൺ കണ്ടേക്കില്ലെന്ന് പറഞ്ഞൊഴിഞ്ഞു നീതു. എന്തോ കുഴപ്പമുണ്ടെന്ന് അവൾ ഊഹിച്ചിരുന്നു. അച്ഛൻ തന്നെ വന്ന് ഹോസ്റ്റലിൽനിന്ന് വിളിച്ചിറക്കി കൊണ്ടുപോകുകയായിരുന്നത്രെ. പിന്നീടൊരിക്കൽ നാട്ടിൽനിന്ന് മീരയുടെ ഫോൺ വന്നപ്പോൾ പെട്ടെന്ന് പഠിത്തം നിറുത്തിയതിന്റെ കാരണം നീതു തിരക്കിയില്ല. അവളൊട്ടു പറഞ്ഞതുമില്ല. അച്ഛൻ തിടുക്കത്തിൽ കല്യാണം നോക്കുകയാണെന്ന് മാത്രം സൂചിപ്പിച്ചു.

അമ്മയുടെ വേഷത്തിന്റെ കാര്യത്തിൽ ഏറ്റവും താത്പര്യം മീരയ്ക്കായിരുന്നെന്ന് നീതു ഓർത്തു. സെറ്റുമുണ്ടുടുത്ത് കാണണമെന്ന് ഒരിക്കൽ അവൾ വാശിപിടിച്ചപ്പോൾ, പച്ചക്കരയൻ സെറ്റുമുണ്ടുടുത്ത് അമ്മ അങ്ങനെ സ്റ്റൈലില് നിന്നുകൊടുക്കുന്നതു കണ്ടു.

'പ്രാന്ത് തന്നെ രണ്ടു പേർക്കും.' അത് കണ്ടപ്പോൾ നീതുവിന് പറയാതിരിക്കാൻ കഴിഞ്ഞില്ല.

'കഴുത്തില് ഒരു പച്ചക്കല്ല് വെച്ച പാലയ്ക്കയുംകൂടി ഉണ്ടായിരുന്നെങ്കിൽ നല്ല രസാകുമായിരുന്നു കാണാൻ. എന്നിട്ടു വേണം എനിക്ക് നിതൂന്റെ അമ്മേടെ ഒരു ഫോട്ടോയെടുത്തു വയ്ക്കാൻ.'

'എന്നിട്ടത് വലുതാക്കി വീട്ടിലെ നിന്റെ പൂജാമുറിയില് സ്ഥാപിക്കാം. ദിവസവും രണ്ടുനേരം വിളക്കും കത്തിച്ച് വയ്ക്കാം.' നീതു കളിയാക്കി.

അങ്ങനെയൊന്നും പറയരുതെന്ന് അമ്മ കണ്ണുകൊണ്ട് അടയാളം കാട്ടിയപ്പോൾ അവൾ പെട്ടെന്ന് നിറുത്തി.

ഒരിക്കൽ ഒരു ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽവച്ച് കാണുമ്പോൾ അമ്മ പതിവില്ലാതെ ചുരിദാറിലായിരുന്നു. വലിയ അത്ഭുതത്തോടെ മീര ഓടിവന്നു. ഒരു വല്ലായ്മയോടെ നീതുവിന്റെ കാതിൽ പറഞ്ഞു:

'നീതൂന്റെ അമ്മയ്ക്ക് ചുരിദാറ് ഒട്ടും ചേരില്ലാട്ടോ. ഇനി വേണ്ടാന്ന് പറയൂ നീതൂ.'

'ചെറുപ്പമാവാൻ നോക്കുകയല്ലേ ഓരോരുത്തര്! നീ തന്നെ പറഞ്ഞോളൂ അങ്ങോട്ട്.'

നന്നെ മടിച്ചു മടിച്ചാണ് മീര പറഞ്ഞത്:

'വേണ്ടായിരുന്നൂട്ടോ. ഒരു രസോല്ല്യ ഇപ്പൊ നീതൂന്റമ്മെ കാണാൻ. ആകെക്കൂടി ഒരു പഞ്ചാബിലുക്ക്.'

'അതിന് തന്റെ കൂട്ടുകാരിതന്നെയല്ലേ എന്നെ ഈ വിഡ്ഢിവേഷം കെട്ടിച്ചത്. അവളോടുതന്നെ പറയൂ.'

'അമ്മയെ വിഡ്ഢിവേഷം കെട്ടിക്കാൻ നോക്കണത്, നീതൂന്റെ കുശുമ്പന്ന്യാവും, അല്ലേ നീതൂ,' മീര കാതിൽ പറഞ്ഞു: 'എത്ര്യായാലും തന്റമ്മേടെ ഗ്രേസ് ആർക്കുണ്ടാവില്യാ.'

അമ്മയെ നേരിൽ കണ്ടിട്ടുള്ള മറ്റു കൂട്ടുകാരികൾക്കും ഇതേ അഭിപ്രായം തന്നെയാണെന്ന് ഒരിക്കൽ പറഞ്ഞപ്പോൾ പ്രിയംവദ പൊട്ടിച്ചിരിച്ചുകൊണ്ട് അവളുടെ പുറത്തു തട്ടി.

'ഡോണ്ട് ബി ജലസ് മോളെ! അതൊക്കെ അവര് നിന്നെ ഇളക്കാൻ വേണ്ടി പറയണതല്ലേ? ആരു പറഞ്ഞു നീ സുന്ദരിയല്ലെന്ന്.'

അമ്മ അങ്ങനെയൊക്കെ പറഞ്ഞെങ്കിലും താനൊരിക്കലും അവരുടെ നിഴലാകാൻ നോക്കില്ലെന്ന് നീതു പണ്ടേ ഉറപ്പിച്ചുവച്ചിരുന്നു. പ്രിയംവദാമ്മയ്ക്ക് അവരുടേതായ ലോകം, നീതുവിന് നീതുവിന്റേതും.

അന്നേരം അമ്മ ഓർത്തുകൊണ്ടിരുന്നത് മറ്റൊന്നായിരുന്നു. തനിക്കു കിട്ടിയത് അച്ഛന്റെ നിറവും ഛായയുമാണെന്ന് ആ പഴയ ആൽബങ്ങളിലൂടെ പല തവണ കടന്നുപോയിട്ടും അവൾക്ക് മനസ്സിലായിട്ടില്ലെന്നുണ്ടോ? അതോ അറിഞ്ഞിട്ടില്ലെന്ന് അവൾ അഭിനയിക്കുകയാണോ?

തനിക്ക് രഞ്ജിത്തിന്റെ കല്യാണാലോചന വന്നപ്പോൾ ആദ്യം എതിർത്തത് മുത്തശ്ശിയായിരുന്നു: 'ഞാൻ സമ്മതിക്കില്ല. എന്റെ സുന്ദരിക്കുട്ടിക്ക് ഇയാള് പോരാട്ടോ.' മുത്തശ്ശി ആരോടോ ഒക്കെ പരാതി പറഞ്ഞു.

അത്രയ്ക്ക് മോശല്യാട്ടോ, അപ്പോൾ അമ്മ പറഞ്ഞു. നിറം ഇത്തിരി കുറവാണെങ്കിലും കാണാൻ നല്ല പേഴ്സണാലിറ്റിയുണ്ട്. നല്ല പൊക്കോം, ഒതുങ്ങിയ ശരീരോം. നല്ല തറവാട്ടുകാര്. നല്ല ജോലി, നല്ല ചുറ്റുപാടുകള്. പിന്നെ, ജാതകോം ഉത്തമത്തില് ചേരുന്നു. പത്തില് എട്ട് പൊരുത്തം.

പത്തിൽ എട്ട് പൊരുത്തത്തോടെ ചേർന്ന ജാതകം. എൺപത് ശതമാനം മാർക്കോടെ പാസ്സായ കുട്ടിക്ക് പിഴച്ചത് നിലത്തെഴുത്തിന്റെ ആദ്യപാഠങ്ങൾ. പ്രിയംവദ നെടുവീർപ്പിട്ടു...

സ്കൂട്ടർ വാങ്ങി കൊടുത്തിട്ടുണ്ടെങ്കിലും ആവുമ്പോഴെല്ലാം ഓഫീസിലേക്ക് പോകുന്ന വഴി മകളെ കോളേജിൽ വിടാനാണ് പ്രിയംവദയ്ക്ക് ഇഷ്ടം. പക്ഷേ, അന്ന് മാത്രം തെല്ലൊരു അലസതയോടെ അവർ പറഞ്ഞു:

'മോള് ബസ്സിൽ പൊയ്ക്കോളു. എനിക്കിത്തിരി പണിയുണ്ട്.'

'അപ്പോ ഓഫീസില്?'

'കോൺഫറൻസിന്റെ ചില റിപ്പോർട്ടുകൾ ശരിയാക്കാനുണ്ട്. ഒന്നും ചെയ്യാൻ പറ്റിയില്ല, ഇന്നലെ രാത്രിയില്.'

അപ്പോൾ അത്രയും നേരം കമ്പ്യൂട്ടറിനു മുമ്പിൽ തപസ്സിരുന്നതോ?

നിതുവിന് ഒന്നും മനസ്സിലായില്ല. ആദ്യമായിട്ട് അമ്മ തന്നിൽനിന്ന് എന്തൊക്കെയോ മറച്ചുവയ്ക്കാൻ നോക്കുന്നുണ്ടെന്ന് അവൾക്ക് തോന്നി.

രാത്രി ഊണ് കഴിഞ്ഞ് കിടക്കുന്നതിനു മുമ്പുള്ള അമ്മയുടെ ഒന്നൊന്നര മണിക്കൂർ തനിക്കു മാത്രമുള്ളതാണെന്ന് നീതു പണ്ടേ ചട്ടംകെട്ടി വച്ചിരുന്നു. വീട്ടിലെത്തിയാലും ഓഫീസ് കടലാസുകളുമായി ലാപ്ടോപ്പിനു

മുമ്പിൽ കുത്തിയിരിക്കുന്ന അമ്മ ഒരമ്മയാകുന്നതെങ്ങനെ? ഒരമ്മയ്ക്കും മകൾക്കുമിടയിൽ ഈ ലാപ്ടോപ്പെന്ന കുന്തത്തിന് എന്ത് പ്രസക്തി?

മകളുടെ ഇത്തരം കൊച്ചുകൊച്ചു ശാഠ്യങ്ങളും പിണക്കങ്ങളും വലിയ ഇഷ്ടമായിരുന്നു പ്രിയംവദയ്ക്കും. തന്റെ ഒരു മുഷിഞ്ഞ ദിവസത്തിന് ഇതിലും നല്ലൊരു അവസാനം കൊടുക്കാനാകില്ലെന്നും അവർക്കറിയാമായിരുന്നു. അമ്മയോട് ഇത്തിരിനേരം മുട്ടിയിരുന്ന് കൊഞ്ചാതെ മകൾക്കും ഉറങ്ങാനാവില്ല. പക്ഷേ, ഇപ്പോൾ അമ്മയാകെ മാറിയതുപോലെ.

അന്ന് രാത്രി തീരെ പതിവില്ലാതെ ടിവിയിലെ ഒരു ഹോളിവുഡ് സിനിമയ്ക്കു മുന്നിലിരിക്കുമ്പോൾ അമ്മ വേറെ എവിടെയോ ആണെന്ന് നീതുവിന് മനസ്സിലായി.

'പ്രിയംവദാമ്മ ടിവി കാണുന്നില്ല. ഞാൻ ഓഫ് ചെയ്തോട്ടെ.'

അമ്മ സോഫയിൽ ചാരിക്കിടക്കുകയായിരുന്നു. പാതി തുറന്ന കണ്ണുകളിലൂടെ നോട്ടം ദൂരെ എവിടെയോ.

പൊടുന്നനേ ഞെട്ടിയുണർന്നതുപോലെ നിവർന്നിട്ട് അവർ കൈകൾ മെല്ലെ പിണച്ചു പിടിച്ച് കോട്ടുവായിട്ടു.

'വേണ്ട. ഞാൻ കാണുകയാണ് നീതു.' അവർ പിറുപിറുത്തു.

ജൂലിയറോബർട്ട്സിന്റെ പടങ്ങൾ ഓരോന്നായി ഓരോ രാത്രിയിലും. അമ്മയുടെ പ്രിയപ്പെട്ട നടി. പക്ഷേ, ഇത്തിരി കഴിഞ്ഞ് എഴുന്നേറ്റു ടിവി ഓഫ് ചെയ്തിട്ട് പ്രിയംവദ ജനാലയ്ക്കരികിൽ പോയി നിൽക്കുന്നത് കണ്ടു. അഞ്ചാംനിലയിൽനിന്ന് കാണാവുന്ന ഇരുട്ടിന് ആഴക്കുറവാണെന്ന് അവർ എപ്പോഴും പറയാറുണ്ടെന്ന് നീതു ഓർത്തു. അത് ശരിക്ക് മനസ്സിലായത് മൂന്നാം നിലയിൽനിന്ന് അഞ്ചാം നിലയിലേക്ക് താമസംമാറ്റിയപ്പോഴാണ്. ഓരോ നില കഴിയുന്തോറും ആകാശം അടുത്തടുത്തു വരുന്നു. ആകാശത്തിന്റെ നരച്ച വെൺമയുടെ കുറെ ഭാഗമെങ്കിലും ഇരുട്ടിലലിഞ്ഞുപോകുന്നു.

ഒരു വലിയ വ്യത്യാസംകൂടിയുണ്ടായിരുന്നു. അഞ്ചാം നിലയിലെ ഈ ഫ്ളാറ്റ് തങ്ങളുടെ സ്വന്തമാണ്. മൂന്നാംനിലയിലേത് വാടകയ്ക്കെടുത്തതായിരുന്നു. ലോണെടുത്ത് ഈ ഫ്ളാറ്റ് വാങ്ങുമ്പോൾ അമ്മയ്ക്ക് അത് അഭിമാനത്തിന്റെ നിമിഷമായിരുന്നു. ജീവിതത്തിൽ ആദ്യമായിട്ട് ഒരു സ്വകാര്യ സ്വത്ത് സ്വന്തമാക്കിയതുപോലെ. ഒരുപക്ഷേ, നിന്റെ ജനനത്തിനു ശേഷം എന്റെ ജീവിതത്തിലുണ്ടാകുന്ന ഏറ്റവും വലിയ സംഭവം, അമ്മ പറഞ്ഞു. ഒരു മഹാവിസ്മയമായി മുകളിൽ നിലകൊള്ളുന്ന ഈ ആകാശത്തിനു ചുവട്ടിൽ സ്വന്തമായൊരു കൂരയെന്നു പറയുമ്പോൾ അത് തരുന്ന സുരക്ഷിതത്വം പറഞ്ഞറിയിക്കാനാവില്ല. നല്ല ദിവസം നോക്കി ആ ഫ്ളാറ്റിലേക്ക് താമസം മാറുന്നതിനു മുമ്പ് നാട്ടിൽനിന്ന് ആളെ കൊണ്ടുവന്ന്, വിധിപ്രകാരമുള്ള പൂജകൾ നടത്തി. ഗണപതിഹോമം, ഭഗവത്സേവ...

ആ ഫ്ളാറ്റ് രണ്ടുപേരുടെയും ഒന്നിച്ചുള്ള പേരിലായിരിക്കണമെന്ന് നിർബ്ബന്ധമായിരുന്നു പ്രിയംവദയ്ക്ക്.

'എന്റെ കാലശേഷം മതീട്ടോ എന്റെ മോൾക്ക്. അല്ലെങ്കിൽ ഇടയ്ക്കുവച്ച് നീയും ഭർത്താവുംകൂടി എന്നെ ഇവിടന്ന് ഇറക്കിവിട്ടാലോ?'

മകൾ പിണങ്ങി മുഖം വീർപ്പിച്ചപ്പോൾ അമ്മ പതിയെ പുറത്ത് തട്ടി:

'പിണങ്ങണ്ട ചങ്ങാതീ. ആരേയും വിശ്വസിച്ചുപോകരുതെന്ന് പഠിപ്പിച്ചു ഈ ചെറിയ ജീവിതം. അതിൽ മകൾക്ക് മാത്രമായി പ്രത്യേകിച്ചൊരു ഇടം കൊടുക്കാനാവില്ലല്ലോ.'

ഇരുട്ടിലേക്ക് തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുന്ന അമ്മയുടെ തോളിൽ മകൾ പതുക്കെ തൊട്ടു:

'അമ്മാ വാട്ട് ഹാപ്പെൻഡ് ടു യു? എനിക്ക് മനസ്സിലാവണില്ലല്ലോ ഈ മാറ്റം. നമുക്കിടയിൽ പെട്ടെന്ന് ഒരുപാട് അകലം വന്നതുപോലെ.'

മുഖം തിരിച്ചപ്പോൾ അമ്മയുടെ കണ്ണുകളിൽ മുമ്പൊന്നും കാണാത്ത തരത്തിലൊരു പരിചയക്കേട്.

മൂന്നു ദിവസത്തെ കോൺഫറൻസ്. ആകെ അഞ്ച് ദിവസത്തെ വേർപാട്. അതിനുള്ളിൽ ഇങ്ങനെയൊരു മാറ്റം. ഇപ്പോൾ പ്രിയംവദാമ്മയ്ക്ക് മറ്റാരുടെയോ മുഖം. തന്നോടുപോലും ഇത്തിരിനേരം ഇരുന്ന് സംസാരിക്കാൻ മടിയുള്ളതുപോലെ. സംസാരിച്ചു തുടങ്ങുമ്പോഴാകട്ടെ പെട്ടെന്ന് ഇടയ്ക്കു വച്ച് മുറിഞ്ഞു പോകുന്നു. അവരുടെ മനസ്സ് തെന്നിത്തെന്നി വേറെ എവിടെയൊ ഒക്കെ മേഞ്ഞു പോകുന്നതുപോലെ. അതുകൊണ്ടാവാം ഇടയ്ക്ക് പെട്ടെന്നുള്ള ഈ നിശ്ശബ്ദത.

അമ്മയെക്കൊണ്ട് സംസാരിപ്പിക്കാനുള്ള എളുപ്പവഴി കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധത്തിലേക്ക് അവരെ നടത്തിക്കൊണ്ടു പോകുകയാണെന്ന് നീതുവിനു തോന്നി.

മുമ്പും ഇത്തരം പല സെമിനാറുകളിലും പങ്കെടുത്തിട്ടുണ്ടെങ്കിലും ഗോവ കോൺഫറൻസിലേക്ക് അവർ അത്രയധികം തയ്യാറെടുപ്പുകൾ നടത്തിയിരുന്നു. വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികളിലെ എച്ച്.ആർ. തലവന്മാരുടെ ഒത്തുചേരൽ. സ്ഥലം ഗോവയായതുകൊണ്ട് മുമ്പെന്നത്തേക്കാൾ കൂടുതൽ മെച്ചപ്പെട്ട പങ്കാളിത്തം പ്രതീക്ഷിക്കുന്നെന്ന് സംഘാടകർ സൂചിപ്പിച്ചിരുന്നു. പ്രത്യേകിച്ചും വടക്കുനിന്ന് ആദ്യമായി പങ്കെടുക്കുന്ന ചില പേരുകേട്ട പ്രൊഫസറന്മാർ. ഇൻഡസ്ട്രിയിൽനിന്നുതന്നെ വരുന്ന ചില വകുപ്പു തലവന്മാർ. ഇത്തരമൊരു വലിയ അരങ്ങിൽ പ്രബന്ധം അവതരിപ്പിക്കുകയെന്നത് വലിയൊരു അംഗീകാരമായി കണ്ടിരുന്നു പ്രിയംവദ.

ക്ലാസ്മുറികളിലെയും വായനാമുറിയിലെയും അക്കാദമിക് ചർച്ചകളിൽ തങ്ങളുടെ ലോകം ഒതുക്കിയിട്ടിരുന്ന ചില പ്രൊഫസറന്മാർക്ക് ഇത്തരം കോൺഫറൻസുകളിൽ വലിയ താത്പര്യമാണ്. വിവിധ മേഖലകളിൽനിന്ന് വരുന്ന മാനേജർമാരുടെ യഥാർത്ഥമായ അനുഭവങ്ങൾ കേൾക്കാം. അവരുടെ പ്രായോഗികമായ പരിചയം പങ്കുവയ്ക്കാം. പുസ്തകങ്ങളിലും, ഗവേഷണ പ്രബന്ധങ്ങളിലും വരച്ചിട്ടിട്ടുള്ളതിനെക്കാൾ എത്രയോ വിചിത്രമായൊരു ലോകത്തിന്റെ കഥകളാണ് അവർക്കൊക്കെ പറയാനുണ്ടാകുക.

അതുകൊണ്ടുതന്നെ ഓരോ പ്രസന്റേഷനും ശേഷം തുറന്ന ചർച്ചകൾക്കായി കുറെയധികം സമയം മാറ്റിവച്ചിരുന്നു. പ്രായോഗിക മാനേജർമാരും പ്രൊഫസർമാരും തമ്മിലുള്ള തുറന്ന സംവാദം. ഒരു വശത്ത് വെടിപ്പായി വേഷമണിഞ്ഞ, ചുറുചുറുക്കുള്ള എക്സിക്യൂട്ടീവുകൾ. മറുവശത്ത് കട്ടിത്തുണിയുടെ കുർത്തയും ജീൻസും, നരച്ച താടിയും, ചീകിയൊതുക്കാത്ത മുടിയും, വെള്ളിക്കണ്ണടയും. പാടകെട്ടിയ കണ്ണുകൾ. മുഖത്ത് സർവ്വത്ര പുച്ഛം. ഒരു ടിപ്പിക്കൽ ബുദ്ധിജീവി ലുക്ക്.

കോൺഫറൻസിലെ ഏർപ്പാടുകളെപ്പറ്റി ഒരുപാട് നല്ല കാര്യങ്ങൾ പറയാനുണ്ടായിരുന്നു പ്രിയംവദയ്ക്ക്. എല്ലാ സൗകര്യങ്ങളേയുംപറ്റി വേണ്ടതിലേറെ ശ്രദ്ധിച്ചുകൊണ്ട് തളരാതെ ഓടിനടന്നിരുന്ന ഒരു സംഘം ചെറുപ്പ

ക്കാർ. ഒരുപക്ഷേ, തന്റെ വിസിറ്റിങ് കാർഡും ഫോൺനമ്പരും ഏറ്റവുമധികം കൈക്കലാക്കിയത് ചെറുപ്പക്കാരായിരുന്നെന്ന് അമ്മ പറഞ്ഞപ്പോൾ നീതു കണ്ണിറുക്കി കാട്ടി:

'ബിക്കോസ് ഓഫ് യുവർ ഇർറെസിസ്റ്റിബിൾ ചാം! ഇനിയിപ്പോൾ ഫോൺകാളുകളുടെ ബഹളമാകും.'

നീതു കളിയാക്കി പറഞ്ഞതാണെങ്കിലും, മടക്കയാത്രയിൽ സെൽഫോണിൽ തുരുതുരാ എസ്.എം.എസ്. സന്ദേശങ്ങൾ വന്നുകൊണ്ടിരുന്നു. അവിടെവച്ചു പരിചയപ്പെട്ട മിടുക്കന്മാരായ രണ്ടു ചെറുപ്പക്കാരുടേതായിരുന്നു അവയിൽ മിക്കതും. ഇവിടെയെത്തിയിട്ടും അതിലൊരാളുടെ മെസ്സേജുകൾ നിൽക്കാതെയായപ്പോൾ ആദ്യം തോന്നിയ കൗതുകം വലിയൊരു അമ്പരപ്പായി മാറി പ്രിയംവദയ്ക്ക്.

'ഈ പാവം നിതുവിനെ വിളിക്കാൻ മാത്രം ആരുമില്ലല്ലോ,' നീതു സങ്കടപ്പെടുന്നു: 'സുന്ദരിയായ അമ്മയുടെ മകളായിപ്പോയത് വലിയ കഷ്ടമായിപ്പോയി.'

കോളേജിൽ ചേർന്നപ്പോഴേക്കും കണ്ണട വയ്ക്കാൻ വലിയ താത്പര്യമായി നീതുവിന്. കൂട്ടുകാരികൾക്കെല്ലാം കണ്ണടയുണ്ടല്ലോ, എന്നായിരുന്നു പരാതി. പക്ഷേ, അമ്മ സമ്മതിച്ചു കൊടുത്തില്ല. വേണ്ടെന്നു പറഞ്ഞു, അമ്മ. കണ്ണട വെച്ചാൽ ഒരുപാട് പ്രായം തോന്നുമല്ലോ എന്റെ മോൾക്ക്. പ്രായം തോന്നണത് എനിക്ക് ഇഷ്ടമാണെങ്കിലോ, നീതു വാശി പിടിക്കുകയായിരുന്നു. അങ്ങനെ ഒടുവിൽ കണ്ണട വച്ചപ്പോൾ മീര കളിയാക്കി, ആ മുഖത്തിന്റെ പാതി ചന്തോം കളഞ്ഞല്ലോ, എന്റെ കുട്ടി.

അങ്ങനെ ഓരോന്ന് പറഞ്ഞു പറഞ്ഞാണ് പ്രിയംവദ റോയ്ചൗധരിയിലേക്ക് എത്തിയത്.

ഡോക്ടർ റോയ്ചൗധരി! മകൾ ശ്രദ്ധിച്ചു. മുമ്പും ഈ പേര് അമ്മയിൽ നിന്ന് പലപ്പോഴും കേട്ടിട്ടുള്ളതുപോലെ.

ഏതാണ്ട് ഒന്നൊന്നര വർഷമായി ഇ-മെയിലിലൂടെ ഉറപ്പിച്ചെടുത്ത സൗഹൃദം. കിഴക്കൻ ബംഗാളിൽനിന്ന് പണ്ടേ കുടിയേറിയ ഒരു കുടുംബം. ബനാറസ് യൂണിവേഴ്സിറ്റിയിൽനിന്ന് പിരിഞ്ഞിട്ട് ഇപ്പോൾ കൽക്കത്തയിൽ കൂടിയിരിക്കുന്നു, വായനയും എഴുത്തും പ്രഭാഷണങ്ങളുമൊക്കെയായിട്ട്. ഇടയ്ക്കൊക്കെ വിദേശയാത്രകളുണ്ട്. പല അന്താരാഷ്ട്രവേദികളിലും സ്വന്തമായൊരു കസേര കിട്ടാറുണ്ട്. ഒഴുകി നടക്കുന്ന പ്രകൃതമാണെങ്കിലും, ലോകത്തിന്റെ ഏത് മൂലയിലിരുന്നാലും കണിശമായി കാലത്തും വൈകിട്ടും ഒരു അനുഷ്ഠാനംപോലെ ഇ-മെയിൽ പെട്ടി തുറക്കാൻ ശ്രദ്ധിക്കാറുണ്ടത്രേ. കഴിഞ്ഞ അരനൂറ്റാണ്ടിൽ ഈ മഹാപ്രപഞ്ചത്തിലുണ്ടായ ഏറ്റവും വലിയ അത്ഭുതങ്ങളിലൊന്നായി ഇ-മെയിൽ സൗകര്യത്തെ അദ്ദേഹം കാണുന്നു.

'ആദ്യത്തെ മെയിലുകളുടെ മട്ടും മാതിരിയും കണ്ട് ഞാൻ കരുതിയത് മൂപ്പർക്ക് ഒരുപാട് പ്രായമായിട്ടുണ്ടെന്നാണ്...' പ്രിയംവദ പറഞ്ഞു.

പുറത്ത് ചെറുതായി മഴ വീഴാൻ തുടങ്ങിയിരുന്നു. കാലവർഷത്തിനു മുമ്പുള്ള ഉറപ്പില്ലാത്ത മഴ. ലക്ഷ്യമില്ലാത്ത കാറ്റ്. ചാറ്റൽമഴയിൽ നനഞ്ഞ് വിറകൊള്ളുന്ന ഇരുട്ടിലേക്ക് നോക്കിക്കൊണ്ട് പ്രിയംവദ വെറുതെ തല കുടഞ്ഞു.

'ഒരുപാടെന്ന് പറഞ്ഞാൽ?' മകൾ തറപ്പിച്ചു നോക്കുകയാണ്.

'ഒരു തൊണ്ണൂറ് വയസ്സിന്റെ പാകത. ഒരു ആയിരം വയസ്സിന്റെ അറിവ്.'

'ശരിക്ക് എത്രയായിക്കാണും?'

'കൃത്യമായി അറിയില്ല. എന്തായാലും, ഒരു അറുപതിൽ താഴെ.'

അതെങ്ങനെ അറിഞ്ഞുവെന്ന് നീതു തിരക്കിയില്ല. സെമിനാറുകളിൽ പങ്കെടുക്കുന്ന അതിഥികളുടെ കൃത്യമായ വിവരങ്ങൾ ബ്രോഷറിൽ കാണുമെന്ന് അവൾക്കറിയാമായിരുന്നു.

അപ്പോൾ നീതുവിന് ഓർമ്മവന്നത് ആലീസിനെയാണ്. എല്ലില്ലാത്ത നാവാണ് അവൾക്കെന്ന് മറ്റ് കൂട്ടുകാരികൾ പറയാറുണ്ട്.

ഇപ്പോഴൊന്നും ആലീസ് കടന്നുവരരുതേ എന്ന് പ്രാർത്ഥിക്കുകയായിരുന്നു നീതു. അമ്മയിൽ വന്നിരിക്കുന്ന ആ ഭാവമാറ്റം അവൾക്ക് പെട്ടെന്ന് പിടിച്ചെടുക്കാനാകും. ഉടനെ എന്തെങ്കിലും പൊട്ടത്തരം വിളമ്പുകയും ചെയ്യും.

അമ്മയുടെ തോളത്ത് കൈയിട്ട്, ചേർന്നുനിന്ന് മകളും മഴച്ചാറ്റലിൽ നനഞ്ഞ് കുതിരുന്ന ഇരുട്ട് കാണുകയായിരുന്നു. എതിരെയുള്ള ബ്ലോക്കിലെ മിക്ക ഫ്ളാറ്റുകളിലും വെളിച്ചമില്ല. മൂലയിലൊന്നിലെ സ്വീകരണമുറിയിലെ ടിവിയിൽ കാർട്ടൂൺ ചിത്രങ്ങൾ വലിയ ഒച്ചയുണ്ടാക്കിക്കൊണ്ട് മിന്നിമറയുന്നു.

പ്രബന്ധാവതരണം കേൾക്കുവാൻ റോയ്ചൗധരിയും ഉണ്ടായിരുന്നോ എന്നു ചോദിച്ചപ്പോൾ പ്രിയംവദ ഇഷ്ടപ്പെടാത്തമട്ടിൽ തല കുടഞ്ഞു.

'എന്താ സംശയം. ഇത്തരം വേദികളിൽ സാധാരണ കാണാറുള്ള ഒരാളല്ലല്ലോ അദ്ദേഹം. ഇത്രയും പാടുപെട്ട് വന്നതുതന്നെ എന്റെ പ്രസന്റേഷൻ കേൾക്കാനായിരുന്നെന്ന് ഉറപ്പാണ്. പേപ്പറിന്റെ ചുരുക്കം ഞാൻ നേരത്തേ തന്നെ അയച്ചുകൊടുത്തിരുന്നുവല്ലോ.'

എന്തോ ആലോചിച്ചുകൊണ്ട് മകൾ അമർത്തി മൂളി.

അപ്പോഴേക്കും പ്രിയംവദ സോഫയിലേക്ക് മടങ്ങിവന്നിരുന്നു. സോഫയിൽ ചാരിക്കിടന്ന് ദൂരെയെവിടെയോ നോക്കിക്കൊണ്ട് അവർ പിറുപിറുക്കുന്നത് കേട്ടു:

'വെറും ഇ-മെയിലുകളിലൂടെയുള്ള പരിചയം മാത്രം. ആകാശത്തെ ഏതോ കൃത്രിമ ഉപഗ്രഹങ്ങളിലൂടെ കൈമാറുന്ന കുറിമാനങ്ങൾ. കമ്പ്യൂട്ടറിന്റെ വിരലുകൾക്ക് എത്രയോ പരിമിതികളുണ്ടെന്ന് ഒരിക്കൽ കുറിച്ചിട്ടു അദ്ദേഹം. പറയാനുള്ള കാര്യങ്ങളുടെ നൂറിലൊന്നുപോലും പറഞ്ഞുവയ്ക്കാനാവുന്നില്ലല്ലോ ഇത്തരം മേഘസന്ദേശങ്ങളിലൂടെ. എന്റെ കാര്യത്തിൽ നേരെ മറിച്ചാണെന്ന് ഞാനും മറുപടി കൊടുത്തു. നേരിട്ട് പറയാൻ പ്രയാസമുള്ള കാര്യങ്ങൾ ഇത്തരം സന്ദേശങ്ങളിലൂടെ ഒരുപാട് വെട്ടിത്തിരുത്തലുകൾക്കും, ചെത്തിമിനുക്കലുകൾക്കും ശേഷം, ഏതാണ്ടൊരുതരം തൃപ്തിയോടെ അയയ്ക്കാമല്ലോ. അതിനുള്ള അദ്ദേഹത്തിന്റെ മറുപടി വളരെ വിചിത്രമായിരുന്നു. ഈ ജീവിതത്തിൽ ഒരളവിലേറെ വെട്ടിത്തിരുത്തലുകളും, ചെത്തിമിനുക്കലും ഒഴിവാക്കുകയാവും ഭേദമെന്ന്. ആ മറുപടിയിൽ, എന്തൊ ഒരുപാട് അർത്ഥങ്ങളുള്ളതുപോലെ.'

ഒന്ന് നിറുത്തിയിട്ട് പ്രിയംവദ തുടർന്നു:

'ഫോൺ നമ്പർ അറിയാമായിരുന്നിട്ടും വിളിച്ചില്ലൊരിക്കലും. ധൈര്യമില്ലാഞ്ഞിട്ടല്ല, മനസ്സിൽ വലിയൊരു ഗുരുസങ്കല്പമായി പീഠമിട്ട് പ്രതിഷ്ഠിച്ച

വിഗ്രഹത്തിന്, സംസാരിക്കുമ്പോൾ, അല്ലെങ്കിൽ നേരിൽക്കാണുമ്പോൾ, ലേശമെങ്കിലും ഇളക്കം വരരുതെന്ന് വലിയ നിർബന്ധമുണ്ടായിരുന്നു. അതു കൊണ്ടുതന്നെ ധാരാളം വിടവുകളിട്ട് ഉള്ളിൽതന്നെ സൂക്ഷിക്കാൻ നോക്കി. പക്ഷേ, ഒട്ടും പ്രതീക്ഷിക്കാതെ ഗോവ സെമിനാറിന് ഡോക്ടർസാബ് വരു മെന്ന് സംഘാടകർ അറിയിച്ചപ്പോൾ ആദ്യമൊന്ന് പകച്ചുപോയി.'

കേട്ടുകൊണ്ടിരിക്കാൻ തീരെ താത്പര്യം തോന്നിയില്ല നീതുവിന്. എന്നിട്ടും അവൾക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല:

'എന്നിട്ട് എന്തുതോന്നി ആദ്യം കണ്ടപ്പോൾ?'

പെട്ടെന്ന് മറുപടി പറയാനായില്ല പ്രിയംവദയ്ക്ക്. എന്തോ ആലോചിച്ച് തെല്ലൊരു കരുതലോടെ അവർ പറഞ്ഞു:

'ഈ ഉപഗ്രഹങ്ങളുടെ പരിമിതികളെപ്പറ്റി നന്നെ ബോദ്ധ്യമായി എനിക്ക്.'

'എന്നു വെച്ചാൽ?'

'കുറച്ച് മാത്രം കാട്ടിത്തരുകയും, ഒരുപാട് മറച്ചുവയ്ക്കുകയും ചെയ്യു മ്പോൾ അവയ്ക്ക് നമ്മെ വല്ലാതെ തെറ്റിദ്ധരിപ്പിക്കാനാകുന്നു.'

നീതു മനസ്സിലാകാത്തമട്ടിൽ മിഴിച്ച് നോക്കിയപ്പോൾ അമ്മ തുടർന്നു:

'ഒരു പത്ത് വയസ്സെങ്കിലും കുറയ്ക്കാം. വല്ലാതെ തിളങ്ങുന്ന കണ്ണു കൾ. തടിച്ച പുകയിലക്കറ വീണ പല്ലുകൾക്കിടയിൽ എപ്പോഴും ഒരു സിനി ക്കൽ ചിരി. പലപ്പോഴും അദ്ദേഹത്തിന്റെ കണ്ണുകൾ എന്റെ മുഖത്തുതന്നെ യായിരുന്നിരിക്കണം. ലേശം ഉന്തിനിൽക്കുന്ന തുളച്ചു കയറുന്ന കണ്ണുക ളിൽ അതേവരെ കണ്ടിട്ടില്ലാത്തൊരു വാത്സല്യമാണ് എനിക്ക് കാണാനാ യത്. ഒരു മൂലയിലായി തന്റെ നരച്ച താടിയും തടവിക്കൊണ്ട് അദ്ദേഹമ ങ്ങനെ ഇരുന്നു.'

'പ്രിയംവദാമ്മേ, ഞാൻ ലേശം വൈൻ തരട്ടേ?' അമ്മ സംസാരിക്കാ നുള്ള മൂഡിലാണെന്നുകണ്ട് നീതു ചോദിച്ചു.

പ്രിയംവദയാകട്ടെ ഒന്നും പറഞ്ഞില്ല.

അലമാരിയിൽനിന്ന് കുപ്പി തപ്പിയെടുത്ത് ഗ്ലാസ്സിലേക്ക് ചുവന്ന വൈൻ പകരുമ്പോൾ തന്റെ മനസ്സ് തീരെ പരിചയമില്ലാത്ത ഏതൊക്കെയോ വഴിക ളിലൂടെ ചുറ്റിത്തിരിയുകയാണെന്ന് നീതു ഓർത്തു.

അതുതന്നെ ഓർക്കുകയായിരുന്നു പ്രിയംവദയും. ഇവിടെ എന്റെ പ്രായ മായ മകളുടെ മുന്നിലിരുന്ന് എന്റെ ഏറെ സ്വകാര്യമായ കുറെ ഓർമ്മക ളുടെ കെട്ടഴിക്കാൻ നോക്കുകയാണല്ലോ ഞാൻ.

പിന്നെ പ്രിയംവദ മെല്ലെ പറയാൻ തുടങ്ങി:

താടിക്ക് കൈയും കൊടുത്ത് വളരെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കു മ്പോഴും അമ്മയുടെ മുഖത്തേക്ക് നോക്കാതിരിക്കാൻ മകൾ ശ്രദ്ധിച്ചു. അമ്മ യുടെ ഇതേവരെ കാണാത്ത ഒരു മുഖമാണ് ഇപ്പോൾ കൺമുന്നിൽ. അല്ലെ ങ്കിൽ, എനിക്കിന്ന് അമ്മയുടെ ശബ്ദം മാത്രം മതി. ചില കാര്യങ്ങൾ മുഖമി ല്ലാതെ കേൾക്കുകയാവും ഭേദം.

പുറത്ത് മഴ കനത്തു തുടങ്ങിയിരുന്നു. ഒരു ചരിഞ്ഞ കോണിലൂടെ വന്നുവീണ മിന്നൽവെളിച്ചത്തിൽ അമ്മയുടെ മുഖം മുമ്പൊന്നും കാണാത്ത വിധത്തിൽ പ്രകാശിക്കുന്നത് മകൾ കണ്ടു.

ഓരോരുത്തരുടേയും മുഖങ്ങൾ കാണേണ്ടത് ഓരോ വെളിച്ചത്തിലാ ണെന്ന് തോന്നാറുണ്ട് ചിലപ്പോൾ. തെളിഞ്ഞ പകൽവെളിച്ചത്തിൽ, അരണ്ട

നിലാവിൽ, തെളിഞ്ഞൊടുങ്ങുന്ന മിന്നൽവെളിച്ചത്തിൽ, വിളക്കുകാലിനു ചുവട്ടിലെ മഴ വീണു കുതിർന്ന ഇത്തിരി വട്ടത്തിൽ...

ഏതു വെളിച്ചത്തിലായിരിക്കും തന്റെ മുഖം കാണാൻ ഇഷ്ടപ്പെടുക യെന്ന് അമ്മ ചോദിച്ചാൽ മറുപടി പറയാൻ ബുദ്ധിമുട്ടാകും. ഓർമ്മവെച്ച തിൽ പിന്നെ എന്നും കാണാൻ കിട്ടിയിരുന്ന ഒരേയൊരു തെളിഞ്ഞ മുഖം അമ്മയുടേത് മാത്രമായിരുന്നല്ലോ.

വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും അമ്മ. സന്തോഷത്തിന്റെയും സങ്കട ത്തിന്റെയും അമ്മ.

എന്റെ ഒരേയൊരു പ്രിയംവദാമ്മ.

നാല്

ഒരിടത്ത്
ഒരിടത്തൊരിടത്ത്
ഒരിടത്തൊരിടത്തൊരിടത്ത്...

സദസ്സിനു മുമ്പിൽ നിവർന്നുനിന്ന് പ്രിയംവദാമേനോൻ പറഞ്ഞുതുട ങ്ങുകയായിരുന്നു:

എന്നോട് ക്ഷമിക്കുക. എല്ലാ നാടൻ പുരാവൃത്തങ്ങളും ഇങ്ങനെ മാത്ര മല്ലേ തുടങ്ങാനാവൂ. എന്റെ കൈയിൽ ഇപ്പോൾ ലാപ്ടോപ്പോ പ്രൊജക്ഷൻ സംവിധാനങ്ങളോ ഒന്നുമില്ലല്ലോ. കൃത്യമായി എഴുതി തയ്യാറാക്കിയ ഒരു പ്രബന്ധംപോലുമില്ലാതെ ഇതുപോലെയൊരു പ്രാമാണികരുടെ സദസ്സിനു മുമ്പിൽ വന്നുനിൽക്കുന്നത് മര്യാദകേടാണെന്ന് അറിയാതെയല്ല. പക്ഷേ, ഒരു മാറ്റത്തിനുവേണ്ടി ഞാൻ നിങ്ങളോട് ഒരു കഥ പറയുവാൻ ഒരുങ്ങുക യാണ്. അരങ്ങിന്റെ ഗൗരവം അറിയാതെയല്ല, മുന്നിലിരിക്കുന്ന ഗുരുസ്ഥാ നീയരോടുള്ള ബഹുമാനക്കുറവുകൊണ്ടുമല്ല. അത്രയ്ക്ക് പ്രായമായിട്ടില്ലെ ങ്കിലും, കുറച്ച് നേരത്തേക്കെങ്കിലും, എന്നെയൊരു മുത്തശ്ശിയാകാൻ അനു വദിക്കുക. നിങ്ങളോട് ഒരു മുത്തശ്ശിക്കഥ പറയുവാനുള്ള അനുവാദം തരി ക. അല്ലെങ്കിലും ഏതൊരു സ്ത്രീയുടെയും ഉള്ളിൽ ഒരു കഥ പറയുന്ന മുത്തശ്ശി ഒളിഞ്ഞിരിക്കുന്നുണ്ടല്ലോ.

ആയത്തിൽ തുടങ്ങുകയായിരുന്നു പ്രിയംവദാമേനോൻ. വലിയ ശ്രദ്ധ യോടെ ചെവി കൊടുക്കാൻ തയ്യാറായ സദസ്സിനോട് അവർ അല്പം പഴക്ക മുള്ളൊരു കഥ പറയുകയായിരുന്നു:

പണ്ടു പണ്ട് തമിഴ്നാട്ടിലെ പാർവതീപുരം എന്നൊരു കൊച്ചു ഗ്രാമ ത്തിൽ മുനിയാണ്ടി എന്നു പേരുള്ള ഒരാൾ പാർത്തിരുന്നു. നല്ല കറുകറുത്ത നിറം. മുഴുമുഴുത്ത കൈകാലുകൾ. പച്ചകുത്തിയ നെഞ്ച്. പുകയിലക്കറ വീണ പല്ലുകൾ. കരിമ്പുവയലുകളിൽ ചില അല്ലറചില്ലറ പണികളൊക്കെ ചെയ്ത് അങ്ങനെ കാലം കഴിച്ചുകൊണ്ടിരുന്ന ഒരു സാധു മനുഷ്യൻ. അയാ ളുടെ ആവശ്യങ്ങൾ വളരെ കുറവായിരുന്നു. രണ്ടുനേരം വയറ് നിറയെ തിന്നണം. രാത്രിയിൽ എവിടെയെങ്കിലും കിടന്ന് വെയിൽ മൂക്കുന്നതു വരെ ഉറങ്ങണം. അത് വയലുകളിലാവാം, ഏറുമാടങ്ങളിലാവാം, പശുമാടുകളുടെ കൂട്ടത്തിലാവാം. അയാളുടെ ഒരേയൊരു ദൗർബല്യം ആറേഴ് നാഴികയകലെ

യുള്ള പനയോല മേഞ്ഞ ടാക്കീസിൽ വല്ലപ്പോഴും വന്നെത്താറുണ്ടായിരുന്ന എം.ജി.ആറായിരുന്നു. ഇടയ്ക്കെങ്കിലും എം.ജി.ആറിനെ ഒന്ന് കാണാതെ വയ്യ. സരോജാദേവിയും കൂടെയുണ്ടെങ്കിൽ വളരെ നന്ന്.

പാർവതീപുരമെന്ന കുഗ്രാമത്തിന്റെ മുഖച്ഛായയാകെ മാറിയത് അവിടെയൊരു പഞ്ചസാരമില്ല് വന്നപ്പോഴായിരുന്നു. നാലുചുറ്റും പരന്നു കിടക്കുന്ന കരിമ്പിൻതോട്ടങ്ങൾക്കിടയിൽ, മുമ്പ് കാളവണ്ടികൾക്കു മാത്രം പോകാവുന്ന വീതി കുറഞ്ഞ ചെമ്മൺനിരത്തുകളേ ഉണ്ടായിരുന്നുള്ളൂ. ചെട്ടിയാന്മാരുടെ മില്ലിന്റെ വരവോടെ അതൊരു പഞ്ചസാരപ്പട്ടണമായി മാറി. കുന്നിൻചെരിവാകെ ഇടിച്ചുനിരത്തി ഫാക്റ്ററി കോമ്പൗണ്ടാക്കി നാലുചുറ്റും മതിലുകൾ പൊങ്ങി. അതിനകത്ത് ചിതറക്കിടക്കുന്ന ഫാക്റ്ററി കെട്ടിടങ്ങൾ. ആകാശത്തേക്ക് ഉയർന്നു പോകുന്ന പുകക്കുഴലുകൾ.

ഫാക്റ്ററി വന്നതോടെ പാർവതീപുരമെന്ന പഴയ പേര് മാറി മീനാക്ഷിപ്പാളയമായി. പണ്ട് ഗോതമ്പുവയലുകൾക്കിടയിലൂടെ ആടിപ്പാടി നടന്നിരുന്ന എം.ജി.ആറും സരോജാദേവിയും പിന്നീട് ഫാക്റ്ററി കോമ്പൗണ്ടിലൂടെ ഓടിനടക്കാൻ തുടങ്ങിയപ്പോഴാണ് ഏറുമാടങ്ങളിലും, പശുമാടുകളുടെ കൂട്ടത്തിലും താൻ പാഴാക്കി കളഞ്ഞ ചെറുപ്പത്തെപ്പറ്റി മുനിയാണ്ടിക്ക് ബോധ്യമായത്. അതോടെ അയാൾ കുറെക്കൂടി നിറപ്പകിട്ടുള്ള സ്വപ്നങ്ങൾ കാണാൻ തുടങ്ങി. എങ്ങനെയെങ്കിലും ഈ കമ്പനിയിൽ ഒരു പണി തരപ്പെടുത്താതെ വയ്യ. അങ്ങനെ ഒരുപാട് പണിപ്പെട്ട്, എം.ജി.ആറിന്റെയും സരോജാദേവിയുടെയും ആശീർവാദത്തോടെ, ഏതൊക്കെയോ അയ്യാമാരുടെ കൈയും കാലും പിടിച്ച്, തുടക്കത്തിൽതന്നെ കമ്പനിയിൽ ഒരു പണി തരപ്പെടുത്താൻ അയാൾക്കു കഴിഞ്ഞു.

വലിയ താത്പര്യത്തോടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു സദസ്സ്. അവരുടെ കൂട്ടത്തിൽ തങ്ങളുടെ ചെറുപ്പകാലത്ത് സരോജാദേവിയെ കലശലായി കാമിച്ചിരുന്ന ചില വയസ്സന്മാരുമുണ്ടായിരുന്നു.

പക്ഷേ, നമ്മുടെ മുനിയാണ്ടിയുടെ ശരിക്കുള്ള കഥ തുടങ്ങുന്നത് ഫാക്റ്ററി കോമ്പൗണ്ടിനു വെളിയിലുള്ള ഒരു പൊട്ടക്കിണറ്റിൽനിന്നാണല്ലോ.

പ്രിയംവദാമേനോൻ പറഞ്ഞു:

മതിൽക്കെട്ടിൽ നിന്ന് അധികം ദൂരെയല്ലാതെ, തൊട്ടടുത്ത ഗ്രാമത്തിലേക്കുള്ള നാട്ടുവഴിയിൽനിന്ന് ലേശം മാറി, കൂറ്റൻ പുളിമരങ്ങൾ മറയ്ക്കുന്ന ഒരു പൊട്ടക്കിണർ. ചെടിപ്പടർപ്പുകൾകൊണ്ട് മൂടിയ, ഇടിഞ്ഞുപൊളിഞ്ഞ കൽക്കെട്ടുകൾ.

ആ പൊട്ടക്കിണർ എന്നും മുനിയാണ്ടിക്കൊരു പേടിസ്വപ്നമായിരുന്നു. പ്രത്യേകിച്ചും അമ്പത്തെട്ട് വയസ്സിനു ശേഷം. കാരണം, അതിനകത്ത് വീണാണ് തന്റെ ഏറ്റവും പ്രിയപ്പെട്ട ചങ്ങാതി മുത്തുവേൽ മരിച്ചത്. മുത്തുവേലിനു മുമ്പ് അഴകപ്പൻ. അഴകപ്പനും മുമ്പ്, പേര് മറന്നുപോയ നന്നെ മെലിഞ്ഞ് നീരുവറ്റിയ ആ തെലുങ്കൻ.

ആരൊക്കെയോ കിണറ്റിലിറങ്ങി പൊക്കിയെടുത്ത് പനയോലയിൽ കിടത്തിയിരുന്ന മുത്തുവിന്റെ മുഖത്ത് വേദനയെക്കാൾ കൂടുതൽ ഭീതിയായിരുന്നു. പുറത്തേക്കുന്തി വന്ന കണ്ണുകളിൽ വലിയൊരു വിശ്വാസക്കുറവായിരുന്നു. വല്ലാതെ വെള്ളം കുടിച്ച് ചീർത്ത വയറ്. ചീർത്ത് പൂതലിച്ച മുഖം.

നെറ്റിയിൽ തലേന്ന് ഏതോ കോവിലിൽവച്ച് തേച്ചുപിടിപ്പിച്ച കുങ്കുമത്തിന്റെയും ഭസ്മത്തിന്റെയും അവശിഷ്ടങ്ങൾ.

അയാളുടെ കണ്ണുകളിൽ കാണായ ആ വിചിത്രമായ വിശ്വാസക്കുറവു തന്നെയാണ് പിന്നീട് മുനിയാണ്ടിയുടെ പല രാത്രികളിലേയും ഉറക്കം കളഞ്ഞത്.

മുത്തുവിന്റെ തലയുടെ പുറകിലുള്ള ആ വലിയ മുറിവ് ചൂണ്ടിക്കാട്ടി ചുറ്റും കൂടിനിന്നവർ എന്തൊക്കെയോ അടക്കം പറയുന്നുണ്ടായിരുന്നു. താനേ ചാടിയതോ, അതോ ആരെങ്കിലും കൊണ്ടുവന്നിട്ടതോ?

അതൊരു മുത്തശ്ശിക്കഥപോലെ പറഞ്ഞു പോകുമ്പോൾ സദസ്സ് കാതു കൂർപ്പിച്ചിരിക്കുന്നത് പ്രിയംവദയ്ക്ക് കാണാമായിരുന്നു. ചോരയോട്ടം കുറവുള്ള മുഷിഞ്ഞ മുഖങ്ങളിൽനിന്നുള്ള ബോറൻ പ്രബന്ധങ്ങൾ കേട്ട് ശീലിച്ചവർക്ക് ഇതൊരു പുതിയ അനുഭവമായേക്കാം.

ഇവിടെ പതിവു ചട്ടവട്ടങ്ങളനുസരിച്ചുള്ള ഒരു പ്രബന്ധാവതരണമല്ലല്ലോ നടക്കുന്നത്. മദ്ധ്യവയസ്കയായ ഒരു വീട്ടമ്മ താനാദ്യമായി കാണുന്ന സദസ്സിനോട് തമിഴ്നാട്ടിലെ ഒരു കുഗ്രാമത്തിലെ പാവപ്പെട്ട ഒരു കുടുംബത്തിന്റെ കഥ പറയുകയാണ്. നേർത്ത ചതുരങ്ങളും ചുവന്ന പൊട്ടുകളുമുള്ള കോടി നിറത്തിലുള്ള ഒരു സാധാരണ കോട്ടൺ സാരിയാണ് അവർ ഉടുത്തിരിക്കുന്നത്. പുറകിൽ അലക്ഷ്യമായി അഴിച്ചിട്ടിരിക്കുന്ന നീണ്ട മുടി. വെളുത്തു തുടുത്ത മുഖം. നെറ്റിയിൽ വലിയൊരു ചുവന്ന പൊട്ട്.

ഒരു പത്തറുപതു പേരുടെ കണ്ണുകൾ അന്നേരം പ്രിയംവദയുടെ മുഖത്തു തന്നെയായിരുന്നു. അവരോട് പ്രിയംവദ പറഞ്ഞുകൊണ്ടിരുന്നതും വെറുമൊരു മുനിയാണ്ടിയുടെ കഥയായിരുന്നില്ലല്ലോ. കർക്കിടകത്തിലെ, മഴ തിമർത്തു കൊണ്ടിരുന്ന ഒരു അമാവാസി രാത്രിയിൽ, പൊട്ടക്കിണറ്റിൽ വീണ് മരിച്ച മീനാക്ഷിപ്പാളയത്തെ മുത്തുവിന്റെ കഥ. മുത്തുവിനു മുമ്പ്, അധികം ദൂരെയല്ലാതെ, വേറൊരു കിണറ്റിൽ, മറ്റൊരു നനഞ്ഞ രാത്രിയിൽ വീണു മരിച്ച അറുമുഖത്തിന്റെ കഥ.

അറുമുഖത്തിനു മുമ്പ് വേറെ ആറുപേർ.

മൊത്തം എട്ട് പേർ. അമ്പത്തൊമ്പത് വയസ്സ് താണ്ടി അറുപതിൽ കമ്പനിയിൽനിന്ന് പിരിയാൻ തയ്യാറെടുത്തുകൊണ്ടിരുന്നവർ. പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അമ്പത്തൊമ്പത് ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വഴിത്തിരിവാകുന്നു. അന്നുതൊട്ട് പിന്നീടുള്ള മുന്നൂറ്ററുപത്തഞ്ച് നാളുകൾ താഴോട്ടെണ്ണാൻ അവർ ശീലിച്ചുതുടങ്ങുന്നു. കാര്യമായൊന്നും നേടാതെ, ഒന്നും കരുതിവയ്ക്കാതെ പെട്ടെന്നൊരു ദിവസം കമ്പനിയിൽനിന്ന് യാത്രപറഞ്ഞു പോകുക. പിരിഞ്ഞുപോകാനുള്ള കടലാസ് ഓഫീസ് സൂപ്രണ്ട് അയ്യർവാളുടെ കയ്യിൽനിന്ന് വലിയ ആദരവോടെ കൈപ്പറ്റി കണ്ണിലണയ്ക്കുമ്പോൾ അവരുടെ ഉള്ള് വിങ്ങുകയാവും. ആ കടലാസ്സിൽ കമ്പനിയിലെ ഇതേവരെയുള്ള സേവനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടുള്ള ഉയിരില്ലാത്ത കുറെ വാക്കുകൾ. കമ്പനിയുടെ തുടക്കം മുതലുള്ള തൊഴിലാളികളാണെങ്കിൽ ഒപ്പിട്ടിരിക്കുക മുതിർന്ന ചെട്ടിയാർതന്നെയായിരിക്കും. പിരിഞ്ഞു പോകുന്നവനെ മുറിക്കകത്തേക്ക് വിളിച്ചുവരുത്തി, നിറഞ്ഞ കണ്ണുകളോടെ നിൽക്കുന്ന അവന്റെ പുറത്തൊന്നു തട്ടി ആശ്വസിപ്പിച്ച്, ക്യാമറാ വെളിച്ചത്തിനു മുമ്പിൽ അവനെയൊരു പൊന്നാടയണിയിച്ച്...

ആദ്യമൊക്കെ അങ്ങനെ ചിട്ടയൊപ്പിച്ച് നടന്നിരുന്നെങ്കിലും പിന്നീട് അത്തരം ഔപചാരികതയുടെ ഭാരം താങ്ങേണ്ടിവന്നില്ല മുതിർന്ന ചെട്ടിയാർക്ക്.

കാരണം, പിന്നീട് അത്തരം പിരിഞ്ഞുപോകലുകൾ അധികം ഉണ്ടായില്ലല്ലോ കമ്പനിയിൽ. മിക്കവരും അമ്പത്തൊമ്പതിൽത്തന്നെ മരിച്ചുപോകുകയാണ് പതിവ്. അതും അപകടമരണം.

അറുപതെത്താതെ, അമ്പത്തൊമ്പതിൽ മരിച്ചുപോകുന്നവരുടെ മക്കൾക്ക് ജോലി കൊടുക്കുമ്പോൾ നിയമനത്തിന്റെ കടലാസ്സ് ഒപ്പിടാറ് ഓഫീസ് സൂപ്രണ്ട് അയ്യർവാളായിരുന്നു. പൊന്നാടയും ക്യാമറ വെളിച്ചവുമില്ലാതെ തികച്ചും യാന്ത്രികമായൊരു ഏർപ്പാട്. ചിലപ്പോഴെങ്കിലും മരിച്ചയാളുടെ വിധവയുടെ അമർത്തിവെച്ചിരുന്ന തേങ്ങൽ വലിയൊരു പൊട്ടലായി ചിതറി അയ്യർവാളുടെ മുറിയിലെ ശാന്തത കളയാറുണ്ട്. അപ്പോഴൊക്കെ ഒരു ചടങ്ങുപോലെ കരഞ്ഞ് നെഞ്ചത്തടിക്കുന്നവരെ നല്ല വാക്കു പറഞ്ഞ് തഞ്ചത്തിൽ പുറത്തേക്ക് കൂട്ടുക്കൊണ്ടുപോകാൻ അയ്യർവാളുടെ ശിപായി തയ്യാറായി നില്പുണ്ടാകും.

അങ്ങനെ എട്ടു പേരാണത്രെ അറുപതെത്തി കമ്പനിയിൽനിന്ന് പിരിയാതെ, അമ്പത്തൊമ്പതിൽ ഈ ലോകത്തുനിന്നുതന്നെ പിരിഞ്ഞുപോയത്.

ആ എട്ടുപേരും വീണുമരിച്ചത് അവർക്കുതന്നെ തീരെ പരിചയമില്ലാത്ത ഏതോ പൊട്ടക്കിണറുകളിൽ, അവരെ വിഴുങ്ങാനായി കാത്തുനിന്നത് കാറ്റും വെളിച്ചവും വീഴാത്ത, ആഴമറിയാത്ത, ഇരുണ്ട ജലരാശി.

ഒന്ന് വിശദമായി മുറുക്കി, ജനാലയിലൂടെ മുറ്റത്തേക്ക് ആഞ്ഞുതുപ്പി, വെള്ളിച്ചെല്ലത്തിൽ താളം പിടിച്ചുകൊണ്ട്, ഓഫീസ് സൂപ്രണ്ട് അയ്യർവാൾ പുതുതായി ജോലിയിൽ ചേരാൻ വന്ന ചെറുപ്പക്കാരിയായ പേഴ്സണൽ ഓഫീസർ നിവേദിതയോട് പറഞ്ഞു:

'നീ ചേരാൻ വന്ന ദിവസം കൊള്ളാം. ഇവിടെ പോന വാരത്തിൽ വീണ്ടുമൊരു ജലസമാധി. എന്തായാലും നിന്റെ തുടക്കം ബഹുജോർ!'

പിന്നിട് അയ്യർവാൾ അവളെ ഏല്പിച്ച ആദ്യത്തെ ചുമതല ആ മുനിയാണ്ടിയുടെ കേസ് കൈകാര്യം ചെയ്യുകയെന്നതായിരുന്നു. അതായത്, അയാളുടെ കുടുംബത്തിന്റെ കണക്കുകളെല്ലാം തീർത്ത് പലവകയിലായി അവർക്ക് കിട്ടേണ്ട പണം എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാൻ നോക്കുക. പിന്നീട് അയാളുടെ മകൻ രാജയുടെ ഹരജി പരിഗണിച്ച് മരിച്ചുപോയ അച്ഛനു പകരം അവന് കമ്പനിയിൽ പണി കൊടുക്കുക. മരിച്ചിട്ട് അധികം കഴിഞ്ഞിട്ടില്ല, വേണമെങ്കിൽ തട്ടിമുട്ടി വൈകിക്കാം. അവൻ കരഞ്ഞു പിടിച്ച് കുറെക്കാലം പുറകെ നടന്നിട്ട് കൊടുത്താലും മതി.

ജോലിയിലിരിക്കെ മരിച്ച ആളുകളുടെ മക്കൾക്ക് ജോലി കൊടുക്കുകയെന്നത് കമ്പനിയുടെ പണ്ടുമുതലേയുള്ള വഴക്കമാണ്. ഈ വേലകൊണ്ട് മാത്രം ജീവിച്ചുപോകുന്ന മീനാക്ഷിപ്പാളയത്തെ പാവപ്പെട്ട കുടുംബങ്ങളെ താനായിട്ട് കഷ്ടപ്പെടുത്തുന്നത് വലിയ തെറ്റാവും.

എന്നിട്ടും നിവേദിതയൊന്നു മടിച്ചു.

മുമ്പേ പോയ എട്ടുപേരുടെ കഥകൾ അവൾ കേട്ടിരുന്നില്ല. പക്ഷേ, അച്ഛൻ മരിച്ചതിന്റെ പിറ്റേന്ന് ജോലിക്കുള്ള ഹരജിയുമായി കയറിവന്ന മകനെപ്പറ്റി ഒരുപാട് പറഞ്ഞുകേട്ടു. ചീട്ടുകളിയും അടിപിടിയുമായി ചുറ്റിക്ക

റങ്ങി നടക്കുന്ന, തീരെ സുമാറല്ലാത്തൊരു ചെറുപ്പക്കാരൻ. എന്തൊക്കെ കീഴ്വഴക്കങ്ങളുണ്ടെങ്കിലും ഒരാളെ പണിക്ക് എടുക്കുന്നതിനു മുമ്പ് അയാളതിന് യോഗ്യനാണോയെന്ന് പരിശോധിക്കേണ്ടത് ഒരു പേഴ്സണൽ ഓഫീസറുടെ സാമാന്യചുമതല മാത്രം.

എന്തായാലും മരിച്ച മുനിയാണ്ടിയുടെ വീട്ടിൽ പോയി അയാളുടെ വിധവയ്ക്ക് കമ്പനിയുടെ ഒരു അനുശോചനസന്ദേശം കൊടുക്കുകയെന്നത് ഒരു നല്ല തുടക്കമാകുമെന്ന് നിവേദിത കരുതി.

മുമ്പ് കുറെക്കാലം പത്രപ്രവർത്തകയായിരുന്നു നിവേദിത. ധാരാളം വായിക്കുമായിരുന്നു. കോളേജിൽ പഠിക്കുന്ന കാലത്ത് കുറേശ്ശെ കവിതകൾ എഴുതിയിരുന്നു. ഒരു കമ്പനിക്കകത്ത് ഏറ്റവും വെറുക്കപ്പെടുന്ന വർഗ്ഗമാണ് പേഴ്സണൽ മാനേജർമാരെന്ന് ക്ലാസ്മുറികളിൽനിന്നേ അവൾ കേട്ടിരുന്നു. അതുകൊണ്ടുതന്നെ തന്റെ ജോലിക്ക് ലേശം അലിവിന്റെ മുഖം കൊടുക്കണമെന്ന് അവൾക്ക് വലിയ താത്പര്യമുണ്ടായിരുന്നു.

പക്ഷേ, മുനിയാണ്ടിയുടെ വീട്ടിലെ കാഴ്ചകൾ അവളെ വല്ലാതെ അമ്പരപ്പിച്ചു. മരണം കഴിഞ്ഞിട്ട് ഒരാഴ്ചയേ ആയിട്ടുള്ളൂവെങ്കിലും അവിടെ ഒരു മരണവീടിന്റെ യാതൊരു ലക്ഷണങ്ങളും കണ്ടില്ല. എല്ലാം പതിവുപോലെ തന്നെ. വലിയ ഒച്ചയും ബഹളവും ഉണ്ടാക്കിക്കൊണ്ട് കോഴികളുടെ പുറകെ ഓടിനടക്കുന്ന അയാളുടെ ഭാര്യ. ഒരു ട്രാൻസിസ്റ്റർ ചെവിയിലേക്ക് ചേർത്ത് വച്ച് മരച്ചുവട്ടിലിരുന്ന് ബീഡി വലിക്കുന്ന മകൻ രാജ. മുനിയാണ്ടിയുടെ ഇളയമകൾ കാവേരിയുടെ മുഖത്ത് മാത്രം ലേശം സങ്കടം കാണായി. കുണ്ടൻകിണറ്റിൽനിന്ന് വെള്ളം കോരി എരുമയെ കുളിപ്പിക്കുകയായിരുന്നു അവൾ.

അച്ഛനെ കാണാതായ ആ ശപിക്കപ്പെട്ട രാത്രിയെപ്പറ്റി പറയുമ്പോൾ കാവേരിയുടെ കണ്ണുകളിൽ അജ്ഞാതമായൊരു ഭീതിയായിരുന്നു. പക്ഷേ, തന്റെ അച്ഛൻ ഒരിക്കലും ആത്മഹത്യ ചെയ്യില്ലെന്ന് അവൾക്ക് നല്ല ഉറപ്പായിരുന്നു. അന്നത്തെ ദിവസം തന്റെ മനസ്സ് വല്ലാതെ ഇളകിമറിഞ്ഞിരുന്നുവെന്ന് കാവേരി ഓർക്കുന്നു. വേണ്ടാത്ത എന്തൊക്കെയോ നടക്കാൻ പോകുന്നതുപോലെ. അതുകൊണ്ട് രാത്രിയിൽ, വാശിപിടിച്ച് അവൾ അച്ഛന്റെ കട്ടിലിനു താഴെ പായ വിരിച്ച് കിടന്നു. ഉറക്കം വരാതെ അപ്പാ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ കട്ടിൽ ഞരങ്ങുന്നതു കേട്ട് ഒരുപാട് നേരം അവൾ കണ്ണും മിഴിച്ച് കിടന്നു.

പിന്നീട് എപ്പോഴോ അവൾ മയങ്ങിപ്പോയിരിക്കണം. പാതിരാവിൽ പുറത്തൊരു ശബ്ദം കേട്ട് ഞെട്ടിയുണരുമ്പോൾ ജനലിലൂടെ വരുന്ന അരണ്ട നിലാവിൽ ഒഴിഞ്ഞു കിടക്കുന്ന കട്ടിൽ കണ്ടു.

'അപ്പാ...'

താൻ ഉറക്കെ നീട്ടിവിളിച്ചത് കാവേരിക്ക് നല്ല ഓർമ്മയുണ്ട്. അതിനു മറുപടിയായി ഇരുട്ടിന്റെ അകലങ്ങളിൽനിന്ന് ഒരു പറ്റം കുറുക്കന്മാർ ഒരിയിട്ടതും...

ലേശം ക്ലാവ്പിടിച്ച കണ്ണുകൾ ഉയർത്തി മുനിയാണ്ടിയുടെ മകൻ നിവേദിതയുടെ നേർക്ക് സംശയത്തോടെ നോക്കി. ചാരായമോ, കഞ്ചാവോ? അമ്പരപ്പും, നിസ്സഹായതയും, എതിർപ്പുമൊക്കെ കലർന്ന കണ്ണുകൾ. അതൊരു കുറ്റവാളിയുടെ കണ്ണുകളാണെന്ന് നിവേദിതയ്ക്ക് തോന്നിപ്പോയി.

പൊടുന്നനേ അവന്റെ കണ്ണുകൾ പുകഞ്ഞുകൂടുന്നത് നിവേദിത കണ്ടു.

'നീങ്കെ എനക്ക് വേല കൊടുക്ക പോറയാ ഇല്ലയാ?' അവന്റെ ഒച്ച പൊങ്ങി: 'എതുക്ക് ഇവളവ് സന്ദേഹം?'

തെല്ലൊന്ന് പകച്ചുപോയി നിവേദിത. ഒരുപക്ഷേ, പണി കൊടുക്കാതിരിക്കാൻ താൻ മനപ്പൂർവ്വം ശ്രമിക്കുകയാണെന്ന് അവൻ കരുതുന്നുണ്ടാകാം.

'ഇതെ പാര് രാജാ...'

അവൾ മയത്തിൽ എന്തോ പറയാൻ തുടങ്ങി. അപ്പോഴേക്കും ദൂരെ കിണറ്റുവക്കത്തു നിന്ന് കാവേരി എന്തോ ആംഗ്യം കാണിക്കുന്നത് കണ്ടു. അണ്ണനോട് തർക്കിക്കാൻ പോകരുതെന്ന താക്കീത്. അവളുടെ അമ്മയാകട്ടെ അപ്പോഴും കോഴികളുടെ പുറകെ പുരയ്ക്കു ചുറ്റും ഓടിനടക്കുകയാണ്.

ഒട്ടും ക്ഷമയില്ലാതെ, ഒരു മറുപടിക്കുവേണ്ടി കാത്തു നിൽക്കെ, അവന്റെ കണ്ണുകൾ കത്തുന്നത് കണ്ടു.

'നീങ്കെ വേല കൊടുപ്പീങ്കളാ ഇല്ലയാ?' അവന്റെ മുഖത്ത് അരിശം പതയുകയാണ്.

നിവേദിത വീണ്ടും എന്തോ പറയാനാഞ്ഞു.

'ഇതെ കേളമ്മാ. നാൻ യൂണിയൻ കീണിയൻ കിട്ടെ ഒന്നും പോകമാട്ടെ. വേല കിടയ്ക്കറത് എപ്പടിയെന്ന് എനക്ക് നല്ലാ തെരിയും. എപ്പടിയാനാലും നീയൊരു പൊമ്പുള താനേ...'

ബീഡിക്കുറ്റി വലിച്ചെറിഞ്ഞുകൊണ്ട് അവൻ ആടിയാടി എഴുന്നേറ്റപ്പോൾ തെല്ലൊരു പേടിയോടെ നിവേദിത പുറകോട്ടുമാറി. അവന്റെ നോട്ടം തന്റെ കൈയിലുള്ള ആ നീണ്ട കവറിലാണെന്ന് അവൾ ശ്രദ്ധിച്ചു.

തിടുക്കത്തിൽ, അവൾ കിണറ്റുവക്കത്ത് നിൽക്കുന്ന കാവേരിയുടെ അടുത്തേക്കു നടന്നു. ഇതൊന്നും കാര്യമായി എടുക്കേണ്ടെന്നും സത്യത്തിൽ അണ്ണനൊരു തനി പാവമാണെന്നും പറഞ്ഞ് അവളെ വിശ്വസിപ്പിക്കാൻ നോക്കുമ്പോൾ കാവേരിയുടെ ശബ്ദത്തിൽ വേണ്ടത്ര ഉറപ്പില്ലെന്നു തോന്നി.

എന്തായാലും അനുശോചനക്കത്ത് കൊടുക്കാതെ കമ്പനിയിലേക്ക് മടങ്ങുമ്പോൾ നിവേദിതയുടെ മനസ്സ് വല്ലാതെ കലങ്ങിയിരുന്നു. പുതിയ ജോലിയിലെ തന്റെ തുടക്കംതന്നെ പന്തിയായില്ലെന്ന് അവൾക്ക് തോന്നിപ്പോയി. അങ്ങാടിപ്പുറത്തെ അമ്മായി അറിഞ്ഞിരുന്നെങ്കിൽ ഒരുപാട് ഗുണദോഷിക്കുമായിരുന്നു. ഇത്തരം പരാക്രമങ്ങൾക്കൊന്നും നിൽക്കാതെ ലേശം സ്വസ്ഥമായി തുടങ്ങാമായിരുന്നില്ലേ, കമ്പനിയിലെ ആദ്യത്തെ ദിവസം?

നിവേദിതയുടെ വിവരണം കേട്ടപ്പോൾ സൂപ്രണ്ട് അയ്യർവാൾ ഒന്ന് ഊറിച്ചിരിച്ചു. മുറുക്കാൻചണ്ടി ജനലിലൂടെ ആഞ്ഞ് തുപ്പി, ചെല്ലപ്പെട്ടിയിൽ താളം പിടിച്ചുകൊണ്ട് പറഞ്ഞു:

'അന്ത മുനിയാണ്ടി റൊമ്പം നല്ലവൻ.'

മകന്റെ പുകഞ്ഞു കത്തുന്ന കണ്ണുകളെപ്പറ്റിയും സ്വരത്തിലെ ഭീഷണിയെപ്പറ്റിയുമൊക്കെ സൂചിപ്പിച്ചപ്പോൾ അയ്യർവാളുടെ വിരൽത്തുമ്പത്തെ താളം ഉയരുകയായിരുന്നു.

'അന്ത മുനിയാണ്ടി എത്രയോ നല്ലവൻ. കമ്പനിയുടെ ആരംഭം തൊട്ടേ ഉള്ളവൻ.' അയ്യർവാൾ ആവർത്തിക്കുകയായിരുന്നു...

പ്രിയംവദ തന്റെ പ്രബന്ധത്തിന്റെ അവസാന ഘട്ടമെത്തിയിരുന്നു. നിവേദിതയെന്ന തുടക്കക്കാരിയായ പേഴ്സണൽ ഓഫീസറുടെ അന്വേഷണങ്ങൾ നീണ്ടുപോയ കഥ പറയുമ്പോൾ ഒരുപാടു കണ്ണുകൾ തന്റെ മുഖത്തുതന്നെ തറച്ചിരിക്കുന്നത് പ്രിയംവദ കണ്ടു. കൂട്ടത്തിൽ പുറകിലൊരു മൂലയിൽനിന്ന് റോയ്ചൗധരിയുടെ നോട്ടം.

ഒരുപാട് കഥകളും, ഉപകഥകളുമായി, മുമ്പേ പോയ എട്ടുപേരുടെ ചരിത്രം തന്നെ വന്നുപൊതിഞ്ഞപ്പോൾ താനൊരു വലിയ ചക്രവ്യൂഹത്തിൽ ചെന്നുപെട്ടതുപോലെ നിവേദിതയ്ക്ക് തോന്നി. മുനിയാണ്ടിയുടെ മകന്റെ കാര്യം താൻ അനാവശ്യമായി വൈകിക്കുകയാണെന്ന് അയ്യർവാൾക്കു പോലും തോന്നിത്തുടങ്ങിയിരുന്നു. കമ്പനിയുടെ വിശ്വസ്തനായിരുന്നു മുനിയാണ്ടി. ആ നിലയ്ക്ക് അയാളുടെ മകന് ഈ പണി കിട്ടാൻ അർഹതയുണ്ട്.

പക്ഷേ, സർ! അവന്റെ സ്വഭാവം? മുൻകാലചരിത്രം?

അതൊക്കെ നോക്കേണ്ടത് നിന്റെ ചുമതലയല്ലല്ലോ എന്നതിന്റെ സൂചന അയ്യർവാളുടെ മുഖത്തുനിന്നുതന്നെ നിവേദിതയ്ക്ക് എളുപ്പത്തിൽ വായിച്ചെടുക്കാനായി. ഒരു തൊഴിലാളിയുടെ അവകാശം നിഷേധിക്കണമെങ്കിൽ അതിനു പറ്റിയ കടലാസുകൾ ഉണ്ടായേ തീരൂ. കടലാസുകൾ ഇല്ലെങ്കിൽ ഉണ്ടാക്കേണ്ടത് പേഴ്സണൽ ഓഫീസറുടെ ചുമതല. സൃഷ്ടിയെക്കാൾ കൂടുതൽ കടലാസുകൾ വേണ്ടത് സംഹാരത്തിനുതന്നെ.

ഒരാളെ സംഹരിക്കാൻ പോന്ന കടലാസുകൾ! അവിടെ തുടക്കക്കാരിയായ നിവേദിത തെല്ലൊന്ന് പതറി. അയ്യർവാൾ പറഞ്ഞത് നേരാണ്. സൃഷ്ടിയേക്കാൾ പാടാണ് സംഹാരം.

ക്ലാസുമുറികളിൽ പഠിച്ച വലിയ വലിയ കാര്യങ്ങൾ ഇവിടെ ഉയിര് നഷ്ടപ്പെട്ട കുറെ കടലാസുകളായി മാറുന്നു. അത്തരം കടലാസുകൾക്കിടയിൽ എവിടെയോ നഷ്ടപ്പെട്ടുപോകുന്ന മനുഷ്യൻ.

അയ്യർവാൾ അക്ഷമനാകുകയായിരുന്നു. മുനിയാണ്ടി മുതിർന്ന ചെട്ടിയാർക്ക് നേരിട്ടറിയാമായിരുന്ന, വേണ്ടപ്പെട്ടവൻ. അങ്ങേർക്ക് താത്പര്യം കണ്ടേക്കാവുന്ന കേസ്സായതുകൊണ്ട് പരാതി മുകളിലേക്ക് പോയാൽ പെങ്കൊച്ചിന്റെ പണി തെറിച്ചതുതന്നെ.

സാരമില്ലെന്നു പറഞ്ഞു നിവേദിത. ഈ പണി പോയാൽ മറ്റൊന്ന്. എതെങ്കിലുമൊരു പ്രത്യേക കമ്പനിയിലെ പണി കണ്ട് ആരും ജന്മമെടുക്കുന്നില്ലല്ലോ. തനിക്ക് കുറെ പ്രധാനപ്പെട്ട കാര്യങ്ങൾ അറിഞ്ഞേപറ്റൂ. അയ്യർവാളോട് നേരിട്ട് പറഞ്ഞില്ലെങ്കിലും അവൾക്ക് അറിയേണ്ടിയിരുന്നത് മുനിയാണ്ടിയുടെ കാര്യം മാത്രമല്ലായിരുന്നു. അതിനു മുമ്പേ പോയ എട്ടുപേരുടെ മരണത്തെ ചുറ്റിപ്പറ്റിയുള്ള ഒരുപാട് കഥകൾ. അവയൊക്കെ അസ്വാഭാവിക മരണങ്ങളായിരുന്നെങ്കിൽ, അവരുടെ മക്കൾക്ക് അതിൽ ഉത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ, അവർക്കൊക്കെ ജോലി കൊടുത്തത് നിയമപരമായും, ധാർമ്മികമായും...

ധാർമ്മികത, എത്തിക്സ്...!

പ്രായോഗികതയുമായി ഏറ്റുമുട്ടുമ്പോൾ അവയുടെ സ്ഥാനം...?

അയ്യർവാൾ കൈയിലിരുന്ന പെൻസിലിന്റെ അറ്റംകൊണ്ട് ചെവിക്കകത്ത് ചൊറിഞ്ഞു. അതിന്റെ രസത്തിൽ പല്ലിളിച്ചു.

താനിപ്പോഴും ആ പഴയ പത്രപ്രവർത്തകതന്നെയെന്ന് തെല്ലൊരു കൗതുകത്തോടെ നിവേദിത ഓർത്തു. പട്ടണത്തിലെ ആ ചെറിയ പത്രത്തിന്റെ പത്രാധിപരോട് വീറോടെ വാദിച്ചിരുന്ന കാന്താരിമുളകായ പത്രക്കാരി. ഈ സമൂഹത്തിലെ ധാർമ്മികതയുടെ അവസാനത്തെ വെള്ളിക്കോൽ എപ്പോഴും തങ്ങളുടെ കൈയിലാണെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന അവളോട് ഒരിക്കൽ പത്രാധിപർ തമാശയായി പറഞ്ഞു. നല്ല സമയത്ത് തൊഴിൽ മാറ്റിക്കൊ കൊച്ചേ. ഇതിനകത്ത് നിന്നാൽ നിന്റെ കാര്യം പോക്കുതന്നെ. പണി പോകല് മാത്രമല്ല. ചെലപ്പോ നിന്റെയീ ചന്തമുള്ള മുഖംതന്നെ വേറെ ഏതൊക്കെയോ രൂപത്തിലായി മാറിയേക്കും.

അയ്യർവാളുടെ മുഖത്ത് എഴുതീവച്ചിരുന്നതും ഏതാണ്ട് അങ്ങനെയൊക്കെത്തന്നെ. ഒടുവിലൊരു ദിവസം, തനിക്കു മാത്രം വഴങ്ങുന്ന ഒരു അപൂർവരാഗവും മൂളിക്കൊണ്ട് അയാളും പറയും, നല്ല സമയത്ത് തൊഴിൽ മാറ്റിക്കോ മോളേ. ഇതിനകത്തുതന്നെ നിന്നാൽ നിന്റെ കാര്യം പോക്കാ...

ഒരുനാൾ ഗ്രാമപഞ്ചായത്തുകാർ നിവേദിതയെ വിളിപ്പിച്ചു. രാജയുടെ ജോലിക്കാര്യത്തിൽ അവളുടെ തീരുമാനമറിയാനായിരുന്നു അത്.

ചൂടു കുറഞ്ഞ ഒരു മദ്ധ്യാഹ്നത്തിൽ, ഒരു കൂറ്റൻ ആൽമരച്ചുവട്ടിൽ, പൊട്ടിപ്പൊളിഞ്ഞ തിണ്ണയിലും ചുറ്റുവട്ടത്തുമായി ഗ്രാമത്തിലെ മുതിർന്നവർ ഇരുന്നു. ചുക്കിച്ചുളിഞ്ഞ കറുകറുത്ത മുഖങ്ങൾ. കാതിൽ കല്ലുവെച്ച കടുക്കൻ. പുകയിലക്കറ പിടിച്ച ഉന്തിനിൽക്കുന്ന പല്ലുകൾ. അവരുടെ മുഖങ്ങളിൽ അരിശത്തെക്കാൾ കൂടുതൽ ക്ഷമകേടാണെന്ന് തോന്നി. ഗ്രാമത്തിലെ ഒരു ചെറുപ്പക്കാരന് ന്യായമായിക്കിട്ടേണ്ട ഒരു ജോലി തടഞ്ഞുവയ്ക്കാൻ ഇവളാര്?

വലിയ വിടവുകളുള്ള പല്ലുകൾക്കിടയിലൂടെ വന്ന വലിയ മൂപ്പന്റെ ആദ്യത്തെ ചോദ്യംതന്നെ ഏതാണ്ട് അങ്ങനെയൊക്കെത്തന്നെയായിരുന്നു. എവിടന്നോ വന്നുകയറിയ നീ ഇവിടെ, ഈ പാർവതീപുരത്ത്, ആളാകാൻ നോക്കുകയാണോ?

പിന്നെ തുടർച്ചയായി നാലുവശത്തുനിന്നും കുറെ മുതിർന്നവരുടെ ചോദ്യങ്ങൾ.

അറിയാവുന്ന നാട്ടുമൊഴിയിൽ എന്തൊക്കെയോ പറഞ്ഞുവയ്ക്കാൻ പണിപ്പെടുമ്പോൾ ഇവിടെ ഈ ഊരിനു മുമ്പിൽ താനൊരു പരസ്യവിചാരണ നേരിടുകയാണെന്ന് നിവേദിതയ്ക്ക് തോന്നി.

ഈ മുതിർന്ന നാട്ടുപ്രമാണിമാരെ സംബന്ധിച്ചിടത്തോളം ഒരു ജന്മം മുഴുവൻ അവരോടൊപ്പം കഴിച്ചുകൂട്ടിയ മുനിയാണ്ടിയെക്കാൾ വലിയ യാഥാർത്ഥ്യം ഇപ്പോൾ അയാളുടെ ചെറുപ്പക്കാരനായ മകനായി മാറിയിരിക്കുന്നു. പോയവൻ പോയി, അതെപ്പറ്റിയൊക്കെ വേവലാതിപ്പെടാനും തിരക്കാനും ഇവളാര്? താൻ എന്തൊക്കെ ന്യായങ്ങൾ പറഞ്ഞാലും അവരെ വിശ്വസിപ്പിക്കാനാകില്ലെന്ന് നിവേദിതയ്ക്ക് മനസ്സിലായി.

ഉത്തരമില്ലാത്ത ഒരുപാട് ചോദ്യങ്ങളുടെ മുമ്പിൽ നിവേദിത നിന്ന് വിയർത്തു. ചുറ്റും ആൾക്കൂട്ടം പെരുകുകയാണ്. അവരുടെ കണ്ണുകളിൽ എരിയുന്ന രോഷം. രാജയുടെ ജോലിക്കാര്യം ഇതിനകം ഏറ്റവും വലിയൊരു നാട്ടുവിശേഷമായി മാറിയിരിക്കാം.

നിവേദിതയുടെ ഒപ്പം ചെന്ന ശിപായി എന്തോ ചെവിയിൽ പറഞ്ഞു. ഇനിയിവിടെ നിൽക്കുന്നത് പന്തികേടാണ്. എന്തെങ്കിലും പറഞ്ഞ് പെട്ടെന്ന് സ്ഥലം വിടാൻ നോക്കിക്കൊള്ളൂ.

അങ്ങനെ അമ്മാവുക്ക് ഒടമ്പ് ശരിയല്ലെന്ന് പ്യൂണിനെക്കൊണ്ട് പറയിച്ച്, പിന്നീട് വന്നുകൊള്ളാമെന്ന് വാക്ക് കൊടുത്ത് ഒരുതരത്തിൽ അവിടന്ന് രക്ഷപ്പെടുകയായിരുന്നു നിവേദിത...

പെട്ടെന്ന് സദസ്സിന്റെ ഒരു മൂലയിൽ നിന്ന് ഒരു പരുക്കനൊച്ച കേട്ടപ്പോൾ പ്രിയംവദ ഒന്ന് നിറുത്തി. തന്റെ അവതരണത്തിന്റെ ഒഴുക്ക് നഷ്ടപ്പെട്ട നീരസത്തോടെ അവർ അയാളുടെ നേർക്ക് തറപ്പിച്ചു നോക്കി.

ഈ കേസ്സിൽ ആ മുനിയാണ്ടിയുടെ മകൻ കുറ്റവാളിയാണെന്ന് മാഡം കരുതുന്നുണ്ടോ? വാസിറ്റ് എ മർഡർ? എന്തായിരുന്നു പോലിസിന്റെ കണ്ടെത്തൽ? എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട്...?

രസച്ചരട് പൊട്ടിച്ചുകൊണ്ടുള്ള ആ മുരടൻ ചോദ്യം കേട്ടപ്പോൾ പലരും ഉറക്കെ ചിരിച്ചു. ഗൗരവക്കാരനായ ഡോക്ടർ റോയ്ചൗധരിപോലും കുലുങ്ങിച്ചിരിക്കുന്നു.

ഒന്നുമടിച്ചിട്ട് പ്രിയംവദ മറുപടി പറഞ്ഞു:

'അയാം സോറി സേർ,' പ്രിയംവദ പറഞ്ഞു: 'നമ്മുടെ കൂട്ടർ പൊതുവെ അരസികരാണെന്നാണ് കേൾവി. എന്നാലും ഇത്തരം അക്കാദമിക് കൂട്ടായ്മകളിലെങ്കിലും ലേശം സൽപ്പേര് സൂക്ഷിക്കുന്നതിൽ തെറ്റില്ലെന്ന് തോന്നുന്നു.'

ഹാളിൽ കൂട്ടച്ചിരിയായപ്പോൾ അയാൾ ചുരുണ്ടു. റോയ്ചൗധരിയുടെ മുഖത്താകട്ടെ, ഒരു നിശ്ശബ്ദമായ കൈയടിയുടെ മുഴക്കം.

പിന്നീട് വൈകീട്ട് കണ്ടപ്പോൾ അദ്ദേഹം എടുത്തുപറഞ്ഞതും ആ മാസ്റ്റർ സ്ട്രോക്കിനെപ്പറ്റിത്തന്നെയായിരുന്നു. ഏത് പ്രഭാഷകനും ആൾക്കൂട്ടത്തെ കയ്യിലെടുക്കുന്നത് സമയമൊപ്പിച്ചുള്ള ഇത്തരം ഉഗ്രൻ പ്രഹരങ്ങളിലൂടെത്തന്നെയാണല്ലോ എന്നൊരു ഓർമ്മപ്പെടുത്തലും.

വിഷയം ഓപ്പൺഫോറത്തിന്റെ ചർച്ചയ്ക്കായി വിടുന്നതിനു മുമ്പ് നിവേദിതയെന്ന കന്നിക്കാരിയായ പേഴ്സണൽ ഓഫീസറെ അലട്ടിയിരുന്ന ചില കാതലായ സംശയങ്ങളെപ്പറ്റി പറഞ്ഞുവയ്ക്കാൻ നോക്കുകയായിരുന്നു പ്രിയംവദ.

മുനിയാണ്ടിയുടെ ഭാര്യയുടെ മുഖത്തെ ആ കനത്ത നിസ്സംഗത.

ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഇത് വെറും സ്വാഭാവികമായൊരു പരിണാമം മാത്രമായി മാറുന്നതുപോലെ. ഒരു കുടുംബത്തിനകത്ത് അമ്പത്തൊമ്പതുകാരന്റെ പ്രസക്തിയെക്കുറിച്ചുള്ള ചില കാതലായ ചോദ്യങ്ങൾ ഉണരുകയാണിവിടെ. തങ്ങളെ ഇനി പോറ്റേണ്ടത് ചോരയും നീരുമുള്ള ചെറുപ്പക്കാരനായ മകനായിരിക്കെ ന്യായം എപ്പോഴും അവന്റെ ഭാഗത്തുതന്നെ. ജിവിച്ചുപോകാനുള്ള വ്യഗ്രതയിൽ പഴുത്ത ഇലകൾക്ക് താനേ കൊഴിഞ്ഞുപോകാനായില്ലെങ്കിൽ...

കമ്പനിയിൽനിന്ന് വന്ന തന്നെ ഒന്ന് ശ്രദ്ധിക്കുകപോലും ചെയ്യാതെ, കോഴികളുടെ പുറകെ ഓടിക്കൊണ്ടിരുന്ന മുനിയാണ്ടിയുടെ ഭാര്യ ഇവിടെ വലിയൊരു പ്രതീകമായി മാറുന്നു. അവരുടെ മുഖത്ത് തന്റെ ഒരുപാട് ചോദ്യങ്ങൾക്കുള്ള പ്രായോഗികമായ മറുപടിയുണ്ടെന്ന് നിവേദിതയ്ക്ക് തോന്നി.

മനുഷ്യജന്മംതന്നെ നിരർത്ഥകമായിപ്പോകുന്ന ചില അന്തരാളഘട്ടങ്ങൾ. അപ്പോൾ, മനുഷ്യാവസ്ഥയെപ്പറ്റിയുള്ള ചില അലട്ടുന്ന ചോദ്യങ്ങളുമായി നിവേദിതയിലെ കവി ഉണർന്നിരിക്കാം.

പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അക്കമിട്ട് നിരത്തിയിരുന്ന, മുനിയാണ്ടിയുടെ ശരീരത്തിലെ മുറിവുകളുടെ വിവരങ്ങളിലൂടെ അവൾ പലതവണ കടന്നു പോയിരിക്കണം. ചെറുതും വലുതുമായ ഒട്ടേറെ മുറിവുകളും, ചതവുകളും. താനേ സംഭവിച്ചതോ മറ്റാരോ ഏല്പിച്ചതോ ആയ ആ മുറിവുകളോരോന്നും ഓരോ വലിയ അടയാളങ്ങളാണെന്ന് നിവേദിതയ്ക്ക് തോന്നി. ആലംബമറ്റ ഒരു മനുഷ്യന്റെ ശരീരവും മനസ്സും പ്രതിരോധമില്ലാതെ ഏറ്റുവാങ്ങിയ കുറെ ക്ഷതങ്ങൾ. അവയവങ്ങൾ തിരിച്ച് ഏതൊക്കെ മുറിവുകളായിരിക്കാം അയാൾക്ക് മരണം വിധിച്ചിരിക്കുകയെന്ന് ഡോക്ടർമാർ അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്.

പക്ഷേ, ആ ചുവന്ന അടയാളമിട്ട പ്രധാന മുറിവിന് എത്രയോ എത്രയോ മുമ്പുതന്നെ അയാൾ മരിച്ചുകാണണം. നിവേദിത ഓർത്തു. ഒരു ഡോക്ടർക്കും കണ്ടുപിടിക്കാനാവാത്ത മറ്റൊരു മുറിവ്. ഒരു മനുഷ്യന് മരിക്കാൻ ചോര വീഴ്ത്തുന്ന മുറിവുകളുടെ ആവശ്യമില്ലല്ലോ.

പ്രായോഗികതയുടെ തട്ടിലിട്ട് നോക്കുമ്പോൾ ഈ ഒമ്പത് മരണങ്ങളിലും അസ്വാഭാവികമായി യാതൊന്നും കാണാനായേക്കില്ല, കമ്പനിയിലെ മുതിർന്ന വർക്ക്. ഇതൊക്കെ എത്രയോ കാലങ്ങളായി നടന്നുവരുന്ന വഴക്കങ്ങൾ. മുമ്പേ പോയവരും ഇനി അമ്പത്തൊമ്പതിനോട് അടുക്കാൻ പോകുന്നവരു മൊക്കെ ആ അനിവാര്യതയെ നേരിടാൻ കാലേക്കൂട്ടി മനസ്സുകൊണ്ട് തയ്യാ റെടുത്തവർ. അത്തരമൊരു വലിയ തയ്യാറെടുപ്പിനായി തങ്ങളുടെ കുടും ബത്തെക്കൂടി പാകപ്പെടുത്തിയെടുക്കാൻ അവർ ശീലിച്ചുകാണും.

ഒരു നീണ്ട ജീവിതം മുഴുവൻ അയാളോടൊപ്പം പങ്കിട്ട ഭാര്യ, അയാൾ സ്വന്തം കൈകളിലിട്ട് വളർത്തിയ മകൻ. ഒരു ഉള്ളനക്കങ്ങളുമില്ലാതെ അനിവാര്യമായൊരു ബലിക്കായി അരങ്ങൊരുക്കുന്ന പരികർമ്മികളായി കുറെ ബന്ധുക്കൾ. അയൽപക്കക്കാർ. ചങ്ങാതികൾ.

ലേശം ആശ്വാസത്തിനായി കോവിലുകളിൽനിന്ന് കോവിലുകളിലേക്ക് യാത്ര ചെയ്ത്, ഒടുവിലൊരു നിയോഗംപോലെ എല്ലാം ഏറ്റുവാങ്ങി, ഉഴി ഞ്ഞിട്ട ബലിമൃഗത്തിന്റെ മരവിപ്പോടെ, അയാൾ തള്ളിനീക്കുന്ന അവസാ നത്തെ കുറെ നാളുകൾ.

പത്തുമുപ്പത്തഞ്ച് വർഷത്തെ പഴക്കമുള്ള ആ ഫാക്റ്ററിയുടെ നില പതുക്കെ മോശമായി വരികയായിരുന്നു. പഞ്ചസാരമില്ലുകൾ പൊതുവെ നേരി ടുന്ന ചില പ്രശ്നങ്ങൾക്കപ്പുറമായി ചെട്ടിയാരുടെ കൂട്ടുകുടുംബത്തിനകത്ത് പെണ്ണുങ്ങൾ തമ്മിലുള്ള പിണക്കങ്ങൾ പെരുകി വലുതായി അത് കമ്പനി യുടെ പ്രവർത്തനത്തെത്തന്നെ അവതാളത്തിലാക്കുന്ന നിലയിലായി. പ്ലാന്റി നകത്താണെങ്കിൽ, നന്നായി ഓടിക്കൊണ്ടിരുന്ന, നവീകരണത്തിന്റെ ഭാഗ മായി വിദേശത്തുനിന്ന് കൊണ്ടുവന്ന ആട്ടോമാറ്റിക്ക് യന്ത്രങ്ങൾ പൊടുന്നനേ നിന്നുപോയത് സീസന്റെ ഒത്തനടുവിൽ. ഇനിയത് ശരിയാക്കണമെങ്കിൽ ജർമ്മനിയിൽനിന്ന് വിദഗ്ദ്ധന്മാർ വരണം. പാർട്സുകൾ മാറ്റാൻ പണമിറ ക്കണം. പോരാത്തതിന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട യൂണിയൻ നേതാ വിന്റെ വക കുത്തിത്തിരിപ്പുകൾ വേറെ.

പ്രശ്നങ്ങൾ മുറുകിവരുമ്പോൾ എല്ലാം ഉദ്യോഗസ്ഥന്മാർക്ക് വിട്ടുകൊടുത്ത് സ്വയം അരൂപികളാകുകയെന്നത് ചെട്ടിയാന്മാരുടെ ഒരു പഴയ തന്ത്രമാണെങ്കിലും ഈ പഞ്ചസാരമില്ലിനോട് ആ കുടുംബത്തിന് മാനസികമായി വലിയ അടുപ്പമുണ്ടായിരുന്നതുകൊണ്ട് ഏറ്റവും മുന്തിയ വാസ്തുവിദഗ്ദ്ധരെ തേടി ആളുകൾ പോയി. കോടമ്പാക്കത്തുനിന്ന് സിനിമാക്കാർക്ക് പ്രിയപ്പെട്ട ഒരാൾ. മായാവരത്തുനിന്നും, തെങ്കാശിയിൽനിന്നും വേറെ ചിലർ. ഓരോരുത്തരുടെയും കൈയിൽ വലിയ പണച്ചെലവുള്ള ഓരോ പ്രതിവിധികൾ.

അങ്ങനെ മുൻവശത്തെ ഗെയിറ്റുകളുടെ സ്ഥാനം അങ്ങോട്ടുമിങ്ങോട്ടും മാറുകയായി. ഓഫീസ് കെട്ടിടത്തിന്റെ മുഖപ്പ് മാറ്റി അങ്ങിങ്ങായി ചില ഇടിക്കലും പൊളിക്കലും, കൂട്ടിച്ചേർക്കലുമൊക്കെ. ചില യന്ത്രങ്ങളുടെ സ്ഥാനം മാറുന്നു. ചിലരുടെ ഇരിപ്പിടങ്ങൾ മാറുന്നു.

പിന്നീട് കൊടികെട്ടിയ കാറുകളിൽ വില്ലുവച്ച ജ്യോത്സ്യന്മാർ വന്നു. കർമ്മികൾ വന്നു. ഫാക്റ്ററിയുടെ പുകക്കുഴലുകളിൽനിന്ന് ഉയരുന്നതിനെക്കാൾ പൊക്കത്തിൽ ഹോമകുണ്ഡത്തിലെ പുക പൊങ്ങി.

പക്ഷേ, വാസ്തുക്കാരുടെയും ജ്യോത്സ്യന്മാരുടെയും കവിടികളുടെയും, രാശിചക്രങ്ങളുടെയുമൊക്കെ അപ്പുറമുള്ള വലിയൊരു സാദ്ധ്യതയായിരുന്നല്ലോ നിവേദിതയുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നത്. ആരുടെയോ ഒക്കെ കൊടുംശാപം ഈ കമ്പനിക്കു മുകളിൽ ഒരു കറുത്ത പുകപടലമായി തൂങ്ങിനിൽക്കുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ തന്ത്രവും മന്ത്രവുമല്ലല്ലോ വേണ്ടത്. ഒരുപക്ഷേ, മുമ്പേ പോയ കുറെ ആത്മാക്കളുടെ നിറഞ്ഞ ആശീർവാദം. ശേഷിച്ചവരുടെ ഉള്ളു നിറഞ്ഞ പ്രാർത്ഥന.

പ്രിയംവദാമേനോൻ പറഞ്ഞുവയ്ക്കുകയായിരുന്നു.

ഈ ഫാക്റ്ററിയുടെ ചരിത്രത്തിൽ, ഒരു നീണ്ട കാലയളവിനു ശേഷം, ഒരു സാധാരണ തൊഴിലാളി തനിക്ക് അർഹതയുള്ള അറുപത് വയസ്സും തികച്ച്, നിറഞ്ഞ മനസ്സോടെ ഒപ്പം പണിയെടുത്തിരുന്നവരോടൊക്കെ നന്ദിയും പറഞ്ഞ്, അവരെ അനുഗ്രഹിച്ച്, അവരുടെ ഉള്ളിൽ തട്ടിയ ആശംസകൾ ഏറ്റുവാങ്ങി, ഈറനണിഞ്ഞ കണ്ണുകളോടെ, തന്റെ ഒരു ജന്മംതന്നെ എരിച്ചു തീർത്ത ആ കെട്ടിടങ്ങളിലേക്ക് അവസാനമായൊന്ന് തിരിഞ്ഞുനോക്കി, ഗെയിറ്റും കടന്നുപോകുന്ന ദിവസമേ ഈ കമ്പനിക്ക് മേൽഗതിയുണ്ടാകൂ. ചെട്ടിയാന്മാരുടെ പൊന്നാടകളെക്കാൾ എത്രയോ വിലപിടിച്ചതാണ് മുമ്പേ പോയവരുടെ ആശീർവാദം.

പൂർവികരുടെ ആശീർവാദമെന്ന ആ വലിയ സങ്കല്പം യുക്തിക്ക് തീരെ നിരക്കാത്തതാണെങ്കിലും, ഇത്തരം സങ്കല്പങ്ങളും വിശ്വാസങ്ങളുമാണല്ലോ ഒരു ജനതയെ, ഒരു സംസ്കാരത്തെയാകെ നിലനിറുത്തിക്കൊണ്ട് പോകുന്നത്.

പ്രിയംവദാമേനോൻ പറഞ്ഞ് നിറുത്തിയപ്പോൾ ആരൊക്കെയോ അമർത്തി ചിരിച്ചു.

'ഈ സൈബർയുഗത്തിൽ, അനാഥപ്രേതങ്ങളെ ഗതിവരുത്തേണ്ട ഗതികേടും പേഴ്സണൽ ഡിപ്പാർട്ട്മെന്റിനുതന്നെ അല്ലേ മാഡം! പറഞ്ഞുപറഞ്ഞ് നിങ്ങൾ ഞങ്ങളെയൊക്കെ നൂറ്റാണ്ടുകൾക്കു പുറകോട്ട് നടത്താൻ നോക്കുകയാണ്.'

പരിഹാസച്ചിരിയോടെ അങ്ങനെ പറഞ്ഞത് നേരത്തേ ഒന്ന് ചമ്മിപ്പോയ ആ മദ്ധ്യവയസ്കനായിരുന്നു. അതിനോട് പ്രതികരിക്കാതെ മീനാക്ഷി പ്പാളയത്തെ ആ കമ്പനിയിലെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ചില കാതലായ ചോദ്യങ്ങൾ സ്വയം ചോദിക്കാൻ നോക്കുകയായിരുന്നു, പ്രിയംവദ.

കുടുംബമെന്ന ആ കൊച്ചുയൂണിറ്റിൽ ഒരു ഘട്ടത്തിൽ പ്രസക്തി നഷ്ട പ്പെടുന്ന മുതിർന്നവർ. പിതൃഹത്യയെന്ന ഏഴ് ജന്മങ്ങളിലൂടെ കടന്നു പോയാലും ഗതികിട്ടാത്ത ആ മഹാപാപത്തെ പ്രായോഗികതലത്തിൽ എന്തു ലാഘവത്തോടെയാണ് ഒരു കുടുംബം നോക്കിക്കാണുന്നത്? സ്വയമൊരു കുറ്റവിചാരണ നടത്താൻ കെല്പില്ലാത്ത വെറും സാധാരണ തൊഴിലാളി കൾ. ഇത്തരം പല മരണങ്ങളും കണ്ട മുതിർന്നവരുടേതായ ഗ്രാമപഞ്ചായ ത്തിനുപോലും ഇതൊരു സാമൂഹ്യപ്രശ്നമാകുന്നില്ല.

ഇത്തരം കൂട്ടമരണങ്ങളെ പിന്താങ്ങുന്ന തരത്തിലായിരുന്നല്ലോ കമ്പ നിയുടെ നീക്കങ്ങളും. അവരെ സംബന്ധിച്ചിടത്തോളം ഇവിടെ കച്ചവട ത്തിലെ ധാർമ്മികതയെക്കാൾ വെറും സാധാരണ മാനുഷികതയെങ്കിലും പ്രശ്നമാകേണ്ടതായിരുന്നു. പിതൃഹത്യയെന്ന മഹാപാപം വലിയൊരു പുക ക്കൂട്ടമായി പിന്നീടാ കെട്ടിടങ്ങൾക്കു മുകളിൽ തൂങ്ങിനിന്നിട്ടും മുമ്പേ പോയ വർ ശേഷിപ്പിച്ച അടയാളങ്ങൾ അവർക്ക് കാണാനായില്ല.

വാസ്തുക്കാരുടെ ചെപ്പടിവിദ്യകൾക്കും, മഹാകാർമ്മികരുടെ മന്ത്രോ ച്ചാരണങ്ങൾക്കും ശമിപ്പിക്കാനാവാത്ത മനുഷ്യന്റെ ആകുലതകൾ, ധർമ്മ സങ്കടങ്ങൾ.

എല്ലാം കഴിഞ്ഞപ്പോൾ അവിടവിടെയായി ചില കൈയടികൾ കേട്ടു. പക്ഷേ, കൈയടിക്കുന്നവരുടെ കൂട്ടത്തിൽ റോയ്ചൗധരിയില്ലായിരുന്നെന്ന് പ്രിയംവദ പ്രത്യേകം ശ്രദ്ധിച്ചു.

തന്റെ സെഷൻ അവസാനിച്ചപ്പോൾ പുറത്ത് മഴ പെയ്യാൻ തുടങ്ങിയി രുന്നുവെന്ന് പ്രിയംവദ ഓർത്തു. ഗോവയിലെ മഴക്കാലം തുടങ്ങുകയായി. സംഘാടകർ വലിയ കരുതലോടെ തിരഞ്ഞെടുത്തതും ഈ മഴക്കാലം തന്നെ.

പങ്കെടുത്തവരുടെ പ്രതികരണങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമായി രുന്നു. ഇത്തവണത്തെ സെമിനാറിൽ ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ട, ചർച്ച ചെയ്യപ്പെടുന്ന, പ്രബന്ധം തന്റേതുതന്നെയായിരിക്കും. കാരണം ഇതിൽ ജീവി തമെന്ന പ്രഹേളികയുണ്ട്. തമ്മിൽ പോരടിച്ചും, തോൽപിച്ചും, കൊന്നും തന്റെ കൊച്ചുജീവിതത്തെ ഉന്തിത്തള്ളി മുന്നോട്ടുകൊണ്ടുപോകാനുള്ള സാധാരണ മനുഷ്യന്റെ വ്യഗ്രതയുണ്ട്.

ആരൊക്കെയോ അഭിനന്ദിക്കാനെത്തി. ഇൻഡസ്ട്രിയിൽനിന്നുള്ളവർ, ഗവേഷണവിദ്യാർത്ഥികൾ, പ്രൊഫസറന്മാർ. പക്ഷേ, അടുത്ത സെഷനിൽ പങ്കെടുക്കാനായി മറ്റൊരു ഹാളിലേക്ക് നടക്കുമ്പോൾ പ്രിയംവദയുടെ മനസ്സ് തെല്ലൊന്ന് കലങ്ങിയിരുന്നു.

തനിക്ക് കേൾക്കേണ്ടിയിരുന്നത് ഒരാളുടെ പ്രതികരണം മാത്രം. നല്ല തായാലും ചീത്തയായാലും ഒരാളുടെ അഭിപ്രായം മാത്രം. പക്ഷേ, ഡോക്ടർ സാബ് മാത്രം ഒന്നും പറഞ്ഞില്ല. ചർച്ചകളിൽ പങ്കെടുത്തതുകൂടിയില്ല. മറ്റു ള്ളവർ വലിയ ആവേശത്തോടെ സംസാരിക്കുമ്പോൾ പൈപ്പും കടിച്ചു

പിടിച്ച്, ചുണ്ടുകളുടെ കോണിൽ ഒരു കോടിയ ചിരിയുമായി റോയ്ചൗധരി അങ്ങനെ ഇരുന്നു.

എന്തായാലും അങ്ങോട്ടുചെന്ന് അഭിപ്രായം ചോദിക്കില്ലെന്ന വാശിയായിരുന്നു പ്രിയംവദയ്ക്ക്. കാരണം, ഇത്തരമൊരു വിഷയത്തിന്റെ കൗതുകകരമായ പശ്ചാത്തലത്തെക്കുറിച്ച് താൻ ആദ്യം അറിയിച്ചത് അദ്ദേഹത്തെയായിരുന്നു. ആ സംഭവം തന്നെ വല്ലാതെ അലട്ടിയതായി ഉടനെതന്നെ മറുപടിയും വന്നു. മാത്രമല്ല, പാപബോധം അലട്ടാത്ത ഒരു പുതിയ തലമുറ എന്റെ ഉറക്കം കെടുത്തുന്നുവല്ലോ, പ്രിയംവദാ, അദ്ദേഹം എഴുതി. ആദിപാപം തൊട്ട് എത്രയോ കൊടുംപാപങ്ങളുടെ പരിശോധനകളിലൂടെയാണ് മനുഷ്യരാശി തന്നെ ഇന്നത്തെ അവസ്ഥയിലേക്ക് രൂപാന്തരപ്പെട്ടു വന്നത്. ഇത് പ്രാകൃതമായ ചോദനകളിലേക്കുള്ള തിരിച്ചുപോക്ക് മാത്രം. അതിനുള്ള നിലപാടുതറകൾ ഒരുക്കാനായി പ്രായോഗികതയുടെ ചുവടു പിടിച്ചുള്ള കുറെ വ്യാഖ്യാനങ്ങൾ.

എന്തായാലും ഇതിൽ അടങ്ങിയിരിക്കുന്ന ആ വലിയ സമസ്യയെ ഒരു ശരാശരി ഇന്ത്യൻ കുടുംബപശ്ചാത്തലത്തിൽനിന്ന് അടർത്തിമാറ്റി കുറെക്കൂടി ആഴത്തിൽ കാണാതെ വയ്യ. നമ്മുടെ പാരമ്പര്യവും, വിശ്വാസങ്ങളുമായി പിണഞ്ഞുകൂടിക്കിടക്കുന്ന ചില നാടൻ മിത്തുകളുടെ സാദ്ധ്യതകളെപ്പറ്റി പരിശോധിക്കുന്നതും നല്ലതുതന്നെ. പക്ഷേ, വല്ലാതെ പൊലിപ്പിക്കുന്ന പരിവേഷങ്ങൾ ഒഴിവാക്കുകയാവും ഭേദം. അതായത്, മണ്ണിൽ വേരുകളുള്ള, പ്രാദേശികതലത്തിൽ പ്രസക്തിയുള്ള അന്വേഷണങ്ങളാണ് വേണ്ടത്.

അതിനുവേണ്ടിയുള്ള അദ്ധ്വാനമായിരുന്നു ഇത്രയും നാളുകളിൽ. അപ്പോഴൊക്കെ തന്റെ വലിയ പരിമിതികളും അവർക്ക് ബോദ്ധ്യപ്പെട്ടുവന്നിരുന്നു. തന്റെ പേപ്പർ വെറുമൊരു അക്കാദമിക് പ്രബന്ധമാകരുതെന്ന് വലിയ നിർബന്ധമായിരുന്നു പ്രിയംവദയ്ക്ക്. കാരണം, പൊള്ളുന്ന ജീവിതത്തെ തൊടാൻ മടിക്കുന്ന അക്കാദമിക് പണ്ഡിതന്മാരുടെ പ്രബന്ധങ്ങൾക്ക് ചൂടും ചൂരും കുറവായിരിക്കും; അതുകൊണ്ടുതന്നെ പ്രസക്തിയും.

നേരാണ് പ്രിയംവദാ, ഡോക്ടർസാബ് ഒരിക്കൽ സൂചിപ്പിച്ചിരുന്നു. പ്രൊഫസർമാരുടെ വംശത്തിൽപെടുമെങ്കിലും കുലമഹിമ ലേശം കുറവായതുകൊണ്ടാകാം അവരെന്നെ കൂട്ടത്തിൽ ചേർക്കാറില്ല, പലപ്പോഴും. പിന്നെ ലേശം കാറ്റും വെളിച്ചവും കയറുന്ന വേറിട്ട ചിന്ത എനിക്ക് സാദ്ധ്യമാകുന്നതും അവർക്ക് രുചിക്കാത്ത കാര്യംതന്നെ. അല്ലെങ്കിലും വഴിമാറി നടക്കുന്നവരെ ഉൾക്കൊള്ളാൻ ഏത് സമൂഹത്തിനാണ് താത്പര്യം?

കടലാസ്സുകൾ കുത്തിനിറച്ച ബാഗും തൂക്കിപ്പിടിച്ച് അടുത്ത ഹാളിലേക്ക് നടക്കുമ്പോൾ പുറകിൽനിന്ന് നന്നേ പരിചയമുള്ള ശബ്ദത്തിൽ ആരോ പേര് വിളിക്കുന്നതു കേട്ടു. തിരിഞ്ഞു നോക്കുമ്പോൾ തൊട്ടുപുറകിലായി ഡോക്ടർസാബ്.

'നന്നായിരുന്നു മിസ്സിസ്സ് മേനോൻ! വെൽ ഡൺ!'

എല്ലാവരും പറയുന്നതുപോലെയുള്ള ഒഴുക്കനായ കുറെ ഭംഗിവാക്കുകൾ. എന്നാലും അത് സദസ്സിൽവച്ച് നാലാളുകൾ കേൾക്കേ പറയാമായിരുന്നു.

'നേരുപറഞ്ഞാൽ ഉള്ളടക്കത്തേക്കാൾ നന്നായത് തന്റെ ആ അവതരണമായിരുന്നെന്ന് തോന്നുന്നു.'

അത് തീരെ ഇഷ്ടപ്പെട്ടില്ലെന്ന് തന്റെ മുഖത്തുനിന്ന് വായിച്ചിട്ടാകണം, ഡോക്ടർസാബ് ഉടനെ തിരുത്താൻ നോക്കി.

'അല്ലാ, അവതരണം ഉള്ളടക്കത്തേക്കാൾ കേമമാകുന്നതിൽ അപാക തയൊന്നുമില്ല കേട്ടോ. ഇൻഡസ്ട്രിയിൽനിന്ന് വരുന്നവർ മുരടന്മാരായ പ്രൊഫസർമാരേക്കാൾ സ്മാർട്ടാകുന്നത് എത്രയോ സ്വാഭാവികമാകുന്നു.'

ഒന്നുനിറുത്തിയിട്ട് തന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കിയിട്ട് ഡോക്ടർ സാബ് തുടർന്നു.

'ഒന്നുമാത്രം പറഞ്ഞോട്ടെ, വെറും ഭംഗിവാക്കല്ല, കേട്ടോ. ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലായി, എത്രയോ സെമിനാറുകളിൽ പങ്കെടുത്തിരിക്കുന്നു. പക്ഷേ, ഇന്നത്തെ തന്റെ പേപ്പർ ഉഗ്രൻ. വിഷയത്തിന്റെ പുതുമയും അവതരണത്തിന്റെ ആർജ്ജവവുംകൊണ്ടു മാത്രമല്ല കേട്ടോ! ഒന്ന് നിറുത്തിയിട്ട്, എന്തോ ആലോചിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു: 'ഇറ്റ് വാസ് സോ ഡിഫറന്റ്, ബിക്കോസ് യുവാർ വെരിമച്ച് ഡിഫറന്റ്!'

കൂടുതലൊന്നും പറയാൻ നിൽക്കാതെ നീളൻജുബ്ബയുടെ കീശയിൽ നിന്ന് ലൈറ്റർ തപ്പിയെടുത്ത് പൈപ്പിന് തീ കൊളുത്തിക്കൊണ്ട് ഡോക്ടർ സാബ് നടന്നകന്നു.

താനൊരു നിമിഷം തരിച്ചുനിന്നതായി പ്രിയംവദ ഓർക്കുന്നു. പൊടുന്നനെ ഉതിർന്നുവീണ ആ വാക്കുകളിൽ അനാവശ്യമായ അർത്ഥങ്ങളൊന്നും വായിച്ചെടുക്കേണ്ടെന്ന് ഉറപ്പിച്ചിരിക്കെ അല്പം അകലെയായി, വരാന്തയിലെ തൂണിൽ ചാരി ഏതോ ചില കടലാസ്സുകൾ മറിച്ചുനോക്കിക്കൊണ്ടു നിന്നിരുന്ന ഡോക്ടർസാബിന്റെ അടുത്തേക്ക് താൻ സ്വയം നടന്നുചെന്നത് എന്തിനായിരുന്നെന്ന് പ്രിയംവദയ്ക്കുതന്നെ രൂപമില്ലായിരുന്നു. ഒരുപക്ഷേ, അങ്ങോട്ടു ചെല്ലാൻ അദ്ദേഹം തന്നെ അടയാളം കാട്ടിയിരിക്കാം.

പൈപ്പ് ആഞ്ഞുവലിച്ചുകൊണ്ട്, കൈയിലുള്ള കടലാസ്സുകളിൽനിന്ന് മുഖമുയർത്താതെതന്നെ എന്തൊക്കെയോ പിറുപിറുക്കുകയായിരുന്നു ഡോക്ടർസാബ്.

'എന്തേ സർ?' പ്രിയംവദ ചോദിച്ചു.

ആ കടലാസ്സുകളിൽതന്നെ ശ്രദ്ധിക്കുന്നതുപോലെ. പെട്ടെന്ന് മറുപടി കിട്ടിയില്ല. ഇത്തിരി കഴിഞ്ഞ് അദ്ദേഹത്തിന്റെ നേർത്ത ശബ്ദം കേട്ടു.

'താൻ ഫ്രീയാണോ വൈകുന്നേരം?'

'എന്തേ സർ?'

'അല്ലാ ഫ്രീയാണെങ്കിൽ, വിരോധമില്ലെങ്കിൽ, വൈകുന്നേരം കുറച്ചു നേരം സംസാരിച്ചിരിക്കാമെന്ന് കരുതി. രാത്രി ഒരുമിച്ച് ഡിന്നർ കഴിക്കുകയുമാവാം. തന്റെ പേപ്പറിനെപ്പറ്റി ഒരുപാട് പറയാനുണ്ട്. പേടിക്കണ്ടാ, നല്ലതു മാത്രമേ പറയാനുള്ളൂ, ഒരുപാട് നല്ലത്. എനിക്കറിയാം താനിപ്പോൾ ആലോചിക്കുന്നുണ്ടാകും എന്തുകൊണ്ട് അതൊക്കെ നാലു പേർ കേൾക്കെ ഓപ്പൺ ഫോറത്തിൽ പറഞ്ഞില്ല എന്ന്. വേണ്ടെന്ന് കരുതിയിട്ടുതന്നെയായിരുന്നു.'

ഒന്ന് നിറുത്തിയിട്ട് ദൂരെ എവിടെയോ നോക്കിക്കൊണ്ട് റോയ്ചൗധരി തുടർന്നു:

'അല്ലെങ്കിലും നേരിട്ട് പറയേണ്ട കാര്യങ്ങൾ നേരിട്ടുതന്നെ പറഞ്ഞേ പറ്റൂ. ഒന്നൊരക്കൊല്ലത്തെ പരിചയമുള്ള ഇ-മെയിൽ സുഹൃത്തിനെ നേരിൽ

കാണാനായതും ശബ്ദം കേട്ടതും ഇന്നു മാത്രം. ഇനിയെന്നാണ് അത്തരമൊരു സൗഭാഗ്യം വീണുകിട്ടുകയാവോ?'

ഒന്നും പറയാനാകാതെ, അദ്ദേഹത്തിന്റെ മുഖത്തു നോക്കാനാവാതെ, താൻ തലതാഴ്ത്തി നിൽക്കുകയായിരുന്നെന്ന് പ്രിയംവദ ഓർത്തു.

'പ്രിയംവദ താമസിക്കുന്ന ഹോസ്റ്റലിൽനിന്ന് അധികം ദൂരമില്ല എന്റെ ഹോട്ടലിലേക്ക്...'

പ്രിയംവദ അവിടെ നിറുത്തി.

'നേരം ഒരുപാടായി. മോള് കിടന്നോളൂ. നാളെ കാലത്തേ സ്പെഷ്യൽ ക്ലാസ്സുള്ള ദിവസമല്ലേ?'

'അമ്മ മുഴുവൻ പറഞ്ഞില്ല...' നീതു ഓർമ്മപ്പെടുത്തി.

'പറയാം. പലതും പറയാനുണ്ട്. നമ്മുടെ ദിവസങ്ങൾ ഇന്നുകൊണ്ട് അവസാനിക്കുന്നില്ലല്ലോ.'

'എന്നാലും അമ്മ നിറുത്തിയ ഇടം കൊള്ളാം. ആ ഡോക്ടർ റോയ്ചൗധരിയെന്ന മനുഷ്യൻ ഇപ്പോഴെന്റെ ഉള്ളിലങ്ങനെ നിറഞ്ഞുനിൽക്കുകയാണ്. ഇനി ബാക്കികൂടി കേൾക്കാതെ ഉറക്കം വരില്ലല്ലോ.'

പ്രിയംവദ ചിരിക്കാൻ നോക്കി.

'കഥകേട്ട് ഉറങ്ങേണ്ട പ്രായത്തിൽനിന്ന് നീ ഒരുപാട് വളരേണ്ടിയിരിക്കുന്നു, നീതു. കുട്ടിക്കാലംതൊട്ടേ കേട്ട ഒരുപാടു കഥകളിൽനിന്ന് എത്രയോ വിചിത്രമാണ് നമുക്കു മുമ്പിൽ തിരയടിക്കുന്ന ജീവിതമെന്ന് നിനക്കപ്പോൾ മനസ്സിലാകും. കഥയിൽക്കണ്ട മനുഷ്യരിൽനിന്ന് എത്രയോ വ്യത്യസ്തരാണ് നേരിൽ വരുന്ന മനുഷ്യരെന്നും.'

നീതു ഗ്ലാസ്സിലേക്ക് അല്പംകൂടി വൈൻ പകരാൻ തുടങ്ങിയപ്പോൾ പ്രിയംവദ വേണ്ടെന്ന് ആംഗ്യം കാട്ടി.

'നമ്മുടെ ആലീസെങ്ങാനും കാണണമായിരുന്നു ഈ രംഗം. മകൾ അമ്മയ്ക്ക് വൈൻ പകർന്നുകൊടുക്കുന്ന ആ മഹനീയമായ വ്യവസ്ഥിതി നമ്മുടെ നാട്ടിലും വന്നല്ലോ എന്നവൾ സന്തോഷിക്കും. പക്ഷേ, എനിക്കിനി വേണ്ടാ മോളേ. ചെറിയൊരു തലവേദനപോലെ.'

പ്രിയംവദ നെറ്റിയിൽ കൈ അമർത്തി ഉഴിയാൻ തുടങ്ങി. നിരാശ മറച്ചുവെക്കാൻ പണിപ്പെട്ടുകൊണ്ട് നീതു അടുത്തേക്കു ചെന്നു. പതിയെ നെറ്റിയിൽ തലോടുമ്പോൾ അവൾ തിരക്കി:

'തലവേദന വല്ലാതെയുണ്ടോ? ഗുളികകൾ വല്ലതും വേണോ?'

ഒന്നും വേണ്ടെന്ന് തലയാട്ടി പ്രിയംവദ.

'എനിക്കൊന്നുറങ്ങണം. കുറേ ദിവസംകൂടിയിട്ട് ഒന്നു നന്നായിട്ട് ഉറങ്ങണം.'

കുറെനേരം സംസാരിച്ചിരുന്നതുകൊണ്ടാകാം അമ്മയുടെ മുഖത്തെ കനം തെല്ലൊന്ന് കുറഞ്ഞതായി നീതുവിനു തോന്നി.

'ഗുഡ്നൈറ്റ് അമ്മാ, നന്നായി ഉറങ്ങിക്കൊള്ളൂ.' അലിവോടെ പുറത്ത് തട്ടിയിട്ട് അവൾ അമ്മയുടെ നെറ്റിയിൽ ചുണ്ടുകളമർത്തി.

'ഗുഡ് നൈറ്റ്, മോളേ.'

അവർ എഴുന്നേറ്റു. കിടപ്പുമുറിയിലേക്ക് നടക്കുമ്പോൾ അമ്മ പറയാൻ ബാക്കി വച്ച ഭാഗങ്ങളെക്കുറിച്ചുതന്നെ ഓർത്തുപോകുകയായിരുന്നു നീതു.

അല്ലെങ്കിലും, പലപ്പോഴും അമ്മ അങ്ങനെയാണ്. പറഞ്ഞതിനേക്കാൾ കൂടുതൽ പറയാൻ ബാക്കിവച്ച് പൊടുന്നനെ ഒരു കടംകഥയുടെ നടുവിൽ നിന്നെന്നോണം എഴുന്നേറ്റു പോകുമ്പോൾ അവർ പാതിയും സ്വപ്നത്തിലായിരിക്കും. ഉണർവ്വിന്റേതായ ആ മറ്റേ പാതിയിൽ വെളിച്ചത്തേക്കാൾകൂടുതൽ.

അഞ്ച്

നീതുവിന്റെ മുറിയിൽ വെളിച്ചമില്ല. പതിവില്ലാതെ അവൾ നേരത്തേ ഉറങ്ങിപ്പോയെന്ന് തോന്നുന്നു.

പുറത്ത് വീണ്ടും മഴ വീഴാൻ തുടങ്ങിയിരുന്നു. അഞ്ചാം നിലയിലേക്കുള്ള കാറ്റ് വീശിയടിച്ചപ്പോൾ ജനാലകൾ ഉറക്കെയടഞ്ഞു.

അന്നും മഴ പെയ്യുകയായിരുന്നുവെന്ന് പ്രിയംവദ ഓർത്തു. പക്ഷേ, ഇതുപോലെയൊന്നുമല്ലായിരുന്നു. ഗോവയിലെ മഴയ്ക്ക് അന്നൊരു രൗദ്രഭാവമായിരുന്നു. കടലിൽനിന്ന് അടിച്ചുകയറിവരുന്ന കാറ്റിൽ ഒരായിരം കുന്തമുനകളുണ്ടായിരുന്നു. പകലൊക്കെ അടങ്ങിക്കിടന്നിരുന്ന കടൽത്തിരകൾ ഇപ്പോൾ കലിയടങ്ങാതെ പാറക്കെട്ടുകളിൽ തല്ലിയലയ്ക്കുകയാണ്. വീശിയടിക്കുന്ന അലകളായി ആദ്യം ഒരു വർഷക്കാറ്റ് വന്നു. അതിനു പുറകെ മറ്റൊന്ന്. ഇടയ്ക്കിടയ്ക്ക് അനാവശ്യമായ ഇടവേളകളുമായി വീണ്ടും കുറെ കാറ്റുകൾ.

അത്തരം ഇടവേളകളിലൊന്നിൽവച്ചാണ് ഡോക്ടർ റോയ്ചൗധരി സംസാരിക്കാൻ തുടങ്ങിയത്.

'ഐ ലൈക്ക്ഡിറ്റ്... ലൈക്ക്ഡിറ്റ് വെരിമച്ച്,' റോയ്ചൗധരി പറയുകയായിരുന്നു.

കടൽത്തീരത്തുള്ള ഒരു മുന്തിയ ഹോട്ടലിന്റെ കോഫിഷോപ്പിൽ ഇരിക്കുകയായിരുന്നു അവർ. വലിയ തൂണുകൾ അതിരിടുന്ന വരാന്തയിലൊരു ഇടം കണ്ടെത്തുമ്പോൾ റോയ്ചൗധരി പറഞ്ഞു:

'ഇന്നലെ വൈകീട്ട് കടലിലേക്ക് മഴ ചൊരിയുന്നതും നോക്കി ഇവിടെ തനിച്ചിരുന്നപ്പോൾ തോന്നി, ഓരോ കടലിലേക്കും പെയ്യുന്നത് ഓരോ മഴയാണെന്ന്.'

ശരിയാണെന്ന് പ്രിയംവദയും ഓർത്തു. താൻ പലപ്പോഴും നീതുവിനോട് പറയാറുള്ളതുപോലെ, തങ്ങളുടെ കെട്ടിടത്തിലെ ഓരോ നിലകളിലേക്കും അടിച്ചു കയറുന്നത് ഓരോ കാറ്റുകൾ. ഓരോ ജാലകത്തിൽനിന്നും കാണാനാവുന്നത് ഓരോ മഴകൾ.

'അതു മാത്രമല്ല, അമ്മേ!' നീതു കൂട്ടിച്ചേർത്തു: 'ഓരോരുത്തർക്കായി ഓരോ മഴകൾ, ഓരോ കാറ്റുകൾ. ഈ മഴയും, കാറ്റും, ഇരുട്ടുമൊക്കെ ഉണ്ടാകുന്നതും, നഷ്ടപ്പെടുന്നതുമൊക്കെ നമ്മുടെ ഉള്ളിൽത്തന്നെയല്ലേ, അമ്മേ.'

'നിനക്കറിയ്യോ മോളേ, മഴയായി പെയ്തിറങ്ങുന്ന ഓരോ വെള്ളത്തുള്ളിക്കും ഓരോ കഥകൾ പറയാനുണ്ടാകും. അങ്ങനെ ഓരോ മഴയ്ക്കും ഓരോ കഥകൾ. ആഴമറിയാത്ത ജലാശയങ്ങളുടെ അടിപ്പരപ്പിലെ വിങ്ങലുകൾക്കു നടുവിൽ തന്റേതായി ഒരിടം ഇല്ലാതാകുമ്പോൾ, ആകാശം വലിയൊരു അഭയസ്ഥാനമാകുന്നു. അടിത്തട്ടിന്റെ ധർമ്മസങ്കടങ്ങളിൽനിന്ന് രൂപം

കൊള്ളുന്ന ഈർപ്പമായി പൊങ്ങി, മേഘങ്ങളുടെ ഉള്ളറകളിലേക്ക് ഒതുങ്ങിക്കൂടുമ്പോൾ എന്നോ നഷ്ടപ്പെട്ടുപോയ ആ പ്രിയപ്പെട്ട ലോകത്തെക്കുറിച്ചുള്ള ഓർമ്മകൾ അലട്ടുകയായി. നീണ്ട കാത്തിരിപ്പിനുശേഷം, ഒടുവിലെന്നോ നിനച്ചിരിക്കാത്ത നേരത്ത് വന്നെത്തുന്ന മോചനത്തിന്റെ നിമിഷം. ഉയരങ്ങളിൽനിന്ന് വലിയൊരു പ്രവാഹമായി പെയ്തിറങ്ങുന്ന മഴയുടെ ഭാഗമായി, തന്നെ ഗർഭംധരിച്ച ജലാശയത്തിന്റെ അടിവയറ്റിലേക്ക്, തലയും താഴ്ത്തി, നിശ്ശബ്ദമായൊരു മടങ്ങിപ്പോക്ക്...'

'അമ്മ കവിത പറയുന്നു!'

'അതെ മോളേ, വലിയ മോഹമായിരുന്നു ഒരുകാലത്ത്. കവിത ചൊല്ലാനുള്ള കഴിവില്ലാത്തതുകൊണ്ടു പറഞ്ഞൊപ്പിക്കാൻ നോക്കുന്നു.'

ഡോക്ടർസാബിന്റെ ശബ്ദം കേട്ടപ്പോൾ പ്രിയംവദയുടെ ഓർമ്മകൾ മുറിഞ്ഞുപോയി.

'നേരു പറയാല്ലോ, ഇന്നലെ കടലിലേക്ക് മഴപെയ്യുന്നതും നോക്കിയിരിക്കുമ്പോഴാണ് തനിച്ചാണെന്ന തോന്നൽ തെല്ലൊന്ന് അലട്ടാൻ തുടങ്ങിയത്.' ഡോക്ടർസാബ് തുടർന്നു: 'ദൂരെ കരയുടെ ഏതോ വളവിൽനിന്ന് സെർച്ച് ലൈറ്റിന്റെ കത്തുന്ന കണ്ണ് ഒരു കള്ളനോട്ടമെറിഞ്ഞ് കടന്നുപോകുന്നത് കാണാമായിരുന്നു. ഈ കടലും, കാറ്റും, മഴയുമൊക്കെ നമ്മെ പലതും ഓർമ്മിപ്പിക്കുന്നു. പ്രത്യേകിച്ചും തനിച്ചാകലിനെപ്പറ്റി.'

പ്രിയംവദയാകട്ടെ ഒന്നും പറഞ്ഞില്ല. സെർച്ച്ലൈറ്റിന്റെ തുളച്ചുകയറുന്ന കള്ളക്കണ്ണിലേക്ക് നോക്കാതിരിക്കാൻ അവർ മുഖം തിരിച്ചു.

'പ്രിയംവദ എന്താണ് ആലോചിക്കുന്നത്?' ഡോക്ടർസാബ് ചോദിച്ചു.

'ഓ, ഒന്നുമില്ല, സർ.'

കോമ്പൗണ്ടിന്റെ മതിൽക്കെട്ടിൽ തല്ലിയലയ്ക്കുന്ന തിരമാലകളിലേക്കു തന്നെ നോക്കിയിരിക്കുകയായിരുന്നു പ്രിയംവദ. കൊഴുത്ത ഇരുട്ടിൽ, കടൽപ്പാമ്പുകളെപ്പോലെ പിണഞ്ഞുകൂടി, നാവുകൾ നീട്ടി, പ്രാകൃതമായൊരു ആസക്തിയുടെ സീൽക്കാരത്തോടെ കരയിലേക്കടിച്ചുകയറുന്ന തിരമാലകളെ ശരിക്ക് കാണാനാകുമായിരുന്നില്ല. മതിലിനോടു ചേർന്ന് കടലിലേക്ക് തിരിച്ചുവച്ചിരിക്കുന്ന സ്പോട്ട്ലൈറ്റിന്റെ വെട്ടത്തിൽ, ഉയർന്നു പൊങ്ങുന്ന അലകളുടെ നെറുകയിൽ നുരകളായി പതഞ്ഞ് തെല്ലുനേരം നിൽക്കുന്ന വെളിച്ചം മാത്രം.

അല്പം കഴിഞ്ഞപ്പോൾ പ്രിയംവദ പതുക്കെ പറഞ്ഞു:

'ഇവിടെയിപ്പോൾ കടൽ വെറും ശബ്ദമാണ് സർ,' പ്രിയംവദ പറഞ്ഞു: 'കാറ്റും ശബ്ദം മാത്രം.'

'ഇവിടത്തെ മഴക്കാലം കാണാൻ വരുന്നത് കൂടുതലും വിദേശികളാണത്രെ. മൂടിക്കെട്ടിയ പകലുകളും നിലയ്ക്കാത്ത മഴക്കാലവും കടലിന്റെ രൗദ്രഭാവവുമൊക്കെ അവർക്ക് പുതിയ കാഴ്ചകൾ,' റോയ്ചൗധരി പറഞ്ഞു: 'ഇത്തരം മുന്തിയ ഹോട്ടലുകളിൽ ഒരിക്കലും കാണപ്പെടാൻ സാദ്ധ്യതയില്ലാത്ത ഗോളാന്തരജീവികളായി ഇപ്പോൾ നാമിവിടെ. ഞാനെങ്ങിനെ ഇവിടെ വന്നുപെട്ടുവെന്ന് താൻ അത്ഭുതപ്പെടുന്നുണ്ടാകും. അത് ഇവിടത്തെ ജനറൽ മാനേജരായ എന്റെ പഴയൊരു സ്റ്റുഡന്റിന്റെ ഔദാര്യം. നന്നേ പഴയൊരു ക്ഷണത്തിന്റെ നിർവ്വഹണമായി ഒരു മൂന്നാലു ദിവസം അവന്റെ ഔദാര്യത്തിൽ കുളിച്ചു താമസം. ചെറിയൊരു കുചേലവൃത്തം. അല്ലെങ്കിലും കൊട്ടാ

രങ്ങളിൽ അന്തിയുറങ്ങാനുള്ള ഇത്തരം അപൂർവ്വ സൗഭാഗ്യങ്ങൾ ചിലപ്പോൾ രാജഗുരുക്കളെയും തേടിവരാറുണ്ടല്ലോ?'

വീണ്ടും നീണ്ട നിശ്ശബ്ദത. ഡോക്ടർസാബ് തന്റെ ഗ്ലാസ്സിലെ തിളങ്ങുന്ന ദ്രാവകം മെല്ലെ മൊത്തുകയാണ്.

'നേര് പറയാല്ലോ, പ്രിയംവദാ. തന്റെയാ പേപ്പർ! എനിക്കതു വല്ലാതെ ഇഷ്ടപ്പെട്ടു. നമ്മുടെ ഗ്രാമങ്ങൾ ഇപ്പോഴും ഇങ്ങിനെയൊക്കെത്തന്നെയാണല്ലോ എന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു.'

'ഇവിടെ പ്രശ്നം ഗ്രാമങ്ങളുടേത് മാത്രമല്ലല്ലോ സർ. അടിസ്ഥാനപരമായി മനുഷ്യന്റേതുതന്നെ. അവന്റെ വ്യാമോഹങ്ങൾ, ജീവിച്ചുപോകാനുള്ള വ്യഗ്രത.'

തന്റെ പേപ്പർ ഏതു തരത്തിലാണ് ഇഷ്ടപ്പെട്ടതെന്ന് ചോദിക്കാൻ മുതിർന്നില്ല പ്രിയംവദ. പക്ഷേ, അവരുടെ മുഖത്തുനിന്ന് ആ ചോദ്യം വായിച്ചെടുത്തിട്ടെന്നപോലെ അദ്ദേഹം കൂട്ടിച്ചേർത്തു:

'ഉള്ളടക്കത്തിന്റെ പ്രത്യേകതകൊണ്ടു മാത്രമല്ല പേപ്പർ ശ്രദ്ധിക്കപ്പെട്ടത്. ബിക്കോസ് യുവേർ സോ ഡിഫറന്റ്. ഡിഫറന്റ് ഇൻ എവരി റെസ്പക്റ്റ്.'

വിണ്ടും അതേ അനാവശ്യമായ, മുഷിപ്പിക്കുന്ന ആവർത്തനം.

പ്രിയംവദ ഒരുനിമിഷം പകച്ചിരുന്നുപോയി. അതേവരെ അലസമായി എവിടെയോ ഒക്കെ മേഞ്ഞുനടന്നിരുന്ന റോയ്ചൗധരിയുടെ നോട്ടം ഇപ്പോൾ തന്റെ മുഖത്തുതന്നെ തറച്ചിരിക്കുകയാണല്ലോ എന്നവർ ഓർത്തു. നന്നേ ചൂടുള്ള ഒരു വിരൽസ്പർശമായി, അത് തന്റെ മുഖത്തുകൂടെ ഇഴഞ്ഞിഴഞ്ഞു പോകുന്നതുപോലെ.

ആ നോട്ടത്തിൽ കൂടുതൽ അർത്ഥങ്ങൾ കണ്ടെത്താൻ പ്രിയംവദ മടിക്കുന്നതിനിടയിൽ റോയ്ചൗധരിയുടെ ശബ്ദം വീണ്ടും കേട്ടു:

'വെറുതെ വ്യത്യസ്തം എന്നൊക്കെ പറഞ്ഞാൽ അതൊരു പൊള്ള വാക്കാകുമെന്ന് അറിയാതെയല്ല. പക്ഷേ, പ്രിയംവദയെ ചുറ്റിയുള്ള എല്ലാമെല്ലാം ഏറെ വ്യത്യസ്തമാകുന്നു എന്നതാണ് നേര്. ആ പേപ്പറിനെപ്പറ്റി മാത്രമല്ല ഞാൻ പറയുന്നത്. പ്രോബബ്ലി എവരിതിങ് എറൗണ്ട് യു. തന്റെ ആ ടോട്ടൽ പേഴ്സണാലിറ്റിതന്നെ. അങ്ങനെ പറയുമ്പോൾ ആ സവിശേഷമായ മുഖപ്രസാദം മാത്രമല്ല, എല്ലാം ഞാൻ ശ്രദ്ധിക്കുകയായിരുന്നല്ലോ. അതായത് തന്റെ ഓരോ ചെറിയ ചലനങ്ങൾകൂടി. സംസാരിക്കുമ്പോൾ പുരികത്തിന്റെ, കൈവിരലുകളുടെ, ചുണ്ടുകളുടെ അനക്കങ്ങൾ, ആ ലളിതമായ വേഷം...'

പ്രിയംവദയാകട്ടെ തരിച്ചിരിക്കുകയാണ്. ഇപ്പോൾ റോയ്ചൗധരിയുടെ ചൂടുള്ള നോട്ടം തന്റെ മുഖത്തേയല്ല. ഇരുണ്ട മഴ പെയ്തിറങ്ങുന്ന കടലിലേക്ക്, തുറന്ന കോഫിഷോപ്പിന്റെ തിണ്ണയിലേക്ക്, അടിച്ചുകയറുന്ന കാറ്റിലേക്ക് അദ്ദേഹം എന്തൊക്കെയോ തുടർച്ചയായി എറിഞ്ഞു കൊടുത്തുകൊണ്ടിരുന്നു.

'സത്യം പറയാമല്ലോ, പ്രിയംവദാ! ഒരുപക്ഷേ, ആ സദസ്സിലിരുന്ന പലരും തന്നെ കേൾക്കുകയായിരുന്നില്ല, കാണുകയായിരുന്നെന്ന് തോന്നിപ്പോയി. എന്നെ സംബന്ധിച്ചാണെങ്കിൽ ഒരുപാട് കാണുകയും, കുറച്ച് കേൾക്കുകയും. അങ്ങനെയൊക്കെ ആലോചിക്കുമ്പോൾ ശകലം അസൂയ ആ മനോഹരമായ കാഴ്ച പങ്കിടുന്ന മറ്റ് സദസ്യരോട്.'

പിന്നീട് ചെറിയൊരു ചിരിയോടെ അദ്ദേഹം കൂട്ടിച്ചേർത്തു:

'പക്ഷേ, പേടിക്കണ്ട കേട്ടോ. തന്നെ കാണാൻവേണ്ടിയല്ല, തന്റെ പ്രബന്ധം കേൾക്കാനാണ്, സാമാന്യം നല്ല തിരക്കിനിടയിലും, ഛത്തീസ് ഗഢിലെ കോൺഫറൻസും മുടക്കി, ഞാൻ ഓടിയെത്തിയത്. കേൾക്കേണ്ട തൊക്കെ വേണ്ടപോലെ കേൾക്കുകയും ചെയ്തു. പൊതുവേ ഈ പ്രൊഫസർമാരുടെ വർഗ്ഗം മോശപ്പെട്ട കേൾവിക്കാരാണെങ്കിലും എന്തൊക്കെ കേൾക്കണമെന്ന തിരിച്ചറിവ് നന്നായുള്ള ഒരാൾതന്നെയാണ് ഞാനെന്ന് കൂട്ടി ക്കോളൂ.'

കെട്ടുപോയ പൈപ്പിന് തീ കൊളുത്തി ആഞ്ഞു വലിക്കുമ്പോൾ പൊങ്ങി വന്ന ചുമ തടസ്സപ്പെടുത്തിയെങ്കിലും എന്തോ ഓർത്തിട്ട്, റോയ്ചൗധരി തുടർന്നു:

'പിന്നീട് മനസ്സിലായി, വന്നില്ലെങ്കിൽ അതൊരു വലിയ നഷ്ടമാകുമായി രുന്നുവെന്ന്. പ്രിയംവദയെ കാണാൻ കഴിയുമായിരുന്നില്ലല്ലോ. കൃത്രിമ ഗ്രഹങ്ങളിലൂടെ പറത്തിവിടുന്ന ഇ-മെയിലുകളുടെ പരിമിതികളെപ്പറ്റി ഞാനി പ്പോൾ നന്നായി മനസ്സിലാക്കുന്നു. അവയ്ക്ക് മറുവശത്തിരിക്കുന്ന ആളെപ്പറ്റി കാര്യമായ സൂചനകളൊന്നും തരാനാവില്ലല്ലോ. ചെറിയ ഊഹങ്ങൾപോലും തെറ്റിപ്പോകുന്നു പലപ്പോഴും. ഇപ്പോൾ തന്റെ കാര്യത്തിലെന്നപോലെ. പണ്ട് യക്ഷന്മാർ സന്ദേശങ്ങളയയ്ക്കാൻ മേഘങ്ങളെ തേടിപ്പോയിരുന്നത് അവ യുടെ ആ ഈർപ്പം നിറഞ്ഞ ആർദ്രതയ്ക്കൊക്കെ അപ്പുറമായി...'

'സർ... ഞാൻ ഞാൻ...'

വല്ലാത്ത പരിഭ്രമത്തോടെ ഇടയിൽ കയറി എന്തൊക്കെയോ പറയാൻ പ്രിയംവദ തുനിഞ്ഞപ്പോൾ റോയ്ചൗധരി കൈ ഉയർത്തി തടഞ്ഞു:

'എനിക്കറിയാം താനെന്താണ് പറയാൻ പോകുന്നതെന്ന്. എന്റെയീ പോക്കത്ര സുമാറല്ലെന്ന്. വേണ്ട, ആ പേടിയേ വേണ്ട. ഞാൻ വെറും രണ്ട് ഡ്രിങ്കല്ലേ കഴിച്ചിട്ടുള്ളൂ. ഒരു മാന്യയായ സ്ത്രീയോട് മാന്യമായി പെരുമാ റാനുള്ള വെളിവൊക്കെ ബാക്കിയുണ്ടെനിക്ക്, പെണ്ണുകെട്ടാൻ മറന്നുപോ യൊരു വയസ്സനാണെങ്കിൽകൂടി. ജിവിതത്തിൽ അത്ര വലിയ കുണ്ടാമണ്ടി കളൊന്നും കാട്ടിയിട്ടില്ലാത്ത ഒരു സാധാരണ അക്കാദമിക് വൃദ്ധൻ, പ്രായ ത്തിലേറെ പാകതയുണ്ടെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ വല്ലാതെ വെപ്രാളപ്പെടുന്ന ഒരു മദ്ധ്യവയസ്ക. ഇവർക്കിടയിൽ എന്ത് ഭീകരമായ അത്യാഹിതമാണ് ഈ മഴ വീണുകുതിർന്ന ഗോവൻസന്ധ്യയിൽ സംഭവി ക്കാൻ പോകുന്നത്.'

ഒന്നും പറയാനാകുന്നില്ല പ്രിയംവദയ്ക്ക്.

നേരിൽ കണ്ടിട്ടില്ലെങ്കിലും ഏറെ നാളുകളായി ഉള്ളിൽ കരുതിവച്ചിരുന്ന കുറെ വാക്കുകളാണ് ഡോക്ടർസാബ് എടുത്തു പെരുമാറുന്നതെന്ന് വ്യക്തം. അല്ലെങ്കിലും ഇ-മെയിൽ സന്ദേശങ്ങളിൽപോലും വാക്കുകൾ തെരഞ്ഞെടു ക്കുന്നതിൽ അദ്ദേഹം കാണിക്കാറുള്ള ഔചിത്യം തന്നെ പലപ്പോഴും അതി ശയിപ്പിച്ചിട്ടുണ്ട്. തന്റെ ഏറ്റവും വലിയ പോരായ്മയും അതുതന്നെ. സംസാ രിക്കുമ്പോൾ, കത്തുകളെഴുതുമ്പോൾ, കൈവശമുള്ള വാക്കുകളുടെ പരി മിതിയെപ്പറ്റി ബോധ്യമാകുന്നു. പ്രധാനപ്പെട്ട ഇടങ്ങളിൽ പലപ്പോഴും തിരുകി ക്കയറ്റുന്നത് തീരെ ബലമില്ലാത്ത വാക്കുകൾ, ഓജസ്സില്ലാത്ത പ്രയോഗ ങ്ങൾ. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ മിടുക്കിനെപ്പറ്റി ഒരിക്കൽ സൂചിപ്പിച്ച

പ്പോൾ, അതൊരു തൊഴിൽപരമായ ആപത്താണെന്ന് പറഞ്ഞുവച്ചു ഡോക്ടർ സാബ്. ആൻ ഓക്കുപ്പേഷണൽ ഹസാർഡ്! വാക്കുകൾകൊണ്ട് പന്താടുക യെന്നത് ഒരു പ്രൊഫസറുടെ തൊഴിലിന്റെ ഭാഗം മാത്രം. ഭാഷകൊണ്ട് സാദ്ധ്യമാകുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്ന് സാർത്ഥകമായ സംവേദനം. മറ്റേത് സമർത്ഥമായ വിരട്ടൽ.

റോയ്ചൗധരി തന്റെ രണ്ടാമത്തെ ഡ്രിങ്ക് തീർക്കുകയായിരുന്നു.

'ഹൗ എബൗട്ട് എ ഡ്രിങ്ക് മിസ്സിസ് മേനോൻ? എന്റെ ഒരു സ്റ്റുഡന്റായിരുന്നെങ്കിൽ ഞാനീ ദുഃസ്വാതന്ത്ര്യമെടുക്കുമായിരുന്നില്ല; പക്ഷേ, താനൊരു കമ്പനിയിലെ സീനിയർ എക്സിക്യൂട്ടീവായ സ്ഥിതിക്ക്...'

'നോ. താങ്ക്യു സർ!' പ്രിയംവദ വല്ലായ്മയോടെ പറഞ്ഞു.

'ഒരു ജിംലെറ്റോ മറ്റോ ആകുന്നതിൽ വലിയ തെറ്റില്ലെന്ന് തോന്നുന്നു. അല്ലെങ്കിൽ ലേശം നിർദ്ദോഷമായ വൈൻ. ഒരു കൂട്ടിനുവേണ്ടി.'

'നോ ഡോക്ടർ സാബ്. എനിക്ക് വേഗം ഹോസ്റ്റലിൽ തിരിച്ചെത്തണം. ഞങ്ങൾ വിരുന്നുപാർക്കുന്ന കോളേജ് ഹോസ്റ്റലിലെ ചട്ടങ്ങൾ വളരെ കണിശമാണ്.'

'അതായത് ഈ പ്രായത്തിലും ഒരു ടീനേജറുടെ സങ്കോചത്തോടെ നിങ്ങൾക്ക് ആ അമ്മച്ചിമാരെ നേരിടേണ്ടി വരുന്നു, അല്ലേ?'

ജി.എമ്മിന്റെ പ്രത്യേക അതിഥിയുടെ അടുത്ത ആജ്ഞയ്ക്കായി സ്റ്റുവാർഡ് വന്നപ്പോൾ ഡോക്ടർസാബ് വിരലുകൾ വളച്ച് ഒരാംഗ്യം കാട്ടി.

'എ ഷോട്ടാ, റിയൽ ഷോട്ടാ, കുട്ടീ, ഇഫ് യു ഡോണ്ട് മൈൻഡ്! അളവു കൂട്ടി നീയെന്നെ ചതിക്കുകയില്ലെന്ന് വിശ്വസിച്ചോട്ടെ.' എന്നിട്ട് പ്രിയംവദയുടെ നേർക്ക് തിരിഞ്ഞിട്ട് പറഞ്ഞു... 'ഒരു മുന്തിയ കാപ്പിക്കടയിൽ ഒരു സ്ത്രീയുടെ ഒപ്പം തനിച്ചിരുന്ന് മദ്യപിക്കുന്നത് മഹാബോറാണെന്ന് അറിയാതെയല്ല. അതും ഇതുപോലെ സുന്ദരിയായ ഒരു കുലാംഗനയുടെ മുമ്പിൽ. പക്ഷേ, മഴ കോരിച്ചൊരിയുന്ന ഈ രാത്രിയിൽ, ഈ മോഹിപ്പിക്കുന്ന ചുറ്റുപാടുകളിൽ, അൽപ്പം മദ്യത്തിന്റെ വില നന്നായറിയുന്നു ഞാൻ.'

വാച്ചിൽ നോക്കിയിട്ട് പ്രിയംവദ ഒന്ന് പരുങ്ങി.

ഇരുട്ടിൽ മഴ കനത്തു വരികയാണ്. വരാന്തയിലേക്കടിച്ചു കയറിയ കാറ്റിന്റെ പാളികൾ അവരുടെ മുഖത്തേക്ക് കുറെയേറെ വെള്ളത്തുള്ളികൾ വീശിയെറിഞ്ഞിട്ട് കടന്നുപോയി.

'ഈ വെള്ളത്തുള്ളികൾ, കളങ്കമറിയാത്ത പിഞ്ചുമുഖങ്ങളെ ഓർമ്മിപ്പിക്കുന്നു. എന്നോ മറന്നുപോയ കുട്ടിക്കാലത്തെയും.' ഡോക്ടർസാബ് പറഞ്ഞു.

തെല്ലൊരു വല്ലായ്മയോടെ പ്രിയംവദ എഴുന്നേൽക്കാൻ നോക്കുകയാണ്.

'സർ, നേരം വല്ലാതെ വൈകുന്നു. എനിക്ക് പോകാതെ വയ്യല്ലോ.'

'പേടിക്കേണ്ടാ മിസ്സിസ് മേനോൻ! ഞാൻ ഡ്രോപ്പ് ചെയ്യാം. അതിനുള്ള സംവിധാനങ്ങളൊക്കെയുണ്ടല്ലോ ഇത്തരം ഹോട്ടലുകളിൽ. ഇവിടംവരെ വന്നിട്ട് എന്റൊപ്പം ഭക്ഷണം കഴിക്കാതെ പോകുന്നത് ഒരു വകയാവും; തന്നെപ്പോലൊരു സീനിയർ എക്സിക്യൂട്ടിവാകുമ്പോൾ പ്രത്യേകിച്ചും. അല്ലെങ്കിലും ഞാനത്രയ്ക്ക് ബോറായൊരു കൂട്ടാണെന്ന് ആരും പറഞ്ഞുകേട്ടിട്ടില്ല, ഇതേവരെ. പ്രത്യേകിച്ചും സ്ത്രീകള്.'

കോമ്പൗണ്ടിന്റെ മതിൽക്കെട്ടിൽ തിരമാലകൾ വന്ന് തല്ലിയലയ്ക്കുകയാണ്. കടൽപ്പാമ്പുകളായി പിണഞ്ഞുകൂടുന്ന അലകളുടെ നെറുകയിൽ പറ്റിപ്പിടിച്ചിരിക്കുന്ന വെളിച്ചത്തിന് നൊടിയിട നേരത്തെ ആയുസ്സ് മാത്രം.

'നോ സർ! പിന്നൊന്ന്, ഞാനിപ്പോൾ മിസ്സിസ് മേനോനല്ല, വെറും പ്രിയംവദയെന്ന് മതി. പിന്നെ കമ്പനി എക്സിക്യൂട്ടീവുകളായ സ്ത്രീകളെക്കുറിച്ച് അങ്ങേക്ക് വേണ്ടാത്ത ധാരണകൾ വേണ്ട...'

ചെറുതായൊന്ന് പരുങ്ങിയെങ്കിലും അതു മറച്ചുകൊണ്ട് റോയ്ചൗധരി ചോദിച്ചു:

'അപ്പോൾ മിസ്റ്റർ മേനോൻ?'

'അങ്ങനെയൊരാൾ ഇപ്പോഴെന്റെ ജിവിതത്തിൽ ഇല്ലെങ്കിലോ?'

'ഓ, അയാം സോറി. റിയലി സോറി!' ഡോക്ടർസാബ് എന്തോക്കെയോ ആലോചിക്കുന്നതുപോലെ തോന്നി. 'എഴുത്തുകുത്തുകളിൽ അങ്ങനെയൊരു സൂചന കണ്ടില്ല എങ്ങും.'

'മറ്റുള്ളവരെ പറഞ്ഞു കേൾപ്പിക്കാൻ അത്രയ്ക്ക് സുഖമുള്ള കാര്യമൊന്നുമല്ലല്ലോ, സർ.'

'അപ്പോൾ നിങ്ങൾ സെപ്പറേറ്റഡ്?'

എന്തോ ഓർത്ത് പ്രിയംവദ തലയാട്ടി.

'ആ, ഏതാണ്ട് അങ്ങനെയൊക്കെത്തന്നെ. നിയമപരമായ നൂലാമാലകളിൽ രണ്ടുപേർക്കും താത്പര്യമില്ലാതിരുന്നതുകൊണ്ട് അതങ്ങിനെ തീർന്നു.'

'എന്നിട്ട് അയാളിപ്പോൾ?'

'ഷിക്കാഗോയിൽ. ഒരു വലിയ കമ്പനിയിലെ ഒരു വലിയ ആൾ.'

'ഒരു ടിപ്പിക്കൽ ഇന്ത്യൻബന്ധമെന്ന് പറഞ്ഞാൽ പരോൾ കിട്ടാൻ പോലും വകുപ്പില്ലാത്ത അതിഭീകരമായൊരു ആജീവനാന്ത തടവാണെന്നാണ് ഞാൻ ഇതേവരെ ധരിച്ചിരുന്നത്. സംഗതി ഇത്രയെളുപ്പമാണെന്ന് അറിഞ്ഞിരുന്നെങ്കില് ആയ കാലത്ത് ഞാനൊരു നാലഞ്ച് കല്യാണങ്ങൾ കഴിക്കുമായിരുന്നു.'

ഡോക്ടർസാബ് ഒച്ചയില്ലാതെ ചിരിച്ചു.

'വേർപെടുത്താനുള്ള സൗകര്യം നോക്കിയല്ലല്ലോ ആരും ബന്ധങ്ങളിൽ ചെന്നുപെടുന്നത് സർ!' പ്രിയംവദയുടെ ശബ്ദം കനത്തതായിരുന്നു: 'ഒരു പക്ഷേ, വിദേശത്തെ പഠിപ്പായിരിക്കും രഞ്ജിത്തിനെ അതിന് പാകപ്പെടുത്തിയത്.'

'ആട്ടെ, താനും അമേരിക്കയിൽ അയാളുടെ ഒപ്പമുണ്ടായിരുന്നില്ലേ?'

'ഉണ്ടായിരുന്നു കുറെക്കാലം. അവിടെവച്ച് ഒരു മാസ്റ്റേഴ്സ് ഡിഗ്രിയെടുക്കാനുള്ള ബുദ്ധി കാട്ടിയതുകൊണ്ട് ഇവിടെ ഇങ്ങനെയൊരു നല്ല കരീയർ സാദ്ധ്യമായി. പിന്നീട് രഞ്ജിത്തിന് ഇവിടെയൊരു കമ്പനിയിൽ നല്ലൊരു ഓഫർ കിട്ടിയപ്പോൾ എന്റെ നിർബന്ധംകൊണ്ടു തിരിച്ചുപോന്നു. അതും പറഞ്ഞായിരുന്നു ആദ്യകാലത്ത് എന്നെ കുത്തിക്കൊണ്ടിരുന്നത്. എന്തോ അയാൾക്ക് തിരിച്ചുപോരണമെന്നില്ലായിരുന്നു. അച്ഛൻ അവിടെയായിരുന്നതുകൊണ്ട് കോളേജ് പഠിപ്പ് അവിടെയായിരുന്നു. ചെറുപ്പത്തിന്റെ നല്ലൊരു ഭാഗം അവിടെ ചെലവഴിച്ചതുകൊണ്ടാകാം, അമേരിക്കയുടെ മായാവലയത്തിൽ നിന്ന് അയാൾക്ക് എളുപ്പത്തിൽ രക്ഷപ്പെടാനാകുമായിരുന്നില്ല.'

പിന്നീട് എന്തോ ഓർത്തതുപോലെ ചൗധരി ചോദിച്ചു:

'അതൊരു പ്രേമവിവാഹമായിരുന്നോ?'

'എങ്കിലെന്ത് നന്നായിരുന്നു. എല്ലാ ഉത്തരവാദിത്വവും സ്വയം ഏറ്റെടുക്കാമായിരുന്നല്ലോ. ഉത്തമത്തിൽ ചേരുന്ന ജാതകങ്ങളെന്ന് പറഞ്ഞു ജ്യോത്സ്യന്മാർ. പത്തിൽ എട്ട് പൊരുത്തം. പക്ഷേ, ഒരിക്കലും ഒത്തുചേരാൻ പാടില്ലാത്തവരായിരുന്നുവെന്ന് മനസ്സിലാക്കാൻ ഞങ്ങൾക്ക് മൂന്നാല് നാളുകളേ വേണ്ടിവന്നുള്ളൂ. എന്നിട്ടും ഒരു ശരാശരി ഇന്ത്യൻ മനസ്സിന്റെ ചാഞ്ചല്യത്തോടെ, നേരിട്ടറിയാത്ത ആരെയൊ ഒക്കെ പേടിച്ച്, അങ്ങനെ ഇഴച്ചുവലിച്ച് കൊണ്ടുപോയി ആ ബന്ധം വർഷങ്ങളോളം...'

'ഒന്നു ചോദിച്ചോട്ടെ പ്രിയംവദാ...' മുന്നോട്ട് ലേശം ആഞ്ഞിരുന്നിട്ട് റോയ്ചൗധരി ചോദിച്ചു: 'വിരോധമില്ലെങ്കിൽ പറഞ്ഞാൽ മതി. എന്തുപറ്റി നിങ്ങളുടെ ഇടയിൽ? വാസ് ഹീ അൺഫെയ്ത്ത്ഫുൾ ടു യു?'

'നോ. നെവർ. അത്തരക്കാരനായിരുന്നില്ല രഞ്ജിത്ത്.'

'പിന്നെ?'

'പോട്ടെ സർ. നമുക്ക് വേറെ വല്ലതും സംസാരിക്കാം.'

പ്രിയംവദ അവിടെ നിറുത്തി. ജീവിതത്തിൽ ആദ്യമായി കാണുന്ന ഒരു മനുഷ്യനുമായി പങ്കുവയ്ക്കാനുള്ളതല്ല ഇത്തരം വ്യക്തിപരമായ കാര്യങ്ങൾ. അതിസാമർത്ഥ്യത്തോടെ, ചാട്ടുളികളെറിഞ്ഞ് ഉള്ളിൽനിന്ന് ഓരോന്ന് തോണ്ടിയെടുക്കാൻ നോക്കുകയാണ് അദ്ദേഹം.

പ്രിയംവദ വീണ്ടും ഇരുണ്ട മഴയിലേക്ക് നോക്കിയിരുന്നു. തണുപ്പിന്റെ കനത്ത അലകളുമായി വലിയൊരു കാറ്റ് അടിച്ചു കയറിയപ്പോൾ അവർ അറിയാതെ ഒന്നു വിറച്ചുപോയി.

'തണുക്കുന്നുണ്ടല്ലേ. ഈ ഷാളെടുത്തോളൂ.'

വേണ്ടെന്ന് പറഞ്ഞിട്ടും അയാൾ തന്റെ ഷാളെടുത്ത് അവരെ പുതപ്പിച്ചു. വിയർപ്പിന്റെ, പുകയിലയുടെ, കടുത്ത ഗന്ധമുള്ള ഷാൾ തോളിന്റെ ഒരു വശത്തേക്ക് മാറ്റാൻ നോക്കുകയായിരുന്നു പ്രിയംവദ.

'നമ്മൾ ഇരുന്ന സ്ഥലം പിശകായിപ്പോയി അല്ലേ, പ്രിയംവദാ. എനിക്കീ മഴച്ചാറ്റൽ വലിയ ഇഷ്ടമാണ്. അതെന്റെ കുട്ടിക്കാലത്തെ ഓർമ്മിപ്പിക്കുന്നു. കിഴക്കൻ ബംഗാളിലെ പുഴക്കരയിലൊരു കുഗ്രാമത്തിൽ മഴ നനഞ്ഞ് കുതിർന്നൊരു കുട്ടിക്കാലം. വഴുക്കലുള്ള വയൽവരമ്പത്തൂടെ തെന്നി വിഴാതെ വലിയ ശ്രദ്ധയോടെ നടക്കുന്ന കുട്ടി. കിഴക്കൻ ബംഗാളിലെ ഗ്രാമങ്ങളുടെ മനോഹാരിതയെപ്പറ്റി തന്നെ പറഞ്ഞു മനസ്സിലാക്കാനുള്ള കവിത്വമില്ലല്ലോ എനിക്ക്.'

'സർ, എന്റെ പേപ്പറിനെപ്പറ്റി ഒന്നും പറഞ്ഞില്ല,' പ്രിയംവദ ഓർമ്മിപ്പിച്ചു.

'ആ, ശരിയാണ്, ശരിയാണ്,' ഉറക്കെ തലകുടഞ്ഞുകൊണ്ട്, തെല്ലൊരു കുറ്റബോധത്തോടെ റോയ്ചൗധരി പറഞ്ഞു: 'ഇത് ഞങ്ങൾ പ്രൊഫസർമാരുടെ സ്ഥിരം ദുശ്ശീലം തന്നെ. പക്ഷേ, ഓർമ്മപ്പിശകുള്ള പ്രൊഫസർ പ്രധാന വിഷയത്തിൽനിന്ന് വഴുതിപ്പോകുമ്പോഴൊക്കെ അയാളെ നേർവഴിക്ക് കൊണ്ടുവരേണ്ടത് മിടുക്കന്മാരായ ശിഷ്യന്മാരുടെ ഉത്തരവാദിത്വം തന്നെ.'

പ്രിയംവദ വെറുതെ ചിരിക്കാൻ നോക്കി.

തന്റെ അവസാനത്തെ ഡ്രിങ്ക് ഒറ്റവലിക്ക് കാലിയാക്കി, പൊരിച്ച ഇറച്ചിക്കഷ്ണം കടിച്ചു ചവച്ചുകൊണ്ട് ചൗധരി പറയാൻ തുടങ്ങി:

'ആ, തന്റെ പേപ്പറിന്റെ കാര്യം. അത് ജീവനുള്ള ഒരു കേസ്സ്റ്റഡിയായിരുന്നു. സംശയമില്ല. ഹ്യൂമൻ പ്രെഡിക്കമെന്റിന്റെ ചില കുഴക്കുന്ന സമസ്യകളിലൂടെ, ധർമ്മസങ്കടങ്ങളിലൂടെ, മനുഷ്യജന്മത്തിന്റെതന്നെ ചില സന്ദിഗ്ദ്ധഘട്ടങ്ങളിലൂടെ താൻ ഞങ്ങളെ നടത്തിക്കൊണ്ടുപോയി. ഞങ്ങളെപ്പോലുള്ള അക്കാദമിക്കുകൾ പലപ്പോഴും മറന്നുപോകുന്ന ആ അംശം. പച്ചയായ ജീവിതത്തെ, അതിന്റെ എല്ലാ ജൈവമായ സങ്കീർണ്ണതകളോടുംകൂടി തൊടാനാവാത്ത എച്ച്.ആർ. എന്ത് എച്ച്.ആറാണ് മാഡം? അതു പോട്ടെ. ഞാൻ ആദ്യമേ പറഞ്ഞതുപോലെ ഇത്തരം പ്രബന്ധാവതരണങ്ങളിൽ വിഷയത്തേക്കാൾ നമ്മുടെ ശ്രദ്ധ അത് അവതരിപ്പിക്കുന്ന വ്യക്തിയിലേക്ക് തിരിയുന്നത് സ്വാഭാവികമാണ്. അതായത് അയാളുടെ ടോട്ടൽ പെഴ്സണാലിറ്റി, അവതരണരിതി. പിന്നെ പറഞ്ഞ് മനസ്സിലാക്കാനാവാത്ത, നമ്മെ വല്ലാതെ മോഹിപ്പിക്കുന്ന ഏതെങ്കിലും അംശം. ഇവിടെ സ്റ്റേജിൽ നിന്നിരുന്നത് എ ചാമിങ് ആൻഡ് എലഗന്റ് ലേഡി. വളരെ ലളിതമായ കോട്ടൺസാരി. അശ്രദ്ധമായി അഴിച്ചിട്ട മുടി. വെളിച്ചം പരത്തുന്ന മുഖം. തന്റെ ആ നിൽപ്പ് മാത്രം മതിയായിരുന്നല്ലോ സദസ്സിനെ മുഴുവൻ കീഴടക്കാൻ...'

പോറൽവീണ ഒരു ഗ്രാമഫോൺ റെക്കോർഡിലൂടെയെന്നപോലെ ഡോക്ടർസാബ് വീണ്ടും പഴയതുതന്നെ ആവർത്തിക്കുകയാണ്...

പ്രിയംവദ ഇരിപ്പിടത്തിലിരുന്ന് പുളയുകയായിരുന്നു.

മെയിലുകളിലൂടെ അടുത്തു പരിചയപ്പെട്ട ഡോക്ടർസാബ് ഇതിൽനിന്ന് എത്രയോ വ്യത്യസ്തനായിരുന്നു. വലിയ ഗൗരവക്കാരനായ, പണ്ഡിതനായ, ഒരു പ്രൊഫസർ, ചെറുപ്പം തൊട്ടേ ഉള്ളിലെവിടെയോ കരുതിവച്ചിരുന്ന ഗുരുസങ്കല്പത്തോട് തൊട്ടടുത്തു നിൽക്കുന്ന ഒരാൾ. എന്നെങ്കിലുമൊരിക്കൽ താനൊരു ഗവേഷണ പ്രൊജക്റ്റിനുവേണ്ടി തയ്യാറെടുക്കുമ്പോൾ അതിന്റെ വഴികാട്ടിയായി മനസ്സിൽ കരുതിവച്ചിരുന്ന ഗുരു.

പക്ഷേ, ഇവിടെയിപ്പോൾ, ഒരു പെണ്ണിന്റെ മുമ്പിൽ ചാപല്യങ്ങൾ കാട്ടുന്ന മറ്റേത് പുരുഷനേയുംപോലെ അദ്ദേഹവും. ഉയരത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വലിയ വിഗ്രഹങ്ങൾക്ക് തകർന്നു വീഴാൻ അധികം നേരം വേണ്ട. ഉയരത്തിന്റെ തോതനുസരിച്ച് ആ വീഴ്ചയുടെ ആഴവും കൂടും.

പ്രായമേറെ ചെന്നാലും, എത്ര വലിയ ബുദ്ധിജീവിയായാലും പെണ്ണിന്റെ മുമ്പിലെത്തുമ്പോൾ പുരുഷന്റെ വിശ്വരൂപം പുറത്തുവരുന്നു.

പ്രിയംവദയുടെ മുഖത്തെ ഭാവപ്പകർച്ച കണ്ടിട്ടാകണം റോയ്ചൗധരി വീണ്ടും ആ പഴയ വിഷയത്തിലേക്കുതന്നെ തിരിച്ചുപോയി.

'ആട്ടെ, താൻ വളരെ ശക്തമായി വരച്ചിട്ട ആ പേഴ്സണൽ ഓഫീസർ കുട്ടിയുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു? കവിതയെഴുതിയിരുന്ന, പഴയ പത്രപ്രവർത്തകയും ആക്റ്റിവിസ്റ്റുമായിരുന്ന പെൺകുട്ടിക്ക് അവളുടേതായ കാഴ്ചപ്പാട് കാണാതിരിക്കില്ലല്ലോ.'

വിഷയം മാറിക്കിട്ടിയ ആശ്വാസത്തോടെ പ്രിയംവദ ഒന്നു നിവർന്നിരുന്നു.

'വാസ്തവത്തിൽ നിവേദിതയുടെ ചില കണ്ടെത്തലുകളാണ് എന്നെ വല്ലാതെ അലട്ടിയത്, ഡോക്ടർസാബ്. ആ കമ്പനിയിൽ നടന്ന എല്ലാ മരണങ്ങളെയും പുതിയൊരു വെളിച്ചത്തിൽ കൊണ്ടുവന്ന് പരിശോധിച്ചപ്പോൾ കിട്ടിയ കുറെ വിവരങ്ങൾ അവളെ വല്ലാതെ അലട്ടുകയായിരുന്നു. ഏറ്റവും

ഒടുവിൽ നടന്ന ആ മുനിയാണ്ടിയുടെ മരണം ആത്മഹത്യയായിരുന്നുവെന്ന വിചിത്രമായ കണ്ടെത്തലിൽവരെ എത്തിച്ചേർന്നു, നിവേദിത... പതിവു പോലെ ഇതുമൊരു ആത്മഹത്യതന്നെയെന്ന് പോലീസ് എഴുതിത്തള്ളിയി ട്ടുണ്ടെങ്കിലും ഇത്തവണ അത് വിശ്വസിക്കാമെന്നായിരിക്കുന്നു. അതായത്, മുനിയാണ്ടിയുടെ മരണത്തിൽ അയാളുടെ മകന് പങ്കില്ലെന്നുതന്നെ.'

'പക്ഷേ എന്തിനൊരു ആത്മഹത്യ?'

'അവിടെ നിവേദിതയിലെ കവി ഉണരുന്നു. അവളവിടെ വലിയൊരു സാദ്ധ്യത കണ്ടെത്തുകയായിരുന്നു. മകനുവേണ്ടി സ്വയം വഴിമാറിക്കൊടു ക്കുന്ന അച്ഛൻ. ഏഴു ജന്മം ജനിച്ചാലും ഗതികിട്ടാത്ത പിതൃഹത്യയെന്ന ആ മഹാപാപത്തിൽനിന്ന് മകനെ രക്ഷിക്കാനായി മുനിയാണ്ടി സ്വയം തെര ഞ്ഞെടുത്ത വഴി.'

വിശ്വസിക്കാനാവാത്ത മട്ടിൽ തല കുടഞ്ഞുകൊണ്ട് റോയ്ചൗധരി ചിരിച്ചു.

'പുരാണേതിഹാസങ്ങളിലെ ചില അവിശ്വസനീയമായ ദശാസന്ധിക ളിലേക്ക് നടത്തിക്കൊണ്ടുപോവുകയാണ് നിങ്ങളാ പ്രിയ കഥാപാത്രം മുനി യാണ്ടിത്തേവരെ.'

'കളിയാക്കണ്ട ഡോക്ടർസാബ്,' പ്രിയംവദയുടെ മുഖത്ത് വലിയ ഗൗരവ മായിരുന്നു: 'പച്ചമനുഷ്യനും, കഥാപാത്രവും തമ്മിലുള്ള അതിർവരമ്പ് നന്നേ നേർത്ത് ഇല്ലാതായി വരുന്ന ചില അപൂർവ സന്ദർഭങ്ങളിലൊന്നാവാം ഇത്. ഒരുപക്ഷേ, ഇനിയങ്ങോട്ടുള്ള തന്റെ ജീവിതത്തിന്റെ വ്യർത്ഥതയെക്കുറിച്ച് ആ മുനിയാണ്ടി ഒരുപാട് ആലോചിച്ചു കാണണം. തനിക്കു ചുറ്റുമുള്ള നിഴ ലുകളെക്കൂടി പേടിക്കാൻ ശപിക്കപ്പെട്ട ഒരു അമ്പത്തൊമ്പതുകാരന്റെ അവ സാനനാളുകളെക്കുറിച്ച് സങ്കല്പിക്കാൻ മാത്രമേ നമുക്ക് കഴിയൂ. പ്രിയപ്പെ ട്ടവരുടെ മുഖങ്ങളിൽക്കൂടി അയാൾക്ക് കാണാനായിരുന്നത് ഒരേ കാഴ്ചക ളായിരുന്നിരിക്കാം. മകന്റെ കണ്ണുകളിലെ ആ ക്രൂരമായ ശത്രുത, ഭാര്യയുടെ മുഖത്തെ താത്പര്യക്കുറവ്, നിസ്സംഗത, മകളുടെ കാരണമറിയാതെയുള്ള ഇടവിട്ട തേങ്ങൽ... എനക്ക് തൂങ്ക മുടിയാതപ്പാ. സാപ്പിടറതക്ക് പശിയി ല്ലപ്പാ...'

'താനിതിനെ ഒരുപാട് നാടകീയമാക്കുന്നല്ലോ, എന്റെ പ്രിയംവദേ!'

'ജീവിതത്തെക്കാൾ വലിയ നാടകം ഏതുണ്ട് ഡോക്ടർസാബ്? ഓരോ വഴിത്തിരിവിലും അവിശ്വസനീയത ഏറിവരുന്ന ഒരു തനി അസംബന്ധ നാടകം.'

'നേരു പറഞ്ഞാൽ ഇവിടെ നമ്മുടെ മീനാക്ഷിപ്പാളയവും അവിടത്തെ മുനിയാണ്ടിയും അയാളുടെ കുടുംബവുമൊക്കെ ഏറെ വിചിത്രമായൊരു പ്രഹേളികയുടെ ചില പാർശ്വഭാഗചിത്രങ്ങളാകുന്നു, തന്റെ ആ പ്രിയപ്പെട്ട കഥാനായിക നിവേദിതയടക്കം...'

മഴ കനത്തു വരികയാണ്. വല്ലാതെ കാറ്റടിച്ചു കയറിയപ്പോൾ സ്റ്റുവാർഡ് ഓടിവന്നു.

'ടേബിൾ നീക്കിയിടണോ സേർ.'

വേണമെന്ന് ആംഗ്യം കാട്ടിയത് പ്രിയംവദതന്നെയായിരുന്നു. ഷാളു കൊണ്ട് പുതച്ചിട്ടും വർഷക്കാറ്റിന്റെ തണുപ്പ് വല്ലാതെ ഞെരുക്കുക യാണ്.

അവർ ലോബിയുടെ അടുത്തുള്ള ഒരു ഒഴിഞ്ഞ മേശയ്ക്കരികിലേക്ക് മാറി. പക്ഷേ, അകന്നിരുന്നിട്ടും കടലിന്റെ അലർച്ചയും, കാറ്റിന്റെ ഇരമ്പലും അടുത്തുവരുന്നതുപോലെ. അതു മനസ്സിലാക്കിയിട്ടെന്നോണം ഡോക്ടർ സാബ് അമർത്തിച്ചിരിച്ചു.

'ഇത്തരം രാത്രികളിൽ, ഈ കാലവർഷത്തിൽനിന്നും കടൽക്കാറ്റിൽ നിന്നുമൊക്കെ ആർക്കും രക്ഷപ്പെടാനാവില്ലല്ലോ, പ്രത്യേകിച്ചും ഒറ്റപ്പെട്ടു പോയവർക്ക്.'

ഒരു പ്രസ്താവനപോലെ അങ്ങനെ പറഞ്ഞുവയ്ക്കുമ്പോൾ, ഈ മനുഷ്യന്റെ കൈവിരലുകൾ ഉള്ളിലെ ഏതൊക്കെയോ ഇരുണ്ട അറകളിലേക്ക് കടന്നുചെല്ലുന്നതുപോലെ പ്രിയംവദയ്ക്കു തോന്നി.

ഒന്നും പറയാനാവാതെ തല കുനിച്ചിരിക്കുമ്പോൾ താനവിടെ ഒരിക്കലും ചെന്നുപെടാൻ പാടില്ലായിരുന്നുവെന്ന് പ്രിയംവദയ്ക്ക് മനസ്സിലായി. ഏറെ ആരാധിച്ചിരുന്ന മനുഷ്യൻ വൈകിട്ട് അൽപ്പനേരം ഒരുമിച്ച് ചെലവഴിച്ചുകൂടേ എന്നു ചോദിച്ചപ്പോൾ അതൊരു മഹാഭാഗ്യമായാണ് കണ്ടത്. പക്ഷേ, വൈകുന്നേരത്തെ സെഷൻ ഉദ്ദേശിച്ചതിനേക്കാൾ നീണ്ടുപോയി. വർഷകാലമായതുകൊണ്ട് നേരത്തേ ഇരുണ്ടടച്ചു തുടങ്ങിയിരുന്നു.

'ആട്ടെ, ഒന്ന് ചോയ്ച്ചോട്ടെ, ഹൗ വാസ് ഹി? നിങ്ങടെ ആ മേനോൻ?' ഡോക്ടർസാബിന്റെ ശബ്ദം കേട്ടു.

പെട്ടെന്നായതുകൊണ്ട് പ്രിയംവദയൊന്നു പരുങ്ങി. ഡോക്ടർസാബിൽ നിന്ന് ഒരിക്കലും പ്രതീക്ഷിക്കാത്ത, തികച്ചും വ്യക്തിപരമായൊരു ചോദ്യം. താൻ ഒഴിഞ്ഞുമാറാൻ നോക്കിയിട്ടും അദ്ദേഹം വീണ്ടും അതേ വിഷയത്തിലേക്കുതന്നെ തിരിച്ചുപോകാൻ നോക്കുകയാണ്.

'ഓ, അങ്ങിനെയൊരുതരം മേനോൻ. ഒരു രഞ്ജിത്ത് മേനോൻ.'

പ്രിയംവദ തീരെ താത്പര്യമില്ലാത്ത മട്ടിൽ പറഞ്ഞു.

'ചോദിക്കുന്നതിൽ തെറ്റിദ്ധരിക്കില്ലെന്ന് കരുതുന്നു. പിടിച്ചു നിറുത്താൻ പറ്റിയ ഘടകങ്ങളൊന്നും ഇല്ലായിരുന്നോ നിങ്ങൾക്കിടയിൽ?'

'അത്രയ്ക്കങ്ങ് അനലൈസ് ചെയ്തു നോക്കണമെന്ന് തോന്നിയില്ല രണ്ടു പേർക്കും. എനിക്ക് അതിശയം തോന്നാറുണ്ട്, ആണുങ്ങൾക്കാവുമ്പോൾ ഇഷ്ടത്തേക്കാൾ എളുപ്പത്തിൽ തിരിച്ചറിയാനാകുന്നത് ചില ഇഷ്ടക്കേടുകൾ തന്നെയാവും. പക്ഷേ, തന്റെ ചില കൊച്ചുകൊച്ച് ഇഷ്ടങ്ങളെക്കുറിച്ചു മാത്രം ഓർത്ത്, അവയെ ഉള്ളിലിട്ടു പെരുപ്പിച്ച്, അങ്ങനെ നാളുകൾ കളയാൻ വലിയ താത്പര്യമാണ് പെണ്ണിന്റെ മനസ്സിന്. അമ്പരപ്പിക്കുന്ന വേഗത്തിലാണ് നാലു ചുറ്റും അവളുടെ ലോകം പൂത്തുലയുന്നത്, പൂവും കായുമാകുന്നത്. സഹനശക്തി കൂടുതലുള്ളതുകൊണ്ടാവാം പൊരുത്തക്കേടുകളെ തൊട്ടറിയാൻ അവൾ കൂടുതൽ സമയമെടുക്കുന്നത്.'

'പക്ഷേ, താനിപ്പോഴും ഭർത്താവിന്റെ സർനെയിം കാത്തുവയ്ക്കുന്നു.'

'അത് ഭർത്താവിന്റേതല്ല, സർ, എന്റെ അച്ഛന്റേത്. ഏത് പെണ്ണിനും അവളുടെ ജീവിതകാലം മുഴുവൻ ധൈര്യമായി ഉപയോഗിക്കാവുന്ന ഒരേയൊരു സർനെയിം.'

'പിന്നെയീ വിവാഹമോതിരം?'

ഡോക്ടർസാബ് തഞ്ചത്തിൽ അതൊന്ന് തിരുപ്പിടിക്കാൻ നോക്കുകയാണ്. കൈവലിച്ചുകൊണ്ട് പ്രിയംവദ തലകുടഞ്ഞു.

'അത് വിവാഹമോതിരമല്ല, സർ! ഒരുപാട് ആണുങ്ങളുടെയിടയിൽ ഇട പഴകേണ്ട സ്ത്രീകൾക്ക് ധരിക്കേണ്ടിവരുന്ന ചെറിയൊരു രക്ഷാകവചം. അതിൽ ഇല്ലാത്ത പേരുകൾപോലും കൊത്തിവയ്ക്കാറുണ്ട് ചിലർ.'

ഡോക്ടർസാബ് പൈപ്പ് ആഞ്ഞു വലിച്ച് പുക വിഴുങ്ങി.

'കുട്ടികൾ?'

'ഒരു മകൾ, എന്റെ പ്രിയപ്പെട്ട നിതു,' പ്രിയംവദ ഒന്ന് നിവർന്നിരുന്നു. 'അവളെന്നെ വല്ലാതെ അതിശയിപ്പിക്കുന്നല്ലോ സർ. പരസ്പരസ്നേഹ ത്തിൽനിന്ന് പിറക്കാത്ത കുഞ്ഞുങ്ങൾക്ക് എങ്ങനെ ഇത്രയധികം സ്നേഹി ക്കാൻ കഴിയുമെന്നൊക്കെ ആലോചിച്ചു പോകുമ്പോൾ ഞാൻ ശരിക്കും ദൈവസാന്നിദ്ധ്യം അറിയുന്നു.'

അവർ അവിടെ നിറുത്തി. ഒരിക്കൽ എവിടെയോ വലിച്ചെറിഞ്ഞ പഴ ന്തുണിക്കെട്ട് വീണ്ടും തപ്പിയെടുത്ത് അഴിച്ചുനോക്കുകയാണ്, ഒരു കാര്യ വുമില്ലാതെ. അതും ജീവിതത്തിലാദ്യമായി കണ്ടുമുട്ടുന്ന ഒരു മനുഷ്യന്റെ മുമ്പിൽ വച്ച്.

'പ്രിയംവദ എന്താണ് ആലോചിക്കുന്നത്?' ആ ശബ്ദത്തിൽ ലേശം ഇടർച്ചയുള്ളത് അവർ ശ്രദ്ധിച്ചു.

അതിനിടയിൽ ഡോക്ടർസാബ് വീണ്ടുമൊരു ഡ്രിങ്കിനുവേണ്ടി ആംഗ്യം കാട്ടിയത് പ്രിയംവദ കണ്ടിരുന്നില്ല. സ്റ്റുവാർഡ് ട്രേയുമായി വരുമ്പോൾ അവർ തെല്ലൊരു അസഹ്യതയോടെ എഴുന്നേൽക്കാൻ തിടുക്കം കാട്ടി.

'സർ, ഒരുപാട് വൈകി. ഞാൻ പോവ്വാണ്.'

അവർ എഴുന്നേൽക്കാൻ തുടങ്ങുമ്പോഴേക്കും സ്റ്റുവാർഡ് ഓടിവന്നു.

'സാർ, ഫുഡ്ഡിനുള്ള ഓർഡർ...'

സ്റ്റുവാർഡ് ഓർമ്മിപ്പിച്ചു. ഇഷ്ടപ്പെടാത്ത മട്ടിൽ അവനോട് പൊയ്ക്കൊ ള്ളാൻ ആംഗ്യം കാട്ടിയെങ്കിലും തെല്ലൊരു പരുങ്ങലോടെ പയ്യൻ പോകാതെ നിന്നു.

'ഒരു മുപ്പത്തഞ്ച് മിനിറ്റെങ്കിലും എടുക്കും സർ.'

അപ്പോഴേക്കും പ്രിയംവദ എഴുന്നേറ്റു കഴിഞ്ഞിരുന്നു.

'അയാം റിയലി സോറി സർ. എനിക്കിനി പോകാതെ വയ്യ. ഭക്ഷണം കഴിക്കാനിരുന്നാൽ വൈകും.'

'നോ പ്രിയംവദാ! തത്കാലത്തേക്ക് താൻ എങ്ങോട്ടും പോകുന്നില്ല. ഇത്രയും കാത്തിരുന്ന് ആദ്യമായി നേരിൽക്കാണുമ്പോൾ ഒരു ഊണ് വാങ്ങി ത്തരാനുള്ള അവകാശംകൂടി നിഷേധിച്ച് തനിക്കങ്ങനെ ഓടിപ്പോകാനാ കുമോ? ഇത്തരം മാനേഴ്സാണോ നിങ്ങളുടെ കമ്പനി ശീലിപ്പിക്കുന്നത്?'

ഒന്നും പറയാനാകാതെ നിന്ന് പരുങ്ങുകയാണ് പ്രിയംവദ.

റോയ്ചൗധരിയുടെ മുഖം പൊടുന്നനേ മാറുന്നതുപോലെ തോന്നി. തെല്ലൊന്ന് മുന്നോട്ടാഞ്ഞ് പ്രിയംവദയുടെ കൈ കടന്നുപിടിച്ച് ബലമായി കസേരയിലിരുത്തുമ്പോൾ അദ്ദേഹമൊന്ന് കിതയ്ക്കുന്നതുപോലെ തോന്നി.

'താൻ പോകുന്നില്ല. തനിക്കങ്ങനെ പോകാനാവില്ലല്ലോ പ്രിയംവദേ,' അദ്ദേഹം പിറുപിറുക്കുകയായിരുന്നു.

തന്റെ മെലിഞ്ഞ വിരലുകൾ ആ പരുപരുത്ത കൈപ്പത്തിക്കകത്ത് ഞെരിയുന്നതുപോലെ തോന്നി പ്രിയംവദയ്ക്ക്. വല്ലാത്ത പരിഭ്രമത്തോടെ കൈ വലിച്ചെടുക്കാൻ പണിപ്പെടുമ്പോൾ ഡോക്ടർസാബിന്റെ കറുത്ത പാടു

കൾ വീണ മുഖത്തേക്ക് ചോര തള്ളിക്കയറുന്നതുപോലെ. വിറകൊള്ളുന്ന വിരലുകൾക്കിടയിൽനിന്ന് പൈപ്പിലെ ചാരം നിലത്തുവീണു തൂവി.

ഒരുവിധത്തിൽ കൈ വിടുവിച്ച് കസേരയിൽ ചാരിയിരിക്കുമ്പോൾ ഉള്ളിൽ ചെറിയൊരു തേങ്ങൽ തികട്ടി വരുന്നത് പ്രിയംവദയറിഞ്ഞു. എത്രയോ വർഷങ്ങൾക്കുശേഷം, ഇപ്പോൾ ഉള്ളിലെവിടെയോ വല്ലാത്തൊരു പിടച്ചിൽ. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് തറവാട്ടിലെ ഇരുണ്ട ഉൾമുറികളിലെവിടേയോവച്ച് ഉണ്ണ്യേട്ടൻ പൂണ്ടടക്കം പിടിച്ച് ചുംബിച്ചപ്പോൾ തോന്നിയ അതേ അന്തമില്ലായ്മ. കോക്കാമ്പാടത്തെ സെവൻസ് മാച്ച് ജയിച്ച ആവേശത്തോടെ അതേ വിയർപ്പും ചെളിയുമായാണ് ഉണ്ണ്യേട്ടൻ കയറിവന്നത്. ആ വിയർപ്പിന്റെയും ചളിയുടെയും തീക്ഷ്ണഗന്ധം മായാതെ നിന്നു കുറെ ദിവസങ്ങളോളം.

തന്റെ പെണ്ണിനെ കീഴടക്കാൻ സമ്മതം നോക്കുന്നതെന്തിനെന്നായിരിക്കണം ഉണ്ണ്യേട്ടൻ അപ്പോൾ കരുതിയിരിക്കുക. എന്തായാലും, ആൺകുട്ടികളുടെ കൂട്ടത്തിൽ മരംകേറി, തമ്മിൽതല്ലി നടന്നിരുന്ന പെണ്ണിന് താനൊരു പെണ്ണാണെന്ന് ആദ്യത്തെ തിരിച്ചറിവുണ്ടായ നിമിഷമായിരുന്നു അത്.

ഇത്രയും പ്രായമായ, ഇത്രയും ലോകപരിചയമുള്ള തനിക്ക് ഈ കൊച്ച് ഇടങ്ങേറിൽനിന്ന് രക്ഷപ്പെടാനുള്ള കഴിവില്ലെന്നോ? ഈ പ്രായമായ മനുഷ്യനെ മറ്റേത് പുരുഷനേയുംപോലെ കണ്ട് എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്നതല്ലേയുള്ളൂ? ഒരു പെണ്ണിന്റെ എതിർപ്പിനു മുമ്പിൽ പെട്ടെന്ന് ചുരുളുന്നവരാണ് മിക്ക ആണുങ്ങളും, പ്രത്യേകിച്ച് വലിയ മാന്യതയുടെ ആവരണങ്ങളുള്ളവർ.

പ്രിയംവദയാകെ തരിച്ചിരിക്കുകയാണ്.

വർഷങ്ങളുടെ നീണ്ട വിടവിനുശേഷം വിചിത്രമായ ചില ചിറകൊച്ചകളുമായി, ഇപ്പോൾ ഇങ്ങനെയൊരു നിമിഷം. നീതുവിന്റെ പന്ത്രണ്ടാം പിറന്നാളിനുമുമ്പേ ഇറങ്ങിപ്പോയതാണ് രഞ്ജിത്ത്... വിവരമറിഞ്ഞപ്പോൾ ഒട്ടും കുലുങ്ങിയില്ല. പഴയൊരു പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന അച്ഛൻ. എന്റെ മോള് ഏത് തീരുമാനമെടുക്കുന്നോ അതുതന്നെയായിരിക്കും ഏറ്റവും വലിയ ശരിയെന്ന് നല്ല ഉറപ്പാണെനിക്ക്. പിന്നെ കരുതിക്കൂട്ടി ഇറങ്ങിപ്പോകുന്നവരെ പിൻവിളി വിളിച്ച് മുടക്കാൻ നോക്കണ്ടാ മോളേ, ഇന്നല്ലെങ്കിൽ നാളെ ഇതേ തോന്നൽ അയാളുടെ ഉള്ളിൽ വീണ്ടും ബലപ്പെടുമ്പോൾ നിന്റെ പിൻവിളികൾക്ക് അർത്ഥമില്ലാതാകും.

തന്നെ സമാധാനിപ്പിക്കാനായി അങ്ങനെയൊക്കെ പറയുമ്പോൾ അച്ഛന്റെ കണ്ണുകൾ വല്ലാതെ നിറഞ്ഞിരുന്നു.

പക്ഷേ, ആ വേർപിരിയലിൽ ഏറ്റവും സങ്കടപ്പെട്ടത് രഞ്ജിത്തിന്റെ അച്ഛനായിരുന്നു. ജീവിതത്തിന്റെ നല്ലൊരു ഭാഗം ടെക്സാസിൽ ചെലവഴിച്ചിട്ടും തന്റെ മലയാളിത്തം കൈവിടാതെ, ഒരു തനി നാട്ടിൻപുറത്തുകാരന്റെ മനസ്സ് ഉള്ളിൽ എപ്പോഴും സൂക്ഷിക്കാൻ ശ്രദ്ധിച്ചിരുന്ന അച്ഛൻ. വീട്ടിലെ സംസാരത്തിൽ അറിയാതെപോലും ഒരു ഇംഗ്ലീഷ് വാക്ക് കടന്നുകൂടാതിരിക്കാൻ ബദ്ധപ്പെടുന്നതു കാണുമ്പോൾ ചിലപ്പോൾ ചിരി വരാറുണ്ട്. അതേ പഴയ നമ്പൂതിരി ഫലിതങ്ങളും, ഓർമ്മയിൽനിന്നെടുത്ത് വെടിപ്പായി ചൊല്ലാവുന്ന പഴയ കവിതകളും, ശ്ലോകങ്ങളുമൊക്കെത്തന്നെയായിരുന്നു എപ്പോഴും പ്രിയം.

ഏറെക്കാലത്തെ അമേരിക്കൻജീവിതം അദ്ദേഹത്തിൽ വരുത്തിയ ഒരേയൊരു മാറ്റം പേരിലെ ചുരുക്കൽ മാത്രമായിരുന്നു. ശങ്കരമേനോനെ ശങ്കർ മേനോനാക്കി മാറ്റിയത് കമ്പനിക്കാരായിരുന്നു.

എല്ലാം കഴിഞ്ഞിട്ട് നാളുകളേറെയായിരിക്കുന്നു. ഇനിയൊരിക്കലും ഓർക്കുകയോ, അളന്നിടുകയോ ചെയ്യില്ലെന്ന് ഉറപ്പാക്കിയിരുന്ന കുറെ പഴയ ബന്ധങ്ങൾ.

ഇപ്പോൾ ഇത്രയും കാലത്തിനുശേഷം, തന്റെ ശരീരത്തെക്കുറിച്ചുള്ള ചില വ്യക്തമായ ഓർമ്മപ്പെടുത്തലുകളുമായി ഈ പ്രായംചെന്ന മനുഷ്യൻ. കഴിഞ്ഞ കുറെ വർഷങ്ങളായി താൻ വെറുമൊരു പ്രൊഫഷണൽ മാത്രമായിരുന്നല്ലോ. ആണും പെണ്ണുമല്ലാത്ത വെറുമൊരു പ്രൊഫഷണൽ. തനിക്കും ചന്തമുള്ള ഒരു മുഖവും, മറ്റുള്ളവരെ മോഹിപ്പിക്കുന്ന വേറെ എന്തൊക്കെയോ കൂടി ഉണ്ടെന്ന് ഓർമ്മിപ്പിക്കാൻ ഒരാളുടെ അനവസരത്തിലുള്ള ചില ചാപല്യങ്ങൾ വേണ്ടിവന്നു.

'അയാം സോറി പ്രിയംവദ! താനെന്നെ തെറ്റിദ്ധരിക്കരുത്, കേട്ടോ!' റോയ് ചൗധരിയുടെ ശബ്ദം വിറകൊള്ളുന്നതുപോലെ. 'അയാം റിയലി സർപ്രൈസ്ഡ്. ഇത്രയും ലോകപരിചയമുള്ള പ്രിയംവദ വെറുമൊരു നാട്ടിൻപുറത്തുകാരിയെപ്പോലെ...'

അദ്ദേഹത്തിന്റെ മുഖത്ത് ഒരു ചരിഞ്ഞ ചിരി രൂപംകൊള്ളുമ്പോൾ പ്രിയംവദ ഉള്ളിൽ എന്തൊക്കെയോ കുറിച്ചിടുകയായിരുന്നു. എത്രയോ പാകത നേടിയെന്ന് അഭിമാനിക്കുന്ന പെണ്ണിനും, ഒരു തനി നാട്ടിൻപുറത്തുകാരിയായി മാറാൻ കാൽക്ഷണം മാത്രം മതി, സർ. അത് പ്രകൃതി അവൾക്ക് കനിഞ്ഞു നൽകിയ രക്ഷാകവചമാണ്.

കമ്മ്യൂണിക്കേഷനെക്കുറിച്ചുള്ള ഒരു ക്ലാസ്സിൽ ആരോ പറഞ്ഞത് ഓർമ്മ വന്നു. നോട്ടവും, സ്പർശവുമൊക്കെയാവും കമ്മ്യൂണിക്കേഷന്റെ ഏറ്റവും ശക്തമായ ഉപാധികൾ. സ്പർശത്തിൽനിന്ന് കിട്ടുന്ന തിരിച്ചറിവിനേക്കാൾ കണിശമായ മറ്റേതുണ്ട് മനുഷ്യബന്ധങ്ങളിൽ?

ഗ്ലാസ്സിലെ ഡ്രിങ്ക് ഒറ്റയടിക്ക് വലിച്ചുകുടിച്ചിട്ട് ഡോക്ടർ സാബ് പറഞ്ഞു:

'ഇനി ഭക്ഷണം. ആട്ടെ, തനിക്കെന്താ വേണ്ടത്? ഇവിടെ നല്ല മീൻ കിട്ടുമെന്ന് കേട്ടിട്ടുണ്ട്.'

താനൊരു വെജിറ്റേറിയനാണെന്ന് പ്രിയംവദ പറഞ്ഞില്ല. ഒന്നും പറയാനാകാതെ അവർ തന്റെ പ്രിയപ്പെട്ട ലോകത്ത് നീതുവിനോടൊപ്പം നടക്കുകയായിരുന്നു അപ്പോൾ. അറ്റം കാണാത്ത ഏതോ ഒരു പുൽമൈതാനത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക്.

അതേ, ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക്.

ഒപ്പം നടക്കാൻ ഒരാൾ മാത്രം. തന്റെ നിതുമോള്. വിരൽത്തുമ്പിൽ തൂങ്ങി, അടിവച്ചുനീങ്ങുന്ന നീതുമോൾ. ഇടയ്ക്കിടയ്ക്ക് നിലക്കണ്ണാടിക്കു മുമ്പിൽ അമ്മയോടൊപ്പം നിന്ന് തന്റെ വളർച്ച അളക്കുന്ന മകൾ.

അമ്മയെക്കാൾ രണ്ടിഞ്ച്... മൂന്നിഞ്ച്... നാലിഞ്ച്... എന്റെ മോള് വളർന്നു വളർന്ന് മാനംമുട്ടുമല്ലോ ഈശ്വരാ...

നാലിഞ്ചാകുമ്പോൾ ഇനി വേണ്ടെന്ന് മകൾ പിറുപിറുക്കുന്നു. അത്രയും മതി, ഫൈവ് സെവൻ നല്ല പൊക്കംതന്നെ. ഫൈവ് ത്രീ അമ്മയ്ക്ക് ഫൈവ് സെവൻ മകൾ നല്ല ചേർച്ചയായിരിക്കും.

അല്ലെങ്കിലും അമ്മയെക്കാൾ കൂടുതൽ പൊങ്ങാൻ മോഹമില്ലെനിക്ക്. അമ്മയെക്കാൾ ലേശം താഴെ നിന്നാൽ മതി എപ്പോഴും. എന്റെ ജീവിതത്തിലെ ഒരേയൊരു റോൾമോഡലും, ദൈവാവതാരവുമായ പ്രിയംവദാമ്മ.

അച്ഛന്റെ പൊക്കമാണല്ലോ മകൾക്ക് കിട്ടിയതെന്ന് സമ്മതിച്ചുകൊടുക്കേണ്ടി വരുമ്പോൾ അതൊരു വലിയ തോൽവിയായി അമ്മ കാണുന്നു. എത്രയോ വർഷങ്ങൾക്കുശേഷം തങ്ങൾക്കിടയിൽ ഒരനാവശ്യ സാന്നിദ്ധ്യമായി തന്റെ ഉയരത്തിലൂടെ ഒരച്ഛൻ കടന്നുവരുന്നത് മകളുമറിയുന്നു. അന്നേരം മകളുടെ മുഖത്ത് ഒരു ഇരുണ്ട രാവിന്റെ വെറുപ്പു മുഴുവൻ പതയുന്നത് അമ്മയ്ക്ക് നന്നായി കാണാം. അച്ഛനെന്ന ആൾ തന്ന ആ നാലിഞ്ചിന്റെ കൂടുതൽ വളർച്ച എനിക്കുവേണ്ടെങ്കിലോ അമ്മേ, എന്ന് പറഞ്ഞ് ആഞ്ഞ് കെട്ടിപ്പിടിച്ച് കവിളുകളിൽ അമർത്തി ഉമ്മ വയ്ക്കുമ്പോൾ അമ്മയുടെ കണ്ണ് നിറയുന്നു. അമ്മയുടെ കവിളുകളിൽ മകൾ പകർന്ന നനവ്.

'പ്രിയംവദാ, താൻ എവിടെയാണിപ്പോൾ?' ഡോക്ടർസാബ് ചോദിക്കുന്നു.

വില കുറഞ്ഞ കോട്ടൺ സാരി അശ്രദ്ധമായി വാരിവലിച്ചുടുത്ത് മുഖം മിനുക്കാതെ, മുടികോതിയൊതുക്കാതെ അമ്മ തിടുക്കത്തിൽ ഇറങ്ങാൻ നോക്കുമ്പോൾ മകൾക്ക് ചിലപ്പോൾ ദേഷ്യം വരും.

'അമ്മാ, നമ്മുടെ വീട്ടിൽ വലിയൊരു കണ്ണാടിയുണ്ടെന്ന് മറക്കരുത്. ഒരുപാട് അണിഞ്ഞൊരുങ്ങിയില്ലെങ്കിലും ഒന്ന് മനുഷ്യരൂപത്തിൽ പുറത്തിറങ്ങിക്കൂടേ? ഒന്നുമില്ലെങ്കിലും അമ്മയൊരു കമ്പനി എക്സിക്യൂട്ടിവല്ലേ, മറവിക്കാരി പ്രൊഫസറല്ലല്ലോ.'

മറവിക്കാരി പ്രൊഫസറല്ലാ മോളേ; പക്ഷേ, പലതും മറക്കാൻ കൊതിക്കുന്ന, ഒരിക്കൽ പ്രൊഫസറാകാൻ കൊതിച്ചിരുന്ന ഒരു സാധാരണ സ്ത്രീ! അമ്മ പറയാനാഞ്ഞു.

ചമഞ്ഞൊരുങ്ങാൻ തനിക്കൊരിക്കലും താത്പര്യം തോന്നിയിട്ടില്ലല്ലോ. അല്ലെങ്കിലും, തന്റെയാ അലസമായ വേഷം ഓഫിസിൽ എല്ലാവർക്കും നല്ല പരിചയമായിക്കഴിഞ്ഞതുകൊണ്ട് ആരുമൊന്നും പറയാറുമില്ല. എന്നാലും ഏതെങ്കിലും വിശേഷപ്പെട്ട അതിഥികൾ വരുന്ന ദിവസം മാത്രം ബോസ് നേരത്തേ സെക്രട്ടറിയെ വിളിച്ച് ചട്ടം കെട്ടും, ആ പ്രിയംവദയോട് ഒന്ന് ശരിക്ക് ഡ്രസ്സ്ചെയ്ത് വരാൻ പറയൂ എന്ന്. ഉടുക്കാൻ നല്ല സാരിയില്ലെങ്കിൽ തന്റെ സാരി കടം കൊടുക്ക്. അല്ലെങ്കിൽ എന്റെ ഭാര്യയുടെ കളക്ഷനിൽക്കാണും നല്ല ഒന്നാംതരം പട്ടുസാരികൾ.

ചിലപ്പോൾ മകൾതന്നെ പറയും, അല്ലെങ്കിലും എന്റമ്മയ്ക്ക് എന്തിനാ പട്ടുസാരീം, മേക്കപ്പുമൊക്കെ? അതൊക്കെ എന്നെപ്പോലത്തെ കാശിന് കാണാൻ കൊള്ളാത്തവർക്കുപോരേ?

അത് നിന്റെ കൊച്ചു കുശുമ്പല്ലേ മോളേ? നിന്നെ കാണാൻ കൊള്ളില്ലെന്നു പറയുന്ന കണ്ണുപൊട്ടന്റെ കണ്ണുകൾ ഒരിക്കൽകൂടി പൊട്ടിപ്പോട്ടെ! അച്ഛന്റെ പൊക്കം, അച്ഛന്റെ ഇരുനിറം. പക്ഷേ നിനക്ക് കിട്ടിയത് എന്റെ കണ്ണുകൾ. ആ മുഖമാകെ പ്രകാശിപ്പിക്കുന്ന രണ്ടു വലിയ കണ്ണുകൾ.

ഇതിനകം ഡോക്ടർസാബ് എന്തോ ഭക്ഷണം ഓർഡർ ചെയ്തു കഴിഞ്ഞത് പ്രിയംവദയറിഞ്ഞില്ല. അവർ അപ്പോഴും തന്റെ നീതുമോളുടെ കൈപിടിച്ച് നടക്കുകയായിരുന്നു. നാലിഞ്ച് ഉയരക്കൂടുതലുള്ള മകൾ ഇപ്പോൾ

തന്നെ കൈ പിടിച്ച് നടത്തുകയാണ്. മകളുടെ വിരലുകളിൽ വിരൽ കോർത്ത് ഫ്രോക്കിട്ട താൻ നടക്കുന്നു.

മൈതാനത്തിന്റെ പച്ചപ്പിനിടയിൽ കൊച്ചുകൊച്ചു കുഴികളുണ്ട്. ആരൊക്കെയോ കുഴിച്ചിട്ട ചതിക്കുഴികൾ. അതിൽ കാൽ കുടുങ്ങാതെ നോക്കണം മെന്ന് മകൾ അമ്മയ്ക്ക് മുന്നറിയിപ്പ് കൊടുക്കുന്നുണ്ട്.

'അമ്മാ, ബീ കെയർഫുൾ! ദാ, അവിടെ ചെറിയൊരു കുഴി. ഈ അമ്മയ്ക്ക് കണ്ണ് തീരെ കാണില്ലാന്ന് തോന്നുണു. എനിക്ക് അസ്സലായിട്ട് കാണാല്ലോ അതൊക്കെ.'

നീതുവിന്റെ ലേശം പരിഭ്രമം കലർന്ന ശബ്ദം തൊട്ടടുത്ത്.

'എവിടെ, എവിടെ മോളേ?'

'ദാ, അവിടെ ലെഫ്റ്റ്സൈഡിലായിട്ട്... ഈയമ്മയുടെ ഒരു കാര്യം...!'

മകളുടെ കാഴ്ചശക്തിക്കുപോലും കണ്ടെത്താനാവുന്ന പുൽമൈതാനങ്ങളിലെ നന്നേ ചെറിയ കുഴികൾ.

ചെരിപ്പിടാമായിരുന്നു. എവിടെ എന്റെ ചെരിപ്പുകൾ? മഞ്ഞുവീണ് നനഞ്ഞ പുൽനാമ്പുകൾ ഉള്ളംകാലിലുരസുമ്പോൾ മുമ്പൊന്നും അറിയാത്തൊരു ഉണർവ്വിൽ മേലാകെ തരിച്ചുകയറുന്നു.

എതിരെ കസേരയിൽ ചാരിക്കിടന്ന്, പൈപ്പ് ആഞ്ഞുവലിച്ചുകൊണ്ട് റോയ്ചൗധരി നിറുത്താതെ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. പ്രിയംവദ അതൊന്നും കേട്ടതേയില്ല.

മഴ വല്ലാതെ കനക്കുകയാണ്. കോഫിഷോപ്പിന്റെ വരാന്തയിൽ മഴച്ചാറ്റൽ വീഴുന്നയിടത്ത് ഇരുന്നിരുന്ന വിദേശികളെല്ലാം ലോബിയോടു ചേർന്ന മറ്റേയറ്റത്തേക്ക് മാറിക്കഴിഞ്ഞിരുന്നു. മഴക്കാലം കാണാൻ കൊതിച്ചു വന്നവർ ഇത്രയും കനത്ത മഴ പ്രതീക്ഷിച്ചുകാണില്ല. ആരോ പറഞ്ഞു കേട്ടതുപോലെ പരിചയമില്ലാത്ത മഴകളിലേക്ക് ആവേശത്തോടെ ഇറങ്ങുന്ന പരദേശികൾക്കുള്ള ശിക്ഷ പരിചയമില്ലാത്ത കുളിരും, ജ്വരവും.

പൊരുളറിയാത്ത ആകാശങ്ങളിൽനിന്ന് പെയ്തിറങ്ങുന്ന ഓരോ മഴയും ഓരോരുത്തർക്കായെന്ന് കേട്ടിട്ടുണ്ട്. എങ്കിൽ ഗോവയിലെ ഈ മഴ ആർക്കു വേണ്ടിയായിരുന്നു, മോളേ?

പ്രിയംവദ അപ്പോഴും നീതുവിന്റെ നനുത്ത വിരൽത്തുമ്പിൽ തൂങ്ങി നടക്കുകയായിരുന്നു. അമ്മയുടെ മുഖത്ത് ഉരുണ്ടുകൂടുന്ന അന്തമില്ലാത്ത ചോദ്യങ്ങൾ കാണാനാകുന്നില്ല മകൾക്ക്.

പുൽമൈതാനത്തിനു നടുവിലായി എങ്ങനെ ഈ ചുവന്ന പരവതാനി വിരിച്ച വീതി കുറഞ്ഞ ഇടനാഴി? അരണ്ട വെളിച്ചത്തിൽ ഇരുവശത്തുമുള്ള ചുവരിൽ വരിവരിയായി കുറെ വാതിലുകൾ. ഓരോ വാതിലിലും പതിച്ചു വെച്ച ചില പിച്ചളയക്കങ്ങൾ.

ഏതോ വാതിലുകൾ തുറക്കുന്നു, ഏതോ വാതിലുകൾ അടയുന്നു. വെളിച്ചം കുറഞ്ഞ ഇടനാഴിയിലൂടെ ആരൊക്കെയോ നടന്നുവരുന്നു.

'അമ്മാ, ബീ കെയർഫുൾ! ദാ, അവിടെ ലെഫ്റ്റിലായിട്ട് ഒരു കുഴി.' മകൾ നിറുത്താതെ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ അവളുടെ തൊണ്ട വല്ലാതെ ഇടറിയിരുന്നു. 'ദാ, നോക്കൂ, അവിടെ വലതുവശത്തെ മൂലയില് വേറൊന്ന്...'

അമ്മയാകട്ടെ, അതൊന്നും കേൾക്കാതെ, ഓർക്കാനോ മറക്കാനോ ഒന്നുമില്ലാതെ, തന്നോടുതന്നെ സംസാരിച്ചുകൊണ്ട്, മയക്കത്തിലെന്നോണം അങ്ങനെ മുന്നോട്ടു നീങ്ങുകയായിരുന്നു.

പിച്ചവെച്ചു നടക്കുന്ന കുഞ്ഞിന്റെ ഒന്നാം ചുവട്, രണ്ടാം ചുവട്, മൂന്നാം ചുവട്...

നേരെ നടക്കാൻ നോക്കുമ്പോൾ തെല്ലൊന്നു ചരിഞ്ഞ് ഒരു വശത്തേക്ക്, പിന്നീട് മറുവശത്തേക്ക്.

മൂർച്ചയുള്ള പുൽനാമ്പുകൾ കവിളിലുരസുന്നു. കൂട്ടിയുരസുന്ന കാലുകൾ പിണഞ്ഞു കൂടുമ്പോൾ എവിടെയോ നീറുന്നു. എവിടെയോ നനയുന്നു. കെട്ടിവരിയുന്ന ഉടലാകെ പൊട്ടിത്തരിക്കുകയാണ്.

'അമ്മാ, സൂക്ഷിക്കണേ...' മകൾ കരച്ചിലിന്റെ വക്കത്താണ്.

കാണാനാവാത്ത ഏതോ കുഴിയിൽ കാൽവിരലുകൾ കുടുങ്ങി, നില തെറ്റി വീഴുമ്പോൾ നീതുവിന്റെ ചിലമ്പിയ ശബ്ദം അകന്നകന്നു പോകുന്നതുപോലെ പ്രിയംവദയ്ക്ക് തോന്നി.

അടിവയറ്റിലൊരു ഭാരം. ആഴങ്ങളിലേക്ക് താഴ്ന്നു താഴ്ന്നു പോകുകയാണ്. ഏതൊക്കെയോ കാണാച്ചുഴികളിൽ നനുത്ത ഗന്ധർവ്വസ്പർശം. മുമ്പറിയാത്ത ചലനങ്ങൾ. മുമ്പറിയാത്ത ഗന്ധങ്ങളും. മുമ്പു കേൾക്കാത്ത നാദങ്ങളും. നിർവൃതിയുടെ നിമിഷങ്ങളിൽ കൺപോളകൾ താനേ നനയുന്നു.

പ്രിയംവദ കരഞ്ഞു.

പിന്നെ പ്രിയംവദ ചിരിച്ചു.

അപ്പോൾ കണ്ണാടിജാലകത്തിലൂടെ കടൽത്തിരകൾക്കപ്പുറത്തുനിന്ന് സെർച്ച്ലൈറ്റിന്റെ കള്ളവെളിച്ചം അവരുടെ മുഖത്തുകൂടി വീശിയടിച്ചു കടന്നുപൊയ്ക്കൊണ്ടിരുന്നു. കടലിന്റെ എല്ലാം കാണുന്ന കണ്ണുകൾ. തിരമാലകളുടെ ശിരസ്സിൽ തിളങ്ങുന്ന മാണിക്യക്കല്ലായി നേർത്ത കടൽവെളിച്ചം.

അപ്പോഴാണ് പ്രിയംവദ വീണ്ടും കരയാൻ തുടങ്ങിയത്.

അപ്പോൾ അവർക്ക് കരയാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ.

ആറ്

എത്രയോ നാളുകൾക്കുശേഷം, ഓർക്കാപ്പുറത്ത്, രഞ്ജിത്ത് വീണ്ടും തന്റെ ഓർമ്മകളിലേക്ക് വന്നെത്തുകയാണല്ലോ എന്ന് പ്രിയംവദ ഓർത്തു. അനാവശ്യമായൊരു കടന്നുവരവ്.

അന്നൊരു രാത്രിയിൽ, യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ, ഏതോ ചെറിയൊരു രസക്കേടിൽനിന്ന് തുടങ്ങി, അവിടന്നും ഇവിടന്നുമായി പെറുക്കിയെടുത്ത കുറെ വാക്കുകളെടുത്ത് പരസ്പരം എറിഞ്ഞുകൊള്ളിക്കാൻ നോക്കുകയായിരുന്നുവല്ലോ താനും രഞ്ജിത്തും.

ഉന്നം ശരിയാകുമ്പോൾ വലിയ ആവേശം, രണ്ടുപേർക്കും. ഉന്നം തെറ്റുമ്പോൾ പെരുകുന്ന കലി. ഓരോ വാക്കിനും മൂർച്ചയുള്ള ഒരുപാട് അരികുകൾ.

കൊടുംവേനലിൽ ഈർപ്പം മുറ്റിയ രാച്ചൂടുമായി കറുകറുത്തൊരു രാത്രി പുറത്ത് തിളച്ചുനിന്നിരുന്നു. പതിവുപോലെ കുറെനേരത്തെ ഒച്ചയും ബഹ

ളവും കഴിഞ്ഞ് കിതച്ചുകൊണ്ട് രഞ്ജിത്ത് ശാന്തനായി. ഒരു സിഗരറ്റ് കത്തിച്ചുകൊണ്ട് അയാൾ ആരോടെന്നില്ലാതെ പിറുപിറുക്കുന്നതു കേട്ടു.

'എനിക്കറിയാം. ഇറ്റ് വാസ് എ മിസ്റ്റേക്ക്! എ ബിഗ് മിസ്റ്റേക്ക്.'

'ശരിയാണ്. തിരിച്ചറിയാൻ വൈകിയെന്നു മാത്രം.'

'അത്രയ്ക്കങ്ങ് വൈകിയില്ല എന്റെ കാര്യത്തിൽ. ആദ്യമേ തോന്നിയിരുന്നു ചിലതൊക്കെ. എന്നിട്ടും വെറുതെ കൊണ്ടുനടന്നു ഇത്രയും കാലം.'

'അതെ, ഒരു കാര്യവുമില്ലാതെ വെറുതെ നീട്ടിക്കൊണ്ടുപോയി ഇത്രയും കാലം.' ഒന്നുനിറുത്തിയിട്ട് പ്രിയംവദ തുടർന്നു: 'കമോൺ രഞ്ജിത്ത്. ഇപ്പോഴെങ്കിലും തുറന്നുപറയൂ. രഞ്ജിത്തിന് ഇഷ്ടമല്ലായിരുന്നു ഈ കല്യാണം, അല്ലേ?'

'എന്നു ഞാൻ പറഞ്ഞില്ലല്ലോ.'

'അതായത് അന്നീ ആലോചന വന്നപ്പോൾ, പിന്നീട് എന്നെ കാണാൻ വന്നപ്പോൾ, രഞ്ജിത്തിന് എന്നെ ഇഷ്ടമായെന്ന്. എനിക്കൊരു ഓണസ്റ്റായ മറുപടി വേണം.'

'ആ...' രഞ്ജിത്ത് അലസമായി മൂളി.

'പ്രോബബ്ലി എന്റെ ലുക്ക്സ് അല്ലേ? മറ്റു ചുറ്റുപാടുകളേക്കാൾ കൂടുതൽ അതായിരുന്നിരിക്കണം രഞ്ജിത്തിനെ സ്വാധീനിച്ചത്.'

'ആ, മേബി...' അയാൾ അപ്പോഴും വലിയ താത്പര്യമില്ലാതെ ഒന്നുമൂളി: 'യുവേർ ഓക്കെ...'

'വിവാഹജീവിതത്തിൽ പെണ്ണിന്റെ ചന്തം മാത്രം പോരെന്ന് തോന്നിത്തുടങ്ങിയത് എന്നാണ്?'

'എന്താ നീയെന്നെ ക്രോസ് ചെയ്യാൻ നോക്കുകയാണോ?'

'ക്രോസ് ചെയ്യുകയല്ല, രഞ്ജിത്ത്. അന്യോന്യം മനസ്സിലാക്കാൻ നോക്കുന്നു, അത്രതന്നെ, ഒരുപാട് വൈകിയെങ്കിലും, ഇപ്പോഴെങ്കിലും അങ്ങനെ ചെയ്യുന്നതിൽ തെറ്റില്ലെന്ന് തോന്നുന്നു.'

'അനാവശ്യമായ മറ്റൊരു എക്സർസൈസുകൂടി നമ്മുടെ ജീവിതത്തിൽ.'

അത് കേൾക്കാത്ത മട്ടിൽ അയാളുടെ മുഖത്തേക്ക് ഉറ്റുനോക്കിക്കൊണ്ട് പ്രിയംവദ തുടരുകയായിരുന്നു.

'തുറന്നു പറയൂ രഞ്ജിത്ത്, ഒരു കാര്യമില്ലെങ്കിലും ചോദിച്ചു പോവുകയാണ്. എന്നെങ്കിലും നിങ്ങളെന്നെ സ്നേഹിച്ചിരുന്നുവോ? ഇത്രയും കാലത്തിനുശേഷം ഇപ്പോഴെങ്കിലും അതിനൊരു മറുപടി തരാമല്ലോ. ഹാംലസ്സായൊരു മറുപടി.'

ചോദിച്ചു കഴിഞ്ഞപ്പോൾ വേണ്ടായിരുന്നെന്നു തോന്നി പ്രിയംവദയ്ക്ക്. കുടുംബജീവിതത്തിൽ ഒരിക്കലും അങ്ങോട്ടുമിങ്ങോട്ടും ചോദിക്കാൻ പാടില്ലാത്തൊരു ചോദ്യം. ഇതൊക്കെ തൊട്ടറിയേണ്ടതാണ്. ആരും വിളിച്ചുപറയേണ്ടതല്ല.

പക്ഷേ, ഇല്ലെന്ന് തലയാട്ടാൻ അധികം നേരമെടുത്തില്ല രഞ്ജിത്ത്. വലിയൊരു അറിവായി അത് ഉള്ളിൽ നീറിപ്പിടിച്ചപ്പോൾ വിശ്വാസം വരാത്തതുപോലെ പ്രിയംവദ ഒന്ന് പിടഞ്ഞു. ഇതൊരിക്കലും ചോദിക്കാൻ പാടില്ലായിരുന്നല്ലോ, ഈശ്വരാ. ഇത് ചോദിച്ചു മേടിച്ച മറുപടി.

ഒടുവിൽ നന്നേ പണിപ്പെട്ട് മുഖത്ത് ഒരു ചിരി വരുത്തിയിട്ട് പ്രിയംവദ പറഞ്ഞു:

'എന്തായാലും നന്നായി, ഇപ്പോഴെങ്കിലും തുറന്നുപറയാൻ തോന്നിയല്ലോ രഞ്ജിത്തിന്. വെറുതെ എലിയും പൂച്ചയും കളിച്ച് നമ്മള് ഒരുപാട് കാലം പാഴാക്കി, അല്ലേ? കല്യാണം കഴിക്കാൻ പോകുന്നവർക്കിടയിൽ അത്യാവശ്യം വേണ്ടൊരു മിനിമം യോഗ്യതയായി, പരസ്പരം സ്നേഹിക്കാനുള്ള കഴിവെങ്കിലും ഉണ്ടായിരിക്കണമെന്ന് ശാഠ്യംപിടിക്കുന്നത് വലിയ മണ്ടത്തരമാണല്ലേ. അത് ആദ്യമേ തുറന്നുപറഞ്ഞിരുന്നെങ്കിൽ രഞ്ജിത്തിന് രഞ്ജിത്തിന്റെ വഴിക്കു പോകാമായിരുന്നു, പ്രിയംവദയ്ക്ക് പ്രിയംവദയുടെയും. ആ പാവം നീതുവിനെ ഈ ലോകത്തേക്ക് കൂട്ടിക്കൊണ്ടുവരാതെ നോക്കാമായിരുന്നു. എന്ത് തെറ്റ്ചെയ്തു ആ പാവം പെൺകുട്ടി?'

'എനി റിഗ്രറ്റ് ഓൺ ദാറ്റ്?'

'ഏതു കുഞ്ഞും പിറന്നുവീഴാൻ കൊതിക്കുന്നത് സ്നേഹം നിറഞ്ഞു കവിയുന്ന ഒരു കുടുംബത്തിലേക്കുമാത്രം. ഗർഭപാത്രത്തിൽ ചുരുണ്ടുകൂടി കിടക്കുമ്പോൾ അവരുടെ ആദ്യത്തെ ആധി, തന്നെ പെറ്റിടാൻ പോകുന്ന അമ്മയെക്കുറിച്ചുതന്നെയായിരിക്കും. പൊക്കിൾക്കൊടികൊണ്ട് തന്നെ വരിഞ്ഞുമുറുക്കിയിരിക്കുന്ന ആ അമ്മയെപ്പറ്റി എന്തൊക്കെ സങ്കല്പങ്ങളായിരിക്കും അവരുടെ ഉള്ളിൽ? എങ്ങനെയിരിക്കും എന്റെ അമ്മ? ചന്തമുള്ളവളായിരിക്കുമോ? ഒരുപാട് സ്നേഹം തരുന്നവളായിരിക്കുമോ? പിന്നെ തന്നെ ഉൾക്കൊള്ളാൻ പോകുന്ന ആ കുടുംബത്തെപ്പറ്റിയും. ഇവിടെ ആ പാവത്തിന്റെ ആധികൾ പെരുപ്പിക്കാൻ മാത്രമല്ലേ നമുക്കെന്നും കഴിഞ്ഞിട്ടുള്ളൂ.'

'എനിക്കവളെ അത്രയ്ക്ക് ഇഷ്ടമാണ്. അവളെന്റെ മോളാണ്.'

'പക്ഷേ, അവൾക്ക് വളരാൻ പറ്റിയ ചുറ്റുപാടുകൾ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ നമുക്ക് എന്നെങ്കിലും? നക്ഷത്രങ്ങളുടെയും പൂക്കളുടെയും ലോകമില്ലെങ്കിലും ലേശം സ്വസ്ഥതയെങ്കിലും ആ പിഞ്ചുമനസ്സിന്?'

'കുഴപ്പം എന്റേതല്ല.'

'ആരുടേതെങ്കിലും ആയിക്കൊള്ളട്ടെ. അല്ലെങ്കിൽ വിധിയുടെ കണക്കിൽ എഴുതിത്തള്ളാം ചിലതൊക്കെ. പക്ഷേ, എല്ലാം അനുഭവിക്കാനായി ഇവിടെ ഒരു കൊച്ചുപെൺകുട്ടിയുണ്ടെന്ന കാര്യം എല്ലാവരും മറക്കുന്നു.'

ഒരു കാര്യവുമില്ലാതെ വെറുതെ നീട്ടിക്കൊണ്ടുപോയി ആ ബന്ധം. പൊട്ടലും ചീറ്റലുമായി പല രാത്രികൾ കടന്നുപോയിട്ടും ആ വലിയ തീരുമാനമെടുക്കാൻ മടിച്ചുനിന്നു രണ്ടുപേരും. ഒരു കാര്യവുമില്ലാതെ, ആരെയോ ഒക്കെ പേടിച്ച്.

വാസ്തവത്തിൽ രഞ്ജിത്തിന് എന്താണ് എന്നിൽനിന്ന് വേണ്ടിയിരുന്നത്? വിശ്വസ്തയായ നല്ലൊരു ഭാര്യയായിരുന്നില്ലേ ഞാൻ? അയാൾക്ക് വേണ്ടതെല്ലാം, മനസ്സുകൊണ്ടും ശരീരംകൊണ്ടും കൊടുത്തുകൊണ്ടിരുന്നില്ലേ ഞാൻ?

ഒരുപക്ഷേ, തനിക്ക് വേണ്ടതെന്താണെന്ന് അയാൾക്കുപോലും അറിയില്ലായിരുന്നു എന്നതാവും ശരി. ഭർത്താവിന്റെ പറയാത്ത മോഹങ്ങൾകൂടി കണ്ടറിഞ്ഞു സാധിപ്പിച്ചു കൊടുക്കുന്നതാവണം ഭാര്യ എന്നൊരിക്കൽ സൂചിപ്പിച്ചതായി ഓർമ്മ വരുന്നു. Unspoken desires എന്നോ മറ്റോ ആണ് പറഞ്ഞതെന്ന് തോന്നുന്നു. അപ്പോൾ മാത്രമാണ് അയാളുടെ മുമ്പിൽവെച്ച് ആദ്യമായി ഒരു ചീത്ത വാക്ക് തന്റെ നാവിൽനിന്ന് അറിയാതെ ഉതിർന്നു വീണത്. ഒരു സാധാരണ മറുനാടൻ പ്രയോഗം.

ഷിറ്റ്!

അതിന്റെ മുഴക്കത്തിൽ രഞ്ജിത്തൊന്ന് നടുങ്ങിപ്പോയെങ്കിലും, [illegible] നെയൊരു വൃത്തികെട്ട വാക്ക് തന്റെ നാവിൽനിന്ന് വീണുപോയതോർത്ത് പിന്നീട് ഒരുപാടു പശ്ചാത്തപിച്ചിട്ടുണ്ട്. എന്നാലും അയാളോടൊത്തുള്ള ജീവിതത്തിൽ തനിക്കു പറയാൻ കഴിഞ്ഞിട്ടുള്ള ഏറ്റവും അർത്ഥപൂർണ്ണമായ വാക്ക് അതുതന്നെയായിരുന്നുവെന്നു പിൽക്കാലത്ത് ബോദ്ധ്യമായി.

പ്രത്യേകിച്ചൊന്നും വേണ്ടിയിരുന്നില്ല രഞ്ജിത്തിൽനിന്ന്. തനിക്കു മാത്രമായി അൽപ്പം സ്ഥലം. പ്രിയംവദയുടേത് മാത്രമായി അൽപ്പം ഇടം. പക്ഷേ, അറിഞ്ഞോ അറിയാതെയോ അത് സാദ്ധ്യമാകാതെയിരിക്കാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു രഞ്ജിത്ത്.

ജീവിതത്തെപ്പറ്റി കാര്യമായൊന്നും അറിഞ്ഞുകൂടായിരുന്നെങ്കിലും ഒരുപാട് ചോദ്യങ്ങൾ സ്വയം ചോദിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്.

ആരാണീ പ്രിയംവദ? ഇല്ലനക്കരി പടർന്ന വികൃതമായ അടുക്കളച്ചുമരു പോലെയുള്ള ഈ ലോകത്തിൽ എങ്ങനെയാണവൾക്ക് സ്വയം അടയാളപ്പെടുത്താനാകുക?

കഴിവുകളേക്കാൾ കൂടുതൽ ധാരണ കഴിവുകേടുകളെപ്പറ്റിയായിരുന്നതുകൊണ്ട് എന്നെങ്കിലുമൊരിക്കൽ സ്വന്തം കാലിൽ നിൽക്കാനാകുമെന്ന് കരുതിയിരുന്നില്ല. കുട്ടിക്കാലം മുതൽക്കേ ഏതെങ്കിലുമൊരു ആണുമായി കൂട്ടിക്കെട്ടിയുള്ള ജീവിതത്തെപ്പറ്റി മാത്രം പറഞ്ഞുതന്നവരായിരുന്നു മുതിർന്നവർ.

ഒരുപക്ഷേ, ഇന്നായിരുന്നെങ്കിൽ കുറെക്കൂടി ആത്മവിശ്വാസത്തോടെ രഞ്ജിത്തിനെയും, അയാൾ സൃഷ്ടിച്ച ലോകത്തെയും നേരിടാനാകുമായിരുന്നു. എന്നിട്ടും വേർപിരിയുകയെന്ന ആ വലിയ തീരുമാനമെടുക്കാനുള്ള തന്റേടം അന്ന് എവിടന്ന് കിട്ടിയെന്ന് ഇപ്പോഴും അത്ഭുതം തോന്നാറുണ്ട്.

ഒരുപാട് ആവശ്യങ്ങളുള്ള ശരീരമായിരുന്നു രഞ്ജിത്തിന്റേത്. പിടിയിലൊതുങ്ങാത്ത മനസ്സിന്റെ തൃപ്തിയില്ലായ്മ അതിലേറെയും. വഴക്കും ബഹളവും വല്ലാതെ നീണ്ടുപോയ രാത്രികളിൽപോലും, ഒടുവിൽ എല്ലാം കഴിഞ്ഞ് രണ്ട് ഡ്രിങ്കുകൾ കൊടുക്കുന്ന പേശിയയവിൽ, ഒന്നും സംഭവിക്കാത്ത മട്ടിൽ കിടക്കയിൽ ഇരട്ടിവീര്യത്തോടെ ഒരു വേട്ടനായയുടെ അണപ്പോടെ അയാൾ ആക്രമിച്ചു കയറിയപ്പോഴൊക്കെ വെറുപ്പ് ഉള്ളിലൊതുക്കി പ്രിയംവദ വഴങ്ങിക്കൊടുത്തുകൊണ്ടിരുന്നു. പുറമേ പൊതുവേ സ്വസ്ഥനായിരുന്നെങ്കിലും കിടപ്പുമുറിയിലെ ആ പ്രാകൃതഭാവം അയാളുടെ മനസ്സിലെ ഏതോ ഇരുളടഞ്ഞ അറകളിലേക്ക് വെളിച്ചംവീഴ്ത്തിയിരുന്നു.

ദിനചര്യയുടെ ഭാഗമായി, ഒരു അനുഷ്ഠാനംപോലെ, ആചാരംപോലെ, രാത്രിയുറക്കത്തിനുമുമ്പുള്ള ഇണചേരൽ. ഏതെങ്കിലും കാരണംകൊണ്ട് പതിവ് മുടങ്ങുമ്പോൾ കൂടുതൽ ഡ്രിങ്കുകൾ, കൂടുതൽ സിഗററ്റുകൾ, കൈകൾ കൂട്ടിത്തിരുമ്മി, എന്തൊക്കെയൊ മുരണ്ടുകൊണ്ട് മുറിക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു കാണുമ്പോൾ ചിരിയടക്കാൻ പണിപ്പെടുകയായിരുന്നു ആദ്യമൊക്കെ. ഒടുവിൽ, ആ മടുപ്പിക്കുന്ന ആവർത്തനം വല്ലാതെ വെറുപ്പിക്കാൻ തുടങ്ങിയപ്പോൾ ഒരുനാൾ പ്രിയംവദയ്ക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

'സെക്സിനെ ഒരു മനോഹരമായ കൂടിച്ചേരലായി കാണാനാവില്ലേ രഞ്ജിത്തിന് ഒരിക്കലും?'

പതിവുള്ള ചടങ്ങിനുശേഷം ഒരു സിഗരറ്റ് പുകയ്ക്കുകയായിരുന്ന രഞ്ജിത്ത് താത്പര്യമില്ലാത്ത മട്ടിൽ ഒന്നു മുരണ്ടു.

'ഐ ഡോണ്ട് ഫൈൻഡ് എനിതിങ് ബ്യൂട്ടിഫുൾ ഇൻ സെക്സ്?'

'പിന്നെ, പിന്നെ എന്താണത്?' പ്രിയംവദ ആവേശത്തോടെ ചോദിച്ചു. 'ഒരുപാട് കൊടുക്കൽവാങ്ങലുകളുമായി എല്ലാംമറന്നുള്ള ഒരു ഒത്തുചേരലായി സെക്സിനെ കാണാൻ കഴിഞ്ഞില്ലെങ്കിൽ നമ്മളും മൃഗങ്ങളും തമ്മിലെന്ത് വ്യത്യാസം? കിട്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്നതിലല്ലേ നന്മയുടെ വിശുദ്ധി സാദ്ധ്യമാകുക.'

തീരെ ഇഷ്ടപ്പെടാത്ത മട്ടിൽ അയാൾ വീണ്ടുമൊന്നു മുരണ്ടപ്പോൾ അറിയാതെ പറഞ്ഞുപോയി:

'ഒരുനാൾ വേണമെങ്കിൽ ഭക്ഷണം കഴിക്കാതെയിരിക്കാം, രഞ്ജിത്തിന്. പക്ഷേ, ഇത് ഒഴിവാക്കാനാവില്ല, അല്ലേ?'

പറഞ്ഞുകഴിഞ്ഞപ്പോൾ വേണ്ടായിരുന്നെന്നു തോന്നിയെങ്കിലും തന്റെ വാക്കുകളിലെ ക്രൂരത അയാളെ അൽപ്പംപോലും അലട്ടുന്നില്ലെന്നു കണ്ടപ്പോൾ വീണ്ടും വാശിയായി.

'സെക്സ് വലിയൊരു ആശ്വാസമാണല്ലേ രഞ്ജിത്തിന്?'

അതെങ്ങനെ അറിഞ്ഞുവെന്ന മട്ടിൽ, അയാൾ ഒരു നിമിഷം പ്രിയംവദയുടെ നേർക്ക് മിഴിച്ചുനോക്കിയിരുന്നു. പിന്നെ പതുക്കെ തലയാട്ടി.

അപ്പോൾ പകച്ചുപോയത് പ്രിയംവദയായിരുന്നു. ഒന്നും ഓർക്കാതെ വെറുതെ പറഞ്ഞുപോയതാണെങ്കിലും എത്രയോ മുമ്പേ താനിത് തിരിച്ചറിയേണ്ടതായിരുന്നെന്ന ബോധം അവളെ വല്ലാതെ കീഴ്പ്പെടുത്തി.

രഞ്ജിത്തിന് സെക്സൊരു വലിയ ആശ്വാസമാകുന്നു.

രഞ്ജിത്തിന് സെക്സൊരു വലിയ ആശ്വാസമാകുന്നു.

ഇഷ്ടമില്ലാത്തൊരു പാഠം കഷ്ടപ്പെട്ടുപഠിക്കുന്ന കുട്ടിയെപ്പോലെ പ്രിയംവദ അതു തന്നെ പലതവണ ഉള്ളിൽ ഉരുവിട്ടു.

പിന്നീടതിന് പല അർത്ഥങ്ങളും കണ്ടെത്താനായി അവൾക്ക്. അമ്മയുടെ മടിത്തട്ടിന്റെ സുരക്ഷിതത്വമില്ലാതെ കഴിച്ചുകൂട്ടിയ അയാളുടെ കുട്ടിക്കാലം. സുഖവാസസ്ഥലത്തെ ബോർഡിങ്സ്കൂളിൽ പഠിക്കുമ്പോൾ കൂട്ടുകാർ നന്നേ കുറവായിരുന്നു. ടൗണിൽനിന്ന് വളരെ അകലെയായി ഒരു കുന്നിൻപുറത്തായിരുന്നു സ്കൂൾ. ഏറ്റയിറക്കങ്ങളുള്ള ആ വലിയ കോമ്പൗണ്ടിന്റെ ഒരു മൂലയിലുള്ള ഹോസ്റ്റൽമുറിയിലെ ബാൽക്കണിയിൽ തനിച്ച്, വളരെ തനിച്ച്, താഴ്വാരങ്ങളിലെ കൊഴുത്ത ഇരുട്ടിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് ചെലവഴിക്കാറുണ്ടായിരുന്ന തണുത്തുറഞ്ഞ രാത്രികളെപ്പറ്റി അയാൾ ആദ്യകാലത്ത് വിസ്തരിച്ചുപറയാറുണ്ടായിരുന്നു.

അക്കാലത്താണ് കുന്നിൻചരിവുകളിലൂടെ അലഞ്ഞു നടക്കുന്ന പ്രേതാത്മാക്കളെപ്പറ്റി പലതും അറിയാനായത്. തോട്ടക്കാരൻ കറുപ്പയ്യനാണ് അവരുടെയൊക്കെ പേരുകൾ കൃത്യമായി പറഞ്ഞുകൊടുത്തുകൊണ്ടിരുന്നത്. ഒടുവായപ്പോഴേക്കും ജനാലയ്ക്കപ്പുറത്തെ ഓരോ കൊച്ചുകൊച്ചു കാലൊച്ചകളും വേറിട്ട് തിരിച്ചറിയാമെന്നായി രഞ്ജിത്തിന്. ഗതികിട്ടാതെ അലയുന്ന ഓരോ ആത്മാവിനെയും പേരുപറഞ്ഞു വിളിക്കാമെന്നായി.

അക്കൂട്ടത്തിൽ ഒരാളായി, ജനാലച്ചില്ലിനപ്പുറത്തു മുഖം ചേർത്തുവച്ചു നിൽക്കുന്ന മങ്ങിയ രൂപമായി, നിറം മങ്ങിയ പഴയ ചിത്രങ്ങളിൽ മാത്രം കണ്ടു പരിചയമുള്ള പട്ടുചേലയുടുത്ത, തന്റെ അമ്മ.

ഒരു ചെറിയ അവധിക്കാലത്ത് കൂട്ടുകാരെല്ലാം നാട്ടിൽ പോയപ്പോൾ പോകാനൊരു ഇടമില്ലാതെ, ഹോസ്റ്റൽമുറിയിൽ തനിച്ചായപ്പോഴാണ്, രാത്രിയിൽ ആദ്യമായി അമ്മയെ വിളിച്ച് ഒരുപാടു കരഞ്ഞത്. അന്നാണ് ആദ്യമായി കറുപ്പയ്യനിൽനിന്ന് കഞ്ചാവുബിഡി വാങ്ങി വലിച്ചതും.

പിറ്റേന്നുതന്നെ അച്ഛന് ഒരു കേബിളയച്ചു. എനിക്കിവിടെ നിൽക്കാൻ വയ്യച്ഛാ. എങ്ങനെയെങ്കിലും എന്നെ ഇവിടുന്ന് കൊണ്ടുപോകൂ. ഞാനവിടെ അച്ഛന്റെയൊപ്പം നിന്ന് പഠിച്ചോളാം. ഒരു കുഴപ്പവും കാട്ടാതെ നല്ല കുട്ടിയായി പഠിച്ചോളാം.

പക്ഷേ, സമ്മതിക്കാൻ തയ്യാറായില്ല അച്ഛൻ. സ്കൂൾപഠിത്തം നാട്ടിൽ തന്നെ തീർത്തിട്ട് വരൂ. എന്നിട്ട് ഇവിടെ അമേരിക്കയിലെ നല്ലൊരു യൂണിവേഴ്സിറ്റിയിൽ ചേർക്കാം ഞാൻ.

അമ്മയുടെ കാര്യം പറയുമ്പോഴാണ് രഞ്ജിത്ത് ഒരിക്കൽ കരയുന്നതു കണ്ടത്. ഒരുമിച്ചുള്ള ജീവിതത്തിൽ, ആദ്യമായും അവസാനമായും കാണാൻ കിട്ടിയ കരച്ചിൽ. എന്നോ നഷ്ടപ്പെട്ട കുട്ടിക്കാലത്തിന്റെ സുരക്ഷിതത്വം പിന്നീടൊരിക്കലും തിരിച്ചുപിടിക്കാനായില്ലെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നപ്പോൾ അയാളോട് അലിവുപോലും തോന്നാറുണ്ടായിരുന്നു.

കൗതുകമുള്ള ഒരാശയംപോലെ, അയാൾക്കൊരു അമ്മയെപ്പോലെയാകാൻ തനിക്ക് കഴിയുമോയെന്നുവരെ ആലോചിച്ചുപോയിരുന്നു അക്കാലത്ത്.

നീതു വലുതാകാൻ തുടങ്ങിയതോടെ വീട്ടിലെ ചുറ്റുപാടുകൾ ഒന്നുകൂടി കലങ്ങിമറിഞ്ഞു. കാര്യങ്ങൾ ഏതാണ്ട് മനസ്സിലാക്കാനുള്ള പ്രായമായതുകൊണ്ട് അവളൊന്നും അറിയരുതെന്ന് വലിയ നിർബന്ധമായിരുന്നു രഞ്ജിത്തിന്. പക്ഷേ, എത്രകണ്ടു മുൻകരുതലെടുത്താലും വളർന്നുവരുന്ന, നല്ല ബുദ്ധിശക്തിയുള്ള ഒരു പെൺകുട്ടിക്ക് സാമാന്യത്തിലേറെ കണ്ണും കാതുമുണ്ടാകുമെന്നു നന്നായറിയാമായിരുന്നു, പ്രിയംവദയ്ക്ക്. കൊച്ചു നീതുവിന്റെ മുഖത്ത് ചില സംശയങ്ങൾ ഉരുണ്ടുകൂടാൻ തുടങ്ങുമ്പോഴേക്കും, അലട്ടുന്ന ഏതോ ചോദ്യം പ്രതീക്ഷിച്ചിട്ടെന്നവണ്ണം തഞ്ചത്തിൽ ഒഴിഞ്ഞു മാറാൻ ശീലിച്ചു പ്രിയംവദ.

എന്നിട്ടും അവളുടെ ചില മുനയുള്ള ചോദ്യങ്ങൾക്കു വേണ്ടപോലെ മറുപടി കൊടുക്കാനായില്ല.

സ്കൂളിലെ പേരന്റ്സ്ഡേയ്ക്ക് എന്റെ അച്ഛൻ മാത്രം ഒരിക്കലും വരാത്തതെന്താ? എല്ലാ കൂട്ടുകാരികളും അതുതന്നെ ചോദിക്കുന്നു. എന്റെ അച്ഛന് എപ്പോഴും തിരക്കുതന്നെ തിരക്ക്. അവരുടെ അച്ഛന്മാർക്കാർക്കും തിരക്കില്ലാന്നുണ്ടോ? പലരും വലിയ കാറുകളിൽ വരുന്ന വലിയ ആളുകൾ.

ഓരോ സമയത്തും പറയാനായി ഓരോതരം നുണകൾ കരുതിവച്ചിരുന്നുവെങ്കിലും ഒരിക്കൽ രഞ്ജിത്തിനോട് തട്ടിക്കയറേണ്ടിവന്നു.

സ്കൂളിന്റെ ജൂബിലിനാളിൽ ഏതോ ഒരു വി.വി.ഐ.പി. വരുന്ന ചടങ്ങ്. എല്ലാ കുട്ടികളുടേയും അച്ഛന്മാർ തന്നെ പങ്കെടുക്കണമെന്ന് വലിയ നിർബന്ധമായിരുന്നു പ്രിൻസിക്ക്. ഓരോ ക്ലാസ്സിലെയും ടോപ്പർമാർക്ക് സമ്മാനം

കൊടുക്കുമ്പോൾ അവരുടെ അച്ഛനമ്മമാരെയും സ്റ്റേജിൽ വിളിച്ചുകയറ്റി ബൊക്കെ കൊടുത്ത് ആദരിക്കുന്ന ചടങ്ങ്. നീതുവിനുമുണ്ടായിരുന്നു സമ്മാനം. രണ്ടുദിവസം മുമ്പേ അവൾ കരഞ്ഞുപിടിച്ച് പുറകെ നടന്നിട്ടും അലിയാൻ കൂട്ടാക്കിയില്ല രഞ്ജിത്തിന്റെ മനസ്സ്.

അമേരിക്കയിൽനിന്ന് ഏതോ കൊടികെട്ടിയ സായിപ്പ് വരുന്നുണ്ടത്രെ. കമ്പനിക്ക് വലിയൊരു ഓർഡർ കിട്ടുന്ന കാര്യമാണ്. ഓഫീസ് വിടാൻ വയ്യ.

'ഡോൺ ബീ സോ ക്രൂവൽ രഞ്ജിത്ത്. ഇത്തരം അവസരങ്ങൾ ഒരു കൊച്ചുകുട്ടിയെ സംബന്ധിച്ചിടത്തോളം എത്രയോ വിലപിടിച്ചതാണെന്ന് രഞ്ജിത്ത് മനസ്സിലാക്കുന്നില്ലല്ലോ. എന്നോടുള്ള അരിശം തീർക്കാനായി എന്തിന് ആ പാവത്തിന്റെ നേർക്ക് ഇത്രയും വലിയൊരു ക്രൂരത കാണിക്കുന്നു?'

'ഓ, ഇതവരുടെ മറ്റൊരു ചടങ്ങ്. സിറ്റിയിലെ കൊള്ളാവുന്നവരെയെല്ലാം നാട്ടുകാരുടെ മുമ്പിൽ പരേഡ് ചെയ്യിച്ച് അവരുടെ പ്രമാണിത്തം കാണിക്കാനുള്ള വഴി.'

'സമ്മാനം വാങ്ങുന്ന ടോപ്പേർസ് കുട്ടികളോടൊപ്പം അവരുടെ പേരന്റ്സും വേണമെന്ന് നിർബന്ധമാണവർക്ക്.'

'അതിന് അവളുടെ അമ്മയുണ്ടല്ലോ.'

'ഒരാൾ മാത്രം പോരല്ലോ.'

'അങ്ങനെ തനിച്ച് സ്റ്റേജിൽ കയറുന്ന അമ്മമാരുമുണ്ടാകും.'

'അപ്പോൾ കൂട്ടരുടെ മുമ്പിൽ നീതുവിനെ ഒരു അച്ഛനില്ലാത്ത കുട്ടിയാക്കി കാണിക്കണം അല്ലേ?'

'തിരക്കുള്ള അച്ഛന്മാരും കണ്ടേക്കും അക്കൂട്ടത്തിൽ.'

'പക്ഷേ, അവരൊക്കെ സ്വന്തം മക്കൾക്കുവേണ്ടി വർഷത്തിലൊരു ദിവസമെങ്കിലും മാറ്റിവയ്ക്കാനുള്ള സന്മനസ്സ് കാട്ടുന്നവരായിരിക്കും. ഇതാണെങ്കിൽ ഒരു ജൂബിലി ചടങ്ങും.'

'നീ വെറുതെ തർക്കിക്കാൻ നോക്കുന്നു, ഒരു കാര്യവുമില്ലാതെ.'

'കാര്യം പറയുമ്പോൾ അത് തർക്കമാവില്ല.'

'സ്റ്റോപ്പ് ദിസ് നോൺസെൻസ്. എനിക്ക് ഓഫിസിൽ പോകണ്ട നേരമായി.' അയാളുടെ ഒച്ച പൊങ്ങി.

'നോക്കൂ രഞ്ജിത്ത്, ഈയൊരു പ്രാവശ്യമെങ്കിലും വാശിപിടിക്കരുത്. നമ്മുടെ മോളെക്കരുതി...'

ഒന്നും പറയാതെ അയാൾ വഴുതി മാറുന്നതു കണ്ടപ്പോൾ സഹിക്കാനായില്ല. അടുത്തേക്കു ചെന്ന് ചുമൽ പിടിച്ചു കുലുക്കിക്കൊണ്ട് അവൾ ചീറി.

'കമോൺ ടെൽ മീ. നീതു സ്വന്തം മകളാണെന്ന് സമ്മതിക്കാൻ മടിയുണ്ടോ രഞ്ജിത്തിന്?'

ചുമലിലെ കൈ തട്ടിക്കളഞ്ഞുകൊണ്ട് അയാൾ അവളുടെ നേർക്ക് തുറിച്ചുനോക്കി.

'വാട്ട് ഡു യു മീൻ?'

'അല്ലാ, ചിലപ്പോഴത്തെ പെരുമാറ്റം കാണുമ്പോൾ...'

'എപ്പോഴെങ്കിലും ഞാനങ്ങനെ പറഞ്ഞിട്ടുണ്ടോ?'

'പറയണ്ടാ, അതിലും ക്രൂരമാണ് ഇങ്ങനെയുള്ള പെരുമാറ്റം. ഒരു കൊച്ചു കുഞ്ഞിന്റെ മനസ്സ് വേദനിപ്പിക്കുന്നത്ര ക്രൂരത വേണോ നമ്മുടെ ബന്ധ

ത്തിൽ.ഇതുകൊണ്ടൊക്കെ എന്താണ് നേടാൻ നോക്കുന്നത്, അവളുടെ ശാപമല്ലാതെ...'

അതിനുള്ള മറുപടി, തിടുക്കത്തിൽ വേഷം മാറി പ്രാതൽപോലും കഴിക്കാതെ, ലിഫ്റ്റിനുവേണ്ടി കാത്തുനില്ക്കാതെ, വലിയ ഒച്ചയിൽ കോണിപ്പടികൾ ചാടിയുള്ള ഇറക്കമായിരുന്നു.

എല്ലാം കണ്ടുകൊണ്ട് വാതിലിൽ ചാരിനിൽക്കുകയായിരുന്നു, നീതു. അവളുടെ കണ്ണുകൾ നിറഞ്ഞുതൂവിയിരുന്നു.

'അയാം സോറി അമ്മാ.' അവൾ കരച്ചിലടക്കാൻ പണിപ്പെടുകയായിരുന്നു: 'ഞാൻ കാരണം നിങ്ങള് രണ്ടുപേരും...'

'വിഷമിക്കണ്ടാ മോളേ, നിനക്കമ്മയുണ്ടല്ലോ.' അവളെ ചേർത്തുപിടിച്ച് കവിളത്ത് നനഞ്ഞ ചുണ്ടുകളമർത്തി. 'ഞാൻ വന്ന് മിസ്സിനോട് പറയാം, ഹസ്ബെന്റ് ടൂറിലാണെന്ന്. അല്ലെങ്കിൽ ഏതെങ്കിലുമൊരു പ്രധാനപ്പെട്ട മീറ്റിങ്. ഇതൊരു സ്ഥിരം എക്സ്ക്യൂസാണല്ലോ എന്നവർ പറഞ്ഞേക്കും. സാരമില്ല, എങ്ങനെയെങ്കിലും ഞാനത് മാനേജ് ചെയ്തോളാം. മോള് വിഷമിക്കണ്ട.'

അന്ന് വൈകിട്ട് രഞ്ജിത്ത് വന്നതു വളരെ വൈകിയായിരുന്നു. നന്നായി കുടിച്ചിരുന്നു. അത്താഴം പുറത്തുനിന്നു കഴിച്ചുവെന്ന് പറഞ്ഞു.

വേഷം പോലും മാറാതെ കിടക്കയിൽ കയറി മൂടിപ്പുതച്ചു കിടക്കുന്നതു കണ്ടു. പനിയുണ്ടെന്ന് തോന്നി. ശരീരം ഇടയ്ക്കൊക്കെ കുടയുന്നതു കണ്ടു.

ഏറെ നാളുകൾക്കുശേഷം അന്ന് രാത്രിയിൽ ഒരുപാട് വേണ്ടാത്ത സ്വപ്നങ്ങൾ കണ്ടു. ഉറക്കത്തിൽ എഴുന്നേറ്റു നടക്കുകയും ചെയ്തു. വാതിലിന്റെ ബോൾട്ടുകൾ നീക്കി ബാൽക്കണിയിലേക്ക് കടന്ന് കുറെ നേരം കൈവരിയിൽ പിടിച്ചുകൊണ്ട് നിന്നുകാണണം. പിന്നീടെപ്പോഴോ, ഒറ്റ തിരിഞ്ഞു വന്ന ഒരു കാറ്റിൽ മുഖത്തേക്കു പാറി വീണ മഴത്തുള്ളികളായിരിക്കണം തന്നെ ഉണർത്തിയത്.

താഴത്തെ കൊഴുത്ത ഇരുട്ടിന്റെ ആഴങ്ങളിലേക്ക് കണ്ണു തുറക്കുമ്പോൾ ഉടലാകെ വിറകൊള്ളുകയായിരുന്നു. അപ്പോൾ ഉണർന്നില്ലായിരുന്നെങ്കിൽ, ലേശംകൂടി വൈകിയിരുന്നെങ്കിൽ, ചിലപ്പോൾ പിടിവിട്ട്, നില തെറ്റി, ഉയരം കുറഞ്ഞ ആ കൈവരികളുടെ മീതെക്കൂടെ മറിഞ്ഞ് താഴോട്ട്... താഴോട്ട്...

അതുതന്നെ ഓർത്തു വല്ലാതെ നടുങ്ങിപ്പോയിട്ടുണ്ട്, പിന്നിട് പലപ്പോഴും.

കാര്യങ്ങൾ വല്ലാതെ കുഴഞ്ഞുമറിഞ്ഞ്, പുറകോട്ട് ഇനിയൊരു ചുവടുവയ്പ് രണ്ടുപേർക്കും അസാദ്ധ്യമെന്ന നിലയിലെത്തിയപ്പോഴാണ് ഒരു മുന്നറിയിപ്പുമില്ലാതെ ഒരു ദിവസം രഞ്ജിത്തിന്റെ അമ്മായിയും ഭർത്താവും കയറി വന്നത്. ഗൾഫിലുള്ള ശാരദമ്മായിയും, മാധവേട്ടനും. രഞ്ജിത്തിന്റെ അച്ഛന്റെ ഒരേയൊരു പെങ്ങളാണ് ശാരദമ്മായി.

രഞ്ജിത്തിന്റെ അച്ഛൻ വിളിച്ചുപറഞ്ഞുകാണണം.

ആദ്യത്തെ രണ്ടുമൂന്നു ദിവസം അവരൊന്നും ചോദിച്ചില്ല. എന്നാലും എന്തൊക്കെയോ ചോദിച്ചറിയാനുള്ള വീർപ്പുമുട്ടൽ അവരുടെ മുഖത്ത് തെളിഞ്ഞു കാണാമായിരുന്നു. രണ്ടുദിവസത്തെ അവധിയെടുത്ത് രഞ്ജിത്ത് അവരെ നഗരമാകെ ചുറ്റിനടന്ന് കാണിക്കുന്നതു കണ്ടു. അയാൾക്കു പറയാനുള്ളതെല്ലാം അയാൾ അപ്പോൾതന്നെ പറഞ്ഞുകാണണം. അതു

കൊണ്ടാവാം തന്നെ നേരിടുമ്പോൾ അമ്മായിയുടെ മുഖത്ത് ഒരു ഉറപ്പില്ലായ്മ കാണാനായത്.

പോകുന്നതിന്റെ തലേന്നു രാത്രിയിൽ ആരുമില്ലാത്ത നേരം നോക്കി അമ്മായി മുറിയിലേക്കു കടന്നുവന്ന്, കട്ടിലിൽ അടുത്തിരുന്നു.

'ഏതാണ്ട് കുറെയൊക്കെ കേട്ടിരുന്നു. എന്നാലും കാര്യങ്ങൾ ഇത്രത്തോളമെത്തിയെന്ന് മനസ്സിലായത് ഇവിടെ വന്നപ്പോഴാണ്.'

'രഞ്ജിത്ത് എല്ലാം പറഞ്ഞുവല്ലേ?'

'ആ, എന്തൊക്കെയോ പറഞ്ഞു, എന്തൊക്കെയോ കേട്ടു. മുഴുവൻ വിശ്വസിക്കണമെന്ന് തോന്നിയില്ല. അങ്ങനെ പറഞ്ഞു വിശ്വസിപ്പിക്കണമെന്ന് അയാൾക്കും വലിയ നിർബന്ധമില്ലാത്തതുപോലെ.'

പ്രിയംവദ വെറുതെ മൂളി.

'ഇങ്ങോട്ടു പോരണതിനു മുമ്പ് പലതവണ ആലോചിച്ചു ഞങ്ങള്. വലിയ മടിയായിരുന്നു മാധവേട്ടന് ഇതിലൊക്കെ ഇടപെടാൻ. പിന്നെ ലീവിന്റെ ചില പ്രശ്നോം.'

അമ്മായിയുടെ കണ്ണുകളിൽ നേർത്ത നനവുണ്ടായിരുന്നു.

'കാര്യങ്ങൾ എളുപ്പമാകുമെന്ന് കരുതിയല്ല പോന്നത്. വേണ്ടതിലേറെ ബുദ്ധീം, വിവരോം, ലോകപരിചയോം ഒക്കെയുള്ളവരുടെ കാര്യത്തിൽ ഇടപെടുകയെന്നു വെച്ചാൽ...'

അമ്മായി ആയത്തിൽ തുടങ്ങിവെച്ചു.

പ്രിയംവദ ഒന്നും മിണ്ടിയില്ല.

'എന്നാലും ഞങ്ങളെക്കൊണ്ടാവുന്നത് എന്തെങ്കിലും ചെയ്യാല്ലോ എന്ന് കരുതീന്ന് മാത്രം.'

'അച്ഛൻ....?' പ്രിയംവദ ചോദിച്ചു.

'ഏട്ടൻ പ്രത്യേകിച്ചൊന്നും പറഞ്ഞില്ല. പക്ഷേ, എല്ലാമറിയാമെന്ന് തോന്നണു.'

'ഞാൻ എന്റച്ഛനെക്കാൾ കൂടുതൽ ബഹുമാനിക്കുന്ന എത്രയോ വലിയൊരച്ഛൻ.'

'അതങ്ങനെയാണ്, പ്രിയാ. ഏട്ടനെ ഒരിക്കൽ പരിചയപ്പെട്ടാൽ ആർക്കും അങ്ങനെ മാത്രേ തോന്നൂ. കുട്ടിക്കാലം തൊട്ടേ ഞങ്ങളുടെ കുടുംബത്തിലെ ഒരു മഹാത്ഭുതമായിരുന്നു ഏട്ടൻ. എപ്പോഴും സ്കൂളിൽ ഒന്നാമൻ. വലിയ അദ്ധ്വാനി. പറമ്പിൽ കൈക്കോട്ടെടുത്തു കിളയ്ക്കുമ്പഴും മരത്തടീല് കോലു കൊണ്ട് മേളം കൊട്ടി പഠിക്കുമ്പഴുമൊക്കെ ഒരേ മട്ടന്നെ. സ്വന്തം പ്രയത്നം കൊണ്ട് വിദേശത്തു വലിയൊരു ലോകം വെട്ടിപ്പിടിച്ചിട്ടും അങ്ങോരുടെ പ്രകൃതത്തിലെ ആ എളിമയിൽ ഒരു മാറ്റോം വന്നിട്ടില്ല. എത്രയോ ദൂരെയായിട്ടും, എത്രയെറെ തിരക്കുണ്ടെങ്കിലും കൊല്ലത്തിലൊരിക്കലെങ്കിലും നാട്ടിൽ വരാതിരിക്കാറില്ല ഏട്ടൻ. മിക്കപ്പഴും ഞങ്ങടെ അമ്പലത്തിലെ ഉത്സവക്കാലത്ത്. കൂടിവന്നാൽ ഒരു രണ്ടാഴ്ച. ഞങ്ങക്കൊന്നും ശരിക്ക് കാണാൻ കിട്ടാറേയില്ല. ആ പഴയ സെറ്റുകാരൻ ഗോവിന്നായരോടൊത്ത് അമ്പലപ്പറമ്പുകൾ തോറുമുള്ള അലച്ചിലാണ് പിന്നെ. കഥകളീം, മേളോം, കൂത്തുമൊക്കെയായിട്ട് എവടെയെങ്കിലും പരിപാടി കാണും ദിവസോം ഉറക്കമൊഴിക്കാൻ...'

അൽപ്പം കഴിഞ്ഞ് എന്തൊക്കെയോ ഓർത്തുകൊണ്ട് അമ്മായി തുടർന്നു:

'എന്തോ, രഞ്ജിത്തിന് മാത്രം അതൊന്നും കിട്ടിയില്ല. അവന്റെ സ്കൂൾ പഠിത്തം മുഴുവൻ നാട്ടിൽത്തന്നെ തീർത്തിട്ടേ ടെക്സാസിലേക്ക് കൊണ്ടുപോകൂ എന്ന് വലിയ നിർബന്ധമായിരുന്നു ഏട്ടന്. കാരണം ഒരു കുട്ടീടെ സ്വഭാവം രൂപപ്പെട്ടു കിട്ടണത് സ്കൂൾഘട്ടത്തിലാണെന്ന് ഏട്ടൻ ഉറച്ചുവിശ്വസിച്ചിരുന്നു. അതായത് നാട്ടിൽവെച്ച് നല്ലൊരു അടിത്തറയുണ്ടാക്ക്യാൽ അമേരിക്കേലെ കാറ്റ് അവനെ ചീത്തയാക്കില്ലാന്ന് തന്നെ.'

പെട്ടെന്ന് പ്രിയംവദ ഇടയിൽക്കയറി പറഞ്ഞു:

'അതിന് രഞ്ജിത്തിന് നല്ലൊരു അടിത്തറ കിട്ടിയിട്ടില്ലെന്ന് ആരു പറയും? നോ നെവർ. ഞാനൊരിക്കലും അങ്ങനെ പറയില്ല അമ്മായി. അതൊരു മഹാപാപമാകും. സത്യം പറഞ്ഞാൽ ഞങ്ങൾ തമ്മിൽ ചേരാതെ പോയത് എന്തുകൊണ്ടാണെന്ന് എനിക്കൊരിക്കലും മനസ്സിലായിട്ടില്ല. പുറമേനിന്നു നോക്കിയാൽ എന്തുകൊണ്ടും ചേരേണ്ടവർ.'

'അങ്ങനെ എല്ലാം കൃത്യമായി അളന്നുതൂക്കി നോക്കിയിട്ടില്ലല്ലോ നമ്മുടെ ഇടയില് കല്യാണം നടക്കണത്. പെർഫെക്റ്റ് മാച്ച് എന്നൊന്നില്ല മോളേ. ഒക്കെ കുറെ അഡ്ജസ്റ്റുമെന്റുകൾ. എല്ലാവരിലും കാണും ഓരോ പോരായ്മകൾ. ഒരുതരത്തിലിങ്ങനെ തട്ടീം മുട്ടീം കൊണ്ടുപോകുന്നുവെന്ന് മാത്രം. പിന്നെ ദൈവത്തിന്റെ വരദാനങ്ങളാണ് കുട്ടികൾ. കുടുംബത്തിനകത്തെ ഒരുപാട് വിടവുകൾ നികത്താൻ അവരെക്കൊണ്ടാകും.'

'ഇവിടെ അതും ശരിയാവണില്ലല്ലോ, അമ്മായീ. ഉള്ളിൽ സ്നേഹമുണ്ടെങ്കിലും ആദ്യം തൊട്ടേ അച്ഛനെ വലിയ പേടിയായിരുന്നു നീതുവിന്. ഓരോന്ന് കണ്ടും കേട്ടും ഉള്ള് കറുത്തുപോയതാകാം.'

'ശരിയാണ് പ്രിയാ. ഓരോന്നു പറയുമ്പോഴും കാട്ടുമ്പോഴും വീട്ടിലൊരു കുട്ടി വളരുന്നുണ്ടെന്ന കാര്യം നമ്മള് മറന്നുപോകുന്നു. അതും വലിയ കണ്ണും കാതുമാണ് ഇപ്പഴത്തെ തലമുറയ്ക്ക്. നമ്മെക്കാൾ ഇരട്ടി ബുദ്ധിശക്തീം.'

'മറന്നുപോയതല്ല അമ്മായീ, അറിയാഞ്ഞിട്ടുമല്ല. ചില സിറ്റ്വേഷൻസ് ഞങ്ങളെ ഓരോതരം ചുറ്റുപാടുകളിൽ കൊണ്ടുചെന്നെത്തിക്കുകയായിരുന്നു.'

'ഏട്ടൻ എപ്പോഴെങ്കിലും പ്രിയയോട് നേരിട്ട് സംസാരിച്ചിരുന്നോ ഇതൊക്കെ?'

'ആ ഒരിക്കൽ, ആറേഴ് മാസങ്ങൾക്കു മുമ്പ്, ഞങ്ങൾ പിരിയാൻ ഏതാണ്ട് തീരുമാനിച്ചിരുന്ന സമയത്ത്. അച്ഛന്റെ പ്രകൃതം അറിയാമല്ലോ. അത്യാവശ്യം വേണ്ട ചില വാചകങ്ങൾ മാത്രം ഫോണിൽ. പ്രിയ നന്നായിട്ട് ആലോചിച്ചിട്ടു തന്നെയാണോ എന്ന് ചോദിച്ചു. ഞാൻ വെറുതെയൊന്നു മൂളിയിരിക്കണം. അച്ഛനോട് എങ്ങനെ മറുപടി പറയണമെന്ന് ഒരു രൂപവുമില്ലായിരുന്നു. പിന്നെ അച്ഛൻ പറഞ്ഞുവച്ച ചില വാചകങ്ങൾ ഇന്നുമെനിക്ക് മറക്കാനാകുന്നില്ല... മോള് നല്ലപോലെ ആലോചിച്ചുറപ്പിച്ചതാണെങ്കിൽ എനിക്കൊന്നും പറയാനില്ല. ഇത്ര കാലമായിട്ടും മെരുങ്ങാത്തവരെ ഇനിയെങ്ങനെ മെരുക്കാനാവുമെന്ന് പറഞ്ഞുതരാൻ എന്നെക്കൊണ്ടാവില്ലല്ലോ. വെറുതെ പിടിവാശി കാട്ടുന്നവർ പലപ്പോഴും അവരവരുടെ ഉള്ളിലെ പോരായ്മകൾ മൂടിവയ്ക്കാൻ നോക്കുന്നവരായിരിക്കും. വേണ്ടതിലേറെ വിട്ടുവീഴ്ചകൾ ചെയ്ത് ഈ ബന്ധം നീട്ടിക്കൊണ്ടുപോകണമെന്ന് ഞാനൊരിക്കലും പറയില്ല. രഞ്ജിത്തിനോടൊപ്പം കഴിഞ്ഞുകൂടാൻ പറ്റില്ലെന്ന് ഉറപ്പാണെങ്കിൽ അവനെ തള്ളി

പ്പുറത്താക്കി സ്വന്തമായൊരു ജീവിതം കരുപ്പിടിപ്പിക്കാനുള്ള തന്റേടമുണ്ടാവണം പ്രിയയ്ക്ക്. ആരുമില്ലെങ്കിലും ഞാനെങ്കിലും കുട്ടിയുടെ കൂടെയുണ്ടാവുമെന്ന് ഉറപ്പിച്ചോളൂ... അതു പറയുമ്പോൾ അച്ഛന്റെ തൊണ്ട വല്ലാതെ ഇടറിയിരുന്നു.

'ഏട്ടനോട് ഇടപെടുമ്പോഴൊക്കെ അദ്ദേഹത്തിന്റെ രൂപം എന്റെ കൺമുമ്പിലങ്ങിനെ വലുതായി വലുതായി വരാറുണ്ട്. ഇത്രയും വലിയ മനസ്സുള്ള ആളുകളെ കാണുമ്പോഴാണ് ഇത് ജീവിക്കാൻ കൊള്ളാവുന്ന ലോകമാണല്ലോ എന്നു തോന്നിപ്പോകുന്നത്.

'സത്യം പറഞ്ഞാൽ അന്ന് അച്ഛന്റെ ഫോൺ വന്നതിനുശേഷം അതേവരെയുണ്ടായിരുന്ന ഉള്ളുറപ്പൊക്കെ പോയി ഞാനാകെ വല്ലാതെ തളർന്നു. രഞ്ജിത്തുമായുള്ള ബന്ധത്തെപ്പറ്റി മുമ്പൊക്കെ തോന്നിയിരുന്ന ആ ലാഘവബോധം പൊടുന്നനേ ഇല്ലാതായതുപോലെ. എല്ലാം എനിക്കുതന്നെ വിട്ടുതരാനുള്ള സന്മനസ്സ് അച്ഛൻ കാട്ടിയെങ്കിലും ഇത് വെറും രണ്ടുപേർ തമ്മിലുള്ള ചെറിയൊരു ഏർപ്പാടല്ലെന്നും അതിനൊക്കെ അപ്പുറമായി രണ്ടു കുടുംബങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്ന വേറെ പലതുംകൂടിയുണ്ടെന്ന് തോന്നിത്തുടങ്ങി. അതോടെ എനിക്കൊരു തീരുമാനമെടുക്കാനുള്ള കരുത്തില്ലാതായി. ഏതു തീരുമാനമെടുത്താലും വേദനിക്കാൻ പോകുന്നത് അങ്ങേരുടെ മനസ്സാകുമല്ലോ എന്ന വിഷമത്തോടെ ഒന്നും കാണാതെ, കേൾക്കാതെ കഴിഞ്ഞുകൂടി ഇത്രയും കാലം...'

ഒന്നും ഉരിയാടാതെ വെറുതെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു ശാരദമ്മായി.

'പക്ഷേ, ഇപ്പോൾ താങ്ങാൻ വയ്യാതായിരിക്കുന്നു, അമ്മായീ, എനിക്കെല്ലാം മതിയായിരിക്കുന്നു.'

കനപ്പെട്ട ഓഫീസ്പണികളൊതുക്കി, മോളെ പഠിപ്പിക്കലും വീട്ടുകാര്യങ്ങളുമൊക്കെ കഴിഞ്ഞ് ഇത്തിരി സ്വസ്ഥത തേടുമ്പോഴാണ് ഒരാളുടെ വക ഓരോ കോലാഹലങ്ങൾ. എവിടന്നാണ് തുടങ്ങുക, എന്തൊക്കെയാണ് ചെയ്യുക എന്നതിനെക്കുറിച്ചൊന്നും ഒരു രൂപവും കിട്ടാറില്ല മിക്കപ്പോഴും. ഒരാളുടെ സ്വഭാവം ഇത്രയും അൺപ്രെഡിക്റ്റബിളാകുന്നതെങ്ങനെയെന്ന് ആലോചിച്ച് അതിശയിച്ചിട്ടുണ്ട് പലപ്പോഴും. എന്തെങ്കിലും നിസ്സാരകാര്യങ്ങൾ മതിതാനും എല്ലാറ്റിനും. സത്യത്തിൽ ഇത്രയും കാലം ഒരുമിച്ചുകഴിഞ്ഞിട്ടും രഞ്ജിത്തിന് എന്താണ് വേണ്ടതെന്ന് എനിക്കൊരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ചൂളയിലിരുന്ന് പാതി മാത്രം വെന്ത ഒരു പ്രതിമയുടെ പോരായ്മകൾ പോലെ...'

'കേട്ടയിടത്തോളം കാര്യങ്ങളുടെ പോക്ക് എന്തോപോലെ. ഇതിൽ ഇടപെട്ട് ഒന്നും ചെയ്യാൻ പറ്റാത്തതിന്റെ കുറ്റബോധം നന്നായുണ്ട് എനിക്കും മാധവേട്ടനും. അവൻ അമ്മയില്ലാത്ത കുട്ടിയായതുകൊണ്ട് പലപ്പോഴും എനിക്ക് അമ്മേടെ സ്ഥാനത്തുതന്നെ നിൽക്കേണ്ടിവന്നിട്ടുണ്ട്. നിങ്ങടെ കല്യാണാലോചന വന്നപ്പോൾ ശങ്കരേട്ടൻ ആദ്യം വിളിച്ചത് എന്നെയായിരുന്നു. പ്രിയയെപ്പറ്റി ഒരുപാടു പുകഴ്ത്തിപ്പറയുകയും ചെയ്തു. ഏതു നിലയ്ക്കും നമ്മുടെ കുടുംബത്തിൽ വന്നുകയറേണ്ട കുട്ടിയാണെന്നൊക്കെ പറഞ്ഞു. അങ്ങനെയൊന്നും എളുപ്പത്തിൽ പറയുന്ന ആളല്ല ഏട്ടനെന്ന് പ്രിയയ്ക്കന്നെ അറിയാല്ലോ. അന്ന് നിങ്ങടെ കല്യാണച്ചടങ്ങുകളിലൊക്കെ ഒരമ്മ

യുടെ സ്ഥാനത്ത് ആദ്യാവസാനക്കാരിയായി നിൽക്കേണ്ടിവന്നപ്പോൾ വലിയ അഭിമാനമാണ് തോന്നിയത്. പിന്നെ പ്രിയ ഞങ്ങളുടെ തറവാട്ടിൽ വന്നുകയറിയപ്പോൾ അഷ്ടമംഗല്യവുമായി സ്വീകരിച്ച് കൈപിടിച്ച് അകത്തേക്ക് കയറ്റിയതും ഞാൻതന്നെയായിരുന്നു.'

'എല്ലാം നല്ല ഓർമ്മയുണ്ടെനിക്ക്.'

'ഒരു കാര്യത്തില് മാത്രമേ എനിക്ക് വിഷമമുള്ളൂ, പ്രിയാ, നീതുവിന്റെ കാര്യത്തില്. എന്തൊക്കെ പറഞ്ഞാലും ഒരു കുട്ടീടെ മനസ്സില് അച്ഛനും അമ്മയ്ക്കുമൊക്കെ കൃത്യമായ സ്ഥാനങ്ങള് അടയാളപ്പെടുത്തി വെച്ചിട്ടുണ്ട്. ഒരാളുടെ റോള് മറ്റേയാൾക്ക് ഏറ്റെടുക്കാമെന്നോ, പൂരിപ്പിക്കാമെന്നോ ഒക്കെ കരുതണത് അബദ്ധമാണ്. അതായത് ഒരമ്മയ്ക്ക് മകളുടെ അച്ഛനാവാൻ പറ്റില്ല, മറിച്ചും.'

ഇതൊന്നും തനിക്ക് അറിയാത്തതല്ലല്ലോ എന്നോർക്കുകയായിരുന്നു പ്രിയംവദ. ഇത്തരം അവസ്ഥകളുമായി തങ്ങളേക്കാൾ കൂടുതൽ എളുപ്പത്തിൽ പൊരുത്തപ്പെടാനുള്ള കരുത്ത് അവൾക്കുണ്ടെന്നുതന്നെയാണ് തന്റെ വിശ്വാസം.

എന്തായാലും മാധവേട്ടനും ശാരദമ്മായിയും തിരിച്ചുപോയത് പ്രത്യേകിച്ചൊന്നും പറയാനില്ലാതെയായിരുന്നു. മാധവേട്ടൻ ഇടയ്ക്കൊക്കെ ചിരിക്കാൻ നോക്കിയെങ്കിലും അമ്മായിയുടെ മുഖം പാടകെട്ടി നിന്നിരുന്നു.

ഇറങ്ങുന്നതിനു മുമ്പ് മുറിയിലേക്കു വിളിച്ച് നിറുകയിൽ കൈവച്ചുകൊണ്ട് അമ്മായി പറഞ്ഞു:

'അനുഗ്രഹിക്ക്യാണ് ഞാൻ. എനിക്കിപ്പോൾ അത് മാത്രമേ കഴിയൂ. ഇത്രയും വലിയ ലോകത്തേക്ക് ഒരു കൊച്ചുമോളുടെ കൈയും പിടിച്ച് ഇറങ്ങുകയെന്ന് വച്ചാൽ എളുപ്പമാവില്ലെന്ന് നന്നായറിയാം. പക്ഷേ, കുട്ടിക്കതിനുള്ള ആത്മവിശ്വാസമുണ്ടെന്ന് ഇവിടെ വന്നപ്പോൾ മനസ്സിലായി. ധൈര്യമായിട്ട് മുന്നോട്ട് പൊയ്ക്കൊള്ളൂ. നല്ലതു വരട്ടെ.'

'നല്ലതു വരട്ടെ, ആൾ ദി ബെസ്റ്റ്.' മാധവേട്ടനും പറഞ്ഞു.

പിന്നീട് കാര്യങ്ങൾ നീങ്ങിയതു വളരെ പെട്ടെന്നായിരുന്നു. രഞ്ജിത്തും അവരുടെ വരവിനുവേണ്ടി കാത്തിരിക്കുകയായിരുന്നെന്നു തോന്നി. അയാൾ അവരോട് എന്തൊക്കെയായിരിക്കും പറഞ്ഞുപിടിപ്പിച്ചതെന്ന് തിരക്കണമെന്ന് പ്രിയംവദയ്ക്ക് ഒരിക്കലും തോന്നിയില്ല.

ആരെന്ത് വിചാരിച്ചാലും ഇത് തന്റെമാത്രം ജീവിതം. അതെങ്ങനെ ജീവിച്ചുതീർക്കണമെന്ന് തീരുമാനിക്കേണ്ടതും താൻതന്നെ. എന്റെ മോളെ ഒരു കരയ്ക്കെത്തിക്കുന്നതുവരെ ഇനിയെല്ലാ തിരുമാനങ്ങളും, തെറ്റായാലും ശരിയായാലും, എന്റേതുമാത്രം.

പക്ഷേ, തീരെ പ്രതീക്ഷിക്കാതെ രഞ്ജിത്തിന്റെ അച്ഛന്റെ ഒരു കുറിപ്പ് വന്നു. ഒപ്പം വലിയൊരു തുകയ്ക്കുള്ള ഡ്രാഫ്റ്റും.

'കാര്യങ്ങൾ എല്ലാമറിഞ്ഞു. അന്ന് പ്രിയയോട് അങ്ങനെയൊക്കെ പറഞ്ഞുവച്ചെങ്കിലും ഉള്ളിൽ നേരിയൊരു പ്രതീക്ഷയുണ്ടായിരുന്നു, ഒരിക്കൽ എല്ലാം നേരെയാകാതിരിക്കില്ലെന്ന്. അത്തരം ചില അത്ഭുതങ്ങൾ കാട്ടിയാണല്ലോ ഈ പരദേവതകൾ നമ്മുടെയൊക്കെ ഉള്ളിൽ നിലനിന്നു പോകുന്നത്. പക്ഷേ, ഇപ്പോൾ ഒടുവിൽ, ഞാൻ ഭയപ്പെട്ടതുപോലെയൊക്കെ സംഭവിച്ചിരിക്കുന്നു. രഞ്ജിത്തിന്റെ ഫോണുണ്ടായിരുന്നു. അവൻ പറയുന്ന

തെല്ലാം അപ്പടി വിശ്വസിക്കാൻ പോന്നയാളല്ല ഞാനെന്ന് പ്രിയയ്ക്ക് നന്നായി അറിയാമല്ലോ. ഇത് വിധിയാണെന്ന് പറഞ്ഞ് തള്ളിക്കളയാനും എന്നെക്കൊണ്ടാവില്ല. വെറും വിധിക്കൊക്കെ അപ്പുറമായി എവിടെയോ കുറിച്ചിട്ടിരിക്കുന്ന നമുക്കൊന്നും തീരെ അറിഞ്ഞുകൂടാത്ത ചില വിചിത്രമായ തീർപ്പുകൾ. വഴക്കമില്ലാത്ത കൈവിരലുകൾകൊണ്ട് വരച്ചിട്ട ചില കരിക്കോലങ്ങൾ. എന്നാലും മോളുടെ ഈ തന്റേടത്തെ ഞാൻ ബഹുമാനിക്കുന്നു. ഇത്തരം ധീരമായ തീരുമാനങ്ങളിലൂടെ മാത്രമേ ഇന്ത്യൻ സ്ത്രീത്വം രക്ഷപ്പെടുകയുള്ളൂവെന്നു നല്ല ഉറപ്പാണെനിക്ക്. എന്തായാലും ഈ ഡ്രാഫ്റ്റ് സ്വീകരിക്കാൻ മടികാണിക്കേണ്ട. ഫ്ളാറ്റെടുക്കാനും മറ്റും നല്ലൊരു തുക വേണ്ടിവരുമെന്നറിയാം. നീതുവിന്റെ സ്കൂളിന്റെ സൗകര്യംകൂടി നോക്കി നല്ലൊരു ഫ്ളാറ്റെടുക്കണം. ഒന്നിനും കുറവു വരുത്തരുത്. ഇനി എന്തെങ്കിലും വേണമെങ്കിൽ ചോദിക്കാനും മടിക്കണ്ട, എപ്പോൾ വേണമെങ്കിലും ഒന്നോർത്തോളൂ മോളേ, ഇവിടെയൊരു ബന്ധം മുറിയുകയല്ല, ഒന്നുകൂടി മുറുകുകയാണ്. ഇപ്പോൾ പ്രിയ ഏതർത്ഥത്തിലും എന്റെ ശരിയായ മകളായി മാറുന്നു. ഞാൻ നിന്നെക്കുറിച്ചോർത്ത് അഭിമാനം കൊള്ളുന്നു.'

ലേശം നീണ്ടൊരു മറുപടി തയ്യാറാക്കാൻ മൂന്നുനാലു ദിവസമെടുത്തു. പക്ഷേ, അത് വായിക്കേണ്ടിവന്നില്ല അച്ഛന്. അപ്പോഴേക്കും ഐ.സി.യു.വിലായിക്കഴിഞ്ഞിരുന്നു. രണ്ടുദിവസം മാത്രമേ ഐ.സി.യു.വിൽ കിടന്നതുമുള്ളൂ.

കർമ്മങ്ങൾ എല്ലാം കഴിഞ്ഞശേഷമാണ്, ആരോ വിളിച്ചു പറഞ്ഞത്. ഒരുപക്ഷേ, രഞ്ജിത്തുതന്നെ വിലക്കിക്കാണും.

പിന്നീടങ്ങോട്ട് പോകണമെന്ന് തോന്നിയില്ല. ഇത്രയും വലിയൊരു മനുഷ്യനെ ഒരു മൺതിണ്ടിന്റെ മുകളിൽ നട്ടുവച്ച വാഴക്കന്നിന്റെ രൂപത്തിൽ കാണാനാവില്ല.

അങ്ങനെ ശങ്കരമേനോന്റെ വേർപാടോടെ ആ കുടുംബവുമായുള്ള തന്റെ എല്ലാ ബന്ധങ്ങളും അവസാനിക്കുകയായിരുന്നല്ലോ.

ഏഴ്

പതിവുപോലെ എന്തൊക്കെയോ പറഞ്ഞുപോവുകയായിരുന്നു ആലീസ്. എവിടന്നോ പുറപ്പെട്ട് എവിടെയോ ഒക്കെ ചുറ്റിത്തിരിഞ്ഞ് അവസാനം അന്തമില്ലാത്ത ഏതോ ഒരിടത്ത് കൊണ്ടുചെന്നെത്തിക്കുന്ന അവളുടെ സ്ഥിരം ഏർപ്പാടുതന്നെ.

കോളേജ് കോമ്പൗണ്ടിന്റെ ഒരു മൂലയിലായി കുറ്റിക്കാടിന്റെ ഓരം ചേർന്നുള്ള ആ വയസ്സൻ പുളിയൻ മാവിന്റെ ചുവടുതന്നെ താവളം. കെട്ടുപിണഞ്ഞുകിടക്കുന്ന തടിച്ച അടിവേരുകൾ. ചുറ്റും ചിതറിക്കിടക്കുന്ന ഉണക്കമാവിലകൾ. പ്രധാനപ്പെട്ട എന്തെങ്കിലും പറയാനുണ്ടെങ്കിൽ അവൾ എപ്പോഴും കൊണ്ടുപോകാറ് അങ്ങോട്ടുതന്നെ.

ഉണക്കവേരുകളുടെ പീഠത്തിൽ ചടഞ്ഞിരുന്നുകൊണ്ട് ആലീസ് ആയത്തിൽ തുടങ്ങി:

'കൊറെ നാളായി നിന്നോടൊരു കാര്യം ചോയ്ക്കണമെന്ന് കരുതീട്ട്. ഇഷ്ടമാവില്ലാന്ന് അറിയാവുന്നതുകൊണ്ടാ ചോയ്ക്കാൻ മടിച്ചത്.'

നിതു തെല്ലൊരു കൗതുകത്തോടെ ആലീസിന്റെ നേർക്ക് നോക്കി.

'എന്താ ആലീസേ, ഇപ്പോൾ പതിവില്ലാതെ ചില പുതിയ ഫോർമാലിറ്റികൾ?'

'ഇല്ല, ഒന്നൂല്യ. വെറുതെ പറയ്വാണെന്ന് കൂട്ടിക്കോളൂ. എന്നാലും ആലീസിന്റെ സ്ഥിരം പറച്ചിലുപോലെ കാണാനും നോക്കണ്ടാട്ടോ.' നീതുവിന്റെ കണ്ണുകളിലേക്ക് ആഞ്ഞു നോക്കിയിട്ട് ആലീസ് തുടർന്നു: 'നിന്റെയാ പാർട്ടിണ്ടല്ലോ, ആ ഹരിനാരായണൻ, അയാള് ആളത്ര സുമാറല്ലെന്നാണ് കേൾവി.'

'ഓ, അത്രേള്ളോ...' നിതുവിന് ചിരിവന്നു.

'ആ നീട്ടിയ മുടീം, താടീം, ബുദ്ധിജീവി ലുക്കുമൊക്കെ ചിലർക്കു ബോധിച്ചേക്കും. പക്ഷേ, നമ്മടെ ഇവടത്തെ ചില പഴയ പാർട്ട്യോൾക്കൊക്കെ അസ്സലായിട്ടറിയാം അയാൾടെ പ്രകൃതം. ഒരു വഴിക്കൊരു പോക്കു പോയാൽ മടങ്ങി വരണത് വാവിനും, സംക്രാന്തിക്കുമൊക്കെ. കാടാറുമാസമെന്നൊക്കെ പറയുമ്പൊ അതിലൊരു കണക്കുണ്ടല്ലോ. ഇത് അതുപോലും ഇല്ലാത്തൊരു കണകുണ ടൈപ്പ്. ആട്ടെ, നീ ശരിക്കും സീരിയസ്സാണോ?'

പെട്ടെന്നുള്ള ആ ചോദ്യം കേട്ടപ്പോൾ നീതു തെല്ലൊന്ന് പകച്ചുപോയി. അവൾ ആലീസിന്റെ നേർക്ക് തുറിച്ചുനോക്കി.

'എന്താ നീയീ പറയണത്. ഏതു കാര്യത്തില് സിരിയസ്സ്?'

'അല്ലാ, ചങ്ങാത്തം കൂടാൻ തെരഞ്ഞു കണ്ടുപിടിച്ച പാർട്ടി കൊള്ളാംന്ന് പറയ്വായിരുന്നു. ഇത്തിരി കവിതേം, കൊറെ തല്ലുകൊള്ളിത്തരോം പൊക്കണത്തിലുള്ളതുകൊണ്ട് ആരാധികമാരെ കിട്ടാൻ വിഷമമുണ്ടാകില്ല. അതും ആർക്കും മനസ്സിലാവാത്ത കൊറെ തലതിരിഞ്ഞ കവിതകള്. എന്തായാലും നിങ്ങക്കൊന്നും ചേർന്ന പാർട്ടിയല്ലാട്ടോ അയാള്. നിങ്ങടെയൊക്കെ ലോകം വെറെയാണ്. പ്രത്യേകിച്ചും നീതൂന്റമ്മേടെ ലോകം.'

'ആലീസേ നീയ്...'

'അല്ലാ ഇനി കോളേജ് കഴിയുമ്പൊ തിരണ റൊമാൻസാണെങ്കില് കൊഴപ്പമില്ലാട്ടോ. അതും നിറുത്തേണ്ടയിടത്ത് നിറുത്താനുള്ള പ്രാപ്തീണ്ടെങ്കിൽ മാത്രം.'

നിതു തെല്ലൊരു അസഹ്യതയോടെ ചുമൽ വെട്ടിച്ചു.

'നീയ് കരുതുന്നപോലെ റൊമാന്റിക്കൊന്നുമല്ല ഹരിനാരായണൻ. അങ്ങനെയൊരു റൊമാന്റിക്കാകാൻ ഈ ജന്മം അയാൾക്ക് കഴിയുമെന്ന് തോന്നണില്ല.'

'പിന്നെ?'

ആലിസ് നീതുവിന്റെ കണ്ണുകളിലേക്ക് ചുഴിഞ്ഞു നോക്കി.

'ഒരു പിന്നെയുമില്ല, അത്രയേ ഉള്ളൂ...'

വിശ്വാസം വരാതെ ആലീസ് വിണ്ടും അവളുടെ നേർക്കുതന്നെ തറപ്പിച്ചു നോക്കുകയാണ്.

'എനിക്കൊന്നേ പറയാനുള്ളൂ. സൂക്ഷിക്ക്യാ, അത്രതന്നെ. തലയിലൊരു വട്ടക്കെട്ടും, മുതുകിലൊരു പൊക്കണസഞ്ചിയുമായി നാടോടിക്കൂട്ടത്തിൽ ചേർന്ന് ഊരുചുറ്റിക്കൊള്ളാമെന്ന് നേർച്ചയുണ്ടെങ്കിൽ ആലീസിനൊന്നും പറയാനില്ല.'

വല്ലാതെ തരിച്ചിരിക്കുകയാണ് നീതു. പറഞ്ഞു പറഞ്ഞ് ഇവൾ എവിടെയൊക്കെയാണ് ചെന്നുകയറുന്നത്?

'നീ വെറുതെ ഓരോന്ന് പറഞ്ഞുണ്ടാക്കുകയാണ് ആലീസേ. അയാള്, ആ ഹരിനാരായണൻ എന്റെയൊരു നല്ല ചങ്ങാതി മാത്രമാണല്ലോ.'

'എല്ലാരും തൊടക്കത്തില് അങ്ങിന്യൊക്കെ തന്ന്യാണ് പറയ്വാ.' ആലീസ് ഉറക്കെ ചിരിച്ചു: 'പിന്നെ കൊറെ കഴിയുമ്പൊ നല്ല ചങ്ങാതീം, ചീത്ത ചങ്ങാതീം തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ വെഷമമായിട്ട് വരും, പ്രത്യേകിച്ച് ഈ പ്രായത്തില്. അപ്പഴേക്കും ഒരുപാട് വൈകിയിരിക്കും.'

'ഹരിനാരായണന് അയാളുടേതായൊരു ലോകമുണ്ട്. അത് നമ്മുടെ കൂട്ടത്തില് എത്ര പേർക്ക് മനസ്സിലാവുമെന്ന് അറിയില്ല. എന്തായാലും നീ പറയുന്നതുപോലെ ഞാൻ അത്രയ്ക്കങ്ങിനെ കടന്ന് ആലോചിച്ചിട്ടൊന്നുമില്ല.'

'എന്നാ നന്നായി,' ആലീസ് അവളുടെ പുറത്തു തട്ടി: 'പക്ഷേ, ഇത് നമ്മടെ സെറ്റില് വലിയ സംസാരമായിട്ടുണ്ട്.'

പെട്ടെന്ന് നീതുവിന്റെ മുഖം ചുവന്നു.

'ഇതിൽ അവർക്കെന്ത് കാര്യം?'

'ശര്യായിരിക്കാം. അവർക്കൊക്കെ ലേശം കുശുമ്പും കണ്ടേക്കാം. പക്ഷേ ഇത് തന്റമ്മേടെ അടുത്തെത്തിയാൽ എന്തായിരിക്കും റിയാക്ഷനെന്നുകൂടി ഓർത്തോളൂ.'

അപ്പോൾ അങ്ങനെയൊക്കെ താൻ ആലോചിച്ചിട്ടുപോലുമില്ലെന്ന് ഓർക്കുകയായിരുന്നു നീതു.

'എന്ത്യായാലും തന്റമ്മേ വെഷമിപ്പിക്കരുത്. എനിക്കത്രേ പറയാനുള്ളൂ. ഒരുപാട് സഹിച്ചവരാണ് അവര്.'

ഒരു മൂന്നാല് വയസ്സ് മൂപ്പിന്റെ ബലം വച്ച് ആലീസ് തന്നെ ഗുണദോഷിക്കാൻ നോക്കുന്നത് തീരെ പിടിച്ചില്ല നീതുവിന്.

'നോക്കൂ ആലീസേ, അമ്മയോട് പറയേണ്ട കാര്യമാണെങ്കില് അത് തുറന്നു പറയാൻ യാതൊരു മടിയുമില്ല നീതുവിന്,' അവളുടെ ഒച്ച പൊങ്ങി: 'പിന്നെ അമ്മയുടെ റിയാക്ഷന്റെ കാര്യം. അതൊക്കെ അപ്പോൾ ആലോചിക്കാം. ഇപ്പോഴെന്തിന് അതൊക്കെ ഓർത്തു വെറുതെ ബേജാറാകണം.'

'നിന്റെയീ സ്വരംതന്നെ എന്നെ വല്ലാതെ പേടിപ്പിക്കുന്നല്ലോ കൊച്ചേ,' ആലീസ് ഒന്നുകൂടി അടുത്തേക്കിരുന്ന് അവളുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി: 'നിങ്ങടെയൊക്കെ ലോകം വളരെ ചെറുതാണ്. വെളുത്തതെല്ലാം ഒട്ടുപാല്. മധുരിക്കണതെല്ലാം കാട്ടുതേൻ. അതോണ്ട് പറയ്വാണ്, ചതിക്കുഴികള് വേണ്ടസമയത്തുതന്നെ കാണാനുള്ള കാഴ്ചശക്തീല്ലെങ്കിൽ പെട്ടതു തന്നെ. ഒരുതരം കണകുണാ ചുറ്റുപാടിൽ വളർന്നതുകൊണ്ട് കാര്യങ്ങളുടെ പോക്ക് ആലീസിന് പെട്ടെന്ന് പിടികിട്ടും.'

അന്നേരം നീതു ഓർത്തുകൊണ്ടിരുന്നത് മറ്റൊന്നായിരുന്നു. ഇവൾ വെറുതെ തോണ്ടി പുറത്തിട്ടതുകൊണ്ടാകാം, അയാളെ, ആ ഹരിനാരായണനെ, ഇപ്പോൾ വേറൊരു വെളിച്ചത്തിൽ കാണാമെന്നായിരിക്കുന്നു.

വാസ്തവത്തിൽ ആരാണീ ഹരിനാരായണൻ?

നാട് എവിടെയാണ്, വീട്ടിൽ ആരൊക്കെയുണ്ട് എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് താടിയുഴിഞ്ഞുകൊണ്ട്, ഒരു വല്ലാത്തതരം ചിരിയാണ് കിട്ടുക.

ഒരുപാട് കുത്തിക്കുത്തി ചോദിച്ചാൽ പറയും, സ്വയംഭൂവാണെന്ന് കൂട്ടിക്കോളൂ എന്ന്... അങ്ങനെയൊരു അവസ്ഥ വിഗ്രഹങ്ങളേക്കാൾ ഏറ്റവും ഇണങ്ങുക മനുഷ്യർക്കുതന്നെയാവുമെന്ന്.

ഹരിനാരായണനെന്ന പേരിനോടുപോലും വലിയ വെറുപ്പാണയാൾക്ക്. ഒരു ദൈവനാമം അർഹിക്കാത്ത പിറവിയാണ് തന്റേതെന്ന് ഒരിക്കൽ പറഞ്ഞപ്പോൾ കൂടുതൽ ചോദിക്കണമെന്നു തോന്നിയില്ല. ചോദ്യങ്ങളാവാം, ഉപചോദ്യങ്ങൾ വേണ്ടാ എന്നായിരുന്നു ചട്ടം.

ഏതെങ്കിലും അമ്പലവാസിക്ക് നന്നായി ചേരുന്ന ഈ പേര്, ഇരുളും വെളിച്ചവും മാറിമാറി വീഴുന്ന തന്റെ മുഖത്തുനോക്കി എങ്ങനെ വിളിക്കാൻ കഴിഞ്ഞുവെന്ന് ഇപ്പോഴും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല ഹരിനാരായണന്. അന്നേരം തന്റെ മുഖത്തേക്കൊന്നു സൂക്ഷിച്ചുനോക്കാൻ ആരെങ്കിലും മിനക്കെട്ടിരുന്നെങ്കിൽ ഇങ്ങനെയൊരു ദൈവനാമം വെറുതെ പാഴാക്കിക്കളയില്ലായിരുന്നു.

ഓർക്കാപ്പുറത്തുണ്ടായ പിറവിയുടെ ബദ്ധപ്പാടുകൾക്കിടയിൽ അറിയപ്പെടുന്ന ചെകുത്താന്മാരുടെ പര്യായപ്പേരുകളൊന്നും ഓർമ്മ വരാതിരുന്നതുകൊണ്ടാവും ഇങ്ങനെയൊന്ന് ചാർത്തിത്തന്നത്. അയാൾ ഉറക്കെ ചിരിച്ചു. അതോ ഹരിനാരായണാ എന്ന നീണ്ട വിളിയിലൂടെ ലേശം പുണ്യം എളുപ്പത്തിൽ തരപ്പെടുത്താമെന്ന് കരുതിയോ?

ആരെന്ന് ചോദിച്ചപ്പോൾ മറുപടി കിട്ടിയില്ല. ആരാണ് പേരിട്ടതെന്ന് ഒരിക്കൽ കൂടി ചോദിച്ചപ്പോൾ പെട്ടെന്ന് എഴുന്നേറ്റ് പോകുകയായിരുന്നു.

ബോധിച്ചൊരു പേര് സ്വയം തിരഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ഒരിക്കൽ പറഞ്ഞു. എന്തായാലും ഇങ്ങനെ ദൈവങ്ങളെ ചുമന്നുകൊണ്ടു നടക്കാൻ വയ്യ.

അങ്ങനെ നോക്കുമ്പോൾ സ്വന്തമായൊരു പേരുപോലുമില്ലാത്ത അയാളെ വെറുമൊരു അയാളായി മാത്രമേ തനിക്ക് കാണാനാകൂ. നീ സീരിയസ്സാണോയെന്ന് വലിയ താത്പര്യത്തോടെ ചോദിക്കുകയാണ് ആലീസ്. അവളുടെ ചോദ്യത്തിലെ ശുദ്ധി മനസ്സിലാക്കാം. പക്ഷേ, ഒന്നിലും സീരിയസ്സല്ലാത്ത ഞാൻ ഇപ്പോൾ ഇയാളുടെ കാര്യത്തിൽ മാത്രം പൊടുന്നനേ സീരിയസ്സാകുന്നതെങ്ങനെ?

അത് മനസ്സിലാക്കിയിട്ടെന്നോണം ആലീസ് ഉറക്കെ ചിരിക്കുന്നതു കേട്ടു.

'നിനക്കറിയില്ല കൊച്ചേ. ഈ സീരിയസ്സാവല് ചെലപ്പൊ ഒട്ടും കരുതാത്ത, ഒരു പെശകായ നേരത്തായിരിക്കും. പിന്നെ പെട്ടതുതന്നെ. അതാ ഈ ഏർപ്പാടിലെ ഡേഞ്ചറ്!'

നീതുവൊന്ന് ഞെട്ടി. പതിവുപോലെ ആലീസ് തന്റെ മനസ്സ് വായിച്ചെടുക്കുന്നതുപോലെ.

'ഇത്രേം കാലം നിന്നെ ഒക്കത്തു വച്ചോണ്ട് നടന്നിട്ട് നിന്റെ ഉള്ളീക്കെടന്ന് ചുറ്റിക്കളിക്കണ കാര്യങ്ങള് മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കില്, ഈ കണ്ടശ്ശാംകടവുകാരി ആലീസ് എന്താലീസ് മോളേ!' ആലീസ് വലിയ ഒച്ചയിൽ ചിരിച്ചു.

ആലീസങ്ങനെ വെറുതെ പറഞ്ഞുപോയതാണെങ്കിലും ഇപ്പോൾ അതിനു മുമ്പത്തെക്കാൾ കൂടുതൽ അർത്ഥങ്ങൾ കിട്ടുന്നതുപോലെ. ആദ്യ

മായാണ് ഒരാളുമായി ബന്ധപ്പെടുത്തി തന്റെ പേര് ഒരു കൂട്ടുകാരിയുടെ നാവിൽനിന്ന് വീഴുന്നത്.

ഇത്ര നാൾ അടുത്ത് പെരുമാറിയിട്ടും, പിടിതരാതെ നിലകൊള്ളുന്ന ഹരിനാരായണൻ. വേണമെങ്കിൽ ഒരു സ്വയംഭൂവായി തന്നെ കണ്ടുകൊള്ളൂ എന്ന് ഒഴുക്കനായി പറഞ്ഞുവയ്ക്കുമ്പോഴൊക്കെ അതിനു പുറകിൽ ആരോടോ ഒക്കെയുള്ള ഒരു വെല്ലുവിളി മറഞ്ഞിരിക്കുന്നതുപോലെ.

അയാളുടെ വരവും പോക്കും ആരും ശ്രദ്ധിക്കാറില്ല, കോളേജിൽ. പോക്കിന്റെ യാദൃച്ഛികതയെക്കാൾ കുഴക്കുന്നതാണ്, പൊടുന്നനേയുള്ള തിരിച്ചുവരവ്. അതെപ്പറ്റി ഒരിക്കൽ ചോദിച്ചപ്പോൾ, താടിയുഴിഞ്ഞുകൊണ്ട് അതേ ഒഴുക്കനായ മറുപടി കിട്ടി. യാത്ര പോകുന്നവരോട് എങ്ങോട്ടെന്ന് ചോദിക്കരുത്, എന്നു മടങ്ങിവരുമെന്നും. അതുപോലെതന്നെ വന്നുകയറുന്നവരോട്, എവിടന്നാണെന്ന് ചോദിക്കുന്നതും ഒരു വകയാണ്. പിന്നെ, ഒരു കാര്യം മാത്രം പറയാം എന്റെ കാര്യത്തിൽ. പോയതൊരു സ്ഥലത്തേക്കാണെങ്കിൽ, മടങ്ങി വരുന്നത് മിക്കവാറും മറ്റൊരു സ്ഥലത്തുനിന്നായിരിക്കും. അത് സഞ്ചാരിയുടെ ദുര്യോഗം. സഞ്ചാരത്തിന്റെ അന്തമില്ലായ്മ.

വീണ്ടുമൊരു കടംകഥയുടെ തുടക്കം. കടംകഥകൾ പറഞ്ഞുപറഞ്ഞ് അയാൾ സ്വയമൊരു കടംകഥയായി മാറുകയാണ്.

ആലീസ് സൂചിപ്പിച്ചതുപോലെ ഇപ്പോൾ അമ്മയറിയാതെ അമ്മയ്ക്കും തനിക്കുമിടയിൽ വലിയൊരു കടംകഥയായി ഹരിനാരായണൻ.

അല്ലെങ്കിലും, ഇതിൽ അമ്മയെ അറിയിക്കാൻ പാകത്തിന് എന്തിരിക്കുന്നു. അയാൾ തന്റെ പല സാധാരണ ചങ്ങാതിമാരിൽ ഒരാൾ മാത്രം. നാടേത്, കുലമേത് എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് സ്വയംഭൂവെന്ന ഒറ്റവാക്കിലെ മറുപടി അമ്മയെ ചിരിപ്പിക്കാതിരിക്കില്ല. വിഗ്രഹങ്ങളെ വിഗ്രഹങ്ങളായി മാത്രം കാണാൻ ഇഷ്ടപ്പെടുന്ന അമ്മയ്ക്ക് അത്തരമൊന്നിന് ജീവൻ വയ്ക്കുന്നത് ഒരിക്കലും സമ്മതിച്ചുകൊടുക്കാനാവില്ല.

ആലീസ് പിന്നെയും എന്തൊക്കെയോ പറഞ്ഞുപോകുകയാണ്.

പറഞ്ഞോട്ടെ, നീതു കരുതി. ഒരു നല്ല ചങ്ങാതിയെന്ന നിലയിൽ അത് തന്റെ ചുമതലയാണെന്ന് അവൾ കരുതുന്നുണ്ടാവാം. പക്ഷേ, അവൾക്കറിയാത്ത ഒരു കാര്യമുണ്ട്. എത്രയോ പേർ കൺമുന്നിലൂടെ കടന്നുപോയിരിക്കുന്നു. എത്രയോ പേർ അടുക്കാൻ ശ്രമിച്ചിരിക്കുന്നു. അവരെയൊക്കെ മനപ്പൂർവ്വമായി അകറ്റി നിറുത്താൻ നോക്കിയതല്ല. ആരോടും അടുക്കണമെന്ന് തോന്നിയിട്ടില്ല ഇതേവരെ. പിന്നെയാണ് ഇവൾ സൂചിപ്പിക്കുന്ന സ്നേഹം!

എന്താണീ സ്നേഹം? അതും ഇവരുടെയൊക്കെ സങ്കല്പത്തിലുള്ള, കഥാപുസ്തകങ്ങളിൽ പറഞ്ഞുവച്ചിട്ടുള്ള ആണും പെണ്ണും തമ്മിലുള്ള സ്നേഹം. ആരെങ്കിലുമൊന്ന് പറഞ്ഞുതരുമോ?

ശരീരത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കാം, അതിൽനിന്ന് പൊങ്ങിവരുന്ന മനസ്സിന്റെ ആവശ്യങ്ങളും. അതൊരു നിർവ്വഹണം മാത്രമാണ്. ജീവജാലങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണ്. പക്ഷേ, അതിനെ നിറപ്പകിട്ടുള്ള പൊതിക്കെട്ടിലാക്കി വലിയ പേരൊക്കെ കൊടുത്തു വിളിക്കാൻ തുടങ്ങുമ്പോൾ എനിക്ക് തീരെ മനസ്സിലാവുന്നില്ല.

ആണും പെണ്ണും ചേർന്നുള്ള ഒത്തുപാർപ്പിനെപ്പറ്റി ആദ്യം കേട്ടത് ഈ കോളേജിൽ ചേർന്ന കാലത്തായിരുന്നു. സീനിയർ ക്ലാസ്സിലെ രണ്ടു കുട്ടി

കൾ ഒരുമിച്ച് വീടെടുത്ത് താമസം തുടങ്ങിയത് വലിയ ഒച്ചപ്പാടുണ്ടാക്കി. ഹരിയാനക്കാരൻ പയ്യനും, യുപിക്കാരി പെണ്ണും. ഒരു നാടൻ ജാട്ടിന്റെ പരുക്കൻ പ്രകൃതമുള്ള ചെറുപ്പക്കാരനും, നഗരത്തിൽ വളർന്ന, ഓമനത്തമുള്ള ഒരു പെൺകുട്ടിയും. അവരെ ചുറ്റിപ്പറ്റി പിന്നീട് ഒരുപാട് കഥകൾ ക്യാമ്പസ്സിൽ പറന്നു നടന്നു. മുനവെച്ച വാക്കുകളുടെയും നോട്ടങ്ങളുടെയും ഇടയിൽ കൂടി ഒരു കൂസലുമില്ലാതെ തല ഉയർത്തിപ്പിടിച്ചു നടന്നിരുന്ന അവരെ ആരാധിക്കാനും പലരുമുണ്ടായിരുന്നു.

പക്ഷേ, ആർക്കും മനസ്സിലാവാത്തത് ഒന്നു മാത്രമായിരുന്നു. ആ ചന്തക്കാരി കുട്ടിക്ക് എങ്ങനെ ആ പരുക്കനോടൊപ്പം കഴിഞ്ഞുകൂടാനാകുന്നു?

എന്തായാലും സംഗതി പുറത്തറിഞ്ഞതു വളരെ വൈകിയാണ്. പ്രിൻസിപ്പൽ വിളിച്ചു വിരട്ടിയപ്പോൾ രണ്ടുപേരും ചിരിച്ചുകൊണ്ടു നിന്നു.

ഞങ്ങൾക്ക് പ്രായപൂർത്തിയായതുകൊണ്ട് ഇതിൽ പോലീസിനും പട്ടാളത്തിനുമുള്ള വകുപ്പുകളെവിടെ? വേണമെങ്കിൽ നിങ്ങൾക്ക് പോലീസിനെയും, വീട്ടുകാരെയുമൊക്കെ അറിയിച്ച് നാടകം കളിക്കാം. പിന്നെ പത്രക്കാരായി, ടി.വി. ചാനലുകളായി. ചാനലുകാർ മൈക്കുമായി വരുമ്പോൾ ഞങ്ങൾക്കും ചിലതൊക്കെ പറയാൻ കാണും, ഈ കോളേജിനെപ്പറ്റി. മാദ്ധ്യമങ്ങളുടെ പിന്നീടുള്ള ക്രോസ്‌വിസ്താരം അത്രയ്ക്ക് സുഖമുള്ള ഏർപ്പാടാവില്ല പ്രിൻസിക്കും കൂട്ടർക്കും. ഞങ്ങൾക്കാണെങ്കിൽ നഷ്ടപ്പെടാനൊന്നുമില്ല. അവസാനം ചീത്തപ്പേര് കിട്ടുന്നത് ആർക്കാണെന്ന് കാത്തിരുന്ന് കാണാം.

ഒടുവിൽ ഒന്നും സംഭവിച്ചില്ല. അവർ അവസാന കൊല്ലക്കാരായിരുന്നു. ഒരു കൂസലുമില്ലാതെ പഠിപ്പും കഴിഞ്ഞ് അവർ അവരുടെ വഴിക്ക് പോയി. ഈയിടെ രണ്ടു പേരുടെയും വിവാഹം കഴിഞ്ഞുവെന്ന് കേട്ടു. ഹരിയാനക്കാരൻ ജാട്ട് കെട്ടിയത് ഹരിയാനക്കാരി ജാട്ടിനെ. യു.പി.ക്കാരി കായസ്ത കെട്ടിയത് യു.പി.ക്കാരൻ കായസ്തനെ. ഗോത്രാചാരങ്ങൾ അൽപ്പം പോലും തെറ്റിക്കാതെ വീട്ടുകാർതന്നെ നടത്തിക്കൊടുത്ത വിവാഹങ്ങൾ.

ആലീസ് തല കുടയുന്നതു കണ്ടു.

'എന്താ ആലിസേ?' നിതു ചോദിച്ചു.

'നീ ഇപ്പോൾ ആലോചിച്ച് പോണത് എന്താണെന്ന് അസ്സലായിട്ട് മനസ്സിലാവണ്ട്. വേണ്ടാ കൊച്ചേ, അങ്ങോട്ടൊന്നും കടക്കണ്ടാ. അവിടെ നിറുത്തിക്കൊള്ളൂ, സംഗതി അപകടാണ്.'

നിതു മിഴിച്ചുനോക്കി.

'ആ പഴയ യൂപ്പിക്കാരി കേസുകെട്ടിനെ പറ്റ്യല്ലേ നീയിപ്പോൾ ഓർത്തോണ്ടിരുന്നത്. അതങ്ങ് വിട്ടേക്ക്. സംഗതി വലിയ ഡേഞ്ചറാണ്.'

വല്ലാതെ പകച്ചുപോവുകയാണ് നിതു. ഇവൾ, ഈ കുരുത്തംകെട്ടവൾ, വീണ്ടും എന്റെ മനസ്സിലേക്ക് കടന്നുചെന്നു പലതും വായിച്ചെടുത്തിരിക്കുന്നു.

'ശര്യാണ്.' ആലീസ് തലയാട്ടി: 'ഞാൻകൂടി കാത്തില്ലെങ്കിൽ നിന്റെ കാര്യം പോക്കാ...'

അപ്പോൾ നീതുവിന് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. ആ ഒത്തുപാർപ്പിന്റെ കാര്യത്തിൽ ആലീസ് എപ്പോഴും അവരുടെ വശത്തായിരുന്നു. അവരെ ചേർത്തുനിറുത്തിയിരുന്ന ആ സ്നേഹമെന്ന ദിവ്യശക്തിയെപ്പറ്റി

യൊക്കെ അവൾ പറയാറുണ്ടായിരുന്നു. ഇപ്പോൾ രണ്ടുപേരും രണ്ടുവഴിക്കായപ്പോൾ എവിടെപോയി ആ സ്നേഹമെന്ന ദിവ്യശക്തി?

ആലീസ് പതിയെ ചിരിക്കുകയാണ്.

'സ്നേഹക്കൂടുതലുകൊണ്ടന്ന്യായിരിക്കും അവര് പിരിയാൻ തീരുമാനിച്ചത്. ഒത്തുപോകാൻ കഴിയില്ലെന്ന് ഉറപ്പായപ്പോൾ ജീവിതകാലം മുഴുവനും നരകിക്കാതെ നല്ല പ്രായത്തിൽതന്നെ അങ്ങോട്ടുമിങ്ങോട്ടും മോചിപ്പിക്കാൻ നോക്കി, അത്രതന്നെ.'

നീതുവിന് അതു തീരെ മനസ്സിലായില്ല. സ്നേഹംകൊണ്ട് ഒത്തുചേരുക, സ്നേഹക്കൂടുതൽകൊണ്ടു വേർപിരിയുക!

'വിടൂ മോളേ!' ആലീസ് നീതുവിന്റെ പുറത്തു തട്ടി: 'ഇതൊന്നും നിന്റെ ഏരിയയല്ല. നിനക്കതൊട്ട് മനസ്സിലാവേമില്ല. ഞാൻ ഇപ്പൊ പറഞ്ഞത് ആലീസിന്റമ്മ കേട്ടാലും ഇതുപോലെ പകച്ചുനിൽക്കും. നിങ്ങള് രണ്ടും ഒരേ കണക്കാ. പക്ഷേ, ഒരു കാര്യം പറയാം, നേരായ സ്നേഹം കണ്ടാൽ തിരിച്ചറിയാനുള്ള കണ്ണുണ്ട് ആലീസിന്. അതോണ്ടാ ആലീസിന് ആരേം അറിഞ്ഞ് സ്നേഹിക്കാൻ പറ്റാത്തെ. പിന്നെ നിവൃത്തികേടുകൊണ്ട് ഒരിക്കൽ ഏതെങ്കിലുമൊരു കൊരങ്ങനെ കേറി കെട്ടേണ്ടി വരും. തനി കത്രിനാമ്മയായി അയാൾടെ കൂടെ ജീവിച്ച് അയാൾടെ കൊച്ചുങ്ങളെ പെറേണ്ടി വരും. അതൊക്കെ എന്റെ ഡ്യൂട്ടി.'

ആലിസ് വീണ്ടും കാടുകയറുകയാണ്. നിതു എഴുന്നേറ്റു. എന്തോ ഇക്കുറി മാത്രം ആലീസ് പറഞ്ഞതു മുഴുവൻ പതിവുതമാശയായി തള്ളിക്കളയാനാവില്ലെന്ന് തോന്നി.

ശരിയാണ്, ഒരർത്ഥത്തിൽ. ഒരവസരത്തിൽ ഹരിനാരായണനോടും ചില കാര്യമായ ചോദ്യങ്ങൾ ചോദിക്കേണ്ടി വന്നേക്കും.

ആ അവസരത്തിനുവേണ്ടി ഒരുപാട് ഒരുങ്ങാതെ വയ്യ. മനസ്സിനകത്തെ ഇത്തരം ഒരുക്കങ്ങൾ തീരെ ശീലമില്ല. പക്ഷേ, ശീലമില്ലാത്ത പലതും ഇനി ശീലിച്ചേ പറ്റൂ.

തനിയെ വീട്ടിലേക്കു മടങ്ങുമ്പോൾ പതിവില്ലാതെ പലതും ഉള്ളിൽ കിടന്നു കലമ്പൽ കൂട്ടുന്നത് നീതുവറിഞ്ഞു.

എട്ട്

ഗോവയിൽനിന്ന് മടങ്ങിയെത്തിയതിന്റെ അഞ്ചാം നാളിലാണ് ഡോക്ടർ സാബിന്റെ ഇ-മെയിൽ വന്നത്.

വന്നയന്നുതന്നെ ഇത് കാത്തതായിരുന്നു. അന്ന് രാവിലെ കമ്പ്യൂട്ടർ തുറന്നതുതന്നെ അതിനുവേണ്ടി മാത്രം. വേണമോ വേണ്ടയോ എന്ന് തനിക്കു തന്നെ ഉറപ്പില്ലാത്തൊരു കുറിമാനത്തിനുവേണ്ടിയുള്ള കാത്തിരിപ്പ്.

അന്നു കാണാതിരുന്നപ്പോൾ പിറ്റേന്നെങ്കിലും ഉണ്ടാകുമെന്നു കരുതി. വൈകി വരുന്ന മെയിലുകളുടെ പ്രസക്തിയില്ലായ്മയെക്കുറിച്ച് അറിയാത്തയാളല്ല അദ്ദേഹം.

നിത്യവും രാവിലെയും വൈകിട്ടും ഒരു അനുഷ്ഠാനംപോലെ കമ്പ്യൂട്ടർ തുറന്ന്, ആകാശത്തെ ആ ചതുരപ്പെട്ടിയിലേക്ക് എത്തിനോക്കുകയെ

ന്നത് എത്രയോ നാളുകളായുള്ള ശീലമാകുന്നു. പക്ഷേ, ഇപ്പോൾ അതിനും ചില വിചിത്രമായ ക്രമങ്ങൾ കൈവരുന്നതുപോലെ. ആകാശത്തിന്റെ ഏതോ കോണുകളിൽനിന്നു പൊഴിഞ്ഞുവീഴുന്ന അപൂർവസന്ദേശങ്ങൾക്കുവേണ്ടിയുള്ള കാത്തിരിപ്പിൽ ചില വിചിത്രമായ അലട്ടലുകളുടെ അന്തമില്ലായ്മ.

ഓർക്കുന്തോറും ഒന്നും തെളിഞ്ഞു കിട്ടുന്നില്ല. തീരെ മനസ്സിലാക്കാനാവാത്ത, അനാവശ്യമായ ചില തിരയിളക്കങ്ങൾ ഉള്ളിലെവിടെയോ. മഴ പെയ്തിറങ്ങുന്ന തിരകളുടെ നെറുകയിൽ മാണിക്ക്യക്കല്ലുപോലെ ഇത്തിരി വെളിച്ചം. കടൽക്കരയിലെ സെർച്ച്‌ലൈറ്റിന്റെ വീശിക്കടന്നുപോകുന്ന കള്ള നോട്ടം. ചുവന്ന പരവതാനി വിരിച്ച, വെളിച്ചം കുറഞ്ഞ ഇടനാഴി. ഒരിക്കലും മായാത്ത അടയാളങ്ങളായി വാതിലുകളിലെ പിച്ചളയക്കങ്ങൾ.

അവനവനു വേണ്ടുന്ന ഉത്തരങ്ങൾ സ്വയം നിരൂപിച്ച് അവയ്ക്കുള്ള ചോദ്യങ്ങൾ കണ്ടെത്തുന്ന രീതി വശമില്ലാത്തതുകൊണ്ടാവാം ഈ ഇടങ്ങേറ്.

ഇപ്പോൾ അവനവനോടുതന്നെ പറഞ്ഞുറപ്പിക്കാൻ നോക്കുകയാണ്.

വേണ്ടാത്ത ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വേണ്ടതരത്തിലാകണമെന്ന് ശാഠ്യം പിടിക്കരുത്. സ്വയം തിരഞ്ഞുപോകേണ്ടി വരുമ്പോൾ അത്തരം പാഴ്‌വേലകളുടെ അർത്ഥമില്ലായ്മയെപ്പറ്റി ബോദ്ധ്യമാകുന്നു. ഉത്തരം തേടുന്നതിനെക്കാൾ പാടാണ് അവനവനെത്തന്നെ പറഞ്ഞു വിശ്വസിപ്പിക്കുകയെന്നത്.

മടങ്ങിവന്നയന്നുതന്നെ ഒരു മെയിൽ വന്നിരുന്നുവെങ്കിൽ, മറുപടിയായി എന്തൊക്കെയോ എഴുതുമായിരുന്നുവെന്നു നല്ല ഉറപ്പുണ്ട്. ഉള്ളിലെ അന്നത്തെ തിരത്തള്ളലിൽ മാത്രം കുറിച്ചിടാനാവുന്ന ചില ഒറ്റപ്പെട്ട വാചകങ്ങൾ. ഒരുപക്ഷേ, പിന്നീടൊരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത കുറെ വരികൾ.

കത്തു വരാഞ്ഞത് നന്നായി. അല്ലെങ്കിൽ ഒരു നശിച്ച നിമിഷത്തിന്റെ ഇടയിളക്കത്തിൽ കൈവിട്ടുപോയ വാക്കുകളുടെ ഭാരം പിന്നീട് താങ്ങാനാകുമായിരുന്നില്ല.

മുമ്പും ഇടയ്ക്കൊക്കെ ധാരാളം മെയിലുകൾ അയയ്ക്കാറുണ്ടായിരുന്നുണ്ടെങ്കിലും ഒരിക്കലും ഡോക്ടർസാബിന്റെ സന്ദേശങ്ങൾക്കുവേണ്ടി കാത്തിരുന്നിട്ടില്ലല്ലോ, താൻ. ഒരു മെയിൽ കിട്ടിയാൽ അതിന് കൃത്യമായി മറുപടി അയയ്ക്കുന്ന കാര്യത്തിൽ വലിയ കണിശക്കാരനായിരുന്നു അദ്ദേഹം. ഓരോ കുറിപ്പിലും പുതുതായി എന്തെങ്കിലും കാണുകയും ചെയ്യും. ഏറ്റവും ഒടുവിൽ വായിച്ച പുസ്തകത്തെപ്പറ്റി, അല്ലെങ്കിൽ ഏതെങ്കിലുമൊരു പുതിയ ആശയത്തിന്റെ, ചിന്തയുടെ ശകലം. പുതിയതായി എന്തെങ്കിലും കിട്ടിയാൽ അത് തനിക്ക് പ്രിയപ്പെട്ട ആർക്കെങ്കിലും പകർന്നുകൊടുക്കാനുള്ള ആവേശം.

പക്ഷേ, തന്റെ ഇപ്പോഴത്തെ മാറ്റം തീരെ മനസ്സിലാകുന്നില്ല പ്രിയംവദയ്ക്ക്. കത്തെഴുതാൻ ആരുമില്ലെങ്കിലും, നിത്യവും നേരമൊപ്പിച്ച്, പോസ്റ്റ്മാന്റെ വരവിനായി വഴിക്കണ്ണുമായി കാത്തിരിക്കുന്ന നാട്ടിൻപുറത്തുകാരിയെപ്പോലെ ഇടയ്ക്കൊക്കെ അനാവശ്യമായി ഇ-മെയിൽ പെട്ടി തുറന്ന് നോക്കി. No new messages എന്ന വരണ്ട അടയാളത്തിനു മുമ്പിൽ ഒരു വിഡ്ഢിയെപ്പോലെ പകച്ചിരിക്കുമ്പോൾ അവർക്ക് സ്വയം മനസ്സിലാക്കാൻ കഴിയുന്നില്ല.

എന്തിനുവേണ്ടിയാണീ കാത്തിരിപ്പ്? ഇതിലും എത്രയോ വലിയവലിയ ദുർഘടങ്ങളിലൂടെ കടന്നുപോയിട്ടും മനസ്സിനെ പിടിച്ചു നിറുത്താൻ ഇങ്ങനെ കുഴങ്ങേണ്ടി വന്നിട്ടില്ലല്ലോ.

മഴ പെയ്തു കുതിർന്ന ആ സന്ധ്യയ്ക്കു ശേഷം താൻ എത്രയോ തവണ ഉള്ളു ചുട്ട് ശപിച്ചിട്ടുണ്ട് ആ മനുഷ്യനെ. പോയപ്പോഴേക്കാൾ ഇരട്ടി സമയമെടുത്തെന്നു തോന്നിയ മടക്കയാത്രയിൽ ഏറെ നേരവും ആ മനുഷ്യനെ ശപിക്കാൻവേണ്ടി മാത്രമായിരുന്നല്ലോ ഞാൻ ചെലവഴിച്ചത്.

അതോടൊപ്പം കുറെ പുതിയ ആണയിടലുകളും.

ഇനിയില്ല. നേരിൽക്കാണൽ പോയിട്ട്, കത്തിടപാടുകൾകൂടി വേണ്ടല്ലോ.

കീഴിൽ ഗവേഷണം നടത്തുന്ന പെൺകുട്ടികളുടെ മേൽ പ്രായക്കൂടുതലുള്ള ചില റിസർച്ച് ഗൈഡുകൾ ദുഃസ്വാതന്ത്ര്യമെടുക്കാറുള്ളതിനെപ്പറ്റി പറഞ്ഞ് കേട്ടിട്ടുണ്ട്. പക്ഷേ, വെറുമൊരു അക്കാദമിക് സൗഹൃദത്തിനപ്പുറമായി മറ്റൊരു ബന്ധവും താനും ഡോക്ടർസാബും തമ്മിൽ ഒരിക്കലും ഉണ്ടായിരുന്നില്ലല്ലോ.

പക്ഷേ, ഇപ്പോൾ അഞ്ചാംനാളിൽ തന്നെ തേടി വന്ന കുറിപ്പ് എന്തോ പോലെ.

കാത്തുകാത്തിരുന്ന്, ഒടുവിൽ വന്നെത്തിയ ഇ-മെയിൽ കുറിപ്പിൽ ചൗധരിസാബിന് പറയാനുണ്ടായിരുന്നത് ആയിടെ വായിച്ച ചില പുതിയ പുസ്തകങ്ങളെപ്പറ്റി മാത്രം.

അരിശം അടക്കാൻ പണിപ്പെടുകയാണ് പ്രിയംവദ.

ഗോവയിലെ ആ മഴ വീണുകുതിർന്ന സായാഹ്നം. മതിൽക്കെട്ടിൽ തല്ലിയലയ്ക്കുന്ന കടൽത്തിരകളുടെ നെറുകയിൽ കാണായ മാണിക്ക്യക്കല്ല്. കള്ളനോട്ടമെറിഞ്ഞു കടന്നുപോയിക്കൊണ്ടിരുന്ന സെർച്ചുലൈറ്റിന്റെ നീല വെളിച്ചം.

താൻ മറക്കാൻ ആഗ്രഹിച്ചിരുന്ന ചിലതെങ്കിലും ഓർമ്മിപ്പിക്കാനുള്ള തന്റേടം കാണിക്കുമെന്നു കരുതി. ഒപ്പമുള്ള ആളെ ഓർമ്മകളിലൂടെ നടത്തിക്കൊണ്ടു പോകാനുള്ള കെല്പില്ലാത്തവർ ഇത്തരം വേഷമണിയുമ്പോൾ...

ഒപ്പമുള്ള ആൾ. ഒപ്പമുണ്ടായിരുന്ന ആൾ.

പ്രിയംവദയൊന്ന് നടുങ്ങി. അവിടെ നിറുത്തി.

മതി. വേണ്ടാത്ത ഓർമ്മകളെ പൊതിഞ്ഞു പഴന്തുണിക്കെട്ടുകളിലാക്കി ചതുപ്പുനിലങ്ങളിലേക്ക് വലിച്ചെറിയാൻ എന്നെയാരും പഠിപ്പിക്കണ്ടല്ലോ.

കണ്ണുകൾ വീണ്ടും ആ കുറിമാനത്തിലൂടെ കടന്നുപോകുകയാണ്.

അദ്ദേഹം ഇപ്പോൾ ഫിക്ഷൻ വായിക്കാൻ തുടങ്ങിയിരിക്കുന്നത്രെ. മുമ്പൊക്കെ സാഹിത്യമൊഴിച്ച്, മറ്റെന്തും അദ്ദേഹം വായിക്കുമായിരുന്നു, ചരിത്രവും, ഭൂമിശാസ്ത്രവും, തത്ത്വചിന്തയും, നരവംശശാസ്ത്രം വരെ.

പക്ഷേ, ഈ നോവലുകളും കവിതകളും! അവ എന്റെ വകുപ്പിൽ പെടുന്നവയല്ലല്ലോ പ്രിയംവദ... ഈ എഴുത്തുകാരായ സ്വപ്നജീവികൾ വരച്ചിടുന്ന വിചിത്രമായ കാല്പനികലോകങ്ങൾ എന്നെ ഒരിക്കലും മോഹിപ്പിക്കുന്നില്ലല്ലോ.

അദ്ദേഹം ഒരിക്കലെഴുതി.

ആരോടും ഉത്തരവാദിത്വമില്ലാതെ, ആർക്കും പ്രയോജനമില്ലാതെ, വെറുതെയിരുന്ന് സ്വപ്നം കണ്ട്, അതൊക്കെ പൊലിപ്പിച്ച് വായനക്കാരുടെ മുമ്പിലേക്കിട്ടു കൊടുക്കുന്ന ഒരു കൂട്ടർ. സ്വപ്നലോകത്തു ജീവിക്കാത്തവർക്കേ ശരിയായ, റിയാലിറ്റിയെ സമീപിക്കാനാകൂ. അവർക്കു മാത്രമേ സത്യമായ ജീവിതത്തെയും, ചരിത്രത്തെയും, സംസ്കാരത്തെയുമൊക്കെ ആഴത്തിൽ തൊട്ടറിയാനാകൂ.

ഉടനെതന്നെ താൻ മറുപടി കൊടുത്തത് പ്രിയംവദയ്ക്ക് ഓർമ്മവന്നു.

തീരെ യോജിക്കാനാവില്ലല്ലോ, ഡോക്ടർസാബ്. എനിക്കേറ്റവും ഇഷ്ടപ്പെട്ട വിഷയം സാഹിത്യമായിരുന്നു. ആദ്യം പഠിച്ചതും, തുടർന്നു പഠിക്കാൻ മോഹിച്ചതും സാഹിത്യംതന്നെയായിരുന്നു. പിന്നീട് ഏതൊക്കെയോ വഴികളിലൂടെ ഇവിടെ എത്തിപ്പെട്ടെന്നു മാത്രം. സാഹിത്യം പഠിച്ചെങ്കിലും, അഭ്യസിക്കാനായില്ല. എച്ച്. ആർ. ആണെങ്കിൽ പഠിച്ചതിനെക്കാൾ കൂടുതൽ അഭ്യസിക്കാൻ നോക്കുന്നു.

വേറൊന്നുകൂടി. ഒരുപാടു സ്വപ്നങ്ങൾ കാണുന്നവളാണ് ഞാൻ, നല്ലതും ചീത്തയുമായ ഒരുപാടു സ്വപ്നങ്ങൾ. അധികവും നടക്കാത്ത സ്വപ്നങ്ങൾ. പക്ഷേ, വിശ്വസിച്ചാലും ഇല്ലെങ്കിലും ഇത്തരം സ്വപ്നങ്ങളാണല്ലോ നമ്മെയൊക്കെ ജീവിച്ചുപോകാൻ പ്രേരിപ്പിക്കുന്നത്.

ഇപ്പോൾ വേണമെങ്കിൽ മറ്റൊന്നുകൂടി കൂട്ടിച്ചേർക്കാം. സ്വപ്നം കാണാൻപോലും കഴിവില്ലാത്തവർ എന്നെ വല്ലാതെ പേടിപ്പിക്കുന്നുവല്ലോ ഡോക്ടർസാബ്!

എന്നാലും ഇപ്പോൾ അദ്ദേഹത്തിൽ എന്തൊക്കെയൊ ചില ചെറിയ മാറ്റങ്ങൾ പോലെ.

ഈയിടെയായി താൻ ഫിക്ഷനും വായിച്ചു തുടങ്ങിയതായി തെല്ലൊരു കുറ്റബോധത്തോടെ അദ്ദേഹം സമ്മതിച്ചുതന്നിരിക്കുന്നു. സയൻസ് ഫിക്ഷനിൽനിന്നാണത്രേ ആ വിനീതമായ തുടക്കം. ശുദ്ധമായ സാഹിത്യത്തിലേക്ക് എന്നെങ്കിലും നടന്നെത്താൻ കഴിഞ്ഞേക്കുമെന്ന വിശ്വാസമില്ല. കുറ്റവും ശിക്ഷയും, അന്നകരിനീന തുടങ്ങിയവ നല്ല പുസ്തകങ്ങളാണെന്ന് ഒരു ചങ്ങാതി പറഞ്ഞുകേട്ടു. ആട്ടെ, നോക്കാം, പിന്നീടൊരിക്കൽ, സമയം കിട്ടുമ്പോൾ.

ആ നീണ്ട കത്തു മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ ഉള്ളിലെന്തോ പുകഞ്ഞു കയറുന്നതുപോലെ തോന്നി പ്രിയംവദയ്ക്ക്. താൻ പുസ്തകം വായിക്കാൻ തുടങ്ങിയതിനെപ്പറ്റി വിവരിക്കാനാണോ ഇത്രയും മിനക്കെട്ട് ഈ കത്തയച്ചിരിക്കുന്നത്?

എച്ച്.ആർ. വിട്ട് സയൻസ് ഫിക്ഷൻ തലയ്ക്കു പിടിച്ച മട്ടുണ്ട്. ശാസ്ത്രത്തിന്റെ ചില മായിക പരിസരങ്ങളിലൂടെ ചിറകു വിരിച്ച് പറന്നു നടക്കുകയാണിപ്പോൾ. എന്നെങ്കിലുമൊരിക്കൽ കാലുകൾ മണ്ണിൽ തൊടുമ്പോൾ അത് ഗോവയിലെ മണ്ണിലായിരിക്കില്ലെന്നു തോന്നി, അതും മഴ വീണു കുതിർന്ന അന്നത്തെ മണ്ണിൽ.

എത്ര ഒതുക്കിയിടാൻ നോക്കിയിട്ടും ഉള്ളിൽ വീണ്ടുമൊരു ഇടയിളക്കം. രണ്ടു വരികളെങ്കിലും, തനിക്കായി കുറിച്ചിടാൻ തോന്നിയില്ലല്ലോ അദ്ദേഹത്തിന്. തനിക്ക് മാത്രമായി രണ്ടു വരികൾ...

മറന്നതോ, അതോ മനപ്പൂർവമോ?

വെറുതെ കാത്തിരുന്നതാണ് തെറ്റ്.

വീണ്ടും ഉള്ളിൽ എന്തൊക്കെയോ എരിഞ്ഞു പിടിക്കുകയാണ്. അരിശത്തെക്കാൾ കൂടുതൽ നിസ്സഹായതയിൽനിന്ന് മുളയ്ക്കുന്ന പന്തിയില്ലായ്മ.

പിന്നീട്, അല്പം കഴിഞ്ഞ്, മോഹിച്ചതു കിട്ടാത്ത ഒരു ടീനേജറുടെ വാശിയോടെ ചെറിയൊരു കൈയനക്കത്തിൽ ആ കത്താകെ കമ്പ്യൂട്ടറിൽനിന്ന് മായ്ച്ചു കളയുമ്പോൾ നേരിൽ കാണാത്ത ആരോടോ ഒക്കെ പക പോക്കുന്നതുപോലെ തോന്നി.

ആദ്യമായിട്ടായിരുന്നു അങ്ങനെയൊന്ന്. സാധാരണ ഡോക്ടർസാബിന്റെ കത്തുകളെല്ലാം വലിയ ശ്രദ്ധയോടെ തരംതിരിച്ച്, വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ച് ഓരോ ഫോൾഡറുകളിലാക്കുകയാണ് പതിവ്. പിന്നീടവ ഫ്ളോപ്പികളിലേക്കും, സി.ഡി.കളിലേക്കും പകർത്തി വയ്ക്കുന്നു.

എന്തായാലും ഇനിയതൊക്കെ അദ്ദേഹം സയൻസ് ഫിക്ഷന്റെ ലോകത്തു നിന്ന് മടങ്ങി, മണ്ണിൽ കാലുകുത്തിയിട്ടു മതി. ഗോവയിൽത്തന്നെ ആവണമെന്നില്ല, ഏതെങ്കിലും ഇളക്കമുള്ള മണ്ണിൽ.

കുറെ ദിവസങ്ങളായി തന്നിൽ വന്നുകൂടിയ മാറ്റങ്ങളെ ഏതെങ്കിലും വിധത്തിൽ അടയാളപ്പെടുത്താനാകാതെ കുഴങ്ങുകയാണ് പ്രിയംവദ.

ഇതേത് പ്രിയംവദ?

തനിക്ക് തീരെ പരിചയമില്ലാത്തൊരു പ്രിയംവദ. കണ്ണാടിയിൽ ഇപ്പോൾ കാണാൻ കിട്ടുന്ന മുഖംപോലും വേറെ ആരുടെതോ. എന്റെ പ്രിയംവദ ഒരിക്കലും ഇങ്ങനെയായിരുന്നില്ലല്ലോ. മുഖത്തെ കൊച്ചുകൊച്ചു ഭാവപ്പകർച്ചകൾ. ശരീരഭാഗങ്ങളിലെ ചില ചെറിയ അനക്കങ്ങൾ. അവയുടെയൊക്കെ പൊരുൾ എനിക്കുതന്നെ എളുപ്പത്തിൽ വായിച്ചെടുക്കാൻ കഴിയുമായിരുന്നല്ലോ.

ഒന്നുംരണ്ടും പറഞ്ഞുള്ള കണ്ണുപൊത്തിക്കളിയിലൂടെ ആരെയാണിങ്ങനെ വിശ്വസിപ്പിക്കാൻ നോക്കുന്നത്? എന്നെ ഇളക്കാൻ ആർക്കുമാകില്ലെന്ന് കരുതിയതു തെറ്റ്. എന്നാലും അത് മറ്റൊരാളുടെ സാമർത്ഥ്യമോ, നേട്ടമോ ആയി സമ്മതിച്ചുകൊടുത്താൽ വലിയൊരു തോൽവിയിലൂടെ പ്രിയംവദയെന്ന ഞാൻ താനേ ഇല്ലാതാകുകയാവും.

ഒന്നുമറിഞ്ഞുകൂടാത്ത ചെറുപ്രായത്തിൽ ഇത്തിരി കൂടുതൽ സ്വാതന്ത്ര്യം കൊടുത്തപ്പോൾ എന്തും ചെയ്യാമെന്ന ധൈര്യമായിരുന്നു ഉണ്ണ്യേട്ടന്. പിന്നെ തന്റെ മുന്നിൽ മിന്നാനുള്ള കുറെ കോപ്രായങ്ങളായി. ദേഹത്ത് തൊട്ടു കളിക്കുമെന്ന നിലയിലെത്തിയപ്പോഴാണ് തന്റെ ശരീരത്തെപ്പറ്റി ആദ്യത്തെ ശരിയായ ബോധമുണ്ടാകുന്നത്. ഒരുതവണ, രണ്ടുതവണ, മൂന്നുതവണ, ഒടുവിൽ അരിശത്തോടെ തള്ളിമാറ്റി കരണത്തൊന്ന് കൊടുക്കാൻ ഓങ്ങിയതോടെ ഉണ്ണ്യേട്ടൻ അടങ്ങി. പിന്നിടൊരിക്കലും നേരിൽ വരാനാവാതെ ഒഴിഞ്ഞുമാറി നടക്കാൻ നോക്കി.

തീരെ നിറപ്പകിട്ടില്ലാതെ കടന്നുപോയ കോളേജുജീവിതത്തിൽ ശ്രദ്ധ പഠിപ്പിൽ മാത്രമായിരുന്നു. വീട്ടിൽനിന്ന് പാടം മുറിച്ചുകടന്നു കഷ്ടിച്ച് രണ്ടു മൈലോളം നടന്നിട്ടു വേണം അമ്പലത്തിനു മുമ്പിലുള്ള ബസ്സ്റ്റോപ്പിലെത്താൻ. ആ സമയത്ത് ടൗണിലേക്കു പോകുന്ന ഒരേയൊരു പ്രൈവറ്റ് ബസ്സിന്റെ ഔദാര്യത്തിൽ പലപ്പോഴും നേരം വൈകിയിട്ടാണെങ്കിലും ഒരു

വിധത്തിൽ ക്ലാസ്സിലെത്തിക്കൊണ്ടിരിക്കുന്നു. പിന്നീട് വണ്ടിയുടെ ഓട്ടം ഇടയ്ക്കൊക്കെ മുടങ്ങാൻ തുടങ്ങിയതോടെ ആ വഴിയും അടയുമെന്നായി.

മഴക്കാലമാകുമ്പോൾ മുൻവശത്തെ പാടങ്ങൾ നിറയുന്നതു പെട്ടെന്നാണ്. പാടങ്ങളുടെ നടുവിലുള്ള, വീതി കുറഞ്ഞ, വഴുക്കലുള്ള വരമ്പത്തുകൂടെ, സാരിയുടെ അറ്റവും പൊക്കിപ്പിടിച്ച് ഉപ്പൂറ്റിയമർത്തി, ബസ്സ് സമയത്തു തന്നെ വരണേയെന്ന് പ്രാർത്ഥിച്ചുകൊണ്ടുള്ള ആ തിടുക്കംപിടിച്ചുള്ള നടപ്പിനെക്കുറിച്ചോർക്കുമ്പോൾ ഇപ്പോഴും പേടി തോന്നാറുണ്ട്. ചെളിവെള്ളം കെട്ടിക്കിടക്കുന്ന പാടത്തേക്ക് ഒരിക്കൽപോലും തെന്നി വീഴാതെ ആ കോളേജുകാലം എങ്ങനെയോ കടന്നുപോയി.

പക്ഷേ, ബസ്സ് മുടങ്ങിയും, പാടവരമ്പുകൾ മുങ്ങിയും, പല തവണ ക്ലാസ്സുകൾ പോയപ്പോൾ, ഇംഗ്ലിഷ് സാഹിത്യം പഠിപ്പിച്ചിരുന്ന സിസ്റ്റർ മുറിയിലേക്കു വിളിപ്പിച്ചു. തെല്ലൊരു രസക്കേടോടെ പുറത്തു തട്ടിക്കൊണ്ട് അവർ പറഞ്ഞു: 'ഇതിങ്ങനെ പോയാൽ പറ്റില്ലല്ലോ കുട്ടി. കഴിഞ്ഞ കൊല്ലം ഞാനൊന്നും പറഞ്ഞില്ലാന്നേ ഉള്ളൂ. പക്ഷേ, ഇത് അവസാനത്തെ കൊല്ലമാണ്. നന്നായി പഠിക്കുന്ന തന്നെപ്പോലുള്ളവർ ഇങ്ങനെ ക്ലാസ്സിൽ റഗുലറായില്ലെങ്കിൽ ഞങ്ങൾക്ക് നഷ്ടപ്പെടാൻ പോകുന്നത് ഒരു ഉറപ്പായ റാങ്കാണ്.'

എന്തായാലും ഇക്കൊല്ലം ഈ ബസ്സവാരി നിറുത്താതെ വയ്യ. സിസ്റ്റർ പറഞ്ഞു. ഒന്നുകിൽ കോളേജ് ഹോസ്റ്റലിൽ താമസിക്കുക, അല്ലെങ്കിൽ ടൗണിലെ ഏതെങ്കിലും ബന്ധുവീട്ടിൽ. അതൊക്കെ തീരുമാനിക്കേണ്ടത് നിങ്ങൾ തന്നെ. പക്ഷേ, ഞങ്ങൾക്ക് ഞങ്ങളുടെ റാങ്ക് കളയാൻ വയ്യ.

ഹോസ്റ്റലെന്നു കേട്ടതോടെ വലിയ ഒച്ചപ്പാടായി വീട്ടിൽ. ഈ പ്രായത്തിൽ ഹോസ്റ്റലിലേക്ക് തനിച്ചുവിടുകയോ? ഏറ്റവും വലിയ എതിർപ്പു മുത്തശ്ശിക്കായിരുന്നു. അച്ഛനും തീരെ താത്പര്യമുണ്ടായിരുന്നില്ല. പതിവുപോലെ ഇക്കാര്യത്തിലും സ്വന്തമായൊരു അഭിപ്രായമില്ലാതെ അമ്മ മാത്രം ഏതോ തൂണിന്റെ മറവിൽ അഭയം തേടി.

ടൗണിൽ താമസിക്കാൻ പാകത്തിനു ബന്ധുവിടുകളൊന്നുമില്ലാത്തതുകൊണ്ട് വീണ്ടും അതേ ബസ്സ്യാത്ര മാത്രമേ വഴിയുള്ളുവെന്നു പറയാനായി അച്ഛന് കോളേജുവരെ പോകേണ്ടി വന്നു. ഇക്കാര്യത്തിൽ നിങ്ങളെക്കാൾ കൂടുതൽ താത്പര്യം ഞങ്ങൾക്കാണെന്ന് തെല്ലൊരു നിരസത്തോടെ പറയുമ്പോൾ സിസ്റ്ററുടെ മുഖം വല്ലാതെ ഇരുണ്ടിരുന്നു.

അത് ഒന്നുകൂടി ഇരുണ്ടത് അവർ ഉറപ്പായി കരുതിയിരുന്ന ഒന്നാം റാങ്ക് മൂന്നാം റാങ്കായി താഴ്ന്നപ്പോഴാണ്. അന്ന് ഒരു ചടങ്ങുപോലെ തന്നെ വിളിച്ച് അഭിനന്ദിക്കുമ്പോഴും സിസ്റ്ററുടെ ദേഷ്യം അടങ്ങിയിരുന്നില്ല. ശകാരത്തിന്റെ സ്വരത്തിൽ അവർ ആവർത്തിച്ചു: 'എത്ര പറഞ്ഞതാണ് ഞാൻ, എന്നിട്ടും കേൾക്കാനാരുമുണ്ടായിരുന്നില്ലല്ലോ. ഞങ്ങളുടെ ഒരു ഷുവർ റാങ്ക് കളഞ്ഞു കുളിച്ചില്ലേ?'

കൂട്ടത്തിലൊരു താക്കീതും. ഹോസ്റ്റലിൽ നിൽക്കാൻ തയ്യാറല്ലെങ്കിൽ കുട്ടി ഇവിടെ എം.എയ്ക്ക് അപേക്ഷിക്കണ്ട. വേറെ ഏതെങ്കിലും കോളേജിൽ നോക്കിക്കൊള്ളൂ നേരത്തേതന്നെ.

അതറിഞ്ഞപ്പോൾ അച്ഛനും വലിയ വാശിയായി. അവരുടെയൊരു റാങ്ക്. മണ്ണാങ്കട്ട! എനിക്ക് റാങ്കിനെക്കാൾ വലുത് എന്റെ മോളാണ്. പ്രായമായ

കുട്ടിയെ ഹോസ്റ്റലിൽ കൊണ്ടുപോയി തള്ളാൻ പാകത്തിനുള്ള ഗതികേടൊന്നുമായിട്ടില്ല ഈ തറവാട്ടിൽ. അവരുടെ എം.എ. ഇല്ലെങ്കിൽ വേണ്ട, എം.എ. ഇല്ലാതെയും പെൺകുട്ട്യോള് ജീവിച്ചുപോണുണ്ടല്ലോ നമ്മുടെ നാട്ടില്.

അച്ഛന്റെ അന്നത്തെ ആ വാചകം മറക്കാനാവുന്നില്ല. പ്രായമായ കുട്ടിയെ ഹോസ്റ്റലിൽ കൊണ്ടുപോയി തള്ളാൻ പാകത്തിനുള്ള ഗതികേട്...

താനൊരു മുതിർന്ന പെണ്ണായെന്ന തോന്നൽ ഒന്നുകൂടി ഉറപ്പിക്കുന്നത് അവിടെ വെച്ചായിരിക്കാം, ഒരച്ഛന്റെ ആകുലതകളെക്കുറിച്ചുള്ള ചില സാമാന്യ ധാരണകൾ ബലപ്പെടുന്നതും.

അന്ന് ഹോസ്റ്റലിൽ ചേർക്കാതെ അവസാന കൊല്ലത്തെ ക്ലാസ്സിൽ ഇരുത്തുകയില്ലെന്ന് സിസ്റ്റർ വാശിപിടിച്ചിരുന്നുവെങ്കിൽ, അതിലും ഇരട്ടി വാശിയോടെ അച്ഛൻ തന്റെ പഠിപ്പ് അവിടെവച്ചുതന്നെ നിറുത്തുമായിരുന്നുവെന്ന് ഉറപ്പാണ്.

ഇന്നും ഓർക്കുമ്പോൾ വല്ലാതെ നടുക്കിക്കളയുന്ന ഒരു സാദ്ധ്യത. അന്ന് പഠിപ്പ് മുഴുവനാക്കാതെ പിരിഞ്ഞുപോന്നിരുന്നെങ്കിൽ തന്റെ ജീവിതമാകെ മാറിപ്പോകുമായിരുന്നു. ഏതോ പഴയ വീടിന്റെ ഇല്ലനക്കരി പടർന്ന അടുക്കളച്ചുമരുകൾക്കകത്തേക്ക് ഒതുങ്ങിപ്പോകാൻ വിധിക്കപ്പെട്ട ഒരു വീട്ടമ്മ.

മറ്റൊന്നുകൂടി ഓർത്തുപോകാറുണ്ട്. അന്ന് ഹോസ്റ്റലിൽ നിറുത്താൻ അച്ഛൻ സമ്മതിച്ചിരുന്നുവെങ്കിൽ താൻ തികച്ചും വേറൊരു പ്രിയംവദയായി മാറുമായിരുന്നു. ഇന്ന് നീതുവിന്റെയൊക്കെ മുഖത്ത് കാണാനാവുന്ന ആ ആത്മവിശ്വാസത്തിന്റെ പാതിയെങ്കിലുമുണ്ടായിരുന്നെങ്കിൽ, പുരുഷനെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടാതിരുന്ന ആ ചെറുപ്രായത്തിൽ, തന്റെ കല്യാണം നടക്കില്ലായിരുന്നു.

ഏതു രാജകുമാരന്റെ ആലോചനയാണെങ്കിലും കുറെക്കൂടി പഠിക്കാതെ തനിക്ക് വിവാഹമേ വേണ്ടെന്ന് അച്ഛന്റെ മുഖത്തുനോക്കി തറപ്പിച്ചു പറയാനുള്ള തന്റേടം കിട്ടുമായിരുന്നു.

എന്നിട്ട്, ഇപ്പോൾ എത്രയോ വർഷങ്ങൾക്കുശേഷം, ഈ പ്രായത്തിലാണ്, വികൃതമായ ചില ഓർമ്മപ്പെടുത്തലുകളുമായി എവിടന്നോ ഒരു മനുഷ്യൻ കടന്നുവരുന്നത്.

പ്രിയംവദ അറിയാതെ തല കുടഞ്ഞു. വേണ്ട. ഇതിവിടെ നിറുത്തണം. ഓരോന്ന് ആലോചിച്ച് പോകുമ്പോൾ വെറുപ്പിനെക്കാൾ കൂടുതൽ അറപ്പാണ് ഉള്ളിൽ.

ഇനി ഇ-മെയിലുകൾ അയയ്ക്കരുതെന്ന് താക്കീത് ചെയ്താലോ? അതല്പം ക്രൂരമായേക്കാം. പക്ഷേ, ഇത് എവിടെയെങ്കിലുംവച്ചു മുറിച്ചിട്ടേ മതിയാവൂ. തന്റെ ചില ചെറിയ സൂചനകൾ താക്കീതിന്റെ രൂപത്തിൽ കാണാനായില്ലെങ്കിൽ കുറെ തെളിഞ്ഞ വാക്കുകൾതന്നെ വേണ്ടിവന്നേക്കും.

അങ്ങനെ തീരുമാനിച്ചുറപ്പിച്ച് ഒരു നിമിഷം കണ്ണടച്ചിരുന്നു. ബാൽക്കണിയിലേക്കുള്ള വാതിലിലൂടെ ഒരു ചെറിയ കാറ്റടിച്ചുകയറുന്നുണ്ടായിരുന്നു. മഴയുടെ വരവാണെന്നു തോന്നി.

അപ്പോഴാണ് ഡ്രായിങ്റൂമിലെ ടീവിയുടെ ചില്ലുതിര പെട്ടെന്ന് മിന്നാൻ തുടങ്ങിയത്...

നീലിമയായിരുന്നു. ഇരുനിറത്തിൽ, വലിയ കണ്ണുകളുള്ള ആ ബംഗാളി ന്യൂസ് വായനക്കാരി. ഏതാണ്ട് നീതുവിന്റെയൊക്കെ മട്ടുംമാതിരിയുമുള്ള

നീലിമ. അവൾ തിരയുടെ വെള്ളിവെളിച്ചത്തിൽ നിന്ന് പ്രിയംവദയെ നോക്കി പരിചയഭാവത്തിൽ ചിരിച്ചു.

'കുറെക്കാലമായി ദീദിയുടെ ബദ്ധപ്പാടുകൾ ശ്രദ്ധിക്കാൻ തുടങ്ങിയിട്ട്. മറ്റുള്ളവരുടെ കുടുംബകാര്യങ്ങളിൽ ഇടപെടാനുള്ള മടികൊണ്ടുമാത്രം ഇത്രയും കാലം മാറിനിന്നു. എന്നാലും ഒരു ഉത്തരവാദപ്പെട്ട മാദ്ധ്യമപ്രവർത്തക എന്ന നിലയിൽ ഇത്തരം ഇടപെടലുകളുടെ പ്രസക്തിയെപ്പറ്റിയുള്ള തോന്നൽ ബലപ്പെട്ടപ്പോൾ ലേശം നീണ്ടൊരു കമേർഷ്യൽ ബ്രേക്കിന്റെ തക്കം നോക്കി ഞാനിതാ ഇവിടെ ദീദിയുടെ മുമ്പിൽ... ആട്ടെ, ദീദീ, എന്താണിവിടത്തെ പ്രധാന പ്രശ്നങ്ങൾ?'

ആ കറുത്ത പെട്ടിയിൽനിന്ന് ഒരു മൈക്കിന്റെ അറ്റം നീണ്ടുവരുന്നതു പോലെ തോന്നി.

ആ ഇടപെടലിന്റെ രീതി തെല്ലൊന്ന് രസിപ്പിച്ചുവെങ്കിലും, ഗൗരവം വിടാതെ പ്രിയംവദ ചോദിച്ചു:

'മറ്റുള്ളവരുടെ കുടുംബകാര്യങ്ങളിൽ ഇടപെടുന്നതും മാദ്ധ്യമപ്രവർത്തനത്തിന്റെ ഭാഗമാകുമോ നീലിമാ?'

നീലിമ ശബ്ദമില്ലാതെ ചിരിച്ചപ്പോൾ നിരയൊത്ത, വെണ്മയുള്ള പല്ലുകൾ കാണായി.

'ഒരു കാര്യം മറക്കരുത്, ദീദീ. നിങ്ങൾ ഞങ്ങളെ കാണുന്നതുപോലെ ഞങ്ങൾ നിങ്ങളേയും കാണുന്നുണ്ട്. ഒരു ചതുരക്കൂടിന്റെ പരിമിതിയുണ്ടെങ്കിലും, ഒരു കുടുംബത്തിനകത്തെ നല്ലതും ചീത്തയുമായ എല്ലാ കാഴ്ചകളുടേയും സാക്ഷിയാകാൻ വിധിക്കപ്പെട്ട ഞങ്ങളെപ്പോലുള്ള ചാനൽജീവികൾക്ക് ഇക്കാലത്ത് എന്തും മാദ്ധ്യമപ്രവർത്തനത്തിന്റെ ഭാഗമാണല്ലോ.'

ആ മറുപടി നന്നെ രസിച്ചതുപോലെ പ്രിയംവദ മെല്ലെ കൈ ഞൊടിച്ചു.

'ജോർ, മിടുക്കി! നല്ലൊരു ഭാവി നിന്നെ കാത്തിരിക്കുന്നു. എന്തായാലും ഈ ഇടപെടലിന് നന്ദി. ഒരവസരം വരുമ്പോൾ ഞാൻ വിളിക്കാം, പറയാം, എല്ലാം പറഞ്ഞുതരാം. അതേവരെ ക്ഷമയോടെ കാത്തിരിക്കുകയെന്നതും മാദ്ധ്യമധർമ്മംതന്നെ.'

അതൊരു നല്ല തീരുമാനമാകുന്നു എന്ന മട്ടിൽ നിലിമ പിൻവാങ്ങുമ്പോഴേക്കും ഇടവേളയുടെ സമയം കഴിഞ്ഞുവെന്ന ആചാരമണി മുഴങ്ങിയിരുന്നു. അതോടെ അവൾ തനിക്ക് വിധിച്ച വായനയിലേക്ക് മടങ്ങുകയും ചെയ്തു.

അപ്പോഴേക്കും പുറത്ത് മഴ വീഴാൻ തുടങ്ങിയിരുന്നു. ജാലകങ്ങൾ വലിയ ശബ്ദത്തോടെ വലിഞ്ഞടയാൻ തുടങ്ങിയപ്പോൾ പ്രിയംവദ എഴുന്നേറ്റ് ബാൽക്കണിയിൽ ചെന്നുനിന്നു.

കൈവരികളിൽ പിടിച്ചുകൊണ്ടു നിന്നപ്പോൾ നന്നെ പുതിയൊരു കാറ്റിലൂടെ വന്ന വെള്ളത്തുള്ളികൾ അവരുടെ മുഖമാകെ നനച്ചു. കണ്ണുകളടച്ച്, പഞ്ചേന്ദ്രിയങ്ങളുമടച്ച്, വിശിയടിക്കുന്ന കാറ്റിലേക്ക് മുഖം കൊടുത്തുകൊണ്ടു നിൽക്കുമ്പോൾ അവർ എല്ലാം മറന്നുകഴിഞ്ഞിരുന്നു, നീലിമയുടെ ഇടപെടൽ വരെ.

ഇപ്പോൾ തന്റെ മുമ്പിൽ ഈ അഞ്ചാം നിലയിലെ കാറ്റും മഴയും മാത്രം. ഇത് തനിക്കുവേണ്ടി മാത്രമായുള്ള കാറ്റും മഴയും.

പ്രിയംവദ അതേ നില്പ് ഏറെനേരം നിന്നു.

ഒമ്പത്

കഴിഞ്ഞ രണ്ടുമൂന്ന് രാത്രികളിലായി തന്റെ സ്വപ്നങ്ങളിൽ വന്നു കയറു കയായിരുന്നു മീനാക്ഷിപ്പാളയത്തെ കാവേരി.

'എന്നമ്മാ സൗഖ്യമാ?' മുൻവാതിലിൽ ചാരിനിന്നുകൊണ്ട് അവൾ ആൺകുരലിൽ ചോദിക്കുന്നതു കേട്ടപ്പോൾ പ്രിയംവദ ആദ്യമൊന്ന് പകച്ചു. പിന്നീട് മനസ്സിലായി, ഇവൾ കാവേരി.

'കാവേരീ, നീയിവിടെ?'

തന്നെ എങ്ങനെ തിരിച്ചറിഞ്ഞുവെന്ന് അതിശയിക്കുകയായിരുന്നു കാവേരി.

കണ്ടപ്പോഴേ മനസ്സിലായല്ലോ ഇവളൊരു കാവേരിയായിരിക്കുമെന്ന്. മീനാക്ഷിപ്പാളയത്തെ എല്ലാ കാവേരിമാരും ഇതുപോലെതന്നെ. എണ്ണ കിനി യുന്ന കറുകറുത്ത മുഖം. കുണ്ടിൽപ്പോയിട്ടും തിളങ്ങുന്ന കണ്ണുകൾ. ചെമ പ്പുകല്ല് മൂക്കുത്തി, കാതിൽ പിച്ചളവളയങ്ങൾ. നെറ്റിയിൽ രണ്ടിഞ്ച് നീള ത്തിലൊരു വടു. പ്രായത്തിന്റെയത്ര വളർച്ചയില്ലാത്ത, നന്നെ മെലിഞ്ഞൊരു പെണ്ണ്.

തെല്ലൊന്നു പരുങ്ങുകയാണ് പ്രിയംവദ.

സത്യത്തിൽ ആ നിവേദിതയെപ്പോലും താൻ നേരിൽ കണ്ടിട്ടില്ലല്ലോ. മീനാക്ഷിപ്പാളയമെന്ന ഗ്രാമവും, അവിടത്തെ പഞ്ചസാരമില്ലുമൊക്കെ തനിക്ക് മറുമൊഴികളിലൂടെ പകർന്നുകിട്ടിയ കഥകൾ. കിണറ്റിൽ വീണ് മരിച്ച മുനി യാണ്ടി, അയാളുടെ തലതിരിഞ്ഞ മകൻ രാജ, മകൾ കാവേരി. എല്ലാമെല്ലാം ആ കൂട്ടുകാരി പറഞ്ഞുകേട്ട വാർത്തകൾ.

ആദ്യം ഒന്നു മടിച്ചിട്ട്, പിന്നെ തന്റെ കാൽക്കൽ വീണ് കെട്ടിപ്പിടിച്ചു കൊണ്ട് കാവേരി തൊണ്ടകീറി കരയാൻ തുടങ്ങി. കേൾക്കാൻ തീരെ സുഖ മില്ലാത്ത ആൺകുരലിലുള്ള കരച്ചിൽ. കരച്ചിലിനിടയിൽ ഇടവിട്ട് ഉതിർന്നു വീഴുന്ന കുറെ ശാപവാക്യങ്ങൾ, അണ്ണൻ രാജയെപ്പറ്റി.

'അവൻ കെട്ടവൻ അമ്മാ. മഹാപാപി! അവനുക്ക് അപ്പാവോട് വേല കിടയ്ക്കറത് റൊമ്പ അന്യായം.'

നിറുത്താതെ പറയുകയാണ് കാവേരി. ഇടയ്ക്കൊക്കെ തലയ്ക്കടിച്ചും, നെഞ്ചത്തടിച്ചും കരയുമ്പോൾ അവളുടെ കഴുത്തിലെ ഞരമ്പുകൾ പൊട്ടാ റായതുപോലെ പിടച്ചുനിൽക്കുന്നു.

രാജ കുറ്റം ചെയ്തിട്ടില്ലെന്നാണത്രെ നിവേദിതയുടെ കണ്ടെത്തൽ. പക്ഷേ, അണ്ണൻ ആള് ശരിയല്ലെന്ന് കാവേരി ആണയിട്ടു പറയുന്നു. വീണ്ടും കുറെ ശാപവാക്കുകൾ. അവൻ കെട്ടവൻ. മഹാപാപി! അവൻ പിറന്ന ഊരും കുലവും മുടിഞ്ഞു പോകട്ടെ! കണ്ണ് തെളിഞ്ഞ നാളുതൊട്ടേയുള്ള അവന്റെ കെട്ട പഴക്കങ്ങളെക്കുറിച്ച് ഏറ്റവും അറിയാവുന്നവൾ താൻ മാത്രം. അമ്മയ്ക്ക് അറിയാമെങ്കിലും ഒന്നും പുറത്തു കാട്ടാറില്ല. അത്രയ്ക്ക് വലിയ പേടിയാണവനെ. പിന്നെ ഇനിയങ്ങോട്ട് അവന്റെ താങ്ങില്ലാതെ ജീവിക്കാ നാവില്ലെന്ന ബോധവും.

അവൻ എന്തും ചെയ്യാൻ മടിക്കാത്തവനാണെന്ന് നല്ല ഉറപ്പാണ് കാവേ രിക്ക്. ചാരായവും കഞ്ചാവും ചെന്നാൽ പൂവൻകോഴിയുടെ കഴുത്ത് ഞെരി ക്കുന്നതിനെക്കാൾ എളുപ്പമാണ് സ്വന്തം അപ്പാവിന്റെ...

അവൾ അവിടെ നിറുത്തി. വലിയ ഭയപ്പാടോടെ നാലുചുറ്റും നോക്കി. അപ്പോൾ അവളുടെ കരഞ്ഞുചുവന്ന കണ്ണുകൾ പുറത്തേക്കുന്തി വരികയായിരുന്നു.

അവന് ജോലിയുടെ കടലാസ് കൊടുക്കാതെ മടിച്ചു നിൽക്കുകയാണത്രെ ആ നിവേദിതാമ്മ. പക്ഷേ, അവനിപ്പോൾ മുതലാളിമാരുടെ കാലു പിടിച്ച് അയ്യർവാളിലൂടെ ആ കടലാസ് മേടിച്ചെടുക്കാൻ നോക്കുന്നു.

രണ്ടു നാളിൽ അവന് വേല കിടയ്ക്കും. അന്ത പേഴ്സണലമ്മ റൊമ്പം നല്ലവൾ. ആനാലും അവനുക്ക് ആർഡർ കൊടുക്കലേന്നാൽ അന്ത അമ്മാവോട് വേല പോയിടും.

എങ്ങനെയെങ്കിലും അതൊന്ന് തടയണമെന്ന അപേക്ഷയോടെ അവൾ വീണ്ടും കാലിൽ കടന്നുപിടിച്ചപ്പോൾ, പ്രിയംവദ പെട്ടെന്ന് പുറകോട്ടു മാറി.

തനിക്ക് നിവേദിതയെ നേരിട്ടറിയില്ലെന്നു പറഞ്ഞിട്ട് അവൾ തീരെ വിശ്വസിക്കുന്നില്ല. തന്റെ കൈയിൽ ആകെക്കൂടിയുള്ളത് ചില കേട്ടറിവുകൾ മാത്രം. തമിഴകത്തൊരു കമ്പനിയിൽ പണിയെടുക്കുന്ന ഒരു കൂട്ടുകാരി പറഞ്ഞുതന്ന സംഭവകഥ പൊലിപ്പിച്ചെടുത്ത് ഒരു പ്രബന്ധത്തിന്റെ വിഷയമാക്കുമ്പോൾ അതിലെ വേഷക്കാർ ഒരിക്കൽ ഉയിരെടുത്ത് തന്റെ സ്വപ്നങ്ങളിലേക്കു കടന്നു വരുമെന്ന് ഒരിക്കലും നിനച്ചതല്ലല്ലോ.

മീനാക്ഷിപ്പാളയമെന്ന ഊരുണ്ടോയെന്നുതന്നെ എനിക്കുറപ്പില്ലല്ലോ.

ഒരു എഴുത്തുകാരിയുടെ കൗശലത്തോടെ, കൈയൊതുക്കത്തോടെ, മീനാക്ഷിപ്പാളയമെന്ന ഗ്രാമവും അവിടത്തെ ഫാക്റ്ററിയും മെനഞ്ഞുണ്ടാക്കി. പിന്നെ നിവേദിത തൊട്ട് കാവേരി വരെ പലർക്കും ജന്മം കൊടുത്ത്...

ഇതൊരു നടന്ന കഥയാണെന്ന് കൂട്ടുകാരി ആണയിട്ടു പറഞ്ഞിരുന്നതുകൊണ്ട് ഒരു ഗ്രാമത്തേയും അവിടത്തെ കുറെ മനുഷ്യരേയും മാടിപ്പിടിക്കാൻ നന്നെ എളുപ്പമായി. താൻ ഒരുക്കിയെടുത്ത പ്രബന്ധത്തിനു താനറിയാതെ തന്നെ ആധികാരികത കൈവരുന്നത് വിസ്മയത്തോടെ നോക്കിനിന്നു.

അന്ന് ഗോവയിലെ സെമിനാറിൽ കേട്ടുകൊണ്ടിരുന്നവരിൽ ആരും ഇതൊരു നടന്ന കഥയോ കെട്ടുകഥയോ എന്ന് തിരക്കിയില്ല. കാരണം, മനുഷ്യജന്മത്തിലെ ധർമ്മസങ്കടങ്ങളുടെ ഇത്തരം അപൂർവ നിമിഷങ്ങളിലൂടെ കടന്നുപോകേണ്ടി വരുമ്പോൾ സത്യവും, മിഥ്യയും തമ്മിലുള്ള അതിർവരമ്പുകൾ എത്രയോ നേർത്തതാണെന്ന് പെട്ടെന്ന് തിരിച്ചറിയാനാകുന്നു.

അതുകൊണ്ടുതന്നെയാവും അന്നത്തെ സെഷൻ കഴിഞ്ഞ് പുറത്തു കടന്നവരിൽ മിക്കവരും തല കുമ്പിട്ട് ഏതൊക്കെയോ ചില ഒറ്റപ്പെട്ട ചിന്തകളിൽ സ്വയം നഷ്ടപ്പെട്ട് അങ്ങനെ നടന്നുപോകുന്നതു കണ്ടത്. കുറെ നാളത്തേക്കെങ്കിലും അലട്ടാനായി ഒരു ചിത്രം അവരുടെ ഉള്ളിൽ പതിച്ചു വയ്ക്കാൻ തനിക്കായെന്ന് അപ്പോൾ തോന്നി.

പക്ഷേ, തീരെ വിശ്വസിക്കാനാകുന്നില്ല, കാവേരിക്ക്:

'എതുക്കാകെ പൊയ് ചൊല്ലറായ് അമ്മാ. നാങ്കെ ഏഴൈകൾ...'

താൻ അവളെ മനഃപൂർവ്വം കളിപ്പിക്കാൻ നോക്കുകയാണെന്ന് കാവേരി കരുതുന്നു.

നിവേദിതയെന്ന ആ പേഴ്സണൽ ഓഫീസർ തന്റെ മനസ്സിൽ രൂപം കൊണ്ട വെറുമൊരു കഥാപാത്രം മാത്രമാണെന്ന് എങ്ങനെ ഇവളെ പറഞ്ഞ് വിശ്വസിപ്പിക്കും? ഈ പാവങ്ങളുടെ ഉള്ളിൽ ഉണ്മയും, പൊയ്യുമൊക്കെ പല

പ്പോഴും കൂടിക്കുഴഞ്ഞു കിടക്കുന്നു. പേഴ്സണലമ്മയെന്ന ആ അലിവുള്ള ചെറുപ്പക്കാരി അവളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ യാഥാർത്ഥ്യങ്ങളിലൊന്നാകുന്നു.

താൻ നിവേദിതയോട് തറപ്പിച്ച് പറഞ്ഞാൽ അണ്ണന് കൊടുക്കാൻ പോകുന്ന ജോലി ഇല്ലാതാക്കാനാകുമെന്ന് അവൾ ഉറച്ച് വിശ്വസിക്കുന്നു. സ്വന്തം അപ്പാവോട് ഇത്രയും വലിയ കടുംകൈ കാട്ടിയവൻ ഒടുവിൽ ചെന്നു വീഴാൻ പോകുന്നത് കൊടുംനരകത്തിലെ ആളിക്കത്തുന്ന തീയിനു മുകളിൽ തിളയ്ക്കുന്ന എണ്ണപ്പാത്രത്തിലേക്കുതന്നെ.

പക്ഷേ, മുനിയാണ്ടി ആത്മഹത്യ ചെയ്തുവെന്നായിരുന്നല്ലോ നിവേദിതയുടെ കണ്ടെത്തൽ.

'എല്ലാമേ പൊയ്... പൊയ്...' കാവേരി അലറി: 'അപ്പാ തർക്കൊല പണ്ണമാട്ടേ...'

തന്റെ അപ്പാവുക്ക് അതിനുള്ള ധൈര്യമില്ലെന്ന് അവൾ ഉറച്ച് വിശ്വസിക്കുന്നു. മാത്രമല്ല, തന്നോട് അത്രയ്ക്ക് ഇഷ്ടമായിരുന്നു അപ്പാവിന്.

ഇതൊക്കെ മീനാക്ഷിപ്പാളയത്തെ പോലീസുകാരും കമ്പനിക്കാരുംകൂടി എന്നും കെട്ടിച്ചമയ്ക്കാറുള്ള കുറെ കള്ളക്കഥകൾ. പോലീസിന്റെയും, ആസ്പത്രിയുടെയും കടലാസുകളിൽ ഇങ്ങനെയൊക്കെ മാത്രമേ എന്നും ഉണ്ടാകാറുള്ളൂ.

ശരിക്ക് നടന്നത് എന്താണെന്ന് കമ്പനിയിലെ സകലമാന ജോലിക്കാർക്കുമറിയാം. പക്ഷേ, അവരാരും വായ തുറക്കില്ല. നാളെ വല്ലവനും കിട്ടുന്ന പണി എന്തിന് തടയുന്നു? അല്ലെങ്കിലും നാളെ തങ്ങളുടേയും തലവിധി ഇങ്ങനെയൊക്കെ ആവില്ലെന്ന് ആര് കണ്ടു?

ഓർക്കുമ്പോൾ കാവേരിക്ക് സങ്കടം സഹിക്കുന്നില്ല.

മരിക്കുന്നയന്നു വൈകിട്ട് അപ്പായുടെ മുഖം എന്തോപോലിരുന്നു. ഒരു നീണ്ട പാച്ചിലിനു ശേഷം തോറ്റ് മൂലയിലേക്കൊതുങ്ങുന്ന മാൻകുഞ്ഞിന്റെ അണപ്പ്. കണ്ണുകളിൽ മാൻകുഞ്ഞിന്റെ ഭീതി. നിറുവറ്റിയ മുഖത്ത്, ഉയിരിന്റെ ഏതാനും തുടിപ്പുകൾ മാത്രമേ അപ്പോൾ ബാക്കിനിന്നിരുന്നുള്ളൂ.

എന്തോ തന്റെ ഉള്ള് അന്ന് വല്ലാതെ പിടച്ചുകൊണ്ടിരുന്നു. വാശിപിടിച്ച് അന്ന് രാത്രിയിൽ അപ്പാവിന്റെ കട്ടിലിനു കീഴെതന്നെ ചുരുണ്ടുകൂടി കിടന്നു. പുറത്തേക്കുള്ള വാതിൽ ബലമായി കുറ്റിയിട്ടതും താൻതന്നെ. ലേശം തണുപ്പുള്ള, നിലാവുള്ള രാത്രിയായിരുന്നു. പകൽ എരുമയുടെ പുറകെ ഒരുപാട് ഓടിനടന്നതുകൊണ്ട് വല്ലാത്ത തളർച്ചയുണ്ടായിരുന്നു. എത്ര കിണഞ്ഞിട്ടും ഏറെ നേരം കണ്ണു തുറന്നു കിടക്കാനായില്ല. എപ്പോഴോ കണ്ണുകൾ താനേ അടഞ്ഞുപോയിരിക്കണം. അതിനിടയിൽ കൊളുത്തിട്ട കതകും താണ്ടി അപ്പാവെങ്ങനെ വെളിയിലെത്തിയെന്ന് ഒരു രൂപവുമില്ല. താൻ ഉറക്കത്തിലായ ശേഷം ആരെങ്കിലും പുറത്തുനിന്ന് തട്ടിവിളിച്ചു കാണുമോ?

എങ്കിൽ അതാര്?

കാവേരിയുടെ മുഖത്ത് ഒരുപാട് സംശയങ്ങളാണ്, ഭീതിയാണ്, സങ്കടങ്ങളാണ്.

ഒന്നും പറയാനാകുന്നില്ല, പ്രിയംവദയ്ക്ക്. നിവേദിതയെ അറിയുകയേ ഇല്ലെന്ന് ഒരിക്കൽകൂടി ആവർത്തിക്കുന്നതിൽ കാര്യമില്ല. മീനാക്ഷിപ്പാളയത്തെ ദുരന്തം മാലോകരോട് വിളിച്ചുപറഞ്ഞ തനിക്ക് ഇക്കാര്യത്തിൽ വലി

യൊരു ബാദ്ധ്യതയുണ്ടെന്ന് അവൾ ഉറച്ചുവിശ്വസിക്കുന്നു. ഇതൊരു വലിയ നിയോഗമാണ്. ആ കമ്പനിയിൽ എത്രയോ നാളുകളായി നടന്നുവന്നിരുന്ന സംഭവങ്ങൾ തനിക്ക് പറഞ്ഞുതന്ന കൂട്ടുകാരി അത്തരമൊരു വലിയ നിയോഗത്തിലേക്കു തന്നെ നയിക്കുകയായിരുന്നല്ലോ.

പിന്നീടത് വലിയൊരു കോൺഫറൻസിൽ നിവേദിതയെന്ന മീഡിയത്തിലൂടെ ലോകത്തെയാകെ അറിയിക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കുമ്പോൾ അതൊരു വലിയ നിർവ്വഹണത്തിന്റെ ഭാഗമായി മാറി.

ഇതങ്ങനെ വെറുതെ തള്ളിക്കളയാനാവില്ലെന്ന് പ്രിയംവദയ്ക്ക് പെട്ടെന്ന് തോന്നി. ഇവിടെ തന്റെ ഉത്തരവാദിത്വം പെരുകുകയാണ്.

ഏതോ ഒരു മുനിയാണ്ടിയുടെ മരണത്തിനും അതേ ചുറ്റിപ്പറ്റിയുള്ള പുകമറയ്ക്കുമൊക്കെ അപ്പുറമായി മനുഷ്യജന്മത്തിലെ ദുരൂഹമായ ചില സമസ്യകളുടെ കുരുക്കഴിക്കുകയെന്ന നിയോഗം.

കാവേരി നിറുത്താതെ അലമുറയിടുകയാണ്. അവളെക്കൊണ്ട് അതിന് മാത്രമേ കഴിയൂ. തന്റെ കൈയിൽനിന്ന് നീതി കിട്ടുമെന്ന് അവൾ വിശ്വസിക്കുന്നു.

ഒന്നും പറയാനാകാതെ തരിച്ചിരിക്കുമ്പോൾ, എങ്ങനെയോ താനേ ഞെട്ടിയുണർന്നു. ആകെ വിയർപ്പിൽ കുതിർന്നിരുന്നു. തൊണ്ടയിലൊരു പുഴുക്കം. ആ വിചിത്രമായ സ്വപ്നത്തെ കുടഞ്ഞുമാറ്റാൻ പണിപ്പെടുമ്പോൾ കാവേരിയുടെ ആൺകുരലിലുള്ള കരച്ചിൽ കാതിൽക്കിടന്നു മുഴങ്ങുകയായിരുന്നു.

കട്ടിലിന്റെ തലയ്ക്കൽ തലയിണ വച്ച് ചാരിയിരിക്കുമ്പോൾ എന്ത് ചെയ്യണമെന്ന് ഒരു രൂപവുമില്ലായിരുന്നു പ്രിയംവദയ്ക്ക്. ഇത്രയ്ക്ക് കനപ്പെട്ടൊരു ചുമതലയുമായി തന്റെ ഉള്ളിലേക്ക് കാവേരിയെ കടത്തിവിട്ടതാരാണ്? ഒട്ടും നിനച്ചിരിക്കാത്ത നേരത്ത്, കണിശമായൊരു രൂപവും, ശബ്ദവുമായി കാവേരി എങ്ങനെ തന്റെ സ്വപ്നത്തിലേക്ക് കടന്നുവന്നു?

സത്യത്തിൽ ആരാണ് നിവേദിത?

പഴയ പത്രപ്രവർത്തകയായ, പഠിക്കുമ്പോൾ കവിതയെഴുതുമായിരുന്ന, അങ്ങനെയൊരു പേഴ്സണൽ ഓഫീസർ തന്റെ പരിചിതവലയത്തിലൊന്നുമില്ലല്ലോ.

അവൾക്ക് അങ്ങനെയൊരു പേരുപോലും താൻ തന്നെ ചാർത്തിക്കൊടുത്തത്. തനിക്കേറെ പ്രിയപ്പെട്ട ഒരു ബംഗാളിപ്പേര്.

എങ്ങനെ ഇക്കാര്യം കൈകാര്യം ചെയ്യും?

മുമ്പായിരുന്നെങ്കിൽ ഡോക്ടർ റോയ്ചൗധരിയുടെ ഉപദേശം തേടാമായിരുന്നു.

ഇപ്പോൾ എന്തോ വലിയൊരു അരുതായ്കപോലെ. ആ ഗുരുസ്ഥാനത്തിന് ഇളക്കം തട്ടിയിരിക്കുന്നു. ഇനിയത് പഴയപോലെ ഉറച്ചു കിട്ടുമെന്ന വിശ്വാസമില്ല.

അത് വീണ്ടും ഉറയ്ക്കണമെങ്കിൽ അദ്ദേഹം ഒരുപാടു കാര്യങ്ങൾ തന്നെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

അതായത് തന്റെ മനസ്സിലുണ്ടായിരുന്ന ഡോക്ടർസാബെന്ന ആ വലിയ വിഗ്രഹത്തിന്റെ ശരിയായ ഉണ്മ. ഇനി ഏത് തരത്തിലാണ് ഞാൻ അദ്ദേഹത്തെ ഉള്ളിൽ അടയാളപ്പെടുത്തിയിടേണ്ടത്?

എന്തായാലും വയ്യ. ഇനി അടുത്ത നീക്കങ്ങൾ വരേണ്ടത് ആ വശത്തു നിന്നുതന്നെയാണ്. ഏറ്റവും ഒടുവിൽ വായിച്ച സയൻസ് ഫിക്ഷൻ പുസ്തകത്തെപ്പറ്റിയുള്ള വിവരണങ്ങൾ തന്നെ മടുപ്പിക്കുന്നതിലേറെ അപമാനിക്കുകയാണ് ചെയ്യുന്നത്.

കാവേരിയെപ്പറ്റി നീതുവിനോട് പറയണമെന്നു തോന്നി.

കാവേരി സ്വപ്നത്തിൽ വന്ന കഥ കേൾക്കുമ്പോൾ നീതു കളിയാക്കി ചിരിക്കുമെന്നാണ് കരുതിയത്. പക്ഷേ, അതുണ്ടായില്ല. അവളുടെ മുഖമാകെ മൂടിക്കെട്ടി നില്പാണ്. താൻ മടങ്ങിവന്നയന്നു മുതൽ ശ്രദ്ധിക്കാൻ തുടങ്ങിയ മാറ്റം. ഒന്നും തെളിച്ചുപറയുന്നില്ലെങ്കിലും നീതുവിന്റെ ഉള്ളിൽ എന്തൊക്കെയോ സംശയങ്ങൾ കലങ്ങിമറിയുന്നതുപോലെ. അമ്മയോട് തുറന്നു ചോദിക്കാൻ മടിയുണ്ടെങ്കിലും എന്നെങ്കിലുമൊരിക്കൽ അരമുള്ള കുറെ ചോദ്യങ്ങൾ അവൾ തന്റെ നേർക്കെറിയുമെന്ന് ഉറപ്പാണ്. അതിനെ എങ്ങനെ നേരിടണമെന്ന് ഒരു രൂപവും കിട്ടുന്നില്ല.

മകളുടെ മുമ്പിൽ ഒരു വിചാരണക്കൂട്ടിൽ കയറിനിൽക്കാൻ ഒരമ്മയും ഇഷ്ടപ്പെടില്ല. വാദിയും പ്രോസിക്യൂട്ടറും വിധികർത്താവുമായി ഒരേയൊരാൾ. എന്റെ മകൾ നീതു.

കാവേരിയുടെ കാര്യം പറഞ്ഞപ്പോൾ തീരെ താത്പര്യമില്ലാത്ത മട്ടിൽ നീതു ഒന്ന് മൂളി.

'ജന്മം കൊടുത്തവർക്ക് ചുമക്കാതെ വയ്യല്ലോ. ജീവനില്ലാത്ത കഥാപാത്രങ്ങളെയും, ജീവനുള്ള മനുഷ്യരെയും ഒരേപോലെ,' നീതു പറഞ്ഞു.

അവളുടെ ശബ്ദം ഉള്ളിലെവിടെയോ കിടന്നു മുഴങ്ങുന്നതായി പ്രിയംവദയ്ക്ക് തോന്നി. അതിൽ ഒരുപാട് അർത്ഥങ്ങൾ മറഞ്ഞു കിടക്കുന്നതുപോലെ.

'എന്റെ പഴയൊരു കൂട്ടുകാരി, ഹോസ്റ്റലിലെ റൂംമേറ്റായിരുന്നവൾ, പറഞ്ഞതാണ് ഈ മീനാക്ഷിപ്പാളയത്തിന്റെ ചരിത്രം. അല്ലാതെ ഞാൻ മെനഞ്ഞുണ്ടാക്കിയതൊന്നുമല്ല.'

'ഇല്ലാത്തവർക്ക് ഉയിര് കൊടുക്കാൻ മിനക്കെടുന്നവർക്ക് അവരെ പോറ്റേണ്ട ചുമതലയുമുണ്ട്.'

അവൾ പറഞ്ഞതുതന്നെ ആവർത്തിക്കുകയാണ്. പ്രിയംവദ പകച്ച് നോക്കി. ഇത് തീർച്ചയായും എന്റെ നീതുവിന്റെ ശബ്ദമല്ല. അതിലെ പിരിമുറുക്കം വല്ലാതെ ഞെരുക്കുന്നതുപോലെ.

'അതിന് മോളേ, ഈ നിവേദിതയെ എനിക്കറിയില്ലല്ലോ. അങ്ങനെയൊരാൾ ഉണ്ടോയെന്നുതന്നെ ഉറപ്പില്ലല്ലോ.'

'അതിസാമർത്ഥ്യത്തോടെ അന്നവിടെ കൂടിയിരുന്ന മഹാന്മാരെയൊക്കെ പറഞ്ഞു വിശ്വസിപ്പിച്ചപ്പോൾ അതൊരു വലിയ മിടുക്കായല്ലേ കണ്ടത്? ഇനി ആ നിവേദിതയെ കണ്ടെത്തേണ്ടത് അവളെ സൃഷ്ടിച്ച ആളുടെ ചുമതല തന്നെ.'

വിശ്വാസം വരാതെ നോക്കിയിരിക്കുകയാണ് പ്രിയംവദ. ഇപ്പോൾ നീതുവിന്റെ സ്വരത്തിൽ ഏതോ ഒരു മുജ്ജന്മവൈരത്തിന്റെ വീറും വാശിയും.

'ഇനിയും വരുമെന്ന് പറഞ്ഞാണ് കാവേരി പോയത്.'

'വരട്ടെ. അവളെ ഗതി വരുത്താനായി ഒരു നിവേദിതയെ ആവാഹിച്ചു വരുത്താനുള്ള മന്ത്രസിദ്ധി എന്റെ അമ്മയ്ക്കുണ്ടാകട്ടെ.'

മുമ്പൊന്നും കേട്ടുപരിചയമില്ലാത്ത കുറെ വലിയ വലിയ വാക്കുകൾ അവളുടെ മുഖത്തുനിന്ന്.

കൂടുതലൊന്നും പറയാൻ നിൽക്കാതെ നീതു എഴുന്നേറ്റ് ഡ്രായിങ് റൂമിലേക്ക് നടക്കുന്നത് കണ്ടു. ടി.വി.യിലെ ആഫ്രിക്കൻ ഗോത്രവർഗ്ഗക്കാരുടെ പാട്ടോടൊപ്പം വിരലുകൾ ഞൊടിച്ച് താളം പിടിക്കുമ്പോൾ തന്റെ ഇടങ്ങേറ് അവൾ ആസ്വദിക്കുന്നതുപോലെ പ്രിയംവദയ്ക്ക് തോന്നി.

ഇത്രയും കാലത്തിനു ശേഷം ഇപ്പോൾ ആദ്യമായി തനിക്കും നീതുവിനുമിടയിൽ ഒരു പരിചയക്കേടിന്റെ അകലം രൂപംകൊണ്ടു വരുന്നതു പോലെ. രഞ്ജിത്തുമായുള്ള പൊട്ടലും ചീറ്റലും തുടർന്നുകൊണ്ടിരിക്കെ, തിരിച്ചറിവിന്റെ പ്രായമെത്തിയിരുന്നില്ലെങ്കിലും എപ്പോഴും അമ്മയോടു തന്നെ ഒട്ടിച്ചേർന്ന് നിൽക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

നീതുവിന്റെ മനസ്സ് മാറ്റിയെടുക്കാൻ കുറെ ശ്രമിച്ചുനോക്കിയതാണ് അയാളൊരു കാലത്ത്. തീരെ താത്പര്യമില്ലായിരുന്നെങ്കിലും ഒരിക്കൽ അമ്മായിയും അയാൾക്കുവേണ്ടി ചെറുതായൊന്ന് ഇടപെട്ട് നോക്കി. എന്തായാലും രഞ്ജിത്ത് കോടതിയിൽ പോകാൻ മിനക്കെടാത്ത സ്ഥിതിക്ക് അല്പമെങ്കിലും വിട്ടുവീഴ്ചയായിക്കൂടേ, പ്രിയയ്ക്ക്?

അത്തരമൊരു മദ്ധ്യസ്ഥയുടെ റോൾ അമ്മായിക്ക് തീരെ ചേരുന്നില്ലെന്ന് അവരുടെ സ്വരത്തിലെ ഉറപ്പില്ലായ്മകൊണ്ടുതന്നെ മനസ്സിലായി. രഞ്ജിത്തിന്റെ നീക്കവും പ്രിയംവദയ്ക്ക് എളുപ്പത്തിൽ പിടികിട്ടി. ഊഴമനുസരിച്ചെങ്കിലും ഒപ്പംനിൽക്കാൻ നീതുവിനെ കിട്ടിയാൽ മതി അയാൾക്ക്.

അതിന് തുടക്കത്തിലേ തടയിടാതെ വയ്യെന്നു തോന്നിയതുകൊണ്ട് അന്നവിടെ ഒരു സീൻ തന്നെയുണ്ടാക്കി. ആകാവുന്നത്ര ഉച്ചത്തിൽ എന്തൊക്കെയൊ വിളിച്ചുപറഞ്ഞപ്പോൾ ഒരക്ഷരംപോലും ഉരിയാടാനാകാതെ അന്തിച്ച് നിൽക്കുകയായിരുന്നു അമ്മായി. അത്തരത്തിൽ പിശാചിന്റെ വീറും കരുത്തുമൊക്കെ അന്ന് തന്റെ ശരീരത്തിൽ എങ്ങനെ വന്നുകയറിയെന്ന് ഇപ്പോഴും ഒരു രൂപമില്ല. എന്തൊക്കെയാണ് അന്ന് പറഞ്ഞതെന്നുതന്നെ ശരിക്ക് ഓർമ്മയില്ല. പക്ഷേ, വേണ്ടവർക്കെല്ലാം പെട്ടെന്ന് തന്നെ മനസ്സിലായി. അതുകൊണ്ടുതന്നെ നീതുവിനെ പങ്കുവയ്ക്കുകയെന്ന മോഹം അന്നേ കൈവിടേണ്ടിവന്നു, രഞ്ജിത്തിന്...

പ്രിയംവദ വീണ്ടും തന്റെ കമ്പ്യൂട്ടറിന്റെ മുമ്പിലെത്തി.

ഡോക്ടർസാബിന്റെ പുതിയൊരു മെയിൽ. ഒരു നീണ്ട മെയിൽ. അന്റാർട്ടിക്കയിലേക്കുപോയ ശാസ്ത്രജ്ഞന്മാരുടെ സംഘത്തിന്റെ ഏറ്റവും പുതിയ കണ്ടെത്തലുകളായിരുന്നു അതിലെ ഉള്ളടക്കം.

കുറച്ചേ വായിച്ചുള്ളൂ. തുടരണമെന്നു തോന്നിയില്ല. എന്തായാലും ഇതിനി വയ്യ. എവിടെയെങ്കിലുംവച്ച് നിറുത്തിയില്ലെങ്കിൽ ആർക്കും വേണ്ടാത്ത വിജ്ഞാനത്തിന്റെ തുണ്ടുകൾ എറിഞ്ഞുകളയാനുള്ള വലിയൊരു കുപ്പത്തൊട്ടിയായി മാറും ഞാൻ.

തെല്ലൊരു അരിശത്തോടെയാണ് പ്രിയംവദ കമ്പ്യൂട്ടറിനു മുന്നിലിരുന്നത്. ആവേശത്തള്ളലിൽ പറഞ്ഞുവയ്ക്കേണ്ട വാചകങ്ങൾ വളരെ പെട്ടെന്ന് വാർന്നുകിട്ടി:

'അലാവുദ്ദീൻ ഖിൽജിയുടെ പൂന്തോട്ടത്തിൽ തണൽമരങ്ങൾ നടാനായി കുഴിയെടുത്തുകൊണ്ടിരുന്ന ഒരടിമയ്ക്ക് ഒരു ചെമ്പുകുടം കിട്ടി. അതിൽ

നിറയെ സ്വർണ്ണനാണയങ്ങളായിരുന്നു. അവയുടെ എണ്ണം കൃത്യമായി അറിയാവുന്നവർ ഏറ്റവും അടുത്ത പോലീസ്സ്റ്റേഷനിൽ വിവരമറിയിക്കുക. അറിഞ്ഞുകൂടാത്തവർ ദയവായി, മനുഷ്യരെ ഉപദ്രവിക്കാതെ നിശ്ശബ്ദരാകുക.'

അങ്ങനെയൊരു ഇ-മെയിൽ അയച്ചശേഷം തെല്ലൊരു ആശ്വാസത്തോടെ കൈകൾ കൂട്ടിത്തിരുമ്മി സോഫയിൽ ചെന്നിരുന്നപ്പോൾ നീതു ചോദിക്കുന്നത് കേട്ടു:

'ആർക്കാ മെയിൽ അയച്ചത്, മീനാക്ഷിപ്പാളയത്തെ കാവേരിക്കാണോ?'

'അല്ല അവളുടെ മരിച്ചുപോയ അപ്പാവിന്.' പെട്ടെന്ന് അങ്ങനെ പറയാനാണ് തോന്നിയത്.

'ഇപ്പോൾ പരലോകത്തും കണക്ഷനുണ്ടെന്ന് കേട്ടു.'

'പേടിക്കണ്ടാ. നരകത്തിൽ ചെല്ലുമ്പോൾ എന്റെ വിലാസം നിനക്ക് കൃത്യമായി അയച്ച് തന്നേക്കാം.'

അത്തരമൊരു മറുപടി നീതു ഒട്ടും പ്രതീക്ഷിച്ചില്ലെന്ന് തോന്നി. തെല്ലൊരു വല്ലായ്മയോടെ ടി.വി. ഓഫ് ചെയ്ത് അവൾ കിടപ്പുമുറിയിലേക്കു പോകുന്നത് കണ്ടു.

തനിച്ചായപ്പോൾ പ്രിയംവദ വീണ്ടും തന്റെ സ്വകാര്യലോകത്തേക്കു തന്നെ മടങ്ങി.

ഇതിങ്ങനെ പോയാൽ പറ്റില്ലല്ലോ. എല്ലാം താറുമാറായി കിടക്കുകയാണ്. ഒന്നിലും മനസ്സുറയ്ക്കാതെയായിട്ട് നാളുകളേറെയായി. എല്ലാമൊന്ന് അടുക്കിപ്പെറുക്കി വയ്ക്കാനായില്ലെങ്കിൽ ഇനിയങ്ങോട്ടുള്ള പോക്ക് വിഷമമാകും. ഓഫീസിലാണെങ്കിൽ കാര്യങ്ങൾ ആകെ കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണ്. സെമിനാർ കഴിഞ്ഞ് വന്നശേഷം നേരാംവണ്ണം കടലാസ്സുകളൊന്നും നോക്കാനായിട്ടില്ല. സെക്രട്ടറി ചന്ദ്രയാണെങ്കിൽ ആകെ പകച്ചു നിൽക്കുന്നതു പോലെ. മുമ്പൊക്കെ എപ്പോഴും വലിയ സ്വാതന്ത്ര്യമെടുത്ത് ഇടപഴകാറുള്ള അവളിപ്പോൾ ലേശം കരുതലോടെ മാറിനിൽക്കുന്നു. വളരെ അത്യാവശ്യമുള്ള കടലാസ്സുകൾ മാത്രം മുന്നിൽ കൊണ്ടുവരുന്നു. ഒഴിവാക്കാൻ പറ്റാത്ത ഫോൺവിളികൾ മാത്രം അകത്തേക്ക് തരുന്നു.

മാഡത്തിന് നല്ല സുഖമില്ലെന്ന് പറഞ്ഞ് അവൾ ചില കോളുകൾ ഒഴിവാക്കുന്നുണ്ടെന്ന് അറിഞ്ഞത് പിന്നീടാണ്.

അക്കാര്യത്തിൽ അവളോട് ലേശം തട്ടിക്കയറേണ്ടി വന്നു.

'നിന്നോടാരു പറഞ്ഞു എനിക്ക് സുഖമില്ലെന്ന്? കോളുകൾ തരേണ്ടെന്ന് ഞാൻ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?'

'അയാം സോറി മാഡം. ഇനി സൂക്ഷിച്ചോളാം.'

തന്റെ മുഖത്തെ ഭാവമാറ്റം കണ്ടപ്പോൾ അവൾ വല്ലാതെയായി കാണണം. എന്നും ഒരു മകളോടെന്നപോലെ മാത്രമേ അവളോട് പെരുമാറിയിട്ടുള്ളൂ. അവൾക്കും അത്രയ്ക്ക് അടുപ്പമുണ്ടായിരുന്നു തന്നോട്.

കോൺഫറൻസിനെപ്പറ്റി മുകളിലേക്കയയ്ക്കേണ്ട പ്രത്യേക റിപ്പോർട്ട് ഇനിയും തയ്യാറാക്കിയിട്ടില്ല. പിന്നെ തന്റെ സെഷനിൽ പങ്കെടുത്ത് വിലപ്പെട്ട അഭിപ്രായങ്ങൾ പറഞ്ഞവർക്ക് നന്ദിപറഞ്ഞുകൊണ്ടു ചില വ്യക്തിപരമായ എഴുത്തുകൾ അയയ്ക്കാനുണ്ട്.

പിന്നെ കുറെ സാധാരണ ജോലികൾ.

തുറന്നുവെച്ച ഫയലുകളുടെ മുമ്പിലിരുന്ന് സ്വപ്നം കാണുന്ന മാധ ത്തിനെ ചന്ദ്ര കാണുന്നത് ഒരുപക്ഷേ, ആദ്യമായിട്ടായിരിക്കാം.

അതുകൊണ്ടു തന്നെ അവളുടെ മുഖത്ത് ഉരുണ്ടുകൂടുന്ന ചോദ്യങ്ങ ളുടെ കറുപ്പുരാശി തന്നിലേക്കും പടർന്നുതുടങ്ങിയിരിക്കുന്നല്ലോ എന്ന് പ്രിയം വദ ഓർത്തു.

ഒരുപക്ഷേ, അതിലേറെ ആഴമുള്ള കറുപ്പുമയമാണല്ലോ ഇപ്പോൾ നീതു വിന്റെ മുഖത്ത്.

വീട്ടിലെ അന്തരീക്ഷമൊന്ന് മയപ്പെടുത്താനായി വാരാന്ത്യത്തിൽ ആലീ സിനെ ഒന്ന് കിട്ടിയാൽ കൊള്ളാമായിരുന്നുവെന്ന് തോന്നി. നീതുവിനോട് പറഞ്ഞാൽ കേട്ടെന്ന് വരില്ല. അതുകൊണ്ടു പ്രിയംവദതന്നെ നേരിട്ട് ആലീ സിന്റെ ഹോസ്റ്റലിലേക്ക് വിളിച്ച് നോക്കി.

മറുപടി പറഞ്ഞത് ആലീസിന്റെ റൂംമേറ്റായിരുന്നു. ആലീസിന്റെ അതേ ഈണത്തിൽ അവൾ മറുപടി പറഞ്ഞു:

'നീതൂന്റമ്മയല്ലേ? നമ്മടെ ആലീസേ, കണ്ടശ്ശാങ്കടവിലേക്ക് പോയിരി ക്ക്യാണല്ലോ. അവളടപ്പന് നല്ല സുഖല്യാത്രെ. സീരിയസ്സായിട്ട് മെഡിക്കൽ കോളേജിലാക്കീട്ടും അങ്ങോരടെ ആ ചിരിക്ക് ഒട്ടും കൊറവില്യാത്രെ.'

ആലീസിന്റപ്പൻ കൊച്ചാപ്പു രണ്ടാമന്റെ ചിരിയൊന്ന് ശമിക്കേണമേ എന്ന് ഉള്ളുചുട്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ പ്രിയംവദയുടെ സെൽഫോൺ ഒന്ന് മിന്നി. അതിലൊരു എസ്.എം.എസ്. സന്ദേശമുണ്ടായിരുന്നു.

'സ്വർണ്ണനാണയങ്ങളുടെ എണ്ണം ഏതാണ്ട് ഊഹിച്ചെടുക്കാൻ പറ്റി. വിവരം തൊട്ടടുത്ത റെയിൽവേസ്റ്റേഷനിൽ അറിയിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു സ്റ്റേഷൻ മതിയല്ലോയെന്ന് തോന്നിയതുകൊണ്ട് താരതമ്യേന അപകടം കുറഞ്ഞ റെയിൽവേസ്റ്റേഷനാക്കി.'

അയച്ചത് ആരാണെന്ന് മനസ്സിലായതുകൊണ്ട് തെല്ലൊരു അരിശ ത്തോടെ പ്രിയംവദ സെൽഫോൺ കെടുത്തിവച്ചു.

പത്ത്

മീനാക്ഷിപ്പാളയത്തെ കാവേരിയിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്ന് ഉറ പ്പായപ്പോൾ മറ്റുവഴികൾ നോക്കാതെ വയ്യെന്നായി.

എവിടന്നോ പറഞ്ഞുകേട്ടൊരു കഥയ്ക്ക് ഉയിര് പകർന്നു കൊടുത്ത പ്പോൾ അതിത്രയും വലിയ പൊല്ലാപ്പാകുമെന്ന് പ്രിയംവദ ഒരിക്കലും കരു തിയതല്ല. ഇപ്പോൾ ഒരർത്ഥത്തിൽ ആ പാവം കാവേരിയെ നന്നായി മനസ്സി ലാക്കാനാകുന്നു. അപ്പാവിന്റെ കമ്പനിയിൽനിന്ന് നീതി കിട്ടില്ലെന്ന് ഉറപ്പായ പ്പോൾ അവൾ കണ്ട ഒരേയൊരു വഴി ഇതു മാത്രമായിരിക്കാം. തങ്ങളുടെ കുടുംബത്തിന്റെ ദുരന്തം മാലോകരോട് വിളിച്ചുപറയാനുള്ള സന്മനസ്സ് കാട്ടിയ ആ വലിയ സ്ത്രീയെ തേടിപ്പോകുകയെന്നതുതന്നെ. ഞങ്ങൾക്ക് നിതി വാങ്ങിത്തരേണ്ടത് അവരുടെയും കടമയാകുന്നു.

തലേന്നു നന്നെ വൈകി, വെളുപ്പിനോ മറ്റോ, വീണ്ടും തന്റെ സ്വപ്ന ത്തിലേക്കു കടന്നുവന്നപ്പോൾ കാവേരിയുടെ മുഖം വല്ലാതെ കരഞ്ഞ് ചീർത്തിരുന്നു.

നന്നെ തളർന്നൊടിഞ്ഞ ഒച്ചയിൽ പലതും പറഞ്ഞൊതുക്കാൻ നോക്കുകയായിരുന്നു കാവേരി.

തെറ്റായി നിനയ്ക്കരുത്, അമ്മാ. വേറൊരു ഗതിയുമില്ലാഞ്ഞിട്ടാണ് എന്റമ്മപോലുമറിയാതെ ഈ പടികടന്ന് വരുന്നത്. പെറ്റ തായ്പോലും എപ്പോഴും ആ മഹാപാപിയുടെ വശത്താണല്ലോ. ആ പണിതരപ്പെട്ടാൽ അവനാദ്യം ചെയ്യുന്നത് എന്നെ ആ വീട്ടിൽനിന്ന് അടിച്ചു പുറത്താക്കുകയാവും. അല്ലെങ്കിൽത്തന്നെ പിറന്നതു മുതലേ അവനെന്നെ കണ്ടുകൂടാ. കുടുംബത്തിനു ഭാരമായി പിറന്ന പെൺകുഴന്തൈ. കുഞ്ഞായിരിക്കുമ്പോൾ തന്നെ കഴുത്ത് ഞെരിച്ച് കൊല്ലാൻ നോക്കിയതാണത്രെ ആ മഹാപാവി. മുരുകന്റെ തുണ കൊണ്ട് എങ്ങനെയോ രക്ഷപ്പെട്ടു. പക്ഷേ, ഇനിയും ആ ദുഷ്ടനെ നമ്പുന്നതെങ്ങനെ?

പല വഴികളും ആലോചിച്ചു നോക്കുകയായിരുന്നു പ്രിയംവദ. എങ്ങനെയെങ്കിലും ആ നിവേദിതയിലേക്ക് എത്തിപ്പെടാതെ വയ്യെന്നായിരിക്കുന്നു. ആദ്യമായി അങ്ങനെയൊരാളുണ്ടോ എന്നുപോലും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ആളുണ്ടെങ്കിൽ എന്തു പാടുപെട്ടാലും കണ്ടുപിടിച്ച് ബന്ധപ്പെടാമായിരുന്നു.

മീനാക്ഷിപ്പാളയത്തിന്റെ ചരിത്രം പറഞ്ഞുകൊടുത്ത ആ പഴയ കൂട്ടുകാരിയെ ഫോണിൽ തപ്പിപ്പിടിക്കാൻതന്നെ രണ്ട് നാളുകളെടുത്തു. തന്റെ വെപ്രാളം കണ്ടപ്പോൾ അവർക്ക് വലിയ കൗതുകം തോന്നിയിരിക്കണം.

'നിനക്കെന്ത് പറ്റി പ്രിയാ. എന്തിനാണ് നീ ഇക്കാര്യത്തിൽ ഇത്രയധികം താത്പര്യം കാട്ടുന്നത്?'

ആ പഴയ കഥ മുഴുവൻ വിശദീകരിക്കാൻ നിന്നില്ല പ്രിയംവദ. തനിക്കിപ്പോൾ വേണ്ടത് ആ നിവേദിതയുടെ വിവരങ്ങളാണെന്നു മാത്രം പറഞ്ഞു. അപ്പോഴാണ് ഓർമ്മവന്നത്, ആ പെൺകുട്ടിയുടെ ശരിയായ പേരുപോലും അതായിരുന്നില്ലല്ലോ. പ്രബന്ധത്തിൽ അങ്ങനെയൊരു പേര് ചാർത്തിക്കൊടുത്തത് താനായിരുന്നു.

കൂട്ടുകാരിക്കാകട്ടെ, മീനാക്ഷിപ്പാളയത്തെ പഞ്ചസാരമില്ലിൽ പണിയെടുത്തിരുന്ന ആ പേഴ്സണൽ ഓഫീസറുടെ പേരുപോലും ഇപ്പോൾ ഓർമ്മയിൽ വരുന്നില്ല.

'എന്തായിരുന്നു അവളുടെ ശരിയായ പേര്, പ്രിയാ?' അവർ ചോദിച്ചു.

'ആവോ, ഞാനത് അന്നേ മറന്നു.'

ഓർത്തെടുക്കാൻ അല്പനേരം വേണ്ടിവന്നു. പിന്നീട് തീരെ ഉറപ്പില്ലാത്ത സ്വരത്തിൽ അവർ പറഞ്ഞു:

'മാലതി എന്നായിരുന്നെന്നു തോന്നുന്നു. അല്ലെങ്കിൽ വല്ല ശ്രീമതിയോ, രേവതിയോ മറ്റോ.'

മുമ്പൊരിക്കൽ കുറെ കൂട്ടുകാരികളോടൊപ്പമുള്ള ഒത്തുകൂടലിൽ ആരുടെയോ അതിഥിയായി വന്ന ഒരു പെൺകുട്ടി പറഞ്ഞുവച്ച കഥ. നേരാണോ എന്നുതന്നെ ആർക്കറിയാം? അവളിപ്പോൾ ആ കമ്പനിയിൽ ഉണ്ടോയെന്നുതന്നെ ഉറപ്പില്ല. തുടരാൻ തീരെ താത്പര്യമില്ലെന്നാണ് അന്നവൾ സൂചിപ്പിച്ചിരുന്നത്.

കുറെ വലിയ ആദർശങ്ങളും അതിലേറെ വീറും വാശിയുമൊക്കെയുള്ള. ഒരു പഴയ രാഷ്ട്രീയപ്രവർത്തകന്റെ മകൾ. ഒരു അസാധാരണ പ്രകൃതക്കാ

രിയായിരുന്നു ആ പെൺകുട്ടിയെന്ന് നല്ല ഓർമ്മയുണ്ട്. നിന്റെയീ വലിയ വിശ്വാസപ്രമാണങ്ങളുംവച്ച് ഒരു സാധാരണ പ്രൈവറ്റ കമ്പനിയിൽ പണിയെടുക്കാമെന്ന് കരുതേണ്ട മോളേ, എന്ന് കൂട്ടത്തിലാരോ ഉപദേശിക്കുകയും ചെയ്തു. സ്വകാര്യമുതലാളിമാർക്ക് എപ്പോഴും അവരുടേതായ കണിശമായ അജണ്ടകളുണ്ട്. അതിനകത്ത് നിന്നു താളം ചവിട്ടാനേ ഒരു പേഴ്സണൽ ഓഫീസർക്ക് കഴിയൂ.

എന്തായാലും അവളെപ്പറ്റി ആവുന്നത്ര വിവരങ്ങൾ കണ്ടുപിടിക്കാമെന്ന് ഉറപ്പ് പറയുമ്പോഴും കൂട്ടുകാരിയുടെ സംശയം മാറിയിരുന്നില്ല.

'നീയെന്തിനാ പ്രിയാ, ഈ ഏടാകൂടങ്ങളിലൊക്കെ ചെന്നുചാടുന്നത്? നിനക്കവിടെ വേണ്ടത്ര പണിയില്ലെന്നുണ്ടോ?'

മറുപടി പറയാതെ തഞ്ചത്തിൽ ഒഴിഞ്ഞുമാറാൻ നോക്കി, പ്രിയംവദ.

'ഇത് സ്വയം ഏറ്റെടുത്ത വലിയൊരു ദൗത്യം. ഒക്കെ വിശദമായിട്ട് പിന്നീടൊരിക്കൽ പറയാം.' ആ പെൺകുട്ടിയുടെ വിവരങ്ങൾ കിട്ടാൻ പിന്നേയും നാലഞ്ച് ദിവസങ്ങളെടുത്തു. ശരിയായ പേര് രേവതി. അവൾ ആ കമ്പനി വിട്ടിട്ട് നാളുകളേറെയായിരിക്കുന്നു. വീണ്ടും പഴയ പത്രപ്രവർത്തനത്തിലേക്കു തന്നെ മടങ്ങിയെന്നാണ് കേട്ടത്. അതും മുമ്പത്തേതിനെക്കാൾ നന്നെ ചെറിയൊരു അന്തിപ്പത്രം.

'പേഴ്സണൽ മാനേജ്മെന്റ് എം.എ.യിൽ റാങ്ക്ഹോൾഡറായ ആ പെൺകൊച്ചിന്റെ കാര്യം കഷ്ടംതന്നെ. അവളുടെ വളർച്ച കീഴ്പ്പോട്ടാണല്ലോ.' കൂട്ടുകാരി ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഓരോ മാറ്റവും അവളെ താഴോട്ട് താഴോട്ട് കൊണ്ടുപോകുന്നു.'

എന്തായാലും രേവതിയുടെ വിവരങ്ങൾ കിട്ടിയതോടെ വലിയ ആശ്വാസമായി പ്രിയംവദയ്ക്ക്. ഇനി സ്വപ്നങ്ങളിലെ കാവേരിയെ ധൈര്യമായി നേരിടാമല്ലോ.

രണ്ട് ദിവസത്തെ അവധിക്ക് എഴുതി കൊടുക്കാൻ പറഞ്ഞപ്പോൾ സെക്രട്ടറി ചന്ദ്ര മിഴിച്ചു നോക്കി. പനിച്ച് തുള്ളുമ്പോൾപോലും ലീവെടുക്കാത്ത ഈ മാഡത്തിന് ഇതെന്തുപറ്റി?

എന്താണ് പരിപാടിയെന്ന് ചോദിക്കാൻ ധൈര്യമുണ്ടായില്ല ചന്ദ്രയ്ക്ക്. ഈയിടെയായി ചൂടാകുന്നത് വളരെ പെട്ടെന്നായതുകൊണ്ട് അനാവശ്യമായ ചോദ്യങ്ങൾ ഒഴിവാക്കാൻ നോക്കാറുണ്ട് എപ്പോഴും. ഏതോ വലിയൊരു കെണിയിൽ ചെന്നു കുരുങ്ങിയതിന്റെ ഭാരവും തളർച്ചയുമാണ് അവരുടെ മുഖത്ത്. നേരെ നോക്കാതെ, ദൂരെയെങ്ങോ നോക്കിക്കൊണ്ടുള്ള ആ സംസാരരീതിപോലും എന്റെ പ്രിയംവദാമാഡത്തിന്റേതല്ലല്ലോ.

വീട്ടിലെത്തിയപ്പോൾ നീതു പതിവില്ലാതെ നേരത്തേ എത്തിയിരിക്കുന്നതു കണ്ടു. എഴുത്തുമേശയ്ക്കരികിലിരുന്ന് ഏതോ ചില നോട്ടുകൾ തയ്യാറാക്കുന്ന തിരക്കിലാണവൾ.

നാളെ വൈകിട്ട് ഞാനൊരു യാത്ര പുറപ്പെടുകയാണല്ലോ എന്ന് പറഞ്ഞപ്പോൾ നീതു മിഴിച്ചുനോക്കി. എങ്ങോട്ടെന്ന് പറയാത്തതുകൊണ്ട് അങ്ങോട്ട് ചോദിക്കേണ്ടെന്ന വാശിയായി അവൾക്ക്.

മുമ്പൊരിക്കലും ഉണ്ടാകാത്തൊരു സംഭവം.

തന്നിൽനിന്നുപോലും മറച്ചുവച്ചൊരു സ്വകാര്യയാത്ര വേണ്ട ചുറ്റുപാടുകളായിരിക്കുന്നു നമ്മുടെ പ്രിയംവദാമ്മയ്ക്ക്. ഏതെങ്കിലും സ്വകാര്യ

ഇ-മെയിൽ സന്ദേശങ്ങൾ അവരെ തേടിയെത്തിയിരിക്കാം. ആകാശത്തു കൂടെ ഇത്തരം രഹസ്യക്കുറിപ്പുകൾ കൈമാറുന്ന കൃത്രിമ ഉപഗ്രഹങ്ങളുടെ ദുഷ്ടലാക്ക് കണ്ടെത്താനാവുന്നില്ലല്ലോ. ബന്ധങ്ങളുടെ ഊരാക്കുടുക്കിൽനിന്ന് പ്രിയംവദാമേനോന് ഒരിക്കലും മോചനമില്ലായിരിക്കാം.

ഒന്നിൽനിന്ന് തീരെ അനാവശ്യമായ മറ്റൊന്നിലേക്ക്, അതും താളം തെറ്റിയ ചുറ്റുപാടുകളിൽ. എന്തായാലും അമ്മയോട് കൂടുതലൊന്നും ചോദിക്കുകയില്ലെന്ന് അവൾ ഉള്ളിലുറപ്പിച്ചു.

വേഷം മാറുമ്പോൾ വളരെ അലസമായാണ് അമ്മ ചോദിക്കുന്നതു കേട്ടത്.

'ആലിസ് മടങ്ങിയെത്തിയോ നാട്ടിൽനിന്ന്?'

'അന്വേഷിച്ചില്ല.'

'ഇവിടെ വിളിച്ച് നിറുത്താമായിരുന്നു.'

'അങ്ങനെ നമ്മുടെ സൗകര്യത്തിനു വന്ന് കൂട്ടുകിടക്കേണ്ട ഗതികേടൊന്നുമില്ല ആലീസിന്.'

'ഇത് വെറും രണ്ട് രാത്രികളുടെ കാര്യം മാത്രം.'

'പഠിക്കാൻ ധാരാളമുള്ള സമയമാണ്. അല്ലെങ്കിലും കൈ ഞൊടിച്ചാൽ ഓടിയെത്തുന്ന ഒരാളായി എന്റെ കൂട്ടുകാരിയെ കാണുന്നത് എനിക്കിഷ്ടമല്ല.'

'പിന്നെ നീയിവിടെ തനിച്ച്?'

'ഇപ്പഴേ ശീലിച്ചു തുടങ്ങുന്നതു നല്ലതല്ലേ? ചിലപ്പോൾ ഭാവിയിൽ പ്രയോജനം ചെയ്തേക്കും.'

നീതുവിന്റെ മുഖഭാവത്തിൽനിന്ന് കാര്യങ്ങൾ താൻ കരുതുന്നതിലേറെ വഷളായിക്കഴിഞ്ഞിരിക്കുന്നുവെന്ന് പ്രിയംവദയ്ക്ക് മനസ്സിലായി.

ഈ യാത്രയെപ്പറ്റി അവളോട് ആദ്യമേ പറയാമായിരുന്നുവെന്നു തോന്നി. പക്ഷേ, തന്നെ സ്വപ്നങ്ങളിലൂടെ അലട്ടുന്ന കാവേരിയെപ്പറ്റി അന്ന് സൂചിപ്പിച്ചപ്പോൾ കണ്ട താത്പര്യക്കുറവ് ഓർമ്മവന്നു.

എന്തായാലും കൂടുതൽ വിശദീകരണങ്ങൾ ഒഴിവാക്കുകയാവും ഭേദം. അവൾ എതിര് നിന്നാൽ തട്ടിമാറ്റി ഇറങ്ങിപ്പോകാൻ വിഷമമാകും.

കാര്യങ്ങൾ ഏതാണ്ട് തീരുമാനിച്ചുറപ്പിച്ചപ്പോൾ രാത്രിയിൽ സ്വസ്ഥമായ ഉറക്കം കിട്ടി പ്രിയംവദയ്ക്ക്. പതിവുള്ള അലട്ടലുകളുമായി കാവേരിയുടെ വരവുമുണ്ടായില്ല.

പിറ്റേന്ന്, രാത്രിവണ്ടിയിൽ, കൊഴുത്ത ഇരുട്ടിലൂടെയുള്ള യാത്ര. എതിരെ ഇരിക്കുന്നവരുടെ അനാവശ്യമായ കുശലാന്വേഷണങ്ങൾ പെരുകിയപ്പോൾ മുകളിലെ ബെർത്തിൽ കയറി കിടന്നു.

തീരെ ഉറങ്ങാനായില്ല. ഇരുട്ടിലൂടെ ഊളിയിട്ടു പോകുന്ന രാത്രിവണ്ടികൾ എപ്പോഴും കുറെ വേണ്ടാത്ത ഓർമ്മകൾ കൊണ്ടുവരുന്നു, മറക്കാനാവാത്ത കുറെ പഴയ കാഴ്ചകളും.

വണ്ടിയിറങ്ങിയിട്ട്, പലരോടും തിരക്കേണ്ടി വന്നു ആ പത്രമോഫീസ് കണ്ടുപിടിക്കാൻ. അധികം കേട്ടുകേൾവിയില്ലാത്ത ഒരു അന്തിപ്പത്രം.

നിരത്തുവക്കത്താണെങ്കിലും, കാടുംപടലും പിടിച്ചുകിടക്കുന്ന കോമ്പൗണ്ടിലെ ഓടിട്ട ഒരു പഴയ കെട്ടിടമായിരുന്നു ആ പത്രമോഫീസ്. അതിനകത്ത് നന്നേ ഇടുങ്ങിയൊരു മുറിയിൽ പത്രക്കടലാസുകൾ കൂമ്പാരമായി

കിടന്നിരുന്ന ഒരു പഴയ മേശയ്ക്കരികിൽ അഴുക്കുപിടിച്ച ഒരു ചൂരൽക്കസേരയിലിരുന്ന് എന്തൊക്കെയോ കുത്തിക്കുറിക്കുകയായിരുന്നു രേവതി. ഇരുനിറത്തിൽ തിളങ്ങുന്ന കണ്ണുകളുള്ള നന്നെ മെലിഞ്ഞൊരു പെൺകുട്ടി. കഴുത്തു വരെ വെട്ടിയൊതുക്കിയ മുടി. ചുളിവുകൾ വീണ ഇളംതവിട്ട് നിറമുള്ള വരയൻ ഖാദി കുർത്ത, നില ജീൻസ്...

ഒറ്റനോട്ടത്തിൽ ആർക്കും ഇഷ്ടം തോന്നുന്ന, വെളിച്ചം പരത്തുന്ന മുഖം.

സ്വയം പരിചയപ്പെടുത്തിയപ്പോൾ ഒട്ടും വിശ്വസിക്കാനാവാതെ രേവതി കസേരയിൽ നിന്ന് ചാടിയെഴുന്നേറ്റു. പിളർന്ന വായോടെ തെല്ലുനേരം അതേ നില്പുനിന്നു. പിന്നിട് തിടുക്കത്തിൽ പഴയൊരു മരക്കസേര വലിച്ച് എതിരെയിട്ട്, പത്രത്താളുകൊണ്ട് അതിലെ പൊടി തട്ടി വൃത്തിയാക്കി, വലിയ ആദരവോടെ അവൾ പറഞ്ഞു:

'ഇരിക്കൂ. ഒരുപാട് കേട്ടിട്ടുണ്ട് മാഡത്തിന്റെ കമ്പനിയെപ്പറ്റി. ചിലതൊക്കെ മാഡത്തെപ്പറ്റിയും.'

'കേട്ടതൊക്കെ നല്ലതുതന്നെയായിരിക്കുമെന്ന് വിശ്വസിക്കട്ടെ, രേവതി.'

'തീർച്ചയായും. ഹൈലി കോംപ്ലിമെന്ററി!'

'എന്നാൽ ഞാനും കുറെ കേട്ടിട്ടുണ്ട് മീനാക്ഷിപ്പാളയത്തെ ഒരു രേവതിയെപ്പറ്റി.'

ഒന്നും മനസ്സിലായില്ലെങ്കിലും രേവതിയും ചോദിച്ചു:

'കേട്ടതൊക്കെ നല്ലതുതന്നെയായിരിക്കുമെന്ന് വിശ്വസിക്കട്ടെ, മാഡം?'

'തീർച്ചയായും. ഹൈലി കോംപ്ലിമെന്ററി!'

കുറെ നേരം അതുമിതും പറഞ്ഞ് ഒടുവിൽ മീനാക്ഷിപ്പാളയത്തെ പഞ്ചസാരമില്ലിൽതന്നെ എത്തിപ്പെട്ടപ്പോൾ രേവതി പൊടുന്നനേ നിശ്ശബ്ദയായി. ഒരു നിമിഷം കണ്ണടച്ചിരുന്നു. നെറ്റിയിൽ കൈകൾ അമർത്തിക്കൊണ്ട് അവൾ എന്തൊക്കെയോ ഓർത്തെടുക്കാൻ ശ്രമിക്കുകയായിരുന്നു.

'ഒരിക്കലും ഞാനാ കമ്പനിയിൽ ചെന്നുചേരാൻ പാടില്ലായിരുന്നു, മാഡം. എന്നെപ്പോലുള്ളവർക്ക് തീരെ ഇണങ്ങാത്ത കമ്പനി. ചെട്ടിയാന്മാരുടെ ആ പഴയ പഞ്ചസാരമില്ലിനെപ്പറ്റി ചിലതൊക്കെ കേട്ടിരുന്നെങ്കിലും, കാര്യങ്ങൾ, ഇത്രകണ്ട് അവതാളത്തിലാണെന്ന് ഒരിക്കലും കരുതിയിരുന്നില്ല.'

'അങ്ങനെയൊന്നുമില്ല, രേവതി,' പ്രിയംവദ ഉപദേശിക്കാൻ നോക്കി: 'കരിയറിന്റെ തുടക്കമായതുകൊണ്ടാകാം നിനക്ക് അങ്ങനെയൊക്കെ തോന്നിയത്. എത്രയോ കുറച്ച് തൊഴിലാളികൾ മാത്രമുള്ള ചെറിയൊരു കമ്പനിയായിട്ടു കൂടി രേവതിക്ക് തുടക്കത്തിലേ ശ്വാസംമുട്ടി. ഏതെങ്കിലും പത്രമോഫീസിലെ പണിതന്നെയാവും ഭേദമെന്ന മട്ടിൽ പഠിച്ച തൊഴിൽ മറന്ന്, നല്ലൊരു ജോലിയും കളഞ്ഞ് ഇറങ്ങി പോരുകയും ചെയ്തു. അപ്പോൾ ഞങ്ങളൊക്കെ കടന്നുപോന്ന വഴികളെക്കുറിച്ചാലോചിച്ചാലോ...'

'ശരിയാണ് മാഡം. സ്വയം തിരഞ്ഞെടുത്ത കരിയർ അത്രയ്ക്ക് മോശമാണെന്ന അഭിപ്രായമില്ലെനിക്ക്. മാഡം പറഞ്ഞതുപോലെ കുറെനാള് കൂടി പിടിച്ച് നിൽക്കാൻ നോക്കിയിരുന്നെങ്കിൽ ഇത്രയും പെട്ടെന്ന് ഇട്ടെറിഞ്ഞ് പോരില്ലായിരുന്നു.'

'ഈ ജോലിയിലുള്ള സംതൃപ്തി എന്നൊക്കെ പറയുന്നത് വലിയൊരു മിഥ്യയാണ്. കുറെയൊക്കെ ആപേക്ഷികവും. അതായത് മറ്റുള്ളവർക്കുള്ള, നമുക്കു മാത്രമില്ലാത്ത എന്തോ ഒന്ന്.'

രേവതി തലയാട്ടി.

'എന്തായാലും ആ തീരുമാനം തെറ്റായിരുന്നെന്ന തോന്നൽ ഒരിക്കലുമില്ലെനിക്ക്.'

'ഒരുപക്ഷേ, രേവതിക്ക് തീരെ ഇഷ്ടപ്പെടാത്ത ചില സംഭവങ്ങളായിരിക്കാം കാരണം. അതായത് മുനിയാണ്ടിയുടെ മരണം. അയാളുടെ മകന്റെ ജോലിയുടെ കാര്യം.'

ഇതൊക്കെ എങ്ങനെ മനസ്സിലാക്കിയെന്ന മട്ടിൽ രേവതി അത്ഭുതത്തോടെ നോക്കി.

'ഒരു മുതിർന്ന എച്ച്.ആർ.ഡി.ക്കാരിയുടെ മൂന്നാം കണ്ണെന്നു തന്നെ കൂട്ടിക്കോളൂ, മോളേ.' പ്രിയംവദ വലിയ വാത്സല്യത്തോടെ അവളുടെ കവിളിൽ ഒന്ന് തട്ടി.

പിന്നീട് പ്രിയംവദ പറയാൻ തുടങ്ങി. മീനാക്ഷിപ്പാളയത്തെ വിശേഷങ്ങളെപ്പറ്റി ഒരു കൂട്ടുകാരിയിൽനിന്നു കിട്ടിയ വിവരങ്ങളിൽനിന്നു തുടങ്ങി, പതുക്കെപ്പതുക്കെ അതിലൂടെ രേവതി തന്റെയുള്ളിൽ വളർന്ന് വലുതായി ഒരു നിവേദിതയായി മാറിയ കഥവരെ പറഞ്ഞു നിറുത്തിയപ്പോൾ രേവതിയുടെ മുഖം പ്രകാശിക്കുന്നതു കാണായി. അത് ഗോവയിലെ പ്രബന്ധത്തിനുള്ള വിഷയമാക്കാമെന്നു നിർദ്ദേശിച്ചത് തന്റെ ഗുരുവായ, പ്രസിദ്ധനായ ഡോക്ടർ റോയ്ചൗധരിയാണെന്നു പറഞ്ഞപ്പോൾ അവൾക്ക് വിശ്വസിക്കാനായില്ല.

'ഡോക്ടർ റോയ്ചൗധരി! നേരാണോ മാഡം പറയുന്നത്. എച്ച്.ആറിനെപ്പറ്റി കുറെ വലിയ പുസ്തകങ്ങളൊക്കെ എഴുതിയിട്ടുള്ള ആൾ!'

'അതെ കുട്ടീ, അദ്ദേഹംതന്നെ.' പ്രിയംവദ അവളുടെ കൈപ്പത്തിയിൽ മെല്ലെ അമർത്തി. 'മാത്രമല്ല, അദ്ദേഹം ആ സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു.'

'മൈ ഗോഡ്. എനിക്ക് വിശ്വസിക്കാനാവുന്നില്ല.'

'എന്റെ പേപ്പറിൽ പറഞ്ഞ കാര്യങ്ങളോട് പൊതുവെ നല്ല പ്രതികരണമായിരുന്നു, അദ്ദേഹത്തിന്റേത്.'

'അദ്ദേഹത്തിന്റെ ചില പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. എനിക്ക് മൂപ്പരുമായി ഒന്ന് ബന്ധപ്പെടാൻ പറ്റുമോ? ഞാനൊക്കെ ഇ-മെയിൽ അയച്ചാൽ അദ്ദേഹം മറുപടി തരുമോ? മാഡത്തിന്റെ കൈയിൽ കാണുമല്ലോ അദ്ദേഹത്തിന്റെ വിലാസം.'

പെട്ടെന്ന് പ്രിയംവദയുടെ മുഖം ഇരുളുന്നത് രേവതി കണ്ടു.

'വിലാസമൊക്കെ കൈയിലുണ്ട്. മെയിൽ അയച്ചാൽ മറുപടി കിട്ടുകയും ചെയ്യും. പക്ഷേ, വേണ്ട. രേവതി അദ്ദേഹത്തിന് മെയിൽ അയയ്ക്കേണ്ട.'

'എന്തേ മാഡം?'

'വേണ്ടെന്നുതന്നെ.'

തന്റെ ശബ്ദം ഉയരുന്നത് കേട്ടപ്പോൾ പ്രിയംവദയ്ക്കുതന്നെ നാണം തോന്നീ. അതുകൊണ്ട് പെട്ടെന്ന് വിശദീകരിക്കാൻ നോക്കി.

'രേവതിമാർക്ക് മെയിൽ അയയ്ക്കാൻ പറ്റിയ ആളുകളല്ല ഇത്തരം ചില പ്രൊഫസറന്മാർ.'

തീരെ മനസ്സിലാകാത്തതുപോലെ രേവതി തല ചൊറിഞ്ഞു.

'എങ്ങനെയായിരുന്നു മാഡം, പേപ്പറിനോട് പൊതുവെയുള്ള പ്രതിക രണം?'

'സങ്കല്പിക്കാൻ കഴിയുന്നതിലും എത്രയോ കൂടുതൽ. എന്റെ സെഷൻ കഴിഞ്ഞപ്പോൾ ഡെലിഗേറ്റ്സ് എന്നെ വന്ന് പൊതിയുകയായിരുന്നു...'

എല്ലാം പറഞ്ഞുതീർന്നപ്പോൾ രേവതി ചാടിയെഴുന്നേറ്റ് പ്രിയംവദയെ കെട്ടിപ്പിടിച്ച് കവിളത്ത് ഉമ്മ വച്ചു.

'മാഡം യുവാർ സിംപ്ലി ഗ്രേറ്റ്! ഒരൊറ്റ ദിവസംകൊണ്ട് മാഡം എന്നെ യൊരു താരമാക്കി. ഇനി ആ സെമിനാറിൽ പങ്കെടുത്തവരിൽ ആരുടെയെ ങ്കിലും മുമ്പിൽ ചെന്നുപെട്ടാൽ എനിക്കൊരു സ്റ്റാറിന്റെ ഗമയിൽ നിൽക്കാം.' എന്തോ ഓർത്തിട്ട് തെല്ലൊരു സംശയത്തോടെ അവൾ ഉടനെ കൂട്ടിച്ചേർത്തു: 'ഒരു ചെറിയ കുഴപ്പമേയുള്ളൂ. ആ നിവേദിതയെന്ന പേര്! സാരമില്ല, വേണ മെങ്കിൽ ഗസറ്റിൽ പരസ്യം കൊടുത്ത് എന്റെ പേരുതന്നെയങ്ങ് മാറ്റി നിവേ ദിത എന്നാക്കാം. അല്ലെങ്കിലും ആർക്കുവേണം ഈ രേവതിയെന്ന പഴയ പേര്.'

സന്തോഷം മറച്ചു വയ്ക്കാനാവാതെ പറ്റിച്ചേർന്ന് നിൽക്കുകയാണ് രേവതി. അവളുടെ കോലാഹലം കേട്ടിട്ടാകണം ആരോ വാതിൽക്കൽവന്ന് എത്തിനോക്കിയിട്ട് മടങ്ങിപ്പോകുന്നത് കണ്ടു.

'പക്ഷേ, ഒരു കാര്യം എന്നെ വല്ലാതെ അത്ഭുതപ്പെടുത്തുന്നു, മാഡം,' രേവതി പറഞ്ഞു: 'എന്റെ ഉള്ളിലെ ഓരോ ചെറിയ അനക്കങ്ങൾപോലും മാഡം വളരെ കൃത്യമായി പിടിച്ചെടുത്തിരിക്കുന്നു. ഇതിലും കണിശമായൊരു അവതരണം അസാദ്ധ്യംതന്നെ. ഞാനിപ്പോൾ എന്നെത്തന്നെ ചൊറിഞ്ഞു നോക്കുകയാണ് പല തവണ. എന്നിട്ടും ഈ കേട്ടതൊക്കെ നേരാണോയെന്ന് ഉറപ്പിക്കാനാവുന്നില്ല.'

'നോക്കൂ രേവതീ, എല്ലാ മഹാന്മാരും ഒരുപോലെ ചിന്തിക്കുന്നുവെന്നാണ് ചൊല്ല്. ആ സൗഭാഗ്യം നമുക്ക് തത്കാലത്തേക്ക് മഹതികൾക്കും കൊടു ക്കുകതന്നെ.'

'എന്നെയും മഹതികളുടെ കൂട്ടത്തിൽ ചേർത്തതിന് നന്ദി. എന്തായാലും മാഡമൊരു എഴുത്തുകാരിയാകേണ്ടതായിരുന്നു. ഒരുമാതിരി എല്ലാ പഴുതു കളും അടച്ച് തികച്ചും സ്വാഭാവികമായൊരു കഥ മെനഞ്ഞുണ്ടാക്കുകയെ ന്നത് അത്ര എളുപ്പമായ കാര്യമല്ല. എന്തിന്, ആ നിവേദിതയെന്ന പേരു പോലും എന്റെ പേരിനേക്കാൾ എത്രയോ രസമുള്ളത്. വാസ്തവത്തിൽ ഗോവയിലെ ആ വലിയ സദസ്സിൽ ആരുമറിയാതെ പിൻബഞ്ചിൽ ഒരു കേൾ വിക്കാരിയായി ഇരിക്കാനുള്ള മഹാഭാഗ്യം ഉണ്ടായില്ലല്ലോ എന്ന് സങ്കടം തോന്നുന്നു.'

'അത് ശരിയാണ്. കുട്ടി വന്നിരുന്നെങ്കിൽ എനിക്കുമത് വലിയ ആവേശ മാകുമായിരുന്നു. താൻ ഉയിര് ഊതിക്കൊടുത്ത ഒരു സൃഷ്ടിയെ നേരിൽ കാണുകയെന്നത് ഏത് സ്രഷ്ടാവിന്റെയും അപൂർവ സൗഭാഗ്യങ്ങളിലൊന്നു തന്നെ. ആട്ടെ ഇനി വളരെ സില്ലിയായൊരു ചോദ്യം. ഞാൻ പറഞ്ഞുവച്ച തിൽ എന്തെങ്കിലും കാതലായ പോരായ്മകൾ കാണാനായോ രേവതിക്ക്?'

രേവതി ഇല്ലെന്ന് തലയാട്ടി.

'വേണമെങ്കിൽ ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം. മുനിയാണ്ടിയുടെ മകൻ രാജ കുറ്റവാളിയല്ലെന്ന് എനിക്കൊരിക്കലും തോന്നിയിരുന്നില്ല. തിരി

ച്ചുംമറിച്ചും നോക്കിയപ്പോൾ വേണമെങ്കിൽ അവന് സംശയത്തിന്റെ ആനുകൂല്യം കൊടുക്കാമെന്നു മാത്രം. അന്നവരുടെ വീട്ടിൽ പോയി വന്നതിനു ശേഷം, പിന്നീട് അയ്യർവാൾകൂട്ടത്തിന്റെ നിർബന്ധം കൂടി ആയപ്പോൾ കാര്യങ്ങൾ കുറെക്കൂടി ആഴത്തിൽ പഠിക്കണമെന്ന വാശിയായി. എന്നിലെ പത്രക്കാരി ശരിക്കും ഉണർന്നത് അപ്പോഴാണെന്ന് തോന്നുന്നു.'

'ഇപ്പോൾ എല്ലാറ്റിൽനിന്നും മാറിനിന്ന് നോക്കുമ്പോൾ അവൻ കുറ്റക്കാരനാണെന്ന് രേവതിക്ക് തോന്നുന്നുണ്ടോ?'

'ഈ പോലീസിന്റെ അന്വേഷണരീതികൾ നമുക്കൊന്നും പരിചയമുള്ളതല്ലല്ലോ, മാഡം. പിന്നെ അൽപ്പം സാമാന്യബുദ്ധിയും, മനുഷ്യാവസ്ഥയെക്കുറിച്ചുള്ള പൊതുവായ ഉൾക്കാഴ്ചയും വെച്ച് നമ്മളൊക്കെ ഓരോ തീരുമാനങ്ങളിൽ ചെന്നെത്തുന്നുവെന്ന് മാത്രം. അതുകൊണ്ടുതന്നെ എനിക്കിപ്പോഴും അവൻ കുറ്റവാളിയാണെന്ന് ഉറപ്പിച്ച് പറയാനാകുന്നില്ല. അവിടത്തെ ചില പ്രത്യേക ചുറ്റുപാടുകളും കുറെ ചീത്ത കീഴ്‌വഴക്കങ്ങളും വെച്ചു നോക്കുമ്പോൾ സാഹചര്യങ്ങൾ മുഴുവൻ അവനെതിരാണെന്നു മാത്രം.'

അപ്പോഴേക്കും ചായ വന്നു. വക്ക് ലേശം പൊട്ടിയ ചില്ലുഗ്ലാസ്സിൽ നല്ല കടുപ്പമുള്ള നാടൻ ചായ.

ചൂടുചായ ഊതിക്കുടിച്ചുകൊണ്ട്, രേവതി മീനാക്ഷിപ്പാളയത്തെ തന്റെ അനുഭവങ്ങൾ വിവരിക്കാൻ തുടങ്ങി.

മാഡത്തിനെന്നല്ല, ആർക്കും സങ്കല്പിക്കാൻപോലുമാവാത്ത ചില വിചിത്രമായ ചുറ്റുപാടുകൾ, അവൾ പറഞ്ഞു.

വലിയ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു പ്രിയംവദ.

പതിനൊന്ന്

ഡിസംബറിന്റെ ഒടുവിൽ, മഞ്ഞുകാലം നന്നേ കനത്തുനിന്നിരുന്ന ഒരു സന്ധ്യയ്ക്കാണ് ഞാനവിടെ എത്തിപ്പെടുന്നത്, രേവതി പറഞ്ഞു.

ഇന്റർവ്യൂ കഴിഞ്ഞ് തെരഞ്ഞെടുക്കുമ്പോൾത്തന്നെ അവർ പറഞ്ഞിരുന്നു, വേണമെങ്കിൽ ടൗണിൽ എവിടെയെങ്കിലും താമസിക്കാം, കമ്പനിവക ബസ്സിൽ പോന്നാൽ മുക്കാൽ മണിക്കൂറേ വേണ്ടിവരികയുള്ളൂ ഓഫീസിലേക്ക്. അല്ലെങ്കിൽ മീനാക്ഷിപ്പാളയത്തുതന്നെ ഫാക്റ്ററി കോമ്പൗണ്ടിലെ ഗസ്റ്റ്ഹൗസിൽ കൂടാം. അവിടെയാരും അങ്ങനെ സ്ഥിരമായി താമസിക്കാറില്ലെങ്കിലും രേവതിക്കുവേണ്ടി ഒരു മുറി ശരിയാക്കിത്തരാം. വാച്ച്മാനും വയസ്സായ പാചകക്കാരനുമുണ്ട്. ഒരു പെൺകുട്ടിക്ക് പേടിക്കാതെ തനിച്ച് കഴിഞ്ഞുകൂടാവുന്ന ചുറ്റുപാടുകളാണ്.

കളങ്കമേശാത്ത നാട്ടിൻപുറങ്ങൾ എന്നും എന്റെ ദൗർബല്യമായിരുന്നു. അതുകൊണ്ട് തമിഴ്നാട്ടിലെ ഒരു കുഗ്രാമത്തിൽ പാർക്കാനുള്ള അവസരം പാഴാക്കരുതെന്ന് തോന്നി. പാർവ്വതീപുരമെന്നായിരുന്നത്രെ ആ ഗ്രാമത്തിന്റെ ശരിയായ പേര്. പ്രതാപികളായ ചെട്ടിയാന്മാരുടെ വരവോടെ നാടിന്റെ പേര് താനേ മീനാക്ഷിപ്പാളയമെന്നായി മാറി. മൂത്ത ചെട്ടിയാരുടെ നന്നേ ചെറുപ്പത്തിലേ മരിച്ചുപോയ പ്രിയപ്പെട്ട അക്കയായിരുന്നു മീനാക്ഷി.

മീനാക്ഷിപ്പാളയത്തെ രാത്രികാലങ്ങളിലെ തണുപ്പിന് എല്ലുകളുടെ ഉള്ളിലേക്കുവരെ തുളച്ചുകയറാനുള്ള മൂർച്ചയുണ്ടായിരുന്നു. അതുപോലെ ഇടയ്ക്കിടയ്ക്ക് പെയ്യുന്ന ചാറ്റൽമഴയും കാറ്റാടിമരങ്ങൾക്കിടയിലൂടെ മൂളിക്കൊണ്ട് വരുന്ന കോടക്കാറ്റും. തീരെ പരിചയമില്ലാത്ത ആ മഞ്ഞുകാലവുമായി പൊരുത്തപ്പെടാൻ നന്നേ പണിപ്പെടേണ്ടിവന്നു എനിക്ക്.

പക്ഷേ, തണുപ്പിനേക്കാൾ എന്നെ അലട്ടിയത് ആ കോമ്പൗണ്ടിലെ വല്ലാത്തൊരു അന്തരീക്ഷമായിരുന്നു.

മഞ്ഞുകാലമായതുകൊണ്ട് വളരെ നേരത്തേതന്നെ ഇരുണ്ടുകൂടി തുടങ്ങും. കിഴക്കൻ മലകളിൽനിന്നിറങ്ങുന്ന കട്ടികൂടിയ കോടമഞ്ഞ് ആ കോമ്പൗണ്ടിനെയാകെ വന്നുമൂടുന്നത് വല്ലാത്ത വേഗത്തിലാണ്. വൈകുന്നേരം ഓഫീസ്വിട്ട് മുറിയിലേക്ക് നടക്കുമ്പോൾ മഞ്ഞുമൂടിയ നിരത്തിൽ വിളക്കുകാലുകളുടെ മഞ്ഞവെളിച്ചത്തിനപ്പുറം ഒന്നുംതന്നെ കാണാനാവില്ല. നാലുചുറ്റും മഞ്ഞിന്റെ കട്ടിശീലകൾ.

തനിച്ചു താമസിക്കാൻ പേടിയുണ്ടോയെന്ന് ആദ്യത്തെ ദിവസംതന്നെ ചോദിച്ചു പാചകക്കാരൻ അമ്മാവൻ.

എനിക്ക് ആകെക്കൂടിയുള്ള ഗുണം ഈ പേടിയെന്ന സാധനം അൽപ്പം പോലും ഇല്ലാത്തതാണെന്ന് പറഞ്ഞപ്പോൾ അയാൾക്ക് ലേശം ആശ്വാസമായതുപോലെ തോന്നി.

നേരുപറഞ്ഞാൽ അങ്ങനെ പേടിപ്പിക്കുന്ന യാതൊന്നും അവിടെ കഴിഞ്ഞുകൂടിയ അത്രയും നാളുകളിൽ എനിക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാലും, തീരെ വിശദീകരിക്കാനാവാത്ത, നമ്മെയൊക്കെ വല്ലാതെ അലട്ടാൻ കെൽപ്പുള്ള എന്തൊക്കെയോ അവിടെ മറഞ്ഞുകിടപ്പുണ്ടെന്ന് ആദ്യമേ തോന്നിയിരുന്നു.

ആ ഫാക്റ്ററികെട്ടിടങ്ങളും വളപ്പുമൊക്കെ നമുക്കൊന്നും യാതൊരു രൂപവുമില്ലാത്ത ഏതോ ചില ഇരുണ്ട ശക്തികളുടെ പിടിയിലാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഈ സാധാരണ ഹൊറർ സ്റ്റോറികളിലൊക്കെ കാണുന്ന തരത്തിലുള്ള പേടിപ്പെടുത്തുന്ന അന്തരീക്ഷമൊന്നുമല്ല, കേട്ടോ. ഗതികിട്ടാതെ അലഞ്ഞുനടക്കുന്ന ആത്മാക്കളെപ്പറ്റിയുള്ള സാധാരണ കെട്ടുകഥകൾക്കൊക്കെ അപ്പുറമായി, നമ്മെ അമർത്തി കീഴ്പ്പെടുത്തുന്ന എന്തൊക്കെയോ. ഓരോ ഇന്ദ്രിയത്തിനും വേറിട്ടറിയാവുന്ന ഓരോതരം സമ്മർദ്ദങ്ങൾ.

കണ്ണിൽ, കാതിൽ, മൂക്കിൽ, തൊലിപ്പുറത്ത്.

ഏതോ ഒരു മഹാശാപത്തിന്റെ ഇരുണ്ട പുക ആ കോമ്പൗണ്ടിനു മുകളിൽ എപ്പോഴും തൂങ്ങിനിൽക്കുന്നതുപോലെ.

അലയുന്ന ആത്മാക്കളിലും മരണാനന്തരജീവിതത്തിലുമൊന്നും വിശ്വസിക്കുന്ന ആളേയല്ല ഞാൻ. പക്ഷേ, തലമുറകളായി നമുക്ക് പകർന്നു കിട്ടിയ കുറെ പഴയ വിശ്വാസപ്രമാണങ്ങളുണ്ട്. അവയെ മുഴുവനായും തള്ളിക്കളയുന്നതിൽ വലിയ കാര്യമുണ്ടെന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല.

അതായത് പിതൃഹത്യയെന്ന, ഏഴു ജന്മങ്ങൾ കഴിഞ്ഞാലും ഗതികിട്ടുകയില്ലെന്ന് നമ്മെ പഠിപ്പിച്ചിട്ടുള്ള ആ മഹാപരാധംതന്നെ.

അതെന്റെ സകല സങ്കല്പങ്ങൾക്കും അപ്പുറമായിരുന്നു. നമ്മളൊക്കെ അച്ഛനമ്മമാരെ ഒരുപാട്, ഒരുപാട് സ്നേഹിച്ച്, അനുസരിച്ച്, ആദരിച്ച് വളർന്നതുകൊണ്ടു മാത്രമല്ല. പിതൃസങ്കല്പത്തേക്കാൾ പാവനമായ

എന്തുണ്ട് നമ്മുടെ സംസ്കാരത്തിൽ. ഗുരുവിനെപ്പോലും പിതൃസങ്കല്പ ത്തോട് ചേർത്തുവച്ച് കാണാൻ ശീലിച്ചവരാണ് നമ്മുടെ പൂർവികർ.

ചുളിവുകളുള്ള കുർത്തയും, ജീൻസുമണിഞ്ഞ, സാമാന്യം നല്ല ഉയര മുള്ള ആ ചെറുപ്പക്കാരിയുടെ തിളങ്ങുന്ന കണ്ണുകളിലേക്ക് വലിയ ആദര വോടെ നോക്കിയിരിക്കുകയായിരുന്നു, പ്രിയംവദ.

'എന്തേ മാഡം?' രേവതി അവരുടെ തോളത്ത് തൊട്ടു.

'ഓ, ഒന്നുമില്ല, കുട്ടി പറഞ്ഞോളൂ.'

മീനാക്ഷിപ്പാളയത്തെ ആ ഫാക്റ്ററിക്കു മുകളിൽ ഒരുപാട് സംശയങ്ങ ളുടെ, ദുരൂഹമായ ഒട്ടേറെ അടരുകളുള്ള ഒരുതരം മൂടൽമഞ്ഞ് തൂങ്ങി നിന്നി രുന്നു. തീരെ പ്രതീക്ഷിക്കാത്ത നിമിഷങ്ങളിൽ കാൽവഴുതി അന്തമില്ലാത്ത കുഴമഞ്ഞിന്റെ ആഴങ്ങളിലേക്ക് ആണ്ടുപോകുന്നതുപോലെ!

അയ്യർവാൾക്കറിയാമായിരുന്നു എല്ലാം, കുറെയൊക്കെ ആ ചെട്ടിയാ ന്മാർക്കും. മൂത്ത ചെട്ടിയാരുടെ താത്പര്യപ്രകാരമാണ് ഒരുനാൾ കുറെ വാസ്തുവിദഗ്ദ്ധർ കയറിവന്നത്. അവർക്കു പുറകേ പേരുകേട്ട ചില മല യാളി മന്ത്രവാദികളും.

പിന്നെയങ്ങോട്ട് കുറെ നാളത്തേക്ക് വലിയ കോലാഹലമായിരുന്നു.

ഒരു വശത്ത് വാസ്തുക്കാരുടെ കുറിപ്പടിയനുസരിച്ച് ചില കെട്ടിടങ്ങ ളുടെ ഇടിക്കലും പൊളിക്കലും. മറുവശത്ത് ജ്യോത്സ്യന്മാർ വിധിച്ച പൂജക ളും, കർമ്മങ്ങളുമൊക്കെ. എന്നിട്ടും അവിടത്തെ ചുറ്റുപാടുകളിൽ കാര്യമായ യാതൊരു മാറ്റവും വരുന്നില്ലെന്ന് എനിക്ക് നന്നായറിയാമായിരുന്നു.

വല്ലപ്പോഴും നാട്ടിൽ പോയിട്ട് തിരിച്ചു വരുമ്പോഴറിയാം അതിന്റെ വ്യത്യാസം. ആ ഫാക്റ്ററി ഗെയിറ്റ് കടക്കുമ്പോഴേ എല്ലാം തന്നിലേക്ക് വലി ച്ചടുപ്പിച്ച്, വരിഞ്ഞു മുറുക്കുന്ന കാന്തവലയത്തിന്റെ കരുത്ത് അറിയാനാവു ന്നു. ഒളിഞ്ഞ കരുനീക്കങ്ങളും, അതുണ്ടാക്കുന്ന ഇരുണ്ട ശക്തികളുടെ സമ്മർദ്ദവും നിമിഷങ്ങൾക്കകം ഓരോ ഇന്ദ്രിയവും വേറിട്ടറിയുന്നു.

'എനിക്ക് തീരെ വിശ്വസിക്കാനാകുന്നില്ല, രേവതീ.'

'ഒരർത്ഥത്തിൽ എനിക്കും. പക്ഷേ, മാഡത്തിന്റെ പേപ്പറിലെ ആ നിവേ ദിതയുടെ കണ്ടെത്തൽ ഓർത്തുനോക്കൂ. അതെന്നെ വല്ലാതെ മോഹിപ്പിച്ചു വെന്നത് നേരാണ്. അതായത്, കമ്പനിയിൽനിന്ന് പ്രായമെത്തി നേരാംവണ്ണം പിരിഞ്ഞു പോകുന്നവരുടെ മനസ്സ് നിറഞ്ഞുള്ള ആശീർവാദമെന്ന ആശ യം. അതിനോട് ബന്ധപ്പെട്ട്, പൂർവികർക്കു മാത്രം കൊടുക്കാൻ കെൽപ്പുള്ള ഗുരുത്വമെന്ന ആ വലിയ അനുഗ്രഹം. വാസ്തവത്തിൽ അങ്ങനെ ഒരാശയം എന്റെ മനസ്സിൽ തുടക്കത്തിലേ ഉണ്ടായിരുന്നു. പക്ഷേ, മാനേജ്മെന്റിന്റെ മുമ്പിൽ അത് വായിക്കാൻ മടി തോന്നി. ഏതായാലും മാഡത്തിന്റെ മനസ്സ് ആ വഴികളിലൂടെയൊക്കെ സഞ്ചരിച്ചുകണ്ടപ്പോൾ വലിയ അഭിമാനം തോന്നി.'

'ഒരേപോലെ ചിന്തിക്കുന്ന രണ്ടു മനസ്സുകളുടെ ഒത്തുചേരൽ, അല്ലേ രേവതീ.'

'ശരിയായിരിക്കാം, മാഡം.'

അൽപ്പം കഴിഞ്ഞ് രേവതി തുടർന്നു:

'ഒടുവിൽ ഞാനവിടന്ന് ജോലി കളഞ്ഞു പോന്നത് പേടിച്ചിട്ടാണെന്ന് കരുതരുത്. അങ്ങിനെ യാതൊരു പേടിയും അതിനകത്ത് കഴിയുമ്പോൾ തോന്നിയിരുന്നില്ല. പക്ഷേ, എന്തോ ഒരു പന്തിയില്ലായ്മ, ഒരു അരുതായ്ക

തോന്നിയിരുന്നു പലപ്പോഴും. പിന്നെ വേറൊരു കാര്യം. മാഡത്തിനോടായതു കൊണ്ടു തുറന്നു പറയുകയാണ്, മറ്റാരെങ്കിലും കേട്ടാൽ കളിയാക്കി ചിരിക്കും. അവിടെ ചെന്നിട്ട് അധികം താമസിയാതെതന്നെ ഉള്ളിൽ തോന്നിത്തുടങ്ങിയ ചെറിയൊരു സംശയം. കേൾക്കുന്നവർ വട്ടാണെന്നേ പറയൂ. പറയുന്നത് ഞാനാകുമ്പോൾ പ്രത്യേകിച്ചും.

'എന്തേ രേവതീ?'

രേവതി മറുപടി പറയാൻ മടിക്കുന്നതുപോലെ. ഇത്തിരി കഴിഞ്ഞ് വിരൽത്തുമ്പിലെ നഖം കടിച്ചു വലിച്ചുകൊണ്ട് അവൾ നന്നേ താഴ്ന്ന സ്വരത്തിൽ പറഞ്ഞു:

'വങ്കത്തമാവും എന്നാലും പറയുകയാണ്. ആ പരിസരത്തിനാകെ വളരെ തീക്ഷ്ണമായൊരു പുരുഷപ്രകൃതിയായിരുന്നു. എല്ലാം അമർത്തി ഞെരിച്ച് കീഴ്പ്പെടുത്തുന്ന ഗോത്രജന്യമായൊരു പുരുഷസ്വഭാവം. മണ്ണിനെ, പ്രകൃതിയെ ഒക്കെ മാതാവായി മാത്രം കാണാൻ ശീലിച്ചവരാണ് നാമൊക്കെ. പക്ഷേ, അവിടത്തെ എല്ലാം കീഴടക്കുന്ന പുരുഷസാന്നിദ്ധ്യം എനിക്ക് തീരെ മനസ്സിലാക്കാനായില്ല. പതുക്കെപ്പതുക്കെ അതെനിക്കൊരു വലിയ അലട്ടലായി മാറി.'

'നീ എന്തൊക്കെയാണ് പറയുന്നത് കുട്ടീ?'

'മുഴുത്ത വട്ടുതന്നെ, അല്ലേ മാഡം? ഇന്നത്തോടെ മാഡത്തിനും അതു ശരിക്കു ബോദ്ധ്യമാകാതെയിരിക്കില്ല. ചുരുക്കത്തിൽ ഈ കഷ്ടപ്പെട്ടുള്ള യാത്ര പാഴായെന്നുതന്നെ.'

രേവതി അമർത്തി ചിരിക്കുകയാണ്.

'പറഞ്ഞോളൂ, എന്തായാലും കേൾക്കാൻ രസമുണ്ട്.'

രേവതി തുടരുകയാണ്:

'ആ പ്രാചീനമായ പുരുഷപ്രഭാവത്തിനു മുന്നിൽ കീഴടങ്ങാതെ നിൽക്കുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് തിരിച്ചറിയാൻ അധികം നാളുകളെടുത്തില്ല.'

'എനിക്കൊന്നും മനസ്സിലാവണില്ലല്ലോ, രേവതീ.'

കേൾക്കാത്ത മട്ടിൽ, നന്നേ പതിഞ്ഞ സ്വരത്തിൽ രേവതി തുടരുകയായിരുന്നു:

'അതിനു ശേഷമാണ്, എന്റേതായ പലതും ചോർന്നുപോകുന്നതുപോലെ തോന്നിത്തുടങ്ങിയത്.'

'എന്നു വെച്ചാൽ.....?'

'അതായത് എന്റെ ഫെമിനിറ്റി. എന്നെ ഞാനാക്കുന്ന എന്റെ സ്ത്രീത്വം.'

പ്രിയംവദ തരിച്ചിരുന്നുപോയി. അമ്പരപ്പോടെ അവർ ചോദിച്ചു.

'നോൺസെൻസ്! വാട്ട് ഡു യു മീൻ? എന്തൊക്കെയാണ് നീയീ പറഞ്ഞുവയ്ക്കുന്നത്?'

'അതെ മാഡം. ഇതൊക്കെ അളന്നെടുക്കാൻ മെഡിക്കൽ സയൻസിന് പെട്ടെന്ന് കഴിഞ്ഞേക്കുമെങ്കിലും ആദ്യം തിരിച്ചറിയേണ്ടത് അവനവന്റെ ഇന്ദ്രിയങ്ങളാണ്, പ്രജ്ഞയാണ്. എന്തായാലും, എനിക്ക് അതെക്കുറിച്ച് ഓർക്കാനേ വയ്യ. ഇങ്ങനെ മുടി മുറിച്ച്, കോലം കെട്ട വേഷവും കെട്ടി, ചിലപ്പോഴൊക്കെ ആണുങ്ങളേക്കാൾ മോശമായി പെരുമാറാറുണ്ടെങ്കിലും ഉള്ളിന്റെയുള്ളിൽ ഒരു തനി പെണ്ണാണ് ഞാൻ. അതിലെനിക്ക് വലിയ അഭിമാനമുണ്ട്. പ്രകൃ

തിയുടെ ഏറ്റവും വലിയ വരദാനമാണ് സ്ത്രീത്വം. പക്ഷേ, അത് പൂർണമാകണമെങ്കിൽ ഒരു ആണിന്റെ മനസ്സും ശരീരവും കൂടാതെവയ്യ. എന്റെ സ്ത്രീത്വം ഇഷ്ടപ്പെട്ട ആണിനോടൊപ്പം അറിഞ്ഞ് ആഘോഷിക്കേണ്ട ഒന്നാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. പിന്നെ മനുഷ്യജന്മത്തിലെ ഏറ്റവും വലിയ പുണ്യമാണ് ഒരമ്മയാകുകയെന്നത്. അതുകൊണ്ട് എനിക്കൊരു അമ്മയാകാതെ വയ്യ. അതും എനിക്കേറ്റവും ഇഷ്ടപ്പെട്ട ആണിൽനിന്നുതന്നെ കിട്ടുകയും വേണം.'

പകച്ചിരിക്കുകയാണ് പ്രിയംവദ.

'എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ, കുട്ടീ.' അവർ ആവർത്തിച്ചു.

'കുറെയൊക്കെ എനിക്കും,' രേവതി ചിരിക്കാൻ നോക്കി. 'പക്ഷേ, അവിടെ കഴിഞ്ഞുകൂടിയ കാലത്ത് എന്റെ പ്രകൃതത്തിലും, ശരീരഘടനയിലുമൊക്കെ വന്നുകൊണ്ടിരുന്ന ചില ചെറിയ മാറ്റങ്ങൾപോലും ഞാൻ പെട്ടെന്ന് തിരിച്ചറിഞ്ഞിരുന്നു. മാഡത്തിനറിയ്യോ, ആ കോമ്പൗണ്ടിനകത്ത് കഴിഞ്ഞുകൂടിയിരുന്ന ഒരേയൊരു സ്ത്രീ ഞാൻ മാത്രമായിരുന്നു. ഉദ്യോഗസ്ഥന്മാരുടെയൊക്കെ വീടുകൾ വേറെ കോമ്പൗണ്ടുകളിലായിരുന്നു. ഇപ്പോൾ മാറിനിന്ന് നോക്കുമ്പോൾ കാര്യങ്ങൾ കുറെക്കൂടി തെളിഞ്ഞ് കാണാൻ കഴിയുമെന്ന് തോന്നിപ്പോകുന്നു. ആ കോമ്പൗണ്ടിനകത്ത് തനിച്ചു താമസിച്ചിരുന്ന ഒറ്റപ്പെട്ട സ്ത്രീ പല ശക്തികൾക്കും നന്നേ എളുപ്പമുള്ള ഒരു ലക്ഷ്യമായിരുന്നു.'

താടിക്ക് കൈയും കൊടുത്ത് എന്തൊക്കെയോ ആലോചിക്കുന്ന പ്രിയംവദയുടെ നേർക്ക് രേവതി വലിയ കൗതുകത്തോടെ നോക്കി.

'മാഡം പഠിച്ചിട്ടുള്ള അല്ലെങ്കിൽ വായിച്ചിരിക്കാനിടയുള്ള തടിച്ച ഗ്രന്ഥങ്ങളിലൊന്നും പറഞ്ഞുവയ്ക്കാത്ത വിചിത്രമായൊരു ലോകം, അല്ലേ!'

'രാത്രിയിൽ കാവൽഡ്യൂട്ടിയിൽ നിൽക്കാറുണ്ടായിരുന്ന വാച്ച്മാന്മാർ ഇടയ്ക്കൊക്കെ ഓരോതരം പരാതികളുമായി എന്റെയടുത്ത് വരാറുണ്ടായിരുന്നു. ഓരോരുത്തർക്കും പറയാനുണ്ടാകും ഓരോ അനുഭവകഥകൾ. ഒരാൾ പറഞ്ഞു പരത്തുന്ന കഥകൾ മറ്റേയാളുടെ അബോധമനസ്സ് പിടിച്ചെടുത്ത് പൊലിപ്പിച്ച് മറ്റൊരു അനുഭവമാക്കി പുറത്തുവിടുക സാധാരണമായിരുന്നു. ഈ കഥകളൊക്കെ ക്ഷമയോടെ കേട്ട് അവരെയൊക്കെ കണക്കിന് കളിയാക്കി ഈ നൂറ്റാണ്ടിൽ ഇത്തരം വങ്കത്തങ്ങൾ ഇനിയാരുടെയും മുമ്പിലും വിളമ്പല്ലേ എന്നൊക്കെ പറഞ്ഞ് ഒഴിവാക്കി വിടാറുണ്ടായിരുന്നെങ്കിലും പിന്നീട് ഏതോ ഒരു ഘട്ടത്തിൽ എനിക്കവയെ മുഴുവനായി തള്ളിക്കളയാൻ വയ്യാതെയായി. കാരണം, എന്നെത്തന്നെ വല്ലാതെ അമ്പരപ്പിച്ച ഒന്നുരണ്ടു സംഭവങ്ങൾ ആ ഗസ്റ്റ്ഹൗസിലെ മുറിക്കുള്ളിൽതന്നെ ഉണ്ടായി. മുഴുവൻ പറഞ്ഞ് മാഡത്തിനെ ബോറടിപ്പിക്കേണ്ടല്ലോ എന്ന് കരുതിയെന്നു മാത്രം.'

പത്രം ഓഫീസിൽനിന്നിറങ്ങി പട്ടണത്തിലെ ഒരു ഹോട്ടലിൽ ഊണു കഴിക്കാനിരിക്കുമ്പോഴും രേവതി നിറുത്താതെ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. എത്രയോ വർഷങ്ങൾക്കുശേഷം തനിക്കു തുറന്ന് സംസാരിക്കാൻ പാകത്തിനൊരു ചേച്ചിയെ കിട്ടിയ സന്തോഷമായിരുന്നു അവൾക്ക്.

ഒടുവിലവൾ ചോദിച്ചു:

'ഞാനവിടെനിന്ന് പേടിച്ചോടി പോന്നതാണെന്ന് മാഡം ഇപ്പോഴും കരുതുന്നുണ്ടോ?'

'ഹേയ്. രേവതിക്കെന്ത് പേടി? രേവതിയെ പേടിക്കേണ്ടത് മറ്റുള്ളവരല്ലേ?'

'മിറക്കിളുകളിലും, ദൈവങ്ങളിൽതന്നെയും വിശ്വസിക്കാത്തൊരു തരം രേവതിയാണേ ഇങ്ങനെയൊക്കെ പറയുന്നത്.'

ഓർത്തോർത്തു ചിരിക്കുകയാണ് രേവതി. അൽപ്പം കഴിഞ്ഞ് തെല്ലൊരു ഗൗരവഭാവത്തിൽ അവൾ തുടർന്നു:

'മുകളിൽനിന്നുള്ള സമ്മർദ്ദമേറിയപ്പോൾ ആ രാജയ്ക്കുള്ള അപ്പോയിന്റ്മെന്റ് ഓർഡർ കൊടുക്കാതെ അവിടെ നിൽക്കാൻ വയ്യെന്നായി. ഒരിക്കൽ അവൻ ഒന്നാം നിലയിലെ എന്റെ ഓഫീസ്മുറിയുടെ വരാന്തയിൽ നിന്ന് വലിയ ഒച്ചയിൽ താഴോട്ട് കാറിത്തുപ്പിയപ്പോൾ ഇനിയവിടെ നിൽക്കുന്നതിൽ വലിയ കാര്യമില്ലെന്ന് തോന്നി. മാത്രമല്ല, അതിനു മുമ്പൊരു രാത്രിയിൽ, കഞ്ചാവടിച്ച് അവൻ ആ ഗസ്റ്റ്ഹൗസിന്റെ മതിൽക്കെട്ടിനകത്തു കടന്ന് വലിയ ബഹളമുണ്ടാക്കിയതാണ്. വാച്ച്മാന്റെ കൈയിന്റെ ചൂട് അവനന്ന് ശരിക്കറിഞ്ഞെങ്കിലും, എന്റെ പരാതിയിന്മേൽ യാതൊരു നടപടിയുമെടുക്കാൻ മാനേജ്മെന്റ് തയ്യാറായില്ല. അതോടെ ഒരുകാര്യം എനിക്ക് ഉറപ്പായി. ഒന്നുകിൽ അവന് ആ ഓർഡർ കൊടുക്കുക, അല്ലെങ്കിൽ കഴിയുന്നതും വേഗം അവിടം വിടുക. സ്വാഭാവികമായും എനിക്ക് ചെയ്യാൻ കഴിയുന്നത് ആ രണ്ടാമത്തേത് മാത്രമായിരുന്നു.'

മനസ്സിലായതുപോലെ പ്രിയംവദ തലയാട്ടി.

'അപ്പോൾ രേവതി പോന്നശേഷം അവർ ആ കടലാസ് കൊടുത്തുകാണും അല്ലേ? പാവം കാവേരി അതറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു.'

'മാഡത്തിന്റെ സ്വപ്നത്തിൽ വരാറുള്ള കാവേരി ലേശം പഴക്കമുള്ളൊരു കാവേരിയാവും.'

രേവതി വീണ്ടും കുലുങ്ങി ചിരിച്ചു.

'ഞാൻ അവിടന്ന് പോന്നിട്ട് മാസങ്ങളായിരിക്കുന്നു. ചിലപ്പോൾ ആ കാവേരിയും മിനാക്ഷിപ്പാളയത്തെ മറ്റൊരു ഗതികിട്ടാത്ത ആത്മാവായി മാറിക്കാണണം. ജീവനുള്ള കാവേരിക്ക് പഴക്കച്ചുവ കാണില്ലല്ലോ.'

അതു കേട്ടപ്പോൾ പ്രിയംവദയൊന്ന് നടുങ്ങി.

യാത്ര പറഞ്ഞ് പിരിയുമ്പോൾ റെയിൽവെസ്റ്റേഷൻവരെ രേവതി ഒപ്പം ചെന്നു.

രാത്രിവണ്ടിയായിരുന്നു. സ്റ്റേഷനിൽ തിരക്കില്ലായിരുന്നു.

പൊടുന്നനെ പ്രിയംവദയുടെ കൈപ്പത്തി പിടിച്ചമർത്തിക്കൊണ്ട് രേവതി പറഞ്ഞു:

'എന്റെ അമ്മയെയോ, ചേച്ചിയെയോപോലെ തോന്നുന്നു.'

'അങ്ങനെതന്നെ കാണാമല്ലോ, കുട്ടീ. എന്തായാലും ഈ ബന്ധം വിടാതെ നോക്കൂ.'

'തീർച്ചയായും.' കൈ വിടാൻ മടിക്കുകയാണ്, രേവതി. 'വേണ്ടാത്ത ഓരോ കാര്യങ്ങള് പറഞ്ഞ് ഞാൻ മാഡത്തിനെ ഒരുപാട് അലട്ടി അല്ലേ'

'ഹേയ്. അതിന് ഞാൻ നിന്നെത്തേടി വരികയായിരുന്നില്ലേ. എന്തോ എനിക്കിപ്പോൾ ഒരു രേവതിയുടെ ആവശ്യമുള്ളതുപോലെ. നിവേദിതയേക്കാൾ കൂടുതലായിട്ട് ഒരു രേവതി. ഒരു ചങ്ങാതിയായിട്ട്, അനിയത്തിയായിട്ട്, മകളായിട്ട്...'

'ഒരുപാടു നേരം നമ്മള് വെറുതെ അതുമിതും പറഞ്ഞ് കളഞ്ഞു. അല്ലെങ്കിലും എന്റെ പ്രകൃതമങ്ങനെയാണ്. ഒന്നും ഉള്ളിൽ വച്ചുകൊണ്ടിരിക്കാനാവില്ല. മനസ്സിന് പിടിച്ച ഒരാളെ കണ്ടുമുട്ടുമ്പോൾ പ്രത്യേകിച്ചും. പക്ഷേ, അത്ര പെട്ടെന്നൊന്നും ആരെയും ബോധിക്കില്ലാന്നും വെയ്ക്ക്യാ.'

'നേര് പറയാല്ലോ, എന്റെ സങ്കല്പത്തിലെ നിവേദിതയെക്കാൾ എത്രയോ മിടുക്കിയാണ് നീ.'

'ചുരുക്കത്തിൽ, നേരത്തേ പറഞ്ഞപോലെ മാഡം എന്നെയൊരു താരമാക്കി. ഇനി ആ കമ്പനികളിലെങ്ങാനും വല്ല ഇന്റർവ്യൂവിനും പോകേണ്ടി വന്നാൽ ഒരു പരിചയപ്പെടുത്തലിന്റെ ആവശ്യം വേണ്ടിവരില്ല. അൽപ്പം ഞെളിഞ്ഞുനിന്നുതന്നെ പറയാം. ഞാനാണ് മാഷേ, സാക്ഷാൽ നിവേദിത. അതായത് മീനാക്ഷിപ്പാളയം ഫെയിം നിവേദിത! അപ്പോഴവർ വിശ്വാസം വരാതെ കളിയാക്കി ചിരിക്കും.'

'വേണമെങ്കിൽ എന്റെ റഫറൻസ് കൊടുക്കാം.'

'അതൊരു വലിയ റഫറൻസ്തന്നെയാകും നമ്മുടെ ഇൻഡസ്ട്രിയില്.'

'തമാശയല്ല, കേട്ടോ! ഒരിക്കലും ഗതിപിടിക്കാത്തൊരു കുട്ടിപ്പത്രത്തിലിരുന്ന് നശിപ്പിക്കേണ്ടതല്ല നിന്റെ ഭാവി. നിനക്ക് എത്രയോ വലിയ കാര്യങ്ങൾ ചെയ്യാനാവും. അതു മാത്രമല്ല ഇത്തരം പത്രങ്ങളിൽ മുനിഞ്ഞിരുന്ന് മസാലക്കഥകൾ ചമയ്ക്കാൻ തുടങ്ങിയാൽ നിന്റെ കാഴ്ചശക്തിപോലും നിറം പിടിച്ചു പോകും.'

വണ്ടി വിടാറായപ്പോൾ പ്രിയംവദ അഴികൾക്കിടയിലൂടെ കൈ വീണ്ടും പുറത്തേക്ക് നീട്ടി. ആ കൈപ്പത്തിയിൽ അമർത്തി ചുംബിക്കുമ്പോൾ പെട്ടെന്ന് രേവതിയുടെ കണ്ണുകൾ നിറഞ്ഞു.

'ഞാൻ ചേച്ചിയെന്ന് വിളിച്ചോട്ടെ?' അവൾ ചോദിച്ചു.

'അമ്മയെന്ന് വിളിച്ചോളൂ, അത്രയ്ക്ക് പ്രായവ്യത്യാസമില്ലെങ്കിലും.'

പ്രിയംവദ വാത്സല്യത്തോടെ അവളുടെ നെറുകയിൽ തലോടി.

വണ്ടി നീങ്ങിക്കഴിഞ്ഞപ്പോൾ പ്രിയംവദ അറിയാതെതന്നെ രേവതിയെയും നീതുവിനെയും താരതമ്യപ്പെടുത്തുകയായിരുന്നു.

ഉടനെതന്നെ അതിനുള്ള ന്യായീകരണങ്ങൾ കണ്ടെത്താനും കഴിഞ്ഞു.

രഞ്ജിത്തിനോട് പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ പരസ്പരം സ്നേഹിക്കാനാവാത്ത ഇണകളിൽനിന്നുണ്ടാകുന്ന കുഞ്ഞിൽനിന്ന് ഒരളവിൽക്കൂടുതൽ സ്നേഹം പ്രതീക്ഷിക്കുന്നതെങ്ങനെ?

പന്ത്രണ്ട്

വൈലർച്ചയ്ക്ക് തിരിച്ചെത്തിയപ്പോൾ വീട് പൂട്ടിക്കിടന്നിരുന്നു. വേറെ താക്കോൽ ഉണ്ടായിരുന്നതുകൊണ്ട് പ്രിയംവദയ്ക്ക് അകത്തു കടക്കാൻ കഴിഞ്ഞു.

രണ്ടു മൂന്ന് മണിക്കൂറ് കഴിഞ്ഞാണ് നീതു കയറിവന്നത്. കൈയിലുണ്ടായിരുന്ന കറുത്ത ബാഗ് അലസമായി കസേരയിലേക്ക് വലിച്ചെറിഞ്ഞിട്ട് അവൾ വലിയ ശബ്ദത്തോടെ മൂരി നിവർന്നു. വാഷ്ബേസിനു മുന്നിലുള്ള കണ്ണാടിയിലേക്ക് തുറിച്ചുനോക്കി അൽപ്പനേരം നിന്നിട്ട് ടാപ്പ് മുഴുവൻ തുറന്ന് വലിയ ശബ്ദത്തിൽ വെള്ളം വീഴ്ത്തി മുഖം കഴുകാൻ തുടങ്ങി.

തന്നെ കണ്ടിട്ടും കാണാത്ത മട്ടിലുള്ള ആ നിൽപ്പ് പ്രിയംവദയ്ക്ക് തീരെ താങ്ങാനായില്ല. ശബ്ദം ആവുന്നത്ര മയപ്പെടുത്തിക്കൊണ്ട് പ്രിയംവദ ചോദിച്ചു.

'മോള് എവിടെ പോയിരുന്നു?'

'ഓ, ഒരു ഫ്രണ്ടിന്റെ വീട്ടില്.'

'എവിടെയാ?'

'ഇവിടെത്തന്നെ.'

'ഏത് ഫ്രണ്ട്?'

'എന്റെ എല്ലാ ഫ്രണ്ട്സിനേം അമ്മ അറിഞ്ഞിരിക്കണമെന്നുണ്ടോ?'

അവിടെ ഉത്തരം മുട്ടുകയാണ്. ഏതു ചോദ്യത്തിനും ഇനിയൊരിക്കലും മടങ്ങിവരാത്ത തരത്തിൽ ഉത്തരങ്ങൾ കൊരുത്തെടുക്കാൻ വലിയ മിടുക്കാണ് പുതിയ തലമുറയ്ക്ക്.

ഇവളുടെ പ്രായത്തിൽ സ്വന്തം അമ്മയുടെ മുമ്പിൽ നിവർന്നുനിന്ന് ഇത്തരത്തിലുള്ള ഉത്തരങ്ങൾ രാകിയെടുക്കാനുള്ള കഴിവ് തങ്ങൾക്കാർക്കും ഉണ്ടായിരുന്നില്ലല്ലോ.

തെളിഞ്ഞ ആകാശത്തിനു ചുവട്ടിൽ, ഒരുപാട് വെളിച്ചമുള്ള ഈ നല്ല ദിവസം അനാവശ്യമായ തർക്കങ്ങളിലൂടെ തുടങ്ങാതിരിക്കുകയാവും ഭേദം.

കൂടുതലൊന്നും പറയാൻ നിൽക്കാതെ പ്രിയംവദ തന്റെ ഓഫീസ് മുറിയിലേക്ക് നടന്നു.

നീതുവിന്റെ മുഖത്ത് ഉരുണ്ടുകൂടുന്ന ആ എതിർപ്പിന്റെ ഭാവം തീരെ മനസ്സിലാവുന്നില്ലല്ലോ എന്നവർ ഓർത്തു. അവൾക്കെന്തു പറ്റിയെന്ന് ഒരു രൂപവും കിട്ടുന്നില്ല. എന്തിലും ഏതിലും കയറി കോർക്കാനൊരു അവസരം പാർത്തിരിക്കുന്നതുപോലെ.

അപ്പോഴൊക്കെ ഉള്ളിൽക്കയറി വന്നിരുന്നത് രേവതിയുടെ തെളിഞ്ഞ മുഖമാണ്. പുതിയ തലമുറയുടെതന്നെ മറ്റൊരു മുഖം.

വേണ്ടാത്ത പലതുമൊക്കെ ആലോചിച്ച് രാത്രിവണ്ടിയുടെ കുലുക്കത്തിൽ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നപ്പോഴൊക്കെ, കൺമുമ്പിൽ തെളിഞ്ഞു കിട്ടിയിരുന്നത്, താടിക്കു കൈയും കൊടുത്ത് തന്റെ മുഖത്തുനിന്ന് കണ്ണെടുക്കാതെ വലിയ ആരാധനയോടെ നോക്കിയിരുന്ന ആ പെൺകുട്ടിയുടെ ചിത്രമായിരുന്നു.

ഇടത്തരം ചുറ്റുപാടുകളിൽനിന്നു വന്ന, ജീവിതത്തിന്റെ പൊള്ളലും നീറ്റലും നന്നായറിയാവുന്ന രേവതിക്ക് ആ പാവപ്പെട്ട മുനിയാണ്ടി കുടുംബത്തിന്റെ സമസ്യകൾ തന്റേതായി കാണുകയെന്നത് വളരെ എളുപ്പമായിരുന്നു.

ഹോട്ടലിൽ ഊണുകഴിക്കാനിരിക്കുമ്പോൾ അവൾ പറഞ്ഞതോർത്തു.

അച്ഛനോടൊപ്പം കഴിച്ചുകൂട്ടാൻ കിട്ടിയ സമയം നന്നേ കുറവായിരുന്നു. എപ്പോഴും വലിയ തിരക്കായിരുന്നു അച്ഛന്. ഏതു നേരവും ചുറ്റിലുമായി ചെറിയൊരു ആൾക്കൂട്ടം കാണും. കാലത്തേ ഒരു കൂട്ടം ആളുകളുമായി ഇറങ്ങിപ്പോയാൽ തിരിച്ചുവരുന്നത് രാത്രി നന്നേ ഇരുട്ടിയ ശേഷമായിരിക്കും. അപ്പോഴും കാണും കൂടെ കുറെ സിൽബന്തികൾ. കൈയും മുഖവും കഴുകി കഞ്ഞി കുടിക്കാനിരിക്കുമ്പോൾ കൂടെ വന്നവരേയും വിളിക്കും. അവർക്കൊക്കെ വിളമ്പാനുള്ള ആഹാരം അടുക്കളയിലുണ്ടോ എന്നൊന്നും

തിരക്കാറില്ല. ബാക്കിവരുന്ന കഞ്ഞിവെള്ളം ഉപ്പിട്ട് കുടിച്ച്, പാത്രങ്ങൾ കഴുകി വച്ചിട്ടു വേണം അമ്മയ്ക്കൊന്ന് തല ചായ്ക്കാൻ. അപ്പോഴും മുൻവശത്തെ തിണ്ണയിൽ ചൂടുപിടിച്ച രാഷ്ട്രീയചർച്ചകൾ തുടരുകയാവും.

തൊഴിലാളിസംഘടനകളിലെ പ്രവർത്തനത്തിൽനിന്നു തുടങ്ങി ഒരു മുഴുവൻ രാഷ്ട്രീയക്കാരനായി മാറുന്നതിനോട് ഏറ്റവും എതിർപ്പ് അമ്മയ്ക്കായിരുന്നു. ടൗണിലെ ഫാക്റ്ററിയിലെ നല്ലൊരു ജോലി വലിച്ചെറിഞ്ഞു കളഞ്ഞത് ഏതോ നിസ്സാരകാര്യത്തിനായിരുന്നു. അഭിമാനം കളഞ്ഞുള്ള ഒരു പണിയും തനിക്കു വേണ്ടെന്നു പറഞ്ഞ്, വിയർപ്പിൽ കുതിർന്ന മുഷിഞ്ഞ ഷർട്ടൂരി അയക്കോലിലേക്ക് എറിയുമ്പോൾ അടുക്കളയിലെങ്ങനെ അടുപ്പ് പുകയുമെന്ന് ഓർത്തതേയില്ല. അതൊക്കെ അമ്മയുടെ മാത്രം ചുമതലയായിരുന്നു. അനുസരിക്കാൻ മാത്രം ശീലിച്ച, വീട്ടുകാരുടെ എതിർപ്പ് കൂട്ടാക്കാതെ ഒരു പാതിരയ്ക്ക് അച്ഛനോടൊപ്പം ഇറങ്ങിപ്പോന്ന അമ്മയ്ക്ക് പട്ടിണിയെന്നത് എന്താണെന്ന് പിന്നീട് താനേ ശീലമായി. എന്നിട്ടും, മൂന്നാങ്ങളമാരുടെ ഒറ്റപ്പെങ്ങളായി ഒരുപാട് കൊഞ്ചി വളർന്ന അവർ ഒരിക്കലും തന്റെ തലയിലെഴുത്തിനെ ശപിക്കുന്നത് കേൾക്കാനായിട്ടില്ല.

വീട് ഇങ്ങനെയൊരു സത്രമാക്കുന്നതിനെ ആദ്യം എതിർത്തത് ഏട്ടനായിരുന്നു. ഒന്നും രണ്ടും പറഞ്ഞ് വഴക്കുണ്ടാക്കാൻ ഏട്ടൻ അവസരമുണ്ടാക്കുമ്പോഴൊക്കെ അച്ഛന്റെ ഒപ്പം നിന്നത് താനായിരുന്നു. അച്ഛൻ തെരഞ്ഞെടുക്കുന്ന വഴി എപ്പോഴും നേരെയായിരിക്കുമെന്ന ഒരു മകളുടെ ഉറച്ച വിശ്വാസം.

എന്നിട്ടും ഒരിക്കൽ മുഖത്തുനോക്കി ചോദിക്കേണ്ടിവന്നു, തന്നെ മാത്രം ആശ്രയിച്ചു നിൽക്കുന്ന കുടുംബത്തെ ആകെ മറന്നുകൊണ്ടുള്ള പൊതുപ്രവർത്തനത്തെ ന്യായീകരിക്കാൻ ഏത് പ്രസ്ഥാനത്തിനാവുമെന്ന്.

കൃത്യമായ മറുപടി കൈയിലില്ലാത്തതുകൊണ്ട് അച്ഛൻ ഒരു ഒഴുക്കൻ ചിരി ചിരിച്ചിട്ട് പറഞ്ഞു:

'ഒരു പൊതുപ്രവർത്തകന് കുടുംബം ഒരിക്കലുമൊരു ബാദ്ധ്യതയാകരുത്. പിൻബലമാകുകയാണ് വേണ്ടത്.'

അത്തരം വലിയ ചിന്തകളൊന്നും മനസ്സിലാകില്ലെങ്കിലും എന്നും ഒപ്പം നിൽക്കാൻ അമ്മ ശ്രദ്ധിച്ചിരുന്നു. അച്ഛനോട് തർക്കിക്കാൻ ത്രാണിയില്ലാത്തതുകൊണ്ടാവാം എല്ലാ ഇല്ലായ്മകളുടെയും നടുവിൽ, സർവ്വംസഹയായ ഭൂമിദേവിയുടെ ക്ഷമയോടെ അവർ നിലകൊണ്ടു. ഒടുവിൽ മടുത്തപ്പോൾ അവരും പിൻവാങ്ങി, നിശ്ശബ്ദയായി. പൊതുപ്രവർത്തകരുടെ കഷ്ടപ്പാടുകൾ പങ്കു വയ്ക്കാൻ അവരുടെ കുടുംബവും ഒപ്പംനിന്നേ പറ്റൂവെന്ന അച്ഛന്റെ വാദം ഉൾക്കൊള്ളാൻ തയ്യാറാകാതെ, ഒരു രാത്രിയിൽ, വലിയൊരു വഴക്കിന്റെ അവസാനത്തിൽ ഏട്ടൻ വീട്ടിൽനിന്ന് ഇറങ്ങിപ്പോയപ്പോൾ ഒരു പ്രത്യേക വികാരവുമില്ലാതെ തൂണിൽ ചാരി അമ്മ അതേ നിൽപ്പ് നിന്നു.

അവർക്കപ്പോൾ മകനെ തീരെ മനസ്സിലാക്കാനായില്ല. ഒരുപക്ഷേ, അയാൾ ഇറങ്ങിപ്പോകുന്നത് നിർവികാരനായി നോക്കിനിന്ന അച്ഛനേയും.

അച്ഛനേക്കാൾ വലിയ വാശിക്കാരനായിരുന്നു ഏട്ടൻ. അന്ന് ഇറങ്ങിപ്പോയതിനുശേഷം തിരിച്ചുവന്നത് അച്ഛന്റെ മരണത്തിനുശേഷം മാത്രം. അപ്പോഴും അമ്മയൊന്നും ചോദിച്ചില്ല. പ്രത്യേകിച്ചൊന്നും പറഞ്ഞതുമില്ല.

പതുക്കെപ്പതുക്കെ, ഒപ്പമുണ്ടായിരുന്നവർ പലരും കൈയൊഴിഞ്ഞിട്ടും താൻ വിശ്വസിച്ചിരുന്ന വിശ്വാസപ്രമാണങ്ങളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും കാണിക്കാതെ അച്ഛൻ ഉറച്ചു നിന്നു. ഒടുവിൽ പാർട്ടിപോലും കൈവിട്ടപ്പോൾ തെളിയാതെ കിടന്ന കുറെ കേസുകളെല്ലാം പോലീസുകാർ അച്ഛന്റെ തലയിൽ കെട്ടിവച്ചു. അടിയും ചവിട്ടുംകൊണ്ട് ജയിലിൽ കിടക്കുമ്പോഴും അച്ഛനൊരിക്കലും പതറിയില്ല.

ആ ഇരുണ്ട നാളുകളുടെ ഓർമ്മയിൽ രേവതിയൊന്ന് പുളഞ്ഞു. ജനറൽ ആസ്പത്രിയിൽ ചോര തുപ്പിക്കിടക്കുമ്പോൾ തിരിഞ്ഞു നോക്കാൻ ഒരു നേതാവുമുണ്ടായിരുന്നില്ല. മരിച്ചു കഴിഞ്ഞപ്പോൾ റീത്തുകളുമായി മന്ത്രിമാർ വന്നു. വിലാപയാത്രയിലൂടെ, ഹർത്താലിലൂടെ ആ മരണം അവർ ശരിക്കും ആഘോഷിച്ചു.

അച്ഛന്റെ ദുരന്തം ഏട്ടനിലേക്ക് കടന്നുകയറിയത് കഞ്ചാവിലൂടെയായിരുന്നു. കുട്ടിക്കാലം മുതൽക്കേ ഒരു സങ്കീർത്തനംപോലെ അച്ഛന്റെ നാവിൽ നിന്നു കേട്ടറിഞ്ഞ പ്രസ്ഥാനത്തിലെ വൻവിഗ്രഹങ്ങളുടെ വീരചരിതങ്ങൾ ഒരുപാടു കാലം ഉള്ളിലിട്ട് താലോലിച്ച് നടന്നിരുന്നു ഏട്ടൻ. പിന്നീട് തലമുറകൾ മാറിമറിഞ്ഞപ്പോൾ പുത്തൻകൂറ്റ് നേതാക്കന്മാരുടെ കൈയിൽ പ്രസ്ഥാനം പ്രായോഗിക രാഷ്ട്രീയത്തിലേക്കും അധികാരത്തിൽനിന്ന് കൈവരുന്ന അഹങ്കാരത്തിന്റെയും, സുഖഭോഗങ്ങളുടെയും പുറകെ പോയപ്പോൾ പഴയ വിഗ്രഹങ്ങൾ ഉള്ളിൽ താനേ വീണുടഞ്ഞു.

ഇതിനായിരുന്നോ എല്ലാം?

ഇതിനായിരുന്നോ എല്ലാം?

ചോദിക്കാനുണ്ടായിരുന്ന ഒട്ടേറെ ചോദ്യങ്ങൾ, ആരുടെ നേർക്കെന്നറിയാതെ അയാൾ അവനവന്റെ നേർക്കുതന്നെ തിരിച്ചുവിട്ടു.

ആരൊക്കെയോ ഉപദേശിച്ചു, തലസ്ഥാനത്തു പോയി വേണ്ടപ്പെട്ടവരെ ഒന്ന് കാണാൻ. പക്ഷേ, പാർലറുകളിൽ പോയി മുഖം മിനുക്കാൻ മറക്കാത്ത പുതിയ തലമുറയിലെ നേതാക്കന്മാരുടെ മുമ്പിൽ അച്ഛന്റെ ത്യാഗത്തിന്റെ കണക്കു പറഞ്ഞ് ഒരു തൊഴിൽ നേടിയെടുക്കാനുള്ള കഴിവില്ലാതിരുന്നതു കൊണ്ട് ഏട്ടന്റെ ജീവിതം കഞ്ചാവുപുകയിലേക്കൊതുങ്ങി.

അച്ഛന്റെ മരണത്തിനുശേഷം സമനില തെറ്റിയ അമ്മ ഏറെക്കാലം ആസ്പത്രിയിലായിരുന്നു. ഇപ്പൊഴൊരു ആശ്രമത്തിൽ. ഇനി വീട്ടിലേക്കില്ലെന്ന തീരുമാനത്തിന് ഇളക്കമില്ല. മക്കൾക്ക് വേണമെങ്കിൽ അവിടെച്ചെന്ന് കാണാം.

'എനിക്കാ കാവേരിയെ നന്നായി മനസ്സിലാക്കാൻ കഴിയുമായിരുന്നു' രേവതി പറഞ്ഞു: 'ഒരച്ഛന്റെ ചൂണ്ടുവിരലിൽ തൂങ്ങാതെയുള്ള ഒരു പെൺകുട്ടിയുടെ വളർച്ച എപ്പോഴും അപൂർണ്ണമായിരിക്കും. കൗമാരത്തിന്റെ ഒടുവിൽ, പുരുഷനെന്ന സങ്കല്പത്തെപ്പറ്റി അൽപ്പം തിരിച്ചറിവ് സാദ്ധ്യമായപ്പോൾ ഒരു ഇത്തിരി അച്ഛനുവേണ്ടി ഞാൻ എത്രയോ കൊതിച്ചിരുന്നെന്നോ. എത്ര കൊള്ളരുതാത്തവനാണെങ്കിലും തനിക്കുവേണ്ടി മാത്രമായി ഒരിത്തിരി അച്ഛൻ.'

ഒരു ഇത്തിരി അച്ഛൻ. പ്രിയംവദയൊന്ന് ഞെട്ടി.

ഒരുപക്ഷേ, നീതുവും അങ്ങനെയൊക്കെത്തന്നെ ആലോചിച്ചു പോകുന്നുണ്ടാകും. എത്ര കൊള്ളരുതാത്തവനാണെങ്കിലും തനിക്കുവേണ്ടി മാത്ര

മായി ഒരു ഇത്തിരി അച്ഛൻ. വളർന്നുവരുന്ന ഒരു പെൺകുട്ടിയെ സംബന്ധി ച്ചിടത്തോളം അമ്മയാണെല്ലാം, അമ്മയ്ക്ക് കൊടുക്കാനാവാത്തതായി യാതൊന്നുമില്ല, എന്നൊക്കെ കരുതിയിരുന്ന തനിക്കു കിട്ടിയ പുതിയൊരറി വായിരുന്നു രേവതിയുടെ വാക്കുകൾ.

തന്റെ മുഖത്തെ ചോദ്യഭാവം കണ്ടിട്ടായിരിക്കണം, രേവതി ഉറപ്പിച്ചു പറഞ്ഞു:

'എന്തൊക്കെയായാലും, അച്ഛന്റെ സ്ഥാനത്ത് അച്ഛൻതന്നെ വേണം ഒരു പെൺകുട്ടിക്ക്. ഒരു പത്തമ്മ ചമഞ്ഞാലും ഒരച്ഛൻ കൊടുക്കുന്ന സുരക്ഷി തത്വം കൊടുക്കാനാവില്ലല്ലോ.'

അതിനോട് തീരെ യോജിക്കാനാവാതെ അൽപ്പമൊന്ന് തർക്കിക്കണ മെന്നു തോന്നിയെങ്കിലും പ്രിയംവദ ഉടനെ പിൻവാങ്ങി. അത്തരമൊരു തർക്കം രേവതിയെ തന്റെ സ്വകാര്യജീവിതത്തിന്റെ ഉള്ളറകളിലേക്ക് കൂട്ടി ക്കൊണ്ടു പോകലാകും. ഒരു ഇത്തിരി അച്ഛൻപോലുമില്ലാതെ വളരുന്ന തന്റെ മകളോട് അവൾക്ക് സഹതാപമേ കാണൂ.

രേവതിയുടെ വാക്കുകൾ ചെവിയിൽ വീണ്ടും മുഴങ്ങിയപ്പോൾ വല്ലാതെ അസ്വസ്ഥയാകുകയായിരുന്നു പ്രിയംവദ. ഒരു പത്തമ്മ ചമഞ്ഞാലും ഒരച്ഛ നാകില്ലെന്ന ആ പുതിയ അറിവ് തന്നെ വല്ലാതെ കീഴ്പ്പെടുത്തുന്നതു പോലെ. നീതുവിന്റെ പ്രായം കടന്നുപോയ, അച്ഛനില്ലാതെ വളർന്ന ഒരു പെൺകുട്ടിയുടെ ഉള്ളിൽത്തട്ടിയ വാക്കുകളാണവ. നീതുവിന്റെ മുഖത്ത് കാണായ ആ ചെറുത്തുനിൽപ്പിന്റെ ഭാവം ഈ പുതിയ വെളിച്ചത്തിൽ കാണാൻ നോക്കുമ്പോൾ...

കഴിഞ്ഞ ചില ദിവസങ്ങളായി താനും മകളും തമ്മിൽ കാര്യമായി സംസാരമൊന്നും ഉണ്ടായിട്ടില്ലെന്ന് പ്രിയംവദ ഓർത്തു. കമ്മ്യൂണിക്കേഷ നെപ്പറ്റി നീണ്ട പ്രസംഗങ്ങൾ നടത്താറുള്ള തനിക്ക് ഈ കൊച്ചു വീട്ടിന കത്ത് സ്വന്തം മകളോടുപോലും വേണ്ടവിധത്തിൽ കമ്മ്യൂണിക്കേറ്റ് ചെയ്യാൻ കഴിയുകയില്ലെങ്കിൽ?

ഇവിടെ തടിച്ച ഗ്രന്ഥങ്ങളുടെയും, ഗവേഷണപ്രബന്ധങ്ങളുടെയും ചർച്ചാവേളകളുടെയുമൊക്കെ പ്രസക്തി നഷ്ടപ്പെട്ടുപോകുന്നു. മനുഷ്യമന സ്സിന്റെ വഴിതെറ്റിയ യാത്രകളെ പിന്തുടരാൻ വേണ്ടത് പച്ചയായ ജീവിതത്തെ പ്പറ്റിയുള്ള ആർദ്രമായ തൊട്ടറിവാണ്.

പൊടുന്നനെ അവർക്ക് നിതുവിനെ വേണമെന്ന് തോന്നി. എന്റെ എല്ലാ എല്ലാമായ പൊന്നുമോൾ. അവളെയൊന്ന് കെട്ടിപ്പിടിച്ച് കവിളത്ത് മതിയാ വോളം ഉമ്മവച്ചിട്ട് എത്രയോ നാളുകളായി.

എന്റെ മോളുടെ മുമ്പിൽ എത്ര വേണമെങ്കിലും തോറ്റുകൊടുക്കാൻ തയ്യാറാണ്. അതുകൊണ്ടെങ്കിലും എനിക്കെന്റെ പഴയ നീതുവിനെ തിരികെ കിട്ടുമെങ്കിൽ.

പ്രിയംവദ തിടുക്കത്തിൽ തിരിഞ്ഞ് നീതുവിന്റെ മുറിയിലേക്ക് നടന്നു.

കതക് ചാരിവച്ചിരിക്കുകയായിരുന്നു. അകത്തേക്ക് കടക്കാതെ വാതി ലുകളുടെ വിടവിലൂടെ പാളിനോക്കിയപ്പോൾ പ്രിയംവദ അറിയാതെയൊന്ന് ഞെട്ടിപ്പോയി.

നീതു വേഷം മാറുകയായിരുന്നു. നീല ഡെനിമിന്റെ ടോപ്പ് അഴിച്ച് കട്ടി ലിലേക്ക് എറിഞ്ഞിരിക്കുകയാണ്. ബ്രേസിയേഴ്സും, ജീൻസുമായി നില ക്കണ്ണാടിക്കു മുമ്പിൽ നിൽക്കുകയാണവൾ.

പിന്നീട് മുലക്കച്ചയും അഴിച്ചു മാറ്റി, കണ്ണാടിയിലെ തന്റെ രൂപത്തിലേക്കു തന്നെ തുറിച്ചുനോക്കിക്കൊണ്ട് നിൽക്കുമ്പോൾ അവളുടെ മുഖത്തെ ചില ഭാവപ്പകർച്ചകൾ. പിന്നീട് ചെറിയൊരു കറുത്ത പാന്റീസുമായി, കണ്ണാടിയിൽക്കാണായ തന്റെ ഉടലിൽത്തന്നെ ശ്രദ്ധിച്ചുകൊണ്ട്...

തന്റെ ശരീരമാകെ തരിച്ചു കയറുന്നത് പ്രിയംവദയറിഞ്ഞു. ഇവൾ, എന്റെ കൈകളിൽക്കിടന്ന് വളർന്ന കുഞ്ഞ്, ഇപ്പോഴൊരു മുതിർന്ന പെണ്ണായി, കണ്ണാടിക്കു മുമ്പിൽ സ്വന്തം ശരീരത്തെ, സ്ത്രീത്വത്തെതന്നെ, അടയാളപ്പെടുത്താൻ നോക്കുന്നു.

ഒരുപക്ഷേ, കുളിമുറിയുടെ സ്വകാര്യതയിൽ അവൾ എത്രയോ തവണ ചെയ്തിരിക്കാവുന്ന ഒരു കർമ്മം.

ഇപ്പോഴാകട്ടെ, കിടപ്പുമുറിയിൽ, വാതിലിന്റെ സാക്ഷപോലുമിടാൻ മിനക്കെടാതെ.

പ്രിയംവദയ്ക്ക് ഏറെനേരം അതു കണ്ടുനിൽക്കാനായില്ല. വീണ്ടും തന്റെ ഓഫീസ്മുറിയിലെ സുരക്ഷിതത്വത്തിലേക്ക് തിരിച്ചുവരുമ്പോൾ അവർ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. സോഫയിൽ കുഴഞ്ഞു വിഴുമ്പോൾ, തന്റെ തളർച്ചയുടെ അന്തമില്ലാത്ത ആഴത്തെപ്പറ്റി അവർക്ക് വല്ലാതെ ഭയം തോന്നി. രഞ്ജിത്തുമായുള്ള ഏറ്റവും വലിയ ഏറ്റുമുട്ടലിനുശേഷംപോലും തോന്നാത്തത്ര തളർച്ച.

നെറ്റിയുടെ ഇരുവശങ്ങളിലും വല്ലാതെ വിങ്ങുകയാണ്. നെറ്റിയിൽ വിരലുകളമർത്തി, അവർ അൽപ്പനേരം കണ്ണടച്ച് കിടന്നു.

ഉള്ളിലൊരു തേങ്ങൽ പൊങ്ങിവരുന്നതുപോലെ. താനിപ്പോൾ ശരിക്കും തനിച്ചായിരിക്കുന്നു. ഒരുപാട് തനിച്ചായിരിക്കുന്നു. ഒന്നു ഫോൺ ചെയ്യാൻ പോലും ആരുമില്ലല്ലോ. അൽപ്പനേരമൊന്ന് തുറന്ന് സംസാരിക്കാൻ, ഈ മനസ്സിന്റെ മുറുക്കം തെല്ലൊന്ന് അയച്ചു കിട്ടാൻ...

സെക്രട്ടറി ചന്ദ്രയെ വിളിച്ചാലോ? അല്ലെങ്കിൽ ഓഫിസിലെ ഏതെങ്കിലും സഹപ്രവർത്തക.

വേണ്ട. അവരുടെ പ്രവൃത്തിദിവസത്തിന്റെ പ്രഭാതം താനായിട്ട് നശിപ്പിക്കണ്ട. ചന്ദ്രയാണെങ്കിൽ വിട്ടിലിരുന്ന് ബോറടിക്കാതെ മാഡത്തിന് ഓഫീസിലേക്ക് വന്നുകൂടെ എന്നാവും ആദ്യം ചോദിക്കുക.

പെട്ടെന്നു തോന്നി ഡോക്ടർസാബിന് ഒരു ഇ-മെയിൽ അയച്ചാലോ? ഇത്രയും ദിവസം പിടിച്ചുനിന്നതിനു ശേഷം...

മനസ്സ് വല്ലാതെ കലങ്ങുമ്പോൾ നന്നേ പഴയൊരു ഗുരുശിഷ്യബന്ധത്തിന്റെ സാന്ത്വനം.

ഉടനെതന്നെ മടി തോന്നി. എന്തോ ഒരു അരുതായ്ക. ആ പഴയ സ്വാതന്ത്ര്യത്തോടെ ഇനി അദ്ദേഹത്തിന് മെയിലുകൾ അയയ്ക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എത്രയോ കാലം അറിഞ്ഞാരാധിച്ചിരുന്ന ഗുരുവിന് ഇപ്പോൾ ഒരുപാട് മുഖങ്ങൾ, ഒരോ മുഖങ്ങളിലും ഓരോതരം ഭാവങ്ങൾ.

എന്നിട്ടും അറിയാതെ കമ്പ്യൂട്ടർ തുറന്നുപോയി. രണ്ടു ദിവസത്തെ മെയിലുകൾ നോക്കാമല്ലോ എന്നു കരുതി.

പക്ഷേ, ആദ്യംതന്നെ കണ്ണിൽപ്പെട്ടത് പ്രിയംവദയെ വല്ലാതെ തളർത്തുന്ന ഒരു മെയിലായിരുന്നു.

രഞ്ജിത്തിന്റെ, നീതുവിന്റെപേർക്കുള്ള ചെറിയ കത്ത്. അതയച്ചിരിക്കുന്നത് തന്റെ ഇ-മെയിൽ വിലാസത്തിൽ. വിലാസം തെറ്റിപ്പോയതാണെന്ന് തോന്നിപ്പിക്കാനുള്ള വികൃതമായ ശ്രമമുണ്ടെങ്കിലും അത് അയാളുടെ മറ്റൊരു സൂത്രമാണെന്നത് വളരെ വ്യക്തം.

'എന്റെ കഴിഞ്ഞ മെയിലിന് മോളുടെ മറുപടി കിട്ടാത്തതുകൊണ്ട് ഇന്നലെ വിളിക്കാൻ നോക്കി, അമ്മ ഓഫീസിൽ പോയ സമയം നോക്കി. ഫോൺ ആരുമെടുത്തില്ല. നീ കോളേജിൽനിന്ന് വരാൻ വൈകിയിരുന്നോ? എന്തായാലും നിനക്കൊരു സെൽഫോൺ കൂടാതെ കഴിയില്ലല്ലോ. എന്റെയൊരു ചങ്ങാതിവഴി പുതിയൊരു ഫോൺ എത്തിക്കാൻ ഏർപ്പാട് ചെയ്യുന്നുണ്ട്. അമ്മയറിയാതെ വല്ലപ്പോഴും എനിക്ക് സൗകര്യമായിട്ട് മോളെ വിളിക്കാമല്ലോ.'

ഇത്തരമൊരു മെയിൽ തന്റെ വിലാസത്തിൽ അയയ്ക്കാൻ അയാൾ കാട്ടിയ അതിസാമർത്ഥ്യത്തേക്കാൾ പ്രിയംവദയെ തളർത്തിയത് അച്ഛനും മകളും തമ്മിൽ ഇടയ്ക്കൊക്കെ ബന്ധപ്പെടാറുണ്ടായിരുന്നെന്ന ആ പുതിയ അറിവായിരുന്നു.

എല്ലാം തുറന്നുപറയാറുണ്ടായിരുന്ന നീതു അതുമാത്രം തന്നിൽനിന്ന് മനപ്പൂർവം മറച്ചുവയ്ക്കാൻ ശ്രമിച്ചു. അല്ലെങ്കിലും ഇത്രയും കാലം തങ്ങൾക്കിടയിൽ രഞ്ജിത്ത് മേനോൻ എന്നൊരു ആളേ ഉണ്ടായിരുന്നില്ലല്ലോ.

പെട്ടെന്ന് രേവതിയുടെ വാക്കുകൾ ഓർമ്മവന്നു.

ആ ഇത്തിരി അച്ഛൻ. വളർന്നുവരുന്ന പെൺകുട്ടിയുടെ ലോകം പൂർണ്ണമാക്കാൻ എവിടന്നെങ്കിലും ഒരു ഇത്തിരി അച്ഛൻ.

തന്റെ ഉടലിലൂടെ മഞ്ഞുകട്ടകളുടെ നനുത്ത പാളികൾ ഒഴുകിയിറങ്ങുന്നത് പ്രിയംവദയറിഞ്ഞു. രഞ്ജിത്ത് തങ്ങൾക്കിടയിലേക്ക് വീണ്ടും മടങ്ങി വരികയാണ്, ഒരുപക്ഷേ, ഇനിയൊരിക്കലും അടർത്തി മാറ്റാനാവാത്ത വലിയൊരു സാന്നിദ്ധ്യമായി.

അയാൾ പകപോക്കാൻ നോക്കുകയായിരിക്കും. തന്നെ തളർത്താനുള്ള ഒരേയൊരു വഴി അതാണെന്ന് അയാൾക്ക് നന്നായറിയാം. ഏതമ്മയെയും തളർത്താനുള്ള ഒരേയൊരു വഴി, കുട്ടികളെ അവരിൽനിന്ന് വേർപെടുത്തുകയെന്നതുതന്നെ.

വളർന്നുകൊണ്ടിരിക്കുന്ന മകളെ ഒരച്ഛനുമാത്രം കൊടുക്കാൻ കഴിയുന്ന സുരക്ഷിതത്വത്തെപ്പറ്റി വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുക. പിന്നീട് അതവളുടെ ഉള്ളിൽ താനേ വളർന്ന് പന്തലിക്കുമ്പോൾ ചുറ്റും നടക്കുന്ന ഓരോ കൊച്ചു കൊച്ചു സംഭവങ്ങളും അവൾ പുതിയൊരു വെളിച്ചത്തിൽ കാണാൻ തുടങ്ങും.

അച്ഛനുണ്ടായിരുന്നെങ്കിൽ ഇങ്ങനെ.

അച്ഛനുണ്ടായിരുന്നെങ്കിൽ അങ്ങനെ.

ഇവിടെ പത്തമ്മമാരിൽ ഒരാൾ മാത്രമായ താൻ എത്രകണ്ട് ചമഞ്ഞാലും...

ഉടലാകെ തളരുമ്പോൾ കാതിലെ പെരുമ്പറ പെരുകിപ്പെരുകി, കടൽക്കാറ്റിന്റെ ഭീഷണമായ ഇരമ്പലായി മാറുമ്പോൾ ഇത്രയും വർഷങ്ങൾക്കു ശേഷം താൻ പതിയെ തോറ്റുതുടങ്ങുന്നതായി പ്രിയംവദയറിയുന്നു.

നേരിൽക്കാണാത്ത ഏതൊക്കെയോ ശക്തികൾ ചേർന്ന് പല കോണുകളിലൂടെ ആക്രമിച്ച് കീഴ്പ്പെടുത്താൻ നോക്കുന്നതുപോലെ.

ഇത്രയും കാലം ഉള്ളിലുണ്ടെന്ന് വിശ്വസിച്ചിരുന്ന ആ കരുത്തുപോലും പതുക്കെ ചോർന്നു തുടങ്ങുകയാണ്. തനിച്ചായി പോകുന്നതിന്റെ നീറ്റൽ ഉള്ളിലിരുന്ന് വിങ്ങുമ്പോഴും നന്നേ പഴയൊരു ഓർമ്മ മനസ്സിലേക്കെത്തുകയാണ്.

മുത്തശ്ശിക്ക് തീരെ ഇഷ്ടമില്ലാതെ നടത്തിയ കല്യാണം. കല്യാണത്തിന്റെ തലേന്ന് സന്ധ്യയ്ക്ക് അറവാതിലിനു മുമ്പിൽ തൊഴുതുകൊണ്ട് നിൽക്കവെ ചേർത്തുനിർത്തി നെറുകയിൽ കൈവെച്ച് അനുഗ്രഹിക്കുമ്പോൾ മുത്തശ്ശിയുടെ കണ്ണുകൾ വല്ലാതെ നിറഞ്ഞിരുന്നു. ഇടറിയ ശബ്ദത്തിൽ മുത്തശ്ശി പറഞ്ഞു:

'മോൾക്ക് ചേർന്നതല്ലാന്ന് മുത്തശ്ശി അന്ന് പറഞ്ഞത് പഴമനസ്സില് തോന്നിയ ഒരു പൊട്ടത്തരംന്ന് കരുത്യാൽ മതി. മോളതൊന്നും കാര്യാക്കണ്ട. ഒരു മുത്തശ്ശീടെ അന്തമില്ലായ്മയെന്നന്നെ കൂട്ടിക്കോളൂ. എന്റെ മോൾക്ക് നല്ലതു മാത്രേ വരുള്ളൂന്ന് നല്ല നിശ്ചയംണ്ട് മുത്തശ്ശിക്ക്. എപ്പഴും നമ്മടെ ഭരദേവതെ മനസ്സില് വിചാരിച്ച് അങ്ങനെ തല ഉയർത്തിപ്പിടിച്ചു നടക്കാൻ നോക്ക്വാ. തല ഉയർത്തി നടക്കണ പെണ്ണിന്റെ മുമ്പില് ഒരാണും പത്തി നിവർത്തില്ല.'

മുത്തശ്ശിയുടെ, കാലപ്പഴക്കത്തിലും മായാത്ത, വീണയുടെ ഇമ്പമുള്ള ശബ്ദം ഇപ്പോഴും കാതിൽ.

തല ഉയർത്തി നടക്കണ പെണ്ണിന്റെ മുമ്പില് ഒരാണും പത്തി നിവർത്തില്ല.

അസ്വസ്ഥമായൊരു രാത്രിയുടെ ഭാരം കൺപോളകളെ അമർത്താൻ തുടങ്ങിയപ്പോൾ, മുമ്പേപോയ എല്ലാ പിതൃക്കളോടുമെന്നപോലെ പ്രിയംവദ പിറുപിറുക്കുകയായിരുന്നു.

'ഇല്ല, മുത്തശ്ശി. ഞാനൊരിക്കലും തോറ്റു കൊടുക്കില്ല. രഞ്ജിത്തിനോടു മാത്രമല്ല, ആരോടും.'

പതിമ്മൂന്ന്

വളരെ നാളുകൾക്കുശേഷം മീരയുടെ ഫോൺ വരുമ്പോൾ നീതു കരയുകയായിരുന്നു. മുഖം തുടച്ച് ശബ്ദം ആവുന്നത്ര മയപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും മീര അതു കണ്ടുപിടിച്ചുവെന്ന് തോന്നി.

'ഇന്നലെ രാത്രീല് ഞാൻ നീതൂന്റമ്മെ സ്വപ്നം കണ്ടല്ലോ. അന്നത്തെപ്പോലെ സെറ്റുമുണ്ടൊക്കെ ഉടുത്ത് ഒരു തനി നാടൻ വീട്ടമ്മയായി...നീതൂന്റെ അമ്മേടെ മടീല് ഞാൻ ഒരുപാട് നേരം കിടന്നൂട്ടോ. അമ്മ പതിവുപോലെ എന്നെ കൊഞ്ചിച്ചുകൊണ്ട് മുടീൽകൂടെ അങ്ങനെ വിരലോടിച്ചുകൊണ്ടിരുന്നു. നേരംവെളിച്ചായപ്പൊ എനിക്കങ്ങ് ഭയങ്കര വെഷമായീട്ടോ. നീതൂന്റമ്മെ ഒന്ന് കാണണമെന്ന് തോന്നി. അല്ലെങ്കില് ആ ശബ്ദം ഒന്ന് ഫോണീക്കൂടി കേൾക്കണമെന്ന്. പിന്നെ വിചാരിച്ചു, രാത്രിയാവട്ടെന്ന്. ഫോണിന്റെ ചാർജ്ജ്

കുറയുമല്ലോ. ആട്ടെ, തന്റെ അമ്മയ്ക്കൊന്ന് ഫോൺ കൊടുക്കുമോ? എത്ര നാളായി ആ ഒച്ച കേട്ടിട്ട്...'

'അതിന് ആളിവിടെ ഇല്ലല്ലോ മീരേ!'

അങ്ങനെ പറയാനാണ് തോന്നിയത്. പറഞ്ഞുകഴിഞ്ഞപ്പോൾ അത്രയ്ക്ക് ക്രൂരത വേണ്ടായിരുന്നെന്ന് തോന്നി.

'ആയിക്കോട്ടെ, നീതു, ഞാൻ നാളെ വിളിക്കാട്ടോ.'

കൂടുതലൊന്നും പറയാൻ നിൽക്കാതെ മീര ഫോൺ താഴെ വെച്ചപ്പോൾ പ്രിയംവദ ചോദിച്ചു:

'ആരാ മോളേ?'

'പഴയൊരു ഫ്രണ്ട്.'

നീതുവിന്റെ കണ്ണുകൾ വല്ലാതെ ചുവന്നിരുന്നു. മുഖത്ത് വിങ്ങി തടം കെട്ടിയ കുറെ കറുത്ത വടുക്കൾ.

സോഫയിൽ ചാരിക്കിടന്ന് എന്തോ വായിക്കാൻ നോക്കുകയായിരുന്നു പ്രിയംവദ. മകളുടെ തേങ്ങൽ ഇടയ്ക്ക് കാതിൽ വന്നുവീഴുന്നതുകൊണ്ട് വായനയിൽ ശ്രദ്ധിക്കാനാവുന്നില്ല.

ഏതാണ്ടൊക്കെ ഊഹിച്ചെടുക്കാൻ കഴിയുന്നുണ്ട് പ്രിയംവദയ്ക്ക്.

തടയണമെന്ന് തോന്നിയില്ല. കരഞ്ഞോട്ടെ. ഇത്തരം നിമിഷങ്ങളെ കരഞ്ഞ് ശമിപ്പിക്കാനാവുമെങ്കിൽ അതാവും ഭേദം. അതൊക്കെ പെൺമക്കളുടെ അവകാശം. എന്നെങ്കിലുമൊരിക്കൽ ഇങ്ങനെയൊന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അത് ഇത്രയ്ക്ക് തീവ്രമാകുമെന്ന് കരുതിയതല്ല. പല കാര്യങ്ങളും തങ്ങളേക്കാൾ നന്നായി അടയാളപ്പെടുത്തിയിടാനുള്ള കെൽപ്പുണ്ടെന്ന് കരുതിയിരുന്ന പുതിയ തലമുറ ഇപ്പോൾ ഒരുപാട് പുറകോട്ടു പോകുന്നതു പോലെ.

'നീതൂ, എന്റെ മോളേ!' അമ്മ പതുക്കെ വിളിക്കുകയാണ്.

നിതുവിന്റെ നനഞ്ഞു കുതിർന്ന് മെഴുക്കുപിടിച്ച മുഖത്തേക്ക് നോക്കാനാകുന്നില്ല അമ്മയ്ക്ക്. സോഫയുടെ മുകളിൽ കൈ പിണച്ച് മുഖം അതിൽ പൂഴ്ത്തി അവൾ നിറുത്താതെ ഏങ്ങലടിക്കുകയാണ്.

ബലമായി കൈകൾ പിടിച്ചകറ്റി, അതിൽനിന്ന് അവളുടെ മുഖം പുറത്തേക്കെടുക്കുമ്പോൾ ആ കണ്ണുകളിൽ എന്തൊക്കെയോ എരിഞ്ഞുകൂടുന്നത് അമ്മയ്ക്ക് കാണാനായി.

'ടെൽ മീ അമ്മാ? തുറന്നു പറയൂ. എന്തിനായിരുന്നു അതൊക്കെ? എന്തിനുവേണ്ടിയായിരുന്നു അതൊക്കെ?'

ഒന്നും പറയാനാകുന്നില്ല അമ്മയ്ക്ക്.

'ഡിഡ് യൂ റിയലി വാണ്ടിറ്റ്? ഇത്രയും കാലം തോന്നാത്ത വിധത്തിൽ ഇപ്പോൾ മനസ്സിലൊരു ഇടയിളക്കം. ബട്ട് വൈ? വാട്ട് ഫോർ?'

ഉള്ളിലുള്ളതു പറഞ്ഞൊതുക്കാൻ അവൾക്കൊരു മറുഭാഷയുടെ പിൻബലം വേണ്ടിവരുന്നതുപോലെ.

കൈകൾ പിണച്ച് ഞെരിച്ച്, മകളോട് പറയാൻ പറ്റിയ വാക്കുകൾ തേടുകയാണമ്മ.

മകളാണെങ്കിൽ അമ്മയുടെ ഇരുചുമലുകളും പിടിച്ച് ആഞ്ഞുകുലുക്കുകയാണ്.

'ടെൽ മീ അമ്മാ... എനിക്കൊരു മറുപടി വേണം.'

'മോളേ, ട്രൈ റ്റു അണ്ടർസ്റ്റാൻഡ് മീ! നമ്മളെന്നും നല്ല കൂട്ടുകാരായിരുന്നു. എന്നെപ്പറ്റിയുള്ള ഏത് കൊച്ചുകാര്യവും നിന്നോട് പറയാതിരുന്നിട്ടില്ല ഇതേവരെ. ഏതമ്മയും പറയാൻ മടിക്കുന്ന കാര്യങ്ങൾവരെ. കാണുമ്പോഴൊക്കെ എന്റെ നേർക്ക് വൃത്തികെട്ട നോട്ടങ്ങൾ എറിയാറുള്ള ചില പെർവെർട്ടുകളെപ്പറ്റി. നന്നേ പരിചയമുള്ളവരുടെ മുഖത്തുനിന്നുകൂടി ഓർക്കാപ്പുറത്തു വീഴുന്ന ചില വൾഗർ കമന്റുകളെപ്പറ്റി.'

'അങ്ങനെയൊക്കെ പറഞ്ഞിരുന്ന അമ്മയാണിപ്പോൾ തീരെ ചീപ്പായൊരു...'

അറിയാതെ പൊങ്ങിവന്ന വേണ്ടാത്തൊരു വാക്ക് മകൾ തിടുക്കത്തിൽ വിഴുങ്ങിയെങ്കിലും അതിന്റെ മുഴക്കം വലിയൊരു നടുക്കത്തോടെ തിരിച്ചറിഞ്ഞ അമ്മയുടെ ഒച്ച പതറി.

'നീതു, നീ ഓവർ റിയാക്റ്റ് ചെയ്യുകയാണ്.'

'സോ വാട്ട്...?' മകളുടെ ഒച്ച വീണ്ടും പൊങ്ങി.

'എനിക്ക് വേണെങ്കിൽ ഇത് നിന്നോട് പറയാതിരിക്കാമായിരുന്നു.'

'സോ യു വാണ്ടഡ് ടു ചീറ്റ് മീ ഓൺ ദാറ്റ്. അമ്മയ്ക്ക് വേണമെങ്കിൽ അതും സാധിക്കുമല്ലേ?' നിതുവിന്റെ കണ്ണുകൾ കത്തുകയാണ്.

പ്രിയംവദ വല്ലാതെ നടുങ്ങി. വിശ്വാസം വരാത്തതുപോലെ അവർ മകളുടെ നേർക്ക് പകച്ചുനോക്കി. തന്റെ മകൾ പൊടുന്നനെ എത്രയോ വലുതായതുപോലെ. തനിക്കും എത്രയോ മുകളിലായി ഉയരങ്ങളിൽ നിന്നുകൊണ്ട്, തന്നോട് ചെത്തിക്കൂർപ്പിച്ച് ചോദ്യങ്ങളെറിയാൻ, തന്നെ വിചാരണ ചെയ്യാൻ, ത്രാണിയുള്ള ഒരു മുതിർന്ന സ്ത്രീയായി...

'നീതുമോളേ...'

അമ്മയുടെ തൊണ്ട വരളുകയാണ്. അവർക്കൊന്നും ഉരിയാടാനാകുന്നില്ല. അപ്പോഴും അമ്മയുടെ ചുമലുകളിൽ പിടിച്ച് വല്ലാതെ അമർത്തുകയാണ്, അവൾ.

'എനിക്കൊരു കാര്യമറിയണം. വാട്ടീസ് സോ ഗ്രേറ്റ് ഇൻ ഹിം? താടിയും മുടിയും നരച്ച, മുഖം നിറയെ കുണ്ടുംകുഴികളുമുള്ള ഒരു അൺകൂത്ത് ഫെല്ലൊ! അല്ലാ അമ്മാ, എനിക്ക് തീരെ മനസ്സിലാവണില്ല. ഹൗ കുഡ് യു സ്റ്റാൻഡ് ഹിം? നിങ്ങളുടെ കുറെ ഗ്രൂപ്പ് ഫോട്ടോകൾ കണ്ടില്ലായിരുന്നെങ്കിൽ ആ വയസ്സൻ ചിമ്പാൻസിയെപ്പറ്റി ഇത്രയ്ക്കങ്ങ് രൂപം കിട്ടുമായിരുന്നില്ല.'

'നീതൂ, നീ വേണ്ടാതെ ഓരോന്ന് പറയുന്നു.' പ്രിയംവദ തപ്പിത്തടഞ്ഞാണ് പറഞ്ഞത്: 'അതിന് പാകത്തിന് എന്താവിടെ ഉണ്ടായത്?'

'അതൊക്കെ പറഞ്ഞുതരേണ്ടത് അമ്മതന്നെയാണ്.' മകളുടെ ഒച്ച പൊങ്ങി. 'എനിക്ക് അറിയേണ്ടതും അമ്മയിൽനിന്നുതന്നെയാണ്.'

'അദ്ദേഹം എന്റെ ഗുരുവാണ് നീതു.' അങ്ങനെ പറയുമ്പോൾ തന്റെ ശബ്ദത്തിന് വേണ്ടത്ര ഉറപ്പില്ലെന്ന് പ്രിയംവദയ്ക്കുതന്നെ തോന്നി.

'നോൺസെൻസ്! ഇങ്ങനെയാണോ ഗുരുശിഷ്യബന്ധം?'

നീതു അമ്മയുടെ കണ്ണുകളിലേക്കുതന്നെ തറപ്പിച്ചു നോക്കുകയാണ്. പൊടുന്നനേ അവളുടെ മുഖത്തെ പിരിമുറുക്കം ഒന്നയഞ്ഞു. ശബ്ദം ഒന്ന് തണുത്തു. അമ്മയുടെ തോളിൽ കൈയിട്ടുകൊണ്ട് അവൾ പിറുപിറുത്തു:

'സത്യം പറയൂ അമ്മാ. ഈ പ്രായത്തിൽ ഇനിയുമൊരു റീലേഷൻഷിപ്പ് വേണമെന്ന് അമ്മയ്ക്ക് തോന്നുന്നുണ്ടോ? അതും ഇത്രയും നീണ്ടൊരു ഇട വേളയ്ക്കുശേഷം. ഇത്രയും കാലം സ്വന്തമായൊരു മനസ്സും ശരീരവും, നല്ല പേരും കാത്തശേഷം...'

തന്റെ മൂർച്ചയുള്ള ചോദ്യങ്ങളെ നേരിടാനാകാതെ അമ്മ എഴുന്നേറ്റ് പതിയെ ഓഫീസ്മുറിയിലേക്ക് നടക്കുന്നത് മകൾ നിസ്സഹായതയോടെ നോക്കിയിരുന്നു. ഓർമ്മവെച്ചതിനുശേഷം, ആദ്യമായി തനിക്കിപ്പോൾ അമ്മയെ തീരെ മനസ്സിലാക്കാനാവുന്നില്ലല്ലോ. എത്രയോ വർഷങ്ങളായി എല്ലാ കെട്ടുപാടുകളിൽനിന്നുമകന്ന്, എല്ലാവരിൽനിന്നും ആവുന്നത്ര ദൂരം കാത്ത്, തന്റെ ജോലിയിൽ മാത്രം ശ്രദ്ധിച്ചിരുന്ന അമ്മയിൽ പെട്ടെന്ന് വന്ന ഈ മാറ്റം, തന്റെ എല്ലാ കണക്കുകൂട്ടലുകൾക്കുമപ്പുറം.

എന്നും ഞങ്ങൾക്കൊക്കെ ഒരു ഐക്കണായിരുന്നല്ലോ പ്രിയംവദാ മേനോൻ.

ആൺതുണയില്ലാതെ തനിച്ച് കഴിയുന്ന ഒരു സ്ത്രീയുടെ നേർക്ക് വരാവുന്ന കൂരമ്പുകളെപ്പറ്റി നന്നായറിയാവുന്ന കൂട്ടുകാരികൾ പറയാറുണ്ടായിരുന്നു, ആണുങ്ങളുടേതായ ഈ നാണംകെട്ട സമൂഹത്തിൽ നിന്റമ്മയെപ്പോലെ തല ഉയർത്തിപ്പിടിച്ച് നടക്കാനുള്ള തന്റേടമുണ്ടായിരുന്നെങ്കിൽ നമ്മുടെ നാട്ടിലെ പെണ്ണുങ്ങളൊക്കെ എന്നേ രക്ഷപ്പെടുമായിരുന്നുവെന്ന്.

ഒരച്ഛനില്ലാത്തതിന്റെ കുറവ് തീർക്കാനായി, ഒരു പത്തച്ഛനായി നിന്റെയമ്മ. ആ ചൈതന്യമുള്ള, മുഖത്തേക്കൊന്നു നോക്കിയാൽ മതിയാവുമല്ലോ, ലേശം ഉശിരൊക്കെ പകർന്നുകിട്ടാൻ. അപ്പോഴൊക്കെ കൂട്ടുകാരികളുടെ സ്വരത്തിൽ ആരാധനയെക്കാൾ കൂടുതൽ അസൂയയായിരുന്നു.

പ്രിയംവദയും അതുതന്നെ ഓർക്കുകയായിരുന്നു. ചൈതന്യമുള്ള, ഐശ്വര്യമുള്ള മുഖം!

അങ്ങനെയൊക്കെത്തന്നെയായിരുന്നല്ലോ ഡോക്ടർസാബും അന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നത്. ഒന്നര വർഷത്തെ കത്തിടപാടുകൾക്കിടയിൽ ഒരിക്കലും തെളിഞ്ഞ് കിട്ടാതിരുന്ന മുഖമാണല്ലോ ഇപ്പോഴൊരു മഹാവിസ്മയംപോലെ എന്റെ തൊട്ടുമുന്നിൽ. വിശ്വാസം വരാത്ത കണ്ണുകളോടെ അദ്ദേഹം അത് പറഞ്ഞുവച്ചപ്പോൾ അത് ആണുങ്ങളുടെ ഒരു പതിവ് ചപ്പടാച്ചിയായി മാത്രം കാണാനാണ് പ്രിയംവദ ഇഷ്ടപ്പെട്ടത്.

ആദ്യത്തെ കാഴ്ചയിലെ വിസ്മയം ഇപ്പോഴും ബാക്കിനിൽക്കുന്നല്ലോ എന്റെ പ്രിയംവദാ, എന്ന് വീണ്ടും ആവർത്തിച്ചപ്പോൾ ഏതാണ്ട് പാതിയും വിശ്വസിക്കാമെന്നായി.

അവരിപ്പോൾ അതേ ജനാലയ്ക്കരികിലാണ്. അഞ്ചാം നിലയിൽനിന്ന് കാണാവുന്ന കനംകുറഞ്ഞ ഇരുട്ടിലേക്ക് നോക്കി നിൽക്കുകയാണ് പ്രിയംവദ. മൂടിക്കെട്ടി നിൽക്കുന്ന ആകാശത്തിനു താഴെ വായുവിൽ വല്ലാത്തൊരു പുഴുക്കം.

തൊട്ടടുത്ത് നീതു ഉറക്കെ ശ്വാസം വലിക്കുന്നത് കേൾക്കാം. അവളുടെ മുഖത്തേക്ക് നോക്കാനാവുന്നില്ല. നാലിഞ്ച് ഉയരക്കൂടുതലുള്ള മകൾ ഇപ്പോൾ അതിൽ കൂടുതൽ ഉയരത്തിൽ.

'അമ്മയൊന്നും പറഞ്ഞില്ല...'

നീതുവിന്റെ ശബ്ദത്തിൽ ഇപ്പോൾ ഒരു പോറ്റമ്മയുടെ വാത്സല്യം. ലേശം പശ്ചാത്താപം കലർന്ന കനിവ്.

അൽപ്പം കഴിഞ്ഞ് പ്രിയംവദ മെല്ലെ പറഞ്ഞു:

'ഒരു കാര്യവുമില്ലാതെ, നീ വെറുതെ എക്സൈറ്റഡ് ആകുകയായിരുന്നല്ലോ, മോളേ! ഒക്കെ പെയ്തൊഴിയട്ടെയെന്ന് കരുതി ഞാനും മിണ്ടാതിരുന്നു. പിന്നെ, നീ വളരെ കാഷ്വലായി, തീരെ വീണ്ടുവിചാരമില്ലാതെ ഉപയോഗിച്ച ആ റിലേഷൻഷിപ്പെന്ന വാക്കിന് നമ്മുടെ സമൂഹം കൊടുത്തിരിക്കുന്ന അർത്ഥമെന്താണെന്ന് ആലോചിച്ചു നോക്കിയിട്ടുണ്ടോ, എപ്പോഴെങ്കിലും? തീരെ കേൾക്കാൻ കൊള്ളാത്തൊരു അർത്ഥംതന്നെ. രണ്ടു വ്യക്തിത്വങ്ങളെ പരസ്പരം പൂരിപ്പിക്കാനാവുന്ന, വളരെ തീവ്രമായൊരു കൂട്ടുകെട്ടിനെപ്പറ്റി നമ്മുടെ കൂട്ടർക്ക് സങ്കല്പിക്കാൻപോലുമാവില്ലല്ലോ. എല്ലാ കണ്ണുകളിലും ആണും പെണ്ണും തമ്മിൽ ഒരേയൊരു ബന്ധം മാത്രം.'

തീരെ താത്പര്യമില്ലാതെ കേട്ടുകൊണ്ടു നിൽക്കുകയായിരുന്നു നീതു. മറ്റൊരു ചുറ്റുപാടിലായിരുന്നെങ്കിൽ അമ്മയുടെ വായിൽനിന്ന് വീഴുന്ന ഓരോ വാക്കും താൻ ആർത്തിയോടെ വിഴുങ്ങുമായിരുന്നല്ലോ എന്നവൾ ഓർത്തു.

'ഡോക്ടർസാബിനെ ഒരു ഗുരുവായി മാത്രമേ എനിക്ക് കാണാനാകൂ. ഒരർത്ഥത്തിൽ ഗുരുക്കളുടെയും ഗുരു. അദ്ദേഹത്തിനുള്ള ഏതു സമർപ്പണവും ഒരർത്ഥത്തിൽ ഗുരുപൂജ മാത്രം. ഗുരുദക്ഷിണ മാത്രം. പിന്നെ, അന്ന് കുറച്ച് നേരം ചെലവഴിക്കുന്നതിനെ പറ്റി അദ്ദേഹം സൂചിപ്പിച്ചപ്പോൾ, അതിൽ വലിയ പന്തികേടൊന്നും തോന്നിയില്ല. ആഫ്റ്ററോൾ, വീയാറാൾ മെച്ച്യൂർ ഇനഫ്!'

'മെച്യൂരിറ്റി, മൈ ഫുട്ട്!' നീതുവിന്റെ മുഖം വീണ്ടും വലിഞ്ഞു മുറുകുകയാണ്. അമ്മയുടെ മുഖത്തേക്ക് നോക്കാതെ അവളും പുറത്തെ ഇരുട്ടിനോട് എന്തൊക്കെയൊ വിളിച്ചുപറയുകയാണ്. 'പ്രൊഫസറാണത്രെ. ദാറ്റ് ഓൾഡ് ബാന്റിക്കൂട്ട്! എന്റെ അമ്മയുടെ നേർക്ക് വൃത്തികെട്ട നോട്ടമെറിയാൻ എങ്ങനെ ആ കിഴവന് കഴിഞ്ഞു? ഐ വുഡ് ഹാവ് കിൽഡ് ഹിം. ദാ, ഇങ്ങനെ കഴുത്ത് ഞെരിച്ച്... ലൈക്ക് ദിസ്, ലൈക്ക് ദിസ്...! ഒരു വയസ്സനെ ഞെക്കിക്കൊല്ലാനുള്ള കരുത്തൊക്കെ ഈ നീതുവിന്റെ കൈകൾക്കുണ്ട്."

വല്ലാതെ നടുങ്ങിപ്പോകുകയാണ് പ്രിയംവദ.

'നീതൂ,മോളേ! എന്തൊക്കെയാണ് നീയീ പറഞ്ഞുകൂട്ടുന്നത്? സ്വന്തം വാക്കുകളെ സൂക്ഷിക്കണമെന്ന് ഞാൻ എപ്പോഴും പറയാറില്ലേ? പറഞ്ഞു വച്ച വാക്കും എയ്തുവിട്ട അമ്പും...'

'നമുക്കിടയിൽ ടെക്സ്റ്റ്ബുക്കുകളിലെ വാചകങ്ങൾ വേണ്ടാമ്മേ. ഒക്കെ എനിക്ക് നന്നായിട്ട് മനസ്സിലാവുന്നുണ്ട്. പലരേയുംപറ്റി കൂട്ടുകാരികൾ ഓരോന്നു പറഞ്ഞ് കേട്ടിട്ടുണ്ടെങ്കിലും, ഇങ്ങിനെയൊരു സീൻ നമുക്കിടയിൽ ഒരിക്കലും വേണ്ടിവരുമെന്ന് കരുതിയിരുന്നില്ലല്ലോ. പ്രിയംവദാമേനോന്റെ മകളായിരിക്കുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അഭിമാനമായിരുന്നു. മനുഷ്യശക്തിയുടെ പ്രയോഗത്തെപ്പറ്റി ധാരാളം പ്രബന്ധങ്ങൾ എഴുതിയിട്ടുള്ള പ്രിയംവദാമേനോന് ഒരുപക്ഷേ, ശരിക്ക് കാണാനാൻ കഴിയാത്തത് തന്റെ മകളുമായുള്ള ബന്ധം മാത്രമായിരിക്കണം.'

മകളുടെ വാക്കുകൾ മലവേടന്റെ വിഷം പുരട്ടിയ അമ്പുകളാകുമ്പോൾ തടുക്കേണ്ടത് എങ്ങനെയെന്ന് ഒരു രൂപവും കിട്ടുന്നില്ലല്ലോ അമ്മയ്ക്ക്.

'അല്ലാ, അമ്മയ്ക്കിനി ആരോടെങ്കിലും അങ്ങനെയൊരു റിലേഷൻഷിപ്പ് ശരിക്കും വേണമായിരുന്നെങ്കിൽ ഞാനതിന് ഒരിക്കലും എതിര് നിൽക്കില്ലായിരുന്നു. ഞാനത്രയ്ക്ക് പൊസ്സസ്സീവാണെന്നൊന്നും കരുതണ്ടാ. സ്വന്തം അമ്മയെ മറ്റൊരാളുമായി പങ്കുവേക്കേണ്ടി വരുന്നതിന്റെ വിഷമമല്ല. കുറെയൊക്കെ എനിക്കും മനസ്സിലാവുന്നതാണ് പെണ്ണിന്റെ മനസ്സ്.'

സങ്കടം തള്ളിക്കയറി വരികയാണ് നീതുവിന്റെ ഉള്ളിൽ. ഒരേ വാക്കുകൾ എത്ര തവണ ആവർത്തിച്ചിട്ടും പറയാനുള്ളതിന്റെ വലിയ ഭാഗവും ഉള്ളിൽത്തന്നെ ബാക്കികിടക്കുന്നതുപോലെ.

'എന്നാലും ആ വൃത്തികെട്ട മനുഷ്യൻ! പോട്ടെ, അയാളെപ്പോലും ഞാൻ സഹിക്കുമായിരുന്നു. പക്ഷേ, എനിക്കൊരു ചെറിയ സൂചനപോലും തരാതെ അമ്മ ഇങ്ങനെ ഒളിഞ്ഞും മറഞ്ഞും... കോളേജിലെ ഓരോരുത്തരുടെ കൊച്ചു കൊച്ചു കുരുത്തക്കേടുകൾ വരെ ഞാനിവിടെവന്ന് പറയുമായിരുന്നല്ലോ. നമ്മള് രണ്ടുപേരും നല്ല ഫ്രണ്ട്സാണെന്നും നമുക്കിടയിൽ യാതൊരു രഹസ്യങ്ങളുമില്ലെന്നും ഞാൻ അഭിമാനത്തോടെ പറയുമ്പോൾ വലിയ അസൂയയായിരുന്നു കൂട്ടുകാരികൾക്കൊക്കെ. എന്നിട്ടും ഇത്രയും വലിയൊരു രഹസ്യം ഉള്ളിലൊതുക്കിവയ്ക്കാൻ എന്റെ അമ്മയ്ക്കു കഴിഞ്ഞല്ലോ. അതിന്റെ സൂചനകൾ എന്നെ തേടി വരുന്നതോ ഗോവയിൽ നിങ്ങളുടെ ഒപ്പമുണ്ടായിരുന്ന ആരോ അയച്ച ചില വൃത്തികെട്ട ഊമക്കത്തുകളിലൂടെ...'

ഊമക്കത്തുകൾ!

പ്രിയംവദ വല്ലാതെ ചൂളിപ്പോയി. അങ്ങനെയൊരു സാദ്ധ്യതയെപ്പറ്റി ആലോചിച്ചിരുന്നതുപോലുമില്ലല്ലോ ഇതേവരെ.

മുമ്പിലുള്ള വഴികളെല്ലാം അടഞ്ഞപ്പോൾ ധൈര്യം മാടിപ്പിടിക്കാൻ നോക്കുകയായി.

'നി പഴയതുതന്നെ വീണ്ടും ആവർത്തിക്കുകയാണ്. ഇവിടെ റിലേഷൻഷിപ്പിന്റെ പ്രശ്നമെവിടെ?'

'അമ്മ കള്ളം പറയുന്നു! നാണമില്ലാതെ കള്ളം പറയുന്നു!' മകൾ പൊടുന്നനെ മുഖം തിരിച്ച്, തോളിൽ ചുറ്റിപ്പിടിച്ച്, ആ കണ്ണുകളിലേക്കുതന്നെ ഉറ്റുനോക്കി, അവിടെ എന്തൊക്കെയോ തിരയുകയാണ്.

സൂര്യവെളിച്ചത്തിന്റെ എരിയുന്ന കുന്തമുനകളായി തുളഞ്ഞുകയറുന്ന ആ നോട്ടത്തെ നേരിടാനാകാതെ അമ്മ മുഖം തിരിച്ചു.

'കള്ളമല്ലല്ലോ മോളേ.' തിരെ ഉറപ്പില്ലാത്ത ശബ്ദം.

'കള്ളംതന്നെ, എനിക്ക് നല്ല ഉറപ്പാണ്. ഈ ഗോവയാത്ര മുതൽ എല്ലാമെല്ലാം നേരത്തേ പ്ലാൻ ചെയ്തതാണ്. അതിനൊരു മറയായി ഒരു പേപ്പർ അവതരണം. അതിലൊരു മീനാക്ഷിപ്പാളയവും, മുനിയാണ്ടിയും കൂട്ടരുമൊക്കെ. ആരെ കളിപ്പിക്കാനായിരുന്നു ഈ നാടകങ്ങളൊക്കെ?'

തന്റെ ഉടലാകെ വിറകൊള്ളുന്നത് പ്രിയംവദയറിഞ്ഞു. ഇവൾ, എന്റെ നേർപാതിയായ മകൾ, ഞാൻ പെറ്റിട്ട ഈ കിളുന്ത് പെൺകുട്ടി, ഇപ്പോൾ എന്നെ നിരത്തുവക്കത്തെ കത്തുന്ന പകൽവെളിച്ചത്തിൽ നിറുത്തി, മാലോകർ കാൺകെ ഉടയാടകളാകെ ഉരിഞ്ഞുമാറ്റി, വിചാരണ ചെയ്യാൻ നോക്കുകയാണല്ലോ.

പ്രിയംവദയ്ക്ക് താങ്ങാനായില്ല. മകളെ ഊക്കോടെ തള്ളിമാറ്റിക്കൊണ്ട് അവർ അലറി:

'മതി നീതൂ, ഇത്രയും മതി! ജീവിതം എന്താണെന്നറിയാത്ത, ലോകം കാണാത്ത നീ, എന്നെ നാണം കെടുത്തി പരസ്യവിചാരണ ചെയ്യാൻ നോക്കുകയാണോ? എന്തുകരുതി അവനവനെപ്പറ്റി? ഈ ലോകത്തെ എല്ലാ വാല്യൂസിന്റെയും അളവുകോലും, അവസാനത്തെ വാക്കുമാകാൻ നോക്കുകയാണോ നീ? ആര് തന്നു അത്തരമൊരു അധികാരം നിനക്ക്? ഇതിനു വേണ്ടിയായിരുന്നോ ഞാൻ നിന്നെ വളർത്തി വലുതാക്കിയത്? അച്ഛനും അമ്മയും കൂട്ടുകാരിയുമൊക്കെയായി, ഇത്രയും കാലം, തനിച്ച്, ഒരുപാട് കഷ്ടപ്പെട്ട്...'

തൊണ്ട ഇടറുകയാണ്. താനേ പൊങ്ങിക്കയറി വരുന്ന വാക്കുകൾ ചിലപ്പോൾ അറിയാതെ പതറിപ്പോകുന്നു.

അമ്മ ഓർക്കാപ്പുറത്ത് ഉന്തിമാറ്റിയപ്പോൾ നിലതെറ്റി വീണെങ്കിലും നീതു പെട്ടെന്ന് ചാടിയെഴുന്നേറ്റു. അവളുടെ മുഖഭാവമാകെ മാറുന്നത് തെല്ലൊരു ഭീതിയോടെ അമ്മ കണ്ടു. അവളുടെ ഇരുണ്ട് കരുവാളിച്ച മുഖത്ത് ഇപ്പോൾ തീരെ ചോരയോട്ടമില്ല. പണ്ടെന്നോ ഒരു ഏറ്റുമുട്ടലിന്റെ അന്ത്യത്തിൽ രഞ്ജിത്തിന്റെ മുഖത്ത് കാണായ അതേ പിശാചിന്റെ ഭാവംതന്നെ.

രഞ്ജിത്തിന് അരിശം കയറുന്നത് എപ്പോഴും പെട്ടെന്നായിരിക്കും. പിന്നെ പിശാചിന്റെ മുഖം കിട്ടാൻ ഏതാനും നിമിഷങ്ങൾ മാത്രം. ഹിസ്റ്റീരിക്കായ മട്ടിൽ അലറിവിളിച്ചുകൊണ്ട് പാത്രങ്ങൾ വലിച്ചെറിയുന്നതും, ഫ്ളവർവേസുകൾ എറിഞ്ഞുടയ്ക്കുന്നതും, പുസ്തകങ്ങൾ വലിച്ചുകീറുന്നതുമൊക്കെ തടയാൻ ശ്രമിക്കാതെ വെറുതെ നോക്കിനിൽക്കാനേ അപ്പോൾ കഴിയുമായിരുന്നുള്ളൂ. അത്തരമൊരു ഭ്രാന്തിന്റെ നിമിഷത്തിലാണ് അലമാരിയിലെ സാരികളെല്ലാം വലിച്ചുവാരി താഴെയിട്ട് ആ വിലപിടിച്ച വിവാഹസാരി കത്രികകൊണ്ട് വെട്ടിമുറിച്ചത്. അപ്പോഴൊക്കെ സംഭവിക്കുന്നതെന്തെന്ന് മനസ്സിലാക്കാനാവാതെ പേടിച്ചരണ്ട് സാരിത്തുമ്പിൽ തൂങ്ങി പിന്നിലൊളിച്ച് നിൽക്കുകയായിരുന്നു പാവം നീതു.

എത്രയൊക്കെ കരുതലോടെ വളർത്തിയിട്ടും ഒടുവിൽ ഇവൾ രഞ്ജിത്തിന്റെ മകൾതന്നെയായിരിക്കുന്നല്ലോ ഈശ്വരാ! പ്രിയംവദയ്ക്ക് തീരെ സഹിക്കാനാവുന്നില്ല.

'നോക്കൂ അമ്മാ,' വിരൽ ചൂണ്ടിക്കൊണ്ട് അടുക്കുകയാണ് നീതു. 'അമ്മയിപ്പോൾ എന്നെ തള്ളിമാറ്റിയത് എവിടന്നാണെന്നറിയ്യോ, സ്വന്തം മടിത്തട്ടിൽനിന്ന്, സ്വന്തം ജീവിതത്തിൽനിന്നുതന്നെ.'

'നീതൂ,' അമ്മ പേടിയോടെ വിളിക്കുകയാണ്: 'എന്തു പറ്റി, എന്റെ പൊന്നുമോളേ നിനക്ക്? കമോൺ, കൺട്രോൾ യുവർസെൽഫ്. അരുതാത്തതൊന്നും പറഞ്ഞുപോകല്ലേ മോളേ.'

ഇപ്പോൾ അമ്മ കരയാതിരിക്കാൻ പണിപ്പെടുകയാണ്. കരയരുത്. മകളുടെ മുമ്പിൽ കരഞ്ഞാൽ അതോടെ ഞാൻതന്നെ ഇല്ലാതാകുകയാണ്.

കടിച്ചുപിടിച്ചു നിൽക്കുന്നതിനിടയിൽ അറിയാതെതന്നെ ചില വാക്കുകൾ തെറിച്ചു വീണു.

'ഒടുവിൽ, ഇത്രയും കാലത്തിനുശേഷം, നീ രഞ്ജിത്തിന്റെ മകളായിരിക്കുന്നു, അല്ലേ? രഞ്ജിത്തിന്റെ ചോരയ്ക്ക് മാത്രമേ നിന്നെക്കൊണ്ട് ഇങ്ങ

നെയൊക്കെ പറയിക്കാൻ കഴിയൂ. ഒരുപക്ഷേ തെറ്റു പറ്റിയത് എനിക്കുതന്നെ. ചോരയുടെ ശക്തി ഞാനിപ്പോൾ നന്നായി തിരിച്ചറിയുന്നു. സ്വന്തം ഉടലിൽ ചേർത്തുവച്ച് വളർത്തി ഞാൻ. ദൈവങ്ങൾക്കുപോലും വിട്ടുകൊടുക്കാതെ ചിറകുകൾക്കിടയിൽ ഒളിച്ചുവച്ച് നടന്നു. അപ്പോഴൊക്കെ നിനക്കൊരിക്കലും അയാളുടെ മകളാകാൻ കഴിയില്ലെന്നുതന്നെ വിശ്വസിച്ചു ഞാൻ.'

'അതിൽ നാണിക്കുന്നതെന്തിന്? അഭിമാനിക്കുകയല്ലേ വേണ്ടത്? കാര്യങ്ങൾ തിരിച്ചറിയാൻ വയ്യാത്ത പ്രായത്തിൽ വിട്ടുപോയ അച്ഛൻ. എത്രയോ തവണ വിലക്കിയിട്ടും കടലുകൾക്കപ്പുറം, മറ്റൊരു ഭൂഖണ്ഡത്തിൽനിന്ന് ഇടയ്ക്കൊക്കെ ഒളിഞ്ഞും മറഞ്ഞും ഫോൺ ചെയ്യാറുണ്ടായിരുന്ന അച്ഛൻ. അച്ഛൻ എന്തിനാണ് വിട്ടുപോയതെന്ന് തിരക്കണമെന്ന് ഒരിക്കലും തോന്നിയിരുന്നില്ല, ഇതേവരെ. പക്ഷേ, ഇപ്പോൾ അത് വേണമെന്ന് തോന്നിപ്പോകുന്നു. പെർഹാപ്സ് ഹീ വാസ് റൈറ്റ്! ഞാനിപ്പോൾ ആ മനുഷ്യനെ വേറൊരു വെളിച്ചത്തിൽ കാണാൻ തുടങ്ങിയിരിക്കുന്നു. എനിക്കങ്ങേരോട് അൽപ്പം ദയപോലും തോന്നിത്തുടങ്ങിയിരിക്കുന്നു. തെറ്റോ ശരിയോ ആകട്ടെ, ഐ ഡോണ്ട് കെയർ.'

രഞ്ജിത്തിനോട് ദയ! തങ്ങളെ ഒരു കീറിയ പഴന്തുണിക്കെട്ടുപോലെ വലിച്ചെറിഞ്ഞ് കടന്നുപോയ രഞ്ജിത്തിനോട് അൽപ്പം ദയ.

സോഫയിലേക്ക് കുഴഞ്ഞുവീഴുകയാണ് പ്രിയംവദ.

'നീതൂ, എന്റെ മോളേ.'

ഒരമ്മയ്ക്ക് ഒരിക്കലും മനസ്സിലാക്കാനാവാത്ത നിമിഷം. ഒരു കിളിക്കുഞ്ഞിനെപ്പോലെ ഇത്രയും കാലം തന്നോട് അള്ളിപ്പിടിച്ച് നിന്നിരുന്ന മകൾ ഒരു ശപിക്കപ്പെട്ട നിമിഷത്തിൽ നിവർന്നുനിന്ന് തന്റെ നേർക്കു നോക്കി കുറെ അസുഖകരമായ ചോദ്യങ്ങളെറിയുന്നു. ഒരമ്മയ്ക്കും കേട്ടു നിൽക്കാനാവാത്ത, ഉത്തരമില്ലാത്ത കുറെ ചോദ്യങ്ങൾ.

ഒടുവിൽ അവൾ തന്നെ സ്വയം വിധിയുമെഴുതുന്നു. താൻ അച്ഛന്റെ മകൾ തന്നെയാണെന്ന്. ഈ ജന്മത്തിൽ തനിക്ക് ഏറ്റവുമധികം വെറുക്കാൻ കഴിഞ്ഞ മനുഷ്യൻ. നിമിഷങ്ങളുടെ ഇടവേളകൾക്കിടയിൽ ചെകുത്താനും ദൈവവുമായി മാറാൻ കെൽപ്പുണ്ടായിരുന്ന ഒരു വിചിത്രമനുഷ്യൻ. അയാളിലെ ദൈവത്തെയും ചെകുത്താനെയും ഒരുപോലെ വെറുത്തിരുന്നല്ലോ താൻ.

'എനിക്കല്പം സമയം വേണം, വലിയൊരു തീരുമാനമെടുക്കാനായി,' ഉറച്ച സ്വരത്തിൽ നീതു പറയുന്നത് കേട്ടു: 'കൂടിവന്നാൽ രണ്ടോ മൂന്നോ ദിവസം. ഒന്നുരണ്ട് ഐ.എസ്.ഡി. കാളുകൾ അമേരിക്കയിലേക്ക്. ഞാൻ ആരുമില്ലാത്തവളാണെന്ന് കരുതണ്ടാ നിങ്ങളാരും. എനിക്കും കാണും, ചോദിക്കാനും പറയാനും ആരെങ്കിലുമൊക്കെ.'

മേലാകെ തളരുന്നത് പ്രിയംവദയറിഞ്ഞു. അയഞ്ഞ ഞരമ്പുകളിലൂടെ ഒരു പ്രളയകാലത്തിന്റെ തണുപ്പ് ഒഴുകിയിറങ്ങുകയാണ്. ആലംബമില്ലാത്ത ഉടൽ വിറകൊള്ളുമ്പോൾ ശോഷിച്ചുപോയ കൈകൾ ഉയർത്തി വെറുതെ തടയാൻ നോക്കുകയാണ്.

'നോ മോളേ, അരുത്! നിന്റെ മനസ്സിപ്പോൾ വേണ്ടാത്ത വഴികളിലൂടെ കടന്നുപോകുകയാണ്. ഇരുട്ടും ചെളിയും കലർന്ന വഴികൾ. ഇത് അപകടമാണ്. കൺട്രോൾ യുവർസെൽഫ്.'

ആർക്കും വേണ്ടാത്തൊരു മുഷിഞ്ഞ ഭാണ്ഡക്കെട്ടുപോലെ സോഫയിൽ കുഴഞ്ഞ് കൂടിക്കിടക്കുന്ന അമ്മയുടെ ശരീരത്തിലേക്ക് വെറുപ്പോടെ തുറിച്ചു നോക്കിക്കൊണ്ട് മകൾ തൊട്ടടുത്ത് നിൽക്കുന്നത് പ്രിയംവദയ്ക്ക് കാണാം. സോഫയുടെ പിടിയിൽ കൈയൂന്നുമ്പോൾ അവളുടെ മുഖത്ത് രഞ്ജിത്തിന്റെ അതേ ക്രൂരത. ശിലായുഗത്തിലെ വേട്ടക്കാരന്റെ എരിഞ്ഞു കയറുന്ന കണ്ണുകൾ. ഞെരിയുന്ന പല്ലുകൾക്കിടയിലെ നേർത്ത വിടവുകളിലൂടെ വിഷമയമുള്ള കാറ്റൂതി വരുന്നതുപോലെ. ഇരയെ ഓടിച്ചിട്ട് തളർത്തി കൊടും വിഷം പുരട്ടിയ അമ്പെയ്ത് വീഴ്ത്തിയ വേടന്റെ പകനിറഞ്ഞ കിതപ്പ്.

തളർന്നു കുഴഞ്ഞ് അണയ്ക്കുന്ന വേട്ടമൃഗത്തിന്റെ നേർക്ക് ക്രൂരമായ പകയോടെ നോക്കുകയാണ്.

ഇപ്പോൾ ഇവൾ, ഈ പെൺകുട്ടി, എന്റെ ആരുമല്ലാതാകുന്നു. ഏറെ വൈകിയാണെങ്കിലും ഈ ലോകത്ത് എനിക്കും ആരുമില്ലെന്ന് തിരിച്ചറിയുന്നു. ഇവൾ ഏതോ ഒരു രഞ്ജിത്തിന്റെ മകൾ. പരസ്പരം സ്നേഹിക്കാനാവാത്ത രണ്ടുപേർ അനാവശ്യമായി ഇണചേർന്നുണ്ടായ സന്തതി.

'നോക്കൂ പ്രിയംവദാമ്മേ, അവസാനമായിട്ട് എനിക്കൊരു കാര്യമറിയണം. അതറിഞ്ഞേ തീരൂ.'

തല ഉയർത്താൻ മടിക്കുകയാണ് അമ്മ.

'അമ്മ അയാളുടെ ഹോട്ടൽമുറിയിൽ പോയിരുന്നോ?'

വായ തുറക്കാനാകാതെ ചുണ്ടുകൾ താനേ ഒട്ടിപ്പിടിക്കുമ്പോൾ വല്ലാതെ തരിച്ചുപോകുകയാണ് അമ്മ.

'പറയൂ, എനിക്കൊരു മറുപടി വേണം. ഐ വാണ്ട് എ സ്ട്രെയിറ്റ് ആൻസർ.'

തന്റെ തൊണ്ടക്കുഴിയിലൂടെ ഒരു ലോഹദ്രാവകം ഒലിച്ചിറങ്ങിപ്പോകുന്നത് പ്രിയംവദയറിയുന്നു. കരിയാവുന്ന തൊണ്ടക്കുഴലുകളെല്ലാം കരിച്ച്, എല്ലാ നീരോട്ടവും വലിച്ചെടുത്ത്...

അല്പംകൂടി അടുത്തു വരികയാണ് നീതുവിന്റെ മുഖം.

'മനസ്സിന്റെ വഴിവിട്ട യാത്രകളെപ്പറ്റി എന്നെയാരും ക്ലാസ്സുമുറികളിൽ പഠിപ്പിക്കേണ്ട. പക്ഷേ, എനിക്കത് അറിഞ്ഞേ പറ്റൂ. എന്തിനാണമ്മ അയാളുടെ മുറിയിൽ പോയത്?'

മറുപടി കിട്ടാതായപ്പോൾ ഒച്ച ഒന്നുകൂടി പൊങ്ങുകയാണ്.

'ആ മുറിയിൽ പോയിട്ട്... പിന്നെ?'

അനക്കമില്ല.

'പിന്നെ... പിന്നെ എന്തുണ്ടായി?'

അനങ്ങാനാകാതെ, ഒരക്ഷരം ഉരിയാടാനാകാതെ, ആകെ തണുത്തുറഞ്ഞു പോകുകയാണ് പ്രിയംവദ.

ഒന്നു നിറുത്തിയിട്ട് അവൾ അലറിവിളിക്കുകയാണ്.

'കമോൺ, ആൻസർ മീ! എനിക്കൊരു മറുപടി വേണം. അതിനുള്ള അർഹത ഒരു മകൾക്കുണ്ട്. ഈവൻ എ റിയലി ഡേർട്ടി ആൻസർ!'

പ്രാചീനമായൊരു ക്രൂരതയോടെ മകൾ ആ ചോദ്യം ഒരിക്കൽകൂടി ആവർത്തിച്ചിട്ടും പ്രിയംവദ അനങ്ങിയില്ല. അവരുടെ നോട്ടം തന്നെയും കടന്ന് ജനാലയ്ക്കപ്പുറത്തെ ഈർപ്പം മുറ്റിയ ഏതോ ഇരുട്ടിൽ ചെന്നുവീഴുന്നത് അക്ഷമയോടെ കാത്തുനിന്നിരുന്ന മകളും ശ്രദ്ധിച്ചില്ല. അവൾക്കൊരു

കണിശമായ മറുപടി വേണമായിരുന്നു. അതും അപ്പോൾ, അവിടെവച്ചു തന്നെ.

പക്ഷേ, ഒരു മറുപടി കൊടുക്കാനുള്ള കരുത്ത് തണുപ്പ് കയറി മരവിപ്പ് പിടിച്ച ആ ശരീരത്തിനില്ലായിരുന്നു. ഒരമ്മയ്ക്കും സ്വന്തം മകളിൽനിന്ന് കേൾക്കാനാവാത്തൊരു ചോദ്യം. ഇരുന്ന ഇരുപ്പിൽ തനിക്ക് ചുറ്റുമുള്ളതെല്ലാം കുഴമഞ്ഞിൽ ഉറഞ്ഞുപോകുന്നത് പ്രിയംവദയറിഞ്ഞു. ഈ മുറിയും അതിനകത്തുള്ള ഞാനും എന്റെ പ്രിയപ്പെട്ട മകളുമടക്കം, എല്ലാമെല്ലാം. എന്റെ ശരിരത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്ന ഒട്ടേറെ ഞരമ്പുകൾ. അവയിലൂടെ ഒഴുകി നടക്കുന്ന ചോര. കേട്ടറിവുള്ള അവയവങ്ങളും, കോശങ്ങളും. എന്റെ മജ്ജ. എന്റെ പ്രജ്ഞ.

അപ്പോഴും വെളിവില്ലാതെ എന്തൊക്കെയോ പുലമ്പുകയായിരുന്നു നീതു.

ഏറെ കഴിഞ്ഞ് കലിയൊന്നടങ്ങിയപ്പോൾ കിതപ്പോടെ ആടിയാടി രണ്ടു ചുവടു വെച്ച്, പിന്നെ ചുമരിൽ ചാരി അവൾ നിന്നു. അപ്പോൾ എതിരെയുള്ള നിലക്കണ്ണാടിയിൽ കാണായ തന്റെ വികൃതമായ രൂപം അവളെ വല്ലാതെ ചൊടിപ്പിച്ചിരിക്കണം. തന്റെ സ്ഥാനത്ത് അച്ഛനായിരുന്നെങ്കിൽ ആദ്യം തകരുന്നത് ആ കണ്ണാടിയായിരിക്കുമെന്ന് അവൾ ഓർത്തു.

സോഫയിൽ തണുത്തുറഞ്ഞിരിക്കുന്ന തന്റെ അമ്മയെ ഒന്നു തൊട്ടുണർത്തണമെന്ന് അപ്പോഴവൾക്ക് തോന്നിയില്ല. പിന്നെ തന്റെ ആ ചോദ്യത്തിനുള്ള മറുപടിയും.

ആ മറുപടി ഒരിക്കലും കിട്ടാതിരുന്നെങ്കിൽ, എന്നവൾ പെട്ടെന്ന് ആശിച്ചു പോയി.

അത് അമ്മയുടെ മുഖത്തുനിന്ന് കേൾക്കാനുള്ള ശക്തി തനിക്കില്ലല്ലോ. അവരുടെ ചോര വാർന്ന് വിളറിയ മുഖം തനിക്ക് കേട്ടുനിൽക്കാനാവാത്ത, അരുതാത്ത എന്തൊക്കെയോ ഉറക്കെ വിളിച്ചുപറയാൻ നോക്കുന്നതുപോലെ.

പിന്നെ താടിക്കു താഴെ, കഴുത്തിന്റെ മുകൾഭാഗത്തായി, കാണായ ആ ചെറിയ മുറപ്പാട്.

ഒരു ചെറിയ മുറിപ്പാട്.

ഒരുപക്ഷേ, വെളുത്ത് തുടുത്ത മൃദുവായ ആ ശരീരത്തിന് ഒരിക്കലും മറച്ചുവയ്ക്കാനാവാത്ത മറ്റു ചില അടയാളങ്ങൾ എവിടെയോ ഒക്കെ, കാണാനാവാത്ത ഇടങ്ങളിലായി...

'ദാറ്റ് ബീസ്റ്റ്! ഐ വിൽ കിൽ ഹിം.' നീതു പല്ലുകൾ ഞെരിച്ചമർത്തുകയായിരുന്നു.

അതൊന്നുമറിയാതെ കണ്ണുകളടച്ച്, എല്ലാ ഇന്ദ്രിയങ്ങളുമടച്ച്, ചമ്രം പടിഞ്ഞ് സമാധിയിലെന്നോണം ഇരിക്കുകയായിരുന്നു പ്രിയംവദ.

ഇത്രയും കാലത്തിനുശേഷം, ഒടുവിൽ തനിക്കൊരു അച്ഛനുണ്ടായല്ലോ എന്ന് ലോകത്തോടാകെ വിളിച്ചുകൂവണമെന്ന് നിതുവിന് തോന്നി. രഞ്ജിത്ത് മേനോന്റെ മകളായ നീതു മേനോൻ.

പൊടുന്നനെ, ഒരു നിമിഷത്തിന്റെ ചോരത്തള്ളലിൽ പേപ്പർ വെയിറ്റെടുത്ത് ഊക്കോടെ ആ നിലക്കണ്ണാടിയിലേക്ക് വലിച്ചെറിയുമ്പോൾ ഒടുവിൽ താൻ രഞ്ജിത്ത് മേനോന്റെ മകളായെന്ന് ലോകത്തോടാകെ ഉറക്കെ പ്രഖ്യാപിക്കാൻ നോക്കുകയായിരുന്നു അവൾ.

വലിയൊരു ഒച്ചയോടെ കണ്ണാടിത്തുണ്ടുകൾ നാലുപാടും ചിതറിയിട്ടും പ്രിയംവദ ഇരുന്നയിരിപ്പിൽനിന്ന് അനങ്ങിയതേയില്ല. ചുറ്റും നടക്കുന്നതൊന്നും തീരെ ശ്രദ്ധിക്കാതെ മറ്റേതോ ലോകത്ത്, തന്റെ ആദ്യത്തെ ചുവടുവെപ്പുകൾ പരിശീലിക്കുന്ന പിഞ്ചുകുഞ്ഞിന്റെ കൗതുകത്തോടെ മെല്ലെ പിച്ചവയ്ക്കാൻ തുടങ്ങുകയായിരുന്നു അവരപ്പോൾ.

നുറുങ്ങിപ്പോയ കണ്ണാടിയിൽ കഷ്ണങ്ങളായി ചിതറിയ തന്റെ രൂപത്തിന്റെ നേർക്ക് നീതു അമ്പരപ്പോടെ നോക്കി.

ഇതാണോ പ്രിയംവദയുടെ മകൾ?

ഇതാണോ രഞ്ജിത്തിന്റെ മകൾ?

അതിനുള്ള മറുപടി എവിടെനിന്ന് തേടണമെന്ന് അവൾക്കുതന്നെ അറിഞ്ഞുകൂടായിരുന്നു.

പതിന്നാല്

പിറ്റേന്ന് ഓഫീസിൽ പോയില്ല; അതിന്റെ പിറ്റേന്നും.

സെക്രട്ടറി ചന്ദ്ര വിളിച്ചു ചോദിച്ചപ്പോൾ പറഞ്ഞു, ചെറിയൊരു പനിയുണ്ട്, വല്ലാത്ത തലവേദനയും. പഴയ സൈനസ് വീണ്ടും ശല്യപ്പെടുത്താൻ തുടങ്ങുന്നതുപോലെ.

ഡോക്ടറെ കാണാൻ അവൾ ഒപ്പം വരാമെന്ന് പറഞ്ഞപ്പോൾ വേണ്ടെന്ന് വിലക്കി. ഇത് താനേ മാറിക്കൊള്ളും. ഇനി ആന്റിബയോട്ടിക്കുകളുടെ ആക്രമണം വയ്യ.

ചന്ദ്ര വിശ്വസിച്ചില്ലെന്ന് തോന്നി. ഈയിടെയായി അവളുടെ മുഖത്ത് പലപ്പോഴും തെളിഞ്ഞു കാണാറുള്ളത് ഓരോതരം സംശയങ്ങളാണ്. അതിന്റെ തിരയിളക്കം ഇപ്പോൾ അവളുടെ ശബ്ദത്തിലും. ഒരു മാതിരിയുള്ള അസുഖങ്ങളൊന്നും കൂട്ടാക്കാതെ നേരാനേരത്ത് ഓഫീസിലെത്താറുണ്ടായിരുന്ന മാഡത്തിന് ഇതെന്തുപറ്റിയെന്ന് ഒരു രൂപവും കിട്ടുന്നുണ്ടാവില്ല ചന്ദ്രയ്ക്ക്.

പിറ്റേന്ന് തെല്ലൊരു മടിയോടെയാണ് ചന്ദ്ര വീണ്ടും വിളിച്ചത്.

'ഇപ്പോൾ എങ്ങനെയുണ്ട്, മാഡം, നാളെയെങ്കിലും വരാൻ പറ്റുമോ?'

'എന്തേ ചന്ദ്രാ, വിശേഷിച്ച് എന്തെങ്കിലും?'

'മോളിൽനിന്ന് ബോസ്സ് തിരക്കിട്ട് അന്വേഷിക്കുന്നുണ്ടായിരുന്നു, എന്നു വരുമെന്ന്...'

'എന്റെ സെല്ലിൽ വിളിക്കാമായിരുന്നല്ലോ അങ്ങേർക്ക്.'

'സുഖമില്ലെന്ന് പറഞ്ഞതുകൊണ്ടാവും വേണ്ടാന്നുവെച്ചത്. എന്തായാലും നാളെ വരുമെന്ന് പറഞ്ഞോട്ടെ?'

പ്രിയംവദ മൂളാതിരുന്നപ്പോൾ ചന്ദ്ര ചോദ്യം ആവർത്തിച്ചു.

തീരെ താത്പര്യമില്ലാത്ത മട്ടിലാണ് മൂളിയത്. വലിയ ആശ്വാസമായപോലെ ചന്ദ്ര പറഞ്ഞു:

'മാഡം തത്കാലം റെസ്റ്റെടുത്തോളൂ. ഇവിടെ വന്നു കയറിയാൽ പിന്നെ വലിയ ബദ്ധപ്പാടാകും. എന്തൊക്കെയോ ചില വലിയ പ്രോജക്റ്റുകൾ മുകളിൽ രൂപംകൊണ്ടുവരുന്നതുപോലെ...'

അവൾ അവിടെ നിറുത്തി. കൂടുതലൊന്നും ചോദിച്ചറിയണമെന്ന് തോന്നിയില്ല പ്രിയംവദയ്ക്ക്. അത്തരം കാര്യങ്ങളിൽ മനസ്സ് ഉറപ്പിക്കാൻ കഴിയുന്ന ചുറ്റുപാടിലല്ല താനിപ്പോൾ.

തുടർച്ചയായി രണ്ടു രാത്രികളിൽ ഉറക്കം കിട്ടാതെ ഇരുട്ടിലേക്ക് തുറിച്ചു നോക്കിക്കൊണ്ടു കിടന്നപ്പോൾ വേണ്ടാത്ത കുറെ വിചാരങ്ങൾ വീണ്ടും ഉള്ളിൽ വന്നുവന്ന് അടിഞ്ഞുകൂടിക്കൊണ്ടിരുന്നു. കുറെയേറെ നാളുകളായി വെടിപ്പാക്കി വയ്ക്കാൻ പണിപ്പെട്ടിരുന്ന അടിമനസ്സിൽ ഇപ്പോൾ വീണ്ടും ഒരുപാട് അഴുക്കും, നനവു കലർന്ന ചെളിയുമൊക്കെ.

ഉറക്കം ആശ്വാസമാകുമെന്ന് മോഹിച്ചിരുന്നെങ്കിലും ആഴം കുറഞ്ഞ മയക്കത്തിൽ പൊങ്ങിയും താണും കിടക്കുമ്പോൾ അലട്ടാനായി വീണ്ടും എന്നേ മറന്ന കുറെ പഴയ സ്വപ്നങ്ങൾ.

വീണ്ടും ഉറക്കത്തിലുള്ള എഴുന്നേറ്റുനടക്കൽ. മകളെപ്പോലെ അമ്മയും. ഉൺമയും പൊയ്യും തമ്മിലുള്ള അതിർവരമ്പുകൾ വീണ്ടും മാഞ്ഞുതുടങ്ങുന്നതുപോലെ.

ആദ്യം തോന്നിയത് ചെറിയൊരു അവധിയെടുത്ത് എങ്ങോട്ടെങ്കിലും മാറി നിൽക്കാനാണ്. ഉടനെതന്നെ അതിൽനിന്ന് പിൻമാറി. തനിച്ചിരിക്കാൻ മടി തോന്നുന്നു. പേടി തോന്നുന്നു. ആരുടെയെങ്കിലും കൂട്ടുവേണം, ആരുടെയെങ്കിലും.

അവനവനോട് സംസാരിച്ചുകൊണ്ടുള്ള ഈ ഇരിപ്പ് താങ്ങാനാവുന്നില്ല. ഓഫീസിൽ ചെന്നുപെട്ടാൽ പിന്നെ ആ ചിട്ടയായ പതിവുക്രമങ്ങളിലൂടെ താനേ ഒഴുകി പോകുമ്പോൾ മനസ്സിന്റെ ശല്യമുണ്ടാകില്ല. വേണ്ടതു മാത്രം അകത്തേക്ക് കടത്തിവിടുന്ന രീതിയിൽ മനസ്സിനെ ഒരുക്കി നിറുത്താൻ എന്നേ ശീലിച്ചു കഴിഞ്ഞിരിക്കുന്നു.

അതുകൊണ്ടു പിറ്റേന്ന് ഓഫീസിൽ പോകാൻ തീരുമാനിച്ചപ്പോൾ ലേശം ആശ്വാസമായി.

ഓഫീസിൽ ചെന്നുകയറിയപ്പോഴേക്കും പുതിയ ചില വാർത്തകളുമായി ചന്ദ്ര വന്നു.

പ്രിയംവദ കേട്ടുകൊണ്ടിരുന്നു.

കമ്പനിയുടെ ഗ്രൂപ്പിൽ പെട്ട കുറെ ദൂരെയുള്ള വളം ഫാക്റ്ററിയിൽ വൻതോതിലുള്ള നവീകരണം വരുന്നു. വെറും നവീകരണം മാത്രമല്ല, ചില അനുബന്ധമേഖലകളിലേക്കുള്ള ചുവടുമാറ്റംകൂടി. ഇതുമായി ബന്ധപ്പെട്ട ചില വലിയ പദ്ധതികളാണത്രേ മാനേജ്മെന്റിന്റെ പരിഗണനയിൽ.

മുമ്പു തനിക്കേറെ താത്പര്യമുണ്ടായിരുന്ന, ഒരുപാട് പഠിച്ച, ഒരു ഗ്രൂപ്പു കമ്പനി. പ്രിയംവദ ഓർത്തു.

തരക്കേടില്ലാതെ ലാഭമുണ്ടാക്കുന്ന, സാമാന്യം വലിയൊരു ഫാക്റ്ററി. ആവശ്യത്തിലേറെ തൊഴിലാളികളുള്ള, നന്നേ പഴയൊരു ഫാക്റ്ററിയായതുകൊണ്ട് ഏറക്കുറെ പഴഞ്ചൻ ശൈലിയിലാണ് ആ കമ്പനി പ്രവർത്തിച്ചുപോരുന്നത്. കമ്പനിയുടെ പ്രവർത്തനത്തിൽ അൽപ്പംപോലും കാറ്റുംവെളിച്ചവും കയറരുതെന്ന വാശിയാണ് യൂണിയൻകാർക്ക്. അക്കാര്യത്തിൽ മാനേജ്മെന്റിനും എതിരഭിപ്രായമില്ല. കൂടുതൽ മുതലിറക്കാതെ കിട്ടുന്ന ലാഭവും വച്ച്, പോകുന്നയിടത്തോളം പോകട്ടെ കാര്യങ്ങൾ എന്നായിരുന്നു അവരുടെ നിലപാട്.

ഏറെ പഴക്കംചെന്ന പ്ലാന്റുകളാണെങ്കിലും തരക്കേടില്ലാത്ത ഉത്പാദനം നടക്കുന്നുണ്ട്. ഉത്പന്നങ്ങൾക്ക് മാർക്കറ്റിൽ സാമാന്യം നല്ല പേരുള്ളതു കൊണ്ട് വിറ്റുപോകാനും വലിയ ബുദ്ധിമുട്ടില്ല. അങ്ങനെ മോശമല്ലാത്ത ലാഭം, തരക്കേടില്ലാത്ത ലാഭവീതം. സംഗതികൾ എല്ലാം ഭദ്രം. എല്ലാവർക്കും തൃപ്തി. അതുകൊണ്ട് മടിയന്മാരും ഉറക്കംതൂങ്ങികളുമായ തൊഴിലാളികളെ ഉണർത്താൻ മിനക്കെടാതെ മാനേജ്മെന്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ തങ്ങളുടെ പകലുറക്കം സുഖകരമാക്കിപ്പോന്നു.

വലിയ സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു കൊച്ചു പട്ടണമായതുകൊണ്ട് കോർപ്പറേറ്റ് ഓഫീസിലെ ഉന്നതന്മാരാരും ആ വഴി തിരിഞ്ഞുനോക്കാറില്ല. ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷനിൽനിന്ന് കുണ്ടുംകുഴിയുമുള്ള റോഡിലൂടെ ഒന്നൊന്നര മണിക്കൂർ നേരത്തെ യാത്ര അത്ര സുഖമുള്ള ഏർപ്പാടല്ല. അതുകൊണ്ട് ഏത് ചർച്ചയ്ക്കും അവിടത്തെ ഉദ്യോഗസ്ഥരെ കോർപ്പറേറ്റ് ഓഫീസിലേക്ക് വിളിപ്പിക്കുകയാണ് പതിവ്.

നിറുത്താതെ മുറുക്കിക്കൊണ്ടിരിക്കുന്ന, കോളാമ്പിയെന്ന ഓമനപ്പേരുള്ള ഒരു ബീഹാറുകാരനായിരുന്നു അവിടത്തെ ചീഫ് എക്സിക്യൂട്ടീവ്. ഫോണിന്റെ മണിയൊച്ചപോലും വലിയ ശല്യമായി കരുതുന്ന പിത്തംപിടിച്ച മുഖമുള്ള ഒരു വയസ്സൻ. രണ്ട് ബൈപാസ്സ് സർജറി കഴിഞ്ഞതിന്റെ കത്തിപ്പേടി ഇനിയും മാറിയിട്ടുമില്ല. ഏത് വിളിയാണെങ്കിലും, മുഴുവൻ വിവരങ്ങളും ചോദിച്ചറിഞ്ഞ്, ബോസ്സിന് കാര്യമായ മനശ്ശല്യമൊന്നും ഉണ്ടാക്കില്ലെന്ന് ഉറപ്പു വരുത്തിയിട്ടേ സെക്രട്ടറി അകത്തേക്ക് കൊടുക്കൂ.

ഓപ്പറേഷൻസ് ഡയറക്റ്ററാണെങ്കിൽ വലിയൊരു കാർഅപകടത്തിൽ നിന്ന് കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. അതുകൊണ്ട് ഒരു കാല് കൃത്രിമക്കാലാണ്. മറ്റേ കാലിന് ബലക്കുറവുള്ളതുകൊണ്ട് ഊന്നുവടിയുടെ കാര്യമായ പിൻബലം വേണം. സാമാന്യം തരക്കേടില്ലാത്തൊരു കോങ്കണ്ണും, അപകടത്തിൽ നിന്ന് കിട്ടിയ മുടന്തുമായപ്പോൾ അദ്ദേഹത്തിന് ശകുനിയെന്ന ഓമനപ്പേര് എളുപ്പത്തിൽ ചാർത്തിക്കിട്ടി.

വലിയ ബദ്ധപ്പാടില്ലാതെ വിറ്റുപോകുന്ന ഉത്പന്നങ്ങളായതുകൊണ്ട് മാർക്കറ്റിങ് ഡയറക്റ്ററുടെ കാഴ്ചക്കുറവിനെപ്പറ്റി മാനേജ്മെന്റ് അത്രയങ്ങ് ബേജാറാകാറില്ല. ഒരു കണ്ണിലെ തിമിരം പണ്ടേ മാറ്റിക്കഴിഞ്ഞിരിക്കുന്നു. മറ്റേതിലേതു മൂക്കാനായി കാത്തിരിക്കുകയാണ്. പ്രമേഹത്തിന്റെ അസ്കിത നന്നായുള്ളതു കൊണ്ട് മുൻശുണ്ഠി അൽപ്പം കൂടുതലാണെന്നു മാത്രം. തന്റെ ചെല്ലപ്പേര് ധൃതരാഷ്ട്രർ എന്നാണെന്ന് അദ്ദേഹത്തിന് നന്നായറിയുകയും ചെയ്യാം.

കോളാമ്പി. ശകുനി. ധൃതരാഷ്ട്രർ. അതിലും മുന്തിയ ചെല്ലപ്പേരുകൾ എളുപ്പത്തിൽ നേടിയെടുക്കാൻ അർഹതയുള്ള ഇനിയും എത്രയോ പേർ.

ഇത്തരം മനോഹരമായ ചുറ്റുപാടുകളിലാണ് താൻ കഴിഞ്ഞുകൂടുന്നതെന്ന് ശേഷാദ്രിയെന്ന തമിഴൻ പേഴ്സണൽ മാനേജർ ഒരിക്കൽ പ്രിയംവദയെ ഓർമ്മിപ്പിച്ചു.

എന്തായാലും പ്രൊമോട്ടർമാരായ സബർവാൾ കുടുംബത്തിലെ മൂന്നാം തലമുറക്കാരായ ഹാർവാർഡിലും ലണ്ടനിലും പഠിച്ചിറങ്ങിയ ചെറുപ്പക്കാർക്ക് കമ്പനിക്കാര്യങ്ങൾ ഇങ്ങനെ വിട്ടാൽ പോരെന്ന് തോന്നിത്തുടങ്ങിയത് സ്വാഭാവികംതന്നെ. ഇപ്പോൾ കാര്യങ്ങൾ കുഴപ്പമില്ലാതെ പോകുന്നുണ്ടെങ്കിലും,

മാറിവരുന്ന ചുറ്റുപാടുകളിൽ, അങ്ങാടി ചൂടുപിടിച്ചു തുടങ്ങുമ്പോൾ ഭാവിയിലേക്ക് ഉറ്റുനോക്കി ദൂരക്കാഴ്ചയോടെ കമ്പനിയുടെ പ്രവർത്തനം നവീകരിച്ചില്ലെങ്കിൽ, ചില പുതിയ മേഖലകളിലേക്ക് തക്കസമയത്ത് കടന്നുചെന്നില്ലെങ്കിൽ, പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടായേക്കും.

അങ്ങനെ നാട്ടുനടപ്പനുസരിച്ച്, പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് കൊടുക്കാൻ പേരുകേട്ടൊരു വിദേശ കൺസൽട്ടിങ് ഏജൻസിയെ ഏർപ്പാടാക്കുന്നു.

ആദ്യവട്ട ചർച്ചകൾക്കായി സായിപ്പന്മാർ കമ്പനിയിൽ വന്നിറങ്ങിയത് കൃത്യം രാഹുകാലത്തിന്റെ നടുമദ്ധ്യത്തിൽതന്നെയെന്ന് കണ്ടുപിടിച്ചു, ശേഷാദ്രി. അതുകൊണ്ടാവാം, കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായി കഷ്ടിച്ച് ഒന്നൊന്നര മണിക്കൂർ നേരം സംസാരിച്ചപ്പോഴേക്കും സായിപ്പന്മാർക്ക് മതിയായി. പിന്നീട് ഗസ്റ്റ്ഹൗസിലെ ലോബിയിലിരുന്ന് ബിയർക്കുപ്പികളുടെ ഒത്താശയോടെ മുടിഞ്ഞ ചിരി ചിരിച്ചിട്ടും അവർക്ക് ആശ്വാസം കിട്ടിയില്ലെന്നാണ് കേൾവി.

സബർവാൾ കുടുംബത്തിലെ മൂന്നാം തലമുറക്കാരനായ ഹാർവാർഡുകാരൻ ഗസ്റ്റ്ഹൗസിൽ അതിഥികളെ കാണാനെത്തിയപ്പോൾ ചിരിച്ച് ചിരിച്ച് കണ്ണുകൾ നിറഞ്ഞ സായിപ്പന്മാർക്ക് കുറെ നേരത്തേക്ക് കാഴ്ചപോലും ഇല്ലായിരുന്നത്രെ.

'എന്തേ റോബർട്ട്?' ഹാർവാർഡ് വലിയ ആകാംക്ഷയോടെ സംഘത്തലവനോട് തിരക്കി.

'ഓ, ഒന്നുമില്ല, സേർ!' റോബർട്ടിന് അപ്പോഴും തന്റെ ചിരി പിടിച്ചുനിറുത്താനാകുന്നില്ല.

'എന്നാലും...?'

'സത്യം പറഞ്ഞാൽ ഞാനിപ്പോൾ വലിയൊരു ദൈവവിശ്വാസിയായിരിക്കുന്നു, അത്രതന്നെ,' റോബർട്ട് പറഞ്ഞു.

'എന്തേ റോബർട്ട്?'

'തുറന്നു പറയാമോ?'

'അതിനാണല്ലോ നിങ്ങളെ വരുത്തിയിരിക്കുന്നത്?'

'എന്നാലും ഒരു മടി.' റോബർട്ട് വിരൽ കടിച്ചു.

'മടിക്കാതെ പറയൂ റോബർട്ട്!'

'അല്ലാ, ഞങ്ങൾ ആലോചിക്കുകയായിരുന്നു, വികലാംഗരുടേതായ ഒരു ബി-ടീമിനെയും വച്ച് ഇത്രയും വലിയൊരു ഫാക്റ്ററി കുറെ പഴഞ്ചൻ പ്ലാന്റുകളുമായി, വലിയ കുഴപ്പമൊന്നുമില്ലാതെ നടത്തിക്കൊണ്ടുപോകാൻ കർത്താവായ ദൈവം നന്നേ അദ്ധ്വാനിക്കുന്നുണ്ടാകുമെന്ന്.'

അതിലെ ഫലിതം കുറെ ക്രൂരമായിരുന്നെങ്കിലും, ലോകം കാണാൻ കഴിഞ്ഞിട്ടുള്ള ചെറുപ്പക്കാരനായ കൊച്ചുമുതലാളിയുടെ ഉള്ളിലത് തറച്ചു കയറി.

അങ്ങനെയാണ് വലിയൊരു നവീകരണപദ്ധതിക്ക് കോർപ്പറേറ്റ് ഓഫീസ് രൂപംകൊടുത്തത്. ഇത്തരമൊരു വലിയ പ്രോജക്റ്റിന്റെ സാങ്കേതികവും, സാമ്പത്തികവുമായ വശങ്ങളൊക്കെ കൈകാര്യം ചെയ്യാമെന്ന് ബന്ധപ്പെട്ടവർക്ക് ഉറച്ച വിശ്വാസമുണ്ടെങ്കിലും വലിയൊരു കടമ്പ തൊഴിലാളികൾതന്നെയായിരുന്നു. വിലപിടിച്ച ആധുനികയന്ത്രങ്ങളും, കമ്പ്യൂട്ടറൈസ്ഡ് റിമോട്ട്

കൺട്രോളുമൊക്കെ വരുമ്പോൾ സ്വാഭാവികമായും തൊഴിലാളികളുടെ എണ്ണം കുറയ്ക്കേണ്ടി വരും.

അവിടെയാണ് പ്രശ്നം. ആ ടൗൺഷിപ്പ് മാത്രമല്ല, അധികം ദൂരെയല്ലാത്ത ചെറിയ പട്ടണംപോലും നിലനിൽക്കുന്നത് ഈ ഫാക്റ്ററിയിലെ ജീവനക്കാരുടെ വരുമാനംകൊണ്ടു മാത്രമാണ്.

തൊഴിലാളികളുടെ എണ്ണം കാര്യമായി കുറയ്ക്കാതെ പറ്റില്ലെന്ന് കൺസൽട്ടന്റുമാർ ആദ്യമേ സൂചിപ്പിച്ചപ്പോൾ, യൂണിയനുകൾ മാത്രമല്ല, ആ പരിസരപ്രദേശമാകെ ഇളകി. സായിപ്പന്മാർ താമസിച്ചിരുന്ന ഗസ്റ്റ് ഹൗസിന്റെയും, അവർ സഞ്ചരിച്ചിരുന്ന കാറിന്റെയുമൊക്കെ ചില്ലുകൾ തകർന്നപ്പോൾ സംഗതി ഗുരുതരമായി.

ഈ പ്രശ്നം പ്രിയംവദതന്നെ ഏറ്റെടുക്കണമെന്ന് മുകളിൽനിന്ന് നിർദ്ദേശം വന്നപ്പോൾ ചർച്ചകൾക്കായി ശേഷാദ്രി പാഞ്ഞെത്തി.

നല്ല മൂർച്ചയുള്ള ബുദ്ധിയും അതിലേറെ ആത്മവിശ്വാസവുമുള്ള ഒരു തമിഴൻ ബ്രാഹ്മണൻ.

ഈ പൊല്ലാപ്പ് വന്നെത്തിയ സമയം തീരെ ശരിയായില്ലല്ലോ എന്നോർക്കുകയായിരുന്നു പ്രിയംവദ. മുമ്പായിരുന്നെങ്കിൽ താൻതന്നെ അങ്ങോട്ടു ചെന്ന് ഏറ്റെടുക്കുമായിരുന്ന ഒരു വലിയ ദൗത്യം. ഇപ്പോൾ തീരെ സ്വസ്ഥതയില്ലാത്തൊരു മനസ്സിന്റെ ഭാരവും പേറി, പലതിൽനിന്നും ഒഴിഞ്ഞുമാറാൻ പണിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഇത്രയും വലിയൊരു ഉത്തരവാദിത്വം തലയിലേറ്റുകയെന്നു വച്ചാൽ...

ഇവിടെ ജോലിയിൽ കയറിയതിൽ പിന്നെ ആദ്യമായി തന്റെ ഉള്ള് വല്ലാതെ പിടയ്ക്കുന്നത് പ്രിയംവദയറിയുന്നു. ഇത് ഒഴിവാക്കിയേ പറ്റൂ എന്ന് ഉള്ളിലിരുന്ന് ആരോ ഗുണദോഷിക്കുന്നതുപോലെ. ഒരുപക്ഷേ, മുത്തശ്ശിയുടെ, കേട്ടു മറന്ന, വീണയുടെ ഇമ്പമുള്ള ശബ്ദം...മോളേ സൂക്ഷിക്കണംട്ടൊ.

'എന്ത് പറയുന്നു മാഡം?'

ശേഷാദ്രി തന്റെ മുഖത്തേക്കുതന്നെ ഉറ്റുനോക്കിയിരിക്കുകയാണ്. എന്നും തന്നോട് വലിയ ആദരവ് കാട്ടാറുള്ള ശേഷാദ്രി ഇക്കാര്യത്തിൽ തനിക്ക് മാത്രമേ എന്തെങ്കിലും ചെയ്യാനാവൂ എന്ന് ഉറച്ച് വിശ്വസിക്കുന്നതുപോലെ.

'മുമ്പായിരുന്നെങ്കിൽ ഞാനിത് സന്തോഷത്തോടെ ഏറ്റെടുക്കുമായിരുന്നു, ശേഷാദ്രി. പക്ഷേ, ഇപ്പോൾ എന്തോ എനിക്കറിയില്ല, എന്നെക്കൊണ്ട് അതാവില്ല, ഉറപ്പാണ്.'

'എന്തു പറ്റീ, മാഡം?'

ശേഷാദ്രി അത്ഭുതത്തോടെ നോക്കുകയാണ്. ഇങ്ങനെയൊരു തളർന്ന അവസ്ഥയിൽ പ്രിയംവദാമാഡത്തിനെ മുമ്പൊരിക്കലും കണ്ടിട്ടില്ലല്ലോ.

'എന്തോ ആകെക്കൂടി ഒരു സുഖമില്ല.'

'ഹെൽത്തിന് എന്തെങ്കിലും പ്രോബ്ലം? അല്ലെങ്കിലും ഞാനത് ചോദിക്കാനിരിക്കുകയായിരുന്നു. ആറേഴ് വർഷങ്ങളായി ഞാൻ മാഡത്തിനെ കാണാൻ തുടങ്ങിയിട്ട്. ഇങ്ങനെ തൂങ്ങിയ മുഖവുമായി കാണുന്നത് ഇതാദ്യമായി.'

'ആരോഗ്യം അങ്ങനെ കുഴപ്പമില്ലാതെ പോകുന്നു. പിന്നെ എപ്പോഴും തെളിഞ്ഞ മുഖവുമായി ഇരിക്കുകയെന്നുവെച്ചാൽ അത്ര എളുപ്പമാണോ

ശേഷാദ്രീ. മനുഷ്യജന്മമാകുമ്പോൾ ഇരുട്ടും വെളിച്ചവും മാറിമാറി വീഴുക സ്വാഭാവികമല്ലേ?'

'എന്ത് പറ്റി മാഡം? ഇവിടെ കമ്പനിയില് എന്തെങ്കിലും...'

'കമ്പനിക്കാര്യമല്ല. ചില പേഴ്സണൽ കാര്യങ്ങള്.'

മനസ്സിലായതുപോലെ ശേഷാദ്രി പെട്ടെന്ന് തലയാട്ടി. അവരുടെ കലങ്ങിമറിഞ്ഞ കുടുംബജീവിതത്തെക്കുറിച്ച് ഏതാണ്ടൊക്കെ അയാളും കേട്ടു കാണും.

'പക്ഷേ, ഇത് മാഡംതന്നെ ഏറ്റെടുക്കാതെ വെറെ വഴിയില്ലല്ലോ. പിന്നെ മാനേജ്മെന്റിന്റെ തീരുമാനവും അങ്ങനെതന്നെയാണ്.'

'അതെനിക്കറിയാം. ഒന്നുകിൽ ഈ വലിയ ഉത്തരവാദിത്വം ഏറ്റെടുക്കണം. അല്ലെങ്കിൽ ജോലി വിട്ടുപോകണം അല്ലേ? ഒരു തരം ക്യാച്ച് 22 ചുറ്റുപാട്, അല്ലേ...?'

'അങ്ങനെ ജോലി വിട്ടുപോകേണ്ട ചുറ്റുപാടൊന്നും ഇപ്പോഴില്ലല്ലോ.'

എന്തൊക്കെയോ കാര്യമായി ആലോചിക്കുകയായിരുന്നു പ്രിയംവദ. അല്പം കഴിഞ്ഞു ചിലതൊക്കെ തീരുമാനിച്ചുറപ്പിച്ചതുപോലെ തല കുടഞ്ഞുകൊണ്ട് അവർ പറഞ്ഞു:

'വയ്യാ ശേഷാദ്രീ, എന്നെക്കൊണ്ട് ഈ ഭാരിച്ച ചുമതല ഏറ്റെടുക്കാനാവില്ല. ഒരു കാര്യം ഏറ്റെടുത്തുകഴിഞ്ഞാൽ മറ്റെല്ലാം പാടെ മറന്ന്, അതു മാത്രം ഉള്ളിൽ കൊണ്ടുനടക്കുന്ന പ്രകൃതമാണ് എന്റേത്. ചുറ്റുപാടുകളെല്ലാം മറന്ന് അത്തരമൊരു സമർപ്പണം ഇനി സാദ്ധ്യമാവില്ലെന്ന് തോന്നിപ്പോകുകയാണ്. സ്വന്തം തൊഴിലിനോട് കൂറ് കാണിക്കാൻ പറ്റാതെ വരുമ്പോൾ പിന്മാറുകയല്ലേ ബുദ്ധി, അതും അപസ്വരങ്ങൾ ഉയരുന്നതിനു മുമ്പേതന്നെ.'

'പക്ഷേ, അത്ര പെട്ടെന്നൊന്നും സബർവാൾകുടുംബം മാഡത്തിനെ പോകാൻ അനുവദിക്കുമെന്നു തോന്നുന്നില്ല. ചിലപ്പോൾ കൊച്ചുമുതലാളി തന്നെ നേരിട്ട് വിളിച്ചേക്കും.'

'ഹാർവാർഡ് വിളിച്ചോട്ടെ, ഞാൻ പറഞ്ഞോളാം, എന്നെക്കൊണ്ടിതു താങ്ങാനാവില്ലെന്ന്. അവനവന്റെ പരിമിതികൾ സ്വയം തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ നാമൊക്കെ ഏതുതരം എക്സിക്യൂട്ടീവുകളാണ് ശേഷാദ്രീ.'

ശേഷാദ്രി അവരുടെ മുഖത്തേക്കു തന്നെ ചുഴിഞ്ഞുനോക്കുകയാണ്.

'അത്ര പെട്ടെന്ന് തോറ്റുകൊടുക്കണോ?'

'തോറ്റുകൊടുക്കലല്ല. ഇനിയെനിക്ക് അല്പം ഭാരം കുറഞ്ഞ ഉത്തരവാദിത്വങ്ങളേ താങ്ങാൻ പറ്റുവെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു. ചിലപ്പോൾ എന്റെ പ്രിയപ്പെട്ട ആ പഴയ മേഖലയിലേക്കുതന്നെ വീണ്ടുമൊരു തിരിച്ചുപോക്ക്.' ഒന്നു നിറുത്തിയിട്ട് പ്രിയംവദ തുടർന്നു. 'സത്യം പറഞ്ഞാൽ, ടീച്ചിങ് ലൈൻ ഇപ്പോഴുമെന്നെ വല്ലാതെ മോഹിപ്പിക്കുന്നുണ്ട്.'

'നോ മാഡം,' ശേഷാദ്രി പെട്ടെന്ന് ഇടയിൽക്കയറി തടഞ്ഞു: 'ഒരിക്കലും അങ്ങനെ ആലോചിക്കുകപോലും ചെയ്യരുത്. അവിടത്തെ ചുറ്റുപാടുകളൊക്കെ മാഡത്തിനു നന്നായറിയാമല്ലോ. നിങ്ങളൊക്കെ ഇവിടെ മുകളിലിരിക്കുന്നതുകൊണ്ടാണ് ഞങ്ങളവിടെ ഒരുവിധത്തിൽ കഴിഞ്ഞുകൂടുന്നത്.'

'അതൊക്കെ നന്നായറിയാമെനിക്ക്,' പ്രിയംവദ ചിരിച്ചു: 'കഴിഞ്ഞ കൊല്ലമാണ് ഞാനവിടെ ഏറ്റവുമൊടുവിൽ വന്നത്, നിങ്ങളുടെ പുരാതനന്മാരുടെ ഒരു ഗ്രൂപ്പ്മീറ്റിങ്ങിൽ സംസാരിക്കാനായി. സത്യത്തിൽ അന്ന് ഈ കൺസൾ

ട്ടന്റ് സായിപ്പന്മാർ ചിരിച്ചതിനെക്കാൾ കൂടുതൽ ഞാനും തലയറഞ്ഞ് ചിരിച്ചു പോയി. എന്തായാലും കൂടുതൽ വലിയ ദൈവവിശ്വാസിയായാണ് ഞാനുമന്ന് മടങ്ങിപ്പോന്നത്.'

'ആട്ടെ, കൺസൾട്ടന്റുമാരുടെ റിപ്പോർട്ട് മാഡം വായിച്ചോ?'

'നമ്മെ സംബന്ധിക്കുന്ന ഭാഗം മാത്രം ഒന്ന് ഓടിച്ച് വായിച്ചു. കൂടുതൽ മനസ്സിരുത്താൻ കഴിഞ്ഞില്ല. എന്തോ ഏകാഗ്രത കുറഞ്ഞു വരികയാണ് ശേഷാദ്രി, പ്രായമായി വരികയല്ലേ.'

'നോ മാഡം. ഏകാഗ്രതയ്ക്കും പ്രായത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല. അല്ലെങ്കിൽത്തന്നെ മാഡത്തിന് അങ്ങനെ പ്രായമൊന്നുമായിട്ടില്ലല്ലൊ.'

പ്രായത്തെക്കാൾ കൂടുതൽ എന്തൊക്കെയോ, എന്തൊക്കെയോ. പ്രിയംവദ പറയാനാഞ്ഞു.

ഉടനെതന്നെ അതിലേക്കൊന്നും കടക്കേണ്ടെന്നു കരുതി പിൻവാങ്ങി. പക്ഷേ, എത്ര മിനക്കെട്ടാലും ഉള്ളിലുള്ളതെല്ലാം താനേ തന്റെ മുഖത്ത് വരുമെന്നും, മുഖത്തു വരുന്നതെല്ലാം അപ്പാടെ വായിച്ചെടുക്കാനുള്ള സാമർത്ഥ്യമുള്ളവനാണ് ശേഷാദ്രിയെന്നും പ്രിയംവദയ്ക്ക് നന്നായി അറിയാമായിരുന്നു. അതുകൊണ്ട് തിടുക്കത്തിൽ വിഷയം മാറ്റാൻ നോക്കി.

'ആട്ടെ എന്തുപറയുന്നു നമ്മുടെ കോളാമ്പി?'

'വലിയ ടെൻഷനിലാണ് കോളാമ്പി. ഒന്നാമതായി സായിപ്പന്മാരുമായി ഇടപെടുമ്പോൾ ഭാഷയുടെ കാര്യത്തിലുള്ള അസ്കിത. ഇംഗ്ലീഷ് നല്ല ബീഹാറിശീലിൽ ഹിന്ദിയിൽതന്നെ പറയാൻ ശീലിച്ചുപോയതുകൊണ്ട് അവരുമായി സംസാരിക്കുമ്പോൾ ഒരു ഇടനിലക്കാരന്റെ സഹായം വേണ്ടിവരുന്നു. പിന്നെ മേശയ്ക്കരുകിലിരിക്കുന്ന ആ വലിയ പിച്ചളക്കോളാമ്പിയിലേക്ക് സായിപ്പ് ഇടയ്ക്കൊക്കെ വലിയ അറപ്പോടെ നോക്കുന്നത് കാണുമ്പോൾ ചൂളാതെ വയ്യല്ലോ. എന്തായാലും തൊഴിലാളികളുടെ കല്ലേറിൽ ഗസ്റ്റ്ഹൗസിലെ ചില്ലുകൾ പൊട്ടിയന്ന് മൂപ്പര് പുറത്തേക്കിറങ്ങിയത് ഇരുവശത്തും സെക്യൂരിറ്റിക്കാരുടെ പിൻബലത്തോടെയായിരുന്നു. നിർദോഷക്കാരനായ പാവം കോളാമ്പിയെ ദേഹോപദ്രവം ചെയ്യാൻ പാകത്തിനുള്ള ഗതികേടിലായിട്ടില്ല തങ്ങളെന്ന് യൂണിയൻ നേതാക്കൾ ആണയിട്ട് പറയുന്നുണ്ടെങ്കിലും മൂപ്പർക്ക് അതിലത്ര വിശ്വാസം പോരാ.'

'ശകുനിയോ?'

'വലിയ ഉഷാറിൽ വടിയും കുത്തിപ്പിടിച്ച് അവിടെയൊക്കെ ഓടിനടക്കുന്നുണ്ട്.'

'ധൃതരാഷ്ട്രർ...?'

'കൺസൽട്ടന്റിന്റെ റിപ്പോർട്ടിന്റെ കോപ്പി കുറേക്കൂടി വലുപ്പമുള്ള അക്ഷരത്തിൽ വേണമെന്ന് നിർബന്ധം പിടിച്ചിരിക്കുകയാണത്രെ. കൗരവവംശത്തിന്റെ വിക്രിയകൾ കണ്ടു കണ്ടു കഴച്ചുപോയ മറ്റേ കണ്ണിലെ തിമിരം മൂത്തു വരികയാണെന്ന് തോന്നുന്നു.'

'അതുപോട്ടെ, പേഴ്സണലിന്റെ കാര്യത്തിൽ എന്താണ് സായിപ്പുമാർ പറയുന്നത്?'

'നമുക്ക് പ്രതീക്ഷിക്കാവുന്നതുതന്നെ. തൊഴിലാളികളുടെ ഉത്പാദനക്ഷമത കൂട്ടാനുള്ള ഏത് നീക്കങ്ങൾക്കുംമുമ്പ് കണിശമായൊരു മാൻ

പവർ പഠനം നടത്തിയേ പറ്റൂ. പുതിയ പ്രവർത്തനശൈലി, പുതിയ ജോലി ച്ചട്ടങ്ങൾ, ആകെക്കൂടി തികച്ചും യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു മാൻപവർപ്ലാനിങ്.'

'അതായത്...?'

'അത്തരമൊരു പഠനം നടത്താൻ വേണ്ടി മറ്റൊരു വിദേശ കൺസൽട്ടന്റ് കമ്പനി വരുന്നു. വലിയ ഫീസ്. മറ്റു ചെലവുകൾ...'

'അതിവരുടെ സ്ഥിരം പരിപാടിതന്നെ. കോട്ടും സൂട്ടുമിട്ട് ലാപ്ടോപ്പു മായി വരുന്ന മാനേജ്മെന്റ്വിദഗ്ദ്ധർ ഈ കമ്പനിയെപ്പറ്റി നമുക്ക് തന്നെ എത്രയോ വർഷങ്ങളായി അറിയാവുന്ന കാര്യങ്ങളുടെ മൂന്നിലൊന്ന് കുറെ ക്കൂടി ചന്തത്തിൽ പറഞ്ഞു തരുന്നു.'

'ശരിയാണ് മാഡം.'

പെട്ടെന്ന് എന്തോ ഓർത്തതുപോലെ പ്രിയംവദ അറിയാതെ പറഞ്ഞു പോയീ:

'നമുക്കിത് തടയണം ശേഷാദ്രി. ഈ രണ്ടാം സായിപ്പിന്റെ വരവു തടഞ്ഞേ പറ്റൂ. ഇത് നമ്മുടെ സ്വന്തം കമ്പനിയാണ്. നമ്മുടെ കൺമുമ്പിൽ വളർന്ന് പന്തലിച്ചതാണ്, നമ്മുടെ അഭിമാനത്തിന്റെ പ്രശ്നമാണ്.'

അതോടെ ശേഷാദ്രിയുടെ മുഖം പൊടുന്നനേ തെളിഞ്ഞു. പ്രിയംവദ ഈ ഘട്ടത്തിൽ തങ്ങളെ കൈയൊഴിയുകയില്ലെന്ന് അയാൾക്ക് ബോദ്ധ്യ മായി.

'തീർച്ചയായും, മാഡം. അതിനു വേണ്ടിയാണ് ഞാൻ മാഡത്തിനെ കാണാൻ വന്നതും.' ശേഷാദ്രി വലിയ ആശ്വാസത്തോടെ പറഞ്ഞു.

'ആട്ടെ, പൊതുവെ തങ്ങളുടെ ചീട്ടുകൾ ആദ്യമേ തുറന്നു കാട്ടുന്ന പ്രകൃതക്കാരല്ലെങ്കിലും, സ്വകാര്യ സംഭാഷണങ്ങളിലെങ്കിലും സായിപ്പന്മാർ എന്തെങ്കിലും സൂചന തന്നു കാണുമല്ലോ. എത്ര തൊഴിലാളികളെ കുറ യ്ക്കണമെന്നാവും സായിപ്പിന്റെ കൈക്കണക്ക്?'

'കൃത്യമായി പറയുന്നില്ലെങ്കിലും ഏതാണ്ട് അറുനൂറിലേറെ വന്നേക്കു മെന്നു തോന്നുന്നു.'

'അതൊരു വലിയ എണ്ണമാണല്ലോ, ശേഷാദ്രീ. അതായത് അത്രയും വലിയൊരു മനുഷ്യശക്തി. നമ്മുടെ ബാലൻസ് ഷീറ്റിൽ ഒരിക്കലും കാണി ക്കാത്ത, കമ്പനിയുടെ പുറകിലുള്ള അജ്ഞാതശക്തി.'

'തീർച്ചയായും മാഡം.'

'അതെപ്പറ്റി യൂണിയനുകൾക്ക് നേരത്തേ അറിയാമായിരിക്കാം. അതാണ് ആദ്യത്തെ റൗണ്ടിൽതന്നെ ചില്ലുകൾ പൊട്ടിയത്.'

'അവർക്ക് വേണ്ട വിവരങ്ങളൊക്കെ അകത്തുനിന്ന് ആരെങ്കിലും ചോർത്തിക്കൊടുത്തിരിക്കും.'

'പക്ഷേ, ഇത് ചില്ലുകൾ എറിഞ്ഞു പൊട്ടിച്ചു തീർക്കാവുന്ന കാര്യമല്ല ല്ലോ, ശേഷാദ്രീ. അതിനൊക്കെ അപ്പുറമുള്ള വലിയൊരു പ്രതിരോധംതന്നെ വേണ്ടിവന്നേക്കും. അതായത്, ഒരു തരം പ്രൊഫഷണൽ പ്രതിരോധം. അതി നുള്ള വഴി കണ്ടെത്തണം.'

തെല്ലുനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം പ്രിയംവദ ഉറപ്പിച്ചു പറഞ്ഞു:

'എന്തായാലും മനുഷ്യശക്തിയെപ്പറ്റി പഠിക്കാനായുള്ള ആ രണ്ടാമത്തെ കൺസൾട്ടന്റിന്റെ വരവ് ഒഴിവാക്കാൻ നോക്കണം നമുക്കാദ്യം.'

'ശരിയാണ്. അവർക്ക് കരാർ കൊടുത്തുകഴിഞ്ഞാൽ പിന്നെ പിന്മാറാൻ ബുദ്ധിമുട്ടായേക്കും. ഇത് പരസ്പരം പുറംചൊറിഞ്ഞ് വരുമാനമുണ്ടാക്കാനുള്ള വിദേശതന്ത്രം മാത്രം. പിന്നെ ഇതൊക്കെ നടപ്പിലാക്കേണ്ട ഭാരം നമുക്കും.'

'അതുതന്നെയാണ് ഞാനും പറഞ്ഞുവന്നത്. ഏതായാലും കൺസൾട്ടൻസിയെ ഏല്പിക്കുന്നതിനു മുമ്പ് എന്നോടു ചോദിക്കാനുള്ള സാമാന്യ മര്യാദയെങ്കിലും അവർ കാണിക്കുമെന്നാണ് വിശ്വാസം.'

'തീർച്ചയായും. ആ സായിപ്പന്മാർ ഇവിടെ വന്ന് മാഡത്തിനെ കാണാനിരിക്കുകയാണ്.

'ആട്ടെ; നമ്മുടെ ഹാർവാർഡിന്റെ നിലപാട് എങ്ങനെ?'

'ആ മൂപ്പരിൽനിന്ന് അങ്ങനെ പെട്ടെന്നൊന്നും പൊഴിഞ്ഞു കിട്ടുകയില്ലല്ലോ. അങ്ങേരുടെ വിശ്വസ്തനായ ശകുനിവഴി ചോർന്നു കിട്ടുന്ന ചില പൊട്ടും പൊടിയും ചേർത്തുവെച്ചാണ് ഞങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുന്നത്.'

'പേഴ്സണൽ ഡിപ്പാർട്ട്മെന്റുകാർ പൊതുവെ ജീവനക്കാരുടെ കണ്ണിൽ തനി ശകുനിമാരാണെങ്കിലും നമുക്കാ ഒറിജിനൽ ശകുനിയെ അല്പം അകറ്റി നിറുത്തിയേ പറ്റൂ. രണ്ട് ശകുനിമാർ ഒത്തുചേർന്നാൽ ഒരു മൂന്നാല് ദുശ്ശാസനന്റെ ഫലമാകും.'

'ഒരുപക്ഷേ, അതിലും കൂടുതൽ. അത്രയ്ക്ക് വിശേഷമാണല്ലോ നമ്മുടെ ശകുനിയുടെ കൈയിലിരിപ്പ്.'

'എന്തായാലും നമുക്കൊരു കൈനോക്കാം. ശേഷാദ്രീ!'

പ്രിയംവദ അങ്ങനെ പറഞ്ഞപ്പോൾ വലിയ ആശ്വാസമായി സ്വാമിക്ക്. മാഡം ഒരു കാര്യം ഏറ്റെടുത്താൽ എവിടെയെങ്കിലും കൊണ്ടുപോയി കെട്ടാതിരിക്കില്ല. പറ്റാത്ത കാര്യമാണെങ്കിൽ ആദ്യമേ ഒഴിവാക്കാൻ നോക്കുമായിരുന്നു.

മനസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ഇത്തരമൊരു വലിയ ഉത്തരവാദിത്വം ഏറ്റെടുക്കലിന്റെ ഭാരം... പ്രിയംവദ അതുതന്നെ ആലോചിക്കുകയായിരുന്നു.

ജോലി, വിശ്രമമില്ലാതെ കൂടുതൽ ജോലി. ഒരുപക്ഷേ, അതിലൂടെ മനസ്സിനെ വേറൊരു വഴിക്കു കൊണ്ടുപോകാനാകുമോ?

എന്തോ ഓർത്ത് ശേഷാദ്രി തലയാട്ടുന്നതു കണ്ടു.

ഹാർവാർഡിനെ എങ്ങനെ കൈയിലെടുക്കാമെന്ന് പ്രിയംവദ ആലോചിക്കാൻ തുടങ്ങിയപ്പോഴേക്കും ശേഷാദ്രിയുടെ തലയ്ക്കകത്തെ യന്ത്രം വലിയ ശബ്ദത്തിൽ ഇരമ്പുന്നത് കേൾക്കായി. അയാളും ഏതാണ്ട് ആ വഴിക്കുതന്നെയാകുമല്ലോ ആലോചിച്ചുപോകുന്നതെന്ന് പ്രിയംവദയും ഓർത്തു. ഒരു കാര്യം ഉള്ളിൽ കുടുങ്ങിയാൽ പിന്നെ ശിരസ്സിലേക്കുള്ള എല്ലാ പഴുതുകളുമടച്ച് ഒറ്റവഴിക്ക് മാത്രം ചിന്തിക്കുന്നവനാണല്ലോ ശേഷാദ്രി. ആ ശേഷികൊണ്ടു മാത്രം ശേഷാദ്രിയെന്ന മാറാപ്പേരും കാത്ത് കാര്യമായ പരുക്കുകളൊന്നും കൂടാതെ എത്രയോ കാലമായി വളക്കമ്പനിയിലെ പേഴ്സണൽ വകുപ്പിൽ വാണരുളുന്നവനെ വണങ്ങാതെ വയ്യല്ലോ.

അങ്ങനെയെങ്കിൽ അങ്ങനെതന്നെയെന്ന് ശേഷാദ്രിയും നിരൂപിച്ചു.

സബർവാൾകുടുംബത്തിലെ അടുത്ത തലമുറയിലെ പോന്നോനായ ഹാർവാർഡിനോട് തെല്ലൊരു വീരാരാധനയാണ് ശേഷാദ്രിക്ക്. അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ പോയി പഠിച്ചതിന്റെ വമ്പു കൊണ്ടു മാത്രമല്ല, പൊതുവെ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഓർക്കാപ്പുറത്ത് ഒരുമ്പെട്ട തീരുമാനങ്ങളെടുക്കാനും കെല്പുള്ള ചെറുപ്പക്കാരൻ.

'ലേശം കൊമ്പനാണെങ്കിലും പൊതുവെ നല്ല തെളിഞ്ഞ തലച്ചോറാണെന്നാണ് കേൾവി. വെളിയിൽ പോയി പഠിച്ചതിന്റെ നെഗളിപ്പുകളൊന്നുമില്ലാത്ത, നല്ല വെടിപ്പുള്ള ഒരു കൊച്ചൻ,' ശേഷാദ്രി പറഞ്ഞു: 'ആ ലണ്ടനിൽ പഠിച്ചവനാണ് മഹാപെഴ. അവന്റെ മട്ടും മാതിരിയും കണ്ടാൽ അവന്റമ്മ അവിടത്തെ ഏതോ യൂണിവേഴ്സിറ്റി വളപ്പിൽ പെറ്റിട്ടതാണെന്നു തോന്നും. അവനെ കൂടുതൽ വഷളാക്കുന്നത് അവന്റെ പെമ്പിള ആ മരങ്ങാട്ടുപിള്ളിക്കാരിയാണ്. ലണ്ടനിലെ ഏതോ ആശുപത്രിയിൽ കുറെ നാൾ സുഖക്കേട് പിടിച്ച് കിടന്ന കാലത്ത് അയാളുടെ ശരീരത്തിൽ കയറിക്കൂടിയ ആതുരസേവക.'

വാസ്തവത്തിൽ ഈ സബർവാൾകുടുംബത്തെക്കുറിച്ച് എത്ര കുറച്ചു മാത്രമേ തനിക്കറിഞ്ഞുകൂടൂ, എന്ന് അതിശയിക്കുകയായിരുന്നു പ്രിയംവദ. ദൈവത്തെപ്പോലെ എല്ലാം കാണുന്നവനും, കേൾക്കുന്നവനും ശേഷാദ്രി.

'വേറെയൊരാൾകൂടിയുണ്ടല്ലോ, കൂട്ടത്തിലിളയവൻ നകുലൻ.' പ്രിയംവദ ചോദിച്ചു.

ശേഷാദ്രി തലയാട്ടി.

അയാളുടെ നോട്ടത്തിൽ എല്ലാവരേയും വെല്ലാൻ പോന്ന ആതങ്കവാദിയാകുന്നു ഏറ്റവും ഇളയ സഹോദരന്റെ മകൻ. അഹമ്മദാബാദ് ഐ.ഐ. എമ്മിലെ തങ്കപ്പതക്കക്കാരനായ, കുടുംബത്തിലെ ഏറ്റവും ഇളയ പൈതൽ. ജന്മവിശേഷംകൊണ്ടേ തനി സ്വദേശിയായ അയാൾ വിദേശത്തുപോയി പഠിക്കില്ലെന്ന് വാശിപിടിച്ചുപോലും. വിദേശരീതികളും, വിദേശവേഷവും നിഷിദ്ധം. ഖാദി കുർത്തയും പൈജാമയുമാണ് എപ്പോഴും വേഷം. മുകളിൽ രാഷ്ട്രീയക്കാരുടെ യൂണിഫോമായ മേൽക്കുപ്പായവും. പിന്നെ ഒരു ഇളംതാടി. മുഖത്തു സ്ഥായിയായി പതിച്ചുവച്ച പാൽച്ചിരി. നക്ഷത്രഗുണം കൊണ്ട് ഒരു നിത്യബ്രഹ്മചാരിയാകാനുള്ള എല്ലാ ലക്ഷണങ്ങളും കാണുന്നതുകൊണ്ട് ശേഷാദ്രി ബ്രഹ്മചാരിയെന്നാണ് അയാളെപ്പറ്റി പറയാറ്.

'വലിയ കെട്ടിക്കാഴ്ചയൊന്നും ഇല്ലെങ്കിലും നാം എപ്പോഴും നോട്ടത്തിൽ നിറുത്തേണ്ട കഥാപാത്രം!' ശേഷാദ്രി ഓർമ്മിപ്പിച്ചു: 'അവന്റെ കാലനക്കങ്ങൾ പിടിച്ചെടുക്കാനുള്ള കാതൊന്നും ഈ പാവം ശേഷാദ്രിക്കില്ല. ഒരു പക്ഷേ ആ കുടുംബത്തിലെ മറ്റു ചങ്ങാതിമാർക്കും.'

'അവർ എന്തെങ്കിലുമൊക്കെ ആയിക്കോട്ടെ, സ്വാമീ, പക്ഷേ, എന്റെ പ്രശ്നം വെട്ടാനായി നെറ്റിയിൽ അടയാളമിട്ട് നിറുത്തിയിരിക്കുന്ന അറുനൂറോളം തൊഴിലാളികളാണ്,' പ്രിയംവദ പറഞ്ഞു: 'അതിൽ പേടും തിരിവും കുറെ കണ്ടേക്കാമെങ്കിലും ഇത്രയും നാളുകൾ നമ്മുടെ ഒപ്പംനിന്ന് നല്ലതും ചീത്തയുമായ നാളുകൾ പങ്കിട്ടവരെ പെട്ടെന്നങ്ങ് എടുത്തു ദൂരെ കളയുകയെന്നു വച്ചാൽ...'

'പൊന്നിന്റെ കൈകുലുക്കൽ ഒരുക്കിക്കൊടുക്കാൻ പറയും സായിപ്പ്.'

'പക്ഷേ, ഇപ്പോൾ കമ്പനിക്കകത്തിരുന്ന് ഉറങ്ങി ശമ്പളം മേടിക്കുന്നവർ അതിന് തയ്യാറായേക്കില്ല. വീട്ടിലിരുന്ന് ഉറങ്ങുന്നതിനെക്കാൾ എത്രയോ ഭേദമാണ് കമ്പനിയിലെ മെച്ചപ്പെട്ട സൗകര്യങ്ങൾക്കകത്തിരുന്ന് ശമ്പളവും മേടിച്ച് ഉറങ്ങുകയെന്നത്. പിന്നെ കാന്റീനിൽനിന്ന് വെറും അമ്പതു പൈസയ്ക്ക് തരമാവുന്ന ഒരു നേരത്തെ ശാപ്പാടും.'

പിന്നീടവരുടെ ചർച്ച രണ്ടാമത്തെ കൺസൾട്ടന്റിനെ എങ്ങനെ ഒഴിവാക്കാമെന്നതായിരുന്നു.

തമിഴകത്തൊരു ഉൾനാട്ടിലെ അല്പം മുന്തിയൊരു കുറുനരിക്കുടുംബത്തിൽ പിറന്നവനാണ് ഈ ശേഷാദ്രി. അവിടത്തെ നാട്ടുനടപ്പനുസരിച്ച് കൂട്ടത്തിൽ ശേഷിയുള്ളവനു മാത്രമേ ശേഷാദ്രിയെന്ന പേര് കിട്ടൂ. ബാക്കിയുള്ളവർക്കെല്ലാം ഓരോതരം കണകുണ പേരുകൾ.

എന്തായാലും, കൺസൾട്ടന്റിനെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ചില കുറുക്കുവഴികൾ പറഞ്ഞുകൊടുക്കാനുണ്ടായിരുന്നു ശേഷാദ്രിക്ക്. നല്ലൊരു വേർപെടുത്തൽ പാക്കേജ് തയ്യാറാക്കി തൊഴിലാളികളുടെ മുമ്പിൽ വയ്ക്കുക. താത്പര്യമുള്ളവർ എടുക്കട്ടെ. എന്തായാലും ഈ ചുമതലതങ്ങൾ തന്നെ ഏറ്റെടുത്തേ പറ്റൂ. കൺസൾട്ടന്റുമാർ മുന്നോട്ടുവയ്ക്കുന്ന ഫോർമുലകൾ മിക്കപ്പോഴും ഏകപക്ഷീയവും ക്രൂരവുമാകും. തൊഴിലാളികളുടെ എണ്ണം കുറയ്ക്കാൻ അവരുടെ കയ്യിൽ എപ്പോഴുമുള്ള വഴി ഇടം വലം നോക്കാതെയുള്ള മുറിച്ചുമാറ്റൽ മാത്രം. അതായതു ബോധം കെടുത്താതെയുള്ള ശസ്ത്രക്രിയതന്നെ.

സായിപ്പുമാർ വരുമ്പോൾ ഈ വലിയ ഉത്തരവാദിത്വം കമ്പനിയിലെ എച്ച്. ആർ. വകുപ്പിനുതന്നെ വിട്ടുകൊടുക്കണമെന്നു നിർബന്ധിക്കാം. ഒരേ തൊലി പക്ഷികളായ തങ്ങളുടെ വെള്ളക്കാരായ ചങ്ങാതികളെ സഹായിക്കാനുള്ള പദ്ധതി പൊളിയുന്നതിൽ അവർക്ക് രസക്കേടു തോന്നുമെങ്കിലും ഒടുവിൽ സമ്മതിക്കേണ്ടി വരും.

ശേഷാദ്രി വൈകുന്നേരംവരെ അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നിരുന്നു. അപ്പോഴൊക്കെ സ്വാമിയുടെ തലച്ചോറ് പ്രവർത്തിക്കുന്ന ശബ്ദം പ്രിയംവദയ്ക്ക് തെളിഞ്ഞു കേൾക്കാമായിരുന്നു.

'ഒന്നു പതുക്കെ സ്വാമീ.,' പ്രിയംവദ ചിരിച്ചുകൊണ്ട് പറഞ്ഞു: 'തലയ്ക്കകത്തെ എൻജിന്റെ ശബ്ദം എന്റെ കാതടപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.'

വാ പൊത്തി ചിരിയമർത്തുകയാണ് ശേഷാദ്രി.

പിന്നീടങ്ങോട്ട് ഉറക്കമില്ലാത്ത നാളുകളായിരുന്നു അവർക്ക്. സായിപ്പിനെ ഒഴിവാക്കിക്കിട്ടണമെങ്കിൽ ആദ്യം ഹാർവാർഡിനെയും, ലണ്ടനെയും വിശ്വാസത്തിലെടുത്തേ പറ്റൂ. ചിലപ്പോൾ ആ മരങ്ങാട്ടുപിള്ളിക്കാരിയെ വരെ. ഓഫീസിൽ വരുന്നില്ലെങ്കിലും ലണ്ടന്റെ ചരട് വീട്ടിലിരിക്കുന്ന മരങ്ങാട്ടുപിള്ളിയുടെ കൈയിൽതന്നെയാണെന്നാണ് കേൾവി. നിറക്കുറവിന്റെ കോംപ്ലക്സ് കൊണ്ടായിരിക്കാം, പൊന്നിന്റെ നിറമുള്ള പെമ്പിളയുടെ മുമ്പിൽ പലപ്പോഴും ഉത്തരം മുട്ടാറുണ്ടത്രെ അയാൾക്ക്.

എന്തായാലും, സബർവാൾകൂട്ടുകുടുംബത്തിലെ പെരിയ മൂപ്പന്മാരാരും ഇതിൽ ഇടപെട്ടേക്കില്ല. ഇനിയുള്ള കാലത്തെ മാനേജ്മെന്റ് കളരിമുറകൾ തങ്ങളുടെ വരുതിയിൽ നിൽക്കുന്ന ഒന്നാവില്ലെന്നു നന്നായറിയാവുന്ന കാരണവന്മാർ എല്ലാം പുതിയ തലമുറയെ ഏല്പിച്ച്, തങ്ങൾക്ക് വിധിച്ചിട്ടുള്ള

ആ വലിയ തട്ടിൻപുറത്തു കയറി തക്കസമയത്തു താഴോട്ടു നോക്കി പുഷ്പ വൃഷ്ടി നടത്താനുള്ള വെള്ളിത്താലങ്ങളൊരുക്കി, അങ്ങനെ ഉണ്ടും, ഉറങ്ങിയും, തടിച്ചും, വീർത്തും കഴിഞ്ഞുകൂടുകയാണ്.

'വാർദ്ധക്യത്തിന്റെ പരാധീനത, അല്ലേ ശേഷാദ്രീ!' പ്രിയംവദ ഒരിക്കൽ ചോദിച്ചു: 'എങ്ങനെയിരുന്ന കാരണോന്മാരാണ്!'

'ശരിയാണ് മാഡം,' ശേഷാദ്രി തലയാട്ടി: 'ഒരു പ്രായം കഴിഞ്ഞാൽ ഇത്തരം പുഷ്പവൃഷ്ടികൾക്കുള്ള യോഗമേ കാണൂ മനുഷ്യജന്മത്തില്. പിന്നെ ചുമരിലെ എണ്ണച്ചായച്ചിത്രമാകാനുള്ള ഇരുന്നുകൊടുക്കലും.'

'ഇഷ്ടമില്ലാത്തതൊക്കെ കാണേണ്ടിവരുമ്പോഴോ?'

'വേണങ്കിൽ തട്ടിൻപുറത്തെ പലകയിൽ കാൽനഖംകൊണ്ട് ചുരണ്ടാം. ഇടയ്ക്കൊക്കെ ഒന്നു തഞ്ചത്തിൽ ചുമയ്ക്ക്വേം ആവാം.'

'അത്രേള്ളൂ മനുഷ്യന്റെ കാര്യം.' പ്രിയംവദ നെടുവീർപ്പിട്ടു.

'ശരിയാണ് മാഡം. അത്രേള്ളൂ മനുഷ്യന്റെ കാര്യം,' ശേഷാദ്രിയും പറഞ്ഞു.

പ്രിയംവദ കരുതിയതുപോലെ ഒരുദിവസം നട്ടുച്ചയ്ക്ക് കൺസൾട്ടന്റ് സായിപ്പന്മാർ കയറിവന്നു. ആകെ വിയർത്തു കുളിച്ച്, മുഖമാകെ ചുവന്നു തുടുത്തു, വല്ലാത്തൊരു പരുവത്തിലാണ് അവർ വന്നുകയറിയത്. ആഢ്യന്മാരായ വലിയ റോബർട്ട് നമ്പൂതിരിയും ചെറിയ റോബർട്ട് നമ്പൂതിരിയും, പുറകിൽ വിനീതവിധേയനായ രാമനായി ശേഷാദ്രിയും.

'ഒരുപാടു നടന്നുവല്ലേ, തിരുമേനിമാര്?' പ്രിയംവദ വലിയ അനുകമ്പയോടെ ചോദിച്ചു: 'ലൈൻബസ്സ് കിട്ടീല്ലാരിക്കും.'

'ഓ, ഒന്നും പറയണ്ടാന്റെ ആത്തേന്മാരേ! വശംകെട്ടൂന്ന് പറഞ്ഞാ മതീല്ലോ.' വല്ല്യമ്പൂരി രണ്ടാംമുണ്ട് കൊണ്ട് തലയും മുഖവും തുടയ്ക്കുകയായിരുന്നു. 'കാളകള് വലിക്കണ വണ്ടിക്ക് വണ്ടീന്ന് പറയാമോ ആവോ, നല്ല നിശ്ശല്യാ.'

വണ്ടിത്താവളത്തിൽനിന്ന് വരാൻ കമ്പനിയുടെ കാറ് കൊടുത്തുകാണില്ല അറുപിശുക്കന്മാരായ സബർവാൾമാർ, പ്രിയംവദ നിരൂപിച്ചു.

ഏതൊക്കെ ഇല്ലങ്ങളിൽനിന്നാണാവോ? പ്രിയംവദ ചോദ്യഭാവത്തിൽ ശേഷാദ്രിയുടെ നേർക്ക് നോക്കി.

മൂത്തയാൾ ന്യൂജേർസിയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിക്കടുത്തുള്ള ഒരു പേരുകേട്ട ഇല്ലം. നമ്മുടെ തോമസ് ആൽവാ എഡിസൺ ജനിച്ചത് തൊട്ടടുത്തൊരു ശൂദ്രക്കുടിലിലായിരുന്നത്രെ. ചെറിയേടം പിറന്നത് ഫ്ളോറിഡയിലെ മറ്റൊരു പേരുകേട്ട ഇല്ലത്ത്. ഏതാണ്ട് നമ്മുടെ നാട്ടിലെപ്പോലത്തെ കാലാവസ്ഥയായതുകൊണ്ട് ചെറിയ തിരുമേനിയുടെ ശീലങ്ങളും ഏതാണ്ട് അതുപോലെയൊക്കെത്തന്നെ. നന്നെ പെട്ടെന്ന് വിയർക്കുന്ന ശരീരമായതുകൊണ്ട് രണ്ടുനേരം സമൃദ്ധമായിട്ട് കുളിക്കാതെ വയ്യ. പുലർകാലത്തെ വിധിയാംവണ്ണമുള്ള സ്നാനത്തിന് വേണ്ടത്ര എണ്ണേം, ഇഞ്ചേം, താളീമൊക്കെ തരമാക്കിക്കൊടുത്തോളാമെന്ന് കോൺട്രാക്റ്റിൽ ഏറ്റിട്ടുണ്ട്.

തിരുമേനിമാർ ആദ്യമേതന്നെ പ്രിയംവദയെ തഞ്ചത്തിൽ ഒന്ന് സോപ്പിടാൻ നോക്കി.

'പേരുകേട്ടപ്പോൾ ഇത്രയ്ക്ക് ചെറുപ്പാണെന്ന് നിരീച്ചില്ലാട്ടോ!' വലിയേടം പറഞ്ഞു.

'ചെറുപ്പം മാത്രമല്ല, അത്രയ്ക്ക് മുഖശ്രീയും...' ചെറിയേടം പിന്താങ്ങി.

ആ വഷളൻ ചിരിയിൽ പങ്കുചേരണമെന്ന് പ്രിയംവദയ്ക്ക് തോന്നിയില്ല.

'ഒരുപാട് കേട്ടിരിക്ക്ണൂ, എച്ച്.ആർ. വകുപ്പിലെ പ്രിയംവദാമാഡത്തെപ്പറ്റി.'

'കേട്ടതു മുഴുവൻ വിശ്വസിച്ചാൽ അബദ്ധാവും, തിരുമേനീ, അതൊണ്ട് ലേശമൊക്കെ മതി...!' പ്രിയംവദ പറഞ്ഞു: 'പരദൂഷണം ഒരു അനുഷ്ഠാനകലയാക്കിയ മേഖലയായതുകൊണ്ട് പ്രത്യേകിച്ചും.'

അത് പിടിച്ചുകയറാനായി സായിപ്പ് തേടി നടന്നിരുന്ന ഒരു വള്ളിതന്നെയായിരുന്നു.

'ഒരു സ്ഥാപനത്തിൽ ഗോസിപ്പുകൾ ഉണ്ടാകുന്നതെങ്ങനെയെന്ന് ആലോചിച്ചിട്ടുണ്ടോ മിസ്സിസ് മേനോൻ?'

സായിപ്പിന്റെ ലൈൻ പെട്ടെന്ന് പിടികിട്ടിയതുകൊണ്ട് പ്രിയംവദ വെറുതെ തലയാട്ടി.

'തൊഴിലാളികൾക്കു വേണ്ടത്ര പണിയില്ലാതെ വരുമ്പോൾ. അതായത് തൊഴിലാളികൾ വേണ്ടതിലേറെയാകുമ്പോൾ. പരദൂഷണത്തിനായുള്ള അരങ്ങുകളൊരുക്കിക്കൊടുക്കുന്നത് മാനേജ്മെന്റിന്റെ കഴിവുകേടു തന്നെ.'

പ്രിയംവദ വീണ്ടും ചിരിച്ചു.

'ഞാൻ വെറുതെ തമാശ പറഞ്ഞതാണ് റോബർട്ട് തിരുമേനീ!'

'അകത്തുള്ളവരുടെ ഇത്തരം നിർദ്ദോഷമായ തമാശകളിലൂടെയാണല്ലോ ഞങ്ങൾക്ക് പിടിച്ചു കയറാനുള്ള കാട്ടുവള്ളികൾ കിട്ടുന്നത്.' റോബർട്ട് ഒരു കള്ളച്ചിരി ചിരിച്ചു: 'ആത്തേമ്മാര് പറഞ്ഞോളൂ. നിർബ്വാധം...'

കാട്ടുവള്ളികളിൽ തൂങ്ങിയാടുന്ന ടാർസന്മാരായി രണ്ടു തിരുമേനിമാർ.

ചർച്ചകൾ തുടങ്ങിയപ്പോൾ പ്രിയംവദ ഒരു കാര്യം തറപ്പിച്ചു പറഞ്ഞു:

ഇപ്പോഴത്തെ നവീകരണവുമായി ബന്ധപ്പെടുത്തി കണിശമായൊരു മാൻപവർ പ്ലാനിങ്ങിന്റെ ആവശ്യകതയെപ്പറ്റി നിങ്ങളുടെ പ്രൊജക്റ്റ് റിപ്പോർട്ടിൽ കണ്ടു. വളരെ ശരിയാണത്. അത്തരമൊരു മാൻപവർ പ്ലാനിങ് കൂടിയേ തീരൂ എന്ന കാര്യത്തിൽ സംശയമേയില്ല. ഈ സ്ഥാപനത്തിന്റെ നല്ല നടത്തിപ്പിനാവശ്യമായ ജീവനക്കാർ എത്രയെന്ന് കണ്ടുപിടിക്കുക, അവരുടെ ഉത്പാദനക്ഷമത കൂട്ടുക, ഉത്പാദനവുമായി കൂട്ടിയിണക്കിയുള്ള ഒരു വേതനവ്യവസ്ഥയും, ഇൻസന്റീവുപദ്ധതിയുമൊക്കെ തയ്യാറാക്കുക. ഇതൊക്കെയാവും അവിടന്ന് സൂചിപ്പിക്കാൻ പോണതെന്ന് നല്ല നിശ്ചയംണ്ട് അടിയങ്ങൾക്ക്. ആ വഴിക്കൊരു പഠനം നടക്കുന്നുമുണ്ട് ഇവിടത്തെ എച്ച്.ആർ. വകുപ്പിനകത്ത്. അതുകൊണ്ട് അക്കാര്യം അടിയങ്ങൾക്കുതന്നെ വിട്ടുതരുന്നതാവും ഭംഗി. അതായത് അത്യാവശ്യം വേണ്ട ജീവനക്കാരുടെ എണ്ണം പിടിച്ചു, കമ്പനി നോട്ടമിടുന്ന ഉത്പാദനം തരാക്കാമോ എന്ന് അടിയങ്ങൾക്കും ഒരു കൈ നോക്കാമല്ലോ.

വലിയ റോബർട്ട് നമ്പൂതിരി ചെറിയ റോബർട്ട് നമ്പൂതിരിയുടെ നേർക്ക് കടക്കണ്ണെറിയുന്നത് പ്രിയംവദ ശ്രദ്ധിച്ചു. കണ്ണുസാധകം കുട്ടിക്കാലത്തേ വശമാക്കിയ ഈ നമ്പൂര്യാർക്ക് എത്ര സമർത്ഥമായി സൈബർസന്ദേശങ്ങളെക്കാൾ മെച്ചപ്പെട്ട നയനസന്ദേശങ്ങൾ ഒരു കണ്ണിൽനിന്ന് മറുകണ്ണിലേക്കു മാറാൻ കഴിയുന്നു. ചുണ്ടനക്കാതെതന്നെ റോബർട്ടു

തിരുമേനിമാർ തമ്മിൽ തങ്ങളുടെ മുമ്പിലിരുന്ന് ഒരു നീണ്ട ചർച്ച നടത്തിക്കഴിഞ്ഞുവല്ലോ.

ശേഷാദ്രിക്കാണെങ്കിൽ ആഢ്യന്മാരായ പരദേശിബ്രാഹ്മണരോടുള്ള ആദരവ് സഹിക്കുന്നില്ല. ഈ മഹാബ്രാഹ്മണർ നയിക്കാനായി പിറന്നവർ തന്നെ. തങ്ങളോ അനുസരിക്കാൻ മാത്രം പിറന്ന ശൂദ്രസമാനരും.

അയാൾ മാഡത്തിന്റെ നേർക്ക് നോക്കി കണ്ണിറുക്കിക്കാട്ടി.

'മിസ്സിസ് മേനോൻ പറയുന്നതിന്റെ സ്പിരിറ്റ് നന്നായി മനസ്സിലാകും ഞങ്ങൾക്ക്,' ചെറിയേടം പറഞ്ഞു: 'സ്വന്തം ജീവനക്കാരുടെ കഴിവിൽ ഒരു എച്ച്.ആർ. മേധാവിക്ക് വിശ്വാസവും അഭിമാനവും ഉണ്ടാകുകയെന്നതു കമ്പനിയെ സംബന്ധിച്ചിടത്തോളം വലിയൊരു സൗഭാഗ്യം തന്നെ. പക്ഷേ മാറി വരുന്ന ഇന്നത്തെ യാന്ത്രിക യുഗത്തിൽ ഇത്തരം പഴഞ്ചരക്കിൽ അത്രയ്ക്കങ്ങ് അമിതവിശ്വാസം വേണോ?"

'ചില ചരക്കുകൾക്ക് കാലംചെല്ലുന്തോറും വീര്യം കൂടുമെന്നാ ഞങ്ങളുടെ പ്രമാണം,' പ്രിയംവദ പറഞ്ഞു.

അപ്പോഴേക്കും വലിയേടം ഇടയിൽ കയറി:

'ചെറിയേടം പറഞ്ഞത് ഏറെ പ്രസക്തമാകുന്നു. കുറെക്കൂടി മെച്ചപ്പെട്ടൊരു മനുഷ്യശക്തിയില്ലാതെ ഇനിയങ്ങോട്ടു മുന്നോട്ടു പോകാൻ കഴിഞ്ഞേക്കില്ല.'

എന്തായാലും മനുഷ്യശക്തിയുടെ വകുപ്പിൽ കൈയിടാൻ പ്രിയംവദ സമ്മതിക്കുകയില്ലെന്ന് ഉറപ്പായതോടെ നമ്പൂതിരിമാർ വീണ്ടും കണ്ണിൽക്കണ്ണിൽ നോക്കി തീവ്രമായ രഹസ്യസംഭാഷണത്തിൽ ഏർപ്പെടുകയായി.

അന്നേരം ശേഷാദ്രിയുടെ തലയ്ക്കകത്തെ യന്ത്രം വല്ലാതെ ഇരമ്പിത്തുടങ്ങുന്നതിന്റെ ഒച്ച കേട്ടു. തൽക്കാലത്തേക്ക് ആ കുന്ത്രാണ്ടം ഒന്ന് ഓഫ് ചെയ്ത് വയ്ക്കാനായി പ്രിയംവദ ആംഗ്യം കാട്ടി.

കണ്ണും കണ്ണുമായി ഇത്ര സമർത്ഥമായി സംവേദനം നടത്തുന്ന ചൊട്ടുവിദ്യ ഈ മഹാബ്രാഹ്മണരിൽനിന്ന് എങ്ങനെ തഞ്ചത്തിൽ കൈക്കലാക്കാനാവും എന്നായിരിക്കും ശേഷാദ്രി ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ബോഡി ലാംഗ്വേജ് എന്നൊക്കെ പറയുന്നതുപോലെ കണ്ണുകളുടെ ശക്തമായൊരു ഭാഷ.

മാഡം ലേശം കട്ടിക്കാരിയാണെന്ന് മനസ്സിലാക്കാൻ അധികനേരമെടുത്തില്ല, സായിപ്പന്മാർ. അതുകൊണ്ടാവാം കൂട്ടത്തിൽ വില്ലനെന്ന് തോന്നിക്കുന്ന ചെറിയേടം ചെറിയൊരു അടവെടുത്തു നോക്കിയത്:

'മനുഷ്യശക്തിയുടെ ശരിയായ ഉപയോഗമെന്നത് ഈ നവീകരണ പദ്ധതിയുടെ ഏറ്റവും വലിയ ഘടകമാണ്. ഈ പ്രോജക്റ്റിന്റെ പ്രധാന ഉപദേശകരെന്ന നിലയിൽ, മിസ്സിസ് മേനോന്റെ പരിപാടികൾ ഞങ്ങളുടെ മൊത്തം പ്ലാനുമായി ഒത്തുപോകുന്നില്ലെങ്കിലോ?'

ചെറുവിരലിന്റെ തുമ്പത്തെ ഇല്ലാത്ത നഖം കടിച്ചുകൊണ്ട് പ്രിയംവദയൊരു കള്ളച്ചിരി ചിരിച്ചു.

ചെറിയേടം തുടർന്നു:

'ഞങ്ങളുടെ നിലപാടിനെ മാനേജ്മെന്റും പിന്താങ്ങിയാലോ?'

വീണ്ടും അതേ കള്ളച്ചിരിതന്നെ. ശേഷാദ്രിയുടെ മുഖത്താണെങ്കിൽ ചെറിയൊരു അങ്കലാപ്പ്.

'ഒന്നായ നിന്നെയിഹ രണ്ടെന്ന കണ്ടളവിൽ... ഈ പ്രിയംവദാ മേനോനെന്ന് പറയപ്പെടുന്നത് രണ്ടല്ല, ഒന്നുമാത്രമെന്നു നിനച്ചാൽ വേണ്ടാത്ത ഇണ്ടൽ ഒഴിവാക്കാമായിരുന്നു,' പ്രിയംവദ പറഞ്ഞു.

അശേഷം പിടികിട്ടുന്നുണ്ടായിരുന്നില്ല റോബർട്ട് തിരുമേനിമാർക്ക്.

'ച്ചാൽ...?' മൂത്തവൻ ചോദിച്ചു.

'തന്ത ഒന്നെങ്കിൽ വാക്കും ഒന്നു മതി എന്നാണ് തറവാട്ടിൽ പിറന്നവരുടെ പ്രമാണം.'

'ച്ചാൽ....?' വീണ്ടും അതേ അന്തമില്ലായ്മതന്നെ.

ഇത്രയും പറഞ്ഞിട്ടും ആഢ്യന്മാർക്ക് കാര്യം മനസ്സിലാകുന്നില്ലെങ്കിൽ ഇവര് എവിടത്തെ നമ്പൂര്യാര്?

അതിശയിക്കുകയാണ് പ്രിയംവദ. ശേഷാദ്രിയുടെ മുഖത്താണെങ്കിൽ ബ്രാഹ്മണകുലം മൊത്തവും ചില്ലറയുമായി വെടക്കാക്കപ്പെടുന്നതിന്റെ വൈഷമ്യം. തലയ്ക്കകത്തെ ആ പഴകിയ എൻജിൻ ഇരമ്പുന്ന ഒച്ച സാമാന്യം ഉറക്കെത്തന്നെയായിരിക്കുന്നു. ഈ നമ്പൂര്യാരുടെ ഇല്ലപ്പേരുകൾ ശരിയാണോയെന്ന് കണ്ടുപിടിക്കേണ്ട ചുമതല അയാളെത്തന്നെ ഏല്പിക്കാമെന്ന് പ്രിയംവദയ്ക്ക് തോന്നി.

ലേശം കഴിഞ്ഞപ്പോൾ ഏതാണ്ട് മനസ്സിലായതുപോലെ ചെറിയേടം ഒരു കൊല്ലുന്ന ചിരി ചിരിച്ചു.

'എന്തേ ചെറിയേടം?' വലിയ തിരുമേനി ചോദ്യഭാവത്തിൽ പുറത്ത് തട്ടി.

'ഏതാണ്ട് ഒരൂട്ടമൊക്കെ...'

'ഭേഷായി. എന്തായാലും എളുപ്പത്തിൽ മനസ്സിലാകണ ഭാഷയിൽ പറഞ്ഞുതരാം, റോബർട്ട്,' പ്രിയംവദ പറഞ്ഞു: 'മനയ്ക്കലെ തെക്കിനിയിലിരുന്ന് രഹസ്യമായി തയ്യാറാക്കാൻ പോകുന്ന ആ ഏകപക്ഷീയമായ പാക്കേജ് കണ്ണും മൂക്കുമടച്ചു നടപ്പിലാക്കാൻ ഒരു പ്രിയംവദയെ കിട്ടുമെന്ന് കരുതണതു ലേശം അതിമോഹമാവില്ലേ, തിരുമേനീ. കാര്യസ്ഥന്റെ റോള് എന്നേ കൈവിട്ടിരിക്കുന്നു പഴയ രാമന്നായന്മാർ.'

ആഢ്യബ്രാഹ്മണരുടെ പിൻതലയിൽ ഒരു ശൂദ്രസ്ത്രീയുടെ വകയായ ആ എണ്ണംപറഞ്ഞ കിഴുക്കിൽ ലേശം ചരിത്രപരമായ പകപോക്കലുണ്ടെന്ന് ശേഷാദ്രിക്കുപോലും തോന്നിപ്പോയി.

എന്തായാലും സംഗതി ഏറ്റുവെന്ന് പ്രിയംവദയ്ക്ക് ഉറപ്പായി. ഏത് തൊലി വെളുത്ത ഏഭ്യനായാലും പെണ്ണിന്റെ കയ്യിൽനിന്നു പിൻതലയിൽ കിട്ടുന്ന കിഴുക്കിൽ എണ്ണ കിനിയുമെന്ന് സംശയം വേണ്ടാ.

അന്തരീക്ഷം ഒന്നു തണുപ്പിക്കാനായി പ്രിയംവദ ഒരു കൊളുത്തിട്ടു:

'ഇനി അല്പം വിദേശഫലിതങ്ങളായാലോ. ഒരു അപ്പിറ്റൈസറെന്ന നിലയിൽ ലേശം സസ്യേതരങ്ങളുമാവാം. കൂട്ടത്തിൽ ഒരു പെണ്ണൊരുത്തിയുണ്ടെന്ന കാര്യത്തിൽ ജാള്യം വേണ്ടാ.'

പക്ഷേ, അവരതിൽ കൊത്തിയില്ല. മുഖത്തു കലശലായ പരുങ്ങൽ. പുതിയൊരു കച്ചവടസാദ്ധ്യത കൈവിട്ടുപോയതിന്റെ വൈഷമ്യത്തിനപ്പുറമായി ഒന്നരയുടുത്ത പെണ്ണിന്റെ മുമ്പിൽ ചമ്മേണ്ടി വന്നതിന്റെ ഇടങ്ങേറ്.

അതുകൊണ്ടാവാം, ഉച്ചഭക്ഷണസമയത്ത് സായിപ്പന്മാർ പൊതുവെ ശാന്തരായി കാണപ്പെട്ടു. ഓഫീസ്കാര്യങ്ങൾ അപ്പാടെ ഒഴിവാക്കി

അമേരിക്കൻ തെരഞ്ഞെടുപ്പും, ഏറ്റവും പുതിയ ഹോളിവുഡ് സിനിമയുമൊക്കെയായി അവരുടെ സംസാരവിഷയം.

ഒടുവിൽ കൈകുലുക്കി വീണ്ടും കാണാമെന്നു പറഞ്ഞ് അവർ കാറിൽക്കയറി പോയപ്പോൾ ശേഷാദ്രി വലിയ ആദരവോടെ പറഞ്ഞു:

'മാഡം കലക്കി.'

'വലിയൊരു കലക്കിൽനിന്ന് കമ്പനിയെ രക്ഷപ്പെടുത്താൻ നോക്കിയെന്ന് പറയൂ.'

'സായിപ്പ് തൽക്കാലത്തേക്കൊന്ന് ഒതുങ്ങിയ മട്ടുണ്ട്, സംശയം വേണ്ട.'

'മുഖലക്ഷണം കണ്ടിട്ട് തൽക്കാലത്തേക്ക് മാത്രമാണെന്നു തോന്നിയില്ല.'

'ഇത് നമ്മള് ഉദ്ദേശിക്കുന്നയിടത്തുതന്നെ കൊണ്ടുപോയി കെട്ടുവാൻ കഴിഞ്ഞേക്കും.'

'ഹാർവാർഡും ലണ്ടനും ഉടക്കാൻ വന്നേക്കുമോ?'

'അങ്ങനെയൊരു സാദ്ധ്യത രാശിവശാൽ കാണുന്നില്ല,' ശേഷാദ്രി തന്റെ മൂന്നാംകണ്ണ് തുറന്നു വരുംകാലങ്ങളിലേക്ക് നോട്ടമെറിഞ്ഞുകൊണ്ട് പറഞ്ഞു: 'കാരണം, മാഡം ഒടുവിൽ ഇറക്കിക്കളിച്ച ആ തുറുപ്പുഗുലാൻ തന്നെ. ഇത്തരമൊരു സന്ദിഗ്ദ്ധഘട്ടത്തിൽ ഒരു പ്രിയംവദാമേനോനെ കൈവിടാൻ ഒരു കമ്പനിയും തയ്യാറായേക്കില്ല.'

'അത്രയ്ക്ക് വിവേകം അവർക്കുണ്ടെങ്കിൽ കൊള്ളാമായിരുന്നു.'

'ഉണ്ടാകും. സംശയം വേണ്ട,' ശേഷാദ്രി ചിരിച്ചു: 'ഇരുപ്പ് സ്ഥിരമായി തട്ടിൻപുറത്താണെങ്കിലും, പൊതുവെ ഇടപെടലുകൾ ഒഴിവാക്കുന്നവരാണെങ്കിലും, അന്നം മുട്ടുമെന്നുവന്നാൽ കാരണോന്മാരും പടികളിറങ്ങി വന്നുവെന്നു വരും. അല്ലെങ്കിലും, ബലിക്കാക്കകളുടെ കണ്ണാണ് മുതിർന്ന സബർവാൾമാർക്ക്. എല്ലാം കാണുന്നവർ, എല്ലാം അറിയുന്ന ത്രികാലജ്ഞാനികൾ. കാലങ്ങളിലൂടെ കടന്നുപോകാൻ കെല്പുള്ള അവരുടെ കാകദൃഷ്ടിയെ കബളിപ്പിക്കാൻ സാക്ഷാൽ ഈസ്റ്റിന്ത്യാ കമ്പനിക്കാര് കൂട്ടിയിട്ട് കൂടിയിട്ടില്ല. പിന്നെയാണീ കുടുമ്മ മുറിച്ച വെള്ളുമ്പൻ നമ്പൂര്യാര്...'

'കുടുമ്മ മുറിച്ച നമ്പൂര്യാര്!' ശേഷാദ്രിക്ക് ഇത്രയും നർമ്മബോധമുണ്ടെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്.

'നേര് പറഞ്ഞാൽ, അവര് വന്നു കയറിയപ്പോൾ ഞാനാദ്യം നോക്കിയത് സായിപ്പിന്റെ തലയുടെ പുറകിൽ കുടുമ്മയുണ്ടോയെന്നായിരുന്നു.' ശേഷാദ്രി പറഞ്ഞു: 'അവിടെ ബദ്ധപ്പെട്ട് കുടുമ്മ മുറിച്ചതിന്റെ വെടിപ്പില്ലാത്ത അടയാളങ്ങൾ കണ്ടപ്പോൾ ആശ്വാസമായി. ഏതു മിടുക്കനായ അമ്പിട്ടനും അറിയാതെതന്നെ ചില കത്രികപ്പാടുകൾ ബാക്കിയിടുമെന്നാണ് പോലീസ് മാനുവലിൽ പറഞ്ഞിരിക്കണത്.'

അപ്പോഴൊക്കെ പ്രിയംവദ ഓർത്തുകൊണ്ടിരുന്നതു മറ്റൊന്നായിരുന്നു. തന്റെ നേർക്കു നോക്കുമ്പോഴൊക്കെ ആ വലിയേടത്തിന്റെ മുഖത്തു മിന്നിമറഞ്ഞുകൊണ്ടിരുന്ന ആ ശൃംഗാരഭാവം.

ബിലാത്തിയിൽനിന്ന് കപ്പൽ കയറുന്നതിനുമുമ്പ് പഴയ കേരളചരിത്രമൊക്കെ അസാരം വായിച്ചു കാണും. ഇവിടം വിടുന്നതിനു മുമ്പ് ഒരു സമ്മന്തം തരാകുമോ എന്ന നിശ്ശബ്ദമായ ഒരന്വേഷണം ആ മുഖത്തു മറഞ്ഞിരിക്കുന്നതു പോലെ.

അതോർത്തപ്പോൾ പ്രിയംവദയ്ക്ക് ചിരിയടക്കാനായില്ല.

'എന്തേ മാഡം?' ശേഷാദ്രി ചോദിച്ചു.

'അല്ല, കാലമിത്ര കഴിഞ്ഞിട്ടും ഈ നമ്പൂര്യാരുടെ ഉള്ളിലെ ശൃംഗാര മോഹങ്ങളേയ്...'

പ്രിയംവദ വീണ്ടും ചിരിച്ചുകൊണ്ടേയിരുന്നു. ശേഷാദ്രിക്കാകട്ടെ ആ ചിരിയുടെ പൊരുളൊട്ടു മനസ്സിലായതുമില്ല.

പതിനഞ്ച്

ആലീസ് സൂചിപ്പിച്ചതാണ് ഒന്നുരണ്ടു തവണ. പിന്നീട് നീതുതന്നെ പലകുറി സ്വയം ചോദിക്കുകയും ചെയ്തു:

ഈ ഹരിനാരായണന്മാർ ഉണ്ടാകുന്നതെങ്ങനെ?

ഒരാളുടെ ഉള്ളിൽ ഇത്തരം ഹരിനാരായണന്മാർ ഉണ്ടാകുന്നതെങ്ങനെ?

എങ്ങോട്ടെന്നില്ലാതെ ചോദ്യങ്ങളെറിയുമ്പോഴും ഉത്തരം കാക്കുക സ്വാഭാവികം. എങ്കിലും ഇക്കാര്യത്തിൽ മാത്രം ഉത്തരം കിട്ടിയേ പറ്റൂ എന്ന പിടിവാശിയില്ല. തന്നെ ഒരു സ്വയംഭൂവായി കാണാമല്ലോ എന്നൊരിക്കൽ പറഞ്ഞതാണ് ഹരിനാരായണൻ. അലസമായി പറഞ്ഞതാണെങ്കിലും അതിനിപ്പോൾ ഒരുപാട് അർത്ഥങ്ങളുള്ളതുപോലെ.

അയാൾക്കു ചുറ്റും കാടുംപടലുമുണ്ടായിരുന്നു എന്നും കുറെയൊക്കെ പച്ചപ്പും, അതിലിരട്ടി ഇരുട്ടും, ഇലപ്പരപ്പുകളുടെ മുകൾവിതാനങ്ങളിൽനിന്ന് ചോർന്നു കിട്ടുന്ന ഇത്തിരി വെളിച്ചവുമൊക്കെ മാറിമാറി.

ഈ കാടുംപടലുമൊക്കെ വകഞ്ഞുമാറ്റി ശരിക്കുള്ള ഹരിനാരായണനിലേക്കെത്താൻ പണിപ്പെടുമ്പോഴൊക്കെ അയാളുടെ അർത്ഥംവെച്ചുള്ള ചിരി അകന്നകന്നു പോകുന്നതുപോലെ.

എന്തിനീ പാഴ്വേല കൊച്ചേ, അയാൾ ചോദിക്കുകയാവാം. അല്ലെങ്കിലും ഒരാളെപ്പറ്റി ഒരുപാട് അറിയാൻ നോക്കുന്നതെന്തിന്? ഇത്രയൊക്കെ പോരേ?

യാത്രയിലാണത്രെ അയാളെപ്പോഴും. ഒരു ഊരിൽനിന്ന് മറ്റൊന്നിലേക്ക്. പുഴകൾ കടന്ന്, കുന്നിൻപള്ളങ്ങളിറങ്ങി, കുറ്റിക്കാടുകളിലൂടെ, പകൽവെളിച്ചം മറഞ്ഞുനിൽക്കുന്ന മരക്കൂട്ടങ്ങൾക്കിടയിലൂടെ ഉണക്കയിലകൾ ചവിട്ടിയരച്ച്...

നാട്ടുവഴികളെക്കാൾ ഇണക്കം കാട്ടുവഴികളാണല്ലോ എന്നയാൾ തന്നെ സമ്മതിച്ചുതരാറുണ്ട്.

എല്ലാം നല്ല പരിചയമാണയാൾക്ക്. കുന്നുകൾക്കിടയിലുള്ള ഊരുകളും, അവയ്ക്കിടയിൽ ചിതറിക്കിടക്കുന്ന പനയോല മേഞ്ഞ കുടിലുകളും അവിടന്ന് പൊങ്ങുന്ന പുകയും ഗന്ധവുമൊക്കെ എളുപ്പത്തിൽ തിരിച്ചറിയാനാകുന്നു.

കാട്ടുപാതകളിലൂടെ അലയാൻ വിധിക്കപ്പെട്ടവരുടെ സഞ്ചാരം നേർവരകളിലൂടെ ആവില്ലൊരിക്കലും. ഇലപ്പടർപ്പുകൾക്കിടയിൽ വെട്ടിപ്പുളഞ്ഞു പോകുന്ന പച്ചിലപ്പാമ്പുകളെപ്പോലെ ചെറിയൊരു ഇലയിളക്കത്തിൽ പെട്ടെന്ന് മറയാനും, അതിലും എളുപ്പത്തിൽ പുറത്തുവരാനുമുള്ള കഴിവ് അതിശയിപ്പിച്ചിട്ടുണ്ട് പലപ്പോഴും.

കൂട്ടരുടെ ഇടയിൽ വലിയൊരു പരിവേഷമാണ് ആൾക്ക്. അലച്ചിലുകളുടെ തമ്പുരാൻ എന്ന് താനൊരിക്കൽ കളിയാക്കി വിളിച്ചപ്പോൾ അയാളുടെ മുഖം പൊടുന്നനേ ചുവന്നു. തമ്പുരാക്കന്മാർ അലയാറില്ലല്ലോ ഒരിക്കലും, അവർക്കുവേണ്ടി അലയാൻ അടിയാളുകളുണ്ടല്ലോ, അയാൾ ചീറി.

കാടാറുമാസം, നാടാറുമാസം അല്ലേ, ആരോ ചോദിച്ചു. അപ്പോൾ ഹരിനാരായണൻ പറഞ്ഞു അങ്ങനെ കണിശമായി പകുത്തിടാനാവില്ലല്ലോ, ചങ്ങാതീ, ആരോ വകഞ്ഞിട്ട് പേരു വിളിച്ച കുറെ മാസങ്ങളെ.

അല്ലെങ്കിലും എന്റെ വരുതിയിൽ മാസങ്ങളില്ല, വിരലുകൾ മടക്കി എണ്ണാവുന്ന ദിവസങ്ങളും. എന്റെ മുമ്പിലുള്ളതു പകലുകളും രാത്രികളും മാത്രം. കുറെ വെളിച്ചവും അതിലേറെ ഇരുട്ടും. എന്റെ കൺമുമ്പിൽതന്നെയാണ് ഉൾക്കാടുകളിൽ ഇരുട്ട് കെട്ടഴിഞ്ഞു വീഴുന്നതും വെളിച്ചം പരക്കുന്നതുമൊക്കെ.

ഒറ്റയ്ക്ക് നിൽക്കാൻപോലും കെല്പില്ലാത്തവരെ സംഘം ചേർക്കുന്നതിനെപ്പറ്റി പറയാൻ തുടങ്ങിയപ്പോൾ 'സംഘം ശരണം ഗച്ഛാമി' എന്ന കുസൃതിവാക്യമാണ് നിതുവിന്റെ നാവിൻതുമ്പത്ത് വന്നത്. എന്തോ, അപ്പോൾ അയാളുടെ മുഖം ചുവക്കുന്നതു കണ്ടില്ല. സംഘപ്പൊരുൾ മനസ്സിലാക്കാനുള്ള പ്രാപ്തിയില്ലല്ലോ നിങ്ങൾക്കൊക്കെ എന്ന് തെല്ലൊരു ഖേദത്തോടെ പറയുക മാത്രം ചെയ്തു.

കാടുകളിൽ മഴ വീഴുന്നതും, മഞ്ഞിറങ്ങുന്നതുമൊക്കെ നിങ്ങളുടെ സങ്കല്പങ്ങൾക്കുമപ്പുറത്ത്. അയാൾ നീതുവിനോട് പറഞ്ഞു: ഭൂപടങ്ങളിൽ അടയാളപ്പെടുത്തി കാണിക്കാവുന്നതല്ല, കാട്ടുവഴികൾ. പറഞ്ഞുതരാനും ചൂണ്ടിക്കാണിക്കാനും ആവില്ലല്ലോ. നടന്നുനടന്ന് അറിയേണ്ടവയാണ് കാട്ടുവഴികൾ.

നാട്ടുവെളിച്ചം വീഴാത്ത കാട്ടുവഴികളിൽ കൂട്ടംതെറ്റി പോകുന്നതിനെപ്പറ്റി തിരക്കിയപ്പോൾ അയാൾ പതിവുപോലെ ചിരിച്ചു. കൂട്ടംതെറ്റിപ്പോകുന്നവരാണു പുതിയ കാട്ടുപാതകൾ കണ്ടെത്തുന്നത്. മുമ്പാരും നടന്നിട്ടില്ലാത്ത വഴികളിലൂടെ സ്വന്തം കാല്പാടുകൾ വീഴ്ത്തിയുള്ള നീക്കത്തെപ്പറ്റി പറയുമ്പോൾ അതൊരു റൊമാന്റിക് സങ്കല്പമായി കാണരുതെന്ന് സൂചിപ്പിച്ചു. കാരണം എനിക്കൊരിക്കലും ഒരു റൊമാന്റിക്കാകാനാകില്ല. പക്ഷേ, ഒന്നു മാത്രം. ഒരിക്കലും എന്നെ പിന്തുടരാൻ നോക്കരുത്. ചിന്തകളിൽപോലും.

അടുത്തുവരുമ്പോൾ ആ വിചിത്രമായ ഗന്ധം തന്നെയാകെ പൊതിയുന്നതുപോലെ. സഞ്ചാരത്തിന്റെ ഗന്ധം. അതിലേറെ, പ്രാചീനമായ, ഗോത്രപരമായ ഏതോ പഴമയുടെ ഗന്ധം. ഉൾക്കാടുകളിലെവിടെയോ ഉപേക്ഷിച്ച പായലും പൂപ്പലും പിടിച്ച താളിയോലക്കെട്ടിന്റെ ചരടഴിച്ച് താളുകൾ മറിക്കുന്നതുപോലെ.

കാടുംപടലും വകഞ്ഞുമാറ്റി ഹരിനാരായണനിലേക്കെത്താൻ പണിപ്പെടുമ്പോഴൊക്കെ അതൊരു പാഴ്‌വേലയാവുമെന്നു തോന്നിയിട്ടുണ്ട് പലപ്പോഴും. എല്ലാ കാടുംപടലും ചേർത്തുവെയ്ക്കുമ്പോഴേ അത് ഹരിനാരായണനാകൂ എന്ന് തിരിച്ചറിയാൻ വൈകി.

ഒരുപക്ഷേ, അത്രയും സഞ്ചരിക്കണമായിരിക്കും, ഒരാളിലേക്കെത്താൻ. ഇതൊക്കെ സ്വയം തിരിച്ചറിയേണ്ടതല്ലേ, ഞാൻ പറഞ്ഞു തരുന്നതെങ്ങനെയെന്ന ഭാവമാണ് അയാളുടെ മുഖത്ത്.

ഊരിനെപ്പറ്റി, ഉടയവരെപ്പറ്റി, ചോദിക്കുമ്പോഴും അതേ അന്തമില്ലാത്ത ചിരി തന്നെ.

ഒരിക്കൽ മാത്രം ഏതോ ചില പഴയ ഓർമ്മകളിൽ സ്വയം നഷ്ടപ്പെട്ട് അയാൾ എന്തൊക്കെയോ പറയാൻ തുടങ്ങിയത് ഓർമ്മയുണ്ട്.

കാറ്റത്തു പാറിനടക്കുന്ന വിത്തുകളിലൊന്ന് എവിടെയോ വീണ്, എങ്ങനെയോ മുളച്ചു തൈയായി.

എവിടെയോ വീണ്, എങ്ങനെയോ മുളച്ച് തൈയായി...

പൊടുന്നനേ അവിടെ നിറുത്തി, ചുമൽ വെട്ടിച്ച്, അയാൾ പതിയെ ചിരിക്കാൻ നോക്കി.

സ്വന്തം ഊരും വേരും തിരിച്ചറിയാനുള്ള കെല്പുണ്ടായിരുന്നെങ്കിൽ, ഞാൻ ആരാകുമായിരുന്നു, കൊച്ചേ. ഉടനെ തന്നെ അയാൾ കൂട്ടിച്ചേർത്തു: ഊരുകളുടെ കാര്യത്തിൽ നേരറിവ് മുഴുവനാകണമെങ്കിൽ കേട്ടറിവുകളേക്കാൾ കൂടുതൽ കണ്ടറിവുകളിൽ വിശ്വസിക്കാൻ ശീലിക്കണം.

ഒന്നും മനസ്സിലായില്ല നീതുവിന്. മനസ്സിലായില്ലെന്ന് കണ്ടപ്പോൾ അയാളുടെ മുഖത്ത് വലിയൊരു ആശ്വാസം പരക്കുന്നതുപോലെ.

അതായിരുന്നല്ലോ ഹരിനാരായണൻ.

ഒരിക്കൽ അയാളുടെ വാക്കുകൾ അതേ ശബ്ദത്തിൽ, അതേ ഗൗരവത്തോടെ ആലീസിന് പറഞ്ഞുകൊടുക്കാൻ നോക്കി.

'ഒരാളെ എപ്പോഴും കുറെ വിടവുകളിട്ട് കാണാൻ നോക്കുക, കൊച്ചേ. പിന്നെ ഇത്തരം ഹരിനാരായണന്മാരെ ഒരിക്കലും തേടാൻ പോകരുത്, കാണാൻ നോക്കരുത്...

'നിനക്ക് വട്ടാണ്, കൊച്ചേ. ആലീസ് തലയിൽ കൈവച്ചു. നല്ലോരു അച്ഛനമ്മമാർക്കുണ്ടായ നല്ലോരു സന്താനം. അതിനീ വിധി വച്ചല്ലോ, എന്റെ കർത്താവേ! ഇനി എവടേയൊക്കെ എത്ര കൂട് മെഴുകുതിരി നേർന്നാലാണ് ഇവളുടെ ബുദ്ധിയൊന്ന് നേരെയായി കിട്ടുക?'

വല്ലാതെ സങ്കടപ്പെടുന്നുണ്ട് ആലീസ്. അവളുടെ വ്യസനം തനിക്കും മനസ്സിലാക്കാം. അവളുടെ ലോകത്തിൽ ഓരോരുത്തർക്കും കണിശമായ സ്ഥാനങ്ങളുണ്ട്. കൊച്ചാപ്പു ഒന്നാമൻ, കൊച്ചാപ്പു രണ്ടാമൻ, നടക്കാനറിയാത്ത, ഓടാൻ മാത്രം അറിയുന്ന അമ്മ, അവരെ ചുറ്റിപ്പറ്റി കുറെ കിടാങ്ങൾ. പിന്നെ, പലപ്പോഴും എണ്ണം തെറ്റിപ്പോകുന്ന ആ ആടും കോഴിയും താറാവുമൊക്കെ. എല്ലാം കൃത്യമായ കാഴ്ചകൾ. ആകൃതിമാറ്റമോ ഏറ്റക്കുറച്ചിലോ ഇല്ല ഒന്നിനും.

പക്ഷേ, അങ്ങനെയൊന്നുമല്ലല്ലോ ഈ ഹരിനാരായണൻ. ഒന്നിനും ഒരു നിശ്ചയമില്ലാത്ത, ചിലതൊക്കെ നേരിൽ കണ്ട്, ബാക്കിയൊക്കെ നിരൂപിച്ച് മാത്രമെടുക്കാവുന്ന ഒരു സ്വരൂപം.

ഒടുവിൽ മറ്റു കൂട്ടുകാരികളെപ്പോലെ ആലീസും തന്നെ കൈവിടുകയായി.

'ഇത് നമ്മടെ ആലീസിന് കൈകാര്യം ചെയ്യാൻ പറ്റാത്തൊരു കേസുകെട്ടന്നെ, തമ്പുരാനേ!' ആലീസ് വിലപിച്ചു: 'ഇനി നീയായി, നിന്റെ പാടായി, നിന്റെ നാടോടിക്കൂട്ടമായി. പൊക്കണസഞ്ചിയും കാട്ടിലെ അലച്ചിലുമായി കുറവനും, കുറത്തീം, കളിച്ച് നടക്കാനാണ് ഒരാളുടെ യോഗമെങ്കിൽ ഈ പാവം ആലീസ് കൂട്ട്യാൽ എങ്ങനെ കൂടാനാണ്. ഇനി വല്ല റോഡുവക്കത്തും

ജാലവിദ്യ കാട്ടി, ഹിമാലയൻ മയിലെണ്ണ വിൽക്കണോരടെ കൂട്ടത്തിൽ കണ്ടു മുട്ടാനാവും വിധി. ഒടുവിൽ വല്ല പൊട്ടും പൊടിയും ബാക്കി കിട്ട്യാൽ അത് നിന്റമ്മടെ പുണ്യം, ആലീസിന്റേം പുണ്യം.'

അങ്ങനെ പറയുമ്പോൾ ആലീസ് പതിവിലേറെ ഗൗരവത്തിലായിരുന്നു. ഒടുവിൽ തന്റെ പൊട്ടും പൊടിയും ബാക്കി കണ്ടേക്കില്ലെന്ന് അവൾ ഉറച്ചു വിശ്വസിക്കുന്നതുപോലെ.

അക്കാര്യം ഹരിനാരായണനോട് സൂചിപ്പിച്ചപ്പോൾ താടിയുഴിഞ്ഞു കൊണ്ട് അയാൾ ചുമൽ വെട്ടിച്ചു പലതവണ തല കുടഞ്ഞു.

ചിലപ്പോൾ ആ ആലിസ് പറഞ്ഞതിലും എന്തെങ്കിലും കാര്യമുണ്ടാകും. എന്തോ ആലോചിച്ചുകൊണ്ട് അയാൾ പറഞ്ഞു: ഇടത്തരം കച്ചവടകുടുംബങ്ങളിൽ പിറന്നവർ വലിയ ദൂരക്കാഴ്ചയുള്ളവർ. ചുറ്റുപാടുകളോടു മല്ലടിച്ച് ജീവിക്കാനായി പ്രകൃതി അവർക്ക് മൂർച്ചയുള്ള കാഴ്ചശക്തി നൽകുന്നു.

പക്ഷേ, ആ പൊട്ടും പൊടിയുമെന്ന പ്രയോഗം ഹരിനാരായണനെ തെല്ലൊന്ന് അലട്ടിയതായി തോന്നി. താൻ അനാവശ്യമായൊരു ഉത്തരവാദിത്വം ഏറ്റെടുക്കുകയാണോ എന്ന് അയാൾ സംശയിക്കുന്നതുപോലെ. അതുകൊണ്ടുതന്നെയാവാം പിന്നീട് കുറെക്കാലത്തേക്ക് തന്നിൽനിന്ന് ലേശം അകലം കാക്കാൻ തുടങ്ങിയത്. കൂട്ടത്തിൽ, തന്നെ പിന്തിരിപ്പിക്കാനുള്ള ശ്രമവും.

ഞാനങ്ങനെയാണ് ഹരിനാരായണാ, ഒരിക്കൽ അയാളോട് പറഞ്ഞു: നേരു പറഞ്ഞാൽ എനിക്ക് തീരെ മനസ്സിലാവാത്തത് എന്നെത്തന്നെയാണ്. ഓരോ സമയത്ത് ഓരോ തരത്തിലായി ഒരു നീതു.

അപ്പർ മിഡിൽക്ലാസ്സ് അമ്മയുടെ, നഗരത്തിൽ ജനിച്ചുവളർന്ന തനി അപ്പർ മിഡിൽക്ലാസ്സ് മകൾ. ആ മദ്ധ്യവർഗ്ഗ ഏങ്കോണിപ്പുകൾ പലതും എന്റെ സ്വഭാവത്തിലും കാണാതിരിക്കില്ല. തേച്ചാലും മാച്ചാലും പോകാത്ത കുറെ പുള്ളിക്കുത്തുകൾ. പക്ഷേ, ഒരു ശരാശരി നാട്ടിൻപുറത്തുകാരിയുടെ മനസ്സും, ശീലങ്ങളും ഇപ്പോഴും കുറെയൊക്കെ കാത്തുവയ്ക്കാനാകുന്നുണ്ട് പ്രിയംവദാമ്മയ്ക്ക്. ഒരിക്കലും മുടക്കാത്ത ആ എണ്ണതേച്ചുകുളി വരെ. ഒരു വർഗ്ഗത്തിലും പെടാതെ കഴിഞ്ഞുകൂടാൻ ശ്രമിക്കാറുണ്ടെങ്കിലും, ഒഴുകി നടന്നു ശീലിച്ചതുകൊണ്ടാവാം, ഞാനിപ്പോൾ അവിടെയുമില്ല, ഇവിടെയും.

ആലീസിന് മനസ്സിലാകാത്തതും അതുതന്നെയാവും. ഊരു ചുറ്റുന്നവരെല്ലാം അവൾക്ക് നാടോടികളാണ്. തലയിലൊരു വട്ടക്കെട്ടും, തോളിലൊരു പൊക്കണസഞ്ചിയുമുള്ള നാടോടിക്കൂട്ടത്തിനിടയിൽ എന്നെ അടയാളപ്പെടുത്താൻ ആകുന്നില്ലവൾക്ക്.

അപ്പോൾ ഹരിനാരായണന്റെ മുഖത്ത് വലിയ ഗൗരവം പരക്കുന്നതു കണ്ടു.

ഈ മദ്ധ്യവർഗ്ഗശീലങ്ങളെക്കുറിച്ച് നല്ല ബോദ്ധ്യമുള്ളതുകൊണ്ടുതന്നെയാണ് ആദ്യം നീതുവിൽനിന്ന് ദൂരം കാക്കാൻ നോക്കിയത്. ഞങ്ങളുടെ ഈ ചുറ്റുപാടുകൾ ഒരു ബൊഹീമിയൻ ഫാഷനാക്കാൻ നോക്കുകയാണോയെന്നുവരെ സംശയിച്ചു.

എന്നിട്ട് ഇപ്പോഴെന്തു തോന്നുന്നു?

ഇപ്പോഴും വേണ്ടത്ര മനസ്സിലായിട്ടില്ലെന്നതാണ് നേര്.

ചിരിയാണു വന്നത്.

നീതുവിനുതന്നെ മനസ്സിലായിട്ടില്ല നീതുവിനെ, പിന്നെയാണ് ഒരു ഹരിനാരായണൻ കൂട്ടിയാൽ കൂടുന്നത്.

അതുകൊണ്ടുതന്നെയാണ് ഓരോരുത്തനും സ്വന്തം തട്ടകത്തെ കൃത്യമായി അടയാളപ്പെടുത്തിയിട്ടേ പറ്റൂ എന്നു പലപ്പോഴും സൂചിപ്പിച്ചത്. ഹരിനാരായണൻ പതിയെ പറഞ്ഞു. വലിയ വാശിക്കാരിയാണെന്നറിയാം. പറഞ്ഞു മനസ്സിലാക്കുക അത്ര എളുപ്പമല്ലെന്നുമറിയാം. എന്നാലും കൂട്ടത്തിൽ ഇളയവർക്ക് പറഞ്ഞു കൊടുക്കേണ്ട ചുമതലയുണ്ടെന്ന് തോന്നി.

ആര് കേൾക്കാനാണ് അല്ലേ?

മുതിർന്നവർ പറയുന്നതു മുഴുവൻ വിശ്വസിക്കരുതെന്ന് ആദ്യം പറഞ്ഞു തന്നത് ഇയാൾ തന്നെയല്ലേ? പോയകാലത്തിന്റെ വിഴുപ്പുകെട്ടുകൾ ചുമക്കുന്നവരിൽനിന്ന് തെളിഞ്ഞ കാഴ്ച പ്രതീക്ഷിക്കേണ്ടതില്ല.

എന്തേ ഇപ്പോൾ ഇങ്ങനെയൊക്കെ? ഹരിനാരായണൻ സൂക്ഷിച്ചുനോക്കുകയാണ്.

അമ്മ. അമ്മ തന്നെ മറുപടി പറയണം പലതിനും. മുമ്പൊക്കെ അമ്മ പറയുന്നതിനപ്പുറം ഒന്നുമില്ലായിരുന്നെനിക്ക്. എല്ലാറ്റിന്റെയും അവസാനവാക്കായി ഒരു പ്രിയംവദാമ്മ. ചെറിയൊരു വിരലനക്കത്തിൽ, മുഖത്തെ പേശികളുടെ ചെറിയൊരു വലിവിൽപോലും ഒരുപാട് അർത്ഥങ്ങളുമായി ഒരമ്മ.

'ഇപ്പോഴോ?'

മുതിർന്നവരെ എത്രകണ്ട് വിശ്വസിക്കാമെന്ന പുതിയ ചോദ്യത്തിന് പ്രസക്തിയില്ലാത്തതുപോലെ.

അതൊക്കെ കൃത്യമായി അളന്നിടാൻ പാടാവും. അയാൾ പറയുന്നതു കേട്ടു. ആരെയോ ഒക്കെ വിശ്വസിച്ച് വിശ്വസിച്ചാണ് നമ്മളൊക്കെ ഇവിടം വരെ എത്തിയത്.

അതൊരു ഒഴിഞ്ഞുമാറലായിരുന്നു. അതുകൊണ്ട് നീതു വിടാൻ തയ്യാറായില്ല:

'പക്ഷേ, എത്ര കണ്ട്?' അവൾ ആവർത്തിച്ചു.

ആ ചോദ്യത്തിനു മുമ്പിൽ അയാളും തെല്ലൊന്ന് പരുങ്ങുന്നതുപോലെ.

'അങ്ങനെ ചോദിച്ചാൽ, ഈ വിശ്വാസമെന്നു പറയുന്നത് സാധാരണ അളവുപാത്രങ്ങൾക്ക് വഴങ്ങുന്നതല്ലല്ലോ. നമുക്ക് കിട്ടുന്നതിൽനിന്ന് ചിലതൊക്കെ അടർത്തി മാറ്റി, ചിലതൊക്കെ ഒട്ടിച്ചു ചേർത്ത്... അങ്ങനെ മാത്രമേ കാണാൻ പറ്റൂ.'

'നേരിൽ കാണാനാവാത്ത ദൈവങ്ങളെക്കാൾ കൂടുതൽ ആരാധിക്കുകയായിരുന്നു ഒരാളെ, എന്റെ അമ്മയെ, ഇതേ വരെ.' നീതുവിന്റെ തൊണ്ടയിടറി.

പറഞ്ഞു കഴിഞ്ഞപ്പോൾ വേണ്ടായിരുന്നെന്ന് അവൾക്കുതന്നെ തോന്നി. അത്രയൊന്നും സംസാരിച്ചു പോകണ്ട, തൽക്കാലം ഈ മനുഷ്യനോട്. ഒരു പക്ഷേ, ഭാവിയിൽ വേണ്ടിവന്നേക്കാം.

ഒരുപക്ഷേ, ഭാവിയിൽ...

നീതു അവിടെ നിറുത്തി. അപ്പോഴേക്കും ഹരിനാരായണൻ എന്തോ പറയാൻ തുടങ്ങിയിരുന്നു.

ഈ മഹാപ്രപഞ്ചം തന്നെ നിലനിന്നുപോകുന്നത് കുറേയേറെ വിശ്വാസങ്ങളുടെ പുറത്താണ്. തെറ്റും, ശരിയും കലർന്ന വിശ്വാസങ്ങൾ. പല

പ്പോഴും അത്തരം വിശ്വാസങ്ങൾ വലിയൊരു ഉറപ്പും, ആശ്വാസവുമാകാറുണ്ട്, സാന്ത്വനംപോലും. എങ്കിലും വിശ്വാസങ്ങളെപ്പോലും വിശ്വസിക്കാനാവുന്നില്ല എനിക്ക്. സ്വയം ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു വളർന്നതുകൊണ്ട് അതൊരു ശീലമായിപ്പോയി. ഉത്തരം കണ്ടെത്തുന്നതിനെക്കാൾ പ്രധാനം ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവുണ്ടാകുക എന്നതാണ്.

ഒരുപക്ഷേ, ഇത്രയും കാലത്തിനുള്ളിൽ തനിക്ക് ഹരിനാരായണനിൽ നിന്ന് കിട്ടിയ ഏറ്റവും വലിയ പാഠവും അതുതന്നെയായിരിക്കണം.

സ്വയം ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവ്. ഉത്തരം കിട്ടിയില്ലെങ്കിലും ഉള്ളിൽ മുളയ്ക്കുന്ന, അലട്ടുന്ന ചോദ്യങ്ങളെ അമർത്തിയിടാതിരിക്കാനുള്ള തിരിച്ചറിവ്.

നീതുവിനറിയ്യോ, ചോദ്യങ്ങൾ ചോദിക്കുന്നവരെ ആർക്കും കണ്ടു കൂടാ. വലിയ സംശയമാണവരെ. അവരെ ഒരു മൂലയിലേക്കൊതുക്കാൻ വലിയ വ്യഗ്രതയാണ് എല്ലാവർക്കും.

സ്വപ്നങ്ങളിൽ തന്റെ നേർക്കു നീണ്ടു വരാറുള്ള ആ ചൂണ്ടുവിരലിനെ പ്പറ്റി ഒരിക്കൽ ചോദിച്ചു. തടിച്ചുരുണ്ട ചൂണ്ടുവിരൽ. അറ്റത്തായി, നീട്ടി വളർത്തിയ ഒരു കറുത്ത നഖം.

അതു കേട്ടപ്പോൾ പതിവുപോലെ ചുമൽ വെട്ടിച്ച് കണ്ണിറുക്കി ഹരി നാരായണൻ ചിരിച്ചു.

അല്ലെങ്കിലും ചൂണ്ടുവിരൽ ചൂണ്ടാനുള്ളതാണ്. ചിലപ്പോൾ ഒരാളുടെ നേർക്ക്. അല്ലെങ്കിൽ ഒരു പത്തുപേരുടെ നേർക്ക്. ഇവിടെ ഒന്നും പത്തും ചില വലിയ അന്വേഷണങ്ങളുടെ തുടക്കമാകുന്നു.

അതായിരുന്നൂ ഹരിനാരായണൻ.

അതുകൊണ്ട് ഉറക്കത്തിൽ എഴുന്നേറ്റു നടക്കാറുള്ളതിനെപ്പറ്റി ചോദി ച്ചില്ല. അതിനുള്ള മറുപടി ഒരുപക്ഷേ തന്നെ എത്തിക്കുക മറ്റൊരു കടംകഥ യിലേക്കായിരിക്കും.

കടംകഥകളിലൂടെ നടന്നു നടന്ന് അയാൾ തന്നെ സ്വയമൊരു കടംകഥ യായി മാറുന്നതുപോലെ.

ഒന്നും ആവശ്യപ്പെട്ടിട്ടില്ല അയാളൊരിക്കലും. തനിച്ചായ ചില ഒറ്റപ്പെട്ട നിമിഷങ്ങളിൽ ആ കണ്ണുകൾ വല്ലാതെ തിളങ്ങുന്നതും, തന്റെ മുഖത്തേക്കു തന്നെ ഉറ്റുനോക്കിക്കൊണ്ട് ഏറെ നേരം അങ്ങനെ ഇരിക്കുന്നതുമൊക്കെ കണ്ടിട്ടുണ്ട്.

ഇല്ല, നന്നെ ചെറിയൊരു കൈയനക്കത്തിൽക്കൂടിപ്പോലും ഒരടയാളവും തന്നിട്ടില്ല, ഇതേവരെ. എന്തു ചോദിച്ചാലും കിട്ടിയേക്കുമെന്ന് നന്നായറിയാ മായിരുന്നെങ്കിലും.

പക്ഷേ, ഒരിക്കൽ മാത്രം ആ കണ്ണുകൾ എന്തൊക്കെയോ തേടുന്നതു പോലെ തോന്നി. ഇടമഴ പെയ്തു കുതിർന്ന സന്ധ്യയ്ക്ക്, നഗരത്തിനു വെളി യിൽ ഒരു ചങ്ങാതിയുടെ ആൾത്താമസമില്ലാത്ത വീടിന്റെ വരാന്തയിലെ അരമതിലിൽ, തൂണിൽ ചാരി കാലുകളാട്ടി ഇരിക്കുമ്പോൾ താൻ വെറുതെ ചോദിച്ചു:

ഹരിനാരായണൻ എന്താണ് ആലോചിക്കുന്നത്?

ചെറിയൊരു ഞെട്ടലോടെ തലകുടഞ്ഞ് കൈകൾ പുറകോട്ടു പിണച്ച് തൂണിൽ വിരിഞ്ഞു പിടിക്കുന്നതുകണ്ടു. അന്നേരം അയാളുടെ മുഖം എന്തോ

പോലിരുന്നു. ഏതോ വലിയൊരു പാരവശ്യം കുടഞ്ഞുമാറ്റാൻ പണിപ്പെടുന്നതുപോലെ. അയാൾക്കുതന്നെ രൂപമില്ലാത്ത എന്തൊക്കെയോ ഉള്ളിലൂടെ കടന്നുപോകുകയായിരുന്നിരിക്കണം.

അപ്പോഴാണ് താൻ ആദ്യമായി ഹരിനാരായണനെ തൊട്ടത്. അന്നാണ് ആദ്യമായി ഹരിനാരായണനെ ഒന്ന് തൊടണമെന്നു തോന്നിയതും.

നനഞ്ഞ തിണ്ണയിൽ പതിഞ്ഞിരുന്ന അയാളുടെ കൈപ്പത്തിയിൽ തന്റെ കൈകൾ ചേർത്തുവച്ചു. വിരലുകൾ കോർത്തു പിടിച്ച് ഞെരിച്ചു.

പെട്ടെന്ന് ഹരിനാരായണന്റെ മുഖം വല്ലാതാകുന്നതുപോലെ തോന്നി. തന്റെ കണ്ണുകളെ നേരിടാനാകാതെ നന്നെ പണിപ്പെട്ട് അയാൾ തന്റെ നോട്ടം ദൂരെയെങ്ങോട്ടോ തിരിക്കുകയാണ്.

അയാളൊന്നും പറഞ്ഞില്ല, ചോദിച്ചുമില്ല. വെറുതെയങ്ങനെ ഇരുന്നു. താനും.

മുൻവശത്തെ ചുമരിൽ ബലം കുറഞ്ഞ ഒരു ബൾബ് മുനിഞ്ഞു കത്തുന്നുണ്ടായിരുന്നു. ചുറ്റുമായി കുറെ ഈയലുകളും.

പിന്നീട് മഴ തോർന്നശേഷം, രാവിരുണ്ട ശേഷം, നഗരത്തിലേക്ക് ബൈക്കോടിച്ചു പോകുമ്പോൾ അയാൾ നിശ്ശബ്ദനായിരുന്നു. കൈകൊണ്ട് അയാളുടെ അടിവയറ്റിൽ വരിഞ്ഞുപിടിച്ച്, ആവുന്നത്ര പറ്റിച്ചേർന്നിരിക്കുമ്പോൾ ആദ്യമായി ഒരു പുരുഷന്റെ ചൂട് തന്റെ ഉടലിലേക്ക് പടരുന്നതു അറിഞ്ഞു.

വീടിനു മുമ്പിലെ മതിലിനോടു ചേർന്ന്, വെളിച്ചം നന്നെ കുറവുള്ള ഭാഗത്ത് ബൈക്ക് നിറുത്തി അയാൾ തെല്ലുനേരം എന്തോ ആലോചിച്ചുകൊണ്ടു നിന്നു.

പിന്നീട് ആദ്യമായി തന്റെ കൈകൾ കടന്നു പിടിച്ച് പതിയെ അമർത്തി. കണ്ണുകളിലേക്കു തന്നെ ഉറ്റുനോക്കിക്കൊണ്ട് അങ്ങനെ തെല്ലുനേരം നിന്നപ്പോൾ തന്റെ ഞരമ്പുകളിലൂടെ, തീരെ പരിചിതമല്ലാത്തൊരു ഇളംചൂട് ഒഴുകി നടക്കുന്നത് നീതുവറിഞ്ഞു.

ആരേയെങ്കിലും വിശ്വസിക്കണം നീതൂ, വിശ്വാസങ്ങളിലൂടെയല്ലാതെ ജീവിച്ചു പോകാനാവില്ല. ഹരിനാരായണൻ പറയുന്നതുകേട്ടു. പക്ഷേ, എത്ര കണ്ട് എന്നു ചോദിക്കരുത്. വിശ്വാസം ചിലപ്പോൾ അടിയറവിൽ, പൂർണ്ണമായ കീഴടങ്ങലിൽ എത്തിച്ചേക്കാം. അവിടെയാണ് തിരിച്ചറിയാനുള്ള കെല്പ് ആവശ്യമായി വരുന്നത്. സ്വയം സാദ്ധ്യമാകേണ്ട തിരിച്ചറിവ്. മറ്റാർക്കും പറഞ്ഞുതരാനാവാത്ത തിരിച്ചറിവ്.

അയാൾ യാത്ര പറഞ്ഞ് നഗരത്തിലെ ഇരുട്ടിലേക്ക് ബൈക്കോടിച്ചു പോയപ്പോൾ ഒന്നും മനസ്സിലാവാതെ മിഴിച്ചുനിൽക്കാനേ കഴിഞ്ഞുള്ളൂ.

അപ്പോൾ ആ പഴയ ചോദ്യം വീണ്ടും പൊങ്ങിവന്നു.

ഹരിനാരായണന്മാർ ഉണ്ടാകുന്നതെങ്ങനെ?

ഒരാളുടെ ഉള്ളിൽ ഈ ഹരിനാരായണന്മാർ ഉണ്ടാകുന്നതെങ്ങനെ?

അശാന്തമായ മനസ്സുകളിലാണല്ലോ ഹരിനാരായണന്മാർ ഉണ്ടാകുന്നതെന്ന് നീതു പെട്ടെന്ന് ഓർത്തു.

എവിടന്നോ, എവിടന്നോ അവർ താനെ വന്നെത്തുന്നു. അവർക്ക് വരാതിരിക്കാനാവില്ലല്ലോ. സ്വയംഭൂക്കളായ ഒരുപാട് ഹരിനാരായണന്മാർ.

പതിനാറ്

യൂണിയൻകാരെ വിശ്വാസത്തിൽ എടുക്കുകയെന്ന ചുമതല ശേഷാദ്രിയെത്തന്നെ ഏല്പിച്ചു. ആദ്യ റൗണ്ടാണ് എപ്പോഴും ബുദ്ധിമുട്ട്. അനാവശ്യമായ ഒരുപാട് സംശയങ്ങൾ, പരസ്പരമുള്ള വിശ്വാസക്കുറവ്. അവിടെ മഞ്ഞുകട്ട ലേശമൊന്ന് പൊട്ടിച്ചു കിട്ടിയാൽ പിന്നീടുള്ള നീക്കങ്ങൾ കുറെക്കൂടി എളുപ്പമാവും.

'നിങ്ങൾ പരമ്പരാഗത പേഴ്സണൽ മാനേജർമാരുടെ അഭ്യാസങ്ങളൊന്നും എനിക്ക് വശമില്ലല്ലോ, സ്വാമീ. കാലമിത്രയായിട്ടും അതിനുള്ള മെയ്‌വഴക്കവും, ദേഹബലവും സാദ്ധ്യമായിട്ടുമില്ല. തർക്കങ്ങളെക്കാൾ കൂടുതൽ കുതർക്കങ്ങളാകുമ്പോൾ കുരുട്ടുബുദ്ധിക്കാവും മുൻതൂക്കം. ജോലിയിൽ ചേർന്ന് അഞ്ചാറു മാസങ്ങൾക്കുള്ളിൽ നമ്മുടെ ഒരു ഗ്രൂപ്പ് കമ്പനിയിലെ ജീവനക്കാരുടെ ഒരു ദീർഘകാല സെറ്റിൽമെന്റ് ശരിയാക്കാൻ എന്നെ ഏല്പിച്ചിരുന്നു. സത്യം പറഞ്ഞാൽ ശരിക്കും കണ്ണുതള്ളിപ്പോയി. ഒരിക്കലും തീരാതെ, മാസങ്ങളോളം നീട്ടിക്കൊണ്ടു പോകുന്ന ചർച്ചകൾ. ചിലപ്പോഴത് പാതിരാത്രിയും കടന്നുപോയേക്കും. ഒരു വെളുത്തവാവു തൊട്ട് അടുത്ത വെളുത്ത വാവുവരെ നീണ്ടിട്ടും ഒരു കഴഞ്ചുപോലും വിട്ടുവീഴ്ചയില്ലെന്ന വാശിയിൽ രണ്ടുകൂട്ടരും നിലകൊള്ളുമ്പോൾ രണ്ടിലൊരാൾ അടിപെടും വരെ നീളട്ടെ അങ്കം എന്ന നിലയായി കാര്യങ്ങളുടെ പോക്ക്. ഇരുവശത്തും പയറ്റിത്തെളിഞ്ഞ അഭ്യാസികളുടെ അസാമാന്യമായ അടവുകൾ.'

ശേഷാദ്രിക്ക് ചിരിയടക്കാൻ കഴിയുന്നില്ല.

'എന്നിട്ട് എവിടംവരെ പോയി മാഡത്തിന്റെ കന്നിയഭ്യാസം?'

'പരിതാപകരംതന്നെ, സ്വാമീ. ഞാൻ നിലത്തെഴുത്തു പഠിക്കുന്നതിനു മുമ്പേ അങ്കത്തട്ടിൽ ഇറങ്ങിയവരോട് വെറും ശിശുവായ ഞാൻ! സ്വാമിക്ക് ഊഹിക്കാവുന്നതേ ഉള്ളൂ. ആകെ മടുത്തു ഈ പണി നമുക്ക് ചേർന്നതല്ലെന്നു വരെ തോന്നിപ്പോയ നാളുകൾ. എന്തായാലും കൂട്ടത്തിൽ സീനിയറായ ഒരാളെ തുണയാളാക്കി ഞാനങ്ങനെ തഞ്ചത്തിൽ നിന്നുകൊടുത്തു. ഒടുവിൽ എങ്ങനെയോ കാര്യങ്ങൾ കരയ്ക്കടുത്തുവെന്ന് മാത്രം. പുതിയ പെങ്കൊച്ചല്ലേ, ഇനിയും വേണ്ടതല്ലേ, അത്രയ്ക്കങ്ങ് വേണ്ടാ പരാക്രമം എന്നവരും കരുതിക്കാണും.'

ഏറക്കുറെ പഴയ മനഃസ്ഥിതിക്കാരായ ജീവനക്കാരെ ഇതുപോലൊരു പുതിയ പ്രോജക്റ്റിനുവേണ്ടി ഒരുക്കിയെടുക്കുകയെന്നത് എളുപ്പമല്ലെങ്കിലും അസാദ്ധ്യമാകില്ലെന്നു പറഞ്ഞു ശേഷാദ്രി. ഈ പഴഞ്ചിട്ടയിലുള്ള പോക്ക് തുടർന്നാൽ കമ്പനിയുടെ ഭാവി സുമാറാവില്ലെന്ന് അവർക്കും നല്ല ബോദ്ധ്യമായിട്ടുണ്ട്.

അതുകൊണ്ട്, കമ്പനിയുടെ ഭാവിയെക്കരുതി നമുക്കും ഈ വെല്ലുവിളി ഏറ്റെടുക്കാതെ വയ്യ.

എന്തായാലും ശേഷാദ്രിയുടെ രണ്ടോ മൂന്നോ റൗണ്ടുകൾക്കു ശേഷമേ താൻ ജീവനക്കാരുടെ പ്രതിനിധികളെ നേരിട്ടു കാണാവൂ എന്ന് പ്രിയംവദ തീരുമാനിച്ചുറപ്പിച്ചിരുന്നു.

പിന്നീടങ്ങോട്ട് പലതും ചെയ്യാനുണ്ടായിരുന്നു.

ഏറ്റവും പ്രധാനപ്പെട്ട കാര്യം പുതിയ പ്രോജക്റ്റിനെപ്പറ്റി തൊഴിലാളികളെ വേണ്ടത്ര ബോധവാന്മാരാക്കുക എന്നതുതന്നെയായിരുന്നു. അതിനായി പതിവു ശൈലിയിലുള്ള പരിശീലനരീതികളിൽനിന്നൊക്കെ മാറി, ചില വ്യത്യസ്തമായ മോഡലുകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

ആദ്യമായി, പ്രവർത്തനശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചില പ്രത്യേക സെഷനുകൾ. സാധാരണ ക്ലാസ്സുമുറിപ്രസംഗങ്ങളെക്കാൾ കൂടുതൽ പ്രയോജനം ചെയ്യുക തുറന്ന സംവാദങ്ങളും ഗ്രൂപ്പ് എക്സർസൈസുകളുമായിരിക്കും. ഓരോ തൊഴിലാളിക്കും അയാളുടെ കഴിവുകളെയും, ബലഹീനതകളെയുംപറ്റി ഒരു സ്വയം തിരിച്ചറിവ് സാദ്ധ്യമാക്കിയാൽ മാത്രമേ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിന് അയാളെ ഒരുക്കിയെടുക്കാനാകൂ. ചില സ്കിൽഗെയിംസ്, കടംകഥകൾപോലെയുള്ള ചോദ്യോത്തരങ്ങൾ. ഒരാളുടെ ഉള്ളിൽ മറഞ്ഞിരിക്കുന്ന യഥാർത്ഥ വ്യക്തിയെ തിരിച്ചറിയാനുള്ള ശ്രമങ്ങൾ.

കൂട്ടത്തിൽ, ഫാക്റ്ററിയിൽ ഉപയോഗിക്കാൻ പോകുന്ന പുതിയ സാങ്കേതികവിദ്യയെപ്പറ്റി വിശദമായി പറഞ്ഞുകൊടുക്കുന്നതാവും നല്ലത്. അതോടൊപ്പം കമ്പ്യൂട്ടറിന്റെ ഉപയോഗത്തെപ്പറ്റിയുള്ള ചില സാമാന്യപാഠങ്ങളും.

'ടെക്നോളജിയോടുള്ള എതിർപ്പ് രൂപംകൊള്ളുക മിക്കപ്പോഴും അറിവില്ലായ്മയിൽനിന്നാണ്.' പ്രിയംവദ പറഞ്ഞു: 'ഒരു കൂട്ടുകാരി പറഞ്ഞുകേട്ട കഥയാണ്. അവരുടെ ഓഫീസിലെ അക്കൗണ്ട്സിൽ മുമ്പ് ഒരു കൊടി മൂത്ത ആക്റ്റിവിസ്റ്റുണ്ടായിരുന്നത്രെ. കാൽക്കുലേറ്റർ ഉപയോഗിക്കുന്നതിനുപോലും എതിരായിരുന്ന അയാൾ വിരലുകൾ മടക്കി പഴയ പെരുക്കപ്പട്ടിക ഉരുവിട്ടായിരുന്നത്രെ കൂട്ടലും കിഴിക്കലുമൊക്കെ നടത്തിയിരുന്നത്. ആ പാവം കാൽക്കുലേറ്റർ അങ്ങനെ പുത്തൻ സാങ്കേതികവിദ്യയുടെ, അതിലൂടെ മുതലാളിത്തത്തിന്റെ തന്നെ, പ്രതീകമായി മാറുന്നു. എഞ്ചുവടിയിലൂടെ മുതലാളിത്തത്തെ പ്രതിരോധിക്കുക. ഇരുണ്ട രാവുകളിലെ അരണ്ട വെളിച്ചത്തിൽ, സ്റ്റഡിക്ലാസ്സുകളിലൂടെ പണ്ടെന്നോ പകർന്നു കിട്ടിയ പാതിവെന്ത, അതിലേറെ കരിഞ്ഞ കുറെ പ്രമാണങ്ങൾ മായാത്ത കറയായി ഉള്ളിൽ കൊണ്ടുനടന്നിരുന്നയാൾ. മനസ്സിൽ കാറ്റും, വെളിച്ചവും കയറാൻ അനുവദിക്കാത്ത ഇത്തരം കുഞ്ഞാടുകൾ ഇനിയും എത്രയോ കണ്ടേക്കും നമ്മുടെ കൂട്ടത്തിൽ.'

ഒരു തൊഴിലാളിയുടെ മറഞ്ഞുകിടക്കുന്ന കഴിവുകളാണ് അയാളുടെ സർട്ടിഫിക്കറ്റുകളിലെ അടയാളങ്ങളെക്കാൾ പ്രധാനമാകേണ്ടത്. അത് കണ്ടെത്തുക എളുപ്പമല്ലെങ്കിലും അതിനു കഴിഞ്ഞാൽ അയാളെ എത്രയോ ഭേദപ്പെട്ട രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞേക്കും. ശരിയായ റിക്രൂട്ട്മെന്റിനോളം പ്രധാനമാണ് ശരിയായ പ്ലേസ്മെന്റും. ഇതിനൊക്കെ ഒരുപാട് ആധുനിക സങ്കേതങ്ങളുണ്ടെങ്കിലും വ്യക്തിനിഷ്ഠമായ, മനുഷ്യപ്പറ്റുള്ള രീതികളേ തങ്ങൾ ഉപയോഗിക്കാവൂ എന്ന് വലിയ നിർബ്ബന്ധമായിരുന്ന പ്രിയംവദയ്ക്ക്.

സ്വയം പിരിഞ്ഞുപോകലിനെപ്പറ്റി തൊഴിലാളികളുടെ വ്യക്തിപരമായ നിലപാട് വിലയിരുത്തുകയായിരുന്നു ആദ്യത്തെ നടപടി.

'നമ്മുടെ വി.ആർ.എസ്. ഒരിക്കലുമൊരു ചതിക്കുഴിയാകരുത്, ശേഷാദ്രി, പ്രിയംവദ പറഞ്ഞു: 'ചോരയും നീരുമുള്ള നല്ലകാലം മുഴുവനും ഇതിനകത്ത് ചിലവഴിച്ചിട്ട് അവസാനം അവർ തലയിൽ കൈവച്ച് നമ്മെ ശപിക്കാനിടയാകരുത്.'

'ശരിയാണ് മാഡം.'

'വി.ആർ.എസ്. എന്ന് കേൾക്കുമ്പോൾ കടക്കുരുക്കിൽ പെട്ടുകിടക്കുന്ന സാധാരണ തൊഴിലാളിയുടെ മനസ്സിൽ ഉയരുക, പെട്ടെന്ന് കൈയിൽ വരാൻ പോകുന്ന ആ വലിയ സംഖ്യ മാത്രമായിരിക്കും. അത് ഭാവിമയ വിറ്റു കൊണ്ടുള്ള ഒരു ജന്മത്തിന്റെ മുഴുവൻ സമ്പാദ്യമാണെന്നും, നാളെ മുതൽ മറ്റൊരു വരുമാനമാർഗ്ഗമില്ലെന്നും അവർ മറന്നുപോകുന്നു. അവർക്ക് നല്ല വഴി പറഞ്ഞു കൊടുക്കുന്നതിനെക്കാൾ തെറ്റിദ്ധരിപ്പിക്കാനാകും കൂടുതൽ ആളുകൾ. അച്ചടിച്ച ആ നീണ്ട ഫോറത്തിന്റെ അടിയിലുള്ള ഒപ്പിന്റെ വില അയാളോ കുടുംബമോ ശരിക്ക് അറിയുന്നുമുണ്ടാകില്ല.'

ജീവനക്കാരുടെ ഇടയിൽത്തന്നെ ഇക്കാര്യത്തിൽ സെക്ഷൻ തിരിച്ച് ചില ആലോചനായോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രമിച്ചപ്പോൾ വലിയ എതിർപ്പായി യൂണിയൻകാർക്ക്.

മാനേജ്മെന്റ് കയറി ട്രേഡ്യൂണിയൻ കളിക്കാൻ നോക്കണ്ട. പ്രായാധിക്യംകൊണ്ട് പേശീബലം അസാരം കുറഞ്ഞിട്ടുണ്ടെങ്കിലും ആ പഴയ സമരവീര്യത്തിന്റെ ഊറ്റം പോകാത്ത സെക്രട്ടറി ശേഷാദ്രിയെ പിടിച്ച് ശരിക്കൊന്നു വിരട്ടി: ഞങ്ങളുടെ മെമ്പർമാർക്ക് എന്തൊക്കെ പറഞ്ഞുകൊടുക്കണമെന്ന് ഞങ്ങൾക്ക് നന്നായറിയാം.

അത് താൻ പ്രതീക്ഷിച്ചതുതന്നെയെന്നു പറഞ്ഞു, പ്രിയംവദയും. മാനേജ്മെന്റ് തൊഴിലാളികളോടു നേരിട്ട് സംസാരിക്കുന്നത് ഒരു യൂണിയനും സഹിക്കാനാവില്ല. അവരുടെ നിലനില്പുതന്നെ ഈ രണ്ടു കൂട്ടർക്കുമിടയിൽ യാതൊരു സംവേദനവുമില്ലാതെ കാക്കുന്നതിലൂടെയാണ്. നേരിട്ട് സംസാരിച്ചാൽ എളുപ്പത്തിൽ തീരുന്ന കാര്യങ്ങൾ വളച്ചൊടിച്ച്, ഒരുപാടു കുത്തിത്തിരിപ്പുകളിലൂടെ, വലിയ സംശയങ്ങളാക്കി പെരുപ്പിച്ച്, തമ്മിൽത്തല്ലിച്ച് സ്വന്തം തട്ടകം നിലനിറുത്തുകയെന്ന എത്രയോ പഴയൊരു ചാണക്യസൂത്രം.

ഇതിനിടയിൽ മുകളിൽനിന്ന് ഹാർവാർഡിന്റെ സന്ദേശം വന്നു:

'പ്രിയംവദ പുതിയ എച്ച്.ആർ. ടെക്നിക്കുകൾ പരീക്ഷിച്ച് സമയം കളയുകയാണെന്നു തോന്നുന്നു. നമ്മുടെ പ്രോജക്റ്റിന്റെ രൂപരേഖ ധനകാര്യ സ്ഥാപനങ്ങൾക്കും, മർച്ചന്റ് ബാങ്കേഴ്സിനും കൊടുക്കണമെങ്കിൽ തൊഴിലാളികളുടെ കാര്യത്തിൽ ഒരു തീരുമാനമെടുത്തേ പറ്റൂ.'

തീരെ സുഖകരമല്ലാത്തൊരു സന്ദേശം. അതിലെ മുഴക്കവും, ചുവയും വ്യക്തം.

പലരും എതിർത്തിട്ടും ലേശം പിന്തുണ തന്നിരുന്നത് പുതിയ ആശയങ്ങൾ ഉൾക്കൊള്ളാൻ കെല്പുള്ള ഹാർവാർഡ് മാത്രമായിരുന്നു. ഏറ്റവും ഇളയവനായ ബ്രഹ്മചാരിക്ക് ഇതിൽ ശകലം താത്പര്യമുണ്ടെങ്കിലും, സബർവാൾകുടുംബത്തിനകത്ത് അയാളുടെ നിലപാടുകൾ എപ്പോഴും വളരെ തന്ത്രപരമായിരുന്നു. ഏട്ടന്മാരുമായി ഉടക്കാനുള്ള മുഹൂർത്തം ഇതല്ലെന്ന് നന്നായറിയാം അയാൾക്ക്. അതിനായി ഭാവിയിൽ മുന്തിയ ഏതെങ്കിലും കാരണവും, കുറെക്കൂടി മെച്ചപ്പെട്ടൊരു രാശിപ്പൊരുത്തവും വീണുകിട്ടാതിരിക്കില്ല.

പ്രധാനപ്പെട്ട പല കാര്യങ്ങളും സബർവാൾകുടുംബം ചർച്ച ചെയ്യാറ് വൈകിട്ടത്തെ അത്താഴമേശയ്ക്കരികിൽ വെച്ചാണെന്നത് വളരെ പ്രസിദ്ധമാണ്.

അന്നേരം മാത്രമാണ് കാരണവന്മാർ തട്ടിൻപുറത്തുനിന്ന് ഇറങ്ങിവരിക. അത്താഴം കാലമായിട്ടുണ്ടെന്ന ആചാരമണി മുഴങ്ങുമ്പോൾ കുളക്കോഴികളെപ്പോലെ കഴുത്തുനീട്ടി നോക്കി, പടിയിറങ്ങിവന്ന് എല്ലുമൂപ്പനുസരിച്ച് തീൻമേശയുടെ ഓരോ മർമ്മസ്ഥാനങ്ങളിലായി അവർ ഇരിപ്പുറപ്പിക്കുന്നു.

വലിയൊരു കൂട്ടുകുടുംബമായതുകൊണ്ടു വലിയൊരു തീൻമേശപ്പുറത്ത്, വൻതോതിലുള്ള തീൻപണ്ടങ്ങൾ നിരത്തിവയ്ക്കുകയെന്നത് ആചാരം തന്നെ. തിന്നാൻ വയ്യെങ്കിലും, കാഴ്ചയിലൂടെയെങ്കിലും, കുട്ടിക്കാലത്തെ ഇല്ലായ്മകളുടെ സങ്കടങ്ങളെ ശമിപ്പിക്കുന്ന സൗഖ്യം.

തീറ്റയ്ക്കിടയിലെ കൊച്ചുവർത്തമാനങ്ങൾക്കിടയിൽ ചില ചില്ലറ തർക്കങ്ങളൊക്കെ ഉണ്ടാകാറുണ്ടെങ്കിലും അപ്പോഴൊക്കെ കൂട്ടത്തിലെ ജാംബവാന്മാർ ആരെങ്കിലും ഇടപെട്ട് കാര്യങ്ങൾ തണുപ്പിക്കാറാണ് പതിവ്. ഏതു തർക്കത്തിലും തന്ത്രപരമായ നിഷ്പക്ഷത കാക്കാറുണ്ട് കൂട്ടത്തിൽ ഏറ്റവും ഇളയവനായ ബ്രഹ്മചാരി.

എന്തായാലും കാര്യങ്ങൾ ഏറക്കുറെ വെടക്കായി കഴിഞ്ഞതുകൊണ്ട് ഹാർവാർഡിനെ നേരിട്ട് മുഖം കാണിക്കാതെ വയ്യെന്ന് ഉറപ്പായി പ്രിയംവദയ്ക്ക്. ചെന്നു കണ്ടപ്പോൾ അവരുടെ നീണ്ട വിശദീകരണം മുഴുവനും ക്ഷമയോടെ കേട്ടുകൊണ്ടിരുന്നെങ്കിലും അയാളുടെ മുഖത്തെ നീരസം ഒട്ടും കുറയുന്നതു കണ്ടില്ല.

'ഇക്കാലത്തെ സമയത്തിന്റെ കൊള്ളവിലയെപ്പറ്റി ഞാൻ പറഞ്ഞുതരേണ്ടല്ലോ മിസ്സിസ് മേനോന്. ഇതൊരു ഗവേഷണകേന്ദ്രമല്ല, ഫാക്റ്ററിയാണ്. കടുത്ത മത്സരത്തിനു നടുവിൽ നിന്നുകൊണ്ടാണ് ഇല്ലാത്ത പണവും ഇല്ലാത്ത സമയവും ചെലവാക്കി ഇക്കണ്ട പ്ലാന്റുകളൊക്കെ നവീകരിക്കാൻ നമ്മള് തീരുമാനിച്ചത്. ഓരോ കാര്യങ്ങളും ഉദ്ദേശിച്ച ഷെഡ്യൂളനുസരിച്ച് തീർത്തു കൊണ്ടു പോയില്ലെങ്കിൽ...'

എന്തൊക്കെ ഉണ്ടെങ്കിലും സ്വന്തം ജീവനക്കാരുടെ മുമ്പിൽ പഞ്ഞം പാടുകയെന്നത് സബർവാൾ കുടുംബത്തിന്റെ പരമ്പരാഗതശീലം തന്നെ. ഏത് ഹാർവാർഡിൽ പോയി പഠിച്ചാലും പിച്ചത്തരം മാറാൻ പോണില്ല, ഇക്കൂട്ടരുടെ, പ്രിയംവദ ഉള്ളിൽ നിരൂപിച്ചു.

ഒരുവിധത്തിൽ ഹാർവാർഡിനെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി പുറത്തു കടക്കുമ്പോൾ തല പെരുക്കുന്നുണ്ടായിരുന്നു. നല്ല കരുതലോടെ തിരഞ്ഞെടുക്കുന്ന കുറെ മുനവെച്ച വാക്കുകൾ കാണും എപ്പോഴും അയാളുടെ കൈയിൽ. പ്രയോജനമുള്ള ആളുകളെ പിണക്കാതെ മർമ്മത്തിൽ കൊള്ളിക്കാനറിയാം അയാൾക്ക്.

സായിപ്പന്മാരെ തഞ്ചത്തിൽ ഒതുക്കി താൻ സ്വയം ഏറ്റെടുത്ത ചുമതലയുടെ ഭാരം നന്നായറിയാമായിരുന്നു പ്രിയംവദയ്ക്കും. ചുവടുകൾ പിഴച്ചാൽ തട്ടു കിട്ടാൻ പോകുന്നത് ഇരുവശത്തു നിന്നും. ഒരു വശത്ത് അമ്പും വില്ലുമേന്തിയ മാനേജ്മെന്റ്, മറുവശത്ത് മുന്തിയ കളരിക്കുറുപ്പന്മാരുടെ മെയ്‌വഴക്കമുള്ള തൊഴിലാളിനേതാക്കൾ. എന്തു വന്നാലും നാലുകാലിൽ തന്നെ വീഴാൻ നന്നായറിയാം രണ്ടു കൂട്ടർക്കും. പിന്നെ തങ്ങളുടെ ഓരോ വീഴ്ചയും ആഘോഷിക്കാനായി കാത്തിരിക്കുന്ന പ്രതിയോഗികളായ കമ്പനികൾ.

എന്തായാലും ഇന്നത്തെ ചുറ്റുപാടുകളിൽ തന്റെ നിലപാടുകൾ ശരിയാണെന്ന് നല്ല ഉറപ്പായിരുന്നു പ്രിയംവദയ്ക്ക്. വാവും സംക്രാന്തിയും നോക്കി

ജീവനക്കാരെ വാടകയ്ക്കെടുക്കാനും, പറഞ്ഞുവിടാനും പറ്റുന്ന പടിഞ്ഞാറൻ കല്ലുവഴിച്ചിട്ടകൾകൊണ്ടൊന്നും ഇവിടത്തെ ഉത്പാദനക്ഷമത കൂടാൻ പോണില്ല.

'തൊഴിലാളികളെ ആവുന്നത്ര ഒപ്പം കൊണ്ടുപോകുകയാണ് ബുദ്ധി, ശേഷാദ്രീ,' പ്രിയംവദ പറഞ്ഞു: 'അതത്ര എളുപ്പമല്ലെന്ന് അറിയാതെയല്ല. എന്നാലും അല്പം അറിഞ്ഞ് മിനക്കെട്ടാൽ എവിടെയെങ്കിലും കൊണ്ടെത്തിക്കാൻ പറ്റിയേക്കും. നിങ്ങൾ പേഴ്സണൽ ഡിപ്പാർട്ടുമെന്റുകാർ മാനേജ്മെന്റിന്റെ ചാരന്മാരല്ലെന്ന് അവരെ വിശ്വസിപ്പിക്കലാണ് ഏറ്റവും പ്രധാനം.'

അത് കേട്ടപ്പോൾ ശേഷാദ്രിക്ക് ചിരി വന്നു.

'ചാരത്തിൽ കിടന്നുരുളുന്ന ഞങ്ങളെ ചാരന്മാരായല്ലേ അവർക്ക് കാണാൻ പറ്റൂ, മാഡം?'

'അത്രയ്ക്കങ്ങ് എഴുതിത്തള്ളേണ്ട ശേഷാദ്രീ.'

'മാഡം ഇപ്പോഴും ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ സ്വപ്നലോകത്താണെന്ന് തോന്നിപ്പോകാറുണ്ട് ചിലപ്പോഴൊക്കെ,' ശേഷാദ്രി പറഞ്ഞു: 'യൂണിയനുകൾ തൊഴിലാളികൾക്കു കൊടുത്തിട്ടുള്ള ഒന്നാംപാഠത്തിലെ, ഒന്നാം പേജിലെ ഒന്നാംവരി തന്നെ അങ്ങനെയല്ലേ. അതായത്, ഞാനും മാഡവു മടക്കം വെള്ളക്കുപ്പായമിട്ട സകലമാന പരിഷകളും മാനേജ്മെന്റിന്റെ ചട്ടുകങ്ങൾ തന്നെയെന്ന്. അല്പം വലുപ്പച്ചെറുപ്പങ്ങൾ കണ്ടേക്കാമെന്നുമാത്രം.'

'അതായത് ശകുനിയെന്ന വൻചട്ടുകത്തെക്കാൾ ലേശം ചെറുതായിരിക്കും ശേഷാദ്രിയെന്ന ചെറുചട്ടുകം, അല്ലേ?' പ്രിയംവദ ചിരിച്ചു.

'അതെ. അവരുടെ കാഴ്ചപ്പാടിൽ ഈ മാനേജ്മെന്റെന്നു പറയണത് തൂണിലും തുരുമ്പിലും നിറഞ്ഞുനിൽക്കുന്ന ഒരു ദുർഭൂതംതന്നെ. കൂട്ടത്തിൽ വെറും ഇടത്തരം ഭൂതങ്ങൾ മാത്രമായ സബർവാൾമാരെ ബ്രഹ്മാണ്ഡത്തിലെ പരമോന്നതപ്പിശാചുകളാക്കി അവതരിപ്പിക്കുന്നതിലാണ് നേതാക്കന്മാരുടെ വിജയം. ആയിരം കണ്ണും കാതും, പഞ്ചേന്ദ്രിയങ്ങളുമുള്ള സബർവാൾമാർ ഈ കോമ്പൗണ്ടിനകത്തു നടക്കുന്ന സകലമാന കാര്യങ്ങളും അപ്പപ്പോഴായി അറിഞ്ഞുകൊണ്ടേയിരിക്കുന്നുവെന്നാണ് ആ പാവങ്ങളുടെ വിശ്വാസം.'

'പാവം ഭൂതങ്ങൾ, പാവം തൊഴിലാളികൾ!' പ്രിയംവദ പറഞ്ഞു: 'അവരുടെ കൂട്ടത്തിലെ ഭൂതാത്മാവും പരമാത്മാവുമായി ഒരു ഹാർവാർഡും.'

എന്തായാലും ഇനി പിന്നോട്ടില്ലെന്ന് പ്രിയംവദ തീരുമാനിച്ചുറപ്പിച്ചിരുന്നു. കാര്യങ്ങൾ ഉദ്ദേശിച്ചയിടത്തുതന്നെ കെട്ടാൻ കഴിഞ്ഞില്ലെങ്കിൽ, ഈ കമ്പനി വിടുകതന്നെ.

ഈ പ്രായത്തിൽ വേറൊരു ജോലി തിരഞ്ഞുപോകാനും, മറ്റൊരു അന്തരീക്ഷവുമായി ഇണങ്ങിച്ചേരാനും എളുപ്പമല്ലെന്ന് അറിയാത്തതല്ല. പക്ഷേ, നിവർന്നു നടന്ന് ശീലിച്ചതുകൊണ്ട് ഇനിയിപ്പോൾ കുനിഞ്ഞുനടക്കാൻ പാടാണ്.

അവസാനംവരെ താൻ ഒപ്പമുണ്ടാകുമെന്ന് ശേഷാദ്രി വാക്കു കൊടുത്തെങ്കിലും മുങ്ങുന്ന കപ്പലിൽ നിന്ന് ആദ്യം പുറത്തുചാടുന്ന എലികളായിരിക്കും ഈ ശേഷാദ്രിമാരെന്ന് പ്രിയംവദയ്ക്ക് നല്ല ഉറപ്പായിരുന്നു.

പിന്നീടുള്ള കുറെ ദിവസങ്ങളുടേ സമ്മർദ്ദം മനസ്സിലായത് രാത്രി ഉറങ്ങാൻ കിടക്കുമ്പോഴായിരുന്നു. ഓഫീസിൽ നിന്ന് നന്നേ വൈകി തിരിച്ചെത്തുമ്പോൾ ആദ്യം കാണുക നീതുവിന്റെ മൂടിക്കെട്ടിയ മുഖമാവും. കുറെ

നാളുകളായി അത്യാവശ്യത്തിനു മാത്രമുള്ള സംഭാഷണത്തിലേക്ക് ഒതു ങ്ങിയിരിക്കുന്നു അമ്മയും മകളും തമ്മിലുള്ള ബന്ധം. കൈയിലൊരു സെൽ ഫോണുമായി ബാൽക്കണിയിലെ ഒരു മൂലയിൽ ആരോടോ സംസാരിച്ചു കൊണ്ട് നിൽക്കുന്നതു കാണാം മിക്കപ്പോഴും.

ഇനി വിട്ടിനകത്തു വെച്ചും അവളോട് സെൽഫോണിൽ മാത്രം സംസാ രിക്കേണ്ട ഗതികേടു വരരുതേ എന്നായിരുന്നു പ്രിയംവദയുടെ പ്രാർത്ഥന.

ആ പുതിയ സെൽഫോൺ എവിടെനിന്നു കിട്ടിയെന്നു ചോദിച്ചില്ല. ഏത് ചോദ്യവും അതിന് വൈകിക്കിട്ടുന്ന ഉത്തരവും ചില അസുഖകരമായ അകൽച്ചകളിലാണ് ചെന്നവസാനിക്കുക. അമ്മയിൽനിന്ന് എന്തെങ്കിലും വീണു കിട്ടാനായി അവൾ കാത്തു നിൽക്കുന്നതുപോലെ പലപ്പോഴും. കൊത്തിക്കയറാനും, കുത്തിമുറിവേൽപ്പിക്കാനുമുള്ള ഒരവസരവും പാഴാക്കാ തെ, അവൾ ശബ്ദമുയർത്താൻ തുടങ്ങുമ്പോൾ പ്രിയംവദ പതുക്കെ ഓഫീസ്മുറിയിലെ സുരക്ഷിതത്വത്തിലേക്ക് പിൻവാങ്ങുന്നു.

തൊട്ടപ്പുറത്തെ ഫ്ളാറ്റിലെ മലയാളികുടുംബത്തിന് കണ്ണുകളെക്കാൾ കൂടുതൽ കാതുകളാണ്. ഇവിടത്തെ നന്നേ ചെറിയ അനക്കങ്ങൾ കൂടി പിടി ച്ചെടുക്കാൻ വലിയ താത്പര്യമാണ് അവർക്ക്. ഇവിടെ ആരുമില്ലെങ്കിൽ അപ്പു റത്തെ കൊച്ചമ്മ ചങ്ങാത്തം കൂടാൻ വരുമെന്നു വേലക്കാരി ബായി പറ ഞ്ഞപ്പോൾ ആദ്യമേ താക്കീത് കൊടുത്തു. ഇവിടത്തെ കാര്യങ്ങൾ എന്തെ ങ്കിലും പുറത്തുവിട്ടാൽ എന്റെ തനിസ്വരൂപം കാണേണ്ടിവരും നിങ്ങൾക്ക്.

ഓഫീസ്മുറിയിൽ തനിച്ചാകുമ്പോഴാണ് ഉള്ളിൽ അറിയാതെയൊരു തേങ്ങൽ ഉരുണ്ടുകൂടുന്നത്. തനിച്ചാകുന്നതിന്റെ വിങ്ങൽ ഇത്രയധികം തോന്നിയിരുന്നില്ല മുമ്പൊരിക്കലും. ഓഫീസിലെ പലതരം ഏടാകൂടങ്ങളിൽ നിന്ന് ഒരുവിധത്തിൽ വഴുതിമാറി വീട്ടിലെത്തുമ്പോഴൊക്കെ നീതുവിന്റെ പിൻബലമായിരുന്നു ഏറ്റവും വലിയ കരുത്ത്. അവളുടെ പ്രസരിപ്പു നിറഞ്ഞ മുഖം വാതിൽപ്പടിക്കൽ കാണുമ്പോഴേക്കും ഉള്ളാകെ തണുക്കുകയായി. ഈ പ്രിയംവദാമ്മയെ നോർമ്മലാക്കാൻ എനിക്ക് ഒരൊന്നര മിനിറ്റ് പോലും വേണ്ടല്ലോ എന്ന് നീതുതന്നെ പറയാറുണ്ട്, പലപ്പോഴും.

ഒന്നും ഫലിച്ചില്ലെങ്കിൽ അവളുടെ കൈയിൽ ഒരു അവസാനത്തെ അട വുണ്ട്. ഇരു കൈകളും പിണച്ച് പുറകിൽ വന്നു കെട്ടിപ്പിടിച്ച് അവൾ പിൻക ഴുത്തിൽ ചുണ്ടുകളമർത്തുമ്പോൾ അതൊരു ജന്മത്തിന്റെയാകെ സാഫല്യ മായിത്തീരുന്നു. അല്ലെങ്കിലും എന്റെ ജന്മം പൂർണ്ണമാകുന്നത് എന്റെ മോളി ലൂടെയാണല്ലോ.

ഇപ്പോൾ അവൾ സ്നേഹത്തോടെ ഒന്ന് നോക്കിയിട്ട്, എന്തെങ്കിലും ഉരിയാടിയിട്ട് ദിവസങ്ങളായിരിക്കുന്നു.

നാളുകൾ കഴിയുന്തോറും അകലം കൂടിവരുന്നത് അറിയുന്നുണ്ടെങ്കിലും അതിലൊന്നും മനസ്സ് ഉറയ്ക്കുന്നില്ല. കമ്പനിക്കാര്യങ്ങൾതന്നെയാണ് എപ്പോഴും ഉള്ളിൽ. കാര്യങ്ങൾ വഴിമുട്ടി നിൽക്കുമ്പോൾ, ഏറ്റെടുത്ത ചുമ തലകളുടെ ഭാരം വല്ലാതെ ഞെരുക്കാൻ തുടങ്ങുമ്പോൾ ഒരു വഴികാട്ടിയാ യി, ഒരു പിൻബലമായി, ആരേയും കാണാൻ കിട്ടുന്നതുമില്ല.

പെട്ടെന്ന് വെളിപാടുപോലെ ഒരു തോന്നൽ. ഡോക്ടർസാബിന് ഒരു മെയിൽ അയച്ചാലോ?

ഉടനെതന്നെ വേണ്ടെന്നു വച്ചു. കത്തിടപാടുകൾ നിന്നിട്ട് നാളുകളേറെയായി, ഇനിയത് തുടങ്ങിവയ്ക്കണ്ട. ഇടയ്ക്കൊക്കെ മൂപ്പരുടെ ഗ്രൂപ്പ്മെയിലിങ്ങിന്റെ ഭാഗമായി ചില കട്ടിങ്ങുകളും, വാർത്താശകലങ്ങളുമൊക്കെ വന്നെത്താറുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലുമായി ശിഷ്യന്മാരും ചങ്ങാതികളുമായി പത്തിരുപതു പേരുടെ മെയിലിങ് കൂട്ടത്തിൽ തന്നെയും ചേർത്തിട്ടുള്ളതുകൊണ്ട് പ്രയോജനകരമായ കുറെ വിവരങ്ങൾ എവിടന്നെങ്കിലുമൊക്കെ പറന്നെത്തുന്നു.

എന്തായാലും വേണ്ട. ഇതൊക്കെ സ്വയം കൈകാര്യം ചെയ്യേണ്ട കാര്യങ്ങൾ. അവനവന്റെ ഉള്ളിൽനിന്ന് പൊങ്ങി വരുന്നവയ്ക്കു മാത്രമേ തനിമ കാണൂ.

പ്രിയംവദ ഒരു നിമിഷം കണ്ണടച്ചിരുന്നു.

ഇത് ധ്യാനത്തിന്റെ നിമിഷമാണ്. ഒന്നിന്റെയും ഭാരമില്ലാത്ത ശുദ്ധമായ ധ്യാനത്തിന്റെ നിമിഷം.

പതിനേഴ്

ഓഫീസിലെ സ്ഥിരം ബദ്ധപ്പാടുകൾക്കിടയിൽ വളംഫാക്റ്ററിയിലെ പ്രോജക്റ്റിനെപ്പറ്റി ഓർക്കാൻപോലും നേരം കിട്ടിയിരുന്നില്ല പ്രിയംവദയ്ക്ക്. കൂട്ടത്തിൽ വലുതാണെങ്കിലും ഗ്രൂപ്പിന്റെ പല കമ്പനികളിൽ ഒന്നു മാത്രമാണ് ആ ഫാക്റ്ററി.

അങ്ങനെയിരിക്കെ, പെട്ടെന്നൊരു ദിവസം ഫാക്റ്ററിയിൽനിന്ന് ശേഷാദ്രിയുടെ വിളി വന്നു. സ്വാമി വലിയ ആവേശത്തിലാണെന്നു തോന്നി.

'മാഡത്തിന് അല്പം ലേറ്റായി ഇരിക്കാൻ വിരോധമില്ലെങ്കിൽ ഞാൻ നാളെയെത്താം. ചില പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനുണ്ട്.' ശേഷാദ്രി വലിയ ഉത്സാഹത്തിലായിരുന്നു.

പിറ്റേന്ന് കണ്ടപ്പോൾ അയാളുടെ ആവേശം ഇരട്ടിച്ചതുപോലെ:

'കാര്യങ്ങൾ ഏതാണ്ട് കരയ്ക്കടുക്കുന്നതുപോലെ മാഡം.'

ശേഷാദ്രിയുടെ മുഖത്ത് വലിയ വെളിച്ചം. കാര്യങ്ങൾ ഇത്രയെളുപ്പത്തിൽ നീങ്ങുമെന്ന് അയാളും തീരെ പ്രതീക്ഷിച്ചിരുന്നില്ലെന്നു തോന്നി.

'മുട്ടാപ്പോക്കു പിടിച്ചാൽ, ഒടുവിൽ മാഡംകൂടി കൈയൊഴിഞ്ഞാൽ കശ്മലന്മാരായ സബർവാൾമാരിൽനിന്ന് നീതി കിട്ടുമെന്ന പ്രതീക്ഷയില്ല, നേതാക്കന്മാർക്ക്. യൂണിയനും മാനേജ്മെന്റിനുമിടയിലുള്ള കൊള്ളാവുന്നൊരു പാലമായി അവർ കാണുന്നത് മാഡത്തിനെ മാത്രമാണ്. നീണ്ട കാലത്തേക്കു പൂട്ടിയിട്ടാലും, കമ്പനിതന്നെ മൊത്തത്തിൽ തൂക്കിവിറ്റാലും സബർവാൾ കുടുംബത്തിന് യാതൊന്നും നഷ്ടപ്പെടാൻ പോണില്ലെന്ന് അവർക്കു നന്നായി മനസ്സിലായിരിക്കുന്നു. മുടക്കിയ മുതലിന്റെ എത്രയോ ഇരട്ടി മുതലാളിമാർ ഇതിനകം ഊറ്റിയെടുത്തു കഴിഞ്ഞിട്ടുണ്ട്. ഇനി ബേജാറാകേണ്ടത് ജീവനക്കാരും കടംകൊടുത്ത ബാങ്കുകാരും മാത്രം.'

'അത്രയും കൊള്ളാം. ബാക്കി കാര്യങ്ങളോ?'

'ഒരു വി.ആർ.എസ്സിനെ യൂണിയൻ എതിർക്കില്ല. കൊള്ളാവുന്നൊരു പാക്കേജാണെങ്കിൽ. സാങ്കേതിക നവീകരണത്തിനും അവർ എതിരല്ല. പഴയ

തൊഴിലാളികളെ പുതിയ സാങ്കേതികതയിലേക്ക് പാകപ്പെടുത്തിയെടുക്കേണ്ടത് മാനേജ്മെന്റിന്റെ ചുമതലയാണെന്നു മാത്രം. പ്രോജക്റ്റ് നടപ്പിൽ വരുത്തുമ്പോൾ അവിടവിടെയായി ചില പൊട്ടലും ചീറ്റലുമൊക്കെ ഉണ്ടാകുന്നത് സ്വാഭാവികം. അതൊക്കെ ട്രേഡ് യൂണിയനിസത്തിന്റെ ചില സാധാരണ പൊടിക്കൈകൾ മാത്രം. അതിനത്രയ്ക്ക് പ്രാധാന്യം കൊടുക്കേണ്ട കാര്യമില്ല.'

'അതുതന്നെയാണ് ഞാനും ഇതേവരെ പറഞ്ഞുകൊണ്ടിരുന്നത്,' പ്രിയംവദ വലിയ ഉത്സാഹത്തോടെ പറഞ്ഞു: 'ഇതൊരു പുതിയ എച്ച്.ആർ. വെല്ലുവിളിയായി കാണാൻ പറ്റണം നമുക്ക്. പുതിയ ടെക്നോളജിയുടെ സഹായത്തോടെയുള്ള വെറും യന്ത്രം പ്രവർത്തിപ്പിക്കലല്ല ഇവിടത്തെ പ്രശ്നം. ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള, വലിയ പണച്ചെലവുള്ള ഈ നവീകരണത്തെ തൊഴിലാളികൾ മാനസികമായി സ്വീകരിച്ചേ പറ്റൂ. ഇതേവരെ കൈകൊണ്ടു ചെയ്തിരുന്ന പല കാര്യങ്ങളും ഇനി നിയന്ത്രിക്കാൻ പോകുന്നത് കൺട്രോൾറൂമിലെ പാനലുകളാവും. ഇത്തരം വലിയ മാറ്റങ്ങളോട് ഇണങ്ങിച്ചേരുകയെന്നത് അത്ര എളുപ്പമായ കാര്യമല്ല.'

എന്തായാലും, പിന്നീട് കാര്യങ്ങൾ നീങ്ങാൻ തുടങ്ങിയതു വളരെ പെട്ടെന്നാണ്. പ്രിയംവദയെയും അവരുടെ ടീമിനെയും സംബന്ധിച്ചിടത്തോളം വലിയ ബദ്ധപ്പാടിന്റെ നാളുകൾ.

സമഗ്രമായ പ്രോജക്റ്റിന് ഏതാണ്ട് അവസാനരൂപമായതോടെ കോളാമ്പിയുടെ അങ്കലാപ്പും കൂടി വന്നു. അയാളുടെ കൊക്കിൽ ഒരിക്കലും ഒതുങ്ങാത്ത വലിയൊരു ഉത്തരവാദിത്വം. കണക്കൊപ്പിച്ച്, തീയതിയൊപ്പിച്ച്, പൂർത്തിയാക്കേണ്ട പല ഘട്ടങ്ങൾ. ഹാർവാർഡും, ലണ്ടനും, ബ്രഹ്മചാരിയുമൊക്കെ പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നത് ഏറക്കുറെ ശകുനിയോടും, ധൃതരാഷ്ട്രരോടും മാത്രം.

പിന്നെയീ കോളാമ്പിയെ മർമ്മസ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചിരിക്കുന്നത് എന്തിനാണ്?

പ്രിയംവദയുടെ എക്കാലത്തേയും വലിയ സംശയത്തിനു മറുപടി പറഞ്ഞത് തമിഴകത്തെ ഒരു മുന്തിയ കുറുനരിവംശത്തിൽ പിറക്കാൻ യോഗമുണ്ടായ ശേഷാദ്രി തന്നെയായിരുന്നു:

യാതൊരു മറുചോദ്യവുമില്ലാതെ ചൂണ്ടിക്കാണിക്കുന്നയിടത്തൊക്കെ വിരലടയാളം പതിപ്പിക്കാൻ തയ്യാറുള്ള ഉദ്യോഗസ്ഥന്മാരെക്കാൾ വലിയ സൗഭാഗ്യം എന്തുണ്ട് മുതലാളിമാർക്ക്? തങ്ങൾക്ക് വേണ്ടതൊക്കെ തഞ്ചത്തിൽ സാധിച്ചെടുക്കാൻ പറ്റിയ കുറെ സിൽബന്തികൾ. ആധുനിക മുതലാളിത്തത്തിന്റെ ഏറ്റവും വലിയ മുഖമുദ്രതന്നെ മഷിപുരണ്ട വിരലുകളും നീട്ടി വലിയ അനുസരണയോടെ വരിവരിയായി നിൽക്കുന്ന ഉദ്യോഗസ്ഥപ്പരിഷകളല്ലേ. പിന്നെ നമ്മുടെ കോളാമ്പിയുടെ കാര്യമാണെങ്കിൽ ഒപ്പിടാൻ പോകുന്ന കടലാസ്സിനു മുകളിൽ നിരത്തിവച്ചിരിക്കുന്ന അംഗ്രേജി വാചകങ്ങൾക്കിടയിലെ കുനിഷ്ഠ് എവിടന്ന് മനസ്സിലാകാനാണ് ആ പാവത്തിന്?

പിന്നെ കമ്പനി നടത്തിക്കൊണ്ടുപോകുന്ന കാര്യം. അതിനല്ലേ നല്ല മിടുക്കന്മാര് എൻജിനീയർമാരെയും, എം.ബി.എ.കളെയുമൊക്കെ വലിയ ശമ്പളവും കൊടുത്ത് താഴെ വെച്ചിരിക്കുന്നത്.

എന്തായാലും വിശദമായ ഗ്രൂപ്പുചർച്ചകൾക്കും, ഒട്ടേറെ പരിശീലനപദ്ധതികൾക്കും എച്ച്.ആർ. ഡിപ്പാർട്ട്മെന്റ് രൂപംകൊടുത്തു. പ്രോജക്റ്റിന്റെ

വിവിധ വശങ്ങളെപ്പറ്റി ആഡിയോവിഷ്വൽ സംവിധാനങ്ങളുടെ സഹായ ത്തോടെ തൊഴിലാളികൾക്കു പറഞ്ഞുകൊടുക്കേണ്ട ചുമതല കമ്പനിയിലെ ചെറുപ്പക്കാരായ എൻജിനീയർമാർ ഏറ്റെടുത്തു. വിദേശത്തുനിന്നു കൊണ്ടു വരുന്ന അത്യാധുനിക യന്ത്രങ്ങളുടെ ട്രയൽ റൺ തുടങ്ങുന്നതോടൊപ്പം സമാന്തരമായി തൊഴിലാളികൾക്കുള്ള പരിശീലന ക്ലാസ്സുകളും.

അവിടെയാണ് ത്രികാലജ്ഞാനിയും പരകായപ്രവേശത്തിൽ ലേശം മുൻപരിചയവുമുള്ള ശകുനി കാര്യമായൊന്ന് ഉടക്കാൻ വന്നത്. അങ്ങനെ എല്ലാമങ്ങ് തൊഴിലാളികൾക്കു പറഞ്ഞുകൊടുത്താൽ, മാനേജ്മെന്റിന്റെ പിടി അയഞ്ഞു പോകുമെന്നായിരുന്നു ശകുനിയുടെ വാദം.

അല്പം രഹസ്യങ്ങളൊക്കെ നെഞ്ചോടടുപ്പിച്ചു വയ്ക്കാനായില്ലെങ്കിൽ ഈ മാനേജർമാര് എന്ത് മാനേജർമാര്? ആരവരെ കൂട്ടാക്കും?

രഹസ്യങ്ങൾ തുരുപ്പുചീട്ടുകളാക്കി നെഞ്ചോടടുപ്പിച്ചുവെച്ച് കളിക്കുന്ന തിലല്ല ഒരു എക്സിക്യൂട്ടീവിന്റെ യഥാർത്ഥ ശക്തി കിടക്കുന്നതെന്ന് തുറന്നു പറയേണ്ടി വന്നു പ്രിയംവദയ്ക്ക്.

പുതിയൊരു പ്രോജക്റ്റ് പഴയ തൊഴിലാളികളെക്കൊണ്ടുതന്നെ നടപ്പി ലാക്കാൻ നോക്കുമ്പോൾ എല്ലാ കാര്യത്തിലും സുതാര്യത കൂടാതെ കഴി യില്ല. അതായത് പ്രോജക്റ്റിന്റെ സാമ്പത്തിക വശങ്ങൾ തൊട്ട്, ഉത്പാദന പ്രക്രിയയും, പർച്ചേസും, മാർക്കറ്റിങ്ങുമൊക്കെ അടങ്ങുന്ന എല്ലാ മേഖല കളും ചർച്ചകൾക്കു വിധേയമാക്കേണ്ടിവന്നേക്കും. പഴുതിടാതെ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ നോക്കിയാൽ, അനാവശ്യമായ സംശയങ്ങൾ കുറെ യെങ്കിലും ഒഴിവാക്കാവുന്നതാണ്.

ശകുനിയങ്ങനെ മസില് പിടിച്ചു നിന്നപ്പോൾ ഹാർഡ്വാർഡും ലണ്ടനും ഒരേപോലെ ചാഞ്ചാടാൻ തുടങ്ങി. ബ്രഹ്മചാരിയാകട്ടെ പതിവുപോലെ പുപ്പു ഞ്ചിരി തൂകിക്കൊണ്ട് അങ്ങനെ പ്ലാനിൽ നിലകൊണ്ടു.

ഉയർന്ന ഉദ്യോഗസ്ഥരുടെ മാനേജ്മെന്റ് കമ്മിറ്റിയിലെ ഒരു പ്രധാനപ്പെട്ട അംഗമാണ് കോങ്കണ്ണൻ ശകുനി. അയാളെ തഴഞ്ഞുകൊണ്ടു മുന്നോട്ടു പോകുന്നതു ബുദ്ധിയാവില്ലെന്ന തോന്നലാണ് ധൃതരാഷ്ട്രർക്ക്. മാത്രമല്ല, മുടിഞ്ഞ മത്സരമുള്ള ഇക്കാലത്ത് ഒരു അന്താരാഷ്ട്ര പാരയാകാനുള്ള കഴിവു കാണും മർമ്മസ്ഥാനത്തിരിക്കുന്ന ഏതു കോങ്കണ്ണനും.

കാര്യമായ അംഗവൈകല്യങ്ങളുള്ള ഇത്രയും പുരാണ കഥാപാത്രങ്ങളെ തലപ്പത്തിരുത്തിക്കൊണ്ട് എങ്ങനെയാണ് നിങ്ങളീ കമ്പനി നടത്തിക്കൊണ്ടു പോകുന്നതെന്ന് വലിയ റോബർട്ട് തിരുമേനി ചോദിച്ചത് ഓർമ്മവന്നു പ്രിയം വദയ്ക്ക്. ഏതോ വികലമായ പുരാണ സീരിയലിൽനിന്ന് മേക്കപ്പുപോലും അഴിക്കാതെ ഇറങ്ങിപ്പോന്നവർക്ക് അരങ്ങത്തെ ഔചിത്യബോധവും കൂടി കമ്മി.

ഇക്കാര്യത്തിൽ യാതൊരു നീക്കുപോക്കിനും തയ്യാറല്ലെന്ന് പ്രിയംവദ വാശി പിടിച്ചപ്പോൾ ഒരു ഒത്തുതീർപ്പു ഫോർമുലയുമായി വന്നത് ശേഷാ ദ്രിയായിരുന്നു.

എന്തായാലും കാര്യങ്ങൾ ഇത്രയുമായ സ്ഥിതിക്ക് മാഡം വഴക്കാ ക്കാൻ നോക്കണ്ടാ. ശകുനി ആ മരങ്ങാട്ടുപിള്ളിക്കാരിയുടെ മനസ്സ് വല്ലാതെ വെടക്കാക്കി കഴിഞ്ഞിരിക്കുന്നതുകൊണ്ട് മാഡം അവരെയൊന്ന് നേരിൽ കണ്ട് കാര്യങ്ങൾ വിശദീകരിച്ചു കൊടുത്താൽ എല്ലാം തീരാവുന്നതേ

യുള്ളൂ. ഒരേ നാട്ടുകാരായതുകൊണ്ട് സ്വന്തം ഭാഷയിൽ സംസാരിക്കുകയും ആവാം.

അവിടെയൊരു വലിയ ചിരിക്കുള്ള സാദ്ധ്യത കണ്ടു പ്രിയംവദ.

'ഐഡിയ കൊള്ളാം. പക്ഷേ, അത്തരമൊരു തന്ത്രപ്രധാനമായ കൂടിക്കാഴ്ചയ്ക്കുള്ള ഭാഷ എന്റെ കൈവശമില്ലെന്നതാണ് നേര്. ആകെക്കൂടി കൈയിലുള്ളത് അത്യാവശ്യം കഞ്ഞികുടിച്ചു കഴിഞ്ഞുകൂടാനുള്ള ഭാഷ മാത്രം. പിന്നെ, തൊഴിലാളികളുമായി സുതാര്യമായി ഇടപെടാൻ മാനേജ്മെന്റ് തയ്യാറല്ലെങ്കിൽ ഈ മാറാപ്പ് വേറെ ആരെയെങ്കിലും ഏല്പിക്കുകയാവും ഭേദം.'

പ്രിയംവദയെ സംബന്ധിച്ചിടത്തോളം അത് അവസാനത്തെ ചീട്ടിറക്കിയുള്ള കളിയായിരുന്നു. അങ്ങനെ, ഇതുപോലൊരു നിർണ്ണായകഘട്ടത്തിൽ പ്രിയംവദയെ കൈവിടാൻ സബർവാൾകുടുംബം തയ്യാറാവുമോ എന്നതായി പ്രശ്നം.

ഒടുവിൽ ശകുനിക്ക് തെല്ലൊന്ന് അയഞ്ഞുകൊടുക്കേണ്ടി വന്നപ്പോൾ ആദ്യം വിളിച്ച് അഭിനന്ദിച്ചത്, അതിശയം തന്നെ, ധൃതരാഷ്ട്രരായിരുന്നു.

'യു ഹാവ് ഡണ്ണിറ്റ് എഗൈൻ, മൈ ഡിയർ ചാമിംഗ് ലേഡി!' ധൃതരാഷ്ട്രർ ഉറക്കെച്ചിരിച്ചു: 'പെണ്ണൊരുമ്പെട്ടാൽ ഏത് കൊലകൊമ്പനേയും തളയ്ക്കാനാകുമെന്ന് നിങ്ങൾ ഒരിക്കൽകൂടി തെളിയിച്ചിരിക്കുന്നു.'

കണ്ണുകാണാത്ത ധൃതരാഷ്ട്രർ താൻ സുന്ദരിയാണെന്ന് പറയുന്നു. പ്രിയംവദയ്ക്ക് ചിരി വന്നു.

'ഇത് പെണ്ണിന്റെ വിജയമല്ല, സർ.' പ്രിയംവദ പറഞ്ഞു: 'വളരെ ലളിതമായൊരു എച്ച്.ആർ. തത്ത്വം മാത്രം. നിങ്ങൾക്ക് മറച്ചുവയ്ക്കാനൊന്നുമില്ലെങ്കിൽ നഗ്നനാവുകയാവും ഭേദം. ജീവനക്കാരിൽനിന്ന് എത്രയും കുറച്ച് മറച്ചുവയ്ക്കാൻ നിങ്ങൾക്കാവുമോ, അത്രയുമധികം സഹകരണം അവരിൽനിന്ന് നേടിയെടുക്കാൻ കഴിഞ്ഞേക്കും. ഇതൊരു സാമാന്യതത്ത്വം മാത്രം. പ്രായോഗികതലത്തിൽ കുറെയേറെ പ്രയാസങ്ങൾ ഉണ്ടായേക്കാം. പക്ഷേ, അതൊക്കെ കളിയുടെ ഭാഗമല്ലേ, സർ!'

'നമ്മുടെ കമ്പനിയിൽ ഇതത്ര എളുപ്പമാണെന്ന് കരുതുന്നുണ്ടോ?'

'നമ്മുടേതെന്നല്ല, ഒരു കമ്പനിയിലും എളുപ്പമാകില്ലെന്നറിയാം. എന്നാലും ഇതൊരു ആത്മാർത്ഥമായ ശ്രമം മാത്രം.'

'കൊള്ളാം, ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.' ധൃതരാഷ്ട്രർ അങ്ങനെ പറഞ്ഞുവച്ചപ്പോൾ അതിൽ എത്രകണ്ട് ആത്മാർത്ഥതയുണ്ടെന്ന കാര്യത്തിൽ പ്രിയംവദയ്ക്കുതന്നെ സംശയമുണ്ടായിരുന്നു. എന്തായാലും തന്റെ പോക്ക് നേരായ വഴിക്കല്ലെന്ന് ധൃതരാഷ്ട്രരും ഉറച്ചുവിശ്വസിക്കുന്നതുപോലെ.

അങ്ങനെതന്നെ പറഞ്ഞു ആ പഴയ കൂട്ടുകാരിയും. രേവതി പത്രമോഫീസ് വിട്ട വിവരം പറയാനായി വിളിച്ചതായിരുന്നു അവർ.

'എന്തുപറ്റി രേവതിക്ക്?' പ്രിയംവദ അന്വേഷിച്ചു.

'ഒന്നും പറയണ്ടാ എന്റെ പ്രിയാ! ആ വയസ്സൻ പത്രാധിപർ ഒരുസം അവളുടെ കൈയിൽക്കയറി പിടിച്ചുവത്രെ. രേവതി അയാളുടെ കരണത്തടിച്ചില്ലെന്ന് മാത്രം.'

'ആള് കൊള്ളാം.' പ്രിയംവദയ്ക്ക് ചിരിയടക്കാൻ കഴിയുന്നില്ല.

പ്രിയംവദ ഏറ്റെടുത്തിരിക്കുന്ന ആ വലിയ ദൗത്യത്തെപ്പറ്റി കേട്ടറിഞ്ഞിരുന്നു അവർ.

'ഒരു കാര്യം പറയാല്ലോ പ്രിയാ. ഇക്കാര്യത്തിൽ നീയല്പം കയറി കളിക്കുന്നതുപോലെ. കമ്പനിക്കാര്യങ്ങളിൽ ഇത്രയധികം ഇമോഷണൽ പങ്കാളിത്തം ഒടുവിൽ നിനക്കുതന്നെ വിനയായേക്കാം. ഒരു കമ്പനി മോഡേണൈസ് ചെയ്യുമ്പോൾ സ്വാഭാവികമായും കുറെ എച്ച്.ആർ. പ്രയത്നങ്ങളും വേണ്ടിവന്നേക്കും. ഇതൊക്കെയങ്ങനെ മാത്രം കണ്ടാൽ പോരെ?'

'പോരാ ചങ്ങാതീ. എല്ലാറ്റിനും ചില ടൈമിങ്ങുണ്ട്. അന്ന് തക്ക സമയത്ത് ഞങ്ങൾ കയറി പ്രതിരോധിച്ചില്ലായിരുന്നെങ്കിൽ ഈസ്റ്റിന്ത്യാക്കമ്പനിയുടെ രണ്ടാംവരവ് ചെറിയ തോതിലെങ്കിലും ആഘോഷിക്കേണ്ടി വരുമായിരുന്നു.'

'നിന്നെ പറഞ്ഞ് മനസ്സിലാക്കുക എളുപ്പമല്ലെന്നറിയാം. എങ്കിലും ഈ ഫിൽഡിലെ ഇത്രയും കാലത്തെ അനുഭവംകൊണ്ടു പറയാം, നീ തെറ്റായ കുതിരയിൽ പന്തയം വയ്ക്കുന്നതുപോലെ. തൊഴിലാളികളെ നമ്മള് എത്ര കണ്ട് സ്നേഹിച്ചാലും, എത്രയധികം വിശ്വാസത്തിലെടുത്താലും ഒരു നിർണ്ണായകഘട്ടത്തിൽ അവർ ഒപ്പമുണ്ടാകുമെന്ന് കരുതുന്നതു വങ്കത്തമാണ്. കാലാകാലങ്ങളായി, വർഗ്ഗവ്യത്യാസമെന്ന കറുത്ത ചായം അവരുടെ ഉള്ളിൽ അത്രയേറെ കനത്തിൽ തേച്ചുപിടിപ്പിച്ചിട്ടുള്ളതുകൊണ്ട് അവരുടെ ലോയൽറ്റി എപ്പോഴും അവരുടെ ചില തട്ടുമുട്ടു സംഘടനകളോടും, അവ നയിക്കുന്ന പല പ്രകൃതക്കാരായ നേതാക്കന്മാരോടും മാത്രമായിരിക്കും. ഒരു ദിവ്യനിമിഷത്തിൽ, ആ നേതാക്കന്മാരും സാക്ഷാൽ സബർവാൾമാരും ഒത്തുചേർന്ന് നിന്നെ ചുട്ട ഉരുളക്കിഴങ്ങുപോലെ താഴെയിട്ട്, ലേശം മാറിനിന്ന് കൈകൊട്ടി ചിരിക്കുന്ന ആ മനോഹരമായ കാഴ്ച കാണാൻ ഇടയാകരുതേ എന്നാണെന്റെ പ്രാർത്ഥന.'

'പ്രാർത്ഥിക്കുന്നവരെ തടയാൻ പാടില്ലെന്നാണ് ആചാര്യന്മാർ നമ്മെ പഠിപ്പിച്ചിരിക്കുന്നത്.'

'തമാശയല്ല, പ്രിയാ. ചെറിയൊരു കുത്തിത്തിരിപ്പുമാത്രം മതി അവർ തമ്മിൽ യോജിച്ച് ഒറ്റക്കെട്ടായി നമ്മുടെ നേർക്ക് തിരിയാൻ. അതായത്, അതേവരെ ചെയ്തുവച്ച പണിയൊക്കെ വെറുതെയാകുമെന്നു മാത്രം. പിന്നെ കുത്തിത്തിരിപ്പുണ്ടാക്കുകയെന്നത് ഈ നേതാക്കന്മാരുടെ കുലത്തൊഴിലല്ലേ.'

'ഇതൊക്കെ അറിയാതെയല്ല, ചങ്ങാതീ. എന്തായാലും ഇത് ഈസ്റ്റിൻഡ്യാക്കമ്പനിയോട് ഒരു പാവം പെണ്ണിന്റെ പ്രതിരോധമായി കണ്ടാൽ മതി. ഇത്രകാലം പണിയെടുത്ത കമ്പനിയിൽ അവരുടെ വെളുത്ത വിരൽപ്പാടുകൾ വീഴാതെ നോക്കുക എന്റെ ചുമതലയാണെന്ന് കരുതി.'

'ശരി, പ്രിയാ. നിരാശപ്പെടുത്താൻ നോക്കിയതല്ല. എന്നെക്കാൾ മിടുക്കിയാണ് നി. നീ ഒരുമ്പെട്ടിറങ്ങിയാൽ നേടിയെടുക്കുമെന്ന് ഉറപ്പാണ്. എന്നാലും എന്റെ അഭിപ്രായം പറയണമെന്നു തോന്നി.'

അവർ പറഞ്ഞത് പ്രിയംവദയെ തെല്ലൊന്ന് ഇളക്കിയെങ്കിലും ഇക്കാര്യത്തിൽ ഇനി പുറകോട്ടില്ലെന്ന് അവർ ഉറപ്പിച്ചുകഴിഞ്ഞിരുന്നു. ഒരുപക്ഷേ, ഈ പ്രയത്നം തനിക്ക് എച്ച്.ആറിൽ ചില പുതിയ മേഖലകൾ തുറന്നുതന്നേക്കാം. ഒരു എക്സിക്യൂട്ടീവിനെ സംബന്ധിച്ചിടത്തോളം വിജയത്തെക്കാൾ കൂടുതൽ തോൽവിയിൽനിന്നായിരിക്കും പാഠങ്ങൾ പഠിക്കാനുണ്ടാകുക.

പെട്ടെന്ന് തലയ്ക്കകത്ത് എന്തോ മിന്നി.

രേവതി ഇപ്പോൾ വെറുതെയിരിക്കുകയാണ്. അവളെ എടുത്താൽ ഇത്തരമൊരു വലിയ പ്രയത്നത്തിൽ ഒപ്പംനിൽക്കാൻ പറ്റിയ ആളാണ് അവൾ. ജോലിയില്ലാതെ നിൽക്കുന്ന അവൾക്കതൊരു സഹായമാകുകയും ചെയ്യും.

പത്രമോഫീസിലെ പണി വിട്ടശേഷം നാട്ടിലേക്ക് മടങ്ങിപ്പോയോ എന്നറിയില്ല. ഏതായാലും ഒരു ഇ-മെയിൽ അയയ്ക്കാം. ഇ-മെയിൽ പെട്ടി ദിവസവും തുറക്കുന്ന ശീലക്കാരിയായതുകൊണ്ട് എവിടെയിരുന്നാലും അവളതു കാണാതിരിക്കില്ല.

വലിയൊരു ചുമടിറക്കിയ ആശ്വാസം തോന്നി. ഇപ്പോൾ മനസ്സ് ഒരാളെ മാത്രം ചുറ്റിപ്പറ്റി നീങ്ങുന്നു.

രേവതി.

രേവതി.

ഒരു നിയോഗംപോലെ, ഒരു ശക്തമായ പിൻബലമായി അവൾ തന്റെ ജീവിതത്തിലേക്ക് കടന്നുവരാൻ പോകുന്നതുപോലെ.

ഒരു സഹപ്രവർത്തകയെപ്പോലെ, ഒരു അനിയത്തിയെപ്പോലെ, ഒരു മകളെപ്പോലെ.

മുമ്പായിരുന്നെങ്കിൽ ആദ്യം പറയുക നീതുവിനോടായിരിക്കും. ഇപ്പോൾ എന്തോ തീരെ ധൈര്യം വരുന്നില്ല. അവൾ എങ്ങനെയാവും പ്രതികരിക്കുകയെന്ന് ഒരു രൂപവും കിട്ടുന്നില്ല.

പിന്നെ റോയ്ചൗധരി. ഇത്രയും ദിവസം പിടിച്ചുനിന്നു. കാര്യങ്ങൾ ഇത്രയൊക്കെ എത്തിയ സ്ഥിതിക്ക് ഇനി അദ്ദേഹത്തിന് കത്തയയ്ക്കാതിരിക്കാനാവില്ല.

വളരെ ചുരുക്കത്തിലൊരു കത്ത് തയ്യാറാക്കി, പ്രോജക്റ്റിനെപ്പറ്റി, തങ്ങളുടെ എച്ച്.ആർ. ഇനീഷ്യേറ്റീവിനെപ്പറ്റി. ഒടുവിൽ രേവതിയെപ്പറ്റിയും.

ഉടനെതന്നെ മറുപടി വന്നു:

വളരെ നാളുകൾക്കു ശേഷം തന്നിൽനിന്ന് ലേശം ആത്മാർത്ഥതയുള്ള ഒരു മെയിൽ കിട്ടിയപ്പോൾ ഞാൻ എന്നെത്തന്നെ ഒരുപാട് അഭിനന്ദിച്ചു. കമ്പനിയിലെ തന്റെ പടയോട്ടത്തെപ്പറ്റി അറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ലാൽസലാം! നഷ്ടപ്പെടുവാനുള്ളത് ചില സ്വർണ്ണവളകൾ മാത്രമായതുകൊണ്ട് അധികം ഖേദിക്കേണ്ടി വരികയില്ലെന്ന് വിശ്വസിക്കാം. പിന്നെ ആ തന്റെയാ പ്രബന്ധത്തിൽ കണ്ട നിവേദിത ഒടുവിൽ ചോരയും ചൂരുമുള്ള മനുഷ്യരൂപത്തിൽതന്നെ അവതരിക്കുകയെന്നു വച്ചാൽ അതിന്റെ ആസ്വാദ്യത ഒന്നു വേറെ തന്നെ. റിയലി ഐ വാണ്ട് ടു മീറ്റ് ഹേർ..!

ആ ആസ്വാദ്യത അറിഞ്ഞ് ഉൾക്കൊള്ളുകയായിരുന്നു പ്രിയംവദയും. ഒടുവിൽ ഒറ്റയടിക്ക് തനിക്കൊരു അനിയത്തിയെയും, മകളെയും, കൂട്ടുകാരിയെയും, സഹപ്രവർത്തകയെയുമൊക്കെ കിട്ടിയിരിക്കുന്നു.

പക്ഷേ, ഒരു കാര്യം മാത്രം അവർ തീരുമാനിച്ചുറപ്പിച്ചു.

രേവതിയെ ഒരിക്കലും ഡോക്ടർ റോയ്ചൗധരിയുമായി ബന്ധപ്പെടാൻ അനുവദിക്കില്ല. അവൾ എന്റെ മകളാണ്.

ഏറെ നാളുകൾക്കുശേഷം അന്ന് രാത്രിയിൽ പ്രിയംവദയ്ക്ക് ശാന്തമായി ഉറങ്ങാൻ കഴിഞ്ഞു. സ്വപ്നങ്ങളുടെ അലട്ടലുകളില്ലാത്ത നല്ല ആഴമുള്ള ഉറക്കം.

ഒടുവിൽ തനിക്കൊരു അനിയത്തിയെയും, മകളെയും, കൂട്ടുകാരിയെയും...

ഒടുവിൽ തനിക്കൊരു അനിയത്തിയെയും, മകളെയും...

ഒടുവിൽ തനിക്കൊരു അനിയത്തി...

പിന്നെ താനേ ഉറങ്ങിപ്പോയത് അവർ അറിഞ്ഞതേയില്ല.

പതിനെട്ട്

ഏറെ നാളുകൾക്കു ശേഷമാണ് ഒരു ഞായറാഴ്ച സ്വസ്ഥമായി കിട്ടുന്നത്.

ഈ ഒഴിവുദിവസമെങ്കിലും എനിക്ക് സ്വന്തമായി വേണം, പ്രിയംവദ സ്വയം പറഞ്ഞു. നന്നേ വൈകിയെഴുന്നേറ്റ്, അടുക്കള അടച്ചുപൂട്ടി, ആഹാരം പുറത്ത് കഴിച്ച്, ഉച്ചയ്ക്ക് വല്ല തമാശപ്പടവും കണ്ട്, വൈകിട്ട് ഏതെങ്കിലും ചങ്ങാതിമാരുമായി ഒരു ഒത്തുകൂടൽ. രാത്രിയിൽ നന്നേ നേരത്തേ ഉറക്കം.

നഷ്ടപ്പെട്ട കുറെ ഉറക്കങ്ങളുടെ കണക്കുതീർക്കാനുണ്ട്. അൽപ്പം സ്വസ്ഥത കിട്ടിയിട്ടു വേണം അതെക്കുറിച്ചൊക്കെ ആലോചിക്കാൻ. പകലുകളിലൂടെ, രാത്രികളിലൂടെ, നീളുന്ന, അല്ലലില്ലാതെയുള്ള ഉറക്കം.

തല ചായ്ക്കുമ്പോഴേക്കും ഒരു ഇളംകാറ്റായി, സാന്ത്വനമായി ഉറക്കം വന്നെത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. കട്ടിലും, കിടക്കയുമൊന്നുമില്ലാതെ ഏതു മരത്തണലിലുമിരുന്ന് ഉറങ്ങാമെന്ന ആ മഹാസിദ്ധിയുടെ വില മനസ്സിലായത് പിൽക്കാലത്താണ്. ഉറക്കം നഷ്ടപ്പെട്ട രാത്രികളുടെ അവസാനത്തിൽ എപ്പോഴോ മയങ്ങിയുണരുന്നത് പിറ്റേന്ന് പിറക്കാൻ പോകുന്ന പകലിനെപ്പറ്റിയുള്ള ആശങ്കകളോടെയാവും. ഒരുപാട് കണക്കുകൂട്ടലുകളോടെ തുടങ്ങുന്ന ദിവസം ഒടുങ്ങുന്നതും മറ്റൊരു ചുമടിന്റെ ഭാരത്തോടെ.

ഉറക്കം എന്നും വലിയ ആശ്വാസമായിരുന്നു. ഒരു പകലിന്റെ ക്രൂരതയെ മുഴുവനും ശമിപ്പിക്കുന്ന ഉറക്കം.

രഞ്ജിത്തുമായുള്ള വലിയ ഏറ്റുമുട്ടലുകളുടെ കാലം. തോറ്റു കൊടുക്കരുതെന്ന വാശിയോടെ അങ്ങനെ കത്തിക്കയറി എവിടെയോ ഒക്കെ ചെന്നെത്തി, ഒടുവിൽ വലിയൊരു തളർച്ചയിൽ ഒടുങ്ങിക്കൊണ്ടിരുന്ന രാവുകൾ.

അന്നൊക്കെ ഉറങ്ങണമെങ്കിൽ പലപ്പോഴും ഗുളികകളുടെ സഹായം വേണമായിരുന്നു. ഗുളികകളുടെ എണ്ണം താനേ കൂടിവന്നപ്പോൾ, ആകെ പിടിവിട്ടു പോയൊരു നിമിഷത്തിൽ ഒരുപിടി ഗുളികകളുടെ നേർക്ക് കൈ നീണ്ടതാണ്. അന്ന് അതിൽനിന്ന് പിന്തിരിപ്പിച്ചത്, തൊട്ടടുത്ത് കിടന്നുറങ്ങിയിരുന്ന നീതുവിന്റെ ഓമനത്തമുള്ള മുഖമായിരുന്നു. പിന്നീട് ഉള്ളിലെ തിരയടങ്ങിയപ്പോൾ മോളുടെ കാൽവിരലുകളിൽ മുഖം അമർത്തി പലതും ഏറ്റുപറഞ്ഞ്, ഒരുപാട് കരഞ്ഞു...

പിൽക്കാലത്ത്, വേണ്ടാത്ത എല്ലാ കെട്ടുകളും മുറിഞ്ഞു പോയതിനു ശേഷം, ഏത് തലയിണയും എളുപ്പത്തിൽ ഉറക്കം തരുമെന്ന അവസ്ഥയിലെത്തിയതായിരുന്നു.

ഇപ്പോൾ ഈ ഗോവയാത്രയ്ക്കു ശേഷം വീണ്ടും എല്ലാം മാറിമറിഞ്ഞതുപോലെ.

ലാപ്ടോപ്പിന്റെ ഇത്തിരി വെട്ടത്തിൽനിന്ന് കിടക്കയിലേക്ക് മാറുമ്പോൾ തലയ്ക്കൊരു ഭാരക്കുറവ് തോന്നാറുണ്ടെങ്കിലും, ഉറങ്ങാനായി കണ്ണുകളടയ്ക്കുമ്പോൾ ഒഴുകിനടക്കുന്ന കുറെ പ്രകാശഗോളങ്ങളാണ് കൺമുമ്പിൽ. എത്രയോ കാലമായി തന്റെ പ്രിയപ്പെട്ട കൂട്ടാളിയായിരുന്ന ആ തണുത്ത ഇരുട്ടിന്റെ സ്പർശം കിട്ടാൻ പിന്നീടും ഒരുപാടുനേരം കാത്തുകിടക്കേണ്ടി വരുന്നു.

ഒടുവിൽ, വൈകിയെത്തുന്ന ആഴക്കുറവുള്ള ഉറക്കത്തിന് ഒരുപാട് പരാധീനതകൾ കണ്ടേക്കും. വരിഞ്ഞുമുറുക്കുന്ന കുറെ പേടിസ്വപ്നങ്ങളുടെ ഞെരക്കത്തിൽനിന്ന് കുതറിമാറി ശ്വാസം വലിക്കാനായി ഇടയ്ക്കിടയ്ക്ക് ജലപ്പരപ്പിലേക്ക് പൊങ്ങിവരുമ്പോൾ ഉറക്കം മുറിഞ്ഞുപോകുന്നു. വീണ്ടും വെള്ളത്തിന്റെ അടിപ്പരപ്പിലേക്ക് താഴ്ന്നു കിട്ടാനായി എത്രയോ നേരത്തെ പ്രാർത്ഥനകൾ...

വേലക്കാരി ബായിക്ക് അന്ന് ഒഴിവു വേണമെന്ന് നേരത്തേ പറഞ്ഞിരുന്നു. ഒരു കൂട്ടുകാരിയുടെ വീട്ടിലേക്കെന്നു പറഞ്ഞ് നീതുവും കാലത്തേ ഇറങ്ങിപ്പോയിരുന്നു. ഏത് കൂട്ടുകാരിയെന്നു ചോദിച്ചില്ല. ചോദിച്ചാൽ അതിനുള്ള മറുപടി ഒരു മറുചോദ്യമായിരിക്കുമെന്ന് നല്ല ഉറപ്പായിരുന്നു. അസുഖകരമായ അത്തരം ചോദ്യോത്തരങ്ങൾ രണ്ടുപേരും ഒഴിവാക്കാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി.

മങ്ങിയ വെളിച്ചവും ചെറിയ തണുപ്പുമുള്ള പകൽ. നേർത്ത മഞ്ഞുകാലം മാത്രമുള്ള ഈ നഗരത്തിൽ മറ്റൊരു മഞ്ഞുകാലത്തിന്റെ തുടക്കമായതുപോലെ. ബാൽക്കണിയിൽ ചെന്നുനിന്നപ്പോൾ, ഒരു ഇളംകാറ്റ് തലോടിക്കൊണ്ടു കടന്നുപോയി.

അഞ്ചാംനിലയിൽനിന്നുള്ള സ്വകാര്യക്കാഴ്ചകൾ ഇങ്ങനെ സ്വസ്ഥമായി നിന്നു കണ്ടിട്ട് എത്രയോ നാളുകളായിരിക്കുന്നു. മുമ്പൊക്കെ താൻ ബാൽക്കണിയിൽ നിൽക്കുന്നത് കണ്ടാൽ നീതു ഉടനെ ഓടിവരും. തോളത്ത് കൈയിട്ട് പറ്റിച്ചേർന്ന് നിൽക്കും. താടിയിൽ പിടിച്ച് പതിയെ നുള്ളും. കവിളത്ത് ഉമ്മവയ്ക്കും. കോളേജ് അനുഭവങ്ങളെപ്പറ്റിയുള്ള അവളുടെ കൊച്ചുകൊച്ചു കഥകൾ പറയുന്നത് അപ്പോഴാണ്. അമ്മയിൽനിന്ന് എന്തെങ്കിലും സാധിച്ചെടുക്കാൻ പറ്റിയ ഏറ്റവും നല്ല അവസരവും അതാണെന്ന് നീതുവിന് നന്നായറിയാം.

ഓഫീസിലെ തിരക്കുപിടിച്ചൊരു ദിവസത്തിനുശേഷം രാത്രിയിൽ ബാൽക്കണിയിലെ ചൂരൽക്കസേരകളിൽ അടുത്തടുത്തിരുന്ന് താഴത്തെ നിറക്കൊഴുപ്പിലേക്ക് നോക്കുമ്പോൾ, വലിയ ആശ്വാസമാണ് തോന്നാറ്.

ഒടുവിൽ ഞാനും എന്റെ പൊന്നുമോളും മാത്രമുള്ള ഒരു കൊച്ചു ലോകം. എന്നും മോഹിച്ചിരുന്നത് അതിനുവേണ്ടി മാത്രം. എല്ലാം അവളിൽനിന്ന് തുടങ്ങി അവളിൽത്തന്നെ അവസാനിക്കുന്നു. അത്രയും മതി. ഇനി മറ്റൊരാളുടെ സാന്നിദ്ധ്യം വേണ്ടല്ലോ തങ്ങളുടെ ഇടയിൽ.

ഉവ്വ്, ഒരാൾകൂടി. നീതുവിന് വരാൻ പോകുന്ന കൂട്ടുകാരൻ.

അതേക്കുറിച്ചൊന്നും ആലോചിച്ചു തുടങ്ങിയിട്ടേയില്ല ഇതേവരെ. പക്ഷേ, ഏത് അമ്മയുടേയും ഇനിയങ്ങോട്ടുള്ള എല്ലാ ആലോചനകളും ആ വഴിക്ക് നീങ്ങിയേ പറ്റൂ.

പഠിത്തം തീരുന്നതിനു മുമ്പുതന്നെ നോക്കിത്തുടങ്ങേണ്ടിയിരിക്കുന്നു. പക്ഷേ, താൻ അതെപ്പറ്റിയൊന്നും സൂചിപ്പിച്ചിട്ടില്ലാത്തതുകൊണ്ട് നീതുവിന്റെ മനസ്സ്, വായിച്ചെടുക്കാനും കഴിഞ്ഞിട്ടില്ല ഇതേവരെ.

ഒരുപക്ഷേ ഇപ്പോൾ കല്യാണം വേണ്ടെന്ന് അവൾ പറഞ്ഞേക്കും. പഠിത്തം കഴിഞ്ഞ് രണ്ടുമൂന്നു വർഷം എവിടെയെങ്കിലുമൊരു ജോലി. അതിലൂടെ സ്വന്തമായൊരു ജീവിതം കരുപ്പിടിപ്പിക്കാനുള്ള ആത്മവിശ്വാസം നേടിയെടുക്കുക. ഏതാണ്ട് അങ്ങനെയൊക്കെയാവും അവൾ പറയാൻ പോകുന്നത്. ഇക്കാലത്തെ പെൺകുട്ടികളെല്ലാം അങ്ങനെയാണ്.

ഒരുകാലത്ത് തനിക്ക് നിഷേധിക്കപ്പെട്ട ആ വലിയ സ്വാതന്ത്ര്യം. ഒരു പക്ഷേ, തന്റെ ജീവിതത്തിന്റെ ഗതിതന്നെ വേറൊരു വഴിക്ക് തിരിച്ചുവിടുമായിരുന്ന നാൽക്കവല. ഒരിക്കൽ കടന്നുപോകുന്ന നാൽക്കവലകളിലേക്ക് ആരും തിരിച്ചെത്താറില്ലല്ലോ.

വലിയ പിടിവാശിക്കാരിയാണവൾ. ഒന്നു പറഞ്ഞാൽ അതിൽത്തന്നെ പിടിച്ച് തൂങ്ങുന്നതെങ്ങനെയെന്ന് നന്നായറിയാമവൾക്ക്. വാശിയുടെയും ചിലപ്പോൾ നീണ്ട പിണക്കങ്ങളുടെയും അവസാനം തോൽക്കുന്നത് എപ്പോഴും അമ്മതന്നെയായിരിക്കുമെന്ന് നല്ല ഉറപ്പാണ് മകൾക്ക്.

അതോർത്തപ്പോൾ പ്രിയംവദ അറിയാതെ നടുങ്ങി. എന്തായാലും ഒരു പങ്കാളിയെ കണ്ടെത്തുന്ന കാര്യം അവളുടെ തന്നിഷ്ടത്തിന് വിട്ടുകൊടുക്കാനാവില്ലല്ലോ. ഒരു മുഴുവൻ ജീവിതത്തിന്റെ പ്രശ്നമാണ്. ഏച്ചുകെട്ടിയ ഒരു ബന്ധവുമായി അലയാനുള്ള വിധി എന്റെ മകൾക്കുണ്ടാകരുത്.

എക്കാലത്തേക്കും അലട്ടാൻ കെൽപ്പുള്ള കുറെ ഭാഗങ്ങളെങ്കിലും താനും രഞ്ജിത്തും ആടിത്തീർത്തത് കൊച്ചുനീതുവിന്റെ മുമ്പിൽവച്ചുതന്നെയായിരുന്നു. ഒഴിവാക്കാൻ എത്ര ശ്രമിച്ചിട്ടും പലപ്പോഴും അങ്ങനെയൊക്കെത്തന്നെയാണ് സംഭവിക്കാറ്. വൈകുന്നേരം കൂടണയുമ്പോഴാണ് കണ്ടുമുട്ടുക. പിന്നീട് ഒരു പകലത്തെ കയ്പ് മുഴുവൻ തീർക്കുക കുറെ അനാവശ്യമായ കൊത്തുകൂടലുകളിലൂടെ. ഏതെങ്കിലും കൊച്ചു കാര്യത്തിൽനിന്ന് തുടങ്ങി, ഒന്നും രണ്ടും പറഞ്ഞ് വാശി പെരുകി, പുറകോട്ട് കാൽവയ്ക്കാനുള്ള മടിയോടെ കൊത്തിക്കയറി...

അപ്പോഴൊക്കെ എല്ലാം കണ്ടുകൊണ്ട് ആ വീട്ടിൽ ഒരു കൊച്ചു പെൺകുട്ടി വളരുന്നുണ്ടെന്ന കാര്യം രണ്ടുപേരും മറന്നിരുന്നു. കിടപ്പുമുറിയുടെ പാതി ചാരിവച്ച കതകിനു പുറകിലായി അവളുടെ പേടിച്ചരണ്ട കണ്ണുകൾ. രണ്ടിലൊരാളുടെ ഒച്ച പൊങ്ങുമ്പോൾ, ആർക്കും വേണ്ടാത്ത ചില്ലുപാത്രങ്ങൾ ഓരോന്നായി വീണുടയുമ്പോൾ അവൾ അറിയാതെ ഞെട്ടിത്തെറിക്കുന്നത് കാണാമായിരുന്നു.

അവൾ രാത്രികളെ, ഇരുട്ടിനെ വല്ലാതെ പേടിക്കാൻ തുടങ്ങിയത് അക്കാലത്തായിരിക്കണം.

ഒടുവിൽ എല്ലാം കഴിഞ്ഞ് രഞ്ജിത്ത് അയാളുടെ വഴിക്കു പോയിട്ടും, തങ്ങൾ തനിച്ചായിട്ടും, നീതുവിന്റെ ഇരുട്ടിനോടുള്ള പേടി മാറിക്കിട്ടാൻ ഒരുപാടു കാലമെടുത്തു. മാത്രമല്ല, പിന്നീടുള്ള അവളുടെ കുറെക്കാലത്തെ രാത്രികൾ ഒരുപാട് പേടിസ്വപ്നങ്ങൾ നിറഞ്ഞതായിരുന്നു.

നാട്ടിൽ പോയി പണിക്കരെക്കൊണ്ട് പ്രത്യേകമായി എഴുതിച്ച ഏലസ്സ് അരയിൽ കെട്ടിയശേഷമാണ് കുറെ ആശ്വാസം കിട്ടിയത്. വെള്ളിയിൽ

തിർത്ത, റെയിൽവെ എൻജിന്റെ ആകൃതിയിലുള്ള ഒരു യന്ത്രം. പിന്നീടൊരിക്കൽ എന്തിനോ അമ്മയോട് വഴക്കുകൂടി വലിച്ചെറിഞ്ഞ് കളയുന്നതുവരെ ആ ഏലസ്സ് അവളുടെ രക്ഷകനായി നിന്നിരുന്നു. ഇപ്പോൾ വീണ്ടുമൊരു ഏലസ്സ് ആവശ്യമായതുപോലെ. പക്ഷേ, ഇനി അവൾ സമ്മതിച്ചേക്കില്ല. തിരിച്ചറിവുണ്ടായ കാലംതൊട്ടേ അവൾക്ക് അതിനോട് വലിയ വെറുപ്പായിരുന്നു. അമ്മയ്ക്കുവേണ്ടിയുള്ള ഒരു ചെറിയ ത്യാഗമെന്ന നിലയിൽ അത് കുറെക്കാലം കൊണ്ടുനടന്നിരുന്നുവെന്നു മാത്രം.

കിടക്കയിൽ പറ്റിച്ചേർന്ന് കിടക്കുമ്പോൾ, അവൾ ഇടയ്ക്കൊക്കെ അറിയാതെ ഞെട്ടിത്തെറിക്കുന്നതും, ഉറക്കെ പേടിച്ച് നിലവിളിക്കുന്നതുമൊക്കെ പതിവായിരുന്നു. ഓരോ കരച്ചിലിനുംശേഷം അവസാനത്തെ അഭയസ്ഥാനമെന്ന നിലയിൽ അമ്മയെ അള്ളിപ്പിടിച്ച്, ആ മാറിന്റെ ചൂടിലമർന്ന് കിടക്കുമ്പോഴും അവൾ നിറുത്താതെ തേങ്ങുന്നുണ്ടാകും. എന്ത് സ്വപ്നമാണ് കണ്ടതെന്ന് ചോദിച്ചാൽ കൃത്യമായി പറയാനാകുമായിരുന്നില്ല അവൾക്ക്. പക്ഷേ, അവളുടെ സ്വപ്നങ്ങളിലെല്ലാം, തലയിൽ വലിയ കൊമ്പുകളുള്ള, കൂർത്ത പല്ലുകളും ചുവന്ന നാവുമുള്ള ഒരു കറുകറുത്ത ജീവിയുണ്ടായിരുന്നു.

പിന്നെ ഇടയ്ക്കൊക്കെ നെറ്റിയുടെ നേരെ നീണ്ടു വരുന്ന ആ ചൂണ്ടുവിരൽ. അതിന്റെ അറ്റത്തുള്ള കൂർത്ത നഖം.

ഉച്ചഭക്ഷണം കഴിക്കാനായി റെസ്റ്റോറന്റിലേക്ക് വണ്ടിയോടിക്കുമ്പോൾ മനസ്സ് നിറയെ നീതുവായിരുന്നു. ആദ്യമായാണ് ഒരു റെസ്റ്റോറന്റിൽ തനിച്ച് ഭക്ഷണം കഴിക്കാൻ പോകുന്നത്. പുറത്തെ ബോർഡിൽ ഡ്രാഗന്റെ ഒരു വലിയ പടമുള്ള ഒരു ചൈനീസ് റെസ്റ്റോറന്റായിരുന്നു. നീതുവിന്റെ പ്രിയപ്പെട്ട ഇടം. അവിടെ കയറിയാൽ ഒരു പ്രത്യേകതരം ന്യൂഡിൽസ് മാത്രമേ അവൾക്കു വേണ്ടൂതാനും.

വെളിച്ചം അധികം വീഴാത്തൊരു മൂലയിൽ സാധാരണയായി ഇരിക്കാറുണ്ടായിരുന്ന ഒരു മേശയ്ക്കരികിൽ തനിച്ചിരിക്കുമ്പോൾ ഉള്ളിലെന്തോ വല്ലാതെ വിങ്ങിക്കൂടുന്നുണ്ടായിരുന്നു. മകളോടൊപ്പം വല്ലപ്പോഴും പോകാറുണ്ടായിരുന്ന റെസ്റ്റോറന്റ്. അവൾ എപ്പോഴും തിരഞ്ഞെടുക്കാറുള്ള റോഡിന്റെ വശത്തുള്ള ഇരിപ്പിടങ്ങൾ. അവിടെയിരുന്നാൽ നിറപ്പകിട്ടുള്ള പരസ്യപ്പലകകളുടെ താഴേക്കൂടി വാഹനങ്ങൾ ഒഴുകിപ്പോകുന്നത് കാണാം.

എന്തൊക്കെയാണ് ഓർഡർ ചെയ്യാറുള്ളതെന്നുപോലും ഓർമ്മയില്ല. തനിക്ക് തീരെ ക്ഷമയില്ലാത്ത കാര്യം. മെനുകാർഡിലൂടെ അരിച്ചു പെറുക്കി നോക്കി ഓരോന്നിന്റേയും പ്രത്യേകതകൾ ചോദിച്ച് മനസ്സിലാക്കി നീതു തന്നെയാണ് എപ്പോഴും ഓർഡർ ചെയ്യാറ്.

ഓർഡറെടുക്കാൻ സ്റ്റുവാർഡ് വന്നപ്പോൾ പ്രിയംവദയൊന്ന് പരുങ്ങി.

ഒടുവിൽ എന്തൊക്കെയോ പറഞ്ഞു. ഈ ചൈനീസ് റെസ്റ്റോറന്റിൽ വന്ന് സാധാരണ വെജിറ്റേറിയൻ ഭക്ഷണം പറയുന്നയാളോട് പുച്ഛമായിരിക്കും അടുക്കളയിലിരിക്കുന്നവർക്ക്.

സ്വസ്ഥമായി കഴിച്ചുകൂട്ടണമെന്ന് മോഹിച്ച ദിവസം ആകെ അലങ്കോലമാകുന്നതുപോലെ. ഇപ്പോൾ പതിവില്ലാത്ത വിധത്തിൽ നീതു തന്റെ ഉള്ളിൽ വന്ന് നിറയുകയാണ്.

അവളുടെ സെല്ലിന്റെ നമ്പർ അറിയാം. പക്ഷേ വിളിച്ചു നോക്കാൻ ധൈര്യമില്ല. അതവൾക്ക് തീരെ ഇഷ്ടപ്പെട്ടേക്കില്ല. ഈയിടെയായി അവൾ

പൊട്ടിത്തെറിക്കുന്നത് വളരെ പെട്ടെന്നാണ്. ഞാൻ പോകുന്ന വഴിയിലെല്ലാം അമ്മയുടെ ചാരക്കണ്ണുകൾ പിന്തുടരുകയാണെന്നെ.

അതിനൊന്നും മറുപടി പറയാൻ നിൽക്കാറില്ല. അവൾ അങ്ങനെയൊക്കെ പറഞ്ഞു പോകുമ്പോൾ അതിൽനിന്ന് തഞ്ചത്തിൽ ഒഴിഞ്ഞുമാറാൻ ഇതിനകം ശീലിച്ചു കഴിഞ്ഞിരിക്കുന്നു.

ഒഴിവുദിവസമായതുകൊണ്ടാകാം നിരത്തിൽ വാഹനങ്ങൾ കുറവായിരുന്നു. നിറയെ ടൂറിസ്റ്റുകളെ കയറ്റിയ വലിയൊരു വണ്ടി റോഡുവക്കത്തു ചേർത്തു നിർത്തി ആളുകളെ ഇറക്കുന്നു.

എതിരെയിരിക്കുന്ന പലരും തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നി. ഇതുപോലൊരു റെസ്റ്റോറന്റിൽ തനിച്ച് ഭക്ഷണം കഴിക്കാൻ വരുന്ന സ്ത്രീ ഒരു അപൂർവ കാഴ്ചയാണ്. മനസ്സ് വീണ്ടും നീതുവിലേക്കുതന്നെ തെന്നിപ്പോയി.

എവിടെയായിരിക്കും അവളിപ്പോൾ? സെല്ലിൽ ഒന്ന് വിളിച്ചു നോക്കിയാലോ? പ്രിയംവദ ഒരു നിമിഷം കണ്ണടച്ചിരുന്നു. സ്റ്റുവാർഡിന്റെ ശബ്ദം കേട്ട് കണ്ണ് തുറക്കുമ്പോൾ മുമ്പിൽ പ്ലെയിറ്റുകൾ നിരത്തിക്കഴിഞ്ഞിരുന്നു.

പെട്ടെന്ന് തന്റെ കണ്ണുകൾ കടയുന്നത് പ്രിയംവദയറിഞ്ഞു. ഇപ്പോൾ മനസ്സിൽ ഓഫീസും അവിടത്തെ ഒട്ടേറെ നൂലാമാലകളുമില്ല. നീതു, എന്റെ നീതുമോൾ മാത്രം. നാളുകൾ കഴിയുന്തോറും തങ്ങൾക്കിടയിൽ പെരുകുന്ന അകലം തീരെ മനസ്സിലാക്കാനാകുന്നില്ല.

ഏതോ പൊരുളറിയാത്ത ശക്തി തങ്ങളെ അകറ്റി നിറുത്താൻ പാടുപെടുന്നതു പോലെ.

അടിവയറ്റിൽനിന്നെന്തോ തേട്ടി വരുന്നു. പ്രിയംവദ ഒരു നിമിഷം കാത്തിരുന്നു. ഒന്നും കഴിക്കാൻ തോന്നുന്നില്ല. വിളമ്പിയതെല്ലാം പ്ലേറ്റിൽ അതേപടി കിടക്കുന്നതുകണ്ട് പരിചയമുള്ള സ്റ്റുവാർഡ് തെല്ലൊരു പരിഭ്രമത്തോടെ ഓടിവന്നു.

'എന്തേ മാഡം, ഫുഡ്ഡിൽ എന്തെങ്കിലും കുഴപ്പം?'

'ഏയ് ഒന്നുമില്ല.'

'വേറെ എന്തെങ്കിലും ഓർഡർ?'

'വേണ്ട, ബില്ലു കൊണ്ടുവരൂ.'

അയാൾ മടിച്ചു നിൽക്കുകയാണ്.

'വേറെ എന്തെങ്കിലും മാം. ഒന്നും കഴിച്ചില്ലല്ലോ.'

'പറഞ്ഞതു കേട്ടില്ലേ. ഐ വാണ്ട് ദ ബിൽ. പ്ലീസ് മേക്കിറ്റ് ഫാസ്റ്റ്.' പ്രിയംവദയുടെ ഒച്ച പൊങ്ങി. വല്ലായ്മയോടെ തലയാട്ടി, എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അയാൾ അകത്തേക്കു പോകുന്നതു കണ്ടു.

ആരൊക്കെയോ ശ്രദ്ധിക്കുന്നു. തൊട്ടു മുമ്പിലത്തെ മേശയ്ക്കരികിലിരിക്കുന്ന തടിയനും ഭാര്യയും എന്തോ പറഞ്ഞ് ചിരിക്കുന്നുണ്ട്.

ബില്ലു കൊടുത്ത് അവിടെനിന്ന് ഇറങ്ങുമ്പോൾ തല വല്ലാതെ വിങ്ങുന്നുണ്ടായിരുന്നു. നീതുവിന്റെ ആ ചൈനീസ് ഭക്ഷണം കാഴ്ചയിൽത്തന്നെ ഓക്കാനമുണ്ടാക്കിയതുപോലെ.

വഴിതെറ്റാതെ എങ്ങനെയോ വണ്ടിയോടിച്ച് പോകുകയായിരുന്നുവെന്ന് പ്രിയംവദയ്ക്ക് നല്ല ഓർമ്മയുണ്ട്. ഒരുവിധത്തിൽ വീട്ടിലെത്തി, വേഷം പോലും മാറാതെ കട്ടിലിലേക്കു മറിഞ്ഞു.

പിന്നെ ഉറക്കം.

എല്ലാം കീഴ്പ്പെടുത്തുന്ന ഉറക്കം. എപ്പോഴോ ഞെട്ടിയുണർന്നത് ഫോണിന്റെ കിണുങ്ങൽ കേട്ടപ്പോഴാണ്. കാഴ്ചയൊന്ന് തെളിഞ്ഞു കിട്ടാൻ ഏറെനേരമെടുത്തു. തലയ്ക്കകത്ത് അപ്പോഴും പതിവില്ലാത്ത പകലുറക്കത്തിന്റെ വരിഞ്ഞുകെട്ടുകളായിരുന്നു.

ആലീസിന്റെ ഫോണായിരുന്നു.

'നീതൂന്റമ്മേ, ഇതാലീസാ, നീതുവില്ലേ അവിടെ?'

'ഇല്ലല്ലോ മോളേ.'

'എവിടെപ്പോയി?'

'ഒരു ഫ്രണ്ടിന്റെ വീട്ടിലേക്കാണെന്നും പറഞ്ഞ് കാലത്തേ ഇറങ്ങിയതാണ്.'

'ഓ... ഏത് ഫ്രണ്ടാണെന്ന് പറഞ്ഞോ?' ആലീസിന്റെ ശബ്ദത്തിൽ തെല്ലൊരു വല്ലായ്മയുള്ളതുപോലെ.

'ഞാൻ ചോദിച്ചില്ല, ആലീസേ, ചോദിക്കുന്നത് അവൾക്ക് ഇഷ്ടമാകാറില്ല പലപ്പോഴും.'

'ഓ...' ഒന്ന് നിറുത്തിയിട്ട് ആലീസ് എന്തോ ആലോചിക്കുന്നതുപോലെ തോന്നി: 'സെല്ലില് വിളിച്ച് നോക്കായിരുന്നില്ലേ?'

'വിളിച്ചില്ല.'

'ഒന്ന് വിളിച്ച് നോക്കൂ നീതൂന്റമ്മേ. എവിട്യാന്ന് അറിയാല്ലോ.'

'എന്താ ആലിസേ. വല്ല കുഴപ്പവുമുണ്ടോ?'

'ഹേയ് ഒന്നൂല്യാ... എവിട്യാന്ന് അറിയാല്ലോന്ന് കരുതി.'

'ചിലപ്പോഴൊക്കെ ഞായറാഴ്ചകളിൽ ഇങ്ങനെ പോകാറുണ്ട് കൂട്ടുകാരികളുടെ വീട്ടിലേക്ക്.'

'എന്നാലും ഒന്നു വിളിച്ചുനോക്കായിരുന്നു, നീതൂന്റമ്മേ.' ആലീസ് വല്ലാതെ നിർബ്ബന്ധിക്കുകയാണ്. അവളുടെ ശബ്ദത്തിൽ ചെറിയൊരു പരിഭ്രമമുള്ളതുപോലെ.

'ആലീസ് ഒന്ന് ഹോൾഡ് ചെയ്യൂ. ഞാനൊന്ന് നോക്കട്ടെ.'

മൊബൈലിന്റെ കട്ടകളമർത്തി. അപ്പുറത്ത് ടെലഫോൺകമ്പനിക്കാരുടെ റെക്കോർഡ് ചെയ്ത കിളിയൊച്ച. ഫോൺ ഓഫ് ചെയ്ത് വച്ചിരിക്കുകയോ റേഞ്ചിന് പുറത്തോ ആണ്.

'നീതൂന്റമ്മേ....' ഇപ്പോൾ ആലീസിന്റെ ശബ്ദം പതറുകയാണ്.

'എന്താ ആലീസേ, എന്ത് പറ്റി?'

'ഒന്നൂല്യാ ആന്റീ.' അവൾ മറുപടി ആവുന്നത്ര മയത്തിലാക്കാൻ നോക്കുന്നതുപോലെ.

'അതല്ല, എന്തോ ഉണ്ട്. ഇങ്ങനെയല്ലല്ലോ ആലീസ് സാധാരണ എന്നോട് സംസാരിക്കാറ്.'

'ഒന്നൂല്യാന്നേ.' ആലീസ് ആവർത്തിക്കുകയാണ്.

'നോക്കൂ, ആലീസ്,' പ്രിയംവദയുടെ ഒച്ച പൊങ്ങി. 'നിന്നെ ഞാൻ എപ്പോഴും എന്റെ മോളെപ്പോലെയാണ് കണ്ടിരുന്നത്. ഇപ്പോൾ നീ എന്തൊക്കെയോ എന്നിൽനിന്നു മറച്ചുവയ്ക്കാൻ നോക്കുന്നതുപോലെ.'

'അയാം സോറി, നീതൂന്റമ്മേ...'

'ഞാനിവിടെ തനിച്ചിരുന്ന് ബോറടിക്കുകയാണ്. ഫ്രീയാണെങ്കിൽ ആലീസ് ഒന്നിവിടംവരെ വരൂ. വൈകിട്ട് ഞാൻ തിരിച്ചുകൊണ്ടുവിടാം. വൈകിച്ചെന്നതിന്റെ കാരണം മേട്രനെ ബോദ്ധ്യപ്പെടുത്തുകയും ആവാം.'

'വേണ്ട ആന്റീ!' ആലീസ് തിടുക്കത്തിൽ ഒഴിയാൻ നോക്കുന്നതുപോലെ: 'ഒരുപാട് പഠിക്കാനുണ്ട്.'

'കുറച്ചു നേരത്തെ പഠിത്തമൊക്കെ മാറ്റിവയ്ക്കാവുന്നതാണ്, എനിക്കു വേണ്ടി.'

'അയാം സോറി നീതൂന്റമ്മേ, പ്ലീസ്. എന്നെ നിർബ്ബന്ധിക്കരുത്.'

പ്രിയംവദ വല്ലാതെ തരിച്ചിരുന്നുപോയി. ആലീസ് മനപ്പൂർവ്വം ഒഴിഞ്ഞു മാറുകയാണെന്ന് വ്യക്തം.

'ഒരു സോറിയുമില്ല,' പ്രിയംവദ തറപ്പിച്ച് പറഞ്ഞു: 'നീ എന്റെ മോളാണെങ്കിൽ ഇവിടെ വന്നിരിക്കും. ആദ്യം കിട്ടുന്ന ആട്ടോറിക്ഷ പിടിച്ച് അരമുക്കാൽ മണിക്കൂറിനുള്ളിൽ.'

അതൊരു അമ്മയുടെ ആജ്ഞയായിരുന്നു. മറുപടിക്കു കാത്ത് നിൽക്കാതെ ഫോൺ താഴെ വയ്ക്കുമ്പോൾ പ്രിയംവദ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു.

ഇത്രയും കാലത്തിനുശേഷം ഇപ്പോൾ ആലീസിന്റെ മറ്റൊരു മുഖം കൺമുമ്പിൽ. അവളെന്തോ കാര്യമായി മറയ്ക്കാൻ നോക്കുന്നുണ്ട്. അല്ലെങ്കിൽ ഇങ്ങനെ വഴുതിമാറാൻ നോക്കുന്ന പ്രകൃതമല്ല.

സന്ധ്യയ്ക്കു മുമ്പേ ആലീസ് കയറിവന്നത് വലിയ മടിയോടെയായിരുന്നു.

അവളുടെ മുഖത്തെ ആ ഭാവപ്പകർച്ച തീരെ മനസ്സിലാക്കാനാകാതെ പ്രിയംവദ ചോദിച്ചു:

'എന്താ മോളേ, എന്തുപറ്റീ നിനക്ക്?'

ആലീസ് കിതയ്ക്കുന്നുണ്ടായിരുന്നു.

'ലിഫ്റ്റ് കേടാണ് ആന്റീ. ചവിട്ടിക്കയറേണ്ടി വന്നു.'

ഒരു ഗ്ലാസ്സ് തണുത്ത വെള്ളവുമായി ആലീസ് സോഫയിൽ ചാരിക്കിടന്നു. അവളുടെ തൊട്ടടുത്തായി ചേർന്നിരിക്കുമ്പോൾ പെട്ടെന്ന് തനിക്കും ആലീസിനുമിടയിൽ ഒരുപാട് ദൂരമുള്ളതുപോലെ പ്രിയംവദയ്ക്കു തോന്നി. വലതുകൈ തോളത്തിട്ട് ചുറ്റിപ്പിടിച്ച് പ്രിയംവദ അവളുടെ പിൻകഴുത്തിലൂടെ വിരലോടിച്ചു.

കുറെ നേരത്തേക്ക് രണ്ടുപേരും ഒന്നും മിണ്ടിയില്ല. പലതും ചോദിച്ചറിയാനുണ്ടായിരുന്നു പ്രിയംവദയ്ക്ക്. പക്ഷേ, എങ്ങനെ തുടങ്ങണമെന്നറിയാതെ, ആദ്യമായി കാണുന്നതുപോലെ അവർ ആലീസിന്റെ മുഖത്തേക്കു പകച്ചു നോക്കിയിരുന്നു.

ആലീസ് പറയട്ടെ എന്നു കരുതി കാത്തിരിക്കുകയായിരുന്നു പ്രിയംവദ. നീതുവിന്റെ അമ്മ ചോദിക്കട്ടെ എന്ന് ആലീസും കരുതി.

വെറും ചോദ്യോത്തരങ്ങളുടെ പ്രസക്തിയില്ലായ്മയ്ക്കപ്പുറമായി അസുഖകരമായൊരു മൗനം തങ്ങൾക്കിടയിൽ രൂപംകൊള്ളുന്നതായി പ്രിയംവദയ്ക്ക് തോന്നി. ഒരമ്മയ്ക്ക് മകളുടെ അടുത്ത കൂട്ടുകാരിയോട് ചോദിച്ചറിയാവുന്ന കാര്യങ്ങൾക്ക് ഒരുപാട് പരിമിതികളുള്ളതായി അന്നവർ ആദ്യമായി മനസ്സിലാക്കി. ആലീസ് തനിക്ക് വളരെ പ്രിയപ്പെട്ടവളാണ്. എന്നും അവളെ

ഒരു മകളെപ്പോലെ, ചങ്ങാതിയെപ്പോലെയാണ് കാണാൻ ശ്രമിച്ചിട്ടുള്ളത്... പക്ഷേ, ഇപ്പോൾ അവളും തന്റേതായ സ്വകാര്യലോകങ്ങൾ കാത്തു വയ്ക്കാൻ തുടങ്ങിയിരിക്കുന്നു.

'ആലീസ്...' പ്രിയംവദ പതുക്കെ വിളിച്ചു: 'എന്തേ മോളേ...'

ആലീസ് വെറുതെയൊന്ന് മൂളി. മൊഴിമുട്ടിയ ആലീസിനെ ആദ്യമാ യാണ് കാണുന്നത്.

'നിനക്ക് എന്നോടൊന്നും പറയാനില്ലേ ആലീസ്?'

ആലീസ് മുഖമുയർത്താൻ മടിക്കുന്നതുപോലെ.

'അയാം സോറി, നീതൂന്റമ്മേ. ഞാൻ പറയാം, എല്ലാം പറയാം.' ആലീ സിന്റെ ഒച്ച ചിലമ്പി.

പത്തൊമ്പത്

ഒരല്പനേരത്തെ വീർപ്പുമുട്ടിക്കുന്ന മൗനത്തിനു ശേഷം ആലീസ് നന്നേ പതിഞ്ഞ സ്വരത്തിൽ പറയാൻ തുടങ്ങി. അവളുടെ ശബ്ദത്തിൽ അപ്പോൾ സങ്കടത്തേക്കാൾ കൂടുതൽ കുറ്റബോധമായിരുന്നു.

'നീതൂന്റമ്മ എന്തിനാ വിളിപ്പിച്ചേന്ന് അറിയാഞ്ഞിട്ടല്ല. പക്ഷേ, ഒരമ്മേടെ ചില ചോദ്യങ്ങൾക്ക് മറുപടിപറയല് അത്ര എളുപ്പാവില്ല, ചിലപ്പോഴൊക്കെ.'

പ്രിയംവദയുടെ തുളച്ചിറങ്ങുന്ന നോട്ടത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ നോക്കുകയാണ് ആലിസ്.

'സത്യം പറഞ്ഞാൽ, നീതൂന് ഞങ്ങളോട് ആ പഴയ അടുപ്പമൊന്നൂല്യാ, കൊറെ നാളായിട്ട്.'

'എന്തുപറ്റി നിങ്ങൾക്കിടയിൽ?'

'വേറൊരാള് ഇടയിൽ കയറിയതുകൊണ്ടാവാം. അറിഞ്ഞൂടാ, ഒറപ്പില്യാ.'

'ആരാണത്?'

'അവൻതന്നെ...'

മടിച്ചുമടിച്ചാണ് അവളത് പറഞ്ഞത്.

'ആര്?'

ആലീസ് വീണ്ടും മടിക്കുകയാണ്.

'ആരാന്നാ ചോദിച്ചത്?' പ്രിയംവദയുടെ ഒച്ച പൊങ്ങി.

'അവൻ. ആ ഹരിനാരായണൻ,' ആലീസ് പറഞ്ഞു: 'ഞങ്ങളോടൊന്നും തുറന്നു പറയാറില്ല നീതു. അതോണ്ട് കൂടുതൽ ചോയ്ക്കാനും മടിയായി രുന്നു.'

പ്രിയംവദ പകച്ചിരിക്കുന്നതു കണ്ടപ്പോൾ അതിശയം തോന്നിയത് ആലി സിനായിരുന്നു. ഈയമ്മയ്ക്ക് ഇതൊന്നും അറിയില്ലാന്നുണ്ടോ?

അവരുടെ കൂർത്ത നോട്ടത്തെ നേരിടാനാകാതെ ദൂരെയെവിടെയോ നോക്കിക്കൊണ്ട് ആലീസ് പറഞ്ഞു:

'വല്യ അത്ഭുതാണ് ഞങ്ങക്കൊക്കെ. അവളുടെ ഈ പെട്ടെന്നുള്ള മാറ്റം ഞങ്ങളെക്കാൾ മുമ്പ് ആന്റി ശ്രദ്ധിച്ചു കാണുംന്നാണ് കരുതീരുന്നത്. മക്ക ളുടെ ഉള്ളിലെ കൊച്ചുകൊച്ച് അനക്കങ്ങള് ആദ്യം പിടിച്ചെടുക്കാൻ കഴീ ണത് പെറ്റമ്മയ്ക്കല്ലേ? അമ്മേടെ എത്രയോ പുറകിലാണ് ഞങ്ങള് കൂട്ടുകാ

രികളൊക്കെ. പഠിത്തോം, ലോകപരിചയോം ഒന്നൂല്ലെങ്കിലും ഓരോ തവണ ചെല്ലുമ്പോഴും ആലീസിന്റമ്മ ആലീസിനോട് ചോയ്ക്കണ ചോദ്യങ്ങള് കേട്ടാൽ അന്തിച്ചുപോകും. ഒരു ഹൈക്കോർട്ട് വക്കീലിന്റെ ക്രോസ്സു വിസ്താരന്നെ. ഒരു കുറ്റോം ചെയ്യാതെതന്നെ കള്ളപ്പുള്ള്യപ്പോലെ കൈകെട്ട്യാണ് ആലീസ് ആലീസിന്റമ്മേടെ മുമ്പില് നിൽക്കാറ്. അല്ലെങ്കിലും അമ്മമാരുടെ മനസ്സിലെ ആ ആറാമിന്ദ്രിയംതന്ന്യാണ് പെൺകുട്ട്യോളടെ ഒരു രക്ഷം.'

ആ വാക്കുകൾ ഉള്ളിലെവിടെയോ ചെന്നുകൊണ്ടപ്പോൾ പ്രിയംവദയൊന്നു പിടഞ്ഞു.

അമ്മമാരുടെ മനസ്സിലെ ആറാമിന്ദ്രിയംതന്നെയാണ് പെൺകുട്ടികളുടെ രക്ഷാകവചം.

ഒരുപക്ഷേ, തനിക്കില്ലാത്തതും ആ ആറാമിന്ദ്രിയംതന്നെയാണെന്ന് മയത്തിൽ സൂചിപ്പിക്കാൻ നോക്കുകയാണ് ആലീസ്.

പറഞ്ഞുകഴിഞ്ഞപ്പോൾ വേണ്ടായിരുന്നെന്ന് ആലീസിനും തോന്നിയിരിക്കണം. അബദ്ധം പറ്റിയപോലെ വിരലറ്റം കടിച്ചു കുടഞ്ഞുകൊണ്ട് അവൾ തിരുത്താൻ നോക്കി.

'അല്ലാ, ഓരോ അമ്മമാരുടെ ഓരോ പേടികളെപ്പറ്റി പറഞ്ഞൂന്നേള്ളൂ, നീതൂന്റമ്മേ. പഠിപ്പും വിവരോം കൊറവായതുകൊണ്ട്, ആലീസിന്റമ്മ കൂട്ട്യാൽ അത്രല്ലേ കൂടുള്ളൂ.'

അതു ശരിയല്ല ആലീസേ, പ്രിയംവദ പറയാനാഞ്ഞു. നീതൂന്റമ്മയേക്കാൾ എത്രയോ കൂടുതൽ വിവരമുണ്ട് ആലീസിന്റമ്മയ്ക്ക്. ഉൾനാടുകളിലെ താറാവുകളെ ആരും നീന്താൻ പഠിപ്പിക്കാറില്ലല്ലോ. പട്ടണങ്ങളിലെ താറാവുകൾക്കാണെങ്കിൽ ശരിക്ക് നടക്കാൻപോലും ആരെങ്കിലും കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

ആലീസ് തുടരുകയായിരുന്നു.

'നീതൂന്റമ്മയ്ക്കറിയാല്ലോ, നീതും ഞാനും വേറെ ഒന്ന്‌രണ്ട് കുട്ട്യോളും അത്രക്ക് ക്ലോസ്സായ ഗ്യാങ്ങായിരുന്നു. തമ്മില് ഒരു രഹസ്യോമില്ലാത്ത സെറ്റ്. പക്ഷേ, പിന്നീടെപ്പോഴോ ഇടയ്ക്ക് അവൻ വന്നുകയറിയപ്പോഴാണ് സംഗതികള് കൊഴയാൻ തൊടങ്ങിയത്. ആ ഹരിനാരായണൻ. താടീം മുടീം നീട്ടി ഒരു ബുജി ലുക്കോടെ ലേശം കവിതേം കാട്ടിനുള്ളിലെ പ്രവർത്തനോം ഒക്കെ ആയിട്ടൊരു പാർട്ടി. എത്ര നാളായി അവര് പരിചയപ്പെട്ടിട്ടെന്ന് ഒരു രൂപോല്യാ.'

മരവിപ്പോടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു പ്രിയംവദ.

'പക്ഷേ, ഒരു കാര്യം മാത്രാണ് എനിക്ക് മനസ്സിലാവാത്തത്. ഞങ്ങക്കാർക്കും കാണാനാവാത്ത എന്തൂട്ട് കുന്ത്രാണ്ടമാണ് നീതുവിന് അവനിൽ കാണാൻ കഴിഞ്ഞത്. അവൻ അടുത്തുവരുമ്പോഴൊക്കെ എന്തോപോലെയാണ് എനിക്കു തോന്നാറുള്ളത്. ആ താടീം, മുടീം, വെട്ടി, നേരാംവണ്ണം കുളിക്ക്യേം പല്ലുതേക്ക്യേം ഒക്കെ ചെയ്തിരുന്നെങ്കിൽ ഒരു മനുഷ്യപ്രകൃതമാകുമായിരുന്നു.'

പ്രിയംവദ അതൊന്നും കേൾക്കുന്നതേ ഉണ്ടായിരുന്നില്ല.

'ആരാണവൻ, എവിടത്തുകാരനാണവൻ?'

തന്റെ ഒച്ച വല്ലാതെ പൊങ്ങുന്നത് പ്രിയംവദ അറിഞ്ഞു.

'ആർക്കറിയാം എന്റെ നീതൂന്റമ്മേ. അവന്റെ പോക്കും വരവും ആരും കാണാറില്ല. അമ്പലക്കുളത്തിൽ മുങ്ങ്യാൽ കാസ്പിയൻ സീയിൽ പൊങ്ങണ പ്രകൃതം.'

പ്രിയംവദ വലിയ സംശയത്തോടെ തുറിച്ചുനോക്കുകയാണ്.

'എന്നിട്ട് നിങ്ങള്, ഈ അടുത്ത കൂട്ടുകാരികളെന്നു പറയുന്നവര് അതു കണ്ടുകൊണ്ടു നിന്നുവല്ലേ?'

'അതെങ്ങിന്യാ, നീതൂന്റമ്മേ, എന്തെങ്കിലും ചോയ്ക്കാൻ നോക്ക്യാൽ അവള് ചാടിക്കടിച്ചോണ്ടു വരല്ലേ. അവൾക്ക് കലി കയറ്യാൽ എന്തൊക്ക്യാണ് വിളിച്ചുകൂവ്വാന്ന് ആന്റിക്കന്നെ അറിയാല്ലോ. ഞങ്ങൾക്കൊക്കെ അസൂയ്യാന്നാ ആ ബുദ്ദൂസിന്റെ വിചാരം. പിന്നെ ആള് ബുജിയാണെങ്കിലും, ആർക്കും മനസ്സിലാവാത്ത കവിതകള് എഴുതണ ഈ ഹരിനാരായണനെന്ന പാർട്ടിക്ക് കൊറെ ഫാൻസൊക്കെണ്ടല്ലോ ഞങ്ങടെ കോളേജില്.'

'കാര്യങ്ങള് ഇത്രയൊക്കെയായിട്ടും ഒരുവാക്ക് എന്നോട് പറയാൻ തോന്നിയില്ലല്ലോ നിങ്ങൾക്ക്. നിങ്ങളെയൊക്കെ ഇത്രയുംകാലം ഒപ്പം കൊണ്ടുനടന്നതിനുള്ള സമ്മാനമായിരിക്കും അല്ലേ?'

പ്രിയംവദയുടെ തൊണ്ട ഇടറി.

ആലീസിന്റെ മുഖം വാടി.

'വേണ്ടാന്നു വെച്ചിട്ടല്ല, നീതൂന്റമ്മേ. ആലോചിക്കുമ്പോ വല്യ വെഷമം തോന്നാറുണ്ട്. വേണ്ട സമയത്ത് തടയാനായില്ലല്ലോ എന്ന സങ്കടം. ഒരൂസം ഇവിടെവന്ന് എല്ലാം പറഞ്ഞാലോന്നു വരെ ആലോചിച്ചതാണ്, ഞാനും ഒരു കൂട്ടുകാരീം കൂടി. പക്ഷേ, ധൈര്യംണ്ടായില്യ ആലീസിന്. ഒരമ്മേടെ മുഖത്തു നോക്കി പറയാൻ വെഷമംള്ള കാര്യങ്ങള്. മാത്രമല്ല, ഇതു വെറുമൊരു തമാശ്യാണ്, ഇത്തിരി കഴിയുമ്പോൾ താനേ നിന്നോളും എന്നൊക്ക്യാണ് ഞങ്ങള് കരുതിയതും.'

നെറ്റിയിൽ കൈയമർത്തി സോഫയിൽ ചാരിക്കിടക്കുമ്പോൾ ഒരെത്തും പിടിയുമില്ലാതെ കുഴങ്ങുകയായിരുന്നു പ്രിയംവദ. ഇടക്കാലത്തായി നീതുവിന്റെ പ്രകൃതത്തിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങൾ കാണാതെ പോയതല്ല. പക്ഷേ, ഇങ്ങനെയൊന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. അല്ലെങ്കിലും, അത്തരമൊരു റൊമാന്റിക് മനസ്സായിരുന്നില്ല അവളുടേത്. ലേശം ആണത്തം കലർന്ന അവളുടെ പ്രകൃതത്തിൽ ഇങ്ങനെയൊന്ന് സങ്കല്പിക്കാൻപോലും തനിക്കാവില്ലല്ലോ.

പക്ഷേ എന്റെ മോള് വലുതായിരിക്കുന്നു. ഒരുപാട് വലുതായിരിക്കുന്നു വെന്ന് മനസ്സിലാക്കാൻ നന്നേ വൈകിപ്പോയി.

ആലീസ് സൂചിപ്പിച്ചതുപോലെ ആദ്യം തൊട്ടറിയേണ്ടത് പെറ്റമ്മതന്നെ യായിരുന്നു. സ്വന്തം മകളുടെ ഉള്ളിലെ നന്നേ ചെറിയ അനക്കങ്ങൾപോലും പിടിച്ചെടുക്കാൻ ഒരമ്മയ്ക്ക് കഴിഞ്ഞില്ലെങ്കിൽ അതവരുടെ ഏറ്റവും വലിയ തോൽവിയാകുന്നു. ഏതർത്ഥത്തിലും ഒരമ്മയുടെ മാത്രം തോൽവി.

ഏതോ ഉൾവിളിയുടെ പ്രേരണയിലെന്നോണം പ്രിയംവദ പെട്ടെന്ന് ചാടി യെഴുന്നേറ്റു.

'അവളിപ്പോൾ എവിടെയുണ്ടാവും ആലീസ്?'

'അറിയില്ല്യാ നീതൂന്റമ്മേ'

'നീ കള്ളം പറയുന്നു, ആലീസ്.'

'അല്ലാന്റീ. അറിയ്വായിരുന്നെങ്കില് ഞാൻ ഇങ്ങോട്ട് വിളിക്കില്ലായിരുന്നല്ലോ.'

'ആ പയ്യന്റെയൊപ്പം...?'

ഒന്നും പറയാതെ തല താഴ്ത്തിയിരിക്കുകയാണ് ആലീസ്. പക്ഷേ, അവളുടെ മൂടിക്കെട്ടിയ മുഖത്തുനിന്നും പലതും എളുപ്പത്തിൽ വായിച്ചെടുക്കാനാകുന്നു.

'അവന്റെ താമസസ്ഥലം അറിയാമോ ആലീസിന്?'

'അറിഞ്ഞുകൂടാ.'

'കൂട്ടുകാരോട് തിരക്കിയാൽ കണ്ടുപിടിക്കാൻ പറ്റില്ലേ?'

'നീതൂന്റമ്മ പറഞ്ഞോണ്ട് വരണത്...?'

ആലീസിന്റെ മുഖത്ത് സംശയം പതയുകയാണ്.

'എനിക്ക് അങ്ങോട്ടൊന്ന് പോകണം. ആലീസ് വരാമോ എന്റൊപ്പം?'

'എന്താ ആന്റിയീ പറയണത്?' ആലീസ് ഭയപ്പാടോടെ ചാടിയെഴുന്നേറ്റു. 'അവൻ എവിട്യാ ഉള്ളതെന്ന് ആർക്കാ അറിയ്വാ?' ഇവടത്തുകാരനല്ല ഹരിനാരായണൻ. അതോണ്ട് താമസിക്കണത് വല്ല ലോഡ്ജിലോറ്റെ ആയിരിക്കും. അല്ലെങ്കിൽതന്നെ അവളവിടെയുണ്ടെന്ന് എന്താ ഉറപ്പ്?'

'എനിക്കവനെയൊന്ന് കാണണം, കണ്ടേ തിരൂ...?'

'എന്തിന്?'

'ചില കാര്യങ്ങൾ ചോദിക്കാനുണ്ട്.'

'വേണ്ടാ നീതൂന്റമ്മേ. അവരൊക്കെ ഒരുതരം പാർട്ട്യോളാണ്, നഷ്ടപ്പെടാൻ ഒന്നൂല്യാത്തവര്. അതോണ്ട് ഒടുവിൽ നാണക്കേട് നമുക്കന്ന്യാവും.'

'എനിക്കും ഇനി നഷ്ടപ്പെടാൻ എന്തുണ്ട് ബാക്കി?'

പ്രിയംവദയുടെ ശബ്ദം വീണ്ടും പതറിയപ്പോൾ ആലീസ് വല്ലാതെയായി. ആകെ തളർന്നുപോയ ഈ അമ്മയെ സമാധാനിപ്പിക്കുന്നതെങ്ങനെ?

പ്രിയംവദ ആവർത്തിക്കുകയായിരുന്നു:

'ആലീസ് തടയാൻ നോക്കണ്ട. എനിക്കവനെ കാണണം. നിനക്ക് ഒപ്പം വരാൻ കഴിയുമോന്ന് മാത്രം പറഞ്ഞാൽ മതി.'

'അതിനവൻ എവട്യാന്ന് ആർക്കറിയാം. കോളേജുള്ളപ്പൊത്തന്നെ ശിവരാത്രിക്കും, ഓർമ്മപ്പെരുന്നാളിനുമൊക്കെയാണ് അവന്റെ തലയൊന്നു കാണാൻ കിട്ട്വാ.'

പ്രിയംവദയുടെ തുളച്ചുകയറുന്ന നോട്ടം കണ്ടപ്പോൾ ആലീസൊന്ന് പരുങ്ങി. അവന്റെ താവളം തനിക്കറിയാമെന്ന് അവർ കരുതുന്നതുപോലെ.

'പുണ്യാളന്മാരാണെ സത്യം. ആലീസിനറിഞ്ഞൂടാ. ആള് മിക്കപ്പഴും കറക്കത്തിലാണെന്നാണ് കേൾവി. നാടോടികൾടെ തലേക്കെട്ടും പൊക്കണസഞ്ചിം ഇല്ല്യാന്നുമാത്രം. എവിടന്നാ വരണേ, എവിടേക്ക്യാ പോണത്, ഇതൊക്കെ ആർക്കാ നിശ്ശം? അവനെന്നെ നിശ്ശംണ്ടാവില്ല്യാ.'

'എന്റീശ്വരാ...'

തളർന്നു കുഴഞ്ഞ് സോഫയിൽ വീഴുകയായിരുന്നു പ്രിയംവദ.

'നീതൂന്റമ്മേ...'

ആലീസ് പരിഭ്രമത്തോടെ അടുത്തിരുന്ന് തല മടിയിലെടുത്തുവച്ച് തലോടാൻ തുടങ്ങി.

മനസ്സ് പിടിവിട്ട് തെന്നിത്തെന്നി പോകുമ്പോൾ, എത്രയോ നാളുകൾക്കു ശേഷം ഒന്നു കരയാൻ കൊതിച്ചുപോകുകയാണ് പ്രിയംവദ.

രഞ്ജിത്തിനോട് ഒറ്റയ്ക്ക് പോരാടിക്കൊണ്ടിരുന്നപ്പോഴെല്ലാം ഭയപ്പെട്ടിരുന്നത് ഇത്തരമൊരു നിമിഷത്തെ മാത്രമായിരുന്നു. എന്നും ഉള്ളിലുണ്ടായിരുന്നത് ഒരേയൊരു പ്രാർത്ഥനയായിരുന്നു.

എന്റെ മോളുടെ ജീവിതത്തിൽ ഒരിക്കലും ഇരുണ്ട ശക്തികളുടെ കള്ള നോട്ടങ്ങൾ വീഴരുതേ. ഏലസ്സുകൾക്കും യന്ത്രങ്ങൾക്കും കൊടുക്കാനാവാത്തൊരു രക്ഷാകവചമാകാൻ തന്റെ സ്നേഹത്തിന് കഴിയുമെന്ന് വിശ്വസിച്ചു.

കുറെ നാളുകളായി ഇങ്ങനെയൊരു മാറ്റം. പുതിയൊരു വെളിച്ചത്തിൽ നോക്കുമ്പോൾ പലതും ഓരോന്നായി തെളിഞ്ഞുകിട്ടുകയാണ്. ഒരമ്മ എത്രയോ നേരത്തേ തൊട്ടറിയേണ്ടിയിരുന്ന കൊച്ചുകൊച്ച് അനക്കങ്ങൾ.

അന്നൊരു ദിവസം കൂട്ടുകാരിയുടെ വീട്ടിലേക്കെന്നു പറഞ്ഞ് പോയിട്ട് അവൾ മടങ്ങിവന്നത് പിറ്റേന്ന് രാവിലെയായിരുന്നു.

പ്രായം തികഞ്ഞ ഒരു പെൺകുട്ടി ഒരു രാത്രി മുഴുവൻ എവിടെയോ, ആരുടെയോ കൂടെ.

തന്റെ ഉടലാകെ തരിച്ചു കയറുന്നത് പ്രിയംവദയറിഞ്ഞു. എല്ലാ സങ്കല്പങ്ങൾക്കും അപ്പുറമായി ഏതോ മഹാദുരന്തങ്ങളുടെ കറുത്തിരുണ്ട നിഴലുകൾ ഓരോന്നായി കെട്ടിവരിയുന്നതുപോലെ.

ആദ്യം രഞ്ജിത്ത്, പിന്നെ എന്റെ പ്രിയപ്പെട്ട മകൾ.

'നിതൂന്റമ്മേ...' ആലീസ് കുലുക്കിയുണർത്തുകയായിരുന്നു.

അപ്പോഴാണ് താൻ ഏറെ നേരമായി ആലീസിന്റെ തോളിൽ തല ചായ്ച്ചു കിടക്കുകയായിരുന്നുവല്ലോ എന്ന് പ്രിയംവദ ഓർത്തത്. അവർ തിടുക്കത്തിൽ എഴുന്നേറ്റിരുന്നു.

'എത്രയോ ആളുകളുടെ ഏതൊക്കെ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് മനസ്സ് തഴമ്പിച്ച എനിക്ക് സ്വന്തം കാര്യം മാത്രം നോക്കിനടത്താനായില്ലല്ലോ, ആലീസേ.' അവരുടെ ഒച്ച ചിലമ്പിയപ്പോൾ ആലീസ് പതിയെ ചുമലിൽ കൈ വച്ചു. 'അവിടെ ഞാൻ തോറ്റുപോയി. ഒരിക്കലല്ല. പലതവണ. ഒരു നാണവുമില്ലാതെ വീണ്ടും വീണ്ടും തോറ്റുകൊണ്ടിരുന്നു.'

സ്വയം സമാധാനിപ്പിക്കാനെന്നോണം ആരോടെന്നില്ലാതെ പ്രിയംവദ എണ്ണിപ്പെറുക്കി ഉരുവിടുകയാണ്.

'എല്ലാവർക്കും വേണ്ടിയിരുന്നത് അവരവരുടേതായ സ്വകാര്യലോകങ്ങളായിരുന്നു. വിഡ്ഢിയായ ഞാൻ മാത്രം ഇവിടെ ഒരു മൂലയിലിരുന്ന് എന്റെ ലോകം അവരുടേതുമായി ചേർത്തുവയ്ക്കാൻ നോക്കി. അവർക്കാർക്കും എന്നെ ഒരിക്കലും വേണ്ടായിരുന്നെന്ന് മനസ്സിലാക്കിയപ്പോഴേക്കും ഒരുപാട് വൈകി അല്ലേ...'

പ്രിയംവദ പൊടുന്നനെ നിറുത്തി, ഇതൊന്നും ആലീസിനോട് പറയേണ്ട വാക്കുകളല്ലല്ലോ.

ആലീസിന്റെ ഉള്ളിലെന്തോ വിങ്ങിക്കൂടുകയായിരുന്നു. ഇത്രയും കാലം തന്നെ സ്നേഹംകൊണ്ട് വരിഞ്ഞു മുറുക്കിയിരുന്ന ഈ പാവപ്പെട്ട അമ്മയെ ഒന്ന് ആശ്വസിപ്പിക്കാൻപോലും എനിക്കാവുന്നില്ലല്ലോ. എന്തു പറഞ്ഞാണ് അവരെയൊന്ന് സമാധാനിപ്പിക്കുക.

ഒടുവിൽ സാൽവാറിന്റെ അറ്റംകൊണ്ട് മുഖം തുടച്ച്, പണിപ്പെട്ടൊരു ചിരി വരുത്തി അവൾ പതിയെ പറയാൻ നോക്കി.

'നീതൂന്റമ്മ വിഷമിക്കേണ്ട. കാര്യങ്ങള് അത്രയ്ക്കങ്ങ് മോശായിട്ടൊന്നുല്യാ. എന്തായാലും തൽക്കാലത്തേക്ക് ഒന്നും അറിഞ്ഞതായി ഭാവിക്കണ്ട. അവളെ ക്രോസ്ചെയ്യാൻ നോക്ക്യാൽ പിന്നെ ഒന്നും രണ്ടും പറഞ്ഞ് വഴക്കാവും. ഞങ്ങളൊന്നു നോക്കട്ടെ. എന്തെങ്കിലുമൊരു വഴി കിട്ടാതിരിക്കില്ല.'

വിശ്വാസം വരാത്തതുപോലെ നോക്കുകയാണ് പ്രിയംവദ.

'എല്ലാമറിഞ്ഞിട്ടും ഒന്നും അറിഞ്ഞിട്ടില്ലെന്ന മട്ടിൽ പെരുമാറാൻ വലിയ വിഷമമാണ് ആലീസേ!'

'ആന്റിക്കത് സാധിക്കണം. സാധിച്ചേ പറ്റൂ.'

മുമ്പ് പറഞ്ഞതുതന്നെ ആവർത്തിക്കാൻ നോക്കുകയായിരുന്നു പ്രിയംവദ.

'പുറത്ത് എത്രയോ വലിയ കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള ഞാൻ, ഇവിടെ ഈ നാലു ചുമരുകൾക്കകത്ത് തോറ്റുപോകുകയാണല്ലോ ആലീസേ...'

'അതെപ്പോഴും അങ്ങിന്യാണ് നീതൂന്റമ്മേ. മറ്റുള്ളോരടെ കാര്യങ്ങള് നോക്കണതിനേക്കാൾ വെഷമാവും അവനോന്റെ കാര്യങ്ങള് നോക്കല്. എന്തായാലും, നീതൂന്റമ്മ വെഷമിക്കാതിരിക്കൂ, നമുക്ക് എന്തെങ്കിലും വഴിയുണ്ടാക്കാം.'

'അവളെയൊന്ന് ഫോണിലെങ്കിലും കിട്ടിയിരുന്നെങ്കില്...'

'വെറുതെ ഓരോന്നാലോചിച്ച് മനസ്സ് വെടക്കാക്കാതിരിക്കൂ. എവിട്യാന്ന് കണ്ടുപിടിച്ച് കൂട്ടിക്കൊണ്ടുവരാൻ നോക്കണതൊക്കെ അബദ്ധാവും.'

'ആലീസ്!' പ്രിയംവദ അവളുടെ കവിളിൽ അരുമയായി തലോടി: 'ഒടുവിൽ എനിക്കാരുമില്ലാതായല്ലോ മോളേ.'

ആലീസിന്റെ കണ്ണുകൾ നനഞ്ഞു. എല്ലാം തോറ്റ് കീഴടങ്ങാൻ നോക്കുന്നവളുടെ ശബ്ദം ഉള്ളിലെവിടെയോ ചെന്ന് തറഞ്ഞു നിൽക്കുന്നതുപോലെ. മുമ്പൊരിക്കലും ഇങ്ങനെ തളർന്നു കണ്ടിട്ടില്ല അവരെ. തന്റെ കൈവശമുള്ള ഒഴുക്കനായ കുറെ വാക്കുകൾകൊണ്ട് അവരെ സമാധാനിപ്പിക്കാനാകില്ലെന്ന് ആലീസിന് നന്നായറിയാമായിരുന്നു. എന്നിട്ടും വെറുതെ പറഞ്ഞു വച്ചു.

'അങ്ങനെയൊന്നും കരുതല്ലേ ആന്റീ. ഞങ്ങളൊക്കെ ഉണ്ടാവും എപ്പോഴും.'

'സമാധാനിപ്പിക്കാൻ പറയുകയാണെന്നറിയാമെങ്കിലും വിശ്വസിക്കാതെ തരമില്ലല്ലോ. അത്രയ്ക്ക് തനിച്ചായിപ്പോയില്ലേ ഞാൻ?'

ഒന്നും ഉരിയാടാനാകാതെ, വെറുതെ അവരുടെ പുറത്ത് തലോടിക്കൊണ്ടിരിക്കുമ്പോൾ ആലീസിന്റെ ഉള്ളിൽ ഒരുപാട് ചോദ്യങ്ങൾ ഉരുണ്ടുകൂടുകയായിരുന്നു. അവയ്ക്കൊക്കെ ഉത്തരം കണ്ടെത്താനുള്ള വ്യഗ്രതയിൽ വിലപിടിച്ച എന്തൊക്കെയോ ഉള്ളിൽനിന്ന് ചോർന്നുപോകുന്നതുപോലെ. എന്തായാലും എങ്ങനെയെങ്കിലും ഈയമ്മയെ രക്ഷപ്പെടുത്താതെ വയ്യ. അതും എത്രയും വേഗം.

ആ നന്ദികെട്ട മകൾക്ക് എന്ത് സംഭവിച്ചാലും കുഴപ്പമില്ല. ഈ പാവം അമ്മയെ തനിച്ച് വിടാനാവില്ല.

ആ ഉറപ്പ് അവളുടെ തലോടലിൽ തിരിച്ചറിഞ്ഞിട്ടാകണം പ്രിയംവദ മെല്ലെ കണ്ണുകളടച്ചു.

ആലീസ് ഇറങ്ങിപ്പോയത് അവരറിഞ്ഞില്ല. പിന്നീട് എപ്പോഴോ കണ്ണു തുറക്കുമ്പോൾ നേരം ഏറെ വൈകിയിരുന്നു. ജാലകത്തിലൂടെ ഒരു നേർത്ത ചാറ്റൽമഴയുടെ വെള്ളത്തുള്ളികൾ അകത്തേക്ക് പാറി വീണുകൊണ്ടിരുന്നു.

ടി.വി.യിൽ പതിവുപോലെ നീലിമയുടെ വായന തുടങ്ങിയിരുന്നു. നല്ല ഇമ്പമുള്ള ശബ്ദത്തിൽ വെടിപ്പായി വാർത്തകൾ വായിക്കുന്ന ആ ബംഗാളി പെൺകുട്ടിയെ കാണുമ്പോഴൊക്കെ നീതുവിനെ ഓർമ്മവരും.

വാർത്തകൾ വായിക്കുമ്പോൾ നീലിമ അലിവോടെ ഇടയ്ക്ക് തന്റെ നേർക്ക് തന്നെ ഉറ്റുനോക്കുകയാണ്.

അൽപ്പം കഴിഞ്ഞ് ഒരു ഇടവേളയിൽ നീലിമയുടെ ഇമ്പമുള്ള ശബ്ദം കേട്ടു.

'പ്രിയംവദാമ്മ വിഷമിക്കേണ്ട, ഒക്കെ ശരിയാകും. ഇതൊക്കെ ചെറുപ്പത്തിന്റെ ഊടുവഴികളിലൂടെയുള്ള ചില യാത്രകൾ മാത്രം. എല്ലാ ഊടുവഴികളും ഒടുവിലൊരു പൊതുനിരത്തിൽ ചെന്നുചേരുന്നു...'

ഒന്നും ഉരിയാടാനാകാതെ വെറുതെ നോക്കിയിരുന്നു.

'നീതു മടങ്ങിവരും, വരാതിരിക്കില്ല,' നീലിമ ഒരു അശരീരിപോലെ ആവർത്തിച്ചു: 'ഓർത്തോളൂ. ഞങ്ങളുടെ വാക്കുകൾ ഒരിക്കലും തെറ്റാറില്ല. കാലങ്ങളിലൂടെ കടന്നുപോകാൻ കെൽപ്പുള്ളതാണ് ഞങ്ങളുടെ കാഴ്ച ശക്തി.'

നീലിമ പറഞ്ഞകാര്യം ആലീസിനെ വിളിച്ചുപറയണമെന്ന് തോന്നി. ഉടനെതന്നെ വേണ്ടെന്നുവച്ചു. തന്റെ സംസാരം പന്തിയില്ലാതായി തുടങ്ങിയോ എന്നവൾ സംശയിച്ചേക്കും.

നീലിമയുടെ അധികം മേക്കപ്പില്ലാത്ത, ഓമനത്തമുള്ള മുഖത്തേക്ക് തന്നെ നോക്കിക്കൊണ്ട് പ്രിയംവദ അങ്ങനെ ഇരുന്നു.

നീലിമ പറഞ്ഞത് ശരിയായിരുന്നു.

പിറ്റേന്ന് രാവിലെ നീതു മടങ്ങിവന്നു. അപ്പോൾ അവളുടെ മുഖം വല്ലാതെ പ്രകാശിക്കുന്നതും, കണ്ണുകളിൽ നക്ഷത്രങ്ങൾ മിന്നുന്നതും അവളുടെ അമ്മ വല്ലായ്മയോടെ നോക്കിനിന്നു.

ഇരുപത്

രേവതി ജോലിയിൽ ചേർന്നയന്നുതന്നെയാണ് വളം ഫാക്റ്ററിയിലെ പ്ലാന്റിൽ വലിയൊരു പൊട്ടിത്തെറിയുണ്ടായത്. ഏതോ ചെറിയൊരു തൊഴിലാളി നന്നേ ചെറിയൊരു വാൽവ് അടയ്ക്കാൻ വൈകിയതിന്റെ കുഴപ്പം.

ഒരാൾ മരിച്ചു. മറ്റൊരാൾ ഗുരുതരമായ നിലയിൽ ആസ്പത്രിയിൽ. രക്ഷപ്പെടുന്ന കാര്യം സംശയമാണത്രെ. വേറെ രണ്ടുപേർക്കും പൊള്ളലുകളുണ്ട്.

മുറിയിലേക്കു കടന്നുവരുമ്പോൾ രേവതിയുടെ മുഖം ചുവന്നുതുടുത്തിരുന്നു.

'പാപി ചെല്ലുന്നേടം പാതാളം അല്ലേ, മാഡം. ഇതും എന്റെ കാലുവർക്കത്തുതന്നെയാവും.'

'ദൂരെ എവിടെയോ ഉള്ളൊരു പ്ലാന്റിലെ വാൽവുകൾ സമയാസമയങ്ങളിൽ അടയ്ക്കുകയും, തുറക്കുകയും ചെയ്യുന്നത് നമ്മുടെ ചുമതലയല്ലല്ലോ, രേവതീ,' പ്രിയംവദ പറഞ്ഞു: 'പൊതുവെ മെച്ചപ്പെട്ട സുരക്ഷാ ഏർപ്പാടുകളുള്ള ഫാക്റ്ററിയാണത്. പിന്നെ, പലതരം ഫാക്റ്ററികളുള്ള വലിയൊരു ഗ്രൂപ്പാകുമ്പോൾ ഇത്തരം സംഭവങ്ങൾ ഇടയ്ക്കൊക്കെ ഉണ്ടായിക്കൊണ്ടിരിക്കും.'

'എന്നാലും രണ്ട് കുടുംബങ്ങളാണ് മാഡം.'

'ഇതൊക്കെ കേട്ടാൽ മനസ്സിളകാതെയായിട്ട് കാലമെത്രയായി. കുറെ കഴിയുമ്പോൾ നിന്റെയും സ്ഥിതി ഇതുതന്നെയാകും. എന്തായാലും സംഭവിക്കാനുള്ളത് സംഭവിച്ചുകഴിഞ്ഞു. ഡ്യൂട്ടി സമയത്തായതുകൊണ്ട് അവർക്ക് നല്ലൊരു തുക ഇൻഷ്വറൻസ് കിട്ടും. പിന്നെ കമ്പനിവക പ്രത്യേക നഷ്ടപരിഹാരവും, മറ്റ് ആനുകൂല്യങ്ങളും. മക്കളിലൊരാൾക്ക് ജോലി. ഇത്രയൊക്കെയല്ലേ നമുക്ക് ചെയ്യാനാകൂ.'

മറ്റേതോ ലോകത്തിരുന്ന് വളരെ നിസ്സംഗതയോടെയാണ് പ്രിയംവദ അങ്ങനെയൊക്കെ പറഞ്ഞതെന്നു കണ്ടപ്പോൾ രേവതിക്ക് വലിയ അത്ഭുതം തോന്നി.

ആദ്യത്തെ കൂടിക്കാഴ്ചയ്ക്കു ശേഷം പ്രിയംവദാമാഡം ആകെ മാറിപ്പോയതുപോലെ. അന്നു തന്നെ വല്ലാതെ ആകർഷിച്ച ആ മുഖപ്രസാദവും പ്രസരിപ്പുമൊന്നും കാണാനില്ല. പതിവുള്ള കളിതമാശകളൊന്നും പറയാൻ നിൽക്കാതെ അളന്നുതൂക്കി സംസാരിക്കാൻ ശ്രദ്ധിക്കുന്നതുപോലെ.

താനിപ്പോൾ ഒരു കീഴ്ജീവനക്കാരിയായതുകൊണ്ട് ലേശം അകലം സൂക്ഷിക്കാൻ നോക്കുന്നതാവാം.

'എന്തായാലും രേവതി വന്നത് ആശ്വാസമായി,' പ്രിയംവദ പറഞ്ഞു: 'പ്രായമാകുന്നതിന്റെ ലക്ഷണമായിരിക്കാം, പതിവിലേറെ ഭാരം ചുമക്കേണ്ടിവരുമ്പോൾ മുമ്പില്ലാത്തൊരു അണപ്പ്. ആരുടെയെങ്കിലും ഒരു കൈത്താങ്ങ് വേണമെന്ന് തോന്നാറുണ്ട് പലപ്പോഴും. രേവതിയും ചന്ദ്രയും ആലീസും ശേഷാദ്രിയും, എന്തിന് ടി.വി.യിൽ ന്യൂസ് വായിക്കുന്ന ആ ബംഗാളി പെൺകുട്ടി നീലിമവരെ.'

രേവതി തെല്ലൊന്ന് വല്ലാതായി. അപ്പോൾ കോളേജിൽ പഠിക്കുന്ന മകളോ? നീതു എന്നല്ലേ ആ കുട്ടിയുടെ പേര്?

അത് മനസ്സിലാക്കിയിട്ടെന്നവണ്ണം പ്രിയംവദ തിടുക്കത്തിൽ വിശദീകരിക്കാൻ നോക്കി.

'മോളുടെ ക്ലാസ്മേറ്റാണ് ആലിസ്. നല്ല രസമായിട്ട് സംസാരിക്കുന്ന, വലിയ ആർജ്ജവമുള്ള ഒരു പെൺകുട്ടി. അവളോട് ഇത്തിരിനേരം വർത്തമാനം പറഞ്ഞിരുന്നാൽ നമ്മളും താനേ ഉഷാറായിപ്പോകും.'

എന്തായാലും രേവതി വന്നതോടെ ഓഫീസിലെ തന്റെ ഭാരം കുറെ കുറഞ്ഞതായി പ്രിയംവദയ്ക്ക് തോന്നി. എന്തും വിശ്വസിച്ച് ഏൽപ്പിക്കാവുന്ന നല്ല പ്രാപ്തിയുള്ള കുട്ടി. സ്വന്തം അഭിപ്രായങ്ങളിൽ ഉറച്ച് നിൽക്കാനുള്ള തന്റേടം കാട്ടുമ്പോഴും, എല്ലാവരേയും ഒപ്പം കൊണ്ടുപോകാനുള്ള കഴിവുണ്ട് അവൾക്ക്.

ഒന്നുരണ്ടു തവണ ഇടപെട്ടു കഴിഞ്ഞപ്പോൾ വളം ഫാക്റ്ററിയിലെ ശേഷാദ്രിയും അതുതന്നെ പറഞ്ഞു.

'മാഡത്തിന്റെ സെലക്ഷൻ കൊള്ളാം. നല്ല മിടുക്കിയായ പെങ്കൊച്ച്.'

പുതിയ പ്രോജക്റ്റിനോട് ബന്ധപ്പെട്ട പരിശീലനക്ലാസ്സുകൾ ഡിസൈൻ ചെയ്യുന്ന പണി രേവതിയെയാണ് ഏൽപ്പിച്ചത്. അക്കാര്യത്തിൽ തനിക്കുള്ളതിനേക്കാൾ കൂടുതൽ ഉൾക്കാഴ്ച അവൾക്കുണ്ടെന്ന് പ്രിയംവദയ്ക്ക് പെട്ടെന്ന് മനസ്സിലാകുകയും ചെയ്തു. പത്രപ്രവർത്തനത്തിലെ പരിചയം കൊണ്ടാകാം അവൾക്ക് തൊഴിലാളികളുമായി വളരെ പെട്ടെന്ന് ഇണങ്ങിപ്പോകാനാകുന്നു. അവരുടെ ചെറുസംഘങ്ങളുടെ നടുവിൽ വട്ടമിട്ടിരുന്ന് കൂട്ടത്തിലൊരാളായി കാര്യങ്ങൾ തുറന്ന് സംസാരിക്കാനും, സൗഹൃദം പങ്കിടാനും വളരെ എളുപ്പമാണവൾക്ക്. അവിടെയുള്ള ദിവസങ്ങളിലൊക്കെ ഓഫീസർമാരുടെ മെസ്സിൽ പോകാതെ തൊഴിലാളികളോടൊപ്പം കാന്റീനിൽ ഭക്ഷണം കഴിക്കാൻ രേവതി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

'ജാട കാട്ടാൻ നോക്കിയതല്ല, മാഡം,' രേവതി പറഞ്ഞു: 'എന്നെ സംബന്ധിച്ചിടത്തോളം എത്രയോ സ്വാഭാവികമായൊരു കൂട്ടായ്മയാണത്. ജനിച്ചതും വളർന്നതുമൊക്കെ നന്നേ ചെറിയ ആളുകളുടെ നടുവിൽ. ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്, അച്ഛന്റെ നല്ല കാലത്ത് വീട് നിറയെ എപ്പോഴും ആളുകളായിരുന്നു. തിണ്ണയിലും മുറ്റത്തുമായി ഓരോ കാര്യങ്ങൾക്കായി അച്ഛനെ കാണാൻ വരുന്ന പലതരക്കാരായ ആളുകൾ. അതുകൊണ്ടുതന്നെ തൊഴിലാളികളുടെ കൂട്ടത്തിലാകുമ്പോൾ ഞാൻ വളരെ പെട്ടെന്ന് ആ പഴയ രേവതിയായി മാറുന്നു. അത്തരമൊരു രേവതിയെ തിരിച്ചറിയാൻ അവർക്കും അധികം നേരം വേണ്ട.'

കമ്മ്യൂണിക്കേഷനെപ്പറ്റി ക്ലാസ്സുമുറികളിൽ പഠിച്ച വലിയ പ്രമാണങ്ങളിലൊന്നും കാര്യമില്ലെന്ന് തെളിയിക്കുകയായിരുന്നു രേവതി. മനുഷ്യൻ മനുഷ്യനെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ എല്ലാ പാഠപുസ്തകങ്ങൾക്കുമപ്പുറമായി ഏറ്റവും പ്രസക്തമാകുന്നത് സഹഭാവംതന്നെയാണ്. ഒറ്റയ്ക്കുള്ള പെരുമാറ്റത്തിൽനിന്ന് സംഘംചേർന്നുള്ള പെരുമാറ്റം ഏറെ വ്യത്യസ്തമാകുന്നത് പരസ്പരമുള്ള വിശ്വാസക്കുറവിൽനിന്ന് മുളയ്ക്കുന്ന കുറെ വേണ്ടാത്ത സംശയങ്ങളിലൂടെയാണ്.

'അത്തരം സംശയങ്ങൾ കുറച്ചാലേ കൂട്ടായി പ്രവർത്തിക്കാനാകൂ,' രേവതി ഓർമ്മിപ്പിച്ചു: 'പ്രത്യേകിച്ചും ഇതുപോലത്തെ പലതരം ആളുകൾ പണിയെടുക്കുന്ന വലിയ ഫാക്റ്ററികളിൽ.'

'പറയാൻ എളുപ്പമാണ്,' പ്രിയംവദ പറഞ്ഞു: 'യൂണിയൻ നേതാക്കന്മാർക്കും അവരുടെ പുറകിൽനിന്ന് ചരടുവലിക്കുന്ന രാഷ്ട്രീയക്കാർക്കും വ്യക്തമായ സ്വകാര്യ അജണ്ടകളുള്ളതുകൊണ്ട് അത്തരം ചെറിയ സംശയങ്ങൾ വലിയ ആശങ്കകളാക്കി നിലനിറുത്തേണ്ടതും, വേണ്ടിവന്നാൽ പെരുപ്പിച്ചെടുക്കേണ്ടതും അവരുടെ ആവശ്യമാണ്. ഇവിടെ ആത്യന്തികമായി തൊഴിലാളികളുടെ നന്മ എന്ന ആശയംതന്നെ വെറുമൊരു സങ്കല്പമായി മാറുന്നു.'

അങ്ങനെയൊക്കെ പറഞ്ഞെങ്കിലും രേവതി തൊഴിലാളികളെ സമർത്ഥമായി കൈയിലെടുക്കുന്നത് കൗതുകത്തോടെ നോക്കിനിന്നു, പ്രിയംവദ.

ഇവളാണ് ശരിക്കും ഈ രംഗത്തേക്ക് കടന്നുവരേണ്ടവൾ, പ്രിയംവദ സ്വയം പറഞ്ഞു. ഒരു ഗവേഷണപ്രബന്ധം അവതരിപ്പിക്കാനോ, പരമ്പരാഗതശൈലിയിൽ ക്ലാസ്സുകളെടുക്കാനോ അവളെക്കൊണ്ട് സാധിച്ചേക്കില്ല. പക്ഷേ, സഹജീവികളുടെ മനസ്സറിയാനും അവരുമായി വേണ്ടവിധത്തിൽ സംവദിക്കാനുമുള്ള അവളുടെ കഴിവ് സമ്മതിച്ചുകൊടുക്കാതെ വയ്യ.

ജോലിയിൽ ചേരാൻ വന്നയന്ന് പതിവുപോലെ നീല ജീൻസും ചാര നിറത്തിലുള്ള വരയൻ ജുബ്ബയുമായിരുന്നു അവളുടെ വേഷം.

'ഇതിവിടെ പറ്റില്ലല്ലോ, കോമ്രേഡ്,' പ്രിയംവദ ചിരിച്ചുകൊണ്ട് അവളുടെ പുറത്തു തട്ടി: 'കോട്ടൺസാരിയാണ് ഐഡിയൽ. അല്ലെങ്കിൽ ചുരുങ്ങിയത് ഒരു ചുരിദാറെന്ന ആർഭാടമെങ്കിലും ആവാം.'

കടയിൽനിന്ന് ചുരിദാർ വാങ്ങിപ്പിച്ച്, വേഷം മാറ്റിയിട്ടേ ജോലിയിൽ ചേരാൻ പ്രിയംവദ അനുവദിച്ചുള്ളൂ.

'ഓരോ ജീവിയെയും അതിന്റെ ചുറ്റുപാടുകളുമായി ഇണങ്ങുന്ന വേഷത്തിൽ കണ്ടേ പറ്റൂ. നിനക്കിപ്പോൾ ഒരു പത്രക്കാരിയുടെ സ്വാതന്ത്ര്യമില്ല. ചില ചില്ലറ ചട്ടവട്ടങ്ങളൊക്കെ പാലിക്കാതെ ഇത്തരം കമ്പനികളിൽ കഴിഞ്ഞുകൂടാനുമാവില്ല.'

ചെറിയൊരു ചമ്മലോടെ തലകുലുക്കി രേവതി എല്ലാം സമ്മതിച്ചു കൊടുത്തു. ഇതൊക്കെ പലതവണ പറഞ്ഞു കൊടുത്തതാണ് മീനാക്ഷിപ്പാളയത്തെ അയ്യർവാളും. ഒടുവിൽ അയാളും തോറ്റു പിന്മാറി, ഇവൾ ഒരിക്കലും നേരെയാകാൻ പോകുന്നില്ലെന്ന പ്രഖ്യാപനവുമായി.

'എന്തായാലും രേവതി ആ ഫാക്റ്ററിക്കകത്ത് ചെറിയൊരു അശ്വമേധം തന്നെ നടത്തിയതായാണ് ആദ്യത്തെ റിപ്പോർട്ട്. വെട്ടിപ്പിടിച്ച സാമ്രാജ്യമാണെങ്കിൽ നീ കരുതുന്നതിനേക്കാൾ എത്രയോ വലുത്. ആ നിലയ്ക്ക് മറ്റൊരു വലിയ ഉത്തരവാദിത്വംകൂടി ഏൽപ്പിച്ചാലോ എന്ന് ആലോചിക്കുന്നുണ്ട്. ഒരുപക്ഷേ, നിന്നെ സംബന്ധിച്ചിടത്തോളം നന്നേ ചെറിയൊരു പണിയായിരിക്കുമത്.'

'എന്തേ മാഡം. വേറെ ഏതെങ്കിലും കമ്പനിയിൽ എന്തെങ്കിലും കുഴപ്പം?'

'ഇത് സാധാരണ ഫാക്റ്ററികളേക്കാൾ വളരെ കുഴഞ്ഞുമറിഞ്ഞൊരു സ്ഥലം. അവിടെ പ്രശ്നങ്ങൾ മാത്രമേയുള്ളൂവെന്ന് വേണമെങ്കിൽ പറയാം. അതും പലപ്പോഴും വ്യക്തമായി തെളിഞ്ഞു കിട്ടാത്ത വിചിത്രമായ ചില കുരുക്കുകൾ. ഒരു വശത്തുനിന്ന് അഴിച്ചു തുടങ്ങുമ്പോൾ മറ്റൊരു വശത്ത് അതിലിരട്ടി പിണഞ്ഞുകൂടുന്നു.'

'എവിടെയാണ് ആ ഫാക്റ്ററി?'

'ഇവിടെ ഈ നഗരത്തിൽത്തന്നെ.'

രേവതി ചോദ്യഭാവത്തിൽ നോക്കി.

'അതിന് ഇവിടെ ഈ കോർപ്പറേറ്റ് ഓഫീസ് മാത്രമല്ലേയുള്ളൂ.'

പ്രിയംവദ പതിയെ ചിരിക്കാൻ നോക്കുകയായിരുന്നു.

'ഞാൻ പറഞ്ഞുവന്നത് എന്റെ വീടിനെപ്പറ്റിത്തന്നെ. കമ്മ്യൂണിക്കേഷൻ തികച്ചും അസാദ്ധ്യമായ, നാലുചുവരുകൾകൊണ്ടു തല്ലിക്കൂട്ടിയ ഒരു വലിയ കൂടിനെ വീടെന്ന് വിളിക്കാമോ എന്നുതന്നെ അറിഞ്ഞുകൂടാ.'

വല്ലാതെ പകച്ചിരിക്കുകയാണ് രേവതി.

'മാഡം എന്താണീപ്പറയുന്നത്?'

കൂടുതലൊന്നും പറയാൻ നിൽക്കാതെ അത്താഴത്തിന് ക്ഷണിച്ചപ്പോൾ, മാഡത്തിന്റെ മനസ്സിലൂടെ എന്തൊക്കെയാണ് കടന്നുപോകുന്നതെന്ന കാര്യത്തിൽ ഒരു രൂപവുമുണ്ടായിരുന്നില്ല രേവതിക്ക്.

പക്ഷേ, വൈകീട്ട് അവരുടെ മകളെ നേരിട്ട് കണ്ടപ്പോൾ ആ കുരുക്കുകൾ അവർ കരുതുന്നതിൽനിന്ന് എത്രയോ കൂടുതൽ പിണഞ്ഞുകൂടി കഴിഞ്ഞിരിക്കുന്നുവെന്ന് രേവതിക്ക് ബോദ്ധ്യമായി.

അവർ ചെന്നുകയറുമ്പോൾ നീതു സോഫയിൽ ചാരിക്കിടന്ന് ടി.വി.യിലെ സിനിമ കാണുകയായിരുന്നു. വലിയ ഒച്ചയും ബഹളവുമൊക്കെയുള്ള ഏതോ ഒരു സയൻസ് ഫിക്ഷൻ. വിചിത്രമായ ആകൃതികളുള്ള, വികൃത ശബ്ദങ്ങളുണ്ടാക്കുന്ന, മറുലോകങ്ങളിൽനിന്നു വന്നിറങ്ങിയ കുറെ അപൂർവ ജീവികൾ തിമർക്കുകയാണ് ചില്ലുതിരയിൽ.

'മോളേ, ഇത് രേവതി. എന്റെ പുതിയ കൊളിഗാണ്.'

അമ്മയുടെകൂടെ വന്ന ചെറുപ്പക്കാരിയുടെ നേർക്ക് ഒന്ന് നോക്കുകപോലും ചെയ്യാതെ അവൾ പെട്ടെന്ന് ടി.വിയുടെ ശബ്ദം കൂട്ടിയപ്പോൾ കൊമ്പും, വാലും, കൂറ്റൻ ശരീരങ്ങളുമുള്ള ഗോളാന്തരജീവികൾ തിരയിൽ കിടന്ന് ചാടിത്തുള്ളാൻ തുടങ്ങി.

രേവതി പ്രിയംവദയുടെ നേർക്ക് നോക്കി കണ്ണിറുക്കിക്കാട്ടി.

അവർ തീൻമേശയ്ക്കരികിൽ ചായ കുടിക്കാനിരുന്നപ്പോൾ നീതു എഴുന്നേറ്റ് തന്റെ മുറിയിലേക്ക് നടക്കുന്നത് കണ്ടു.

'അയാം സോറി, രേവതി,' പ്രിയംവദ തെല്ലൊരു വല്ലായ്മയോടെ പറഞ്ഞു.

രേവതിയാകട്ടെ, ചിരിയടക്കാൻ പണിപ്പെടുകയായിരുന്നു.

'പൂംപൈതൽ ലേശം ഉടക്കിലാണെന്ന് തോന്നുന്നല്ലോ.'

ബാൽക്കണിയിലൂടെ കാണാവുന്ന ഇരുണ്ടുവരുന്ന ആകാശത്തേക്ക് നോക്കിയിരിക്കുകയായിരുന്നു പ്രിയംവദ. വെളിച്ചവും ഇരുട്ടുമില്ലാത്ത നരവിണ ആകാശം. അഞ്ചാം നിലയിൽനിന്ന് കാണാവുന്ന ആകാശത്ത് ഇരുട്ട് പരക്കുന്നത് അൽപ്പംകൂടി വൈകിയിട്ടാണ്.

താൻ നീതുവിന്റെ മുറിയിലേക്ക് ഒന്ന് പൊയ്ക്കോട്ടെ എന്ന് രേവതി കണ്ണുകൊണ്ട് ആംഗ്യം കാട്ടിയപ്പോൾ പ്രിയംവദ വെറുതെ തലയാട്ടി.

പതിവുപോലെ, ബാൽക്കണിയിലേക്ക് കടന്ന്, കൈവരിയിൽ പിടിച്ച് അങ്ങനെ നിന്നു. തനിച്ചാകുന്ന സായാഹ്നങ്ങളിൽ ഈ ബാൽക്കണിയുടെ പിൻബലം വളരെ വലുതാണ്. ചുറ്റും കാണാൻ കിട്ടുന്ന ലോകമെങ്കിലും തന്റെ കൂടെയുണ്ടെന്ന തോന്നൽ വലിയ ആശ്വാസം തരുന്നു.

മറ്റൊരു സന്ധ്യ. എതിരെയുള്ള കെട്ടിടങ്ങളിൽ വെളിച്ചത്തിന്റെ ചതുരങ്ങൾ നേരത്തേ തെളിയാൻ തുടങ്ങിയിരിക്കുന്നു.

പ്രിയംവദ കാത്തുനിൽക്കുകയായിരുന്നു.

രേവതി മടങ്ങിവരാൻ കുറച്ചുനേരമെടുത്തു. മുഖത്തെ ജാള്യം ചെറിയൊരു ചിരിയിൽ മറയ്ക്കാൻ പണിപ്പെടുകയാണ് അവളെന്നു തോന്നി.

'എ റിയലി ടഫ് നട്ട് ടു ക്രാക്ക്,' രേവതിയുടെ മുഖത്ത് അപ്പോഴും അതേ ചിരിയാണ്.

'ആ കട്ടിത്തോട് പൊട്ടിക്കേണ്ട ചുമതല, കുഞ്ഞേ, നിനക്കുതന്നെ.'

'ഒരു സംശയവുമില്ല, മാഡം. അത് പൊട്ടിച്ചേ പറ്റൂ. എനിക്കിത് മറ്റൊരു ദൗത്യമാകുന്നു.'

'അത്ര എളുപ്പമാണെന്ന് കരുതുന്നുണ്ടോ?'

'ഇതൊക്കെ നമ്മുടെ തൊഴിലിന്റെ ഭാഗമല്ലേ മാഡം? ഇതിലും വലിയ കൊടികെട്ടിയ കാർത്തവീര്യാർജ്ജുനന്മാരുടെ തോടുകൾ പൊട്ടിക്കാറില്ലേ നമ്മൾ. പിന്നെയാണോ ലോകം കാണാത്ത, ജീവിതം കാണാത്ത ഈ കിളുന്ത് പെൺകൊച്ച്? പൊരിവെയിലത്ത് ഒന്നര നിമിഷം തികച്ചുനിന്നാൽ വാടിപ്പോകുന്നവർ ജിവിതത്തെക്കുറിച്ച് എന്തറിയാനാണ്?'

'അത്തരക്കാരെ കൈകാര്യം ചെയ്യാനാവും പാട്.' പ്രിയംവദ നെടുവീർപ്പിട്ടു: 'അവളെ തണലത്ത് നിറുത്തി വളർത്താൻ നോക്കിയത് എന്റെ തെറ്റാവാം. പക്ഷേ, എന്റെ ജീവിതംതന്നെ ഒരു പന്തിയില്ലായ്മയിൽനിന്ന് മറ്റൊന്നിലേക്ക് പടർന്നു കയറിക്കൊണ്ടിരിക്കെ അവളുടെ കാര്യം വേണ്ട പോലെ ശ്രദ്ധിക്കാനായില്ല.'

ആ ഏറ്റുപറച്ചിലിൽ സങ്കടത്തേക്കാൾ കൂടുതൽ നിസ്സഹായതയായിരുന്നു.

'അങ്ങനെയൊന്നുമില്ല മാഡം. കുട്ടികളെ നാം വളർത്തുകയല്ലല്ലോ, അവർ സ്വയം വളരുകയല്ലേ, പൂച്ചെടികളെപ്പോലെ, മരങ്ങളെപ്പൊലെ, മറ്റു ജീവജാലങ്ങളെപ്പോലെ. അതിനു പുറകിലുമുണ്ട് ചില കണിശമായ പ്രകൃതിനിയമങ്ങൾ.'

പ്രിയംവദയൊന്നും പറഞ്ഞില്ല. രാത്രിയിൽ അത്താഴം കഴിഞ്ഞ് രേവതിയെ കൊണ്ടുവിടാൻ തിരികെ വണ്ടിയോടിക്കുമ്പോൾ അവർ നിശ്ശബ്ദയായിരുന്നു.

'എന്തേ മാഡം?' രേവതി ചോദിച്ചു.

'എന്റെയൊക്കെ ജിവിതം എന്ത് ജീവിതമാണ് രേവതീ. ചിലപ്പോൾ വെറുതെയിരുന്ന് ഓരോന്ന് ആലോചിച്ചു കൂട്ടുമ്പോൾ ആർക്കുവേണ്ടിയാണ് ഈ പാടുപെടുന്നതെന്ന് ഓർത്തുപോകാറുണ്ട്.'

'ഇത്ര പെട്ടെന്ന് ഡെസ്പറേറ്റാകാൻ...?'

'ഡെസ്പറേറ്റൊന്നുമല്ല. രേവതിക്കറിയില്ല എന്റെ ശരിയായ ചുറ്റുപാടുകൾ. ഇത്രയും പ്രായത്തിനുള്ളിൽ ഒരു രണ്ടു ജന്മമെങ്കിലും ജീവിച്ചു തീർത്തതുപോലെ.'

'ചിലതൊക്കെ കേട്ടിട്ടുണ്ട്.'

'കേട്ടതൊന്നും ഒന്നുമാവില്ല. അതിലും എത്രയോ വിഷമംപിടിച്ച നാളുകളിലൂടെ ഞാൻ കടന്നുപോയിരിക്കുന്നു. അതും തനിച്ച്, ദൈവത്തിന്റെ പോലും തുണയില്ലാതെ. പറയാം, ഒക്കെ പതുക്കെ പറഞ്ഞു തരാം. മറ്റുള്ളവരിൽനിന്ന് കേട്ടറിയുന്നതിനെക്കാൾ ഭേദം ഞാൻതന്നെ പറഞ്ഞുതരുന്നതാവും.'

ഹോസ്റ്റലിലേക്കുള്ള കാർയാത്രയിൽ പലതും പറഞ്ഞൊതുക്കാൻ നോക്കുകയായിരുന്നു പ്രിയംവദ.

'ഇത്തിരി മുമ്പ് വിട്ടിലെ ടീവിയിൽ ചില കാഴ്ചകൾ കണ്ടില്ലേ? കൊമ്പും, വാലും, കൂറ്റൻ ശരീരങ്ങളുമുള്ള, പ്രാകൃതശബ്ദങ്ങളുണ്ടാക്കുന്ന, ചില ഗോളാന്തരജീവികൾ. അത്തരം ചില ജീവികൾ കിടന്നു തിമർത്തുകൊണ്ടിരുന്നു ഏറെക്കാലം എന്റെ ജീവിതത്തിലും.'

പ്രിയംവദ നെടുവീർപ്പിട്ടു.

ആരോടെങ്കിലും തുറന്നു പറഞ്ഞ് ഉള്ളിലെ ഭാരം കുറയ്ക്കണമെന്ന് കരുതിയിരുന്ന കാര്യങ്ങൾ. പ്രായവ്യത്യാസം കാരണം ചിലതൊക്കെ രേവതിയോട് തുറന്നു പറയാൻ ആദ്യം മടി തോന്നിയെങ്കിലും പറഞ്ഞുതുടങ്ങിയപ്പോൾ നിറുത്താൻ വിഷമമായി. ഇടയ്ക്കൊക്കെ പാളിനോക്കിയപ്പോൾ എതിരെ വരുന്ന വാഹനങ്ങളുടെ മുൻവെളിച്ചത്തിൽ കാണായ രേവതിയുടെ മുഖത്ത് ആർദ്രമായ തെളിച്ചം.

പ്രായംകൊണ്ടു താഴെയാണെങ്കിലും എത്രയോ പാകത നേടിയ പെൺകുട്ടി. കൊടുംവെയിലത്ത് വാടാതെ നിൽക്കാൻ ശീലിച്ചവൾ.

ഹോസ്റ്റലിന്റെ മുറ്റത്ത് കാറ് നിറുത്തുമ്പോൾ രേവതിയുടെ മുഖം വല്ലാതായിരിക്കുന്നത് പ്രിയംവദ കണ്ടു.

'ഞാൻ നിന്നെ വല്ലാതെ അലട്ടിയോ, കുട്ടീ?'

'നോ മാഡം.' രേവതി അവരുടെ വിരലുകളിൽ വിരൽ കോർത്ത് കൈപ്പത്തിയിൽ അമർത്തി പിടിച്ചു.

'കേട്ടപ്പോൾ എന്തോപോലെ. നമ്മളൊക്കെ നോക്കിക്കാണുന്നതിലും എത്രയോ വിചിത്രമാണീ മനുഷ്യമനസ്സിന്റെ യാത്രകൾ. വേറിട്ട മുഹൂർത്തങ്ങളിൽ ഒരാളെങ്ങനെ പെരുമാറുമെന്ന് ആർക്കു പറയാൻ കഴിയും? വളരെ നോർമ്മലാണെന്ന് നാമൊക്കെ കരുതുന്നവരായിരിക്കും ചിലപ്പോൾ ഏറ്റവും വിചിത്രമായി പെരുമാറുക. ചിലപ്പോൾ അത്തരം പെരുമാറ്റങ്ങൾ വിസ്മയിപ്പിക്കുന്നതിനെക്കാൾ വേദനിപ്പിക്കുകയാവും ചെയ്യുക.'

'തുറന്നു പറയാൻ ആരുമില്ലല്ലോ എന്ന് സങ്കടപ്പെടുകയായിരുന്നു ഇതേവരെ. നീതുവായിരുന്നു എന്നും എന്റെ ഒരേയൊരു കൂട്ട്. ഞങ്ങൾ നല്ല കൂട്ടുകാരായിരുന്നെങ്കിലും ഒരമ്മയ്ക്ക് മകളോട് തുറന്നുപറയാനാവാത്ത എത്രയോ കാര്യങ്ങൾ... പിന്നെ ആ ആലീസ്, കമ്പനിയിലെ ചില സഹപ്രവർത്തകർ. ഫോണിലൂടെയും, മെയിലിലൂടെയും ഇപ്പോഴും ബന്ധം നിലനിറുത്തുന്ന ചില പഴയ കൂട്ടുകാർ. ഇവരിൽ ഓരോരുത്തരോടും പറയാൻ കഴിയുന്ന കാര്യങ്ങൾക്ക് ഓരോ തരത്തിലുള്ള പരിമിതികളുണ്ട്.'

ഒക്കെ മനസ്സിലാകുന്നുണ്ടെന്ന മട്ടിൽ തലയാട്ടിക്കൊണ്ട് രേവതി വീണ്ടും അവരുടെ കൈകളിൽ പിടിച്ചമർത്തി.

'മാഡത്തിന് എന്നെ ഒരു കൊച്ചനിയത്തിയെപ്പോലെ കാണാം. അല്ലെങ്കിൽ മകളെപ്പോലെ.'

'അനിയത്തിയാവും ഭേദം.' പ്രിയംവദ ചിരിച്ചു: 'മകളാവുമ്പോൾ പറയാവുന്ന കാര്യങ്ങൾക്ക് താനെ പരിധികളുണ്ടാകുന്നു.'

വൈകുന്നേരം ചെറുതായി മഴ ചാറിയിരുന്നെന്നു തോന്നുന്നു. നനഞ്ഞ മുറ്റത്തെ അനേകം കാണാക്കുഴികളിൽനിന്ന് ഈയാംപാറ്റകൾ മുളച്ചു പൊങ്ങാൻ തുടങ്ങിയത് പെട്ടെന്നാണ്. സോപ്പുകുമിളകൾപോലെ എവിടന്നോ ഒക്കെ മുളപൊട്ടി, പെരുകിപ്പരന്ന് ഉയരങ്ങളിലൊക്കെ നിറഞ്ഞ്...

വീണ്ടും ഈയലുകൾ, മുറ്റത്തിന്റെ അസംഖ്യം സുഷിരങ്ങളിലൂടെ, ഭൂമിയുടെ അടിമണ്ണിൽനിന്ന് ഉയരുന്ന ജീവന്റെ പുതിയ പൊടിപ്പുകളായി. വരാന്തയിലെ ട്യൂബ്ലൈറ്റുകൾക്കു ചുറ്റും ഇപ്പോൾ വട്ടമിട്ടു പറക്കുന്ന ഈയാംപാറ്റകളുടെ മഹാപ്രപഞ്ചമാണ്.

'ഇപ്പോൾ നമുക്കു ചുറ്റും ഈയാംപാറ്റകളുടെ ആകാശമാണല്ലേ രേവതീ. ഒരു രാത്രിയുടെ ആയുസ്സ് മാത്രമുള്ള ഈയാംപാറ്റകൾ.' പ്രിയംവദ പിറുപിറുത്തു.

രേവതി കാറിൽനിന്ന് ഇറങ്ങി തെല്ലുനേരം മുറ്റത്തുതന്നെ നിന്നു. ഈയലുകളുടെ ശല്യം കാരണം വരാന്തയിൽ കയറാനാവുന്നില്ല.

പ്രിയംവദ വണ്ടി തിരിക്കുമ്പോൾ രേവതി കൈവീശി യാത്ര പറഞ്ഞു. ഈയാംപാറ്റകളിൽനിന്ന് രക്ഷപ്പെടാനായിരിക്കണം, ആരോ പുറത്തെ വിളക്കുകളെല്ലാം അണച്ചിരിക്കുന്നു.

കോമ്പൗണ്ടിലെ നനഞ്ഞ ഇരുട്ടിലൂടെ, ഗെയിറ്റ് കടന്നു വണ്ടി നിരത്തിലെ മഞ്ഞവെളിച്ചത്തിലേക്കിറക്കുമ്പോൾ പ്രിയംവദ ഓർത്തുകൊണ്ടിരുന്നത് മറ്റൊന്നായിരുന്നു.

ഇത്രയും നേരം സംസാരിച്ചിരുന്നിട്ടും മനപ്പൂർവം പറയാതെ നോക്കിയത് ഗോവയിലെ ആ ദിവസങ്ങളെപ്പറ്റി മാത്രമായിരുന്നു.

ഡോക്ടർസാബ്. ഡോക്ടർ റോയ്ചൗധരി.

ഗോവയിലെ നനഞ്ഞു കുതിർന്ന സായാഹ്നം. കടൽപ്പാമ്പുകളെപ്പോലെ കെട്ടിവരിഞ്ഞ്, കോമ്പൗണ്ടിന്റെ അതിരിലെ പാറക്കെട്ടുകളിൽ തല്ലിയലച്ചുകൊണ്ടിരുന്ന ഇരുണ്ട തിരമാലകൾ. എല്ലാം കണ്ടുകൊണ്ട് വീശിക്കടന്നുപോയിരുന്ന സെർച്ച്ലൈറ്റിന്റെ വെളിച്ചം. അത് കടലിന്റെ തിളങ്ങുന്ന കള്ളക്കണ്ണായിരുന്നു, എല്ലാം കാണുന്നവന്റെ കള്ളനോട്ടമായിരുന്നു.

പ്രിയംവദ അറിയാതെയൊന്നു നടുങ്ങി. രേവതിയുമായുള്ള സംസാരത്തിൽ ഡോക്ടർസാബിന്റെ പേര് അറിയാതെപോലും വന്നുപോകരുതേ എന്നവർ പ്രാർത്ഥിച്ചു.

ചിലതെങ്കിലും തന്റേതുമാത്രമായി സൂക്ഷിച്ചുവയ്ക്കാതെ വയ്യല്ലോ. എല്ലാം തുറന്നു പറയുകയെന്നു വച്ചാൽ പ്രിയംവദയെന്ന ഞാൻ തന്നെ ഇല്ലാതാകുകയാവും ഫലം. എത്രയായാലും ഇവളൊരു കൊച്ചു പെൺകുട്ടി മാത്രം. ഒരാണിന്റെ കൂടെ പൊറുക്കാത്തവൾക്ക് ജീവിതത്തെപ്പറ്റി എന്തറിയാനാണ്?

വീട്ടിലെത്തിയപ്പോൾ അവിടെയും നിറയെ ഈയാംപാറ്റകൾ. അപ്പാർട്ട്മെന്റ് കോംപ്ലക്സിനു ചുറ്റും സിമന്റിട്ടിരിക്കുന്നതുകൊണ്ട് മതിൽക്കെട്ടിനപ്പുറത്തു നിന്നാണ് ഈയലുകൾ കൂട്ടമായി പൊങ്ങിപ്പരക്കുന്നത്.

മുഖത്തേക്ക് പാറിവീഴുന്ന ഈയലുകളെ തട്ടിമാറ്റി ലിഫ്റ്റിനടുത്തേക്ക് നീങ്ങുമ്പോൾ ഇവയ്ക്ക് അഞ്ചാം നിലയുടെ ഉയരം വരെ പറന്നെത്താനാവില്ലല്ലോ എന്ന് പ്രിയംവദ ആശ്വസിച്ചു.

ഉയരങ്ങളിൽ താമസിക്കുന്നവർക്ക് ഇങ്ങനെ ചിലതിൽനിന്നൊക്കെ രക്ഷപ്പെടാനാകുന്നു.

കാളിങ് ബെല്ലടിച്ചപ്പോൾ കതക് തുറക്കാൻ വൈകി. ഒടുവിൽ വേലക്കാരി ബായിയാണ് കതക് തുറന്നത്.

അകത്ത് കടന്നപ്പോൾ നീതു സോഫയിൽക്കിടന്ന് വായിക്കുന്നതു കണ്ടു. ബെല്ലിന്റെ ശബ്ദം കേട്ടില്ലെന്ന മട്ടാണവൾക്ക്.

അപ്പോൾ മുമ്പൊന്നും ഉണ്ടാകാത്ത വിധത്തിൽ തന്റെ ഉള്ളിൽ അരിശം പതഞ്ഞു പൊങ്ങുന്നത് പ്രിയംവദയറിഞ്ഞു. എല്ലാം കടിച്ചമർത്തി മുറിയിലേക്ക് നടക്കുമ്പോൾ പുറകിൽ നീതുവിന്റെ പരുക്കൻ ശബ്ദം കേട്ടു.

'കണ്ണിൽക്കണ്ടവരെയൊക്കെ ഈ വീട്ടിൽ കൊണ്ടുവരുന്നത് എനിക്കിഷ്ടമല്ല.'

പ്രിയംവദ പൊടുന്നനേ തിരിഞ്ഞു നിന്നു.

'കണ്ണിൽക്കണ്ടവരൊന്നുമല്ല, രേവതി എന്റെ കൊളീഗാണ്, ചങ്ങാതിയാണ്.'

'കൊളീഗും ചങ്ങാതിയുമൊക്കെ പുറത്ത്. ഇവിടെ എനിക്കല്പം പ്രൈവസി വേണം. അതിലേക്ക് ആരും കടന്നു കയറാൻ ഞാൻ അനുവദിക്കില്ല.'

തലയ്ക്കകത്തേക്ക് ദുഷിച്ച ചോര പതഞ്ഞുകയറുകയാണ്. ഉടലാകെ തരിപ്പ് പടരുന്നു. ശബ്ദം ആവുന്നത്ര മയപ്പെടുത്താൻ പണിപ്പെട്ടുകൊണ്ട് പ്രിയംവദ പറഞ്ഞു:

'ഇവിടെ, എന്റെ വീട്ടിൽ ആരൊക്കെയാണ് വരേണ്ടതെന്ന് തീരുമാനിക്കേണ്ടത് ഞാനാണ്.'

'അപ്പോൾ, ഒടുവിൽ അങ്ങനെയായി അല്ലേ, എന്റെയും നിന്റെയുമൊക്കെ...'

നീതു സെറ്റിയിൽനിന്ന് ചാടിയെഴുന്നേൽക്കുന്നത് കണ്ടപ്പോൾ പ്രിയംവദ വല്ലാതായി.

വേണ്ടായിരുന്നു, വേണ്ടായിരുന്നു. പ്രിയംവദ തല കുടഞ്ഞു.

വിവരക്കേടുകൊണ്ട് അവൾ വിളിച്ചു പറഞ്ഞതിനെക്കാൾ എത്രയോ തരംതാണതായി തന്റെ മറുപടി.

ചോര താനേ ഇറങ്ങി. ശബ്ദം തണുത്തു:

'ഞാൻ അങ്ങനെയൊന്നും ഉദ്ദേശിച്ചില്ലല്ലോ എന്റെ മോളേ.'

'ഇപ്പോഴെങ്കിലും തുറന്നു പറഞ്ഞതു നന്നായി. അല്ലെങ്കിലും ഞാനിത് എത്രയോ നേരത്തേ തിരിച്ചറിയേണ്ടതായിരുന്നു.'

'നീതുമോളേ, അയാം സോറി. ഞാൻ അങ്ങനെ ഉദ്ദേശിച്ചതേയില്ല.' വെറുതെ ആവർത്തിക്കുയാണ്.

നീതു അമർത്തിച്ചവിട്ടിക്കൊണ്ട് അവളുടെ മുറിയിലേക്ക് നടക്കുകയാണ്. തോളത്ത് കൈയിട്ട് ചേർത്തുപിടിക്കാൻ നോക്കിയപ്പോൾ അവൾ ഊക്കോടെ കുതറി മാറി. പെട്ടെന്നായതുകൊണ്ട് തെന്നി വീഴാതിരിക്കാൻ പ്രിയംവദ സോഫയിൽക്കയറിപ്പിടിച്ചു.

'സ്വന്തം വീടായത് നന്നായി. ഇനി ആരെ വേണമെങ്കിലും വിളിച്ചു കയറ്റാമല്ലോ, ആരെയും, എനിബഡി ഫോർ ദാറ്റ് മാറ്റർ.'

വലിയ ഒച്ചയോടെ അവൾ തന്റെ മുറിയുടെ വാതിൽ വലിച്ചടച്ചപ്പോൾ താൻ ഉരുകിയില്ലാതായിപ്പോകുന്നതുപോലെ പ്രിയംവദയ്ക്ക് തോന്നി.

ഓർക്കാപ്പുറത്ത് അവളുടെ നാവിൽനിന്ന് വീണുപോയ വാക്കുകൾക്ക് അവൾ ഉദ്ദേശിച്ചതിനെക്കാൾ എത്രയോ കൂടുതൽ അർത്ഥതലങ്ങളുണ്ടല്ലോ എന്നോർത്തപ്പോൾ പ്രിയംവദ അറിയാതെ വിറച്ചുപോയി.

അത് ചെന്നുകൊള്ളുന്നത് എവിടെയാണെന്നോ അതുണ്ടാക്കുന്ന മുറിവുകളുടെ ആഴം എത്രയാണെന്നോ ഒന്നും മനസ്സിലാക്കാനുള്ള കെല്പില്ലല്ലോ ഈ പെൺകുട്ടിക്ക്.

പൊടുന്നനേ ടി.വിയിലെ ചില്ലുതിരയിൽ വെളിച്ചം തെളിഞ്ഞു. ചെറിയൊരു പരസ്യത്തിനു ശേഷം പതിവുള്ള ചിരിയില്ലാതെ, തൂങ്ങിയ മുഖവുമായി നീലിമ.

'വേണ്ടായിരുന്നു ദീദീ, ഇത്രയങ്ങ് പോകാൻ പാടില്ലായിരുന്നു!' നീലിമ താഴ്ന്ന ശബ്ദത്തിൽ പറഞ്ഞു: 'എത്രയോ വീടുകളിലെ, ഏതൊക്കെ കാഴ്ചകൾ കാണുന്നവരാണ് ഞങ്ങൾ. പക്ഷേ, പോയിപ്പോയി നിങ്ങൾ രണ്ടുപേരും കൂടി എല്ലാ അതിരുകളും കടക്കാൻ തുടങ്ങിയിരിക്കുന്നു. സൂക്ഷിച്ചാൽ എല്ലാവർക്കും നല്ലത്.'

അന്നാദ്യമായി നീലിമയുടെ ഇടപെടൽ തീരെ ഇഷ്ടപ്പെട്ടില്ല പ്രിയംവദയ്ക്ക്.

'നിന്റെയൊക്കെ ജീവിതത്തിൽ ഇങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്ന് ആശിച്ചു പോകുകയാണ് ഞാൻ.'

അതു കേൾക്കാത്ത മട്ടിൽ നീലിമ തുടർന്നു:

'സാക്ഷികളാകുകയെന്നത് ഞങ്ങളുടെ നിയോഗമാണ്, ഒരളവിൽ മഹാശാപവും. ആരോ തട്ടിക്കൂട്ടിയ കറുത്ത ചതുരക്കൂട്ടിനകത്തിരുന്ന് ഇത്തരം വേണ്ടതും വേണ്ടാത്തതുമായ കാഴ്ചകൾ കാണേണ്ടിവരുമ്പോൾ, നിർദ്ദോഷമായ ചില കമന്റുകളിലൂടെ ഇടപെടേണ്ടി വരുമ്പോൾ, അത്തരം ഇടപെടലുകളുടെ വ്യർത്ഥത ഞങ്ങളറിയുന്നു. ഒരിക്കൽ എല്ലാം തുറന്നു പറയാമെന്ന് അന്ന് ദീദിതന്നെ വാക്കു പറഞ്ഞതാണെങ്കിലും ഒന്നും പറഞ്ഞില്ലല്ലോ ഇതേവരെ. ഒരു ഉത്തരവാദപ്പെട്ട മാദ്ധ്യമപ്രവർത്തക എന്ന നിലയിൽ...'

തീരെ ഇഷ്ടപ്പെട്ടില്ല പ്രിയംവദയ്ക്ക്. ഇടപെടലുകളിലും അല്പം ഔചിത്യം വേണം, ലേശം പരിസരബോധവും.

അവളോടു തർക്കിക്കാൻ നിൽക്കാതെ ടി.വി. ഓഫ് ചെയ്ത് പ്രിയംവദ കിടപ്പുമുറിയിലേക്ക് നടന്നു.

വേഷംപോലും മാറാതെ കട്ടിലിൽ ചെന്നു വീഴുമ്പോൾ എന്തോ പ്രിയംവദയ്ക്ക് കരയണമെന്നുകൂടി തോന്നിയില്ല. മരവിച്ച് കനം തൂങ്ങിയ മനസ്സിൽ കരച്ചിലിന്റെ പ്രസക്തിപോലും നഷ്ടപ്പെട്ടു പോയിരുന്നു.

ഈ രാത്രിയിൽ ഉറക്കം കിട്ടാനായി തനിക്ക് എത്ര ഗുളികകളുടെ സഹായം വേണ്ടിവരുമെന്ന് ഓർത്തുപോകുകയായിരുന്നു അവർ.

നീതുവാകട്ടെ അന്നേരം ഏതോ ചില പഴയ ഡയറികളിൽ അച്ഛന്റെ ഫോൺ നമ്പർ തിരയുകയായിരുന്നു.

ഇരുപത്തൊന്ന്

ഓഫീസിലെ ലാപ്ടോപ്പ് തുറന്നപ്പോഴാണ് കണ്ടത്, എത്രയോ നാളുകൾക്കു ശേഷം രഞ്ജിത്തിന്റെ ഒരു ഇ-മെയിൽ. വളരെ ചെറിയൊരു കുറിപ്പ് മാത്രം.

'നീതുവിന്റെ കാര്യത്തിൽ അന്ന് യാതൊരു തർക്കത്തിനും മുതിരാതിരുന്നത് അവൾക്ക് വളരാൻ പറ്റിയ അന്തരീക്ഷം അവിടെയുണ്ടാകുമെന്ന വിശ്വാസത്തിലായിരുന്നു. ഇപ്പോൾ കാര്യങ്ങളുടെ പോക്ക് നേരായ വഴിക്കല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരച്ഛനെന്ന നിലയിൽ മോളുടെ കാര്യത്തിൽ എനിക്കുമുണ്ട് ചില വലിയ ചുമതലകൾ. എന്തുവന്നാലും എന്റെ മോള് സങ്കടപ്പെടാൻ ഞാൻ അനുവദിക്കില്ല. അന്ന് കോടതിയും കേസ്സുമൊക്കെ വേണ്ടെന്നു വച്ചത് എന്റെ ദൗർബ്ബല്യമായി കാണാൻ ശ്രമിക്കണ്ട. വെറുതെ

മറ്റുള്ളവർക്ക് പറഞ്ഞു ചിരിക്കാൻ അവസരം കൊടുക്കേണ്ടല്ലോ എന്നു കരുതി. എന്തായാലും, ഇനി ഇക്കാര്യത്തിൽ അത്തരം വിട്ടുവീഴ്ചകൾക്ക് പ്രസക്തിയില്ലെന്ന് തോന്നിപ്പോകുന്നു. വേണ്ടിവന്നാൽ എത്ര ദൂരംവരെ പോകാനും എനിക്ക് കഴിയുമെന്ന് പറയാതെതന്നെ അറിയാമല്ലോ...'

പൊടുന്നനേ നിറുത്തിയിരിക്കുകയാണ്. ഒരു മറുപടി കാക്കുന്നില്ലെന്ന് വ്യക്തം.

ഇതൊരു താക്കീത് മാത്രം. ഇനി ചെയ്യേണ്ടത് എന്തൊക്കെയാണെന്ന് അയാൾ ഇതിനകം തീരുമാനിച്ചു വെച്ചു കാണും. അല്ലെങ്കിലും, രഞ്ജിത്ത് എപ്പോഴും അങ്ങനെയാണ്. വേണ്ടത്ര കണക്കുകൂട്ടലുകളില്ലാതെ അയാളൊരു നീക്കവും നടത്താറില്ല.

ആ കത്തിലെ ഓരോ വരികളും തിരിച്ചും മറിച്ചും വായിച്ച് അവയ്ക്കിടയിൽ ഒരുപാട് അർത്ഥങ്ങൾ തിരയുകയായിരുന്നു പ്രിയംവദ. മുനവച്ച വാക്കുകളുടെ ഇടയിൽ അയാൾ സമർത്ഥമായി ഒളിപ്പിച്ചുവയ്ക്കുന്ന അർത്ഥങ്ങൾ കണ്ടുപിടിക്കാൻ മുമ്പും മിനക്കെട്ടിട്ടുണ്ട് പലതവണ.

പക്ഷേ, ഇപ്പോൾ ഒരാണിന്റെ അവസാനത്തെ അടവായ അച്ഛന്റെ ഉത്തരവാദിത്വമെന്ന തുറുപ്പുചീട്ട് ഇറക്കിക്കളിക്കാൻ നോക്കുകയാണ് അയാൾ. നീതുവിന് പ്രായപൂർത്തിയായതുകൊണ്ട് ഇനി ഇതിൽ കോടതികൾക്കൊന്നും ചെയ്യാനില്ല. അവളുടെ ഇഷ്ടമായിരിക്കും അവസാനവാക്കെന്ന് അറിയാവുന്നതുകൊണ്ടാവാം അച്ഛന്റെ അവകാശത്തിൽനിന്ന് അയാളിപ്പോൾ അച്ഛന്റെ ഉത്തരവാദിത്വത്തിലേക്ക് കടക്കുന്നത്.

ഒരുകാലത്ത് നീതുവിന്റെ ഏറ്റവും വലിയ മോഹമായിരുന്നു, അമേരിക്കയിലെ ഏതെങ്കിലും പേരുകേട്ട യൂണിവേഴ്സിറ്റിയിൽ പോയി പഠിക്കുകയെന്നത്.

പഠിത്തം കഴിഞ്ഞ് അമ്മയെപ്പോലെ ഇവിടത്തെ ഏതെങ്കിലും കമ്പനിയിൽ കയറിക്കൂടി രാപ്പകൽ മനസ്സമാധാനമില്ലാതെ കിടന്ന് കഷ്ടപ്പെടാൻ എന്നെക്കിട്ടില്ല കേട്ടോ, അവൾ പലപ്പോഴും പറയാറുണ്ട്. എനിക്കിനിയും പഠിക്കണം. ഒരുപാട് പഠിക്കണം.

കമ്പനിജോലിയേക്കാൾ അക്കാദമിക് മേഖലയോടായിരുന്നു അവൾക്ക് പ്രിയം. ഒന്നുകിൽ ഗവേഷണം. അല്ലെങ്കിൽ പഠിപ്പിക്കൽ.

പെട്ടെന്ന് പ്രിയംവദയുടെ തലയ്ക്കകത്ത് എന്തോ മിന്നി.

ചിലപ്പോൾ നീതുവിന്റെ ആ പഴയ മോഹത്തിലായിരിക്കും രഞ്ജിത്ത് കയറിപ്പിടിക്കാൻ നോക്കുക. അവളെ അമേരിക്കയിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ ചേർക്കാൻ നോക്കുക, കഴിയുമെങ്കിൽ അയാളുടെ നഗരത്തിൽത്തന്നെ. എങ്കിൽ ഒപ്പം താമസിക്കാമല്ലോ.

അതോർത്തപ്പോൾ പ്രിയംവദ ഒന്നു നടുങ്ങി. അങ്ങനെ ഒരവസരം അയാൾ ഒരുക്കിക്കൊടുത്താൽ തനിക്കൊരിക്കലും തടയാൻ കഴിഞ്ഞേക്കില്ല. അച്ഛനേക്കാൾ വലിയ പിടിവാശിക്കാരിയാണ് മകൾ. ഉള്ളിൽ എന്തെങ്കിലും കയറിക്കൂടിയാൽ പിന്നെ അതിൽനിന്ന് പിൻവാങ്ങുന്ന പ്രശ്നമേയില്ല.

അതോടെ എല്ലാ ബന്ധങ്ങളും തീരുകയായി. ഇത്രയും കാലം ഒരു തള്ളപ്പക്ഷിയുടെ കരുതലോടെ ചിറകുകൾക്കിടയിൽ വളർത്തി വലുതാക്കിയതൊക്കെ മറക്കാം, എന്നെന്നേക്കുമായി. ഒരുപക്ഷേ, ഇനിയവളെ കാണാൻ കൂടി കഴിഞ്ഞേക്കില്ല.

മനസ്സ് വല്ലാതെ വിങ്ങിക്കൂടുകയാണ്. സാധാരണയായി രാവിലെ ഓഫീസിൽ വെച്ച് ഇ-മെയിൽ പെട്ടി തുറക്കുക പതിവില്ലായിരുന്നു. അലട്ടലുണ്ടാക്കുന്ന സന്ദേശങ്ങൾക്ക് ഒരു ദിവസത്തിന്റെ സ്വസ്ഥതയാകെ നശിപ്പിക്കാൻ കഴിഞ്ഞേക്കും.

ഉച്ചകഴിഞ്ഞ് എം.ഡി. വകുപ്പുതലവന്മാരുടെ മീറ്റിങ് വിളിച്ചുകൂട്ടിയിട്ടുള്ളതുകൊണ്ട് സാമാന്യം നല്ല തിരക്കുള്ള ദിവസമായിരുന്നു. അതിനുവേണ്ടി ലാപ്ടോപ്പിൽ കരുതിവെച്ചിരുന്ന കുറെ വിവരങ്ങൾ തിരഞ്ഞു പോയപ്പോഴാണ്, ഒരു കാര്യവുമില്ലാതെ ആ ഇ-മെയിൽ പെട്ടി തുറക്കാൻ തോന്നിയത്.

കുടുംബത്തിലെ ഇടങ്ങേറുകൾ കാരണം അലങ്കോലമാകാൻ പോകുന്ന മറ്റൊരു പ്രവൃത്തിദിവസം.

തന്റെ മുഖത്തെ ചെറിയൊരു ഭാവപ്പകർച്ചപോലും പെട്ടെന്നു പിടിച്ചെടുക്കാനുള്ള കഴിവുണ്ട് ഹാർവാർഡിന്. ചെറിയൊരു കള്ളച്ചിരിയോടെ അയാളൊരു കമന്റ് പാസാക്കും:

'എച്ച്.ആർ. വകുപ്പിന്റെ തൂങ്ങിയ മുഖം നല്ലൊരു ലക്ഷണമല്ലല്ലോ കമ്പനിക്ക്.'

ആ വാക്കുകളിലെ പരിഹാസം പ്രിയംവദയ്ക്ക് നന്നായി മനസ്സിലാകുമെങ്കിലും അതിനപ്പുറം വേറെ ഏതിലേക്കൊക്കെയാവും അയാൾ വിരൽ ചൂണ്ടുന്നതെന്ന് കണ്ടുപിടിക്കാനാണ് പ്രയാസം. ഒരു മികച്ച കത്തിയേറുകാരന്റെ കൈവഴക്കത്തോടെ വാക്കുകൾ വേണ്ടയിടത്ത്, വേണ്ടവിധത്തിൽ എറിഞ്ഞുകൊള്ളിച്ച്, ആഴത്തിൽ മുറിവേല്പിക്കാൻ സമർത്ഥനാണയാൾ.

ചിലപ്പോൾ പ്രകോപനം. ചിലപ്പോൾ വേണ്ടതിലേറെ തലോടൽ. തനിക്ക് വേണ്ട വിവരങ്ങൾ താഴെയുള്ളവരിൽനിന്ന് തഞ്ചത്തിൽ തോണ്ടിയെടുക്കാൻ കാരണവന്മാരെക്കാൾ വിരുതന്മാരാണ് സബർവാൾ കുടുംബത്തിലെ പുതിയ തലമുറ, പ്രത്യേകിച്ച് ഹാർവാർഡ്.

ലാപ്ടോപ്പിൽനിന്ന് ചില വിവരങ്ങൾ കുറിച്ചെടുത്തുകൊണ്ടിരിക്കെ ഫോൺ ശബ്ദിച്ചു.

ഗൾഫിൽനിന്ന് ശാരദമ്മായിയായിരുന്നു. എത്രയോ നാളുകൾക്കുശേഷം തീരെ പ്രതീക്ഷിക്കാത്തൊരു വിളി.

'പ്രിയ ഫ്രീയാണോ? അല്പനേരം സംസാരിക്കാമോ?'

എത്രയോ കാലമായുള്ള വിളിയാണ്. നല്ല തിരക്കുണ്ടെങ്കിലും സംസാരിക്കാമെന്നുപറഞ്ഞു.

പതിവുള്ള കുശലങ്ങൾക്കു ശേഷം വിഷയത്തിലേക്കെത്താൻ അമ്മായി അല്പം നേരമെടുത്തു:

'എന്താ പ്രിയാ, അവിടെ വീട്ടില് വല്ല പ്രശ്നങ്ങളും?'

അമ്മായിയുടെ ശബ്ദത്തിൽ മുമ്പില്ലാത്ത ഗൗരവം.

'എന്തേ അമ്മായീ. എന്തേ അങ്ങനെ ചോദിച്ചത്?'

'കുറെക്കാലം കൂടിയിട്ട് രഞ്ജിത്തിന്റെ ഒരു മെയിൽ വന്നിരിക്കുന്നു. അതും സാമാന്യം നീണ്ടൊരു മെയിൽ. വായിച്ചപ്പോൾ എന്തോപോലെ തോന്നി, പ്രിയയെ വിളിക്കണമെന്നും. വാസ്തവത്തിൽ നിങ്ങൾ തമ്മിൽ കത്തിടപാടുകളേ ഇല്ലെന്നാണ് ഞാൻ ഇതേവരെ ധരിച്ചിരുന്നത്.'

'അത്തരം കത്തിടപാടുകൾക്ക് ഇനിയെന്ത് പ്രസക്തി, അമ്മായീ.'

'പിന്നെ പെട്ടന്നിപ്പോൾ ഇങ്ങനെയൊരു നീണ്ട മെയിലിന്റെ ഉദ്ദേശം? അല്ലെങ്കിലും അങ്ങനെ ആവശ്യമില്ലാതെ കത്തയയ്ക്കുന്ന പ്രകൃതക്കാരനല്ല രഞ്ജിത്തെന്ന് പ്രിയയ്ക്ക് നന്നായറിയാമല്ലോ. ഇടയ്ക്കൊക്കെ ഒരു ഫോർമാലിറ്റിപോലൊരു ഫോൺകോൾ. അവിടെയും സുഖം, ഇവിടെയും സുഖം, ചില ഗ്രീറ്റിങ് സന്ദേശങ്ങൾ, അത്രതന്നെ. ഇപ്പോൾ എന്താണെന്നറിയില്ല, ഞങ്ങൾക്ക് മനസ്സിലാക്കാനാവാത്ത ചില പുതിയ ഡെവലപ്പുമെന്റുകൾ.'

'അമ്മായി പറഞ്ഞുവരണത്...'

'കേൾക്കാൻ തീരെ സുഖമില്ലാത്ത ചില സൂചനകൾ കണ്ടു ആ കത്തിൽ. നീതുമോൾക്ക് കഴിഞ്ഞുകൂടാൻ പറ്റാത്ത ചുറ്റുപാടുകളാണവിടെ എന്നോ മറ്റോ... അവിടെ നിൽക്കുന്നത് തീരെ സേഫല്ലാത്രേ. എന്താ പ്രിയാ, എന്താവടെ പ്രോബ്ലം?'

പറ്റിയ വാക്കുകൾക്ക് വേണ്ടി അവർ തിരയുന്നതുപോലെ.

'അങ്ങനെ പ്രത്യേകിച്ചൊന്നുമില്ലല്ലോ, അമ്മായീ.'

'പ്രിയാ, നീ എന്തൊക്കെയോ മറച്ചുവയ്ക്കാൻ നോക്കുന്നു. ഫോണിൽ പറയാൻ മടിയുണ്ടെങ്കിൽ മെയിൽ അയയ്ക്കാൻ നോക്കൂ.'

'എങ്ങനെയാണ് പറഞ്ഞു വിശ്വസിപ്പിക്കേണ്ടതെന്ന് അറിയില്ല. അതിന് പാകത്തിന് ഇവിടെ ഒന്നുമുണ്ടായിട്ടില്ലല്ലോ.'

'ലുക്ക് പ്രിയാ,' ഫോണിന്റെ എക്സ്റ്റൻഷനിൽക്കൂടി മാധവേട്ടന്റെ സ്വരം വന്നു: 'രഞ്ജിത്താകെ വല്ലാതെ അപ്സെറ്റായതുപോലെ. നീതു അയാളെ ഫോണിൽ വിളിച്ച് ഒരുപാട് കരഞ്ഞുപോലും.'

അപ്പോൾ കാര്യങ്ങൾ അവിടംവരെ എത്തിയിരിക്കുന്നു. തന്റെ മനസ്സിന് പതിയെ ഭാരം വയ്ക്കുന്നത് പ്രിയംവദയറിഞ്ഞു. ഒരുമ്പെട്ടിറങ്ങിയിരിക്കുകയാണ് രഞ്ജിത്ത്. അതിസമർത്ഥമായി കരുക്കൾ നീക്കാൻ നന്നായറിയാം അയാൾക്ക്. ഇപ്പോൾ കൂട്ടിന് സ്വന്തം മകളും.

വീണ്ടും അമ്മായിയുടെ ശബ്ദം:

'നോക്കൂ പ്രിയാ, ഞങ്ങൾ ഇതിലൊക്കെ എന്തിനാണ് ഇടപെടുന്നതെന്ന് നീ കരുതുന്നുണ്ടാകും. ഒരർത്ഥത്തിൽ അത് ശരിയാണുതാനും. പക്ഷേ, ഇതൊക്കെ ഏട്ടനോടുള്ള കടമ മാത്രം. ഏട്ടനുണ്ടായിരുന്നെങ്കിൽ എല്ലാം അങ്ങേര് തന്നെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുമായിരുന്നു. പ്രിയയ്ക്കറിയാല്ലോ, നിങ്ങള് തമ്മിൽ എന്തു പ്രശ്നമുണ്ടായപ്പോഴും ഞങ്ങളൊക്കെ എപ്പോഴും നിന്റൊപ്പമാണ് നിന്നത്. അതുകൊണ്ടുതന്നെ രഞ്ജിത്തിന് അക്കാലത്ത് ഞങ്ങളോട് വലിയ ദേഷ്യമായിരുന്നു. ഞങ്ങളുടെ കുടുംബത്തിലേക്ക്, ഒരമ്മയുടെ സ്ഥാനത്തുനിന്ന്, ഞാൻതന്നെ കൈപിടിച്ച് കയറ്റിയ പെൺകുട്ടിയുടെ അന്തസ്സ് കാക്കേണ്ടത് എന്റെ ചുമതലയാണെന്ന ഉറച്ച വിശ്വാസമായിരുന്നു എനിക്ക്. അതുകൊണ്ട് നീതുവിന്റെ കാര്യത്തിൽ തർക്കം വന്നപ്പോഴും ഞാനും മാധവേട്ടനും ഉറച്ചുതന്നെ നിന്നു, പെൺകുട്ടികൾ വളരേണ്ടത് അമ്മയുടെ കൂടെത്തന്നെയാണെന്ന്. ഒരമ്മയ്ക്ക് മാത്രമേ വളർന്നു വരുന്ന പെൺകുട്ടിയുടെ മനസ്സ് കാണാനാകൂ എന്ന്. പ്രിയയ്ക്കറിയാല്ലോ, മോളെ രഞ്ജിത്തിന് പ്രാണനായിരുന്നു. അവളെ വിട്ടുകൊടുക്കാതിരിക്കാനായി ഏത് കോടതിയിലും കയറാൻ അയാൾ തയ്യാറായിരുന്നു. പക്ഷേ, ഞങ്ങളുടെ നിർബന്ധം കാരണം അവൻ ആ വഴിക്കൊന്നും നീങ്ങിയില്ല.

അതുകൊണ്ടു തന്നെ അവനിപ്പോൾ പ്രതിക്കൂട്ടിൽ നിറുത്തുന്നത് എന്നെയാണ്. എന്റെയാ തീരുമാനം വലിയ അബദ്ധമായിരുന്നെന്ന്...'

കേട്ടുകൊണ്ടിരിക്കാനാവുന്നില്ല:

'അമ്മായി, അമ്മായി പറഞ്ഞുകൊണ്ടുവരുന്നത്...?'

'നോക്കൂ പ്രിയാ, ലെറ്റ്സ് ബി ഫെയർ ടു ഈച്ചദർ!' മാധവേട്ടൻ വീണ്ടും ഇടപെട്ടു, തെല്ലൊരു ഗൗരവസ്വരത്തിൽത്തന്നെ: 'രഞ്ജിത്തിന്റെ മെയിൽ ഞങ്ങളെ വല്ലാതെ അലട്ടുന്നു. ഫോണിൽ പറയാൻ മടിയുള്ളതുകൊണ്ടു തന്നെയാണ് അയാൾ അത്രയും വലിയൊരു കത്തയച്ചിരിക്കുന്നത്. അതിൽ സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണോ എന്നാണ് ഞങ്ങൾക്കറിയേണ്ടത്. നീതുവിന് അമേരിക്കയിലേക്ക് വിളിച്ചു കരയാൻ പാകത്തിന് എന്തെങ്കിലുമൊക്കെ അവിടെ സംഭവിച്ചുകാണുമെന്നാണ് ഞങ്ങളുടെ പേടി. രഞ്ജിത്ത് ഒന്നും ശരിക്ക് തുറന്നു പറയാത്തതുകൊണ്ട് കേൾക്കാൻ സുഖമില്ലാത്ത പലതും ഊഹിച്ചെടുക്കേണ്ടിവരുന്നു. നേരറിയുന്നതുവരെ ഊഹങ്ങൾ പെരുകും, അത്രകണ്ട് മനശ്ശല്യവും...'

ഉള്ളിൽ എന്തൊക്കെയോ തള്ളിക്കയറി വരുന്നതുപോലെ. അടിവയറ്റിൽ നിന്ന് വേണ്ടാത്ത പലതും തികട്ടി വരുമ്പോൾ വായിൽ കയ്പുനീര് നിറയുന്നു.

വീണ്ടും അനാവശ്യമായൊരു പരസ്യവിചാരണ.

വഴിയേ പോകുന്നവർക്കൊക്കെ പെരുവഴിയിലിട്ട് കൊത്തിക്കീറി പരിശോധിക്കാനായി പ്രിയംവദയെന്ന ആരും ചോദിക്കാനില്ലാത്തൊരു സ്ത്രീയുടെ ജീവിതം.

എന്നേ മുറിഞ്ഞുപോയ പഴയൊരു ബന്ധത്തിന്റെ പേരും പറഞ്ഞ് ഇങ്ങനെയൊരു വിചാരണയ്ക്കായി ഇറങ്ങിത്തിരിച്ചിരിക്കുന്നു ഒരമ്മാവനും അമ്മായിയും. വാസ്തവത്തിൽ അവർക്കിപ്പോൾ എന്നോട് എന്തു ബന്ധമാണുള്ളത്? എനിക്കവരോട് എന്തു ബാദ്ധ്യതയാണുള്ളത്?

ഇതിവിടെ നിറുത്താൻ എനിക്ക് വെറും അര നിമിഷം മാത്രം മതിയെന്ന് അവർ ഓർക്കുന്നില്ല. വിവാഹം വേർപെടുത്തി തുണയേതുമില്ലാതെ കഴിയുന്ന ഒരു പാവം നാട്ടിൻപുറത്തുകാരി മദ്ധ്യവയസ്കയൊന്നുമല്ല ഞാനിപ്പോൾ. എനിക്ക് എന്റേതായൊരു ഇടമുണ്ട്, ഞാൻ തന്നെ വളരെ കഷ്ടപ്പെട്ട് കരുപ്പിടിപ്പിച്ചെടുത്ത എന്റേതായൊരു ജീവിതമുണ്ട്. അതിലേക്ക് കടന്നുകയറാൻ ഞാനാരേയും അനുവദിക്കാൻ പോകുന്നില്ല.

ഇത്തരം അനാവശ്യമായ ചോദ്യോത്തരങ്ങൾ പെട്ടെന്ന് അവസാനിപ്പിക്കാൻ ഒരേയൊരു മറുപടി മതി:

'മൈൻഡ് യുവറോൺ ബിസിനസ്! ചോദിക്കാതെ കിട്ടുന്ന ഉപദേശങ്ങൾ കൈക്കൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇനിയതിന്റെ ആവശ്യമില്ല. സ്വന്തം ജീവിതം എങ്ങനെ ജീവിക്കണമെന്ന് ഇപ്പോൾ നന്നായറിയാമെനിക്ക്.'

മുമ്പായിരുന്നെങ്കിൽ അങ്ങനെയൊക്കെ പറയാൻ ഒരു മടിയും തോന്നുമായിരുന്നില്ല. പ്രായമാകുന്നതോടെ വന്നുകയറുന്ന കുറെ അനാവശ്യമായ അരുതായ്മകളും വീണ്ടുവിചാരങ്ങളും. ഒരു വെട്ടിന് രണ്ടായി മുറിച്ചിട്ടാൽ ചിലപ്പോൾ എന്നെന്നേക്കുമായി നഷ്ടപ്പെടാൻ പോകുന്നത് എന്റെ നീതുവിനെയായിരിക്കുമല്ലോ എന്ന ഭീതി എല്ലാറ്റിൽനിന്നും പിന്തിരിപ്പിക്കുന്നു.

അതോർത്തപ്പോൾ ഉള്ളിലൊരു പിടച്ചിൽ. അന്തമില്ലായ്മയുടെ മറ്റൊരു ചെളിക്കുണ്ടിലേക്ക് താനേ വഴുതിപ്പോകുന്നതുപോലെ.

'പ്രിയ ഒന്നും പറഞ്ഞില്ല,' അപ്പുറത്തുനിന്ന് ശാരദാമ്മായിയുടെ ശബ്ദം: 'ഫോണിൽ പറയാൻ മടിയുണ്ടെങ്കിൽ വിശദമായി മെയിൽ അയയ്ക്കൂ.'

ഒന്നും പറയണമെന്ന് തോന്നിയില്ല പ്രിയംവദയ്ക്ക്.

'ഞങ്ങളൊരു മറുപടി ഉടനെ പ്രതിക്ഷിക്കുന്നു. കാര്യങ്ങൾ പിടിവിട്ടു പോകാതെ നോക്കാമല്ലോ എന്ന് കരുതി.'

'ഞാൻ ഫോൺ വയ്ക്കുകയാണ് അമ്മായീ. ഓഫീസിൽ നല്ല തിരക്കുള്ള ദിവസമാണ്.'

പ്രിയംവദ പെട്ടെന്ന് അങ്ങനെ പറഞ്ഞപ്പോൾ അപ്പുറത്ത് ലേശം അസുഖകരമായൊരു മൂളലാണ് കേട്ടതെന്നു തോന്നി.

'എന്തായാലും ഞങ്ങള് പ്രിയയുടെ വിശദമായൊരു മറുപടി കാത്തിരിക്കുന്നു. അതും നാളെയ്ക്കുള്ളിൽ.'

ഏതാണ്ടൊരു അന്ത്യശാസനംപോലെ. ഒന്നും പറയാതെ തിടുക്കത്തിൽ ഫോൺ കട്ട് ചെയ്യുകയായിരുന്നു പ്രിയംവദ.

വിശദമായ മറുപടി വേണമത്രെ. എന്താണ് അവർക്കറിയേണ്ടത്? നീതു രഞ്ജിത്തിനെ വിളിച്ച് കരഞ്ഞതിന്റെ കാരണമോ? ഒരു മകൾക്ക് അമ്മയറിയാതെ അച്ഛനോട് മാത്രം പറയാവുന്ന എന്ത് രഹസ്യമാണ് ഇവിടെയുള്ളത്? നീതുവിന്റെ ഇപ്പോഴത്തെ പോക്കിനെപ്പറ്റി ഞാനും ചിലതൊക്കെ പറയാൻ തുടങ്ങിയാൽ കേൾക്കാൻ തയ്യാറാകുമോ അവളുടെ അച്ഛനും, ഇടയ്ക്കിടയ്ക്ക് അനാവശ്യമായി ഇടപെടുന്ന ചില ബന്ധുക്കളും.

പക്ഷേ, സ്വന്തം മകളെപ്പറ്റി അങ്ങനെ പറയാൻ ഒരമ്മയ്ക്കും ആവില്ലല്ലോ. അവൾ എന്റെ മകൾ. എന്റെ തനി ഛായയിൽതന്നെ വളർന്നു വരണമെന്ന് ഏറെ മോഹിച്ച മകൾ. അവളുടെ ജീവിതത്തിലേക്ക് മറ്റാളുകൾ കടന്നു കയറാൻ ഒരിക്കലും സമ്മതിച്ചു കൊടുക്കില്ല ഞാൻ.

കുറെ കടലാസ്സുകളുമായി രേവതി കടന്നുവന്നതോടെ പ്രിയംവദയുടെ ചിന്തകൾ മുറിഞ്ഞു.

പ്രിയംവദയുടെ മുഖത്തെ ഭാവപ്പകർച്ച പെട്ടെന്ന് പിടിച്ചെടുക്കാനായി രേവതിക്ക്.

'എന്തേ മാഡം? എന്ത് പറ്റി?'

'ഓ ഒന്നുമില്ല, രേവതീ. കാലത്തേ ചില പുതിയ പൊല്ലാപ്പുകൾ, മനസ്സമാധാനം കളയാനായി. ഇന്നത്തെ ദിവസത്തിന്റെ തുടക്കംതന്നെ തീരെ സുമാറല്ലാത്തതുപോലെ.'

'കമ്പനിക്കാര്യമോ, കുടുംബകാര്യമോ?'

പ്രിയംവദ വെറുതെ ചിരിക്കാൻ നോക്കി.

'വർഷങ്ങളുടെ പരിചയംകൊണ്ടാവാം, കമ്പനിക്കാര്യങ്ങളൊക്കെ ഇപ്പോൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാമെന്നായിരിക്കുന്നു. പക്ഷേ, യാതൊരു മുൻപരിചയവും പ്രയോജനപ്പെടാത്തത് കുടുംബകാര്യങ്ങളിൽ മാത്രം. സകല തന്റേടവും ചോർന്ന്, തളർന്നു പോകുന്നതു വളരെ പെട്ടെന്നാണ്.'

'പുതുതായിട്ട് എന്തെങ്കിലും പ്രശ്നങ്ങള്, നീതുവിന്റെ വകയായിട്ട്?'

'ഏയ്, അല്ല. ഓർക്കാപ്പുറത്ത് മറ്റൊരു ഭൂഖണ്ഡത്തിൽനിന്നൊരു വിളി. നീതുവിന്റെ ഉടമസ്ഥാവകാശവും പറഞ്ഞ് രണ്ട് മുതിർന്ന പൗരന്മാർ അവരുടെ സാന്നിദ്ധ്യം അറിയിക്കാൻ നോക്കുന്നു.'

'ഓ...' കാര്യങ്ങൾ ഏതാണ്ട് ഊഹിക്കാമെന്ന മട്ടിൽ രേവതി തലയാട്ടി.

'അതൊക്കെ പോട്ടെ. ഇതൊക്കെ പറഞ്ഞ് പാഴാക്കാൻ നമുക്ക് സമയമെവിടെ? വല്ല പ്രയോജനമുള്ള കാര്യങ്ങളും പറയാൻ നോക്കൂ.'

'അതായത് കമ്പനിക്കാര്യങ്ങൾ, അല്ലേ?' രേവതിയുടെ മുഖത്ത് ഒരു കള്ളച്ചിരിയാണ്.

'ഒരുതരത്തിൽ നോക്കിയാൽ ഒന്നിലും പ്രയോജനങ്ങൾ പ്രതീക്ഷിക്കാതിരിക്കുകയാവും ഭേദം, കമ്പനിയായാലും, വീടായാലും...'

പിന്നീട് ഉച്ചയ്ക്കലത്തെ മീറ്റിങ്ങിലെ ചർച്ചാവിഷയങ്ങളിലേക്ക് കടന്നതോടെ പ്രിയംവദ എല്ലാം താനേ മറക്കുകയായി. രഞ്ജിത്തും, നീതുവും, അല്പം മുമ്പ് തന്നെ തേടി മറ്റൊരു ഭൂഖണ്ഡത്തിൽനിന്ന് വന്ന വിളിയുമൊക്കെ അറിയാതെതന്നെ അവരുടെ മനസ്സിൽനിന്നു മാഞ്ഞുപോയി.

ഒരു പൊരുത്തവുമില്ലാത്ത രണ്ട് ലോകങ്ങൾ തമ്മിലുള്ള ഈ സമരസപ്പെടലാണല്ലോ തന്നെ ഇപ്പോഴും നിലനിറുത്തിക്കൊണ്ടു പോകുന്നത്. ഒന്നിൽനിന്ന് രക്ഷപ്പെടാൻ നോക്കുമ്പോൾ അതിലേറെ അലട്ടലുകളുമായി മറ്റൊന്ന്.

പിന്നീടുള്ള നിമിഷങ്ങൾ കടന്നുപോകുന്നത് പ്രിയംവദയറിഞ്ഞില്ല.

ഇതാണെന്റെ ലോകം. ഇതുതന്നെയാണെന്റെ ലോകം. അവർ ആരോടെന്നില്ലാതെ പിറുപിറുത്തുകൊണ്ടിരുന്നു.

ഇരുപത്തിരണ്ട്

ഒരിടത്ത്
ഒരിടത്തൊരിടത്ത്
ഒരിടത്തൊരിടത്തൊരിടത്ത്

എല്ലാ നാടൻ പുരാവൃത്തങ്ങളും ഇങ്ങനെ മാത്രമല്ലേ തുടങ്ങാനാവൂ, മാഡം! മാഡംതന്നെ ഗോവയിലെ സെമിനാറിൽ തുടങ്ങിവച്ചതുപോലെ.

മീനാക്ഷിപ്പാളയത്തെപ്പറ്റിത്തന്നെ പറയുകയായിരുന്നു രേവതി.

ഊരും കാലവും കണിശമായ മൊഴിയതിരുകളുമില്ലാത്ത കുറെ കേട്ടുകേൾവികളിലൂടെ ഒരു പ്രദേശത്തെയാകെ എങ്ങനെ പൊലിപ്പിച്ചെടുക്കാമെന്ന് മനസ്സിലായത് മീനാക്ഷിപ്പാളയത്ത് ചെന്നതിന്നു ശേഷമായിരുന്നു, രേവതി പറഞ്ഞു.

അവിടെ കഴിച്ചുകൂട്ടിയതോ കൊമ്പോടു കൊമ്പായി എണ്ണിയെടുക്കാവുന്ന കുറെ നാളുകൾ മാത്രം. അതിനുള്ളിൽ ആ ഊര് തന്റെയുള്ളിൽ വളർന്ന് ചില്ല വിരിഞ്ഞത് എത്രയോ പെട്ടെന്നാണ്. ശ്രീപാർവതി പരമശിവനെ പ്രസാദിപ്പിക്കാനായി ഒറ്റക്കാലിൽ നിന്ന് തപസ്സ് ചെയ്ത സ്ഥലമാണെന്ന് പറഞ്ഞു കൊടുത്തത് കാവേരിയായിരുന്നു. അങ്ങനെയാണ് പാർവതീപുരമെന്ന പേര് വീണതത്രെ. പിന്നീടതിനെ മീനാക്ഷിപ്പാളയമാക്കി മാറ്റിയത് അവിടെ പഞ്ചസാരമില്ല് തുടങ്ങിയ ചെട്ടിയാന്മാരുടെ കൈക്രിയ.

വേണ്ടിവന്നാൽ തനിക്കും ഒറ്റക്കാലിൽ നിന്ന് തപസ്സ് ചെയ്യാനാകുമെന്ന് പറഞ്ഞു കാവേരി. ദേവികരുമാരിയമ്മന്റെ കോവിലിനു മുമ്പിലുള്ള കൊച്ചു കൽമണ്ഡപത്തിനടുത്തായി, എത്രയോ രാപകലുകൾ മഴയും വെയിലും കുളിരുമറിയാതെ, കല്ലിൽ കൊത്തിയിട്ട ഉള്ളുറപ്പുമായി നിൽക്കാൻ തയ്യാറാണ് താൻ.

പക്ഷേ, അതൊക്കെ തന്റെ അപ്പാവിനു വേണ്ടി മാത്രം.

അപ്പാവിന്റെ ഉയിരോ രക്ഷിക്കാനായില്ല. ഇനി ആ ആത്മാവിനെങ്കിലും ഗതി കൊടുക്കാനായെങ്കിൽ.

രണ്ടു വലിയ കുന്നുകൾക്കിടയിൽ, പരന്നുകിടക്കുന്ന കരിമ്പുപാടങ്ങൾക്ക് നടുവിലായി ഒരു കൊച്ചു ഗ്രാമം. അകലെയുള്ള ചെറിയ പട്ടണത്തിൽ നിന്ന് എത്തിപ്പെടണമെങ്കിൽ വല്ലപ്പോഴും അതിലൂടെ കടന്നുപോകുന്ന കാളവണ്ടിക്കാരുടെ സൗമനസ്യം കൂടാതെ വയ്യ. ഒറ്റക്കാലിൽ നിന്ന് തപസ്സ് ചെയ്തവളുടെ കഥ തീരെ ഏശുന്നില്ല ടൗണിലെ കുതിരവണ്ടിക്കാരിൽ. കുണ്ടും കേടുമായ, ചെമ്മൺപാതകളിലൂടെ ഓടാൻ താത്പര്യമില്ല വയസ്സൻ കുതിരക്കാലുകൾക്കും.

പുതിയൊരു പഞ്ചസാരമില്ലിനായി ഇടം തേടി നടന്നിരുന്ന ചെട്ടിയാന്മാർ ഇവിടെ വന്നുകൂടിയതിനു പുറകിലൊരു ചരിത്രമുണ്ട്. പാർവതീപുരത്തും തൊട്ടടുത്ത ഊരുകളിലുമുള്ള സമൃദ്ധമായ കരിമ്പുവയലുകൾ മാത്രമായിരുന്നില്ല കാരണം.

മാർകഴിമാസത്തിലെ ഉറക്കം പോയ ഒരു രാത്രിയുടെ അവസാനത്തിൽ ഇപ്പോഴത്തെ മൂത്ത ചെട്ടിയാരുടെ അച്ഛൻ ചെട്ടിയാർക്ക് കിനാവിൽ കിട്ടിയ അരുളപ്പാട്!

അത് മകൻ ചെട്ടിയാരിലേക്ക് പകർന്നുകിട്ടിയപ്പോൾ ഉത്തരവുകൾ പറക്കുകയായി.

കിഴക്കൻകുന്നുകൾ താണ്ടി കുതിരപ്പുറത്ത് വന്നെത്തിയ രണ്ട് കൂറ്റൻ ഭടന്മാർ ആ ഗ്രാമത്തെയാകെ ചവിട്ടിമെതിച്ചുകൊണ്ടു നീങ്ങുന്നത് നാട്ടുകാർ വിസ്മയത്തോടെ നോക്കിനിന്നു. ഇളംവെയിൽ മിന്നുന്ന ലോഹത്തൊപ്പി. ലോഹത്തിന്റെ മാർച്ചട്ട. നീട്ടിപ്പിടിച്ച കുന്തങ്ങൾ. കരിമ്പുവയലുകൾ കടന്ന്, നിരപ്പില്ലാത്ത ചെമ്മൺപാതകളിലൂടെ അവർ ഗ്രാമത്തിനുചുറ്റും അങ്ങനെ വലംവച്ചുകൊണ്ടിരുന്നു. പുറകെ, താളത്തിൽ കൈകൊട്ടി, ആർത്തുവിളിച്ചുകൊണ്ട് ഒരു പറ്റം കുട്ടികളും. ഗ്രാമത്തിന്റെ ഒത്തനടുവിലെ പുളിമരച്ചുവടുവരെ കുട്ടികൾ അവരെ പിന്തുടർന്നു.

അപ്പോൾ അവിടെ നാളും പക്കവുമൊപ്പിച്ചുള്ള ഒരു നാട്ടുകൂട്ടം നടക്കുകയായിരുന്നു. പൊളിഞ്ഞു തുടങ്ങിയ ആൽത്തറയുടെ നടുവിലായി ചമ്രം പടിഞ്ഞിരുന്ന് കാര്യവിചാരം നടത്തിയിരുന്ന നാട്ടുമൂപ്പന്റെ മുമ്പിലുള്ള പ്രശ്നവും ഒരു ലക്ഷണം കെട്ട സ്വപ്നംതന്നെയായിരുന്നു.

ഊരിലെ മൂത്ത ജാംബവാനായ ഒരു കാരണവരെ തേടിയെത്തിയ തീരെ ചെതമില്ലാത്ത ഒരു സ്വപ്നം.

എണ്ണാനാവാത്ത കറുത്തവാവുകൾ കണ്ട കാരണവർ. എണ്ണിയെടുക്കാവുന്ന എല്ലിൻകൂടിനെ പൊതിയുന്ന തൊലിപ്പുറമാകെ മൊരി പടർന്ന ചെതുമ്പലുകൾ. ചുക്കിച്ചുളിഞ്ഞ ആസനത്തിൽ പരിണാമചക്രത്തിന്റെ ഒരു മറുതിരിച്ചിൽപോലെ ഒരു വാൽ മുളച്ചു തുടങ്ങിയത് അറിഞ്ഞതുതന്നെ എത്രയോ വൈകിയായിരുന്നു.

ചുരുട്ടിവയ്ക്കാൻ വേണ്ടത്ര നീളമില്ലെങ്കിലും വാല് വാലുതന്നെ. അതു കൊണ്ട് വാലുമൂപ്പനെന്ന് ചെല്ലപ്പേര് വീണപ്പോഴും അതിൽ വലിയ പന്തി കേട് കാണാനായില്ല ആർക്കും.

കണ്ണും കാതുമില്ലാത്ത കാരണവർക്ക് ആകെ ആയിരുന്നത് സ്വപ്നം കാണാൻ മാത്രമായിരുന്നു. കറുത്ത വാവുകളിലൂടെയുള്ള പ്രയാണത്തിൽ നഷ്ടപ്പെട്ട കാഴ്ചകളും, കേൾവികളും, സ്വപ്നങ്ങളിലൂടെ തിരിച്ചുപിടിക്കാനായപ്പോൾ കാരണവരുടെ ഉള്ള് കുളിർത്തു. പഴകിപ്പോയ ഇന്ദ്രിയങ്ങൾക്ക് രാക്കാഴ്ചകളിലൂടെ പുതിയൊരു തിരിച്ചറിവ് സാദ്ധ്യമായപ്പോൾ അത്തരം ഒറ്റപ്പെട്ട യാമങ്ങൾക്കായി കാത്തിരിപ്പായി പുരാതനൻ.

അങ്ങനെയൊരു വേറിട്ട സ്വപ്നത്തിലാണ് നാടിനെയാകെ ഇളക്കിമറിക്കാൻ പോന്ന എന്തോ ഒന്ന് സംഭവിക്കാൻ പോകുന്നുവെന്ന സൂചന കിട്ടിയത്. കണ്ടത് എന്തെന്ന് പറയാനാവുന്നില്ല കാരണവർക്ക്, കേട്ടതൊക്കെ അപ്പോഴേ കാതിൽ കിടന്ന് വറ്റിയിരിക്കുന്നു. പക്ഷേ, മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ലക്ഷണങ്ങൾ, നിമിത്തങ്ങൾ. തങ്ങളുടെ പ്രിയപ്പെട്ട ഊരാകെ ഉയരങ്ങളിൽ എവിടന്നോ ചൊരിഞ്ഞെത്തുന്ന പൊൻവെളിച്ചത്തിൽ മുങ്ങി നനഞ്ഞ് നിൽക്കുന്നതുപോലെ. വല്ലപ്പോഴും തരപ്പെടുന്ന പാടത്തെ പണിയും, പിന്നെ ചില തട്ടുമുട്ടുവേലകളുമായി ഒരിക്കലും ഗതിപിടിക്കാതെ അരപ്പട്ടിണിയിൽ കഴിയുന്ന പാർവതീപുരത്തുകാർക്ക് ഒടുവിൽ നല്ലകാലം വരാൻ പോകുന്നു.

ഒറ്റക്കാലിൽനിന്ന് തപം ചെയ്ത ഗൗരിയുടെ പ്രാർത്ഥനയുടെ ഫലം. ക്ഷിപ്രപ്രസാദിയായ മഹേശ്വരന്റെ വരപ്രസാദം.

എങ്ങനെയെന്ന് പറഞ്ഞുകൊടുക്കാനാവാത്തതിന്റെ ഖേദം വാലുമൂപ്പന്റെ ക്ലാവു പിടിച്ച കണ്ണുകളിൽ, വിറകൊള്ളുന്ന വരണ്ടുവെടിച്ച ചുണ്ടുകളിൽ.

പക്ഷേ, പിന്നിടൊരു പ്രഭാതത്തിൽ സൂര്യോദയത്തെ എതിരേൽക്കാനായി പറന്നുയരുന്ന പുലർച്ചക്കിളികളുടെ ഗീതം കേട്ടപ്പോൾ അയാളത് പെട്ടെന്ന് തിരിച്ചറിയുകയായി.

'നല്ലകാലം വരപ്പോകറുതയ്യാ, നല്ലകാലം വരപ്പോകറുത്!' കിളികൾ പാടുകയാണ്.

അതോടൊപ്പം വാലുമൂപ്പനും വിളിച്ചുകൂവി:

'നല്ലഹാലം വരപ്പോകറുതയ്യാ, നല്ലഹാലം വരപ്പോകറുത്!'

അയാളുടെ കിനാവിന്റെ മുകൾവിതാനങ്ങളിൽ തങ്കത്തകിടുകൾ പതിച്ച ആകാശമായിരുന്നു. ആ ആകാശം നിറയെ തൂവെള്ളച്ചിറകുകൾ വിരിച്ചു പറക്കുന്ന കിളികളും. ആ കിളികൾ പാടിയിരുന്നതും ഇതേ പാട്ടിന്റെ ഈരടികൾതന്നെയായിരുന്നു.

രാവിരുളുന്നതിനു മുമ്പ് മടങ്ങി മരക്കൊമ്പുകളിലേക്ക് ചേക്കേറുന്ന അന്തിക്കിളികളും അതുതന്നെ പാടിക്കൊണ്ടിരുന്നു:

'നല്ലകാലം വരപ്പോകറുതയ്യാ, നല്ലകാലം വരപ്പോകറുത്!'

ഒറ്റപ്പെട്ട ആ കിളിയൊച്ചകൾ പ്രകൃതിയാകെ ഏറ്റുപിടിക്കുന്നതുപോലെ. കിഴക്കൻ കാറ്റിൽ, നീരൊഴുക്കിൽ, മിണ്ടാപ്രാണികളുടെ മുരൾച്ചയിൽ, പിറന്നു വീഴുന്ന ശിശുക്കളുടെ ആദ്യത്തെ കരച്ചിലിൽ. എല്ലാം എല്ലാം അതുതന്നെ കേൾക്കാനാവുന്നു വാലുമൂപ്പന്.

പാർവതീപുരത്തിന് നല്ല കാലം വരാൻ പോകുന്നു.

കേട്ടവർക്കൊക്കെ വലിയ ചിരിയായി. ചിന്നൻ ഇളകിയിരിക്കുന്നു കിഴവന്. അക്കരെയെത്തേണ്ട കാലം എന്നേ കഴിഞ്ഞിരിക്കുന്നു.

വാലുമൂപ്പനാകട്ടെ അതൊന്നും അറിഞ്ഞതേയില്ല. കരുമാരിയമ്മന്റെ കോവിലിനു മുമ്പിലുള്ള കൽമണ്ഡപത്തിനരികിൽ വെയിൽ കായാനിരിക്കുമ്പോൾ കുറെ കുട്ടികൾ അടുത്തുകൂടും. സൂര്യവെളിച്ചത്തിലേക്ക് നോക്കാനാവാതെ കൈ വളച്ച് നെറ്റിയോട് ചേർത്തുപിടിച്ച് അയാൾ ചോദിക്കും:

'യാരപ്പാ?'

മറുപടിയില്ല. ഉടലിൽ എവിടെയോ വന്നുവീഴുന്ന ചെറിയ വെള്ളാരങ്കല്ലുകൾ മാത്രം.

നെഞ്ചത്തെ ചെതുമ്പലിൽ നിന്ന് ചാരനിറം വീണ പൊറ്റകൾ കിള്ളിപ്പൊളിച്ചുകൊണ്ടിരിക്കെ കൂട്ടത്തിലൊരുവൻ മൂപ്പന്റെ അതേ ഈണത്തിൽ വിളിച്ചു പറയും:

'നല്ല ഹാലം വരപ്പോകറുതയ്യാ. നല്ല ഹാലം.'

അത് എത്രയോ ശരിയാണെന്ന മട്ടിൽ മൂപ്പൻ പതിയെ തലയാട്ടുമ്പോൾ കുട്ടികൾ വിടാതെ കൂടും.

'എന്തൊക്ക്യാ വാലുമൂപ്പാ കിനാവിൽക്കണ്ടത്?'

കുട്ടികൾ മാത്രം തന്നെ വാലുമൂപ്പാ എന്ന് വിളിക്കുന്നതിൽ എതിരില്ല അയാൾക്ക്. അവർ ഉടയവന്റെ സന്തതികൾ. കളങ്കമേശാത്ത മനസ്സ്. പാട കെട്ടാത്ത കണ്ണുകൾ. പതർച്ച വീഴാത്ത കുരൽ.

അന്നേരം വളർച്ചമുറ്റിയ, തന്റെ അരുമയായ വാലിന്റെ തുമ്പത്ത് തിരുപ്പിടിച്ചുകൊണ്ട് അയാൾ പതിഞ്ഞ സ്വരത്തിൽ ആവർത്തിക്കും:

'നല്ല ഹാലം വരപ്പോകറുതയ്യാ. നല്ല ഹാലം വരപ്പോകറുത്.'

കൂടുതലൊന്നും കിട്ടില്ലെന്നറിയാമെങ്കിലും അയാളെ ചൂടാക്കാനായി കുട്ടികൾ അതേ ചോദ്യംതന്നെ ആവർത്തിക്കുന്നു. അതിലെ പരിഹാസം മനസ്സിലാക്കാനാവാതെ വീണ്ടും അതേ മറുപടിതന്നെ. ചിന്നൻ ഇളകിയിട്ടുണ്ടെങ്കിലും വാലുമൂപ്പന്റെ സ്വപ്നങ്ങളെ തള്ളിക്കളയാനാവില്ല ഒരിക്കലും. മരിച്ചിട്ടും മരിക്കാത്ത ഇത്തരം പിതൃക്കളുടെ കാഴ്ചകൾ മൂന്ന് കാലങ്ങളിലേക്കും കടന്നുപോകുന്നവ. ഓരോ ഊരിനുമുള്ള രഹസ്യസന്ദേശങ്ങൾ ആദ്യമെത്തുന്നത് ഈ ഉയിരുള്ള ആത്മാക്കളിലേക്ക്.

നാട്ടുകാരുടെ കണ്ണിൽ നൂറ് കഴിഞ്ഞ വാലുമൂപ്പൻ എന്നേ മരിച്ചുകഴിഞ്ഞിരിക്കുന്നു.

എന്നിട്ടും, മറുലോകങ്ങളിൽനിന്ന്, പൊരുളറിയാത്ത മറ്റു ഗ്രഹങ്ങളിൽനിന്ന്, വന്നെത്തുന്ന ഗൂഢസന്ദേശങ്ങൾ പിടിച്ചെടുക്കുകയെന്ന നിയോഗവും പേറി അയാളങ്ങനെ ജീവിച്ചുപോകുന്നു.

നാട്ടുകൂട്ടമാകട്ടെ ആകെ അസ്വസ്ഥരാകുകയായിരുന്നു.

എന്താണ് വന്നുഭവിക്കാൻ പോകുന്നത്, ശ്രീപാർവതിയുടെ കാലടികൾ പതിഞ്ഞ തങ്ങളുടെ പുണ്യഭൂമിയിൽ? ഗൗരിയുടെ പ്രാർത്ഥന കേട്ട മഹേശ്വരൻ എങ്ങനെയാണാവോ കനിയാൻ പോകുന്നത്?

വെളിഊരുകളിൽനിന്ന് വില്ലുകെട്ടിയ കണിയാന്മാരെത്തി. അവർ കവടി നിരത്തിയപ്പോൾ കാകദൃഷ്ടികളായ ചില ഗ്രഹങ്ങളുടെ കള്ളനോട്ടം അതിലേക്ക് നീണ്ടുചെന്നു.

പലരും പലതായി കണ്ട്, പലതായി വായിച്ചെങ്കിലും, ഒന്നിൽ മാത്രം അവർക്കൊക്കെ യോജിപ്പായിരുന്നു. വാലുമൂപ്പന്റെ കാഴ്ചകൾ ഉൺമയുടെ കാഴ്ചകൾ. മറുലോകങ്ങളിൽനിന്നുള്ള കണിശമായ അടയാളങ്ങൾ.

ഊരുക്ക് നല്ല കാലം വരാൻ പോകുന്നു. പക്ഷേ, എങ്ങനെ?

അവിടെ അവർക്ക് യോജിക്കാനായില്ല. ഒന്നുകിൽ തലമുറകൾക്കാകെ വെളിച്ചം കാട്ടാൻ പോന്ന ഒരു മഹാപുരുഷന്റെ അവതാരം. അല്ലെങ്കിൽ ഒരുപാട് ഐശ്വര്യമുള്ള എന്തിന്റേയോ തുടക്കം.

അപ്പോഴാണ് പണ്ടേതോ തറവാട് പൊളിച്ചുമാറ്റിയപ്പോൾ മച്ചിൽനിന്ന് കണ്ടുകിട്ടിയ അപൂർവമായൊരു താളിയോലക്കെട്ടിനെപ്പറ്റി പഴമക്കാർക്ക് ഓർമ്മ വന്നത്. ദേശത്തിന്റെ പഴയകാല ചരിത്രം കോറിയിട്ട ആ താളിയോല കൈമറിഞ്ഞുപോയെങ്കിലും തലമുറകളിലൂടെ, കേട്ടുകേൾവികളിലൂടെ, അതിലെ പലതും ഇന്നും പഴമക്കാരുടെ ഉള്ളിൽ പതിഞ്ഞുകിടക്കുന്നു.

ഏതോ ഓലയിൽ നാരായംകൊണ്ടു കോറിയിട്ട കുറിമാനത്തിൽ അത്യപൂർവമായൊരു നിധിയെപ്പറ്റിയും പറഞ്ഞുവച്ചിരിക്കുന്നു. കുന്നിൻപള്ളങ്ങളിൽ, കരിമ്പുപാടങ്ങളുടെ ഇളംചുവപ്പു മണ്ണിനടിയിൽ എവിടെയോ മറഞ്ഞുകിടക്കുന്ന ആ നിധിയെപ്പറ്റി ഒരുപാടു പൊലിപ്പിച്ച കഥകൾ ഇന്നും പാറിനടക്കുന്നു. ശ്രീപാർവതിയുടെ കാൽപ്പാടുകൾ വീണ ഇടങ്ങളിൽ എവിടെയോ ആകാമത്.

മറഞ്ഞുകിടക്കുന്ന ഏതു നിധിയും ഒരു സ്വപ്നമാണ്, സാദ്ധ്യതയാണ്.

നിനയ്ക്കാത്തൊരു നിമിഷത്തിൽ, പാടത്ത് പണിയെടുക്കുന്ന ഏതെങ്കിലും ചെറുമന്റെ തൂമ്പയുടെ അറ്റത്ത് ഒരൊച്ച.

ക്ലീം.

ക്ലീം ക്ലീം...

ഒരു കുടം, രണ്ടു കുടം, മൂന്നു കുടം. അങ്ങനെ എത്രയോ കുടങ്ങൾ.

എങ്ങും തൊടാതെ ചിരിക്കുകയാണ് വാലുമൂപ്പൻ. ഒരുപാട് പൊരുളുകൾ മറഞ്ഞുകിടക്കുന്ന ചിരി.

'അപ്പടിയും ആഹലാം,' ഊരിന്റെ പ്രവാചകൻ മുരണ്ടു.

പ്രാക്തനമായ ഏതോ ഉണർവ്വിന്റെ നിമിഷങ്ങളിൽ തന്നെ തേടിവരാറുള്ള അപൂർവ്വസന്ദേശങ്ങളെ ഊരിനോടുള്ള അരുളപ്പാടുകളാക്കി മാറ്റുക മാത്രമാണ് തന്റെ നിയോഗമെന്ന് അയാൾക്ക് നന്നായറിയാം. അതെപ്പറ്റി വ്യാഖ്യാനിക്കേണ്ടത് ഊരുക്കുടയവന്മാരായ നാട്ടുമൂപ്പന്മാരുടെ ചുമതല.

ഇതേ വാർത്തയാണ് കാതുകളിൽനിന്ന് കാതുകളിലൂടെ നമ്മുടെ മൂത്ത ചെട്ടിയാരിലെത്തിയതും. സ്വന്തമായൊരു വാലു മുളച്ചിട്ടില്ലെങ്കിലും, ഏതാണ്ട് അതിനോടടുത്ത അവസ്ഥയിലേക്ക് വഴുതിക്കൊണ്ടിരുന്ന ചെട്ടിയാരുടെ തലയ്ക്കകത്ത് പൊടുന്നനേ എന്തോ മിന്നി.

ക്ലിം, ക്ലിം, ഒരു കുടം, രണ്ടു കുടം, മൂന്നു കുടം, അങ്ങനെ എത്രയോ കുടങ്ങൾ.

അരുമയാന പുതയൽ!

ഇരുവശത്തും ഓരോ പൊണ്ടാട്ടിമാരുമായി നടുത്തളത്തിലെ ഊഞ്ഞാൽ കട്ടിലിലിരുന്ന് ആടിക്കൊണ്ടിരിക്കെ, ഒരു ഉൾവിളിപോലെ ചെട്ടിയാർ വിളിച്ച് പറഞ്ഞു:

'യാരങ്കെ! അന്ത ഊരെ പോയി പാരടാ, പശങ്ങളേ!'

അങ്ങനെയാണ് ലോഹത്തൊപ്പിവച്ച, ലോഹത്തിന്റെ മാർച്ചട്ടയണിഞ്ഞ രണ്ടു കൂറ്റൻ ഭടന്മാർ ഗ്രാമത്തിന്റെ പ്രവാചകനായ വാലുമൂപ്പനെ തേടിയെത്തിയത്. കൃത്യമായ അടയാളങ്ങൾ ചെട്ടിയാരുടെ സ്വപ്നത്തിൽനിന്നു തന്നെ കിട്ടിയിരുന്നതുകൊണ്ട് അയാളെ കണ്ടെത്താൻ വിഷമമുണ്ടായില്ല.

കരുമാരിയമ്മൻ കോവിലിനു മുമ്പിൽ വെയിൽ കായാനിരുന്നിരുന്ന വാലുമൂപ്പന് തന്റെ മുമ്പിൽ നിൽക്കുന്ന നെടുങ്കൻ നിഴലുകളെ തീരെ മനസ്സിലായില്ല. പക്ഷേ, ആ നിഴലുകളുടെ കനത്ത ഒച്ചയിലെ ഭീഷണി എളുപ്പത്തിൽ തിരിച്ചറിഞ്ഞതുകൊണ്ടാവാം, തെല്ലൊരു ഭയപ്പാടോടെ നാട്ടാരെ നോക്കി ഉറക്കെ വിളിച്ചുകൂവിയത്:

'കെട്ട ഹാലം വര പോകറുതയ്യാ, കെട്ട ഹാലം വര പോകറുത്!'

'മിണ്ടാതിരിയെടാ കിഴട്ടുപയലേ!' ഭടന്മാരിലൊരാൾ കാലുമടക്കി തൊഴിച്ചപ്പോൾ കിഴവൻ ഒരു മുരൾച്ചയോടെ മറിഞ്ഞുവീണു. പൊടിമണ്ണിൽ വീണുരുണ്ടു, ഒരു നനഞ്ഞ നായയെപ്പോലെ ദീനമായി മോങ്ങി.

ഭടന്മാർക്ക് ഗ്രാമത്തിന്റെ പ്രവാചകനിൽനിന്ന് അറിയേണ്ടിയിരുന്നത് ആ നിധിയെപ്പറ്റി മാത്രമായിരുന്നു. പക്ഷേ, വാലുമൂപ്പനാകട്ടെ അതേ പഴയ ഈണം ആവർത്തിക്കുക മാത്രം ചെയ്തു:

'കെട്ട ഹാലം വര പോകറുതയ്യാ, കെട്ട ഹാലം വര പോകറുത്!'

അന്തിയായപ്പോൾ, കിഴവനിൽനിന്ന് യാതൊരു വിവരവും കിട്ടാതെ വശംകെട്ട പോരാളികൾ, മറ്റൊരു തൊഴിയാൽ അയാളെ മറിച്ചിട്ട്, തലയും, താഴ്ത്തി തിരിച്ചു യാത്രയായി.

പക്ഷേ, വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല ചെട്ടിയാന്മാർ. കണ്ണും കാതും തിരിയാത്ത വാലുമൂപ്പനെ വിട്ട് സ്വന്തം കണ്ണും കാതും കൊണ്ടു കാര്യങ്ങൾ അറിയാനായി അവർ കൂടുതൽ പരിഷകളെ അങ്ങോട്ടു പറഞ്ഞുവിട്ടു.

ചെട്ടിയാരുടെ നോട്ടം കരിമ്പിൻതോട്ടങ്ങൾക്കിടയിൽ എവിടെയോ മറഞ്ഞുകിടക്കുന്ന ആ വലിയ നിധിയിലായിരുന്നെങ്കിലും ഊര് കാണാൻ വന്ന മക്കളെ മോഹിപ്പിച്ചത് അവിടത്തെ സമൃദ്ധമായ കരിമ്പിനങ്ങളുടെ തനിമയായിരുന്നു. ഒരു കഷ്ണം കടിച്ച് ചവച്ചപ്പോൾ ദേവന്മാർക്കുമാത്രം വിധിച്ച സോമരസത്തിന്റെ രുചിയറിഞ്ഞു. ഇത്രയേറെ മുഴുപ്പുള്ള, ഇത്രയേറെ ഇനിമയുള്ള കരിമ്പിൻതണ്ടുകൾ എങ്ങും കാണാനായിട്ടില്ലല്ലോ ഇതേവരെ.

എത്രയോ നാടുകൾ താണ്ടിയിരിക്കുന്നു. എത്രയോ കൃഷിയിടങ്ങൾ കണ്ടിരിക്കുന്നു. ഇത് ദൈവത്തിന്റെ വിരൽപ്പാടുകൾ വീണ തോട്ടങ്ങൾ. ഇത് ദേവലോകത്തിന്റേതു മാത്രമായ മാധുര്യം.

അതോടെ തിരക്കിട്ട അന്വേഷണങ്ങളായി.

തലമുറകൾക്കു മുമ്പ്, ശ്രീപാർവതി ഒറ്റക്കാലിൽ നിന്ന് തപസ്സു ചെയ്ത ഇടവും തേടി കുന്നിറങ്ങി വന്ന ഏതോ മഹായോഗി നട്ടുനനച്ച ആദ്യത്തെ കമ്പാണത്രേ പൂർവികൻ. അതിന്റെ സന്തതിപരമ്പരകൾ ഇപ്പോഴത്തെ തോട്ടങ്ങളിൽ.

പക്ഷേ, തങ്ങളുടെ കരിമ്പിന്റെ മേന്മയെപ്പറ്റി ഒന്നുമറിഞ്ഞുകൂടായിരുന്നല്ലോ പാർവതീപുരത്തുകാർക്ക്. അവർക്കറിയാവുന്ന കരിമ്പ് എന്നും ഒരു തരം മാത്രം. ഒരേ ഉയരമുള്ള ചെടികൾ, ഒരേ മുഴുപ്പുള്ള തണ്ടുകൾ. ഒരേ ഇനിപ്പ്. കട്ടിത്തൊലിക്കകത്തെ അതേ ഇനിമതന്നെയായിരുന്നു നാട്ടുകാരുടെ പ്രകൃതത്തിലും.

പക്ഷേ, കരിമ്പിനങ്ങളെ തൊട്ടറിയാനായി പിറന്ന ചെട്ടിയാന്മാരാകട്ടെ അതു കേട്ട് അമർത്തി ചിരിച്ചു. ഈ തോട്ടങ്ങളും ചുറ്റുവട്ടത്തുള്ള വെളിമ്പ്രദേശങ്ങളും പെട്ടവിലയ്ക്ക് വാങ്ങിയെടുക്കാനാകുമെന്ന് അവർക്ക് നല്ല ഉറപ്പായിരുന്നു.

അങ്ങനെയാണ് പാർവതീപുരത്തേക്ക് ആദ്യത്തെ വലിയ വണ്ടിച്ചക്രങ്ങൾ ഉരുണ്ടത്.

നോക്കിനിൽക്കെ, പഴയ കരിമ്പിൻതോട്ടങ്ങൾക്കു നടുവിലായി വലിയ കെട്ടിടങ്ങളും മതിൽക്കെട്ടുകളും, പുകക്കുഴലുകളും ഉയരുന്നത് നാട്ടുകാർ അതിശയത്തോടെ നോക്കിനിന്നു.

ആശ്വിനത്തിലെ ഒരു ത്രിസന്ധ്യയ്ക്ക് മാനംമുട്ടി നിൽക്കുന്ന ആ കൂറ്റൻ പുകക്കുഴലിൽനിന്ന് ആദ്യത്തെ പുക പൊങ്ങിയപ്പോൾ മതിൽക്കെട്ടിനകത്ത് ആരവങ്ങൾ ഉയർന്നു. കതിനകളും മാലപ്പടക്കങ്ങളും പൊട്ടി. നിറപ്പകിട്ടുള്ള രസഗുളികകൾ വിതറിക്കൊണ്ട് അമിട്ടുകൾ പൊങ്ങി.

പക്ഷേ, ആദ്യത്തെ കറുത്ത പുകക്കൂട്ടം മാത്രം അലിയാനാവാതെ, നരച്ച ആകാശത്തിനു കീഴെ വലിയൊരു കാർമേഘപടലമായി ഏറെ നേരം അങ്ങനെ തൂങ്ങിനിന്നു. പിന്നീടെപ്പോഴോ അത് ഘനീഭവിച്ച്, ഒട്ടേറെ രഹസ്യങ്ങൾ നിറഞ്ഞ കരിമഴയായി താഴോട്ട് ചൊരിഞ്ഞപ്പോൾ ആ വെള്ളത്തുള്ളികളിൽ കരിമ്പിന്റെ ഇനിപ്പ് തിരഞ്ഞ നാട്ടാരുടെ നാവിൽ കരിക്കട്ടയുടെ സ്വാദ് പറ്റിപ്പിടിച്ചു, മൂക്കിൽ കരിപ്പുകയുടെ രൂക്ഷഗന്ധവും.

ഓർക്കാപ്പുറത്ത് പെയ്ത മഴയിൽനിന്ന് രക്ഷപ്പെടാനായി എങ്ങനെയോ മണ്ഡപത്തിലേക്ക് ഇഴഞ്ഞുകയറിയ വാലുമൂപ്പൻ മാത്രം ആ തിമർപ്പിൽ പങ്കുചേരാതെ ചാരനിറം പൂണ്ട മഴനാരുകളിലേക്ക് നിസ്സഹായതയോടെ നോക്കിക്കൊണ്ട് അങ്ങനെ കൂനിക്കൂടിയിരുന്നു.

മഴ നനഞ്ഞ് ഓടിവന്ന ഏതോ വികൃതിക്കുട്ടി ഒരു വെള്ളാരങ്കല്ലെടുത്ത് മൂപ്പന്റെ നേർക്കെറിഞ്ഞിട്ട് ഉറക്കെ വിളിച്ചു കൂവി:

'നല്ലകാലം വന്താച്ച് വാലുമൂപ്പാ, നല്ല കാലം വന്താച്ച്.'

കല്ലേറിലും നോവറിയാത്ത അവസ്ഥയിലായിരുന്നതു കൊണ്ട് പുരാതനൻ വെറുതെ തൊണ്ണു കാട്ടി ചിരിക്കുക മാത്രം ചെയ്തു. കോവിലിനു ചുറ്റുമുള്ള മാങ്കൊമ്പുകളുടെ ഉയരങ്ങളിലേക്ക് ഉറക്കെ ചിലച്ചുകൊണ്ട് ചേക്കേറിക്കൊണ്ടിരുന്ന അന്തിക്കിളികളുടെ നേർക്ക് അയാൾ ആശയോടെ നോക്കി.

പക്ഷേ, അവയുടെ മറുപേച്ചിലും ഏതോ ദുരൂഹമായ ആശങ്കയുണ്ടായിരുന്നു.

'കെട്ട കാലം വന്താച്ചയ്യാ, കെട്ട കാലം വന്താച്ച്!'

അന്തിക്കിളികൾ പാടിയതു നന്നെ പതിഞ്ഞ സ്വരത്തിൽ തെല്ലൊരു സങ്കടത്തോടെയായിരുന്നു.

അതുകേട്ട് പതിയെ തലയാട്ടിക്കൊണ്ട് വാലുമൂപ്പനും പിറുപിറുത്തു:

'ആമാങ്കെ. കെട്ട കാലം താൻ വന്താച്ച്...'

ഫാക്റ്ററിയുടെ പുകക്കുഴലിലൂടെ ആദ്യത്തെ പുകക്കൂട്ടം ഉയരുമ്പോൾ, ശ്രീപാർവതിയുടെ കാൽപ്പാടുകൾ വീണ പവിത്രമായ മണ്ണിലേക്ക് ആദ്യത്തെ കരിമഴ ചൊരിഞ്ഞിറങ്ങുമ്പോൾ, കോളണിയുടെ മതിൽക്കെട്ടിനപ്പുറത്തുള്ള തുറന്ന മൈതാനത്ത്, ഏറെ വിശേഷപ്പെട്ടൊരു ഇടിവെട്ടിൽ മുളച്ച, പനമ്പട്ട

കൾ മേഞ്ഞ, ശ്രീമുരുകാ ടാക്കീസിന്റെ തിരശ്ശീലയിലേക്ക് എം.ജി.ആറും സരോജാദേവിയും വന്നിറങ്ങുകയായി.

ചുളുക്കുകൾ വീണ വെള്ളിശ്ശീലയിൽനിന്ന് അണ്ണൻ കൈകൂപ്പി വണക്കം പറഞ്ഞപ്പോൾ കൈയടിയും, വിസിലടിയും ഉയർന്നു.

ഇത് ഇനിമയുടെ നാട്. ഇവിടത്തെ കാറ്റിലും, തണ്ണീരിലും, മണ്ണിലും മക്കളുടെ മനസ്സിലുമെല്ലാം ഇനിമയേ ഇനിമ താൻ. അണ്ണൻ കൈവീശിക്കൊണ്ട് വിളിച്ചു പറഞ്ഞു. ജനവും ഇരുകൈകളും ആഞ്ഞ് വീശിക്കൊണ്ട് അതേറ്റ് പാടി:

'ആമാങ്കെ. ഇനിമയേ ഇനിമ താൻ.'

പിന്നീട്, കൈകോർത്തു പിടിച്ച്, ഉറക്കെ പാടിക്കൊണ്ട് മുന്തിയ പട്ടുവസ്ത്രങ്ങളണിഞ്ഞ എം.ജി.ആറും, സരോജാദേവിയും ആ ശീലയിലാകെ ഓടി നടന്നപ്പോൾ, തങ്ങളുടെ ഊരിനെയാകെ മധുരിപ്പിക്കാൻ പോകുന്ന ആ പണിശാലയെപ്പറ്റിയും, കാൽക്കീഴിൽ മറഞ്ഞു കിടക്കുന്ന നിധിയെപ്പറ്റിയുമൊക്കെ അവർ മറന്നു. ആശ്വിനത്തിലെ ആ ത്രിസന്ധ്യയുടെ വരവോടെ തങ്ങളുടെ ജീവിതമാകെ എത്രയോ ധന്യമായതായി അവർക്ക് തോന്നി.

ആദ്യത്തെ കളി കഴിഞ്ഞ് ക്ഷീണത്തോടെ തിരയിൽ നിന്നിറങ്ങിയ മക്കൾതിലകവും, സരോജാദേവിയും പിന്നിട് ചെന്നുകയറിയത് മീനാക്ഷിപ്പാളയത്തെ പാവപ്പെട്ടവരുടെ ഒറ്റപ്പെട്ട കിനാവുകളിലേക്കായിരുന്നു. അവർക്ക് ആശിക്കാനും, ആരാധിക്കാനുമായി അതേവരെ കാണാത്ത ചില പുതിയ വിഗ്രഹങ്ങൾ. അവർക്കിരിക്കാനായി നാട്ടാരുടെ ഉള്ളിൽ തങ്കത്തകിടുകൾ പതിച്ച പുതിയ കോവിലുകൾ...

രേവതി പറഞ്ഞ് നിറുത്തുകയായിരുന്നു.

കിട്ടാവുന്ന കരിമ്പിൻതോട്ടങ്ങളൊക്കെ മോഹവിലയ്ക്ക് വാങ്ങിക്കൂട്ടുമ്പോൾ ചെട്ടിയാന്മാരുടെ നോട്ടം പഞ്ചസാരമില്ലിനേക്കാൾ കൂടുതൽ ആ ചുവന്ന മണ്ണിനടിയിലെവിടെയോ പുതഞ്ഞു കിടക്കുന്ന ആ അപൂർവമായ നിധിയിൽ തന്നെയായിരുന്നിരിക്കണം.

ഏതു നിധിക്കും അതിന് പറഞ്ഞുവച്ചവരുടെ കൈയിൽ മാത്രമേ എത്തിപ്പെടാനാകൂ എന്നവർക്ക് നന്നായറിയാമായിരുന്നു. അതും അതിനായി കുറിച്ചിട്ട, നാളുംപക്കവും ചേരുന്ന പുണ്യമുഹൂർത്തത്തിൽ മാത്രം.

അർഹതയുടെ കാര്യത്തിൽ ആരുണ്ടാവും തങ്ങളെക്കാൾ കേമന്മാരായി?

അങ്ങനെ, ആ ദിവ്യമുഹൂർത്തത്തിനായി അവർ കാത്തിരുന്നു. നിധിയുടെ രഹസ്യം അടുത്ത തലമുറയിലേക്ക് പകർന്നുകൊടുക്കുമ്പോൾ ഒപ്പം വലിയൊരു താക്കീതുമുണ്ടായിരുന്നു:

തിരഞ്ഞു പോകരുതൊരിക്കലും.

തിടുക്കം കാട്ടരുതൊരിക്കലും.

ക്ഷമ കെട്ട് കുഴിച്ചു നോക്കരുതൊരിക്കലും.

കുഴിക്കുന്തോറും താഴ്ന്നു പോകുകയെന്നതാണ് ഓരോ നിധിയുടേയും വിധി. എല്ലാം നിധിയും ഭാഗ്യം കൊണ്ടുവരുമെന്ന് നിനയ്ക്കരുത്. പക്ഷേ, കൈകളിൽനിന്ന് കൈകളിലേക്ക് മാറിപ്പോകാൻ വിധിക്കപ്പെട്ട ഏതു നിധിക്കും ഒരിക്കൽ പൊങ്ങിവരാതിരിക്കാനാവില്ല. മണ്ണിനടിയിലെ തടവിൽനിന്ന് പുറത്തുവരാനുള്ള നിമിഷവും കാത്ത് കഴിയുകയാണവ. അതിനായി കുറിച്ചിട്ട വിശുദ്ധനിമിഷത്തിൽ താനേ പൊങ്ങിവന്ന് തങ്ങൾക്കായി

പറഞ്ഞു വച്ച കൈകളിൽ ചെന്നെത്തുകയെന്നതാണ് ഓരോ നിധിയുടേയും കർമ്മം.

അതുകൊണ്ട് ചെട്ടിയാന്മാർ അങ്ങനെ ക്ഷമയോടെ കാത്തിരുന്നു. പഞ്ചസാരമില്ലിൽനിന്ന് കാര്യമായ ലാഭം ഇല്ലാതിരുന്നിട്ടും അതിനെ പരിപാലിച്ച് അവിടം വിടാതെ ചുറ്റിപ്പറ്റി നിന്നു.

ഫാക്റ്ററിയിലെ നഷ്ടം ഒരുനാൾ എത്രയോ ഇരട്ടിയായി തിരിച്ച് വരുമെന്ന് അവർക്ക് നല്ല ഉറപ്പുണ്ടായിരുന്നു.

ഇത്തരമൊരു കഥയുടെ അവസാനത്തിൽ ഒരു മറുചോദ്യത്തിന് പ്രസക്തിയില്ലെന്ന് അറിയാമായിരുന്നെങ്കിലും വെറുതെ ഒരു രസത്തിനു വേണ്ടി പ്രിയംവദ ചോദിച്ചു:

'മണ്ണിനടിയിൽ അങ്ങനെയൊരു നിധിയുണ്ടെന്ന്, ഒരുനാൾ അതാ ചെട്ടിയാന്മാരുടെ കൈവശം ചെന്നുചേരുമെന്ന്, കോമ്രേഡ്, താൻ വിശ്വസിക്കുന്നുണ്ടോ?'

രേവതി ഒന്ന് ഊറിച്ചിരിച്ചു. ഇതെന്തൊരു ചോദ്യം.

'വിശ്വസിക്കാം മാഡം. ഇത്തരം വിശ്വാസങ്ങളല്ലേ ഒരു ജനതയെയാകെ ജിവിച്ചുപോകാൻ പ്രേരിപ്പിക്കുന്നത്. ഒരു നാടിന്റെ അമർത്തിയിട്ട സ്വപ്നങ്ങൾ ഉറഞ്ഞു കൂടുമ്പോഴാണ് നിധികൾ ഉണ്ടാകുന്നത്. സ്വപ്നം കാണാനൊരു നിധിപോലുമില്ലെങ്കിൽ ആ പാവങ്ങളുടെ ജീവിതം എന്ത് ജീവിതം? നാടിന്റെ പൊതുസമ്പത്തായ ആ നിധി മണ്ണിനടിയിലേക്ക് താണുപോകുന്നതും പിന്നീടൊരു വിശേഷപ്പെട്ട മുഹൂർത്തത്തിൽ സ്വയം പൊങ്ങിവരുന്നതുമൊക്കെ എത്രയോ സ്വാഭാവികമാണ്. ഒന്നുമില്ലെങ്കിലും ആ അത്യാഗ്രഹികളായ ചെട്ടിയാന്മാരെ പാർവതീപുരത്തേക്ക് ആകർഷിച്ച് അവിടെയൊരു പണിശാലയുണ്ടാക്കാനും, അതിലൂടെ കുറേപ്പേർക്ക് തൊഴിൽ കൊടുക്കാനും അവിടത്തെയും, അയൽഗ്രാമങ്ങളിലെയും കരിമ്പുകൃഷിക്കാരുടെ വിളകൾക്ക് കുറേക്കൂടി മെച്ചപ്പെട്ട വില തരപ്പെടുത്താനും കഴിഞ്ഞല്ലോ. പിന്നെ, ഊരിലാകെ ഒരുപാട് സ്വപ്നങ്ങൾ വാരിവിതറിക്കൊണ്ട് വന്നെത്തിയ എം.ജി.ആറും, സരോജാദേവിയും, ശിവാജിയുമൊക്കെ...'

'ഒരർത്ഥത്തിൽ രേവതി പറഞ്ഞത് എത്രയോ ശരിയാണ്,' പ്രിയംവദ തലകുലുക്കി: 'ഒരു നാടിന്റെ അമർത്തിയിട്ട സ്വപ്നങ്ങൾ ഉറഞ്ഞുകൂടുമ്പോഴാണ് നിധികൾ ഉണ്ടാകുന്നത്. വേറിട്ട കുറെ സ്വപ്നങ്ങളും വിശ്വാസങ്ങളുമാണ് ഒരു ജനതയെയാകെ ജിവിച്ചുപോകാൻ പ്രേരിപ്പിക്കുന്നത്.'

അതോടെ ഒരു കാര്യം പ്രിയംവദയ്ക്കും ഉറപ്പായി. എന്തൊക്കെ കുഴപ്പങ്ങളുണ്ടായാലും, മീനാക്ഷിപ്പാളയത്തെ ആ ഫാക്റ്ററി അങ്ങനെ നടന്നു പൊയ്ക്കൊള്ളും. ഒരു ചെട്ടിയാരല്ലെങ്കിൽ വേറൊരു ചെട്ടിയാർ. ഒരു മുതലാളിയല്ലെങ്കിൽ വേറൊരു മുതലാളി.

അവർക്ക് രക്ഷകരായി മുകളിൽ അലഞ്ഞുനടക്കുന്ന കുറെ ഗതികിട്ടാത്ത, ആത്മാക്കളും. നല്ലതും ചീത്തയുമായ ആത്മാക്കൾ. മീനാക്ഷിപ്പാളയത്തെ കരിമ്പിൻതണ്ടുകൾക്ക് മറ്റേതോ ലോകത്തിന്റെ ഇനിപ്പ് പകർന്നു കൊടുക്കുന്നത് അവരാണല്ലോ.

ഒരുപക്ഷേ, അടിമണ്ണിലെവിടെയോ പുതഞ്ഞുകിടക്കുന്ന ആ വിശേഷപ്പെട്ട നിധി കാക്കുന്നതും അവർതന്നെയായിരിക്കാം. മുമ്പേ പോയവരുടെ ആത്മാക്കൾ.

'അവർതന്നെയാണല്ലോ മീനാക്ഷിപ്പാളയത്തിന്റെ ശക്തിയും ദൗർബ്ബല്യവും,' രേവതി പറഞ്ഞുവെച്ചു.

പ്രിയംവദ വെറുതെ തലയാട്ടി.

ഇരുപത്തിമൂന്ന്

മുമ്പൊരിക്കലും കാണാത്ത വിധത്തിൽ, ആകെ വലിഞ്ഞുമുറുകി നിൽക്കുകയായിരുന്നു നീതു. ആ മുഖത്തേക്കൊന്ന് നോക്കാൻപോലും പ്രിയംവദയ്ക്ക് പേടി തോന്നി.

എന്നെങ്കിലുമൊരിക്കൽ ഇങ്ങനെയൊരു സന്ധിയിലേക്ക് എത്തിച്ചേരാതെ വയ്യെന്ന് ബോദ്ധ്യമായിരുന്നെങ്കിലും ആ നിമിഷം ഇത്ര വേഗം വന്നെത്തുമെന്നു കരുതിയതല്ല.

വൈകുന്നേരം പതിവില്ലാത്തൊരു കാറ്റും മഴയും വന്നപ്പോൾ ഓഫീസിന്റെ ചുറ്റുവട്ടത്തെല്ലാം വെളിച്ചം പോയി. എവിടെയോ മരങ്ങൾ വീണ് ലൈനുകൾ മുറിഞ്ഞിരിക്കുന്നുവെന്നു കേട്ടു. ശരിയാക്കാൻ കുറേനേരമെടുത്തേക്കാം. ജനറേറ്ററിന്റെ വെളിച്ചമുണ്ടെങ്കിലും കമ്പ്യൂട്ടറുകൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് പ്രിയംവദ നേരത്തേ ഓഫീസിൽനിന്നിറങ്ങി.

വീട്ടിൽ ചെന്നുകയറുമ്പോൾ നേർത്ത വെളിച്ചമുണ്ട്. വോൾട്ടേജ് കുറവായതുകൊണ്ട് ലിഫ്റ്റില്ല. അഞ്ച് നിലയും ചവിട്ടിക്കയറി, വിയർത്ത് കുളിച്ച് വല്ലാത്ത അണപ്പോടെ പങ്കയുടെ ചുവട്ടിലെ സോഫയിലേക്ക് വീഴുമ്പോൾ ബാൽക്കണിയിലേക്കുള്ള കതകിൽ ചാരി പുറത്ത് മഴ ചൊരിയുന്നതും നോക്കി നിൽക്കുകയായിരുന്നു നീതു.

'ലിഫ്റ്റില്ലായിരുന്നു, അഞ്ചുനിലയും ചവിട്ടിക്കയറേണ്ടി വന്നു.'

അവനവനോടുതന്നെ അങ്ങിനെ പറയേണ്ടി വന്നതിൽ പ്രിയംവദയ്ക്ക് വെറുപ്പ് തോന്നി. ആകാശത്തെ ഈ ആകൃതി നഷ്ടപ്പെട്ട കൂട്ടിൽ അത്യാവശ്യത്തിനു മാത്രം മിണ്ടിയും പറഞ്ഞും, ഒരമ്മയും മകളും. കാറ്റും മഴയും തിമർക്കുന്ന സന്ധ്യയിൽ, മങ്ങിക്കത്തുന്ന വിളക്കുകളുടെ വെളിച്ചത്തിൽ മൂടിക്കെട്ടിയ മുഖവുമായി രണ്ടുപേർ.

ആരാണ് തുടങ്ങിയതെന്നറിയില്ല, എങ്ങിനെയാണ് തുടങ്ങിയതെന്നറിയില്ല. ഒരുപക്ഷേ താൻ തന്നെയായിരിക്കണം തുടങ്ങിവച്ചത്. ഏതെങ്കിലും നിർദ്ദോഷമായ പറച്ചിലിൽ നിന്ന് കത്തിക്കയറി...

നീതു വെട്ടിത്തിരിഞ്ഞത് പെട്ടെന്നാണ്. അവളാകെ വിറകൊള്ളുകയായിരുന്നു. ചോര ഇരച്ചുകയറി ചുവന്നുതുടുത്ത മുഖം. എരിയുന്ന കണ്ണുകൾ. കഴുത്തിൽ പിടച്ച് നിൽക്കുന്ന ഞരമ്പുകൾ.

'ഹൗ ഡെയർ യു ആസ്ക് ദാറ്റ് ക്വസ്റ്റ്യൻ ടു മീ?' അവൾ ശരിക്കും ഉറഞ്ഞു തുള്ളുകയായിരുന്നു.

'നീതൂ... മോളേ.'

'അങ്ങനെയൊക്കെ ചോദിക്കാൻ എന്ത് അർഹതയാണ് അമ്മയ്ക്കുള്ളത്?' അവൾ പറഞ്ഞതുതന്നെ ആവർത്തിക്കുകയാണ്, അതും സാമാന്യം ഉറക്കെത്തന്നെ. 'ഞാൻ എനിക്ക് ഇഷ്ടമുള്ളയിടത്ത് പോകും, ഇഷ്ടമുള്ളവരെ

കാണും, അതെക്കുറിച്ചൊക്കെ അന്വേഷിക്കാൻ യാതൊരു അവകാശവും അമ്മയ്ക്കില്ല.'

'മോളേ... നീതൂ.'

അമ്മയുടെ തൊണ്ട താനേ അടഞ്ഞുപോകുകയാണ്. അതുവരെ മാടി വച്ചിരുന്ന എല്ലാ കരുത്തും ചോർന്നുപോകുമ്പോൾ വലിയൊരു കരച്ചിൽ തള്ളിക്കയറി വരുന്നു.

'ആ അവകാശം ഇല്ലാതാക്കിയതും അമ്മതന്നെയാണ്.'

'മോളേ, ഞാൻ പറഞ്ഞത്... നിങ്ങളുടെ പ്രിൻസിപ്പൽ ആലീസിനെ വിളിച്ച്...'

മുഴുവനാക്കാൻ സമ്മതിക്കാതെ നീതു ഇടയിൽക്കയറി:

'സോ വാട്ട്? ഈ പ്രിൻസിപ്പലെന്നു പറയുന്നയാൾ എന്താ ദൈവ മാണോ? അയാൾക്ക് വിളിച്ചുപറയാൻ പാകത്തിന് ഈ ആലീസ് ആരാ ണെന്റെ? എന്തെങ്കിലും പറയാനുണ്ടായിരുന്നെങ്കിൽ അയാൾക്കെന്നോട് നേരിട്ട് പറയാമായിരുന്നല്ലോ.'

'ആലീസ് നിന്റെ നല്ല കൂട്ടുകാരിയായതുകൊണ്ട്.'

'നല്ല കൂട്ടുകാരി... നോൺസെൻസ്!'

നീതു അരിശം സഹിക്കവയ്യാതെ ചുമരിൽ ആഞ്ഞിടിക്കുകയാണ്.

'ക്യാമ്പസിൽ നടക്കണതെല്ലാം അപ്പപ്പോൾ ഇവിടെ വന്ന് റിപ്പോർട്ട് ചെയ്യ ലാണോ നല്ല കൂട്ടുകാരിയുടെ പണി?'

അവളുടെ ഒച്ച വല്ലാതെ പൊങ്ങിയപ്പോൾ പ്രിയംവദ പരുങ്ങലോടെ ചുറ്റും നോക്കി.

'എന്നോട് നേരിട്ട് ചോദിക്കാൻ വരട്ടെ. അപ്പോൾ ഞാൻ എണ്ണിയെണ്ണി പറഞ്ഞ് കൊടുക്കാം ആ ക്യാംപസ്സിലെ ഓരോരുത്തരുടെയും ചരിത്രവും ഭൂമിശാസ്ത്രവുമൊക്കെ; മിസ്സുമാരടേം പ്രൊഫസർമാരടേം വരെ.'

ഇതിവിടെ നിറുത്തണം, നിറുത്തിയേ പറ്റൂ. പറഞ്ഞു പറഞ്ഞു പോയാൽ ചെന്നെത്താൻ പോകുന്നത് എവിടെയൊക്കെ ആകുമെന്ന് ഒരു രൂപവും കിട്ടു ന്നില്ല.

പക്ഷേ, നിറുത്തുന്നതെങ്ങനെയെന്ന് അറിഞ്ഞുകൂടായിരുന്നു പ്രിയംവ ദയ്ക്ക്. നീതുവാണെങ്കിൽ അങ്ങനെ തിളച്ചുതൂവി നിൽക്കുകയാണ്. ഇങ്ങനെ യൊരു അവസരത്തിനു വേണ്ടി അവൾ കാത്തിരിക്കുകയായിരുന്നെന്ന് തോന്നി. എല്ലാം തുറന്നടിച്ച് പറഞ്ഞ് ആരോടോ ഒക്കെ കണക്ക് തീർക്കാ നുള്ള വ്യഗ്രതയാണ് ഇപ്പോൾ അവളുടെ മുഖത്ത്.

'എന്നെപ്പറ്റി അതുമിതും പറയുന്നവർക്ക് അവനവനെപ്പറ്റിയുള്ള ചോദ്യ ങ്ങൾക്കും മറുപടി പറയേണ്ടിവരുമെന്ന് മറക്കരുത്. എളുപ്പത്തിൽ ഉത്തരം തരാനാവാത്ത ചില ചോദ്യങ്ങൾ.'

കൊത്തിക്കയറുകയാണ് അവൾ. ഓരോ വാക്കിനും വല്ലാത്ത മൂർച്ചയും ഒരുപാട് അർത്ഥങ്ങളും.

തീരെ ഉറപ്പില്ലാത്ത സ്വരത്തിൽ പറഞ്ഞൊതുക്കാൻ നോക്കുമ്പോൾ തളർന്നുപോകുകയാണ് പ്രിയംവദ.

'നിന്റെ ചോദ്യങ്ങൾക്കൊന്നിനും മറുപടി തരാതിരുന്നിട്ടില്ലല്ലോ ഞാൻ. നിന്നിൽനിന്ന് എന്തെങ്കിലും മറച്ചുവയ്ക്കണമെന്നും തോന്നിയിട്ടില്ലൊരി

ക്കലും. ഒരമ്മയ്ക്ക് മകളോട് പറയാവുന്ന കാര്യങ്ങൾ, അവയുടെ അതിരു കൾക്കകത്ത് നിന്നുകൊണ്ട്...'

'അപ്പോൾ ഒരമ്മയ്ക്ക് മകളോട് പറയാവുന്ന കാര്യങ്ങൾക്കൊക്കെ ചില അതിരുകളുണ്ടല്ലേ, അതും നിങ്ങൾ തന്നെ വരച്ചിടുന്ന അതിരുകൾ,' നീതു വിന്റെ ചിരി വികൃതമാകുകയാണ്: 'പക്ഷേ, മക്കളുടെ കാര്യം വരുമ്പോൾ ഒരതിരുകളുമില്ലാതെ എല്ലാമറിയണം നിങ്ങൾക്ക്. നിങ്ങൾ പഴയ തലമുറ യുടെ കുറെ പൂപ്പൽ പിടിച്ച ന്യായങ്ങൾ. അതൊക്കെ ഞങ്ങള് തലകുലുക്കി സമ്മതിച്ച് തരികയും വേണം.'

പുറത്തുനിന്ന് അടിച്ചുകയറുന്ന കാറ്റിൽ ജാലകങ്ങൾ ആഞ്ഞടയുകയാ ണ്. ജാലകപ്പടികളിൽ വന്നു വീഴുന്ന മഴത്തുള്ളികൾ ചിതറിത്തെറിക്കുന്നു.

ഈ കാറ്റും മഴയുമുള്ള സന്ധ്യയിൽ എനിക്ക് എന്റെ മകളോട് പ്രത്യേ കിച്ച് പറയാനൊന്നുമില്ലല്ലോ, പ്രിയംവദ ഓർത്തു. എല്ലാം വെറുതെ നിന്ന് കേൾക്കുക മാത്രം. തലമുറകൾ മറിഞ്ഞു മറിഞ്ഞു പോകുമ്പോൾ, മുമ്പേ പോയവർക്ക് വേണ്ടത് എന്തും കേട്ടുനിൽക്കാനുള്ള ശക്തിയാണ്.

ഇപ്പോൾ തൊട്ടടുത്ത് വന്ന് മുഖത്തോടു മുഖം നോക്കി നിൽക്കുകയാണ് നീതു. അവളുടെ കണ്ണുകളിൽ എതിർപ്പിന്റെ കടുത്ത ചുവപ്പുരാശി.

'ആട്ടെ, അമ്മയ്ക്കെന്താണ് അറിയേണ്ടത്? കണ്ണിൽക്കണ്ടവരിലൂടെ അറി യാൻ നോക്കാതെ എന്നോട് നേരിട്ട് ചോദിച്ചോളൂ.'

'മോളേ, അങ്ങനെ പ്രത്യേകിച്ചൊന്നും...'

വാക്കുകൾക്കു വേണ്ടി തപ്പിത്തടയേണ്ടി വരുന്നത് പ്രിയംവദയെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ടായിരുന്നു.

'എന്റെ മുഖത്തു നോക്കി ചോദിക്കാൻ മടിയുണ്ടല്ലേ? എന്നാൽ എനി ക്കറിയാം, നിങ്ങൾക്കൊക്കെ അറിയേണ്ടത് എന്താണെന്ന്. എന്നെ ഒരുപാട് സ്നേഹിക്കുന്ന അച്ഛനുപോലും അതറിഞ്ഞേ പറ്റൂ. ആ ഹരിനാരായണന്റെ കാര്യം, അതാണ് നിങ്ങൾക്കൊക്കെ അറിയേണ്ടത്. എന്നാൽ കേട്ടോളൂ, അയാൾ ഏറെ നാളായി എന്റെ അടുത്ത ഫ്രണ്ടാണ്. ഒരുപക്ഷേ, ഫ്രണ്ടിൽ ക്കൂടുതലായി എന്തൊക്കെയോ ആണ്. എന്താണ് ഞങ്ങൾ തമ്മിലുള്ള ശരി യായ ബന്ധം എന്നൊക്കെ കുത്തിക്കുത്തി ചോദിച്ചാൽ പറയാൻ പാടാണ്. അങ്ങനെ അളന്നുതൂക്കി നോക്കണമെന്ന് തോന്നിയിട്ടില്ലൊരിക്കലും. എന്നാലും തമ്മിൽ ഇഷ്ടപ്പെടുന്നുണ്ടെന്നത് നേരാണ്.'

വിശ്വാസം വരാതെ അമ്മ മകളുടെ മുഖത്തേക്കു തുറിച്ചുനോക്കുക യാണ്. എന്റെ നീതുമോളാണോ ഇത്രയും വലിയ കാര്യങ്ങൾ ഇങ്ങനെ നിസ്സാരമായി പറഞ്ഞുവെയ്ക്കുന്നത്?

'നീതൂ, എന്റെ കുട്ടീ, എന്തൊക്കെയാണ് നീയീ പറഞ്ഞു കൂട്ടുന്നത്? ഞാൻ അങ്ങനെയൊന്നും ചോദിച്ചതു പോലുമില്ലല്ലോ.'

'ചോദിച്ചില്ലെങ്കിലും ഓരോരുത്തരുടേയും മുഖത്തുനിന്ന് അതൊക്കെ എളുപ്പത്തിൽ വായിച്ചെടുക്കാമെനിക്ക്. വേണ്ടാത്തതു പലതും ആ ആലീസ് ഇവിടെ വന്നു കൊളുത്തിക്കാണുമെന്ന് എനിക്ക് നന്നായറിയാം.'

'ഒരാളോട് അടുക്കുമ്പോൾ അയാളെപ്പറ്റി വേണ്ടത്ര അറിയാൻ ശ്രമി ക്കാതെ...' പ്രിയംവദ പൊടുന്നനേ നിറുത്തി.

'ഉപദേശിക്കുന്ന ആളുകൾ കൊള്ളാം.' നീതുവിന്റെ മുഖത്ത് ഒരു പരി ഹാസച്ചിരി വിരിഞ്ഞു.

'ആരോ കൂട്ടിക്കെട്ടിയ ബന്ധത്തിന്റെ ചങ്ങലക്കൊളുത്തിൽ വർഷങ്ങൾ എരിച്ചുകളഞ്ഞ രണ്ട് ഗോളാന്തരജീവികളെ എനിക്കറിയാം. അവരുടെ കോപ്രായങ്ങൾ കണ്ടുകൊണ്ടാണ് ഞാൻ വളർന്നുവന്നതും. കുട്ടിക്കാലത്തേ ഞാൻ തീരുമാനിച്ചുവെച്ചിരുന്നു, ആവുന്നത്ര തനിച്ചു നിൽക്കാൻ നോക്കണമെന്ന്. അല്ല, ഇനിയൊരു പങ്കാളി വേണമെങ്കിൽതന്നെ അത് അടുത്തറിഞ്ഞ ഒരാൾ മാത്രമേ ആകാവൂ എന്ന്. വല്ലവർക്കും വേണ്ടി പുകച്ചു കളയാനുള്ളതല്ല ഞങ്ങളുടെയൊക്കെ ജീവിതം.'

എതിർത്തൊന്നും പറയാനാകാതെ പകച്ചുനിൽക്കുകയാണ് പ്രിയംവദ. അല്പം കഴിഞ്ഞ് പതിയെ ചോദിച്ചു:

'ഒരു ചെറുപ്പക്കാരനെ മനസ്സിലാക്കുക അത്ര എളുപ്പമാണെന്നാണോ മോള് കരുതുന്നത്?'

'വയസ്സായവരെ മനസ്സിലാക്കുന്നതിനെക്കാൾ എളുപ്പമാണെന്നു മാത്രം അറിയാം.'

അവളുടെ നോട്ടം തന്റെ കണ്ണുകളിൽത്തന്നെ കൊരുത്തു നിൽക്കുന്നത് പ്രിയംവദയറിഞ്ഞു. ചുണ്ടനക്കാതെതന്നെ പലതും പറഞ്ഞുവയ്ക്കാനാവുന്നുണ്ട് ആ നോട്ടത്തിലൂടെ.

പ്രിയംവദ അറിയാതെയൊന്ന് ചൂളിപ്പോയി.

'കുറെയൊക്കെ മനസ്സിലാക്കിയിട്ടുണ്ട്, അത്രയും മതി. വേണ്ടാത്ത ഒരു പാട് അറിവുകൾ ഒഴിവാക്കുകയാവും ഭേദം.' നീതുവിന്റെ ഉറച്ച ശബ്ദം.

മൊഴി മുട്ടുകയാണ്. മകളുടെ മുഖം അടുത്തടുത്തു വരുന്നത് അമ്മ കാണുന്നു.

'നേര് പറയു. അമ്മ എന്നെങ്കിലും ആരെയെങ്കിലും സ്നേഹിച്ചിട്ടുണ്ടോ? ആരെയെങ്കിലും സ്നേഹിക്കാൻ കഴിയുമോ അമ്മയ്ക്ക്?'

തൊണ്ടയിൽ എന്തൊക്കെയോ എരിഞ്ഞുകയറുകയാണ്. എന്റെ മകൾ... എന്റെ മോളാണീ ചോദിക്കുന്നത്. ചെറിയ വായിൽ കൊള്ളാത്ത വലിയ ചോദ്യങ്ങൾ.

'ആരെയും സ്നേഹിക്കാനാവാത്ത ജീവിതം എന്തു ജീവിതം അമ്മാ?'

ഒരമ്മയ്ക്കും കേട്ടുനിൽക്കാനാവാത്ത ചോദ്യങ്ങൾ. അമ്മ മറുപടി പറയുന്നില്ല. മകൾ മറുപടി കാക്കുന്നതുമില്ല.

വർഷങ്ങൾക്കുമുമ്പ് ഡ്രായിങ്റൂമിൽ കരിക്കോലങ്ങൾ തിമർത്താടുമ്പോൾ കതകിനു പുറകിൽ പാതി മറഞ്ഞ് കാണാമായിരുന്ന പേടിച്ചരണ്ട രണ്ട് കൊച്ചുകണ്ണുകൾ ഓർമ്മവരുന്നു. ആ കോലങ്ങൾ പിന്നീട് ചെന്നു കയറിയിരുന്നത് അവളുടെ പേടിസ്വപ്നങ്ങളിലായിരിക്കാം. അന്നൊക്കെ ഓർക്കേണ്ടതായിരുന്നു, ഒരിക്കൽ എന്റെ മോള് വളർന്നുവലുതായി ഉത്തരമില്ലാത്ത കുറെ വലിയ ചോദ്യങ്ങൾ എന്റെ മുഖത്തേക്കെറിയുമെന്ന്.

ഒരുപക്ഷേ നീതുവിലൂടെ ഒരു തലമുറയാകെ, നല്ല മുഴക്കമുള്ള ശബ്ദത്തിൽ, പലതും പറഞ്ഞുവയ്ക്കാൻ നോക്കുന്നതുപോലെ. മുൻ തലമുറകൾക്ക് രുചിക്കാത്ത, അല്ലെങ്കിൽ മനസ്സിലാവാത്ത കുറെ കാര്യങ്ങൾ.

എന്തായാലും തുടങ്ങിവച്ചത് അവൾതന്നെയാണ്. അതുകൊണ്ട് നന്നേ തളർന്ന ശബ്ദത്തിൽ പ്രിയംവദ ചോദിച്ചു:

'നീ ശരിക്കും ആലോചിച്ചിട്ടാണോ മോളേ...?'

ചോദിച്ചു കഴിഞ്ഞപ്പോഴാണ് അബദ്ധമായെന്ന് തോന്നിയത്. ഒരമ്മ മകളോട് ഒരിക്കലും ചോദിക്കാൻ പാടില്ലാത്ത ചോദ്യം. നീതു ഉടനെ തിരിച്ചടിക്കുകയും ചെയ്തു.

'ഇത്തരമൊരു അർത്ഥമില്ലാത്ത ചോദ്യം എന്റെ അമ്മയിൽനിന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല.'

'ആ പയ്യൻ...'

'ഹരിനാരായണൻ എന്നാണവന്റെ പേര്, പയ്യൻ എന്നല്ല. ഹി ഈസ് എ ഗ്രോണപ്പ് മാൻ.'

'അയാളുടെ ചുറ്റുപാടുകൾ...'

'അന്വേഷിച്ചിട്ടില്ല. വേണമെന്ന് തോന്നിയിട്ടുമില്ല. അവനൊരു ആണാണെന്നറിയാം. ഒരു തികഞ്ഞ ആണ്!'

'അത് മാത്രം മതിയോ മോളെ?'

'തത്കാലത്തേക്ക് മതിയെങ്കിലോ?'

വീണ്ടും ഉത്തരംമുട്ടുകയാണ് പ്രിയംവദയ്ക്ക്.

നീതു തുടർന്നു:

'കൂടുതലറിയാൻ മിനക്കെടാതിരിക്കുകയാവും ഭേദം. ഇതൊക്കെ നിങ്ങൾക്ക് തീരെ മനസ്സിലാക്കാനാവാത്ത കാര്യങ്ങൾ. സ്നേഹം എന്തെന്നറിയാത്ത നിങ്ങൾക്കൊക്കെ എല്ലാറ്റിന്റേം പുറകിൽ ഒരുപാട് കണക്കുകൂട്ടലുകളാണ്. അങ്ങനെ കണക്കുകൂട്ടാനാവില്ല ഞങ്ങൾക്ക്. കണക്കുകൾ കൂടുമ്പോഴാണ് ജീവിച്ചുപോകാൻ വിഷമമാകുക. അടുപ്പങ്ങളുടെ പുറകിൽ ഒരുപാട് കൊടുക്കൽവാങ്ങലുകൾക്കുള്ള മനസ്സ് വേണം. അന്യോന്യം അറിയാനും, പൂരിപ്പിക്കാനുമുള്ള ശ്രമം വേണം...'

ഒന്നു നിറുത്തിയിട്ട് അവൾ തുടർന്നു.

'ഒരുപക്ഷേ, ഞങ്ങൾ ചെന്നെത്തുക നിങ്ങൾക്കൊന്നും മനസ്സിലാക്കാനാവാത്ത ഒരു ലോകത്തായിരിക്കും. എവിടെയെങ്കിലും ഒരു ഒത്തുപാർപ്പ്. യാതൊരു ഫോർമാലിറ്റികളുമില്ലാതെ, ഒരു കടലാസുകഷ്ണത്തിലും ഒപ്പിടാതെ. അതും എത്ര നാളത്തേക്കെന്ന് ആർക്കറിയാം. ഒത്തുപോകാനായില്ലെങ്കിൽ പെട്ടെന്നൊരു ദിവസം ഞങ്ങൾ പിരിഞ്ഞുവെന്ന് വരാം, ഒട്ടും കുറ്റബോധമില്ലാതെ, ആരോടും കണക്കുപറയാനില്ലാതെ.'

വലിയ വാക്കുകൾ. വലിയ പൊരുളുകൾ. എന്റെ മകൾ എന്നേക്കാൾ എത്രയോ വലുതായിരിക്കുന്നു.

ഒന്നും പറയാനാകാതെ തരിച്ചുനിൽക്കുകയാണ് പ്രിയംവദ.

'ഇതെന്റെ തീരുമാനമാണ്. സ്വന്തം തീരുമാനമാകുമ്പോൾ നാളെ ആരോടും കണക്കു പറയേണ്ടി വരില്ലല്ലോ. എന്തായാലും ഇനിയുള്ള ജീവിതത്തിൽ സ്വന്തം തീരുമാനങ്ങൾ മാത്രം മതിയെന്ന് ഞാൻ എന്നേ ഉറപ്പിച്ചു കഴിഞ്ഞിരിക്കുന്നു.'

നീതുവിന്റെ ശബ്ദം ഉറച്ചതായിരുന്നു.

കൂടുതലൊന്നും പറയണമെന്ന് തോന്നിയില്ല പ്രിയംവദയ്ക്ക്. വേണ്ട തീരുമാനങ്ങളൊക്കെ അവൾതന്നെ എടുത്തുകഴിഞ്ഞ നിലയ്ക്ക് ഇനി എതിർക്കാൻ നോക്കിയാൽ വാശി കൂടുകയേ ഉള്ളൂ.

കുറെ നേരത്തേക്ക് അവിടെ നിശ്ശബ്ദത പരന്നു. അമ്മയും മകളും മുഖത്തോടു മുഖം നോക്കാതിരിക്കാൻ ശ്രമിക്കുകയാണ്.

അൽപ്പം കഴിഞ്ഞ് നന്നേ പതിഞ്ഞ ശബ്ദത്തിൽ പ്രിയംവദ പറഞ്ഞു:

'ദുബായിൽനിന്ന് ശാരദാമ്മായി വിളിച്ചിരുന്നു.'

'എന്തേ വിശേഷിച്ച്?'

'ഇവിടത്തെ വിശേഷങ്ങളറിയാൻതന്നെ.'

'അപ്പോൾ അവിടംവരെയെത്തിയോ നാട്ടുവിശേഷങ്ങൾ?'

'നീ രഞ്ജിത്തിനെ വിളിച്ചിരുന്നതായി പറഞ്ഞു.'

'അതാദ്യമായിട്ടൊന്നുമല്ലല്ലോ. മുമ്പും അച്ഛനെ വിളിക്കാറുണ്ടല്ലോ ഇടയ്ക്കൊക്കെ.'

'ഇപ്പോൾ വിശേഷിച്ച്?'

'ഒരു മകൾക്ക് തന്റെ അച്ഛനോട് സംസാരിക്കണമെങ്കിൽ അതിന് പ്രത്യേകിച്ച് വിശേഷങ്ങളൊന്നും വേണമെന്നു തോന്നിയിട്ടില്ല, ഇതേവരെ.'

'എന്നോട് ഒരു വാക്ക് പറയാമായിരുന്നു.'

'അമ്മയുടെ സമ്മതം വേണോ എനിക്കെന്റെ അച്ഛനോട് സംസാരിക്കാൻ, അതും ഈ പ്രായത്തിൽ.'

ഒട്ടും താങ്ങാനാവുന്നില്ല പ്രിയംവദയ്ക്ക്. മകളുടെ അടുത്തേക്ക് ചെന്ന് തോളത്ത് കൈവച്ച് ആവുന്നത്ര മയത്തിൽ അവർ പറയാൻ നോക്കി.

'നോക്കൂ മോളേ! യൂവാർ ഗോയിങ് ടൂ ഫാർ! ഏത് ചുറ്റുപാടുകളിലാണ് ഞങ്ങൾ പിരിഞ്ഞതെന്ന് മറ്റാരേക്കാൾ കൂടുതൽ നിനക്കറിയാം. എന്തു പാടുപെട്ടാണ് ഞാൻ നിന്നെ ഈ നിലയിലെത്തിച്ചതെന്നുമറിയാം. രഞ്ജിത്ത് എന്നോട് കാണിച്ചതെല്ലാം അറിഞ്ഞിരുന്നിട്ട്, ഇത്രയും കാലത്തിനു ശേഷം സ്വന്തം കാലിൽ നിൽക്കാറായപ്പോൾ, ഞാൻപോലുമറിയാതെ നീ ചില പഴയ ബന്ധങ്ങൾ പുതുക്കാൻ നോക്കുന്നു. എന്നോ വലിച്ചെറിഞ്ഞുപോയ അച്ഛനുമായി വരെ.'

'വലിച്ചെറിഞ്ഞു പോയതാണെന്ന് ആരു പറഞ്ഞു? നിങ്ങൾക്ക് രണ്ടു പേർക്കും ഒത്തുപോകാൻ കഴിഞ്ഞില്ലെന്നു മാത്രം. തെറ്റ് ആരുടേതായിരുന്നെന്ന് ആർക്കറിയാം?'

സങ്കടം സഹിക്കാനാകുന്നില്ല പ്രിയംവദയ്ക്ക്. തേങ്ങലടക്കാൻ പണിപ്പെടുമ്പോഴും നീതുവിന്റെ മുഖത്ത് യാതൊരു മാറ്റവും കാണാനായില്ല. അതേ എതിർപ്പിന്റെ ശബ്ദത്തിൽ അവൾ തുടരുകയായിരുന്നു:

'എന്നെ ചിറകിനടിയിലിട്ട് വളർത്താൻ നോക്കിയതാവും അമ്മ കാട്ടിയ ഏറ്റവും വലിയ അബദ്ധം. കൈവിട്ടു പോയേക്കാമെന്ന പേടികൊണ്ടാകാം, പുറംലോകം കാണിക്കാതെ, എല്ലാറ്റിൽനിന്നും അകറ്റി നിറുത്തി നിങ്ങളെന്നെ വളർത്തിയത്. നിങ്ങൾ കാണിച്ചുതരുന്നതിനപ്പുറമായൊരു ലോകത്തെപ്പറ്റി എനിക്ക് യാതൊന്നും അറിഞ്ഞുകൂടായിരുന്നു. ഒടുവിൽ സ്വന്തമായി അൽപ്പം കാഴ്ചശക്തിയുണ്ടായപ്പോൾ, ചുറ്റും കാണാനായ ലോകം നിങ്ങളു പറഞ്ഞു തന്നതിൽനിന്നൊക്കെ എത്രയോ വേറെയാണെന്ന് എനിക്ക് മനസ്സിലായി. അങ്ങനെയൊരു തിരിച്ചറിവുണ്ടാകാൻ ആ ഹരിനാരായണനും അല്പം സഹായിച്ചിരിക്കാം. പിന്നെ കുറച്ചൊക്കെ എന്റെ അച്ഛനും. മുതിർന്നവർ പറഞ്ഞതൊക്കെ അപ്പാടെ വിശ്വസിക്കാതെ സ്വയം ചോദ്യങ്ങൾ ചോദിക്കാൻ ശീലിക്കണമെന്ന് ആദ്യമായി പറഞ്ഞുതന്നത് ഹരിനാരായണനാണ്. പിന്നെ അയാളുടെ കൂട്ടുകാരൻ ആ താടിക്കാരൻ ചങ്ങാതിയും.'

'നീതൂ, എന്റെ മോളേ.'

മകളുടെ തോളിൽ തൂങ്ങി പ്രിയംവദ പതുക്കെ തേങ്ങാൻ തുടങ്ങിയിരുന്നു. തന്റെ ഓരോ വാക്കും, ഓരോ ചലനങ്ങളും, അമ്മയെ എത്രകണ്ട് ആഴത്തിൽ മുറിവേൽപ്പിക്കുകയാണെന്ന് മനസ്സിലാക്കാനാവുന്നില്ലല്ലോ, എന്റെ മകൾക്ക്. ഈ ചോര പൊടിയുന്നത് സ്വന്തം ശരീരത്തിൽനിന്നുകൂടിയാണെന്ന് അറിയുന്നില്ലല്ലോ അവൾ.

അതോ എല്ലാമറിഞ്ഞുകൊണ്ട് ക്രൂരമായ രസത്തോടെ ആസ്വദിക്കുകയാണോ?

തന്റെ തോളിൽ തൂങ്ങുന്ന അമ്മയുടെ ഭാരം അസഹ്യമായി തോന്നിയപ്പോൾ കുതറിമാറിയിട്ട് നീതു ബാൽക്കണിയിലേക്ക് കടന്നു.

കാറ്റൊന്ന് ഒതുങ്ങിയിട്ടുണ്ടെങ്കിലും മഴ കുറയുന്ന മട്ടില്ല. എതിർവശത്തുള്ള കെട്ടിടങ്ങളിലെല്ലാം ജനാലയ്ക്കരികിൽ കുട്ടികളുടെ കോലാഹലം. പതിവില്ലാതെ വന്ന മഴയെ എതിരേറ്റുകൊണ്ട് കൈവീശി മഴപ്പാളികളെ തല്ലിത്തെറിപ്പിക്കുകയാണവർ.

മുഖത്ത് വന്നുവീഴുന്ന മഴത്തുള്ളികളെ തുടച്ചുമാറ്റാതെ നീതു അതേ നിൽപ്പ് നിന്നു.

പുറകിലെ സോഫയിൽ കിടക്കുന്ന അമ്മയുടെ അമർത്തിയ തേങ്ങൽ അവളപ്പോൾ കേട്ടതേയില്ല.

ഈ മഴ നല്ലതാണ്. എല്ലാ മഴകളും നല്ലതാണ്. അവൾ സ്വയം പറഞ്ഞുകൊണ്ടിരുന്നു.

ഓർക്കാപ്പുറത്ത് വരുന്ന മഴകൾ പെയ്തിറങ്ങുന്നത് ചുട്ടുപഴുത്ത ഉൾത്തടങ്ങളിലേക്കാവും. വരണ്ടുവെടിച്ച മൺതിണ്ടുകൾക്ക് ഉൾക്കൊള്ളാനാവുന്നതിനു മുമ്പേ ആവിയായി പോകുമെങ്കിലും ഏതു മഴയും ആശ്വാസമാണ്, ആശ്വാസം മാത്രമാണ്.

ഇരുപത്തിനാല്

പ്രിയംവദയെ രണ്ടു ദിവസം ഓഫീസിൽ കാണാഞ്ഞതുകൊണ്ടതെല്ലൊരു പരിഭ്രമത്തോടെയാണ് രേവതി കയറിച്ചെന്നത്.

വാതിൽ തുറന്ന വേലക്കാരി ബായി പറഞ്ഞു:

'അമ്മ കിടക്കുകയാണ്. നല്ല പനിയുണ്ട്.'

കട്ടിലിൽ ഒരു ചുവന്ന കമ്പിളികൊണ്ട് പുതച്ചുമൂടി കിടക്കുകയായിരുന്നു പ്രിയംവദ. രേവതിയെ കണ്ടപ്പോൾ നന്നെ പണിപ്പെട്ട് കട്ടിലിന്റെ തലയ്ക്കൽ തലയിണവച്ച് ചാരിയിരുന്നു.

കസേര അടുത്തേക്ക് വലിച്ചിട്ട് രേവതി ചോദിച്ചു:

'എന്ത് പറ്റി മാഡം? ഓഫീസിൽ യാതൊരു വിവരവുമില്ലെന്ന് സെക്രട്ടറി പറഞ്ഞു. ഫോണിലും കിട്ടുന്നില്ലത്രെ.'

'ചെറിയൊരു ജലദോഷപ്പനി. രണ്ട് ദിവസംകൂടി നിന്നേക്കും. അങ്ങനെ ആരേയും വിളിച്ചുപറയണമെന്നു തോന്നിയില്ല.'

'ഡോക്ടറെ കണ്ടോ?'

'അതൊന്നും വേണ്ട. സ്ഥിരം ഗുളികകൾതന്നെ ധാരാളം. അല്ലെങ്കിലും പനി കുറഞ്ഞിട്ടുണ്ട്. പിന്നെ അല്പം മേലുവേദനയുണ്ടെന്നു മാത്രം. ഒരു രണ്ടു ദിവസത്തെ റെസ്റ്റുകൊണ്ട് എല്ലാം ശരിയാകും.'

'രാവിലെ ഞാൻ വിളിച്ച് നോക്കി. ഫോൺ കിട്ടുന്നുണ്ടായിരുന്നില്ല, സെല്ലും.'

'ഫോൺ ഇറക്കി വച്ചിരുന്നു. സെൽഫോൺ ഓഫും. ലേശം സ്വൈരം വേണമെന്ന് തോന്നി.'

'നീതുമോളോ?'

'കോളേജിലേക്കെന്നും പറഞ്ഞ് ഇറങ്ങിപ്പോകുന്നത് കണ്ടു.'

പ്രിയംവദയുടെ മുഖം ചോരയോട്ടം തീരെയില്ലാത്തതുപോലെ വിളറിയിരുന്നു. ചുണ്ടുകൾ വരണ്ട് കരുവാളിച്ചിരിക്കുകയാണ്.

രേവതി നെറ്റിയിൽ കൈവച്ചു നോക്കി. നല്ല ചൂടുണ്ട്. ഉള്ളിൽ ഇപ്പോഴും പനിയുണ്ടെന്ന് തോന്നുന്നു. അതുകൊണ്ടാവും ഇങ്ങനെ കുളിരു തോന്നുന്നത്.

'പനി ഒട്ടും കുറഞ്ഞിട്ടില്ലല്ലോ. ഇതിങ്ങനെ വച്ചുകൊണ്ടിരുന്നാൽ ശരിയാവില്ല. നമുക്ക് ഡോക്ടറെ കാണാം. ഞാൻ കൊണ്ടുപോകാം.'

'വേണ്ടാ കുട്ടീ.' പ്രിയംവദ അവളുടെ കൈയിൽ കടന്നുപിടിച്ചു. 'നാളെ വീക്കെൻഡല്ലേ. രണ്ടു ദിവസത്തെ വിശ്രമംകൂടി കഴിയുമ്പോൾ എല്ലാം ശരിയാകും.'

'മാഡം വെറുതെ വാശിപിടിക്കുകയാണ്.'

'വാശിയൊന്നുമല്ല, രേവതി. അനാവശ്യമായി ആന്റിബയോട്ടിക്കുകൾ ശരീരത്തിൽ കുത്തിക്കയറ്റേണ്ടെന്ന് കരുതി. ആട്ടെ, കമ്പനിയിലെ വിശേഷങ്ങൾ എന്തൊക്കെ?'

'അതൊക്കെ പറഞ്ഞ് മാഡത്തിന്റെ പ്രഷറ് കൂട്ടാൻ ഞാനില്ല. അതൊക്കെ അവിടെയങ്ങനെ മുറപോലെ നടന്നോളും.'

'ഞാനില്ലാതെ കാര്യം നടക്കുമെന്നു കണ്ടാൽ അവരെന്നെ ജോലിയിൽ നിന്ന് പിരിച്ചുവിടില്ല്യേ, രേവതീ?'

'അങ്ങനെ എളുപ്പത്തിൽ രക്ഷപ്പെടാമെന്ന് കരുതണ്ട,' രേവതിക്കും ചിരി വന്നു: എന്തായാലും ഈ പ്രോജക്റ്റ് തീരുന്നതുവരെ മാഡത്തിന്റെ ജോലി ഉറപ്പാണ്. അതു കഴിഞ്ഞാലും ഉറപ്പല്ല എന്നല്ല അതിന്റെ അർത്ഥം. അല്ലെങ്കിലും മാഡത്തിനെ എന്നെങ്കിലും കൈവിടാൻ സബർവാൾകുടുംബത്തിനാകുമെന്ന് കരുതുന്നുണ്ടോ.'

'അങ്ങനെയൊന്നുമില്ല, കുട്ടീ. ഒഴിവാക്കാൻ വയ്യാത്തതൊന്നുമില്ല ഈ ലോകത്ത്, പിന്നെയാണ് ഒരു കമ്പനിജോലി.' പ്രിയംവദ അവളുടെ കവിളിൽ മെല്ലെ തട്ടി: 'ആട്ടെ, നിനക്കെന്റെ കസേരയിൽ ചെറിയൊരു നോട്ടമുള്ളതുപോലെ.'

'ഹാവൂ. ഞാനാ കസേരയിലിരുന്നാൽ ഒരു കോമാളി സിംഹാസനത്തിൽ കയറിയതുപോലിരിക്കും.'

'എന്തായാലും നീയൊരു കോമാളിയല്ല, തീർച്ച.'

പെട്ടെന്ന് പ്രിയംവദയുടെ മുഖത്ത് ഗൗരവം പരക്കുന്നത് രേവതി കണ്ടു.

'സത്യം പറയാല്ലോ രേവതീ, എല്ലാം മതിയായി തുടങ്ങിയിരിക്കണു. എത്രകാലം ഇതിങ്ങനെ വലിച്ചുനീട്ടി കൊണ്ടുപോകണം? അതും ആർക്കു വേണ്ടി? ഒരുകാലത്ത് അത്രയ്ക്കിഷ്ടമായിരുന്നു ഈ ജോലി. ഇപ്പോൾ അതിലും താത്പര്യമില്ലാതായതുപോലെ. ഒന്നിലും മനസ്സുറപ്പിക്കാൻ പറ്റണില്ല.'

'വേണ്ടാത്ത ഓരോന്നൊക്കെ ഉള്ളിലേക്ക് വലിച്ചുകയറ്റി, വെറുതെ മനസ്സിന്റെ ഭാരം കൂട്ടുകയാണ്.' രേവതിയുടെ ശബ്ദം കേട്ടു.

'അതൊന്നുമല്ല രേവതി. എന്താണെന്നറിയില്ല, കുറെ നാളായിട്ട് വല്ലാതെ തനിച്ചാകുന്നതുപോലെ. മുമ്പും തനിച്ചായിരുന്നെങ്കിലും എവിടെയോ ആരൊക്കെയോ കൂടെയുണ്ടെന്ന ഒരു വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പോരടിച്ച് നിൽക്കാനുള്ള തന്റേടവുമുണ്ടായിരുന്നു. ഇപ്പോൾ അതും ഇല്ലാതായതുപോലെ.'

'നേരു പറഞ്ഞാൽ മാഡത്തിനോട് എനിക്കെപ്പോഴും ബഹുമാനം തോന്നിയിട്ടുള്ളത് ഈ തനിച്ചുനിന്ന് പോരാടാനുള്ള കഴിവുകൊണ്ടുതന്നെയാണ്. ഒപ്പംനിൽക്കാൻ കുറെ ആളുകൾകൂടിയുണ്ടെങ്കിൽ അതെന്ത് ജയം?'

'എനിക്ക് ജയിക്കണമെന്നോ, ആരെയെങ്കിലും തോൽപ്പിക്കണമെന്നോ ഉള്ള മോഹം പണ്ടേയില്ലല്ലോ.'

'എന്തായാലും അത്രയ്ക്കങ്ങ് ഉള്ളിലേക്ക് വലിയാറായിട്ടില്ല. മുമ്പോട്ടു പോകുന്നതിനെക്കാൾ എളുപ്പമാണ് പുറകോട്ടു പോകാൻ. രണ്ടു ചുവട് പുറകോട്ടു വെച്ചാൽ പിന്നെ മൂന്നാമത്തെയും നാലാമത്തെയും ചുവടുകൾ കാലുകൾതന്നെ ഏറ്റെടുത്തുകൊള്ളും. മനസ്സിന്റെ പിൻബലമില്ലാത്ത അത്തരം പുറകോട്ടുള്ള യാത്രയിൽ ഇല്ലാതാകുന്നത് അവനവൻതന്നെയായിരിക്കും, ജോലിസ്ഥലത്തായാലും വീട്ടിലായാലും.'

അതിലെ സൂചന ഏതാണ്ട് മനസ്സിലായതുപോലെ പ്രിയംവദ തലയാട്ടി.

'തോറ്റുകൊടുക്കാതെ നോക്കണം മാഡം,' രേവതി ആവർത്തിക്കുകയായിരുന്നു: 'കുഴഞ്ഞു വീഴുന്നവരെ ചവിട്ടിമെതിച്ചു കടന്നുപോകാൻ വലിയ താത്പര്യമാണ് എല്ലാവർക്കും.'

തെല്ലു നേരത്തേക്ക് രണ്ടുപേരും ഒന്നും മിണ്ടിയില്ല. എന്നോ നഷ്ടപ്പെട്ടുപോയ ചില പഴയ ഓർമ്മകളിൽ താവളം കണ്ടെത്താൻ പ്രിയംവദ പണിപ്പെടുമ്പോൾ രേവതിയുടെ ശബ്ദം കേട്ടു.

'പോട്ടെ മാഡം. നമുക്കിനി വേറെ വല്ലതും പറയാം,' രേവതി വിഷയം മാറ്റാൻ നോക്കി.

വളം ഫാക്റ്ററിയിൽ താൻ വരുത്തിക്കൊണ്ടിരിക്കുന്ന ചില പുതിയ പരിഷ്കാരങ്ങളെപ്പറ്റി അവൾ വലിയ ആവേശത്തോടെയാണ് പറയാൻ തുടങ്ങിയത്.

എല്ലാവർക്കും യൂണിഫോം നിർബ്ബന്ധമാക്കിയതാണ് ആദ്യത്തെ നീക്കം. അക്കാര്യം പറഞ്ഞപ്പോൾ യൂണിയനുകൾ എതിർത്തില്ല. ഏറ്റവും മുകളിലിരിക്കുന്ന കോളാമ്പിതൊട്ട് ഏറ്റവും താഴെയുള്ള തൂപ്പുകാരനു വരെ ഒരേ ഇളംനീലക്കുപ്പായം. കീശയുടെ മീതെ തുന്നിപ്പിടിപ്പിച്ച, കമ്പനിയുടെ ചിഹ്നമുള്ള ലോഗോ.

തൊഴിലാളികൾ എളുപ്പത്തിൽ സമ്മതിച്ചുവെങ്കിലും മുറുമുറുപ്പ് ഉദ്യോഗസ്ഥന്മാരുടെ വശത്തായിരുന്നു. തങ്ങളെന്തിന് യൂണിഫോമിടണം? അതൊക്കെ താഴെത്തട്ടിലുള്ളവർക്ക് മാത്രം മതി.

എല്ലാവർക്കും ഒരേ വേഷമെന്ന ആശയം ഒരുമയുടെ, സാർത്ഥകമായ കൂട്ടായ്മയുടെ, പ്രതീകമാണെന്ന് പറഞ്ഞു മനസ്സിലാക്കാൻ ഏറെ പണിപ്പെടേണ്ടി വന്നു.

വിവിധ പ്ലാന്റുകളിലും, സെക്ഷനുകളിലും ജീവനക്കാരുടെ ക്വാളിറ്റി സർക്കിളുകൾ രൂപീകരിക്കുകയെന്ന ആശയത്തോട് പൊതുവെ നല്ല പ്രതികരണമായിരുന്നു. തങ്ങൾ പണിയെടുക്കുന്ന വിഭാഗത്തിന്റെ പ്രവർത്തനം കുറെക്കൂടി മെച്ചപ്പെടുത്താനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഓരോ തൊഴിലാളിക്കും സമർപ്പിക്കാവുന്നതാണ്. അവയൊക്കെ പരിശോധിച്ച്, കൊള്ളാവുന്നവയൊക്കെ നടപ്പിൽ വരുത്താനായി ഒരു കമ്മിറ്റിയും രൂപീകരിക്കുന്നു.

രാവിലെ കമ്പനിയുടെ മുൻവശത്തെ പുൽമൈതാനത്തിൽ ഒരു വിദഗ്ദ്ധന്റെ മേൽനോട്ടത്തിൽ ഒരു അരമുക്കാൽ മണിക്കൂർ നേരത്തെ വ്യായാമമെന്ന പരിപാടിയോട് വലിയ എതിർപ്പായിരുന്നു പലർക്കും. എന്നാലും തെല്ലൊരു വാശിയോടെ അത് തുടങ്ങിവയ്ക്കാൻ രേവതിതന്നെ മുൻകയ്യെടുത്തു. ജീൻസും ടോപ്പുമിട്ട്, തലയിലൊരു ചുവന്ന ഉറുമാലിന്റെ വട്ടക്കെട്ടും കെട്ടി ഫൂലന്റെ വേഷത്തിൽ അവളും മുൻനിരയിൽതന്നെ നിന്നപ്പോൾ ഒപ്പം ചേരാനായി രാവിലത്തെ എട്ടിന്റെ ഷിഫ്റ്റിൽ കയറേണ്ട കുറെ തൊഴിലാളികളുമുണ്ടായി. പക്ഷേ, രേവതിയുടെ നോട്ടം പ്രമേഹവും രക്തസമ്മർദ്ദവും അലട്ടുന്ന ചില ഉയർന്ന ഉദ്യോഗസ്ഥന്മാരിലായിരുന്നു. അവരാകട്ടെ മനപ്പൂർവം ഒഴിഞ്ഞുനിൽക്കുകയും ചെയ്തു.

പക്ഷേ, ഏറ്റവും ഒച്ചപ്പാടുണ്ടാക്കിയത് കാന്റീനിൽ വരുത്തിയ പരിഷ്കാരമാണ്. തൊഴിലാളികൾക്കും ഉദ്യോഗസ്ഥന്മാർക്കും ഒരേ ഭക്ഷണശാലയും, ഒരേ ആഹാരവുമെന്ന ആശയം വലിയ ഒച്ചപ്പാടുണ്ടാക്കി. ഇപ്പോൾ ഓഫീസർമാർക്ക് പ്രത്യേക മെസ്സാണുള്ളത്. കുറഞ്ഞ വിലയ്ക്ക് മുന്തിയ ആഹാരം. എന്തുവന്നാലും അത് നിറുത്തുന്ന പ്രശ്നമേയില്ലെന്ന കാര്യത്തിൽ കോളാമ്പിയും ധൃതരാഷ്ട്രരും ശകുനിയുമൊക്കെ ഒരുപോലെ ഉറച്ചുനിന്നപ്പോൾ രേവതി ആദ്യമൊന്ന് കുഴങ്ങിപ്പോയി. പൊതുവെ സൗമ്യനായ ശേഷാദ്രിക്കുപോലും വലിയ എതിർപ്പായിരുന്നു. 'അത്രയ്ക്കൊന്നും പോകാൻ നോക്കണ്ട, കൊച്ചേ' എന്നായിരുന്നു പുരാതന ബ്രാഹ്മണന്റെ ഉപദേശം.

രേവതി പിന്മാറാൻ തയ്യാറാകാതെ നിന്നപ്പോൾ പരാതി ഹാർവാർഡിന്റെ അടുക്കൽ വരെയെത്തി. സംഗതി കൊള്ളാമല്ലോ എന്നു പറഞ്ഞ് അയാളൊന്ന് പതിയെ തലയാട്ടുകയേ വേണ്ടിവന്നുള്ളൂ, താഴെത്തട്ടുകളിലെ എതിരഭിപ്രായങ്ങൾ വറ്റിപ്പോകാൻ.

കാന്റീനിലെ ഏർപ്പാടുകൾ വ്യത്യസ്തമായിരുന്നു. എല്ലാവർക്കും ഒരേ തരത്തിലുള്ള ബഞ്ചും ഡസ്കും മാത്രം. കമ്പനിച്ചെലവിൽ വിലകുറച്ചു കൊടുക്കുന്ന ഒരേ ഭക്ഷണം ഒരേതരത്തിലുള്ള സ്റ്റീൽപ്ലേറ്റുകളിൽനിന്നേ കഴിക്കാവൂ എല്ലാവരും.

ഹാളിനകത്ത് ഇരിപ്പിടങ്ങൾ നിശ്ചയിക്കുന്നതിലും വലിയ പുതുമയുണ്ടായിരുന്നു. എത്ര വലിയ ആളായാലും ഹാളിനകത്തേക്ക് കടന്നുചെല്ലുമ്പോൾ ആദ്യം കാണുന്ന ഒഴിഞ്ഞ ഇരിപ്പിടത്തിലേ ഇരിക്കാവൂ. ചിലപ്പോൾ വൈസ്പ്രസിഡന്റിന് കിട്ടുന്ന ഇരിപ്പിടം തൂപ്പുകാരന്റെ തൊട്ടടുത്തായിരിക്കും. മാറിയിരിക്കാൻ വയ്യ. വൈസ്പ്രസിഡന്റും തോട്ടക്കാരനുമൊക്കെ സേവിക്കുന്നത് ഒരേ സ്ഥാപനത്തെ. അവർ കഴിക്കാൻ പോകുന്നതും ഒരേ ഭക്ഷണം.

ഇവിടെ വേഷംതൊട്ട് ആഹാരംവരെ ഓരോ ശക്തമായ പ്രതീകങ്ങളായി മാറുകയാണ്.

വലിയ കൈയും കലാശവുമായി രേവതിയുടെ വിവരണം തുടർന്നപ്പോൾ പ്രിയംവദയ്ക്ക് ചിരിവന്നു.

'ഇതൊക്കെ എത്രയോ പഴയ ജാപ്പനീസ് നമ്പരുകളാകുന്നു, രേവതീ.'

'ഏത് പഴയ നമ്പറും മാഡത്തിന്റെ കമ്പനിയിലാകുമ്പോൾ അടുത്ത നൂറ്റാണ്ടിന്റേതായി മാറുന്നു.' രേവതി തിരിച്ചടിച്ചു: 'കിണറ്റിലെ തവളകളേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലല്ലേ കുളത്തിലെ തവളകൾ. കുറെക്കൂടി വെള്ളവും, വായുവും.'

എന്തായാലും കാര്യങ്ങൾ ഉദ്ദേശിച്ചയിടത്ത് കൊണ്ടുചെന്നെത്തിക്കാനുള്ള അവളുടെ കഴിവ് സമ്മതിച്ചുകൊടുക്കാതെ വയ്യെന്ന് തോന്നിപ്പോയി, പ്രിയംവദയ്ക്ക്.

'അതുപോട്ടെ മാഡം. കാര്യങ്ങള് പൊതുവെ ഉഷാറായി നീങ്ങിക്കൊണ്ടിരിക്കെ പുതിയൊരു സംഭവവികാസം. നമ്മുടെ കോളാമ്പി രാജിവയ്ക്കാനൊരുങ്ങുന്നു എന്നൊരു ശ്രുതി പരന്നിട്ടുണ്ട് കമ്പനിയിൽ.'

'അത്തരം ഭീഷണികൾ മുമ്പും ഉണ്ടായിട്ടുള്ളതല്ലേ. നിൽക്കക്കള്ളിയില്ലാതാകുമ്പോൾ നീരൊഴുക്കിന്റെ ഗതി അളക്കാനായി അയാള് ചില കടലാസുതോണികളിറക്കി നോക്കുന്നുവെന്നു മാത്രം.'

'പക്ഷേ, ഇക്കുറി വെറും കടലാസുതോണിയല്ല, സാമാന്യം വലിയൊരു കപ്പൽതന്നെയാണെന്നാണ് കേൾവി. പുതിയ പ്രോജക്റ്റ് നടപ്പാക്കുന്ന കാര്യത്തിൽ മൂപ്പരെ വേണ്ടത്ര അടുപ്പിക്കുന്നില്ലെന്നാണ് പരാതി. എല്ലാം തീരുമാനിക്കുന്നത് ശകുനിയും മറ്റു കൗരവപ്പടയുംകൂടി. ഈ ധർമ്മയുദ്ധത്തിൽ പാണ്ഡവർക്ക് ഒന്നും ചെയ്യാനില്ലെങ്കിൽ എന്തിനായി താനിങ്ങനെ തലപ്പത്തിരിക്കണമെന്നാണ് കോളാമ്പി ചോദിക്കുന്നത്. അങ്ങനെ വലിയൊരു പോരിനു തയ്യാറായി കവചകുണ്ഡലങ്ങളുമണിഞ്ഞ് നിൽപ്പാണ് മൂപ്പരെന്നാണ് കോളണിയിലെ പെണ്ണുങ്ങളുടെ ഇടയിലുള്ള സംസാരം.'

'എന്നിട്ട്?'

'അതിനുള്ള മറുപടിയായി ശകുനിയുടെ ഭാര്യ ഇടതുവശത്തെ കോങ്കണ്ണൊന്ന് വട്ടത്തിൽകറക്കി കോളാമ്പിയുടെ ക്വാർട്ടേഴ്സിന്റെ തിരുമുറ്റത്തേക്ക് ആഞ്ഞുതുപ്പിക്കൊണ്ട് പറഞ്ഞുപോലും. ഇത് പണ്ടേ ചെയ്തിരുന്നുവെങ്കിൽ കമ്പനി എന്നേ രക്ഷപ്പെടുമായിരുന്നുവെന്ന്. കോളണിപ്പെണ്ണുങ്ങളുടെ ടിപ്പിക്കൽ പൗശന്യംപറച്ചിൽതന്നെ.'

പ്രിയംവദയ്ക്ക് ചിരിയടക്കാനാവുന്നില്ല. ഒടുവിൽ അതൊരു നീണ്ട ചുമയിൽ ഒതുങ്ങിയപ്പോൾ അവർ പറഞ്ഞു:

'പാവം കോളാമ്പി.'

'അവിടത്തെ പല പാവങ്ങളിൽ ഒരാളെന്നു മാത്രം. പക്ഷേ, തമാശ അവിടെയല്ല. യൂണിയനുകളെല്ലാം കട്ടിപ്പശപോലെ കോളാമ്പിയുടെ പുറകിൽ. കല്ലിട്ട കാലം മുതലേ കമ്പനിയുടെ ഒപ്പംനിന്ന് വയറ്റത്തടിച്ചു പാടിയ പാരമ്പര്യമുള്ള കോളാമ്പിയെ ഒടുവിലിങ്ങനെ കരിവേപ്പിലയാക്കുന്നത് ആർഷസംസ്കാരത്തിന് ചേർന്നതല്ലെന്നാണ് അവരുടെ വാദം.'

'ശരിതന്നെ. സമകാലീനഭാരതത്തിലെ ഏറ്റവും വലിയ പ്രതീകങ്ങളിലൊന്നാണല്ലോ കോളാമ്പിയും,' പ്രിയംവദ ചിരിച്ചു: 'അല്ലെങ്കിലും ഇത്തരം കോളാമ്പികളെ എപ്പോഴും വലിയ പ്രിയമാണ് യൂണിയനുകൾക്ക്. പിന്നെ ഇതിനു പുറകിൽ വേറെ പല ഉദ്ദേശങ്ങളും കണ്ടേക്കും. ഒരുപക്ഷേ,

കോളാമ്പി പ്രശ്നം പൊക്കിപ്പിടിച്ച് കൗരവപ്പടയെ ലേശമൊന്ന് വിരട്ടി അക്കൂട്ടരിൽനിന്ന് വല്ലതും തരപ്പെടുത്താൻ നോക്കുകയാവാം.'

കുറെ കഴിഞ്ഞ് രേവതി മടങ്ങിപ്പോകാൻ തയ്യാറായത് ചെറിയൊരു ഭീഷണിയോടെയാണ്. സെൽഫോൺ ഓണാക്കി എപ്പോഴും അടുത്തു തന്നെ വയ്ക്കുക. ഇടയ്ക്കൊക്കെ ഞാൻ വിളിച്ചെന്നിരിക്കും. പനി കുറഞ്ഞിട്ടില്ലെന്നു കണ്ടാൽ ഞാൻ വണ്ടിയുമായി വരും, ഡോക്ടറുടെ അടുത്ത് പോകാൻ.

അവളോട് മറുത്തൊന്നും പറയാതെ പ്രിയംവദ വെറുതെ തലയാട്ടി. രേവതിതന്നെ സെൽഫോൺ ഓണാക്കി തലയിണയ്ക്കടുത്തുവച്ചു. യാത്രയാക്കാനായി പുതപ്പുമാറ്റി പ്രിയംവദ കട്ടിലിൽനിന്ന് ഇറങ്ങിയപ്പോൾ ഉടലൊന്നു കുടഞ്ഞു. ഉള്ളിലെ പനിക്കോള് അമർന്നിട്ടില്ലെന്ന് തീർച്ച.

അപ്പോഴേക്കും കാളിങ്ബെല്ലടിച്ചു.

നീതുവായിരുന്നു. രേവതിയെക്കണ്ടപ്പോൾ തീരെ ഇഷ്ടപ്പെടാത്ത മട്ടിൽ അവൾ തലവെട്ടിച്ച് തന്റെ മുറിയിലേക്കു നടക്കുന്നതു കണ്ടു.

രേവതി പുറകെ ചെന്നു.

'നിതൂ, അമ്മയ്ക്ക് നല്ല പനിയുണ്ട്. വൈറൽ ഫീവറിന്റെ കാലമാണ്. സൂക്ഷിക്കണം.'

അതിനുള്ള മറുപടി ഒരു അലസമായ മൂളലായിരുന്നു.

'നാളെയും പനി കുറഞ്ഞിട്ടില്ലെങ്കിൽ ഞാൻ വരാം. ഡോക്ടറെ കാണിക്കുന്നതാണ് നല്ലത്. പനി വേറെ വഴിക്ക് തിരിയാതെ നോക്കാമല്ലോ.'

'ബുദ്ധിമുട്ടണമെന്നില്ല. അതിനൊക്കെ ഇവിടെ ആളുകളുണ്ട്.'

രേവതി അതിശയിച്ചു നിൽക്കെ, അവളോട് വേഗം പൊയ്ക്കൊള്ളാൻ പ്രിയംവദ ആംഗ്യം കാട്ടി.

രേവതി തിടുക്കത്തിൽ കതകടച്ച് പുറത്തേക്കിറങ്ങുമ്പോൾ ടി.വി.യുടെ ചില്ലുതിരയിൽ താനേ വെളിച്ചം പരക്കുന്നത് പ്രിയംവദ കണ്ടു.

നീലിമയായിരുന്നു.

'പനിയാണല്ലേ?' നീലിമയുടെ ഇമ്പമുള്ള സ്വരത്തിൽ പതിവിലേറെ കനിവ്.

'നീയിതുവരെയും ഡ്യൂട്ടികഴിഞ്ഞ് പോയില്ലേ, നീലിമാ?' പ്രിയംവദ ചോദിച്ചു.

'ഒന്നും പറയണ്ടാന്റെ ദീദീ. ഇവിടെയും പനിയാണ്. ചാനലിലാകെ പനി പിടിച്ചതുപോലെ. ആ രേവതി പറഞ്ഞത് ശരിയാണ്, കേട്ടോ. ഈ വൈറൽഫീവറ് വച്ച് കളിക്കാൻ നോക്കരുത്. ദാ, ഇവിടെത്തന്നെ പനിപിടിച്ച് മിക്കവരും ലീവിലാണ്. ന്യൂസ് വായിക്കാൻ ആണും പെണ്ണുമായിട്ട് ഞാൻ മാത്രം. അതുകൊണ്ട് അടുത്ത ഷിഫ്റ്റിലും തുടരുകയാണ്. അതും വാർത്തകളൊന്നുമില്ലാത്ത ഒരു അറുബോറൻ ദിവസം. പഴയതുതന്നെ വായിച്ചു വായിച്ച് മടുത്തു.'

സോഫയിൽ ചാരിയിരുന്നുകൊണ്ട് പ്രിയംവദ അലിവോടെ ചോദിച്ചു.

'എത്രമണിവരെയുണ്ട് നിന്റെ ഡ്യൂട്ടി?'

'ഒന്നും പറയണ്ടാന്റെ ദീദീ! പതിനൊന്നിന്റെ വായന കഴിയുമ്പോ പതിനൊന്നരയാകും. പിന്നെ മേക്കപ്പും വേഷവുമഴിച്ച് വീട്ടിലെത്തി കിടക്കുമ്പോൾ ഒരു പന്ത്രണ്ടര. വീണ്ടും കാലത്തേ തപ്പിപ്പിടിച്ച് എഴുന്നേൽക്കണ്ടേ, പാണ

നെപ്പോലെ തുടികൊട്ടി പാടാൻ. എന്തു ചെയ്യാം, ഒരു ഉത്തരവാദപ്പെട്ട മാദ്ധ്യമപ്രവർത്തകയുടെ പങ്കപ്പാടുകൾ ആരറിയാൻ?'

'എന്നോട് അധികം സംസാരിക്കാൻ നിൽക്കണ്ട. നിനക്കും പകരും പനി.'

'എനിക്കുകൂടി പനി പിടിച്ചാൽ ചാനലിലെ ന്യൂസ്റൂം പൂട്ടിയതു തന്നെ. അല്ലെങ്കിൽ ആ കൊഞ്ഞൻ ന്യൂസ് എഡിറ്റർതന്നെ ഒരു ടൈയും വലിച്ചു കെട്ടി ക്യാമറയുടെ മുമ്പിൽ വന്ന് ന്യൂസ് വായിക്കേണ്ടി വരും. പിന്നെ നിങ്ങള് കേൾക്കാൻ പോണതിന്റെ മൂന്നിലൊന്ന് ഞഞ്ഞഞ്ഞ മാത്രം...'

അയാളുടെ കൊഞ്ഞ സ്വരം അനുകരിച്ച് കാണിക്കുകയാണ് നീലിമ.

'വേണ്ടാ നീലിമാ, മിമിക്രി കാട്ടി നിന്റെ ശബ്ദം ചീത്തയാക്കാൻ നോക്കണ്ടാ. ഗുഡ്നൈറ്റ്. ടേക്ക് കെയർ.'

'ഗുഡ്നൈറ്റ് ദീദീ, സ്വസ്ഥമായിട്ട് കിടന്നുറങ്ങിക്കൊള്ളൂ, പ്രമാദമായ ന്യൂസ് വല്ലതും പൊട്ടിക്കാനുണ്ടെങ്കിൽപോലും ഞാൻ വിളിച്ചുണർത്താൻ പോണില്ല. പനിപിടിച്ചു കിടക്കുന്നവരെ ഉപദ്രവിക്കാൻ പാടില്ലെന്നാണ് ഞങ്ങൾ മാദ്ധ്യമപ്രവർത്തകരുടെ പെരുമാറ്റച്ചട്ടം.'

വീണ്ടും കിടക്കയിലേക്കുതന്നെ.

കുറെനേരമങ്ങനെ വെറുതെ കണ്ണുമിഴിച്ച് മുകളിലേക്കു നോക്കിക്കൊണ്ട് കിടന്നു. ശൂന്യമായ ആ നോട്ടത്തിന്റെ ഇത്തിരി വട്ടത്തിൽ ഉത്തരം താങ്ങുന്ന ഒരു കൊച്ചു പല്ലിയെപ്പോലും കാണാൻ കിട്ടുന്നില്ല.

താനേ കണ്ണുകളടഞ്ഞു പോയി. കുറെ കഴിഞ്ഞ് വീണ്ടും മയക്കം തെളിഞ്ഞപ്പോൾ മറ്റൊരു മയക്കത്തിന്റെ താഴ്വാരങ്ങളിലൂടെ വഴുതിയിറങ്ങി പോകുകയാണ്.

തലയ്ക്കകത്തെ പനിക്കെട്ട് ഒന്നുകൂടി വരിഞ്ഞു മുറുകുന്നതുപോലെ. അരമുള്ള കറുത്ത ചരടുകൾ കെട്ടിവരിയുന്നു. കാതിനകത്തിരുന്ന് മുരണ്ടിരുന്ന വണ്ടുകൾ മുഴുത്ത ചെള്ളുകളായി തലയ്ക്കകത്തേക്ക് കടന്നുകയറിയതു പോലെ. ഓരോ വശത്തേക്കായി തിരിഞ്ഞ്, മങ്ങൽ പിടിച്ച കോശങ്ങളിലേക്ക് കൂർത്ത കൊമ്പുകളിറക്കി തുരന്നുതുരന്നിറങ്ങുന്ന ചെള്ളുകൾ. കൺമുമ്പിലെ നിറം മങ്ങിയ ചില്ലുതിരയിലേക്ക് നിരയിട്ടെത്തുന്ന കുറെ മുഖങ്ങൾ. പിന്നണിയിൽ തീരെ പരിചയമില്ലാത്ത ആരുടെയോ ഒക്കെ ശബ്ദങ്ങൾ.

അച്ഛൻ, അമ്മ, രഞ്ജിത്ത്, നീതു, രേവതി, മീനാക്ഷിപ്പാളയത്തെ കാവേരി, റോയ്ചൗധരി, ഗോവ കോൺഫറൻസിൽ തന്നെ ചുറ്റിപ്പറ്റി നിന്നിരുന്ന ആ മൂന്നാല് ചെറുപ്പക്കാർ...

അങ്ങനെ ആരൊക്കെയോ വരികയും പോകുകയും ചെയ്യുന്നു.

മാറിയും മറിഞ്ഞും ചീട്ടുപെട്ടിയിലെ പടങ്ങളായി, ആചാരവസ്ത്രങ്ങളണിഞ്ഞ നാട്ടുരാജാക്കന്മാരായി, പടച്ചട്ടയണിഞ്ഞ പോരാളികളായി, കൂർമ്പൻ തൊപ്പിവച്ച കോമാളികളായി, അരങ്ങിലെ ആടയാഭരണങ്ങളണിഞ്ഞ സ്ത്രീവേഷങ്ങളായി... വർണ്ണച്ചീട്ടുകളിൽനിന്നിറങ്ങി വരുന്നവർക്ക് താളമൊപ്പിച്ച് ചുവടുകൾ വയ്ക്കാനറിയാം.

ഒടുവിൽ അതൊക്കെ ഒരേയൊരു ചിത്രമായി ഉറഞ്ഞുകൂടുന്നു.

രഞ്ജിത്തിന്റെ അച്ഛൻ ശങ്കർമേനോൻ.

അച്ഛന്റെ കണ്ണുകൾ ആദ്യമായി വല്ലാതെ നിറഞ്ഞിരിക്കുന്നതു കണ്ടു.

ഇത്രയും ഒത്ത ഒരു മനുഷ്യന് കരയാനാകുന്നല്ലോ എന്ന് അതിശയിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഴക്കമുള്ള ശബ്ദം കേൾക്കായി.

പ്രിയാ, മോളേ! വലിയ വിഷമമുണ്ടെനിക്ക്! ഇങ്ങനെയൊന്നും സംഭവിക്കാൻ പാടില്ലായിരുന്നു. ഒക്കെ എന്റെ സ്വാർത്ഥതതന്നെ. നിന്നെപ്പറ്റി ആരോ പറഞ്ഞറിഞ്ഞ് എന്റെ മകന്റെ ആലോചനയുമായി ഞാൻ അങ്ങോട്ടു കയറിച്ചെന്നപ്പോൾ നിന്റച്ഛൻ വല്ലാതെ പരിഭ്രമിച്ചുപോയത് ഞാനിപ്പോഴും നന്നായി ഓർക്കുന്നു. ജാതകപ്പൊരുത്തംകൂടി നോക്കാതെയാണ് ഞാനവിടെ ചെന്നത്. നിങ്ങളുടെ പടിക്കകത്ത് കടത്താനാവാത്തതുകൊണ്ട് പുറത്തെ വഴിയിൽ തന്നെ ഇടേണ്ടി വന്ന എന്റെ വലിയ കാറ്, അയൽപക്കത്തെ കുട്ടികൾക്കൊരു കാഴ്ചവസ്തുവായി.

അവിടത്തെ പൂമുഖത്തുവച്ചാണ് ഞാൻ നിന്നെ ആദ്യമായി കണ്ടത്. ആദ്യത്തെ കാഴ്ചയിൽത്തന്നെ നിന്റെയാ ഐശ്വര്യമുള്ള മുഖവും അന്തസ്സുള്ള പെരുമാറ്റവും എന്നെ കീഴടക്കി. ഏതുനിലയ്ക്കും ഞങ്ങളുടെ കുടുംബത്തിലേക്കു വന്നുകയറേണ്ട കുട്ടി. എന്റെ മകന്റെ ഭാര്യയെക്കാൾ എന്റെ മകളെന്ന നിലയിൽ.

അച്ഛൻ വല്ലാതെ കിതയ്ക്കുന്നതുപോലെ തോന്നി.

ഈയിടെയായിട്ട് ബി.പി. ലേശം കൂടുതലാണ്, മോളേ. അതോണ്ടാണ് ഈ അണപ്പ്.

അന്ന് നിങ്ങളുടെ വീട്ടിൽനിന്നിറങ്ങുമ്പോൾ കല്യാണത്തിന്റെ തീയതികൾവരെ എന്റെ മനസ്സിലുണ്ടായിരുന്നു.

അപ്പോൾ എന്റെ മകന്റെ സ്വഭാവത്തിലെ ചില പന്തികേടുകളെപ്പറ്റി ഞാൻ മറന്നു. അമ്മയില്ലാതെ വളർന്ന ഏക സന്താനം. ആരോടും ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്ത പിടിവാശിക്കാരൻ. അമേരിക്കയിലെ പഠിപ്പ് അവനെ ഒന്നുകൂടി വഷളാക്കിയെന്ന് തോന്നുന്നു.

എന്തായാലും നിന്നെക്കണ്ടതോടെ ഞാനതെല്ലാം മറന്നു. അല്ലെങ്കിൽ നിനക്കവനെ മെരുക്കിയെടുക്കാനുള്ള കഴിവുണ്ടെന്ന് വിശ്വസിച്ചു. അതുകൊണ്ടു നിനക്കിപ്പോൾ വിവാഹം വേണ്ടാ, ഇനിയും പഠിക്കണമെന്നു പറഞ്ഞ് വാശി പിടിക്കുകയാണ്, എന്നൊക്കെ നിന്റെ അച്ഛൻ പിന്നീട് വിളിച്ചുപറഞ്ഞപ്പോൾ പല ന്യായങ്ങളും പറഞ്ഞ് അങ്ങേരെക്കൊണ്ട് സമ്മതിപ്പിച്ചു. ശരിക്ക് ചേരാത്ത ജാതകങ്ങളാണ്, എടുക്കാതിരിക്കുകയാവും ഭേദമെന്ന് കുടുംബജ്യോത്സ്യൻ പറഞ്ഞപ്പോൾ, മറ്റു ജ്യോത്സ്യന്മാരെ തേടിപ്പോയി.

ഞങ്ങളുടെ കെട്ടിക്കാഴ്ചയിൽ നിന്റെ അച്ഛന്റെ കണ്ണും മിന്നിക്കാണണം. ഒന്നുകിൽ നിങ്ങൾ പൊരുത്തം നോക്കിക്കാണില്ല, അല്ലെങ്കിൽ അതത്ര കാര്യമായി എടുത്തില്ല.

തന്റെ പാദത്തിൽ വീണ കണ്ണീർത്തുള്ളികൾക്ക് വല്ലാത്ത ചൂടുണ്ടെന്ന് പ്രിയംവദയ്ക്കു തോന്നി.

അപ്പോൾ ആകാശത്തെ കള്ളനോട്ടക്കാരായ നക്ഷത്രങ്ങൾക്ക് തെറ്റിയതല്ല. തെറ്റിച്ചത് മനുഷ്യന്റെ വേണ്ടാത്ത മോഹങ്ങൾതന്നെ.

എല്ലാം കഴിഞ്ഞ് ഇപ്പോൾ എന്തിനാണ് അതൊക്കെ വിസ്തരിക്കുന്നതെന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. അതു മാത്രമല്ല വെറും ഗ്രഹനില

കൾക്കും ജാതകപ്പൊരുത്തങ്ങൾക്കുമൊക്കെ അപ്പുറമായി മറ്റൊരു വലിയ ചോദ്യംകൂടി, ഈ പാവംപിടിച്ച പെണ്ണിന്, എത്രയോ ലോകപരിചയമുണ്ടെന്ന് അഭിമാനിക്കുന്ന ആ വലിയ മനുഷ്യനോട് ചോദിക്കാനുണ്ടായിരുന്നു.

എന്നെക്കണ്ടപ്പോൾ സ്വന്തം മകളാക്കണമെന്ന് തോന്നിയെന്നല്ലേ പറഞ്ഞത്? പക്ഷേ, സ്വന്തം മകളായിരുന്നെങ്കിൽ ഇത്രയും വലിയ ക്രൂരത അവളോട് കാണിക്കാൻ കഴിയുമായിരുന്നോ? എന്നെ രഞ്ജിത്തുമായി ചേർത്തു കാണാൻ നോക്കിയപ്പോൾ അതു സ്വാർത്ഥതയേക്കാൾ കൂടുതൽ ക്രൂരതയായിരുന്നില്ലേ?

ഗ്രഹങ്ങളിൽ തീരെ വിശ്വാസമില്ലെനിക്ക്. അവരൊക്കെ വെറും മാപ്പുസാക്ഷികളല്ലേ. പലപ്പോഴും കള്ളസാക്ഷികളും. നമ്മുടെയൊക്കെ ജീവിതങ്ങൾ രൂപപ്പെടുത്തുന്നതും നശിപ്പിക്കുന്നതുമൊക്കെ നമ്മൾതന്നെയല്ലേ.

ഇപ്പോൾ ഏതാണ്ടൊക്കെ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എന്നെക്കാണുമ്പോഴെല്ലാം അച്ഛന്റെ മുഖത്ത് തെളിഞ്ഞുവരാറുണ്ടായിരുന്ന ആ കുറ്റബോധത്തിന്റെ നിഴലാട്ടം. ഒരിക്കൽ സുഖമില്ലാതെ കിടക്കുമ്പോൾ ഫോണിൽ വിളിച്ച് തിരിയാത്ത ശബ്ദത്തിൽ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നത് ഓർമ്മവരുന്നു. അതിൽ തെളിഞ്ഞു നിന്നിരുന്ന സങ്കടം, പശ്ചാത്താപം.

എന്തായാലും അച്ഛൻ സമാധാനിച്ചോളൂ. എന്റെ ജീവിതം ഇങ്ങനെയൊക്കെ ആയതിന് ഞാനാരെയും കുറ്റപ്പെടുത്തുന്നില്ല, രഞ്ജിത്തിനെക്കൂടി. എനിക്കിപ്പോൾ കല്യാണം വേണ്ട, ഇനിയും പഠിക്കണമെന്ന് പറഞ്ഞ് വാശിപിടിച്ച് തറവാട്ടിന്റെ മൂലയിലിരുന്ന് ഒരുപാടു കരഞ്ഞപ്പോൾ അത് കേൾക്കാൻ അന്നാരുമുണ്ടായിരുന്നില്ല. ക്ഷയിച്ചു നിൽക്കുന്ന തറവാടിനെ ഒരുവിധത്തിൽ താങ്ങിനിറുത്താൻ കഷ്ടപ്പെടുന്ന പാവം പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർക്ക് അത്രയൊക്കെയേ കാഴ്ചശക്തി കാണൂ. പിന്നെ ഇതുപോലൊരു ബന്ധം കിട്ടുകയെന്നു വച്ചാൽ... എല്ലാവരും എന്റെ ഭാഗ്യത്തെ പുകഴ്ത്തി. ജാതകഗുണത്തെപ്പറ്റി വീണ്ടും വീണ്ടും പറഞ്ഞു. അതൊക്കെ കണ്ടുകൊണ്ട് അപ്പോൾ ആകാശത്തെ കള്ളഗ്രഹങ്ങൾ ചിരിക്കുകയായിരുന്നിരിക്കണം.

തലയ്ക്കകത്തെ പെരുപ്പ് വല്ലാതെ ഇരട്ടിക്കുന്നതുപോലെ. വണ്ടുകളുടെ പറ്റം മൂളിപ്പറക്കുമ്പോൾ എവിടെയോ ഒക്കെ നീറിപ്പിടിക്കുന്നു. കാതുകൾ കൊട്ടിയടച്ചിരിക്കുകയാണ്. വായ്ക്കകത്ത് ഊറിക്കൂടുന്ന കയ്പുരസം, ചുട്ടുപൊള്ളുന്ന തൊണ്ടയിലൂടെ താഴോട്ടിറങ്ങാൻ മടിക്കുന്നു.

പൊടുന്നനേ ആ ആരവം നിലച്ചതുപോലെ. ആരോ നേർത്ത തൂവൽ കൊണ്ട് നെറ്റിയിൽ തലോടുന്നു. നെറ്റിയിൽനിന്ന് കവിളുകളിലൂടെ, കഴുത്തിലേക്ക്, മാറത്തേക്ക്.

നനുനനുത്ത തൂവൽസ്പർശം.

കാതിൽ ഏതോ നേർത്ത ഈണം. പണ്ടെന്നോ കേട്ടുമറന്ന താരാട്ടുപാട്ടിന്റെ അമർന്ന വരികൾ. അതിന്റെ കുളിർമ്മയിൽ ഉറക്കത്തിലേക്ക് താനേ വഴുതിവീണത് പ്രിയംവദ അറിഞ്ഞില്ല. ഏറെ നാളുകൾക്കുശേഷം ഉറക്കത്തിന്റെ അടികാണാത്ത ആഴങ്ങളിലേക്ക് അവർ താഴ്ന്നുതാഴ്ന്നു പോകുകയായിരുന്നു.

ഇരുപത്തഞ്ച്

കണ്ണു തുറക്കുമ്പോൾ ആശുപത്രിയിലെ കിടക്കയിലായിരുന്നു. കതെല്ലൊരു ഭയപ്പാടോടെ പ്രിയംവദ നാലുചുറ്റും പകച്ചുനോക്കി. ആദ്യത്തെ തളർന്ന നോട്ടം ചെന്നുവീണത് രേവതിയുടെ മുഖത്താണ്. പിന്നെ നിരതെറ്റിയ പല്ലുകൾ മുഴുവനും കാട്ടി ചിരിക്കുന്ന ഒരു നേഴ്സിന്റെ മുഖത്തും.

തലയ്ക്കകത്തു വല്ലാത്ത കനം. നെറ്റിക്കുള്ളിലൂടെ ഇപ്പോഴും പുഴുക്കൾ ഇഴഞ്ഞു നടക്കുന്നതുപോലെ. ഒരു ദിവസം മുഴുവൻ ബോധമില്ലാതെ കിടന്നുവെന്ന് രേവതി സമ്മതിച്ചതുതന്നെ വലിയ മടിയോടെയാണ്.

ഒന്നും ശരിക്ക് ഓർമ്മ കിട്ടുന്നില്ല. പനി കൂടിയിട്ടും ഡോക്ടറെക്കാണാൻ കൂട്ടാക്കാഞ്ഞതുകൊണ്ട് നിർബ്ബന്ധിച്ചു കൊണ്ടുവരികയായിരുന്നത്രെ. നേരേ കയറ്റിയത് ഐ.സി.യുവിലേക്കായിരുന്നു. അപ്പോഴെങ്കിലും അഡ്മിറ്റ് ചെയ്യാൻ തോന്നിയതു നന്നായെന്ന് ഡോക്ടറും പറഞ്ഞു. രണ്ടു ദിവസമെങ്കിലും ഒബ്സർവേഷനിൽ വയ്ക്കാതെ വയ്യ. നാടാകെ പനി പരന്ന സമയമാണ്. തുടക്കത്തിലെ ചെറിയ പനിപോലും ചിലപ്പോൾ പടർന്നുകയറി ചെന്നെത്താൻ പോകുന്നത് എവിടെയാകുമെന്ന് യാതൊരു രൂപവുമില്ല.

ആകെ വിയർത്തുകുളിച്ചിരിക്കുന്നു. മേലാകെ ഒട്ടിപ്പിടിക്കുന്നതുപോലെ.

'ഈ വിയർപ്പ് നല്ലതാണ്. പനിയിറങ്ങിയതിന്റെ ലക്ഷണമാണത്,' രേവതി നെറ്റിയിൽ കൈവച്ചു നോക്കിയിട്ട് ആശ്വാസത്തോടെ പറഞ്ഞു: 'വീട്ടിൽ പോകാൻ തിരക്കായെന്നറിയാം. കൂടിവന്നാൽ ഇനിയൊരു രണ്ടു ദിവസം കൂടി. പനി ശരിക്കും നിയന്ത്രണത്തിലാവാതെ ആസ്പത്രി വിടുന്നത് ശരിയാവില്ലെന്നു ഡോക്ടർ പറഞ്ഞു. വീട്ടിൽ പോയാൽ വിശ്രമിക്കില്ലെന്ന് മൂപ്പർക്കു തന്നെ നന്നായറിയാം.'

'അപ്പോൾ രേവതിക്ക് ഓഫീസിൽ പോകണ്ടേ?'

'തൽക്കാലത്തേക്ക് എന്റെ ഡ്യൂട്ടി ഇവിടെത്തന്നെ. എച്ച്.ആർ. മേധാവിയുടെ ആരോഗ്യം കമ്പനിയുടെതന്നെ ആരോഗ്യമായി കണ്ട് എത്രയോ വിശാലമായി ചിന്തിക്കുന്ന കമ്പനി...'

ഉള്ളറിഞ്ഞൊന്ന് ചിരിക്കാൻപോലും വയ്യാതെ തളർന്നുകിടക്കുകയായിരുന്നു പ്രിയംവദ. ലേശം കഴിഞ്ഞപ്പോൾ എന്തോ ഓർത്തതുപോലെ അവർ ചോദിച്ചു:

'നീതു?'

'വീട്ടിലുണ്ടെന്നു തോന്നുന്നു. മാഡത്തിനെ ആസ്പത്രിയിലേക്ക് കൊണ്ടുവരുമ്പോൾ വീട്ടിലില്ലായിരുന്നു. അതുകൊണ്ട് സെല്ലിൽ വിളിച്ച് പറഞ്ഞു. എന്നാലും ഈ വഴിക്കൊന്നും കണ്ടില്ല. ഡ്യൂട്ടി ഡോക്ടറെ വിളിച്ച് ഇടയ്ക്കൊക്കെ വിവരം അന്വേഷിക്കാറുണ്ടെന്ന് നഴ്സ് പറഞ്ഞു. എന്റെ അനിയത്തി വിളിച്ചിരുന്നുവെന്നാണ് അവർ പറയാറ്. ഞാൻ മാഡത്തിന്റെ മൂത്തമകളാണെന്നാണ് അവർ ധരിച്ചുവച്ചിരിക്കുന്നത്. കാര്യം അറിഞ്ഞപ്പോൾ ആ മലയാളി നഴ്സിന് ഭയങ്കര അത്ഭുതം, ആ കുട്ടി ഇവിടംവരെ ഒന്നു വന്നില്ലല്ലോ എന്ന്. കോളേജിൽ ഒരുപാട് പഠിക്കാനുണ്ടെന്നു പറഞ്ഞ് ഒരുവിധത്തിൽ നഴ്സിനെ വിശ്വസിപ്പിച്ചു.'

ഒന്നും പറയാതെ കണ്ണുകളടച്ച് പ്രിയംവദ ഒരു നിമിഷം അങ്ങനെ കിടന്നു.

'അതൊക്കെ വിടൂ മാഡം...' നെറ്റിയിൽ രേവതിയുടെ നേർത്ത വിരലുകൾ അമർന്നപ്പോൾ പ്രിയംവദ കണ്ണുകൾ തുറന്നു. 'ഇതൊന്നും അത്രയ്ക്ക് കാര്യമായിട്ടെടുക്കേണ്ട. ചിലപ്പോൾ അവൾക്ക് ശരിക്കും പഠിക്കാൻ ഒരുപാടുണ്ടായിരിക്കും. പരീക്ഷ അടുത്തു വരികയല്ലേ...'

'എന്നാലും ഒന്നിവിടംവരെ വന്നുപോകുന്നതിലെന്താ? മറ്റുള്ളവരെ ബോധ്യപ്പെടുത്താൻവേണ്ടിയെങ്കിലും...'

'അവനവനെ ബോധ്യപ്പെടുത്താനാകില്ലെങ്കിൽ മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിലെന്തു കാര്യം. അതൊക്കെ ഒഴിവാക്കുകയാവും ഭേദം.'

രേവതി അപ്പോഴും തലോടുകയായിരുന്നു, നെറ്റിയിലും, കവിളത്തും, കഴുത്തിലുമൊക്കെ.

'എന്തായാലും ആ നഴ്സ് എന്നെ മാഡത്തിന്റെ മൂത്തമകളാക്കിയതിൽ ലേശം കുഴപ്പമുണ്ട്. അതായത് മാഡത്തിന് കണ്ടമാനം വയസ്സായെന്ന്. അല്ലെങ്കിൽ എനിക്ക് വയസ്സ് തീരെ കുറവാണെന്ന്.'

'രണ്ടായാലും എനിക്ക് കുഴപ്പമില്ല രേവതീ,' പ്രിയംവദ ചിരിക്കാൻ നോക്കി: 'പക്ഷേ, ഒന്നുമാത്രം. നീതുവിന്റെ സെറ്റുകാരോടും ഞാനത് പലതവണ പറഞ്ഞിട്ടുണ്ട്. എനിക്ക് ഏറ്റവും പേടി വയസ്സാകുന്നതിനെയാണ്. ജീർണ്ണിച്ച മനസ്സും, പൂതൽ പിടിച്ച ശരീരവുമായി ആർക്കും വേണ്ടാതെ ജീവിക്കുകയെന്നു വച്ചാൽ... നീതുവിന്റെ കൂട്ടുകാരികളുടെ കമ്പനിയിൽ ചേരുമ്പോൾ അറിയാതെതന്നെ അവരെക്കാൾ ചെറുപ്പമാകുന്നതുപോലെ തോന്നാറുണ്ട്. രേവതിക്കറിയ്യോ, ചിലപ്പോഴൊക്കെ ആ ആലീസിന്റെ നാവിൽനിന്ന് പരിസരബോധമില്ലാതെ വീഴാറുള്ള ചില വൾഗർ തമാശകൾ. അതുകഴിഞ്ഞ് അവളുടെ മുഖത്തു കാണാറുള്ള ആ ചമ്മിയ ഭാവം. അതൊക്കെ ഏറ്റവും കൂടുതൽ ആസ്വദിക്കാറ് ഞാൻതന്നെയായിരുന്നുവെന്നു തോന്നിപ്പോകുന്നു. നിനക്ക് അത്ഭുതം തോന്നും, അത്തരം തമാശകളെ ഏറ്റവും വെറുത്തിരുന്നത് എന്റെ മോളായിരുന്നു.'

ആരോ കതകിൽ മുട്ടി. ചെറുപ്പക്കാരനായ ഡ്യൂട്ടി ഡോക്ടറായിരുന്നു. തെല്ലൊരു ബഹുമാനം കാണായി അയാളുടെ മുഖത്ത്. ഒരുപക്ഷേ, രേവതി തന്നെപ്പറ്റി ഒരുപാട് പുകഴ്ത്തി പറഞ്ഞുകാണണം.

'ഒരു രണ്ടുദിവസംകൂടി ഇവിടെ കിടക്കാതെ പറ്റില്ലല്ലോ. വീട്ടിൽ പോയാൽ പിന്നെ ഓഫീസ്പണിയായി, ടെൻഷനായി,' ഡോക്ടർ ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഓ അങ്ങനെ വലിയ ടെൻഷനൊന്നുമില്ല, ഡോക്ടർ,' പ്രിയംവദ ചിരിക്കാൻ നോക്കി: 'മറ്റുള്ളവർക്ക് ടെൻഷൻ കൊടുക്കലാണ് ഞങ്ങളുടെ പണി.'

'ഇവർ പറഞ്ഞിരുന്നു വിവരങ്ങളൊക്കെ. എന്തായാലും ഞങ്ങൾ വിടാൻ പോണില്ല. ആഗോളവത്കരണത്തിന്റെ കാലമല്ലേ. നല്ല ഉഗ്രൻ വൈറസ്സുകളാണ് കടൽ കടന്നുവരുന്നത്. ചരടുകളില്ലാത്ത, തികച്ചും സൗജന്യമായ വിദേശസഹായം. അതുകൊണ്ട് ഇത്തരം പനികളൊക്കെ റൂട്ട് മാറി വേറെ വല്ല വഴിക്കും പോകാതെ നോക്കേണ്ടത് ഞങ്ങളുടെ ചുമതല.'

'അല്ലെങ്കിലും മാഡത്തിന് അങ്ങനെ വലിയ തിരക്കൊന്നുമില്ല,' രേവതി ഇടപെട്ടു: 'വേണമെങ്കിൽ പിന്നേം കിടക്കാം രണ്ടുമൂന്നു ദിവസം കൂടി.'

ഡോക്ടർ പോയപ്പോൾ ശുണ്ഠിവന്നു പ്രിയംവദയ്ക്ക്:

'നീയെന്താ എന്നെ ഒരു നിത്യരോഗിയാക്കി ഇവിടെ കിടത്താനാണോ ഭാവം?'

'ഇവിടത്തെ ഏർപ്പാടുകൾ കാണുമ്പോൾ ഒരു രണ്ടുമൂന്നു ദിവസം വന്നു കിടന്നാലോ എന്നൊരു തോന്നൽ. സുഖക്കേടില്ലാതെ കിടത്തുമോ ആവോ? നല്ല ഒന്നാന്തരം മുറി. ചന്തമുള്ള നഴ്സുമാർ. അതിലും ചന്തമുള്ള ആൺഡോക്ടർമാർ. സമയമൊപ്പിച്ച് കാര്യങ്ങളെല്ലാം നടക്കുന്നു. ചുമ്മാതെയങ്ങു കണ്ണടച്ച് സ്വപ്നം കണ്ടുകൊണ്ടു കിടന്നാൽ മതി. കമ്പനിയുടെ ഭാരമില്ല, വീടിന്റെ ഭാരമില്ല.'

അങ്ങനെ പറഞ്ഞു കഴിഞ്ഞപ്പോൾ അബദ്ധം പറ്റിയതുപോലെ രേവതി തല കുടഞ്ഞു:

'നിറുത്തണ്ട, നീ പറഞ്ഞത് ശരിയാണ്. വീടിന്റെ ഭാരമില്ലാതെയുള്ള ഈ കിടപ്പ് വലിയൊരു ആശ്വാസംതന്നെ.'

അങ്ങനെ പറയുമ്പോഴും പ്രിയംവദയുടെ സ്വരത്തിലെ ഇടർച്ച രേവതിക്ക് മനസ്സിലാക്കാമായിരുന്നു.

അല്പം കഴിഞ്ഞ് പ്രിയംവദ പറഞ്ഞു:

'രേവതിക്കറിയ്യോ, രണ്ടു ദിവസംമുമ്പ് എന്റെ മോള് എന്നോടു ചില ചോദ്യങ്ങൾ ചോദിച്ചു. ചെറിയ വായിൽനിന്നു ചില വലിയ ചോദ്യങ്ങൾ.'

'എന്തേ മാഡം?'

പ്രിയംവദ പറയാൻ മടിക്കുന്നതുപോലെ തോന്നി.

'എനിക്ക് നിങ്ങളുടെ തലമുറയെ തീരെ മനസ്സിലാവുന്നില്ലല്ലോ രേവതീ.'

'ചിലപ്പോഴൊക്കെ എനിക്കും,' രേവതി തലയാട്ടി: 'തലമുറകളുടെ വിടവ് എന്നൊക്കെ പറയുമ്പോൾ വളരെ ഒഴുക്കനായി പോകുന്നു. ചിലപ്പോൾ അതിനൊക്കെ അപ്പുറമായി എനിഗ്മാറ്റിക്കായി എന്തൊക്കെയോ, അല്ലേ?'

'എനിക്കെന്റെ മകളെ മനസ്സിലാകുന്നില്ല...'

'അതിലേറെ അവൾക്ക് മാഡത്തിനെയും.'

'അവൾ എന്നോട് ചോദിക്കുകയായിരുന്നു...' പ്രിയംവദ അവിടെ പൊടുന്നനേ നിറുത്തി.

'എന്തേ?' രേവതി ചുഴിഞ്ഞു നോക്കുകയാണ്.

'ഓ ഒന്നുമില്ലാ, രേവതീ.'

'പറഞ്ഞോളൂ മാഡം, പുതിയ തലമുറയുടെ എന്തും എനിക്ക് പെട്ടെന്നു മനസ്സിലാകും.'

'അവൾ എന്നോട് ചോദിക്കുകയായിരുന്നു...' തെല്ലൊരു മടിയോടെ രേവതിയുടെ മുഖത്തുനോക്കാതെ പ്രിയംവദ തുടർന്നു: 'ഞാൻ എന്നെങ്കിലും ആരെയെങ്കിലും സ്നേഹിച്ചിട്ടുണ്ടോയെന്ന്. എനിക്ക് ആരെയെങ്കിലും സ്നേഹിക്കാനാവുമോയെന്ന്...'

ആദ്യമൊന്നു പൊട്ടിച്ചിരിച്ചെങ്കിലും, രേവതിയുടെ കണ്ണുകൾ തന്റെ മുഖത്താണെന്ന് പ്രിയംവദ കണ്ടു. ഒരുപക്ഷേ, അവളും തന്നിൽനിന്ന് ഇതേ ചോദ്യത്തിനുള്ള ഉത്തരം തേടുകയാവാം.

ഒടുവിൽ ഒരു നീണ്ട നെടുവീർപ്പോടെ, സമാധാനിപ്പിക്കാനെന്നോണം രേവതി പറഞ്ഞു:

'സ്നേഹമെന്നു പറയുന്നത് ഒരാളുടെ സ്വകാര്യസ്വത്താണ്. അതെപ്പറ്റി മറ്റൊരാളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ട കാര്യമില്ല. അല്ലെങ്കിലും, സ്നേഹത്തിന്റെ വില അറിയുന്നവരോടു മാത്രമല്ലേ അതെപ്പറ്റി പറയാനാകൂ.'

വെറുതെ തലയാട്ടുമ്പോൾ നീതുവിന്റെ ശബ്ദം ഉള്ളിലെവിടെയോ കിടന്നു മുഴങ്ങുന്നതുപോലെ പ്രിയംവദയ്ക്ക് തോന്നി. തന്റെ അകത്തളങ്ങളിലെ ഏതോ ഇരുണ്ട അറകളിലൂടെ അതിസാമർത്ഥ്യത്തോടെ വിരലോടിക്കുകയാണവൾ.

എന്നെങ്കിലും ആരെയെങ്കിലും സ്നേഹിച്ചിട്ടുണ്ടോ?

എന്നെങ്കിലും ആരെയെങ്കിലും സ്നേഹിക്കാനാവുമോ?

അമ്മയെ എളുപ്പത്തിൽ ഉത്തരം മുട്ടിക്കാനാവുമെന്ന് നല്ല ഉറപ്പുള്ള ചോദ്യങ്ങൾ.

ഉച്ചകഴിഞ്ഞ് സെല്ലിൽ നീതുവിന്റെ വിളി വന്നപ്പോൾ രേവതി ഫോൺ പ്രിയംവദയുടെ കയ്യിൽ കൊടുത്തു.

'അമ്മാ, ഹൗ ആർ യൂ?' തീരെ അലസമായൊരു അന്വേഷണം.

എന്നാലും ആ ശബ്ദം കേട്ടപ്പോൾ പ്രിയംവദ അറിയാതെയൊന്നു തരിച്ചുപോയി.

'അയാം ഓൾറൈറ്റ് മോളേ. പനി കുറഞ്ഞെങ്കിലും രണ്ടു ദിവസംകൂടി കിടക്കണമെന്നാണ് ഡോക്ടർ പറഞ്ഞത്.'

'വൈകുന്നേരത്തെ ക്ലാസ്സ് കഴിയുമ്പോഴേക്കും വല്ലാതെ വൈകുന്നു. അപ്പോഴേക്കും അവിടത്തെ വിസിറ്റേഴ്സ് ടൈം കഴിഞ്ഞിരിക്കും...'

'അറിയാം മോളേ. ഡോണ്ട്‌വറി. ഏതായാലും നീ ക്ലാസ്സൊന്നും മുടക്കേണ്ട. ഇവിടെ എല്ലാ സൗകര്യങ്ങളുമുണ്ട്. പിന്നെ ആരെങ്കിലുമൊക്കെ കാണും സഹായത്തിന്.'

'ഓക്കെ, അമ്മാ വയ്ക്കട്ടെ. നാളെ വിളിക്കാം.'

'ഓക്കെ മോളേ. ബൈ. ടേക്ക് കെയർ.'

ഫോൺ തലയ്ക്കരികിൽ വച്ചിട്ട് പ്രിയംവദ പറഞ്ഞു:

'മോളായിരുന്നു.' അമ്മയുടെ ശബ്ദത്തിൽ വലിയ സന്തോഷം. അതിലേറെ അഭിമാനം.

'മനസ്സിലായി.'

'എന്തായാലും അവൾക്ക് വിളിക്കാൻ തോന്നിയല്ലോ.'

'അതെയതെ.'

'ക്ലാസ് കഴിയുമ്പോൾ ഒരുപാട് വൈകുമത്രെ. അപ്പോഴേക്കും ഇവിടത്തെ വിസിറ്റേഴ്സ് ടൈം കഴിയുമല്ലോ.'

വിശദീകരിക്കാൻ പണിപ്പെടുകയാണ് പ്രിയംവദ.

'ശരിയാണ്.'

വെറുതെ തലയാട്ടുമ്പോൾ രേവതി ഉള്ളിൽ ചിരിയൊതുക്കാൻ നോക്കുകയാണ്.

'നാളെ വിളിക്കാമെന്നു പറഞ്ഞു.'

'അതും നന്നായി.'

രേവതിയുടെ മുഖത്തേക്ക് പാളിനോക്കുകയാണ് പ്രിയംവദ.

'എന്തേ രേവതി?'

'ഏയ് ഒന്നൂല്യ. ആ കുട്ടി വിളിച്ചത് നന്നായെന്ന്.'

ഏതായാലും മകളുടെ ഓർക്കാപ്പുറത്തുള്ള വിളി പ്രിയംവദയ്ക്ക് ഒരുപാട് മനസ്സമാധാനം കൊടുത്തതുപോലെ. അതുകൊണ്ടാവാം ഉച്ചയ്ക്ക് പൊടിയരിക്കഞ്ഞി കൊണ്ടുവന്നപ്പോൾ പതിവിൽക്കൂടുതൽ കഴിക്കുന്നതു കണ്ടു.

'പനി ഇറങ്ങിയതുകൊണ്ടായിരിക്കും തലയ്ക്കകത്തെ ഭാരം കുറച്ചു കുറഞ്ഞതുപോലെ.'

അല്പം കഴിഞ്ഞ് എന്തോ ഓർത്തിട്ട് പ്രിയംവദ പറഞ്ഞു:

'എന്തോ, ഇന്നലെ രാത്രിയിൽ പെട്ടെന്ന് ഞാൻ ആ മീനാക്ഷിപ്പാളയത്തെ പറ്റി ഓർത്തുപോയി.'

രേവതി അത്ഭുതത്തോടെ നോക്കി.

'എന്താണിപ്പോൾ മീനാക്ഷിപ്പാളയത്തിന്റെ അവസ്ഥ?' പ്രിയംവദ ചോദിച്ചു.

'അറിഞ്ഞുകൂടാ. തിരക്കണമെന്നു തോന്നാറില്ല.'

'അത്ര പെട്ടെന്നു മാഞ്ഞുകഴിഞ്ഞുവോ, മീനാക്ഷിപ്പാളയം രേവതിയുടെ ഉള്ളിൽ നിന്ന്?'

'അങ്ങനെയൊന്നുമില്ല, മാഡം.'

'എന്നാൽ കേട്ടോളൂ. ആ മീനാക്ഷിപ്പാളയം ഇപ്പോഴും എന്റെ ഉള്ളിൽ ഒരു ശക്തമായ അടയാളമായി ബാക്കിനിൽക്കുന്നു. പല ദിശകളിലേക്കും ചൂണ്ടുന്ന വലിയൊരു ചൂണ്ടുപലക. അന്നാ പ്രബന്ധം തയ്യാറാക്കാനായി ഇരുന്നപ്പോൾ, അല്ലെങ്കിൽ അവിടെ ഗോവയിൽ അവതരിപ്പിച്ചപ്പോൾ തോന്നിയതിനെക്കാൾ കൂടുതൽ തീവ്രതയോടെ ഇപ്പോഴും എന്റെ മനസ്സിൽ.'

ചെറിയൊരു കുറ്റബോധത്തോടെയാണ് രേവതി തലയാട്ടിയത്.

'മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ആകുലതകൾ നമ്മെ ഇത്രയും വലിയ സങ്കടങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കുമെന്നു കരുതിയിരുന്നില്ല. പണ്ട് എന്റെ സ്വപ്നങ്ങളിൽ എങ്ങനെയോ വന്നുകയറിയിരുന്ന ആ പാവം കാവേരിയുടെ ചിത്രം ഇപ്പോഴുമെന്റെ മനസ്സിലുണ്ട്. നേരിൽ കാണാത്ത കാവേരി അത്രയും വലിയൊരു സാന്നിദ്ധ്യമായി ഇപ്പോഴും ഉള്ളിൽ നിറഞ്ഞുനിൽക്കണമെങ്കിൽ അതിന്റെ അർത്ഥം ഇതിന്റെയൊക്കെ പുറകിൽ നമുക്കുതന്നെ അറിഞ്ഞുകൂടാത്ത എന്തൊക്കെയോ വലിയ കാര്യങ്ങൾ ഉണ്ടെന്നല്ലേ?'

ഒന്നും പറയാനായില്ല രേവതിക്ക്. പലവുരു സ്വയം കുറ്റപ്പെടുത്തുമ്പോൾ എങ്ങനെ അതൊക്കെ തനിക്ക് ഇത്ര പെട്ടെന്ന് മറക്കാനായി എന്ന് അതിശയിക്കുകയായിരുന്നു അവൾ.

'ശരിയാണ് മാഡം. മീനാക്ഷിപ്പാളയത്തെ ഒരു സാദ്ധ്യതയായി കണ്ട എനിക്ക് പിന്നീടതിനെ ഒരു ബാദ്ധ്യതയായി കാണാനായില്ല.'

'ബാദ്ധ്യതയെക്കാൾ കൂടുതൽ അതൊരു വലിയ അടയാളമാണ്, രേവതീ.' പ്രിയംവദ ആവർത്തിച്ചു: 'അതു നമ്മെ പലതും ഓർമ്മിപ്പിക്കുന്നു. അതിലേറെ അലട്ടുന്നു.'

അല്പം കഴിഞ്ഞ് പ്രിയംവദ മയങ്ങാൻ തുടങ്ങിയപ്പോൾ രേവതി പുറത്തേക്കിറങ്ങി. താഴെ കാന്റീനിൽ പോയി കഴിക്കാൻ വല്ലതും കിട്ടുമോയെന്ന് നോക്കണം.

വൈകിട്ട് സന്ദർശകസമയം തീരുന്നതിനു മുമ്പ് ആലീസ് ഓടിക്കയറി വരുമ്പോൾ രേവതി വരാന്തയിലെ കൈവരിയിൽ പിടിച്ച് ആസ്പത്രിമുറ്റത്തേക്ക് നോക്കിനിൽക്കുകയായിരുന്നു.

ആദ്യമായി കാണുകയായിരുന്നിട്ടും ആലീസിനെക്കണ്ടപ്പോൾ രേവതി പെട്ടെന്ന് തിരിച്ചറിഞ്ഞു. ആലീസ് രേവതിയെയും.

'ഞാൻ നീതൂന്റെ ഫ്രണ്ട് ആലീസ്.'

'ഞാൻ ആരുടെയും ഫ്രണ്ടല്ലാത്തൊരു സാധാരണ രേവതി.'

'അതുതന്നെ മതി ധാരാളം. നാനാഴിപോലും വേണ്ടാത്ത നഞ്ചിനാണെങ്കിൽ ഇപ്പോൾ വലിയ ഡിമാൻഡാണുതാനും. എന്തായാലും നീതൂന്റമ്മ പറഞ്ഞ് ഒരുപാടു കേട്ടിട്ടുണ്ട് ചേച്ചിയെപ്പറ്റി.'

'നീതൂന്റമ്മ പറഞ്ഞത് മുഴുവൻ വിശ്വസിക്കണമെന്നില്ല, പ്രത്യേകിച്ചും എന്റെ കാര്യത്തിലാവുമ്പോൾ.'

'രേവതിച്ചേച്ചിയെപ്പറ്റി പറഞ്ഞുപറഞ്ഞ് അങ്ങനെ നാണം കെടാറുണ്ട് ആന്റി. ഒരാള് വേറൊരാളുടെ ശരീരത്തില് ഒരുപാടു കയറിക്കൂടിയാൽ അതിന് ബാധ കൂടുകയെന്നാ ഞങ്ങടെ നാട്ടിലെ പ്രയോഗം.'

'ഞങ്ങളുടെ നാട്ടിലും അങ്ങനെയൊക്കെത്തന്നെ. പിന്നെ ചില ബാധകള് കയറിക്കൂടിയാൽ ഒഴിപ്പിക്കാൻ വലിയ പാടാവും. എന്നെ അക്കൂട്ടത്തിൽ പെടുത്താമെന്നു തോന്നുന്നു. അതായത്, വലിയ കാർമ്മികൻ, വലിയ കാഞ്ഞിരം, വലിയ സൈസ് ആണികള്.'

'ശര്യാണ്. ഉണ്ണീടനിയനെ കണ്ടാലറിയാം ഒരു പത്തുപതിനഞ്ച് ഊരുകളിലെ പഞ്ഞം.'

ഓരോന്നു പറഞ്ഞു സംസാരം നീതുവിലേക്കെത്തിയപ്പോൾ പൊടുന്നനേ ആലീസിന്റെ മുഖത്തെ വെളിച്ചം കെട്ടു.

'ചേച്ചി പരിചയപ്പെട്ടില്ലേ അവളെ?'

'ഓ...'

'എന്നിട്ടെന്ത് തോന്നി?'

'എന്ത് തോന്നാനാണ്. തന്റെപോലെ മനസ്സറിയുന്ന യന്ത്രമൊന്നുമില്ലല്ലോ എന്റെ കൈയിൽ. പിന്നെ, തന്റെ ഉറ്റചങ്ങാതിയല്ലേ, എല്ലാം അറിയാമായിരിക്കുമല്ലോ അവിടത്തേക്ക്.'

'അതൊക്കെ പണ്ടായിരുന്നു. ഇപ്പൊ അവളുടെ ശരീരത്തിൽ കയറിക്കൂടീട്ടുള്ളത് ഒരു മുന്തിയ ജനുസ്സിൽ പെട്ട ചെയ്ത്താനായതോണ്ട് സാധാരണ ചരടൊന്നും ജപിച്ചുകെട്ട്യാൽ നിൽക്കണ കോളില്ല.'

'നാട്ടിൽനിന്ന് ഏതെങ്കിലും വലിയ കർമ്മിയെ സംഘടിപ്പിക്കാമായിരുന്നു. പിന്നെ തറയ്ക്കാനായി ഒരു കാഞ്ഞിരവും. അതു എവിടന്നെങ്കിലും കണ്ടുപിടിക്കാമെന്നു വയ്ക്കുക.'

'ബാധകൾ കൂടുതലുണ്ടെങ്കിലോ?'

'ഒരു നൂറ്റമ്പത് ഗ്രാം മുഴുത്ത ആണി. ലേശംകൂടി വണ്ണമുള്ളൊരു കാഞ്ഞിരം!'

പെട്ടെന്ന് രേവതിയുടെ സ്വരം മാറി, വലിയ ഗൗരവമായി.

'അതുപോട്ടെ. നിങ്ങൾ കൂട്ടുകാരൊക്കെ കൂട്ട്യാൽ അവളെ തിരിച്ചുകൊണ്ടുവരാൻ കഴിയില്ലേ?'

'സംശയാണ്. അവൾ അത്രണ്ട് മുന്നോട്ട് പോയിരിക്കണു.'

'ആ ചെറുപ്പക്കാരനുമായുള്ള ബന്ധം?'

'അതു മാത്രൊന്നുമല്ല. ചേച്ചിക്കന്നെ അറിയാല്ലോ, സ്വന്തം അമ്മ്യായിട്ടുള്ള ബന്ധംതൊട്ട് എല്ലാറ്റിലും അവളിപ്പോൾ ഒരുമാതിര്യാണ്. വർത്തമാനം

കുറവാണെങ്കിലും മുമ്പൊക്കെ ഞങ്ങടെ സെറ്റില് ഏറ്റവും ഉഷാറ് നീതു തന്ന്യായിരുന്നു. എപ്പഴും അവളെ ചുറ്റിപ്പറ്റി കാണും ഒരു മൂന്നാല് സൈസ് പാർട്ടികള്. പക്ഷേ, ഇപ്പൊ അവളാകെ മാറീരിക്കണു. എല്ലാത്തിൽ നിന്നും മാറി തനിച്ചിരിക്കാനാണ് അവൾക്കിഷ്ടം. മുമ്പൊക്കെ ചില വീക്കെന്റിലെ ഞങ്ങടെ സെറ്റുകൂടല് ആ വീട്ടിലായിരുന്നു. നീതൂന്റമ്മയാണെങ്കിൽ നല്ല രസമുള്ള കമ്പനീം. ഞങ്ങടെ ഒപ്പം കൂടുമ്പോൾ തനിക്കും ഒരുപാട് ചെറുപ്പ മാകുമെന്നാ മൂപ്പത്തി പറയാറ്. അവർക്ക് ഏറ്റവും പേടി ഈ വയസ്സാകലാ ണത്രെ. എന്തായാലും, പാട്ടും, ഡാൻസും, കവിതേം, മിമിക്രിയുമൊക്ക്യാ യിട്ട് ഒരു രണ്ട് ദിവസം പോണതറിയില്ല്യാ.'

ആ ഓർമ്മകളിൽ സ്വയം നഷ്ടപ്പെട്ടിട്ടെന്നപോലെ ഒരു നിമിഷം കണ്ണ ടച്ചുനിന്നിട്ട് ആലീസ് തുടർന്നു:

'എങ്ങനെ നോക്ക്യാലും ആ വീടൊരു താവളംതന്ന്യാരുന്നു, എല്ലാ വർക്കും. മുൻകൂട്ടി പറയാതെ ഏതു പെൺകിടാവിനും ചെന്നുകേറി താമ സിക്കാവുന്ന ഒരു വഴിയമ്പലം. ഞങ്ങളുടെയൊക്കെ രക്ഷാധികാരിയായി വലി യൊരു ആന്റി. അവരെത്ര വലുതാണെന്ന് മനസ്സിലാക്കണമെങ്കിൽ അത്ര യ്ക്കങ്ങ് അടുക്കണം. ഞങ്ങള് രണ്ടുമൂന്ന് സ്ഥിരം പാർട്ട്യോളെ ഒഴിവാക്ക്യാൽ പിന്നെ ആരൊക്ക്യാണ് വന്ന് തമ്പടിക്കുന്നതെന്ന് ചിലപ്പൊ ആന്റിക്കന്നെ ഒരു രൂപവുമുണ്ടാകില്ല. എത്രയാള് കേറിച്ചെന്നാലും ആഹാരം റെഡി, തനി പച്ചക്കറിയായിരിക്കുമെന്നു മാത്രം. രാത്രീല് ആ ഡ്രായിങ് റൂമിലെ തറയിൽ ജമുക്കാളം വിരിച്ച് ഞങ്ങളങ്ങനെ നിരനിരയായിട്ട് കിടക്കും. ഇപ്പോൾ ആ വീട്ടിനകത്തും പിശാചു കയറിയതുപോലെ. ഒരാട്ടോം, അനക്കോം മിണ്ടാ ട്ടോമില്ലാതെ ഓരോവശത്തായി അമ്മേം മോളും ഇരിക്ക്യാന്ന്വെച്ചാൽ ആ വീടന്നെ ഇല്ലാണ്ടാവ്വാന്നാണ് അർത്ഥം. അതോണ്ട് ഞങ്ങള് ആരുമിപ്പോ ആ വഴിക്കന്നെ പൂവാറില്ല്യാ.'

'അവനാണോ ഇതിനൊക്കെ കാരണം?'

ആലീസിന്റെ മുഖത്ത് ഗൗരവം പരന്നു.

'ആലീസിനറില്ല്യാ. ചെലപ്പൊ അതും ഒരു കാരണമാവാം. എന്തായാലും, നീതുവിന്റെ ഉള്ളിലെ ഇപ്പഴത്തെ ചുറ്റിക്കളിയെപ്പറ്റി ആർക്കാ നിശ്ശം? അവ ളാണെങ്കില് ഒന്നും വിട്ടുപറയാതെ എല്ലാം ഉള്ളിലങ്ങനെ അടക്കിപ്പിടിച്ച് വച്ചി രിക്ക്യേല്ലേ. ആന്റിക്കുപോലും അറിയാത്ത എന്തൊക്ക്യോ. പണ്ടൊരിക്കൽ അവള് പറഞ്ഞുകേട്ടിട്ടുണ്ട്, രാത്രീല് ഒറങ്ങാൻ കെടക്കുമ്പൊ കൊറെ ചീത്ത സ്വപ്നങ്ങളാത്രെ. നെറ്റീടെ നേരെ വരണ ഒരു തടിച്ച ചൂണ്ടുവിരല്. അതിന്റെ അറ്റത്തായി, നീട്ടി വളർത്തിയ ഒരു കൂർത്ത നഖം.'

കുട്ടിക്കാലത്തേ ഉള്ളിൽ കയറിക്കൂടിയ അനാവശ്യമായ പേടികളിൽ ഒന്നാവാം, രേവതി ഓർത്തു.

'പിന്നെ എനിക്ക് മനസ്സിലാവാത്തൊരു കാര്യം ഇവളെങ്ങനെ അവനു മായി അടുത്തുകൂടിയെന്നതാണ്. അവനൊരു ശകലം ട്രാക്ക് മാറിയ പാർട്ട്യാ ണ്. താടീം, മുടീം, തോളീലൊരു പൊക്കണസഞ്ചീമൊക്കെയായിട്ടൊരു ടൈപ്പ് സാധനം.'

'ആട്ടെ, നീതു സീരിയസ്സാണോ?'

'എന്തൂട്ട് സീരിയസ്സ്? അവൻ സീരിയസ്സാണോന്നല്ലേ ചോയ്ക്കേണ്ടത്. ഇങ്ങനെ നാടോടികളെപ്പോലെ കാണണ സ്ഥലത്തൊക്കെ ടെന്റടിക്കണ

കൂട്ടരോടൊക്കെ കൂട്ട് കൂടീട്ട് സീരിയസ്സാണോന്നൊക്കെ ചോയ്ക്കണതു തമാശ്യല്ലേ ചേച്ചീ.'

'അതൊക്കെ മനസ്സിലാക്കാനുള്ള കഴിവ് നീതുവിനില്ലേ ആലീസേ?'

എന്തോ ഓർത്ത് ആലീസ് ഗൗരവഭാവത്തിൽ പറഞ്ഞു:

'ഉണ്ടായിരുന്നു, കൊറെ മുമ്പ്. ഈ ആലീസിനെപ്പോല്യൊന്നുമല്ല. എല്ലാവരേം നല്ല കൃത്യായിട്ട് അളന്നിടാനും, അകറ്റി നിറുത്തേണ്ടവയെ മുൻസിപ്പാലിറ്റിക്കു പുറത്ത് നിറുത്താനുമൊക്കെ നല്ല ശീലായിരുന്നു അവൾക്ക്. ഒരു എട്ടടിമൂർഖനെ പത്തുവാര ദൂരെവച്ചേ കണ്ടുപിടിക്കാനുള്ള കണ്ണുണ്ടായിരുന്നു. അതോണ്ടാ അവൾടെ ഇപ്പഴത്തെ പോക്ക് ഞങ്ങൾക്ക് മനസ്സിലാവാത്തത്.'

'അവൻ വീഴ്ത്തിയതായിരിക്കും, അല്ലേ?'

'നേരെ മറിച്ചാണെന്നാ കേട്ടത്.'

വല്ലാതെ പകച്ചുപോകുകയാണ് രേവതി:

'എന്തായീ പറയണത് ആലീസേ?'

'കേട്ടതു പറഞ്ഞൂന്നു മാത്രം.' ഒന്നു മടിച്ചിട്ട് ആലീസ് ദൂരെയെവിടെയോ നോക്കിക്കൊണ്ടു പറഞ്ഞു: 'അവൾക്കൊരു കൂട്ടുവേണായിരുന്നു, ഒരു ആൺകൂട്ട്, ഒരു ആൺതുണ. ഇവനല്ലെങ്കിൽ വേറൊരുത്തൻ.'

'എന്തിന്?'

'ആവോ, ആർക്കറിയാം, പക്ഷേ, ശരീരംകൊണ്ടുള്ള കൂട്ടല്ല, കേട്ടോ. എങ്കിലവൾക്ക് എത്രയോ നല്ല പയ്യന്മാരെ കണ്ടുപിടിക്കായിരുന്നു.'

'പിന്നെ?'

'നമുക്കൊക്കെ സാധാരണ ഇഷ്ടം തോന്നണ ആണുങ്ങളിൽനിന്ന് മാറിയൊരാൾ. കഷ്ടകാലത്തിന് അവൾക്ക് ബോധിച്ചയാൾ ഈ പൊക്കണസഞ്ചിക്കാരനായെന്നു മാത്രം.'

ഗെയിറ്റു കടന്ന് ഒരു ആംബുലൻസ് ഇരമ്പിപ്പാഞ്ഞു വന്നു. പുറകിലെ കതകു തുറന്ന് രണ്ടുപേർ പുറത്തു ചാടുന്നതുകണ്ടു. സ്ട്രെച്ചറുമായി ഓടിയെത്തുന്ന വെള്ളയൂണിഫോമിട്ട അറ്റൻഡർമാർ.

ആംബുലൻസിൽനിന്നിറക്കിയ സ്ട്രെച്ചറിലേക്ക് ഒരിക്കലേ നോക്കിയുള്ളൂ. അപ്പോഴേക്കും തലപെരുത്തു. ചോരയിൽ കുളിച്ച ഒരു ശരീരം.

'കുത്തുകേസ്. അല്ലെങ്കിൽ റോഡപകടം.' ആലീസ് പിറുപിറുക്കുന്നത് കേട്ടു.

ആലീസിന്റെ വാക്കുകൾ ചേറ്റിപ്പെറുക്കി നോക്കുകയായിരുന്നു രേവതി. നീതുവിൽ വന്ന മാറ്റം പെട്ടെന്നായിരുന്നെന്ന് പ്രിയംവദയും പറഞ്ഞിരുന്നു. ചില വാരാന്ത്യങ്ങളിലെ ആ ഒത്തുകൂടലിനെക്കുറിച്ച് പ്രിയംവദയ്ക്കും കുറെ രസകരമായ ഓർമ്മകളുണ്ടായിരുന്നു. തനിക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടത് ആ വിലപിടിച്ച വാരാന്ത്യങ്ങളായിരുന്നു എന്ന് അവർ ഇടയ്ക്കൊക്കെ പറയാറുണ്ടായിരുന്നു. അതുപോലെ ഇനിയെപ്പോഴെങ്കിലും ഒത്തുകൂടാൻ കഴിഞ്ഞാൽ തന്റെ നീതുവിനെ തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നതുപോലെ.

'ഓ, അതൊക്കെ മറന്നേക്കൂ രേവതിച്ചേച്ചി,' ആലീസ് ഉറച്ച സ്വരത്തിൽ പറഞ്ഞു: 'മുമ്പൊരിക്കൽ പറഞ്ഞു നോക്കിയതാണ്. അപ്പഴേക്കും എന്റെ നേർക്ക് ഉറുമീം വീശിക്കൊണ്ടുവന്നു, നമ്മുടെ ഉണ്ണിയാർച്ച. എന്തോ, ഇപ്പഴ

വളുടെ മുഖത്ത് നോക്കുമ്പഴൊക്കെ ഫുൾ ചമയങ്ങളുമായിട്ട് അങ്കത്തട്ടിലേക്ക് ചാടാൻ കച്ചകെട്ടി നിൽക്കണ ഉണ്ണിയാർച്ചേടെ മട്ടന്ന്യാണ്. എന്നെങ്കിലുമൊരിക്കല് അവള് ഞങ്ങടെ നേർക്കും ഉറുമി വീശുംന്ന് പേടീള്ളതോണ്ട് ആലീസും ലേശം അകലം കാക്കാറുണ്ട് എപ്പഴും. ഒരിക്കൽ ഞാൻ കളിയാക്കി പറയേം ചെയ്തു, നമ്മടെ ക്യാംപസ്സിൽ ഉറുമികൾ നിരോധിച്ചിരിക്കുന്നുവെന്ന്. വേണെങ്കില് കാക്കകളെ വെടിവയ്ക്കണ നാടൻ കൊട്ടത്തോക്കുകളാവാമെന്ന്.'

രേവതി അതൊന്നും കേട്ടതേയില്ല. അവളുടെ മനസ്സിൽ അപ്പോഴും ആലിസിന്റെ വാക്കുകളായിരുന്നു:

അവൾക്കൊരു കൂട്ടു വേണമായിരുന്നു. ഒരു ആൺതുണ. ഇവനല്ലെങ്കിൽ വേറൊരുത്തൻ. പക്ഷേ, നമ്മളൊക്കെ കരുതുന്നപോലത്തെ ശരീരം കൊണ്ടുള്ള കൂട്ടല്ല, കേട്ടോ.

ആ വാക്കുകൾക്ക് ആലീസ് ഉദ്ദേശിക്കുന്നതിനെക്കാൾ എത്രയോ കൂടുതൽ അർത്ഥങ്ങളുണ്ടെന്നുതോന്നി. അവരുടെ കൂട്ടുകെട്ടിൽ ശരീരം ഒരു ഘടകംപോലുമല്ലെങ്കിൽ നീതുവിനെ ഇപ്പോൾ തികച്ചും മറ്റൊരു വെളിച്ചത്തിൽ കാണാമെന്നായിരിക്കുന്നു.

ആരുടെ കൂട്ടായിരുന്നു നിതുവിന് വേണ്ടിയിരുന്നത്?

ഒരുപക്ഷേ, അവളുടെ മനസ്സിന്റെ ഇരുണ്ട അറകളിൽ വെളിച്ചം നിറയ്ക്കാനും, അവളുടെ ഒരുപാട് പോരായ്മകൾ നികത്താനും കെല്പുള്ള ഒരാൾ. പക്ഷേ, ഈ ഹരിനാരായണൻ അതിന് പറ്റിയ ആളാണോ എന്നതാവും ഏറ്റവും വലിയ പ്രശ്നം.

'ഒരു കൂട്ടെന്നു പറയുന്നത് പൂരിപ്പിക്കലാണ്, ആലീസേ,' രേവതി പറഞ്ഞു: 'ഒരു നല്ല കൂട്ടാവുമ്പോൾ അതിലൂടെ പൂരിപ്പിക്കപ്പെടുന്നത് കണ്ടറിയാനാവാത്ത ഒട്ടേറെ വിടവുകളും. നീതു ആ ഹരിനാരായണനിൽ കാണുന്നത് അങ്ങനെ എന്തെങ്കിലുമൊക്കെയാവാം.'

അതിനോട് യോജിക്കാനാവാത്തതുപോലെ ആലീസ് തല വെട്ടിച്ചു.

രേവതിയാകട്ടെ അപ്പോൾ ഓർത്തിരുന്നത് പ്രിയംവദയെപ്പറ്റിത്തന്നെയായിരുന്നു. ആ കാറുമൂടിയ മുഖം പലതും മറച്ചുവയ്ക്കാൻ പണിപ്പെടുന്നതുപോലെ. എന്തൊക്കെയോ അറിയാം അവർക്ക്. തുറന്നുപറയാൻ മടിക്കുകയാണ്.

'അവൾ അവന്റെ കൂടെ...?' രേവതി ചോദിച്ചു.

'ഒരിടത്ത് നിന്നാൽ നില്പുറയ്ക്കാത്ത നാടോടിയുടെ പ്രകൃതമല്ലേ അവന്റേത്. അതോണ്ട് അവളും ഒപ്പം എവിട്യ്യോഒക്കെ ചുറ്റിത്തിരിയണുണ്ടാവും, ആർക്കറിയാം.'

'എന്റെ ഈശ്വരാ...'

ആലീസ് തുടരുകയായിരുന്നു:

'ഏതാണ്ടൊക്കെ കേട്ടിട്ടാകണം പ്രിൻസി എന്നെ വിളിച്ച് വീട്ടിലറിയിക്കാൻ പറഞ്ഞത്. നീതൂനെ വിളിപ്പിക്കാഞ്ഞത് മനപ്പൂർവ്വാണ്. വിളിപ്പിച്ചാല് അവള് അങ്ങേരുടെ മുമ്പീക്കെടന്ന് ചാടിത്തുള്ളും, അതോടെ കോളേജീന്ന് പുറത്താവേം ചെയ്യും. ആന്റിയോട് അല്പം ബഹുമാനമുള്ളതുകൊണ്ട് അത് ഒഴിവാക്കാന്ന് കരുതി പ്രിൻസി. എന്തായാലും ഇനി അധികകാലം ആ കോളേജിൽ നിക്കാനാവുമെന്നു തോന്നണില്യാ.'

രേവതി ചാരിവച്ച കതകിനിടയിൽക്കൂടി അകത്തേക്കു നോക്കി. പ്രിയംവദ ശാന്തമായി ഉറങ്ങുകയാണ്. ഏറെ ദിവസങ്ങൾക്കുശേഷം ആ മുഖം തെല്ലൊന്ന് അയഞ്ഞു കിട്ടിയതുപോലെ. പനിയിറങ്ങിയതുകൊണ്ടോ, അതോ മകളുടെ വിളി വന്നതുകൊണ്ടോ?

'ഉച്ചയ്ക്ക് നീതു വിളിച്ചിരുന്നു. അതിന്റെ ആശ്വാസം കാണാം മാഡത്തിന്റെ മുഖത്ത്.'

'എന്താണാവോ അങ്ങന്യൊരു സൽബുദ്ധി തോന്നിയത്, ഞങ്ങളുടെ ഉണ്ണിയാർച്ചയ്ക്ക്. അവളുടെ ചേകോൻ കൈവിട്ടോ ആവോ?'

ആലീസ് അങ്ങനെ പറഞ്ഞത് നീതുവിനെ അനുകരിച്ച് ഏതാണ്ട് അവളുടെ ശബ്ദത്തിൽതന്നെയായിരുന്നു.

'ആലീസ് മിമിക്രിയിൽ മിടുക്കിയാണെന്ന് കേട്ടിട്ടുണ്ട്.'

'കോളേജിലെ മൂക്കില്ലാത്തോരുടെ ഇടയിലൊരു അരമൂക്കിയായി ഈ കണ്ടശ്ശാംകടവുകാരി.'

'വിസിറ്റേഴ്സ് ടൈം കഴിയാറായി,' ആലീസ് വാച്ചിൽ നോക്കിയിട്ട് പറഞ്ഞു: 'ആന്റി ഇപ്പഴും നല്ല ഉറക്കമാണ്. ഉണർന്നിട്ട് പോകാന്ന് കരുതിയാണ് ഇത്രനേരം നിന്നത്.'

'സെല്ലില് വിളിച്ചോളൂ. ഇപ്പോൾ ഫോൺ എടുക്കാറുണ്ട്.'

താഴെ മണി മുഴങ്ങി. അത് സന്ദർശകർക്കുള്ള മുന്നറിയിപ്പാണ്. പത്ത് മിനിട്ടിനുള്ളിൽ സ്ഥലം വിടണം. അല്ലെങ്കിൽ സെക്യൂരിറ്റിക്കാർ വരും പരിശോധനയ്ക്ക്.

ആലീസ് താഴോട്ടിറങ്ങുമ്പോൾ രേവതിയും ഒപ്പം ചെന്നു. കോണിപ്പടികളിൽ ചാരിനിന്നുകൊണ്ട് ആലീസ് പറഞ്ഞു:

'ഇതിൽ രേവതിച്ചേച്ചിതന്നെ ഒന്ന് ഇടപെടണം. നമുക്കൊക്കെ ഇത്രേം വേണ്ടപ്പെട്ട ആ കുടുംബം ഇങ്ങനെ അലങ്കോലമാകണത് കണ്ടോണ്ട് നിക്കാൻ വയ്യ. ഞാൻ മറ്റാർക്കെങ്കിലുംവേണ്ടി തിരി കത്തിച്ചു പ്രാർത്ഥിച്ചിട്ടുണ്ടെങ്കില് അതിവർക്കുവേണ്ടി മാത്രം. ഒരിക്കലെങ്കിലും ആ പാവം ആന്റീടെ കൂടെ താമസിച്ചിട്ടുള്ളോർക്ക് അവരെ മറക്കാൻ പറ്റില്യാ. എന്തൊക്കെ സഹിച്ചിരിക്കണൂ, അവര്, ഒടുവില് എല്ലാ ചുമടുമിറക്കി അല്പം ആശ്വസിക്കേണ്ട സമയായപ്പോഴാണ് നമ്മടെ കൂട്ടുകാരീടെ വകയായി പുതിയ കോള്. എനിക്ക് മനസ്സിലാവാത്തതൊന്നു മാത്രാണ് ചേച്ചീ. ഇത്രയും തങ്കപ്പെട്ടൊരു സ്ത്രീയുടെ നെറുകേല് ഇത്രേം ദുരിതങ്ങള് വന്ന്‌വീഴാന്ന് വച്ചാല് നിങ്ങടെ കൂട്ടര് പറയാറുള്ള ആ മുജ്ജന്മപാപം തന്ന്യായിരിക്കും അല്ലേ?'

രേവതി വെറുതെ തലയാട്ടി.

അവർ ആലീസിന്റെ സ്കൂട്ടറിനടുത്തെത്തിയിരുന്നു.

'ഇപ്പഴും വൈകീട്ടില്യാന്നു തോന്നണു. ലേശംകൂടി കഴിഞ്ഞാല്, മനസ്സിനു പുറമെ ശരീരം കൂടി വെടക്കാക്കി കഴിഞ്ഞാല്, പിന്നെ തിരിച്ചുവരാൻ പാടായിരിക്കും, ചേച്ചിക്കറിയ്യോ, കാര്യം ബുജിയൊക്കെ ആണെങ്കിലും ആ ഹരിനാരായണന്റെ സെറ്റത്ര സുമാറല്ല എന്നാണ് കേൾവി. അക്കൂട്ടത്തിൽ ചെന്നുപെടാന്നു വെച്ചാല്...'

'എന്റമ്മേ!' രേവതി അറിയാതെ തലയിൽ കൈവച്ചുപോയി. 'വേണ്ടാ ആലീസേ, ആ വഴിക്കൊക്കെ ചിന്തിച്ചു പോകല്ലേ. എനിക്ക് ആലോചിക്കാനും കൂടി വയ്യാ.'

അങ്ങനെ പറയേണ്ടായിരുന്നെന്ന് ആലീസിനു തന്നെ പെട്ടെന്ന് തോന്നിയിരിക്കണം. അവൾ ബദ്ധപ്പെട്ടു തിരുത്താൻ നോക്കി:

'അല്ലാ, അങ്ങനെയുള്ള വെട്ടിലൊന്നും വീഴുന്നവളല്ല, നമ്മുടെ ഉണ്ണിയാർച്ച. ഒരുവിധം ആസാമികളെയൊക്കെ കൈകാര്യം ചെയ്യാൻ ആ ഉറുമിയുടെ വായ്ത്തല മതിയാകുമല്ലോ.'

പതിവുചിരിയോടെ കൈവീശി ആലീസ് സ്കൂട്ടറോടിച്ചു പോകുന്നത് കണ്ടു.

മുറിയിൽ മടങ്ങിയെത്തിയപ്പോൾ പ്രിയംവദ കട്ടിലിന്റെ തലയ്ക്കൽ ചാരിയിരിക്കുകയാണ്.

'ആലീസ് വന്നിരുന്നു. കുറെനേരം കാത്തുനിന്നു. വിസിറ്റേഴ്സ് ടൈം കഴിഞ്ഞതുകൊണ്ട് മടങ്ങിപ്പോയി.'

'കഷ്ടമായിപ്പോയി. ഇത്തിരി നേരം അവളുടെ ബഡായി കേൾക്കാൻ പറ്റിയിരുന്നെങ്കിൽ ഈ ക്ഷീണമൊന്ന് മാറിക്കിട്ടുമായിരുന്നു.'

'ഇപ്പോൾ നമ്മുടെ ആലീസും അല്പം സീരിയസ്സാകുന്നതുപോലെ.'

'എന്തായാലും ഈ നശിച്ച ആസ്പത്രിയൊന്നു വിട്ടിട്ടു വേണം ഞങ്ങളുടെ ആ പഴയ ഒത്തുകൂടൽ വീണ്ടുമൊന്ന് ഓർഗനൈസ് ചെയ്യാൻ. ഇപ്പോൾ രേവതീം കൂടി ആയല്ലോ സെറ്റില്.'

'ശരിയാണ് മാഡം. അതൊന്ന് പ്ലാൻ ചെയ്യാം. എന്തായാലും ദീപാവലി വരികയല്ലേ, ആ ഒഴിവിനാകാം. ഏറ്റാൽ ഏറ്റു.'

'ആ ഒഴിവിന് പിള്ളേര് വീട്ടീൽപ്പോകാറാണ് പതിവ്. വേണമെങ്കിൽ ഒരു ദിവസത്തേക്ക് പിടിച്ചുനിറുത്താൻ നോക്കാം.'

'അത് ഞാനേറ്റു.'

'ആയ്ക്കോട്ടേ രേവതി,' എന്തോ ഓർത്തിട്ട് പ്രിയംവദ തലയാട്ടി: 'അല്ലെങ്കിലും ദീപാവലി നല്ല സമയമാണ്. വെളിച്ചങ്ങളുടെയും ശബ്ദങ്ങളുടെയും ഉത്സവം.'

'അതെ മാഡം. ഇരുണ്ടടച്ച് അനക്കമറ്റു നിൽക്കുന്ന ചുറ്റുപാടുകളിലേക്ക് ഒരുപാടു വെളിച്ചവും, അതിലേറെ ശബ്ദങ്ങളുമായി പുതിയൊരു ദിവാളി.'

'അതിനായി കാത്തിരിക്കാമല്ലേ.'

'തീർച്ചയായും. അതിങ്ങോട്ട് വിട്ടേക്കു. കോളേജിൽ പഠിക്കുമ്പോൾ ഞാനൊരു ചെറുകിട ഈവന്റ് മാനേജരായിരുന്നു. വലിയ കുഴപ്പമില്ലാതെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള കഴിവുണ്ടെന്നാണ് കേൾവി.'

'ആയ്ക്കോട്ടെ. ഇത് വളരെ ചെറിയൊരു ഇവന്റ് മാത്രം, അതും രേവതീയുടെ ഉത്സാഹത്തിൽ.'

'ചെറുതല്ല മാഡം. ചിലപ്പോൾ അത് വലിയൊരു ഇവന്റായി മാറിയേക്കാം. ആർക്കറിയാം?'

നോക്കിനിൽക്കെ പ്രിയംവദയുടെ മുഖത്ത് നിറപ്പകിട്ടുള്ള ദീപാവലി വിളക്കുകൾ തെളിയുന്നത് രേവതി കണ്ടു. എത്രയോ നാളുകൾക്കുശേഷം ആ മുഖത്ത് വീണ്ടും പ്രകാശം പരക്കുകയാണ്. ആ മുറിയിലാകെ നിറക്കൊഴുപ്പിന്റെ തിരയിളക്കം. കേൾക്കാത്ത ഒരുപാട് ശബ്ദങ്ങൾ. ആചാരവെടികൾ. നിലയമിട്ടുകൾ.

വെളിച്ചത്തിന്റെയും ശബ്ദത്തിന്റെയും ആ അപൂർവനിമിഷങ്ങൾ ഉള്ളിലേക്ക് ആവാഹിച്ചെടുക്കാനായി രേവതി അല്പനേരം കണ്ണുകളടച്ചു നിന്നു.

ഇരുപത്താറ്

വീട്ടിൽ മടങ്ങിയെത്തിയപ്പോൾ തന്റെ പ്രിയപ്പെട്ട കൊച്ചുലോകം തിരിച്ചു കിട്ടിയ ആശ്വാസത്തോടെ പ്രിയംവദ നാലുചുറ്റും നോക്കി. എല്ലാം പഴയതുപോലെ, ഒരു മാറ്റവുമില്ലാതെ, ബാൽക്കണിയിൽ നിരത്തിവച്ചിരിക്കുന്ന ചട്ടികളിലെ ചെടികൾക്കു മാത്രം ലേശം വാട്ടം. എത്ര പറഞ്ഞാലും രണ്ടുനേരം വെള്ളമൊഴിക്കാൻ വലിയ മടിയാണ് ബായിക്ക്. നല്ല വെയിലേറ് വീഴുന്ന സ്ഥലമാണത്.

വേഷം മാറിയശേഷം പ്രിയംവദ ആദ്യം പോയത് കമ്പ്യൂട്ടറിന്റെ അടുത്തേക്കായിരുന്നു. തന്റെ പ്രിയപ്പെട്ട ഇ-മെയിൽ പെട്ടി തുറന്നിട്ട് എത്ര നാളുകളായിരിക്കുന്നു.

'ഒരു രണ്ട് ദിവസത്തേക്കെങ്കിലും ഈ കുന്ത്രാണ്ടം ഒഴിവാക്കിക്കൂടേ?' പുറകിൽനിന്ന് രേവതിയുടെ പരാതി കേട്ടു. 'ഈ അഡിക്ഷൻ എനിക്ക് തീരെ മനസ്സിലാവണില്ല.'

'അഡിക്ഷനല്ല രേവതീ, ഇത് ദിനചര്യയുടെ ഭാഗം മാത്രം. മെയിലുകൾ കാണാതെയുള്ള നാലഞ്ച് ദിവസത്തെ ഇടവേളകളെപ്പറ്റി ആലോചിക്കാനേ വയ്യ. പിന്നെ നിത്യവും പെട്ടി തുറക്കുമ്പോൾ രണ്ടു ജങ്ക് മെയിലുകളെങ്കിലും കണ്ടില്ലെങ്കിലുള്ള അസ്കിത പറയണ്ട!'

'ശരി മാഡം, ഞാൻ ഓഫീസിലേക്ക് പോവ്വാണ്. വിശേഷം വല്ലതുമുണ്ടെങ്കിൽ വിളിക്കാം. എന്തായാലും രണ്ടു ദിവസത്തേക്കെങ്കിലും വിശ്രമിക്കുകയാവും ഭേദം. വീട്ടിലിരുന്നാലും കമ്പനിയുടെ കൈകൾ നീണ്ടുവരുമെന്ന് അറിയാതെയല്ല.'

ഇ-മെയിൽ പെട്ടിയിൽ കത്തുകളുടെ ബഹളമാണ്. കുറെ ജങ്ക് മെയിലുകൾ. പിന്നെ ചില ചങ്ങാതിക്കൂട്ടങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറത്തിവിടുന്ന കുറെ കൗതുകവാർത്തകൾ.

കൂട്ടത്തിൽ ഒരു ഒറ്റപ്പെട്ട വിലാസം പെട്ടെന്ന് കണ്ണിൽ പെട്ടു— റോയ് ചൗധരി.

എത്രയോ നാളുകൾക്കു ശേഷം ഉള്ളൊന്ന് പിടഞ്ഞു.

തെല്ലൊരു ആവേശത്തോടെയാണ് ആ മെയിൽ തുറന്നത്. പതിവിലേറെ നീളമുള്ള കത്തിലൂടെ കണ്ണോടിച്ചപ്പോൾ പ്രിയംവദ വല്ലാതെ അന്ധാളിച്ചു പോയി. ഇതിലൂടെ തെളിഞ്ഞുവരുന്ന ചിത്രം വേറെ ആരുടെയോ. ആ വരികൾക്കിടയിൽ മനസ്സിലാക്കാനാവാത്ത തീവ്രതയും, ഇഴയടുപ്പവും.

വരുതിയിൽ നിൽക്കാത്ത ഒരു മനസ്സിലെ അനക്കങ്ങൾ. എടുത്തുപെരുമാറി പരിചയമില്ലാത്ത കുറെ വാക്കുകൾ.

റോയ്ചൗധരി കുറിച്ചിട്ടിരിക്കുന്നു.

ഇങ്ങനെയൊരു കുറിപ്പ് തയ്യാറാക്കാനിരിക്കുമ്പോൾ ഉള്ളിൽ പരിഭ്രമത്തെക്കാൾ കൂടുതൽ ഉറപ്പില്ലായ്മയാണ്. കുറെ നാളുകളായി ഉള്ളിലൂടെ കടന്നുപോയിക്കൊണ്ടിരുന്നതെല്ലാം ഓർത്തെടുത്ത് അടുക്കിപ്പെറുക്കി വയ്ക്കാൻ നോക്കുമ്പോൾ അതിശയത്തെക്കാളേറെ മനസ്സിലാകായ്കയും.

പൊതുവെ പഴയ ഓർമ്മകളിലേക്ക് തിരിഞ്ഞുനോക്കാൻ ഇഷ്ടപ്പെടാത്തയാളാണ് ഞാൻ. ഈ ദുരിതം നിറഞ്ഞ വർത്തമാനകാലംതന്നെ വേണ്ടതിലേറെ ഭാരം തരുമ്പോൾ, പഴയ ഓർമ്മകൾകൂടി ചുമക്കുകയെന്നുവെച്ചാൽ?

അതും എന്റെ ജീവിതം പോലെ താറുമാറായി കിടക്കുന്ന കുറെ ഓർമ്മകൾ. അത്ഭുതം തന്നെ, അതിന്റെ ഇടയ്ക്കെവിടെയോ പ്രിയംവദാ, ഒരു കാര്യവുമില്ലാതെ എപ്പോഴോ ഒക്കെ താൻ വന്നുകയറുന്നതുപോലെ.

പൂക്കളെ ഒരിക്കലും അറിയാൻ ശ്രമിച്ചിട്ടില്ലാത്ത, ഒരു പത്ത് പൂക്കളുടെ പേരുകൾപോലും തികച്ചു പറയാനാവാത്ത, തനി അരസികനായ എന്റെ ഉള്ളിലേക്ക് നന്നെ വൈകിയൊരു പൂക്കാലം വന്നെത്തുന്നതുപോലെ.

ഒരു തമാശ പറയാം, പ്രിയംവദാ, അന്നത്തെ കണ്ടുമുട്ടലിനുശേഷം ഞാനിപ്പോൾ പൂക്കളെ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. സ്നേഹിക്കാൻ തുടങ്ങിയിരിക്കുന്നു. എത്രയോ സംവത്സരങ്ങൾക്കുശേഷം വൈകിവന്നെത്തുന്ന ചില വേറിട്ട വസന്തങ്ങൾക്ക് ഉണക്കമരങ്ങളെകൂടി ഉണർത്താനാവുമെന്ന് ഇപ്പോൾ മനസ്സിലാകുന്നു.

അതിശയമാണ്, തന്റെ മുഖവും ശബ്ദവുമൊക്കെ ആദ്യമായിട്ട് തെളിഞ്ഞു കിട്ടുന്നത് ഈ കഴിഞ്ഞ നാലഞ്ചു ദിവസങ്ങളിൽ മാത്രം. അതും ഏതാണ്ട് മുഴുവനായിത്തന്നെ, ചില കൊച്ചുകൊച്ച് അടയാളങ്ങളോടെ. താടിയിലെ കുഴി, ഇടത്തെ ചെവിയുടെ താഴെയുള്ള ആ ചെറിയ മറുക്. സംസാരിക്കുമ്പോൾ ഇടയ്ക്കൊക്കെ തല വെട്ടിച്ചുള്ള ആ മാനറിസങ്ങൾ. ആ അർത്ഥംവച്ചു സാമാന്യം നല്ല മുഴക്കമുള്ള ചിരി. പ്രിയംവദ ആദ്യം ചിരിച്ചു കണ്ടപ്പോൾ എന്റെ കണ്ണിൽപെട്ടത് ആ വെടിപ്പുള്ള പല്ലുകളുടെ ഇടയിലുള്ള ചില ചെറിയ വിടവുകളാണ്. അത്തരം വിടവുകൾക്കും കാണും ഓരോ ലക്ഷണങ്ങൾ, അല്ലേ?

പിന്നെയും കുറെ വരികൾ. ആകെ പകച്ചിരിക്കുകയാണ് പ്രിയംവദ.

ഇത്രയും നാളുകൾക്കുശേഷം, ഇപ്പോൾ ഇങ്ങനെയൊരു കുറിമാനം. അന്ന് മടങ്ങിയെത്തിയശേഷം, ആദ്യത്തെ രണ്ടുമൂന്ന് രാത്രികളിൽ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ ചില വേണ്ടാത്ത ഇടയിളക്കങ്ങളെ പിടിയിലൊതുക്കാൻ നന്നെ പണിപ്പെടേണ്ടി വന്നിരുന്നു.

പക്ഷേ, കാത്തുകൊണ്ടിരുന്നത് തേയ്മാനംവന്ന ഇത്തരം സാധാരണ വാചകങ്ങൾക്കുവേണ്ടിയായിരുന്നില്ലല്ലോ, പ്രിയംവദ ഓർത്തു. കഴിഞ്ഞുപോയതൊന്നും ഓർമ്മിപ്പിക്കാൻ ശ്രമിക്കാതെ, മനസ്സിന്റെ അടിത്തട്ടിൽ നിന്നും തനിക്കു മാത്രമായി മൂന്നോ,നാലോ വരികൾ.

രണ്ടുപേർക്കു മാത്രം മനസ്സിലാകുന്ന ഒരു സ്വകാര്യഭാഷയിൽ വെറും മൂന്നാലു വരികൾ.

അങ്ങനെയൊന്നു വന്നിരുന്നെങ്കിൽ, മറുപടിയായി കുറിച്ചിടാനായി അന്ന് തനിക്കും കാണുമായിരുന്നല്ലോ ചിലതൊക്കെ. രണ്ടുപേർക്കു മാത്രം മനസ്സിലാകുന്ന കുറെ വാക്കുകൾ. വാക്കുകൾക്കിടയിലുള്ള വിടവുകൾ പൂരിപ്പിക്കാൻ നോക്കുമ്പോൾ അർത്ഥവും അർത്ഥമില്ലായ്മയും കൂടിക്കുഴഞ്ഞേക്കാം.

ഇപ്പോൾ മനസ്സൊന്ന് ഒതുങ്ങിക്കിട്ടുമ്പോൾ, പലതും പുതിയ വെളിച്ചത്തിൽ കാണാമെന്നായിരിക്കുന്നു.

ആ മഴയിൽ കുതിർന്ന നിമിഷങ്ങളിലേക്കു നടന്നുചെന്നതു മറ്റൊരാളുടെ പ്രേരണകൊണ്ടുമാത്രമായിരുന്നോ? ശപിക്കേണ്ടത് അവനവനെത്തന്നെയാണെന്ന് തോന്നിത്തുടങ്ങിയപ്പോഴാണ് പോയകാലത്തെ വീണ്ടും മാടിപ്പിടിക്കാൻ തുടങ്ങിയത്.

അതോടെ, നീതുവിനെക്കാൾ പ്രായക്കുറവുള്ള, ഒരു ടീനേജറുടെ ചാപല്യങ്ങളിലേക്ക് സ്വയം താണുപോകുകയാണല്ലോ എന്ന പേടിയായി. എല്ലാം തിടുക്കത്തിൽ അടച്ചുപൂട്ടി വയ്ക്കാനുള്ള വെപ്രാളമായി.

ശേഷിച്ച വരികളിലൂടെ കടന്നുപോകണമെന്നു തോന്നിയില്ല. പിടിയിലൊതുങ്ങാത്ത ഒരു മനസ്സിന്റെ ഇത്തരം അനക്കങ്ങൾ എനിക്കുവേണ്ടിയുള്ളതല്ലല്ലോ. ഒരു പത്തിരുപതു വർഷങ്ങൾക്കു മുമ്പായിരുന്നെങ്കിൽ ഓർത്തു രസിക്കാമായിരുന്ന ചില വാചകങ്ങൾ.

മനസ്സിന്റെ ഏതോ ഇരുണ്ട കോണിലിരുന്ന് ആരൊക്കെയോ ഉറക്കെ ചിരിക്കുന്നു. ആലീസ്, അല്ലെങ്കിൽ അവളുടെ കൂട്ടത്തിൽ വന്നുകയറാറുണ്ടായിരുന്ന പേര് മറന്നുപോയ ചില കൂട്ടുകാരികൾ.

കത്ത് മായ്ച്ചുകളയാനായി മൗസിലേക്ക് വിരലുകൾ നീണ്ടു. കർസറിന്റെ കുന്തമുന delete എന്ന അടയാളത്തിലെത്തിയപ്പോൾ ഒന്ന് വിറച്ചിട്ട് താനേ പിൻവാങ്ങി. എത്ര ശ്രമിച്ചിട്ടും ആ ചുണ്ടെലി അനങ്ങുന്നതേയില്ല. ചില്ലുതിരയുടെ ഒരൊഴിഞ്ഞ മൂലയിൽ അഭയം തേടി അതവിടെ ചുരുണ്ടുകൂടി ഇരിക്കുകയാണ്. ദുരൂഹമായ ഏതോ കുഴമഞ്ഞിൽ ഉറഞ്ഞുകൂടിയതുപോലെ ആ യന്ത്രമാകെ അനക്കമറ്റു നിൽക്കുന്നു.

എന്റെ കമ്പ്യൂട്ടർ ഹാങ് ചെയ്യുകയാണ്. പനി പിടിച്ചതുപോലെ തൂങ്ങി നിൽക്കുകയാണ്.

എത്ര പണിപ്പെട്ടാലും, ഈ കത്ത് മായ്ച്ചുകളയാൻ തന്നെക്കൊണ്ടാവില്ലെന്ന തോന്നൽ പ്രിയംവദയെ തെല്ലൊന്നു ഭയപ്പെടുത്തി. മായ്ച്ച് കളയാനാവാത്ത ഏതു കെട്ടുപാടുകളും പിന്നീടൊരു വലിയ ബാദ്ധ്യതയാവുമെന്നു പഠിപ്പിച്ചത് ഇതേവരെയുള്ള ജീവിതംതന്നെയാണ്.

ഉള്ളിലേക്കു മാത്രം തുറക്കുന്ന ജാലകങ്ങളെ എണ്ണാനാകുമോ? ഒന്നു വലിച്ചടച്ചു കഴിയുമ്പോഴേക്കും എവിടെയോ മറ്റൊന്നു താനേ തുറക്കുന്നു. ഇളംവെയിലിന്റെ സാന്ത്വനസ്പർശമായി കുറെ രശ്മികൾ എവിടന്നോ കയറി വരുന്നു.

എന്തായാലും, എനിക്കിനി ഇത്തരം കത്തുകൾ വേണ്ട, അനാവശ്യമായ കുറെ കെട്ടുപാടുകളും. അറിയാവുന്ന ജാലകങ്ങളെല്ലാം കൊട്ടിയടയ്ക്കാൻ എന്നേ ശീലിച്ചതാണ്.

അന്നവിടെനിന്നു മടങ്ങിയ ശേഷം ആദ്യം കിട്ടിയ രണ്ടോ മൂന്നോ മെയിലുകളിൽ വല്ലാത്തൊരു മുൻകരുതൽ കാണാമായിരുന്നു, മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത തരത്തിലുള്ള അരോചകമായ ഔപചാരികതയും. വാക്കുകൾ ഉപയോഗിക്കുമ്പോൾ ഡോക്ടർസാബ് നന്നെ ശ്രദ്ധിക്കുന്നതുപോലെ.

പ്രിയംവദ ഒരുനിമിഷം കണ്ണടച്ചിരുന്നു. ഇത് പ്രാർത്ഥിക്കാനുള്ള അവസരമല്ലെന്നു നന്നായറിയാമെങ്കിലും മനസ്സ് ഏതോ ചില അമർത്തിയിട്ട പ്രാർത്ഥനകളുടെ വെളിമ്പുറങ്ങളിലൂടെ അലഞ്ഞുനടക്കുകയാണ്.

അല്പം കഴിഞ്ഞ്, കണ്ണ് തുറക്കുമ്പോൾ കമ്പ്യൂട്ടറിന്റെ ചില്ലുതിരയിലെ വെളിച്ചം മാഞ്ഞുപോയിരിക്കുന്നു. വീണ്ടുമൊരു വിരലനക്കത്തോടെ ആ പഴയ കത്തിലേക്ക് തന്നെ തിരിച്ചുപോകാതിരിക്കാൻ കഴിഞ്ഞില്ല.

ആദ്യത്തെ ഭാഗം ഒരിക്കൽക്കൂടി വായിച്ചപ്പോൾ തന്റെ മനസ്സ് അറിയാതെ പിടിവിട്ടു വഴുതി പോകുന്നത് പ്രിയംവദയറിഞ്ഞു.

ഡോക്ടർസാബ് എഴുതിയിരിക്കുന്നു...

ഇപ്പോൾ എന്തേ ഇങ്ങനെയൊക്കെ എന്ന് അത്ഭുതപ്പെടുകയാവും പ്രിയംവദ. അതായത് ഈ ചിതലരിച്ചു തുടങ്ങിയ, പൂതൽ പിടിച്ച മനസ്സിലേക്ക് വീണ്ടുമൊരു പൂക്കാലം വന്നെത്തിയെന്നോ?

അങ്ങനെയൊന്നും ഭയപ്പെടേണ്ടാ കേട്ടോ. അങ്ങനെ കാടുകയറിപ്പോകുന്ന മനസ്സൊന്നുമല്ല എന്റേത്. എന്നാലും, എന്താണെന്നറിയില്ല, കഴിഞ്ഞ ചില ദിവസങ്ങളായിട്ട് അതെന്റെ പിടിയിലൊതുങ്ങുന്നില്ല. ആലോചിച്ചു നോക്കിയപ്പോൾ അങ്ങനെ പ്രത്യേകിച്ച് കാരണങ്ങളൊന്നും കിട്ടിയതുമില്ല. പതിവുള്ള വായന, ഒന്നുരണ്ട് ക്ലാസ്സുകൾ, ഉച്ചയുറക്കം, വൈകുന്നേരങ്ങളിലെ സുഹൃത്തുക്കളുമായുള്ള ഒത്തുകൂടൽ ഇത്രയൊക്കെയല്ലേ തൊഴിലില്ലാത്തെ ഒരു പാവം ബാച്ചിലർക്ക് പറഞ്ഞുവെച്ചിട്ടുള്ളൂ.

പതിവുചിട്ടകൾ അങ്ങനെ മുറപോലെ നടന്നുപോകുന്നുണ്ടെങ്കിലും, ഇടയ്ക്കൊക്കെ മനസ്സ് വല്ലാതെ പതറിപ്പോകുന്നതുപോലെ. വിസിറ്റിങ് ഫാക്കൽറ്റിയായി വല്ലപ്പോഴും ചെന്നുകയറാറുള്ള ആ പഴയ ക്ലാസ്മുറിയിൽ ചെന്ന് നിൽക്കുമ്പോഴൊക്കെ ആ മുതിർന്നവരുടെ കൂട്ടത്തിൽ ഏതോ പരിചിതമായ മുഖം അറിയാതെ തിരഞ്ഞുപോകുന്നു. പണ്ടു മുതലേ ക്ലാസ്സെടുക്കുമ്പോഴുള്ള എന്റെയൊരു ശീലം, എന്നെത്തന്നെ ശ്രദ്ധിച്ചിരിക്കുന്ന ഏതെങ്കിലുമൊരു മുഖത്തിൽത്തന്നെ കണ്ണും നട്ടുകൊണ്ട് അങ്ങനെ സംസാരിച്ചു പോകുക എന്നതായിരുന്നു. ഇപ്പോൾ അതും സാധിക്കാത്തതുപോലെ. അങ്ങനെ വേറിട്ടൊരു മുഖം കാണാനാകുന്നില്ല. കാണുന്ന മുഖങ്ങളിലാകട്ടെ മനസ്സ് ഉറയ്ക്കുന്നതുമില്ല.

ഇത്തരം ഏടാകൂടങ്ങൾക്കിടയിൽ എവിടെയാണ് ഒരു പ്രിയംവദാമേനോൻ വന്നുകയറുന്നതെന്നാവും ഇപ്പോൾ ആലോചിക്കുന്നത്, അല്ലേ?

സത്യത്തിൽ അതുതന്നെയാണ് ഞാനും തിരയുന്നത്. ചെറുപ്പമൊക്കെ എന്നേ കഴിഞ്ഞുപോയതുകൊണ്ട്, മനസ്സിന്റെ അത്തരം അനാവശ്യമായ ചാഞ്ചാട്ടങ്ങൾക്ക് ഇരുത്തം വന്ന വ്യാഖ്യാനങ്ങൾ കണ്ടെത്തിയേപറ്റൂ. അത്തരം ചിന്തകളെ ആവാഹിച്ചു, ശമിപ്പിച്ച്, കുടിയിരുത്താനായി ചില ശുദ്ധിയുള്ള സ്ഥാനങ്ങളും.

നേരിൽ കാണുന്നതിനു മുമ്പ്, മെയിലുകളിലൂടെ ബന്ധം പുലർത്തിയിരുന്ന കാലത്ത് പ്രിയംവദാമേനോനെന്ന തനി പ്രൊഫഷണലായ സ്ത്രീക്ക് എന്റെയുള്ളിൽ വളരെ കണിശമായൊരു സ്ഥാനമുണ്ടായിരുന്നു. പക്ഷേ, നേരിൽക്കണ്ടതോടെ എല്ലാം പാളിപ്പോയതുപോലെ.

സത്യത്തിൽ ആരാണീ പ്രിയംവദാമേനോൻ? അവിടെയാണ് ഞാൻ ശരിക്കും കുഴങ്ങിപ്പോകുന്നത്. എവിടെയാണ് ഞാൻ പ്രിയംവദാമേനോനൊരു ഇടം കണ്ടെത്തേണ്ടത്?

ആസ് എ ചാമിങ് ലേഡി? ആസ് എ തറോ പ്രൊഫഷണൽ? അതോ വെറും നല്ലൊരു ചങ്ങാതി? അവിടെ തീരുന്നുവോ വിശേഷണങ്ങളെല്ലാം?

വേറിട്ട വ്യക്തിത്വമുള്ള ഓരോ സ്ത്രീയേയും കണിശമായി അടയാളപ്പെടുത്തുക എളുപ്പമല്ലെന്ന് പതുക്കെ മനസ്സിലായിവരുന്നു. കാരണം അവർ ഒരുപാടു വ്യാഖ്യാനങ്ങൾക്ക് വഴങ്ങാൻ കെല്പുള്ളവർ. അല്ലെങ്കിൽ എല്ലാ വ്യാഖ്യാനങ്ങൾക്കുമപ്പുറത്തായി ഏതോ വിരാട്‌രൂപം.

നേരു പറഞ്ഞാൽ, സ്ത്രീകളെപ്പറ്റി അധികമൊന്നും അറിഞ്ഞുകൂടാത്തതുകൊണ്ടാവാം ഈ പ്രിയംവദയെന്ന സ്ത്രീയെ ഒരു പ്രത്യേക പീഠ

ത്തിലിരുത്തിയിട്ട് ഞാൻ ഒരുപാടു ചോദ്യങ്ങൾ സ്വയം എന്റെ നേർക്കുതന്നെ എറിയാൻ നോക്കുന്നത്. ഇത്തരത്തിൽ സ്വയം ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ കണ്ടെത്തുകയെന്നത് ഒരു പരമബോറായ ഏർപ്പാടാണെന്ന് അറിയാതെയല്ല. പക്ഷേ, ഇപ്പോൾ ഏതാണ്ട് അത്തരമൊരു അവസ്ഥയിലായിരിക്കുന്നു ഞാൻ.

വേണ്ടായിരുന്നുവെന്നുപോലും തോന്നാറുണ്ട്, ചിലപ്പോൾ.

ശരിയാണ്, വേണ്ടായിരുന്നു അല്ലേ? ഇതൊന്നും എന്നെപ്പോലെയുള്ളവർക്ക് പറഞ്ഞതല്ല.

പക്ഷേ, വേണ്ടായിരുന്നുവെന്ന തോന്നലിൽ ആശ്വാസത്തെക്കാൾ കൂടുതൽ വേദനയും, നിസ്സഹായതയുമൊക്കെ കലർന്നുപോകുന്നു.

ഒരുപാട് നീണ്ടുപോയി. പറയാൻ പാടില്ലാത്ത എന്തൊക്കെയോ പറഞ്ഞുപോയെന്ന തോന്നൽ എന്നെ ഇവിടെ പിന്തിരിപ്പിക്കുന്നു. അതിരു കടന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കുക. ഒറ്റ ക്ലിക്കിന് മായ്ച്ച് കളയാവുന്നതല്ലേ ഉള്ളൂ, ഇത്തരം മിനക്കെട്ട കത്തുകൾ. എന്തായാലും ഒരു മറുപടി ഞാൻ പ്രതീക്ഷിക്കാത്തതുകൊണ്ട് കുഴപ്പമില്ല.

അവിടെ പെട്ടെന്ന് നിറുത്തിയിരിക്കുകയാണ്.

ഇനിയും ഒരുപാട് പറയാനുണ്ടെന്ന് വ്യക്തം. ഇത്തരം കത്തുകൾ എഴുതി തീരെ ശീലമില്ലാത്തതുകൊണ്ടാവാം, അവിടവിടെയായി മനസ്സിന്റെ പിടിവിട്ടുള്ള ചാഞ്ചാട്ടങ്ങൾ കാണാനാകുന്നു. നന്നെ പരിചയക്കുറവുള്ള കൈകളിൽ ആർദ്രമായ വാക്കുകൾക്കുപോലും അർത്ഥം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

കമ്പ്യൂട്ടർ ഓഫ് ചെയ്ത് കട്ടിലിലേക്ക് മടങ്ങുമ്പോൾ പ്രിയംവദയുടെ കണ്ണുകൾ കടയുന്നുണ്ടായിരുന്നു. തലയ്ക്കകത്ത് ഇത്രയും ദിവസങ്ങളായി കയറിക്കൂടിയ ആന്റിബയോട്ടിക്കുകളുടെ അണുക്കൾ കോശങ്ങളെ തളർത്തുന്നു. വരിഞ്ഞുമുറുക്കുന്ന ഒട്ടേറെ കെട്ടുകൾ.

എന്തായാലും ഈ കത്തിന് മറുപടി അയയ്ക്കാൻ പോകുന്നില്ല. പ്രിയംവദ തീരുമാനിച്ചുറപ്പിച്ചു, ഇനിയൊരു കത്തിനും. അല്ലെങ്കിലും മറുപടി കാക്കുന്നില്ലെന്നാണല്ലോ സൂചിപ്പിച്ചതും.

ഇത്തരം വിചിത്രമായ സന്ദേശങ്ങൾ പേറി നടക്കുമ്പോൾ ആകാശത്തെ കൃത്രിമ ഉപഗ്രഹങ്ങളും കണ്ണിറുക്കുന്നുണ്ടാകും.

ആചാര്യന്മാർ പറഞ്ഞുവച്ചതുപോലെ സന്ദേശങ്ങളയയ്ക്കാൻ ഏറ്റവും യോജിച്ചതു മേഘങ്ങൾതന്നെ. അവയ്ക്ക് വായിക്കാനറിയാം, ഉൾക്കൊള്ളാനും. നീരാവിയിലെ ഈർപ്പം ഉൾക്കൊള്ളുന്ന ആർദ്രതയോടെ ആരുടെയോ ഒക്കെ ഉൾത്തുടിപ്പുകൾ സ്വന്തമാക്കാനും, അതേ തീവ്രതയോടെ കൈമാറാനും മേഘങ്ങൾക്കാകുന്നു.

ആ കഴിവൊരിക്കലും യന്ത്രങ്ങൾക്ക് കിട്ടുകയില്ലല്ലോ, യന്ത്രങ്ങളെ പോലത്തെ മനുഷ്യർക്കും.

താനേ ഒരു നെടുവീർപ്പുയരുന്നത് പ്രിയംവദ അറിഞ്ഞില്ല.

ഫാക്റ്ററിയിലെ കാര്യങ്ങൾ ഉദ്ദേശിച്ചതിനെക്കാൾ നന്നായി പോകുന്നുണ്ടെന്ന് മനസ്സിലായത് ഹാർവാർഡ് തന്നെ നേരിട്ട് ഫോണിൽ വിളിച്ച് അഭിനന്ദിച്ചപ്പോഴാണ്. പൊതുവെ നല്ല വാക്കുകൾ പറയുന്ന കാര്യത്തിൽ പിശുക്ക് കാട്ടാറുള്ള ഹാർവാർഡ് അന്ന് അല്പം ആവേശത്തിലായിരുന്നെന്നു തോന്നി.

'യു ഹാവ് ഡണ്ണിറ്റ് മിസ്സിസ് മേനോൻ,' ഹാർവാർഡ് പറഞ്ഞു: 'ജീവനക്കാരുടെ മനോഭാവത്തിൽ കാര്യമായ മാറ്റങ്ങൾ വന്നതുപോലെ. എനിക്ക് കിട്ടുന്ന റിപ്പോർട്ടുകൾ അനുസരിച്ച് പുതിയ ടെക്നോളജിയെ അംഗീകരിക്കാൻ അവർ മടികാട്ടുന്നില്ലെന്ന് മാത്രമല്ല, അതിനോട് സഹകരിക്കാൻ അല്പം ഉത്സാഹവും കാട്ടുന്നു. പിന്നെ പതിവുപോലെ അവിടവിടെയായുള്ള ചില കുശുകുശുപ്പുകൾ...'

'അതൊക്കെ സ്വാഭാവികമല്ലേ, സാർ! ഇത്രയേറെ പണം ചെലവാക്കി നടത്തുന്ന വലിയ പദ്ധതിയാവുമ്പോൾ എന്തെങ്കിലുമൊക്കെ പറഞ്ഞുനടന്നില്ലെങ്കിൽ ഒരു സ്വസ്ഥതയും കിട്ടില്ലല്ലോ പലർക്കും. പിന്നെ വസ്തുതകൾ ഇടനിലക്കാരുടെ ഇടപെടലില്ലാതെ സുതാര്യമായി തൊഴിലാളികളിലേക്കെത്തിക്കാൻ കഴിഞ്ഞാൽ നമ്മൾ പാതിയും ജയിച്ചു. പക്ഷേ, അങ്ങനെ മാനേജ്മെന്റ് തൊഴിലാളികളോട് നേരിട്ട് ഇടപെടാൻ യൂണിയനുകൾ ഒരിക്കലും സമ്മതിച്ചു തരാറില്ല. നടുവിലൊരു ഇരുമ്പുമറയായിനിന്ന് കേട്ട പാതിയും കേൾക്കാത്ത പാതിയും കൂട്ടിക്കുഴച്ച്, ഒരുപാടു തെറ്റിദ്ധാരണകളും കലർത്തി, താഴോട്ട് കൊടുത്താലേ അവർക്ക് നിൽക്കാനാകൂ.'

'ആ ഇരുമ്പുമറയെങ്ങനെ തകർത്തു നിങ്ങൾ?'

'തകർത്തെന്ന് അവകാശപ്പെടുന്നില്ല, സർ. അതവിടെത്തന്നെയുണ്ട് പൂർവ്വാധികം ശക്തിയോടെ,' പ്രിയംവദ പതിയെ ചിരിച്ചു: 'അതിനെ ഒരു വശത്തേക്ക് ലേശം ചരിച്ചുവച്ച് നൂണ്ടുകയറാനായി നമ്മുടെ ഒരാൾക്ക്. ഇത് അവളുടെ മാത്രം വിജയം.'

'ആരാണത്?'

'രേവതി. ഒരു പുതിയ റിക്രൂട്ട്. ഒരു പഴയ പത്രപ്രവർത്തക. തരക്കേടില്ലാത്തൊരു പഴയ ആക്റ്റിവിസ്റ്റ്.'

'ഒരു ഫൂലൻദേവിയെപ്പറ്റി ആരോ പറയുന്നതു കേട്ടു.'

'ആ, അതുതന്നെ പാർട്ടി. പക്ഷേ, അങ്ങനെയൊരു പേര് വീണിട്ടുണ്ടെന്ന് അവൾക്കുപോലും ശരിക്കറിഞ്ഞുകൂടെന്നു തോന്നുന്നു. തലയിലൊരു ചുവന്ന ഉറുമാലും കെട്ടി ഷർട്ടും ജീൻസുമായി അങ്ങനെ ഒരാണിനെപ്പോലെ ചുറ്റി നടക്കുന്നതുകൊണ്ടാകാം ആ പേര് വീണത്. സത്യത്തിൽ ഇതായിരുന്നില്ല അവളുടെ മുമ്പത്തെ വേഷം. എന്തായാലും ഇത് ഒരർത്ഥത്തിൽ ഞങ്ങളുടെ പരിശീലനപരിപാടികളുടെകൂടി വിജയമാണ്, സർ... എ.സി. മുറികളിൽ വെച്ച് ചട്ടവട്ടങ്ങളനുസരിച്ചു ലാപ്ടോപ്പും പ്രൊജക്റ്ററുമായി നടത്താറുണ്ടായിരുന്ന ക്ലാസ്സുകൾ മരത്തണലിലും, പുഴവക്കത്തുമുള്ള കൂട്ടായ്മകളായി മാറിയപ്പോൾ ചെറുകൂട്ടങ്ങളുമായി എളുപ്പത്തിൽ സംവദിക്കാമെന്നായി. ഔപചാരികതയുടെ മറകൾ മാറിക്കിട്ടിയപ്പോൾ തൊഴിലാളികളുമായുള്ള അകലവും കുറഞ്ഞു. ആർക്കും എളുപ്പത്തിൽ മനസ്സിലാകുന്നവിധത്തിൽ ഗുളിക

പ്പുരുവത്തിൽ പുതിയ സാങ്കേതികവിദ്യയെപ്പറ്റിയുള്ള സെഷനുകൾ രസകരമായി നടത്തിയപ്പോൾ അവരുടെ ഒരുപാട് ആശങ്കകൾ നീങ്ങിക്കിട്ടി. പിന്നെ ഒരിക്കലും അവസാനിക്കാത്ത ചോദ്യോത്തരങ്ങളായി. തണൽക്കൂട്ടങ്ങൾ എന്നാണ് ഈ കൂട്ടായ്മകളെ രേവതി പേരിട്ട് വിളിക്കുന്നത്.'

'അങ്ങനെ മുഴുവനും അവർക്ക് പറഞ്ഞു കൊടുക്കുന്നതു ബുദ്ധിയാണോ മിസ്സിസ് മേനോൻ...?'

'ഇങ്ങനെയൊരു കാര്യമാവുമ്പോൾ വേണ്ടത്ര പറഞ്ഞുകൊടുക്കാതിരിക്കുന്നതാവും ഏറ്റവും വലിയ അബദ്ധം, സർ. കമ്മ്യൂണിക്കേഷനിലുള്ള പോരായ്മകൾതന്നെയാണ് മിക്ക തൊഴിൽക്കുഴപ്പങ്ങളുടേയും പുറകിൽ. ഒരുപാട് വിടവുകളിട്ട് സംസാരിക്കുന്ന മാനേജ്മെന്റ് അറിയാതെതന്നെ സ്വയമൊരു കെണിയൊരുക്കുകയാവും ചെയ്യുക. കാരണം, ആ വിടവുകൾ തങ്ങൾക്കിണങ്ങുന്ന രീതിയിൽ പൂരിപ്പിക്കാൻ പോകുന്നത് അതിസമർത്ഥരായ ചില യൂണിയൻ നേതാക്കന്മാരും, അവരെ പുറകിൽനിന്നു നിയന്ത്രിക്കുന്ന രാഷ്ട്രീയക്കാരും മറ്റു തത്പരകക്ഷികളുമായിരിക്കും. സാറിനറിയാമല്ലോ, നമ്മളീ പുതിയ സാങ്കേതികവിദ്യയിലേക്ക് മാറിയതുകൊണ്ട് ഓർഡറുകൾ നഷ്ടപ്പെട്ട കുറെയേറെ കമ്പനികൾ പുറത്തു നില്പുണ്ട്. അവരൊക്കെ ഇതിനകം ഒത്തുകൂടിക്കാണണം. ഈ പ്രോജക്റ്റ് പൊളിക്കേണ്ടത് അവരുടെ ആവശ്യമാണ്. യൂണിയനുകളിലെ ചില ബലംകുറഞ്ഞ കണ്ണികളുമായി ബന്ധം സ്ഥാപിക്കാൻ അവർക്ക് അധികം സമയം വേണ്ട. ഈ കുറുമുന്നണിയായിരിക്കും ഇനി നമുക്കെതിരെയുള്ള പല വലിയ നീക്കങ്ങളുടേയും പുറകിൽ.'

അതൊക്കെ തനിക്ക് നന്നായറിയാമെന്ന മട്ടിൽ ഹാർവാർഡ് അമർത്തിച്ചിരിച്ചു. എന്നാലും അത്തരം കമ്പനികളുടെ ആളുകൾ തങ്ങളുടെ നേതാക്കന്മാരുമായി ബന്ധം പുലർത്തിയേക്കുമെന്ന കാര്യത്തിൽ അദ്ദേഹത്തിന് അല്പം സംശയമുള്ളതുപോലെ തോന്നി.

'സംശയം വേണ്ടാ സർ,' പ്രിയംവദ തറപ്പിച്ചു പറഞ്ഞു: 'മുകളിലുള്ളവരായേക്കില്ല. പക്ഷേ, താഴേക്കിടയിലെ ചില കണ്ണികളും പ്രധാനമാണ്. തെറ്റായ വാർത്തകൾ ഇനി ഒഴുക്കാൻ പോകുന്നത് അവരിലൂടെയായിരിക്കും.'

'നേതാക്കന്മാരുടെ ഇതേവരെയുള്ള നിലപാട്...?'

'അതാണ് സർ, ഞാൻ നേരത്തേ പറഞ്ഞത്. ഇത്തരം കൂട്ടായ്മകളിലൂടെ തൊഴിലാളികളുമായി നേരിട്ട് ബന്ധം പുലർത്താനുള്ള മാനേജ്മെന്റിന്റെ നീക്കങ്ങളെപ്പറ്റി അവരിനിയും വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. അതിൽ അവരെക്കാൾ കൂടുതൽ അസ്വസ്ഥരാകുക, അവരുടെ പുറകിൽനിന്ന് ചരട് വലിക്കുന്ന അവരുടെ രാഷ്ട്രീയബോസ്സുകളായിരിക്കും. എന്തായാലും തണൽക്കൂട്ടങ്ങളിലൂടെ നമ്മുടെ രേവതി വളർത്തിയെടുത്ത ആ വലിയ വിശ്വാസ്യതയെ തകിടം മറിക്കുക അത്ര എളുപ്പമാവില്ലവർക്ക്.'

'ആട്ടെ, എവിടം വരെയായി നിങ്ങളുടെ പ്രോഗ്രാമുകൾ?'

'തുടരുകയാണ്. നമ്മുടെ ഫാക്കൽറ്റിക്കു പുറമെ പുറത്തുനിന്നുള്ള ചില വിദഗ്ദ്ധരും പങ്കെടുക്കുന്നുണ്ട്. ഓരോ തൊഴിലാളിയുടേയും കഴിവും, ദൗർബ്ബല്യങ്ങളും, അഭിരുചികളും കണ്ടുപിടിക്കാനും, അവ അയാളെക്കൊണ്ടുതന്നെ അടയാളപ്പെടുത്തിയിട്ട്, സമർത്ഥമായ കൗൺസലിങ്ങിലൂടെ അയാ

ളുടെ മൊത്തം പ്രകടനമാകെ മെച്ചപ്പെടുത്താനുമുള്ള പല ഉപായങ്ങളും അവർ പ്രയോഗിക്കുന്നുണ്ട്. തൊഴിലാളികൾ അറിയാതെതന്നെ അവരിൽ ഓരോരുത്തരുടേയും ഡോസിയറുകൾ നമ്മുടെ കമ്പ്യൂട്ടറുകളിലായിക്കഴിഞ്ഞു. അതായത് അവരുടെ കൊച്ചു കൊച്ചു കുടുംബപ്രശ്നങ്ങളും, സ്വകാര്യദുഃഖങ്ങളും, ഭയാശങ്കകളും, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളും, ചില ചെറിയ കുമ്പസാരങ്ങളും, ഏറ്റുപറച്ചിലുകളും വരെ.'

'നന്നായി...'

'പക്ഷേ, ഒരു കാര്യത്തിൽ മാത്രം എനിക്കു വലിയ നിർബന്ധമുണ്ട്,' പ്രിയംവദ ഉറച്ച സ്വരത്തിൽ പറഞ്ഞു: 'ഈ വിവരങ്ങളൊക്കെ ഞങ്ങളുടെ എച്ച്.ആർ. പഠനത്തിന്റെ ഭാഗം മാത്രമാണ്. ചെറുതായാലും വലുതായാലും, അവയൊന്നും അവർക്കെതിരെ ഉപയോഗിക്കാൻ പാടില്ല. നമ്മളെ വിശ്വസിച്ചു പറഞ്ഞ, അല്ലെങ്കിൽ നമ്മള് സമർത്ഥമായി തോണ്ടിയെടുത്ത വിവരങ്ങൾ അവരുടെ വ്യക്തിത്വത്തെയും പ്രവർത്തനത്തെയും മെച്ചപ്പെടുത്താനായി മാത്രമേ ഉപയോഗിക്കാവൂ.'

'ഉം,' ഹാർവാർഡ് ഒന്നമർത്തി മൂളിയപ്പോൾ അതിൽ ചെറിയൊരു അപകടസൂചന കാണാതിരിക്കാൻ കഴിഞ്ഞില്ല പ്രിയംവദയ്ക്ക്: 'എന്തായാലും ഇത് തൊഴിലാളികളിൽ മാത്രം ഒതുക്കിനിർത്തണ്ട, മിസ്സിസ് മേനോൻ. അത് മുകൾത്തട്ടിലെ ഉദ്യോഗസ്ഥന്മാരിലേക്കും കൊണ്ടുചെല്ലേണ്ടിയിരിക്കുന്നു. അവിടെയുമുണ്ട് ധാരാളം തേഞ്ഞ കണ്ണികൾ.'

'തീർച്ചയായും സർ. അടുത്ത നീക്കം അങ്ങോട്ടുതന്നെ.'

'അവർക്ക് കുറേക്കൂടി മെച്ചപ്പെട്ട പരിശീലനം വേണ്ടിവന്നേക്കും. പുറമെനിന്ന് ഏതെങ്കിലും വിദഗ്ദ്ധരെ കൊണ്ടുവരണമെങ്കിൽ അങ്ങനെയും ആലോചിച്ചോളൂ. പണച്ചെലവ് കാര്യമാക്കണ്ട. പക്ഷേ, സ്വാഭാവികമായും നമ്മള് ചെലവാക്കുന്ന പണത്തിന് റിട്ടേൺ കിട്ടണമെന്നുമാത്രം.'

'തീർച്ചയായും സർ. ഇതൊക്കെ ഒഴിവാക്കാൻ പറ്റാത്ത ചില എച്ച്.ആർ. ഇൻവെസ്റ്റ്മെന്റുകളല്ലേ?'

എന്തായാലും, ഫലത്തിൽ ഈ കമ്പനിയുടെ ഭൂതാത്മാവും, പരമാത്മാവുമായ ഹാർവാർഡ് ഇപ്പോൾ ശരിക്കുമൊരു പ്രൊഫഷണലായിരിക്കുന്നു. അക്കാര്യത്തിൽ പ്രിയംവദയ്ക്ക് വലിയ ആശ്വാസം തോന്നി. സബർവാളുമാരുടെ അടുത്ത തലമുറയെപ്പറ്റി ആശങ്കകൾ വേണ്ടെന്ന് തോന്നിപ്പോകുന്നു. ചെവിതിന്നുന്ന കൂട്ടങ്ങൾ എപ്പോഴും ചുറ്റിപ്പറ്റിയുണ്ടാകുമെങ്കിലും, കാര്യങ്ങൾ ചേറ്റിപ്പെറുക്കി വേണ്ടവിധത്തിൽ മനസ്സിലാക്കാനുള്ള കഴിവ് ഈ ചെറുപ്പക്കാർക്കുണ്ടെങ്കിൽ മതിയായിരുന്നു.

ക്ലാസ്സുകളെടുക്കാൻ പുറത്തുനിന്ന് വിദഗ്ദ്ധരെ കൊണ്ടുവരുന്ന കാര്യം ആലോചിക്കാവുന്നതാണ്. കിണറ്റിലെ തവളകളെക്കാൾ മോശക്കാരായ നമ്മുടെ ചില എക്സിക്യൂട്ടീവുകൾക്ക് അത്തരം വലിയ ആളുകളുമായുള്ള ഇടപെടൽ ഒരുപാടു ഗുണം ചെയ്തേക്കും. ഒന്നുമില്ലെങ്കിലും ലോകം കണ്ടിട്ടുള്ള, വ്യത്യസ്തമായി ചിന്തിക്കാനും, സംസാരിക്കാനും കെല്പുള്ള, നാലാളുകളെ കാണാനും പരിചയപ്പെടാനും അവർക്ക് കഴിയുമല്ലോ.

അങ്ങനെയൊക്കെ ചിന്തിച്ചു പോയപ്പോൾ ചില അറിയപ്പെടുന്ന പേരുകൾ ഓർമ്മവന്നു. ചില പഴയ ഗുരുനാഥന്മാർ, സിനിയറായി പഠിച്ച് വലിയ

കമ്പനികളിൽ ഉയർന്ന പദവികളിൽ ഇരിക്കുന്നവർ. പലരും തങ്ങളുടെ രംഗങ്ങളിലെ പ്രഗല്ഭർ.

പെട്ടെന്ന് ഒരു പേര് താനേ മനസ്സിലേക്കു വന്നെത്തി—

ഡോക്ടർ റോയ്ചൗധരി.

പ്രിയംവദ ഉടനെ അവിടെ നിറുത്തി. വഴിതെറ്റിപ്പോകുന്ന മനസ്സിനെ തടയിടാൻ നോക്കി.

നെവർ. നെവർ എഗൈൻ.

ഇല്ല, ഒരിക്കലുമില്ല. ആ മനുഷ്യനെ ഇനി നേരിൽ കാണുന്ന പ്രശ്നമേയില്ല. അന്ന് വെളിവ് കെട്ടപ്പോൾ നിതു അലറിവിളിച്ചു പറഞ്ഞ ചില വിശേഷണങ്ങൾ ഓർമ്മവന്നു. അന്നവൾ ഏറെ അതിര് കടന്നുപോയെങ്കിലും പിന്നീട് ഓർത്തുനോക്കിയപ്പോൾ അതൊക്കെ ഒരു മകളുടെ അവകാശമാണെന്ന് തോന്നി, ആ വിശേഷണങ്ങളിൽ ചിലതെങ്കിലും അദ്ദേഹത്തിന് നന്നായി ചേരുന്നുണ്ടെന്നും.

അന്നത്തെ ആ നീണ്ട ഇ-മെയിലിന് മറുപടി അയച്ചില്ലെങ്കിലും പിന്നേയും വന്നിരുന്നു തുടർച്ചയായി രണ്ടുമൂന്നു കത്തുകൾ. പഴയ കത്തിനെപ്പറ്റി അദ്ദേഹം ഏതാണ്ടു മറന്നുകഴിഞ്ഞതുപോലെ.

വീണ്ടും അതേ പഴയ ഗുമുസ്ഥാനത്തേക്ക് മടങ്ങിപ്പോയി അറിവിന്റെ ചെറിയ തുണ്ടുകളുമായി ചില കൊച്ചുകൊച്ചു മെയിലുകൾ. ചില വിദേശ യൂണിവേഴ്സിറ്റികളിലെ ഗവേഷണസുഹൃത്തുക്കൾ അയച്ചുകൊടുത്ത സ്കാൻ ചെയ്ത കട്ടിങ്ങുകൾ. നേരിട്ട് സമ്പർക്കം പുലർത്താവുന്ന ചില പുതിയ വിലാസങ്ങൾ.

ഇടയ്ക്ക് രണ്ടുമൂന്നു വാചകങ്ങൾ മാത്രം അവനവനെപ്പറ്റി.

എന്റെയീ നരവിണ ഉപ്പും കുരുമുളകുമായ താടി ലേശം ബോറാണെന്ന് മനസ്സിലായത് ഒരുപാട് കാലം കൂടിയിട്ട് ഈയിടെ കണ്ണാടിയിലൊന്ന് ശരിക്ക് നോക്കിയപ്പോഴാണ്. സത്യത്തിൽ എനിക്ക് അതൊട്ടും ചേരുന്നില്ലെന്ന് ഒരു മഹാത്ഭുതംപോലെ ഞാൻ മനസ്സിലാക്കി. അതുകൊണ്ട് വശങ്ങളൊന്നു വടിച്ച് അവനെയൊരു ഫ്രഞ്ച്താടിയായി ഒതുക്കി. ഒരു ഫുൾതാടിയുടെ മുമ്പിൽ ഫ്രഞ്ചുകാരന് ശകലം അപകർഷതാബോധം തോന്നുന്നത് സ്വാഭാവികമാണെങ്കിലും സംഗതി വലിയ കുഴപ്പമില്ലെന്നു തോന്നുന്നു. ഫ്രഞ്ച് താടിയും പൈപ്പുമൊക്കെ ആകുമ്പോൾ ഞാനൊരു ബുദ്ധിജീവിപോലുമാകുന്നുവെന്ന് ചില ചങ്ങാതികൾ കുശുമ്പു പറയുന്നു.

ആട്ടെ, എന്ത് പറയുന്നു നമ്മുടെ പ്രിയംവദാമാഡം?

ആ നേരിട്ടുള്ള ചോദ്യം തന്നെ വല്ലാതെ വെറുപ്പിക്കുകയാണല്ലോ എന്നോർക്കുകയായിരുന്നു പ്രിയംവദ. മുമ്പൊക്കെ ഡോക്ടർസാബിന്റെ മെയിലുകളിലെ ഓരോ വാചകവും നുണഞ്ഞ് ആസ്വദിക്കാറുണ്ടായിരുന്നു. അവയ്ക്കിടയിൽ മറഞ്ഞുകിടക്കുന്ന അർത്ഥങ്ങളും സൂചനകളും തേടിപ്പോകാൻ വലിയ താത്പര്യമായിരുന്നു. ഒരുപക്ഷേ, അദ്ദേഹത്തിന് ഊഹിക്കാൻപോലുമാകാത്ത ചില സൂചനകൾകൂടി.

ഇപ്പോൾ പ്രിയംവദ എന്തു പറയുന്നുവെന്നാണ് അറിയേണ്ടത്.

അങ്ങേരുടെ താടി വലുതാകുന്നതിലും ചെറുതാകുന്നതിലും പ്രിയംവദയ്ക്കെന്തു കാര്യം?

എന്തായാലും ഇനി കുറെക്കാലത്തേക്ക് മറുപടി അയയ്ക്കില്ലെന്ന് തീരുമാനിച്ചുറപ്പിച്ചതാണ്. താനേ മുറിഞ്ഞുപോകുന്നെങ്കിൽ പോകട്ടെ. അനാവശ്യമായ കത്തിടപാടുകൾ ഒഴിവാക്കാതെ വയ്യ.

ഉള്ളിലെ ചിരി ഇപ്പോൾ ലേശമൊന്നു കുറഞ്ഞിട്ടുള്ളതുപോലെ. ആലീസിന്റെയും, പേരറിയാത്ത ചില കൂട്ടുകാരികളുടെയും ചിരി.

ഗോവയിൽനിന്ന് കിട്ടിയ രണ്ട് ചെറുപ്പക്കാരായ എസ്.എം.എസ്. സുഹൃത്തുക്കളെ ഒതുക്കാൻ അന്ന് നന്നെ പാടുപെടേണ്ടി വന്നത് ഓർമ്മവന്നു. അവിടെവച്ച് വിസിറ്റിങ് കാർഡുകൾ കൈമാറിയപ്പോൾ അതിലെ മൊബൈൽ നമ്പറുകൾക്ക് ഇത്രയേറെ അപകടസാദ്ധ്യതയുണ്ടെന്ന് കരുതിയിരുന്നില്ല.

തിരിച്ചുവരുമ്പോൾ വണ്ടിയിൽ വച്ചുതന്നെ കിട്ടി അതിൽ ഒരാളുടെ എസ്.എം.എസ്. കുറിപ്പ്. മറ്റേ ചങ്ങാതിയുടേത് വീട്ടിലെത്തിയ ശേഷവും.

എന്തോ ഈ എസ്.എം.എസുകൾ കാണുമ്പോഴേ കലി വരും, പ്രിയംവദയ്ക്ക്. നീണ്ട കുറിമാനങ്ങളാകുമ്പോൾ പ്രത്യേകിച്ചും. വിരലുകളുടെ അറ്റം തേയുന്ന ഈ ഏർപ്പാട് ചെറുപ്പക്കാർക്ക് കൊച്ചുവർത്തമാനങ്ങൾ കൈമാറാൻ മാത്രമേ യോജിക്കൂ. വലിയ മിനക്കേടാണ് ഒരുവരി അടിച്ച് തീർക്കാൻ കൂടി. ചെറുപ്പക്കാരുടെ വിരലുകൾ സെൽഫോണിന്റെ കട്ടകളിലൂടെ അതിവേഗം ഓടിനടക്കുന്നത് കാണുമ്പോൾ അത്ഭുതം തോന്നും.

മാധ്യമത്തിനോടുള്ള കടുത്ത ആരാധനതന്നെയായിരുന്നു ആ രണ്ട് എസ്.എം.എസ്. കത്തുകളിലും.

ഇത്രയും ആകർഷകമായ വ്യക്തിത്വമുള്ള ഒരു പ്രൊഫഷണൽ തങ്ങളുടെ ലൈനിലുണ്ടെന്നത് വലിയ അഭിമാനമാണത്രെ. അങ്ങനെ നീണ്ടുപോകുന്നു, തമിഴൻപയ്യന്റെ സാഹിത്യം. പിന്നീട് വന്ന സന്ദേശങ്ങളിലാകട്ടെ, ലേശം കവിതയുടെ അസ്കിത കാണായി. അതും തിരുക്കുറളിൽനിന്നും, ഭാരതീയാറിൽനിന്നുമൊക്കെ കടമെടുത്ത്, വികൃതമായ വ്യാഖ്യാനങ്ങളുമായി കുറെ വരികൾ.

ആ പയ്യന്റെ മുഖം ഓർമ്മയിൽ തീരെ കിട്ടുന്നില്ലല്ലോ. അന്ന് തന്റെ സുഖസൗകര്യങ്ങൾ അന്വേഷിച്ചുകൊണ്ട്, അതിനുവേണ്ടി ഏർപ്പാടാക്കിയിരുന്ന പെൺകുട്ടികളെ തന്ത്രപൂർവം ഒഴിവാക്കി തന്നെ ചുറ്റിപ്പറ്റി നിന്നിരുന്ന മൂന്നുനാലു ചെറുപ്പക്കാരിലൊരാളായിരിക്കണം.

രണ്ടാമത്തെ എസ്.എം.എസ്സിന്റെ സമീപനം തികച്ചും പ്രൊഫഷണലായിരുന്നു. തന്റെ ഗവേഷണവിഷയത്തോട് ബന്ധപ്പെട്ട ചില ഉത്തുംഗമായ കണ്ടെത്തലുകൾ എസ്.എം.എസ്സിലേക്ക് പകർത്തുമ്പോൾ പാവത്തിന്റെ വിരൽത്തുമ്പുകളിൽനിന്ന് ചോര പൊടിഞ്ഞുകാണണം. അത്രയും നീണ്ടൊരു കത്ത്. എന്തായാലും ഇ-മെയിൽ വിലാസം കൊടുക്കാഞ്ഞത് നന്നായി.

സാമാന്യമര്യാദയുടെ പേരിൽ ആദ്യമായൊരു മറുപടി കൊടുത്തതോടെ തുരുതുരാ മെയിലുകളായി. സെൽഫോൺ തുറക്കുമ്പോഴൊക്കെ മെയിൽ ബോക്സിൽ കത്തുകളുടെ കൂമ്പാരം കാണായി. തുറക്കാതെതന്നെ മെയിലുകൾ മായ്ച്ച് കളയുകയെന്നത് ഒരു ശീലമായി.

ആ ആരാധകരുടെ രോഗം പെട്ടെന്നുതന്നെ തിരിച്ചറിഞ്ഞതുകൊണ്ട് തുടക്കത്തിൽതന്നെ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യാനായി.

ഒരേ മറുപടിയാണ് രണ്ടുപേർക്കും അയച്ചത്.

'ഈ എസ്.എം.എസ്. വിദ്യ കണ്ടുപിടിച്ചയാൾ ഒരു പെരുമാറ്റച്ചട്ടംകൂടി എഴുതിച്ചേർത്തിരുന്നു, കുട്ടികളേ, അതായത് ഇത്തരം സന്ദേശങ്ങൾ കൈമാറേണ്ടത് തരക്കാർക്കിടയിൽ മാത്രമേ പാടുള്ളൂവെന്ന്. പിന്നെ വേറൊന്നുകൂടി. നീണ്ട സന്ദേശങ്ങൾക്കായി വിരൽത്തുമ്പിൽനിന്ന് ചോര വീഴ്ത്തുന്നവരെ രക്തസാക്ഷികളായി ആരും വാഴ്ത്താറില്ലല്ലോ. അതുകൊണ്ട് ചെറുപ്പത്തിന്റെ വീര്യമുള്ള ഓരോ തുള്ളി ചോരയും കരുതിവയ്ക്കുക. ഭാവിയിൽ ആവശ്യം വരും.'

അതോടെ നിന്നു രണ്ടുപേരുടെയും പരാക്രമങ്ങൾ.

ആ വിശേഷങ്ങൾ രേവതിയോടു പറഞ്ഞത് ഒടുവിലാണ്. അപ്പോഴേക്കും പാതി കത്തുകളും ഫോണിന്റെ ഓർമ്മയിൽനിന്ന് മായ്ച്ചു കഴിഞ്ഞിരുന്നു.

'കഷ്ടമായല്ലോ മാഡം, എനിക്കൊന്നു വായിച്ച് രസിക്കാൻ പറ്റിയില്ലല്ലോ.'

ശേഷിച്ചവ വായിച്ച് രേവതി തലയിൽ കൈവച്ച് ചിരിച്ചു.

'ഞാൻ എന്തൊരു ഇഡിയറ്റാണ് മാഡം? ഇത്തരം പയ്യന്മാരുടെ ഉള്ളിലെ പൂത്തുലഞ്ഞ് നിൽക്കുന്ന ലോകം കാണാനുള്ള കണ്ണില്ലാതെ, നല്ല ചെറുപ്പം മുഴുവനും ഈ കമ്പനിത്തൊഴിലാളികളുടെ ഇടയിൽ ആ ഫൂലൻ എറിഞ്ഞു കളഞ്ഞ വേഷത്തിൽ എരിച്ചുകളയാനാവും എന്റെ വിധി.'

അത് എത്രയോ ശരിയാണെന്ന മട്ടിൽ പ്രിയംവദ തലയാട്ടി.

'രേവതി പറഞ്ഞതു ശരിയാണ്. നിന്റെയീ ചെറുപ്പം എരിച്ചുകളയാനുള്ളതല്ല.'

'വീണ്ടും പൊടിപ്പുകളുണർത്താൻ ഈ പാവം രേവതി എന്തു ചെയ്യണം, മാഡം?' രേവതിയുടെ മുഖത്ത് തികഞ്ഞ നിഷ്കളങ്കതയാണ്.

'വേണെങ്കിൽ ഇതേ താരകിശോരന്മാരുടെ മൊബൈൽ നമ്പറുകൾ തരാം. ആദ്യം എസ്.എം.എസ്സിൽ നിന്ന് തുടങ്ങി പതുക്കെപ്പതുക്കെ ഇ-മെയിലുകളിലൂടെ, ചാറ്റിങ്ങിലൂടെ, ഫോൺവിളികളിലൂടെ. അങ്ങനെ പടിപടിയായി മുന്നേറാം. അങ്ങനെയൊക്കെയാണല്ലോ ഈ സൈബർയുഗത്തിലെ ചട്ടവട്ടങ്ങൾ.'

'ഹൗ ഗ്രെയിറ്റ് മാഡം. അങ്ങനെ എനിക്കെന്റെ വിലപ്പെട്ട ചെറുപ്പം വീണ്ടെടുക്കാൻ കഴിയുമല്ലേ?'

'അല്ലെങ്കിലും നിനക്ക് ചെറുപ്പമല്ലെന്ന് ആര് പറഞ്ഞു? അതും നല്ല ചന്തമുള്ളൊരു ചെറുപ്പക്കാരി.'

'ഈ കുരങ്ങന്മാരുടെ കൂട്ടത്തിൽ ആൺവേഷവുമിട്ട് അങ്ങനെ കറങ്ങി നടക്കുന്നതുകൊണ്ടാവാം, എനിക്കും ഈയിടെയായി ചില ചെറിയ സംശയങ്ങൾ എന്നെപ്പറ്റി.'

'എന്ത് സംശയം?'

'ഏയ് ഒന്നുമില്ല, വെറും സംശയമാണ്...'

'എന്നാലും...?'

'ആണത്തം കൂടിക്കൂടി ഒടുവിൽ ഞാനൊരു ബോർഡർ ലൈൻ കേസ്സായി മാറുമോയെന്ന്.'

'സൂക്ഷിക്കണേ രേവതീ,' പ്രിയംവദ ഗൗരവത്തിലാണു പറഞ്ഞത്: 'ലിംഗപരിണാമങ്ങളുടെ തുടക്കം എപ്പോഴും മനസ്സിൽ നിന്നാണെന്ന് എവിടെയോ വായിച്ചിട്ടുണ്ട്.'

അവളത് വളരെ കാര്യമായിത്തന്നെയെടുത്തെന്നു തോന്നി.

'ഹാവൂ, എൻ്റമ്മേ കുഴപ്പമായോ?' നടുക്കത്തോടെ രേവതി ചാടിയെഴുന്നേറ്റു. 'മാഡത്തിനോട് മുമ്പുതന്നെ ഞാൻ പറഞ്ഞിട്ടുണ്ടല്ലോ, ഉള്ളിന്റെയുള്ളിൽ ഞാനൊരു തനി കൺട്രിയാണെന്ന്. ഒരു പെണ്ണായാൽ ഒരു ഇണ കൂടിയേ തീരൂവെന്ന്. അയാളുടെ കൂടെ ഒരു കുടുംബമൊക്കെ ഉണ്ടാക്കി, അയാളുടെ സ്നേഹവും, വെറുപ്പും, ഏറ്റുവാങ്ങി, അയാളുടെ കുട്ടികളെ പെറ്റ് വളർത്തി...'

ഏതാണ്ട്, ആലീസൊക്കെ പറയാറുള്ളതുപോലെ തന്നെ. പ്രിയംവദയ്ക്ക് ചിരിവന്നു.

'അങ്ങനെ കോമ്രേഡിൽ നിന്ന്, ഫൂലൻദേവിയിലൂടെ ഒരു ടിപ്പിക്കൽ സതി സാവിത്രിയിലേക്ക്, അല്ലേ?'

അങ്ങനെ പലതും പറഞ്ഞ് രണ്ടുപേരും കുറെനേരമിരുന്ന് ചിരിച്ചെങ്കിലും ഒരു കാര്യം പ്രിയംവദയ്ക്ക് ഉറപ്പായിരുന്നു, ഉള്ളിൽ ഒരുപാട് സ്നേഹം സൂക്ഷിക്കുന്ന ഇവൾക്ക് അതൊക്കെ ആർക്കെങ്കിലും പകുത്ത് കൊടുക്കാതെ വയ്യ. ഒരു ആൺകൂട്ടില്ലാതെ അവൾക്ക് കഴിഞ്ഞുകൂടാനാവില്ല.

ഫാക്റ്ററിയിലെ കുറെ നാളത്തെ പടയോട്ടത്തിനു ശേഷം അവൾ കോർപ്പറേറ്റ് ഓഫീസിൽ തിരിച്ചെത്തിയത് അന്നാണ്. തീരെ ചേരാത്തൊരു കോട്ടൺസാരി വലിച്ചുവാരിയുടുത്ത് വന്നുകയറിയപ്പോൾ, പ്രിയംവദ അവളെ വലിയ കൗതുകത്തോടെ സൂക്ഷിച്ച് നോക്കി.

'നിനക്ക് തീരെ സൗന്ദര്യബോധമില്ലാതായല്ലോ കോമ്രേഡ്? പെൺകുട്ടികൾക്ക് ചന്തമുള്ള വേഷം നിഷിദ്ധമാണെന്ന് എഴുതിവച്ചിട്ടുണ്ടോ ആചാര്യൻ?'

രേവതിയുടെ മുഖത്ത് നേർത്ത കുറ്റബോധമാണ്.

'എനിക്ക് സാരിയുടുക്കാൻ അറിയില്ലെന്ന് ഞാൻ ആദ്യമേ പറഞ്ഞല്ലോ മാഡം.'

'ഒരിക്കൽ ഞാൻ പഠിപ്പിച്ചുതന്നതല്ലേ അതൊക്കെ.'

'അതൊക്കെ അപ്പോഴേ മറന്നു,' രേവതി ചിണുങ്ങി: 'പിന്നെ എനിക്കഷ്ടപ്പെട്ട വേഷമാണെങ്കിൽ മാഡം സമ്മതിക്കുന്നതുമില്ല.'

'കൊള്ളാം, അതു നല്ല വേഷംതന്നെ. ഫൂലൻദേവിയെന്ന മാറാപ്പേര് വീണു കഴിഞ്ഞു ഫാക്റ്ററിയിൽ...'

ആ പേര് അത്രയും പരന്നിട്ടുണ്ടെന്ന കാര്യം അപ്പോഴാണ് രേവതി അറിയുന്നത്. അവൾ കുറെ നേരത്തേക്ക് തലയറഞ്ഞ് ചിരിച്ചു. എന്ത് മനോഹരമായ പേര്. അത് ചാർത്തിത്തന്നവനെ നേരിൽക്കണ്ടാൽ കാന്റീനിൽനിന്ന് ചായയും സമോസയും വാങ്ങിക്കൊടുക്കാം.

'എന്റെയാ ഒരുപാട് കീശകളുള്ള കാക്കിനിറമുള്ള ഷർട്ടും ചാരനിറമുള്ള ജിൻസുമാകാം കാരണം. ആട്ടെ ഏത് ഫൂലനാവും അവരുടെ മനസ്സിൽ? ചമ്പലിലെ ഫൂലനോ, ദില്ലിയിലെ ഫൂലനോ?'

'എന്താ സംശയം? ചമ്പലിലെ ഫൂലൻതന്നെ. കൈയിൽ തോക്കില്ലെന്ന് മാത്രം.'

'തോക്കുകളും വാളുകളും വാരിക്കുന്തങ്ങളുമൊക്കെ എപ്പോഴും ഉള്ളിലാകും, വീരാംഗനകളുടെ കാര്യത്തിൽ.'

എന്തായാലും അവളുടെ പ്രവർത്തനത്തെപ്പറ്റി ഹാർവാർഡ് വിളിച്ച് അഭിനന്ദിച്ച കാര്യം പറഞ്ഞപ്പോൾ രേവതിക്ക് വലിയ സന്തോഷമായി.

'ആശ്വാസമായി. ഇനി ഈ ഇരിപ്പിൽതന്നെ മറിഞ്ഞുവീണു ചത്താലും കുഴപ്പമില്ല. ഇത്രേം കാലം പലയിടത്തും പണിയെടുത്തിട്ട്, ആദ്യമായിട്ട് ഉള്ള് നിറഞ്ഞ് ഒരു നല്ല വാക്ക് കേൾക്കുന്നത് ഇപ്പോഴാണ്.'

'തമാശയല്ല, രേവതി,' പ്രിയംവദ അവളുടെ പുറത്ത് തട്ടിക്കൊണ്ട് പറഞ്ഞു: 'യു ഹാവ് ഡൺ വെൽ. ഹാർവാർഡ് പറഞ്ഞതും വെറും ഭംഗിവാക്കുകളായിരുന്നില്ല. ഏത് ജീവിക്കും അതിനിണങ്ങുന്ന ചുറ്റുപാടുകളിൽ എത്തിപ്പെട്ടാലേ മികവ് കാട്ടാൻ കഴിയൂ. ആ രംഗമേതെന്ന് കണ്ടെത്താനാണ് പ്രയാസം. അവിടെ ചെന്നെത്തലോ അതിലും വലിയ ദുർഘടവും.'

'അതായത് എനിക്കിണങ്ങുന്നത് ആ ഫൂലന്റെ കാടുതന്നെയെന്നു സാരം. അതുപോട്ടെ, മാഡം, എനിക്കാ ഹാർവാർഡിനെയൊന്ന് നേരിൽ കാണാൻ പറ്റ്വോ?'

'സാധാരണയായി ഇത്തരം ജനുസ്സുകൾ പൊതുവെ വലിയ പ്രൊട്ടോക്കോളുകൾ കാക്കുന്നവരാണ്. അതിനു വേണ്ടിയല്ലേ ഇടയിൽ ഇത്രയും തട്ടുകൾ ഉണ്ടാക്കിയിട്ടിരിക്കുന്നത്? പിന്നെ ഇയാൾ വെളിയിലൊക്കെ പഠിച്ചതായതുകൊണ്ട് അല്പം ഭേദമാണ്. എന്തായാലും ഞാനൊന്ന് ശ്രമിച്ചു നോക്കാം. ഏറ്റാലായി.'

പിന്നീട് ഭാവിപരിപാടികളെപ്പറ്റി ചർച്ചചെയ്തുകൊണ്ടിരിക്കെ മൊബൈൽ ചിലച്ചു.

നീതുവായിരുന്നു:

'അമ്മേ, എനിക്ക് കുറച്ച് പണം വേണം.'

'നിനക്കിപ്പോൾ എന്തിനാണ് പണം? കഴിഞ്ഞയാഴ്ചയല്ലേ ഞാൻ...'

'അതൊക്കെ പറയാനുള്ള നേരമില്ല. ബട്ട് ഐ വാണ്ട് സം മണി. അതും ഇപ്പോൾ തന്നെ.'

'വൈകിട്ട് വരുമ്പോൾ നോക്കാം. എ.ടി.എമ്മിൽനിന്ന് എടുക്കണം.'

'അതൊന്നും പോരാ ഇപ്പോൾ തന്നെ വേണം. തരാൻ പറ്റുമോന്ന് മാത്രം അറിഞ്ഞാൽ മതി.'

അപ്പോഴേക്കും കാര്യങ്ങൾ ഏതാണ്ട് മനസ്സിലായ മട്ടിൽ രേവതി ഫോൺ പിടിച്ചു വാങ്ങിക്കഴിഞ്ഞിരുന്നു.

'മോളേ നീതൂ, ഇത് രേവതിയാണ്. തന്റെ അമ്മയുടെ ഒരു കീഴ്ജോലിക്കാരി.' അവൾ അരുമയോടെ പറയുന്നത് കേട്ടു: 'കുട്ടി പറഞ്ഞ കാര്യത്തിന് ഇവിടെ ലേശം പ്രയാസം കാണുന്നുണ്ടല്ലോ. നമ്മടെ നോട്ടടിക്കുന്ന യന്ത്രത്തിന്റെ ഉള്ളിന്റെയുള്ളിലെ ഒരു കൊച്ചുനട്ട് കാണാതായിരിക്കുന്നു. താഴെ എവിടേയോ വീണുപോയതായിരിക്കണം. പലതരത്തിലും വലുപ്പത്തിലുമുള്ള നട്ടുകളുണ്ടെങ്കിലും ഇതു വിശേഷപ്പെട്ടൊന്ന്. അതിനി കണ്ടുപിടിക്കണമെങ്കിൽ ജർമ്മനിയിൽനിന്ന് ചില മുന്തിയ മഷിനോട്ടക്കാര് വരണമത്രെ. അതിനാണെങ്കിൽ കുറെ ദിവസം പിടിക്കുകേം ചെയ്യും. അതോണ്ട് എന്റെ പൊന്നുമോള് തൽക്കാലത്തേക്കൊന്ന് അടങ്ങ്. കൂടിവന്നാൽ ഒരു രണ്ടാഴ്ച, അല്ലെങ്കിൽ മൂന്ന്. അപ്പോഴേക്കും നട്ട് കിട്ടി പ്രസ്സ് ശരിയാകാതിരിക്കില്ല.'

മറുപടിക്കു കാത്തുനിൽക്കാതെ രേവതി ഫോൺ കെടുത്തുമ്പോൾ പ്രിയംവദയുടെ മുഖത്ത് ചെറിയൊരു ഭയപ്പാടുണ്ടായിരുന്നു.

'വേണ്ടായിരുന്നു.'

'സാരമില്ല്യാ, മാഡം. ഇതും എന്റെ തൊഴിലിന്റെ ഭാഗംതന്നെ.'

'എന്തു പറഞ്ഞു അവള്?'

'ആദ്യം അതിക്രൂരമായൊരു ചീറ്റല്. പിന്നെ കുറെ ചീത്തവാക്കുകള്. ആദ്യം കേട്ടത് അപ്പിയുടെ പര്യായം. പിന്നൊരു ഗുണമുണ്ട്, ഇത്തരം കുട്ടികള് എപ്പഴും ചീത്ത പറയുക നല്ല കട്ടിയുള്ള ആംഗലത്തിലായിരിക്കും. അതാണെങ്കിൽ ഈ പാവം നാട്ടിൻപുറത്തുകാരിക്ക് മുഴുവനും മനസ്സിലാവുകയുമില്ല.'

പ്രിയംവദയുടെ മുഖത്ത് സംശയങ്ങൾ ഉരുണ്ടുകൂടുകയാണ്. അതിലേറെ ആശങ്കകളും. ബാഗ് തുറന്ന് പേഴ്സ് തപ്പിനോക്കുമ്പോൾ അവരുടെ വിരലുകൾ വിറയ്ക്കുന്നതു കണ്ടു.

'അങ്ങനെയൊന്നും പറയണ്ടായിരുന്നു. ഇനിയവള് എന്തൊക്കെയാണാവോ കാട്ടിക്കൂട്ടാൻ പോണത്...'

അവരുടെ മുഖത്ത് പേടി കനത്തു വരികയാണ്.

'ഒന്നും സംഭവിക്കാൻ പോണില്ല, മാഡം ധൈര്യമായി ഇരുന്നോളൂ. ഇത്തിരി കഴിഞ്ഞ് ആ ബായിയെ വിളിച്ച് ക്രോക്കറിക്കഷ്ണങ്ങളൊക്കെ പെറുക്കി കുട്ടയിലാക്കി താഴെയെത്തിക്കാൻ പറയൂ. പിന്നൊരു കാര്യമുണ്ട്, മാഡം. ഇവരൊക്കെ നല്ല സെൻസുള്ള കുട്ടികളാണ്. സാധാരണയായി വില കൂടിയ ക്രോക്കറികളിലൊന്നും അവർ കൈ വയ്ക്കാറില്ല. കൂട്ടത്തിൽ ഏറ്റവും ചീപ്പായ ക്രോക്കറികളും ചില്ലുപാത്രങ്ങളും കണ്ടുപിടിക്കാൻ അവർക്ക് പ്രത്യേക കഴിവാണുതാനും. എന്തായാലും ഇത്തരം വീടുകളിൽ കുറെ വില കുറഞ്ഞ കുപ്പിപ്പാത്രങ്ങൾ എപ്പോഴും കരുതിവയ്ക്കുന്നത് നന്നായിരിക്കും. കുട്ടികൾക്ക് അതുകൊണ്ടൊരു ആശ്വാസം കിട്ടുമല്ലോ.'

കസേരയിൽ ചാരി കണ്ണുകളടച്ചിരിക്കുമ്പോൾ പ്രിയംവദയ്ക്ക് ഒരക്ഷരം മിണ്ടാനാകുന്നില്ല. ഓരോ ദിവസം കഴിയുന്തോറും വന്നുകയറുന്ന പുതിയ ദുർഘടങ്ങളെക്കുറിച്ചോർക്കുമ്പോൾ മനസ്സ് വല്ലാതെ തളരുന്നു.

'ശരി, മാഡം. ഇനി ഒരു രണ്ടു ദിവസംകൂടി ഞാനിവിടെയുണ്ടാകും. പിന്നെ വീണ്ടും ആ വളം ഫാക്റ്ററിയിലേക്ക്, പഴയ ഫൂലൻദേവിയായി. ഇക്കുറി കോസ്റ്റ്യൂമിൽ ചെറിയൊരു മാറ്റം ആലോചിക്കുന്നുണ്ട്. തലയിലെ ചുവന്ന തുണിബാൻഡിനു പകരം ഒരു നീലബാൻഡ്. കാക്കിക്കു പകരം ഒലീവ്ഗ്രീൻ ഷർട്ട്.'

'ആ പട്ടാളവേഷവും തനിക്ക് നന്നായി ചേരുമല്ലോ കോമ്രേഡ്' എന്ന് പറയാൻ തുടങ്ങുമ്പോഴേക്കും വീട്ടിൽ നിന്ന് ബായിയുടെ വിളി വന്നു.

നീതു ഇക്കുറി തകർത്തത് ക്രോക്കറിയായിരുന്നില്ല, പ്രിയംവദയുടെ കിടപ്പുമുറിയിലെ ആ കൊച്ചു ടെലിവിഷൻ സെറ്റാണെന്ന് അവർ പറഞ്ഞപ്പോൾ രേവതി അമർത്തി ചിരിച്ചു.

'കുഴപ്പമില്ല, അതൊരു പഴയ സെറ്റല്ലേ? എന്തായാലും ഡ്രോയിങ് റൂമിലെ ആ പരന്ന ചില്ലുതിര രക്ഷപ്പെട്ടല്ലോ.'

അവൾ അങ്ങനെയൊക്കെ പറഞ്ഞെങ്കിലും രാത്രിയിൽ വീട്ടിൽ ചെന്നു കയറിയപ്പോൾ പ്രിയംവദ കണ്ടത് നെറ്റിയിലും, കഴുത്തിലും ബാൻഡേജുകളുമായി, ലേശം ചീർത്ത മുഖത്തോടെയിരുന്ന് വാർത്തകൾ വായിക്കുന്ന നീലിമയെയാണ്. അവൾ തന്റെ വരവ് കാത്തിരിക്കുകയാണെന്നു തോന്നി.

'കുട്ടികളെ നേരാംവണ്ണം വളർത്താൻ പഠിക്കണം,' നീലിമ ചീറി: 'അവനവന്റെ കുട്ടികളെ ശരിക്കു വളർത്താൻ കഴിവില്ലാത്തവരാണ്, മനുഷ്യശക്തി

മാനേജ്മെന്റിന്റെ പേരിൽ മറ്റുള്ളവരുടെ സന്താനങ്ങളെ നന്നാക്കാൻ നോക്കുന്നത്.'

'നീലിമാ നീയ്യ്...?'

'മാഡമൊന്നും പറയണ്ടാ. ഞാൻ അകത്തെ ടീവിയിലിരുന്ന് സെർബിയയിലെ വാർത്തകൾ വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് ആ മോൺസ്റ്റർ വെറുതെ കയറിയങ്ങിനെ അറ്റാക്ക് ചെയ്യുന്നത്. പതിവുപോലെ ഞാനെന്തോ കുശലം ചോദിച്ചു. അവൾ കേൾക്കാൻ കൊള്ളാത്ത തർക്കുത്തരം പറഞ്ഞപ്പോൾ ഞാനൊന്ന് കളിയാക്കിച്ചിരിച്ചു. അത്രതന്നെ. അപ്പോഴേക്കും തുടങ്ങിയില്ലേ കോലാഹലം? പറഞ്ഞിട്ട് കേൾക്കണ്ടേ. കണക്കിന് ഏറ് കിട്ടിയതു മാത്രം മിച്ചം. ഒരുവിധത്തിൽ സ്റ്റുഡിയോവിലെ കൺട്രോൾ റൂമിൽ നിന്ന് അവർ ന്യൂസ് നിറുത്തിയതുകൊണ്ട് ഇത്രയേ പറ്റിയുള്ളൂ. മുറിവൊക്കെ മരുന്നു വച്ച് കെട്ടിയെങ്കിലും പിന്നെയും അടുത്ത ന്യൂസ് വായിക്കാനായി ഈ കെട്ടും പൂട്ടുമായി ഞാൻതന്നെ.'

'അയാം സോറി നീലിമാ. ഞാനറിഞ്ഞില്ല.'

'അറിഞ്ഞാലും നിങ്ങൾക്കൊരു ചുക്കും ചെയ്യാനാവില്ലെന്ന് എനിക്കു നന്നായറിയാം. എത്ര കാലമായി നിങ്ങളുടെ ഡ്രായിങ്റൂമിലെ ഈ വിളയാട്ടങ്ങൾ ഞാൻ കാണാൻ തുടങ്ങിയിട്ട്. ആദ്യം നിങ്ങളുടെ കെട്ടിയോന്റെ വകയായിരുന്നു കോലാഹലം. ഒടുവിൽ അയാളൊരു വഴിക്കു പോയപ്പോൾ ആ സ്ഥാനം ഏറ്റെടുക്കാൻ പറ്റിയൊരു മകളായി. കലി കയറുമ്പോൾ അതിന്റെ മോന്തയൊന്ന് കാണണം. ആ തന്തയെത്ര ഭേദമായിരുന്നുവെന്നു തോന്നാറുണ്ട് ചിലപ്പോൾ.'

ഒന്ന് നിറുത്തിയിട്ട് നീലിമ തുടർന്നു:

'നിങ്ങളൊക്കെ ഒരു കാര്യം മറക്കരുത്. ഞങ്ങളുടെ മുമ്പിലിരുന്ന് കാട്ടിക്കൂട്ടുന്ന ഈ കോപ്രായങ്ങളൊക്കെ ഞങ്ങള് കാണുന്നില്ലെന്ന് കരുതരുത്. ഞാൻ മാത്രമല്ല, നിങ്ങള് കാണാറുള്ള ആ സീരിയലുകളിലെ ആർട്ടിസ്റ്റുകൾ വരെ. അവർക്കൊക്കെ നിങ്ങളെപ്പറ്റി എന്ത് മോശമായ അഭിപ്രായമാണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? ഉത്തരവാദപ്പെട്ട ഒരു മാദ്ധ്യമ പ്രവർത്തക എന്ന നിലയിൽ ഇത്രയും കാലം സഹിച്ചുനിന്നു, എന്നാലും ഇതിനൊക്കെ ചില അതിരുകളില്ലേ?'

'സോറി, നീലിമാ..'

'ഒന്നോർത്തോളൂ, നിങ്ങളെ കരുതിയാണ്, എന്തൊക്കെ ബദ്ധപ്പാടുകളുണ്ടെങ്കിലും സമയാസമയത്ത്, ഓരോ പരിപാടികളുമായി ഞങ്ങള് കയറി വരുന്നത്. തലയ്ക്ക് സുഖമില്ലാത്തവര് ഇങ്ങനെ മാദ്ധ്യമപ്രവർത്തകരെ കയറി ആക്രമിക്കാൻ തുടങ്ങിയാൽ...'

നീലിമയുടെ തുടർച്ചയായുള്ള ചോദ്യങ്ങൾക്ക് മറുപടിയില്ലാതായപ്പോൾ പ്രിയംവദയ്ക്ക് ചെയ്യാൻ കഴിയുന്നത് ഒന്നു മാത്രമായിരുന്നു. പൊടുന്നനേ കൈ നീട്ടി ടീ.വി. ഓഫ് ചെയ്യുമ്പോൾ പാവം നീലിമയുടെ മുഖം നൊടിയിടയ്ക്കുള്ളിൽ മങ്ങി, ചുരുണ്ട്, അണഞ്ഞുപോകുന്നത് ക്രൂരമായ രസത്തോടെ അവർ നോക്കി നിന്നു.

എന്നിട്ടും നീലിമയുടെ ആ വേറിട്ട ശബ്ദത്തിന്റെ മുഴക്കം മാത്രം മായാതെ, ഇത്തിരി നേരം അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നു.

ഒട്ടും നിനച്ചിരിക്കാത്ത നേരത്ത് റോയ്ചൗധരിയുടെ ഫോൺ വന്നപ്പോഗ
പ്രിയംവദ വല്ലാതെയൊന്ന് ഞെട്ടി.

ആദ്യമായാണ് അദ്ദേഹം ഫോൺ ചെയ്യുന്നത്. തന്റെ സെൽഫോണിന്റെ
നമ്പർ എവിടന്ന് കിട്ടി?

'പ്രിയാ, ഐ വാണ്ട് ടു മീറ്റ് യു. ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്,
അദ്ദേഹം വളരെ തിടുക്കത്തിലാണ് അതു പറഞ്ഞത്.

ആദ്യമായിട്ടാണ് അദ്ദേഹം അങ്ങനെ വിളിക്കുന്നതെന്ന് പ്രിയംവ
ഓർത്തു. വളരെ അടുപ്പമുള്ളവർ മാത്രം ഉപയോഗിക്കാറുള്ള തന്റെ ചെല്ല
പ്പേര്.

ഒന്നും മിണ്ടാനാകുന്നില്ല പ്രിയംവദയ്ക്ക്.

'പേടിക്കാനൊന്നുമില്ല, ചിലതൊക്കെ പറയാനുണ്ടെന്നുമാത്രം.' ഡോക്ട
സാബ് പറ്റിയ വാക്കുകൾക്കു വേണ്ടി പരതുകയാണെന്ന് തോന്നി. 'എന്റെ
മെയിലുകൾക്ക് മറുപടി അയയ്ക്കാത്തതിൽ പരാതിയില്ല. പ്രിയയെ ഏതാ
ണ്ടൊക്കെ മനസ്സിലാക്കിയിട്ടുണ്ടെങ്കിലും ഇത്തരമൊരു ഒഴിഞ്ഞുമാറൽ എന്തി
നാണെന്ന് ഒരു രൂപവും കിട്ടുന്നില്ല.'

സേർ, ഞാൻ ഓഫീസിലാണ്. അല്പം തിരക്കിലാണ്.'

'അറിയാം. ഞാൻ ശല്യപ്പെടുത്തുകയാണെന്ന് അറിയാം. ഇതൊക്കെ
ഫോണിൽ പറഞ്ഞ് തീർക്കേണ്ട കാര്യങ്ങളുമല്ല. അതുകൊണ്ടാണ് നേരിൽ
കാണണമെന്നു പറഞ്ഞത്.'

'സോറി സർ. അത് വിഷമമായിരിക്കും.'

'പ്രിയ പറയുന്നിടത്തു വരാം ഞാൻ.'

'വേണ്ടാ സർ.'

'വൈ?'

'അന്ന് ഞാൻ പറഞ്ഞ മോഡേണൈസേഷന്റെ കോലാഹലമാണ്
വിടെ. ഒരുപാട് ബദ്ധപ്പാടുകളുണ്ട്.'

'പ്രോജക്റ്റുകളങ്ങനെ വന്നും പോയുംകൊണ്ടിരിക്കും, പ്രിയാ. അതി
നിടയിലും മനുഷ്യർ ജീവിച്ചുപോകുന്നുണ്ടല്ലോ.'

മറുപടിയില്ല.

'ഈ മാസത്തിന്റെ അവസാനം ഞാൻ വിദേശത്ത് പോകുകയാണ്. ഒരു
രണ്ടാഴ്ചത്തെ പരിപാടി. ചിലപ്പോൾ ഒരാഴ്ചകൂടി നീണ്ടേക്കാം. ചില പഴയ
വിദ്യാർത്ഥികൾ കുറെക്കാലമായി നിർബ്ബന്ധിക്കുന്നു. ആ യാത്രയ്ക്കു മുമ്പിൽ
തന്നെയൊന്ന് കാണണമെന്ന് തോന്നി.'

'സോറി സർ. ഇനി വേണ്ട. എനിക്കങ്ങയെ ആ പഴയ ഡോക്ടർ
സാബായി മാത്രം കണ്ടാൽ മതി.'

അദ്ദേഹം തെല്ലൊന്നു പകച്ചതുപോലെ തോന്നി.

'അല്ലെന്നാര് പറഞ്ഞു? അങ്ങനെതന്നെ ഇരുന്നോട്ടെ.' ഡോക്ടർസാബ്
നന്നെ പണിപ്പെട്ട് ചിരിക്കാൻ നോക്കുന്നതുപോലെ: 'ഒരുപക്ഷേ, സ്വന്തം
പൂർവ്വാശ്രമത്തെപ്പറ്റി വേണ്ടപ്പെട്ടവരോടൊക്കെ ലേശം പറഞ്ഞു വയ്ക്കേണ്ട
സമയമായെന്ന തോന്നൽ കുറെ നാളായി എന്നെ അലട്ടുന്നു. അതാദ്യം
കേൾക്കേണ്ട ആൾ പ്രിയയാണെന്ന കാര്യത്തിലും സംശയമില്ല. വാസ്തവ

ത്തിൽ, ഞാൻ എന്നെപ്പറ്റി അധികമൊന്നും ചിന്തിക്കാറില്ല, പറയാറുമില്ല. അതുകൊണ്ടാവാം എനിക്ക് എന്നെപ്പറ്റി കാര്യമായൊന്നും അറിഞ്ഞുകൂടാത്തത്. പക്ഷേ, അന്നത്തെ ആ കൂടിക്കാഴ്ചയ്ക്കു ശേഷം ഞാനാകെ മാറിയതുപോലെ. ഞാൻ മാത്രമല്ല, എനിക്കു ചുറ്റുമുള്ള സകലതും ഒരുപാടു മാറിയിരിക്കുന്നു. ആകെക്കൂടി പുതിയൊരു വെളിച്ചവും, മുമ്പു കാണാത്ത കുറെ പുതിയ നിറങ്ങളും, നാദങ്ങളും. മാത്രമല്ല, ഈയിടെയായിട്ട് ഞാൻ എന്നെപ്പറ്റിയും അല്പമൊക്കെ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നെ ആ വഴിക്ക് തിരിച്ചുവിട്ടതിന് നന്ദി. ഒരുപക്ഷേ, ശാപമോക്ഷത്തിനു വേണ്ടി ഇത്തരമൊരു അവതാരത്തിനായി കാത്തിരുന്നതാവാം.'

ആകെ തരിച്ചിരിക്കുകയാണ് പ്രിയംവദ.

വേണമെങ്കിൽ വിരലമർത്തി ഫോൺ ഓഫ് ചെയ്യാം. എന്തോ അതിന് മനസ്സ് വരുന്നില്ല. ഒരു കാലത്ത് എത്രയോ ആരാധിച്ചിരുന്ന ആൾ. എന്തായാലും ആ സംഭാഷണം നീട്ടിക്കൊണ്ടു പോകാതെയിരിക്കുകയാവും ഭേദമെന്ന് പ്രിയംവദയ്ക്ക് പെട്ടെന്ന് തോന്നി.

ആവുന്നത്ര തന്റേടം മാടിയെടുത്തുകൊണ്ട് അവർ പറഞ്ഞു:

'സർ, ഞങ്ങളുടെ കോമ്പൗണ്ട് ചുമരിൽ ഒരു ഗണപതിവിഗ്രഹമുണ്ട്. ഒരു ദിവസം പുലർച്ചയ്ക്ക് അതു പാല് കുടിക്കാൻ തുടങ്ങിയതോടെ ആകെ വലിയ കോലാഹലമായി. വിഗ്രഹത്തിന്റെ കരിങ്കൽ ചുണ്ടുകളുടെ വിടവിലേക്ക് സ്പൂണിലൂടെ പാല് വീഴ്ത്താൻ ഉന്തും തള്ളുമായി. പാൽമൊന്തകളും, സ്പൂണുകളുമായി തിക്കിത്തിരക്കി അപ്പാർട്ടുമെന്റുകളിലെ സ്ത്രീകൾ മുഴുവനും. കേട്ടറിഞ്ഞ് അടുത്ത കെട്ടിടക്കൂട്ടങ്ങളിലെ ജനവും പാഞ്ഞെത്തിയതോടെ മുൻവശത്തെ നിരത്തിലൂടെയുള്ള പോക്കുവരത്ത് നിലച്ചു. പിന്നീട്, വെയിലുദിച്ചപ്പോൾ പാല് കുടിച്ചു കുടിച്ച് ഞങ്ങളുടെ ഗണേശന്റെ കുമ്പ വല്ലാതെ വീർത്തപ്പോൾ, ആ പ്രദേശത്തെ എല്ലാ കെട്ടിടച്ചുമരുകളിലെയും ഗണപതിവിഗ്രഹങ്ങൾ ഉണർന്നെഴുന്നേൽക്കുകയായി. എല്ലാ വിഗ്രഹങ്ങളുടെയും മുമ്പിൽ വലിയ ആൾക്കൂട്ടങ്ങൾ, വലിയ ഒച്ചയും ബഹളവും...'

'കൂട്ടത്തിൽ താനും പോയിക്കാണും.'

'ഇല്ല!'

'എന്തേ...'

'മുമ്പൊക്കെ എന്നും ഓഫിസിൽ പോകുന്നതിനു മുമ്പ് തെല്ലുനേരം ആ വിഗ്രഹത്തിനു മുമ്പിൽ തൊഴുതു നിൽക്കുക പതിവായിരുന്നു. പക്ഷേ, ആ സംഭവത്തിനു ശേഷം അത് താനേ നിന്നു. എന്തൊക്കെയായാലും പാല് കുടിക്കുന്ന കരിങ്കൽവിഗ്രഹത്തെക്കുറിച്ച് എനിക്ക് സങ്കല്പിക്കാനേ വയ്യ. വിഗ്രഹങ്ങൾ വിഗ്രഹങ്ങളായിത്തന്നെ ഇരുന്നാലേ നമുക്ക് ആരാധിക്കാനാവൂ. പാല് കുടിക്കുന്ന വിഗ്രഹങ്ങൾ, ചുണ്ടുകളനക്കുന്ന വിഗ്രഹങ്ങൾ, കൈമുദ്രകൾ കാട്ടുന്ന വിഗ്രഹങ്ങൾ. ഇവയൊക്കെ എത്ര പെട്ടെന്നാണ് നമ്മുടെയുള്ളിൽ വിഗ്രഹങ്ങളല്ലാതാകുന്നത്.'

മറ്റു വഴികളൊന്നും കാണാതെ വരുമ്പോൾ, അറ്റകൈയായി ഇ-മെയിലിൽ പറഞ്ഞൊതുക്കാനായി കരുതിവച്ച ചില ഒറ്റപ്പെട്ട വാചകങ്ങൾ, മനസ്സ് അതിനായി പാകപ്പെടുത്തി വയ്ക്കാത്തൊരു നിമിഷത്തിൽ പെട്ടെന്ന് നാവിൽ നിന്ന് ഉതിർന്നുവീണപ്പോൾ പ്രിയംവദയാകെ തളർന്നുപോയി.

വിശ്വാസം വരുന്നില്ല. എങ്ങനെ ഇത്ര എളുപ്പത്തിൽ പറഞ്ഞു വയ്ക്കാൻ കഴിഞ്ഞു അങ്ങനെയൊക്കെ?

ഒരിക്കൽകൂടി ആവർത്തിക്കുകയായിരുന്നു, ആരോടെന്നില്ലാതെ, സാമാന്യം ഉയർന്ന ഒച്ചയിൽ.

'വിഗ്രഹങ്ങൾ വിഗ്രഹങ്ങളായിത്തന്നെ അകലം കാത്താലേ നമുക്ക് ആരാധിക്കാനാവൂ, സർ! അവയ്ക്ക് മനുഷ്യരൂപം കൈവരുമ്പോൾ, അല്ലെങ്കിൽ മനുഷ്യരെപ്പോലെ പെരുമാറാൻ തുടങ്ങുമ്പോൾ താനേ വിഗ്രഹങ്ങളല്ലാതായി തീരുന്നു.'

ഏതാണ്ട് മനസ്സിലായതുപോലെ റോയ്ചൗധരി ഒന്നമർത്തി മൂളി.

'വിഗ്രഹം സംസാരിക്കാൻ തുടങ്ങിയതല്ലല്ലോ ഇവിടത്തെ കുഴപ്പം,' അദ്ദേഹത്തിന്റെ സ്വരത്തിന് പെട്ടെന്ന് കനം വയ്ക്കുന്നതുപോലെ തോന്നി: 'ചോരയോട്ടമുള്ള മനുഷ്യനെ വിഗ്രഹമാക്കി മാറ്റാൻ നോക്കിയതാണ് തെറ്റ്. എല്ലാ മനുഷ്യനിലും കാണും ദൈവവും ചെകുത്താനുമൊക്കെ. അളവിൽ വ്യത്യാസം കണ്ടേക്കാം. പക്ഷേ, അത് കണ്ടറിയാനായാൽ പാതി പ്രശ്നങ്ങൾ തീരും. എന്തായാലും, സ്വയംഭൂക്കളായ വിഗ്രഹങ്ങൾ ഇല്ലാതായി വരുന്ന ഇന്നത്തെ കാലത്ത്, ആരേയും വിഗ്രഹങ്ങളാക്കാതിരിക്കാൻ ശ്രദ്ധിക്കൂ, മിസ്സിസ് മേനോൻ.'

ഡോക്ടർസാബ് പൊടുന്നനേ ഫോൺ താഴെ വച്ചപ്പോൾ പ്രിയംവദ ഒന്നുവല്ലാതായി. വേണ്ടായിരുന്നു. തന്റെ വാക്കുകൾ അദ്ദേഹത്തെ വല്ലാതെ മുറിപ്പെടുത്തിക്കാണണം.

കമ്പ്യൂട്ടറിന്റെ ജീവനില്ലാത്ത അക്ഷരങ്ങളിലൂടെ എളുപ്പത്തിൽ പറഞ്ഞുവയ്ക്കാവുന്ന കാര്യങ്ങൾ, സ്വന്തം ശബ്ദത്തിലൂടെയാവുമ്പോൾ ചെന്നുകൊള്ളുന്ന ആളിൽ തറച്ചുകയറുന്നത് ഇരട്ടിമൂർച്ചയോടെ.

ഫോൺ അതേപടി പിടിച്ചുകൊണ്ട് പ്രിയംവദ തെല്ലുനേരം കണ്ണടച്ചിരുന്നു.

വേണ്ടായിരുന്നു.

വേണ്ടായിരുന്നു.

ഈയിടെയായിട്ട് പലപ്പോഴും അങ്ങനെയാണ്. വേണ്ടാത്ത വാക്കുകളുടെ കുത്തൊഴുക്കിൽപെട്ട് വേണ്ട വാക്കുകൾ പലപ്പോഴും കൈപ്പിടിയിൽ ഒതുങ്ങാതെ ഒലിച്ചുപോകുന്നു.

ഓഫീസിലും വീട്ടിലുമൊക്കെ.

നീതുവും രേവതിയും ശേഷാദ്രിയും തന്നോട് ഇടപഴകുന്ന ഓരോരുത്തരും അതു ശ്രദ്ധിച്ചു കാണണം.

സെൽഫോണിന്റെ കട്ടകളിലൂടെ ചൂണ്ടുവിരൽ താനേ ചലിച്ചപ്പോൾ ഡോക്ടർ ചൗധരിയുടെ ഫോൺ നമ്പർ താനേ തെളിഞ്ഞു വന്നു. ആദ്യമായാണ് ഈ നമ്പർ കാണുന്നതുതന്നെ.

ഒന്ന് തിരിച്ചു വിളിച്ച് സോറി പറഞ്ഞാലോ?

എന്തിന്? ഉടനെ സ്വയം തിരുത്തി.

പാല് കുടിക്കാൻ തുടങ്ങിയ അന്നുതൊട്ടേ മതിലിലെ ഗണപതിവിഗ്രഹത്തെ വണങ്ങാൻ തനിക്കായിട്ടില്ല. പിന്നീട് ഇടയ്ക്കൊക്കെ പഴയ ശീലം വച്ച് കാറ് മതിലിനപ്പുറത്തേക്ക് തിരിച്ചെടുക്കുമ്പോൾ ഒന്ന് നിറുത്തി, അങ്ങോട്ട് എത്തിനോക്കാറുണ്ടെന്നു മാത്രം.

എത്രയോ നാളുകളുടെ പ്രാർത്ഥനയ്ക്കു ശേഷമാണ് ഉള്ളിൽ ഒരു വിഗ്രഹമുണ്ടാകുന്നത്. അതിന് വിഗ്രഹമല്ലാതെയാകാൻ ഒരു നിമിഷത്തിന്റെ കൈപ്പിഴ മാത്രം മതി.

അതാണ് ഡോക്ടർ റോയ്ചൗധരിയോട് തഞ്ചത്തിൽ സൂചിപ്പിക്കണമെന്ന് കരുതിയിരുന്നത്. പക്ഷേ, കിട്ടിയ നേരവും, അപ്പോഴത്തെ ചുറ്റുപാടുകളും, നാവിലെത്തിയ വാക്കുകളും ഒക്കെ പിഴച്ചതുപോലെ.

ആ നമ്പർ അപ്പോഴും തെളിഞ്ഞു നിൽക്കുകയാണ്.

ഒന്നു തിരിച്ചു വിളിച്ചാലോ? ഒരിക്കൽ മാത്രം. അതോടെ എല്ലാം ഒതുക്കാം, എന്നെന്നേക്കുമായി.

വേണ്ടാ. ഓരോന്നു പറഞ്ഞു പറഞ്ഞ് വേണ്ടാത്ത ഏതെങ്കിലും ഇടങ്ങളിലാകും ചെന്നെത്തുക. വേണ്ടാത്ത വാക്കുകളുടെ കുത്തൊഴുക്കിൽ നില തെറ്റി ഒലിച്ചുപോകുന്ന വേണ്ട വാക്കുകൾ.

ഫോണിലേക്ക് ഒരിക്കൽകൂടി നോക്കിയിട്ട് പ്രിയംവദ നെടുവീർപ്പിട്ടു. പിന്നെ അറിയാതെ വിരലുകൾ ചലിച്ചു. ഏതോ കട്ടകൾ താനെ അമർന്നപ്പോൾ ആ നമ്പർ ഫോണിന്റെ ഉൾത്തടങ്ങളിലെവിടെയോ ഒളിഞ്ഞിരിക്കുന്ന ചിപ്പുകളൊന്നിൽ ഒരു മഹാരഹസ്യത്തിന്റെ സൂക്ഷ്മബിന്ദുപോലെ താനേ സുരക്ഷിതമാക്കപ്പെട്ടു.

അവർ ഫോൺ കാതോടടുപ്പിച്ചുനോക്കി. വെള്ളിനിറമുള്ള ആ കൊച്ചു യന്ത്രത്തിന്റെ ഉള്ളിലെവിടെയോ ഒരു സ്പന്ദനം.

അതെ, നന്നെ നേർത്തൊരു ഹൃദയമിടിപ്പുപോലെ.

തെല്ലൊരു ഭയപ്പാടോടെ പ്രിയംവദ ഫോൺ ഓഫ് ചെയ്തു.

അന്ന് പ്രിയംവദയ്ക്ക് ഓഫീസിൽ പോകാൻ കഴിഞ്ഞില്ല. പകരം പോയത് എത്രയോ കാലത്തിനു ശേഷം ആ പഴയ പബ്ലിക് ലൈബ്രറിയിലേക്കായിരുന്നു. രണ്ടാം നിലയിലെ മെംബർമാരുടെ മുറിയിലെ ഒരു സോഫയിൽ തെല്ലു നേരം കണ്ണടച്ചിരുന്നപ്പോൾ താനിവിടെ വന്നിട്ട് യുഗങ്ങൾ തന്നെ കഴിഞ്ഞിരിക്കുന്നല്ലോ എന്ന് പ്രിയംവദ ഓർത്തു. മുമ്പൊക്കെ മനസ്സ് വിഷമിക്കുമ്പോൾ ഓടിയെത്താറുണ്ടായിരുന്ന രണ്ടാമത്തെ താവളം ഇതായിരുന്നു. ആദ്യത്തേത് നഗരത്തിന്റെ ഒരു മൂലയിലുള്ള ദേവീക്ഷേത്രവും.

ആരും കാണാതെ, ആരോടും ഉരിയാടാതെ 'നിശ്ശബ്ദത പാലിക്കുക' എന്ന ബോർഡിനുതാഴെയായി, ഒരു സോഫയിൽ കുറെ നേരം ചുരുണ്ടുകൂടി, തന്നോടുതന്നെ സംസാരിച്ചുകൊണ്ട് അങ്ങനെയിരിക്കുക. ഏറ്റവും അധികം സ്വസ്ഥത കിട്ടുന്നത് ഇവിടെ, ഈ പുസ്തകങ്ങൾക്കു നടുവിൽ മാത്രം.

തനിച്ചാകുന്ന മനുഷ്യരോട് നിശ്ശബ്ദമായി സംസാരിക്കാൻ ചില പുസ്തകങ്ങൾക്കാകുമെന്നു മനസ്സിലായത് അക്കാലത്താണ്.

പിന്നിട് റഫറൻസ് പുസ്തകങ്ങൾ വൃത്തിയായി അടുക്കിവച്ചിരിക്കുന്ന ഷെൽഫുകൾക്കിടയിലൂടെ കുറെ നേരം അങ്ങനെ ചുറ്റിനടക്കും. അതോടെ തനിക്ക് ഏറെ പരിചിതമായ നന്നെ സുരക്ഷിതമായൊരു പഴയ ലോകത്ത് സ്വയം എത്തിപ്പെടുന്നതായി പ്രിയംവദയ്ക്ക് തോന്നാറുണ്ട്. മുൻതലമുറകളുടെ ചൈതന്യം നിറഞ്ഞുനിൽക്കുന്ന ഈ ഷെൽഫുകളിൽ കുടിയിരിക്കുന്നത് പോയകാലത്തിന്റെ പുണ്യമായി തങ്ങളെ അനുഗ്രഹിച്ചുകൊണ്ട് നില കൊള്ളുന്ന പൂർവികർ.

അവർക്കു മുമ്പിൽ ഒരു നിമിഷം നിൽക്കുമ്പോൾ ശിരസ്സ് താനേ കുനിയുന്നു. കണ്ണുകൾ കൂമ്പുന്നു.

മെമ്പർമാരുടെ മുറിയിലേക്ക് കടന്നുചെന്നപ്പോൾ അസിസ്റ്റന്റ് ലൈബ്രേറിയൻ, വെള്ളിക്കണ്ണട വച്ച കർണ്ണാടകക്കാരൻ, പരിചയഭാവത്തിൽ ചിരിച്ചു.

'ഈയിടെയായിട്ട് മാഡത്തിനെ കാണാറേയില്ലല്ലോ.'

പ്രിയംവദ വെറുതെ തലയാട്ടി. കുറെക്കാലമായി തനിക്ക് മനസ്സമാധാനമുണ്ടായിരുന്നല്ലോ സുഹൃത്തേ, എന്നവർ പറയാനാഞ്ഞു.

അതേ പരിചിതമായ മൂല. അവിടെയിരുന്നാൽ മതിലിനോടു ചേർന്നു നിൽക്കുന്ന വലിയ മഴവൃക്ഷങ്ങൾ കാണാം. പല നിറങ്ങളിലായി കുലച്ചു പന്തലിച്ചു നിൽക്കുന്ന ബോഗൻവില്ലകളും.

രഞ്ജിത്തുമായി കലഹിച്ചുകൊണ്ടിരുന്ന നാളുകളിലായിരുന്നു താനിവിടെ ഏറ്റവും കൂടുതൽ വന്നിട്ടുള്ളതെന്ന് പ്രിയംവദ ഓർത്തു. ഏതാണ്ട് ഇതേ ചിട്ടതന്നെ. ഓഫീസിൽനിന്ന് ഒരു ദിവസത്തെ അവധി. കാലത്ത് നേരത്തേ എഴുന്നേറ്റ് കുളിച്ച് അമ്പലത്തിൽ പോകുക. പിന്നീട് രാവിലത്തെ അടുക്കളപ്പണിയെല്ലാം നേരത്തേ തീർത്ത്, മോളെ സ്കൂളിലേക്ക് പറഞ്ഞയച്ച്, ലൈബ്രറിയിലേക്ക്.

അക്കാലത്ത്, തങ്ങൾക്കിടയിലേക്ക് വലിയൊരു സാന്നിദ്ധ്യമായി ആ ഇടുങ്ങിയ തെരുവിന്റെ അവസാനത്തിലുള്ള ദേവീക്ഷേത്രവും വായനശാലയെന്ന മറ്റൊരു ദേവാലയവും കടന്നുവന്നിരുന്നത് രഞ്ജിത്ത് ഒരിക്കലും അറിഞ്ഞിരുന്നില്ലെന്നു തോന്നുന്നു. അറിഞ്ഞാൽതന്നെയും അയാൾക്കത് വേണ്ട വിധത്തിൽ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.

പക്ഷേ, താനൊരു മഹാരഹസ്യംപോലെ എന്നും ഉള്ളിൽ സൂക്ഷിച്ചിരുന്ന കാര്യം. ദേവിയോട് ഏറെക്കാലം പരാതി പറഞ്ഞിരുന്ന കാര്യം.

വലിയൊരു പൊട്ടിത്തെറിക്കു ശേഷമുള്ളൊരു രാത്രിയിലാണല്ലോ എന്റെ നീതു ഉണ്ടായത്. കാറ്റും പിശറുമുള്ളൊരു രാത്രിയിൽ, വെളുപ്പിനെപ്പോഴോ നടന്ന വളരെ തീവ്രമായൊരു ഇണചേരലിലാണ് അതു സംഭവിച്ചതെന്നു നല്ല ഉറപ്പാണ്. എക്കാലത്തേയും വലിയൊരു അനുഗ്രഹമായി തനിക്കൊരു മോളെ കനിഞ്ഞുതന്ന ആ രാത്രിയെ ശപിക്കാതിരിക്കാനുള്ള ശക്തി തരേണമേ എന്നാണ് അക്കാലത്ത് പലപ്പോഴും പ്രാർത്ഥിച്ചിരുന്നത്.

മിക്കപ്പോഴും കാര്യങ്ങൾ നീങ്ങിയിരുന്നത് അങ്ങനെയൊക്കെത്തന്നെയായിരുന്നു. ആവശ്യങ്ങൾ വളരെ കൂടുതലുള്ള ശരീരമായിരുന്നു രഞ്ജിത്തിന്റെത്, ചോദിച്ചുവാങ്ങാനുള്ള മടിയും. കലുഷമായ രാത്രികളിലെ അന്തമില്ലാത്ത പോരിനു ശേഷം രണ്ടിലൊരാൾ കിതപ്പോടെ, മടുപ്പോടെ പിൻവാങ്ങുമ്പോൾ, രഞ്ജിത്തിനെ ശാന്തനാക്കാൻ ഒരേയൊരു വഴിയേ ഉണ്ടായിരുന്നുള്ളൂ, നന്നേ വെളുപ്പിന്, താൻതന്നെ മുൻകൈയെടുത്തുള്ള, ഏറെ പ്രാകൃതമായൊരു ഇണചേരൽ.

എന്തിനോ വല്ലാതെ വഴക്കു കൂടി, വെവ്വേറെ മുറികളിൽ കിടന്നുറങ്ങാൻ തീരുമാനിച്ചിരുന്ന കാലം.

അന്നൊരിക്കൽ, വെളുപ്പിനോ മറ്റോ ഏതാണ്ടൊരു ഉൾവിളിപോലെ താൻതന്നെ രഞ്ജിത്തിന്റെ മുറിയിലേക്ക് കടന്നുചെന്ന് അയാളെ ഉറക്കത്തിൽനിന്ന് തട്ടിയുണർത്തുകയായിരുന്നുവെന്നു നല്ല ഓർമ്മയുണ്ട്.

ആരോടോ ഒക്കെ പക പോക്കുന്ന വിധത്തിൽ, ആക്രമിച്ച് കീഴടക്കാനുള്ള വ്യഗ്രതയോടെ, മുമ്പൊരിക്കലും സങ്കല്പിക്കാൻപോലും കഴിയാതിരുന്ന തരത്തിലൊരു സംയോഗം. ആണിന്റെ മേൽക്കോയ്മയിൽ എന്നും അഹങ്കരിച്ചിരുന്ന വെറിയനോട് താഴ്ന്ന ശബ്ദത്തിൽ പറഞ്ഞതുമാത്രം ഓർമ്മയുണ്ട്. ഇങ്ങോട്ടു കയറിവന്നത് കീഴടങ്ങലാണെന്നു കരുതേണ്ട. ഈ രാത്രി ഇപ്പോൾ, എന്റേതു മാത്രം. എനിക്ക് ജയിക്കണ്ടാ, പക്ഷേ, ആരുമെന്നെ തോല്പിക്കാൻ സമ്മതിക്കില്ല. നിങ്ങളുടെ ആ പ്രാകൃതമായ കരുത്തിനു മുമ്പിൽ ചുരുണ്ടുകൂടാറുണ്ടായിരുന്ന ആ പഴയ നാട്ടിൻപുറത്തുകാരിയെ മറന്നേക്കൂ. എന്റെ ശരീരത്തെ, മനസ്സിനെ, ഒരിക്കലും അറിഞ്ഞുകൊണ്ട് തൊടാൻ നിങ്ങൾക്കായിട്ടില്ലല്ലോ.

അതേവരെ പറയാത്ത, പക്ഷേ, പറയാനാഗ്രഹിച്ചിരുന്ന, പലതും പുലമ്പിക്കൊണ്ട്, ആവുന്നത്ര ആഴത്തിൽ മുറിവേല്പിക്കാനുള്ള വെമ്പലോടെ...

ഒടുവിൽ വലിയൊരു കിതപ്പിൽ, വിയർപ്പിന്റെ ദുർഗ്ഗന്ധത്തിൽ, അള്ളിപ്പിടിച്ചിരിക്കുന്ന പുരുഷശരീരത്തിൽനിന്ന് സ്വയം വേർപെടുത്തി കുളിമുറിയിലേക്ക് നടന്നപ്പോൾ കണ്ണാടിയിലെ തന്റെ വികൃതമായ രൂപത്തെ നോക്കി പൊട്ടിക്കരഞ്ഞു.

ഇത് തീർച്ചയായും പ്രിയംവദയല്ല, കാട്ടുപൂക്കൾ വിരിഞ്ഞു നിൽക്കുന്ന താഴ്വാരത്തിലൂടെ കൈകൾ വീശിയെറിഞ്ഞ്, ഓടിയിറങ്ങാറുണ്ടായിരുന്ന ആ പഴയ പ്രിയംവദയല്ല. ഇണയുടെ പുരുഷത്വത്തിന്റെ വീറിനോട് പോരാടി ഒപ്പത്തിനൊപ്പം നിൽക്കാനുള്ള വ്യഗ്രതയിൽ സ്വയം ഉരുകിത്തീർന്നതും അതേ പ്രിയംവദതന്നെ.

ആദ്യം മുറിച്ചുകളഞ്ഞത് ഒരിക്കൽ പലരേയും വല്ലാതെ മോഹിപ്പിച്ചിരുന്ന, മുട്ടോളം നീണ്ടു കിടന്നിരുന്ന ആ മുടിയുടെ പാതിയോളം ഭാഗം. ഇനി കഴുത്തറ്റം വരെ മാത്രം മതി മുടി. പിന്നെ തന്റേതു മാത്രമായ, ചില പ്രിയപ്പെട്ട അടയാളങ്ങളും. അപ്പോഴൊക്കെ, പ്രാർത്ഥിക്കാനുണ്ടായിരുന്നത് ഒന്നു മാത്രമായിരുന്നു.

അമ്മേ, മഹാമായേ! എന്റെ സ്ത്രീത്വം കാത്തുസൂക്ഷിക്കാൻ അനുഗ്രഹിക്കേണമേ. എനിക്ക് എന്റേതായൊരു ഇടം സാദ്ധ്യമാകേണമേ.

ജയിക്കാൻ വേണ്ടിയല്ല, തോൽക്കാനുള്ള മടികൊണ്ടു മാത്രം. ആരേയും തോല്പിക്കണമെന്നില്ല, രഞ്ജിത്തിനെപ്പോലും. പക്ഷേ, എന്റെ ശരീരത്തെ പ്രാകൃതമായ ഏതോ ആസക്തിയോടെ ആക്രമിച്ചു കീഴ്പെടുത്താനുള്ള ആ മനുഷ്യന്റെ വ്യഗ്രത എന്നെ വല്ലാതെ അലട്ടുന്നു.

ഇതല്ലല്ലോ ശരിയായ പ്രിയംവദയെന്ന് അയാളെ പറഞ്ഞു മനസ്സിലാക്കാൻ എനിക്കൊരിക്കലും കഴിഞ്ഞിട്ടില്ലല്ലോ. ശരിക്കുള്ള പ്രിയംവദയെ അറിഞ്ഞൊന്ന് സ്പർശിക്കാൻപോലും നിങ്ങളെക്കൊണ്ടാവുന്നില്ലല്ലോ എന്ന് ഉറക്കെ വിളിച്ചുകൂവാൻ മോഹിച്ചപ്പോഴൊക്കെ ഏതോ ശക്തി പുറകോട്ടു പിടിച്ചുവലിച്ചുകൊണ്ടിരുന്നു.

അങ്ങനെ പറഞ്ഞിരുന്നെങ്കിൽതന്നെ അയാൾ ഉറക്കെ ചിരിക്കുമായിരുന്നുവെന്ന് ഉറപ്പുണ്ട്. അതും ആണിന്റെ ചിരി. പെണ്ണിനുമേലുള്ള ആധിപത്യം എളുപ്പത്തിൽ അടയാളപ്പെടുത്താൻ കെല്പുള്ള ആണിന്റെ ചിരി.

പ്രിയംവദയെന്നു പറയുന്നത് അന്നയാൾക്ക് വെറും ചന്തമുള്ളൊരു ശരീരം മാത്രമായിരുന്നല്ലോ.

ഒരർത്ഥത്തിൽ അയാളുടെ വലിയ പഠിപ്പും, ലോകപരിചയവുമൊക്കെ വെറുതെ. ആണിനെയും, പെണ്ണിനെയും ഒരേപോലെ കാണാൻ കഴിയുന്ന വലിയൊരു തുറന്ന സമൂഹത്തിൽ ഏറെക്കാലം കഴിഞ്ഞുകൂടിയിട്ടും, തന്റെ പെണ്ണിന്റെ മുമ്പിൽ വരുമ്പോൾ ഒരു നാടൻ മാടമ്പിയായി മാറാൻ അയാൾക്ക് നിമിഷങ്ങൾ മാത്രം മതിയായിരുന്നു.

അമ്മയില്ലാതെ വളർന്ന കുട്ടിക്കാലത്തെ ഏകാന്തതയും, അരക്ഷിത ബോധവുമൊക്കെ പിന്നീട് രഞ്ജിത്തിന്റെ ഉള്ളിൽ ഒരുപാട് അനാവശ്യമായ ക്രൂരതകൾ കൊണ്ടുവന്നു നിറച്ചിരിക്കാം. പക്ഷേ, ഒപ്പം കഴിഞ്ഞ അത്രയും നാളുകളിൽ എന്നെങ്കിലുമൊരിക്കൽ അയാൾക്കൊരു കാമുകന്റെ തീവ്രത യോടെ തന്റെയടുത്ത് വരാൻ കഴിഞ്ഞിരുന്നുവെങ്കിൽ, എന്ന് എത്രയോ തവണ മോഹിച്ചിട്ടുണ്ട്.

വാക്കുകളിൽ, നോട്ടത്തിൽ, സ്പർശത്തിൽ, പെരുമാറ്റത്തിൽ...

എന്നെങ്കിലുമൊരിക്കൽ ഒരു കാമുകനായി, ഒരു കൃഷ്ണസങ്കല്പമായി.

പക്ഷേ, എന്റെ ഉള്ളിലൂടെ തെളിഞ്ഞും അലിഞ്ഞും പോകാറുണ്ടായി രുന്ന ഒരിക്കലും നടക്കാത്ത സ്വപ്നങ്ങളിൽകൂടി അത് അസാദ്ധ്യമായിരുന്നു.

രഞ്ജിത്തിന് എന്നും രഞ്ജിത്തിനെപ്പോലെ മാത്രമേ പെരുമാറാൻ കഴി ഞ്ഞിരുന്നുള്ളൂ. അതുകൊണ്ടുതന്നെ വിരസമായ ഒത്തുകൂടലിന്റെ വേളക ളിൽ, മടുപ്പിക്കുന്ന ആവർത്തനത്തിന്റെ നിമിഷങ്ങളിൽ, തന്റെ പങ്കാളിയായി ആരെയോ ഒക്കെ സങ്കല്പിച്ചു പോകാറുണ്ടായിരുന്നു.

ഒരു കാലത്ത് തന്നെ വല്ലാതെ മോഹിച്ചിരുന്ന ഉണ്ണ്യേട്ടൻ തൊട്ട്, ആരെ ക്കെയോ, ആരൊക്കെയോ, അന്നേരം തന്റെയൊപ്പം, തന്റെ പ്രിയപ്പെട്ട സ്വകാ ര്യതയുടെ പങ്കാളിയായി.

കണ്ടുമറന്ന ആരുടെയോ ഒക്കെ മുഖങ്ങൾ. ഒരിക്കലും ഇഷ്ടപ്പെടാത്തവർ. അറിയാതെ ചിലപ്പോൾ ചില ചെറിയ ഇഷ്ടം തോന്നിയിട്ടുള്ളവർ. നീണ്ട യാത്ര കളിൽ, തീവണ്ടിയിലും, വിമാനത്താവളങ്ങളിലുമൊക്കെയായി യാദൃച്ഛികമായി കണ്ടുമുട്ടി, പരിചയപ്പെട്ട്, പിന്നീട് താനേ മറവിയിലേക്ക് മാഞ്ഞുപോയവർ.

പേരറിയാത്തവർ. വ്യക്തമായ മുഖംപോലുമില്ലാത്തവർ.

ഒടുവിൽ എല്ലാം കഴിയുമ്പോൾ കരയാനാണ് തോന്നുക, പിന്നെ വല്ലാതെ കശക്കിയെറിയുന്ന കുറ്റബോധവും. ഇത്രയും നേരം ഒരു ഗന്ധർവ്വ സാമീപ്യംപോലെ എന്റെ കൂടെ കഴിഞ്ഞവർ സത്യത്തിൽ എന്റെ ആരുമാ യിരുന്നില്ലല്ലോ. എന്ത് അവകാശമാണ് അന്നേരം അവർക്ക് എന്റെ മേലു ണ്ടായിരുന്നത്?

പക്ഷേ, അപ്പോഴൊക്കെ ഉള്ളിൽ ക്രൂരമായൊരു ആഹ്ലാദം നുരഞ്ഞു പൊങ്ങുകയാവും. ഇപ്പോൾ എന്റെ തൊട്ടടുത്ത്, തളർന്നു കിടന്നുറങ്ങുന്ന ഈ പ്രാകൃതനായ ശിലാമനുഷ്യന് അറിഞ്ഞുകൂടല്ലോ, ഞാൻ ഇത്രയും നേരം ആരുടെ കൂടെയായിരുന്നെന്ന്. മനസ്സുകൊണ്ടും, ശരീരംകൊണ്ടു പോലും ഞാനപ്പോൾ നിങ്ങളുടേതായിരുന്നില്ലല്ലോ...

നീതുവിന്റെ സ്വഭാവത്തിലെ പല ഏങ്കോണിപ്പുകളും കാറ്റും പിശറുമു ണ്ടായിരുന്ന ആ ശപിക്കപ്പെട്ട രാത്രിയെ ഓർമ്മിപ്പിച്ചിരുന്നു. അത്തരമൊരു രാത്രിയിലായിരുന്നില്ല അവൾ പിറക്കേണ്ടിയിരുന്നതെന്നു തോന്നിയിട്ടുണ്ട്. പിന്നീട് പലപ്പോഴും.

പിൽക്കാലത്ത് മനസ്സ് വല്ലാതെ കലങ്ങിമറിഞ്ഞ നാളുകളിലൊക്കെ തന്നെ വല്ലാതെ അലട്ടിയിരുന്ന ഒരു ചോദ്യമുണ്ടായിരുന്നു. അന്ന്, ആ കാറ്റും

പിശറുമുള്ള രാത്രിയിൽ രഞ്ജിത്തിനോടൊപ്പം ചേരുമ്പോൾ എന്റെ കൂടെയുണ്ടായിരുന്ന ആ അജ്ഞാതനായ പങ്കാളി ആരായിരുന്നിരിക്കാം?

ഓർമ്മയില്ല.

നീതുവിന്റെ വരവിനെ ആദ്യമൊക്കെ വലിയ ആഹ്ലാദത്തോടെയാണ് രഞ്ജിത്ത് കണ്ടിരുന്നത്. അത്തരമൊരു കൊച്ചു വിരുന്നുകാരിക്ക് തങ്ങളെ അല്പമെങ്കിലും അടുപ്പിക്കാൻ കഴിഞ്ഞേക്കുമെന്ന് പ്രിയംവദയും മോഹിച്ചു. പക്ഷേ, പിറന്നു വീണ നാളിൽത്തന്നെ ആ പിഞ്ചുകുഞ്ഞിന്റെ നേർക്ക് പകച്ചു നോക്കി നിൽക്കുകയായിരുന്നു രഞ്ജിത്ത്.

നീതു വളരുമ്പോഴും അയാൾ അതുതന്നെ ശ്രദ്ധിക്കുകയായിരുന്നു. ഒരിക്കലും നേരിൽ പറഞ്ഞില്ലെങ്കിലും വിചിത്രമായൊരു പരിചയക്കേട് അയാളുടെ മുഖത്ത് പലപ്പോഴും പാടകെട്ടി നിന്നിരുന്നത് തനിക്ക് തെളിഞ്ഞു കാണാമായിരുന്നു. ഇരുനിറത്തിൽ, ഒരിക്കലും ചിരിക്കാത്ത, എപ്പോഴും മൂടിക്കെട്ടിയ കനത്ത മുഖവുമായി ഒരു കുഞ്ഞ്. ഒട്ടും മിനുപ്പില്ലാത്ത മുഖം. തീരെ മയമില്ലാത്ത കോലൻമുടി.

പതിവുപോലെയുള്ള ഏതെങ്കിലുമൊരു പൊട്ടിത്തെറിയുടെ നിമിഷത്തിൽ ആ ചോദ്യം അയാൾ തന്റെ മുഖത്തേക്കെറിയുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നു. അതിനു പറയാൻ പറ്റിയൊരു മറുപടിയും കരുതിവച്ചിരുന്നു.

കർക്കിടകത്തിലെ ആ കാറ്റിന്റെ രാത്രി മറന്നുപോയോ രഞ്ജിത്ത്? ആ അമാവാസി രാത്രിയിലെ ഒത്തുചേരലിൽ സ്നേഹത്തിന്റെ ഒരു തുള്ളിപോലുമില്ലായിരുന്നല്ലോ. സംയോഗനിമിഷങ്ങളിലെ സ്നേഹമല്ലേ കുഞ്ഞുങ്ങളുടെ മുഖത്തെ മിനുപ്പായി മാറുന്നത്?

'മാഡം...'

ലൈബ്രേറിയന്റെ ശബ്ദം തൊട്ടടുത്തു കേട്ടപ്പോൾ പ്രിയംവദ ഞെട്ടിയുണർന്നു.

'ഉറങ്ങിപ്പോയെന്നു തോന്നുന്നു,' അയാൾ ചിരിക്കാൻ നോക്കുന്നു.

ഒന്നും പറയാതെ പതുക്കെ എഴുന്നേറ്റ് മുഖം തുടച്ച് കോണിപ്പടികളിറങ്ങുമ്പോൾ അയാളുടെ മുഖത്തേക്കു നോക്കാതിരിക്കാൻ ശ്രദ്ധിച്ചു.

ശാന്തമായി ഉറങ്ങാൻ ലൈബ്രറിയിലെ മെംബർമാരുടെ മുറി മാത്രമേ കിട്ടിയുള്ളൂ ഈ സ്ത്രീക്ക്?

സ്വൈരമായൊന്ന് ഉറങ്ങാൻപോലും സ്വന്തം വീട്ടിൽ സൗകര്യമില്ലാത്ത പാവം സ്ത്രീ. അയാൾക്ക് വലിയ സഹതാപമായിരിക്കും തോന്നിയിരിക്കുക.

മോശമായിപ്പോയി. വേണ്ടായിരുന്നു. ഇനി ഈ പടി കടക്കാനും മടി തോന്നിയേക്കും. അങ്ങനെ തന്റെ മുമ്പിൽ താനേ അടഞ്ഞുപോകുന്ന പല കവാടങ്ങളിൽ ഒന്നുകൂടി.

പ്രിയംവദ തിടുക്കത്തിൽ മുറ്റത്തേക്കിറങ്ങി.

ഇരുപത്തൊമ്പത്

നീതുവിൽ പെട്ടെന്നുവന്ന മാറ്റത്തെപ്പറ്റി തീരെ മനസ്സിലാക്കാനാവാതെ കുഴങ്ങുകയായിരുന്നു പ്രിയംവദ. അവൾ ഉള്ളിലേക്ക് ഒതുങ്ങിക്കൂടാൻ തുടങ്ങിയതു വളരെ പെട്ടെന്നായിരുന്നു. അതിനുള്ള കാരണങ്ങൾ തിരഞ്ഞു പോയപ്പോൾ പതിവുപോലെ എങ്ങുമെത്താനായതുമില്ല.

ഒരു സന്ധ്യയ്ക്ക് മഴ നനഞ്ഞാണ് അവൾ വന്നുകയറിയത്. ബൈക്കിന്റെ കാരിയറിൽ മഴക്കോട്ടും തൊപ്പിയും ഉണ്ടായിരുന്നെങ്കിലും, അതൊന്നും എടുക്കാതെ ആ പെരുംമഴയത്ത് ബൈക്കോടിച്ചു വന്നു കയറുകയായിരുന്നു.

നനഞ്ഞ പൂച്ചക്കുഞ്ഞിനെപ്പോലെ വിറച്ചുകൊണ്ട് വന്നു കയറുമ്പോൾ, വാതിൽപ്പടിതൊട്ട് വെള്ളം ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു.

പ്രിയംവദ വല്ലാതെ പരിഭ്രമിച്ചു പോയി.

'ഈ മഴയത്തിങ്ങനെ... എവിടെയെങ്കിലും കയറി നിൽക്കാമായിരുന്നില്ലേ കുട്ടീ നിനക്ക്? നിന്റെ റെയിൻകോട്ടെവിടെ?'

ഒന്നിനും മറുപടി പറയാതെ കൈകൾ നെഞ്ചത്തോടു ചേർത്തുപിടിച്ചു നിന്ന് വിറയ്ക്കുകയായിരുന്നു. കാർപ്പെറ്റിന്റെ ഒരുഭാഗം മുഴുവനും നനഞ്ഞു കുതിർന്നിരിക്കുന്നു.

ഒരു നിമിഷം ഒന്നും മനസ്സിലാക്കാനാകാതെ നോക്കിനിന്നു പ്രിയംവദ.

'നീതൂ, എന്റെ മോളേ...'

ഈ കോലം കണ്ടുകൊണ്ടു നിൽക്കാൻ വയ്യ. നനഞ്ഞൊട്ടിയ, ചെളിവെള്ളം തെറിച്ച് ആകെ അഴുക്കായ ഉടുപ്പുകൾ ഓരോന്നായി പണിപ്പെട്ട് അഴിച്ചു മാറ്റുമ്പോൾ അവൾ അനുസരണയുള്ള കുട്ടിയെപ്പോലെ നിന്നു കൊടുത്തു.

തല തുവർത്തിക്കൊടുക്കുമ്പോൾ, നെറുകയിൽ രാസ്നാദിപ്പൊടിയിട്ട് തിരുമ്മുമ്പോൾ, അവൾ വീണ്ടും ആ പഴയ സ്കൂൾകുട്ടിയായതുപോലെ.

പണ്ടത്തെപ്പോലെ വേഷം മാറാൻ അമ്മതന്നെ സഹായിക്കേണ്ടിവന്നു. അലമാരിയിൽനിന്ന് അമ്മതന്നെ തെരഞ്ഞെടുത്തു കൊടുക്കുന്ന ഉടുപ്പുകളിട്ട്, അമ്മയുടെ തോളത്തു കൈവച്ച്, തല താഴ്ത്തി അങ്ങനെ നിൽക്കുന്ന അനുസരണയുള്ള കുട്ടി.

ഒരു കമ്പിളിഷാളെടുത്ത് പുതപ്പിച്ചു കൊടുത്തിട്ടും അവളുടെ ശരീരത്തിൽ നിന്ന് അപ്പോഴും വിറയൽ മാറിയിരുന്നില്ല.

ഒന്നും മിണ്ടാതെ നിൽക്കുകയാണവൾ. അവളുടെ നനവു വിടാത്ത മുഖത്ത് അപ്പോഴും അജ്ഞാതമായ ചില ആശങ്കകളുടെ, ഭീതിയുടെ നിഴലുകൾ.

'എന്തേ മോളേ...' പ്രിയംവദ പരിഭ്രമത്തോടെ തട്ടിയുണർത്താൻ നോക്കുകയാണ്: 'എന്തു പറ്റി? നീയെവിടെ പോയിരുന്നു?'

ഒന്നുമില്ലെന്ന് അവൾ തലയാട്ടിയെങ്കിലും എന്തോ പന്തികേട് ഉണ്ടെന്ന് അമ്മയ്ക്കു പെട്ടെന്ന് മനസ്സിലായി. അവൾ ചുറ്റും നോക്കുന്നതു വലിയ ഭയപ്പാടോടെയാണ്.

ഊൺമേശയ്ക്കരികിൽ മുഖം കുനിച്ചിരുന്ന് അവൾ ചുടുചായ ഊതികുടിക്കുന്നത് അമ്മ നോക്കിനിന്നു. മകളുടെ ഉള്ളിലൂടെ കടന്നുപോകുന്നത് എന്തൊക്കെയായിരിക്കുമെന്ന് ഊഹിച്ചെടുക്കാവുന്ന കാലം എന്നേ കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവളുടെ മനസ്സിന്റെ സഞ്ചാരങ്ങൾ എനിക്ക് ചെന്നെത്താവുന്നതിലും എത്രയോ അകലത്തൂടെ. ഒരുപക്ഷേ അവൾക്കുപോലും രൂപമില്ലാത്ത ഏതൊക്കെയോ വഴികളിലൂടെ.

അന്ന് രാത്രി നീതു ഒന്നും കഴിച്ചില്ല. പതിവുള്ള ടി.വി. വാർത്തകൾ കൂടി കാണാതെ, കിടക്കയിൽ കമ്പിളിക്കകത്തേക്കു ചുരുണ്ടുകൂടുന്നതു കണ്ടു.

രാത്രിയിൽ എപ്പോഴോ പ്രിയംവദ ഞെട്ടിയുണർന്നു നോക്കുമ്പോൾ നീതുവിന് നല്ല പനിയുണ്ടായിരുന്നു. നെറ്റിയാകെ വല്ലാതെ പൊള്ളുന്നു. ഉള്ളിലെ പനിയുടെ കടുപ്പംകൊണ്ടാകാം ഇടയ്ക്കൊക്കെ വല്ലാത്ത കുടച്ചിൽ. വരണ്ട ചുണ്ടുകൾ എന്തൊക്കെയോ പിറുപിറുക്കുന്നുമുണ്ട്.

നെറ്റിയിൽ നനഞ്ഞ ശീലക്കഷ്ണം മാറിമാറി വച്ചുകൊണ്ട് പ്രിയംവദ ഏറെനേരം കട്ടിലിന്റെ തലയ്ക്കലിരുന്നു.

വെളുപ്പിനെപ്പോഴോ ക്ഷീണംകൊണ്ട് താനേ മയങ്ങിപ്പോയിരിക്കണം. നേരം പുലരുമ്പോൾ താൻ കട്ടിലിൽ മകളോടു പറ്റിച്ചേർന്ന് കിടക്കുകയാണെന്ന് പ്രിയംവദയ്ക്ക് മനസ്സിലായി. നീതുവിന്റെ ചൂട് വിടാത്ത ശരീരം തന്നോട് അള്ളിപ്പിടിച്ച് കിടക്കുകയാണ്.

പതുക്കെ നെറുകയിൽ തലോടി, കവിളത്തു ചുണ്ടുകളമർത്തുമ്പോൾ തന്റെയുള്ളിലെ പിടച്ചിൽ പ്രിയംവദയറിഞ്ഞു. എത്ര നാളുകളായി ഇവളുടെ ശരീരത്തെ ഇങ്ങനെ അടുത്തറിഞ്ഞിട്ട്.

മൂന്ന് നാളുകൾക്കുള്ളിൽ പനി വിട്ടെങ്കിലും അതിനകം നീതു വല്ലാതെ മാറിപ്പോയതായി പ്രിയംവദയ്ക്ക് തോന്നി. അമ്മയുടെ ചോദ്യങ്ങൾക്കൊന്നിനും മറുപടിയില്ല. മിണ്ടാട്ടം തീരെ നിലച്ചതുപോലെ. നേരാംവണ്ണം ആഹാരം കഴിക്കാതെ, കുണ്ടിൽപ്പോയ കണ്ണുകളിൽ അപ്പോഴും അകാരണമായ ഭീതിയുടെ നിഴലനക്കങ്ങൾ.

കോളേജിൽ പോകാതായിട്ട് നാലഞ്ചു നാളുകളായി. കൈയിലൊരു പുസ്തകവും നിവർത്തിപ്പിടിച്ച് മുറിയിൽ അടച്ചിരിപ്പാണ് എപ്പോഴും. പുസ്തകത്തിന്റെ താളുകൾ മറിയുന്നത് കാണാറില്ല. ആ ശൂന്യമായ നോട്ടം കിടപ്പുമുറിയുടെ തുറന്നിട്ട ജാലകങ്ങളിലൂടെ ദൂരെയെവിടെയോ ചെന്നുവീണുറയുന്നു.

ആലീസ് ഓടിക്കയറിവന്നതു വല്ലാത്ത അങ്കലാപ്പോടെയാണ്. കൂട്ടുകാരികൾ രണ്ടു പേരും മുറിക്കകത്ത് വാതിലടച്ചിരിക്കുന്നതു കണ്ടു, ഏറെനേരം.

പിന്നീട് പുറത്തു വരുമ്പോൾ ആലീസിന്റെ മുഖത്തു കരച്ചിലൊതുക്കിയതിന്റെ തിണർപ്പുണ്ടായിരുന്നു. പ്രിയംവദയെ കണ്ടപ്പോൾ അവൾ പെട്ടെന്ന് ഉള്ളംകൈകൊണ്ട് മുഖം തുടച്ചു.

'എന്തേ ആലിസ്?' പ്രിയംവദയുടെ ഒച്ച പൊങ്ങുന്നുണ്ടായിരുന്നില്ല.

'ഒന്നൂല്യാ, നീതൂന്റമ്മേ,' സമാധാനിപ്പിക്കാനായി ആലീസ് അവരുടെ ചുമലിൽ കൈയമർത്തുകയാണ്: 'നല്ല പനീണ്ടായിരുന്നെന്ന് തോന്നണു. വല്ലാണ്ട് ക്ഷീണിച്ചിരിക്കണു അവള്. കുറച്ചൂസമൊന്ന് റെസ്റ്റെടുക്കട്ടെ.'

'എന്തുപറ്റി എന്റെ മോൾക്ക്?' പ്രിയംവദയുടെ തൊണ്ട വിറച്ചു.

'ഒന്നൂല്യാ നീതൂന്റമ്മേ,' ആലിസ് ആവർത്തിച്ചു: 'അവൾക്കു വേണ്ടത് കുറച്ച് റെസ്റ്റാന്നു തോന്നണു. പറ്റുമെങ്കിൽ ഒരു മൂന്നാല് ദിവസത്തേക്കെങ്കിലും നിങ്ങളിവിടന്ന് മാറി നിൽക്കണത് നന്നായിരിക്കും. നാട്ടില്, അല്ലെങ്കിൽ വേറെ ഏതെങ്കീലും ഒഴിഞ്ഞ സ്ഥലത്ത്, അമ്മേം മോളും മാത്രായിട്ട്.'

പ്രിയംവദ ഒന്നും പറയാതെ മുറിയിലേക്ക് നോക്കി. നീതു അപ്പോഴും അതേ പുസ്തകവുമായി ചാരുകസേരയിൽ കിടപ്പാണ്. പക്ഷേ, അവളുടെ നോട്ടം പുസ്തകത്തിലല്ലെന്ന് വ്യക്തമായിരുന്നു.

ആലീസ് പെട്ടെന്ന് സ്വരം മാറ്റി ആ പഴയ പ്രസരിപ്പ് മുഖത്തു വരുത്താൻ നോക്കി.

'അവിടെയിപ്പൊ യൂത്ത്ഫെസ്റ്റിവലിന്റെ പടയൊരുക്കമാണ്. കഴിഞ്ഞ കുറി കിട്ടാതെ പോയ കിരീടം പിടിച്ചെടുക്കാനുള്ള വെപ്രാളത്തിലാണ് പ്രിൻസിയും പരിവാരങ്ങളും.'

പ്രിയംവദ ശ്രദ്ധിക്കുന്നില്ലെന്നു കണ്ടപ്പോൾ അവൾ പെട്ടെന്ന് നിറുത്തി.

'നോക്കൂ, ആലീസ്,' പ്രിയംവദ അടുത്തേക്കെത്തി അവളുടെ കണ്ണുകളിലേക്ക് തുറിച്ച് നോക്കി: 'എന്റെ മോൾക്ക് എന്ത് പറ്റിയെന്ന് പറയൂ.'

'ഒന്നും പറ്റീട്ടൊന്നൂല്യാ. അല്ലെങ്കിലും എന്ത് പറ്റാനാണ്?' ആലീസ് തന്റെ മുഖത്തേക്ക് നോക്കാൻ മടിക്കുന്നതുപോലെ.

'കമോൺ ആലീസ്. നിനക്കെന്നെ കളിപ്പിക്കാനാവില്ല,' പ്രിയംവദ അവളുടെ ചുമലുകൾ പിടിച്ച് ആഞ്ഞു കുലുക്കി: 'കമോൺ ടെൽമീ. എന്തൊക്കെയോ സംസാരിക്കുകയായിരുന്നല്ലോ നിങ്ങൾ ഇത്രയും നേരം. എന്താണ് നീതു പറഞ്ഞത്? അവൾ നിന്നോടൊന്നും മറച്ചുവയ്ക്കില്ലെന്ന് നല്ല ഉറപ്പാണെനിക്ക്.'

'അങ്ങനെ്യാന്നും പറഞ്ഞില്യാ നീതൂന്റമ്മേ. കർത്താവാണേ സത്യം. അല്ലെങ്കിലും, അവളിപ്പോൾ പഴയപോലെ്യാന്വല്ല. തൊണ്ടയ്ക്കുള്ളീന്ന് മിണ്ടാട്ടം വറ്റിപ്പോയതുപോലെ.'

ആലീസ് എന്തൊക്കെയോ ഒളിക്കാൻ നോക്കുന്നുണ്ടെന്ന് പ്രിയംവദയ്ക്ക് മനസ്സിലായി.

'നോക്കൂ ആലീസ്...' പ്രിയംവദയുടെ ഒച്ച കനത്തു: 'നിന്നെയൊരു മോളേപ്പോലെയാണ് ഞാൻ ഇത്രയും കാലം കണ്ടിരുന്നത്. ഇപ്പോൾ നീയും കൂടി സാമർത്ഥ്യം കാണിക്കാൻ തുടങ്ങിയാൽ അത് പ്രിയംവദയുടെ തോൽവിയായി കണക്കാക്കണ്ട. നിങ്ങളൊക്കെ ഇത്രയേ ഉള്ളൂവെന്ന് തിരിച്ചറിയാൻ വൈകിപ്പോയല്ലോ എന്ന സങ്കടം ബാക്കിയാകുമെന്നു മാത്രം.'

അത് തീരെ താങ്ങാനായില്ല ആലീസിന്.

'നീതൂന്റമ്മേ, എന്തൊക്കെയാണീ പറയുന്നത്?' ആലീസിന്റെ ഒച്ച ചിലമ്പി: 'അതിനു പാകത്തിന് എന്താവടെ ഉണ്ടായത്?'

'അതൊക്കെ പറഞ്ഞു തരേണ്ടതു നിങ്ങൾതന്നെയാണ്. എല്ലാവരും ചേർന്ന് എന്നെ കളിപ്പിക്കുകയായിരുന്നെന്ന് എനിക്കു നന്നായറിയാം. എന്നോട് ഇടപെട്ടിട്ടുള്ള എല്ലാവരും എന്നെ കളിപ്പിക്കാൻ നോക്കീയിട്ടുണ്ട്. ഒരു തരത്തിലല്ലെങ്കിൽ വേറൊരു തരത്തിൽ. ഒരു സമയത്തല്ലെങ്കിൽ മറ്റൊരു സമയത്ത്. ആർക്കും എളുപ്പത്തിൽ കളിപ്പിക്കാവുന്ന ഒരു മരപ്പാവയായി ഒരു പ്രിയംവദയും...'

അവരുടെ തൊണ്ട പെട്ടെന്ന് ഇടറി.

'നോ നീതൂന്റമ്മേ!' ആലീസ് അവരുടെ കൈകൾ പിടിച്ചമർത്തി: 'എനിക്ക് മനസ്സിലാവണില്യ. നീതൂന്റമ്മയെപ്പോലെ ഇത്രേം വലിയ സ്ഥാനത്തിരിക്കണ ഒരാള് ഇങ്ങനെ്യാക്കെ പറയാൻ തുടങ്ങിയാൽ ഞങ്ങള് കുട്ട്യോള്...'

'സ്ഥാനമൊക്കെ ശരി തന്നെ. പക്ഷേ, നിങ്ങളുടെയൊക്കെ ലോകം ഞാൻ ഇതേവരെ കണ്ടിട്ടുള്ള, അല്ലെങ്കിൽ കേട്ടറിഞ്ഞതിൽനിന്ന് എത്രയോ വേറെയാണെന്ന് മനസ്സിലാക്കാൻ ഒരുപാടു വൈകി. അതെന്റെ കഴിവുകേട്. ഒരു

തലമുറ അടുത്ത തലമുറയെ ഉപദേശിച്ച് വഴിക്കു കൊണ്ടുവരാൻ നോക്കു ന്നത് വങ്കത്തമാകുമെന്ന് അറിയാത്തവളല്ല ഞാൻ.'

മറുപടി പറയാനാകാതെ മുഖം തിരിക്കുകയാണ് ആലീസ്.

തെല്ലുനേരത്തേക്ക് രണ്ടുപേരും നിശ്ശബ്ദരായിരുന്നു. അല്പം കഴിഞ്ഞ് പതിഞ്ഞ സ്വരത്തിൽ ആലീസ് പറയുന്നതു കേട്ടു:

'ശരിയാണ് നീതൂന്റമ്മ പറയണത്. ആദ്യൊക്കെ ഞങ്ങടെ ജനറേഷനെപ്പറ്റി ഒരുപാട് അറിയാമെന്നായിരുന്നു എന്റേം വിശ്വാസം. ഇപ്പോ തോന്ന്വാണ് ഈ പാവം കണ്ടശ്ശാംകടവുകാരിക്ക് ഒരു കുന്തോം അറിയില്ലാന്ന്. മുമ്പൊക്കെ, ഒരു പിടിയും കിട്ടാത്ത ചിലതൊക്കെ കേൾക്കുമ്പോൾ പൊറകെ അന്വേഷിച്ച് പോണമെന്ന വാശി തോന്നാറുണ്ട്. പിന്നെപ്പിന്നെ അവനോനെ പറഞ്ഞു വിശ്വസിപ്പിക്കാൻ തൊടങ്ങി. ആലീസിനെപ്പോലത്തെ കൊച്ചു പാർട്ട്യോൾക്ക് ഇത്ര്യൊക്കെ മതി. ഇതൊക്കെ സിറ്റീല് വളർന്ന, വലിയൊര്ടെ ലോകം. ഈ പാവം കൊച്ചാപ്പൂന്റെ മോൾക്ക് ഇതിലെന്ത് കാര്യം.'

'അങ്ങനെയൊന്നുമല്ല, ആലീസേ. എന്റെ മോളും ചെറിയവളു തന്നെ. ആരുമില്ലാത്ത ഒരമ്മയുടെ, ആരോരുമില്ലാത്ത മകൾ!'

അത് ആലീസിന്റെ ഉള്ളിലെവിടെയോ കൊണ്ടു.

'പണ്ടൊക്കെ നീതു എല്ലാം പറയ്വായിരുന്നു ആലീസിനോട്. പിന്നെ കൊറെ നാളായിട്ട് ആരോടും അങ്ങനെ വലിയ കമ്പനിയില്ലാതായി. ആരോടും തുറന്നു സംസാരിക്കാറൂല്യാ. എല്ലാറ്റിൽനിന്നും മനപ്പൂർവം ഒഴിഞ്ഞു മാറണതുപോലെ. എല്ലാരും ശത്രുക്കളാന്നാ വിചാരം, ഈ പാവം ആലീസുകൂടി.'

'പിന്നെ നിങ്ങളാ മുറിക്കകത്ത് ഇത്രേം നേരം...?'

'വെറുതെയിരുന്നു, മുഖത്തോടു മുഖം നോക്കി രണ്ടു പേരും. ഒരുപാടു പറയാനുണ്ടായിട്ടും ഒന്നും പറയാതെ അങ്ങനെ വെറുതെയിരുന്നു. ഒടുവിൽ ആലീസിനു പിടിച്ചുനിൽക്കാൻ പറ്റാതായപ്പോൾ ആലീസ് കരഞ്ഞൂന്ന് തോന്നണു. ഇത്തിരി കഴിഞ്ഞപ്പൊ അവളും.'

തന്റെ തൊണ്ടക്കുഴലിലൂടെ ചുടുനീർ ഇറങ്ങിപ്പോകുന്നത് പ്രിയംവദ അറിയുന്നു.

'എനിക്ക് മനസ്സിലാവണില്ല, ഇങ്ങനെ പെട്ടെന്നൊരു മാറ്റം എന്റെ മോളിൽ...'

'പെട്ടെന്നൊന്ന്വല്ല. കൊറെ നാളായി.'

'എന്നിട്ട് നിങ്ങളാരും എന്നോടൊന്നും പറഞ്ഞില്ല.'

'നീതൂന്റമ്മ ശ്രദ്ധിച്ചുകാണുംന്ന് കരുതി.'

വിശ്വാസം വരാതെ ചുമൽ വെട്ടിച്ചുകൊണ്ട് പ്രിയംവദ പറഞ്ഞു:

'എല്ലാവർക്കും എല്ലാറ്റിനും കൃത്യമായ മറുപടിയുണ്ട്. ഒരു ചോദ്യത്തിനും മറുപടിയില്ലാത്ത ഒരേയൊരാൾ പ്രിയംവദ മാത്രം.'

എന്തോ ചോദിക്കാൻ തുടങ്ങിയിട്ട് പ്രിയംവദ പെട്ടെന്ന് പിൻമാറുന്നതുപോലെ തോന്നി. അല്പം കഴിഞ്ഞ് നന്നെ പതിഞ്ഞ ശബ്ദത്തിൽ തെല്ലൊരു മടിയോടെ അവർ ചോദിച്ചു:

'അവനിപ്പോഴും കോളേജിൽ...?'

'ഇടയ്ക്കൊക്കെ കാണാറുണ്ട് ഒരു മിന്നായം പോലെ, അത്രതന്നെ.'

'നീതു കാണാറുണ്ടോ അവനെ?'

'ആലീസിനറിഞ്ഞുകൂടാ. സത്യമാണ്. ആന്റി വിശ്വസിക്കില്ലെന്നറിയാം.'

പ്രിയംവദ ഒന്നമർത്തി മൂളി.

അകത്തു നിന്ന് എന്തോ ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ, നീതു ഉറക്കെ കൂർക്കം വലിക്കുകയാണ്. ചാരുകസേരയിൽ, അതേ കിടപ്പിൽ തന്നെ അവൾ ഉറങ്ങിപ്പോയിരിക്കുന്നു. മടക്കിവച്ച പുസ്തകം മടിയിൽ കിടക്കുന്നു.

വാതിലിൽ ചാരി ആ കിടപ്പു നോക്കി നിന്നപ്പോൾ ആലീസിന്റെ കണ്ണുകൾ നിറയുന്നതു കണ്ടു.

'എന്തേ ആലീസേ?' പ്രിയംവദ ചോദിച്ചു.

'ഓ, ഒന്നൂല്യാ നീതൂന്റമ്മേ,' ആലീസ് ഷാളിന്റെ അറ്റംകൊണ്ട് മുഖം തുടച്ചു.

'ഉച്ചയ്ക്ക് അല്പം കഞ്ഞിവെള്ളം മാത്രമാണ് കഴിച്ചത്. ഇനി രാത്രിയിലും ഒന്നും കഴിക്കുമെന്നു തോന്നുന്നില്ല.'

പ്രിയംവദയുടെ സ്വരത്തിൽ നിസ്സഹായതയായിരുന്നു.

കുറെക്കഴിഞ്ഞ് ആലീസ് യാത്ര പറഞ്ഞു പോകുമ്പോൾ പ്രിയംവദ ലിഫ്റ്റ് വരെ ചെന്നു. ബട്ടണമർത്തി ലിഫ്റ്റ് വരാനായി കാത്തു നിൽക്കുമ്പോൾ, പ്രിയംവദ ആലീസിന്റെ കൈ കടന്നു പിടിച്ചു.

'മോളുടെ ആ കിടപ്പു കാണാൻ വയ്യാ കുട്ടീ! എനിക്കെന്റെ മോളെ നഷ്ടപ്പെടുന്നതുപോലെ,' ആലീസിന്റെ മുമ്പിൽ പിടിച്ചുനിൽക്കാൻ പണിപ്പെടുകയാണ്: 'എനിക്കിനി നിങ്ങളൊക്കെയേ ഉള്ളൂ. അവളെ തിരിച്ചുകൊണ്ടുവരാൻ നിങ്ങളുടെയൊക്കെ സഹായം വേണം.'

ഒന്നും പറയാതെ വെറുതെ തലയാട്ടുമ്പോൾ ഇതുകൊണ്ടൊന്നും ആ അമ്മയെ സമാധാനിപ്പിക്കാനാവില്ലെന്ന് ആലീസിന് നന്നായറിയാമായിരുന്നു. തന്നെക്കാൾ എത്രയോ ഇരട്ടി ബുദ്ധിശക്തിയും ലോകപരിചയവുമുള്ള സ്ത്രീയാണ് ആകെ തളർന്നു തന്റെ കൈ കടന്നുപിടിക്കുന്നത്.

വെറുതെ പറയുകയാണെന്നു നന്നായറിയാമെങ്കിലും ആവുന്നത്ര ധൈര്യം കൊടുക്കുന്ന സ്വരത്തിൽ ആലീസ് പറഞ്ഞു:

'ഞങ്ങളൊക്കെണ്ടാവും, നീതൂന്റമ്മേ എപ്പഴും കൂടെ.'

ഒരു നൂൽത്തുമ്പത്തെന്നപോലെ അതിൽ പിടിച്ചുതൂങ്ങി സമാധാനം കണ്ടെത്താൻ അവർ പണിപ്പെടുമ്പോൾ ലിഫ്റ്റ് വന്നു.

ലിഫ്റ്റ് താഴോട്ടമർന്നപ്പോൾ, അതിന്റെ കിളിവാതിലിലെ ആലീസിന്റെ രൂപം പൊടുന്നനേ കാണാതായപ്പോൾ ഒരു നെടുവീർപ്പുയർന്നു.

പ്രിയംവദ വീണ്ടും നീതുവിന്റെ കിടപ്പുമുറിയിലേക്ക് എത്തിനോക്കി.

കൂർക്കംവലിയുടെ ശ്രുതി ഒന്നുകൂടി ഉയർന്നിരിക്കുന്നു. ലേശം ചരിഞ്ഞു പോയ തലയ്ക്കു കീഴിൽ ഒരു കൊച്ചു തലയിണവച്ച് അവർ മെല്ലെ പുറത്തേക്കു കടന്നു.

അപ്പോഴേക്കും പുറത്തു മഴ വീഴാൻ തുടങ്ങിയിരുന്നു. കാത്തിരിക്കാതെ വന്നെത്തുന്ന മറ്റൊരു മഴ.

അഞ്ചാം നിലയിൽനിന്ന് കാണാവുന്ന മഴയും, അഞ്ചാം നിലയിലെ കാറ്റും നോക്കിനിൽക്കാൻ വലിയ ഇഷ്ടമായിരുന്നു നീതുവിന്. ഇപ്പോൾ ആർക്കു വേണം ഈ മഴയും കാറ്റുമൊക്കെ?

ആർക്കും വേണ്ടാത്ത മഴ.

മുപ്പത്

ഫാക്റ്ററിയിലെ നവീകരിച്ച പ്ലാന്റിന്റെ ഉദ്ഘാടനത്തിന് രണ്ടു മന്ത്രിമാർ വരുന്നു. ഒരു കേന്ദ്രമന്ത്രിയും, സംസ്ഥാനത്തെ ഒരു സീനിയർ മന്ത്രിയും. സാമാന്യം നല്ല ഇളക്കമുണ്ടാക്കാൻ പോന്ന ഒരു ചടങ്ങായിരിക്കണം അതെന്ന് വലിയ നിർബ്ബന്ധമുണ്ടെന്നു തോന്നി സബർവാൾ കുടുംബത്തിന്.

ഇതേവരെ കൈവയ്ക്കാത്ത പല പുതിയ മേഖലകളിലേക്കും കടന്നു ചെല്ലാൻ തയ്യാറെടുക്കുകയാണ് പുതിയ തലമുറ. ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള സബർവാൾകുടുംബത്തിന്റെ തുടക്കം ആദ്യം മൊത്തക്കച്ചവടത്തിലായിരുന്നു. അവിടന്ന് ചില പരമ്പരാഗത വ്യവസായങ്ങളിലേക്കു കടന്നു. തൊടുന്നതെല്ലാം നേടിയെടുക്കാൻ പോന്ന കൈവർക്കത്തുള്ളതുകൊണ്ട് ആ സാമ്രാജ്യം പടിപടിയായി വളർന്നുവലുതായി.

ഭാഗം വയ്ക്കാത്ത വലിയ കൂട്ടുകുടുംബത്തിനകത്തുനിന്നുകൊണ്ടു തന്നെ പല പ്രദേശങ്ങളിലായി ചിതറിക്കിടക്കുന്ന സ്ഥാപനങ്ങൾ നന്നായി നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞത് കാരണവന്മാരുടെ യാഥാസ്ഥിതിക നിലപാടുകൾകൊണ്ടു മാത്രമായിരുന്നു. ഏതു പ്രധാന തീരുമാനവും പല തവണ കൂടിയാലോചിച്ചേ എടുക്കാവൂ എന്ന കീഴ്‌വഴക്കം അവരെന്നും പാലിച്ചിരുന്നു. പിന്നെ കുടുംബജ്യോത്സ്യന്മാരുടെയും, വാസ്തുക്കാരുടെയും വക കണിശമായ ചട്ടവട്ടങ്ങൾ വേറെ.

പക്ഷേ, വിദേശത്തു പഠിച്ച പുതിയ തലമുറയുടെ വരവോടെ കാര്യങ്ങളാകെ മാറി. അവർക്കു കാത്തിരിക്കാനുള്ള ക്ഷമയുണ്ടായിരുന്നില്ല. അങ്ങാടിയിലെ മത്സരഓട്ടത്തിൽ, പലതും വെട്ടിപ്പിടിക്കാനുള്ള വെപ്രാളത്തിൽ, തെറ്റായാലും, ശരിയായാലും തീരുമാനങ്ങൾ പെട്ടെന്ന് എടുത്തേ പറ്റൂ.

ഇതേവരെയുള്ളതിൽനിന്ന് കാര്യമായൊരു ചുവടുമാറ്റം വേണമെന്ന് അവർ ശാഠ്യം പിടിച്ചു. പരിസരമലിനീകരണമുണ്ടാക്കുന്ന പഴയ ഫാക്റ്ററികളിൽ നിന്ന് ആധുനിക മേഖലകളിലേക്ക് കടന്നേ പറ്റൂ. അതായത് ഐ.ടി., ബയോടെക്, ടെലിക്കമ്മ്യൂണിക്കേഷൻ തുടങ്ങിയവ. ഏറ്റവും ഒടുവിലായി സ്ഥാപകനായ താരാചന്ദിന്റെ പേരിൽ ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആസ്പത്രികൾ. അങ്ങനെ അവരുടെ മനസ്സിൽ കുറെയേറെ വലിയ പരിപാടികളായിരുന്നു.

അത്തരമൊരു ചുറ്റുപാടിൽ സർക്കാരിന്റെ പിന്തുണ തേടാനുള്ള ഒരു വലിയ അവസരമായി ഈ ഉദ്ഘാടനച്ചടങ്ങിനെ ഉപയോഗിച്ചേ പറ്റൂ.

വളം ഫാക്റ്ററിയുടെ നവീകരണ പ്രോജക്റ്റ് ഉദ്ദേശിച്ചയിടത്തുതന്നെ കൊണ്ടുപോയി കെട്ടാനായത് സബർവാൾകുടുംബത്തിനകത്ത് തന്റെ വ്യക്തിപരമായ നേട്ടമായി പെരുപ്പിച്ചുകാട്ടാൻ ശ്രമിക്കുകയായിരുന്നു ഹാർവാർഡ്. ചേട്ടാനിയന്മാരുടെ മക്കളായ ലണ്ടനും ഹാർവാർഡും തമ്മിൽ കുടുംബത്തിനകത്തുള്ള ഈ കിടമത്സരം നന്നായി ആസ്വദിക്കുന്നുണ്ട്, തന്ത്രക്കുരങ്ങന്മാരായി തട്ടിൻപുറത്തു കയറിക്കൂടിയ മൂത്ത സബർവാൾമാർ. നവീകരണത്തിന്റെ കാര്യത്തിൽതന്നെ ആദ്യം ചെറുതായൊരു ഉടക്കുമായി വന്നത് ലണ്ടന്റെ ചന്തക്കാരി പെമ്പിള്ളയായിരുന്നല്ലോ.

വ്യവസായലോകത്തെ ചെറുതായൊന്നു വിറപ്പിക്കാൻപോന്ന ആ ചടങ്ങിൽ പങ്കെടുക്കണമെന്ന് ഹാർവാർഡ് പ്രത്യേകം നിർദ്ദേശിച്ചെങ്കിലും പ്രിയംവദ ഒഴിയാൻ നോക്കി.

ഹാർവാർഡിനുവേണ്ടി ആദ്യം അയാളുടെ സെക്രട്ടറിയാണ് വിളിച്ചു പറഞ്ഞത്. ഈ പ്രോജക്റ്റ് ഒരു വൻവിജയമാക്കി മാറ്റിയതിൽ എച്ച്.ആർ. വകുപ്പിന്റെ പങ്ക് വളരെ വിലപ്പെട്ടതാണെന്നും അതേപ്പറ്റി തന്റെ സ്വാഗത പ്രസംഗത്തിൽ പ്രത്യേകം എടുത്തുപറയാൻ ഉദ്ദേശിക്കുന്നു എന്നുമൊക്കെയായിരുന്നു അയാളുടെ സന്ദേശം.

പ്രിയംവദ ഒഴിയുകയാണെന്നു കണ്ടപ്പോൾ ഹാർവാർഡിന്റെ നേരിട്ടുള്ള വിളി വന്നു. ഒരു നീണ്ട യാത്രയുടെ നടുവിൽ ഏതോ എയർപോർട്ടിലിരുന്നു തിരക്കിട്ടു വിളിക്കുകയായിരുന്നു അയാൾ.

'എന്തു പറ്റി മിസ്സിസ് മേനോൻ? നിങ്ങൾക്ക് വരാനാവില്ലെന്നു പറഞ്ഞല്ലോ എന്റെ സെക്രട്ടറി.'

'വേറൊന്നുംകൊണ്ടല്ല. എനിക്ക് തീരെ സുഖമില്ല സർ.'

'എനിതിങ് സീരിയസ്സ്?'

'അങ്ങനെയൊന്നുമില്ല. ഇങ്ങനെയൊരു യാത്രയ്ക്കു പറ്റിയ ചുറ്റുപാടിലല്ല ഇപ്പോൾ ഞാൻ.'

'എന്തുതന്നെയായാലും ഈ ചടങ്ങ് മിസ്സ് ചെയ്യരുതെന്നേ എനിക്കു പറയാനാവൂ. ഈ പ്രോജക്റ്റ് ഞങ്ങൾ പ്രതീക്ഷിച്ചതിലും വലിയ വിജയമാക്കി മാറ്റിയതിൽ നിങ്ങളുടെ ഡിപ്പാർട്ടുമെന്റിന്റെ റോളിനെപ്പറ്റി എടുത്തു പറയണമെന്ന് എനിക്ക് വലിയ താത്പര്യമുണ്ട്. ഒരു കമ്പനിയെ സംബന്ധിച്ചിടത്തോളം എച്ച്.ആറിന്റെ ശ്രമങ്ങൾ അളന്നെടുക്കാവുന്നതല്ല, തൊട്ടറിയേണ്ടതാണ്. മറ്റുള്ളവരുടെ നേരിൽ കാണാവുന്ന നേട്ടങ്ങൾ പൊലിപ്പിച്ച് കാണിക്കപ്പെടുമ്പോൾ നിങ്ങളുടെ ശ്രമങ്ങളെ അവ അർഹിക്കുന്ന സ്ഥാനത്തുതന്നെ പ്രതിഷ്ഠിക്കേണ്ടത് എന്റെ ചുമതലയാണ്. പ്രത്യേകിച്ചും മാനേജ്മെന്റിൽ തൊഴിലാളികളുടെ പങ്കിനെപ്പറ്റി നെടുങ്കൻ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത്...'

'അറിയാം സർ.'

'കേന്ദ്രത്തിൽനിന്ന് വരുന്ന മന്ത്രി പഴയൊരു ട്രേഡ്യൂണിയൻ നേതാവുകൂടിയാണ്. വലിയ താപ്പാനയായ അയാൾക്കിത് നന്നായി സുഖിക്കും. അയാൾക്കു സുഖിച്ചാൽ തീർച്ചയായും നമുക്കതുകൊണ്ട് മറ്റു പല പ്രയോജനങ്ങളുമുണ്ടാകും. പുതിയ ചില മേഖലകളിലേക്കു കടക്കാൻ ഞങ്ങൾ പ്ലാൻ ചെയ്തുകൊണ്ടിരിക്കുന്ന ചുറ്റുപാടുകളിൽ ഈ രാഷ്ട്രീയക്കാരുടെ പിൻബലം ആവശ്യമാണ്. അതുകൊണ്ടുതന്നെ എല്ലാ പ്രമുഖ പാർട്ടികളുടേയും നേതാക്കന്മാരെ ഈ ചടങ്ങിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.'

'അറിഞ്ഞിരുന്നു സർ.'

'മിസ്സിസ് മേനോനോടാവുമ്പോൾ തുറന്നു പറയാമല്ലോ. ഞങ്ങളുടെ കുടുംബത്തിന് ഇൻഡസ്ട്രിയിൽ പൊതുവേയുള്ള ഓമനപ്പേര് എന്താണ്? ഓൾഡ് ബാന്റിക്കൂട്ട്സ്! ഒരിക്കലും മാറാത്ത പഴയ തുരപ്പന്മാർ. തനി യാഥാസ്ഥിതികരായ, ജനശ്രദ്ധയിൽനിന്ന് ഒഴിഞ്ഞുമാറി, അധികമൊന്നും വലുതാകാൻ നോക്കാതെ തങ്ങളുടെ സമ്പത്തിനു മുകളിൽ ഭൂതങ്ങളെപ്പോലെ അടയിരിക്കാൻ ഇഷ്ടപ്പെടുന്ന പഴയ തലമുറയിലെ വ്യവസായികൾ. കാലം മാറു

ന്നത് അവർ കാണാൻ മടിക്കുന്നു. നിങ്ങളൊക്കെ ശ്രദ്ധിച്ചു കാണും, സാമാന്യം വലിയ വ്യവസായഗ്രൂപ്പാണ് നമ്മുടേതെങ്കിലും മാദ്ധ്യമശ്രദ്ധയിൽ നിന്ന് എപ്പോഴും ഒഴിഞ്ഞു നിൽക്കണമെന്ന നിർബ്ബന്ധമായിരുന്നു കാരണവന്മാർക്ക്. അവർക്ക് പത്രക്കാരെ വലിയ പേടിയാണ്, സംഭാവന പേടിച്ച് രാഷ്ട്രീയക്കാരേയും. ഇന്നത്തെക്കാലത്ത് ഈ രണ്ടുകൂട്ടരുടേയും പിൻബലമില്ലാതെ നമ്മുടെ പ്രവർത്തനം വികസിപ്പിക്കാനാവില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. നമുക്കു വേണ്ടത്, മോർ പബ്ലിസിറ്റി. മോർ വിസിബിലിറ്റി.'

'താങ്കൾ പറയുന്നതു ശരിയാണ്. നമുക്ക് മാദ്ധ്യമങ്ങളുടെ ശ്രദ്ധ ആകർഷിച്ചേ പറ്റൂ, പ്രത്യേകിച്ചും വൻവികസനത്തിന് തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഈ ചുറ്റുപാടുകളിൽ.'

'അതുകൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞത്, ഇത് പഴയൊരു ഫാക്റ്ററിയുടെ നവീകരണത്തിന്റെ ഉദ്ഘാടനം മാത്രമായി കാണാൻ നോക്കരുത്. ഇതൊരു വലിയ ചുവടുമാറ്റത്തിന്റെ തുടക്കമാണ്. അതിനെ ഒരു ഷോവാക്കി മാറ്റാനാണ് ഞങ്ങളുടെ പരിപാടി. അതിലൂടെ വ്യക്തമായ ചില അടയാളങ്ങളും കൊടുക്കാനാവും. അതായത് സബർവാൾകുടുംബം മാറുകയാണ്. പരമ്പരാഗതമൂല്യങ്ങൾ കൈവിടാതെതന്നെ പുതിയ ആശയങ്ങൾ ഉൾക്കൊണ്ട്, പുതിയ മേഖലകളിലേക്ക് ചേക്കേറാനുള്ള തയ്യാറെടുപ്പ്.'

'നന്നായി സർ. കുറെ വൈകിയെങ്കിലും നന്നായി.'

'അതാണ് പറഞ്ഞത്, നമ്മുടെ ഗ്രൂപ്പ് ഇത്തരം നിർണ്ണായകമായ ചില കാൽവെപ്പുകളുമായി മുന്നോട്ടുപോകുമ്പോൾ നിങ്ങളെപ്പോലെ ദൂരക്കാഴ്ചയുള്ളവരുടെ പങ്കാളിത്തം കൂടാതെ വയ്യ.'

'അറിയാഞ്ഞിട്ടല്ല സർ. താങ്കൾ നേരിട്ടു ക്ഷണിച്ചതുതന്നെ വലിയൊരു ബഹുമതിയായാണ് ഞാൻ കാണുന്നത്. ഒരു നിവൃത്തിയുണ്ടെങ്കിൽ ഞാനിത് ഒഴിവാക്കില്ലായിരുന്നു. പക്ഷേ, അയാം സോറി, സർ. തീരെ സുഖമില്ലാഞ്ഞിട്ടാണ്.'

ഹാർവാർഡിന് അത് തീരെ ഇഷ്ടപ്പെട്ടില്ലെന്നു തോന്നി.

'മാനേജ്മെന്റുമായി എന്തെങ്കിലും തെറ്റിദ്ധാരണ, ഏതെങ്കിലും കാര്യത്തിൽ...?'

'നെവർ സർ. ഉണ്ടായിരുന്നെങ്കിൽ നേരിട്ടുതന്നെ പറയുന്ന പ്രകൃതമാണ് എന്റേത്.'

'ഓക്കെ ദെൻ. വരാൻ ശ്രമിക്കുക എന്നേ എനിക്ക് പറയാൻ പറ്റൂ. നിങ്ങൾ വരുമെന്നുതന്നെയാണ് ഇപ്പോഴും എന്റെ ഉറച്ച വിശ്വാസവും. അതായത് മിസ്സിസ് മേനോനെപ്പോലത്തെ ഒരു തനി പ്രൊഫഷണലിന് ഇത്തരമൊരു ചടങ്ങിൽനിന്ന് ഒഴിയാനാവില്ലെന്ന് തന്നെ.'

ഹാർവാർഡ് പറഞ്ഞുനിറുത്തിയപ്പോൾ പ്രിയംവദയ്ക്ക് വല്ലായ്മ തോന്നി. താൻ വളരെയേറെ വൈകാരികമായി ബന്ധപ്പെട്ട ഒരു പ്രോജക്റ്റിന്റെ ഫലസമാപ്തിയിൽ പങ്കാളിയാകുക എന്നതൊരു സാഫല്യമാണ്.

എന്തായാലും ഹാർവാർഡുമായി സംസാരിച്ചു കഴിയുമ്പോൾ എപ്പോഴും അല്പം ഉന്മേഷം തോന്നാറുണ്ട്. വലിയ കൗശലക്കാരനാണെങ്കിലും അസാമാന്യമായൊരു ദൂരക്കാഴ്ചയുള്ളൊരു ചെറുപ്പക്കാരനാണ് അയാൾ. മേശയ്ക്കെതിരെയിരുന്ന് ഏതെങ്കിലുമൊരു വിഷയത്തെപ്പറ്റി സംസാരിച്ചുകൊണ്ടി

രിക്കുമ്പോഴും അയാളുടെ മനസ്സ് വേറെ ഏതൊക്കെയോ മേഖലകളിലൂടെ സഞ്ചരിക്കുന്നതായി തോന്നാറുണ്ട്.

'ഒരു ഇരട്ട ട്രാക്ക് മനസ്സ് അല്ലേ രേവതീ!' ഒരിക്കൽ രേവതിയോട് ചോദിച്ചു.

'നേരിട്ട് പരിചയമില്ലെങ്കിലും കേട്ടയിടത്തോളംവച്ച് നോക്കുകയാണെങ്കിൽ വെറും ഇരട്ടട്രാക്കല്ല, ഒരുപാട് ട്രാക്കുകളുള്ള മനസ്സാണ് അങ്ങേരുടേതെന്നു തോന്നിപ്പോകുന്നു.'

രേവതി പറഞ്ഞതു ശരിയായിരുന്നു.

വേറിട്ട സ്വപ്നങ്ങൾ കാണാൻ കഴിവുള്ളയാളാണ് അയാൾ. അലഞ്ഞുതിരിയുന്ന മനസ്സാണ് അയാളുടേത്. അസാദ്ധ്യമെന്നു മറ്റുള്ളവർക്ക് തോന്നിയേക്കാവുന്ന സ്വപ്നങ്ങൾ കാണാൻ കഴിയുന്നവർക്കേ ഒരു സ്ഥാപനത്തെ വളർത്തിയെടുക്കാൻ പറ്റൂ. ആ നിലയ്ക്ക് സബർവാൾ കൂട്ടുകുടുംബത്തിനകത്ത് എന്തൊക്കെ കുത്തിത്തിരിപ്പുകളും, കിടമത്സരങ്ങളുമുണ്ടെങ്കിലും, ഒടുവിൽ തലപ്പത്തെത്താൻ പോകുന്നത് ഈ ചെറുപ്പക്കാരൻ തന്നെയാകുമെന്ന കാര്യത്തിൽ സംശയമില്ല.

അയാളെപ്പറ്റി ഓഫീസിൽ പലരും ഓരോന്നു പറഞ്ഞുചിരിക്കുന്നതു കേൾക്കാറുണ്ട്. പ്രത്യേകിച്ചും മാദ്ധ്യമങ്ങളോടുള്ള അയാളുടെ ഭ്രമത്തെപ്പറ്റി. പ്രമുഖ ചാനലുകളുമായി നല്ല ബന്ധം പുലർത്തുന്നതുകൊണ്ട്, പലപ്പോഴും ആ മുഖം ടി.വി.യിൽ കാണാൻ കിട്ടുന്നു. വിദേശത്ത് തുന്നിച്ച മുന്തിയ സൂട്ടുമണിഞ്ഞ്, പ്രസരിപ്പുള്ള പ്രകൃതവുമായി ഏത് വിഷയത്തെപ്പറ്റിയും ആധികാരികമായി പറഞ്ഞുവയ്ക്കാനുള്ള കെല്പോടെ ചില്ലുതിരയിലങ്ങനെ നിറഞ്ഞു നിൽക്കുന്ന ചെറുപ്പക്കാരൻ. ഒറ്റപ്പെട്ട ചില വൺലൈനറുകൾ അയാളുടെ പ്രത്യേകതയാണ്. വേറിട്ട അത്തരം ഒറ്റവാചകങ്ങൾ തന്നെയാകാം അയാളെ ചാനലുകളുടെ പ്രിയപ്പെട്ടവനാക്കി മാറ്റിയത്. ചാനലുകൾ ഏറ്റെടുത്തപ്പോൾ പത്രക്കാർക്കും ഒഴിവാക്കാൻ വയ്യെന്നായി. ചെല്ലുന്നയിടത്തെല്ലാം വളയാനായി കുറെ പാപ്പരാസികളും.

പുരാതന തുരപ്പന്മാരുടേതായ സബർവാൾകുടുംബത്തിൽ ഒരു പുത്തൻ താരോദയം.

ലേശം താരമൂല്യമായതോടെ കുടുംബത്തിനകത്തും, സ്ഥാപനങ്ങളിലും അസൂയക്കാർ പെരുകി.

'പൊക്കി ആകാശത്തെത്തിക്കുന്നതുപോലെ, വലിച്ച് താഴെയിടാനും മാദ്ധ്യമങ്ങൾക്ക് ഒരേയൊരു നിമിഷം മതി,' ഒരിക്കൽ ശേഷാദ്രി കണ്ണിറുക്കിക്കൊണ്ട് പറയുന്നതു കേട്ടു: 'എപ്പോഴെങ്കിലും കാലൊന്നിടറിയാൽ ഇടങ്കാലിട്ട് വീഴ്ത്തി, പിന്നെ ചവിട്ടിഞെരിച്ച് അവരങ്ങനെ കടന്നുപോകും. അതേവരെ ഉണ്ടാക്കിയ ബന്ധങ്ങളൊക്കെ വെറുതെ:'

'അങ്ങനെയൊന്നും എളുപ്പത്തിൽ വീഴുന്നയാളല്ല ഹാർവാർഡ്. മരംകേറ്റം ജന്മസിദ്ധമായി കിട്ടിയ അണ്ണാനു വഴുതിവീഴാതെ തഞ്ചത്തിൽ താഴോട്ടിറങ്ങാനുള്ള മരുങ്ങുമുണ്ടാകും,' പ്രിയംവദ പറഞ്ഞു.

പക്ഷേ, ശേഷാദ്രിയുടെ കണക്കുകൂട്ടലിൽ എപ്പോഴും നോട്ടത്തിൽ നിറുത്തേണ്ടത് ആ ഇളയ പൈതൽ ബ്രഹ്മചാരിയെത്തന്നെയാണ്. അവന്റെ പതിഞ്ഞ കാലനക്കങ്ങൾ പിടിച്ചെടുക്കാനുള്ള കാതുള്ളവൻ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു, അവന്റെ ആ പൂപ്പുഞ്ചിരിയുടെ പൊരുളറിയുന്നവനും.

ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു മടങ്ങിവന്ന രേവതി വലിയ ഉഷാറിലായിരുന്നു.

'കലക്കി മാഡം.' രേവതി ആർത്തുവിളിക്കാനുള്ള മൂഡിലാണെന്നു തോന്നി.

'എന്തേ?'

'ഹാർവാർഡായാൽ ഇങ്ങനെന്നെ വേണം. ഓനാണ് ആങ്കുട്ടി.' രേവതി പറഞ്ഞു: 'ഓന്റെ കയ്യിലിരിപ്പും തിണ്ണമിടുക്കും കണ്ടപ്പോൾ മറ്റുള്ളവരൊക്കെ വെറും ശിശുക്കൾ.'

സബർവാൾമാരുടെ മൂന്നു തലമുറയെ മുഴുവൻ നിലംപരിശാക്കിക്കൊണ്ടാണ് ഹാർവാർഡ് ആ പരിപാടിയാകെ സംഘടിപ്പിച്ചതെന്ന് രേവതി പറഞ്ഞു. ചടങ്ങൊക്കെ ഒരുക്കാക്കാൻ ഏതോ ഈവന്റ് മാനേജർമാരെ ചട്ടം കെട്ടിയിരുന്നെങ്കിലും ആദ്യാവസാനക്കാരൻ ഹാർവാർഡുതന്നെയായിരുന്നു. ചൊല്ലിയാട്ടവും, പകർന്നാട്ടവുമൊക്കെ അയാളുടെ വകതന്നെ. പുരാതന ചീങ്കണ്ണിമാരായ മന്ത്രിമാരും മറ്റു രാഷ്ട്രീയ കങ്കാണിമാരും ആ വില്ലാളിവീരന്റെ വശ്യതയിൽ തരിപ്പണമായി എന്നുതന്നെയാണ് പൊതുവെയുള്ള വിലയിരുത്തൽ.

സ്വാഭാവികമായും ലണ്ടനും മരങ്ങാട്ടുപിള്ളിയും ഏറെ അസ്വസ്ഥർ. തന്ത്രശാലിയായ ബ്രഹ്മചാരിയാകട്ടെ ജന്മനാ കൈവന്ന പാൽപുഞ്ചിരിയുടെ സമൃദ്ധിയോടെ, ഞാനും അനന്തൻചേട്ടനുംകൂടിയാണ് ഇതൊക്കെ, എന്ന ശീലിൽ അങ്ങനെ ഓടിനടന്നുവത്രെ.

അങ്കത്തട്ടിൽ ഇളംതലമുറയുടെ അഭ്യാസപ്രകടനങ്ങൾ തട്ടിൻപുറത്തിരുന്നു കണ്ടു കോരിത്തരിച്ചിരുന്ന സബർവാൾകാരണവന്മാരാകട്ടെ ഇടയ്ക്കിടെ കൈയടിക്കുകയും, വെള്ളിത്താലത്തിൽനിന്ന് പുഷ്പവൃഷ്ടി നടത്തുകയും ചെയ്തുകൊണ്ടിരുന്നു.

എന്തായാലും ഈ ഹാർവാർഡിന്റെ കൈയിൽ സബർവാൾകുടുംബത്തിന്റെ വിശുദ്ധവാൾ എത്രയോ സുരക്ഷിതം എന്ന കാര്യത്തിൽ രേവതിക്കൊരു സംശയവുമുണ്ടായിരുന്നില്ല. ശേഷാദ്രിക്കും ഇപ്പോൾ അക്കാര്യത്തിൽ വലിയ എതിർപ്പില്ലതന്നെ.

ഈ പ്രോജക്റ്റ് മാമാങ്കത്തിൽ തങ്ങളുടെ വേഷം വെടിപ്പാക്കി ആടിത്തീർത്തതിന്റെ ആശ്വാസത്തോടെ രേവതി ഒന്ന് വിശാലമായി മൂരിനിവർന്നു.

'പെണ്ണു കെട്ടാതെ പെറ്റ രസം,' രേവതി പറഞ്ഞു.

കൈകൾ തലയ്ക്കു മുകളിൽ പിടിച്ച് ആയത്തിൽ കോട്ടുവായിടുകയാണ് അവൾ.

'ഇനി ഒരല്പ വിശ്രമമാവാം നമ്മുടെ ഫൂലൻദേവിക്ക്,' പ്രിയംവദ ഓർമ്മിപ്പിച്ചു.

'അന്ത്യവിശ്രമമെന്നാണ് പഴയൊരു നേതാവിന്റെ പ്രയോഗം.'

'ഏതർത്ഥത്തിലും ഇത് ഫൂലന്റെ വിജയംതന്നെയാകുന്നു. കരയ്ക്കിരുന്ന് അങ്കം കാണുക മാത്രമായിരുന്നല്ലോ എന്റെ കർമ്മം!'

'എന്തായാലും താളി പറിക്കാതെ കഴിഞ്ഞല്ലോ, മാഡത്തിന്,' രേവതി ഉറക്കെ ചിരിച്ചു: 'അല്ലെങ്കിലും ഐശ്വര്യമുള്ളവർ കരയ്ക്കിരുന്നാലും കാര്യങ്ങൾ മുറപോലെ നടന്നോളും. വേറെ ചിലരാണെങ്കിൽ നനച്ചിറങ്ങിയാൽ കുളം മുഴുവനും കലക്കി കുളമാക്കുന്നതു മാത്രമാവും മെച്ചം.'

വീട്ടിലെ വിശേഷങ്ങൾ കുറെക്കഴിഞ്ഞു തിരക്കാമെന്ന് രേവതി കരുതിയിരിക്കുമ്പോൾ പ്രിയംവദ അതിലേക്കുതന്നെ ചെന്നെത്തി.

നീതുവിന്റെ കാര്യം എങ്ങനെ പറഞ്ഞൊപ്പിക്കണമെന്ന് രൂപമില്ലാതെ കുഴങ്ങുകയായിരുന്നു അവർ.

മിണ്ടാട്ടം തീരെയില്ലാതായിട്ടു നാളുകളേറെയായി. കാലത്തു നന്നെ വൈകിയെഴുന്നേൽക്കുന്നു. അതും അമ്മ വിളിച്ചുണർത്തിയാൽ മാത്രം. നിത്യകർമ്മങ്ങൾ കഴിഞ്ഞാൽ ചാരുകസേരയിൽ പുസ്തകങ്ങളുമായി ഒരേ കിടപ്പാണ്. ഓഫീസിൽ പോകുന്നതിനു മുമ്പ് ഊൺമേശയ്ക്കരികിൽ പിടിച്ചിരുത്തി എന്തെങ്കിലും നിർബന്ധിച്ച് കഴിപ്പിക്കും. അതുപോലെതന്നെ ഉച്ചയ്ക്ക് വേലക്കാരിയും പണിപ്പെട്ട് വല്ലതും കഴിപ്പിച്ചാലായി. കോളേജിൽ പോകുന്നില്ലേ എന്ന് ഈയിടെയായി പ്രിയംവദ അന്വേഷിക്കാറില്ല. അക്കാര്യമൊക്കെ എന്നേ വിട്ടുകഴിഞ്ഞിരിക്കുന്നു. മനസ്സൊന്നു സ്വസ്ഥമാകുമ്പോൾ ആലോചിക്കാം അതൊക്കെ. അല്ലെങ്കിലും കോളേജുകാർ എന്നേ അവളുടെ പേരു വെട്ടിക്കാണും. ഇത്തരമൊരു അവസരത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നിരിക്കണം അവരും.

'ഒരു നീണ്ട അവധിയെടുത്താലോ എന്ന് ആലോചിക്കുകയാണ്,' പ്രിയംവദയുടെ ഒച്ച ചിലമ്പി: 'എനിക്കിത് കണ്ടുകൊണ്ടു നിൽക്കാനാവുന്നില്ല. മോളുടെ കോലം കാണുമ്പോൾ എന്തിനുവേണ്ടിയാണീ ജോലിയും പങ്കപ്പാടുമൊക്കെ എന്നു തോന്നിപ്പോകുന്നു. ഒക്കെ ഇട്ടെറിഞ്ഞ് നാട്ടിലേക്കുതന്നെ മടങ്ങിപ്പോയാലോ എന്നുവരെ തോന്നാറുണ്ട്. പുഴയ്ക്കരികിലെ ആ കൊച്ചു വീടൊന്ന് വൃത്തിയാക്കി അതിലേക്ക് ഒതുങ്ങിക്കൂടുക.'

'വരട്ടെ മാഡം, ഒക്കെ ശരിയാകും.'

'കേട്ടു മടുത്തു ഇതൊക്കെ. ഇടയ്ക്കൊക്കെ ആലീസും വിളിച്ച് പറയുന്നു ഇങ്ങനെ തന്നെ. അത്തരം ചില ഫോൺവിളികൾക്കപ്പുറം ഇങ്ങോട്ടു വരാൻ ആലീസിനും മടിയുള്ളതുപോലെ. അവളോടുപോലും ഒന്നും മിണ്ടുന്നില്ലെന്നാണ് പരാതി.'

'ഏതെങ്കിലും ഡോക്ടറെക്കണ്ടാൽ...?'

'ഒരുപാടാലോചിച്ചു. പക്ഷെ, ഉള്ളിലൊരു പേടി.'

'ശരിയാണ്. നീതു അതിനെ എങ്ങനെയാണ് കാണുകയെന്ന് ഒരു ഉറപ്പില്ല. ചിലപ്പോൾ അത് ഒരുപാടു ദോഷം ചെയ്തേക്കും.'

'എന്താണ് ചെയ്യേണ്ടതെന്ന് ഒരു പിടിയും കിട്ടുന്നില്ലല്ലോ, രേവതി,' പ്രിയംവദ നിസ്സഹായതയോടെ തല കുടയുകയായിരുന്നു: 'ആരോടെങ്കിലും ഒരഭിപ്രായം ചോദിക്കാമെന്നുവച്ചാൽ, എനിക്ക് നിങ്ങളൊക്കെയല്ലാതെ ആരാ ഉള്ളത്? ഉള്ളു തുറന്നു സംസാരിക്കാൻ പാകത്തിന് സ്വന്തക്കാർപോലുമില്ലല്ലോ.'

'വേറൊരു വഴിയുമില്ലെങ്കിൽ കുറച്ചു ദിവസത്തെ അവധി...'

'അവധി മതിയോ, അതോ അതിൽക്കൂടുതലായി വേറെന്തെങ്കിലും...'

'മാഡം പറയുന്നത്...'

'ഈ ജോലിതന്നെ വേണമോ എന്ന്...'

പെട്ടെന്ന് രേവതി തടയാൻ നോക്കി:

'അങ്ങനെയൊക്കെ ആലോചിച്ചു പോകല്ലേ, മാഡം. ജോലി കളഞ്ഞ് ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയെക്കുറിച്ച് ഓർത്തുനോക്കിയിട്ടുണ്ടോ?

ഇത്രയും തിരക്കുപിടിച്ചൊരു ജീവിതം കൊണ്ടുനടന്നിട്ട്... ചിലപ്പോൾ അത് തളർത്താൻ പോകുന്നത് മാഡത്തിനെത്തന്നെയാകും.'

വിഷയം മാറ്റാനെന്നോണം പ്രിയംവദ പൊടുന്നനേ ചോദിച്ചു:

'പിന്നെ, മീനാക്ഷിപ്പാളയത്തെപ്പറ്റി എന്തെങ്കിലും വിവരങ്ങൾ കിട്ടിയോ?'

'ഇല്ല, മാഡം. ഇപ്പൊ മാഡം പറഞ്ഞപ്പോഴാണ് വീണ്ടും ഓർത്തതു തന്നെ.'

'പാവം കാവേരി, മുനിയാണ്ടി കുടുംബം...' പ്രിയംവദ ഓർമ്മകളിൽ തപ്പിത്തടയുകയായിരുന്നു. 'ആ പഞ്ചസാരമില്ലിന്റെ സ്ഥിതി തന്നെ എന്തായാവോ?'

'ഓർക്കണമെന്നു തോന്നാറില്ല. മറക്കണമെന്നും,' രേവതി വെറുതെ ആവർത്തിച്ചു.

'ഓർക്കാൻ എളുപ്പമാണ്, മറക്കാനാണ് വിഷമം,' പ്രിയംവദ നെടുവീർപ്പിട്ടു: 'പിന്നീട് അവിടെയാരെങ്കിലും അമ്പത്തൊമ്പതാം വയസ്സിൽ, കിണറ്റിൽ വീണ്...'

രേവതിയുടെ മുഖം മങ്ങി. നെടുവീർപ്പിട്ടുകൊണ്ട് അവൾ പറഞ്ഞു:

'അതൊരു വലിയ നിയോഗമായിരുന്നു. കർമ്മപാശമായിരുന്നു. മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ചില വലിയ ആലോചനകളിലേക്ക് മീനാക്ഷിപ്പാളയം നമ്മെ നടത്തിക്കൊണ്ടുപോയി. നേരിട്ടുള്ള ചില ചെറിയ ശ്രമങ്ങളിലൂടെ ഞാൻ. പിന്നീട് ഒരു തുറന്ന പ്രബന്ധത്തിലൂടെ ഈ ലോകത്തോടുതന്നെയായി മാഡവും. ഇത്രയൊക്കെയല്ലേ നമുക്ക് ചെയ്യാനാവൂ.'

'അതോടെ എല്ലാം തീർന്നുവോ? ആ മീനാക്ഷിപ്പാളയത്തിൽനിന്ന് എന്നെങ്കിലും രക്ഷപ്പെടാനാകുമെന്നു കരുതുന്നുണ്ടോ, രേവതിക്കും എനിക്കും?'

'അങ്ങനെയൊന്നും ആലോചിച്ചു പോയിട്ടില്ല.'

'അതുമായി അത്രയ്ക്ക് കെട്ടുപിണഞ്ഞുകഴിഞ്ഞിരിക്കുന്നു നമ്മളൊക്കെ, രേവതീ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും.'

'ഇത്തരം മീനാക്ഷിപ്പാളയങ്ങൾ ഇനി ഉണ്ടാകാതിരുന്നെങ്കിൽ എന്നു മോഹിച്ചുപോകാറുണ്ട്.'

'അങ്ങനെ പറയരുത് രേവതീ. അന്നു ഞാൻ പറഞ്ഞതുപോലെ മീനാക്ഷിപ്പാളയം വലിയൊരു അടയാളമാണ്, ചൂണ്ടുപലകയാണ്. മനുഷ്യാവസ്ഥയെപ്പറ്റിയുള്ള ആകുലതകളിലേക്ക് നമ്മെ എത്തിക്കുന്ന എന്തും വളരെ വിലപിടിച്ചതാണ്. അവയെ തള്ളിക്കളയാൻ നോക്കരുത്.'

'ശരിയാണ് മാഡം...'

'അതുകൊണ്ട് മീനാക്ഷിപ്പാളയങ്ങൾ ഇനിയും ഉണ്ടായിക്കൊണ്ടേയിരിക്കും പലതും ഓർമ്മിപ്പിക്കാനായി, അലട്ടാനായി...'

'എനിക്ക് വിഷമമുണ്ട്, മാഡം.'

'എനിക്കും.'

പ്രിയംവദ ഒരു നിമിഷം കണ്ണടച്ചിരുന്നു

മേശപ്പുറത്തു കൈമുട്ടുകളൂന്നി, കൈകൾ പിണച്ചു പിടിച്ച് മുഖം പൂഴ്ത്തുമ്പോൾ കുറെ നാളുകളായി തന്റെ മനസ്സിലൂടെ കടന്നുപോയിക്കൊണ്ടിരുന്നത് എന്തൊക്കെയായിരുന്നെന്നു വേർതിരിച്ചെടുക്കാനാകുന്നില്ല. ഓരോ കാലത്തായി തനിക്കു ചുറ്റും രൂപംകൊണ്ടുവന്നിരുന്ന അന്തമില്ലായ്മയുടെ അസംഖ്യം ചതുപ്പുനിലങ്ങൾ. തുനിഞ്ഞിറങ്ങാനോ, താണ്ടിപ്പോകാനോ

ആകാതെ കരയ്ക്കുതന്നെ മിഴിച്ചിരിക്കുമ്പോൾ പിൻബലത്തിനായി, കരുത്തു പകരാനായി നീണ്ടുവരുന്ന ഒരു കൈയ്ക്കുവേണ്ടി മോഹിച്ചു പോകാറുണ്ട്.

ഒന്നുമില്ലെങ്കിൽ ഒരു വിരൽത്തുമ്പെങ്കിലും...

'ഇപ്പോഴത്തെ എന്റെ ഈ ജീവിതം എന്തു ജീവിതമാണെന്ന് ഒരു പിടിയും കിട്ടുന്നില്ലല്ലോ, രേവതീ,' പ്രിയംവദ സങ്കടത്തോടെ പറഞ്ഞു: 'വലിയൊരു കൂട്ടുകുടുംബത്തിനകത്ത് കാരണവന്മാരുടെ ശകാരം കേട്ടു വളരാത്തതിന്റെ കേട് നന്നായുണ്ടെന്ന് ആദ്യമൊക്കെ തോന്നിയിരുന്നു. പിന്നീട് പാകത വന്നപ്പോൾ, അതിലൊന്നും വലിയ കാര്യമില്ലെന്നു ബോദ്ധ്യമായപ്പോൾ സ്വന്തം മോളെ ശാസിക്കാതെ വളർത്തി. ഒരു നല്ല കൂട്ടുകാരിയായി കൊണ്ടുനടന്നു. ഒടുവിൽ അവളെനിക്കു തിരിച്ചു തന്നത്...'

അവിടെ വാക്കുകൾ വറ്റി. തൊണ്ട കടഞ്ഞു.

എന്തു പറയണമെന്നറിയാതെ മിഴിച്ചുനോക്കുകയാണ് രേവതി.

'പിടിച്ചു തൂങ്ങാനൊരു ഉറച്ച സങ്കല്പംപോലുമില്ലെങ്കിൽ, ഓർക്കാപ്പുറത്ത് വഴിമുട്ടിപ്പോകുന്ന ജീവിതത്തിന്റെ അർത്ഥംപോലും നഷ്ടപ്പെട്ടുപോകുന്നു.'

'ശരിയാണ് ഒരർത്ഥത്തിൽ,' രേവതി സമ്മതിച്ചു: 'പിടിച്ചുതൂങ്ങാനൊരു വലിയ സങ്കല്പമുണ്ടായിരുന്നു എനിക്കും കുട്ടിക്കാലത്ത്. അച്ഛൻ കാണിച്ചുതന്ന പ്രസ്ഥാനത്തിന്റെ വഴി. പിന്നീട് പ്രായോഗിക രാഷ്ട്രീയത്തിന്റെ ചവിട്ടടിയിൽ പെട്ട് അച്ഛൻ ഞെരിഞ്ഞമരുന്നതു കാണേണ്ടിവന്നപ്പോൾ അതും പോയി. ഓർക്കാനും സങ്കല്പിക്കാനുമായി ഒന്നുമില്ലാത്ത അവസ്ഥ.'

പ്രിയംവദ മിണ്ടാതെയിരിക്കുകയായിരുന്നു. രേവതി തുടർന്നു:

'കോവിലുകളിലും, അനുഷ്ഠാനങ്ങളിലും, ദൈവത്തിൽതന്നെയും വിശ്വാസമില്ലെനിക്ക്. പക്ഷേ, പ്രാർത്ഥനയുടെ വിശുദ്ധിയിൽ, ശക്തിയിൽ ഞാൻ വിശ്വസിക്കുന്നു. പ്രാർത്ഥനകൊണ്ട് മനസ്സിനെ ഒരുപാട് ശുദ്ധീകരിക്കാമെന്ന് നല്ല ഉറപ്പുണ്ടെനിക്ക്. തനിച്ചിരിക്കാനായി അല്പം വെടിപ്പായ സ്ഥലം. മനസ്സിനെ പിടിച്ചുനിറുത്താനൊരു ബിന്ദു. ഈ മഹാപ്രപഞ്ചത്തിന്റെയും, സകല ചരാചരങ്ങളുടെയും ഊർജ്ജസ്രോതസ്സായ ഒരു കേന്ദ്രബിന്ദു. ഒരുപക്ഷേ, നീതുവിന് അങ്ങനെ ഒരു വഴി തുറന്നുകിട്ടിയേക്കുമെന്നു തോന്നിപ്പോകുന്നു.'

പുതിയൊരു വെളിച്ചം പകർന്നു കിട്ടിയതുപോലെ പ്രിയംവദ തുറിച്ചുനോക്കി.

'പക്ഷേ, അവൾ വഴങ്ങുമെന്നു തോന്നുന്നില്ല.'

'ഒന്ന് ശ്രമിച്ചു നോക്കുന്നതിൽ തെറ്റില്ലല്ലോ, മാഡം!'

അപ്പോഴേക്കും ടി.വി.യുടെ ചില്ലുതിര മിന്നുന്നതു കാണായി.

'രേവതി പറയുന്നതു പരീക്ഷിച്ചു നോക്കാവുന്നതുതന്നെ,' ചില്ലുതിരയുടെ ചതുരത്തിൽനിന്ന് നല്ല ഇമ്പമുള്ള ശബ്ദത്തിൽ നീലിമ പറഞ്ഞു.

ആ കടന്നുകയറ്റം തീരെ ഇഷ്ടപ്പെട്ടില്ല രേവതിക്ക്.

'ഇവളുടെയൊരു കാര്യം,' രേവതിയുടെ ഒച്ച പൊങ്ങി: 'നിന്റെയീ അനാവശ്യമായ ഇടപെടലുകൾ സഹിക്കാൻ വയ്യാതായിരിക്കുന്നു.'

'അത് ചേച്ചിയുടെ വെറും മോഹം മാത്രമല്ലേ, അങ്ങനെ എളുപ്പത്തിൽ ഒഴിവാക്കാൻ പറ്റുമോ ഞങ്ങളെയൊക്കെ? ഞാനല്ലെങ്കിൽ ആങ്കറായ ഗോപിക, സംവാദങ്ങൾ കൈകാര്യം ചെയ്യുന്ന ശേഷഗോപാലൻ, ബിന്ദുസാരൻ, നിത്യ... ഞങ്ങളൊക്കെ നിങ്ങളുടെ ജീവിതത്തിലെതന്നെ മഹാസാന്നിദ്ധ്യങ്ങളല്ലേ?'

നീലിമ സംസാരിച്ചുപോകാനുള്ള മൂഡിലായതുകൊണ്ട് അങ്ങോട്ടു ശ്രദ്ധ കൊടുക്കേണ്ടെന്നു കണ്ണുകാട്ടി പ്രിയംവദ.

'ഇത്രയും ചെറുപ്രായത്തിൽ ഇങ്ങനെയൊക്കെ...' പ്രിയംവദയ്ക്ക് തുടരാനാവുന്നില്ല. സാരിത്തലപ്പുകൊണ്ട് മുഖം അമർത്തിത്തുടയ്ക്കുമ്പോൾ പലതും ഉള്ളിൽതന്നെ ഒതുക്കിയിടാൻ പാടുപെടുകയാണവർ.

'ഒരുപക്ഷേ, ഇതിലൂടെ അവൾക്കൊരു തിരിച്ചുവരവ് സാദ്ധ്യമായെങ്കിലോ? മനസ്സിന്റെ വഴികൾ കണ്ടവരാരുണ്ട്?'

'നോക്കാം.' തീരെ ഉറപ്പില്ലാത്തതുപോലെ പ്രിയംവദ തലയാട്ടി.

'ശരിയാകുമെന്ന് ഉറപ്പുണ്ടെനിക്ക്.'

അപ്പോഴേക്കും ടീ.വി.യുടെ ചില്ലുതിരയിൽനിന്ന് നിലിമ വീണ്ടും ഇടപെടുകയായി:

'രേവതി പറയണത് ശരിയാന്നാ എനിക്കും തോന്നണത്, ചിലപ്പോൾ ശരിയാകും, ശരിയാകാതിരിക്കില്ല...'

വല്ലാതെ മടുത്തുകഴിഞ്ഞിരിക്കുന്നു രേവതിക്ക്:

'ഇവളുടെയൊരു മുടിഞ്ഞ ഇടപെടല്... ഇവളെ കൈകാര്യം ചെയ്യാൻ ഒറ്റ വഴിയേ ഉള്ളൂ.'

രേവതി കൈനീട്ടി റിമോട്ടിലെ മ്യൂട്ടിന്റെ കറുത്ത കട്ട അമർത്തിയപ്പോൾ പൊടുന്നനേ തന്റെ തൊണ്ടക്കുഴലിൽ ആരോ കയറിപ്പിടിച്ചതുപോലെ നീലിമ ഒന്നു പിടഞ്ഞു, നാവു പുറത്തേക്കു നീണ്ടു, ഞരമ്പുകൾ പിടച്ചു. ചുവന്ന കണ്ണുകൾ ഉന്തി വന്നു...

'ഇത്രയേ ഉള്ളൂ, മനുഷ്യന്റെ കാര്യം, അല്ലേ മാഡം,' രേവതി പറഞ്ഞു: 'ആരുടെയോ കൈയിലിരിക്കുന്ന വെറുമൊരു റിമോട്ടിന്റെ കട്ടകളിൽ മരവിച്ചു പോകുന്ന ജീവിതം!'

എന്തിനെന്നറിയാതെ പ്രിയംവദ വെറുതെ തലയാട്ടി.

പിന്നെ റിമോട്ടിന്റെ ചുവന്ന കട്ടയമർത്തി ടി.വി. ഓഫ് ചെയ്ത് രേവതി തന്നെ നീലിമയെ ആ ഇടങ്ങേറിൽനിന്ന് മോചിപ്പിച്ചു.

മുപ്പത്തൊന്ന്

ഏറ്റെടുത്ത പ്രോജക്റ്റിന്റെ ഫലസമാപ്തിയിൽ, വലിയൊരു ചുമടിറക്കിയ ആശ്വാസത്തോടെ ഒരുമിച്ചിരുന്ന് അത്താഴം കഴിക്കാനെത്തിയതായിരുന്നു അവർ.

നഗരത്തിന്റെ ഒതുങ്ങിയൊരു മൂലയിലായി, പഴയൊരു ഹോട്ടലിന്റെ മുകൾത്തട്ടിലുള്ള തുറന്ന റെസ്റ്റോറന്റ്. അരമതിലിനടുത്തായൊരു മേശയ്ക്കരികിൽ, താഴത്തെ നഗരക്കാഴ്ചകളിൽ കണ്ണും നട്ടിരിക്കുകയായിരുന്നു രേവതി.

തീരെ തിരക്കുണ്ടായിരുന്നില്ല റെസ്റ്റോറന്റിൽ. പനന്തട്ടികകൾക്കും, മുറങ്ങൾക്കുമിടയിൽനിന്നും വീഴുന്ന നേർത്ത വെളിച്ചത്തിൽ ആളുകളുടെ മുഖം വ്യക്തമല്ല.

'എല്ലാംകൊണ്ടും കൊള്ളാവുന്നൊരു ദിവസം. ലേശം വീഞ്ഞു കഴിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു,' പ്രിയംവദ പറഞ്ഞു.

ശേഷാദ്രി തെല്ലൊരു അത്ഭുതത്തോടെയാണ് രേവതിയുടെ നേർക്കു നോക്കിയത്.

'സ്വാമി ഒപ്പം കൂടുന്നോ?' പ്രിയംവദ ചോദിച്ചു.

ലേശമൊരു അറപ്പോടെ ശേഷാദ്രി വേണ്ടെന്ന് ആംഗ്യം കാട്ടി.

'മുന്തിരിച്ചാറ് നിഷിദ്ധമല്ല ആഢ്യബ്രാഹ്മണർക്ക്. അതും സ്വാമിയെപ്പോലെ പരദേശവാസവും നീചസംസർഗ്ഗവും വിധിച്ചിട്ടുള്ളവർക്ക്!'

'വേണ്ട മാഡം.'

'രേവതിയോ?'

'നോ താങ്ക്യു, മാഡം!'

'എത്രയോ പരിശുദ്ധരായ കൂട്ടാളികൾ. എന്തായാലും, ഇതോടെ ഞാൻ നിങ്ങളുടെയൊക്കെ കണ്ണിൽ ഒരു കൊള്ളാത്ത പാർട്ടിയായി, അല്ലേ? നഗരത്തിലെ ഒരു റെസ്റ്റോറന്റിൽ രാത്രികാലത്തു തനിച്ചിരുന്ന് മദ്യപിക്കുന്ന ഒരു സ്ത്രീ. വൈനായാലും, വിസ്കിയായാലും, മദ്യം മദ്യം തന്നെ, പെണ്ണ് പെണ്ണും. ഒരു പിശാചിന്റെ ഉള്ളിൽ മറ്റൊന്ന്!'

'കഴിച്ചിട്ടില്ല, ഇതേ വരെ. ഇനി മാഡത്തിനു വേണമെങ്കിൽ ഒരു കമ്പനിക്കുവേണ്ടി ഒപ്പം കൂടാം.'

'വേണ്ടാ രേവതീ, മറ്റുള്ളവരുടെ വാക്കുകൾ കേട്ട് ഒന്നും തുടങ്ങി വയ്ക്കരുത്. മറ്റുള്ളവർക്കുവേണ്ടി പെരുമാറാൻ തുടങ്ങുമ്പോഴാണ്, സ്വന്തം ജീവിതം കൈപ്പിടിയിൽനിന്നു വഴുതിപ്പോകുന്നത്.'

ഗ്ലാസ്സുകളുയർത്തി അവർ തങ്ങളുടെ പ്രിയപ്പെട്ട പ്രോജക്റ്റിന് എല്ലാ വിജയങ്ങളും നേർന്നു. പ്രിയംവദയുടെ ഗ്ലാസ്സിൽ ചുവന്ന വൈൻ. ശേഷാദ്രിയുടെയും, രേവതിയുടെയും ഗ്ലാസ്സുകളിൽ, കടുംമഞ്ഞ നിറമുള്ള ഓറഞ്ചു നീരും.

അല്പം കഴിഞ്ഞ്, പ്രിയംവദയുടെ പതിവിലേറെ മുഴക്കമുള്ള ശബ്ദം കേട്ടു:

'അവധിയിൽ പോയാലോ എന്ന് ആലോചിക്കുകയാണ്, സാമാന്യം നീണ്ടൊരു അവധി.'

പെട്ടെന്നായതുകൊണ്ടു രേവതി പകച്ചുപോയി, ശേഷാദ്രിയും.

'ഇത്രപെട്ടെന്ന് ഇങ്ങനെയൊരു തീരുമാനം?' രേവതി ചോദിച്ചു.

'മുമ്പൊരിക്കൽ സൂചിപ്പിച്ചിരുന്നല്ലോ ഞാൻ.'

'അന്നത് കാര്യമായെടുത്തില്ല ഞങ്ങളൊക്കെ.'

'എന്തായാലും മുൻകൂട്ടി പ്ലാൻ ചെയ്തതല്ല, പെട്ടെന്നെടുത്ത തീരുമാനമാണെന്നുതന്നെ കൂട്ടിക്കോളൂ. ഇങ്ങനെ പെട്ടെന്നെടുക്കുന്ന ചില തീരുമാനങ്ങൾകൊണ്ടേ എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുള്ളൂ എന്റെ ജീവിതത്തിൽ,' ഒന്നു നിറുത്തിയിട്ട് അവർ തുടർന്നു: 'എനിക്കല്പം വിശ്രമം വേണം, വിശ്രമം കൂടാതെ വയ്യ. എത്രയോ സഞ്ചരിച്ചതാണ്, പണിയെടുത്തതാണ്. അന്നൊന്നും തോന്നാത്ത തളർച്ച. പ്രായം കൂടിവരികയല്ലേ?'

'അത്രയ്ക്ക് പ്രായമൊന്നുമായിട്ടില്ല ഇവിടെയൊരാൾക്ക്...' ശേഷാദ്രി ചിരിക്കാൻ നോക്കുകയാണ്.

'നിങ്ങൾക്കൊക്കെ സർട്ടിഫിക്കറ്റ് പുസ്തകത്തിലെ പ്രായമല്ലേ അറിയാവൂ, ശേഷാദ്രീ. പക്ഷേ, മനസ്സിന് അതിന്റേതായൊരു പ്രായമുണ്ട്, ശരീരത്തിന് അതിന്റേതും. ഇവയിലെ സ്വകാര്യത സ്വയം തിരിച്ചറിയേണ്ടതാണ്.

ഒരു ഘട്ടം കഴിയുമ്പോൾ ജനനത്തീയതി വച്ചുള്ള പ്രായത്തിന് യാതൊരു പ്രസക്തിയുമില്ലാതാകുന്നു. ഇപ്പോൾ ആ മനസ്സിന്റെ പ്രായമാണ് എന്നെ തോല്പിക്കാൻ നോക്കുന്നതെന്ന് തോന്നിപ്പോകുന്നു. അതിനാണെങ്കിൽ ചികിത്സകളും കുറവാണ്.'

സ്വയം മറന്ന് എന്തൊക്കെയോ പറഞ്ഞുപോകുകയാണ് പ്രിയംവദ.

അവരുടെ മുഖത്തേക്ക് ഉറ്റുനോക്കി, പലതും വായിച്ചെടുക്കാൻ പണിപ്പെടുകയായിരുന്നു രേവതി. മുമ്പൊരിക്കൽ ചെറുതായൊന്നു സൂചിപ്പിച്ചിരുന്നെങ്കിലും കാര്യങ്ങൾ ഇത്ര പെട്ടെന്ന് ഈ വഴിക്ക് നീങ്ങുമെന്നു കരുതിയതല്ല.

'എത്ര നാളത്തേക്കാണ് മാഡം?' രേവതി ചോദിച്ചു.

'ആദ്യം ഒരു മാസം.'

'പിന്നെ?' രേവതി ആശങ്കയോടെ നോക്കി.

'പിന്നീടൊരു മാസം കൂടി. അല്ലെങ്കിൽ രണ്ടു മാസം!'

'എന്നിട്ട്?' രേവതിയുടെ ആശങ്ക പെരുകുകയാണ്.

'അത്രയൊക്കെയാകുമ്പോഴേക്കും, ഇത്തരം അവധിയപേക്ഷകളുടെ പ്രസക്തിതന്നെ നഷ്ടപ്പെട്ടുപോകില്ലേ രേവതീ?'

കാര്യങ്ങളുടെ പോക്ക് ഏതാണ്ടു മനസ്സിലായതിന്റെ നടുക്കത്തോടെ രേവതിയും, ശേഷാദ്രിയും തല കുടഞ്ഞു.

'തീരെ പ്രതീക്ഷിക്കാത്തതുകൊണ്ടാവും, എന്തോപോലെ തോന്നുന്നത്.' രേവതി പിറുപിറുത്തു.

'എനിക്ക് മനസ്സിലാകാത്തത് ഒന്നു മാത്രം,' ശേഷാദ്രി ഇടപെട്ടു: 'അത്ര എളുപ്പത്തിലൊന്നും തളരുന്ന പ്രകൃതമല്ല പ്രിയംവദാമാഡത്തിന്റേതെന്ന് മറ്റാരെക്കാൾ കൂടുതൽ നന്നായറിയാമെനിക്ക്. ഒന്നുമില്ലെങ്കിലും, ഇത്രയും കാലം ഒരുമിച്ചു പണിയെടുത്തതല്ലേ. ദൂരെയുള്ള ഫാക്റ്ററിയിലാണെങ്കിലും, എല്ലാ കാര്യത്തിലും ഞങ്ങളൊക്കെ എപ്പോഴും നോക്കിയിരുന്നതു മാഡത്തിന്റെ നേർക്കുതന്നെയായിരുന്നു. നിങ്ങളൊക്കെ ഇവിടെ മുകളിലുണ്ടല്ലോ എന്ന ധൈര്യത്തിലാണ് ഞങ്ങളവിടെ കഴിഞ്ഞുകൂടുന്നതും. അതുകൊണ്ടുതന്നെ വലിയൊരു നേട്ടത്തിനു ശേഷമുള്ള ഈ തോറ്റ ഭാവം എനിക്ക് തീരെ മനസ്സിലാകുന്നില്ല.'

പ്രിയംവദ വിഷാദഭാവത്തിൽ ചിരിക്കാൻ നോക്കി.

'തോൽവിയും, ജയവുമൊക്കെ ആപേക്ഷികമാകാറുണ്ട് പലപ്പോഴും. പിന്നെ മനുഷ്യനല്ലേ, എന്നും ഒരുപോലെയിരിക്കാൻ പറ്റുമോ? പ്രത്യേകിച്ചും, ഞാൻ നേരത്തേ പറഞ്ഞ ഈ മനസ്സെന്ന സാധനം ഉള്ളിലെവിടെയോ കുടികൊള്ളുന്നയിടത്തോളം കാലം. നമുക്കു കാണാനാവാത്ത, തൊട്ടറിയാനാവാത്ത, ഒരവയവംപോലുമല്ലാത്ത ആ വിചിത്രവസ്തുവിന്റെ മേൽക്കോയ്മ വകവെച്ചുകൊടുക്കാതെ വയ്യല്ലോ. മനുഷ്യശരീരത്തിലെ ഓരോ കൊച്ചുകൊച്ച് എല്ലുകളുടെ സ്ഥാനം പോലും അടയാളപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സയൻസിന് ഈ മനസ്സിന്റെ സ്ഥാനംപോയിട്ട്, ആകൃതി പോലും കണ്ടെത്താനാവില്ലല്ലോ. ഒന്നിനും വഴങ്ങാത്ത, തുടക്കവും ഒടുക്കവുമില്ലാത്തൊരു മഹാസാന്നിദ്ധ്യം.'

ഇപ്പോൾ അവരുടെ മനസ്സു തീരെ പരിചയമില്ലാത്ത, ഇരുളടഞ്ഞ ഏതൊക്കെയോ വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണല്ലോ എന്ന് രേവതി ഓർത്തു.

നിശ്ശബ്ദമായി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു രേവതിയും, ശേഷാദ്രിയും. പ്ലേറ്റിൽ ചിതറിക്കിടക്കുന്ന സലാഡുകഷ്ണങ്ങളുടെ അറ്റം ഒരു മുയൽക്കുഞ്ഞിന്റെ ശാന്തതയോടെ കടിച്ചുകാരിക്കൊണ്ട് പ്രിയംവദയുമിരുന്നു.

അല്പം കഴിഞ്ഞ് പ്രിയംവദ ആരോടെന്നില്ലാതെ ചോദിക്കുന്നതു കേട്ടു:

'അല്ലെങ്കിലും, സ്വന്തം മനസ്സിന്റെ ഉത്തരവുകളെ എതിർക്കാൻ നാമൊക്കെയാര്, അല്ലേ രേവതീ?'

'അങ്ങനെ എല്ലാ ഉത്തരവുകളും ഒരു മറുചോദ്യവുമില്ലാതെ കൈപ്പറ്റാൻ തുടങ്ങിയാലോ...?'

മറുപടി പറയാതെ താഴെ നിരത്തുവക്കത്തെ പരസ്യവിളക്കുകളുടെ നിറക്കൊഴുപ്പിലേക്കുതന്നെ നോക്കിയിരിക്കുകയായിരുന്നു പ്രിയംവദ.

'എന്തൊക്കെ പറഞ്ഞാലും ഒരു കാര്യം എനിക്ക് ഉറപ്പാണ്.' രേവതി തുടർന്നു: 'മാഡത്തിനെപ്പോലത്തെ വർക്ക്ഹോളിക്കായ ഒരാൾക്ക് ഒരു രണ്ടാഴ്ചപോലും ആ ഫ്ളാറ്റിൽ തനിച്ചിരിക്കാനാവില്ല. ഇത്രയും തിരക്കുള്ള ഒരു ജീവിതം ജീവിച്ചിട്ട്, പൊടുന്നനേയുള്ളൊരു ഒതുങ്ങിക്കൂടൽ അസാദ്ധ്യം തന്നെ.'

'അതിന് ഞാനൊരു ഫ്ളാറ്റിലും ഒതുങ്ങിക്കൂടാൻ പോകുന്നില്ലല്ലോ, രേവതീ.'

'പിന്നെ?' രേവതി സംശയഭാവത്തിൽ നോക്കുകയാണ്: 'വേറെ ഏതെങ്കിലും കമ്പനിയിൽനിന്ന് കുറേക്കൂടി മെച്ചപ്പെട്ടൊരു ഓഫർ? അതോ മാഡത്തിന് പ്രിയപ്പെട്ട ടീച്ചിങ് ലൈനിലേക്കുള്ള തിരിച്ചുപോക്ക്?'

'പഠിപ്പിക്കലിൽ എന്നുമെനിക്ക് വലിയ കമ്പമായിരുന്നുവെന്നത് നേരാണ്. എന്റെ തുടക്കംതന്നെ അതിലായിരുന്നല്ലോ. പക്ഷേ, ഇൻഡസ്ട്രിയിൽ വന്നു കുറെക്കൂടി വലിയൊരു ലോകം കാണാൻ പറ്റിയതിനുശേഷം, ഇനിയെനിക്ക് ആ പഴയ ഇടുങ്ങിയ ക്ലാസ്സുമുറികളിലേക്ക് മടങ്ങിപ്പോകാനാവില്ല. മാത്രമല്ല, നിങ്ങളുടെയൊക്കെ ഒപ്പം കൂടി ഒരുപാടു മുരടത്തം സമ്പാദിച്ചതുകൊണ്ട്, ഇനി പഴയപോലെ കുട്ടികളെന്നെ സഹിക്കുമെന്ന വിശ്വാസവുമില്ല. കുട്ടികൾക്ക് സഹിക്കാനാവാത്തൊരു ടീച്ചറമ്മ സമൂഹത്തിലെ ഏറ്റവും വലിയ അത്യാഹിതമാണുതാനും...'

'പിന്നെ, മാഡത്തിന്റെ പരിപാടി?'

രേവതി വിടാതെ കൂടുകയാണ്.

'ഞാൻ നാട്ടിലേക്കു മടങ്ങുകയാണ്, രേവതീ. ശരീരംകൊണ്ടും, മനസ്സുകൊണ്ടുമൊരു മടക്കയാത്ര.'

രേവതിക്കത് പെട്ടെന്നു മനസ്സിലാക്കാനായില്ല.

'നാട്ടിൽ അങ്ങനെ പ്രത്യേകിച്ച് ആരുമില്ലെന്നല്ലേ പറയാറ്, ചില അകന്ന ബന്ധുക്കളല്ലാതെ.'

'ആരും വേണ്ടല്ലോ,' പ്രിയംവദ ചിരിച്ചു: 'അവിടെ പുഴക്കരയിൽ തറവാട്ടുഭാഗത്തിൽ കിട്ടിയൊരു ചെറിയ വീടുണ്ട്. കൂട്ടത്തിലൊരു ചെറിയമ്മയാണ് അവിടെ താമസിച്ചിരുന്നത്. അവർ മരിച്ചതിൽ പിന്നെ കുറെക്കാലമായി അതു പൂട്ടിക്കിടക്കുകയാണ്. വീടിനുചുറ്റും വലിയൊരു പറമ്പുണ്ട്. അത്യാവശ്യം ചില പച്ചക്കറികൾ നട്ടുവളർത്താം, മുറ്റത്തിനു ചുറ്റുമായി കുറെ പ്രിയപ്പെട്ട പൂച്ചെടികളും. ആ സ്ഥലം ഒരിക്കൽ കണ്ടാൽ നിങ്ങളൊക്കെ

വല്ലാതെ മോഹിച്ചുപോകും. മുറ്റത്തു നിന്നാൽ, താഴെ പുഴ കാണാം, പുഴയുടെ കാലപ്പകർച്ചകളും. തൊട്ടുമുമ്പിലെ ഒരു ബന്ധുവിന്റെ വളപ്പിലൂടെ പുഴയിലേക്കിറങ്ങാൻ പടവുകൾ കെട്ടിയിട്ടിട്ടുണ്ട്. മുമ്പൊക്കെ ഞങ്ങളുടെ കുട്ടിക്കാലത്ത്, മഴക്കാലം വരുമ്പോൾ പുഴ ആ വീടിന്റെ മുറ്റം വരെ എത്തുമായിരുന്നു. അത് പുഴയുടെ ആഘോഷക്കാലമാണ്. ഇടവം തുടങ്ങുന്നതോടെ ഞങ്ങൾ കുട്ടികൾ ആ മലവെള്ളക്കാലത്തിനുവേണ്ടി കാത്തിരിക്കുകയായി. പക്ഷേ, ഇന്നത്തെ മെലിഞ്ഞുണങ്ങിയ പുഴയ്ക്ക് ആ പഴയ സമൃദ്ധിയെ ഓർമ്മിപ്പിക്കാനുള്ള കെല്പുപോലുമില്ലല്ലോ. രേവതിക്കറിയ്യോ, അന്നൊക്കെ മിഥുനം, കർക്കിടകം മാസങ്ങളിൽ മഴ തിമർത്തിരുന്നത് ഞങ്ങളുടെ പുഴയ്ക്ക് ആഘോഷിക്കാൻവേണ്ടി മാത്രമായിരുന്നു. മലകൾക്കും പുഴകൾക്കും ആഘോഷിക്കാനാവാതെ വരുമ്പോൾ നമ്മുടെ ജീവിതവും താനേ വരണ്ടുപോകുന്നു.'

'പക്ഷേ, ഒരു സംശയം മാത്രം,' രേവതി പറയുന്നതു കേട്ടു: 'ഇങ്ങിനെ പറമ്പിൽ കായ്കറികൾ നട്ടുവളർത്താനും മുറ്റത്തു പൂന്തോട്ടമുണ്ടാക്കാനുമൊക്കെ ഒരു പ്രിയംവദാമേനോൻതന്നെ വേണമെന്നുണ്ടോ? പലർക്കും പ്രയോജനമുള്ളൊരു ജീവിതം ഇങ്ങനെ, ഇത്ര പെട്ടെന്ന്, നാട്ടിൻപുറത്തെ പുഴവക്കത്തേക്ക് ഒതുക്കിവയ്ക്കണോ?'

'നിന്നോട് തർക്കിക്കാൻ ഞാനാളല്ലല്ലോ, കൊച്ചേ. എന്നേ തോൽവി സമ്മതിച്ചു കഴിഞ്ഞതാണ്.'

'ഇവിടെ തർക്കത്തിന്റെ കാര്യമെവിടെ. ഇത്രയും നാളത്തെ പരിചയം കൊണ്ടു തോന്നിയതാണ് അങ്ങനെ പാഴാക്കിക്കളയാനുള്ളതല്ല ഒരാളുടെ ജീവിതമെന്ന്. ഒരു പത്താളുകൾക്ക് പ്രയോജനമുണ്ടാക്കുന്ന ഒരു ജീവിതത്തിൽ ആ പത്താളുകൾക്കും ലേശം അവകാശമൊക്കെ ഉണ്ടാകുന്നത് സ്വാഭാവികമാണ്.'

'കേൾക്കാൻ സുഖമുള്ള വാക്കുകൾക്ക് നന്ദി, ഒരുപാട് നന്ദി, രേവതീ!'

പ്രിയംവദ ചില പഴയ ഓർമ്മകളിലേക്കു താനെ വഴുതിപ്പോകുകയായിരുന്നു. മുഖത്തിന്റെ പാതിയും കൈപ്പത്തികൊണ്ടു മറച്ചു കുനിഞ്ഞിരിക്കുന്ന ആ രൂപത്തിന്റെ നേർക്ക് രേവതി അലിവോടെ നോക്കി.

'എന്തു പറഞ്ഞു നീതുമോള്?'

പ്രിയംവദ പെട്ടെന്ന് ഞെട്ടിയുണർന്നു മിഴിച്ചുനോക്കി. പെട്ടെന്നുള്ള ആ ചോദ്യം അവരെ തെല്ലൊന്ന് അമ്പരപ്പിച്ചുവെന്നു തോന്നി.

'അതൊന്നും ആലോചിച്ചിട്ടില്ല, ഇതേവരെ.'

'അവൾ സമ്മതിക്കുമോ?'

'പറഞ്ഞിട്ടില്ല ഇതേവരെ. പറയാം സാവകാശമായി.'

'അവൾ എതിർത്താൽ?'

'എതിർപ്പുകളെ കൈകാര്യം ചെയ്യല് നമ്മുടെ തൊഴിലിന്റെതന്നെ ഭാഗമല്ലേ?'

'എന്നാലും നീതുവിന്റെ പഠിപ്പ്?'

'ഹോസ്റ്റലിലാക്കാം. അല്ലെങ്കിൽ അവൾക്കിഷ്ടപ്പെട്ട വേറെ എവിടെയെങ്കിലും. അതൊക്കെ അവളുടെ കാര്യം. അല്ലെങ്കിലും തങ്ങൾക്കു വേണ്ടത് എന്തൊക്കെയെന്ന് നല്ല ധാരണയുണ്ട് പുതിയ തലമുറയ്ക്ക്.'

ഒന്നും മനസ്സിലാക്കാനാവാതെ മിഴിച്ചു നോക്കുകയാണ് രേവതി.

'നീതുവിനെ അങ്ങനെ തനിച്ചാക്കി പോകുന്നതു ശരിയായിരിക്കുമോ, അതും ഇപ്പോഴത്തെ അവസ്ഥയിൽ.'

പ്രിയംവദ ചിരിക്കാൻ നോക്കി.

'അങ്ങനെ ഒരുപാട് കണക്കുകൂട്ടാറില്ല, ഈയിടെയായി ഒന്നിനെപ്പറ്റിയും. എവിടെയോ എന്തൊക്കെയോ സംഭവിക്കുന്നു, അതിന്റെ സാക്ഷിയായി ഞാനും.'

മുഖത്തോടു മുഖം നോക്കുകയാണ്, ശേഷാദ്രിയും രേവതിയും.

'നമ്മുടെ മാനേജ്മെന്റ് സമ്മതിക്കുമോ?' ശേഷാദ്രി പെട്ടെന്ന് ചോദിച്ചു.

ഇതെന്തൊരു ചോദ്യമാണെന്ന മട്ടിൽ പ്രിയംവദ ഉറക്കെ ചിരിച്ചു.

'എന്താണിത് ശേഷാദ്രിസ്വാമീ, ഈ ഇന്ത്യാ മഹാരാജ്യം ഭരിക്കുന്നത് നമ്മുടെ സബർവാൾകുടുംബമൊന്നുമല്ലല്ലോ. ഏതു വങ്കനായ പൗരനും അയാളുടെ വങ്കത്തം വിധിയാംവണ്ണം കാണിക്കാനുള്ള സ്വാതന്ത്ര്യമല്ലേ നമുക്കൊക്കെ പതിച്ചുകിട്ടിയിരിക്കുന്നത്.'

'പക്ഷേ, കമ്പനിക്ക് ഇതൊരു വലിയ നഷ്ടമാകും.'

'ഇതൊക്കെ യാത്രയയപ്പുസമ്മേളനത്തിലെ ചില സ്ഥിരം ഡയലോഗുകളല്ലേ, എന്റെ ചങ്ങാതീ. ഒരു പ്രിയംവദ പോയാൽ പകരം വരാനായി ഒരു പത്ത് അനസൂയമാർ അണിഞ്ഞൊരുങ്ങി നില്പുണ്ടാകും, അണിയറയ്ക്കുപുറകിൽ.'

അതു കേട്ടിട്ടും രേവതിക്ക് ചിരിക്കാനായില്ല. മനസ്സ് വല്ലാതെ കനം വയ്ക്കുകയാണ്. ഒടുവിൽ തെല്ലുനേരം എന്തൊക്കെയോ ആലോചിച്ചു കണക്കുകൂട്ടിയിട്ട്, അവൾ അല്പം ഗൗരവഭാവത്തിൽ പറഞ്ഞു:

'എന്തായാലും മാഡം ഇപ്പോഴിത് ഞങ്ങൾ രണ്ടുപേരോടും മാത്രമേ പറഞ്ഞിട്ടുള്ളൂ, ഞങ്ങളാണെങ്കിൽ അതു കേട്ടിട്ടുമില്ല. ഈ തുറന്ന റെസ്റ്റോറന്റിനു ചുമരുകളില്ലാത്തതുകൊണ്ടു മറ്റൊരു കേൾവിയും അസാദ്ധ്യം. ഇവിടെ നിന്ന് പുറത്തിറങ്ങുന്നതോടെ ഞങ്ങളതു മറക്കുന്നു, മാഡവും മറക്കുന്നു. പിന്നീടെല്ലാം പഴയതുപോലെതന്നെ.'

'മിടുക്കത്തി!' പ്രിയംവദ അവളുടെ പുറത്തു തട്ടി: 'എന്തു സമർത്ഥമായി നീ കാര്യങ്ങൾ അവതരിപ്പിക്കുന്നു. വെറുതെയല്ല ആ വളം ഫാക്റ്ററിയിലെ തൊഴിലാളികൾ നിന്റെ ചപ്പടാച്ചിയിൽ വീണുപോയത്! പക്ഷേ, എനിക്കു വേണ്ടത് എന്താണെന്ന് ഞാൻ എന്നേ തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ലേശം വൈകിയെന്നു മാത്രം. ഇനി അതിൽ മാറ്റംവരുത്തുക അത്ര എളുപ്പമാവില്ലല്ലോ.'

ഈ സംഭാഷണം എവിടെയും എത്തുകയില്ലെന്നുകണ്ട് തെല്ലൊരു ഈർഷ്യയോടെ കൈകൾ കൂട്ടിത്തിരുമ്മുകയാണ് രേവതി.

ശേഷാദ്രിയാകട്ടെ, ഒന്നും ഉരിയാടാനാകാതെ വെറുതെ കേട്ടുകൊണ്ടിരിക്കുന്നു.

'തീരുമാനം മാഡത്തിന്റേതുതന്നെ, സമ്മതിച്ചു. പക്ഷേ, അറിഞ്ഞോ അറിയാതെയോ, പല കാര്യങ്ങളിലും മാഡം എനിക്കൊരു റോൾ മോഡലായി മാറിയിരുന്നു. പലതിലും ഒരു അൾട്ടിമേറ്റ്, ഒരു അവസാന വാക്ക്. അത്തരമൊരാൾ പെട്ടെന്ന് രണ്ടു കൈയും പൊക്കി, തോൽവി സമ്മതിച്ച്,

അരങ്ങു വിടുകയെന്നുവച്ചാൽ, തോൽക്കുന്നത് മാഡമാവില്ല, അത്തരമൊരു മഹാമാതൃക മെനഞ്ഞുണ്ടാക്കിയ ഞങ്ങൾതന്നെയാവും.'

ആഹാരം കഴിക്കുന്നതു നിറുത്തി, സ്പൂൺ പ്ലെയിറ്റിൽ വച്ച് വല്ലായ്മയോടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു പ്രിയംവദ. ഇവളുടെ വാക്കുകൾ ഉള്ളിലെവിടെയോ കൊളുത്തിവലിക്കുകയാണല്ലോ.

'ഉള്ളിൽ സ്വയം കെട്ടിപ്പൊക്കിയുണ്ടാക്കുന്ന വിഗ്രഹങ്ങൾ കടപ്പുറത്തെ മൺകൂനയെപ്പോലെ നന്നെ ചെറിയൊരു ഓളത്തിൽ അലിഞ്ഞുപോകുന്നതു കണ്ടുകൊണ്ടു നിൽക്കാൻ പാടാണ്.'

രേവതിയുടെ തൊണ്ട ഇടറി. അവൾ അവിടെ നിറുത്തി.

എന്നിട്ടും അവളുടെ വാക്കുകൾ അലിഞ്ഞുപോകാതെ നാലുചുറ്റും മുഴങ്ങി നിൽക്കുന്നതായി പ്രിയംവദയ്ക്ക് തോന്നി. അന്ന് ആ പത്രമോഫീസിലെ, നന്നെ ഇടുങ്ങിയ, പൊടികൊണ്ടു മൂടിയ മുറിയിൽ അവളെ ആദ്യമായി കണ്ട ദിവസം ഓർമ്മവന്നു.

എത്രയോ കാലത്തിനുശേഷം, ശുദ്ധമായ സ്നേഹത്തിന്റെ, ആദരത്തിന്റെ കരുത്ത് അവരറിഞ്ഞു. ആദ്യമായി ഒരാൾക്ക് സ്നേഹംകൊണ്ടു മാത്രം തന്നെ വേദനിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു.

കുറെ നേരത്തേക്ക് ഒന്നും പറയാനാകാതെ, ഒടുവിൽ മേശയ്ക്കു കുറുകെ കൈ നീട്ടി, രേവതിയുടെ കൈകൾ പിടിച്ച് മെല്ലെയൊന്ന് അമർത്തി, പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ അവർ ചിരിക്കാൻ നോക്കി.

അല്പം കഴിഞ്ഞ് രേവതി പറഞ്ഞു:

'ഒന്നു ഞാൻ പറയാം, യോജിക്കണമെന്നില്ല. മാഡം ഒരിക്കൽ തിരിച്ചുവരും, ഈ ഇൻഡസ്ട്രിയിലേക്കല്ലെങ്കിൽ മറ്റൊന്നിലേക്ക്. ഈ കമ്പനിയിലേക്കല്ലെങ്കിൽ മറ്റൊന്നിലേക്ക്.'

ഒന്നും പറയാതെ പ്രിയംവദ ബില്ലു കൊണ്ടുവരാൻ ആംഗ്യം കാട്ടുമ്പോഴേക്കും രേവതി എഴുന്നേറ്റ് അരമതിലിനടുത്തേക്കു നടന്നുതുടങ്ങിയിരുന്നു.

ഇപ്പോൾ മണ്ണിൽനിന്ന് എത്രയോ ഉയർന്ന്, ആകാശത്തോടു കുറെക്കൂടി അടുത്തതുപോലെ. രേവതി താഴേക്കു സൂക്ഷിച്ചുനോക്കി. നഗരത്തിലെ രാത്രി ഉണർന്നു കഴിഞ്ഞിരിക്കുന്നു. ഉറങ്ങാൻ മടിക്കുന്ന ഈ നഗരത്തിന് ഇരുട്ട് പലപ്പോഴും വലിയൊരു മറയാകുന്നു.

നിരത്തുവക്കത്ത് മിന്നിക്കെടുന്ന പല നിറങ്ങളിലുള്ള പരസ്യവെളിച്ചങ്ങൾ. വളവിലൂടെ ഇഴഞ്ഞിഴഞ്ഞുപോകുന്ന വാഹനങ്ങളുടെ മുൻവെളിച്ചങ്ങൾ.

നഗരത്തിലെ രാത്രി വീണ്ടും സമ്പന്നമാകുകയാണ്. തുടിച്ചുനിൽക്കുന്ന ഈ വലിയ ലോകത്തിൽ തങ്ങൾ ഒന്നുമാകുന്നില്ലല്ലോ എന്ന് അവൾ ഓർത്തുപോയി. താനും, പ്രിയംവദാമാഡവും, ശേഷാദ്രിയുമൊക്കെ...

അപ്പോൾ അവളുടെ ഉള്ളിൽനിന്ന് അറിയാതെ ഒരു നെടുവീർപ്പുയരുന്നത് തൊട്ടുപുറകിൽ നിന്നിരുന്ന പ്രിയംവദ ശ്രദ്ധിച്ചു. അതിന്റെ പൊരുൾ അവർക്ക് നന്നായി മനസ്സിലാകുകയും ചെയ്തു.

'നീതുവിനെ അങ്ങനെ തനിച്ചാക്കി പോകുന്നതു ശരിയായിരിക്കുമോ, അതും ഇപ്പോഴത്തെ അവസ്ഥയിൽ.'

പ്രിയംവദ ചിരിക്കാൻ നോക്കി.

'അങ്ങനെ ഒരുപാട് കണക്കുകൂട്ടാറില്ല, ഈയിടെയായി ഒന്നിനെപ്പറ്റിയും. എവിടെയോ എന്തൊക്കെയോ സംഭവിക്കുന്നു, അതിന്റെ സാക്ഷിയായി ഞാനും.'

മുഖത്തോടു മുഖം നോക്കുകയാണ്, ശേഷാദ്രിയും രേവതിയും.

'നമ്മുടെ മാനേജ്മെന്റ് സമ്മതിക്കുമോ?' ശേഷാദ്രി പെട്ടെന്ന് ചോദിച്ചു.

ഇതെന്തൊരു ചോദ്യമാണെന്ന മട്ടിൽ പ്രിയംവദ ഉറക്കെ ചിരിച്ചു.

'എന്താണിത് ശേഷാദ്രിസ്വാമീ, ഈ ഇന്ത്യാ മഹാരാജ്യം ഭരിക്കുന്നത് നമ്മുടെ സബർവാൾകുടുംബമൊന്നുമല്ലല്ലോ. ഏതു വങ്കനായ പൗരനും അയാളുടെ വങ്കത്തം വിധിയാംവണ്ണം കാണിക്കാനുള്ള സ്വാതന്ത്ര്യമല്ലേ നമുക്കൊക്കെ പതിച്ചുകിട്ടിയിരിക്കുന്നത്.'

'പക്ഷേ, കമ്പനിക്ക് ഇതൊരു വലിയ നഷ്ടമാകും.'

'ഇതൊക്കെ യാത്രയയപ്പുസമ്മേളനത്തിലെ ചില സ്ഥിരം ഡയലോഗുകളല്ലേ, എന്റെ ചങ്ങാതീ. ഒരു പ്രിയംവദ പോയാൽ പകരം വരാനായി ഒരു പത്ത് അനസൂയമാർ അണിഞ്ഞൊരുങ്ങി നില്പുണ്ടാകും, അണിയറയ്ക്കു പുറകിൽ.'

അതു കേട്ടിട്ടും രേവതിക്ക് ചിരിക്കാനായില്ല. മനസ്സ് വല്ലാതെ കനം വയ്ക്കുകയാണ്. ഒടുവിൽ തെല്ലുനേരം എന്തൊക്കെയോ ആലോചിച്ചു കണക്കുകൂട്ടിയിട്ട്, അവൾ അല്പം ഗൗരവഭാവത്തിൽ പറഞ്ഞു:

'എന്തായാലും മാഡം ഇപ്പോഴിത് ഞങ്ങൾ രണ്ടുപേരോടും മാത്രമേ പറഞ്ഞിട്ടുള്ളൂ, ഞങ്ങളാണെങ്കിൽ അതു കേട്ടിട്ടുമില്ല. ഈ തുറന്ന റെസ്റ്റോറന്റിനു ചുമരുകളില്ലാത്തതുകൊണ്ടു മറ്റൊരു കേൾവിയും അസാദ്ധ്യം. ഇവിടെ നിന്ന് പുറത്തിറങ്ങുന്നതോടെ ഞങ്ങളതു മറക്കുന്നു, മാഡവും മറക്കുന്നു. പിന്നീടെല്ലാം പഴയതുപോലെതന്നെ.'

'മിടുക്കത്തി!' പ്രിയംവദ അവളുടെ പുറത്തു തട്ടി: 'എന്തു സമർത്ഥമായി നീ കാര്യങ്ങൾ അവതരിപ്പിക്കുന്നു. വെറുതെയല്ല ആ വളം ഫാക്റ്ററിയിലെ തൊഴിലാളികൾ നിന്റെ ചപ്പടാച്ചിയിൽ വീണുപോയത്! പക്ഷേ, എനിക്കു വേണ്ടത് എന്താണെന്ന് ഞാൻ എന്നേ തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ലേശം വൈകിയെന്നു മാത്രം. ഇനി അതിൽ മാറ്റംവരുത്തുക അത്ര എളുപ്പമാവില്ലല്ലോ.'

ഈ സംഭാഷണം എവിടെയും എത്തുകയില്ലെന്നുകണ്ട് തെല്ലൊരു ഈർഷ്യയോടെ കൈകൾ കൂട്ടിത്തിരുമ്മുകയാണ് രേവതി.

ശേഷാദ്രിയാകട്ടെ, ഒന്നും ഉരിയാടാനാകാതെ വെറുതെ കേട്ടുകൊണ്ടിരിക്കുന്നു.

'തീരുമാനം മാഡത്തിന്റേതുതന്നെ, സമ്മതിച്ചു. പക്ഷേ, അറിഞ്ഞോ അറിയാതെയോ, പല കാര്യങ്ങളിലും മാഡം എനിക്കൊരു റോൾ മോഡലായി മാറിയിരുന്നു. പലതിലും ഒരു അൾട്ടിമേറ്റ്, ഒരു അവസാന വാക്ക്. അത്തരമൊരാൾ പെട്ടെന്ന് രണ്ടു കൈയും പൊക്കി, തോൽവി സമ്മതിച്ച്,

അരങ്ങു വിടുകയെന്നുവച്ചാൽ, തോൽക്കുന്നത് മാഡമാവില്ല, അത്തരമൊരു മഹാമാതൃക മെനഞ്ഞുണ്ടാക്കിയ ഞങ്ങൾതന്നെയാവും.'

ആഹാരം കഴിക്കുന്നതു നിറുത്തി, സ്പൂൺ പ്ലെയിറ്റിൽ വച്ച് വല്ലായ്മയോടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു പ്രിയംവദ. ഇവളുടെ വാക്കുകൾ ഉള്ളിലെവിടെയോ കൊളുത്തിവലിക്കുകയാണല്ലോ.

'ഉള്ളിൽ സ്വയം കെട്ടിപ്പൊക്കിയുണ്ടാക്കുന്ന വിഗ്രഹങ്ങൾ കടപ്പുറത്തെ മൺകൂനയെപ്പോലെ നന്നെ ചെറിയൊരു ഓളത്തിൽ അലിഞ്ഞുപോകുന്നതു കണ്ടുകൊണ്ടു നിൽക്കാൻ പാടാണ്.'

രേവതിയുടെ തൊണ്ട ഇടറി. അവൾ അവിടെ നിറുത്തി.

എന്നിട്ടും അവളുടെ വാക്കുകൾ അലിഞ്ഞുപോകാതെ നാലുചുറ്റും മുഴങ്ങി നിൽക്കുന്നതായി പ്രിയംവദയ്ക്ക് തോന്നി. അന്ന് ആ പത്രമോഫീസിലെ, നന്നെ ഇടുങ്ങിയ, പൊടികൊണ്ടു മൂടിയ മുറിയിൽ അവളെ ആദ്യമായി കണ്ട ദിവസം ഓർമ്മവന്നു.

എത്രയോ കാലത്തിനുശേഷം, ശുദ്ധമായ സ്നേഹത്തിന്റെ, ആദരത്തിന്റെ കരുത്ത് അവരറിഞ്ഞു. ആദ്യമായി ഒരാൾക്ക് സ്നേഹംകൊണ്ടു മാത്രം തന്നെ വേദനിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു.

കുറെ നേരത്തേക്ക് ഒന്നും പറയാനാകാതെ, ഒടുവിൽ മേശയ്ക്കു കുറുകെ കൈ നീട്ടി, രേവതിയുടെ കൈകൾ പിടിച്ച് മെല്ലെയൊന്ന് അമർത്തി, പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ അവർ ചിരിക്കാൻ നോക്കി.

അല്പം കഴിഞ്ഞ് രേവതി പറഞ്ഞു:

'ഒന്നു ഞാൻ പറയാം, യോജിക്കണമെന്നില്ല. മാഡം ഒരിക്കൽ തിരിച്ചു വരും, ഈ ഇൻഡസ്ട്രിയിലേക്കല്ലെങ്കിൽ മറ്റൊന്നിലേക്ക്. ഈ കമ്പനിയിലേക്കല്ലെങ്കിൽ മറ്റൊന്നിലേക്ക്.'

ഒന്നും പറയാതെ പ്രിയംവദ ബില്ലു കൊണ്ടുവരാൻ ആംഗ്യം കാട്ടുമ്പോഴേക്കും രേവതി എഴുന്നേറ്റ് അരമതിലിനടുത്തേക്കു നടന്നുതുടങ്ങിയിരുന്നു.

ഇപ്പോൾ മണ്ണിൽനിന്ന് എത്രയോ ഉയർന്ന്, ആകാശത്തോടു കുറെക്കൂടി അടുത്തതുപോലെ. രേവതി താഴേക്കു സൂക്ഷിച്ചുനോക്കി. നഗരത്തിലെ രാത്രി ഉണർന്നു കഴിഞ്ഞിരിക്കുന്നു. ഉറങ്ങാൻ മടിക്കുന്ന ഈ നഗരത്തിന് ഇരുട്ട് പലപ്പോഴും വലിയൊരു മറയാകുന്നു.

നിരത്തുവക്കത്ത് മിന്നിക്കെടുന്ന പല നിറങ്ങളിലുള്ള പരസ്യവെളിച്ചങ്ങൾ. വളവിലൂടെ ഇഴഞ്ഞിഴഞ്ഞുപോകുന്ന വാഹനങ്ങളുടെ മുൻവെളിച്ചങ്ങൾ.

നഗരത്തിലെ രാത്രി വീണ്ടും സമ്പന്നമാകുകയാണ്. തുടിച്ചുനിൽക്കുന്ന ഈ വലിയ ലോകത്തിൽ തങ്ങൾ ഒന്നുമാകുന്നില്ലല്ലോ എന്ന് അവൾ ഓർത്തുപോയി. താനും, പ്രിയംവദാമാധവും, ശേഷാദ്രിയുമൊക്കെ...

അപ്പോൾ അവളുടെ ഉള്ളിൽനിന്ന് അറിയാതെ ഒരു നെടുവിർപ്പുയരുന്നത് തൊട്ടുപുറകിൽ നിന്നിരുന്ന പ്രിയംവദ ശ്രദ്ധിച്ചു. അതിന്റെ പൊരുൾ അവർക്ക് നന്നായി മനസ്സിലാകുകയും ചെയ്തു.

മുപ്പത്തിരണ്ട്

മകൾ കരയാൻ തുടങ്ങിയിരുന്നു, ഒപ്പം ഒച്ചയില്ലാതെ അമ്മയും. കട്ടിലിന്റെ തലയ്ക്കൽ ചേർത്തുവച്ച തലയിണകളിൽ ചാരി, കാലും നീട്ടി അമ്മയിരുന്നു. അമ്മയുടെ മാറത്ത് തല പൂഴ്ത്തി, ഒരു തള്ളപ്പക്ഷിക്ക് മാത്രം കൊടുക്കാനാവുന്ന സുരക്ഷിതത്വവും തേടി മകളുമിരുന്നു.

അപ്പോൾ തങ്ങൾക്കിടയിൽ കാറ്റുപിടിക്കാത്ത കടൽവെള്ളം മെല്ലെ തിരയടിക്കുന്നുണ്ടെന്ന് അവർക്ക് തോന്നി.

എങ്ങനെ തുടങ്ങണമെന്ന് മകൾക്കറിയില്ലായിരുന്നു. അമ്മയ്ക്കും. കുറ്റബോധം വല്ലാമത ഞെരിച്ചുമുറുക്കുകയാണ്, രണ്ടുപേരേയും.

'അമ്മ ഓഫീസിൽ പോയില്ലാല്ലേ, ഞാൻ ഒരുപാട് വിളിച്ചു സെല്ലില്. റേഞ്ചില്ലായിരുന്നു...'

വല്ലാതെ ചിലമ്പിപ്പോയ ഒച്ച. ഒന്നും പറയണമെന്നു തോന്നിയില്ല അമ്മയ്ക്ക്. ഇനിയും കൈവിട്ടുപോയേക്കുമോ എന്ന പേടിയോടെ അവരവളെ ചേർത്തുപിടിച്ചിരിക്കുകയാണ്.

'പോയില്ല. പോകാനുള്ള ശക്തിയില്ലായിരുന്നു.' അല്പം കഴിഞ്ഞ് അവർ പിറുപിറുത്തു.

'ഒരുപാട് വിളിച്ചല്ലോ ഞാൻ, സെല്ലില്...' നീതു ആവർത്തിച്ചു.

'ഞാൻ വണ്ടിയോടിക്കുകയായിരുന്നു. തൊട്ടുമുമ്പിൽ കാണുന്ന ആദ്യത്തെ വഴിയിലൂടെ, ഒരു രൂപവുമില്ലാത്ത ഏതൊക്കെയോ തിരിവുകളിലൂടെ, എങ്ങോട്ടെന്നില്ലാതെ. ഇത്രയും നാളുകൾക്കു ശേഷം, ഈ നഗരത്തെ ആദ്യമായി കാണുന്നതുപോലെ. ഇത്രയധികം വളവുകളും തിരിവുകളുമായി ഒരു നഗരം. ഒരു ഘട്ടത്തിൽ തെല്ലൊന്നു പകച്ചുപോയി. എവിടെയാണ് ചെന്നെത്തിയതെന്ന് ഒരു രൂപവുമില്ലാതെ അങ്ങനെ പോയ വഴികളിലൂടെത്തന്നെ വീണ്ടും വിണ്ടും വണ്ടിയോടിച്ച്, എനിക്കും, വഴികൾക്കും വഴി തെറ്റുമെന്നായപ്പോൾ, പകൽവെളിച്ചം വല്ലാതെ കത്തിനിൽക്കുന്ന ഒരു വിളക്കുകാലിന്റെ ചുവട്ടിലായി നിരത്തിന്റെ ഓരം ചേർത്തു വണ്ടി നിറുത്തി, ഒരു നിമിഷം കണ്ണടച്ചു നിന്നു. എനിക്കത് ധ്യാനത്തിന്റെ നിമിഷങ്ങളായിരുന്നു, മോളേ!'

'സെൽഫോണിന് ചെന്നെത്താനാവാത്ത ഒരു മൂല പോലുമില്ലല്ലോ ഈ നഗരത്തിൽ.'

'ഒരുപക്ഷേ, നഗരത്തിനു വെളിയിൽ, സെല്ലുകളുടെ മാന്ത്രികവലയത്തിനപ്പുറമൊരു നിരത്തിൽ. അതോ സെൽഫോണിലെ യന്ത്രം താനേ കെട്ടുപോയതാണോ?'

മകളുടെ നനഞ്ഞ കവിളത്ത് ചുണ്ടുകൾ അമർത്തിവച്ചിരിക്കുകയായിരുന്നു അമ്മ.

'അമ്മ നിന്നെ വിട്ടുപോകുമെന്ന് പേടിച്ചോ കുഞ്ഞേ. അങ്ങനെ തനിച്ചു ചെന്നു കയറാൻ പറ്റിയ ഒരിടവുമില്ലല്ലോ ഈ പാവം അമ്മയ്ക്ക്. ആർക്കും വേണ്ടാത്തൊരു അമ്മ.'

അപ്പോഴേക്കും മകളും തേങ്ങാൻ തുടങ്ങിയിരുന്നു.

'ഞാനും അങ്ങനെതന്നെ അമ്മേ' മകൾ അമ്മയെ കെട്ടിപ്പിടിച്ച് വരിഞ്ഞു മുറുക്കുകയായി: 'ആർക്കും വേണ്ടാത്തൊരു അമ്മയുടെ ആർക്കും വേണ്ടാത്ത മകൾ.'

'എനിക്കെന്റെ മോളെ വേണെങ്കിലോ?'

'എനിക്കെന്റെ അമ്മയെ വേണെങ്കിലോ?'

അമ്മ അവളുടെ മുടിയിൽ തലോടിക്കൊണ്ട് കവിളത്തു മാറിമാറി ഉമ്മ വയ്ക്കുകയാണ്.

'അന്ന് എന്തൊക്കെയോ വിളിച്ചുകൂവിയത് എന്റെ വിവരക്കേട്. ഒരു പ്രാന്തിയുടെ താന്തോന്നിത്തം. പ്രാന്ത് കയറുമ്പോൾ എന്നെ പ്രാന്തിയായി മാത്രം കാണാൻ അമ്മയ്ക്ക് കഴിയണം.'

പെട്ടെന്ന് അമ്മ മകളുടെ വായ പൊത്തി.

'ഒരമ്മയ്ക്കും സ്വന്തം മകളെ പ്രാന്തിയായി കാണാനാവില്ലല്ലോ. ഒന്നോർത്തോളൂ, അമ്മയ്ക്കില്ലാത്ത ഒരു പ്രാന്തും നിനക്കില്ലല്ലോ. പക്ഷേ എന്റെ മുഴുവൻ പ്രാന്തും നിനക്ക് കിട്ടല്ലേയെന്ന് മാത്രമായിരുന്നു എന്റെ എപ്പോഴുമുള്ള പ്രാർത്ഥന.'

മകൾക്ക് തീരെ അടക്കാനാകുന്നില്ല. അടിവയറ്റിൽനിന്ന് പുളിച്ച വെള്ളം പോലെ എന്തൊക്കെയോ തികട്ടി വരികയാണ്.

'മറക്കാൻ കഴിയണില്ല, വിശ്വസിക്കാൻ കഴിയണില്ല. അന്നേരം എന്ത് ബാധയായിരുന്നു എന്റെ ഉള്ളില്? കൊത്തിക്കയറി എന്തൊക്കെയാണ് എന്റെ നാവിൽനിന്ന് വീണുകൊണ്ടിരുന്നത്. അത്രയ്ക്ക് ദുഷിച്ചതാണോ അമ്മേ, ഈ നീതുവിന്റെ മനസ്സ്? ഇനി ഒരു ജന്മം മുഴുവൻ പണിപ്പെട്ടാലും വൃത്തി യാക്കാനാകുമോ നീതുവിന്റെ നാവ്?'

അമ്മ വീണ്ടും മകളുടെ വായ പൊത്തി.

'ഒക്കെ മറക്കാനാകണം മോളേ. മറവിയെന്ന സിദ്ധിയുള്ളതുകൊണ്ടാണ് നമ്മളൊക്കെ ജീവിച്ചുപോകുന്നതെന്ന്, വലുതാകുമ്പോഴേ നിനക്ക് മനസ്സി ലാകൂ. ഓർമ്മകളെ വകഞ്ഞുമാറ്റി മറന്നു മറന്നാണ് ഞാൻ നിന്നെ ഇത്രയും കാലം വളർത്തിയത്.'

'അമ്മാ...'

വല്ലാതെ വരിഞ്ഞു മുറുക്കിക്കൊണ്ട് അമ്മയുടെ മുൻകഴുത്തിൽ ചുണ്ടു കൾ അമർത്തുകയാണ് മകൾ.

'ഒരു സ്ത്രിയുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലമാണ് കുട്ടിക്കാലം. മുതിർന്നവരുടെ വിരൽത്തുമ്പിൽ തൂങ്ങി, തന്നെ കാത്തിരിക്കുന്ന വൻതിരകളടിക്കുന്ന ലോകത്തെക്കുറിച്ച് ഒരു ആധിയുമില്ലാതെ, അല്ലലേതു മില്ലാതെ കടന്നുപോകുന്ന കുട്ടിക്കാലം,' ഒന്ന് നിറുത്തിയിട്ട് അവർ കൂട്ടി ച്ചേർത്തു: 'സ്വന്തം കുട്ടിക്കാലം ഓർക്കാൻ കഴിയാത്ത ഒരു സ്ത്രീയുടെ ജന്മം പാഴാണ് മോളേ. എന്റെ പേടി അതായിരുന്നു. ഓർമ്മകളെ അകറ്റി നിറുത്താൻ ബദ്ധപ്പെടുമ്പോഴൊക്കെ എനിക്കെന്റെ പ്രിയപ്പെട്ട കുട്ടിക്കാലം കൂടി നഷ്ടപ്പെട്ടു പോകുമോ എന്ന പേടിയായിരുന്നു.'

പിന്നിടെപ്പോഴോ അമ്മ നിശ്ശബ്ദയായി, മകളും.

ആ ഇരിപ്പിൽത്തന്നെ മകൾ ഉറങ്ങിക്കാണുമെന്ന് അമ്മ കരുതി; അമ്മ മയക്കത്തിലാണെന്ന ആശ്വാസത്തിൽ മകളും. ഉറക്കാനെന്നോണം അമ്മ അപ്പോഴും മകളുടെ പുറത്ത് വെറുതെ തട്ടിക്കൊണ്ടിരുന്നു.

പക്ഷേ, അവർ ഉറങ്ങുകയായിരുന്നില്ല. അന്യോന്യം ഉറക്കാൻ ശ്രമിച്ചു വെങ്കിലും അവർക്ക് ഉറങ്ങാനാകുമായിരുന്നില്ല. എന്റെ അമ്മയ്ക്ക് അല്പം ഉറക്കം കൊടുക്കണമേ എന്ന് ഉറക്കങ്ങളുടെ ദൈവങ്ങളോട് ഉള്ളുചുട്ട്

പ്രാർത്ഥിക്കുമ്പോൾ തന്റെ ഒരു ജന്മത്തെ ഉറക്കങ്ങൾ മുഴുവനും ദാനം ചെയ്താലും ഉറങ്ങാനാവാത്ത വിധത്തിൽ താനവരുടെ സ്വസ്ഥത നശിപ്പിച്ചുവോ എന്നവൾ ഭയന്നിരുന്നു.

താനുറങ്ങിയില്ലെങ്കിലും തന്റെ മകൾക്ക് ഉറക്കം കിട്ടണമേ എന്ന് പ്രാർത്ഥിക്കുകയായിരുന്നു അമ്മയും.

ഏറെ നാളുകൾക്കു ശേഷം ഒരു നീണ്ട ഉറക്കം.

അവർക്കിടയിൽ മഴ വീഴാൻ മടിച്ച്, വല്ലാതെ ഈർപ്പം മുറ്റിയ ഒരു വർഷകാല മദ്ധ്യാഹ്നം വീർപ്പുമുട്ടി നിന്നിരുന്നു.

പിന്നിട്, ഏറെക്കഴിഞ്ഞ് സന്ധ്യയായപ്പോൾ പൊടുന്നനേ മാനം ഇരുണ്ടടച്ച് കൂടിയപ്പോൾ ചെറിയൊരു കാറ്റോടെ മഴ പെയ്യാൻ തുടങ്ങി.

ജനാലയിലൂടെ അഞ്ചാം നിലയിലേക്കുള്ള കാറ്റ് വെള്ളത്തുള്ളികൾ വാരിയെറിഞ്ഞപ്പോൾ താൻ മയക്കത്തിലേക്ക് വഴുതി വീഴാൻ പോകുകയാണെന്ന് പ്രിയംവദയ്ക്കു മനസ്സിലായി. താൻ ഉറങ്ങിയാൽ തന്റെ മകൾക്കും ഉറങ്ങാതിരിക്കാനാകില്ലെന്ന് അവർക്ക് ഉറപ്പായിരുന്നു. പുറത്തെ മഴയിലേക്ക് അവർ നോക്കിയതേയില്ല. പുറത്ത് തിമർക്കുന്ന ഈ മഴ വലിയൊരു കുളിരായി ഉള്ളിൽ നിറയട്ടെ എന്നു മാത്രം ആശിച്ചു.

ഓരോ മഴയും പെയ്യുന്നത് ഓരോരുത്തർക്കു വേണ്ടി, പഴുത്തു കിടക്കുന്ന ഓരോ മനസ്സുകൾക്കു വേണ്ടി.

പക്ഷേ, എനിക്കിപ്പോൾ എന്റേതായി ഒരു മഴയും വേണ്ടല്ലോ. കുട്ടിക്കാലത്ത് കാത്തുകാത്തിരുന്ന മഴകളെ എനിക്കിപ്പോൾ വെറുക്കാനാകുന്നു.

എനിക്ക് ഈ മഴ വേണ്ടല്ലോ. ആർക്കും വേണ്ടാത്ത മഴ.

ആഴം കുറഞ്ഞൊരു ഉറക്കത്തിനിടയിൽ കാത്തിരിക്കാതെ വന്നെത്തിയ മറ്റൊരു സ്വപ്നത്തിനു നടുവിലേക്ക് പൊടുന്നനേ വഴുതി വീണതായി നീതുവിന് തോന്നി.

ഏറെ നാളുകൾക്കുശേഷം വീണ്ടുമൊരു സ്വപ്നം. അതിലേക്കു നയിച്ച നെറ്റിയുടെ നേർക്ക് നീണ്ടുവന്ന, രാത്രിയുടെ അതേ തടിച്ചുരുണ്ട ചൂണ്ടുവിരൽ. അറ്റത്തൊരു കൂർത്ത നഖം.

മുമ്പെന്നോ വേനലിന്റെ ഒടുവിൽ, മഴമേഘങ്ങൾ തൂങ്ങിനിന്ന് വീർപ്പുമുട്ടിക്കുന്ന ഒരു ആഷാഢരാത്രിയിൽ കണ്ട സ്വപ്നത്തിന്റെ ഒടുക്കംപോലെ മറ്റൊന്ന്.

നനുത്ത വെള്ളപ്പടുതകൾക്കപ്പുറം മഞ്ഞുമൂടിയ ധ്രുവപ്രദേശം. നരച്ച മാനത്തേക്ക് തള്ളിനിൽക്കുന്ന ഏതോ മഞ്ഞുമലയുടെ താഴ്‌വാരത്തിലൂടെ ഊർന്നിറങ്ങുമ്പോൾ ശീതക്കാറ്റിൽ ഉടലാകെ വിറകൊള്ളുകയാണ്. കട്ടിക്കരിമ്പടംകൊണ്ട് ആകെ മൂടിപ്പുതച്ച്, രോമത്തൊപ്പികൊണ്ടു തലമറച്ച്...

തൊട്ടപ്പുറത്തായി നീർച്ചാലുകളിലൂടെ ഉരുണ്ട് പോകുന്ന കൂറ്റൻ മഞ്ഞുകട്ടകൾ. വീശിയടിക്കുന്ന കാറ്റിൽ മഞ്ഞിൻപടലങ്ങൾ മുഖത്തേക്ക് പാറിവീണ് പറ്റിപ്പിടിക്കുന്നു.

പരിചിതമല്ലാത്ത ഭൂപ്രദേശങ്ങൾ. ഏങ്കോണിപ്പുള്ള ചരിവുകളും ഏറ്റയിറക്കങ്ങളും. അടിവാരത്തിൽ മാനത്തിന്റെ അതിരുകൾ വരെ വിരിച്ചിട്ട തൂവെള്ളപ്പട്ടായി മഞ്ഞിൻപരപ്പ്. ഒരറ്റത്തായി കട്ടിമഞ്ഞിന്റെ മൂടിക്കടിയിൽ ഉറയ്ക്കാൻ മടിക്കുന്ന ജലാശയത്തിലേക്ക് ഊളിയിട്ടുപോകുന്ന നീർനായ

കൾ വെള്ളത്തിന്റെ അടിപ്പരപ്പിൽ എന്തൊക്കെയോ തിരഞ്ഞ ശേഷം, തിടുക്കത്തിൽ വെട്ടിപ്പുളഞ്ഞു പൊങ്ങിവരുന്നു.

ആകൃതി നഷ്ടപ്പെട്ട കൂറ്റനൊരു മഞ്ഞുപാറയ്ക്കരികിൽ കുമ്പിട്ടിരിക്കുകയായിരുന്നു, പ്രിയംവദ.

ചുവന്ന കമ്പിളിപ്പുതപ്പുകൊണ്ട് ആകെ മൂടിപ്പുതച്ചിരിക്കുന്നതുകൊണ്ട് മുഖം കാണാനാകുന്നില്ല.

'അമ്മ എന്താവിടെ?' തന്റെ ശബ്ദം നീതുവിനുപോലും പെട്ടെന്ന് തിരിച്ചറിയാനായില്ല.

ആദ്യത്തെ ചോദ്യം കേട്ടതേയില്ലെന്നു തോന്നി. ഒരിക്കൽകൂടി ആവർത്തിച്ചപ്പോൾ അവർ ചുണ്ടുകൾക്കു കുറുകെ വിരൽവെച്ച് മിണ്ടിപ്പോകരുതെന്ന് ആംഗ്യം കാട്ടി.

'അമ്മ എന്താവിടെ?'

'ശ്ശ്...ശ്ശ്... ധ്യാനിക്കുന്നവരെ അലട്ടാൻ പാടില്ല.'

ഉറയാൻ മടിക്കുന്ന ജലാശയങ്ങളുടെ അടിത്തട്ടിൽ എവിടെയോനിന്ന് അമ്മയുടെ വിറയാർന്ന ശബ്ദം.

'ധ്യാനിക്കാനൊരു ഇടം ഈ തണുത്തുറഞ്ഞ ധ്രുവപ്രദേശത്ത് മാത്രമേ കിട്ടിയുള്ളൂ, അമ്മയ്ക്ക്?'

മറുപടിയായി ഒരു നേർത്ത മൂളൽ മാത്രം.

'ഇതിലൂടെ സ്വസ്ഥത കിട്ടുമെന്നു കരുതുന്നുവോ?'

'പ്രാർത്ഥിക്കാനിരിക്കുമ്പോൾ ഒന്നും മോഹിക്കാറില്ല.'

'പിന്നെ?'

'ഞാൻ ശമിപ്പിക്കാൻ നോക്കുകയാണ് എന്റെ അലട്ടലുകളെ. എന്റെ ഏകാന്തതയെ.' പിന്നീട് അല്പം കടുത്ത സ്വരം.

'എങ്ങിനെ ഇവിടം വരെയെത്തി? ആരു പറഞ്ഞുതന്നു നിനക്കീ വഴി?'

'അമ്മയിലേക്കുള്ള വഴി ആരും പറഞ്ഞുകൊടുക്കാറില്ലല്ലോ മക്കൾക്ക്. അതു മുറിച്ചിട്ടും മുറിയാതെ കിടക്കുന്ന പൊക്കിൾക്കൊടിയുടെ വഴി. അതിലൂടെ മഞ്ഞുമലകൾ താണ്ടി, താഴ്വാരങ്ങളിലൂടെ ഊർന്നിറങ്ങി, ഒടുവിൽ എങ്ങനെയോ ഇവിടെ....'

അമ്മയുടെ വിരലുകൾക്കിടയിലൂടെ ജപമാലയുടെ രുദ്രാക്ഷമണികൾ എണ്ണിമറിഞ്ഞു പോകുകയാണ്. ചുണ്ടത്ത് തെളിഞ്ഞു കേൾക്കാനാവാത്ത സ്തോത്രങ്ങൾ.

പെട്ടെന്ന് അമ്മയുടെ ശബ്ദം പൊങ്ങി:

'ഇവിടെ നിൽക്കണ്ട, വേഗം പൊയ്ക്കൊള്ളൂ, പകലിരുളാൻ പോകുകയാണ്...' തെല്ലൊരു ഭയപ്പാടോടെ ചുറ്റും നോക്കിക്കൊണ്ടാണ് അവരത് പറഞ്ഞത്. 'ഇത് ആരോരുമില്ലാത്ത പാവം വിധവകളുടെ സങ്കേതം. അല്പം കൂടി കഴിഞ്ഞാൽ താഴ്വാരത്തിലൂടെ പെൻഗ്വിൻ പക്ഷികളുടെ സംഘങ്ങൾ ഇറങ്ങിവരികയായി. ഈ ധ്രുവപ്രദേശമാകെ കറുപ്പും വെളുപ്പുമാക്കിക്കൊണ്ട്, മറ്റേതോ ലോകത്തിന്റെ ശബ്ദങ്ങളുമായി വന്നെത്തുന്ന പെൻഗ്വിൻ കൂട്ടങ്ങൾ.'

നീതു രണ്ടുചുവട് മുന്നോട്ടുവച്ചപ്പോൾ അവർ തിടുക്കത്തിൽ പുറകോട്ട് മാറി.

'വേണ്ട. വേണ്ട മോളേ,' പ്രിയംവദ ആവർത്തിക്കുകയായിരുന്നു: 'ഈ പെൻഗ്വിനുകൾ പോയ ജന്മങ്ങളിൽ അനാഥരാക്കപ്പെട്ട വിധവകൾ. ഇണകൾ മരിച്ചവരും, ഇനിയും മരിക്കാത്ത ഇണകൾക്ക് ഇരിക്കപ്പിണ്ഡംവെച്ചു പിരിഞ്ഞു പോന്നവരും. ഒരു ജന്മത്തിന്റെ മുഴുവൻ സുഖദുഃഖങ്ങളും കറുപ്പും വെളുപ്പുമായി സ്വന്തം ശരീരത്തിൽതന്നെ അടയാളപ്പെടുത്തി വയ്ക്കുന്നവർ.'

'എനിക്കുമില്ലല്ലോ ആരും!' തന്റെ കണ്ണുകൾ വല്ലാതെ കടയുന്നത് നീതു അറിഞ്ഞു. 'അമ്മ കൂടി പോയാൽ എനിക്കും ശേഷിക്കുന്നത് ഇതേ വെള്ള വേഷവും, ജപമാലയും ധ്രുവപ്രദേശത്തെ മഞ്ഞുപാറകളുടെ മറവും മാത്രം...'

'വാക്കുകൾ സൂക്ഷിക്കൂ മോളേ,' പ്രിയംവദയ്ക്ക് സങ്കടം അടക്കാനാവുന്നില്ല. അവർ വെറുതെ ആവർത്തിക്കുകയായിരുന്നു: 'ഇത് ആരോരുമില്ലാത്ത വിധവകളുടെ അവസാനത്തെ സങ്കേതം. ഇണകൾ മരിച്ചവരും, ഇനിയും മരിക്കാത്ത ഇണകൾക്ക് ഇരിക്കപ്പിണ്ഡംവെച്ചു പിരിഞ്ഞുപോന്നവരും...'

തനിച്ചാക്കപ്പെട്ടവർക്ക് ധ്യാനിക്കാനായി മഞ്ഞിന്റെ രക്ഷാകവചവും, വെൺമയുടെ വിശുദ്ധിയും.

'ഞാനും അക്കൂട്ടത്തിൽതന്നെ, അമ്മേ!'

ശീതക്കാറ്റിൽ വരണ്ട തൊണ്ടയിൽ ഉറഞ്ഞുപോകുന്ന വാക്കുകൾ പുറത്തുവരാൻ ഇത്രയും നേരമെടുത്തുവല്ലോ എന്ന് അത്ഭുതപ്പെടുകയായിരുന്നു മകൾ.

'എനിക്കും വേണമല്ലോ കറുപ്പും വെളുപ്പുമായ ഒരു ശരീരം, ഒരു ജന്മത്തിന്റെ മുഴുവൻ സുഖദുഖങ്ങളും അടയാളപ്പെടുത്തിവയ്ക്കാനായി.'

'വേണ്ട മോളേ. ഇവിടം നിനക്കുള്ളതല്ല. വേഗം തിരിച്ചുപൊയ്ക്കോളൂ. പകലിരുളാൻ തുടങ്ങുന്നു. ധ്രുവപ്രദേശങ്ങളിലെ പേടിപ്പിക്കുന്ന രാത്രികളെപ്പറ്റി, എല്ലുകൾക്കുള്ളിലേക്ക് മുനകളായി കുത്തിയിറങ്ങുന്ന മഞ്ഞുമഴയുടെ ഊറ്റത്തെപ്പറ്റി, നിനക്ക് സങ്കല്പിക്കാൻപോലുമാവില്ലല്ലോ.'

എന്നിട്ടും കൂട്ടാക്കാതെ, പിൻതിരിയാതെ, അമ്മയുടെ തണുത്തു മരവിച്ച കൈപ്പത്തിയിൽ കടന്നു പിടിക്കാൻ തുനിഞ്ഞപ്പോൾ പൊടുന്നനേ അവരുടെ മുഖം മാറുന്നതു കാണായി.

ഉറഞ്ഞുകൂടിയ കൊഴുത്ത മഞ്ഞിന്റെ നിറമുള്ള മുഖം പൊടുന്നനേ ചുവന്നു തുടുത്തു. പേടിപ്പെടുത്തുന്ന ചോരയോട്ടത്തിൽ ആ മുഖമാകെ ആളിപ്പിടിക്കാൻ പോകുന്നതുപോലെ.

തെല്ലൊരു സംശയത്തോടെ, അവസാനത്തെ ആശയും കൈവിടാതെ രണ്ടു ചുവടുകൾ മുന്നോട്ടുവയ്ക്കാൻ തുടങ്ങുമ്പോൾ ധ്രുവപ്രദേശങ്ങളിലെ ഒറ്റപ്പെട്ട അലർച്ചയായി അമ്മയുടെ ശബ്ദം:

'പോവാനാണ് പറഞ്ഞത്... പെൻഗ്വിനുകൾ മലയിറങ്ങുന്നതിനു മുമ്പ്, മഞ്ഞുമഴ തിമർക്കാൻ തുടങ്ങുന്നതിനു മുമ്പ് ഇവിടം വിട്ടില്ലെങ്കിൽ, ഒടുവിൽ അത്...'

തുടരാനാകുന്നില്ലല്ലോ അമ്മയ്ക്ക്. മഞ്ഞിന്റെ അലോസരപ്പെടുത്തുന്ന വെണ്മയിൽ, ശബ്ദങ്ങൾ ഉറയുന്ന അന്റാർട്ടിക്കൻശൈത്യം അപ്പോളവർക്ക് വലിയൊരു സാന്ത്വനമായി മാറി.

ഏറെനേരം മഞ്ഞുമലകളിൽ തട്ടിനിന്ന ആ ആജ്ഞയുടെ മുഴക്കം പിന്നീട് ഏതോ കുഴമഞ്ഞിന്റെ പ്രാചീനമായ സമൃദ്ധിയിലേക്ക് ലയിച്ചപ്പോൾ നീതു ഭയപ്പാടോടെ മുകളിലേക്ക് നോക്കി. മലയുടെ ഉച്ചിയിൽ സൂചിത്തു മ്പത്തെന്നപോലെ രണ്ട് കൂറ്റൻ മഞ്ഞുപാറകൾ. ചെറിയൊരു കാറ്റനക്കം, അടിയിൽ ലേശമൊരു മഞ്ഞുരുകൽ, അത്രയും മതിയല്ലോ അവയ്ക്ക് താഴ്വാരങ്ങളിലൂടെ ഉരുണ്ടിറങ്ങാൻ.

നീതു പതുക്കെ ഒരു ചുവട് പുറകോട്ടു വെച്ചു. വീണ്ടും ഒരു ചുവടു കൂടി.

പിന്നെ അവൾ ഓടുകയായിരുന്നു.

തിരിഞ്ഞു നോക്കാനാകാതെ, കുഴമഞ്ഞിൽ പുതഞ്ഞുപോകുന്ന കാലു കൾ വലിച്ചൂരിയെടുത്ത് മുന്നോട്ടായുമ്പോൾ പുറകിൽ പെൻഗ്വിനുകളുടെ ഒറ്റപ്പെട്ട കരച്ചിൽ കേൾക്കായി. എന്നോ നഷ്ടപ്പെട്ട പ്രിയപ്പെട്ടവർക്കു വേണ്ടി ബലിക്കാക്കകളുടെ സ്വരത്തിൽ അവർ കരയുന്നു.

പോയ ജന്മങ്ങളിലെ വിധവകളുടെ വരവായി. ഒരു മുഴുവൻ ജന്മത്തിന്റെ സുഖദുഃഖങ്ങളുടെ മാറാപ്പും പേറി, മഞ്ഞുമലകളിറങ്ങി അവർ വരുന്നു.

വടക്കൻമലകളിലെ കുത്തിക്കയറുന്ന ശീതക്കാറ്റ് വീശിയടിച്ച പ്പോൾ അവൾ തടിച്ച രോമക്കുപ്പായത്തിന്റെ കുടുക്കുകൾ മുറുക്കി. ഉടലി ലൂടെ ധ്രുവപ്രദേശങ്ങളുടെ തണുപ്പ് അരിച്ചിറങ്ങുകയാണ്. തൊണ്ടയ്ക്കകത്ത് മുമ്പു കേൾക്കാത്ത ഏതോ പ്രാർത്ഥനാഗീതത്തിന്റെ വരികൾ ഉരുണ്ടുകൂ ടുന്നു.

ആവുന്നത്ര ചൂടും കരുത്തും ചോരയോട്ടം നിലയ്ക്കാറായ കാലുകളി ലേക്ക് പകർന്നുകൊടുക്കാൻ തുനിയുമ്പോൾ അമ്മ പറഞ്ഞത് എത്രയോ ശരിയാണെന്ന് നീതുവിന് തോന്നി. ഇതു വിധവകൾ തേടുന്ന ധ്രുവപ്രദേശ ങ്ങളുടെ വിശുദ്ധി. ഒരു മുഴുവൻ ജീവിതവും ബാക്കിയുള്ളവർക്ക് അതൊരു മോഹം മാത്രം.

പകലിരുളാൻ തുടങ്ങിയിട്ടും അടിവാരത്തിൽ ഒരു നേർത്ത വെളിച്ചം തങ്ങി നിന്നിരുന്നു.

ഉള്ളിലെ തിരകളടങ്ങിയപ്പോൾ, അവൾ മെല്ലെ നടക്കാൻ തുടങ്ങി.

കൂറ്റൻ മഞ്ഞുകട്ടകൾ ഒഴുകിയിറങ്ങുന്ന നീർച്ചാട്ടങ്ങൾക്കരികിലൂടെ, കുഴ മഞ്ഞിൽ മൂടിയ ചരിവുകളിലൂടെ, സമതലങ്ങളിലൂടെ, മരവിപ്പ് പടർന്നു തുട ങ്ങുന്ന കാലുകൾ വലിച്ചിഴച്ച്...

അവൾ കുറെ ദൂരം പോന്നുകഴിഞ്ഞിരുന്നു.

അപ്പോഴേക്കും പുറകിലെവിടെയോ പെൻഗ്വിനുകളുടെ കൂട്ടായ വിലാ പങ്ങൾക്കു മുകളിലായി ഒരു ഒറ്റപ്പെട്ട സ്ത്രീശബ്ദം കേൾക്കായി. മുമ്പൊന്നും കേൾക്കാത്തൊരു രക്ഷാമന്ത്രം.

അത് തന്റെ അമ്മയുടെ ശബ്ദമാണെന്ന് നീതു തിരിച്ചറിഞ്ഞു. അമ്മ തനിക്കു വേണ്ടി ഉറക്കെ പ്രാർത്ഥിക്കുകയാണ്. അമ്മയ്ക്ക് പ്രാർത്ഥിക്കാതി രിക്കാനാവില്ല.

എല്ലാ അമ്മമാരും പ്രാർത്ഥനകളാണ്. ധ്രുവപ്രദേശങ്ങളിൽ തനിച്ചാക്ക പ്പെടുന്ന എല്ലാ വിധവമാരും ഇപ്പോൾ പ്രാർത്ഥിക്കുകയാവാം, തങ്ങളുടെ പ്രിയപ്പെട്ടവർക്കു വേണ്ടി.

മഞ്ഞിന്റെ വഴുക്കലുള്ള സമതലങ്ങൾ താണ്ടി, ധ്രുവപ്രദേശങ്ങളുടെ അതിരുകൾ കടന്ന്, ഏതോ ഉറച്ച പ്രതലത്തിലൂടെ അവൾ വേഗം നടന്നു.

അപ്പോഴേക്കും അവൾ തന്റെ അമ്മയെ ഏതാണ്ട് മറന്നുകഴിഞ്ഞിരുന്നു. അവൾക്കു ചുറ്റും അടിവാരത്തിന്റെ ഇളംചൂടുള്ള പൊടിക്കാറ്റ് അടിച്ചുകയറാൻ തുടങ്ങിയിരുന്നു.

ഉറക്കത്തിൽനിന്ന് ഉണർവ്വിലൂടെയുള്ള യാത്രയിൽ തനിക്ക് ഇനിയും എത്രയോ ദൂരം പോകാനുണ്ടല്ലോ എന്നവൾ ഓർത്തു.

ഇനിയുള്ള സഞ്ചാരം ഉണർവ്വിലൂടെ മാത്രം.

പിന്നീട്, തിരിഞ്ഞുനോക്കാതെ അവൾ അതിവേഗം നടക്കാൻ തുടങ്ങി.

അടയാളങ്ങൾ; വാക്കും പൊരുളും

ഷുക്കൂർ

മനുഷ്യമനസ്സിന്റെ അപാരതകളിൽ പിടിതരാതെ പാർപ്പുറപ്പിച്ചിരിക്കുന്ന വൈചാരിക വൈകാരിക വൈഖരികളെയും അവന്റെ സിരാപടലങ്ങളിൽ പടർന്ന് നിറ്റലായി പരിണമിക്കുന്ന സങ്കീർണ്ണതകളെയും ഘനമാർന്ന വാക്കിന്റെ ഊർജ്ജപ്രസരണംകൊണ്ട് കോറിയിട്ട അപൂർവ്വം പ്രതിഭാശാലികളിലൊരാളാണ് സേതു. നിർമ്മിതിയിലെ മൗലികത, ആഖ്യാനത്തിലെ താരള്യത എന്നിവ ഉൾച്ചേർന്ന സേതുവിന്റെ രചനാഭൂപടം വിഭ്രമാത്മകതയുടെയും ദുഃസ്വപ്നങ്ങളുടെയും മിത്തിന്റെയും വർണ്ണാഭകൊണ്ട് ശബളിമയാർന്നു നിൽക്കുന്നു. സത്യത്തിന്റെയും മിഥ്യയുടെയും അതിരുകളെ പലവിധം മായ്ചുകളയുന്നതും ആഭിചാരത്തോടടുത്തു നിൽക്കുന്നതുമായ രചനാതന്ത്രവും ഭാഷാസുതാര്യതയും അദ്ദേഹത്തെ തന്റെ സമകാലികരിൽനിന്ന് വേറിട്ടടയാളപ്പെടുത്തുന്നു.

ഏകാന്തതയുടെ പെരുംപാതകളിൽ ദിശയറ്റ് നിൽക്കുന്ന സ്ത്രീകഥാപാത്രങ്ങളെ സേതുവിന്റെ രചനകളിലെമ്പാടും കണ്ടുമുട്ടാൻ കഴിയും. തങ്ങളുടെ അന്തർലോകങ്ങളിലേക്ക് തലവലിച്ചുനിൽക്കുമ്പോഴും അവർക്ക് സുരക്ഷിതമായ ഒരിടം കണ്ടെത്തുവാൻ കഴിയുന്നില്ല. മനുഷ്യനായിരിക്കുക എന്ന അവസ്ഥയുടെ ധർമ്മസങ്കടങ്ങൾ, അറ്റുപോകുന്ന പ്രതികരണശേഷി ഇവ സംപ്രേഷിപ്പിക്കുന്ന നിസ്സഹായതയുടെയും പ്രാരബ്ധങ്ങളുടെയും ജീവിതം അവരിലേല്പിക്കുന്ന മഹാപ്രഹരങ്ങളുടെയും പരിണിതിവൈചിത്ര്യങ്ങളുടെ എന്നപോലെ ഉറക്കത്തിനും ഉണർച്ചയ്ക്കുമിടയിലെ ഒരവസ്ഥയിലേക്കും അവരെ കൊണ്ടുചെന്നെത്തിക്കുന്നുണ്ട്.

ആധുനികതയുടെ കുതിച്ചുചാട്ടത്തിനും ആരെല്ലാമോ ഓതിത്തീർത്ത ഉത്തരാധുനികതയുടെ സൈദ്ധാന്തിക ഭീകരതയ്ക്കുമിടയിൽ സ്വന്തവും സ്വതന്ത്രവുമായ ഒരിടം അടയാളപ്പെടുത്തിയ ഈ എഴുത്തുകാരന്റെ രചനാലോകം ആവിഷ്കൃതമാകുന്നത് മുൻവിധിയുടെ ശാഠ്യങ്ങൾക്കപ്പുറമുള്ള അതീതലോകത്തിന്റെ അനുധ്യാനങ്ങളിലാണ്. അങ്ങനെ സേതു എഴുത്തെന്ന പ്രക്രിയയെ സൗന്ദര്യത്തിന്റെ നിദാനമാക്കിത്തീർത്തുകൊണ്ട് വായനക്കാരനെ വ്യത്യസ്തമായൊരു ലോകത്തിന്റെ അനുഭവപാരമ്യതയിലേക്ക് കൈപിടിക്കുകയും ചെയ്യുന്നു.

'പാണ്ഡവപുര'ത്തിന്റെ മായക്കാഴ്ചകളിൽനിന്നും 'കണിയാൻകുന്നി'ന്റെ ഇരുണ്ട മാന്ത്രികതയിൽനിന്നും പിന്നിടിപ്പോൾ 'മീനാക്ഷിപ്പാള'യത്തിന്റെ ദൈന്യതയിൽ, സ്ത്രൈണതയ്ക്കു മീതെ കോയ്മകളുണരുമ്പോൾ സേതുവിന്റെ രചനാപഥത്തിന്റെ വിസ്മയാവഹമായ വിടർച്ച നാം തൊട്ടറിയുകയാണ്.

മീനാക്ഷിപ്പാളയത്ത് ഭ്രമാത്മകതയുടെയും സന്ദേഹങ്ങളുടെയും വാർദ്ധക്യമെന്ന നിസ്സഹായതയുടെയും പെരുമ്പറകൾ ശൈഥില്യങ്ങളായി പ്രവചനപ്പെടുന്നു. ഇവിടെ ഈ എഴുത്തുകാരൻ പുത്തൻ പ്രഹേളികാഖണ്ഡങ്ങൾ ജീവിതംപോലെ പുനരുത്പാദിപ്പിക്കുകയാണ്. പുതിയകാലത്തിന്റെ ബർമുഡാട്രയാംഗിളുമായി സൈബർലോകം അപകടമണി മുഴക്കുന്നതിനെക്കുറിച്ച് 'ആറാമത്തെ പെൺകുട്ടി'യിൽ ആശങ്കാകുലനാകുമ്പോൾ സേതു സ്വന്തം കാലത്തിലേക്ക് ജാഗരൂകനാവുകയാണ്.

സ്ത്രീകളെയും അവരെ നേരിടുന്ന പോരിടങ്ങളെയുംകുറിച്ച് സമൃദ്ധമായി എഴുതിയ ഒരാളെന്ന നിലയിൽ സേതുവിനെ വേണമെങ്കിൽ സ്ത്രീപക്ഷ എഴുത്തുകാരനായി തളയ്ക്കാവുന്നതാണ്. ഫെമിനിസ്റ്റ് മുദ്രാവാക്യങ്ങൾ ആധിപത്യം പുലർത്തുന്ന രചനകളെക്കാൾ ജൈവികവും പാരിസ്ഥിതികവുമാണ് സേതുവിന്റെ നോവലുകൾ. എന്നാൽ ഈ എഴുത്തുകാരൻ സ്ത്രീയെ, അവളുടെ സ്വത്വത്തിന്റെ പൂർത്തീകരണവുമായി കണ്ടെടുക്കുന്നത് പുരുഷനിലൂടെയാണ്. അഥവാ സാമ്പ്രദായിക ഫെമിനിസ്റ്റുകളെപ്പോലെ പുരുഷന്മാരെ എല്ലായ്പ്പോഴും മർദ്ദകർ മാത്രമായിക്കരുതുന്നവരല്ല സേതുവിന്റെ സ്ത്രീകഥാപാത്രങ്ങൾ. എന്നാൽ പെണ്ണെഴുത്തുകാരുടെ അടുക്കളകലഹങ്ങളെക്കാൾ മികച്ച രീതിയിൽ സ്ത്രീജീവിതത്തിന്റെ സർവ്വതലസ്പർശിയായ പ്രശ്നപരിസരങ്ങളെ ആവിഷ്കരിക്കുവാൻ അനന്യമായൊരു ചാതുര്യം തന്നെ പുലർത്തിപ്പോന്നിട്ടുണ്ട് ഈ നോവലിസ്റ്റ്.

സ്ത്രീവ്യവഹാരങ്ങളെ നോവലിന്റെ അതിരുകളിൽ മാത്രം കൈകാര്യം ചെയ്യുകയായിരുന്നില്ല അദ്ദേഹം. 'ഉച്ച', 'മകൾ', 'മരപ്പേടി', 'അരുന്ധതിയുടെ വിരുന്നുകാരൻ' എന്നിങ്ങനെയുള്ള ശക്തമായ കഥകളിൽ ചട്ടുകങ്ങളുമായി യുദ്ധം ചെയ്യുന്ന സ്ത്രീകളെയല്ല അടയാളപ്പെടുത്തിയിട്ടുള്ളത്. ഈ കഥകളിലെ കഥാപാത്രങ്ങളിൽ ചിലർ തങ്ങൾക്കു ചുറ്റും കത്തിപ്പടരുന്ന പ്രശ്നങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടുമ്പോൾ മറ്റു ചിലരാകട്ടെ വിമോചനഗാഥകളുമായി സ്വാതന്ത്ര്യത്തിന്റെ ഗഗന നീലിമയെ പുണരുകയാണ് ചെയ്യുന്നത്.

സർവ്വസാധാരണമായ നോട്ടപ്പാടുകളിൽനിന്നും വിച്ഛേദിക്കപ്പെട്ട് ജീവിതത്തിന്റെ പ്രത്യേക മുഹൂർത്തങ്ങളിലേക്കുണരുന്ന ചില സ്ത്രീകൾ വാസ്തവികതയോടു പോരടിച്ചു നില്ക്കുന്നത് 'നിയോഗ'ത്തിൽ നമുക്കു കണ്ടെത്താൻ കഴിയും. നോവലിസ്റ്റിന്റെ ബോധാബോധങ്ങൾക്കിടയിലെങ്ങോ ഊറിക്കൂടിയ പാണ്ഡവന്മാരുടെ കഥ 'പാണ്ഡവപുര'ത്തിൽ ഗോത്രത്തനിമയാർജ്ജിച്ചുനില്ക്കുകയാണെങ്കിൽ 'നിയോഗ'ത്തിലെത്തുമ്പോൾ നോവലിന്റെ പ്രധാനപ്പെട്ടൊരു ധാരയായി വർത്തിക്കുന്നു.

സ്വപ്നത്തിനും യാഥാർത്ഥ്യത്തിനുമപ്പുറം കാലം സ്തംഭിച്ചുപോവുകയും പ്രാചീനമായ ഗന്ധങ്ങളത്രയും സ്ഫോടനാത്മകമായി ഉള്ളിൽ പേറുകയും ചെയ്യുന്ന നിശ്ചലതയിൽ പേരറിയാത്ത ശക്തികൾ 'നിയോഗ'ത്തിലെ കമലാക്ഷിയമ്മയുടെ ഉദരത്തിലേക്ക് ബീജങ്ങൾ നിക്ഷേപിക്കുകയാണ്. രണ്ടു കുട്ടികൾക്ക് ജന്മമരുളുന്ന കമലാക്ഷിയമ്മ നാട്ടിൽ അപഹസിക്കപ്പെടുന്നുണ്ടെങ്കിലും നോവലിസ്റ്റ് അവരെ പാണ്ഡവമാതാവായ കുന്തിയുടെ ഛായയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കമലാക്ഷിയമ്മയുടെ രണ്ടു മക്കളിൽ

ഒരാൾ ഭീമന്റെയും മറ്റെയാൾ ധർമ്മപുത്രരുടെയും ഭാവങ്ങളിലാണ് നിർമ്മിക്കപ്പെട്ടുള്ളത്. പാണ്ഡവകഥയിലെ മൂത്തവൻ രണ്ടാമതും രണ്ടാമനെ പ്രഥമസ്ഥാനീയനുമായി നോവലിസ്റ്റ് ചിത്രണം ചെയ്തതിന്റെ പിന്നിലെ പ്രേരണ എന്തായിരിക്കാം? കുന്തിക്ക് സൂര്യനിലുണ്ടാവുകയും പിന്നീട് 'സൂതപുത്ര' നായി അവഹേളിക്കപ്പെടുകയും ചെയ്ത കർണ്ണനാകട്ടെ നോവലിലൊരിടത്തും കടന്നുവരുന്നില്ല പക്ഷേ, കാമാസക്തനായ സൂര്യനെക്കുറിച്ച് ചില പരാമർശങ്ങൾ നിയോഗത്തിലുണ്ട്. ജീവിതത്തെക്കുറിച്ചുള്ള ആരായലായി ദാർശനികമായ ചോദ്യങ്ങളുടെയും വിചാരങ്ങളുടെയും സമാഹാരമായി മാറിയ ഈ നോവൽ ജന്മത്തിന്റെയും മരണത്തിന്റെയും പൊരുളന്വേഷിക്കുന്ന ഒരാളുടെ ശ്രദ്ധാകേന്ദ്രമായി മാറാതിരിക്കില്ല.

കഥകളിലും നോവലുകളിലും ശക്തരും തേജസ്വികളുമായ സ്ത്രീപ്രതിനിധാനവൈവിദ്ധ്യങ്ങൾ കോറിയിട്ട ഈ എഴുത്തുകാരന്റെ തികച്ചും വ്യത്യസ്തമായൊരു രചനയാണ് 'ഏഴാംപക്കം'. വിവാഹാനന്തരം, ഏഴാം ദിവസം അപ്രത്യക്ഷമാകുന്ന അസാധാരണയായ മീനാക്ഷിക്കുട്ടിയാണ് ഈ ചെറുകൃതിയിലെ നായികാകഥാപാത്രം. യുക്തിയെ വെല്ലുവിളിച്ചുകൊണ്ട് മീനാക്ഷിക്കുട്ടി പെട്ടെന്നൊരു ദിവസം ജീവിതത്തിലേക്ക് എവിടെനിന്നെന്നറിയാതെ പൊന്തിവരികയാണ്. അവളങ്ങനെ ഒന്നും ഉരിയാടാതെ പോയതിലോ പിന്നീട് തിരിച്ചുവരുമ്പോഴോ അവളുടെ ഭർത്താവിനു പരിഭവമില്ല. അവളുടെ യാത്രകളെക്കുറിച്ച് അയാളൊന്നും അവളോട് ചോദിക്കുന്നുമില്ല. നവവധുവിന്റെ തിരോധാനത്തെക്കുറിച്ച് അന്വേഷിക്കുവാൻപോലും അയാൾ മുതിരുന്നില്ല. നമ്മുടെ കാലത്തിലെ പുരുഷരൂപങ്ങളിൽനിന്നെല്ലാം വിഭിന്നനാണയാൾ.

അയാളുടെ മാനസികമായ പരികല്പനകളിൽ മീനാക്ഷിക്കുട്ടി ഭാര്യ എന്ന സംജ്ഞ ഉപേക്ഷിച്ച് ഉയരുകയാണ്. അല്ലെങ്കിൽ ശരാശരി മനുഷ്യസ്ത്രീ എന്ന രൂപത്തിൽനിന്നും അവളെ അടർത്തിയെടുത്ത് അകംലോകത്തെ വിജൃംഭിതമായ പീഠത്തിലിരുത്തി ആരാധിക്കുവാൻ മുതിരുകയാണ് ഭർത്താവ് കുഞ്ഞിരാമൻ.

സ്ത്രീയെ സർവ്വപ്രപഞ്ചത്തിന്റെയും അമ്മയായി, നിലയ്ക്കാത്ത ചൈതന്യമായി പ്രകാശപ്രവാഹമായി സങ്കല്പനം ചെയ്യുന്നു ഈ നോവലിൽ. കുഞ്ഞിരാമന്റെ കന്മഷമറ്റ കാഴ്ചയിലേക്ക് നടന്നുകയറുന്ന മീനാക്ഷിക്കുട്ടിക്കു മുമ്പിൽ അയാൾ തൊഴുകൈയോടെ മുട്ടുകുത്തുമ്പോൾ അവളോ അയാളെ അനുഗ്രഹിക്കുവാനായി കയ്യുയർത്തിക്കൊണ്ടു നില്ക്കുകയാണ്. നമ്മുടെ നോവൽ സാഹിത്യത്തിൽ അഭിദർശിക്കുവാൻ സാധിക്കാത്തവിധത്തിൽ സ്ത്രീയെ പ്രപഞ്ചത്തിന്റെ ചൈതന്യമായി പ്രതിഷ്ഠാനം ചെയ്യുമ്പോൾ സേതുപതിവു രചനാപഥങ്ങളിൽനിന്നും സാഹസികമായി കുതറിമാറുകയാണ്.

പാണ്ഡവപുരത്തിലെ ദേവിയും നിയോഗത്തിലെ കമലാക്ഷിയമ്മയും അഭിമുഖീകരിക്കുന്നതിനെക്കാൾ സങ്കീർണ്ണമായ പ്രശ്നങ്ങളോട് പോരടിക്കുന്നവരാണ് അടയാളങ്ങളിലെ പ്രിയംവദാമേനോനും ആറാമത്തെ പെൺകുട്ടിയിലെ കാദാംബരിയും. സമകാലികജീവിതത്തിന്റെ സാമൂഹികഘടനയിൽ നുരയുന്ന ആൺകോയ്മകളുടെയും അസഹിഷ്ണുതകളുടെയും പ്രതിലോമതകളെ തങ്ങളുടെ അനന്യതയാർന്ന പ്രതിരോധങ്ങൾകൊണ്ട് നേരിടുക

യാണീ സ്ത്രീകൾ. വെറും ശരീരമായി മാത്രം സ്ത്രീകളെ കാണുന്ന ഇന്നത്തെ പുരുഷമേൽക്കോയ്മകൾക്കു നേരെ കലാപം ചെയ്യുന്ന ഇത്തരം സ്ത്രീകഥാപാത്രങ്ങളെ മലയാള നോവൽസാഹിത്യത്തിൽതന്നെ കണ്ടുമുട്ടുക പ്രയാസകരമാണ്. സൈബർലോകവും മനുഷ്യരും തമ്മിലുള്ള സംഘർഷത്തിന്റെ കഥയായി 'അടയാളങ്ങളെ' വായിച്ചവർ എങ്ങനെ ഇത്തരമൊരു നിഗമനത്തിലെത്തിച്ചേർന്നു എന്നത് സാഹിത്യത്തിലെ ഫലിതം നിറഞ്ഞ ചോദ്യമാണ്; അത് ചില ഉപചോദ്യങ്ങളിലേക്കും നമ്മെ നയിക്കുന്നുണ്ട്.

സ്ത്രീയുടെ മനോതലത്തിന്റെ അഗാധതയിലേക്കുള്ള ഒരന്വേഷണമെന്ന നിലയിൽ നിരൂപകശ്രദ്ധ പിടിച്ചുപറ്റിയ രചനയായിരുന്നല്ലോ പാണ്ഡവപുരം. പാണ്ഡവപുരത്തിന്റെ രചനാകാലത്തുനിന്നും അടയാളങ്ങളുടെ കാലത്തേക്കെത്തുമ്പോൾ കേരളീയ സ്ത്രീജീവിതം മാനസികവും തൊഴിൽപരവുമായ വിധാനങ്ങളിൽ ഗണനീയമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. അവരുടെ സഞ്ചാരപഥങ്ങളും ഈ മാറ്റത്തിന്റെ നിർവചനത്തിൽപ്പെടും. ആ മാറ്റങ്ങളെയും അവരുടെ അനുഭവതിക്തതകളെയും തികച്ചും ജൈവികമായൊരു പശ്ചാത്തലത്തെ മുൻനിർത്തി ആവിഷ്കരിക്കുവാനാണ് സേതു, തന്റെ നോവലിൽ ശ്രമിച്ചിട്ടുള്ളത്.

അടയാളങ്ങളുടെ അകംപൊരുളുകളെ വിശകലനവിധേയമാക്കുംമുമ്പ് സേതു തന്റെ നോവലുകളിൽ കോറിയിടുന്ന സ്ഥലങ്ങളെക്കുറിച്ച് ചെറുതായൊന്നു സൂചിപ്പിക്കട്ടെ. തന്റെ സമകാലികരായ വിജയന്റെയും മുകുന്ദന്റെയും നോവലുകളിൽ ആവിഷ്കരിക്കപ്പെടുകയും ഇതിനോടകം ഏറെ പ്രശസ്തി ആർജ്ജിക്കുകയും ചെയ്ത 'ഖസാക്കും മയ്യഴി'യുമായി താരതമ്യം ചെയ്യുമ്പോൾ സേതുവിന്റെ നോവലുകളിലെ സ്ഥലങ്ങൾക്ക് വാസ്തവികതയുമായി യാതൊരു ബന്ധവുമില്ലെന്ന് കണ്ടെത്തുവാൻ കഴിയും. അദ്ദേഹത്തിന്റെ സ്ഥലനിർമ്മിതി തികച്ചും മൗലികമാണ്. 'മയ്യഴിക്കും' 'ഖസാക്കിനും' പ്രാഗ്‌രൂപങ്ങളുണ്ട് എന്ന വസ്തുത 'പാണ്ഡവപുര'ത്തിന്റെ ജാരപ്പുരകളിൽ നിന്നും 'കണിയാൻകുന്നി'ന്റെ ഇരുണ്ട ആഭിചാരങ്ങളിലേക്കും സ്ത്രൈണതയെ ഉടച്ചുകളയുന്ന 'മീനാക്ഷിപാളയത്തി'ലേക്കും സഞ്ചരിക്കുന്ന ഒരു വായനക്കാരൻ തികഞ്ഞ ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.

അല്ലെങ്കിൽ പാണ്ഡവപുരത്തിനും കണിയാൻകുന്നിനും മീനാക്ഷിപാളയത്തിനും പ്രതിരൂപങ്ങളുണ്ടോ? താൻ കടന്നുപോയ ഏതെങ്കിലും സ്ഥലങ്ങളുടെ മാതൃകകൾ തന്റെ നോവൽസ്ഥലങ്ങളെ നിർമ്മിക്കുന്നതിൽ അദ്ദേഹത്തിന് പ്രചോദനമരുളിയിട്ടുണ്ടോ? ഇത്തരം ചോദ്യങ്ങളുമായി നാം മുന്നോട്ട് പോകുമ്പോൾ എത്തിച്ചേരുന്നത് അതീതയാഥാർത്ഥ്യത്തിന്റെ തലത്തിലായിരിക്കും. അഥവാ തന്റെ മുന്നിൽ വിടർച്ചപൂണ്ടു നില്ക്കുന്ന യാഥാർത്ഥ്യത്തെ വായനക്കാരനിലേക്ക് പ്രക്ഷേപിക്കുവാൻ സേതു കണ്ടെത്തിയത് 'അൾട്രാ ഫാന്റസി' എന്ന സങ്കേതമായിരിക്കും അതുകൊണ്ട് ഖസാക്കിനേക്കാളും മയ്യഴിയെക്കാളും യാഥാർത്ഥ്യത്തിന്റെ പരിവേഷമാർജ്ജിച്ചുനിൽക്കുന്ന, വായനയെ ഉന്മിഷത്താക്കുന്ന ഒന്നായി സേതുവിന്റെ സ്ഥലനിർമ്മിതികൾ. ഒരെഴുത്തുകാരന്റെ ലോകത്ത് ഇത്തരം സ്ഥലങ്ങൾ പൂക്കുന്നതെങ്ങനെ?

ഏതെല്ലാം ഘടകങ്ങളായിരിക്കാം അയാൾക്ക് ഇത്തരം സ്ഥലനിർമ്മിതിക്കുള്ള പ്രേരണയരുളിയത്.

മധ്യവർഗ്ഗകുടുംബത്തിലെ സ്ത്രീകളെ ഉൾക്കൊള്ളുന്ന ഉപരിദുഃഖങ്ങളായ പ്രശ്നങ്ങൾക്കുമപ്പുറം അടയാളങ്ങളിൽ വായനക്കാരന്റെ തിവ്രമായ ജാഗ്രതയെ ക്ഷണിക്കുന്നത് മിനാക്ഷിപാളയമായി പില്ക്കാലത്ത് വേഷം കൊണ്ട് പാർവ്വതീപുരവും അവിടെ ജീവിക്കുകയും കൊലചെയ്യപ്പെടുകയും ജീവിതത്തോട് പോരാടി നില്ക്കുകയും ചെയ്യുന്നവരുടെ കനൽപഥങ്ങളിലൂടെയുള്ള യാത്രകളുമാണ്.

പ്രിയംവദാമേനോൻ (പ്രശസ്തമായൊരു ഫാക്ടറിയിലെ മനുഷ്യവിഭവശേഷികാര്യ മേധാവി) ഗോവയിലവതരിപ്പിക്കുന്ന ഒരു പ്രബന്ധത്തിലൂടെയാണ് നോവൽ കേന്ദ്രത്തിലേക്കുള്ള സൂചനയിലേക്ക് വായനക്കാരൻ എത്തിച്ചേരുന്നത്. നിരവധി പ്രൊഫസർമാരും ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരും പ്രഗല്ഭരായ അക്കാദമിക്കുകളും പങ്കെടുക്കുന്ന സമ്പന്നമായ സദസ്സാണ് ഗോവയിലേത്.

ഒരു പഴങ്കഥയുടെ കെട്ടഴിക്കുന്ന ലാഘവത്തോടെ പ്രിയംവദാമേനോൻ പാർവ്വതീപുരത്തെക്കുറിച്ച് പറഞ്ഞുതുടങ്ങുകയാണ്. മനുഷ്യത്വത്തിന്റെ ജാഗ്രതകളെ ഉള്ളിൽ വഹിക്കുന്ന അവരുടെ വാക്കുകളിൽ പാർവ്വതീപുരം തീയും തീപ്പാടുമായി ചരിത്രത്തിലേക്ക്, നമ്മുടെ കാലത്തിലേക്ക് ആളിപ്പടരുകയാണ്.

തമിഴ്നാട്ടിലെ ഒരു കുഗ്രാമമായിരുന്നു പാർവ്വതീപുരം. അവിടെ കരിമ്പുവയലുകളിൽ ചില്ലറപ്പണികൾ ചെയ്തും പശുമാടുകളെ പോറ്റിയും മുനിയാണ്ടി എന്ന പേരിൽ ഒരാൾ. ജീവിതത്തെ നിരുത്തരവാദിത്വത്തോടെ കയ്യാളിയ അയാൾക്ക് വലിയ മോഹമൊന്നുമുണ്ടായിരുന്നില്ല. പണിയെടുത്ത് എവിടെയെങ്കിലും കിടന്നുറങ്ങി കാലംപോക്കിയിരുന്ന അയാളുടെ ഒരേയൊരു ദൗർബല്യം സിനിമകളായിരുന്നു. എം.ജി. ആറിന്റെയും സരോജാദേവിയുടെയും സിനിമകൾ.

പ്രാചീനതയുടെ ഗന്ധം പേറി നില്ക്കുന്ന പാർവ്വതീപുരത്തേക്ക് വ്യാപാരതാത്പര്യങ്ങളുമായി മുതലാളിത്തശക്തികൾ അധിനിവേശം നടത്തിയതോടെ ആ പ്രദേശത്തിന് അതിന്റെ ഗ്രാമ്യത നഷ്ടമാകുകയായിരുന്നു. ചരിത്രത്തിൽ മുമ്പ് നടന്നിട്ടുള്ള അധിനിവേശങ്ങളത്രയും എവ്വിധം ഒരു സംസ്കാരത്തെയും അധിനിവിഷ്ടപ്രദേശങ്ങളെയും അട്ടീമറിച്ചുവോ അതേപോലെ പാർവ്വതിപുരവും അധിനിവേശശക്തികളുടെ കോയ്മകൾക്കു മുമ്പിൽ പിടഞ്ഞുവീണു. ഐതിഹ്യങ്ങളുടെ നാഡീവ്യൂഹങ്ങൾ കെട്ടുപിണഞ്ഞുകിടക്കുന്ന പാർവ്വതീപുരം അതിന്റെ ജൈവികതയിൽനിന്ന് ഒരു വ്യാവസായിക പ്രദേശമായി പരിവർത്തനം ചെയ്യപ്പെടുകയാണ്.

നാലുപാടും പരന്നുകിടക്കുന്ന കരിമ്പിൻതോട്ടങ്ങൾക്കിടയിലൂടെ വളഞ്ഞുപുളഞ്ഞുപോയ്ക്കൊണ്ടിരിക്കുന്ന ഒറ്റപ്പാതകൾ പാർവ്വതീപുരത്തിന്റെ ഹൃദയത്തിൽനിന്നും പിഴുതുമാറ്റപ്പെട്ടു. കുന്നിൻചെരുവ് ഇടിച്ചുനിരത്തി കൂറ്റൻ മതിലുയർന്നു. മതിലിനുള്ളിൽ പുതിയ ഫാക്ടറിയുടെ അനുബന്ധങ്ങൾ. ആകാശനീലിമയിലേക്ക് ഫാക്ടറിയുടെ പുകക്കുഴലുകൾ. അങ്ങനെ അവിടം

ഒരു പഞ്ചസാരപ്പട്ടണമായി മാറി. പാർവ്വതീപുരത്തിന് അതിന്റെ പേരുകൂടി നഷ്ടമാവുകയും അത് മീനാക്ഷിപ്പാളയമായി പ്രച്ഛന്നപ്പെടുകയുംചെയ്തു. മുതലാളിത്തം ഒരു സംസ്കാരത്തെ അതിന്റെ ഭീകരമായ വായ്പിളർത്തി വിഴുങ്ങുകയായിരുന്നു.

പുതിയ ഫാക്ടറി പ്രവർത്തനമാരംഭിച്ചതോടെ മുനിയാണ്ടിയുടെ സ്വപ്ന ങ്ങൾ വർണ്ണശബളിമയാർന്നു. എങ്ങനെയും അവിടെയൊരു ജോലി തരപ്പെ ടുത്തുവാൻ അയാൾ തീരുമാനിക്കുകയായി.

ഇത്തരം കാര്യങ്ങളെ കഥയുടെ അവതാരികയായി കരുതിയാൽ മതി. പക്ഷേ, കഥ പിന്നീട് പ്രളയംപോലെ ജീവിതത്തിലേക്ക് പ്രവഹിക്കുകയാണ്; ജീവിതത്തെ മുച്ചൂടും പ്രഹരിക്കുകയാണ്.

ഫാക്ടറിയുടെ മതിൽക്കെട്ടിനു പുറത്ത് അധികം ദൂരയല്ലാതെ തൊട്ട ടുത്ത ഗ്രാമത്തിലേക്കുള്ള നാട്ടുവഴിയിൽ നിന്ന് അല്പം മാറി കൂറ്റൻ പുളിമ രങ്ങൾ മറയ്ക്കുന്ന ഒരു പൊട്ടക്കിണറുണ്ട്. കാട്ടുചെടിപ്പടർപ്പുകൾ മൂടിയ ഇടിഞ്ഞുപൊളിഞ്ഞ ഈ പൊട്ടക്കിണറിൽനിന്നാണ് ജീവിതം അതിന്റെ വിഭി ന്നമായ ചില മുഖങ്ങൾ നമുക്കു മുന്നിൽ ഭീകരമായി അവതരിപ്പിക്കുന്നത്.

ആ പൊട്ടക്കിണർ മുനിയാണ്ടിക്ക് ഭീതി നിറഞ്ഞ സ്വപ്നമായിരുന്നു. അമ്പത്തെട്ടു വയസ്സു പിന്നിട്ടതോടെ അതയാളെ പിന്തുടരാൻ തുടങ്ങി. കാരണം അതിനകത്ത് വീണാണ് മുനിയാണ്ടിയുടെ പ്രിയപ്പെട്ട ചങ്ങാതി മുത്തുവേൽ മരിച്ചത്. മുത്തുവിന് മുമ്പ് അഴകപ്പൻ. അഴകപ്പനു മുമ്പ് ഒരു തെലുങ്കൻ. ചങ്ങാതിയുടെ ജഡം കണ്ടതുമുതലാണ് മുനിയാണ്ടി ആകെ ഉലഞ്ഞുതുടങ്ങിയത്. മുത്തുവേലിന്റെ മുഖത്ത് അപ്പോഴും വേദനയെക്കാൾ സ്പന്ദിച്ചുനിന്നത് ഭീതിയായിരുന്നു. പുറത്തേക്കുന്തിയ കണ്ണുകളിലാകട്ടെ വല്ലാത്തൊരു അവിശ്വസനീയതയും.

മുത്തുവേലുവിന്റെ നിർജ്ജീവങ്ങളായ കണ്ണുകളിൽ പിടഞ്ഞു നിന്ന ആ വിശ്വാസക്കുറവുതന്നെയായിരുന്നു മുനിയാണ്ടിയുടെ രാത്രികളിലേക്ക് നിദ്രയെ തകർത്തുകൊണ്ട് കയറിവന്നത്. അങ്ങനെ പൊട്ടക്കിണറ്റിൽ വീണു മരിച്ചത് എട്ടുപേരായിരുന്നു. അതും അമ്പത്തൊമ്പതു താണ്ടി അറുപതിലേക്ക് ഉണർന്നു നില്ക്കുന്നവർ. അവരത്രയും ഫാക്ടറിയിലെ തൊഴിലാളികളാ യിരുന്നു. അറുപത് വയസ്സ് ഒരടയാളമാണ്. അറുപതാം വയസ്സ് ഒരു തൊഴി ലാളിയെ സംബന്ധിച്ചിടത്തോളം ഒരർത്ഥത്തിൽ ജീവിതത്തിന്റെ അവസാ നമാണ്. ഫാക്ടറിയിൽനിന്ന് പിരിയേണ്ടിവരുന്ന കാലയളവുകൂടിയാണത്. അമ്പത്തൊമ്പതാകുമ്പോഴേ അവൻ തങ്ങളുടെ 'കൗണ്ട്ഡൗൺ' ആരംഭിക്കു കയായി. കാര്യമായൊന്നും കരുതിവയ്ക്കാതെ ഒന്നും സമ്പാദിക്കുവാൻ കഴി യാതെ പെട്ടെന്നൊരു ദിവസം തങ്ങളുടെ ജോലിയോടു യാത്രപറയുക. എന്നാ ലിപ്പോൾ അവരുടെ വേവലാതികളത്രയും ഒടുങ്ങിത്തിരുകയാണ്. തൊഴി ലാളികളിൽ ഏറെപ്പേരും അറുപതിലെത്തുംമുമ്പേ ജീവിതത്തിൽനിന്നുതന്നെ പിരിച്ചുവിടപ്പെടുകയാണ്. അമ്പത്തൊമ്പതാം വയസ്സിൽ ദുരൂഹതയുടെ ഒരു പിടി ചിതയും ബാക്കിവച്ച് അവർ നിത്യതയിലേക്ക് വഴുതുകയാണ്. അതാ കട്ടെ അവർക്കുതന്നെ അപരിചിതമായ പൊട്ടക്കിണറുകളിലേക്ക്.

ജോലിയിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ഒരു സാന്ത്വനമെന്ന നിലയിൽ അധികൃതർ കമ്പനിയിൽ ജോലികൊടുത്തുപോരാറുണ്ട്. അതായിരുന്നു അറുപതിലെത്തും മുമ്പുള്ള വയോധികരുടെ മരണത്തിന്റെ പശ്ചാത്തലം. മുനിയാണ്ടിയുടെ മകൻ തന്റെ പിതാവ് മരണമടഞ്ഞതിന്റെ പിറ്റേദിവസംതന്നെ ജോലി തേടി ഫാക്ടറിയിലെത്തുമ്പോൾ അന്ധാളിപ്പിലേക്ക് അമർന്നുപോകുന്നത് നിവേദിത എന്ന പേഴ്സണൽ ഓഫീസറാണ്.

മുനിയാണ്ടിയുടെ മരണത്തിൽ അനുശോചിച്ചുകൊണ്ടുള്ള കമ്പനിയുടെ സന്ദേശം അയാളുടെ ഭാര്യയ്ക്കെത്തിക്കുവാൻവേണ്ടി നിവേദിത മുനിയാണ്ടിയുടെ വീട്ടിലെത്തുമ്പോൾ അവൾ വല്ലാത്തൊരു മാനസികാവസ്ഥയിലേക്ക് പതറുകയാണ്. മരണം കഴിഞ്ഞ് ഒരാഴ്ചയേ പിന്നിട്ടുള്ളുവെങ്കിലും അവിടെ മരണവീടിന്റെ യാതൊരടയാളങ്ങളും അവശേഷിച്ചിരുന്നില്ല. തീർത്തും ശബ്ദായമാനമായ ഒരന്തരീക്ഷത്തിൽ കോഴികളുടെ പിറകെ ഓടി നടക്കുന്ന മുനിയാണ്ടിയുടെ ഭാര്യ, ഒരു റേഡിയോ ചെവിയിലേക്ക് ചേർത്തുവച്ച് ബീഡിവലിച്ചു രസിക്കുന്ന മകൻ, ഇളയമകൾ കാവേരി മാത്രമായിരുന്നു മുനിയാണ്ടിയുടെ മരണത്തിൽ അനാഥത്വത്തിന്റെയും ശൂന്യതയുടെയും ഇരുൾക്കയങ്ങളിൽ ശ്വസംമുട്ടി പിടഞ്ഞുകൊണ്ടിരുന്നത്. തന്റെ പിതാവ് ആത്മഹത്യ ചെയ്യില്ലെന്ന് അവളുറച്ച് വിശ്വസിച്ചിരുന്നു. മുനിയാണ്ടിയുടെ അസ്വസ്ഥനിർഭരവും ഭീതിപൂണ്ടതുമായ അവസ്ഥ നേരിട്ടു കണ്ട മകൾ അന്ന് അച്ഛന് കാവലിരുന്നതായിരുന്നു. എന്നിട്ടും എങ്ങനെയോ മുനിയാണ്ടിയുടെ ജഡം പൊട്ടക്കിണറ്റിൽ പൊന്തി.

കഥകൾക്കു മീതേ കഥകളും ഉപകഥകളുമായി മുമ്പേ മരിച്ചുപോയവരുടെ ജീവിതം ചരിത്രം ഇവയൊക്കെ പരിശോധിച്ച നിവേദിത തന്റെ കാഴ്ചയിലേക്ക് അന്ധരൂപങ്ങൾ ചീറിയടുക്കുന്നതറിഞ്ഞു. മുനിയാണ്ടിയുടെ മരണത്തിൽ മാത്രമല്ല അതിനു മുമ്പു നടന്നിട്ടുള്ള മരണങ്ങൾക്ക് കാരണമായി എഴുതിച്ചേർത്ത ഔദ്യോഗികഭാഷകളിൽനിന്നും വിഭിന്നമായി അവൾ ചില നിഗമനങ്ങളിലെത്തിച്ചേരുകയായിരുന്നു. പൊട്ടക്കിണറിന്റെ ആഴങ്ങളിലെ ജലരാശി ചിലമ്പിക്കുകയും മുഖം കോടുകയും ചെയ്തുകൊണ്ട് സത്യങ്ങളുടെ ഇരുൾക്കെട്ടുകൾ തന്നെ അവളിലേക്കഴിച്ചിട്ടു. പുതിയ തലമുറയുടെ സുരക്ഷിതത്വത്തിനും തൊഴിലിനുംവേണ്ടി പഴയ തലമുറയിലെ പ്രജകൾ ബലിയർപ്പിക്കപ്പെടുകയായിരുന്നു. തൊഴിലിൽനിന്നു മാത്രമല്ല ജീവിതത്തിൽനിന്നു തന്നെയും അവരെ ചവിട്ടിത്തെറിപ്പിച്ചത് ബന്ധുക്കളോ മക്കളോ ഒക്കെയായിരുന്നു. ഇതേക്കുറിച്ചുള്ള സൂചനകൾ കമ്പനിക്കും ലഭിച്ചിരുന്നു. എങ്കിലും അതൊന്നും പരിഗണനീയമായ വസ്തുതകളായി അവർക്കു തോന്നിയില്ല. അല്ലെങ്കിൽ തങ്ങൾ മാനുഷികമായ പ്രവർത്തനങ്ങൾക്ക് കൊടുക്കുന്ന മുൻഗണനാക്രമങ്ങളെ നാട്ടുകാർക്കു മുമ്പിൽ ഉയർത്തിപ്പിടിക്കുവാൻവേണ്ടി വസ്തുതകളുടെയും നീതിയുടെയും സ്വച്ഛതകളെ അവർ മറച്ചുവയ്ക്കുകയായിരുന്നു. മുതലാളിത്തം ചരിത്രത്തിലുടനീളം ഇത്തരം അനുനയങ്ങൾകൊണ്ടാണ് കാലത്തെ അതിജീവിച്ചത്. തങ്ങൾക്കു വേണ്ടുന്നതെല്ലാം നേടിയെടുക്കുവാൻ മുതലാളിത്തത്തിന് ഭീതിദവും ചൂഷണാത്മകവും നിഷേധപരവുമായ ഒളിയജണ്ടകളുണ്ട്.

ജീവിതസായാഹ്നങ്ങളിലേക്ക് ഒറ്റുകൊടുക്കപ്പെടുന്ന മനുഷ്യജന്മങ്ങളെ ഒഴിഞ്ഞ തകരപ്പാട്ടപോലെ വലിച്ചെറിയുകയല്ല, ജീവിതത്തിൽനിന്നുതന്നെ എറിഞ്ഞോടിക്കുകയാണ് ഉത്തരാധുനിക തലമുറ. അതാകട്ടെ പുത്തൻകൂറ്റുകാർക്ക് തങ്ങളുടെ തൊഴിൽപരമായ സുരക്ഷിതത്വത്തിനുവേണ്ടിയും. ആർക്കെല്ലാംവേണ്ടി താൻ ജീവിച്ചുവോ ആരെ വിളക്കും വെളിച്ചവുമായി കണ്ട് താൻ സ്വപ്നങ്ങൾ നെയ്തുകൂട്ടിയോ സ്വന്തം ജീവിതംതന്നെ ആർക്കുവേണ്ടി ഉഴിഞ്ഞിട്ടുവോ തന്റെ അദ്ധ്വാനത്തിന്റെ പങ്കുപറ്റിയ അതേ കൂട്ടങ്ങൾ മൂല്യങ്ങളുടെ എല്ലാ അതിരുകളും ലംഘിച്ചുകൊണ്ട് ലാഘവമിയന്ന മനസ്സോടെതന്നെ ബലികൊടുക്കുക! ഈയൊരു ദുരവസ്ഥയിലേക്കാണ് മുനിയാണ്ടിയും അയാളെപ്പോലെ പലരും എത്തിച്ചേർന്നത്. ആശ്രിത ജീവിതങ്ങൾക്കു രക്ഷയ്ക്കായി എഴുതിച്ചേർത്ത മാനുഷികനിയമങ്ങൾതന്നെ മാനുഷികതയുടെ ഘാതകരാകുന്ന ഭീകരമായ ദുരന്തലോകംതന്നെ രൂപപ്പെടുകയാണിവിടെ. ഇത്തരം നിയമങ്ങൾ ആഗോളീകരണത്തിന്റെ ഉന്മത്തമുഹൂർത്തങ്ങളിൽ മാനുഷികപരമായ പുരോയാനത്തിനു വേണ്ടുന്ന പരിതോവസ്ഥകളല്ല സൃഷ്ടിക്കുക. ഇനി നമ്മുക്ക് വൃദ്ധസദനങ്ങൾ വേണ്ട. പുതിയ തലമുറ തങ്ങളുടെ മാതാപിതാക്കളെ സ്വന്തം ജിവിതത്തിൽനിന്നു പിഴുതെടുത്ത് വൃദ്ധസദനങ്ങളുടെ അലോസരങ്ങളിലേക്ക് പ്രതിഷ്ഠിക്കുകയായിരുന്നല്ലോ. എന്നാലിവിടെ അത്തരം കാരുണ്യങ്ങൾപോലും വറ്റിപ്പോവുകയാണ്. അവർ മാതാപിതാക്കളെ തങ്ങളുടെ സുരക്ഷിതജീവിതത്തിനുവേണ്ടി കൊല ചെയ്യുന്നു! ഈയൊരു പശ്ചാത്തലത്തിൽ വച്ചുനോക്കുമ്പോൾ മീനാക്ഷിപ്പാളയം ഒരു തമിഴ് ഗ്രാമത്തിന്റെ മാത്രം പ്രതീകമല്ല. വ്യാവസായികമായ ഉയർച്ചയുടെ വിഹാരഭൂമിയിൽ മാനുഷികമൂല്യങ്ങളത്രയും പിടഞ്ഞു മരിക്കുന്നതിനെക്കുറിച്ചുള്ള വേവലാതികൾ മാത്രമല്ല മീനാക്ഷിപ്പാളയം. മറിച്ച് ഭാരതീയാചാരപ്രകാരം പിതൃഹത്യ ഒരു മഹാപാപമാണ്. അത്തരം ചിന്തകൾക്കുപോലുമിടിവില്ലാത്ത ഒരു കാലത്തിലേക്ക് പുതിയ തലമുറ തങ്ങളുടെ ലക്ഷ്യങ്ങളുമായി വളർന്നു തിടംവയ്ക്കുന്നതിന്റെകൂടി സൂചനയാണ്.

മുനിയാണ്ടിയുടെ മരണത്തെ അയാളുടെ ഭാര്യയെപ്പോലെ ആ നാട്ടുകാരും തികഞ്ഞ നിസ്സംഗതയോടെയാണ് നേരിടുന്നത്. പിതാവ് മരണമടഞ്ഞതിന്റെ പിറ്റേ ദിവസംതന്നെ തൊഴിൽ തേടി ഫാക്ടറിയിലെത്തുന്ന മകനും അമ്മയുടെ അതേ മാനസികാവസ്ഥ പങ്കിടുന്നു. മുനിയാണ്ടിയുടെ ഭാര്യ, മകൻ പിന്നെ ആ നാട്ടുകൂട്ടത്തിലെ നിരവധി മനുഷ്യർ—ഇവരിൽ പലരും മുനിയാണ്ടിയുടെ ബന്ധുക്കളോ ചങ്ങാതിമാരോ ആയിരുന്നിരിക്കാം. പക്ഷേ, അവർക്കെല്ലാം മരിച്ചുപോയ മുനിയാണ്ടി സ്മൃതിരേഖയിൽ കൊളുത്തേണ്ട ചെറുദീപംപോലുമാകാതെ കരിന്തിരിയായി മാറിക്കഴിഞ്ഞു. ഒരിക്കലും ജീവിച്ചിരുന്നിട്ടില്ലാത്ത ഒരാളോടുള്ള പ്രതികരണമാണ് അവർക്ക് മുനിയാണ്ടിയോടുള്ളത്. ബന്ധങ്ങളുടെ ഇഴയടുപ്പങ്ങളെ പിച്ചിച്ചീന്തുന്ന ജീവിതത്തിന്റെ പ്രായോഗികതയിലേക്ക് വരണ്ടുപോകുന്ന പുതിയ കാലംതന്നെയാണ് ഇവിടെ നോവലിസ്റ്റ് ആലേഖനപ്പെടുത്തുന്നത്.

മീനാക്ഷിപ്പാളയത്തെ ഇങ്ങനെ മഹാപാപങ്ങളുടെ പ്രേതപ്പെരുമ്പറയാൽ മുഖരിതമാക്കുമ്പോൾ എഴുത്തുകാരൻ ചില ചോദ്യങ്ങളുന്നയിക്കുകയാണ്;

തികച്ചും തനിമയാർന്നതും അതിഗൗരവമാർന്നതുമായ ചില ചോദ്യങ്ങൾ. മനുഷ്യജീവിതമെന്ന ആസക്തിയെക്കുറിച്ച് ജന്മത്തിന്റെ അർത്ഥതലങ്ങളെയും അതിന്റെ നിയോഗത്തെയുംകുറിച്ച്. ജീവിതം കറുത്ത ആഭിചാരമായി മാറുന്നതിനെക്കുറിച്ച്. സർവോപരി ബന്ധങ്ങളുടെ പരിപാവനതകളത്രയും എറിഞ്ഞുടച്ച് ജീവിതത്തെ തങ്ങളുടേതുമാത്രമാക്കി ആഘോഷിക്കുവാൻ വെമ്പുന്ന പുത്തൻ തലമുറയുടെ ധാർഷ്ട്യത്തെക്കുറിച്ച്. വൃദ്ധജീവിതങ്ങൾ ബലിയായിത്തീരുന്ന കരുണാരഹിതവും അതിസ്വാർത്ഥവുമായ സാഹചര്യങ്ങൾ നമ്മുടെ മനോഭൂമികയെ വരണ്ടതും വിള്ളലുകൾ ബാധിച്ചതുമായ ഒന്നായി ഭാഷാന്തരീകരണം ചെയ്യപ്പെടുമ്പോൾ മീനാക്ഷിപ്പാളയം കാലികമായ ദുരന്തഭിതി ഉണർത്തുകയാണ്.

ദീർഘമായൊരു കാലം മുനിയാണ്ടിയോടൊപ്പം ജീവിതം പങ്കിട്ട ഭാര്യ, സ്വന്തം കൈകളിലിട്ട് അയാൾ താലോലിച്ച മകൻ, പിന്നെ അയാളുടെ ചങ്ങാതിമാരോ സഹപ്രവർത്തകരോ ആയ വ്യക്തികൾ, അയാളുടെ സ്പന്ദങ്ങൾ നിഴൽ നീട്ടിയ ആ ഗ്രാമം—അവയത്രയും മരണമടഞ്ഞ മുനിയാണ്ടിയുടെ ജീവിതത്തെപ്പോലും നിഷേധിക്കുന്നു. ജീവിതത്തിൽനിന്നും തല്ലിക്കൊഴിക്കപ്പെട്ട മുനിയാണ്ടി അവരെ സംബന്ധിച്ചിടത്തോളം ഐതിഹ്യത്തിന്റെ പരിവേഷമാർന്ന ഒരു കഥാപാത്രമായി മാറുകയാണ്. ഭർത്താവിന്റെ ചിതയണയും മുമ്പേ, അങ്ങനെയൊരു മരണം സംഭവിച്ചിട്ടില്ലാത്തതുപോലെ അല്ലെങ്കിൽ സംഭവിച്ചതത്രയും സ്വാഭാവികമായി കരുതുന്ന ഭാര്യ—ഇങ്ങനെ എല്ലാം ഓരോ അടയാളങ്ങളായി വായനക്കാരനെ നടുക്കുകയാണ്. പൈശാചികത നിറഞ്ഞ കനൽക്കാലത്തിലേക്കു കുടിയേറിയ പുത്തൻ 'മാനവികത' ഈ അടയാളങ്ങൾക്കു നേരെ നമുക്ക് ഉണർന്നിരിക്കാതെ കഴിയുമോ?

മീനാക്ഷിപ്പാളയത്തെക്കുറിച്ചുള്ള അവതാരിക എന്നു വേണമെങ്കിൽ പറയാവുന്ന ഉദ്ധൃത പരാമർശങ്ങൾക്കുശേഷം നോവലിന്റെ പതിനൊന്നാം അദ്ധ്യായത്തിലേക്ക് കറുത്തപട്ടും ചിലങ്കയുംഅണിഞ്ഞ് പിന്നെയും മീനാക്ഷിപ്പാളയം വിചിത്രമായ ചുവടുകളോടെ കടന്നുവരികയാണ്. അതാകട്ടെ പ്രിയംവദാമേനോന്റെ പ്രബന്ധത്തിലെ ഒരു സാങ്കല്പിക കഥാപാത്രം മീനാക്ഷിപ്പാളയത്തിന്റെ നിഗൂഢതകളെയും വന്യതയെയും പ്രിയംവദാമേനോനിലേക്ക് പകർന്നുകൊടുക്കുമ്പോഴാണ്.

മീനാക്ഷിപ്പാളയത്തെക്കുറിച്ചുള്ള പ്രിയംവദാമേനോന്റെ അറിവ് ഒരു കൂട്ടുകാരിയിൽനിന്നുമുള്ളതാണ്. താൻ പറഞ്ഞത് സത്യമാണെന്ന് അതേ കൂട്ടുകാരി ആണയിടുമ്പോൾ പ്രിയംവദാമേനോൻ ഔദ്യോഗികപരിവേഷത്തിന്റെ ചില്ലുമേടകൾ തകർത്തുകൊണ്ട് ഒരെഴുത്തുകാരിയായി വേഷമാർജ്ജിക്കുകയാണ്. ശബ്ദങ്ങളൊടുങ്ങിയ അവരുടെ മനസ്സിന്റെ ഏകാന്തതയിലേക്ക് മീനാക്ഷിപ്പാളയം ഒരു ദുരന്തംപോലെ അല്ലെങ്കിൽ കൂട്ടനിലവിളിപോലെ ഉയിർക്കൊള്ളുന്നു. കൂട്ടുകാരിയിൽനിന്നും ലഭിച്ച അറിവുകളെ വിളക്കിച്ചേർത്ത് മുനിയാണ്ടിയെയും നിവേദിതയെയും പഞ്ചസാര ഫാക്ടറിയെയും യഥാർത്ഥ തലത്തിന്റെ ഭൂമികയിലേക്ക് പ്രതിഷ്ഠിക്കുമ്പോൾ പ്രിയംവദാമേനോനെ ശ്രവിച്ചിരുന്നവരിൽ ആരും അതിന്റെ സത്യസ്ഥിതിയെക്കുറിച്ച് അവരോട് ആരായുന്നതേയില്ല. മനുഷ്യാവസ്ഥയിലെ ധർമ്മസങ്കടങ്ങളെക്കുറിച്ച്

പറയുമ്പോൾ സത്യത്തിനും മിഥ്യയ്ക്കുമിടയിലെ അതിരുകളത്രയും ഇടിഞ്ഞുപോവുകയാണല്ലോ എന്ന് പ്രിയംവദാമേനോൻ സ്വയം സാന്ത്വനിപ്പിക്കുമ്പോഴും നിവേദിത എന്ന സാങ്കല്പികതയിലേക്ക് രേവതി എന്ന യാഥാർത്ഥ്യം കടന്നുവരുമെന്ന് അവർ ചിന്തിച്ചിട്ടേയില്ല.

എന്നാൽ അവരുടെ സ്വപ്നങ്ങളിലേക്ക് പല രാത്രികളിലായി മുനിയാണ്ടിയുടെ മകൾ കാവേരി നിലവിളിയും നിരാലംബതയുമായി ഉറഞ്ഞുകൂടുമ്പോൾ മീനാക്ഷിപ്പാളയം പ്രിയംവദാമേനോനിൽ ഒരു ബാദ്ധ്യതയായിത്തീരുകയാണ്. തന്റെ അണ്ണൻ രാജയാണ് അച്ഛനെ വകവരുത്തിയതെന്ന് കാവേരി കരച്ചിലിലൂടെ പറയുമ്പോൾ മകളെന്ന നിലയിലുള്ള കാവേരിയുടെ അർത്ഥപൂർണ്ണമായ ഇടപെടൽ സാദ്ധ്യമാക്കുകയാണ് നോവലിസ്റ്റ് ചെയ്തിട്ടുള്ളത്. അല്ലെങ്കിൽ സ്ത്രീയെ ഒരു ശാപമായി കരുതുന്ന സമൂഹത്തിൽ ആൺമക്കളെക്കാൾ അച്ഛനുമായി ആത്മബന്ധം സ്ഥാപിക്കുന്ന പെൺജന്മങ്ങൾ തന്റെ ജീവിതനിയോഗത്തിലേക്ക് വളർന്നു പന്തലിക്കുന്നു. സ്ത്രീ (മകൾ) ഒരു ശാപമല്ലെന്ന് സാർത്ഥകമായ ഒരു ജന്മമാണവളുടേതെന്നും കാവേരി സാക്ഷീകരിക്കുന്നു. കുറ്റബോധത്തിന്റേയോ മറ്റോ രൂപത്തിൽ പിന്നീട് കാവേരി പ്രിയംവദയുടെ സ്വപ്നങ്ങളിലേക്ക് കടന്നുവരികയായി.

സ്വപ്നത്തിൽനിന്നും നടുങ്ങിയുണരുന്ന പ്രിയംവദയുടെ ആന്തരികലോകം കാവേരിയുടെ വിലാപങ്ങൾകൊണ്ട് നിറഞ്ഞു. നീതി തേടിയുള്ള അവളുടെ കലമ്പലുകളിൽ ആഴമളക്കുവാൻ കഴിയാത്ത അനാഥത്വം വിണ്ടുകീറിക്കിടപ്പാണ്. പ്രിയംവദാമേനോന്റെ ചിന്തകളിൽ താൻ കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനംപോലെ ചില അടയാളങ്ങൾ ചിതറിത്തെറിക്കുന്നതിങ്ങനെ:

"ഇത്രയ്ക്ക് കനപ്പെട്ടൊരു ചുമതലയുമായി തന്റെ ഉള്ളിലേക്ക് കാവേരിയെ കടത്തിവിടുന്നതാരാണ്? ഒട്ടും നിനച്ചിരിക്കാത്ത നേരത്ത് കണിശമായൊരു രൂപവും ശബ്ദവുമായി കാവേരി എങ്ങനെ തന്റെ സ്വപ്നത്തിലേക്ക് കടന്നുവന്നു?"

"സത്യത്തിൽ ആരാണ് നിവേദിത?"

എഴുത്തുകാരന്റെ കൃത്യമായൊരു പ്രതിനിധാനമായി മാറുകയാണ് പ്രിയംവദാമേനോൻ. നോവലിനുള്ളിൽതന്നെ എഴുത്തുകാരന് ഒളിപ്പാർക്കുവാനുള്ള ഒരിടമായി മാറുന്ന പ്രിയംവദാമേനോന്റേത് വെറുമൊരു സ്വപ്നമല്ല. സ്വപ്നങ്ങൾക്കെല്ലാമപ്പുറത്ത് യാഥാർത്ഥ്യത്തെ അതിന്റെ പൊള്ളിത്തിണർക്കുന്ന അടയാളമായി ആവിഷ്കരിക്കുവാനാണ് നോവലിസ്റ്റ് പ്രിയംവദാമേനോനിലേക്ക് കാവേരിയെ കടത്തിവിടുന്നത്. ആ സ്വപ്നങ്ങൾ ഒരുപക്ഷേ,പ്രിയംവദാമേനോന്റെ അബോധത്തിലേക്കുള്ള ഒരു സൂചകമാകാം. മീനാക്ഷിപ്പാളയം ദുരിതപ്പെരുമ്പറ മുഴക്കി അവരുടെ ആഭ്യന്തരലോകത്ത് അസ്വാസ്ഥ്യം വിതറിക്കൊണ്ട് സജീവമാകുകയും അതേക്കുറിച്ചുള്ള അന്വേഷണങ്ങൾ സാദ്ധ്യമാക്കേണ്ടതിന്റെ അനിവാര്യത അവരിലേക്കൂർന്നു പോകുകയും ചെയ്യുന്നത് ഈ സ്വപ്നങ്ങൾ മുഖേനയാണ്.

ഔദ്യോഗികസ്ഥാനം കയ്യാളുന്ന പ്രിയംവദാമേനോൻ, ഇനിയും സമൂഹത്തിനു മുന്നിൽ അനാവരണം ചെയ്യപ്പെടുകയോ അറിയപ്പെടാത്ത വേദനയായി അവശേഷിക്കുകയോ ചെയ്യുന്ന മീനാക്ഷിപ്പാളയത്തിന്റെ മനുഷ്യാ

വസ്ഥകളെ അവയിലെ പ്രവാഹങ്ങളുടെ പ്രചണ്ഡതയെ സസൂക്ഷ്മം വിശകലനം ചെയ്യുവാനായിട്ടാണ് എഴുത്തുകാരിയുടേതായ സ്ഥാനത്തേക്ക് തന്നെ സ്വയം അടയാളപ്പെടുത്തുന്നത്. എഴുത്തുകാരന്റെ ഉള്ളിൽ താൻ ഉയിരൂതിക്കൊടുക്കുന്ന കഥാപാത്രങ്ങളുടെ വ്യസനീതാവസ്ഥകൾ പ്രകമ്പനംകൊണ്ട് പീഡിതമാകുന്നതെങ്ങനെയോ അതേപോലെ പ്രിയംവദാമേനോനും ഉത്കടമായ അലോസരങ്ങളിലേക്ക് പരിണമിക്കുകയാണ്.

തന്റെ ആഭ്യന്തരതയിൽ നീറിപ്പിടിക്കുന്ന അശാന്തിയെ ശമനം ചെയ്യുവാനായി പ്രിയംവദ മകളെ സമീപിക്കുന്നുവെങ്കിലും അവൾ അമ്മയെ വിചാരണ ചെയ്യുവാനും കുറ്റപ്പെടുത്തുവാനുമാണ് മുതിരുന്നത്. നിലയ്ക്കാത്ത കണ്ണീരും പരിഭവങ്ങളുമായി കാവേരി സ്വപ്നങ്ങളിലൂടെ വന്യമായൊരു യാഥാർത്ഥ്യമായി പിടയുമ്പോൾ പ്രിയംവദ തീത്തിരകളുടെ സാമീപ്യത്തിലെന്നവണ്ണം നടുക്കങ്ങളുടെ നടുവിലേക്ക് താഴ്ത്തപ്പെടുകയാണ്. പ്രിയംവദയെ അലട്ടുന്ന കാവേരിയുടെ വാക്കുകൾ നോക്കൂ:

"തെറ്റായി നിനയ്ക്കരുതമ്മേ. വേറൊരു ഗതിയുമില്ലാഞ്ഞിട്ടാണ് എന്റമ്മപോലുമറിയാതെ ഈ പടികടന്നുവരുന്നത്. പെറ്റതായ്പോലും ആ മഹാപാപിയുടെ വശത്താണല്ലോ. ആ പണി തരപ്പെട്ടാൽ അവൻ ആദ്യം ചെയ്യുന്നത് എന്നെ ആ വീട്ടിൽനിന്ന് അടിച്ചുപുറത്താക്കുകയാവും. അല്ലെങ്കിൽ തന്നെ പിറന്നതുമുതലേ അവനെന്നെ കണ്ടുകൂടാ. കുടുംബത്തിനു ഭാരമായി പിറന്ന പെൺകുഴന്തൈ. കുഞ്ഞായിരിക്കുമ്പോൾ തന്നെ കഴുത്തു ഞെരിച്ചുകൊല്ലാൻ നോക്കിയതാണത്രെ ആ മഹാപാപി. മുരുകന്റെ തുണകൊണ്ട് എങ്ങനെയോ രക്ഷപ്പെട്ടു. ഇനിയും ആ ദുഷ്ടനെ നമ്പുന്നതെങ്ങനെ?"

ആൺകോയ്മയുടെ മർദ്ദകാവസ്ഥകൾ ഉള്ളടങ്ങിയ ഈ ഖണ്ഡം ജീവിതത്തിൽനിന്നും അടർത്തിയെടുത്തതുപോലുണ്ട്. കുടുംബം എന്ന സ്ഥാപനത്തിന് നിത്യഭാരമായി ജന്മനിയോഗമെണ്ണുന്ന സ്ത്രീകളുടെ ആശങ്കകളും വ്യഥകളും ഏങ്കോണിപ്പുകളുമായി ഈ വാചകങ്ങളിൽ നേരിന്റെ ഉയിരൂതുന്നു. അങ്ങനെ ഉത്തരാധുനികതയുടെ ജാഡ്യങ്ങളെ പിളർത്തുന്ന ഈ വാചകങ്ങൾ ജീവിതത്തിന്റെ തെരുവുകൾക്കു നേരെ പിടിച്ച തീക്കണ്ണാടിയായിത്തീരുന്നു. അതിൽ നിഴലിക്കുന്നത് അടുപ്പത്തിരിക്കുന്നതും പാതിവെന്തതുമായ ഉടലുകളും സ്ത്രീയുടെ അവഹേളനമായിക്കൊണ്ടിരിക്കുന്ന, വൈകാരികച്ഛായകളും.

തന്നെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്ന അതീയാഥാർത്ഥ്യങ്ങൾ കരകവിയുന്ന (പ്രിയംവദാമേനോനുണ്ടാകുന്ന സ്വപ്നങ്ങളോർക്കുക) മഹാപ്രവാഹങ്ങളുടെ തീത്തള്ളലുകളിൽനിന്നുള്ള വിമോചനം എന്ന നിലയ്ക്കു മാത്രമല്ല തന്റെ പ്രബന്ധത്തിൽ ഒരു കഥാപാത്രമായി പ്രിയംവദ കോറിയിട്ട നിവേദിതയെക്കുറിച്ച് കൂടുതലന്വേഷിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത്. മറിച്ച് മീനാക്ഷിപ്പാളയത്തിന്റെ ഭൂമിശാസ്ത്രത്തിലേക്കും അതിന്റെ അതിരടയാളങ്ങളിൽനിന്നും ജീവിതത്തിൽനിന്നുതന്നെയും നിഷ്കരുണം വകഞ്ഞുമാറ്റപ്പെട്ടവരുടെ പ്രതിനിധിയായ കാവേരിയെപ്പോലുള്ളവരുടെ ദുരിതങ്ങൾ മനുഷ്യജന്മത്തെക്കുറിച്ച് അടിസ്ഥാനപരമായ ചില ചോദ്യങ്ങളിലേക്കും

ദുരൂഹതകളിലേക്കും അവരെ കൊണ്ടുചെന്നെത്തിക്കുന്നതുകൊണ്ടുകൂടിയാണ്. അങ്ങനെ അവർ നിവേദിതയെ തേടി യാത്ര പുറപ്പെടുകയാണ്.

ആധുനിക പത്രമുതലാളിത്തം എത്തിനോക്കാത്ത, ആഡംബരങ്ങളറ്റുപോയ കാടുമുടിക്കുന്ന ഒരു പത്രമോഫീസിൽ നിവേദിതയെ കണ്ടെത്തുകയാണ് പ്രിയംവദ. അവർ രൂപം കൊടുത്ത നിവേദിതയല്ല അവൾ രേവതിയാണ്. വേറിട്ടൊരു ജീവിതത്തിന്റെയും സംസ്കൃതിയുടെയും ഉടൽരൂപമാണു രേവതി.

"ഇരുനിറത്തിൽ തിളങ്ങുന്ന കണ്ണുകളുള്ള നന്നേ മെലിഞ്ഞൊരു പെൺകുട്ടി. വെട്ടിയൊതുക്കിയ മുടി. ചുളിവുകൾ വിണ ഇളംതവിട്ടുനിറമുള്ള വരയൻ കുർത്ത, നീല ജീൻസ്...വേഷത്തിലെ ഈ അസാധാരണത്വം അവളുടെ ജീവിതത്തിലും ദൃശ്യമാണ്. സായുധവിപ്ലവത്തെക്കാൾ മനുഷ്യകൂട്ടായ്മയുടെയും കാരുണ്യത്തിന്റെയുമൊക്കെ മൂല്യങ്ങളിൽ ഉയർത്തിക്കെട്ടിയ ആശയവിപ്ലവത്തിലാണ് രേവതി ഊന്നുന്നത്. മീനാക്ഷിപ്പാളയം യഥാർത്ഥത്തിൽ എന്താണെന്ന അറിവ് പ്രിയംവദയിലേക്കു പകരുകയാണവൾ.

പാർവ്വതീപുരത്തുനിന്നും മീനാക്ഷിപ്പാളയത്തേക്കുള്ള വേഷപ്രച്ഛന്നതയ്ക്കിടയിൽ ഏഴു സാഗരങ്ങളുടെ വിടവുണ്ട്. രണ്ടു സംസ്കാരങ്ങളുടെ അടയാളങ്ങളുണ്ട്. കരിമ്പിൻതോട്ടങ്ങളുടെ ഹരിതാഭയിൽനിന്നും കോൺക്രീറ്റ് കെട്ടിടങ്ങളുടെ വസന്തത്തിലേക്കുള്ള പരിവർത്തനങ്ങൾ, പ്രതാപശാലികളായ ചെട്ടിയാന്മാരുടെ അധിനിവേശപ്രകമ്പനങ്ങൾ—ഇവയാണ് മീനാക്ഷിപ്പാളയത്തിന് രൂപം കൊടുക്കുന്നത്. പല തായ്‌വഴികളായുള്ള ചെട്ടിയാന്മാരുടെ സംഘങ്ങൾ. കൂട്ടത്തിൽ മൂത്തവനെന്നു കരുതുന്ന ചെട്ടിയാരുടെ സഹോദരിയാണ് മീനാക്ഷി, അകാലത്തിൽ മരണമടഞ്ഞവൾ. അവളിൽനിന്നാണ് മീനാക്ഷിപ്പാളയം ആ പേര് സ്വീകരിക്കുന്നത്.

ഒരു ഗ്രാമം അതിന്റെ ജൈവികതയെ ഛേദിച്ച് അധിനിവേശശക്തികളുടെ നാമം എടുത്തണിയുമ്പോൾ നാശമടയുന്നത് അതിലെ ഐതിഹ്യങ്ങളുടെയും പ്രാചീനതയുടെയും സുഗന്ധങ്ങളാണ്. നിലയ്ക്കാത്ത കുളമ്പടിയൊച്ചകളുടെ അപ്രതിരോധ്യമായ കരുത്തിലൂടെ മൂലധനശക്തികൾ ഒരു ഗ്രാമത്തിന്റെ തനിമയെ, വിശുദ്ധിയെ എല്ലാം ഉടച്ചുകളയുകയാണ്. പകരം ആക്രമണകാരികളുടെ സംസ്കാരം വിഷബിന്ദുക്കളായി ആ നാടിന്റെ സിരകളിലേക്ക് പ്രവഹിക്കുന്നു. മുതലാളിത്തത്തിന്റെ അജണ്ടതന്നെ അതാണ്. ഉപരിപ്ലവങ്ങളായ ചില സുഖോപാധികൾ നൽകിക്കൊണ്ട് തങ്ങളുടെ ചൂഷണങ്ങളിലേക്ക് ഒരു ജനതയെ ആട്ടിപ്പായിക്കുന്നു. ലോകചരിത്രത്തിൽ ഇത്തരം സംഭവങ്ങളുടെ എഴുതാത്ത എത്രയോ ഏടുകളുണ്ട്.

മിനാക്ഷിപ്പാളയത്തെ ഇങ്ങനെ വായിക്കാമെങ്കിലും ആ പഞ്ചസാരപ്പട്ടണത്തെ സവിശേഷമായൊരു മണ്ഡലത്തിലാണ് നോവലിസ്റ്റ് അടയാളപ്പെടുത്തിയിട്ടുള്ളത്. മീനാക്ഷിപ്പാളയത്തെ വലംവച്ചുകൊണ്ട് വല്ലാത്തൊരു പരിവേഷം നോവലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രേവതിയുടെ വാക്കുകൾ മീനാക്ഷിപ്പാളയത്തെക്കുറിച്ച് ഇങ്ങനെയൊരു മുഖവുര എഴുതുന്നു:

"മീനാക്ഷിപ്പാളയത്തെ രാത്രികാലങ്ങളിലെ തണുപ്പിന് എല്ലുകളുടെ ഉള്ളിലേക്കുവരെ തുളച്ചുകയറാനുള്ള മൂർച്ചയുണ്ടായിരുന്നു. അതുപോലെ

ഇടയ്ക്കിടയ്ക്ക് പെയ്യുന്ന ചാറ്റൽമഴയും കാറ്റാടിമരങ്ങൾക്കിടയിലുള്ള മൂളിക്കൊണ്ട് വരുന്ന കോടക്കാറ്റും..."

"...എന്നാലും തീരെ വിശദീകരിക്കാനാവാത്ത, നമ്മെയൊക്കെവല്ലാതെ അലട്ടാൻ കെല്പുള്ള എന്തൊക്കെയോ അവിടെ മറഞ്ഞുകിടപ്പുണ്ടെന്ന് ആദ്യമേ തോന്നിയിരുന്നു..."

തീർത്തും വിചിത്രമായ ഒരു പ്രദേശമായി മീനാക്ഷിപ്പാളയം വായനയുടെ മുഹൂർത്തങ്ങളിലേക്ക് നമ്മെ ഭീതിപ്പെടുത്തുന്നു. ഫാക്ടറിക്കെട്ടിടങ്ങളും കോമ്പൗണ്ടുമൊക്കെ ആർക്കും പിടിതരാത്ത ഏതോ ഇരുണ്ട ശക്തികളുടെ സ്വാധീനവലയത്തിലെന്നതുപോലെ. മരിച്ചുപോയവരുടെ ആത്മാക്കളെപ്പറ്റിയുള്ള സാധാരണ കെട്ടുകഥകൾക്കുമപ്പുറം നമ്മെ കീഴ്പ്പെടുത്തുന്ന എന്തൊക്കെയോ. ഓരോ അവയവത്തിനും തിരിച്ചറിയാവുന്ന ഓരോതരം സമ്മർദ്ദങ്ങൾ.

മീനാക്ഷിപ്പാളയം പേരുകൊണ്ട് സ്ത്രീസ്മൃതിയുണർത്തുമ്പോഴും ആ പ്രദേശത്തിന്റെ അകംലോകത്ത് തുടിച്ചുണരുന്നത് കാരുണ്യമറ്റ പുരുഷപ്രകൃതിയാണ്. എല്ലാം അമർത്തി കീഴ്പ്പെടുത്തുന്ന പ്രാകൃതമായ ആക്രമണോത്സുകത നിറഞ്ഞ പുരുഷപ്രഭാവം. എല്ലു തുളച്ചിറങ്ങുന്ന തണുപ്പും ചാറ്റൽമഴയും ഈ പ്രാകൃതഭാവത്തിന് ഇമ്പമണയ്ക്കുന്ന വരണ്ട ഈണങ്ങളാണ്.

മണ്ണിനെയും പ്രകൃതിയെയുമൊക്കെ സ്ത്രീസാന്നിദ്ധ്യത്തിന്റെ കാരുണ്യമായിക്കരുതിപ്പോരാറുള്ള ഭാരതീയ സങ്കല്പത്തിന് വിരുദ്ധമായ പുരുഷപ്രഭാവം രേവതിക്ക് വല്ലാത്തൊരു അലട്ടലായിത്തീരുകയാണ്. അവൾ ഇങ്ങനെ തുടരുന്നു:

"ആ പ്രാചീനമായ പുരുഷപ്രഭാവത്തിന് മുന്നിൽ കീഴടങ്ങാതെ നിൽക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് തിരിച്ചറിയാൻ അധികം നാളുകളെടുത്തില്ല."

സേതു തന്റെ നോവലുകളിൽ വരഞ്ഞിടാറുള്ള വൈചിത്ര്യമാർന്ന സ്ഥലങ്ങളെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ സ്ഥലനിർമ്മിതികളിൽനിന്നെല്ലാം തീർത്തും വ്യത്യസ്തമാണ് മീനാക്ഷിപ്പാളയം. നമ്മുടെ കാലഘട്ടത്തിലെ തീവ്രമായ ആൺകോയ്മപോലെ സ്ഫോടനാത്മകമായ ഒന്നിനെ അന്തർവഹിച്ചു നിൽക്കുകയാണ് മീനാക്ഷിപ്പാളയം.

ഭാരതീയമായ ഭൂമിദേവിസങ്കല്പനങ്ങളെ അട്ടിമറിച്ചുകൊണ്ട് പുത്തൻ അധിനിവേശങ്ങളുടെ ശൂരതയെ അപകടകരമാക്കുന്ന ഒന്നായി വ്യാഖ്യാനിക്കുന്ന പ്രവചനംകൂടിയാണ് മീനാക്ഷിപ്പാളയം.

ദുരൂഹതയുടെയും അമർത്തിവെച്ച കാമനകളുടെയും അവ്യാഖ്യേയമായ അന്ധനാദങ്ങളുടെയും പ്രഭവസ്ഥാനമായ മനുഷ്യമനസ്സുപോലെ സേതുവിന്റെ നോവൽപ്രദേശങ്ങൾ വർണ്ണവസന്തങ്ങളുടെ ഉടയാടകളെ അഴിച്ചെറിഞ്ഞ്, അതിയാഥാർത്ഥ്യത്തിന്റെ മുൾക്കിരീടമണിഞ്ഞു നിൽക്കുന്നു, പാർവ്വതീപുരത്തെ സ്ത്രൈണഭാവങ്ങളുടെ സഞ്ചയമായി സങ്കല്പനം ചെയ്താൽ പ്രലോഭനങ്ങളുടെ കത്തുന്ന നോട്ടമെറിയുന്ന ഒന്നായിട്ടല്ല, വാത്സല്യംപോലെ, ആലംബമറ്റ് അനേകർക്ക് അന്നമൂട്ടുന്ന അമ്മയായി കരിമ്പിൻതോട്ടങ്ങൾ പോലെ നിറസ്നേഹമായ സ്ത്രീചൈതന്യമായിട്ടാണ് ആഖ്യാനപ്പെടുത്തി

യിട്ടുള്ളത്. എന്നാൽ പാർവ്വതീപുരം മീനാക്ഷിപ്പാളയമായി മാറുമ്പോൾ പേരു മാത്രമല്ല മണ്ണിന്റെ സ്ത്രൈണതകൂടി അതിനു നഷ്ടപ്പെടുകയാണ്. പഞ്ചസാരഫാക്ടറിയും മറ്റും മീനാക്ഷിപ്പാളയത്തിന്റേതു മാത്രമല്ല, വ്യാവസായികവിപ്ലവത്തിന്റെകൂടി അടയാളമാണ്. വ്യാവസായികവിപ്ലവം വ്യവസായത്തെയും തൊഴിലിനെയും പരിപുഷ്ടമാക്കുമ്പോൾ അതു മനുഷ്യനു നേരെ—കേവലമനുഷ്യനെ തിമിരംകൊണ്ടുഴിയുന്നു. ചുരുക്കത്തിൽ നോവൽ ഭൂമിയിലാകെ പടർന്നു കിടക്കുന്ന പുരുഷാധിപത്യത്തിന്റെ സൂചികകൂടിയാണ് മീനാക്ഷിപ്പാളയം. സ്ത്രീയെ അവളർഹിക്കുന്നവിധമുള്ള ജീവിതസാഹചര്യത്തിൽനിന്ന് ചവിട്ടിത്തെറിപ്പിക്കുമ്പോൾ, അവളുടെ കൊച്ചുകൊച്ചു മോഹങ്ങളെ ബൂട്ട്സിട്ട കാലുകൊണ്ട് ചവിട്ടിത്തേക്കുമ്പോൾ അവളെ ശരീരത്തിന്റെ അതിരിലേക്കു മാത്രം ചുരുക്കിക്കാണുമ്പോൾ അവിടം ശത്രുരാജ്യമായി പരിണമിക്കുന്നു. സ്ത്രീ പൂജിതയാകേണ്ടവളാണെന്ന സങ്കല്പവും ഈ നോവൽ പങ്കിടുന്നുണ്ട്. ഒരർത്ഥത്തിൽ പുരുഷക്രൗര്യങ്ങൾ അമർത്തി കീഴടക്കിയ പ്രിയംവദാമേനോന്റെ ജീവിതംപോലെയാണ് മീനാക്ഷിപ്പാളയം.

രണ്ട് ലിംഗപ്രതിനിധാനങ്ങളായിത്തീർന്നിരിക്കുന്ന ഈ സ്ഥലനാമങ്ങൾ (പാർവ്വതീപുരവും മീനാക്ഷിപ്പാളയവും) നോവലിസ്റ്റ് കൃത്യമായ ജാഗ്രതയോടെതന്നെ തിരഞ്ഞെടുത്തതാണ്. രേവതിയുടെതന്നെ വാക്കുകളിൽ അവൾ മീനാക്ഷിപ്പാളയത്തെ ഉപേക്ഷിച്ചു പോരുന്നതിന്റെ മുഖ്യകാരണമായി പരാമർശിച്ചിട്ടുള്ളത് 'സ്വന്തം സ്ത്രീത്വം' നഷ്ടമാകുമോ എന്ന ഭയമാണ്. കാലത്തിനുമീതെ കുരുത്തുപൊന്തുന്ന പുരുഷാധിപത്യത്തെ സ്ഥലത്തിന്റെ നിഗൂഢതകളിൽ തിരിച്ചറിയുന്ന നോവലിസ്റ്റ് ജഡപ്രായമായ സ്ത്രീപക്ഷമുദ്രാവാക്യനോവലുകളിൽ ഉന്നയിക്കുന്നതിനെക്കാൾ എത്രമേൽ രൂക്ഷമാണ് യഥാർത്ഥസ്ത്രീ പ്രശ്നം എന്ന് താക്കീത് ചെയ്യുമ്പോൾ അടയാളങ്ങൾ സമകാലിക നോവൽ സാഹിത്യത്തിൽനിന്നും എങ്ങനെ വിച്ഛേദിച്ചു നിൽക്കുന്നു എന്നു നമുക്ക് വ്യക്തമാകും.

നോവലിലെ ഇരുപത്തിരണ്ടാമദ്ധ്യായം പാർവ്വതീപുരത്തിന്റെ ആദിയിലേക്കുള്ള ഒരു തിരിഞ്ഞുപോക്കാണ്. മിത്തുകളുടെയും വിശ്വാസങ്ങളുടെയും കുഴമഞ്ഞിൽ പുതഞ്ഞ് വായനക്കാരനെ പിന്നെയും ക്ഷണിക്കുകയാണ് പാർവ്വതീപുരം. ഒരു തമിഴ്ഗ്രാമത്തിന് പാർവ്വതീപുരം എന്ന പേരു വീണതിന്റെ ഐതിഹ്യമാനങ്ങൾ ചികയുക മാത്രമല്ല സ്വപ്നങ്ങളുടെയും നിധിവേട്ടകളുടെയും ഉപകഥകളിലൂടെ ഒരു പുരാതന സംസ്കാരം എങ്ങനെ തുടച്ചുമാറ്റപ്പെട്ടു എന്നുകൂടി അന്വേഷിക്കുകയാണ് നോവലിസ്റ്റ്. അതിലൂടെ മൂല്യങ്ങളുടേയും പാരമ്പര്യത്തന്റെയും ചിഹ്നങ്ങൾ വിനഷ്ടമാകാതെ അവധാനത പുലർത്തേണ്ടതിനെക്കുറിച്ച് മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.

ശിവനെ പ്രസാദിപ്പിക്കുവാനായി പാർവ്വതി തപസ്സു ചെയ്ത സ്ഥലമാണ് പിന്നീട് പാർവ്വതീപുരമായി മാറുന്നത്. രണ്ടു വലിയ കുന്നുകൾ അതിരിടുന്ന ഈ ഗ്രാമംതന്നെ ചെട്ടിയാന്മാർ തങ്ങളുടെ പുത്തൻവ്യവസായസംരംഭത്തിനായി തിരഞ്ഞെടുത്തതിനു പിന്നിൽ മറ്റൊരു കാരണംകൂടിയുണ്ട്. നിദ്ര നശിച്ചൊരു രാത്രിയുടെ ഏതോ യാമത്തിൽ ഉറക്കത്തിന്റെയും ഉണർച്ചയു

ടെയുമിടയിലെപ്പോഴോ മുത്തുചെട്ടിയാർ കണ്ട ഒരു സ്വപ്നവും അതിലെ അരുളപ്പാടുകളും.

ചെട്ടിയാന്മാരുടെ സ്വപ്നത്തെ കാലത്തിലേക്കു ഭാഷാന്തരം ചെയ്യുന്നത് അധിനിവേശം മുഖേനയാണ്. ഒരു മഹാസൈന്യത്തിന്റെ പ്രതിനിധാനങ്ങളായി രണ്ടു ഭടന്മാർ കരിമ്പിൻവയലുകളെ ചവിട്ടിമെതിച്ച് പാർവ്വതീപുരത്തേക്കു കടന്നുവരുന്നു: "ഇളം വെയിലിൽ മിന്നുന്ന ലോഹത്തൊപ്പി ലോഹത്തിന്റെ മാർച്ചട്ട, നീട്ടിപ്പിടിച്ച കുന്തങ്ങൾ." ആ ഭടന്മാരുടെ കൂറ്റൻ രൂപവും അധികാരചിഹ്നങ്ങളും തദ്ദേശവാസികളുടെ പ്രതിരോധത്തെ പരാജയപ്പെടുത്തുവാനുള്ള ഊറ്റവും നമ്മിലേക്ക് ചില നടുക്കങ്ങൾ പകരുന്നുണ്ട്. നവസാമ്രാജ്യത്വത്തിന്റെ രൗദ്രസിംഹാസനങ്ങൾ പാർവ്വതീപുരത്തെ വിഴുങ്ങുവാൻ വെമ്പിനിൽക്കുന്നു എന്ന അറിവ് സമകാലിക ലോകത്തിനു നേരെ പിടിച്ചു നോക്കാൻ തക്കവണ്ണം ഊർജ്ജസ്വലമാണ്.

ചെട്ടിയാന്മാരുടെ ഭടന്മാർ പാർവ്വതീപുരത്തേക്ക് കടന്നു കയറുമ്പോൾ, ആ നാട്ടിൽ നാളും പക്കവുമൊപ്പിച്ചുള്ള ഒരു 'നാട്ടുകൂട്ടം' നടക്കുകയായിരുന്നു. നാട്ടുകൂട്ടത്തിന്റെ മുമ്പിലുള്ള പ്രശ്നവും ഒരു സ്വപ്നംതന്നെയായിരുന്നു. യുഗങ്ങളും മന്വന്തരങ്ങളും കല്പങ്ങളും കൊഴിഞ്ഞിട്ടും ആയുസ്സു കൊഴിയാത്ത പാർവ്വതീപുരത്തെ ആദിപ്രജയുടെ സ്വപ്നം. അന്ധനും ബധിരനുമായ ആ കാലപുരുഷന്റെ ഏകാന്തതകൾ സ്വപ്നങ്ങൾകൊണ്ട് സമ്പന്നമായിരുന്നു.

വല്ലപ്പോഴും തരപ്പെടുന്ന കൃഷിപ്പണിയും മറ്റു പല വേലകളും ചെയ്തു കാലം പോക്കിയിരുന്ന പാർവ്വതീപുരത്തുകാർക്ക് ശുഭസൂചകമായിട്ടായിരുന്നു ആ സ്വപ്നം വ്യാഖ്യാനിക്കപ്പെട്ടത്.

ആദിപ്രജയുടെ സ്വപ്നത്തിലേക്ക് പുലർവെട്ടം പുൽകിയപ്പോൾ പ്രപഞ്ചമാകെ ഏറ്റുപറഞ്ഞു:

"നല്ല കാലം വരപ്പോകുതയ്യാ നല്ല കാലം വരപ്പോകത്."

ചെട്ടിയാന്മാരുടെ ഭടന്മാർ പാർവ്വതീപുരത്തേക്ക് നടന്നു കയറിയത് അവിടെയെങ്ങോ മറഞ്ഞിരിക്കുന്ന നിധി തേടിയാണ്. പാർവ്വതീപുരത്തിന്റെ ചരിത്രംകുറിച്ച താളിയോലകളിൽ, ഇളംചുവപ്പുള്ള മണ്ണിനടിയിൽ മറഞ്ഞിരിക്കുന്ന നിധിയെക്കുറിച്ചുള്ള സൂചനകളുണ്ട്. നിദ്ര നഷ്ടപ്പെട്ട രാവിൽ ചെട്ടിയാർ കണ്ട സ്വപ്നത്തിലുമുണ്ട് നിധിയെക്കുറിച്ചുള്ള അരുളപ്പാട്. പുരാതന കാലത്തെ നിധി സ്വർണ്ണക്കഷണങ്ങളോ തങ്കക്കട്ടികളോ ആയിരിക്കാം. വർത്തമാനകാലത്ത് അത് പെട്രോളും വജ്രവും അല്ലെങ്കിൽ മറ്റു പ്രകൃതിവിഭവങ്ങളാണ്. അതെന്തായാലും ചെട്ടിയാന്മാരുടെ ഭടന്മാർ നാടിന്റെയും കാലങ്ങളുടെയും തുടിപ്പുകളറിയുന്ന ആദിപ്രജയെ തേടിയെത്തി. തന്റെ മുന്നിൽ നിൽക്കുന്ന ഭീമാകാരന്മാരുടെ നിഴൽപ്പാടുകളെ പിടിച്ചെടുത്ത പുരാതനന്റെ അകംലോകം കലമ്പിപ്പെയ്തു; കെട്ട കാലം വരപ്പോകറത്, കെട്ടംകാലം വരപ്പോകറത്.

ഭടന്മാരുടെ ചോദ്യങ്ങളൊന്നും ചെവിക്കൊള്ളാത്തതിനാൽ, അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്തതിനാൽ പാരമ്പര്യത്തിന്റെ അടയാളമായ മൂപ്പനെ അവർ മർദ്ദിക്കുന്നു. അതിലൂടെ പാർവ്വതീപുരത്തിന്റെ സംസ്കൃതി

യെയാണ് അവർ ഇല്ലാതാക്കാൻ ശ്രമിച്ചത്. ഭടന്മാർ തിരിച്ചുപോയെങ്കിലും ചെട്ടിയാന്മാരുടെ ആർത്തികളിൽനിന്നും കൂടുതൽ നായാട്ടുകാർ പാർവ്വതീ പുരത്തേക്ക് കടന്നുവരുന്നു. അധിനിവേശകരുടെ കണ്ണുകൾ ഗ്രാമനൈർമല്യം പോലുള്ള കരിമ്പിൻതോട്ടങ്ങളുടെ പച്ചപ്പിൽ തറഞ്ഞു. അങ്ങനെ അവർ നിരക്ഷരരായ ആ ജനതയെ ചൂഷണത്തിലേക്ക് വലിച്ചിഴച്ചു. മൂന്നാംലോകരാഷ്ട്രങ്ങളിലെ പാമരജനതയെ കൊള്ളയടിക്കുന്ന മുതലാളിത്തത്തെ ഏറ്റുവാങ്ങാൻ പാർവ്വതീപുരം നിർബന്ധിതമായി. (ഇന്നത്തെ ഇറാഖിന്റെ മാത്രമല്ല മറ്റു പല രാജ്യങ്ങളുടെയും അവസ്ഥകളോർക്കുക).

ആഘോഷങ്ങളുടെ വർണ്ണാഡംബരങ്ങൾക്കു മദ്ധ്യേ പഞ്ചസാര ഫാക്ടറി പിറവികൊണ്ടു. ഫാക്ടറിയുടെ പുകക്കുഴലിലൂടെ ആദ്യം പുറത്തുവന്ന പുക പാരിസ്ഥിതികപ്രശ്നങ്ങളുടെ മുന്നോടിയായി ദുരിതദൂതുപോലെ ആകാശച്ചെരുവിൽ കരിമേഘമായി ഉറഞ്ഞു. പിന്നെ കരിമഴയായിപ്പെയ്തു. നാട്ടുകാരുടെ നാവിൽ കരിമ്പിൻമധുരത്തിന് പകരം കരിയുടെ കെട്ട രുചി പടർന്നു. അവരുടെ നാസാരന്ധ്രങ്ങളിലേക്ക് വിഷഗന്ധം തിമിർത്തുപെയ്തു. വ്യാവസായികമായ പുരോഗതി പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഉയർത്തുന്നതിന്റെ സൂചികയായി ഇവിടെ നോവലിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. പരിസ്ഥിതി പ്രശ്നങ്ങളെ മുദ്രാവാക്യങ്ങളിലേക്ക് താഴ്ത്തിക്കെട്ടുന്നതിനു പകരം ജീവിതവുമായി ഇഴചേർത്താണ് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യജീവിതത്തിനും പരിസ്ഥിതി സന്തുലനത്തിനും അനുയോജ്യമായവിധം വ്യവസായ സംരംഭങ്ങൾ ക്രമീകരിച്ചില്ലെങ്കിൽ വിനാശത്തിന്റെ മുൾപ്പാതകളിലേക്ക് ജനതയെ നടതള്ളപ്പെടുകയെന്നതാണ് ആത്യന്തികമായി സംഭവിക്കുക. മനുഷ്യന്റെ കരങ്ങൾ വിതയ്ക്കുന്ന വിപത്തുകൾ മനുഷ്യരെ മാത്രമല്ല മൊത്തം ആവാസവ്യവസ്ഥയെ തകർക്കുകതന്നെ ചെയ്യും. കൊച്ചുകൊച്ചുവാചകങ്ങളിലൂടെ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന എഴുത്തുകാരൻ പ്രകൃതിയുടെ താളത്തിലേക്ക് മടങ്ങേണ്ടതിനെക്കുറിച്ചുണർത്തുകയാണ്.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പാർവ്വതീപുരത്തുമാത്രം ഒതുങ്ങുന്നില്ല. നമ്മുടെ ജീവിതത്തിലേക്ക് നീണ്ടുവരുന്ന അപായസൂചനകളെയാണ് വായിച്ചെടുക്കേണ്ടത്. അതുകൊണ്ടാകാം പാർവ്വതീപുരത്തെ പക്ഷികൾപോലും കെട്ടകാലത്തെക്കുറിച്ചുള്ള മുന്നറിയിപ്പുമായി വിലാപസ്വരത്തിൽ പാടുകയും പിന്നീടെങ്ങോട്ടോ ചിറകടിച്ച് പറക്കുകയും ചെയ്യുന്നത്.

PDF LIBRARY@ PACHAMANGA.COM